

സമസ്തകേരള

# സാഹിത്യപരിഷത്തു

വക

# ത്രൈമാസികം.

പുസ്തകം 6. ലക്കം 1

സമസ്തകേരള

# സാഹിത്യപരിഷത്തു

വക

# ത്രൈമാസികം.



1113 തുലാം.

വരിസംഖ്യ.

---

പരിഷത്സാമാജികന്മാർക്ക് (വരിസംഖ്യയുടക്കം) ആണ്ടിൽ മൂന്നു രൂപ

സാമാജികന്മാരല്ലാത്തവർക്ക് „ മൂന്നു രൂപ

ഒറ്റപ്രതിക്ക് ഒരു രൂപ.

എറണാകുളം.

---

സനാതനധർമ്മം അച്ചുക്കൂടം, പെരുമാനൂർ, എറണാകുളം.

# വിഷയാനുക്രമണിക


1. സാങ്കേതികശബ്ദങ്ങൾ — പേജ്—1
   രാമവർമ്മ അപ്പൻതമ്പുരാൻ

2. സന്ദേശകാവ്യങ്ങൾ — ,, 16
   കെ. നാരായണപ്പിഷാരടി എം. എ.

3. കേരളത്തിലെ നടനകല — ,, 29
   വി. എം. കുട്ടികൃഷ്ണമേനോൻ ബി. എ.

4. സന്താനഗോപാലം (പ്രാചീനകവിത) — ,, 76
   സമ്പാദകൻ—ടി. സി. അച്യുതൻനമ്പൂതിരി

5. വിദൂഷകൻ — ,, 78
   പി. കണ്ണമ്പീരവി എം. എ.

6. ലളിതാംബികാസ്തവം (പദ്യം) — ,, 90
   എസ്. ശ്രീധരൻനമ്പൂതിരി

7. സതി ചെമ്പകവല്ലി — ,, 92
   ഉള്ളൂർ

8. അഞ്ചു പഴയസ്തോത്രങ്ങൾ (പ്രാചീനകവിത) — ,, 107
   സമ്പാദകൻ—കെ. നാരായണപ്പിഷാരടി എം. എ.

9. വിമർശവീഥി
   1. കേരളവർമ്മദേവൻ — ,, 117
   2. വിട്ടുപക്ഷിദൃഷ്ടി — ,, 119
   3. സൂതികാശാസ്ത്രം — ,, 120
   4. മഹാകവി കുഞ്ചൻനമ്പ്യാർ — ,, 122
   5. ധനതത്വശാസ്ത്രം — ,, 123

10. പത്രാധിപക്കുറിപ്പുകൾ
   1. [illegible] — ,, 124
   2. തിരുവിതാംകൂർ സർവ്വകലാശാല — ,, 125
   3. മലയാളനിഘണ്ടു — ,, 127

# ശുദ്ധിപത്രം.

| പുറം. | വരി. | അശുദ്ധം. | ശുദ്ധം. |
|---|---|---|---|
| 2 | 9 | ആദ്യവും, എന്നാൽ | ആദ്യവും എന്നാൽ |
| ,, | 20 | പാരിമാണികം | പാരിമാണികം |
| 3 | 21 | Trignometry | Trigonometry |
| 5 | 19 | Trepizium | Trapezium |
| ,, | 34 | Cord | Chord |
| 6 | 1 | രേഖ | രേഖ |
| 7 | 30 | ഏകകരേഖാമായ | ഏകകരേഖസ്സമായ |
| 8 (പംക്തി 1) | 16 | Pottassium | Potassium |
| ,, ( ,, 2) | 4 | Negetive | Negative |
| 12 ( ,, 2) | 18 | Huminatrian | Humanitarian |
| 13 ( ,, 1) | 15 | Impenitrability | Impenetrability |
| ,, ,, ,, | 21 | കടിലനാളി | കടിലനാളി |
| ,, ,, ,, | 22 | Baltery | Battery |
| ,, (,, 2) | 11 | Trignometry | Trigonometry |
| ,, ,, ,, | 22 | ഇപ്പിപ്പൂടിൽ | ഇപ്പിപ്പൂടിൽ |
| 15 | 16 | ഇളകിട്ടിയാൽ | ഇളകിയിട്ടിയാൽ |
| ,, | 17 | കൊണ്ടുതാണ പൊതി | കൊണ്ടു താഴേനാമ്പാണി |
| ,, (F. N.) | 1 | സമുദ്രയത്നിൽ | സമുദ്രയത്തിൽ |
| 47 | 24 | പാരമ്പര്യത്തിന്റെ | പാരമ്പര്യത്തിന്റെ |
| ,, | 30 | പിന്നീടത്ത് | പിന്നത് |
| 49 | 24 | അവർ | അവ |
| 56 | 9 | രാമണീയകപടി | രാമണീയകം പടി |
| 57 (F. N.) | 1 | Sakar's | Sankar's |
| 61 | 24 | കാനകമരതി | കാനകമരിതി |
| 71 | 25 | ഏതാണ്ടു പടി | ഏതാണ്ട് ഈ പടി |
| 92 | 20 | കാലബാല്യം | കാലബാല്യം |
| 96 | 19 | പാഴ്ക്കട | വാഴ്ക്കട |
| 99 | 12 | നിതാര | നിതാരം |
| 101 | 20 | തനിയെയത | തനിയെയായ |

☞ 'സാങ്കേതികശബ്ദങ്ങൾ' എന്ന ഉപന്യാസത്തിൽ പലതും ഒന്നുപരിയായി ഛേദത്തിൽ അല്പം ചില പിശകുകൾ പററിപ്പോയിട്ടുണ്ട്. അതു വായനക്കാർ മനസ്സിലാക്കി ലേഖനത്തെ പിന്തുടരണമെന്നപേക്ഷ.

കേരള സാഹിത്യ
അക്കാദമി

സമസ്തകേരള

# സാഹിത്യപരിഷത്ത്

വക

# ത്രൈമാസികം.

പുസ്തകം 6 — 1113 തുലാം — ലക്കം 1



## സാങ്കേതികശബ്ദങ്ങൾ.

([illegible])

ഈ വിഷയത്തെക്കുറിച്ചു ഭാഷാസാഹിത്യലോകത്തിൽ വിചാരം തുടങ്ങീട്ടു കുറെയേറെ നാളായി. ഒരു തീരുമാനവും ഇതുവരെ ആവുക കഴിഞ്ഞിട്ടില്ല. ആവശ്യവും അവസരവും ഉണ്ടെങ്കിൽ, 'അതി' എന്നും 'അത്യാസന്ന'മെന്നും വിശേഷിപ്പിക്കമാറായി. സമസ്തകേരളസാഹിത്യപരിഷത്തു ജനിച്ചനാൾമുതൽ ഇക്കാര്യത്തിൽ മോഹവും വിശപ്പും സഹിക്കവയ്യുന്ന വിളിച്ചു നിലവിളിതുടങ്ങി. സാഹിത്യനായകന്മാർ ഈ ആവശ്യനിവൃത്തിക്കായി ശ്രമംതുടങ്ങുവാൻ അന്യോന്യം ആംഗ്യം കാട്ടുന്നുണ്ട്. ഭാഷാപ്രണയികൾ സാഹിതീപൗരന്മാരുടെ അനാദരത്തേയും അലസതയേയും പൂണ്ടു മുറവിളി കൂട്ടുന്നുണ്ട്. മദിരാശി സർവ്വകലാശാലയിൽ മലയാളനിഘണ്ടുവിനും പിച്ചകിട്ടുമോ എന്നു നോക്കിക്കൊണ്ടു ചിലർ നില്ക്കുന്നുണ്ട്; മറ്റുമയ്യർ ചിലതു ചോദിക്കുന്നുമുണ്ട്. കേരളസർവ്വകലാശാല പിറന്നാലും പിറന്നില്ലെങ്കിലും, കേരളത്തിന്റെ ദക്ഷിണഖണ്ഡത്തിൽ—കേരളത്തിന്റെ

വലുപ്പമില്ലായിരിക്കാം—അമ്മയ്ക്കു പെറ്റൊരു സന്താനം പത്തോടടുത്തു ഗർഭത്തിൽ ഇരിക്കുന്നു. പാഠശാലകളിൽ പാഠ്യം ദേശഭാഷകളിൽക്കൂടി ആകാരമോ, ആകൃതമോ, ആകരണമോ, ആക്കരണമോ എന്നൊന്നാക്കിവിട്ട്, ആകാർ, ആകാം, ആകരണം, ആക്കരണം, എന്ന്, 'ം' നീക്കിവെച്ചുനിന്നായിരം തിരിയിക്കുന്നു. അന്യഭാഷകളിൽ അനന്ത പുതുതായി പിറക്കുന്ന ശാസ്ത്ര ഗ്രന്ഥങ്ങൾ കൂട്ടംകൂട്ടമായി തിക്കിത്തിരക്കി മലയാളികളുടെ പടിവാതിലുക്കൽ വന്നുമുട്ടി പോരിന്ന വിളിക്കുന്നു. കാത്തുംകൊണ്ടു്, കാലംകടന്നു്, ബാധമുഴങ്ങു. എന്നിട്ടോ? നമ്മുടെ ഭാഷ പിന്നെയും ഉണരുന്നില്ല; കണ്ണു മിഴിച്ചു നില്ക്കുന്നതേയുള്ളൂ. എന്താണു്? ആവോ, എന്തോ? അല്ല. തറവാട്ടിൽ കാരണവരെ കാണുന്നില്ല. അതുതന്നെ. കോപ്പുകളൊക്കെ കലവറയിലുണ്ടു്; ഉണ്ണുവാൻ ആളുകളുമുണ്ടു്; നടക്കുവാനാരാ, വിളമ്പുവാനാരാ? അതാണു ചോദ്യം.

വാസ്തവം നോക്കുന്നതായാൽ, സാങ്കേതികനിഘണ്ടുനിർമ്മാണം ഇങ്ങനെ നീണ്ടുപോകുന്നതിനെതിരായി നില്ക്കുന്നതു തീർക്കാവുന്ന ചില സംശയങ്ങളും പരിഹരിക്കാവുന്ന പല വൈഷമ്യങ്ങളും ആകുന്നു. അവ 'കീറാമുട്ടി'കളെന്നു കരുതി വെട്ടിനോക്കാതെ തള്ളിക്കളയുന്നതായാൽ, ഉദ്യമങ്ങൾ കോപ്പുകളും തുരുമ്പുകെട്ടി നാശംവന്നു പോകുവാനാണെളുപ്പം. ഇനി സാഹിത്യലോകം ഇക്കാര്യത്തിൽ അമാന്തംകാണിച്ചാൽ, അനാസ്ഥ വിചാരിച്ചാൽ, നിഘണ്ടുനിർമ്മാണത്തിനുതന്നെ അവതാളം കൊടുകാലിയായിത്തീരും.

പാരിഭാഷികം, സാങ്കേതികം എന്ന നാമങ്ങളെക്കൊണ്ടു വ്യവഹരിക്കപ്പെടുന്ന വിശേഷശബ്ദങ്ങൾക്ക് 'സാങ്കേതികശബ്ദങ്ങൾ' എന്നു പേർ ഭാഷയുടെ പൊതുസ്വത്തായി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ. അങ്ങനെയുള്ള ശബ്ദങ്ങൾ, നാട്ടിൽ വന്നിട്ടുള്ളവ, സ്വാധീനത്തിൽ ഇരിക്കുന്നവ, കടംവാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ എന്നു നാനാവിധമായിട്ടാണു കിടക്കുന്നതു്. സ്വന്തം, തത്ഭവം, തത്സമം, നവം എന്നു നാമകരണം ചെയ്യാവുന്ന ഈ ശബ്ദങ്ങളെ ഗണവിഭാഗം ചെയ്തു ഒരു കരടു് ആദ്യമായി സംഭരിക്കണം. ആ കരടുപകർപ്പ് തൊരുകിത്തു സംസ്കരിച്ചു പണ്ഡിതസമ്മതിക്കു സാമാന്യേന പാത്രമാകണം. എന്നാലേ അതിനു യോഗ്യതയും സ്ഥിരപ്രതിഷ്ഠയും സിദ്ധിക്കയുള്ളൂ.

സാങ്കേതികശബ്ദകോശനിർമ്മാണവിഷയത്തിൽ ഭാഷാഭിമാനികളായ ചിലർ അങ്ങുമിങ്ങും സഹകരണസൗകര്യം സിദ്ധിക്കാതെയോ, സമ്പാ

ഷിക്കുവാൻ നോക്കാതെയോ പാശ്ചാത്യശാസ്ത്രസാരങ്ങൾ പ്രൗഢഗ്രന്ഥങ്ങളെ പണ്ട ഭാഷയിൽ അവതരിപ്പിക്കുന്നതിനു നിർബ്ബന്ധിതരായി കാണുന്നുണ്ട്. ആവക ഗ്രന്ഥങ്ങൾ സ്വതന്ത്രങ്ങളും, ഓരോരുത്തരുടെയും മനോധർമ്മമനുസരിച്ചു വിവിധങ്ങളും ആകയാൽ, സാങ്കേതികശബ്ദസൃഷ്ടിയിൽ ഐകരൂപ്യത്തെക്കാൾ വൈചിത്ര്യത്തെയാണ് അധികം പ്രത്യക്ഷമാക്കുന്നത്. ഗവേഷണവിഷയത്തിൽ വൈമുഖ്യംകൊണ്ടോ, ആലസ്യംകൊണ്ടോ, പുസ്തകസാമഗ്രികൾ സ്വാധീനത്തിൽ ഇല്ലായ്കകൊണ്ടോ, ഇതരഭാഷാപരിജ്ഞാനം പോരായ്കകൊണ്ടോ, എന്തെങ്കിലുമാകട്ടെ, പര്യാപ്തങ്ങളായ പഴയശബ്ദങ്ങൾ കാണാതെ പുതിയ സങ്കേതങ്ങൾ സൃഷ്ടിക്കുവാൻ വൃഥാക്ലേശം ചെയ്യുന്നതായും കാണുന്നു.

സർവ്വസമ്മതവും സമഗ്രവുമായ ഒരു സാങ്കേതികനിഘണ്ടു നിർമ്മിക്കുന്നതിനുവേണ്ടി പ്രായോഗികവും സുകരവും ആയ മാർഗ്ഗത്തെപ്പറ്റി ചിന്തിക്കുന്നതിനുമുമ്പ് ഏതാനും ഉദാഹരണങ്ങൾ എടുത്തു പരിശോധിച്ചു നോക്കാം; പരിശോധനാഫലത്തെ അടിസ്ഥാനപ്പെടുത്തി മേല്പോട്ടുവേണ്ട ഈ വിചാരിക്കുകയും ചെയ്യാം.

'ഗണിതം' എന്ന വകുപ്പിൽ, 'ബീജഗണിതം' (algebra) 'ക്ഷേത്രഗണിതം' (geometry) എന്ന രണ്ടും സംസ്കൃതഗണിതശാസ്ത്രത്തിൽ ഉള്ള വിഭാഗങ്ങളാണ്. Arithmetic എന്ന 'സംഖ്യാഗണിതം', ഗണിതം എന്ന സാമാന്യനാമംകൊണ്ടാണ് ഇപ്പോൾ നടപ്പിലിരിക്കുന്ന പാഠപുസ്തകങ്ങളിൽ നിർദ്ദേശിച്ചുപോരുന്നത്. 'ത്രികോണഗണിതം' എന്ന ഭാഷാന്തരപ്പെടുത്തിട്ടുള്ള Trignometry സംബന്ധമായ വാക്കുകൾക്കുള്ള സമാനശബ്ദങ്ങൾ സംസ്കൃതഗണിതശാസ്ത്രത്തിൽ അതിവ്യാപ്തികൂടാതെ കണ്ടുകിട്ടുന്നവയോ എളുപ്പത്തിൽ ഉണ്ടാക്കാവുന്നവയോ ആകുന്നു. ത്രികോണഗണിതം ഒരു പ്രത്യേകഗണിതശാസ്ത്രമായി ഗണിച്ചിട്ടുള്ള ഒരു ഗ്രന്ഥം സംസ്കൃതത്തിൽ ഉള്ളതായി അറിവില്ല. എന്നിരിക്കിലും, അതിലുള്ള സങ്കേതങ്ങൾ പ്രയോഗിക്കേണ്ടതായ ഗണിതരൂപങ്ങൾ ആര്യന്മാരുടെ ഗണിതശാസ്ത്രത്തിലും കാണാം. ഇവിടെ ശാസ്ത്രരീത്യാ നോക്കുമ്പോൾ ചില സംശയങ്ങൾ നേരിടുന്നു. 'ഗണിതം' എന്ന സാമാന്യനാമം 'ബീജഗണിതം' മുതലായ വിശേഷനാമങ്ങളിൽ ഘടിപ്പിക്കണമോ? ഘടിപ്പിക്കാതെ 'ബീജം' 'ക്ഷേത്രം' എന്നിങ്ങനെ ലാഘവത്തിനുവേണ്ടി ചുരുക്കുന്നതായാൽ, ആ ശബ്ദങ്ങൾ അന്യാർത്ഥത്തിൽ പ്രയോഗമുള്ളവയാകകൊണ്ടു ഭ്രമത്തിന് ഇടയാകുന്നതല്ലേ? നടപ്പിനെ മുൻപ്പെടുത്തി ലാഘവം

സമ്പാദിക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ അർത്ഥത്തിന്നും അതിവ്യാപ്തിക്കും ഹാനിവരാതെ ഏതുതരം വിധത്തിലാണു മാറേറണ്ടതു്? 'ബീജകം' 'ക്ഷേത്രകം' എന്നോ മറേറാ മാററിയാൽ അർത്ഥംവരുമോ? 'ബീജകരണം' 'ക്ഷേത്രകരണം' എന്നാക്കിയാൽ ലാഘവത്തിന്നു മതിയാകുമോ? സംഖ്യാഗണിതത്തിന്നു ഗണിതം എന്നുമാത്രം പറഞ്ഞാൽ മതിയോ? ഈ പ്രയോഗത്തിൽ ഏതുഗണിതം എന്ന ചോദ്യത്തിനു് അവകാശം വരുന്നതല്ലേ? ഈവക സംശയങ്ങൾ, സംഗ്രഹിക്കപ്പെടേണ്ടതായ പല സാങ്കേതികശബ്ദങ്ങൾക്കും സാമാന്യേന ബാധിക്കുന്നതാണു്. ഈ ഗണിതവകുപ്പിൽ ശുദ്ധഗണിതശാസ്ത്രപ്രകാരം പ്രയോഗിച്ചുവരുന്ന ചില സങ്കേതശബ്ദങ്ങൾ മാതിരി കാണിക്കുവാൻവേണ്ടിമാത്രം താഴെ എടുത്തുദാഹരിക്കുന്നു.

| ഇംഗ്ലീഷ് | മലയാളം | പ്രമാണം |
|---|---|---|
| Calculation | ഗണിതം | യുക്തിഭാഷ |
| ,, | കരണം | ലീലാവതി |
| Rules of Arithmetic | പരികർമ്മം | യുക്തിഭാഷ |
| Example | ഉദ്ദേശകം | ലീലാവതി |
| Statement | ന്യാസം | ടി |
| Fraction | ഭിന്നസംഖ്യ | ടി |
| Quantity | രാശി | ടി |
| Numerator | ഭാഗം, അംശം, വിഭാഗം, ലവം | ടി |
| Denominator | ഹരം, ഹാരം ഛേദം | ടി |
| Reduction (to a common denominator) | സവർണ്ണനം | ടി |
| Greatest Common Measure | അപവർത്തനഹാരകം | ടി |
| Rules of three | ത്രൈരാശികം | ടി |
| Inverse proportion | വ്യസ്തത്രൈരാശികം | ടി |
| Principal | കലാന്തരം (മുതൽ) | ടി |
| Interest | കലാന്തരം (പലിശ) | ടി |
| Million | പ്രയുതം | യുക്തിഭാഷ |
| Billion | മഹാപത്മം | ടി |
| Hundred Millions | അർബ്ബുദം | ടി |
| Thousand Millions | അബ്ജം | ടി |

| | | |
|---|---|---|
| Ten Thousand millions | ഖർവ്വം | ലീലാവതി |
| Hundred thousand millions | നിഖർവ്വം | ടി |
| Hundred billions | ജലധി | ടി |
| Thousand billions | അന്ത്യം | ടി |
| Ten thousand billions | മദ്ധ്യം | ടി |
| Hundred thousand billions | പരാർദ്ധം | ടി |
| Permutation | പ്രസ്താരം | ടി |
| Combinations | വ്യക്തികം | ടി |
| Summation | സങ്കലിതം | ടി |
| Number of terms | പദം, ഗച്ഛം | ടി |
| First term in progression | ആദി, മുഖം, വദനം | ടി |
| Last term in progression | അന്ത്യപദം | ടി |
| Middle term | മദ്ധ്യപദം | ടി |
| Plain figure | ക്ഷേത്രം | ടി |
| Triangle | ത്ര്യശ്രം, ത്രികോണം, ത്രിഭുജം | ടി |
| Quadrilateral | ചതുരശ്രം, ചതുഷ്കോണം ചതുർഭുജം | ടി |
| { Perpendicular | ലംബം | ടി |
| { Equilateral (Square) | ലംബം | ടി |
| Trepizium | വിഷമചതുരശ്രം | ടി |
| Rectangle | ആയതചതുരശ്രം, ദീർഘചതുരശ്രം, ഘാതക്ഷേത്രം | ടി |
| { Side | ഭുജ | ടി |
| { Base | ഭുജ | ടി |
| Perpendicular | കോടി | ടി |
| { Hypotenuse | കർണ്ണം | ടി |
| { Diagonal | കർണ്ണം | ടി |
| Area of triangle | ത്ര്യശ്രഫലം | ടി |
| Diameter | വ്യാസം | ടി |
| Radius | വ്യാസാർദ്ധം | ടി |
| Area of the surface | പൃഷ്ഠഫലം | ടി |
| Cubical contents of the sphere | ഗോളഫലം | ടി |
| Centre | കേന്ദ്രം | ടി |
| Circumference | പരിധി | ടി |
| Arc | ധനുസ്സ് | ടി |
| Cord | ജ്യാവ് | ടി |

| | | |
|---|---|---|
| Gnomon | ശങ്കു | ലീലാവതി |
| Common difference | ചയം, പ്രചയം, ഉത്തരം | ടി |
| Sine | കൎണ്ണാഗ്രലംബം | ടി |
| Co-sine | കൎണ്ണാഗ്രഭുജ | ടി |
| Tangent | ഭുജാഗ്രകോടി | ടി |

മേൽ കാണിച്ചിരിക്കുന്ന പട്ടികയിൽ സംഖ്യാഗണിതത്തിലും ബീജഗണിതത്തിലും ഉള്ള സങ്കേതങ്ങൾ സാമാന്യങ്ങളായി പലതും ഉണ്ടു്. അതു് ഏതിൽ ചേൎക്കണമെന്ന ചോദ്യത്തിന് അകാരാദിയായ ഒരു നിൎമ്മാണവിഷയത്തിൽ അവകാശമില്ല. ഏതെങ്കിലും ആയിക്കൊള്ളട്ടെ. പദം നിഘണ്ടുവിൽ ഉൾപ്പെട്ടാൽമതി. അതുപോലെ ക്ഷേത്രഗണിതവും ത്രികോണഗണിതവും അന്യോന്യാപേക്ഷയുള്ളതായി കാണാം. Side, base, എന്നീ രണ്ടു വാക്കുകൾക്കും 'ഭുജ' എന്ന ഒരേ സങ്കേതമാണു പ്രയോഗിച്ചുകാണുന്നതു്. ഇംഗ്ലീഷിൽനിന്നു തൎജ്ജമ ചെയ്യേണ്ടിവരുന്ന ദിക്കുകളിൽ Side എന്നതിനു 'പാൎശ്വം' 'പാൎശ്വരേഖ' എന്നോ മറ്റോ ആക്കുന്നതു നന്നായിരിക്കും. അല്ലെങ്കിൽ 'കക്ഷ'യാക്കുവാൻ വഴിയുണ്ടു്. 'കൎണ്ണം' എന്ന ശബ്ദം hypotenuse, diagonal ഇതുരണ്ടിനേയും കുറിക്കുന്നതാണു്. എന്നാൽ perpendicular എന്നതിനു 'ലംബം', 'കോടി' എന്നു രണ്ടു പൎയ്യായങ്ങളുണ്ടു്. ഇവിടെ hypotenuse and diagonal=കൎണ്ണം; Perpendicular എന്നതിനു സാമാന്യമായിട്ടു 'ലംബം'; ത്രികോണഗണിതത്തിൽ Perpendicularനു 'കോടി' എന്നിങ്ങനെ വ്യവസ്ഥപ്പെടുത്തുകയല്ലേ നല്ലതു്? ഭുജാ, കോടി, കൎണ്ണം എന്ന സങ്കേതങ്ങൾ നമുക്കു തത്സമങ്ങളായി സിദ്ധിച്ചിട്ടുണ്ടല്ലോ. Sine, co-sine, tangent എന്ന സങ്കേതങ്ങൾ ഭുജാകോടികൎണ്ണങ്ങളിൽ ഒന്നു ഹാൎയ്യവും മറ്റേതെങ്കിലും ഒന്നു ഹാരകവും ആയി കിട്ടുന്ന ഫലമാകയാൽ, 'കൎണ്ണാഗ്രകോടി', 'കൎണ്ണാഗ്രഭുജ', 'ഭുജാഗ്രകോടി' എന്നു നിൎമ്മിതപ്രയോഗങ്ങളെക്കൊണ്ടു യഥാക്രമം വ്യവഹരിക്കപ്പെടാവുന്നതാണു്. ഈ ഗണിതശാസ്ത്രസങ്കേതവിചാരം അവിടെ നില്ക്കട്ടെ.

രസതന്ത്രം അല്ലെങ്കിൽ രസവാദം (Chemistry) എന്ന ശാസ്ത്രത്തിൽ Element എന്ന ശബ്ദത്തിനു 'മൂലവസ്തു' വെന്നാണല്ലോ പതിവു സിദ്ധാൎത്ഥം. അതിനു 'ധാതു'വെന്നും 'ഭൂത'മെന്നും ഉപയോഗിച്ചുകാണുന്നുണ്ടു്. Hydrogen എന്നതിനു "അംബുജനകവായു" എന്നു ഭാഷാന്തരം കല്പിച്ചു് അതിന്റെ നിൎവ്വചനത്തിൽ 'കത്തിച്ചാൽ കത്തുന്നൊരു ഭൂതം' എന്നു കൊടുത്തുകാണുന്നു. ഇതു കുറച്ചു ഭയങ്കരമല്ലേ? 'ധാതു'

എന്ന പദം പോരെ എന്നാണെങ്കിൽ, ഒരു വൈഷമ്യം. ഇരുമ്പ്, ഇരിമ്പ്, ദാർഢ്യം, സ്ഥായിത്വം മുതലായി കലർന്നുകിടക്കുന്ന പദാർത്ഥങ്ങളിലാണ് ആ ശബ്ദത്തിനു പ്രസിദ്ധി. ആ സ്ഥിതിക്കു 'മൂലവസ്തു' എന്നതന്നെ ഉപയോഗിച്ചാൽ പോരെ? ചെമ്പ്, ഇരുമ്പ്, നാകം, ഈയം, തകരം, വെള്ളി, പൊന്ന് എന്ന ലോഹവാചികളായശബ്ദങ്ങൾ ഭാഷയിൽ നടപ്പുള്ളവയാണെങ്കിലും, ചില പ്രത്യയങ്ങളോടുകൂടി യോജിക്കേണ്ടതായിവരുമ്പോൾ, യോജനാസൌകര്യത്തിനും സൌന്ദര്യത്തിനും വേണ്ടി സംസ്കൃതവാക്കുകൾ ഉപയോഗിക്കേണ്ടിവരും. ചെമ്പിനു ഗന്ധകത്തോടു കൂടിയുള്ള യോഗം പലപ്രകാരത്തിലും ഉണ്ടാവാം.

**Cuprous sulphide, Cupric sulphide, Cuprous sulphite, cupric sulphite, cuprous sulphate, cupric sulphate,** ഈ യോഗങ്ങൾക്കു ഭാഷയിൽ സമാനശബ്ദങ്ങൾ നിർമ്മിക്കുമ്പോൾ, താമ്രഗന്ധി, താമ്രകഗന്ധി, താമ്രഗന്ധികം, താമ്രകഗന്ധികം, താമ്രഗന്ധീയം, താമ്രകഗന്ധീയം എന്നതുടങ്ങി 'താമ്ര'ശബ്ദത്തോടു യോജിപ്പിക്കേണ്ടതായിവരും. അതുപോലെ ഇ, ഇകം, ഈയം എന്ന പ്രത്യയങ്ങൾ ചേർക്കേണ്ടിവരുമ്പോൾ, അയസ്സ്, രജതം, സീസം, ഹേമം എന്നതൊടു സംസ്കൃതപദങ്ങളല്ലാതെ ഭാഷാശബ്ദങ്ങൾ ഉപയോഗിക്കുവാൻ സാധിക്കയില്ലെന്നു വന്നേക്കാം. ഉദാ:-അയോഗന്ധി, രജതകിലോരി, സീസഗന്ധികം, ഹേമകിലോരി.

മേൽകാണിച്ച ഉദാഹരണങ്ങളിൽ 'കിലോരി' എന്നു കാണുന്നതു 'കിലോര'ശബ്ദത്തിൽ 'ഇ'പ്രത്യയംചേർത്തു 'ഗന്ധ'ത്തിനു 'ഗന്ധി' എന്നപോലെ, കിലോരം (Chlorine) ലോഹത്തോടു കൂടുമ്പോൾ ഉണ്ടാവുന്ന Chloride എന്ന വികാരത്തെയാണു കുറിക്കുന്നതു. Chlorine എന്ന പദത്തിനു 'കിലോരം' എന്ന തത്ഭവം കല്പിച്ചതു ഭാഷാശബ്ദങ്ങളുടെ ആഗമം അനുസരിച്ചും, എന്നാൽ ആ പദാർത്ഥത്തിന്റെ ഉപരിജ്ഞാനം മൂലഭാഷയിൽനിന്നു സമ്പാദിക്കേണ്ടിവരുമ്പോൾ, ശബ്ദസാമ്യം കൊണ്ടു് വസ്തുസ്വരൂപവും അർത്ഥബോധവും എളുപ്പത്തിൽ ഉണ്ടാകുവാൻ ഉദ്ദേശിച്ചും ആകുന്നു. ഈ നിർമ്മാണനയം ഒരു സാമാന്യനിയമമായി സ്വീകരിക്കുന്നതായാലേ ശാസ്ത്രസങ്കേതങ്ങൾക്കു സർവ്വഭാഷകളിലും ഏകദേശൈകരൂപതയും വ്യാപ്തിയും സമ്പാദിക്കുവാൻ സാധിക്കയുള്ളു. അല്ലാതെ, 'കിലോര'ത്തിന്റെ വർണ്ണം, ഗന്ധം, വായവ്യാവസ്ഥ മുതലായ ഗുണങ്ങളിൽ ഒരു പ്രത്യേക ഗുണത്തെ അടിസ്ഥാനപ്പെടുത്തി 'ഹരിതവർണ്ണി' എന്നോ 'രൂക്ഷഗന്ധി' എന്നോ പേർ കല്പിക്കുന്നതായാൽ, ഭാഷാ

സമാനത്വംകൊണ്ടുണ്ടാവുന്ന വ്യാവഹാരികസൌകൎയ്യവും, ക്ലിപ്താൎത്ഥവ്യാപ്തിയും കിട്ടുന്നതല്ല. Oxygen എന്ന പദത്തിന് 'അമ്ലജനകം' എന്നൊരു തൎജ്ജമ കാണുന്നു. രസതന്ത്രം ദിനംപ്രതി എന്നപോലെ അഭിവൃദ്ധിയെപ്രാപിച്ചു പൂൎവ്വസിദ്ധാന്തങ്ങൾ മാറിക്കൊണ്ടിരിക്കെ 'അമ്ലജനകം' എന്ന ശബ്ദം ശരിയായ അൎത്ഥത്തെ ഇപ്പോൾ ബോധിപ്പിക്കുന്നില്ല. അമ്ലജനകങ്ങളല്ലാത്ത അനേകം അലോഹപദാൎത്ഥങ്ങൾ വേറെയുണ്ട്. എന്നല്ല, ഈ മൂലവസ്തുവിന് അമ്ലജനകത്വം നിത്യമായ ഒരു ധൎമ്മവുമല്ല. 'ജീവദായകമായത്' എന്നാണ് മൂലപദത്തിന്റെ ധാത്വൎത്ഥം. ആ പദാൎത്ഥം വായുവൎഗ്ഗത്തിൽ പെട്ടതുമാണ്. ആ സ്ഥിതിക്ക്, 'പ്രാണനം' എന്നൊരു പേര് കല്പിക്കരുതേ? മേൽപറഞ്ഞ അഭിപ്രായങ്ങളെ അനുസരിച്ച് സാമാന്യശബ്ദങ്ങളെയും, മൂലലോഹവസ്തുക്കളെയും, അലോഹമൂലവസ്തുക്കളെയും ചിലതെടുത്തു വാക്കുകൾ ഉണ്ടാക്കി നോക്കുക.



### സാമാന്യശബ്ദങ്ങൾ.

| | |
|---|---|
| Alkali = ക്ഷാരം | Ion = ശക്തപീലു (അയനം) |
| Acid = അമ്ലം | Atom = പീലു (പരമാണു) |
| Alkaline = ക്ഷാരീയം | Positive = ധനം (ഘനം) |
| Acidic = അമ്ലികം | Negetive = ഋണം (ക്ഷയം) |
| Oxidation = ഉജ്ജനനം | Reduction = ധനനം |

| ലോഹങ്ങൾ (Metals) | അലോഹങ്ങൾ (Non-metals) |
|---|---|
| Aluminium = അലൂമിനം (അലുമ്നം) | Hydrogen = അബ്ദം (അംബുജനകം) |
| Barium = ബേരം | Oxygen = പ്രാണനം |
| Berillium = ബരിലം | Nitrogen = നിത്രജം (പാക്യജനകം) |
| Indium = ഇന്ദം | Boron = ബോരം |
| Iridium = ഇരിദം | Chlorine = കിരവാരം |
| Magnesium = മഗ്നസം | Flourine = ഫലോരം |
| Manganese = മംഗനം | Helium = ഹീലം |
| Nickel = നികലം | Iodine = അയോദം |
| Platinum = പ്ലാതനം | Silicon = സിലകം |
| Pottassium = പൊട്ടാസം | Carbon = ഇംഗാലം |

Radium=റേഡിയം
Sodium=സോഡം
Phosphorus=ഭാസ്വരം

ഈ വാക്കുകളിൽ ചിലതിനെക്കുറിച്ച് അല്പമൊന്നു പറയേണ്ടതുണ്ട്. 'പരമാണു'വിനു തർക്കശാസ്ത്രത്തിൽ 'പീലു' എന്നാണു പരിഭാഷ. ലാഘവം കരുതി ഇവിടെ അതു സ്വീകരിച്ചുവെന്നേയുള്ളൂ. നടപ്പിലിരിക്കുന്ന 'പാക്യജനക'ത്തിനുപകരം 'നിത്രജം' എന്നൊന്നു സൃഷ്ടിച്ചിരിക്കുന്നു. കാരണം, ആ അലോഹത്തിന്റെ ലോഹങ്ങളോടുള്ള യോഗത്തിൽ ഉണ്ടാകുന്ന അമ്ലവികാരങ്ങളെ കുറിക്കുമ്പോൾ, 'രജതപാക്യജനകം', 'പൊട്ടാസപാക്യജനകീയം' എന്നു ഇത്തരങ്ങളായ സംജ്ഞകൾ ഉപയോഗിക്കുന്നതിനെക്കാൾ 'രജതനിത്രജികം', 'രജതനിത്രജീയം' എളുപ്പമായിരിക്കുമെന്നു കരുതിയാണ്. വിശേഷിച്ച്, മൂലപദത്തിനും തത്സമത്തിനും തമ്മിൽ പൊരുത്തവും, നാമസാമ്യംകൊണ്ടു ലഭിക്കാവുന്ന പൂർവ്വോക്തസൗകര്യവും അധികമുണ്ടാകുമല്ലോ. ശബ്ദസൃഷ്ടിയിൽ മുൻനിർദ്ദേശിച്ചിട്ടുള്ള സമ്പ്രദായത്തിന് ഐകരൂപ്യവും കിട്ടുന്നതാണ്. ഈ വിചാരം അവിടെ നില്ക്കട്ടെ. ഇനി പ്രധാനങ്ങളായ ചില ശാസ്ത്രവകുപ്പുകളിൽ ഓരോ വകുപ്പിലും ഇപ്പോൾ വന്നുചേർന്നിട്ടുള്ള ഏതാനും ഭാഷാസങ്കേതങ്ങൾ പരിശോധനയ്ക്കും ത്യാജ്യഗ്രാഹ്യവിവേചനത്തിനും ആയി താഴെ എടുത്തുദാഹരിക്കാം. സമഗ്രമായൊരു പട്ടിക ഈ ലേഖനത്തിൽ ചേർക്കുന്നതു സാദ്ധ്യമല്ല. ചിലതെടുത്തു കാണിക്കാമെന്നേ ഉള്ളൂ. ഉദാഹരണങ്ങളും മാതൃകാമാത്രങ്ങളാകുന്നു.

1. Astronomy ജ്യോതിഷം, ജ്യോതിശ്ശാസ്ത്രം.

Ecliptic=ക്രാന്തിചക്രം
Ellipse=ഉപപന്ഥാവ്
Corona=സൂര്യപരിപ്രഭ
High latitude=വിഷുവദ്രേഖ

2. Architecture-തച്ചുശാസ്ത്രം; ശില്പശാസ്ത്രം.

Plumb-line=ലംബയന്ത്രം

ധനശാസ്ത്രം.

Boycott=മുടക്ക്
Brokers=ഉണ്ടിയൽക്കാർ; ഇടനിലക്കാർ
By-products=കിട്ടസാധനങ്ങൾ
Cheque=ചെക്ക്
Combination (horizontal)=സമസംഘം
Combination (vertical)=ലംബസംഘം

Venetian blind=ഇല്ലിവാതിൽ

Balcony=പ്രഗ്രീവം

Buttress=മുട്ടുതൂൺ

Coping=ഉത്തരക്കല്ല്

3. <u>Arithmetic</u>-സംഖ്യാഗണിതം.

Inverse proportion=വിലോമാനുപാതം

Factor=അപവർത്തകം

G. C. M.=മഹത്തമസാധാരണാപവർത്തകം; അപവർത്തനാധാരകം

Multiple=അപവർത്ത്യം

Decimal=ദശമിതം

4. <u>Botany</u>-സസ്യശാസ്ത്രം; ഉത്ഭിജ്ജവിജ്ഞാനീയം.

Lodoicea sechilliana=അക്രാതിത്തെങ്ങ

Elephantopus scaber=ആനയടിയൻവേർ; ആനച്ചുവടി

Terminalia catappa=ഇംഗ്ലി

Odina pinnate=ഉതി

Nyphia stellata=ചിറ്റാമ്പൽ

Ficus maisorensis=കല്ലാൽ

Cost of production theory=നിർമ്മിതവ്യയന്യായം

Current account=പോക്കുവരവു കണക്ക്

Custom=അടവ്

Debenture capital=വായ്പമുതൽ

Face value=മുഖവില

Guilds=കമ്മാളസംഘങ്ങൾ

Joint stock companies=കൂട്ടകമ്പനി

Labour theory=പ്രയത്നന്യായം

Marginal utility theory=പ്രയോജനതാരതമ്യന്യായം

Mint=കമ്മട്ടം

Mint-rate=നാണയവില

Monopoly=കുത്തക; അട്ടിപ്പേർ

Patent=അട്ടിപ്പേർ

Protective tariff=രക്ഷാചുങ്കം

Speculation=മേലാമകച്ചവടം

Syndicalism=കമ്മാളാധിപത്യം

Technique=രഹസ്യം

Trusts=സമിതികൾ

Irredeemable land=അനാദേയം

Scarcity of income=അനായതി

Rescission=അനാഗ്രഹം

Balance sheet-ബാക്കിപ്പട്ടിക

Bill of exchauge=കൈമാററ ബിൽ

## 6. Chemistry-രസതന്ത്രം, രസവാദം, കീമശാസ്ത്രം.

Hydrogen=അംബ്ജനകം, ജലവായു, ജലജനകം

Simple mixture=കേവലമായ സങ്കരം.

Element=തത്വം.

Solution=ദ്രവീഭാവം.

Destructive distillation=ധ്വംസസന്ധാനം.

Nitrogen=പാക്യജനകം, യവക്ഷാരവാഷ്പം, നത്രികം.

Molecule=പുഞ്ജികാ.

Phosphorus=ഭാവഹം, പ്രകാശകം

Silica sand=ക്ഷൗസികാസേനയം.

Copper sulphate=ഗന്ധകാമ്ല താമ്രതം.

Carbolic acid=ദുർഗ്ഗന്ധനിവാരക ദ്രാവകം.

## 7. Geography-ഭൂമിശാസ്ത്രം.

## 5. Economics-ധനശാസ്ത്രം

Detailed account book=അന്തരവട്ടം

Subsistance=ആജീവം

Distribution=വിക്ഷേപം

Accumulation=സംസ്തംഭനം

Deposit=അമാനത്ത്

Security=അവാലത്ത്.

## 10. Military-ആഹവികം.

Invader=അഭിയായ്യൻ.

Neutrality after proclaiming war } വിഗൃഹ്യാസനം.

Flanks of the array of the army. } കക്ഷങ്ങൾ

Trench-fighters=ഖനകയോധികർ.

Ambuscade=സത്രം.

Expedition=സമുത്ഥാനം.

Advance-guard, night-petrol } ഉക്കളം.

## 11. Minerology-ധാതുവിജ്ഞാനീയം.

Mine=ആകരം.

Ores of iron=തീക്ഷ്ണധാതു.

Alabaster=വെൺകല്ല്

Amethyst=വൈഡൂര്യം, സൗഗന്ധിക്കല്ല്.

Belt = കടലിടുക്ക്.
Latitude = അക്ഷം.
Longitude = ധ്രുവകം.

8. Industrial-വ്യാവസായികം

Anvil = അടകല്ല്
Mill (port) = ആസ്സ്
Gear = ഉടയുധം

9. Logic-ന്യായശാസ്ത്രം

Deduction = അവനയനം
Induction = ഉന്നയനം, പ്രത്യക്ഷതാതത്വപ്രമാണം

14. Physiology-ശാരീരം, ശാരീരശാസ്ത്രം.

Marrow = എല്ലുകാമ്പ്. അസ്ഥിസാരം.
Liver = ഈരൽ.
Appendix = പരിശിഷ്ടം.
Artery = ധാതുനാഡി, ധമനി.
Bladder = ഉതളി, മൂത്രാശയം.
Cartilages = തരുണാസ്ഥി.
Peritoneal membrane = പരിതുന്ദകല.
Sectum = ഉണ്ഡുകപുച്ഛം.
Protoplasm = ജീവാങ്കുരം.

Garmet = പുഷ്പരാഗം.

12. Medical science-വൈദ്യശാസ്ത്രം.

Proteides = പ്രോതമങ്ങൾ.
Germ = ബീജം
Starch = മണ്ഡികാ
Blood-heat = രക്തോഷ്മാവ്
Ligaments = സന്ധിബന്ധനികൾ
Fibrous tissue = താന്തവധാതു
Pathology = രോഗനിദാനശാസ്ത്രം
Prognosis = അസാദ്ധ്യലക്ഷണം

13. Naval-നാവികം

Ballast = അടിഭാരം
Prow, ship-head = അണിയം
Stern = അമരം
Shipwright = ഉരുതച്ചൻ
Fire-deck = അണിയത്തട്ട്

16. Philosophy-തത്വശാസ്ത്രം.

Huminatrian = മാനവതത്വമതാനുസാരി.
Ideal = പ്രപഞ്ചമിഥ്യാവാദസംബന്ധമായ
Idealism = പ്രപഞ്ചമിഥ്യാവാദം, പ്രപഞ്ചാസ്തിത്വനിഷേധവാദം, മായാദ്വൈതവാദം.
Imputation = അഭ്യാരോപണം.

17. Political science-അർത്ഥശാസ്ത്രം

Immigration = അപവാഹനം.
Deportee = അപവാഹിതൻ.
Spies (in siege) = അപസർപ്പകർ
Retreat = അപസരണം.

15. Physics-പ്രകൃതിതത്വശാസ്ത്രം, പ്രകൃതിശാസ്ത്രം, പ്രകൃതിവിജ്ഞാനീയം.
Attraction=ആകർഷണം.
Specific gravity=ആപേക്ഷികഗുരുത്വം.
Conductors=അനുവാഹികം.
Temperature=ഉഷ്ണമാത്ര.
Gravity=കർഷം.
Gravitation=ഗുരുത്വമിതാ
Freezing point=ഘനീഭാവഘട്ടം.
Bulk, Volume=പരിണാഹം.
Phenomenon=ഭാനം.
Hypothesis=ഗുളികാ.
Density=സാന്ദ്രിമാ.
Impenitrability=അനതിക്രമണം.
Concave mirror=ഉൾവളവുള്ള കണ്ണാടി.
Positive electricity=കണ്ണാടിവിദ്യുച്ഛക്തി.
Camera obscura=കാമ്രറി.
Syphon=കുടിലനാളി.
Galvanic baltery=ഗലവാനിയുടെ പെട്ടകം.
Chimney=പുകഗോപുരം.
Porosity=ബഹുരന്ധ്രത.
Evaporation=വററൽ.

Compensatory fine=അപഹീനം.
Surplus population=അമിഷ്യതം.
Emigration=അമിഷ്യതഗമനം.
Financial difficulty=അർത്ഥകൃച്ഛ്രം.
Banishment അവസ്രാവണം.
Pseudo-king=രാജവ്യഞ്ജനൻ-
Autonomy=നിജാധീനത.
Trignometry-ത്രികോണഗണിതം
Sine=ജ്യാ.
Co-sine=കോടിജ്യാ.
Tangent=ഛായാ.
Radius=ത്രിജ്യാ.
Zoology-പ്രാണിശാസ്ത്രം, ജന്തുശാസ്ത്രം.
Gayal ox=ആൾമാൻ.
Sparrow=അററ.
Armadills=ഉത്തിൾപന്നി.
Pearl oyster=ഇപ്പിപ്പുടിൽ.
Mytilus=ഇളംപക്ക.

മേൽ ഉദ്ധരിച്ചിട്ടുള്ള ഉദാഹരണങ്ങൾ ആപ്പ്ളെ, ബെയ്‌ലി, സക്കറിയാസ്, മുളിയിൽ കൃഷ്ണൻ മുതലായവരുടെ നിഘണ്ടുക്കളിൽനിന്നും, ലീലാവതി, യുക്തിഭാഷ, എം. ഉദയവർമ്മരാജാവിന്റെ പ്രവേശിക, റവറന്റ് എൽ. ജൊഹാനസ് ഫ്രോഹൻമെയർ പാതിരിയുടെ പ്രകൃതി

ശാസ്ത്രം, എം. രാജരാജവർമ്മരാജാവിന്റെ അർത്ഥശാസ്ത്രം, കൗടില്യന്റെ അർത്ഥശാസ്ത്രം എന്നീ ഗ്രന്ഥങ്ങളിൽനിന്നും എടുത്തിട്ടുള്ളവയാണ്. ഇനിയും അനേകം നിഘണ്ടുക്കളും പുസ്തകങ്ങളും തിരയേണ്ടതായിട്ടുണ്ട്. *സമയവും സൗകര്യവും ഇല്ലാതെ ഈ പരിമിതലേഖനത്തിൽ അവക ഉപകരണഗ്രന്ഥങ്ങളിൽനിന്നു മാതൃകാശബ്ദങ്ങൾ എടുത്തുചേർക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ ഉദാഹരണങ്ങൾ ഒന്നു മനസ്സിരുത്തി നോക്കുന്നതായാൽ കാണാം, പ്രാമാണ്യം സിദ്ധിച്ച ഒരു സാങ്കേതികനിഘണ്ടുവിന്റെ അഭാവംകൊണ്ടുണ്ടാവുന്ന വൈഷമ്യങ്ങൾ. ഉള്ളതു കാണാതെ ഇല്ലാത്തതും വേണ്ടാത്തതും ഉണ്ടാക്കുന്നു. ഉള്ളതു കാണുവാൻ ശ്രമിച്ചിട്ടില്ല; ഇല്ലാത്തതുണ്ടാക്കുന്നതിൽ ഐകരൂപ്യമില്ല; ഉണ്ടാക്കുന്നതിനു നിയമമില്ല. സ്വാതന്ത്ര്യത്തിനു തടവില്ല; മനോധർമ്മത്തിനു കടിഞ്ഞാണില്ല; എന്തിനേറെപ്പറയുന്നു, നല്ലതെങ്കിൽ നല്ലത്, ചീത്തയെങ്കിൽ ചീത്ത; വിഷമോ അമൃതോ എന്തെങ്കിലുമാവട്ടെ; അടിച്ചോടിക്കുന്ന കുതിരയ്ക്കു വിശപ്പും ദാഹവും തീരണ്ടെ? കുതികൊണ്ട ഭാഷാസാഹിത്യത്തിന് ഓടുന്നവഴി കിട്ടിയതൊക്കെ തിന്നുകതന്നെ.

പുണ്യകർമ്മങ്ങളൊന്നും സുകരങ്ങളല്ല. സാങ്കേതികശബ്ദനിഘണ്ടുനിർമ്മാണവും ക്ലേശംകൂടാത്തതല്ല. പണം വേണം, പ്രയത്നം വേണം, പണിയെടുക്കുവാൻ ആളുകളും വേണം, ഉത്സാഹിപ്പിക്കുവാൻതക്ക പരിസരവും വേണം. പണസ്സഞ്ചിയും ഹൃദയഗ്രന്ഥിയും, കെട്ടഴിഞ്ഞില്ലെങ്കിലും, അഴയുകപോലും ചെയ്യുന്നില്ലെങ്കിൽ, ധനവാന്മാരായ പൗരന്മാരിൽ പൗരബോധമുണ്ടാവണം. ഭാഷാഭിമാനികളിലും ഭാഷാപണ്ഡിതന്മാരിലും ഒരു സമ്പ്രദായത്തോടുകൂടിയ സാഹിത്യബോധം കടന്നുകൂടണം. കൈരളിയിൽ കറകളഞ്ഞ ഭക്തിയും വിഭക്തിയും ഉണ്ടെങ്കിൽ ആവേശം തനിയെ വന്നുകൊള്ളും; ക്ലേശം സഹിച്ചു പ്രയത്നം നടത്തുവാനുള്ള ത്യാഗശീലവും ഉണ്ടായിക്കൊള്ളും.

ഈ ലേഖകന്റെ ഒരു ഇഷ്ടബന്ധുവിനോട് ഈ വിഷയത്തെപ്പറ്റി സംസാരിച്ചപ്പോൾ ഒരു 'സാഹിതീനിത്യയോഗം' സ്ഥാപിച്ചാലെ ഉദ്ദിഷ്ടകാര്യം സാധിക്കയുള്ളുവെന്നു പറകയുണ്ടായി. അതു ശരിതന്നെ. പക്ഷെ, ഭാഷായോഷയുടെ ആലസ്യം തീർക്കുവാൻ പരിശ്രമിച്ചി

---

* കുഞ്ഞൻ പണ്ടാല അവർകളുടെ 'രസതന്ത്രം', ടി. കെ. കൃഷ്ണമേനോൻ അവർകളുടെ 'ഭൂപ്രകൃതിശാസ്ത്രം', സസ്യശാസ്ത്രം, ശരീരശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയിൽ ചില നല്ല പുസ്തകങ്ങളുണ്ട്. ബറോഡാ ഗവർമ്മെന്റും ബെങ്കാളസാഹിത്യപരിഷത്തും സാങ്കേതികശബ്ദങ്ങൾ അടങ്ങിയ കോശപുസ്തകം പ്രസിദ്ധപ്പെടുത്തിട്ടുണ്ട്. സ. ക.

ട്ടുള്ളവർക്ക് ഈ ആശയം പുത്തരിയല്ല. അനുഭവം നിരാശയെ ജനിപ്പിക്കുന്നില്ലെങ്കിലും, ആശാഭംഗത്തിനു വഴികാട്ടീട്ടുണ്ട്. സമസ്തകേരളസാഹിത്യപരിഷത്തില്ലേ? പ്രാദേശികസാഹിത്യയോഗങ്ങളില്ലേ? ഭാഷാപരിഷ്കരണസംഘങ്ങളില്ലേ? കേരളത്തിലും മഹാപാഠശാലകളില്ലേ? എല്ലാമുണ്ട്. അവയ്ക്കു യോഗശക്തിയില്ല. കൈരളിക്ക് അതുണ്ടായിക്കാണുവാനുള്ള യോഗവും വന്നിട്ടില്ല. 'കേമദ്രുമ'യോഗംമുമ്പൊഴിഞ്ഞാൽ, ഭാഗ്യയോഗം പിന്നാലെ വരുമായിരിക്കാം. അതിനു കേരളസർവ്വകലാശാലയുടെ ഗ്രഹസ്ഥിതി തെളിഞ്ഞാൽ നന്നായിരുന്നു. പക്ഷെ—എന്തു ചെയ്യാം! ഒന്നും കണ്ടില്ലെങ്കിലും ഈ ത്രൈമാസികംവഴി സാങ്കേതികശബ്ദസംഭരണത്തിനും പണ്ഡിതാഭിപ്രായപ്രകാശനത്തിനും സംഗതിയായാൽ അത്രത്തോളമെങ്കിലും ആയല്ലോ എന്നു സമാധാനിക്കാമെന്നു തോന്നുന്നുണ്ട്.

ഈ ലേഖനം ആ വഴിക്കുപോകുവാൻ ഉദ്ദേശിച്ചിട്ടുള്ള ഒരു വഴികാട്ടി മാത്രമാണ്. * കൈരളിയുടെ എഴുന്നള്ളത്തുപനാകം കടവിൽ ഉറച്ചുകിടക്കുകയാണ്. ഒരമരക്കാരനും കുറെ തണ്ടാളികളും ഒത്തുകൂടിയാൽ, ഒന്നു തള്ളിനോക്കാം. ഇതു കിട്ടിയാൽ ജയിച്ചു; പിന്നെ വലിച്ചു കയററാം. അല്ലെങ്കിൽ ഏററംകൊണ്ടുതന്നെ പൊങ്ങി, തലതെററി തിരിഞ്ഞു കാററത്തലഞ്ഞുനടക്കട്ടെ എന്നു വെക്കേണ്ടിവരും. അതു കണ്ടു രസിക്കുവാനുള്ള മനോഭാവം കേരളീയർക്കുണ്ടോ?

* സാങ്കേതികശബ്ദനിഷ്പത്തിക്രമങ്ങളെക്കുറിച്ചു 'സഹൃദയ'നിൽ സി. കെ. കുഞ്ഞുരാമമേനോൻ അവർകളുടെ ഒരു ലേഖനമുണ്ട്. സം. പ.

# സന്ദേശകാവ്യങ്ങൾ.

(ശ്രീമാൻ കുളമറ്റൂരി നാരായണപ്പിഷാരടി അവർകൾ, എം. എ.)

ഞാനിവിടെ അല്പം ചിലതു പ്രസ്താവിക്കുവാനുദ്ദേശിക്കുന്നതു കേരളീയന്മാരാക്കീട്ടുള്ള സംസ്കൃതസന്ദേശകാവ്യങ്ങളെക്കുറിച്ചാണ്. കേരളീയർ സംസ്കൃതസാഹിത്യത്തിന്റെ വിവിധമാർഗ്ഗങ്ങളിലും സ്വച്ഛന്ദം സഞ്ചരിച്ചിട്ടുണ്ടെന്നു മാത്രമല്ല, എല്ലാററിലും ഒരുപോലെ വിജയവും പ്രശസ്തിയും നേടീട്ടുമുണ്ട്. എന്നാൽ, നമ്മുടെ രാജ്യത്തിന്റെയോ സാഹിത്യത്തിന്റെയോ ശരിയായ ഒരു ചരിത്രം നമുക്കില്ലാത്തതിനാൽ, നമ്മുടെ പൂർവ്വന്മാരെപ്പററിയുള്ള അറിവ് ഏററവും കുറവായിട്ടാണ് ഇരിക്കുന്നതു്. നമ്മുടെ പൂർവ്വന്മാർ ചരിത്രനിർമ്മാണവിഷയത്തിൽ തീരെ വിമുഖന്മാരായിരുന്നു. അതാണ് ഇതിനു പ്രധാനകാരണം. എങ്കിലും ചിതലിന്നും പാററയ്ക്കും തീററയായി തീർന്നവയും കാലം കബളിച്ചവയുമായ ഗ്രന്ഥങ്ങളെക്കഴിച്ച് ഇപ്പോൾ ലബ്ധമായവയെ പരിശോധിക്കുന്നതായാൽത്തന്നെ, കേരളത്തിൽനിന്നു ഗൈർവ്വാണിക്കു സിദ്ധിച്ചിട്ടുള്ള സാഹിത്യസമ്പത്ത് അമൂല്യവും അതിപ്രശസ്തവുമാണെന്നറിയാവുന്നതാണ്. ഭാരതഭൂമിയിലെ ഇതരരാജ്യങ്ങളോടു താരതമ്യപ്പെടുത്തി നോക്കുന്നതായാൽ, കേരളത്തിന്റെ വലുപ്പമനുസരിച്ചുദ്ദേശിക്കാവുന്നതിനേക്കാൾ എത്രയോ കൂടുതൽ കൃതികൾ ഗൈർവ്വാണിക്ക് ഇവിടെനിന്നു ലഭിച്ചിട്ടുണ്ട്. എന്നാൽ, കേരളീയസംസ്കൃതസാഹിത്യത്തിന്റെ ശരിയായൊരു ചരിത്രമില്ലാത്തതിനാൽ, സംസ്കൃതസാഹിത്യചരിത്രകാരന്മാൎക്ക് ഏതദ്വിഷയകമായ അറിവു വളരെ പരിമിതമാണ്. ഈയിടെയായി മഹാകവി ഉള്ളൂർ, പ്രൊഫസ്സർ രാമപ്പിഷാരടി മുതലായവരുടെ ഗവേഷണത്തിന്റെ ഫലമായി പ്രാക്തനകാലത്തു പരശുരാമക്ഷേത്രത്തിൽ ഗൈർവ്വാണീദേവിക്കുണ്ടായിരുന്ന സ്ഥിതിയെന്തായിരുന്നു എന്നു് അല്പം മനസ്സിലാക്കുവാൻ ഇടയായിട്ടുണ്ട്. എന്റെ പ്രിയസുഹൃത്തും സുപ്രസിദ്ധപണ്ഡിതകവിയുമായ വടക്കുംകൂർ രാജരാജവർമ്മരാജാ അവർകളുടെ "കേരളീയസംസ്കൃതസാഹിത്യചരിത്രം" പുറത്തു വരുന്നതോടുകൂടി, ഞാൻ മുൻപ്രസ്താവിച്ച ന്യൂനതയ്ക്കു പരിഹാരമുണ്ടാകുന്നതാണ്. കൈരളി ആ വിശിഷ്ടഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം സോൽക്കണ്ഠം പ്രതീക്ഷിച്ചുകൊണ്ടുതന്നെയാണിരിക്കുന്നതു്.

ഇനി കേരളീയന്മാരുണ്ടാക്കീട്ടുള്ള സംസ്കൃതസന്ദേശകാവ്യങ്ങളേതെല്ലാമെന്നാലോചിക്കാം. കേരളീയർ ഒട്ടുവളരെ സന്ദേശങ്ങൾ ഉണ്ടാക്കീട്ടുണ്ട്. അവയെ ഓരോന്നിനെക്കുറിച്ചും ഓരോ നിരൂപണം ചെയ്യണമെന്ന് എനിക്കുദ്ദേശമില്ല. ഓരോന്നിനെപ്പററിയും ഓരോ കുറിപ്പുമാത്രമേ ചുവടെ ചേർക്കാനുദ്ദേശിക്കുന്നുള്ളു.

1. <u>ശുകസന്ദേശം.</u> സന്ദേശകാവ്യസാമ്രാജ്യത്തിൽ ഏകച്ഛത്രാധിപത്യം വഹിക്കുന്നതു കാളിദാസന്റെ മേഘസന്ദേശമാണല്ലോ. എന്നാൽ അടുത്ത യൗവരാജ്യത്തിനു സർവ്വഥാ അവകാശം ശുകസന്ദേശത്തിനാണെന്നുള്ളതു തർക്കമററ സംഗതിയാണ്. ലക്ഷ്മീദാസനാണല്ലോ ഇതിന്റെ നിർമ്മാതാവ്. ഇദ്ദേഹത്തിന്റെ ഇല്ലം കൊച്ചിരാജ്യത്തു വെള്ളാരപ്പള്ളിയിൽ പെരിയാററിന്റെ തീരത്തായിരുന്നുവെന്നും ആ ഇല്ലം അന്യംനിന്നുപോയതു് ഇപ്പോഴും കണ്ടുവരുന്ന കരിങ്ങമ്പിള്ളി മനയ്ക്കലേയ്ക്കാണെന്നുമാണ് ഐതിഹ്യം. ലക്ഷ്മീദാസനെന്നതു കേവലം ബിരുദനാമമായിരിക്കണം. മേഘസന്ദേശത്തോടു കിടപിടിക്കത്തക്ക ശുകസന്ദേശം നിർമ്മിച്ചതിനാലായിരിക്കാം ഇദ്ദേഹത്തിനു ഈ ബിരുദം സിദ്ധിച്ചതു്. അഥവാ ജഗന്മാതാവായ ശ്രീലക്ഷ്മീഭഗവതിയെ ഉപാസിച്ചു് ആ ദേവിയുടെ കൃപാകടാക്ഷത്താലായിരിക്കണം ഇദ്ദേഹം കവിയായിത്തീർന്നതു്. എങ്ങനെയായാലും ലക്ഷ്മീദാസനെന്നതു കേവലം ബിരുദപ്പേരാണെന്നേ നാം പ്രകൃതത്തിൽ മനസ്സിലാക്കേണ്ടതുള്ളു.

ഇനി സന്ദേശത്തിന്റെ കാലമേതാണെന്നാണ് ആലോചിക്കേണ്ടതു്. ഈ വിഷയത്തിൽ പണ്ഡിതന്മാർക്കു ഖണ്ഡിതമായ ഒരഭിപ്രായമുണ്ടായിട്ടില്ല. "ലക്ഷ്മ്യാരംഗേശരതി" (അതായതു് കലിവർഷം 3213-ൽ കൊല്ലവർഷം തുടങ്ങുന്നതിനു 713 സംവത്സരംമുമ്പു്) എന്നതു ഗ്രന്ഥത്തിന്റെ കാലം സൂചിപ്പിക്കുന്ന കലിയാണെന്നു ചിലരും, "ഭൂരണീതസ്സുതസ്യാഃ" (അതായതു് കലിവർഷം 4592-ൽ, കൊല്ലവർഷം 666-ൽ) എന്നതാണു ഗ്രന്ഥനിർമ്മാണകാലത്തെ കാണിക്കുന്ന കലി എന്നു മററുചിലരും അഭിപ്രായപ്പെടുന്നു. എന്നാൽ സന്ദേശകാലത്തെ കുറിക്കുന്ന കലി ആദ്യത്തേതാണെന്നും സന്ദേശകാരന്റെ കാലത്തെ കുറിക്കുന്ന കലി രണ്ടാമത്തേതാണെന്നുമാണു തനിക്കു തോന്നുന്നതെന്നും 'രണ്ടുസന്ദേശങ്ങ'ളുടെ പ്രസാധകൻ പറയുന്നു. ഈ അഭിപ്രായം സ്വീകാര്യമായി തോന്നുന്നില്ല. ഗ്രന്ഥകർത്താവിന്റെ കാലവും ഗ്രന്ഥത്തിലെ സംഭവങ്ങളെ വർണ്ണിക്കുന്ന കാലവും ഭിന്നമാണെന്നുള്ളതിനു ഗ്രന്ഥത്തിൽ യാതൊരു തെളിവുമില്ല. സാധാരണമായി സന്ദേശകാവ്യങ്ങളിൽ രണ്ടും ഒന്നായിട്ടാണു കാ

ണനായ്; കവിതന്നെയായിരിക്കും നായകൻ. (മേഘസന്ദേശമാലിക). അതിനാൽ ഈ സമ്പ്രദായത്തിനു വിപരീതമായി ഇങ്ങനെ സങ്കല്പിക്കേണ്ട ആവശ്യമെന്താണെന്നു മനസ്സിലാകുന്നില്ല.

“ലക്ഷ്മ്യാരംഭേശരജി” എന്നതാണു സന്ദേശകാലത്തെ സൂചിപ്പിക്കുന്ന കലിയെന്നു വിചാരിക്കുക. അങ്ങനെയായാൽ സന്ദേശകാലം ക്രി: പി: 1112-ൽ ആണെന്നുവരും. ഇതു വലിയ അസംബന്ധമായിത്തീരും. അന്നു കാളിദാസനെവിടെ? മേഘസന്ദേശമാണല്ലോ സന്ദേശകാവ്യപ്രസ്ഥാനത്തിനു മാർഗ്ഗദർശകമായിട്ടുള്ളതു്. നിശ്ചയമായും അതു കണ്ടിട്ടായിരിക്കണം ലക്ഷ്മീദാസൻ ശുകസന്ദേശം രചിച്ചിട്ടുള്ളതു്. കാളിദാസന്റെ ജീവിതകാലം പലവാദങ്ങൾക്കുശേഷം ഇപ്പോൾ തീർച്ചപ്പെട്ടിട്ടുള്ളതു്, ക്രി: പി: അഞ്ചാംശതാബ്ദത്തിലാണെന്നാണല്ലോ. ശുകസന്ദേശത്തിന്റെ ആവിർഭാവം അതിനുശേഷമാകാനേ തരമുള്ളു. അതിനാൽ ശുകസന്ദേശത്തിന്റെ കാലം ക്രി: പി: 1112-ൽ ആണെന്ന ഊഹം തീരെ അടിസ്ഥാനരഹിതംതന്നെ.*

ഇനി “മുരനിതസ്സുതസ്യാഃ” എന്നതു കലിയാണെന്നുവെച്ചാലോ? ഇതുപ്രകാരം കൊല്ലവർഷം 7-ാം ശതാബ്ദത്തിൽ (അതായതു് ക്രി: പി: 1491-ൽ) ആണു് ഇതിന്റെ നിർമ്മാണമെന്നു വരുന്നു. പക്ഷെ അങ്ങനെയാകാൻ തരമില്ല. അന്നു പെരുമാക്കന്മാരെവിടെ? ബ്രാഹ്മണപ്രഭാവമെവിടെ? തളിയാതിരിമാരെവിടെ? തൃക്കണാമതിലകത്തിന്റെ മഹിമയെവിടെ? പിന്നെയെങ്ങനെയാണു “വാചാ യേഷാം ഭവതി നൃപതിന്നായകാ രാജലക്ഷ്മ്യാഃ” ഇത്യാദി വർണ്ണനയ്ക്കു പ്രസക്തി? പോരെങ്കിൽ, കോകിലസന്ദേശത്തിനുമുമ്പാണു ശുകസന്ദേശമെന്നാണു് ഐതിഹ്യവും. കോകിലത്തിന്റെ കാലം നിശ്ചിതവുമാണു്. അഭിനവവിക്രമനെന്നു വിശ്വവിഖ്യാതനായ കോഴിക്കോട്ടു ശക്തൻസാമൂതിരിപ്പാടുതിരുമനസ്സിലെ വിദ്വൽസദസ്സിലെ അംഗങ്ങളായിരുന്നല്ലോ ഉദ്ദണ്ഡശാസ്ത്രികൾ, ചേന്നാസ്സുനാരായണൻനമ്പൂതിരിപ്പാട്, കാക്കശ്ശേരി ദാമോദരൻഭട്ടതിരി, പയ്യൂർപരമേശ്വരൻഭട്ടതിരി, പുനംനമ്പൂതിരി മുതലായവർ. ചേന്നാസ്സുനമ്പൂതിരിപ്പാടു തന്ത്രസമുച്ചയം നിർമ്മിച്ചതു കൊല്ലവർഷം 602-ൽ ആണെന്നു് ആ ഗ്രന്ഥത്തിൽനിന്നുതന്നെ അറിയാം. കോകിലസന്ദേശവും ഇക്കാലത്തുണ്ടായിട്ടുള്ള ഒരു കൃതിയാകണം. അപ്പോൾ കോകിലം കഴിഞ്ഞിട്ടാണു

* കാളിദാസനു പിമ്പുള്ള ഒരു കവിക്കു കാളിദാസനു മുമ്പുള്ളകാലത്തെ കുറിക്കുവാൻ സ്ഥാനം ഉണ്ടാകുന്നതെങ്ങനെ? (സം. പ.)

ല്ലുകളെന്നും വരും. അങ്ങനെയായാൽ ഐതിഹ്യത്തിനു സാരമായ ഉടവുതട്ടുകയും ചെയ്യും. ശരിയായ തെളിവുകൾ കിട്ടുന്നതുവരെ ഐതിഹ്യംതന്നെയാണ് അടിസ്ഥാനമായിട്ടുള്ളത്. പുറമെ, കോഴിക്കോട്ട് ഏറാടിപ്പാട്, മാനവേദൻരാജാവിന്റെ വിലാസിനി, ഗൗരീദാസന്റെ ചിന്താതിലകം, ധർമ്മഗുപ്തന്റെ വരവർണ്ണിനി എന്നീ ശുകസന്ദേശവ്യാഖ്യാനങ്ങളിലൊന്നിലും ഗ്രന്ഥത്തിൽ കവി സൂചിപ്പിക്കുന്നതായി പറഞ്ഞിട്ടില്ല. മാനവേദൻരാജാവിന്റെ വിലാസിനീവ്യാഖ്യാനം കേരളത്തിൽ വളരെമുമ്പു ധാരാളം പ്രചാരത്തിലിരിക്കുന്നതാണ്. കാവ്യത്തിൽ കലി സൂചിപ്പിച്ചിട്ടുണ്ടെന്ന പാരമ്പര്യമോ വ്യാഖ്യാതാവിനു കേട്ടറിവുണ്ടായിരുന്നെങ്കിൽ, വ്യാഖ്യാനത്തിൽ ആ അംശം അദ്ദേഹം പ്രത്യേകമെടുത്തു കാണിക്കാതിരിക്കയില്ല. അതിനാൽ മുൻപറഞ്ഞതുരണ്ടും കലിയാകാൻ തരമില്ല. കലിയില്ലാത്തിടത്ത് അതുണ്ടെന്നു സങ്കല്പിച്ചാലേ വൈഷമ്യമുള്ളൂ. സാധാരണമായി ഗ്രന്ഥകർത്താക്കന്മാർ കലിദിനസംഖ്യ സൂചിപ്പിക്കുന്നതോടുകൂടി കലിശബ്ദംകൂടി മുദ്രാലങ്കാരരീത്യാ നിവേശിപ്പിക്കുക പതിവാണ്. ആ സമ്പ്രദായംവിട്ട കലിശബ്ദം പ്രയോഗിക്കാതെ കലിസംഖ്യ ധാരാളമായി നിർദ്ദേശിച്ചുതുടങ്ങിയതു മഹാകവി മേല്പത്തൂർ ഭട്ടതിരിയുടെ കാലംമുതൽക്കാണ്. എങ്ങനെയായാലും ശുകസന്ദേശത്തിൽ കലി സൂചിപ്പിച്ചിട്ടില്ലെന്നു വിചാരിക്കുന്നതിൽ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല. *

എന്നാൽ ഇനി സന്ദേശത്തിന്റെ കാലമേതാണെന്നാണ് ആലോചിക്കേണ്ടത്. ഇതിനു ഗ്രന്ഥത്തിൽതന്നെ വല്ല തെളിവുമുണ്ടോ എന്നു പരിശോധിക്കാം. ഗ്രന്ഥത്തിൽ 'വാചാ യോഗ്യാം വദ നൃപതിനാ-യകോ രാജചക്ര്യാഃ' ഇത്യാദി പദ്യങ്ങളിൽനിന്നു ബ്രാഹ്മണപ്രഭാവം, രാജാവരോധം, തളിയാതിരിമാരുടെ സ്ഥിതി മുതലായവയെപ്പറ്റി നമുക്കു മനസ്സിലാക്കാം. 'ഉത്തീർണ്ണസ്സാമധി ഭയിതാം' എന്നു തുടങ്ങുന്ന പദ്യത്തിൽ 'രാജാരാജന്യപനിവഹശ്രീയതേ യന്നികേതഃ' എന്ന പാദത്തിൽനിന്നും അക്കാലത്തുണ്ടായിരുന്ന കേരളാധിപതിയുടെ പേർ രാജരാജനെന്നായിരുന്നു എന്നൊരു സൂചനകൂടിയുണ്ടെന്നു വിചാരിക്കുന്നതിൽ വലിയ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല. പെരുമാൾവാഴ്ച ക്രി: പി: അഞ്ചാംശതാബ്ദത്തിലവസാനിച്ചെങ്കിലും, പെരുമ്പടപ്പുതമ്പുരാക്കന്മാർ 14-ാം

---

* കണ്ടുകഴിഞ്ഞതുപോലെ ഞങ്ങൾക്കു മനസ്സുകൊണ്ടു "ചില സന്ദേശകാവ്യങ്ങൾ"ടെ പ്രസാധകന്റെ അഭിപ്രായത്തോടുകൂടി യോജിച്ചുകാണുന്നില്ല. ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാനും ഈ വിഷയത്തെപ്പറ്റി കാര്യങ്ങൾ കൂടാതെ പ്രതിപാദിച്ചിട്ടുണ്ട്. സം. പ.

ശതാബ്ദംവരെ കേരളാധിപന്മാരായി രാജ്യംവാണിരുന്നു. അവർക്കു കേരളചക്രവർത്തിമാരുടെ സകല സ്ഥാനമാനങ്ങളുമുണ്ടായിരുന്നു. ഇന്നും നടന്നുവരുന്ന അത്തച്ചമയമഹം പെരുമ്പടപ്പുസ്വരൂപക്കാർ പണ്ടുണ്ടായിരുന്ന ചക്രവർത്തിപദത്തെയാണു സൂചിപ്പിക്കുന്നതെന്നു വിചാരിക്കാവുന്നതാണു്". സന്ദേശകാലത്തു രാജ്യം ഭരിച്ചിരുന്നതു രാജരാജനെന്ന തിരുനാമധേയമുള്ള ഒരു പെരുമ്പടപ്പുസ്വരൂപനായിരിക്കണം. പ്രാക്തനകാലത്തു പെരുമ്പടപ്പുസ്വരൂപക്കാർ രാജരാജനെന്ന പേരുണ്ടായിരുന്നു എന്നു്, ഭദ്രമംഗലത്തിന്റെ ദാനത്തിലുള്ള ഒടുവിലത്തെ പദ്യത്തിൽനിന്നും മനസ്സിലാക്കാം. ആ ഭാഗം താഴെ ചേർക്കുന്നു:

> "രാജൽകീർത്തിവിദ്രുഷിതസ്തിഭവനശ്രീരാജരാജാഹ്വയോ
> രാജേന്ദ്രഃ ക്ഷിതിമായുഗാന്തസമയം പായാദമേയപ്രഭം".

രാജരാജനെന്നതു മാടമഹീശന്മാർക്കുള്ള പൊതുപ്പേരല്ല. കൃഷ്ണാനന്ദയതിയുടെ ശാരീരകമീമാംസാസംഗ്രഹത്തിൽ "ശ്രീരാജരാജരവിവർമ്മമഹീശപാദാബ്ജം" എന്നു പ്രസ്താവിച്ചുകാണുന്നതിൽനിന്നും രാജരാജനെന്നതു പൊതുപ്പേരാകാൻ തരമില്ലെന്നു വരുന്നു. എന്നാൽ 'രാജരാജേന്ദ്രഭുവനിപവലഭഗരീയസ്തേ യന്നിദ്രതേ' എന്നീ പദ്യാംശത്തിൽ സൂചിപ്പിച്ചിട്ടുള്ള രാജരാജചോളനേയോ രാജേന്ദ്രചോളനേയോ അല്ല. രാജരാജചോളൻ തിരുവഞ്ചിക്കുളം (മഹോദയപുരം) ഒരിക്കലും പിടിച്ചടക്കിയിട്ടില്ല. രാജേന്ദ്രചോളന്റെ രാജധാനി ഒരിക്കലും തിരുവഞ്ചിക്കുളമായിരുന്നില്ല.

എനിക്കു കിട്ടീട്ടുള്ള ശ്രീശങ്കരാചാര്യചരിതം താളിയോലഗ്രന്ഥത്തിൽ ആചാര്യസ്വാമികളുടെകാലത്തു കേരളം ഭരിച്ചിരുന്നതു് ഒരു രാജരാജനാണെന്നു പറഞ്ഞിരിക്കുന്നു. സന്ദേശകാലത്തു കേരളത്തിൽ ഒന്നിലധികം രാജരാജന്മാരുണ്ടാവാം. പെരുമ്പടപ്പുസ്വരൂപക്കാരെപ്പറ്റി പ്രത്യേകിച്ചൊന്നും പറഞ്ഞുകാണുന്നുമില്ല. ശ്രീമൽ പെരിയാറു കടക്കുമ്പോഴും ആചാര്യസ്വാമികളുടെ ജന്മഭൂമിയായ കാലടിയെപ്പറ്റി യാതൊന്നുംതന്നെ വർണ്ണിച്ചുകാണുന്നില്ല. ലക്ഷ്മീദാസന്റെ ഇല്ലത്തിനു വളരെ അടുത്താണു കാലടി. ആചാര്യസ്വാമികളുടെ കാലശേഷമാണു സന്ദേശമെങ്കിൽ നമ്മുടെ കവി ആ ജഗൽഗുരുവിന്റെ പേരിലുള്ള ഭക്തിബഹുമാനങ്ങളെ വെളിപ്പെടുത്താതിരിക്കുമോ? കാളിദാസമഹാകവി മേഘസന്ദേശത്തിൽ മാർഗ്ഗനിർദ്ദേശം ചെയ്യുന്ന ഘട്ടത്തിൽ മേഘം ശരിയായവഴിക്കു പോകുകയാണെങ്കിൽ ഉജ്ജയിനിയിൽക്കൂടി പോകേണ്ടതായിട്ടില്ലെങ്കിലും, ഉജ്ജയിനിയിൽക്കൂടിപോകാഞ്ഞാൽ മേഘം വഞ്ചിതനാ

യിത്തീരുമെന്നുപറഞ്ഞു വഴികുറച്ചു വളഞ്ഞാലും ആ പട്ടണത്തിൽകൂടി പോകണമെന്ന് "വക്രഃ പന്ഥാസ്തവ ഭവതു ച പ്രസ്ഥിതസ്യോത്തരാശാം"എന്നിത്യാദി പദ്യത്തിൽ നിർദ്ദേശിച്ചിരിക്കുന്നു. അതുപോലെ നമ്മുടെ കവിയും ശുകത്തിനു, തൃക്കണാമതിലകത്തേക്കു പോകേണ്ടു നേർവഴിക്കല്ലാ കാലടി എന്നിരുന്നാൽകൂടി, ഗ്രന്ഥനിർമ്മാണം ആചാര്യസ്വാമികൾക്കുശേഷമാണെങ്കിൽ വഴി, അല്പംവളഞ്ഞാൽകൂടിയും കാലടിവഴിക്കു ശുകത്തോടുപോകാൻപറഞ്ഞു് ആ പരിപാവനമായ സ്ഥലത്തെ വർണ്ണിച്ചു് അത്യന്തം ധന്യതനേടാനുത്സാഹിക്കുമായിരുന്നു. മേൽപ്പറഞ്ഞ കാരണങ്ങളിൽനിന്നു സന്ദേശത്തിൻറകാലം ആചാര്യസ്വാമികളുടെകാലത്തിനടുത്തു മുമ്പു് ക്രി: പി: എട്ടാംശതാബ്ദത്തിലാണെന്നു സമഷ്ടിയായി അനുമാനിക്കാം.

2. <u>കോകിലസന്ദേശം.</u> ഇതിൻറ രചയിതാവു് ഉദ്ദണ്ഡശാസ്ത്രികളാണല്ലൊ. ചേന്നാസ്സുനമ്പൂതിരിപ്പാടിലെ സമകാലികനാണു ശാസ്ത്രികൾ. നമ്പൂരിപ്പാട്ട സമുച്ചയം നിർമ്മിച്ചതു കൊല്ലവർഷം 602-ലുമാണു്. അതിനാൽ ഏതാണ്ടു് ഇതുകഴിഞ്ഞു് ഏതാനുംകൊല്ലങ്ങൾക്കുശേഷമായിരിക്കണം കോകിലസന്ദേശമുണ്ടാക്കിയതു്. കവി മലയാളത്തിലെ താമസം മതിയാക്കി തിരിച്ചു സ്വദേശത്തേക്കുപോയതിനുശേഷമാണു സന്ദേശമുണ്ടാക്കീട്ടുള്ളതു്. ശുകസന്ദേശം പ്രൗഢമാണെങ്കിൽ കോകിലസന്ദേശം ലളിതമാണു്; ആദ്യത്തേതു നാളികേരപാകമാണെങ്കിൽ രണ്ടാമത്തേതു ദ്രാക്ഷാപാകമാണു്. ഉദ്ദണ്ഡശാസ്ത്രികളുടെ ശാസ്ത്രകാർക്കശ്യം ലേശംപോലും സന്ദേശത്തിൽ കാണ്മാനില്ല. നൈഷധകർത്താവായ മഹാകവി ശ്രീഹർഷൻ,

"സാഹിത്യേ സുകുമാരവസ്തുനി ദൃഢന്യായഗ്രഹഗ്രന്ഥിലേ
തർക്കേ വാ മയി സംവിധാതരി സമം ലീലായതേ ഭാരതീ"

എന്നിപ്രകാരം പറഞ്ഞിട്ടുള്ളതു് ഉദ്ദണ്ഡശാസ്ത്രികളുടെ സന്ദേശത്തിനും തികച്ചും യോജിപ്പിക്കാവുന്നതാണു്. ഈ രണ്ടു സന്ദേശങ്ങളേയും കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ അനുജ്ഞയോടുകൂടി സുപ്രസിദ്ധ സാഹിത്യകുശലനായ ടി. കെ. കൃഷ്ണമേനോൻ അവർകൾ പ്രസാധനം ചെയ്തിട്ടുള്ളതിനാൽ ഇതിൽ കൂടുതൽ ഈ കൃതികളെപ്പററി എനിക്കു പ്രസ്താവിക്കേണ്ടതായിട്ടില്ല. ഈ രണ്ടു കൃതികളും തൃശ്ശൂർ മംഗളോദയം അച്ചുക്കൂടത്തിൽനിന്നു നാഗരലിപിയിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. പണ്ഡിതാവതംസവും വിമർശകാഗ്രേസരനുമായ ബ്രഹ്മശ്രീ പി. എസ്സ്. അനന്തനാരായണശാസ്ത്രി അവർകളാണു് പ്രസാധകൻ.

3. <u>ചകോരസന്ദേശം.</u> ഇതിന്റെ പ്രണേതാവു പയ്യൂർ വാസുദേവൻഭട്ടതിരിയാണ്. ഉദ്ദണ്ഡശാസ്ത്രികളുടെ കോകിലസന്ദേശത്തോടു കിടപിടിക്കണമെന്നു വിചാരിച്ചു നിർമ്മിച്ചതാണെന്നാണ് ഐതിഹ്യം. അതിനാൽ ഈ സന്ദേശത്തിന്റെ ആവിർഭാവം കൊല്ലവർഷം 7-ാംശതാബ്ദത്തിലാണെന്നു വരുന്നു. ഉദ്ദണ്ഡകവിയാൽപോലും 'മീമാംസകചക്രവർത്തി' എന്നു മല്ലികാമാരുതത്തിൽ സംസ്തുതനായ പയ്യൂർ പരമേശ്വരൻ ഭട്ടതിരിയുടെ പിതൃവ്യനാണ് (അച്ഛന്റെ അനുജൻ) ഇദ്ദേഹം.

"ആമീമാംസാദ്വയകലശരാശേഃ സത്മ പുണ്യം മഹർഷേഃ" എന്നു കോകിലസന്ദേശത്തിൽ ഉദ്ദണ്ഡശാസ്ത്രികളും "യസ്മിൻ പ്രീണാതി വാണീ കരതലവിലസദ്വല്ലകീ" എന്നുതുടങ്ങി വസുമതീവിക്രമത്തിൽ കാക്കശ്ശേരിഭട്ടതിരിയും സ്തുതിച്ചിട്ടുള്ള സാക്ഷാൽ മഹർഷിയുടെ മകനാണു പരമേശ്വരൻഭട്ടതിരി. ഈ മഹർഷിയുടെ അനുജനാണു സന്ദേശകാരനായ വാസുദേവൻഭട്ടതിരി. ഇദ്ദേഹം ഈ സന്ദേശത്തിനു പുറമെ ശിവോദയം, അച്യുതലീല, ദേവീചരിതം, സത്യതപഃകഥാ എന്നീ കാവ്യങ്ങളും ഉണ്ടാക്കീട്ടുണ്ട്.



ശ്രീരംഗത്തുനിന്നും കിഴക്കുള്ള വ്യാഘ്രപുരത്തിൽനിന്നും മലയാളത്തിലുള്ള വേദാരണ്യത്തിലേക്കാണ് ചകോരത്തെ അയയ്ക്കുന്നത്. നിഗമവനം, ശ്രുതിവനം, നിഗമാരണ്യം എന്നും മറ്റും വർണ്ണ്യമായ ഈ സ്ഥലം, കൊല്ലിരാജ്യത്തു കനാംകളത്തു പോർക്കലംദേശത്തു പയ്യൂരില്ലത്തിനടുത്തുള്ള വേളക്കാടാണ്. അവിടെ ഒരു ഭഗവതീക്ഷേത്രമുണ്ട്. ആ ദേവിയുടെ സാന്നിദ്ധ്യത്താലാണ് ആ സ്ഥലം അത്രമാത്രം പ്രഥിതമായിത്തീർന്നത്. പയ്യൂർ ഭട്ടതിരിമാരുടെ പരദേവതയാണു വേളക്കാട്ടു ഭഗവതി. ആ ദേവിയെക്കുറിച്ചാണു പരമേശ്വരൻഭട്ടതിരി തന്റെ ന്യായസിദ്ധിവ്യാഖ്യാനത്തിൽ "നന്ദഗോപസുതാദേവീ വേദാരണ്യനിവാസിനീ" എന്നിപ്രകാരം പറഞ്ഞിട്ടുള്ളത്. ഈ സന്ദേശത്തിൽനിന്നും അക്കാലത്തു വേളക്കാട്ടു കേരളത്തിലെ വിശ്വവിദ്യാകേന്ദ്രങ്ങളിലൊന്നായിരുന്നുഎന്നു മനസ്സിലാക്കാം. സർവ്വവിദ്യാപാരഗന്മാരായ പയ്യൂർ ഭട്ടതിരിമാരുടെ സാന്നിദ്ധ്യത്താൽ ആ സ്ഥലം അപ്രകാരം കേരളത്തിലെ പ്രാമാണികവിശ്വവിദ്യാലയങ്ങളിലൊന്നായി തീർന്നതിൽ അത്ഭുതപ്പെടാനില്ല.

4. <u>കോകസന്ദേശം.</u> വാഴപ്പിള്ളിമനയ്ക്കലെ വിഷ്ണുത്രാതൻനമ്പൂതിരിപ്പാടാണ് ഇതിന്റെ നിർമ്മാതാവെന്ന് ഈ കൃതിയിൽനിന്നും മനസ്സിലാക്കാം. വാഴപ്പിള്ളിമന കൊച്ചിരാജ്യത്തു വെള്ളാങ്കല്ലൂരാണ്. ചകോരസന്ദേശ

ത്തെക്കുറിച്ചും കോകസന്ദേശത്തെക്കുറിച്ചും സുപ്രസിദ്ധപണ്ഡിതകവിയും വിമർശകവീരനുമായ ബ്രഹ്മശ്രീ ഈ. വി. രാമൻനമ്പൂതിരി അവർകൾ 'കോകചകോരങ്ങൾ' എന്നൊരുപന്യാസം പരിഷൽത്രൈമാസികത്തിൽ മുൻപു പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനാൽ ഇതിൽക്കൂടുതൽ ഈ സന്ദേശങ്ങളെക്കുറിച്ചു പറയണമെന്നുദ്ദേശിക്കുന്നില്ല.

5. ഭ്രമരസന്ദേശം. ഇതിന്റെ രചയിതാവു് ഒരു വാസുദേവകവിയാണെന്നു് ഇതിൽനിന്നുതന്നെ മനസ്സിലാക്കാം. തൃക്കണ്ടിയൂർ അച്യുതപ്പിഷാരടി, മേല്പുത്തൂർ നാരായണഭട്ടതിരി എന്നീമഹാപണ്ഡിതന്മാരെപ്പററി ഈ കൃതിയിൽ വർണ്ണിച്ചിട്ടുള്ളതിനാൽ ഇവരുടെ സമകാലികനാണു് ഈ വാസുദേവകവി എന്നു നിർണ്ണയിക്കാം. അതിനാൽ ഈ കാവ്യത്തിന്റെ കാലം എട്ടാം ശതാബ്ദത്തിലാകണം.

ഈ വാസുദേവകവി ആരാണെന്നാണു് ഇനി ആലോചിപ്പാനുള്ളതു്. വാസുദേവനാമധേയന്മാരായ കവികൾ കേരളത്തിൽ പലരും ഉണ്ടായിട്ടുണ്ടു്. (ഈ വിഷയത്തെക്കുറിച്ചു മഹാകവി ഉള്ളൂർ അവർകൾ പരിഷൽത്രൈമാസികത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള അത്യന്തം വിജ്ഞേയമായ ലേഖനത്തിലേയ്ക്കു വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.) ഒരു വാസുദേവകവി സംക്ഷേപഭാരതം എന്നൊരു കാവ്യം രചിച്ചിട്ടുണ്ടു്. സംക്ഷേപരാമായണം എഴുതിയതും ഇദ്ദേഹംതന്നെയാണു്. സംക്ഷേപഭാരതത്തിന്റെ പ്രാരംഭത്തിലുള്ള

"ജഗദാനന്ദയൻ ഗൌരിസ്സുതാം മാർഗ്ഗം സനാഥയൻ
പ്രകാശശ്രീകരോ രാജാ രവിവർമ്മാ വിരാജതേ."

എന്നീപദ്യത്തിൽനിന്നു് അന്നു വെട്ടത്തുരാജ്യം വാണിരുന്നതു് ഒരു രവിവർമ്മരാജാവാണെന്നു വരുന്നു. മഹാവിദ്വാൻ തൃക്കണ്ടിയൂർ അച്യുതപിഷാരടിയുടെ കാലത്തു വെട്ടം ഭരിച്ചിരുന്നതും ഒരു രവിവർമ്മരാജാവാണെന്നു പിഷാരടിയുടെ പ്രവേശകത്തിലുള്ള

"ലക്ഷ്മ്യാഃ പ്രകാശവിഷയം രഞ്ജയൻ നിജയാ നിജം
നിത്യമുദ്യൻ വിജയതേ സുകൃതാലംബനം രവിഃ"

എന്ന പദ്യത്തിൽനിന്നു മനസ്സിലാക്കാം. ഇതിൽനിന്നു അച്യുതപിഷാരടിയുടെ കാലത്തും സംക്ഷേപഭാരതകാരനായ വാസുദേവന്റെ കാലത്തും വെട്ടം ഭരിച്ചിരുന്നതു് ഒരു രവിവർമ്മരാജാവാണെന്നു വന്നുകൂടുന്നു. അച്യു

തപിഷാരടിയുടെ കാലത്തു ഭ്രമരസന്ദേശകാരനായ വാസുദേവനുമുണ്ട്. അതിനാൽ ഭാരതസംക്ഷേപാദികളുടെ കർത്താവായ വാസുദേവനായിരിക്കാം ഭ്രമരസന്ദേശത്തിന്റെയും നിർമ്മാതാവ്. എന്നാൽ ഭ്രമരസന്ദേശത്തിലും സംക്ഷേപരാമായണത്തിലും ഈ രവിവർമ്മരാജാവിനെപ്പററി എന്താണ് ഒന്നും പറഞ്ഞുകാണാത്തതെന്ന് ഒരു പ്രശ്നത്തിനിവിടെ അവകാശമുണ്ട്. ശരിതന്നെ. പക്ഷെ ഭ്രമരസന്ദേശത്തിന്റെയും മററും കാലമായപ്പോഴേക്കും ആ രവിവർമ്മരാജാവു ദിവംഗതനായിരിക്കണം. അതായിരിക്കണം ഒന്നും പ്രസ്താവിച്ചുകാണാത്തതു്. ഇതിന്ന് ഉപോദ്ബലകമായി ഒന്നുകൂടിപ്പറയാം. മേല്പുത്തൂരിന്റെ വ്യാകരണപാഠത്തോടൊപ്പമാണ് പ്രവേശകത്തിന്റെയും നിർമ്മാണമെന്നാണ് ഐതിഹ്യം. അതിനാൽ മേല്പുത്തൂരിന്റെ ബാല്യത്തിൽതന്നെ രവിവർമ്മരാജാവു രാജ്യഭാരം തുടങ്ങിയിരിക്കണം. പിന്നീടു വളരെ നാളുകൾ കഴിഞ്ഞു നാരായണീയാദിഗ്രന്ഥങ്ങളുടെ നിർമ്മാണത്താലും മററും മേല്പുത്തൂർഭട്ടതിരി സുപ്രസിദ്ധനായിത്തീർന്നതിനു ശേഷമാകണം ഭ്രമരസന്ദേശത്തിന്റെ പുറപ്പാട്. അതിനാൽ അക്കാലമായപ്പോഴേക്കും രവിവർമ്മരാജാവു കാലയവനികയ്ക്കുള്ളിൽ അന്തർദ്ധാനംചെയ്തിരിക്കണമെന്നു വിചാരിക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ നിര്യാണത്തിനുശേഷമായിരിക്കണം ഭ്രമരസന്ദേശവും സംക്ഷേപരാമായണവും വാസുദേവകവി രചിച്ചിട്ടുണ്ടാവുക. ഇതു് എന്റെ ഒരു ഊഹംമാത്രമാണ്. പണ്ഡിതന്മാരുടെ ശ്രദ്ധയെ ഈ വിഷയത്തിലേക്കു ഞാൻ സാദരം ക്ഷണിച്ചുകൊള്ളുന്നു. ഈ സന്ദേശത്തെക്കുറിച്ചു് സാരവത്തും ഉജ്ജ്വലവുമായ ഒരു ഉപന്യാസം മഹാകവി ഉള്ളൂർ അവർകൾ പരിഷൽത്രൈമാസികപത്രത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനാൽ ഇതിൽകൂടുതൽ ഈ കൃതിയെപ്പററി പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല.

6. <u>സുഭഗസന്ദേശം.</u> 7. <u>ചാതകസന്ദേശം.</u> ഈ രണ്ടു സന്ദേശങ്ങളെക്കുറിച്ചും മഹാകവി അവർകൾ ത്രൈമാസികത്തിൽ വിസ്പഷ്ടവും നിപുണവുമായി നിരൂപണം ചെയ്തിട്ടുണ്ട്. അതിനാൽ ഇവയെക്കുറിച്ചു വിശേഷിച്ച് എനിക്കൊന്നും പറയേണ്ടതായിട്ടില്ല.

8. <u>ഹംസസന്ദേശം.</u> ഈ പേരിൽ മൂന്നുനാലു സന്ദേശങ്ങളുണ്ട്. ഞാൻ ഇവിടെ നിർദ്ദേശിക്കുന്നതു പൂർണ്ണസരസ്വതിയുടെ ഹംസസന്ദേശമാണ്. പൂർണ്ണസരസ്വതിയെപ്പോലെ സരസ്വതിയുടെ പ്രസാദം പൂർണ്ണമായി ലഭിച്ച കേരളീയരധികമുണ്ടെന്നു തോന്നുന്നില്ല. ഒരൊന്നാന്തരം കവി,

മികച്ച പണ്ഡിതൻ, മർമ്മജ്ഞനും രസികശിഖാമണിയുമായ വ്യാഖ്യാതാവ്, ഇങ്ങനെ പലനിലയിലും അദ്ദേഹം നമ്മുടെ സശിരഃകമ്പമായ ശ്ലാഘയെ അർഹിക്കുന്നു. ഇദ്ദേഹം ബ്രിട്ടീഷുമലബാറിലുള്ള കാട്ടുമാടസ്സുനമ്പൂതിരിയാണെന്നു ചിലരും, അതല്ല, ചേന്നാസ്സുനമ്പൂതിരിപ്പാടാണെന്നു വേറെ ചിലരും അഭിപ്രായപ്പെടുന്നു. പൂർണ്ണസരസ്വതിയെന്നതു കേവലം ബിരുദപ്പേരായിരിക്കണം. പൂർണ്ണജ്യോതിസ്സിന്റെ അനുഗ്രഹത്താലാണ് ഇദ്ദേഹം പൂർണ്ണസരസ്വതിയായതു്. പൂർണ്ണജ്യോതിസ്സ് എന്നതുകൊണ്ടു പൂർണ്ണത്രയീശനായ തൃപ്പൂണിത്തുറയപ്പനെയാണു പരാമർശിക്കുന്നതെന്നു വിദ്യുല്ലതാവ്യാഖ്യാനപ്രസാധകൻ പറയുന്നതു് അത്ര ശരിയാണോ എന്നു സംശയമാണ്. പൂർണ്ണജ്യോതിസ്സ് എന്നതു് ഒരു മുനിയോ അഥവാ കവിയുടെ ഇഷ്ടദേവതയോ ആയിരിക്കാം.

ഇനി പൂർണ്ണസരസ്വതിയുടെ കാലമേതാണെന്നാലോചിക്കാം. ഇദ്ദേഹം മേഘസന്ദേശവ്യാഖ്യാനമായ വിദ്യുല്ലതയിലും മറ്റും അർത്ഥാലങ്കാരങ്ങൾ പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ ലക്ഷണശ്ലോകങ്ങൾ ഉദ്ധരിച്ചിട്ടുള്ളതു കാവ്യപ്രകാശത്തിൽനിന്നാണ്. അർത്ഥാലങ്കാരങ്ങൾക്കു സർവ്വഥാ പ്രമാണഗ്രന്ഥം അപ്പയ്യദീക്ഷിതരുടെ കുവലയാനന്ദമാണല്ലോ. അതിൽനിന്നും ഒന്നുംതന്നെ എടുത്തുകാണിച്ചിട്ടില്ല. അതിനാൽ മമ്മടാചാര്യർക്കുശേഷം അപ്പയ്യദീക്ഷിതർക്കു മുമ്പായിട്ടാണു പൂർണ്ണസരസ്വതിയുടെ കാലമെന്നു വിചാരിക്കാം. മമ്മടാചാര്യർ ജീവിച്ചിരുന്നതു്, ക്രി: പി: പതിനൊന്നാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിലും പന്ത്രണ്ടാംശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിലുമാണ്. അപ്പയ്യദീക്ഷിതരുടെ കാലം ക്രി: പി: പതിനാറാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധവും പതിനേഴാംശതാബ്ദത്തിന്റെ പൂർവ്വാർദ്ധവുമാണ്. ഈ രണ്ടു മഹാന്മാരുടെ കാലങ്ങൾക്കിടയിലായിരിക്കണം പൂർണ്ണസരസ്വതിയുടെ കാലമെന്നു സാമാന്യേന പറയാം.

ഹംസസന്ദേശം വളരെ മനോഹരമായ ഒരു കാവ്യമാണ്. പൂർണ്ണസരസ്വതി രസികന്മാരിൽ അഗ്രഗണ്യനാണ്; സഹൃദയചക്രവർത്തിയാണ്. അദ്ദേഹത്തിന്റെ രസികത്വമറിയേണമെങ്കിൽ മേഘസന്ദേശത്തിന്റെ വിദ്യുല്ലതാവ്യാഖ്യാനവും മാലതീമാധവത്തിന്റെ രസമഞ്ജരീവ്യാഖ്യാനവും വായിക്കണം. മാലതീമാധവം നാടകത്തിന്റെപേരിൽ ഈ സഹൃദയാഗ്രണിക്കുണ്ടായിരുന്ന ബഹുമാനം നിസ്സീമമാണ്. തൽഫലമായിട്ടായിരിക്കണം ഈ രസികശിരോമണി അതിനു വ്യാഖ്യാനം എഴുതീട്ടുള്ളതിനു പുറമേ ആ കഥയെടുത്തു് ഒരു ശ്രവ്യകാവ്യമായി രചിച്ചിട്ടുള്ളതും. 'ഋജുലഘ്വീ'എന്നാണ് ആ കാവ്യത്തിന്റെ പേര്.

ഇദ്ദേഹത്തിന്റെ കൃതികളായി ഇതേവരെ കണ്ടുകിട്ടീട്ടുള്ളവ, (1) മേഘസന്ദേശവ്യാഖ്യാനം (വിദ്യുല്ലത) (2) മാലതീമാധവവ്യാഖ്യാനം (രസമഞ്ജരി) (3) മാലതീമാധവം കാവ്യം (ഉജ്ജ്വലചരി) (4) വിഷ്ണുപാദാദികേശാന്തവ്യാഖ്യാനം (ഭക്തിമന്ദാകിനി) (5) ഹംസസന്ദേശം (6) കമലിനീരാജഹംസം നാടകം (7) ശാകുന്തളടിപ്പണി (8) ഉത്തരരാമചരിതടിപ്പണി (9) അനർഘരാഘവടിപ്പണി എന്നിവയാണ്. അഭിനവഗുപ്തപാദാചാര്യവിരചിതമായ അഭിനവഭാരതിയുടെ നാട്യശാസ്ത്രവിവൃതിയുടെ ഒരു സംഗ്രഹവും ഇദ്ദേഹം ഉണ്ടാക്കീട്ടുള്ളതായി കേട്ടിട്ടുണ്ട്.

9. ഭൃംഗസന്ദേശം. ഞാൻ മുമ്പ് പ്രസ്താവിച്ചിട്ടുള്ള ഭ്രമരസന്ദേശത്തിൽനിന്നു ഭിന്നമാണ് ഈ കൃതി. ഗ്രന്ഥകർത്താവിന്റെ പേരോ മററു വിവരങ്ങളോ ഒന്നും അറിഞ്ഞുകൂട. ഭൃംഗത്തെ തൃശ്ശൂർക്കാണ് അയയ്ക്കുന്നത്. ഭൃംഗം പെരുവനത്തെത്തുമ്പോഴും കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാൻ തിരുമനസ്സിലെ ഗുരുനാഥനായ ആലത്തൂർ അടിതിരിപ്പാടിലെ അപദാനങ്ങളെ വർണ്ണിക്കുന്നതിനാൽ അടിതിരിപ്പാടിന്റെ സമകാലികനാണ് കവി എന്നു വരുന്നു. വിദ്വാൻ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു തീപ്പെട്ടതു കൊല്ലവർഷം 1020-ൽ ആണെന്നാണ് അറിയുന്നത്. 1013-ൽ തീപ്പെട്ട കൊച്ചിമഹാരാജാവു തിരുമനസ്സിലെയും ഗുരുനാഥനായിരുന്നു അടിതിരിപ്പാട്. ഈ സംഗതി അദ്ദേഹത്തിന്റെ ഉത്തരനൈഷധകാവ്യം മുഖേനയും മററും മനസ്സിലാക്കാം. 1013-ൽ തീപ്പെട്ട മഹാരാജാവുതിരുമനസ്സിലേക്കു തിരുമുല്പ്പാടു കിട്ടിയതു 1003-ൽ ആണ്. അവിടത്തേക്കു തിരുമുല്പ്പാടുകിട്ടിയതിനുശേഷമാണ് അടിതിരിക്ക് അവിടുന്നു ഗുരുദക്ഷിണ ചെയ്തിട്ടുള്ളത്. അതിനാൽ അടിതിരി 1003-നുശേഷമായിരിക്കണമല്ലോ നിര്യാതനായിരിക്കുക. എങ്ങനെയായാലും ഭൃംഗസന്ദേശത്തിന്റെകാലം കൊല്ലവർഷം 950-നും 1000നും മദ്ധ്യത്തിലായിരിക്കണമെന്നു വിചാരിക്കണം. കവിതയ്ക്കു വലിയമെച്ചമൊന്നുമില്ല; കാവ്യം വളരെ ചെറുതുമാണ്.

10. മാരുതസന്ദേശം. 11. മയൂരസന്ദേശം. 12. ഗൃധ്രസന്ദേശം. ഈ മൂന്നുകൃതികളും കേരളീയരുണ്ടാക്കീട്ടുള്ളവയാണെന്നല്ലാതെ ഗ്രന്ഥകർത്താക്കന്മാരെപ്പററിയോ മററോ യാതൊരു വിവരങ്ങളും എനിക്കറിയുവാൻ സാധിച്ചിട്ടില്ല.

13. നീലകണ്ഠസന്ദേശം. ഇതിന്റെ രചയിതാവു പുനശ്ശേരി ശ്രീധരൻനമ്പി അവർകളാണ്. സ്വദേശമായ ഈങ്ങയൂർനിന്നു (ഈ

ഹാപുരി എന്ന ഈ കവിയാലും മഹാവിദ്വാൻ പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാ അവർകളാലും വർണ്ണ്യമായ സ്ഥലം) ചെറുപ്പളശ്ശേരിക്കാണു മയിലിനെ അയയ്ക്കുന്നതു്. ഈ കവിയുടെ നിർമ്മാണം കൊല്ലവർഷം 1006-ൽ ആണെന്നറിയുന്നു. കവിത നന്നായിട്ടുണ്ടു്.

14. ശ്യേനസന്ദേശം. സുപ്രസിദ്ധഭിഷഗ്വരനും ദുര്യോധനവധം ആട്ടക്കഥയുടെ രചയിതാവുമായ വയസ്കരമൂസ്സാണു് ഇതിന്റെ നിർമ്മാതാവു്. വയസ്കരമൂസ്സു് അവർകൾ ഇദാനീന്തനനാകയാൽ സന്ദേശകാലത്തെപ്പററി പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. ഈ മഹാനുഭാവന്റെ ദുര്യോധനവധം ആട്ടക്കഥ വ്യാഖ്യാനത്തോടുകൂടെ അച്ചടിച്ചിട്ടുണ്ടു്. വ്യാഖ്യാതാവു് സുപ്രസിദ്ധപണ്ഡിതകവിയും വിമർശകവിചക്ഷണനുമായ കെ. വി. എം. അവർകളാണു്. ഇദ്ദേഹംതന്നെ ഈ കവിയുടെ ജീവചരിത്രവും അതിൽ എഴുതിച്ചേർത്തിട്ടുണ്ടു്.

15. പവനസന്ദേശം. ഈ നാമധേയത്തിൽ മാനക്കുളം വലിയരാജാ അവർകൾ (കാക്കാട്ടുതൃപ്പിൽരാജാവു് അവർകൾ) ഒരു സന്ദേശം രചിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ടു്. കൂടുതൽ വിവരങ്ങൾ എനിക്കറിവാൻ സാധിച്ചിട്ടില്ല.

16. വിപ്രസന്ദേശം. ഇതു് കവിസാർവ്വഭൗമൻ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ ഒരു മനോഹരകാവ്യമാണു്. തിരുമനസ്സിലെ സംസ്കൃതകവനകലാപാടവത്തെപ്പററി ഞാൻ പ്രത്യേകം പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. കൈരളിയോടൊപ്പംതന്നെ ഗൈർവ്വാണിയും അവിടത്തെയ്ക്കു സ്വയം സ്വാധീനയായിരുന്നു. സർവ്വതോമുഖമായ വിജ്ഞാനം, നിശിതമായ ബുദ്ധിശക്തി, അപ്രതിഹതമായ പ്രതിഭാവിലാസം—ഇങ്ങനെ ഏതേതംശത്തിലാണു് അവിടുന്നു നമ്മുടെ ഹാർദ്ദമായ ശ്ലാഘയെ അർഹിക്കാത്തതു്? ഈ സന്ദേശകാവ്യം തർജ്ജമയോടുകൂടി മുമ്പു ടി. കെ. കൃഷ്ണമേനോൻ കൈരളീമാസികയിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനാൽ അതിനെപ്പററി ഞാൻ വിശേഷിച്ചൊന്നും ഇവിടെ പറയാനുദ്ദേശിക്കുന്നില്ല.

17. ചാതകസന്ദേശം. സരസദ്രുതകവികിരീടമണി എന്ന വിശ്വവിദിതനായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമേനിയാണു് ഇതിന്റെ പ്രണേതാവു്. വെൺകിടങ്ങിൽനിന്നും (ഗുരുവായൂരടുത്താണു് ഈ സ്ഥലം) ഹരിപ്പാട്ടേക്കാണു് ചാതകത്തെ അയയ്ക്കുന്നതു്. കവി

ത അക്ലിഷ്ടരമണീയമാണ്. ഈയിടെ അതിൽനിന്നു ഏതാനും ശ്ലോകങ്ങൾ ചൊല്ലിക്കേൾക്കാനിടയായപ്പോൾ തിരുമനസ്സിലെ സംസ്കൃതകവനകലാകൗശലത്തെപ്പററി എനിക്ക് അത്യത്ഭുതമാണുണ്ടായത്. അവിടുന്നു സംസ്കൃതത്തിൽ കുറെക്കൂടി കൃതികളെഴുതാഞ്ഞതു ഗൈർവ്വാണിയുടെ ദൗർഭാഗ്യമെന്നു ഞാൻ വിചാരിച്ചു. അവിടുത്തെ സംസ്കൃതകൃതികളിൽ ബഭ്രുവാഹനചരിതം മാത്രമേ എനിക്കു വായിപ്പാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ളു. കൈരളിയെപ്പോലെതന്നെ ഗൈർവ്വാണിയും അവിടുത്തെ സ്വാധീനയായിരുന്നു എന്നു ചാതകസന്ദേശം തികച്ചും തെളിച്ചുകാണിക്കുന്നുണ്ട്. ഈ രണ്ടു ജ്യേഷ്ഠാനുജന്മാർ (കൊച്ചുണ്ണിത്തമ്പുരാൻ തിരുമേനിയും അവിടുന്നും) കൈരളിയുടേയും ഗൈർവ്വാണിയുടേയും പ്രാണപ്രിയന്മാർ തന്നെയായിരുന്നു. ഈ അടുത്തകാലത്തു കേരളശ്രീ പല മഹാകവികളെയും പ്രസവിച്ചു ചരിതാർത്ഥയായിട്ടുണ്ട്. എന്നാൽ എല്ലാംകൊണ്ടും അവരിൽ പ്രഥമഗണനീയന്മാരിൽ രണ്ടുപേരാണു കവിസാർവ്വഭൗമൻ തിരുമേനിയും കേരളവ്യാസൻ തിരുമേനിയുമെന്നുള്ളതിനു സന്ദേഹമില്ല.

ഇങ്ങനെ കൈരളിയിൽനിന്നും ഗൈർവ്വാണിക്ക് ഒട്ടുവളരെ സന്ദേശകാവ്യങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ പലതും സാഹിത്യഗുണംകൊണ്ട് ഉൽകൃഷ്ടങ്ങളുമാണ്. ഞാൻ ഈ പറഞ്ഞവയ്ക്കുപുറമേ ഇനിയും കൈരളിയുടെ പല സന്ദേശങ്ങളും ഉണ്ടായിരിക്കാം. എന്റെ അറിവിൽപ്പെട്ടവയെ ഞാൻ ഇവിടെ രേഖപ്പെടുത്തി എന്നേയുള്ളു.

എത്രയെത്ര താളിയോലഗ്രന്ഥങ്ങളാണു പഴയതറവാട്ടുകളിലെ ഇരുട്ടറകളിൽ സൂര്യപ്രകാശംതട്ടാതെ ചിതലിനും പാററയ്ക്കും ആഹാരമായി ക്രമത്തിൽ ഈ ലോകത്തിൽനിന്നുതന്നെ എന്നേക്കുമായി മാഞ്ഞുപോകുന്നത്! കേരളീയർ പഴയ താളിയോലഗ്രന്ഥങ്ങൾ സൂക്ഷിക്കുന്ന കാര്യത്തിൽ പ്രത്യേകം മനസ്സുവെച്ചാൽ കൊള്ളാമെന്നു ഞാൻ വീണ്ടും വീണ്ടും അഭ്യർത്ഥിക്കുന്നു. ഓരോ ഗ്രന്ഥവും ഓരോ നിധിയാണ്. ആരെക്കൊണ്ടാണ് അതിന്റെ വിലമതിക്കാൻ സാധിക്കുക! പക്ഷേ, 'വിദ്വാനേവ വിജാനാതി വിദ്വജ്ജനപരിശ്രമം' എന്നല്ലേ ആപ്തവാക്യം? കേരളീയസഹോദരന്മാർ താളിയോലഗ്രന്ഥങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നതിൽ പ്രത്യേകം ദൃഷ്ടിവയ്ക്കണേ എന്നു ഒന്നുകൂടി അപേക്ഷിക്കുന്നു.

മേൽപറഞ്ഞ സന്ദേശങ്ങളിൽ ശുകകോകിലങ്ങൾമാത്രമേ മുദ്രിതങ്ങളായിട്ടുള്ളു. മററുള്ള 'ഭ്രമരാളി'കൾക്കും അചിരേണ മുദ്രണഭാഗ്യം ലഭിക്കട്ടെ!

# കേരളത്തിലെ നടനകല.*

## അതിൻെറ ഉത്ഭവവും വളൎച്ചയും.

(ശ്രീമാൻ വി. എം. കുട്ടികൃഷ്ണമേനോനവൎകൾ, ബി. എ.)

ഭാരതത്തിലെ ഇതരഭാഗങ്ങളിൽനിന്നും വേൎതിരിഞ്ഞുനില്ക്കുന്നതെന്ന സ്ഥൂലദൃഷ്ടിയിൽ തോന്നിപ്പോകാവുന്നതായ ഇന്നത്തെ കേരളീയസംസ്കാരത്തെ ഒന്നു് ഉലത്തിനോക്കിയാൽ, വിനഷ്ടങ്ങളും വിശിഷ്ടങ്ങളുമായ വിവിധസംസ്കാരങ്ങൾ അന്യോന്യവിരോധംകൂടാതെയും മുഴച്ചുനില്ക്കാതെയും അതിൽ ഇടകലൎന്നിരിക്കുന്നതായി തെളിഞ്ഞുകാണാം. തടവുകൂടാതെ ഒഴുകിവന്ന വിദേശീയസംസ്കാരങ്ങളെ തടുത്തുനിൎത്തി അരിച്ചെടുത്തുകൊടുക്കുകയും കിട്ടിയ നിധി കൈവിട്ടുപോകാതെ കാത്തുനില്ക്കുകയും ചെയ്ത മലയും കടലുമാണു വാസ്തവത്തിൽ കേരളീയസംസ്കാരത്തിൻെറ സ്രഷ്ടാക്കൾ. വളപ്പുറമുള്ള ഈ വിളഭൂമിയിൽ പാകിയ ബീജങ്ങൾക്കു തഴച്ചുവളരുവാൻ യാതൊരു പ്രയാസവുമുണ്ടായില്ല. അന്യസ്വത്തിനെ ആദരവോടുകൂടി സ്വീകരിച്ചു്, സ്വതസ്സിദ്ധമായ നിൎമ്മാണകൗശലത്താൽ മോടിപിടിപ്പിച്ചു സ്വായത്തമാക്കുവാൻ കേരളീയജനസമുദായത്തിനുള്ള അന്യാദൃശമായ പ്രാഗത്ഭ്യംമൂലം കേരളീയസംസ്കാരം വിദേശങ്ങളിൽനിന്നു വേൎതിരിഞ്ഞുനില്ക്കുന്നതായി തോന്നിപ്പോകുന്നതാണു്. പ്രകൃതവിഷയമായ നടനകലയെ സംബന്ധിച്ചും ഈ പ്രസ്താവം അക്ഷരംപ്രതി വാസ്തവമാണെന്നു് അചിരേണ മനസ്സിലായിക്കൊള്ളും.

മനുഷ്യൻ പ്രകൃത്യധീനനാണു്. പ്രകൃതിയുടെ നിൎദ്ദേശത്തിനനുസരിച്ചിരിക്കും അവൻെറ വിചാരവും, വാക്കും, പ്രവൃത്തിയും. പ്രകൃതിയുടെ വികൃതികളിൽവെച്ചു പ്രധാനമായ വികാരത്തിനു വശംവദമാകുമ്പോൾ ജീവജാലങ്ങളെല്ലാം ഇന്നിന്നവിധത്തിൽ ചേഷ്ടിച്ചുകൊള്ളേണമെന്നു നിയമമുണ്ടു്. വൎഗ്ഗവ്യത്യാസങ്ങളെ അനുസരിച്ചു സാമാന്യമായും, മനസ്സംസ്കാരത്തെ അപേക്ഷിച്ചു പ്രത്യേകമായും ആ ചേഷ്ടകൾ ഭിന്നസ്വരൂപങ്ങളാ

---

* 1112-ൽ എറണാകുളം മഹാരാജകലാശാലയിൽവെച്ചു നടന്ന 'ചാത്തുപ്പണിക്കർ സ്മാരകപ്രസംഗം.'

യിരിക്കുമെന്നുമാത്രം. ഭയംകൊണ്ടു നിലവിളിക്കുന്നതിലും ആഹ്ലാദംകൊണ്ടു തുള്ളിച്ചാടുന്നതിലും പക്ഷിമൃഗാദികളും മനുഷ്യരും വ്യത്യസ്തരല്ല; കരയുവാനും ചിരിക്കുവാനും ഒരു രാജ്യക്കാർ മറെറാരു രാജ്യക്കാരെ അനുകരിച്ച് അഭ്യസിക്കേണ്ട ആവശ്യവുമില്ല. പക്ഷേ, ബുദ്ധിശക്തിയുടെ ഉച്ചനീചത്വങ്ങൾക്കനുസരിച്ചിരിക്കും വികാരങ്ങൾ മനസ്സിനെ സ്പർശിക്കുന്നതിന്റെ സ്വഭാവം. വിശേഷബുദ്ധിയുടെ വൈശിഷ്ട്യമാണു മനുഷ്യനെ മൃഗത്തിൽനിന്നും ഉയർത്തിനിറുത്തുന്നത്. സംസ്കാരാധിക്യംമൂലം മാനുഷികവികാരങ്ങൾ ശാശ്വതവും മനോഹരവുമായി പരിണമിക്കുന്നു. ഈ വികാരങ്ങളുടെ പ്രവാഹത്തിന് അടിമപ്പെട്ടേണ്ടിവരുന്ന മനസ്സാണ് ആദ്യന്തം നിയന്ത്രിക്കുന്നതെന്നതിനാൽ മനുഷ്യജീവിതം വികാരപ്രധാനമാണെന്നു സിദ്ധിച്ചു. സ്വമനസ്സിനെയും സ്വാനുഭവങ്ങളെയും ചമൽകൃതരൂപത്തിൽ പ്രദർശിപ്പിക്കുന്നതാണു കല. അതു വികാരപരവും സംസ്കാരാപേക്ഷകവും ആകുവാനുള്ള കാരണം ഇതുതന്നെയാണ്. സംസ്കാരത്തിന്റെ സന്തതിയാണല്ലോ ചമൽകാരം. ഏതെങ്കിലും ഒരസംസ്കൃതവസ്തുവാണ് അവസാനം ഒരു മനോഹരമായ കലാസൃഷ്ടിയായിത്തീരുന്നതെങ്കിലും, കലാകാരന്റെ പ്രയത്നംകൊണ്ടുമാത്രമേ അതിനു കലാത്വം കൈവരുന്നുള്ളു. എന്നാൽ, കലാസൃഷ്ടിയുടെ പൂർവ്വരൂപം കാണണമെങ്കിൽ, ആ അസംസ്കൃതവസ്തുവിനെ തേടിപ്പിടിക്കുകവേണംതാനും. ആകയാൽ, ഏതെങ്കിലും ഒരു കലയുടെ ഉത്ഭവസ്ഥാനത്തെ അറിയുന്നതിനു മനുഷ്യപ്രകൃതിയേയും, അതിന്റെ പരിണാമദശകളെ ഗ്രഹിക്കുവാൻ മാനുഷസംസ്കാരത്തേയും നമുക്കു ശരണംപ്രാപിക്കേണ്ടിയിരിക്കുന്നു.

കേരളത്തിലെ നടനകലയുടെ ഉത്ഭവത്തെപ്പററി ആരായുന്നതിൽ മനുഷ്യപ്രകൃതി എത്രത്തോളം സഹായിക്കുമെന്നുള്ളതാണ് ഇവിടെ ചിന്താവിഷയം. അതു ശരിയായി മനസ്സിലാവേണമെങ്കിൽ, ആദിമനിവാസികളുടെ ആദിമചേഷ്ടകളിലേയ്ക്കു പ്രവേശിച്ചാലേ സാധിക്കുകയുള്ളു. പാശ്ചാത്യദേശങ്ങളിലെയും പൗരസ്ത്യപ്രദേശങ്ങളിലെയും നടനകലയുടെ ഉത്ഭവസ്ഥാനം നിരർത്ഥകങ്ങളായ ഒരുമാതിരി നൃത്തവിധാനങ്ങളാണെന്നു കാണാം.

ഭാരതീയനൃത്യത്തിനോട് ഏകദേശം സമാനമായ ഒരു നടനകലാവിഭാഗം യവനന്മാരുടെ ഇടയിൽ സാധാരണമായിരുന്നു. കേവലനൃത്തത്തിന്റെ ഒരു പരിഷ്കൃതരൂപമാണത്. നൃത്തകാവ്യസംഗീതങ്ങൾക്ക് അതിൽ സ്ഥാനമുണ്ടായിരുന്നു. അർത്ഥദ്യോതകമായ ഗാത്രവിക്ഷേപമായിരുന്നു അതിന്റെയും സ്വഭാവം. മനസ്സംസ്കാരം അഭിവൃദ്ധി പ്രാപി

ച്ചു്, മതബോധം പരന്നതോടുകൂടി അവരുടെ നടനകലയും മതപരമായിത്തീൎന്നു. മദ്യത്തിന്റേയും സസ്യാദികളുടേയും അധിദേവതയായ ഡയോണീസസ്സിന്റെ (Dionysus or Bacchus) പ്രീതിക്കായി നടത്തിവരുന്ന ഡിത്തിറാമ്പു് (Dithyramb) എന്ന നൎത്തനത്തിൽനിന്നാണു യവനനാട്യകല ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയെ പ്രാപിച്ചതു്. ചരിത്രാതീതകാലമായ പൂൎവ്വശിലാദശയിലെ (Palaeolithic Age) അസ്പഷ്ടങ്ങളായ ചില ചിത്രങ്ങളും ശില്പവേലകളും അന്നു പ്രചാരമുണ്ടായിരുന്ന നൃത്തങ്ങളെയാണു പ്രദൎശിപ്പിക്കുന്നതെന്നു പുരാണവസ്തുപരിശോധകന്മാർ ഊഹിക്കുന്നു. ഇംഗ്ലണ്ടിലെ പ്രാചീനങ്ങളായ ചില കല്ലറകളിൽ കണ്ടെത്തിയവയും, അനേകം സുഷിരങ്ങളോടുകൂടിയവയുമായ അസ്ഥികൾ അപരിഷ്കൃതമനുഷ്യരുടെ സംഗീതയന്ത്രങ്ങളായിരുന്നുവെന്നും അവർ ഊഹിക്കുന്നുണ്ടു്. (1)

ഭാരതീയനടനകലയുടെ വളൎച്ചയിലുണ്ടായ അവാന്തരഘട്ടങ്ങളെപ്പററി അറിയുവാനുള്ള ലക്ഷ്യങ്ങളൊന്നും അവശേഷിച്ചിട്ടില്ലെങ്കിലും, അതിലെ പ്രധാനഘട്ടങ്ങളെ വേൎതിരിക്കുവാൻ ഇന്നും സാധിക്കുന്നതാണു്. അങ്ങനെ അതിരുകളെ നിൎണ്ണയിക്കുന്നതിൽ വേദപുരാണേതിഹാസങ്ങൾ സാക്ഷികളായിട്ടുമുണ്ടു്. അൎത്ഥരഹിതമായ കേവലനൃത്തമാണു ഭാരതത്തിലെ നടനകലയുടേയും ഉത്ഭവസ്ഥാനം. മനുഷ്യവൎഗ്ഗത്തിൽ ജ്ഞാനവാസനയും സംസ്കാരവും വൎദ്ധിച്ചുവന്നതോടുകൂടി നൃത്തം സ്വസ്ഥാനത്തുനിന്നും ഉയൎന്നു്, നൃത്യകലയുടെ പരിപൂൎണ്ണതവരെ എത്തിച്ചേൎന്നു. ശരീരചലനത്തിന്റെ ഭാഷമാത്രമായ കേവലനൃത്തത്തിൽനിന്നു മാനുഷമനോഗതത്തിന്റെ മൂകഭാഷയായ നൃത്യം ജനിച്ചു. അതുകൊണ്ടും മതിവരാത്ത മനുഷ്യൻ,എത്തിച്ചേൎന്ന കൊടുമുടിയിൽനിന്നും താഴ്വരയിലേക്കു് അല്പമൊന്നിറങ്ങി മറെറാരു മാൎഗ്ഗത്തിൽക്കൂടി നാടകമഹാഗിരിയുടെ ശിഖരത്തിൽച്ചെന്നു വിശ്രമിച്ചു. അതായതു്, പരസ്പരസംബന്ധത്തോടും എന്നാൽ വ്യത്യസ്തപ്രകൃതികളോടുംകൂടിയ നൃത്തം, നൃത്യം, നാട്യം എന്ന മൂന്നു വിഭാഗങ്ങൾ നടനകലയ്ക്കു സംജാതമായി. നൃത്തസഹായമില്ലാതെ നൃത്യമോ, നൃത്യതാംശംകൂടാതെ നാട്യമോ ഭാരതത്തിലുണ്ടായിരുന്നില്ല. എന്നാൽ ഓരോന്നും പ്രത്യേകമായി അവയുടെ പ്രകൃതിക്കനുസരിച്ചുവിധത്തിലുള്ള പരിപൂൎണ്ണതയിൽ എത്തിയിട്ടുണ്ടുതാനും.

---

(1) The Art and Religion of Fossil Man.
By G. H. Luquet.
Translated by J. Townsend Russell.

ഏതുദേശത്തിലെ നടനകലയും മതത്തിൽനിന്നാണു് ഉത്ഭവിച്ചതെന്ന പ്രബലമായ ഒരഭിപ്രായം നിലവിലിരിക്കുന്നതിനാലാണു പ്രകൃതംവിട്ടു് ഇത്രയും വിസ്തരിക്കേണ്ടിവന്നതു്. വാസ്തവത്തിൽ നൃത്തം ഒരു കാലത്തും ഒരു ദേശത്തും മതത്തിൽനിന്നല്ല ഉത്ഭവിച്ചിട്ടുള്ളതു്. അസംസ്കൃതമായ വികാരവും വിചാരവും പരിഷ്കാരത്തെ പ്രാപിച്ചുതുടങ്ങിയതിനുശേഷം മാത്രമേ മനുഷ്യമനസ്സിൽ ഈശ്വരചിന്തയ്ക്കു സ്ഥാനമുള്ളു. അതിനാൽ, മതത്തിൽനിന്നാണു നൃത്തമുത്ഭവിച്ചതെന്ന സിദ്ധാന്തം പ്രത്യക്ഷമായിത്തന്നെ പ്രകൃതിവിരുദ്ധമാണു്. ഈശ്വരാരാധനത്തിനു മുതിർന്ന മനുഷ്യൻ വികാരസ്ഫുരണത്തിനു തനിക്കു സ്വതസ്സിദ്ധമായ ഉപകരണത്തെ കൈക്കൊണ്ടതോടുകൂടി, മതത്തിന്റെ നിഴൽ നൃത്തത്തിന്മേൽ പതിച്ചതാണു്. അതായതു്, നൃത്തം മതത്തിന്റെ സന്താനമല്ല, സഖിമാത്രമാണു്. വികാരപ്രകാശനത്തിനു മനുഷ്യൻ ആദ്യമായി സ്വീകരിച്ച മാർഗ്ഗവും കലകളുടെ മാതാവെന്നു ചിലർ ഗണിച്ചുവരുന്നതുമായ കേവലനൃത്തമാണു കേരളത്തിലെ നടനകലയുടേയും ഉത്ഭവസ്ഥാനം.

ഏതുദേശത്തെയും അപരിഷ്കൃതരായ ആദിമനിവാസികൾക്കു് ആഹാരാദിആവശ്യങ്ങൾ കഴിഞ്ഞാൽ പിന്നെ പ്രധാനമായതു നൃത്തമായിരുന്നു. കണക്കിലധികമുള്ള കായബലത്തിനു മററു പ്രവൃത്തനമൊന്നും ഇല്ലാത്തതിനാലായിരിക്കാം ഏതുവിധം വികാരത്തിനു വശംവദരാകുമ്പോഴും അവർ നൃത്തം വെച്ചിരുന്നതു്. സന്തോഷത്തിലും സന്താപത്തിലും, വിദ്വേഷത്തിലും വിനോദത്തിലും, വിവാഹമണ്ഡപത്തിലും ശ്മശാനഭൂമിയിലും ഒരുപോലെ അവർ നൃത്തംവെക്കുന്നതായി ഇന്നും കാണുന്നുണ്ടു്. വികാരാവിഷ്കരണത്തിനു പ്രഥമമായി കണ്ടുപിടിച്ച പന്ഥാവാകകൊണ്ടു നൃത്തത്തെ കലകളുടെ മാതാവായിട്ടു ഗണിച്ചുവരുന്നു. കലാസമ്പന്നനായ ഇന്നത്തെ പരിഷ്കൃതമനുഷ്യൻ വികാരാവേഗത്തെ പ്രവൃത്തിമുഖേന പ്രകാശിപ്പിക്കുമ്പോൾ അസംസ്കൃതനായ ആദിമമനുഷ്യൻ താളാനുസൃതമായ ഗാത്രവിക്ഷേപത്തെ ശരണംപ്രാപിച്ചു. അവന്റെ ചുററുപാടുമുള്ള പ്രകൃതിതന്നെ ചില കാലനിയമങ്ങൾക്കു വിധേയയാണു്. വെള്ളത്തിലുള്ള ഓളങ്ങളും സൂര്യചന്ദ്രന്മാരുടെ ഗതിയും മാത്രാനിയമങ്ങളെ അനുസരിക്കുന്നുണ്ടെന്നു് അവൻ കണ്ടു. അവൻ പ്രകൃതിയുടെ സന്താനമാണു്; അവന്റെ വാസസ്ഥലം പ്രകൃതിയുടെ ജന്മഭൂമിയാണു്; സഖാവും പാഠ്യഗ്രന്ഥവും പ്രകൃതിതന്നെ. പിന്നെ അനുകാര്യമായി അവനു മറെറന്തുണ്ടു്?

നൃത്തത്തിലുള്ള ഈ ആസക്തിക്കു കേരളക്കരയിലെ ആദിമനിവാസികൾതന്നെ മതിയായ ഉദാഹരണമാവും. വയനാട്ടിലും സമീപപ്ര

ദേശങ്ങളിലുമുള്ള കാടുകളിലെ നിവാസികളായ ജൈന(ജേന)ക്കുറുമ്പർ മാരുടേയും കാട്ടുനായ്ക്കന്മാരുടേയും വിവാഹച്ചടങ്ങുകൾ ശ്രദ്ധേയമാണ്. വിവാഹത്തിനുമുമ്പു വധൂഗൃഹത്തിൽവെച്ച് രണ്ടുവീട്ടുകാരും ചേർന്നും, വിവാഹാനന്തരം വധൂവരന്മാർ മാത്രമായും, വരന്റെ ഗൃഹത്തിലേക്കു തിരിച്ചുവന്നാൽ ആ വീട്ടുകാർമാത്രം ഒരുമിച്ചും, നൃത്തംവെക്കുന്നു. (2) അവരുടെ വിവാഹത്തിലെ ഏറ്റവും പ്രധാനമായ ചടങ്ങാണ് ഇത്. കൊച്ചിരാജ്യത്തിലെ കാടന്മാരുടെ വിവാഹത്തിനു സ്ത്രീകളും പുരുഷന്മാരും വെവ്വേറെ നൃത്തംചെയ്യുക മാത്രമേ ചടങ്ങായിട്ടുള്ളുവെന്നുതന്നെ പറയാം (3)

തിരുവിതാംകൂറിലെ കാണിക്കാരെന്ന കാട്ടുജാതിക്കാർ അവരുടെ പരദേവതയായ മാടനു കഴിക്കുന്ന ഉത്സവം മതപരമായ അപരിഷ്കൃതനൃത്തത്തിന്റെ മാതൃകയാണ്. (4) ഓരോ ഗൃഹത്തിലും കുടിവെച്ചിട്ടുള്ള പരദേവതകൾക്കു പൂജകഴിക്കുക എന്ന ഒരു സമ്പ്രദായമുണ്ട്. വിളവിന്റെ രക്ഷയ്ക്കുള്ള പ്രാർത്ഥനയും ഇതോടുകൂടി സാധിക്കുന്നു. കൊയ്ത്തുകാലത്തിന് അടുത്തു മുമ്പിലാണ് ഇതു കഴിക്കേണ്ടതു്. 'മാട'നെ അധിദേവതയായി കല്പിച്ചുകൊണ്ടാണു ക്രിയനടത്തുക. സ്വപ്നത്തിൽ ഈശ്വരദർശനം സാധിക്കാറുണ്ടെന്ന് അഭിമാനിക്കാറുള്ള ഒരു വൃദ്ധപ്രമാണിയായിരിക്കും കർമ്മി. ഇതിനുവേണ്ടി ആദ്യമായിത്തന്നെ കലവാഴയും തോരണവും മറ്റുംകൊണ്ട് അലങ്കരിച്ച ഒരു പന്തൽ കെട്ടിയുണ്ടാക്കുന്നു. ആളുകൾ എല്ലാം അതിൽ വന്നുകൂടിക്കഴിഞ്ഞാൽ കർമ്മിയായ കാണിക്കാർ മിശ്രഭാഷയിലുള്ള ഒരു പാട്ട് അസ്പഷ്ടമായി പാടിത്തുടങ്ങും. ദിവംഗതരായവരുടെ പൂർവ്വചരിത്രവും ജീവിച്ചിരിക്കുന്നവരുടെ ശ്രേയസ്സിനുവേണ്ടിയുള്ള പ്രാർത്ഥനയും മറ്റും ആ പാട്ടിൽ അടങ്ങിയിട്ടുണ്ടെന്നാണു പറയപ്പെടുന്നതു്. പാടിക്കൊണ്ടിരിക്കുമ്പോൾ ഇടയ്ക്കിടയ്ക്കു കലികൊണ്ടതുപോലെ ഓവിക്കുകയും അട്ടഹസിക്കുകയും ചെയ്തുകൊണ്ടിരിക്കും. ഇങ്ങനെ മൂന്നു നാലു മണിക്കൂർ കഴിയുമ്പോഴേയ്ക്കും കാട്ടുമൃഗങ്ങളുടെ ഗർജ്ജനംപോലെ ഭയങ്കരമായ ഒരു അലച്ചകേൾക്കാം. തലമുടിയെല്ലാം അഴിച്ചിട്ട്, കണ്ണുതുറിച്ച്, വായ്ക്കകം നാവും പതയും പുറപ്പെടുവിച്ചുകൊണ്ടുള്ള ഒരു മനുഷ്യൻ പുരയുടെ മറുഭാഗത്തുനിന്നു വ

---

(2) Malabar Series of Wynad—By C. Gopalan Nair, P. 110.
(3) The Kadars—'The Cochin Tribes and Castes'—By L. K. Anantakrishna Iyer., Vol. I.—P. 5,
(4) Kanikars—Castes and Tribes of South India—By Edgar Thurston—Vol. III—P. 171.

രുന്നതിന്റെ ഘോഷമാണതു്. നിന്നും ഇരുന്നും, ചാടിയും ഓടിയും, ദേഹമെല്ലാം വിറപ്പിച്ചും, ഇടയ്ക്കിടെ കൊട്ടിന്റെ താളത്തിനൊപ്പിച്ചു ചവുട്ടിയും അയാൾ കണക്കില്ലാതെ ബഹളംകൂട്ടുന്നു. പത്തു മിനിട്ടോളം ഇങ്ങനെ കഴിച്ചു്, പിന്നീടു പെട്ടെന്നു് അട്ടഹസിച്ചുകൊണ്ടു്, മാടന്നു നൈവേദ്യം ഒരുക്കിവെച്ചിട്ടുള്ള മറെറാരു കട്ടിലിന്നടുത്തു ചെന്നു്, ഇരുപത്തു മണികൾ തൂക്കിയിട്ടുള്ള രണ്ടു വലിയ ദണ്ഡുകൾ എടുത്തുകൊണ്ടു വരുന്നു.

അപ്പോഴേയ്ക്കും വെറുതെ കാണ്മാനിരിക്കുന്നവരിൽ ഒരുത്തനും കലികൊണ്ടു തുള്ളുകയായി. ഇതുകണ്ടു് ആദ്യത്തവന്നു് ഉത്സാഹം ഇരട്ടിച്ചു. കണ്ടുനില്ക്കുന്നവരിൽ മറെറാരുത്തന്റെ കഴുത്തിൽ പിടിച്ചു്, തന്റെ കയ്യിലുള്ള ദണ്ഡുകളിൽ ഒന്നു് അവനെക്കൊണ്ടു പിടിപ്പിക്കുന്നതോടുകൂടി അവനും തുള്ളിത്തുടങ്ങുന്നു. എന്തിനേറെ? അല്പസമയത്തിന്നുള്ളിൽ, തുള്ളുന്നവരുടെ സംഖ്യ ആറോ ഏഴോ ആയിക്കഴിഞ്ഞു. എവിടെ നോക്കിയാലും അട്ടഹാസങ്ങളുടേയും ചാട്ടങ്ങളുടേയും ബഹളംതന്നെ. ഇതോടുകൂടി കാണികളുടെ ദൃഷ്ടി സമീപത്തുതന്നെയുള്ള ഒരു അഗ്നികുണ്ഡത്തിലേയ്ക്കു തിരിയുന്നു. അവിടെ നമ്മുടെ ഒന്നാമൻ ദ്രഷ്ടാക്കളുടെ ഐകകണ്ഠ്യേനയുള്ള അഭിനന്ദനത്തിന്നു പാത്രമാകത്തക്കവണ്ണം കനലിൻനടുവിൽ ചാടി നൃത്തംചെയ്യുന്നുണ്ടായിരിക്കും. ദേഹത്തിൽ മുഴുവൻ ചാരമണിഞ്ഞു്, ക്ഷീണിച്ചു വിയർത്തൊലിച്ചുകൊണ്ടു് അയാൾ അവിടെ നിന്നു തിരികെ പന്തലിലേയ്ക്കുതന്നെ വന്നു്, അവിടെ കൂട്ടിയിരിക്കുന്ന ചുകന്ന പൂക്കളെല്ലാം വാരി തലയിൽ ചൊരിയുന്നു. ഇതിൽ കർമ്മികളും മററു കാര്യക്കാരും സഹായിക്കാവുന്നതാണു്. അതിന്നുശേഷം ഒരു ചെറിയ കുട്ടിയെ അവന്റെ മുമ്പിൽകൊണ്ടു നിറുത്തുന്നതായും അവൻ ഒരു പേർ വിളിക്കുന്നതായും കാണാം. നാമകരണം എന്ന ക്രിയയാണതു നിർവ്വഹിക്കുന്നതു്. ഒരു കോഴിയെക്കൊണ്ടുവന്നു് അതിന്റെ കഴുത്തു വെട്ടിക്കളഞ്ഞു് അയാളുടെ കയ്യിൽ കൊടുക്കുന്നു. എല്ലാവരും കാണ്കെത്തന്നെ അതിന്റെ മുറിവായിൽ ചുണ്ടുവെച്ചു് അതിൽനിന്നു ലഭിക്കാവുന്ന രക്തംമുഴുവൻ അവൻ കുടിച്ചുതീർക്കും. പിന്നേയും കോഴിയെ കയ്യിൽതന്നെ വെച്ചുകൊണ്ടു് അവൻ ബോധരഹിതനായി നിലംപതിക്കുന്നു. പരദേവതമാർ പൂജ സ്വീകരിച്ചുവെന്നും പ്രാർത്ഥിച്ച പ്രകാരമെല്ലാം സാധിക്കുമെന്നുമാണു് ഇതിന്റെ അർത്ഥം. ഇതോടുകൂടി ക്രിയകൾ അവസാനിക്കുകയും നൈവേദ്യവിഭവങ്ങളുടെ അവശേഷങ്ങളെല്ലാം ഭക്ഷിച്ചു് എല്ലാവരും പിരിഞ്ഞുപോവുകയും ചെയ്യുന്നു.

കൊച്ചിരാജ്യത്തിലെ മലയന്മാരോടു സാദൃശ്യമുള്ള വയനാട്ടിലെ പണിയന്മാർ പലപ്പോഴും രാത്രിമുഴുവൻ നൃത്തവും ഗാനവുമായി വിനോദിച്ചു കഴിച്ചുകൂട്ടുന്നു. (5) ഈ കാട്ടുജാതിക്കാരുടെ എല്ലാം ഏകവിനോദം നൃത്തമാണെന്നുകൂടി ഓർമ്മവെക്കേണ്ടതുണ്ട്. പുലയർ, പറയർ മുതലായ ആദിദ്രാവിഡർ വിവാഹസന്ദർഭങ്ങളിലെന്നു മാത്രമല്ല മററെല്ലാ കാര്യങ്ങളിലും നൃത്തത്തിനു കല്പിച്ചുകൊടുത്തിട്ടുള്ള പ്രാധാന്യം നമുക്കു കണ്ടറിവുമാണല്ലോ. ചുരുക്കത്തിൽ, മതകർമ്മങ്ങളിലും സമുദായാചാരങ്ങളിലും, വിനോദസന്ദർഭങ്ങളിലും അവരുടെ വികാരങ്ങൾ ഏതു മാർഗ്ഗത്തിൽക്കൂടെ പ്രകാശിപ്പിക്കുന്നുവെന്ന് അറിയുവാൻ ഇത്രത്തോളമായാൽ പോരായ്കയില്ല.

കാടും നാടും തമ്മിൽ ഇത്രയുംതന്നെ അടുപ്പമില്ലാത്ത പ്രദേശങ്ങളിലെ നിവാസികൾ അപരിഷ്കൃതരുടെ നൃത്താസക്തിയെ ഇതിലധികം വിശദമാക്കുന്നുണ്ട്. ഗ്രീൻലാണ്ടി(Greenland)ന്റെ പടിഞ്ഞാറുഭാഗത്തുള്ള ആദിമവർഗ്ഗക്കാർ അവരുടെ വഴക്കുകൾ തീർക്കുന്നതു നൃത്തംവഴിയാണ്. സിലോൺദ്വീപിലെ വെഡ്ഡജാതിക്കാർ നൃത്തംചെയ്തു കൃതജ്ഞതപ്രകടിപ്പിക്കുന്നു. ബ്രിട്ടീഷ് കൊളമ്പിയയിലെ (British Columbia) മററൊരു കൂട്ടക്കാർ പകിടകളിക്കുമ്പോൾക്കൂടി നൃത്തം വെക്കുന്നു. (6) "Besides jumping or in other words dancing for joy, the North American savage dances for almost every thing—when he hungers for meat and when he can't find his enemy and after he has found him etc., at christening, at burials, at weddings and at births—for war, for peace, for vengeance, for gratitude, the North American Indian dances". (7) ഈ നൃത്തങ്ങളിലാണ വിസ്തൃതവും വിശിഷ്ടവുമായ നാട്യകലയുടെ ബീജംസ്ഥിതിചെയ്യുന്നതെന്ന് അതിന്റെ വളർച്ചയെ സൂക്ഷിച്ചുനോക്കിയാൽ അറിയാവുന്നതാണ്. "He danced for pleasure and as ritual. He spoke in dance to his Gods, he prayed in dance and gave thanks in dance. By no means all this activity was dramatic or theatric; but in his designed movements was the **germ of drama and of theatre.**" (8)

---

(5) Malabar Series of Wynad—P. 104.
(6) Miss C. S. Burne in the Hand-book of Folk-lore-P. 250.
(7) Curiosities of Savage-Life—by James Greenwood-P. 129.
(8) The Theatre—By Sheldon Cheney.

താളാനുസൃതമായ ചലനവും, താളാനുസൃതമായ ശബ്ദവും വേർപിരിയുക വയ്യാത്തവണ്ണം അത്രത്തോളം ബന്ധപ്പെട്ടതാണ്. വികാരാവേഗംകൊണ്ടു ശരീരചലനം സംഭവിക്കുന്നതിനോടൊപ്പം നാദസ്ഫുരണവും താനേതന്നെ ഉണ്ടായിക്കൊള്ളും. ഭയംകൊണ്ടുഞെട്ടുന്ന മനുഷ്യൻ "അയ്യോ" എന്നു നിലവിളിച്ചുപോകുന്നതു കല്പിച്ചുകൂട്ടിയുള്ള പ്രവൃത്തിയല്ല. ശരീരംകൊണ്ടും ശബ്ദംകൊണ്ടും മാത്രമാണു മനുഷ്യൻ തന്റെ ജീവിതത്തിലെ ഏതുകാര്യവും നിർവ്വഹിച്ചുപോരുന്നതു്. പ്രകൃതിയുടെ സന്താനങ്ങളായ അവ ഒത്തിച്ചല്ലാതെ ജീവിക്കാറില്ല. പ്രകൃതിദത്തമായ ഒരു വാസനാവിശേഷംകൊണ്ടു മനുഷ്യവർഗ്ഗത്തിനു വശഗമായിട്ടുള്ള താളത്തിനോടുകൂടി ഈ ചലനവും ശബ്ദവും യോജിക്കുമ്പോൾ ഒന്നു നൃത്തകലയായും മറെറാന്നു ഗാനകലയായും പരിണമിക്കുന്നു. കലാതത്വത്തിന്റെ കണികപോലുമില്ലാത്ത നൃത്തത്തിലാണെങ്കിൽ താളലയാദികൾ സ്പർശിച്ചിട്ടില്ലാത്ത ചില വികൃതശബ്ദങ്ങൾ പുറപ്പെടുന്നതു കേൾക്കാം. താളത്തിനൊപ്പിച്ചു കാൽച്ചുവടുകളോടു് ഇണങ്ങിപ്പോകുന്നതുകൊണ്ടാണു ഗാനഭാഗത്തിനു പദം, അടി, ഫുട്ട് (Foot) മുതലായി നാനാഭാഷകളിലും ഏകാർത്ഥത്തിലുള്ള നാമം ലഭിച്ചതു്. അപരിഷ്കൃതാവസ്ഥയുടെ അടിത്തട്ടിൽ ചെന്നു നോക്കുന്നതായാലും ശബ്ദസമന്വിതമല്ലാത്ത നൃത്തമൊന്നു കണ്ടെത്തുവാൻ കഴിയുന്നതല്ല.

മനുഷ്യൻ തന്റെ അപരിഷ്കൃതാവസ്ഥയിൽ വികാരപ്രകാശനത്തിനുമാത്രം വേണ്ടി അംഗീകരിച്ച ഗാത്രവിക്ഷേപത്തെയും ശബ്ദനിർഗ്ഗമനത്തെയും താളലയങ്ങളുടെ സഹായത്തോടുകൂടി വിനോദാർത്ഥം പ്രയോഗിച്ചുതുടങ്ങിയ മുഹൂർത്തത്തിൽ നാട്യകലാശിശുവിനു ജീവൻവെച്ചു എന്നു പറയാം. പക്ഷെ ആ രൂപത്തിലും ആ പ്രായത്തിലും അതിനെ കാണുന്നവർ അതിന്റെ നാമധേയത്തോടുകൂടി കലാശബ്ദത്തെ ഘടിപ്പിക്കുവാൻ ധൈര്യപ്പെടുന്നതല്ല. ബ്രസീൽ (Brazil) ദേശത്തുള്ള അമെസോൺസ് (Amazons) എന്ന വർഗ്ഗക്കാരുടെ(9) ഇടയിൽ ഇതിനെ ഈ രൂപത്തിൽ ഇന്നും ദർശിക്കാവുന്നതാണ്. കൈവിരലുകൾ ഞൊടിച്ചുകൊണ്ടു താളം പിടിച്ചു്, ദേഹം ഇളകുന്നുണ്ടോ എന്നുതന്നെ സംശയിക്കത്തക്ക രീതിയിൽ ഗാനസഹിതമായി നിർവ്വഹിക്കുന്ന ഒരുജാതി നൃത്തമാണു് അവരുടേതു്. അതുകണ്ടാൽ പ്രതിമകൾ നീങ്ങിക്കൊണ്ടിരിക്കുകയാണോ എന്നു സംശയം

(9) ഇവർ [illegible] വിശ്വസിച്ചുവരുന്നു.

തോന്നിപ്പിക്കുമത്രെ. (10) കൊച്ചിരാജ്യത്തിലെ കാടന്മാരുടെ ഇടയിൽ കാണുന്ന സ്ത്രീനൃത്തത്തിന്ന് ഇതിനോടു സാദൃശ്യമുണ്ട്. അൎദ്ധവൃത്തമായി നിന്ന്, വസ്ത്രത്തിന്റെ അഗ്രം കയ്യിലെടുത്ത് അരയോടുചേൎത്തുവെച്ച് ആട്ടിക്കൊണ്ട് ഓരോ അടി സാവധാനത്തിൽവെച്ചു വൃത്താകാരമായി നീങ്ങുന്നതു കാണാം. ഈ വക നാട്യകലയുടെ ആദ്യഘട്ടമാണെന്ന ന്യായമായി ഊഹിക്കാവുന്നതാണ്.

കാട്ടിൽനിന്ന നാട്ടിലേക്ക് ഇറങ്ങുന്നതിനുമുമ്പു നടനകല വനഭൂമിയിൽവെച്ചുതന്നെ എത്രത്തോളം വളൎന്നുകഴിഞ്ഞിരിക്കുന്നുവെന്ന പരിശോധിക്കാം. സ്ത്രീനൃത്തത്തിൽ അവശേഷിച്ചുകാണുന്ന ശാന്തമായ പ്രാകൃതാവസ്ഥ പുരുഷന്റെ ദേഹബലത്തിന്ന വഴങ്ങിക്കൊടുത്തു കുറെക്കൂടെ ഉദ്ധതവും ഘോഷയുക്തവുമായിത്തീൎന്നു. എട്ടോ പത്തോ പേർ കൈകോൎത്തുപിടിച്ചു വട്ടത്തിൽനിന്ന കൊട്ടിനൊപ്പം ചവുട്ടിക്കൊണ്ട് അകത്തേക്കു ഞെങ്ങിയും പുറത്തേക്കു നീങ്ങിയും വട്ടം ചുറ്റിക്കൊണ്ടിരിക്കും. ഇടക്കിടെ 'ഹോ ഹോ' എന്ന് ഉച്ചത്തിൽ ശബ്ദിക്കുന്നതും കേൾക്കാം. കളിക്കാരെ നയിക്കുന്നതു താനാണെന്ന കാണിക്കുവാനായിരിക്കാം അവരുടെ 'പ്രമാണി' എപ്പോഴും കൈവീശിക്കൊണ്ടിരിക്കുന്നത്. കളിച്ചു ക്ഷീണിക്കുമ്പോഴം അവർ പാട്ടുപാടി ക്ഷീണം തീൎക്കുന്നു. അവരുടെ വാദ്യോപകരണങ്ങളായി ഇന്നുകാണുന്ന ചെണ്ടയും കുഴലും നാട്ടിൽനിന്ന വാങ്ങിക്കൊണ്ടുവരുന്നവയാണ്.

വന്യമൃഗങ്ങളെപ്പോലെതന്നെ വന്യജനങ്ങളും സ്വാതന്ത്ര്യേച്ഛുക്കളാണ്. അവരവൎക്ക രസിക്കുവാനല്ലാതെ അന്യരെ രസിപ്പിക്കുവാൻ തങ്ങളുടെ കല ഉപയോഗിക്കാമെന്നോ ഉപയോഗിക്കണമെന്നോ അവർ വിചാരിക്കാറില്ല. നയംകൊണ്ടു പാട്ടിലാക്കുവാൻവേണ്ടി ആരെങ്കിലും ആഹാരംകൊടുത്തുകഴിഞ്ഞാൽ പിന്നീട് അവരെ കണ്ടുകിട്ടേണമെങ്കിൽ കാടു മുഴുവൻ തിരയേണ്ടിവരും. കാടന്മാരെക്കൊണ്ടു കളിപ്പിക്കണമെങ്കിൽ അവരുടെ ക്ഷേമത്തിനും ഏകലക്ഷ്യമായ സൎക്കാരുദ്യോഗസ്ഥന്റെ സ്വാധീനശക്തിയെ ശരണംപ്രാപിക്കുകയേ നിൎവ്വാഹമുള്ളു. പക്ഷെ, കളിക്കുവാൻ ആരംഭിച്ചാൽ അതു കഴിയുന്നതുവരെ ഹൃദയപൂൎവ്വകമായ ശുഷ്കാന്തി പ്രദൎശിപ്പിക്കുന്നതു കാണാം. കളിക്കുന്നവരുടെ കാൽച്ചുവടിനോടൊപ്പം കണ്ടുനില്ക്കുന്നവരുടെ കണ്ണും തലയും ഇളകി തങ്ങളുടെ ഏകവിനോദത്തിൽനിന്നും ലഭിക്കുന്ന പരമാനന്ദത്തിനെ വെളിപ്പെടുത്തിക്കൊണ്ടി

---

(10) The Land of Amazons—By F. De Santa Anna Nery.

രിക്കും. സ്വസന്താനങ്ങളുടെ ആനന്ദനൃത്തംകണ്ടു വനദേവത പുളകം കൊള്ളുന്നതായ കാട്ടു കലാകുതുകികളുടെ ദൃഷ്ടികൾക്ക് അമൂല്യമായ ഒരു സ്വാദ്യതയാണ്.

കാടന്മാർ മതപരമായ വല്ല നൃത്തവും ഉള്ളതായി ഞാൻ കണ്ടെത്തിയിട്ടില്ല. അവരുടെ നൃത്തങ്ങളോടു സംബന്ധിച്ചുള്ള മറെറാരുതരം വിനോദമാണ് നമ്മുടെ ശ്രദ്ധയെ കൂടുതൽ ആകർഷിക്കുന്നതു്. ജീവിതത്തിന്റെ പ്രതിഫലനമാണ് കലയുടെ മൗലികധർമ്മമെന്ന് ഈ അപരിഷ്കൃതവർഗ്ഗക്കാർ ദൃഷ്ടാന്തപൂർവ്വം സ്പഷ്ടമാക്കുന്നു. 'മൃഗയാവിനോദ'മെന്ന പദം പ്രഭുക്കന്മാരോടുമാത്രമേ ചേരുകയുള്ളു. വ്യാധവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം അതു സമയംപോക്കുവാനുള്ള വിനോദമൊന്നുമല്ല; ഏററവും പ്രധാനമായ ആഹാരസമ്പാദനമാണ്. അവരുടെ ജീവിതം അതിനുള്ള പരിശ്രമത്തിൽ ആരംഭിച്ച് അതിനുമാത്രംവേണ്ടി നയിച്ച് അതോടുകൂടി തന്നെ അവസാനിക്കുന്നു. മറെറാരു ചിന്തയ്ക്കും മറെറാരു പ്രവൃത്തിക്കും അവർക്കു സമയവും ആവശ്യവുമില്ല. നമുക്കു നിസ്സാരവും അവർക്കു സാരവുമായ ആ ജീവിതമാണ് തങ്ങളുടെ കലകളിൽക്കൂടി പ്രകാശിപ്പിക്കുവാൻ അവർ യഥാശക്തി യത്നിക്കുന്നതു്.

ഈ അനുകരണരൂപത്തിലുള്ള കാടർകളികളിലൊന്നാണ് 'കൂരാൻകളി'. 'കൂരാൻപന്നി'(11)യാകുന്നു ഭാവിച്ചു നാവുംപുറത്തിട്ട് ഒരുവൻ പതുങ്ങിപ്പതുങ്ങി നാലുപുറവും നോക്കിക്കൊണ്ടു കുനിഞ്ഞുനടക്കുന്നു. മറെറാരുത്തൻ അതുപോലെ നായയാണെന്നു നടിച്ച് കഴുത്തിൽ ഒരു മണികെട്ടി തരംനോക്കി പിന്നാലെചെന്ന് അതിനെ പിടിക്കുന്നു. പന്നിയുടെ പരിഭ്രമവും നായയുടെ കൗശലവും ഇവരുടെ മുഖത്തു നല്ലവണ്ണം സ്ഫുരിക്കുന്നതു കാണാം. ഈ കളികൾ നടക്കുന്ന സമയങ്ങളിലെല്ലാം മററുള്ളവർ അട്ടഹസിച്ചുകൊണ്ടു നൃത്തംചെയ്യുന്നുണ്ടായിരിക്കും. കൂരാൻകളിയെപ്പോലെ മറെറാരനുകരണമാണ് 'മാൻകളി'. ഇതിൽ ഒരുത്തൻ മാനും മറെറാരുത്തൻ വെടിക്കാരനുമാകുന്നു. മാൻ അതിന്റെ സ്വാഭാവികമായ രീതിയിൽ തലപൊക്കി ചെവിയാട്ടിക്കൊണ്ടു നടക്കുമ്പോൾ വെടിക്കാരൻ നിശ്ശബ്ദമായി പിന്തുടർന്ന് അതിനെ വധിക്കുന്നു. ക്രിയാഭാഗം ഇതു ചുരുക്കമാണെങ്കിലും അഭിനയം ഏററവും സ്വാഭാവികമാവുന്നുണ്ടെന്നു സമ്മതിച്ചേ തീരൂ. ആധുനികപരിഷ്കാരത്തിന്റെ നഗരീകരണവൈദഗ്ധ്യം കാട്ടിലേയ്ക്കുകൂടി സംക്രമിച്ചുകഴിഞ്ഞതുകൊണ്ടായിരിക്കണം ഈ വന്യജന

---

(11) ഇതിന്റെ മാംസം നായ്ക്കൾക്ക് ഏററവും ഹിതമായ ആഹാരമാണ്.

ങ്ങൾ വില്ലുവെടിഞ്ഞു തോക്കെടുത്തിരിക്കുന്നതു്. മറെറാരനുകരണമായ വട്ടക്കളിയിൽ നാലഞ്ചാളുകൾ ചേരുമെങ്കിലും അതിൽ പാത്രവൈവിധ്യം തന്നെയില്ല. ഇവർ തവളകളെപ്പോലെ ഒററയായിട്ടും ഒന്നിന്റെ പുറത്തു മറെറാന്നു കയറിയിരുന്നും ചാടിക്കൊണ്ടിരിക്കുകമാത്രം ചെയ്യും. നാലുപുറവും കാണുന്ന പ്രകൃതിയെ അങ്ങനെതന്നെ അനുകരിക്കുകയെന്നല്ലാതെ മറെറന്താണു് ഇതിന്റെ ഉദ്ദേശ്യം? അനന്തമായ പ്രകൃതിസാമ്രാജ്യം കലാപരിധിക്കുള്ളിൽ കിടക്കുമ്പോൾ നാട്യകലയുടെ ഉത്ഭവസ്ഥാനം കണ്ടുപിടിക്കുവാൻ മതത്തിൽകടന്നു തിരയേണ്ടുന്ന ആവശ്യമില്ല.

കേരളത്തിലെ ആദിമനാട്യത്തിന്റെ സ്വരൂപവും സ്ഥാനവും ഇതുതന്നെ ആയിരുന്നുവെന്നു തീർച്ചയാണു്. ഇതിനുള്ള തെളിവുകൾ ശേഖരിക്കുവാൻ നമുക്കു മലയാ അർദ്ധദ്വീപിലോളം സഞ്ചരിക്കേണ്ടിയിരിക്കുന്നു. ജക്കൂൺ (Jakun) എന്ന അവിടത്തെ ആദിമവർഗ്ഗക്കാരുടെ നൃത്തത്തിനും കൊച്ചിയിലെ കാടരുടെ നൃത്തത്തിനും തമ്മിൽ യാതൊരു വ്യത്യാസവും കാണുന്നില്ല. കാടരിൽ സ്ത്രീപുരുഷന്മാരുടെ നൃത്തങ്ങൾ തിരിച്ചുള്ള ഭേദം അവിടെയുമുണ്ടു്. സ്ത്രീകളുടെ കൈവീശിക്കൊണ്ടുള്ള ചുററലും പുരുഷന്മാരുടെ 'പ്രമാണി'യും അവിടെയും ഇവിടെയും സമമാണു്. മൃഗങ്ങളായി നടിച്ചുകൊണ്ടുള്ള അഭിനയം കേരളത്തിനു പുറമെ ഇങ്ങനെ ഒരു ദിക്കിൽ മാത്രമേ കാണുന്നുള്ളു. കാടരുടെ കുഴലും ചെണ്ടകളും തന്നെയാണു് അവിടത്തെയും വാദ്യങ്ങൾ. (12) ഡി മോർഗൻ (De Morgan), ഹെയിൽ (Hale) മുതലായ ഗ്രന്ഥകാരന്മാരുടെ അഭിപ്രായത്തിൽ ഇവരുടെ നൃത്തങ്ങൾക്കും കളികൾക്കും വിനോദമല്ലാതെ മററു യാതൊരുദ്ദേശ്യവുമില്ലെന്നുള്ളതും സ്മരണീയമാണു്.

അന്യൂനമായ ഈ സാദൃശ്യം ആകസ്മികമായി വന്നുകൂടിയതാണെന്നു വിചാരിക്കുവാൻ മനുഷ്യവർഗ്ഗശാസ്ത്രം അനുവദിക്കുന്നില്ല. പല്ലുരാവുകതുടങ്ങി പല കാര്യങ്ങളിലും ജക്കൂൺവർഗ്ഗക്കാർക്കു കാടന്മാരോടു വളരെ സാദൃശ്യമുണ്ടു്. തല വകയുവാനുള്ള ചീപ്പുകളിന്മേൽ ചിത്രപ്പണികൾ ചെയ്യുന്ന സ്വഭാവം മലാക്കയിലെ ആദിമവർഗ്ഗക്കാരിലും കേരളത്തിലെ കാടന്മാരിലും ഒരുപോലെ കാണുന്നുണ്ടെന്നു ഡാക്ടർ പ്ര്യൂസ്സ് (Dr. Preuss) പറയുന്നു. (13) ഡിയാക്കു് (Dyaks) എന്ന വർഗ്ഗക്കാർ

(12) Pagan Races of the Malaya Peninsula—By Walter William Skeat, M. A. and Charles Otto Blagden M. A.

(13) Castes and Tribes of S. India—Vol. 1—By Edgar Thruston Introduction P. XIX.

മരംകയറുന്ന സമ്പ്രദായത്തെപ്പററി വാലസ് (Wallace) വൎണ്ണിച്ചിരിക്കുന്നതു് (14) അക്ഷരംപ്രതി ആനമലയിലെ നിവാസികൾക്കും യോജിക്കുന്നതാണു്. കേരളത്തിൽ ഇന്നു കാണുന്ന ആദിമനിവാസികൾ മലയേഷ്യയിൽനിന്നു വന്നവരാണെന്നുതന്നെ മററു ചിലർ അഭിപ്രായപ്പെടുന്നു. (15) എല്ലാംകൊണ്ടും, രണ്ടു ദിക്കിലും കാണുന്ന ഈ ആദിമനിവാസികൾ ഒരേ വൎഗ്ഗക്കാരാണെന്നതിനു സംശയമൊന്നുമില്ല.

ഇവർ നീഗ്രോവൎഗ്ഗത്തിൽ പെടുന്നവരായാലും അല്ലെങ്കിലുംശരി, ഇവരെയാണു ദ്രാവിഡരെന്നു് ഇപ്പോൾ പറഞ്ഞുവരുന്നതു്. യൂറോപ്പിലെ അപരിഷ്കൃതജാതിക്കാരെക്കാൾ വളരെയധികം മനസ്സംസ്കാരം ഇവൎക്കു സ്വതസ്സിദ്ധമായിട്ടുണ്ടു്. തങ്ങൾക്കു ദ്വേഷം തോന്നുന്നവരെ ജീവനോടെ കെട്ടിത്തൂക്കി നാലുപുറവും നിന്നു നൃത്തംവെച്ചു പാടിക്കളിച്ചിരുന്ന 'ശ്വാനകനൃത്തം' (Dog dance) യൂറോപ്പിൽ ഇക്കാലത്തുകൂടി നിലവിലുണ്ടെങ്കിൽ (16) ഇവരുടെ ഇടയിൽ ഒരു കാലത്തും ഉണ്ടായിട്ടില്ല. അതുകൊണ്ടാണു് അപരിഷ്കൃതത്വത്തിന്റെ ഭയങ്കരത്വം ഇവരുടെ വിനോദങ്ങളിൽ കാണാത്തതു്. ക്രിസ്ത്വബ്ദം 18-ാംശതകത്തിൽ ജീവിച്ചിരുന്ന ആബെ ഡുബോയ് (Abbe Dubois) ഭാരതീയരെപ്പററി അഭിപ്രായപ്പെട്ടിരിക്കുന്നതു നോക്കുക. "Yet a certain nation exists, cultivated from the earliest ages, the only one perhaps in the universe which has **never sunk into barbarism** and which of all ancient nations, may most deserve to fix the attention of the Philosopher." (17)

മലയിറങ്ങി മൈതാനത്തിൽ ചവിട്ടുന്നതോടുകൂടി പ്രാകൃതത്തിൽനിന്നും സംസ്കൃതത്തിലേയ്ക്കു പ്രവേശിക്കുകയായി. മലയാളംമുഴുവൻ 'മലനാടാ'യിരുന്ന പ്രാചീനകാലത്തെ, ചരിത്രദൃഷ്ടി ചെന്നെത്തിയിട്ടുള്ള അപ്പ്രാചീനകാലത്തോടു ബന്ധിക്കുന്നതായ മാലയുടെ കണ്ണികളിൽ ചിലതെല്ലാം ഇന്നും സമുദായഭൂമിയിൽനിന്നു കിളച്ചെടുക്കുവാൻകഴിയും. പറയരുടെയും പുലയരുടെയും മററും മതപരമായോ അല്ലാതെയോ ഉള്ള നൃത്തങ്ങളെല്ലാം ഈ വകുപ്പിൽ ഉൾപ്പെടുന്നു.

---

(14) Malay Archipelago. (1890.)

(15) Introduction by A. H. Keane to Cochin Tribes and Castes—Vol 1.—P. XXV.

(16) Curiosities of Savage-life By James Greenwood.

(17) Character, Manners and Customs of the People of India—By the Abbe J. A. Dubois—Translated to English by G. W. Pope—Introduction.

വേട്ടുവൻ, പറയൻ, പുലയൻ, കണക്കൻ എന്നീനാല് അവാന്തരവിഭാഗങ്ങൾക്കുംകൂടിയുള്ള സാമാന്യനാമമായാണ് 'ചെറുമക്കൾ' എന്നപദം കൊച്ചിരാജ്യത്തിലെ വടക്കൻ താലൂക്കുകളിൽ ഉപയോഗിച്ചുകാണുന്നതു്. സമുദായസോപാനത്തിൽ വേട്ടുവർ പറയരെക്കാളും,പറയർ പുലയരെക്കാളും മേലെയാണു സ്ഥാനം. ഇവരുടെ കളികൾക്കൊക്കെ'പുലയർകളി'എന്നു പറഞ്ഞുവരാറുണ്ടെങ്കിലും, ഓരോ കൂട്ടക്കാർക്കും ഇന്നിന്നമാതിരി കളികളേ പാടുള്ളുവെന്ന് അവരുടെ ഇടയിൽ കർക്കശമായ നിയമമുണ്ട്. ചില ദേശങ്ങളിൽ പുലയർ വെളിച്ചപ്പാടിനെ ഏർപ്പെടുത്തിത്തുടങ്ങിയെന്ന ഉദാഹരണംകാണിച്ചു്, സമുദായത്തിലെ അനാഥത്വത്തിനേയും നാട്ടിൽപ്രമാണികളുടെ അനാസ്ഥയേയുംപറ്റി ഒരു പറയൻ ഏററവും അമർഷത്തോടുകൂടി എന്നോടു പറയുകയുണ്ടായി. സമുദായക്കെട്ടിന് അയവുവരുന്നതു് അവർ സഹിച്ചുകൂട. വേട്ടുവനു 'കൊടിയും, പാട്ടും, താളവും';* പറയനു 'ഭൂതവും, താളവും'; പുലയനു 'കാളിയും കടയും'; ഇങ്ങനെയൊക്കെയാണ് അവരുടെ വിഭജനം. ദേശഭേദംകൊണ്ടു നിയമങ്ങൾക്കു ഭേദം വരാവുന്നതാണ്.



കോൽക്കളി, വട്ടക്കളി, ചവിട്ടുകളി, തട്ടിന്മേൽക്കളി മുതലായ കളികൾക്കെല്ലാം വേട്ടുവർക്കാണ് അവകാശം. ഇവരുടെ പാട്ടുകളും നൃത്തങ്ങളും അപരിഷ്കൃതത്വത്തിൽനിന്നു വളരെ അധികം ഉയർന്നിട്ടില്ല. നൃത്തങ്ങൾക്കു പല പേരുകൾ പറയുന്നുണ്ടെങ്കിലും അവയെല്ലാം കോൽക്കളിയുടേയും വട്ടക്കളിയുടേയും വിഭാഗങ്ങളേ ആവുന്നുള്ളു. കോൽക്കളിക്കു പത്തോ പന്ത്രണ്ടോ ആളുകളും ഓരോരുത്തരുടേയും കയ്യിൽ മുമ്മൂന്നടി നീളമുള്ള ഈരണ്ടു കോലുകളും ഉണ്ടാവും. കോലുകൾതമ്മിൽ അന്യോന്യം കൂട്ടിമുട്ടിച്ചുകൊണ്ടും, താളത്തിനൊപ്പിച്ചു ചവിട്ടിക്കൊണ്ടും, പാടിക്കൊണ്ടും വട്ടത്തിൽ നടക്കുന്നു. വൃത്തപരിധി ഇടയ്ക്കിടയ്ക്കു ചുരുങ്ങുന്നതും വലുതാവുന്നതും കാണാം. വളരെ ആയാസമുള്ള ഒരു നൃത്തമാണ് ഇതു്. വട്ടക്കളിയിൽ ഇതുപോലെ പത്തോ പന്ത്രണ്ടോ ആളുകൾ ചേർന്നു കൈകൊട്ടിക്കൊണ്ടും പാട്ടുപാടിക്കൊണ്ടും വട്ടത്തിൽ നടക്കുന്നു (18) രണ്ടു കളികളിലും സ്ത്രീപുരുഷന്മാർ ഒരുപോലെ പങ്കെടുക്കാവുന്നതാണ്. പാട്ടും ചവിട്ടും സാവധാനത്തിൽ തുടങ്ങി ചൊടിയോടുകൂടി ക്രമേണ മുറുകുന്നതു കാണുവാൻ വളരെ കൗതുകമുണ്ട്.

---

* വാദ്യം

(18) Cochin Tribes and Castes—Vol I.--P. 123-4.

"തെക്കാവലവീട്ടിലെ ചെറിയപെണ്ണ്
പാളകടം തൊണ്ടെടുത്തു"

എന്ന ഇഴഞ്ഞാട്ടം മാറി,

"ധരാധരൻ വാസുദേവൻ
മാല്യയാളെപ്പിരിഞ്ഞു"

എന്ന മുറുകിച്ചുവട്ടിൽ പ്രവേശിച്ച്,

"തോട്ടത്തിൽത്തോട്ടം പെരുവഴിത്തോട്ടം"

എന്ന് ഇളകിച്ചുവട്ടിൽ കലാശിക്കുന്ന ഈ നൃത്തങ്ങളിൽ കൈകൊട്ടിക്കളിയുടേയും കോലാട്ടത്തിന്റേയും ബീജങ്ങൾ കാണുവാൻ സാധിക്കും.

മേടത്തിൽ കൊയ്ത്തുകഴിഞ്ഞാൽ ഭഗവതീക്ഷേത്രങ്ങളിൽവെച്ചു പറയരുടെ വകയായി 'വിഷുവേല' അല്ലെങ്കിൽ വിത്തുചൊരിയൽ എന്ന് അറിയപ്പെടുന്ന ഒരാഘോഷം നടത്തിവരാറുണ്ട്. വിളവിന്റെ കാലവ്യത്യാസം വന്നതുകൊണ്ടായിരിക്കണം അതിപ്പോൾ വിഷുവിന്നാൾ തന്നെ ആഘോഷിച്ചുകാണാത്തത്. ഇതിന്നു കുറച്ചുദിവസങ്ങൾക്കുമുമ്പുതന്നെ ദേശത്തു മുഴുവൻ കൊട്ടിക്കൊണ്ടുനടന്നു പറയെടുക്കുന്നു. പറയെടുക്കുവാൻ നടക്കുന്നവരിൽ വാദ്യക്കാർക്കുപുറമെ ഒരു ഭൂതവേഷവും, വെളിച്ചപ്പാടിന്റെ സ്ഥാനത്തു വാളും ചുററുംമാത്രം എടുത്തുകൊണ്ടു മറെറാരാളും ഉണ്ടായിരിക്കും. അമ്പലത്തിലേയ്ക്കു പോകുമ്പോൾമാത്രമേ വെളിച്ചപ്പാടു തുള്ളാറുള്ളു. പുലയരൊഴിച്ചു മററുള്ളവർക്കൊക്കെ വെളിച്ചപ്പാടുണ്ട്. അമ്പലത്തിൽചെന്നു തുള്ളലും 'കല്പിക്കലു'മെല്ലാം കഴിഞ്ഞാൽ പറയെടുത്തുകിട്ടിയ നെല്ലിൽനിന്ന് അരപ്പറയോളം വഴിപാടുകഴിച്ച്, ബാക്കിയെല്ലാം കളിക്കാരുടെ ചെലവിന്നുമെടുത്ത്, എല്ലാവരും പിരിഞ്ഞുപോകുന്നു. 'വിത്തുചൊരിയൽ' എന്ന ഈ ആഘോഷം അല്പം വ്യത്യാസത്തോടുകൂടി 'വിതയിടുക' അല്ലെങ്കിൽ 'കതിര്' എന്ന പേരിൽ കൊച്ചിരാജ്യത്തെ ചിററൂർതാലൂക്കിലും നടന്നുവരുന്നുണ്ട്. അതിന്നും പുലയന്നുവരെ നൃത്തവും പാട്ടും ഒപ്പുവിദ്യയും തിയതൃതിതന്നെ.

പുലയർക്ക് 'കാളയും കന്നും' മാത്രമേ ഉള്ളു. മുണ്ടകക്കൊയ്ത്തു കഴിഞ്ഞാൽ ആയിരിക്കും ഇതു കൊണ്ടുനടക്കുക. ദേഹംമുഴുവൻ കറുത്ത പുള്ളികളുള്ളതും കഷ്ടിച്ച് ഒന്നരയടിമാത്രം പൊക്കംവരുന്നതുമായ ഒരു കാളയുടെ രൂപം വസ്ത്രംകൊണ്ടു നിർമ്മിച്ചു രണ്ടു മുളവടികളിന്മേൽ വെച്ചുകെട്ടി വീടുതോറും കൊണ്ടുചെന്നു നൃത്തംവെയ്ക്കുന്നു. നിന്നാലിക്കിൽ

നിന്നു മാറാതെ കാലടികൾ ഇടത്തും വലത്തും മുമ്പും പിമ്പുമായി വെയ്ക്കുകമാത്രമേ ഇതിൽ ചെയ്യുന്നുള്ളു. ഇതിനടുത്തുതന്നെ മറെറാരുത്തൻ ഒരു കടയുംപിടിച്ചുകൊണ്ട് ഇതേതരത്തിൽ നൃത്തംവെയ്ക്കുന്നുണ്ടാവും. ഈ കളിയുടെ ഉദ്ദേശ്യമെന്താണെന്ന് ഇവർക്കാർക്കും അറിഞ്ഞുകൂട. കാളയുടെ ദേഹത്തിലുള്ള പുള്ളികൾ ചെങ്കണ്ണുതുടങ്ങിയ രോഗങ്ങളാണെന്നു മാത്രം ഒരുത്തനിൽനിന്നു ഗ്രഹിക്കുവാൻ സാധിച്ചു.

അപരിഷ്കൃതനൃത്തങ്ങളിൽവെച്ചു നമ്മുടെ ശ്രദ്ധയെ സവിശേഷം അർഹിക്കുന്ന ഒന്നാണു 'ഭൂതംതുള്ളൽ'. മനുഷ്യരുടെ മതബോധത്തിന്റെയും മാനസസംസ്കാരത്തിന്റെയും പ്രാകൃതമായ പൂർവ്വരൂപം അതിൽ കാണാം. പുലയന്മാർക്കുപുറമെ മണ്ണാൻ, പാണൻ തുടങ്ങിയ ചില ജാതിക്കാർക്കും ഈ ഭൂതംതുള്ളലുണ്ട്.

ഭൂതാരാധനം പല രീതികളിലായി പ്രായേണ എല്ലാ രാജ്യങ്ങളിലും കണ്ടുവരുന്നുണ്ട്. തനിക്കുമീതെ ഏതോ ഒരു ശക്തി പ്രാപഞ്ചികവ്യവഹാരങ്ങളിൽ വ്യാപരിക്കുന്നുണ്ടെന്നു മനുഷ്യൻ മനസ്സിലാക്കിയതിന്റെ പ്രാഥമികഫലമാണിത്. സംസ്കാരശൂന്യതയിൽ നിന്നുത്ഭവിക്കുന്ന തോന്നുന്നതിൽ സാത്വികപ്രധാനമായ സങ്കല്പത്തിനു സ്ഥാനമില്ലാത്തതിനാൽ ഈ ആരാധനാമൂർത്തികൾക്ക് അമാനുഷികമായ ശക്തിയും സ്വരൂപവും വന്നുചേർന്നു. ബലവാൻ ദുർബ്ബലനെ അടക്കി ഉപജീവനം നിർവ്വഹിക്കുകയായിരുന്നുവല്ലോ ലോകത്തിന്റെ പ്രാകൃതാവസ്ഥയിലെ ജീവിതരീതി. അതുകൊണ്ട്, ഭയാനകമായ ഈ ശക്തിയെ ചിത്രീകരിക്കുമ്പോൾ അതിന്റെ ആകൃതി വികൃതവും സ്വഭാവം ക്രൂരവുമായേ വരികയുള്ളു. അജ്ഞാനികളുടെ വിശ്വാസം അടിയുറച്ചിരിക്കുന്നതു ഭയത്തിന്മേലാകയാൽ വികൃതവേഷം ചമഞ്ഞുള്ള ഭൂതംതുള്ളലിനു സ്ഥിരപ്രതിഷ്ഠയും ലഭിച്ചു. മനുഷ്യസമുദായത്തിന്റെ ആദ്ധ്യാത്മികവും ലൗകികവുമായ ചരിത്രങ്ങളിൽ ഈ ഏർപ്പാടിനു ഗണനീയമായ ഒരു സ്ഥാനമുണ്ട്. "In the devils, we discover equally the history of the moral and religious struggles through which priest-hoods and churches have had to pass. And the relative extent of this or that particular class of demons or devils, and the intensity of belief in any class as shown in the number of Survivals from it, will be found to reflect pretty faithfully the degree to which the special evil represented by it

afflicted primitive man, as attested by other branches of pre-historic investigation."(19)

ഈ പ്രാകൃതദേവതകളെ മൂർത്തികളെന്നും ഭൂതങ്ങളെന്നും രണ്ടായി തിരിക്കാം. മനുഷ്യസ്വഭാവത്തോടുകൂടിയവരാണു മൂർത്തികൾ. അവർ പരോപദ്രവം ചെയ്യുന്നതെങ്കിൽ അതു് വിശപ്പു്, ആഗ്രഹം മുതലായി മനുഷ്യസഹജമായ വികാരങ്ങൾ ശമിപ്പിക്കുവാൻ മാത്രമായിരിക്കും. കുടിവെച്ചിട്ടുള്ള കാരണവന്മാരും ബാധോപദ്രവംചെയ്യുന്ന ദേവതകളും ഈ വർഗ്ഗത്തിൽപെടുന്നു. ചില്ലറ ഹോമങ്ങളും നൈവേദ്യവും മററുംകൊണ്ടു് ഇവരുടെ ഉപദ്രവങ്ങളിൽനിന്നു രക്ഷനേടാവുന്നതാകയാൽ ഭയാനകമായ ചിത്രീകരണത്തിനു് മൂർത്തികൾ പാത്രമാകാറില്ല. ദുർമ്മരണംപ്രാപിച്ചവരുടെ പ്രേതങ്ങളെ ലക്ഷക്കണക്കായി ഭഗവതിക്ഷേത്രങ്ങളുടെ സമീപത്തിൽ ആവാഹിച്ചിരുത്തിയിരിക്കുന്നതു കേരളത്തിൽ സുലഭമായിക്കാണാം.

പരോപദ്രവത്തിനുമാത്രംവേണ്ടി ജീവിച്ചിരിക്കുന്നവരാണു ഭൂതങ്ങൾ. പരോപദ്രവം എളുപ്പത്തിൽ സാധിക്കണമെങ്കിൽ ചാത്തൻ, കണ്ടൻ, കരിക്കുട്ടി തുടങ്ങിയവർക്കു വഴിപാടുകഴിച്ചാൽ മതി. ആടുവെട്ടിയും കോഴിയറുത്തും കലശംവെച്ചും തുള്ളിയും ചാടിയും പ്രീതിപ്പെടുത്തിക്കൊണ്ടിരുന്നില്ലെങ്കിൽ നാടുനശിക്കുവാൻ മറെറാരുകാരണവും ആവശ്യമില്ല. കാലക്കേടും രോഗബാധയും വരുത്തിക്കൂട്ടുന്നതു മുഴുവൻ ഇവരാണു്. കരബലവും കരളുറപ്പുമുള്ള ഭൂതങ്ങളെ ഗ്രാമവും കൃഷിയും ആരോഗ്യവും മററും രക്ഷിക്കുവാൻ ഇനംതിരിച്ചു ഏർപ്പാടുചെയ്തിട്ടുണ്ടു്. അവരെ ആവുംവണ്ണം തൃപ്തിപ്പെടുത്തി മൈത്രിയോടുകൂടി വർത്തിക്കാഞ്ഞാൽ പിന്നത്തെ കഥയൊന്നും പറയേണ്ട. കള്ളന്റെ കയ്യിലാണു താക്കോൽ കൊടുത്തിരിക്കുന്നതു്. അവസാനം, ചാടിയാലും തുള്ളിയാലും വിരോധമില്ല, നാടുനന്നാവട്ടെ എന്നു തീർപ്പെടുത്തി.

മഹാബലിദാനം മററു മാർഗ്ഗങ്ങളിലേയ്ക്കു തിരിച്ചാൽ നാട്ടിനു കൂടുതൽ ശ്രേയസ്സുണ്ടാകുമെന്നു പരിഷ്കൃതമനുഷ്യനു മനസ്സിലായി. യുക്തിവാദത്തിനുള്ള ബുദ്ധിശക്തി കൈവന്നപ്പോൾ മതംകൊണ്ടു സാധിക്കുവാനുള്ളതു മനുഷ്യദ്രോഹം മാത്രമാണെന്നുകൂടി വിചാരിച്ചുതുടങ്ങിയിരിക്കുന്നു. മനുഷ്യപ്രകൃതിയിലെന്നപോലെ മതത്തിലും ത്രിഗുണമെന്ന വിഭാഗമു

---

(19) Demonology and Devil-lore—
By Moncure Daniel Convey, M. A Vol. I. P. 34.

ള്ളതായി കാണാം. സമുദായത്തിന്റെ സംസ്കാരത്തിനനുസരിച്ചിരിക്കും മതത്തിലെ ശുചിത്വം. "Its (of animalised religion) god is a very great animal preying on other animals, which are laid on his altars; or pleased when smaller animals give up their part of the earthly feast by starving their passions and senses. Under the growth of civilisation and intelligence, that pious asceticism is revealed in its true form—intensified animalism. The asceticism of one age becomes the self-indulgence of another. The two-footed animal, having discovered that his god does not eat the meat left for him eats it himself." (20) ദക്ഷിണേന്ത്യയിലെ ഓരോ ഉച്ചമനുഷ്യനും തന്റെ മരണംകൊണ്ട് അപരിമേയമായ ഭൂതഗണത്തെ വർദ്ധിപ്പിക്കുകയാണ ചെയ്യുന്നതെന്ന മോണിയർവില്യംസ് അഭിപ്രായപ്പെട്ടിട്ടുള്ളത്, (21) കേരളത്തിനെ സംബന്ധിച്ചും ഏറെക്കുറെ വാസ്തവമാണ്.

ഏതായാലും, ഈ പാഠത്തിൽനിന്ന് ഒരു കാര്യം ഊഹിക്കുവാൻ സാധിക്കും. വിത്തുചൊരിയൽ മുതലായ ചെറുമരുടെ പല ആഘോഷങ്ങളും കൃഷിരക്ഷയെ ഉദ്ദേശിച്ചുള്ള പ്രാർത്ഥനകളുടെ സ്വരൂപഭേദങ്ങളാണ്. അവരുടെ വിശ്വാസപ്രകാരം ഭൂതങ്ങളും വിളവുകളുംതമ്മിൽ ഏതോ ചില ബന്ധങ്ങളുമുണ്ട്. ആഘോഷങ്ങൾ മിക്കതും കൊയ്ത്തു കഴിയുന്നകാലത്തിലാണ കണ്ടുവരുന്നത്. കൃഷികൊണ്ട കാലംകഴിക്കുന്നവരുടെ മനസ്സ് വിളഭൂമിയിൽ കിടന്ന കളിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. ആഘോഷത്തിനവേണ്ടുന്ന സൗകര്യവും ധനവും അവർക്കു കൊയ്ത്തുകാലം കഴിഞ്ഞതിനുശേഷമേ ഉണ്ടാവുകയുമുള്ളു. ഭഗവതീക്ഷേത്രത്തിലെ 'പറയെടുപ്പി'ന സവർണ്ണർ നിശ്ചയിച്ചിട്ടുള്ള സമയവും ഇതുതന്നെയാണല്ലൊ. ജീവിതവൃത്തിയിൽ വന്ന മാററത്തിനുപുറമെ ആദ്ധ്യാത്മികബോധത്തിനവന്ന പരിണാമവും ഈ കളികളിൽനിന്ന മനസ്സിലാക്കാം. ഭക്തിപാരവശ്യംകൊണ്ട വെറുതെ തുള്ളിച്ചാടുന്നതു മാറി, ക്രമേണ വിശ്വാസത്തിനനുസരിച്ച ഭൂതപ്രേതാദികളുടെ സങ്കല്പിതരൂപങ്ങൾകൂടെ കൂട്ടിച്ചേർത്തു. വർണ്ണപ്രാമാണ്യത്തെ വഴങ്ങുവാനുള്ള സ്വഭാവംമൂലം ഭഗവതിയോട ചേരേണ്ടിവന്നുവെങ്കിലും, ആദ്യമുണ്ടായിരുന്ന ആരാധനാദേവതകളെ കൈവിടാതെതന്നെ കാത്തുരക്ഷിച്ചു. ഭൂതംഉ

(20) Demonology and Devil-lore. Vol. II. P. 450-51.
(21) London Times, June 11—1877.

ള്ളുന്നതു ഭഗവതിയുടെ മുമ്പിൽവെച്ചാവട്ടെ എന്ന തീർപ്പ് ഒരു സന്ധിസംസാരത്തിന്റെ ഫലമായിട്ടാണെന്നു തോന്നും. കണ്ണനെയോ ചാത്തനെയോ പൂജിക്കുന്നതിനു വിരോധമില്ല; പ്രതിഷ്ഠിക്കുന്നതു ഭഗവതിയുടെ സമീപമാകേണമെന്നേയുള്ളു. നടനകലയുടെ വഴിപിടിച്ചുപോയാൽ മാനുഷസംസ്കാരത്തിന്റെ പരിണാമങ്ങളെ എത്രത്തോളം അളക്കുവാൻ സാധിക്കുമെന്നുകാണിക്കുവാൻവേണ്ടിച്ചെയ്ത ഈ അപഥസഞ്ചാരം ഇങ്ങനെ നില്ക്കട്ടെ.

താളംചവിട്ടുന്നതിനെ അനുഗമിച്ചുകൊണ്ടുള്ള അവ്യക്തശബ്ദങ്ങൾക്കുപകരം മുക്കാൽഭാഗവും സാർത്ഥകങ്ങളായ ഗാനങ്ങളോടുകൂടിയ ഐവർകളി, കറത്തിയാട്ടം തുടങ്ങിയ ഗ്രാമീണനൃത്തങ്ങളും, പൂരക്കളി, കോൽക്കളി തുടങ്ങിയ വീരനൃത്തങ്ങളുമാണു കേരളീയനടനകലയുടെ അടുത്തപടിയിൽ പ്രത്യക്ഷമാവുന്നതു്. ഇവയിൽ മതത്തിനോടു ചേർന്നവയും ചേരാത്തവയുമുണ്ടു്. ശാസ്ത്രാങ്കത്തിലെ ആയുധമെടുപ്പും പാനയും, പാലക്കാട്ടുതാലൂക്കിലും സമീപപ്രദേശങ്ങളിലും കാണുന്ന തോലപ്പാക്കൂത്തും ഈ പരിണാമഘട്ടത്തിൽ പെടുന്നവയാണ്.

കേരളത്തിലെ ഗ്രാമീണനൃത്തങ്ങൾ അസംഖ്യങ്ങളാകയാൽ അവയിൽ ഒന്നായ ഐവർകളിയെമാത്രം ഉദാഹരിച്ചുകൊണ്ടു മുമ്പോട്ടു പോകുവാനേ നിവൃത്തിയുള്ളു. 'ഐങ്കുടിക്കമ്മാള'രുടെ വിനോദമായതുകൊണ്ടാണ് ഇതിന് ഐവർകളി എന്നു പേരുവന്നതു്. ഇതിലെ അഞ്ചുജാതി കമ്മാളന്മാർ ആശാരി, മൂശാരി, കരുവാൻ, തട്ടാൻ, കല്ലാശാരി ഇവരാണ്. ഇപ്പോൾ ഐവർകളിയിൽ ഈഴവർ കൂടിച്ചേർന്നു കളിക്കുവാൻ തുടങ്ങിയിട്ടുണ്ടു്. ഭദ്രകാളിവട്ടങ്ങളിലെ വേല, താലപ്പൊലി മുതലായ അടിയന്തിരങ്ങളിൽ തട്ടുകെട്ടിയുണ്ടാക്കി അതിന്മേലാണ് ഇതു കളിച്ചുവരാറു്. കാൽവെപ്പിനു വേട്ടുവരുടെ തട്ടിന്മേൽക്കളിയിൽനിന്നും വലിയ വ്യത്യാസമൊന്നുമില്ല. തലയ്ക്കൽ അരിച്ചിലമ്പു ഘടിപ്പിച്ചിട്ടുള്ള ഓരോ ചെറിയ കോലുകൾ പിടിച്ചു്, താളത്തിനൊപ്പിച്ചു കിലുക്കിക്കൊണ്ടും ചോടുവെച്ചുകൊണ്ടും വട്ടത്തിൽ നടക്കുകമാത്രമേ ചെയ്യുന്നുള്ളു. ഇതിനു വാദ്യത്തിന്റെ ആവശ്യമില്ല. ഇവരുടെ പാട്ടുകളിൽ ഭാരതവും രാമായണവും വേദാന്തവും വ്യാകരണവുമെല്ലാം അടങ്ങിയിട്ടുണ്ടു്. "ചമ്പുക്കളുടെ മട്ടുപിടിച്ചു വൃത്തഗന്ധമുള്ള വിരുത്തങ്ങളും പാട്ടുകളുംകൊണ്ടു സങ്കലിതമായ ഒരു പ്രണയനവിശേഷമെന്നേ ഇതിനെക്കുറിച്ചു പറയുവാനുള്ളു." (22) രീതി കാണിക്കാൻ കുറച്ചു വരികൾ ഉദ്ധരിക്കാം.

(22) 'സാമുദായികഗാനകലകൾ'—കെ. പി. കറുപ്പൻ പേജ് 14.

വിരുത്തം.

“വെണ്മതികലയണിഞ്ഞോൻ വേദങ്ങൾ വേർതിരിച്ചോൻ
അമ്മയ്ക്കു് അച്ഛനായോൻ അരനെന്ന നാമംപൂണ്ടോൻ
പാർവ്വതീകണവനായോൻ പരാപരാത്മാവായോൻ......”

പദം.

1. “വാരിധികണ്ടൊരു വാനരവംശങ്ങൾ
വാലുകളുണ്ടുയർത്തീട്ടുകയും—തത്തരികിട.

2. പാരം ഭയംപൂണ്ടു വാരിധിനോക്കയും
പാർശ്വംനോക്കിക്കഥിക്കുകയും—തത്തരികിട.

3. ആഴിയിലാനന്ദവന്തിരകാണുമ്പോൾ
അട്ടഹാസിച്ചോടിപ്പോരുകയും......”

ഇത്യാദി. ഈ പദം ഏററവും ആധുനികമാണു്. പ്രാചീനങ്ങളായ ഗാനങ്ങളും ധാരാളം കാണുന്നുണ്ടു്.

ഓലപ്പാവക്കൂത്തു് അഥവാ തോൽപ്പാവക്കൂത്തു് ഇപ്പോൾ പാലക്കാട്ടുതാലൂക്കിലും കൊച്ചിയിലെ ചിററൂർതാലൂക്കിലും മാത്രമേ കാണ്മാനുള്ളു. തോലുകൊണ്ടുണ്ടാക്കിയിട്ടുള്ള പാവകളെ ചരടുകൊണ്ടു ചേഷ്ടിപ്പിക്കുന്നതിൻെറ നിഴൽ വസ്ത്രത്തിന്മേലോ മറേറാ പ്രതിഫലിപ്പിച്ചു കാണിക്കുന്നു. രാമായണമോ, ഭാരതമോ ആയിരിക്കും കഥ. ഗാനത്തിൻെറ സ്ഥാനത്തു കമ്പരാമായണമാണു ചൊല്ലിവരാറുള്ളതു്. കളിപ്പിക്കുന്നവരുടെ പുരാണോപസ്ഥിതിയും ശാസ്ത്രപാണ്ഡിത്യവും പ്രകടിപ്പിക്കുവാനുള്ള ഒരുപകരണമായാണു് ഇതിനെ ഇപ്പോൾ കേരളത്തിൽ ഉപയോഗിച്ചുവരുന്നതു്. ഭക്തിമാർഗ്ഗവും ശാസ്ത്രീയമായ ചോദ്യവും ഉത്തരവുമായിട്ടു കഴിയുന്നു.

ഈ പാവക്കൂത്തിൻെറ പ്രാചീനത്വം സർവ്വസമ്മതമാണു്. ഭാരതഖണ്ഡത്തിൽവെച്ചു കേരളക്കരയിൽ മാത്രമേ ഇപ്പോൾ ഇതു കാണുന്നുള്ളു. പക്ഷെ ഇതുപോലെയുള്ള ഛായാനാടകങ്ങൾ ഒരുകാലത്തു ഭാരതത്തിൽ മുഴുവൻ ഉണ്ടായിരുന്നതായി പുരാതനഗ്രന്ഥങ്ങൾ വിളിച്ചു പറയുന്നു. ചിലപ്പതികാരവ്യാഖ്യാനത്തിൽ ഇതിനെ ‘തോൽപ്പാവൈ’ എന്ന നാമത്തിൽതന്നെ നിർദ്ദേശിച്ചിട്ടുണ്ടു്. ഈ ഛായാനാടകങ്ങളിൽനിന്നാണു ഭാരതീയനാട്യകല ഉത്ഭവിച്ചതെന്ന ഒരു മതംതന്നെ പിഷ്ഷൽ

(Pischel) എന്ന മഹാൻ അവതരിപ്പിക്കുന്നു. (23) പക്ഷെ, പ്രൊഫസ്സർ കീത്ത് പറയുന്നതുപോലെ നാടകത്തിൽനിന്നു വിദൂഷകനല്ലാതെ വിദൂഷകനിൽനിന്നു നാടകമുണ്ടാകുന്നതല്ല. ആനന്ദലബ്ധിക്കുള്ള മനുഷ്യന്റെ വാഞ്ഛ, പാവകളുടെ പരിണാമം പൂർണ്ണമാകുന്നതുവരെ കാത്തുനില്ക്കയില്ലെന്നുള്ളതു തീർച്ചയാണ്. കേരളത്തിലെ ഛായാനാടകം അതേപടിതന്നെ ജാവ, സയാം മുതലായ കിഴക്കൻദിക്കുകളിലും കാണുന്നുണ്ട്. അതുകൊണ്ടു ഛായാനാടകത്തിന്റെ ഉത്ഭവസ്ഥാനം കേരളമാണെന്നും അവിടെനിന്നും അതു ജാവയിലേയ്ക്കു സംക്രമിച്ചതാണെന്നും മറ്റുചിലർ സിദ്ധാന്തിക്കുന്നു. കേരളീയസംസ്കാരത്തിന്റെ പല ചിഹ്നങ്ങളും ജാവയിൽ കാണുന്നുണ്ടെന്ന് അതിനു യുക്തിയും കൊണ്ടുവരുന്നു. പക്ഷെ, കേരളീയസംസ്കാരംപോലെതന്നെ ഭാരതീയസംസ്കാരവും ജാവയിലുണ്ട്. 'കലിംഗ'ശബ്ദത്തിന്റെ അപഭ്രംശമായ 'ക്ലിങ്' എന്ന പദം കൊണ്ടാണ് അവർ ഭാരതീയരെ നിർദ്ദേശിച്ചുപോരുന്നത്. പ്രകൃതിയുടെ പ്രത്യേകതമൂലം കേരളത്തിലെന്നപോലെ അവിടെയും ഭാരതഖണ്ഡത്തിന്റെ കുടുംബസ്വത്തായ ആ പ്രാചീനമാതൃക അവശേഷിച്ചുകാണുന്നുവെന്നതാണു വാസ്തവം.

ഇത്തരക്കാരായ നടന്മാരുടെ സ്വഭാവങ്ങളേയും പ്രത്യേകതകളേയും പ്രകാശിപ്പിക്കുന്ന വിഷയത്തിൽ ശാസ്ത്രാനുസൃതങ്ങളായ ഉൽകൃഷ്ടനൃത്തങ്ങളേക്കാൾ അധികം ഗ്രാമീണനൃത്തങ്ങൾ ശ്രദ്ധേയങ്ങളാണ്. ശാസ്ത്രംകൊണ്ടു കരുപ്പിടിപ്പിച്ചിട്ടുള്ള കലാതത്വത്തെ പഠിപ്പിക്കുവാൻ ഇടവന്നിട്ടില്ലാത്തതുകൊണ്ട്, സ്വാഭാവികങ്ങളായ വികാരങ്ങൾ അവരെ വിട്ടുപിരിയുവാൻ വഴിയില്ല. ഗ്രാമീണനൃത്തങ്ങളിൽ പ്രതിഫലിക്കുന്നതു ഗ്രാമീണജനങ്ങളുടെ ഹൃദയമാണ്. ആനന്ദത്തിനുള്ള ഉപകരണമായോ അഭിനയ്ക്കുള്ള സാമഗ്രിയായോ അവരുടെ നിഷ്കളങ്കസ്വഭാവത്തിൽനിന്ന് അതു തന്നെത്താൻ പൊട്ടിപ്പുറപ്പെടുന്നു. ഉൽകൃഷ്ടങ്ങളായ നൃത്തവിധാനങ്ങൾ ഭാവനാശക്തിയേയും കല്പനാസാമർത്ഥ്യത്തേയുമാണ് അധികം ആശ്രയിച്ചിരിക്കുക. "They (the folks) create for the mere joy of creation; it is the natural response of the divine beauty to the impacts of the cosmic beauty without; and in this wider sense, every man, woman and child is potentially a creative artist and how well folk-arts all over the world exemplify this truth."(24) മനോഹരങ്ങളായ നാടകശാലകളോ

(23) The Home of the Puppet-play. P. 7.
(24) Mirror of Indian Art—G. Venkatachalam.

വിസ്തരിച്ച രംഗവിധാനങ്ങളോ അവയ്ക്കാവശ്യമില്ല. ഇതിനെക്കുറിച്ചു ബാബു ദിനേശ്ചന്ദ്രസേനൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "രംഗവിധാനങ്ങളോ വേഷഭൂഷണാദികളോ ഒന്നുമില്ലാത്ത ഈ നാടൻകളികൾക്ക്, കല്ക്കത്തയിലെ രംഗവേദികളിൽ ഇക്കാലത്തു പ്രദർശിപ്പിച്ചുകാണാറുള്ളതും പകുതിയും പാശ്ചാത്യരീതിയിലുള്ളതുമായ നാടകങ്ങൾ ദർശിക്കുമ്പോൾ തോന്നാറുള്ളതിലധികം വികാരോത്തേജനം സമ്പാദിക്കുവാനുള്ള ശക്തിയുണ്ട്."(25) പ്രകൃതിയുമായി ഒത്തിണങ്ങി കഴിഞ്ഞുകൂടുന്നവരാണു ഗ്രാമീണജനങ്ങൾ. അവർ ജനിക്കുന്നതും വളരുന്നതുമെല്ലാം കൃത്രിമത്വത്തിന്റെ കരസ്പർശമേറ്റിട്ടില്ലാത്ത പ്രകൃതിദേവിയുടെ വക്ഷസ്സിലാണ്. എവറസ്റ്റ് കൊടുമുടിയിൽ കയറിച്ചെന്നു വിജയപതാകനാട്ടുവാൻ ശ്രമിക്കാതെ പ്രകൃതിപ്രഭാവത്തിന്റെ പ്രത്യക്ഷരൂപമായ ആ മഹാഗിരിയെ ആരാധിക്കുന്നവരാണവർ.

മനസ്സംസ്കാരത്തിന്റെ മാറ്റുനോക്കുവാനുള്ള ഉരകല്ലാണു കല. അഥവാ, കലയുടെ കമനീയതകൊണ്ടു മനുഷ്യവർഗ്ഗത്തിന്റെ പുരോഗതിയെ അളക്കാവുന്നതാണ്. വിവിധസംസ്കാരങ്ങളുടെ ആവിർഭാവത്തെയും പ്രവർത്തനകാലത്തെയും അതിർതിരിച്ചു തിട്ടപ്പെടുത്തുവാൻ കലാപരിശോധന പലപ്പോഴും സഹായിക്കുന്നുണ്ട്. ആര്യമെന്നും ദ്രാവിഡമെന്നും ഗണിച്ചുവരുന്ന സംസ്കാരവിശേഷങ്ങൾ കേരളകലകളെ എപ്രകാരം ബാധിക്കുന്നുവെന്നു ചിന്തിക്കുന്നതു രസാവഹംതന്നെയാണ്. പക്ഷെ, ആ ചിന്താമാർഗ്ഗം അത്ര സുഗമമല്ലെന്നേയുള്ളു. ദ്രാവിഡരുടെ ജന്മഭൂമി ഈജിപ്താണെന്ന് ഒരുകൂട്ടരും, അതല്ല മദ്ധ്യധരണിക്കടലിന്റെ ഉത്തരതീരമാണെന്നു മറ്റൊരുകൂട്ടരും, ഇതുരണ്ടുമല്ല ഭാരതഭൂമിതന്നെയാണെന്നു മറ്റു ചിലരും, ഇങ്ങനെ രണ്ടു വിഭാഗങ്ങൾതന്നെ അസംബന്ധമാണെന്നും ഒരേ വർഗ്ഗക്കാരുടെ രണ്ടാക്രമണങ്ങളെ മാത്രമേ അവർ കുറിക്കുന്നുള്ളുവെന്നു പിന്നെ ചിലരും വാദിക്കുന്നു. ഇതുപോലെതന്നെ നമ്മുടെ നാട്ടിലെ കാടന്മാർ നീഗ്രോവർഗ്ഗക്കാരാണെന്നും, അതല്ല, 'ബ്രൗൺ'ജാതിക്കാരാണെന്നും, ഇതൊന്നുമല്ല, ആര്യദ്രാവിഡവർഗ്ഗങ്ങളുടെ സങ്കരത്തിൽനിന്നുണ്ടായ സന്തതികളാണെന്നും യഥേഷ്ടം അഭിപ്രായപ്പെട്ടുകാണാം. ഈ 'ജാലമാല'യിൽനിന്നും കേരളത്തിലെ മനുഷ്യവർഗ്ഗങ്ങളെ വിടർത്തിയെടുത്തു യഥാസ്ഥാനം പ്രതിഷ്ഠിക്കുന്ന കാര്യം അസാദ്ധ്യമായിട്ടാണ് ഇരിക്കുന്നതു്. ഗ്രന്ഥാദികളുടെ വഴിപിടിച്ചു വർഗ്ഗവ്യത്യാസങ്ങളെ ഉറപ്പിക്കുവാനുള്ള ശ്രമം ഒ

(25) History of Bengali Language and Literature—1911. P. 733.

പ്രത്യേകഗ്രന്ഥംകൊണ്ടുമാത്രം സാധിക്കേണ്ടതാകയാൽ, അങ്ങനെയുള്ള ഒരു നിരൂപണത്തിന് ഇവിടെ ഒരുങ്ങുന്നില്ല. എങ്ങനെയായാലും, ഒരു കാര്യം സ്പഷ്ടമാണ്. ദ്രാവിഡസങ്കേതങ്ങളാണെന്നു വെച്ചിട്ടുള്ള സിലോൺ, മലയേഷ്യ മുതലായ സ്ഥലങ്ങളിലെ പ്രാചീനനൃത്തങ്ങൾക്കു കേരളത്തിലെ ആദിമനൃത്തങ്ങളോടു സാദൃശ്യമുണ്ടെങ്കിൽ, ഇതരവർഗ്ഗക്കാരുടെ നിവാസഭൂമികളെന്നു നിശ്ചയിച്ചിട്ടുള്ള ആൻഡമൻദ്വീപിലെയും ബ്രിട്ടീഷ് നോർത്തുബോർണിയോവിലെയും മററും നൃത്തരീതികൾ കേരളത്തിലേതിൽനിന്നു തീരെ വിഭിന്നവുമാണ്.

ആര്യദ്രാവിഡവർഗ്ഗങ്ങൾ വിഭിന്നങ്ങളാണെങ്കിലും അല്ലെങ്കിലും ശരി, ഭാരതീയസംസ്കാരത്തിൽ രണ്ടു വ്യത്യസ്തവിഭാഗങ്ങൾ കാണുന്നുണ്ടെന്നു സമ്മതിക്കാതെ തരമില്ല. ഈ വിഭാഗങ്ങളെ സൗകര്യത്തിനു വേണ്ടി മാത്രമെങ്കിലും ആര്യദ്രാവിഡനാമങ്ങളെക്കൊണ്ടു വ്യവഹരിക്കുവാനേ നിവൃത്തിയുള്ളു. ദ്രാവിഡകലകൾ ലളിതവും സുഗ്രഹവുമാണെങ്കിൽ, ആര്യന്മാരുടേതു സങ്കല്പമൂലകവും ഭാവനാപരവുമാണ്. (26) വിജാതീയസംസ്കാരത്തിന്റെ പിടിയിൽ പെടാതെ ഇന്നോളം നിലനിന്നുപോന്നിട്ടുള്ള കേരളത്തിലെ ദേശീയനൃത്തങ്ങളെ ദൃശ്യകാവ്യത്തിന്റെ ഉൽകൃഷ്ടശാഖകളായ കൂടിയാട്ടത്തോടും കഥകളിയോടും താരതമ്യപ്പെടുത്തിയാൽ, ഈ സംഗതി തെളിഞ്ഞുകാണാം. രണ്ടാമതു പറഞ്ഞ നാട്യരീതികളെ പ്രാചീനതമിഴ്ഗ്രന്ഥങ്ങളിൽ 'ആര്യക്കൂത്തെ'ന്നു വ്യവഹരിച്ചു കാണുന്നതും പ്രസ്തുത വാദത്തിനു ശക്തികൂട്ടുന്നുണ്ട്. ആധ്യാത്മികപ്രകൃതിയെ ആദരിച്ചില്ലെന്നുള്ളതുകൊണ്ടുമാത്രം ദ്രാവിഡസംസ്കാരം അധമമായിരുന്നുവെന്നു കല്പിച്ചുകൂടാ; നേരെമറിച്ച് ഇവയുടെ സമ്മേളനംകൊണ്ടു ലാഭമുണ്ടായതു് ഏതുപക്ഷത്തിനാണെന്നുള്ള സംഗതി അഭിജ്ഞന്മാരുടെ ഇടയിൽ ഇന്നും വാദവിഷയമായിട്ടിരിക്കുന്നതേയുള്ളു. ഇന്ന് ആര്യസംസ്കാരമെന്ന അഭിധാനത്താൽ അറിയപ്പെടുന്നവയെല്ലാംതന്നെ ദ്രാവിഡഹസ്തങ്ങളിൽ വന്നുചേർന്നകാലത്തു് ഇത്രത്തോളം പരിഷ്കൃതരൂപത്തെ പ്രാപിച്ചിരുന്നുവെന്നും പറകവയ്യ. സമുദായസംഘടനയിലും രാജ്യഭരണസമ്പ്രദായത്തിലും മററും ദ്രാവിഡർ ആര്യന്മാരുടെ ഗുരുസ്ഥാനംതന്നെ വഹിക്കുന്നുണ്ട്. കലകളുടെ കാര്യത്തിലും അവർ അത്ര പിന്നോക്കമായിരുന്നില്ലെന്നു ദക്ഷിണാപഥത്തിലെ മഹാക്ഷേത്രങ്ങൾ വിളംബരം ചെയ്യു

(26) "Aryan art, according to Skyzgowsky, is abstract and symbolical while Dravidian art is not."
(The Hindu View of Art by MulkrajAnand).

ന്നുണ്ടല്ലോ. നാട്യകലയിൽ അവർക്കുണ്ടായിരുന്ന നൈപുണ്യവും അവഗാഹവും, ചിലപ്പതികാരം മുതലായ തമിഴ്ഗ്രന്ഥങ്ങളിൽനിന്നും അവയുടെ വ്യാഖ്യാനങ്ങളിൽനിന്നും അറിയാവുന്നതാണ്. "As a matter of fact," says Dr. R. Tagore, "the old Dravidian culture was by no means to be despised. The Aryan civilisation acquired both richness and depth under the influence of the Dravidian component. The Dravidians might not be introspective or metaphysical, but they were artists and they could sing, design and construct". (27)

കേരളീയനാട്യകല അടുത്തതായി പ്രവേശിക്കുന്നതു ദ്രാവിഡനടനകലയിലെ പ്രവൃദ്ധങ്ങളായ ശാഖകളിലേയ്ക്കാകയാൽ ദ്രാവിഡരുടെ നാട്യരീതികളെപ്പററി മുൻകൂട്ടിത്തന്നെ അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണ്. ആര്യസംസ്കാരത്തിന്റെ സംസർഗ്ഗം സിദ്ധിക്കുന്നതിനു മുമ്പുള്ള ദ്രാവിഡനാട്യകലയെപ്പററി പ്രസ്താവിച്ചിട്ടുള്ള രേഖകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. പക്ഷെ, പ്രാചീനങ്ങളായ തമിഴ്സാഹിത്യഗ്രന്ഥങ്ങളിൽ വിവരിച്ചുകാണുന്ന വിവിധനാട്യരീതികളിൽനിന്ന് അവയെ വേർതിരിച്ചെടുക്കുന്ന കൃത്യം പ്രയാസമുള്ളതല്ല. ചിലപ്പതികാരം, മണിമേഖല, ജീവകചിന്താമണി മുതലായ പല മഹാകാവ്യങ്ങളിലും അക്കാലത്തെ നാട്യകലയെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയിട്ടുണ്ട്. എന്നാൽ ചിലപ്പതികാരത്തിൽനിന്നെന്നപോലെ മററൊന്നിൽനിന്നും അത്ര പരിപൂർണ്ണമായ അറിവു ലഭിക്കുന്നതല്ല. നിർഭാഗ്യവശാൽ അപൂർണ്ണമായി കിടക്കുന്നതെങ്കിലും, ഏറ്റവും ഗംഭീരവും വിപുലവുമായ 'അടിയാർക്കുനല്ലാരുടെ' എന്ന അതിന്റെ വ്യാഖ്യാനമാണു നമുക്ക് ഏററവും ഉപയോഗപ്രദമായിട്ടുള്ളതു്. അതിൽ അന്നത്തെ നാട്യകലാരീതികളെ സമഗ്രമായി വിവരിക്കുകയും നിരൂപിച്ചു വകതിരിക്കുകയും ചെയ്തിരിക്കുന്നു. ഇതുകൂടാതെ തഞ്ചാവൂരിലെ ചോളരാജാക്കന്മാരുടെ വകയായ നാല്പതോളം ശിലാരേഖകളും ഗവേഷണസന്ദർഭങ്ങളിൽ സഹായകങ്ങളാണ്. അഗസ്ത്യമുനിയാൽ കൃതവും ഏററവും പ്രാചീനവുമായ 'അഗത്തിയം' (അഗസ്ത്യം) എന്ന വ്യാകരണഗ്രന്ഥത്തിൽ തമിഴ്സാഹിത്യത്തെ ഇയൽ (കാവ്യം), ഇശൈ (ഗാനം), നാടകം (ദൃശ്യകാവ്യം) എന്നു വിഭജിച്ചിട്ടുള്ളതിൽനിന്ന്, അഗസ്ത്യമഹർഷിക്കുമുമ്പുതന്നെ ദക്ഷിണേന്ത്യയിൽ നാടകാഭിനയമുണ്ടായിരുന്നതായി തെളിയുന്നു. ആ നാടകങ്ങളിൽ ഒന്നെങ്കിലും ഇന്നു അവശേഷിച്ചിട്ടില്ല. അടിയാർക്കു ന

(27) Dravidian India—By T. R. Sesha Iyengar M. A. P. 117.

ല്ലാർ അദ്ദേഹത്തിൻെറ വ്യാകരണത്തിൽ ഉദ്ധരിച്ചിട്ടുള്ള ഭരതം, പഞ്ചഭാരതീയം, ഭരതസേനാപതീയം, കൂത്തുനൂൽ, മതിവാണനാടകനൂൽ മുതലായ നാട്യശാസ്ത്രഗ്രന്ഥങ്ങളുടെ കഥയും അങ്ങനെതന്നെ. പക്ഷെ, സംസ്കൃതത്തിലെ നാടകീയാദർശങ്ങളെ സ്വീകരിക്കുവാൻ അവർ ശ്രമിച്ചിരുന്നുവെന്നു് ഈ ഗ്രന്ഥനാമങ്ങളിൽനിന്നു് ഊഹിക്കുവാൻ കഴിയും.

ചിലപ്പതികാരത്തിലെ 'അരങ്ങേററുകാതൈ' (രംഗപ്രവേശഗാഥ) എന്ന മൂന്നാംഗാഥയിൽ നാട്യവിദ്യാപ്രവീണയായ മാധവിയുടെ അരങ്ങേററം വർണ്ണിച്ചിരിക്കുന്നിടത്തു് ഗീതം, വാദ്യം, നാട്യം, നാട്യസാഹിത്യം, രംഗനിർമ്മാണം മുതലായി നടനകലയുടെ ഓരോ ഭാഗത്തെയും സവിസ്തരം വർണ്ണിച്ചിട്ടുണ്ടു്. 'കടലാടുകാതൈ' (സമുദ്രസ്നാനഗാഥ) എന്ന ആറാം ഗാഥയിൽ, ഇന്ദ്രോത്സവാവസരത്തിൽ മാധവി കണ്ടാനന്ദിക്കുന്നതായി പറഞ്ഞിട്ടുള്ള പതിനൊന്നു നൃത്തങ്ങൾ എന്തെല്ലാമാണെന്നു നോക്കാം. (28) "അതിനുശേഷം അവതാളം നീങ്ങി താളം ശുദ്ധമായിത്തീരത്തക്കവണ്ണം, ദേവകൾ അപേക്ഷിച്ചപ്രകാരം ബഡവാനലനയനനായ പരമപുരുഷൻ ത്രിപുരങ്ങളെ ദഹിപ്പിച്ചപ്പോൾ അതിൽ അസുരന്മാരുടെ ശവഭസ്മപൂർണ്ണമായ ഭൈരവീരംഗ(ശ്മശാന)ത്തിൽ ഉമാദേവി കൂടെനിന്നു പാണി, തൂക്കു്, ചീരു് എന്ന താളങ്ങൾ പിടിച്ചുകൊണ്ടിരിക്കവെ, ദേവദേവനായ ത്രിപുരാന്തകൻ തൻെറ വിജയത്താൽ ആനന്ദപരവശനായി കൈകൊട്ടി നിന്നാടിയ 'കൊട്ടുകൊട്ടി'നൃത്തവും; വേദങ്ങളാകുന്ന അശ്വങ്ങളെ പൂട്ടിയ വാനവരാകുന്ന രഥത്തിൽ കൊടിയുയർത്തി മുട്ടു പടമിട്ടു ചമ്മട്ടിയുമേന്തിനില്ക്കുന്ന സാരഥിയായ ചതുർമ്മുഖൻ കാണത്തക്കവണ്ണം ഭൈരവിയുടെ രൂപമെടുത്തു ഭസ്മഭൂഷിതസർവ്വാംഗനായ പുരാന്തകനാടിയ 'പാണ്ഡരംഗ'നൃത്തവും; കംസൻ ചതിയായി രാമകൃഷ്ണന്മാരെ വധിപ്പാൻ നിറുത്തിയിരുന്ന കുവലയാപീഡമെന്ന കൊലയാനയുടെ കൊമ്പു പറിച്ചെടുപ്പാൻവേണ്ടി അഞ്ജനവർണ്ണനാടിയനൃത്തവും; (29) ബാണാസുരനെ ജയിപ്പാനായി കൃഷ്ണനാടിയ 'മല്ലനാട്ട്'വും; കരിങ്കടൽ നടുവിൽ ശൂരപത്മാസുരൻ കൈക്കൊണ്ട മായാരൂപത്തെയറിഞ്ഞു് അവനെ അമർച്ചെയ്തു ജയിച്ച സുബ്രഹ്മണ്യമൂർത്തി അവിടെത്തന്നെ ആഴിത്തിരയെ അരങ്ങാക്കി ആടിയ 'തുടിയും'; അസുരന്മാർ അടക്കങ്ങളിൽ തൻെറനേരെ പ്രയോഗിച്ച ആയുധങ്ങളൊന്നും ഫലിക്കാതെ അവർ വിഷാദിച്ചുനില്ക്കുമ്പോൾ തൻെറ കുടയെ മുന്നോട്ടു ചെ

(28) ചിലപ്പതികാരം—തർജ്ജമ—പി. നാരായണൻനായർ— കൊച്ചിരാജ്യപരിഷ്കരണക്കമ്മിററി—പേജ് 61—63.

(29) 'അല്ലിയത്തൊകുതി'.

തിപ്പിടിച്ച സുബ്രഹ്മണ്യമൂർത്തിയാടിയ 'കുടക്കൂത്തും'; തന്റെ പുത്രിയായ ഉഷനിമിത്തം ബാണനാൽ കാരാഗാരത്തിൽ പാർപ്പിക്കപ്പെട്ട പൗത്രനെ വീണ്ടുകൊള്ളുവാൻ അവന്റെ രാജധാനിയായ ശോണപുരവീഥിയിൽ കണ്ണനായ ത്രിവിക്രമനായ ശ്രീകൃഷ്ണമൂർത്തിയുടെ 'കുടമെടുത്താട്ട'വും; തന്റെ പുത്രനായ അനിരുദ്ധന്റെ ബന്ധനം വേർപെടുത്തിക്കൊണ്ടുപോകുവാൻ ശോണപുരിയിൽ സ്ത്രീരൂപവും പുരുഷരൂപവും ഒരുപോലെ പ്രകാശിക്കുന്ന രൂപംധരിച്ച കാമദേവനാടിയ 'പേടിയാട്ട'വും; തന്റെ വൈരികളും മായാവികളുമായ അസുരന്മാർ ഏററവുംകോപിച്ച പാമ്പ്, തേൾ മുതലായ വിഷജന്തുക്കളുടെ രൂപംധരിച്ച്, തന്നെ ദംശിപ്പാൻ വരുന്നതായറിഞ്ഞ ദുർഗ്ഗാദേവി മരംകൊണ്ടുള്ള കാലുകളിന്മേൽ നിന്നതിത്തപ്പോളാടിയ 'പൊയ്ക്കാലാട്ട'വും;(30) ദേവാസുരയുദ്ധത്തിൽ പരാക്രമശാലികളായ ദൈത്യന്മാർ പടക്കോപ്പണിഞ്ഞു പൊരുതിനില്ക്കവേ, അവർ മോഹിച്ചു വിഴത്തക്കവണ്ണം മലമകളാടിയ 'മോഹിനിയാട്ട'വും; ബാണാസുരരാജധാനിയുടെ വടക്കെ വാതുക്കൽ ഇന്ദ്രാണി കടച്ചി(പുലച്ചി)യുടെ രൂപംധരിച്ചാടിയ 'കടച്ചിയാട്ട'വുമായി അവരവർക്കനുരൂപങ്ങളായ ആഭരണാദികളണിഞ്ഞും കീഴ്നടപടികളനുസരിച്ചും തെറ്റിപ്പോകാത്തവിധം ഓരോ വംശക്കാർ പാരമ്പര്യമനുസരിച്ചു നടത്തിവരുന്നതുമായ പതിനൊന്നുവക ആട്ടങ്ങളെയും അതതിനൊത്തവിധമുള്ള ഗാനഭേദങ്ങളെയും ശാസ്ത്രോക്തമായ ഗുണനിരൂപണത്തോടെ കണ്ടുകൊണ്ട്."

ഇവയെല്ലാംകൂടാതെ, ആയ്ച്ചിയർ കുരവക്കൂത്ത്, മലക്കുരവക്കൂത്ത്, വെട്ടുവരാട്ടം തുടങ്ങിയ നൃത്തങ്ങളെപ്പററിയും മററു ഗാഥകളിൽ പറഞ്ഞിട്ടുണ്ട്. നർത്തകിയെന്ന നിലയിലുള്ള മാധവിയുടെ വേഷവിധാനങ്ങളെ സൂക്ഷ്മമായി വർണ്ണിച്ചിരിക്കുന്നു. മണിമേഖലയിൽ നർത്തകികളുടെ അഭ്യാസക്രമത്തെയും പാഠ്യരീതികളെയും വിവരിച്ചിരിക്കുന്നതു കാണാം. നാനാരീതിയിലുള്ള ഈ മോഹനനൃത്തങ്ങൾ ഭാരതഭൂമിയിൽനിന്ന് എന്നെന്നേയ്ക്കുമായി മറഞ്ഞുകഴിഞ്ഞു.

തമിഴ്നാട്ടിൽ പ്രചരിച്ചിരുന്ന നാട്യകലയെ ദേശഭേദമനുസരിച്ചു സ്വദേശീയം, ആര്യക്കൂത്ത്, വടുകക്കൂത്ത്, സിംഹളക്കൂത്ത് എന്ന നാലായി തിരിച്ചിരുന്നു.(31) തമിഴ്ക്കൂത്തിൽത്തന്നെ വസൈക്കൂത്ത്

(30) മരക്കാലാട്ടം.

(31) See also Indian Dancing—By Dr. K. N. Sitaram.
Indian art and Letters New series—Vol. IX. No. 1. P. 31.

അഥവാ പുകഴ്ക്കൂത്തു്, വേത്തിയൽ, പൊതുവിയൽ, ഇയൽപൂക്കൂത്തു്, ശാന്തിക്കൂത്തു്, വരിക്കൂത്തു്, വിനോദക്കൂത്തു്, ഇങ്ങനെ പ്രത്യേകം വിഭാഗങ്ങളുമുണ്ടായിരുന്നു. വശൈക്കൂത്തെന്നതു വീരപുരുഷന്മാരുടെ വിജയത്തെപ്പററിയുള്ള കഥകൾ ഹസ്തമുദ്രകൾവഴി അഭിനയിക്കുന്നതാണ്. പക്ഷെ, ഇതു പരിചയാധിക്യംകൊണ്ടു ദ്രാവിഡമെന്നു സങ്കല്പിച്ചതും വാസ്തവത്തിൽ ആര്യകലയോടു ചേർന്നതുമായിരിക്കാനാണ് എളുപ്പം. വേത്തിയൽ എന്നതു് ഒരു പ്രാഭൃകസന്ദർഭത്തിലേയ്ക്കുമാത്രമുള്ള നൃത്തവും, പൊതുവിയൽ സ്ത്രീപുരുഷന്മാർ ഒരുപോലെ പങ്കെടുക്കാവുന്നതും വിവാഹംമുതലായ വിശേഷസന്ദർഭങ്ങളിൽ പ്രയോഗിക്കപ്പെട്ടുവന്നതുമായിരുന്നു. ഇയൽപൂക്കൂത്തിൽ കേവലനൃത്തമല്ലാതെ മറെറാന്നുമില്ല. യുദ്ധം, പകർച്ചവ്യാധികൾ മുതലായവയിൽനിന്നുള്ള രക്ഷയ്ക്കായി നടത്തിവരാറുള്ള ഈശ്വരാരാധനാപരമായ നൃത്തമാണു വരിക്കൂത്തു്. ഉൽകൃഷ്ടരീതിയിലുള്ള അഭിനയവും നാടകവുമെല്ലാം ശാന്തിക്കൂത്തിലും അതിൽനിന്നും അല്പംകൂടി താഴ്ന്നവയെല്ലാം വിനോദക്കൂത്തിലും ഉൾപ്പെടുന്നു. ആര്യസംസ്കാരജന്യമെന്നു പ്രത്യക്ഷമായി അറിയാവുന്ന അഭിനയാദികൾ ചിലപ്പതികാരകാലത്തുതന്നെ ദ്രാവിഡസംസ്കാരത്തോടു താദാത്മ്യം പ്രാപിച്ചുകഴിഞ്ഞതുകൊണ്ടായിരിക്കണം ഇവയെ സ്വദേശോൽഭൂതങ്ങളായി ഗണിച്ചിരിക്കുന്നതു്. കഥകളി തനി കേരളീയമല്ലെന്നു പറഞ്ഞാൽ വിശ്വസിക്കുന്നവർ ഇന്നും ചുരുക്കമായിരിക്കും.

ശാന്തിക്കൂത്തിനും വിനോദക്കൂത്തിനുമാണു മററുള്ളവയെ അപേക്ഷിച്ചു് അധികം പ്രാധാന്യം. ശാന്തിക്കൂത്തിനു ശൊക്കം (ചൊക്കം), മെയ്ക്കൂത്തു്, അവിനയക്കൂത്തു്, നാടകം എന്നു നാലു് അവാന്തരവിഭാഗങ്ങളുണ്ടു്. (32) നൂററെട്ടു കരണങ്ങളുടെ സഹായത്തോടുകൂടി ശാസ്ത്രീയരീതിയിൽ ചെയ്യുന്ന ശുദ്ധനൃത്തം ശൊക്കവും, ഗീതയുക്തമായ ഭാവാഭിനയം മെയ്ക്കൂത്തു് അഥവാ 'അകമാർഗ്ഗ'വും, ഹസ്താഭിനയത്തോടുകൂടിയതും ഇതിവൃത്താംശത്തോടുകൂടാത്തതുമായ ഭാസിയാട്ടം തുടങ്ങിയതു് അവിനയ (അഭിനയ)വും, സാധാരണ നാടകാഭിനയം നാടകവുമാകുന്നു. ഇതുപോലെതന്നെ വിനോദക്കൂത്തിനും കരവൈ, കഴൈനടം, കടക്കൂത്തു്, കരണം, നോക്കു്, തോൽപാവൈ, വിദൂഷകക്കൂത്തു് എന്നു് ഏഴു് വിഭാഗങ്ങളുണ്ടു്. ഒരു സംഘം സ്ത്രീകൾ പാട്ടുപാടി നൃത്തംവെയ്ക്കുന്നതാണു കരവ,

(32) See also 'The Ancient Tamil Theatre'
By S. K. Govindaswami—Journal of the Annamalai University Vol. I. No 2. Oct 1932. P. 22?-21.

കളിനടവും കടക്കുത്തും കരണവും, തൊണിമേൽക്കളി തുടങ്ങിയ കായികാഭ്യാസപ്രദർശനങ്ങൾ മാത്രമാണ്. ചിദംബരംക്ഷേത്രത്തിലെ ആയിരം കാൽമണ്ഡപത്തിന്റെ അടിഭാഗത്തെല്ലാം ഈ നൃത്തങ്ങളെ കൊത്തിവെച്ചിട്ടുള്ളതു കാണാം. മാന്ത്രികപ്രവൃത്തിയിൽ പെടുന്നതാണ് നോക്ക്. തോൽപാവയെന്നതു പാവകളിതന്നെ. വിദൂഷകക്കൂത്തിൽ ഓരോ തരക്കാരെ പരിഹാസപൂർവ്വം അനുകരിക്കുന്നു. ഇതിനും വശൈക്കൂത്തെന്ന പേർപറഞ്ഞുകാണുന്നുണ്ട്. (33) വിനോദക്കൂത്തിൽ പലതും തനി ദ്രാവിഡങ്ങൾതന്നെയാണെന്നതിനു സംശയമൊന്നുമില്ല.

ചരിത്രദൃഷ്ടിക്കു ചെന്നെത്തുവാൻ സാധിക്കുന്ന പ്രാചീനകാലത്തു ദക്ഷിണേന്ത്യയിൽ പ്രചരിച്ചിരുന്ന നാട്യകലയുടെ ഏകദേശസ്വരൂപം ഗ്രഹിച്ചുകഴിഞ്ഞതിനാൽ, ഇനി നമുക്കു കേരളീയനടനകലയുടെ പരിണാമത്തെത്തന്നെ പിന്തുടരാം. ദേശീയനടനം കലാതലംകടന്ന് വേലക്കളിയിൽനിന്നും ഉയർന്ന് 'കുരവക്കൂത്തി'ന്റെ പ്രതിച്ഛായയായ കൈകൊട്ടിക്കളി മുതലായ മനോഹരരീതികളിലേക്കു പ്രവേശിച്ചു. ദ്രാവിഡനൃത്തങ്ങളുടെ പഴക്കവും തമിഴ് മലയാളദേശങ്ങൾ തമ്മിലുണ്ടായിരുന്ന അടുപ്പവും വിചാരിച്ചുനോക്കുമ്പോൾ ഇവ എവിടെ ഉത്ഭവിച്ചുവെന്നും എങ്ങോട്ടെല്ലാം പരന്നുവെന്നും തീർത്തുപറയുവാൻ സാധിക്കുന്നതല്ല. മൂലദ്രാവിഡഭാഷയിൽനിന്ന് ഇന്നുകാണുന്ന ശാഖകൾ വേർതിരിഞ്ഞതുപോലെ, ഒരുകാലത്തു ദക്ഷിണാപഥത്തിന്റെ പൊതുസ്വത്തായിരുന്ന നൃത്തരീതികൾ ഓരോ ദേശങ്ങളിൽ ഒറ്റപ്പെട്ടുവളർന്നും നശിച്ചും വരികയാണെന്ന് ഊഹിക്കുവാനും ന്യായമുണ്ട്. അവിഭക്തമായിരുന്ന കാലത്തെ കുടുംബസ്വത്തിന്റെ വലുപ്പത്തെപ്പറ്റി ഏകദേശജ്ഞാനമെങ്കിലും ഉണ്ടാവേണമെങ്കിൽ ഇന്നു കേരള'ഭാഗ'ത്തിലെ അവശിഷ്ടങ്ങളെ ശരണം പ്രാപിക്കേണ്ടിയിരിക്കുന്നുവെന്നതു കേരളീയർക്ക്, അത്യന്തം വ്യസനത്തോടുകൂടിയാണെങ്കിലും, അല്പം അഭിമാനത്തോടുകൂടിത്തന്നെ പറയാവുന്നതാണ്.

കേരളീയരുടെ ഗ്രാമീണനൃത്തങ്ങളിൽ കലാതലംകൊണ്ടും കമനീയതകൊണ്ടും അഗ്രിമസ്ഥാനത്തെ അലങ്കരിക്കുന്നതു കൈകൊട്ടിക്കളിയാണെന്നതിനു സംശയമൊന്നുമില്ല. പ്രകൃതീദേവിയുടെ മന്ദഹാസമെന്നപോലെ മനോഹരമായ ഓണക്കാലത്തും തിരുവാതിരക്കാലത്തും വാസരലക്ഷ്മിയുടെ സ്വച്ഛതയെക്കൂടി തുച്ഛമാക്കുമാറ് അകൃത്രിമസ്വരഭംഗങ്ങളും,

---

(33) Ancient Tamil Theatre—By Goindaswami. P. 221

വിളുമ്പവസ്ത്രാലംകൃതകളുമായ ഗ്രാമീണയുവതികൾ, യൗവനസഹജമായ പ്രസന്നതയോടും പ്രസരിപ്പോടുംകൂടി ആടിപ്പാടുന്നതുകാണുമ്പോൾ ആനന്ദംകൊണ്ടു മതിമറക്കാത്തവർ കലാകതുകികളാണെന്നു പറഞ്ഞുകൂട. ശരീരത്തിന്റെ സൗകുമാര്യവും വിന്യാസവൈചിത്ര്യവും ഇണങ്ങിച്ചേരുന്ന ഈ ലാസ്യപ്രയോഗത്തിനോടു കിടപിടിക്കുവാൻ കേരളത്തിലെ അഭിനയരഹിതങ്ങളായ മററു നൃത്തവിധാനങ്ങൾക്കൊന്നും സാധിക്കുന്നതല്ല. ഗ്രാമീണതപത്തിന്റെ സഹചാരിയായ ലാളിത്യമല്ലേ കൈകൊട്ടിക്കളിയുടെ അസ്സാദൃശമായ വിജയത്തിനു കാരണമെന്നുകൂടി സംശയിക്കേണ്ടതുണ്ട്. ശബ്ദാർത്ഥങ്ങളുടെ രാമണീയകപരിപൂർണ്ണമായി കളിയാടുന്ന സംഗീതത്തിലെ താളകാലങ്ങളെ ഇരുന്നും നടന്നും തിരിഞ്ഞും കൊട്ടിയും പ്രകാശിപ്പിച്ചുകൊണ്ടു കണ്ണിനും കാതിനും അവർ ഒരുപോലെ ആനന്ദം നല്കുന്നു.

കൈകൊട്ടിക്കളിക്കു സമാനമായ ഒരു നൃത്തസമ്പ്രദായം കേരളത്തിൽ പണ്ടുമുതൽതന്നെ ഉണ്ടായിരുന്നുവെന്നതിനു സംശയമില്ല. വേട്ടവൻകളിയിൽ നട്ട ബീജം വാലൻകളിയിൽ ഫലിച്ചുകാണാം. നായർ സമുദായം ഏറെറടുത്തപ്പോൾ സൗന്ദര്യവത്തിലല്ലാതെ സ്വരൂപത്തിൽ ഗണനീയമായ വ്യത്യാസമൊന്നും വരുത്തിയിട്ടില്ല. കൊല്ലം ആറാം ശതവർഷത്തിൽ ഉണ്ടായിട്ടുള്ളതെന്നു ശ്രീമാൻ ഗോവിന്ദപ്പിള്ള ഊഹിക്കുന്നതായ പാട്ടുകളിൽ പലതും കൈകൊട്ടിക്കളിക്കുവാൻവേണ്ടി നിർമ്മിച്ചതാണെന്ന് അദ്ദേഹം കൊടുത്തിരിക്കുന്ന ഉദാഹരണത്തിൽനിന്നും അറിയാവുന്നതാണ്.(34)

"ഇങ്ങനെചൊല്ലിക്കളിക്കുന്നോർക്ക്
മംഗലംവർദ്ധിച്ചുകൂടും;
പുത്രനും സമ്പത്തും വന്നുകൂടും;
മിത്രരോടൊന്നിച്ചുവാഴും."

കൈകൊട്ടിക്കളി മലയാളക്കരയ്ക്കു പ്രത്യേകമായി ഉള്ളതല്ല. രാജശേഖരന്റെ കർപ്പൂരമഞ്ജരിയിൽ ഈ നൃത്തവിധാനങ്ങളെപ്പററി വർണ്ണിച്ചുകാണുന്നു. വാസന്തികവാസരത്തിന്റെ ആവിർഭാവത്തോടുകൂടി ഗുജറാത്തിലെ യുവതികൾ ആരംഭിക്കാറുള്ള 'ഗർബ്' നൃത്തം നമ്മുടെ കൈകൊട്ടിക്കളിയും കോലാട്ടവും തന്നെയാണ്.(35) പലപ്പോഴും ഈ നൃത്ത

(34) ഭാഷാചരിത്രം—ഗോവിന്ദപ്പിള്ള—ഒന്നാംഭാഗം—പേജ് 137.
(35) The Mirror of Indian Art. By G. Venkatachalam.

കികളുടെ നടുവിൽ ഉണ്ണികൃഷ്ണനാണെന്നു സങ്കല്പിച്ച് ഒരു ചെറിയ കുട്ടിയെ കിടത്തിയിരിക്കും. ശ്രീകൃഷ്ണനെ ചുററിക്കൊണ്ടു ഗോപികൾ നൃത്തം വെയ്ക്കുന്നുവെന്നാണു സങ്കല്പം. ബോംബെയിൽനിന്നു വടക്കോട്ടുപോകുന്ന വഴിക്കു കത്തിയവാർ, അഹമ്മദബാദ്, ബറോഡ, സൂററദ് മുതലായ പ്രദേശങ്ങളിലെ കുഗ്രാമങ്ങളിലും ഈ നൃത്തത്തെ കാണാവുന്നതാണ്.(36) ചൊട്ടാനാഗപ്പൂരിലെ 'ജപി'നൃത്തത്തിലെ വാദ്യമൊഴിച്ചു മററുള്ളതെല്ലാം കൈകൊട്ടിക്കളിതന്നെയാണെന്നു പ്രൊ: പിഷാരടി പറയുന്നു.(37) ബോംബായ്സംസ്ഥാനത്തിലെ വനപ്രദേശങ്ങൾ ദ്രാവിഡവർഗ്ഗക്കാരുടെ നിവാസഭൂമികളിൽ പ്രധാനമായിരുന്നുവെന്നും ഈ സന്ദർഭത്തിൽ സ്മരിക്കേണ്ടതാണ്. ചിലപ്പതികാരത്തിലുള്ള 'ആയ്ച്ചിയർകുരവൈ' കൈകൊട്ടിക്കളിതന്നെയാണ്. ഇതും രാസക്രീഡയുടെ സ്ഥാനത്താണു ചെയ്യുകാണുന്നതു്.

പ്രാകൃതനൃത്തങ്ങൾ ക്രമപ്രവൃദ്ധമായി വളർന്നുവന്ന പരിഷ്കൃതരൂപത്തെ പ്രാപിച്ചതാണു കൈകൊട്ടിക്കളി. ഭാഗവതകഥകൾക്കു പ്രചാരം സിദ്ധിച്ചതോടുകൂടി സ്ത്രീകൾ ഇതിൽ രാസക്രീഡയെ ഘടിപ്പിച്ചതായിരിക്കാം. കേരളത്തിലെ പ്രാചീനങ്ങളായ കൈകൊട്ടിക്കളിപ്പാട്ടുകൾ പരിശോധിക്കുമ്പോൾ ഇവിടെയും ഈ സങ്കല്പം നിലനിന്നിരുന്നുവോ എന്നു സംശയംതോന്നും. 'കോട' (38) വർഗ്ഗത്തിലുൾപ്പെട്ട ആദിമനിവാസികൾ, കൈകൊട്ടി താളംപിടിച്ചുകൊണ്ടു വട്ടത്തിൽ നടക്കുന്നതായ നൃത്തത്തിനെ 'കമി' എന്നാണു വിളിച്ചുവരാറു്. (39) ദ്രാവിഡഭാഷാപദമായ അതിനും കൈകൊട്ടിക്കളിയിലെ 'കമ്മി'ക്കും ഭാഷാസംബന്ധമായും കലാസംബന്ധമായും വല്ല ബന്ധവും ഉണ്ടായിരിക്കുവാൻ ന്യായമുണ്ട്. അങ്ങനെയാണെങ്കിൽ കൈകൊട്ടിക്കളിയുടെ പ്രാചീനതയെപ്പററി സംശയിക്കേണ്ടതുമില്ല. ഏതായാലും, ഗ്രീസിലെ ഏതാദൃശനൃത്തങ്ങൾപോലെ, കേരളത്തിലെ കൈകൊട്ടിക്കളിയും 'പൃഥ്വികപൂജ'യുടെ സന്തതിയാണോ എന്ന പ്രൊ: പിഷാരടിയുടെ സംശയം (40) ശീമക്കാരെ വഴിതെററിക്കുന്നതായ ചങ്ങലയിൽ ഒരു കണ്ണികൂടി ചേർക്കുവാൻ മാത്രമേ പര്യാപ്തമാവുകയുള്ളു.

---

(36) Sakar's proposal to America for a dance—lover's tour in India-
Modern Review, July 1934.

(37) Kerala Theatre—Prof: K. R. Pisharoti, P. 14.

(38) The Kotas.

(39) Castes and Tribes of S. India—Vol. IV-P. 16.

(40) Kerala Theatre—P. 14.

ദ്രാവിഡരുടെ പ്രത്യേകസ്വഭാവത്തെത്തന്നെ വിചാരിക്കാവുന്നതായ 'വിദൂഷക'ക്കൂത്തിലേയ്ക്കാണ് കേരളീയനാട്യകല അടുത്തതായി പ്രവേശിക്കുന്നത്. അനുകരണമെന്ന നാട്യകർമ്മം അപരിഷ്കൃതതത്വത്തിൽനിന്നും വിട്ടുമാറി വെളിപ്പെട്ടുവരാൻതുടങ്ങി. സംഘക്കളിയിലെയും കണ്യാർകളിയിലെയും പൊറാട്ടുകൾ, ഏഴാംമുത്തി (ഏഴാമത്തെ, ഏഴാംമട്ട്) കളി, പുറാട്ടുനാടകം ആദിയായവയെല്ലാം വിദൂഷകക്കൂത്തുകളാണ്. ഇവയിലെല്ലാം ഓരോതരക്കാരുടെ പ്രത്യേകതകളെ പിടികൂടി അവയെ അതേപടി അനുകരിച്ചു പരിഹസിക്കുകയാണ് ചെയ്യുന്നത്. സാങ്കേതികതത്വത്തിന്റെ സ്പർശംകൂടാതെ പ്രകൃതിയെ അങ്ങനെതന്നെ പ്രതിഫലിപ്പിക്കുകയെന്നതു ദ്രാവിഡകലയുടെ പ്രത്യേകതയാണെന്ന് ഇതിനുമുമ്പു പറഞ്ഞിട്ടുണ്ടല്ലോ.

സംഘക്കളിയുൾപ്പെടെ ചിലതിലെല്ലാം ഈ ഹാസ്യാനുകരണങ്ങളും, പാന, സ്തുതി മുതലായ മതസംബന്ധികളായ ക്രിയകളും, മെയ്മിടുക്കു കാണിക്കുന്ന ആയുധാഭ്യാസപ്രദർശനങ്ങളും കൂടിക്കലർന്നിട്ടാണ് കിടക്കുന്നത്. ഇവയിൽ ഏതാണ് ആദ്യമുണ്ടായിരുന്നതെന്നും ഏതാണ് പിന്നീടു കൂടിച്ചേർന്നതെന്നും തീർത്തുപറയുവാൻ നിവൃത്തിയില്ല. നാടൻഭാഷയിൽ 'മന്നത്ത'മെന്നു വിളിക്കാറുള്ള കേരളീയരുടെ പരിഹാസപാടവവും ഫലിതസാമർത്ഥ്യവും ഈ അനുകരണങ്ങളിൽ പ്രകാശിച്ചുകാണാമെങ്കിലും ചിലപ്പോഴെല്ലാം അതു 'കന്നത്ത'ത്തിലേയ്ക്കുതന്നെ കടക്കുന്നില്ലേ എന്നും സംശയംതോന്നിപ്പോകും. എന്നാൽ അവയുടെ ആവിർഭാവഘട്ടത്തിലെ സാമൂഹികചരിത്രത്തിലേയ്ക്കും സദാചാരരീതികളിലേയ്ക്കും എത്തിനോക്കുവാൻ അവ അത്യന്തം സഹായിക്കുന്നവയാണെന്നുള്ളതും വിസ്മരിച്ചുകൂടാ. സംഘക്കളിയിൽ,

"പരദ്രുതമൊഴിമാത്രമെച്ചുന്ന തിക്കിത്തിരക്കി-
പ്പൂറിച്ച തരിയിളക്കി ഖഡ്ഗവും കയ്യാപാക്കി
ധരണിസുരവരാണാം ഗീതവാദ്യങ്ങളെല്ലാം
സരഭസമതിനായൻ കയ്യുമല്ലൽപ്പപാത"

എന്നും,

"കവിടിപോലൊത്ത പല്ലും വട്ടമൊത്തൊരു കണ്ണും
കരമതിലൊരുണ്ണും മത്സ്യപാത്രം ശിരസ്സിൽ
പുനരപി നിജകണ്ഠേ കയ്യുംകെട്ടിമേന്മേൽ
മദനസദൃശനാകും കയ്യളെക്കണ്ടുതൊഴേണം"

എന്നും ഉള്ള ധ്യാനശ്ലോകങ്ങളെക്കൊണ്ടു ചിത്രീകരിച്ചിട്ടുള്ള കയ്മൾ, വാസ്തവത്തിൽ, നാട്ടിൽപ്രമാണികളായ നായന്മാരുടെ അധികാരശക്തിയിൽ കേരളബ്രാഹ്മണർക്കുണ്ടായിരുന്ന വിദ്വേഷം സ്വരൂപംധരിച്ച മൂർത്തിമാത്രമാണ്. കളിയാക്കുന്ന കാര്യത്തിൽ നമ്പൂതിരിസമുദായത്തിനുള്ള അന്യാദൃശമായ പാടവംമുഴുവനും അവർ കയ്മളുടെനേർ പ്രയോഗിച്ചിട്ടുണ്ടെന്നു സംഘക്കളി കാണുന്നവർ സമ്മതിക്കാതിരിക്കയില്ല. "അടികൊല്ല, തല്ലി കൊല്ല, അടുപ്പിൽ തീയെരിക്കൊല്ല, തിന്നൊല്ല, തിരക്കൊല്ല, തിമർത്തീററം പാരായല്ല, പേരൊല്ല, തീണ്ടാരിക്കൊല്ല സ്ത്രീവർഗ്ഗങ്ങളൊന്നുംതന്നെ," എന്നൊക്കെയാണു മൂപ്പരുടെ പീനൽകോഡിലെ വകുപ്പുകൾ. കയ്മളുടെ ആത്മപ്രശംസതന്നെ, താൻ "ശ്രീരാമലഴകൻ, ആനന്ദസുന്ദരൻ, അച്യുതഭക്തൻ, അഗ്നിപ്രിയൻ, തേൻകൊഴമ്പൻ, പാൽകൊഴമ്പൻ, പഞ്ചാരക്കൊഴമ്പൻ, അരവിന്ദൻ, പൊടിതകൃതൻ, ഈ കണ്ണില്ലാത്ത കാമിനിമാർക്കൊക്കെ പച്ചക്കാമത്തരജോമയകോമളാംഗസർവ്വാംഗസുന്ദരാംഗജൻ" ഒക്കെ ആണെന്നാണ്. "നാട്ടുതോറും നടന്നു നായാടി, തോട്ടുതോറും നടന്നു മീനംപിടിച്ചു, വീട്ടുതോറുംനടന്നു വിവാഹവുംചെയ്തു നടക്കുന്ന ശൌര്യപ്രതാപനായ" നമ്മുടെ കയ്മൾ കഴിക്കുന്ന സദ്യയുടെ വട്ടമാകട്ടെ, "ഉരിയരിവെച്ചു സഹസ്രഭോജനവും കഴിച്ചു, അരക്കളരിപ്പഴം അമർത്തിപ്പിഴിഞ്ഞു വന്ന ജനങ്ങൾക്കൊക്കെ മധുരക്കറിയും വിളമ്പിച്ചു നാരനേം പിറങ്ങനേം വാത്തകത്തിയും കടിപ്പിച്ചു, ശേഷംജനങ്ങൾക്ക അഗ്നിയുംകൊടുത്തു ഹുഹു എന്നൊരാട്ടും" ആണ്. മറെറാരു വിദൂഷകവേഷമായ ഉണ്ണുപിട്ടത്തക്കാരന് ഏതുമയുടെയും മുരിയുടെയും പാത്രങ്ങളുടെയും മററും സ്ഥാനത്തു ജംഗമസ്വത്തുക്കളായി പൊട്ടത്തമയും, സാരിയും, അടപ്പനോളം ഒട്ടയുള്ള കത്തികളിണ്ണ്യമാണ്. വാക്കിലുള്ള വൈജാത്യങ്ങൾക്കപുറമെ, ഇവരുടെ അഭിനയവും ഏററവും തന്മയത്വത്തോടുകൂടിയവയാണ്.

സംഘക്കളിയിലെ മററുചടങ്ങുകളൊന്നുംകൂടാതെ വെറും ഹാസ്യവേഷങ്ങൾമാത്രം പുറപ്പെടുന്നതാണ് ഏഴാംമുത്തികളി. ഇതിനു 'ഏഴാമത്തെകളി' എന്നാണു പേരെന്നും ഏഴാമത്തെ ഗ്രാമക്കാരായ നമ്പൂരിമാർ കളിച്ചുവന്നതുകൊണ്ട് ആ പേർ വന്നതാണെന്നും ചിലർ അഭിപ്രായപ്പെടുന്നു.(41) കയ്മൾക്കുപകരം ഇതിൽ കല്ലൂർനായരെയും അയാളുടെ വിധികർത്തൃത്വത്തെയുമാണു പിടികൂടിയിരിക്കുന്നത്. വളരെ നേര

(41) History of Kerala—Vol III. By K. P. Padmanabha Menon. P. 128.

നോക്കുള്ള പല ചോദ്യോത്തരങ്ങളും ഇതിലുണ്ട്. "എന്തില, എന്തിൻകോൽ, എന്തിൻകായ' എന്ന ചോദ്യങ്ങൾക്കു യഥാക്രമം 'കണ്ണില, താക്കോൽ, സൂക്ഷിക്കായ" എന്നാണ് ഉത്തരം. ഇട്ടിക്കണ്ടപ്പൻ, പ്രാക്കം, മുത്തി, പണ്ടാരം മുതലായ പല വേഷങ്ങളും ഇതിലുമുണ്ട്.

ചില സ്ഥലങ്ങളിൽ ഈഴവന്മാരും ചില സ്ഥലങ്ങളിൽ പുലയന്മാരും കളിച്ചുവരാറുള്ളതാണു പുറാട്ട് (അഥവാ, പൊറാട്ട്) നാടകം. പുറാട്ട് എന്ന പദത്തിനു വിദൂഷകത്വം അഥവാ ഹാസ്യാനുകരണം എന്ന അർത്ഥമാണു വന്നുചേർന്നിട്ടുള്ളതു്. സംഘക്കളിയിലേയും മററും വിദൂഷകവേഷങ്ങൾക്കും പുറാട്ട് എന്നുതന്നെയാണു ഭാഷ. ഗുണ്ടർട്ടിന്റെ നിഘണ്ടുവിലും ഈ അർത്ഥംതന്നെ കൊടുത്തുകാണുന്നു.(42) ഈ കളിയുടെ ഉത്ഭവസ്ഥാനം തമിഴ്‌രാജ്യമാണെന്നാണു കളിക്കാരുടെ ഇടയിലുള്ള ഐതിഹ്യം. ഇതിലെ പഴയപാട്ടുകളിൽ മുക്കാൽഭാഗവും തമിഴായിട്ടാണ് കാണുന്നതും. പാട്ടുകളിൽ സഭ്യേതരമായി ഒന്നുംതന്നെ ഇല്ലെങ്കിലും, കളിച്ചുവരുമ്പോൾ നേരെ വിപരീതമായിട്ടാണു കലാശം. പക്ഷെ, ഇപ്പോൾ ഇതിലും കാലത്തിനൊത്ത പല പരിഷ്കാരങ്ങളും വരുത്തിക്കാണുന്നുണ്ട്. നേരംപോക്കിനുള്ള വകയ്ക്കു ഇതിലും കുറവൊന്നുമില്ല. ചൊറിക്ക് ഒരുത്തൻ ചികിത്സ നിശ്ചയിക്കുന്നതു വെയിലത്തുനിന്നു ഇളിച്ചുകാട്ടി മാന്തുവാനാണ്. ചെട്ടിയാര്, ചെട്ടിച്ചി, കുറവൻ, കുറത്തി മുതലായി പല ജാതിക്കാരെയും ഇതിൽ തന്മയത്വത്തോടുകൂടി അനുകരിക്കുന്നതു കാണാം.

കണ്യാർകളി അഥവാ ദേശത്തുകളി പാലക്കാട്ടുതാലൂക്കിൽമാത്രമേ കാണുമാറുള്ളു. സംഘക്കളിപോലെ ഇതും ഒരു മിശ്രസമ്പ്രദായമായ അഭിനയമുള്ളതാണ്. നായന്മാരാണ് ഇതിലെ നടന്മാർ. ആണ്ടിപ്പാട്ട്, വള്ളോൻപാട്ട്, മലമപ്പാട്ട് ഇങ്ങനെ മൂന്നുദിവസത്തെ കളിയാണ് ആകെയുള്ളതു്. ഒരു ജന്മിയുടെ കീഴിലുള്ള പുലയന്മാർ ആ ജന്മിയുടെ പിടിയിൽനിന്നു രക്ഷപെട്ടു മറെറാരു ജന്മിയുടെ അടുക്കലേയ്ക്കു പോകുന്നതും, വഴിമദ്ധ്യേ പൂർവ്വജന്മി അവരെപ്പിടിച്ചു തിരികെ കൊണ്ടുവരുന്നതുമാണ് ഇതിലെ കാര്യമായ കഥ. പല ജാതിക്കാരെയും സരസമായി ചിത്രീകരിക്കുകയും പ്രയാസമേറിയ കായികാഭ്യാസങ്ങളെ പ്രദർശിപ്പിക്കുകയും ചെയ്യുന്ന ഈ കളിക്കും സംഘക്കളിയിലെപ്പോലെ അഭിനയവും അഭ്യാസവും നല്ലവണ്ണം വേണ്ടതുണ്ട്.

---

(42) പുറാട്ട് = A farce (the buffoon's prelude and interlude, and independent of the play.)
പൊറാട്ട് = Imitation, Mimicry.
(Gundert's Malayalam and English Dictionary P. 681—717.)

മേൽപറഞ്ഞ ദശാഘട്ടത്തിൽ നമ്മുടെ നാട്യകല എത്രകാലം സ്ഥിതിചെയ്തുവെന്നു നോക്കുവാൻ കേരളചരിത്രത്തിൽ അടിഞ്ഞുകൂടിയിരിക്കുന്ന അന്ധകാരം അനുവദിക്കുന്നില്ല. ആര്യസംസ്കാരവുമായുള്ള സംസർഗ്ഗത്തിനുശേഷംമാത്രമേ അതു പിന്നീടു നമുക്കു പ്രത്യക്ഷമാവുന്നുള്ളൂ. ഇക്കാലത്തിനു വളരെ മുമ്പുതന്നെ കേരളഭാഷയും കേരളസംസ്കാരവും വേർപിരിഞ്ഞുകഴിഞ്ഞിരിക്കണം. ആര്യസംസ്കാരത്തിലെ എന്തെല്ലാം വിഭാഗങ്ങളാണു നമ്പൂതിരിബ്രാഹ്മണന്മാരുടെകൂടെ കേരളത്തിലേയ്ക്കു പ്രവേശിച്ചിട്ടുള്ളതെന്നും അറിഞ്ഞുകൂടാ. കാലക്രമേണ തമിഴ്നാട്ടുവരെ എത്തിച്ചേർന്ന സംസ്കൃതനാട്യശാസ്ത്രപ്രോക്തമായ അഭിനയരീതി പെരുമാക്കന്മാരുടെകൂടെ കേരളത്തിലേയ്ക്കു സംക്രമിച്ചിരിക്കുവാനും മാർഗ്ഗമുണ്ട്. എങ്ങനെയായാലും, പെരുമാൾവാഴ്ചയോടുകൂടി കേരളത്തിൽ നാട്യവിദ്യയ്ക്ക് അത്ഭുതപൂർവ്വമായ ബഹുമതിയും പുരോഗതിയും സിദ്ധിച്ചുവെന്നുള്ളതു തീർച്ചയാണ്. മഹാകവി ഉള്ളൂർ പരമേശ്വരയ്യർ അവർകൾ ഒരു പ്രസംഗമദ്ധ്യേ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ഇയൽ (കാവ്യം) ഇചൈ (ഗാനം) നാടകം ഇവ മൂന്നും ചേർന്നുള്ളതാണു മുത്തമിഴ്. ഇവയിൽ ചേരർ നാടകത്തമിഴും, പാണ്ഡ്യർ ഗാനത്തമിഴും, ചോളർ കാവ്യത്തമിഴും പ്രധാനമാണെന്നു മേൽപറഞ്ഞ ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. അതാകുന്നു ചാക്യാർക്കൂത്തിന് ഇതരദേശങ്ങളെ അപേക്ഷിച്ചു കേരളത്തിൽ പ്രചാരം പ്രചുരമാകുവാൻ കാരണം. ക്രി: പി: 993-ൽ രാജരാജചോളൻ കേരളം ജയിച്ചതിനുമേൽ തഞ്ചാവൂർക്ഷേത്രത്തിലും ഈ കൂത്തിനുവേണ്ട ഏർപ്പാടു ചെയ്തതായി കാണുന്നു. ബൗദ്ധമതാനുയായികളുടെ പ്രാബല്യം പാണ്ഡ്യരാജ്യത്തിനു വർദ്ധിച്ചതോടുകൂടി അവിടെനിന്നു ഗാനം ബഹിഷ്കൃതമാകയും, അതും കേരളത്തെത്തന്നെ അഭയംപ്രാപിക്കുകയുംചെയ്തു. കാനക്കുറത്തി, പുറനീര്, ഇന്ദിശ (ഇന്നിശൈ) ഇന്ദളം (ഇന്നളം) മുതലായ പ്രാചീനങ്ങളായ ദ്രാവിഡദേശീയ ഗാനങ്ങൾക്ക് ഇപ്പോൾ കേരളത്തിൽമാത്രമേ പ്രചാരമുള്ളൂ". (43) ഇപ്പറഞ്ഞതു് എത്രയും വാസ്തവമാണ്. ദ്രാവിഡചക്രവർത്തികൾ കൂത്ത്, ദാസിയാട്ടം മുതലായ നാട്യകലാപ്രദർശനങ്ങൾക്കുവേണ്ടി വളരെ ധനം ചെലവഴിച്ചിരുന്നതായി മദിരാശിഗവർമ്മെണ്ടിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രാചീനശിലാരേഖകൾ (44) നോക്കിയാൽ അറിയാം. ഇത്രയും പറഞ്ഞതുകൊണ്ട്, കേരളത്തിൽ ഇന്നു കാണുന്ന ഉൽകൃഷ്ടനാട്യ

(43) തിരുവയ്യൂർ സാഹിത്യപരിഷത്തിലെ അദ്ധ്യക്ഷപ്രസംഗം—
പരിഷത്ത്ത്രൈമാസികം പു. 2. ലക്കം 4.

(44) Madras Epigraphic Reports.

രീതികളെല്ലാം തമിഴരിൽനിന്ന് അങ്ങനെതന്നെ കടംവാങ്ങിയതാണെന്നു ഞാൻ വിവക്ഷിക്കുന്നതായി ആരും തെററിദ്ധരിച്ചുപോകരുത്. നേരെമറിച്ച്, അവരുടേയും നമ്മുടെയും കുടുംബസ്വത്തല്ലാത്ത ഈ കലകൾക്കു മാററക്കം വരുത്തുവാൻ സാധിക്കാത്ത പരിഷ്കാരങ്ങൾ കേരളീയശാസ്ത്രങ്ങളിൽനിന്നു സിദ്ധിച്ചിട്ടുണ്ടെന്നു നമുക്ക് അഭിമാനിക്കാവുന്നതാണ്. കലാവിദ്യകൾ ആകാശമാർഗ്ഗേന സഞ്ചരിക്കുവാൻ സാധിക്കാത്തവയായതുകൊണ്ട്, അവയ്ക്കു കേരളത്തിൽ എത്തിച്ചേരുവാൻ അതിന്റെ അയൽനാട്ടിൽക്കൂടി വരേണ്ടിവന്നതാകയാൽ, അസ്ഥാനസ്ഥിതമായ സ്വദേശാഭിമാനംകൊണ്ട് ആ മാർഗ്ഗത്തെ മൂടിക്കളവാൻ ആരും പ്രയത്നിക്കേണ്ടതില്ല. മനോഹരമായ നാട്യകലാവൃക്ഷത്തിന്റെ ബീജങ്ങളെ ഈ സുക്ഷേത്രത്തിൽ നട്ടുകയോ വളർത്തുകയോ ചെയ്ത രാജാധിരാജന്മാരെ നന്ദിപൂർവ്വം സ്മരിക്കേണ്ടതു നമ്മുടെ ധർമ്മവുമാണ്.

തമിഴർ ശാന്തിക്കൂത്തെന്നു വിളിച്ചുവന്നിരുന്ന ഈ നാട്യരീതികളിൽ ഇപ്പോൾ അവശേഷിച്ചുകാണുന്നതു പ്രധാനമായി തമിഴ്നാട്ടിലെ തെരുവുക്കൂത്തും, ആന്ധ്രദേശത്തെ വീഥിനാടകവും, കർണ്ണാടകത്തിലെ ബയലാ(ബയലാ)ട്ടവും, കേരളത്തിലെ കഥകളിയും ചാക്യാർകൂത്തും, കേരളത്തിലും തമിഴ്നാട്ടിലും കാണുന്ന മോഹിനിയാട്ടവുമാകുന്നു. പ്രകൃതിനിയമമനുസരിച്ചുള്ള പരിണാമക്രമത്തോടുകൂടി ഓരോ പ്രദേശത്തും ജനിച്ചുവളർന്നുകൊണ്ടുള്ള സാദൃശ്യമല്ല ഇവയിൽ ദൃശ്യമാവുന്നത്. നാട്യസ്വരൂപത്തിലും നടനവിധികളിലും ഇവയ്ക്കു ഒരൊന്നിനോടും തമ്മിലും, വിശേഷിച്ച് ഇവയ്ക്കെല്ലാറ്റിനും ഭാരതീയനാട്യശാസ്ത്രത്തിനോടും, ആഭ്യന്തരമായും ബാഹ്യമായും കാണുന്ന യോജിപ്പു നോക്കിയാൽ ഇവയെല്ലാം ഒരു വൃക്ഷത്തിന്റെ ശാഖകളാണെന്നു സ്പഷ്ടമാവും. അതതുദേശക്കാരുടെ സ്വാഭാവികരുചിഭേദം, കർമ്മകുശലതയ്ക്കും, മാനസികസംസ്കാരത്തിനും അനുസരിച്ചു വ്യത്യാസങ്ങൾ മാത്രമേ അവയ്ക്കു തമ്മിലുള്ളു. പക്ഷേ, തമിഴരുടെ തെരുവുക്കൂത്തും കേരളത്തിലെ കഥകളിയും കലാതലത്തിന്റെ ഒരേപടിയിൽ നില്ക്കുന്നവയാണെന്ന്—കഥകളി കണ്ടതിനുശേഷമാണോ എന്നറിഞ്ഞുകൂടാ— ഒരു തമിഴ്പണ്ഡിതന്റെ ദൃഷ്ടിക്കു തോന്നിയതു, മുമ്പുപറഞ്ഞ സ്വദേശസ്നേഹമാകുന്ന തിമിരബാധിച്ചതുകൊണ്ടുതന്നെ ആയിരിക്കണം.

ചിലപ്പതികാരവ്യാഖ്യാനത്തിൽ വിവരിച്ചുകാണുന്ന അഭിനയവും, മെയ്ക്കൂത്തും, നാടകവും, കേരളത്തിൽ പ്രത്യക്ഷമാവുന്നതു യഥാക്രമം മോഹിനിയാട്ടവും (കേരളീനൃത്തം) കഥകളിയും കൂടിയാട്ടവുമായിട്ടാണ്. സൂക്ഷ്മമായ പൗർവ്വാപര്യക്രമത്തോടുകൂടി ഇവയുടെ ആഗമ

ഒന്നു നിർണ്ണയിക്കുവാൻ സാദ്ധ്യമല്ലെങ്കിലും, എല്ലാം ഏകദേശം ഒരുകാലത്തു തന്നെ വന്നതാണെന്നു വിചാരിക്കുന്നതിൽ വലിയ അബദ്ധമുണ്ടാവുന്നതല്ല. തമിഴ്നാട്ടിൽ അവയ്ക്കുള്ള പ്രാധാന്യത്തെ അടിസ്ഥാനപ്പെടുത്തുമ്പോൾ മോഹിനിയാട്ടം, കൂടിയാട്ടം, കഥകളി എന്ന ക്രമം വിവക്ഷിക്കേണ്ടിവരും.

നാട്യശാസ്ത്രപ്രോക്തങ്ങളായ നിയമങ്ങൾക്കനുസരിച്ചു നിർവ്വഹിക്കുവന്ന ലാസ്യപ്രയോഗമാണു മോഹിനിയാട്ടം. ഇതിവൃത്തംകൂടാതെ പാട്ടുകളുടെ അർത്ഥം കൈമുദ്രകൾകൊണ്ടുകാണിച്ചു് അഭിനയിക്കുന്നതാണു് 'അവിനയക്രമത്തെ'ന്നു് അടിയാർക്കുനല്ലാർ ഉരയിൽ പറഞ്ഞിരിക്കുന്നു. (45). മാളവികാഗ്നിമിത്രം മുതലായ സംസ്കൃതഗ്രന്ഥങ്ങളിൽ വിവരിച്ചുകാണുന്നതും ഈ ലാസ്യനൃത്തത്തെ തന്നെയാണു്. തമിഴ്രാജ്യത്തു വളരെക്കാലം മുമ്പുതന്നെ ഇതു പ്രചാരത്തിലിരുന്നതായി വിചാരിക്കണം. ക്രി: പി: പതിനൊന്നാം ശതകത്തിൽ മുന്നൂറോളം നർത്തകികളെ ഒരു മഹാരാജാവു തഞ്ചാവൂർ ക്ഷേത്രത്തിലേയ്ക്കു ദാനം ചെയ്തതായി രേഖയുണ്ടു്. പക്ഷെ, ദേവദാസികളുടെ കയ്യിൽപ്പെട്ടു ക്ഷേത്രങ്ങളുടെ മതിലുകളിൽ കടങ്ങി നിശ്ശബ്ദമായ് നിർവ്വഹിക്കാത്ത ഒരു ചടങ്ങായിത്തീർന്നതിനോടൊപ്പം അതിൽ കർത്തൃദോഷവുംകൂടി ആരോപിക്കപ്പെട്ടപ്പോൾ മനോഹരമായ ഈ അഭിനയം നാശോന്മുഖമായിപ്പരിണമിച്ചു. ചില കലാസ്നേഹികളുടെ അത്യുത്സാഹത്താൽ അതു 'ഭരതനാട്യ'മെന്ന പുതിയ പേരോടുകൂടി പുനർജ്ജീവിച്ചു തമിഴ്നാട്ടിൽ തലയുയർത്തിത്തുടങ്ങിയിരിക്കുന്നു.

കേരളത്തിലാകട്ടെ, കലാവതികളായ നായർസ്ത്രീകളുടെ ഹസ്തങ്ങളിൽക്കിടന്നു് അതു് അടുത്തകാലംവരെ ജീവിച്ചു. ഭാഗ്യവശാൽ 'കേരളകലാമണ്ഡല'ക്കാർ അതിനെ ശ്മശാനത്തിൽ നിന്നും തിരഞ്ഞെടുത്തു്, സ്നേഹാമൃതത്തിൽ കളിപ്പിച്ചു ജീവൻ നല്കി, സംസ്കാരമന്ത്രത്താൽ ശുദ്ധിവരുത്തി, കേരളീയനൃത്തമെന്ന നാമകരണവും ചെയ്തു്, പഴയ സൗന്ദര്യത്തിന്റെ ഒരു ചെറിയ ഭാഗമെങ്കിലും ഇന്നു സംരക്ഷിച്ചുപോരുന്നു. 'കവികളുണ്ടാക്കിയ' പാട്ടുകളാണു് ഇതിൽ ഇപ്പോൾ ഉപയോഗിച്ചുകാണുന്നതു്. കേരളീയരുടെ കലാരസികതയും കർമ്മകുശലതയും കാരണം തമിഴരുടെ അഭിനയത്തെക്കാൾ നമ്മുടെ മോഹിനിയാട്ടത്തിനു പലവിധ പരിഷ്കാരങ്ങളും വന്നു ചേർന്നിട്ടുണ്ടു്. ചൊല്ക്കെട്ടു്, വർണ്ണം ചവുട്ടുക, പ

(45) "അവിനയം കരണം തീർവഴിപ്പാട്ടിന്റെ പൊരുൾക്കൈകാട്ടി വല്ലഭം ചെയ്യും പല വകൈക്കൂത്തു".

ഠം, കൈകൊട്ടിക്കളി, കുറത്തി, സംഘം ചവുട്ടുക, ഇങ്ങനെയാണു് ഇതിൻെറ ഇപ്പോഴത്തെ ക്രമം. ഇതിൽ കൈകൊട്ടിക്കളി, കുമ്മിമുതലായതു്, കൂട്ടിച്ചേർത്തതാണെന്നു പറയേണ്ടതില്ലല്ലോ. തമിഴരുടെ ദീമതത്തിലുള്ള നൃത്തം കേരളത്തിൽ വൃത്തത്തിലാക്കിയതുകൊണ്ടു് അവക്കു് ഇരുപതുവാര വരെ സ്ഥലം വേണമെങ്കിൽ ഇവിടെ കൂടിയതു മൂന്നുവാരമാത്രമായി. കേരളത്തിലെ പ്രത്യേകമായ ആര്യസംക്രമത്തിൻെറ ഫലമായിരിക്കാം മെയ്സ്വാധീനവും തന്മൂലമുള്ള വിന്യാസസൌകുമാര്യവും മോഹിനിയാട്ടത്തിൽ അധികമായി കാണുന്നതു്. ഹസ്തമുദ്രകളുടെ വിസ്താരത്തിലും ദൃഷ്ടിവിക്ഷേപസാമർത്ഥ്യത്തിലും മോഹിനിയാട്ടം കഥകളിക്കാണു കടപ്പെട്ടിട്ടുള്ളതു്. ഭരതനാട്യത്തിൽ ശാന്തവും വീരവുമാണു പ്രധാനമെങ്കിൽ, മോഹിനിയാട്ടത്തിൽ ശൃംഗാരത്തിനാണു മുഖ്യസ്ഥാനം. ചുരുക്കത്തിൽ, കേരളീനൃത്തം ഇന്നു തനികേരളീയമായിട്ടു തന്നെയാണു സ്ഥിതി ചെയ്യുന്നതു്.

കൂടിയാട്ടം ആദ്യം മുതല്ക്കുതന്നെ ക്ഷേത്രസന്നിധിയിൽ ഒരു മാന്യസ്ഥാനത്തു കൂടിയതിനാൽ സംസ്കൃതചിത്തന്മാരും പണ്ഡിതന്മാരുമായ കേരളബ്രാഹ്മണരുടെ മാമൂൽപ്രതിപത്തി ഉയർച്ചയില്ലെങ്കിലും താഴ്ചവരാതെ ഇതുവരെ അതിനെ കാത്തുരക്ഷിച്ചു. പ്രാചീനരീതിയിലുള്ള നാടകാഭിനയം തന്നെയാണു കൂടിയാട്ടത്തിൻേറയും മാതൃക. ആംഗികം, വാചികം, സാത്വികം, ആഹാര്യം എന്ന ചതുർവ്വിധാഭിനയങ്ങളും യോജിച്ചിരിക്കുകകൊണ്ടു് കൂടിയാട്ടം വാക്യാർത്ഥാഭിനയം അഥവാ രസാഭിനയമെന്ന പരിപൂർണ്ണനാട്യമാണു്. വാസ്തവത്തിൽ, വാചികാഭിനയം മാത്രമായിട്ടല്ല, പ്രാചീനകാലത്തു സംസ്കൃതനാടകങ്ങളും അഭിനയിച്ചിരുന്നതു്. നാട്യത്തിൽ നടനകലയുടെ എല്ലാ അംഗങ്ങളും ചേർന്നിരിക്കണം.

"കണ്ഠേനാലംബയേൽ ഗീതം ഹസ്തേനാർത്ഥം പ്രദർശയേത്
ചക്ഷുർഭ്യാം ദർശയേൽ ഭാവം പാദാഭ്യാം താളമാചരേത്".
(അഭിനയദർപ്പണം)

എന്ന വചനംകൊണ്ടു്, പരിപൂർണ്ണമായ നടനകല നൃത്തനൃത്യാഭിനയങ്ങളുടെ സമ്മിശ്രണമാണെന്നു സ്പഷ്ടമാവുന്നുണ്ടല്ലോ. പോരെങ്കിൽ,

"മധുരോദ്ധതഭേദേന തദ്ദ്വയം ദ്വിവിധം പുനഃ
ലാസ്യതാണ്ഡവരൂപേണ നാടകാദ്യുപകാരകം".
(ദശരൂപകം.)

എന്നകാരികകൊണ്ടു നൃത്തവും നൃത്യവും 'നാടകാഭ്യുപകാരക'മാണെന്നു ധനഞ്ജയൻ വിളിച്ചുപറയുന്നു. നൃത്യത്തിലെപ്പോലെയുള്ള ഭാവങ്ങളും മുദ്രകളും സന്ദൎഭാനുസൃതമായി വാചികത്തെ സഹായിക്കേണമെന്നു് അന്നു നിൎബ്ബന്ധമായിരുന്നുവെന്ന കാൎയ്യം പഴയ നാടകഗ്രന്ഥങ്ങളിൽക്കാണുന്ന അഭിനയവിവരണംകൊണ്ടു് അറിയാവുന്നതാണു്. പക്ഷെ, കൂടിയാട്ടത്തിൽ ആംഗികം കുറച്ചു കൂടിപ്പോയതു് എന്തുകൊണ്ടാണെന്നു മനസ്സിലാവുന്നില്ല.

ആഢ്യബ്രാഹ്മണൎക്കു് അപഹാസ്യമായും സാധാരണന്മാൎക്കു ദുൎഗ്രഹമായുംതീൎന്ന കഥകളി അല്ലെങ്കിൽ 'ആട്ട'ത്തിന്റെകഥയാണു കുറേ കാലത്തേയ്ക്കു പരുങ്ങലിലായതു്. പെരുമാറ്റംവാഴ്ച്ചയ്ക്കുശേഷമുണ്ടായ ഭാഗം പിരിക്കലിലും തട്ടിപ്പറിയിലും പെട്ടു്, പുറമെകിടന്നു ജീവിക്കേണ്ടിയിരുന്ന കഥകളിക്കു കുറെക്കാലം തലപൊക്കുവാൻ വയ്യാതെ അടങ്ങിക്കിടക്കേണ്ടിവന്നു. കൗതുകപ്രദമായ ഈ ആട്ടത്തിന്റെ പേരിൽ കരുണതോന്നിയ സാമൂതിരിമഹാരാജാവു കൃഷ്ണകഥകൊണ്ടും, കൊട്ടാരക്കര തമ്പുരാൻ രാമായണകഥകൊണ്ടും അലങ്കരിച്ചതുമുതൽ ശുക്രദശയിലേയ്ക്കു കാലൂന്നിയ അതിനു്, കോട്ടയത്തരചന്റെ നാട്ടിൽ ആട്ടക്കഥയായി ഉയൎച്ചവന്നതോടുകൂടി കേരളത്തിൽ നിലയുറച്ചു. ആത്മത്യാഗപരായണന്മാരായ ആ അവസാനനാഥന്മാരുടെ ആത്മാവുകൾക്കു നാം നിത്യശാന്തി പ്രാൎത്ഥിക്കുക. മഹാകവി വള്ളത്തോൾ കലാമണ്ഡലത്തിലിരുന്നു ഹൃദയപൂൎവ്വകം പൂജിച്ചുതുടങ്ങിയതോടുകൂടി ആട്ടക്കഥയ്ക്കു് അടുത്തകാലത്തു വന്നുചേൎന്ന ശനിദശയുടെ ശക്തി ക്ഷയിച്ചു് അതിന്റെ നിൎമ്മലയശസ്സു ദിഗന്തരങ്ങളിലും വ്യാപിച്ചുതുടങ്ങിയിരിക്കുന്നു.

രാമനാട്ടത്തിന്റെ ആവിൎഭാവത്തിനുമുമ്പു കഥകളിപ്രസ്ഥാനം തന്നെ ഉണ്ടായിരുന്നില്ലെന്നു വിശ്വസിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല. ലാസ്യനൃത്യമാകുന്ന മോഹിനിയാട്ടത്തിനും, നാടകാഭിനയമാകുന്ന കൂടിയാട്ടത്തിനും, അതിപ്രാചീനകാലത്തുതന്നെ ഇവിടെ പ്രവേശം ലഭിക്കാമെങ്കിൽ, താണ്ഡവനൃത്യമായ കഥകളിക്കുമാത്രം വല്ല നിരോധന ഉത്തരവുമുണ്ടോ? അഭിനയരീതിയിലും നാട്യവിഭാഗത്തിലും കഥകളിയോടു വളരെ അടുത്തുനില്ക്കുന്നതും അയൽദേശങ്ങളിൽതന്നെ ഉള്ളവയുമായ കൎണ്ണാടകത്തിലെ യക്ഷഗാനം, തമിഴ്‌രാജ്യത്തെ തെരുക്കൂത്തു് എന്നിവ വളരെക്കാലം മുമ്പുതന്നെ നിലവിലിരിക്കുന്നതായും കാണുന്നു. യക്ഷഗാനം ചുരുങ്ങിയതു നാനൂറുകൊല്ലങ്ങൾക്കുമുമ്പു് നിലവിലുണ്ടായിരുന്നതായി ലക്ഷ്യങ്ങളുണ്ടു്. (46) വേഷവിധാനത്തിലും അഭിനയസ

(46) See Yakshagana–By Dr. V. Raghavan P.

മ്പ്രദായത്തിലും ഇതും കഥകളിയും ഒന്നുതന്നെയാണെന്നുവേണം പറയുവാൻ. പോരെങ്കിൽ, രാമനാട്ടം കൃഷ്ണനാട്ടത്തിനു പിമ്പുണ്ടായതാണെന്നതിനു വിശ്വാസയോഗ്യമായ തെളിവ് ഇതുവരെയും ആരും ഹാജരാക്കിയിട്ടില്ല. കൃഷ്ണനാട്ടത്തിൽ നിന്നാണു രാമനാട്ടമുത്ഭവിച്ചതെന്ന് എഴുതുന്ന പേനകൊണ്ടുതന്നെ, രാമനാട്ടത്തിൽ ആദ്യകാലത്തു പാളയിൽ ചിത്രമെഴുതി മുഖത്തുവെച്ചുകെട്ടുക ഇടങ്ങിയ വികൃതവിദ്യകളാണു സ്വീകരിച്ചതെന്നും പറഞ്ഞുകാണുന്നു. അനുകാൎയ്യവസ്തുവായ കൃഷ്ണനാട്ടത്തിൽത്തന്നെ ശരിയായ വേഷവിധാനം കിടക്കുമ്പോൾ ബുദ്ധിയുള്ളവരാരെങ്കിലും ഇങ്ങനെ വികൃതവേഷം കെട്ടിക്കുവാൻ തുനിയുമോ? മറെറാന്നിനെ സ്വീകരിക്കുമ്പോൾ കുറെ വൈരൂപ്യംകൂടി വരുത്തി സ്വീകരിക്കുകയെന്നതു മനുഷ്യപ്രകൃതിക്കും കലാപരിണാമക്രമത്തിനും യോജിച്ചതാണോ? അഷ്ടപദിയാട്ടത്തിൽനിന്നു കൃഷ്ണനാട്ടമുണ്ടായെന്നു പറയുന്നതുപോലെതന്നെ അസംബന്ധമായ അഭ്യൂഹമാണു കൃഷ്ണനാട്ടത്തിൽനിന്നു കഥകളിയുണ്ടായി എന്നതും. അതിനാൽ, 'ആട്ട'മെന്നു പറഞ്ഞുവന്നിരുന്ന താണ്ഡവനൃത്യം കേരളത്തിൽ പ്രാചീനകാലംമുതല്ക്കേ ഉണ്ടായിരുന്നുവെന്നും, അൎവ്വാചീനസാഹിത്യഗ്രന്ഥങ്ങളുടെ ആവിൎഭാവത്തോടുകൂടി പണ്ടുകാലത്തു അതിനായി ഉപയോഗിച്ചിരുന്ന നാട്യസാഹിത്യം നമുക്കു നഷ്ടമായിപ്പോയെന്നും മാത്രമേ ഊഹിക്കുവാൻ വഴിയുള്ളു. മുമ്പുണ്ടായിരുന്ന ആ ആട്ടത്തിൽ കൃഷ്ണകഥ കൂട്ടിച്ചേൎത്തപ്പോൾ കൃഷ്ണനാട്ടവും, രാമകഥ ചേൎത്തപ്പോൾ രാമനാട്ടവും, അഷ്ടപദിയായപ്പോൾ അഷ്ടപദിയാട്ടവും ഉണ്ടായി എന്നുമാത്രം. ഭാരതകഥ മുഴുവൻ ഘടിപ്പിക്കുവാൻ സാധിക്കാതെ കോട്ടയത്തുതമ്പുരാൻ പരമഗതിപ്രാപിച്ചിരുന്നില്ലെങ്കിൽ, പക്ഷേ, ഒരു ഭാരതമാട്ടവുംകൂടെ നമുക്കു ലഭിക്കുമായിരുന്നു. ഒരു പ്രത്യേകഗ്രന്ഥസമൂഹത്തെ സംബന്ധിച്ചല്ലാതെ പലരും പല കഥകളും കൂട്ടിച്ചേൎത്തപ്പോൾ 'ആട്ടക്കഥ' അല്ലെങ്കിൽ 'കഥകളി' എന്നു സാമാന്യനാമവുമായി. കഥകളിയുടെ ഒരു വകഭേദമെന്ന നിലയിൽ കേരളത്തിലെ വാലസമുദായം കളിച്ചുപോരുന്ന അഭിനയത്തിനെ 'ആട്ടംകളി'യെന്നാണു വിളിക്കുന്നതെന്നും സ്മരിക്കേണ്ടതുണ്ട്.

കേരളീയജനതയുടെ അഭിമാനസ്തംഭമാണു കഥകളി. 'ലോകം മുഴുവൻ ചുററി മലയാളത്തിൽ ചെല്ലുന്നതിനുള്ള അതിപ്രയത്നം കഥകളികണ്ടാൽ സഫലമായിക്കൊള്ളു'മെന്നാണു സുപ്രസിദ്ധനാൎത്തകനായ ഉദയശങ്കർ അമേരിക്കക്കാരോട് ഉപദേശിച്ചിട്ടുള്ളത്. പാശ്ചാത്യപൗ

രസ്സപ്രദേശവ്യത്യാസംകൂടാതെ കലാപ്രണയികളെ കേരളത്തിലേയ്ക്കു് ആകർഷിച്ചുവരുത്തുന്നതിൽ കഥകളിക്കാണു് ഇന്നു പ്രഥമസ്ഥാനം. നാട്യത്തിലും നാട്യസാഹിത്യത്തിലും ക്രമേണ പരിഷ്കാരങ്ങൾവന്നുകൂടി കഥകളിപ്രസ്ഥാനം പൂർവ്വാധികം പ്രശോഭിച്ചപ്പോൾ, ജനസാമാന്യത്തിന്റെ ദൃഷ്ടി കൂടിയാട്ടത്തിൽനിന്നും ആട്ടക്കഥയിലേയ്ക്കു തിരിഞ്ഞു. അതിനു ചില പ്രത്യേക കാരണങ്ങളുമുണ്ടായിരുന്നു. ഒന്നാമതായി കൂടിയാട്ടത്തിൽ ക്രമേണ ചടങ്ങുകൾ വർദ്ധിപ്പിച്ചുവന്നതിനാൽ ഭാവോല്ലാസത്തെ അഭിനയഭാഗവും വളരെ ചുരുങ്ങിപ്പോയി. മദിരാശിയിലെ പൗരസ്ത്യഭാഷാഗ്രന്ഥാലയത്തിൽ സൂക്ഷിച്ചിട്ടുള്ള 'നടാങ്കുശ'മെന്ന ഗ്രന്ഥത്തിൽ ചാക്യാന്മാരുടെ ഈ അനാവശ്യച്ചടങ്ങുകളെപ്പററി കഠിനമായി ആക്ഷേപിച്ചിട്ടുണ്ടു്. മാർ കവിത്വ ഭേദകം കാണിക്കുവാൻ പാടില്ലാത്തതിനാലും, ചൊല്ലിയാട്ടം അപൂർവ്വമായിരുന്നതിനാലും, ആംഗികാഭിനയത്തിനും നൃത്തത്തിനും ഭംഗി പോരാതെവന്നു. ഇതിനെല്ലാററിനും പുറമെ, "നടന്മാർ പണ്ഡിതന്മാരും നടനകലാവിശേഷജ്ഞന്മാരും ചിരതരാഭ്യാസത്താൽ കർമ്മകുശലന്മാരും ആയിരിക്കണം. ദ്രഷ്ടാക്കളും അതുപോലെത്തന്നെ വിദഗ്ദ്ധന്മാരും സഹൃദയന്മാരും നാട്യശാസ്ത്രകോവിദന്മാരും ആയിരിക്കണം......... സ്വൈരവും സമാധാനവും നിമിത്തം വിദ്യാസമ്പാദനക്ലേശം കാലക്ഷേപമാറ്റവും, പാണ്ഡിത്യമത്സരം വിനോദവിഷയവും ആയിരുന്നകാലത്തായിരുന്നു കൂടിയാട്ടത്തിന്റെ ഉത്ഭവവും വളർച്ചയും ഉച്ചാവസ്ഥയും. ആ കാലം മാഞ്ഞുതുടങ്ങിയതോടുകൂടി അമ്മാതിരി രസം അനുഭവിക്കുവാനുള്ള ആളുകളും ചുരുങ്ങിത്തുടങ്ങി." (47) ആട്ടത്തിലും ഹസ്തത്തിലും സൌന്ദര്യംകൂടിയ കഥകളിയിലെ സാഹിത്യം മലയാളികൾക്കെല്ലാം മനസ്സിലാക്കുവാൻ സാധിക്കുന്നതാകയാൽ ജനദൃഷ്ടി ആ ഭാഗത്തേയ്ക്കു തിരിഞ്ഞു. പക്ഷെ, "കാലാന്തരത്തിൽ പ്രയത്നസാദ്ധ്യമായ പ്രയോഗകൗശലത്തിനും രസാനുഭവത്തിനും സാധാരണലോകം ഇണങ്ങാതെയും, പരിഷ്കൃതമനഃസ്ഥിതി സഭ്യാസഭ്യവിഷയങ്ങളെ നടപ്പനുസരിച്ചു വകതിരിക്കുവാൻ ഒരുങ്ങാതെയും വന്നപ്പോൾ കഥകളിയുടെ കഥയും പരുങ്ങലിലായി". (48)

പരിശുദ്ധമായ കൂടിയാട്ടം ജനാഭിരുചിയോടും കാലികജ്ഞാനത്തിനോടുംകൂടിയാടുവാൻ പ്രയാസമായിവന്നു്, ക്ഷേത്രാഡംബരങ്ങളി

(47) സാഹിത്യപരിഷത്തു് ദ്വിതീയസമ്മേളനറിപ്പോർട്ട് — പ്രശ്നക്കുറിപ്പുകൾ — പേ. 223—4.

(48) സാഹിത്യപരിഷത്തു് ദ്വിതീയസമ്മേളനറിപ്പോർട്ട് — പ്രശ്നക്കുറിപ്പുകൾ — പേ. 224.

ലെ ഒരു പ്രധാനാംഗവും ചാക്യാർവംശത്തിന്റെ ഉപജീവനമാർഗ്ഗവും ക്ഷയിച്ചു നശിക്കുമെന്നായപ്പോൾ അതിന്റെ രക്ഷയ്ക്കായി കേരളീയരുടെ ഫലിതസാമർത്ഥ്യം വിദൂഷകവേഷത്തിലവതരിപ്പിച്ചതാണു ചാക്യാർകൂത്തു്. പിന്തിരിഞ്ഞു പുറത്തുപോയവരെ കൂത്തമ്പലത്തിൽ കയററിയിരുത്തുവാൻ ഇതിനു സാധിച്ചുവെങ്കിലും, നേരമ്പോക്കിൽ മതിമറന്ന ജനസമുദായം കാര്യഭാഗത്തെ പൂർവ്വാധികം അവഗണിക്കുകയായിരുന്നു ഇതിന്റെ അവിചാരിതമായ അവസാനഫലം.

ചാക്യാർകൂത്തു നടത്തുവാൻ സാധിക്കാത്ത സ്ഥലങ്ങളിലും കഥാപ്രസംഗംചെയ്തു്, അതിന്റെ പരമോദ്ദേശ്യമായ ധർമ്മോപദേശത്തെ കൂടുതൽ നിർവ്വഹിക്കുവാനായി ചാക്യാരുടെ അനുചരനായ നമ്പ്യാർ പാഠകംപറയുവാനാരംഭിച്ചു. "പുരുഷാർത്ഥചതുഷ്ടയത്തെ സാധിപ്പാനായിക്കൊണ്ടു് അഖിലജഗദാധാരഭൂതനായി സച്ചിദാനന്ദസ്വരൂപനായ ഭഗവാൻ ശ്രീനാരായണന്റെ ശ്രീമത് പാദാരവിന്ദങ്ങളെ ഹൃദയകമലകർണ്ണികാമദ്ധ്യത്തിൽ" വെച്ചു് അവർ അതു് ഇപ്പോഴും വലിയ മുടക്കംകൂടാതെ നിർവ്വഹിച്ചുവരുന്നുണ്ടു്.

നമ്പ്യാരുടെ ഈ അവകാശസമ്പാദനംകൊണ്ടോ ചാക്യാരോടു മത്സരിക്കുവാൻ മതിയാകാതെ വന്നതിനാലാണോ എന്നു തോന്നുമാറു് ഏകദേശം ഇതിനടുത്തകാലത്തുതന്നെ കുഞ്ചൻനമ്പ്യാരുടെ വക തുള്ളലും പുറപ്പെട്ടു. തകഴി ശാസ്താംക്ഷേത്രത്തിലെ 'പടയണി' എന്ന അടിയന്തിരത്തിൽ ഓരോ വേഷക്കാർ പുറപ്പെടുമ്പോൾ ചൊല്ലുവാനായി ആദ്യം ഉദ്ദേശിച്ചിരുന്ന തുള്ളൽപാട്ടുകൾ കാലക്രമേണ മലയാളത്തിലെ ഒരു മുഖ്യവിനോദമായിത്തീർന്നു. പന്ത്രണ്ടുദിവസംനില്ക്കുന്ന ഈ അടിയന്തിരക്കാലത്തുണ്ടാകുന്ന കളികളിൽ പറയൻ, ശീതങ്കൻ, ചോവൻ, പരദേശി എന്നിങ്ങനെ പല വേഷങ്ങളും പുറപ്പെടുന്നു. ശീതങ്കന്റെ കുരുത്തോലയും ഗാനരീതിയും അതിലും കാണുന്നുണ്ടു്. ശീതങ്കൻതുള്ളൽ, പറയൻതുള്ളൽ എന്നൊക്കെയാണു് അതിനും പറയുക;(49) ഈ പടേണിക്കു തുള്ളുവാൻ വേണ്ടി ഉണ്ടാക്കിക്കൊടുത്ത പോക്കഥകളാണു പിന്നീടു തുള്ളലായി രൂപാന്തരപ്പെട്ടതു്.

"ഭടജനങ്ങളുടെ നടുവിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതം വരൂ."

---

(49) വിദ്യാവിനോദിനി-പു 12 ല. 9. P. P. 394—5

എന്നു നമ്പ്യാർ സഭാപ്രവേശംതുള്ളലിൽ പറഞ്ഞിരിക്കുന്നതും ഈ പടയണിയടിയന്തിരത്തെക്കുറിച്ചാണെന്നുള്ളതിനു സംശയമൊന്നുമില്ല. വെറും സേനാപംക്തിയെന്നു ഉദ്ദേശിച്ചിരുന്നുള്ളുവെങ്കിൽ 'ഭടജനങ്ങളും' എന്നും 'പടയണി' എന്നുമുള്ള പുനരുക്തി ആവശ്യമുണ്ടാകുമായിരുന്നോ? നമ്പ്യാരുടെ തുള്ളലുകളിലുള്ള പേക്കഥകൾ മാററിവെച്ചാലും കഥാഗതിക്കു യാതൊരു ഹാനിയും സംഭവിക്കുന്നതല്ലെന്നുള്ളതും സ്മരണീയമാണു്. അതുകൊണ്ടു് ഈ പേക്കഥകൾമാത്രം ആദ്യം ഉണ്ടാക്കിയെന്നും, പിന്നീടു് രാമകഥയിലും അതു യോജിപ്പിച്ചുവെന്നും, ഈ പ്രസ്ഥാനത്തിന്റെ പ്രചാരത്തോടുകൂടി അതിനു ക്ഷേത്രത്തിലേയ്ക്കു പ്രവേശം സിദ്ധിച്ചുവെന്നും വിചാരിക്കുവാനാണു ന്യായം. പേക്കഥകൾ മാത്രമായി നമ്പ്യാർ ഉണ്ടാക്കിയിട്ടുള്ള ചില തുള്ളലുകൾ അറിയാവുന്നവർ ഇപ്പോഴുമുണ്ടു്. നമ്പ്യാരുടെ ശിഷ്യപരമ്പരയായി തകഴിയെന്നും മാത്തൂരെന്നും രണ്ടുവക തുള്ളൽക്കാരെ ഇപ്പോഴും കാണുമാറുണ്ടു്. ഇവരിലോരോരുത്തർക്കും മുപ്പത്തിരണ്ടു തുള്ളൽക്കഥകൾവീതം ഉണ്ടാക്കിക്കൊടുത്തുവെന്നാണു കേൾവി. പഴയ പേക്കഥകളെല്ലാം നമ്പ്യാർ അപ്പോൾ ഉപയോഗപ്പെടുത്തിയിരിക്കാം.

അമ്പലപ്പുഴക്ഷേത്രത്തിലെ ചാക്യാർക്കൂത്തിനു കലാശൻനമ്പ്യാർ മിഴാവുകൊട്ടിയതിൽ പിഴപററിയെന്നും, അതിനു ചാക്യാർ പ്രബന്ധം പറയുന്നതിനിടയ്ക്കു നമ്പ്യാരെ കലശലായി കലശൽകൂട്ടിയെന്നും, ഉടനെതന്നെ നമ്പ്യാർ ഇറങ്ങിപ്പോയി തുള്ളൽപ്രസ്ഥാനവും സൃഷ്ടിച്ചു തിരുമുററത്തുവന്നു കൂത്തമ്പലത്തിലിരുന്നവരെ ആകർഷിച്ചുവരുത്തി ചാക്യാരോടു പകപോക്കിയെന്നുമാണു് ഇന്നു പരക്കെയുള്ള വിശ്വാസം. കാവ്യരീതിക്കും കലാരീതിക്കും ഇത്ര ക്ഷണത്തിൽ നവത്വം കൈവരുമെങ്കിൽ സാഹിത്യവും കലയും ഇപ്പോൾ എവിടെ എത്തുമായിരുന്നു! പരിണാമദശകളെ തരണംചെയ്യാതെ പരിപൂർണ്ണമായ സ്വരൂപത്തെ പ്രാപിക്കുവാൻ ലോകത്തിൽ യാതൊന്നിനുംതന്നെ സാധിക്കുന്നതല്ല. അതങ്ങു പോകട്ടെ. ചാക്യാർക്കൂത്തിനെ തോല്പിക്കുവാൻ പുറപ്പെട്ടവർക്കു ക്ഷേത്രസങ്കേതത്തിൽ സ്ഥലമനുവദിക്കുവാൻ ബ്രാഹ്മണശക്തി ഒരുകാലത്തും ഒരുങ്ങുകയില്ല. ഇതിനുംപുറമെ, തുള്ളൽക്കഥയുടെ തള്ളിച്ചകൊണ്ടു ചാക്യാർക്കൂത്തിനു ക്ഷതം പററിയിട്ടുണ്ടെന്നു് ഇതുവരെ ആരും തെളിയിച്ചിട്ടുമില്ല. കൂത്തും തുള്ളലും കൂടിയോജിച്ചുകൊണ്ടുതന്നെയാണു് ഇപ്പോഴും കഴിഞ്ഞുവരുന്നതു്. ചാക്യാർക്കൂത്തിലുള്ള രസം തുള്ളൽക്കഥയിൽനിന്നു ലഭിക്കുമെന്നു രസികന്മാരായ മലയാളികൾ വിചാരിക്കുവാനും പ്രയാസമാണു്. കൂടിയാട്ടത്തെക്കുറിച്ചാണു് ഇതു പറഞ്ഞി

ഞനാദത്തിൽ, പാമരന്മാരുടെ കാര്യത്തിലെങ്കിലും പക്ഷെ സമ്മതിച്ചു കൊടുക്കാമായിരുന്നു. ഇരുട്ടുള്ള രാത്രിയല്ലാത്തതുകൊണ്ട് ആ ന്യായത്തിനും അവകാശമില്ല. ഇക്കാരണങ്ങളാൽ പ്രസ്തുത ഐതിഹ്യം ചിന്തയുടെ സന്നിധിയിൽ അസ്വീകൃതമായിത്തീരുന്നു. തുള്ളലിനെയും കഥകളിയെയും സൃഷ്ടിക്കുവാൻവേണ്ടി തൊഴിലുകാരായ നമ്പ്യാരും ചാക്യാരും തമ്മിലും, നാടിനുടയവരായ കുന്നലക്കോനും കൊട്ടാരക്കരത്തമ്പുരാനും തമ്മിലും മത്സരിക്കേണ്ടിവന്നു. ചുരുക്കത്തിൽ, കലോപജീവികൾ കലഹോപജീവികളായി. അല്ലെങ്കിലെന്തിന്? വ്യത്യസ്തകാലങ്ങളിൽ ജീവിച്ചവരായ കുഞ്ചൻനമ്പ്യാരെയും ഉണ്ണായിവാരിയരെയും ഒരുമിച്ചുനിറുത്തി 'തർക്കതരം' പറയിച്ചു രസിച്ചുവന്നവനാണല്ലോ മലയാളി!

തുള്ളലിനെ ഉത്തമമായ ഒരു ദൃശ്യകാവ്യവിഭാഗമായി ഗണിക്കുവാൻ പാടുള്ളതല്ല. ചൊല്ലിത്തീർക്കുന്ന വേഗത്തിലാകയാൽ ഹസ്തമുദ്രകൾ വിധിപ്രകാരം വിസ്തരിച്ചുകാണിക്കുവാനോ ശ്ലോകങ്ങൾ തന്മയത്വത്തോടുകൂടി അഭിനയിക്കുവാനോ സാധിക്കുകയില്ല. അങ്ങനെ തുള്ളലിലെ കവിതാരീതിക്കല്ലാതെ അതിന്റെ പ്രകടനസമ്പ്രദായത്തിന്ന് വലിയ തന്മയത്വമില്ലാത്തതിനാൽ അച്ചടിയന്ത്രത്തിന്റെ പ്രചാരത്തോടുകൂടി അതിന്ന് അല്പം ചില ഉത്സവങ്ങളിൽമാത്രം അഭയംപ്രാപിച്ചു ജീവിക്കേണ്ടിവന്നിരിക്കുന്നു.

കൂടിയാട്ടത്തിന്റെ സന്താനമെന്നും കൃഷ്ണനാട്ടത്തിന്റെ ജനനിയെന്നും കേരളീയർ ഇതുവരെ ധരിച്ചുവന്നിരുന്ന അഷ്ടപദിയാട്ടം, വാസ്തവത്തിൽ പൂയംതിരുനാൾ ശ്രീവാസുദേവനെന്ന ഇടപ്പിള്ളിരാജാവിന്റെ കല്പനപ്രകാരം തദാശ്രിതനായ ഒരു രാമവർമ്മതിരുമുൽപ്പാട്", ജയദേവനിർമ്മിതമായ ഗീതഗോവിന്ദത്തെ 'കഥകളിമാതിരി നാട്യാനുഗുണമാക്കി' കൊല്ലവർഷം 1019-ൽ അരങ്ങേറ്റം കഴിപ്പിച്ചതാണെന്ന്", ഒരു കൊല്ലം മുൻപ് എനിക്കു കാണുവാൻ ഇടവന്ന അതിന്റെ ആട്ടപ്രകാരത്തിൽ ഖണ്ഡിതമായി പ്രസ്താവിച്ചിരിക്കുന്നു. 'ഇതിന്റെ മട്ടുകൾ ശിക്ഷാവാദം കഥകളിപോലെതന്നെ ആകുന്നു'വെന്ന് അതിൽ എടുത്തുപറഞ്ഞിട്ടുമുണ്ട്". വാദ്യങ്ങൾക്കും കഥകളിയുടേതിൽനിന്നു വ്യത്യാസമില്ല. ആശ്ലേഷം, ആലിംഗനം മുതലായതിനു കഥകളിയെപ്പോലെ ഇതിലും സ്ഥാനമുണ്ട്. ഇതിൽ കൃഷ്ണനും രാധയടക്കം നാലു സ്ത്രീവേഷങ്ങളും മാത്രമേ വേണ്ടതുള്ളൂ. സ്ത്രീവേഷങ്ങൾക്കു ഉരസപാതതിരീടവും ചാമരവും, ശ്രീകൃഷ്ണനു ഓടക്കുഴലും വനമാലയും വേണം. അഷ്ടപദിയാട്ടം വിഷ്ണുമയമായിട്ടാണു വിചാരിച്ചിരുന്നതെന്നു പ്രസ്തുതഗ്രന്ഥത്തിൽ കൊടുത്തിട്ടുള്ള താഴെപറയുന്ന നിബന്ധന

കൾ നോക്കിയാൽ അറിയാം. "അഷ്ടപദിക്ക് അധികം മുഖ്യതയുണ്ടാകയാൽ ശൂദ്രരിൽ താണവരുടെ സ്ഥലങ്ങളിലും ബാലാശൗചങ്ങളിലും ഗാനങ്ങൾ കേൾക്കുകയും പാടുകയും അരുത്. മുടി തൊടുവാൻ ശരീരശുദ്ധി വേണം. അതുകൊണ്ടു പൊറ പൂവയിലും ശൂദ്രൻ കേട്ടരുത്." ഭാഷ സംസ്കൃതവും പാത്രങ്ങൾ ചുരുക്കവും ആകകൊണ്ടും കാലാന്തരത്തിൽ കഥകളിയെക്കാൾ മേന്മയില്ലാത്തതുകൊണ്ടും അഷ്ടപദിയാട്ടം അതിന്റെ ജനനശേഷം വളരെക്കാലം ജീവിച്ചിരുന്നില്ല.

ഉദ്ദേശ്യം അമ്പതുകൊല്ലങ്ങൾക്കുമുമ്പു പാലക്കാട്ടുതാലൂക്കിൽ കഥകളിയുടെയും മോഹിനിയാട്ടത്തിന്റെയും അംശങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ള മീനാക്ഷീനാടകം, കംസനാടകം മുതലായ ചില നാട്യരീതികൾകൂടി ഉത്ഭവിച്ചു. ഇവയിലെ ഗാനങ്ങളും വൃത്തങ്ങളുമെല്ലാം തമിഴും മലയാളവും കൂടിക്കലർന്ന 'പാലക്കാടൻ തമിഴി'ലാണ്. ഉണ്ണാമലനായർ എന്ന ഒരാളാണത്രെ ഇവയിലെ അഭിനയക്രമം സൃഷ്ടിച്ചിരിക്കുന്നത്. മീനാക്ഷിയുടെ സ്ത്രീസാദ്ധ്യമാത്രമായ നൃത്തം മോഹിനിയാട്ടത്തിൽ താണ്ഡവനൃത്തം കൂട്ടിച്ചേർത്തതാണ്. മീനാക്ഷിയുടെ പൗരുഷത്തെ കാണിക്കുന്ന സന്ദർഭമായതുകൊണ്ട് അതിനു അനൗചിത്യമില്ലെന്നു പറയാം. കഥകളിയിലെ ഇളകിയാട്ടവുംകൂടി മീനാക്ഷിക്കു നിർവ്വഹിക്കേണ്ടതുണ്ട്. മലയധ്വജപാണ്ഡ്യന്റെ മകളായ മീനാക്ഷി പട്ടംകെട്ടി ദിഗ്വിജയത്തിനു പോയവഴിക്കു സുന്ദരേശ്വരനെക്കണ്ടു വിവാഹംകഴിക്കുന്നതാണു മീനാക്ഷീനാടകത്തിലെ കഥ. ഉത്തരകേരളത്തിൽ വളരെപ്രചാരമുള്ള ഈ കളിയെ ഉദ്ധരിക്കുവാൻ ഇപ്പോൾ ചിലർ യത്നിച്ചുവരുന്നുണ്ട്.

ദേവേന്ദ്രപ്പള്ളു്, ആര്യമാലനാടകം മുതലായ ചില ദേശീയനൃത്തങ്ങളും ഹരികഥാകാലക്ഷേപമെന്ന കഥാപ്രസംഗവും ഇടക്കാലത്തു തമിഴിൽനിന്നു ഏറ്റെടുത്തിട്ടുള്ളവയാണ്. ക്രിസ്ത്യാനിസമുദായക്കാർ അഭിനയിക്കുന്ന ചവിട്ടുനാടകവും ഏതാണ്ടു പരിണാമഘട്ടത്തിൽത്തന്നെ പെടുന്നു.

ഇവിടംമുതൽ കേരളീയനാട്യകലയുടെ ആധുനികഘട്ടം ആരംഭിക്കുകയായി. ഈ ദശ സംസ്കൃതനാടകസാഹിത്യത്തിനോടുള്ള പ്രതിപത്തിയിൽ തുടങ്ങി പാശ്ചാത്യസംസ്കാരത്തിന്മേൽ പടർന്നുകയറി ഇപ്പോഴും പൂത്തു തഴച്ചുനില്ക്കുന്നു. കൊല്ലവർഷം 1056-ാമാണ്ടിലാണു കേരളീയനാട്യകല ഈ ദശാഘട്ടത്തിലേയ്ക്കു പ്രവേശിച്ചതെന്നു പറയാവുന്നതാണ്. "ആയിടയ്ക്കാണു ശാകുന്തളം തർജ്ജമയും ജന്മാന്തരവാസന

ക്കാരനായ നാരായണപിള്ളയും നാടകയോഗവും പുറത്തുവന്നതു്. അതോടുകൂടി പദ്യനാടകങ്ങളും പ്രചാരത്തിൽവന്നു. നടനകല ഗൗരവം വിട്ടു സംഗീതത്തിനോ ഹാസ്യരസത്തിനോ വാസനയുണ്ടെന്നു വിചാരിക്കുന്ന സകലജനങ്ങൾക്കും സ്വാധീനമായി. 'മാനനോടൊത്തുവളർന്ന മന്മഥകഥാഗന്ധം ഗ്രഹിക്കാത്തവർ' വണ്ടിതെളിക്കുന്നവർപോലും പാട്ടിലായി. സ്വതന്ത്രനാടകങ്ങൾ നിയമപരിധിയെ ലംഘിച്ചു് ഉത്പാദ്യവസ്തുമാത്രഘടിതങ്ങളായി. 'ചക്കീചങ്കരം' നാടകവേഷം കെട്ടി കൂട്ടുകാരെ കളിയാക്കിക്കൊണ്ടു പുറത്തിറങ്ങി. അതോടുകൂടി പദ്യനാടകത്തിന്റെ ശുക്രദശയും മങ്ങി. പാട്ടിൽ പുടന്ന പദ്യനാടകം സംഗീതനാടകത്തിൽ ലയിച്ചു. സാമാന്യലോകരുചിക്കു്, ലൗകികവ്യവഹാരങ്ങളെ നാടകത്തിൽ പരസ്യമായി കാണുവാനുള്ള ആകാംക്ഷ വർദ്ധിച്ചു. ശ്ലോകത്തിലും ഗീതത്തിലും നടക്കുന്ന സംഭാഷണം സ്വാഭാവികമല്ലെന്നു തോന്നിത്തുടങ്ങി. കാർക്കോടകൻ തീയിൽ വേവുമ്പോൾ ഹാർമ്മോണിയം ശ്രുതികൂട്ടി രാഗം പാടിത്തീരുന്നതുവരെ സഹിക്കുവാൻ രംഗവാസികൾക്കു ക്ഷമയില്ലാതെയായി. സംഗീതനാടകത്തിന്റെ കാലവും പിഴച്ചു. ഗദ്യനാടകങ്ങൾ പ്രമാണികളായി. അവയുടെ മൂലം പ്രായേണ ആഖ്യായികകളാണു്. നോവലുകൾ സാധാരണ ആംഗലഭാഷയെയാണല്ലോ ആശ്രയിച്ചുനില്ക്കുന്നതും. സംസ്കൃതപക്ഷപാതികളായിരുന്ന നാടകങ്ങൾ ആംഗലഭാഷയ്ക്കു് അധീനങ്ങളായപ്പോൾ ആ ഭാഷയിലുള്ള പ്രഹസനപ്രസ്ഥാനത്തിനും ഭാഷയിൽ അവകാശം ലഭിച്ചു. എന്നാൽ നാഗരികരുചി ഈ പ്രസ്ഥാനത്തിൽ സൽക്കാര്യഫലമായ സാത്വികകാര്യങ്ങൾ ഒന്നും തെളിഞ്ഞുകണ്ടില്ല. അപ്പോൾ പാശ്ചാത്യരെത്തന്നെ അനുവർത്തിച്ചു 'പ്രഹസനപ്രമേയം' എന്ന ഹാസ്യരസപ്രധാനവും തത്വചിന്താപരവുമായ ഒരു പ്രസ്ഥാനം പരീക്ഷാർത്ഥം അവതരിച്ചു." (50) സ്ഥിതിസമത്വവാദതത്വങ്ങൾക്കു പരപ്പും ഉറപ്പും കൂടിയപ്പോൾ റഷ്യയിലെയും ഫ്രാൻസിലെയും മറ്റും ആധുനികനാടകസാഹിത്യത്തെ അനുകരിച്ചു ഭൗതികവ്യവഹാരപരവും സമുദായപ്രവൃത്തിപ്രദർശകവുമായ നാടകങ്ങളും ഇപ്പോൾ അവതരിച്ചുതുടങ്ങിയിട്ടുണ്ടു്.

പാശ്ചാത്യരുടെ അഭിപ്രായങ്ങളെ വിലവെയ്ക്കാതിരിക്കുവാൻ വൈമനസ്യമുള്ളതുകൊണ്ടുമാത്രമാണു്, 'കഥകളിയേയും കൂടിയാട്ടത്തെയും കാഴ്ചബങ്ക്ളാവിൽ മാത്രമേ പ്രദർശിപ്പിക്കാവൂ' എന്നു് അല്പം ചിലരെങ്കിലും ഇന്നു പറയാതിരിക്കുന്നതു്. ദേശീയബോധത്തോടൊപ്പം കേരളീയ

---

(50) സാഹിത്യപരിഷത്തു [illegible] റിപ്പോർട്ട് P. 224.

സംസ്കാരത്തോടുള്ള പ്രതിപത്തിയും വർദ്ധിച്ചുവരുന്നതായി കാണുന്നതുകൊണ്ട് ഉറക്കമുണർന്നുകഴിഞ്ഞിരിക്കുന്ന നമ്മുടെ പ്രാചീനകലകളുടെ ഔന്നത്യം ഗണിക്കുവാനുള്ള സമയമായിട്ടില്ല.

ഏററവും പ്രാചീനവും ഏററവും നവീനവുമായ നടനകലാരീതികൾ 'തൊഴുത്തിൽക്കുത്തു' കൂടാതെ നിലനിന്നുപോന്നിട്ടുള്ള ഏകരാജ്യമാണ് കേരളം. കേരളസംസ്കാരത്തെ വിശകലനംചെയ്തു പരിശോധിക്കുമ്പോൾ അതിലെ വൈവിധ്യം പ്രത്യക്ഷപ്പെടുമെങ്കിലും, അതിൻെറ സാക്ഷാത്തായ പൂർണ്ണസ്വരൂപം മററെല്ലാററിൽനിന്നും വിഭിന്നമാണ്. ധനസമ്പത്തിനെ വർദ്ധിപ്പിക്കുന്നതിലുള്ള നിഷ്കർഷക്കുറവ്, കലാസമ്പത്തിൻെറ കാര്യത്തിൽ കേരളീയഹിന്ദുക്കൾ കാണിച്ചിട്ടില്ല. ആവശ്യമില്ലാത്തതിനെ അന്യരിൽനിന്നു സ്വീകരിക്കുകയോ, സ്വീകരിച്ചുകഴിഞ്ഞതിനെ പരിപാലിക്കാതെ നശിപ്പിക്കുകയോ, അവരുടെ ധർമ്മങ്ങളിൽ ഉൾപ്പെട്ടതല്ലായിരുന്നു. തങ്ങളുടെ ദേശത്തിനും കാലത്തിനും മനസ്സിനും ഇണങ്ങത്തക്കവണ്ണം സ്വരൂപഭേദം വരുത്തിയേ അവർ എന്തിനെയെങ്കിലും ആദരിക്കാറും കൈക്കൊള്ളാറുമുള്ളു. പെരുമാൾവാഴ്ച്ച്ക്ക് അറുതിവന്നതിനുശേഷം പരദേശവുമായുള്ള കൂട്ടുകെട്ടിൽ പ്രതിപത്തി കുറഞ്ഞുപോയതുകൊണ്ട് അന്യരുടെ നടപ്പിനെ നോക്കാതെ തങ്ങളുടെ മര്യാദകൾക്കു വ്യവസ്ഥവരുത്തുവാൻ അവർക്കു സാധിച്ചു. കാലക്രമേണ കേരളത്തിലെ ആചാരങ്ങൾ മററുള്ളവർക്കൊക്കെ അനാചാരങ്ങളായി. കേരളീയരുടെ 'വൃത്തി'യെ അനുകരിക്കുവാൻ പരദേശികൾ നിവൃത്തിയില്ലെന്നുമായി. സംസ്കാരവും വിജ്ഞാനവും സമൃദ്ധമായ നാടായതിനാൽ കലയ്ക്കും വിദ്യയ്ക്കും സ്വാതന്ത്ര്യത്തോടെ വളരുവാനുള്ള വഴിയും തെളിഞ്ഞു. കഥകളിക്കു തെരുവുകൂത്തിനേക്കാളും, മോഹിനിയാട്ടത്തിനു ദാസിയാട്ടത്തിനേക്കാളും പ്രത്യക്ഷത്തിലുള്ള മേന്മ ഈ സ്വാതന്ത്ര്യഗതിയുടേയും സംസ്കാരവിശേഷത്തിൻെറയും ഫലമാണ്. കൂടിയാട്ടം അതിൻെറ ആദിമസ്വരൂപത്തിൽത്തന്നെ തഞ്ചാവൂർക്ഷേത്രത്തിൽക്കിടന്ന് അന്ത്യശ്വാസം വലിക്കുന്നുണ്ടെങ്കിൽ, കേരളത്തിൽ ഇന്നും അതു പണ്ഡിതമനസ്സിനെ ആനന്ദിപ്പിക്കുന്നു. അവകാശസ്ഥാപനത്തിന് അവിടെ നിരാഹാരവ്രതം അനുഷ്ഠിക്കേണ്ടിവന്നപ്പോൾ, ഇവിടെ ചിരതരമായ അഭ്യാസംകൊണ്ടും ചമൽക്കാരപൂർണ്ണങ്ങളായ കാവ്യങ്ങൾകൊണ്ടും പോഷിപ്പിച്ചതുതന്നെ ഇതിനു കാരണം. കേരളകലയുടെ പ്രത്യേകതകൾ കേരളീയരുടെ ജീവിതത്തിനു പാകമാകുവാൻവേണ്ടി ഉത്ഭവിച്ചവ മാത്രമാണ്.

മറെറാരുപ്രകാരത്തിൽ നോക്കുകയാണെങ്കിൽ, കേരളം ഒരു കാഴ്ചബംഗ്ലാവിന്റെ സ്ഥാനത്തെയാണ് അർഹിക്കുന്നതു്. ഭാരതീയസംസ്കാരത്തിന്—ആര്യമായാലും ദ്രാവിഡമായാലും ശരി—എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ടുപോയിട്ടുള്ള സ്വത്തുക്കളുടെ ഏകദേശസ്വരൂപം ഗ്രഹിക്കുണമെങ്കിൽ ഇന്നു കേരളരാജ്യമാകുന്ന ഭണ്ഡാഗാരത്തിൽത്തന്നെ തിരഞ്ഞു നോക്കേണ്ടിയിരിക്കുന്നു. താന്ത്രികക്രിയയും മാന്ത്രികവിദ്യയും, വൈദ്യഗ്രന്ഥങ്ങളും ഔഷധിവർഗ്ഗങ്ങളും, തച്ചുശാസ്ത്രവും, ജ്യോതിർജ്ഞാനവും, തർക്കവും, മീമാംസയും, വേദാന്തവും—എന്നുവേണ്ട, പ്രാചീനവിജ്ഞാനത്തിന്റെ എല്ലാവിഭാഗവും പ്രാചീനസാമഗ്രികളുടെ എല്ലാരൂപവും അവറ്റിനുള്ള യഥാർത്ഥമാഹാത്മ്യത്തെ കാണിച്ചുകൊണ്ടു കേരളത്തിൽ മാത്രമേ വർത്തിക്കുന്നുള്ളു. കലാവിഷയത്തിൽ നാട്യകലയെത്തന്നെ ഉദാഹരിക്കാവുന്നതാണ്. പരിണാമക്രമത്തിനുള്ള പ്രാചീനദ്രാവിഡനൃത്തങ്ങളും, ആര്യോപജ്ഞമായ നാട്യശാസ്ത്രത്തെ അനുപദം അനുവർത്തിച്ചുകൊണ്ടുള്ള അഭിനയവും ഇന്നു കേരളത്തിലാണ് അവശേഷിച്ചിട്ടുള്ളതു്. സദ്വൃത്തിക്കും സമുദായബന്ധത്തിനും അത്യാവശ്യമായ നിയമങ്ങളെപ്പോലെതന്നെ കലകളെയും ദീർഘദൃഷ്ടികൊണ്ടു വീക്ഷിച്ചു സമുദായാചാരങ്ങളോടും മതകർമ്മങ്ങളോടും ബന്ധിപ്പിച്ചതുമൂലമാണ്, കേരളീയവിദ്യകളും കേരളീയകലകളും ഉടവുകൂടാതെ ഇക്കാലത്തും ജീവിച്ചുപോരുന്നതു്. കേരളത്തിലെ നടനകലാരീതികളെ കണ്ടറിയണമെങ്കിൽ ഇപ്പോഴും ഒരു കെട്ടുകല്യാണത്തിനുള്ള പന്തലിലോ, പന്ത്രണ്ടാംമാസത്തിനുള്ള നെടുംപുരയിലോ, ഉത്സവമാഘോഷിക്കുന്ന ക്ഷേത്രത്തിന്റെ പരിസരങ്ങളിലോ ചെന്നുനോക്കണം. ദ്രാവിഡരുടെ പ്രാചീനമായ പരദേവത ഭദ്രകാളിയാകയാൽ ഭൂതംതുള്ളൽതുടങ്ങി തട്ടിന്മേൽക്കൂത്തുവരെയുള്ള പുരാതനനൃത്തങ്ങളും, കളമെഴുത്ത്, കോമരംതുള്ളൽ മുതലായ പ്രാചീനാരാധനാസമ്പ്രദായങ്ങളും അവിടെക്കാണാം. ക്ഷേത്രങ്ങളും ഉത്സവങ്ങളും ഇല്ലായിരുന്നെങ്കിൽ ഇക്കാലത്തു ചാക്യാർകൂത്തും, കഥകളിയും, കുറത്തിയാട്ടവും, ഇവയുമെല്ലാം കേരളഭൂമിയിലെ മണ്ണിനടിയിൽ വിലയംപ്രാപിച്ചുകഴിഞ്ഞേനെ. സംഘക്കളിയും പാനയും ശ്വാസംവലിക്കുന്നതു് ആഢ്യബ്രാഹ്മണരുടേയും നാടുവാഴികളുടേയും നായർപ്രമുഖന്മാരുടേയും ഗൃഹങ്ങളിൽ സമുദായകർമ്മങ്ങൾനടക്കുന്ന സന്ദർഭങ്ങളിൽമാത്രമാണ്. ഇവയ്ക്കുപുറമേയുള്ള ദേശീയനൃത്തങ്ങളെ സാമുദായികഗാനങ്ങളോടൊപ്പം മതത്തിന്റെ പേരുപറഞ്ഞു പ്രകടിപ്പിച്ച് ഓരോ വർഗ്ഗക്കാർ ഉപജീവനം സമ്പാദിച്ചുവരുന്നു. പാണന്റെ മുറയോത്തും കുറത്തിയാട്ടവും പുള്ളുവന്റെ കളംപാട്ടും നാ

ഗാത്രമൂല്യം ഇനിയും തീരെ നശിച്ചുകഴിഞ്ഞിട്ടില്ല. ഇങ്ങനെ കലയും മതവും സമുദായവും ഉപജീവനമാൎഗ്ഗവും ഒക്കെക്കൂടി കെട്ടുപിണച്ചു നിൎത്തിയതുകൊണ്ടാണ് ആരംഭംമുതൽ ആധുനികകാലംവരെ ഉള്ളതെല്ലാം ഒരുമിച്ചു പ്രദൎശിപ്പിക്കുവാൻ കേരളത്തിനു കഴിവുണ്ടായതു്. മതവും സമുദായവും ഇത്തരത്തിൽ നിലനില്ക്കുന്നിടത്തോളംകാലം ഈ കലകൾക്കും ജീവിക്കുവാൻ സാധിച്ചേയ്ക്കാം.

"രേഖപ്പെടുത്തുവാനുള്ള സമയം ഇതാണു്. കണക്കിലേറെ നഷ്ടം നമുക്കു സംഭവിച്ചുകഴിഞ്ഞു; ഒട്ടനേകം അതിവേഗത്തിൽ മാഞ്ഞുപോയ്ക്കൊണ്ടുമിരിക്കുന്നു.. തന്നത്താൻ മറഞ്ഞുപോവുക എന്നതിനു പുറമെ, സ്മരണയ്ക്കും ദൃഷ്ടിക്കും അതീതമാവുന്നതിനുമുമ്പുതന്നെ അവയെ രേഖപ്പെടുത്തേണ്ടവർ അതിൽ കാണിക്കുന്ന വൈമുഖ്യവും ഈ ഹിതകാരികളായ സാമഗ്രികളുടെ നാശത്തിനു കാരണമാണു്." (51) മനുഷ്യവൎഗ്ഗചരിത്രത്തെപ്പററിയുള്ള പ്രൊ: ഹാഡൻെറ ഈ അഭിപ്രായം കേരളത്തിലെ നടനകലയെ സംബന്ധിച്ചിടത്തോളം ഏററവും പരമാൎത്ഥമാണു്. പലതിൻെറയും പേരുകൂടി നശിച്ചുകഴിഞ്ഞിരിക്കുന്നുവെങ്കിലും ചിലതിൻെറ നിഴലെങ്കിലും ഇപ്പോഴും അവശേഷിച്ചു കാണുന്നുണ്ടെന്നു സമാധാനിക്കാം. അവയും ആധുനികവിദ്യാഭ്യാസമാകുന്ന ആവൎത്തത്തിലകപ്പെട്ടു് എന്നെന്നേയ്ക്കുമായി ആണ്ടുപോകുവാൻ ഇനി അധികമൊന്നും താമസമില്ല. പൌരസ്ത്യപ്രദേശത്തിൻെറ ഭൂതകാലചരിത്രത്തിൽ വിളക്കുവെച്ചു് അവിടത്തെ പ്രാചീനസംസ്കാരത്തെ ആരാധിക്കുവാൻ പുറപ്പെടുന്നവർ പാശ്ചാത്യരാണെന്നുള്ള സംഗതി വിചാരിക്കുമ്പോൾ ഒരേരീതിയിലുള്ള വിദ്യാഭ്യാസം ഓരോ ദേശങ്ങളിലും പ്രതിഫലിച്ചതു് എങ്ങനെയാണെന്നു മനസ്സിലാവും. കഴിഞ്ഞകാലത്തിനെ കൈക്കൊള്ളേണ്ടതില്ലെങ്കിൽ കാഴ്ചബംഗ്ലാവിലെങ്കിലും സൂക്ഷിക്കേണ്ടതാണെന്നു യഥാൎത്ഥവിദ്യാഭ്യാസം അവരെ ഉൽബോധിപ്പിച്ചു. ഉണ്ടായിരുന്നതിനെയും ഉള്ളതിനെയും തിരിഞ്ഞുനോക്കാതെ, ഉണ്ടാവാത്തതിനുവേണ്ടി കൈനീട്ടുവാനുള്ള ഒരു മനഃസ്ഥിതി, പാശ്ചാത്യവിദ്യാഭ്യാസത്തിൻെറ പുറംപൂച്ചു്, നമ്മളിൽ ഉൽപാദിപ്പിച്ചു. ഭൂതകാലമാണു ഭാവിയിലെ മാൎഗ്ഗദൎശിയെന്നു മനസ്സിലാക്കിയിട്ടുള്ളവർ ചുരുക്കമാ

(51) Quoted from Prof: Haddon by A. H. Keane, in his introduction to "The Tribes and Castes of Cochin." Vol. I.

യി. കേരളത്തിലെ നൃത്തങ്ങളുടെയും കളികളുടെയും ചരിത്രം നിർമ്മിക്കുവാൻ ഇനി ഒട്ടുംതന്നെ വൈകിച്ചുകൂടാ. ഇനിയില്ലെങ്കിൽ എന്നുമില്ല എന്ന സ്ഥിതി എത്തിക്കഴിഞ്ഞുവെന്ന സ്വദേശാഭിമാനികൾ സ്മരിക്കേണ്ടതാണ്".

# സന്താനഗോപാലം.

(ഒരു പ്രാചീനകൃതി)

(സമ്പാദകൻ—ഒരവണ്ണൂർവടമംഗലം ടി. ജി. അച്യുതൻനമ്പൂതിരി അവർകൾ)

(1)

അപ്പയോനിധിമദ്ധ്യേ നിർമ്മിച്ചുതാം
തൽപുരി കൃഷ്ണനഥവരാദിയോ-
ടൊത്തുവാണിതു ചിത്തരസത്തൊടും
പത്മനാഭ വിഭോ പാഹി പാഹി മാം.

(2)

ആദരാൽ പരിപാലനംചെയ്തിതു
സാദരം പുരവാസിജനങ്ങളോ-
ടാദിയാദി യഥാക്രമമാംവണ്ണം
പത്മനാഭ ........................

(3)

ഇപ്പുരത്തിലൊരുത്തമവിപ്രനാ
വിപ്രരെട്ടുകുമാരർ ജനിച്ചിതു.
ജാതമാത്രമപൃതിതേടിനാൻ
പത്മനാഭ........................

(4)

ഈവണ്ണം കഴിഞ്ഞീടുന്നകാലത്ത-
ങ്ങാവിർഭൂതനായൊമ്പതാംബാലകൻ
ജീവനോടഥ വേർപെട്ടുവീണിതു
പത്മനാഭ..........................

(5)

ഉൾപ്പൂവിങ്കലെ ദുഃഖങ്ങളൊക്കവെ
ഒട്ടുമെ സഹിയാഞ്ഞിട്ടു വിപ്രനും
ഉൽപലേക്ഷണനെപ്പഴിച്ചീടിനാൻ
പത്മനാഭ...... .................

(6)

ഊക്കസത്ത്വവും കേവലമോൎക്കുമ്പോൾ
വാക്കിലത്രെ നിനക്കുള്ളൂ നിൎണ്ണയം
പാൎത്ഥനെന്നൊരു വീരനെ കേൾപ്പുണ്ട്
പത്മനാഭ..................................

(7)

എന്നു ചൊന്നതു കേട്ടു ധനഞ്ജയൻ
നന്ദനൻതന്നെ കാത്തുതരാമെന്നു
ദുൎമ്മദത്തോടു ചൊന്നു ദ്വിജനോടു
പത്മനാഭ.........................

(8)

എവമുള്ളതു സത്യമിതെന്നിയെ
ആവതില്ലെന്നു വന്നുവെന്നാകിലോ
ജീവനെക്കളഞ്ഞീടുവേനഗ്നിയിൽ
പത്മനാഭ.........................

(9)

ഐരണ്ടാമതുമുണ്ടായി ഗൎഭവും
എയ്തുണ്ടാക്കി ശരക്കൂടമസ്ഥലെ
മെയ്യതിൽച്ചെന്നു പാൎത്തിതു പാൎത്ഥനും
പത്മനാഭ...........................

(10)

ഒന്നുമീവണ്ണം കണ്ടില്ല നിൎണ്ണയം
നന്ദനന്റെ ശവംപോലും കണ്ടില്ല.
നിന്ദിച്ചാൻ ദ്വിജൻ കുന്തീതനയനെ
പത്മനാഭ..........................

(11)

ഓടിപ്പോയിതു പീഡയോടുംകൂടെ
ചാടുവാനഗ്നിതന്നിൽ ധനഞ്ജയൻ
കോടക്കാറൊളിവൎണ്ണൻ തടുത്തിതു
പത്മനാഭ ........................

(12)

കൗവഴി(1)യെ കിരീടിയും കൃഷ്ണനും
സൗവർണ്ണത്തേരിലേറി ഗമിച്ചുടൻ
കൗവന(2)ത്തിലപ്പുറത്തിലെത്തിനാർ
പത്മനാഭ........................

(13)

അംബുജാക്ഷനെ പ്പിന്തുടർന്നു മാനസേ
ലോകാലോകം കടന്നു ക്ഷണംകൊണ്ട്,
വൈകുണ്ഠമാർന്നു വന്ദിച്ചു ചൊല്ലിനാൻ
പത്മനാഭ..........................

(14)

അക്കടലിൽ വസിക്കും ഭഗവാന്റെ
തൃക്കഴലിലിരിക്കും ശിശുക്കളെ
പാർത്ഥനോ വീണ്ടു വിപ്രനു നല്കിനാൻ
പത്മനാഭ വിഭോ പാഹി പാഹി മാം.

(ശുഭം)

# "വിദൂഷകൻ."

(ശ്രീമതി പി. തൊമ്മിയാവി, എം. എ. ഓണേഴ്സ്.)

മററുകലാവിദ്യകളിലെന്നപോലെതന്നെ സാഹിത്യത്തിലും, ചരിത്രാതീതകാലംമുതല്ക്കു സ്ഥിരപ്രതിഷ്ഠലഭിച്ചിരുന്ന ഭാരതവർഷം നടനകലയിലും, നാടകസാഹിത്യത്തിലും, അഭിനന്ദനീയമായ അഗ്രിമസ്ഥാനത്തെ അധിരോഹണംചെയ്തിരുന്നുവെന്നുള്ളതു ദേവഭാഷയായി ആദരിക്കപ്പെട്ടുപോരുന്ന ഗൈർവ്വാണിയുടെ ആരാധകന്മാർ മാത്രമല്ല, ശാസ്ത്രീയലോകത്തിലെ ഇന്നത്തെ അധിപന്മാരായി അഭിമാനിച്ചുപോരുന്ന പാശ്ചാത്യവിദ്വാന്മാരുംകൂടി അറിഞ്ഞംഗീകരിക്കുന്ന പരമാർത്ഥമാണ്.

കേവലം സങ്കല്പലോകത്തിൽ ജീവിക്കുന്ന ഒന്നോരണ്ടോ കഥാപാത്രങ്ങളേയും ഹാസ്യപ്രധാനങ്ങളായ അവരുടെ പ്രവൃത്തനങ്ങളേയും മാത്ര

(1) 'അവ്വഴി' എന്നതിനു പകരമുള്ള പ്രയോഗം. (2) ആ വനം.

മല്ല, അതുകാരണംതന്നെ പൂർണ്ണവളർച്ചയെ പ്രാപിച്ചിരുന്ന ഭാരതീയനാടകവേദിയിൽ നാം കാണുന്നതു്. അനന്തരകാലങ്ങളിലെ ഗതാനുഗതികത്വം, നാമഭേദങ്ങൾകൊണ്ടുമാത്രം വ്യത്യസ്തങ്ങളായ നിരവധി നാടകങ്ങളെയാണു സംസ്കൃതസാഹിത്യത്തിനു സമർപ്പിച്ചിട്ടുള്ളതെങ്കിലും, കഴിഞ്ഞുപോയ സുവർണ്ണകാലത്തിന്റെ അവശിഷ്ടങ്ങളായി നിലനില്ക്കുന്നവയും, നവീനകൃതികൾക്കു മാതൃകാഭൂതങ്ങളുമായ ചില ഗ്രന്ഥങ്ങൾ അന്നത്തെ അഭിനയകലയുടെ പക്വാവസ്ഥയ്ക്കു സാക്ഷിപത്രങ്ങളായി ഇന്നും പരിലസിക്കുന്നുണ്ടു്. ആ വിധത്തിലുള്ള നാടകങ്ങളിൽ കാണുന്ന കഥാപാത്രങ്ങൾ പലവിധത്തിൽ സാദൃശ്യമുള്ളവയെങ്കിലും, സ്വതേതന്നെ വ്യക്തിത്വമുള്ളവയാണെന്നു സൂക്ഷ്മദൃക്കുകൾക്കു കാണ്മാൻകഴിയുന്നു. ഇപ്രകാരം ലോകസ്വഭാവാനുകരണത്തിന്റെ പരിപൂർണ്ണതയാലും, വാണീദേവിയുടെ സവിശേഷാനുഗ്രഹത്താലും ലബ്ധമാകുന്ന തന്മയീഭാവത്താൽ സഹൃദയഹൃദയങ്ങളെ ആനന്ദത്തിലാറാടിക്കുന്ന നാടകരംഗത്തിലെ ഒരു വിശേഷസൃഷ്ടിയാകുന്നു "വിദൂഷകൻ."

കവികുലചക്രവർത്തിയായ കാളിദാസനും; നിപുണകവിയും രാജാധിരാജനുമായ ശ്രീഹർഷനും രാജകവിയോ കവിരാജനോ ആയ ശൂദ്രകനും, വിദൂഷകസൃഷ്ടിചെയ്തിട്ടുണ്ടു്. കാളിദാസൻതന്നെ, ഒരു "മാഢവ്യ"നെയും, ഒരു "മാണവക"നെയും, ഒരു "ഗൗതമ"നെയും സൃഷ്ടിച്ചിട്ടുണ്ടു്. അതുപോലെതന്നെ ശ്രീഹർഷൻ, ഒരു "വസന്തക"നെയും ഒരു "ആത്രേയ"നെയും നമ്മുടെ മുമ്പിൽ ചിത്രീകരിക്കുമ്പോൾ, ശൂദ്രകവി ഒരു "മൈത്രേയ"നെയാണു നമുക്കു കാട്ടിത്തരുന്നതു്. ഇവരെല്ലാവരും ബ്രാഹ്മണരും, സ്വസ്വാമികളുടെ ശുഭകാംക്ഷികളും വയസ്യന്മാരുമാകുന്നു. എല്ലാപേരും ഭോജനപ്രിയന്മാരും, അജ്ഞന്മാരുമാണു്. എന്നാൽ ഇവരിൽ ഓരോരുത്തരും അവരവരുടെ വ്യക്തിത്വത്തെ സവിശേഷം പുലർത്തിപ്പോരുന്നുവെന്നു സൂക്ഷിച്ചുനോക്കിയാൽ നമുക്കു് അറിയുവാൻ കഴിയും.

ധീരോദാത്തനായകനായ ദുഷ്യന്തന്റെ നർമ്മസചിവനായ 'മാഢവ്യ'നെ ശാകുന്തളത്തിലെ രണ്ടങ്കങ്ങളിൽമാത്രമേ നമുക്കു കാണ്മാൻ കഴിയുന്നുള്ളു എങ്കിലും, അദ്ദേഹത്തിന്റെ പരിഹാസസ്വഭാവവും ബുദ്ധിഹീനതയും നമ്മുടെ ഹൃദയത്തിൽ വിനോദവും അനുകമ്പയും ജനിപ്പിക്കത്തക്കവയാണു്. "കാണേണ്ടതു കാണാത്തതിനാൽ അങ്ങയുടെ കണ്ണു നിഷ്ഫലങ്ങൾതന്നെ" എന്നു പറയുന്ന രാജാവിനോടു്, അദ്ദേഹം പറയുന്ന മറുപടി ["അങ്ങേന്റെ മുമ്പിൽത്തന്നെയുണ്ടല്ലോ"] ആ ബ്രാഹ്മണവടുവിന്റെ വികടത്വത്തിന് ഒരു ലക്ഷ്യംമാത്രമേ ആകുന്നുള്ളു.

അതിനെത്തുടർന്നു തൻെറ പ്രണയകഥയെ, കലവറ ഒട്ടും കൂടാതെ തുറന്നു പറയുന്ന രാജാവ്, പെട്ടെന്നു ഭാവം മാററി,

"ക്വ വയം, ക്വ പരോക്ഷമന്മഥോ
മൃഗശാബൈഃ സമമേധിതോ ജനഃ
പരിഹാസവിജല്പിതം സഖേ!
പരമാർത്ഥേന ന ഗൃഹ്യതാം വചഃ"

എന്നും മററും പറഞ്ഞപ്പോൾ വ്യാജശങ്ക തെല്ലും കൂടാതെ അവയെല്ലാം അതുപോലെ വിശ്വസിക്കുന്ന ആ പരമശുദ്ധൻെറ സംകുചിതബുദ്ധിക്കും, അല്പസത്വത്വം, വിഡ്ഢിത്തത്തിനും അയാളുടെ ഓരോ വാക്കുകളും ലക്ഷ്യം നല്കുന്നു. ഭൂതഗ്രസ്തനായി, അഥവാ ഭീതിഗ്രസ്തനായി മുറയിടുന്ന ആ സാധുവിൻെറ നിലവിളി ആ ക്രൂരാത്മാവിനോടു നമ്മെ കുറേക്കൂടി അടുപ്പിക്കുകയും, അയാളുടെ മോചനത്തിനു നാം പ്രേരിതരാകുകയും ചെയ്തുപോകുന്നുവെങ്കിലും, ദുഃഖിതനും തന്മൂലം നിസ്തേജസ്കനുമായി ഭവിച്ചിരുന്ന രാജാവിനെ ഉന്മേഷചലിപ്പിക്കുവാനുദ്ദേശിക്കുന്ന മാതലിയുടെ തന്ത്രംമാത്രമാണതെന്നറിയുകയും, അതുമറിഞ്ഞു ദുഷ്യന്തൻ ആ ഇന്ദ്രസാരഥിയെ ആദരിക്കുമ്പോൾ, ആത്മഗതമായിട്ടെങ്കിലും തൻെറ കാലുഷ്യത്തെ മുരുമുരുക്കുന്ന മാഢവ്യൻെറ വാക്കുകൾ കേൾക്കുകയും ചെയ്യുമ്പോൾ ഹാർദ്ദമായി ഒന്നു ചിരിക്കുവാനുള്ള വകയാണു നമുക്കു ലഭിക്കുന്നതു്. ഇങ്ങനെ രണ്ടു സ്ഥലങ്ങളിൽമാത്രം അടുത്തു പരിചയത്തിനിട വരുന്ന ഈ വിദൂഷകൻെറ അന്തർദ്ധാനത്തിനുശേഷം, നമ്മെ അയാളെക്കുറിച്ചു് ഉല്ക്കണ്ഠാകുലരാക്കുവാൻ തക്കവണ്ണമുള്ള ശക്തി അയാളുടെ രസികത്വത്തിനില്ല.

'വിക്രമോർവ്വശീയ'ത്തിലെ "മാണവക"നും ഏകദേശം ഈ രീതിയെ അവലംബിച്ചുതന്നെയാണു നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. എങ്കിലും മാഢവ്യനെക്കാൾ ഒരു പടികൂടി കടന്നാണു് ഇയാളുടെ നില. വേണ്ടിടത്തും വേണ്ടാത്തിടത്തും കടന്നുചെല്ലുവാനും, വേണ്ടതും വേണ്ടാത്തതും ഗ്രഹിക്കുവാനും, അസ്ഥാനമായ സന്ദർഭത്തിലും സ്ഥലത്തുംവെച്ചു് അവയെ വെളിപ്പത്താക്കുവാനും അയാൾക്കുള്ള വാസന ഒന്നു വേറെതന്നെയാണു്. സർവ്വദാ ഉർവ്വശീചിന്തയിൽ മുഴുകിയിരുന്നുവെങ്കിലും, സപരോക്ഷിന്യായാനുസാരം സുരക്ഷിതമാക്കി വെച്ചിരുന്ന രാജാവിൻെറ രഹസ്യനിക്ഷേപത്തെ ആ വിടുവായനിൽനിന്നു ഗ്രഹിക്കുവാൻ നിപുണികയുടെ നൈപുണ്യത്തിൻെറ ഒരംശംപോലും വേണ്ടിവരുന്നില്ല. രാജാവുതന്നെ രഹസ്യഭേദനം ചെയ്തുവെ

ന്നു കേട്ടപ്പോൾ, തനിക്കു് അനുരാഗം അല്പം പുറത്തേക്കു വിടാതെ സൂക്ഷിക്കുവാനുള്ള ബുദ്ധിമുട്ടു തീൎന്നു കിട്ടിയതു് അയാൾ സ്വൈരമായി ഒരു ദീൎഘനിശ്വാസംചെയ്യുന്നതു നാം പ്രത്യക്ഷമായിത്തന്നെ ആ രംഗത്തിൽ ദർശിച്ചുപോകുന്നു. സഹായിക്കുവാൻ ആരുംഉണ്ടായില്ല, കുഴപ്പത്തിൽ ചാടിക്കുവാൻമാത്രം പ്രയോജനപ്പെടുന്ന അയാളുടെ വിദ്യ പൂൎണ്ണമാകുന്നതു ശ്രങ്ഗചതുരവചനത്തിന്റെ തിരോധാനസമയത്തിലാണു്. മാഢവ്യനോളമോ അതിലധികമോ വിഡ്ഢിയാണെങ്കിലും അപകടങ്ങൾ പററിക്കുവാനുള്ള വിദ്യ മാണവകനിലാണു പ്രത്യക്ഷീഭവിക്കുന്നതു്. എന്നാൽ കാളിദാസന്റെ പ്രഥമകൃതിയായി അംഗീകരിക്കപ്പെട്ടുപോരുന്ന മാളവികാഗ്നിമിത്രത്തിലെ ഗൌതമബ്രാഹ്മണൻ ഈ രണ്ടുപേരിൽനിന്നു സർവ്വഥാ ഭിന്നനാകുന്നു. അഗ്നിമിത്രൻ തന്റെ നർമ്മസചിവനു ഹൃദയപൂർവ്വം നല്കുന്ന "കാൎയ്യാന്തരസചിവൻ" എന്ന ബഹുമാനസൂചകമായ ബിരുദനാമം ആ സരസൻ എത്രത്തോളം അർഹിച്ചിരുന്നുവെന്നുള്ളതു് മാളവികാഗ്നിമിത്രത്തിലെ ഓരോ വശവും തെളിയിക്കുന്നു. വൈരികളെ ജയിക്കുവാൻ അമാത്യസേനാപതികളുടെ സഹായം സ്വീകരിക്കുന്ന സചിവായത്തസിദ്ധിയായ ആ രാജാവിനു് അന്തഃശ്ശത്രുവിനെ, അഥവാ ധാരിണീദേവിയെ, വശത്താക്കുവാൻ ഗൌതമന്റെ ആവശ്യമായിരുന്നു. മാളവികയെ ഒന്നു കാണണമെങ്കിൽ— ആ കുമാരിയുമായി ഒരുവാക്കു സ്വൈരമായി സംസാരിക്കണമെങ്കിൽ—വിടുവായനും വിഡ്ഢിയുമെന്നു പട്ടപ്പേരു കിട്ടിയിട്ടുള്ള ആ ബ്രാഹ്മണന്റെ ബുദ്ധിതന്നെ പ്രവർത്തിക്കണം. ഈ വസ്തുത തനിക്കു അറിയാമായിരുന്നുവെന്നു് അദ്ദേഹത്തിന്റെ,

"ഗൃഹീതം വചനം; കിന്തു മേഘാവലീനിരുദ്ധജ്യോത്സ്നേവ പരാധീനദർശനാ തത്രഭവതി മാളവികാ; ഭവാനപി സൂനാപരിചര ഇവ ഗൃദ്ധ്ര ഇവ ആമിഷലോലുപോ ഭീരുകശ്ച; ത്വമനാതുര ഇവ കാൎയ്യസിദ്ധിം പ്രാൎത്ഥയമാനോ മേ രോചസേ" (രണ്ടാമങ്കം)

എന്ന വാക്കുകൾതന്നെ തെളിയിക്കുന്നുണ്ടു്. ദേവിയുടെ കോപത്താൽ ബന്ധനസ്ഥരായ മാളവികയേയും സഖിയേയും രക്ഷിക്കുവാൻ വിദൂഷകന്റെ സാമർത്ഥ്യത്തിനുമാത്രമേ ശക്തിയുണ്ടായുള്ളൂ. ഭീരുവാണെങ്കിലും സമർത്ഥനായ ഗൌതമന്റെ അഭിനയസാമർത്ഥ്യം, നാഗമുദ്രമോതിരത്തിനുവേണ്ടി ദേവിയുടെമുമ്പിൽ പ്രദർശിക്കുന്ന അവസരത്തിലാണു നാം കാണുന്നതു്. രാജാവിനു് ഏററവും ദുഃഖങ്ങളായി തോന്നുന്ന ഘട്ടങ്ങളിൽക്കൂടി, ശാന്തനും നിർഭീകനുമായിക്കാണപ്പെടുന്ന അയാളുടെ മനഃസ്ഥിതി തെ

രാജാവിനു ചെന്നുതാണെന്നതന്നെ നമുക്കു തോന്നിപ്പോകുന്നു. അപ്രതീക്ഷിതമായി നേരിടേണ്ടിവന്ന ഇരാവതീപ്രാപണസന്ദർഭത്തിൽ, കിംകർത്തവ്യതാമൂഢനായി "വയസ്യ! കാ പ്രതിപത്തിരത്ര?" എന്നുചോദിക്കുന്ന രാജാവിനോടു സമാധാനത്തോടുകൂടി അയാൾ പറയുന്ന മറുപടി "ജംഘാബലമേവ" എന്നാണ്. രാജാവു വീണ്ടും മറുപടിപറവാൻ ശക്തനല്ലാതെ നില്ക്കുന്ന ഘട്ടത്തിൽ "ഭോ! പ്രതിപന്നസ്യ കിമപ്യുത്തരം. കർമ്മഗ്രഹീതനാപി കുംഭീലകേന സന്ധിച്ഛേദനേ ശിക്ഷിതോസ്മീതി വക്തവ്യം ഭവതി" എന്ന് അദ്ദേഹത്തിനുപദേശിക്കുകയും, കോപിഷ്ഠയായിരിക്കുന്ന ഇരാവതിയോടു അവരുടെ മർമ്മം പിടിക്കത്തക്കവണ്ണം,

"ഏതാവദത്രഭവതി ദാക്ഷിണ്യസ്യാപരാധം ഭണതു" സമാപതിതദോഷേണ ദേവ്യാ പരിജനേന സാകം ഗോഷ്ഠ്യാപി യദ്യപരാധഃ സ്ഥാപ്യതേ അത്ര ത്വമേവ പ്രമാണം"

എന്നും മറ്റും പറഞ്ഞു് ആ ദേവിയുടെ സ്ഥിതിയെ സ്മരിപ്പിക്കുകയും ചെയ്യുന്ന വിദൂഷകനിൽ ബുദ്ധിഹീനതയെയല്ല, ബുദ്ധിമത്തതയെയാണു നാം കാണുന്നതു്. ഇങ്ങനെ ഗൗതമന്റെ സാമർത്ഥ്യമാണ് മാളവികാഗ്നിമിത്രത്തിൽ ആദ്യന്തം വ്യാപിച്ചിരിക്കുന്നതു്. അദ്ദേഹത്തിന്റെ ആത്മവിശ്വാസത്തിനു രാജാവിന്റെ ചോദ്യങ്ങൾക്കു്, "പ്രയോഗസിദ്ധിം പൃച്ഛ" "ഫലമപി ദ്രക്ഷ്യസി" എന്നും മറ്റും പല ഘട്ടങ്ങളിലായി പറയുന്ന ഉത്തരങ്ങൾ തന്നെ സാക്ഷ്യംവഹിക്കുന്നു. പുസ്തകത്തിൽ വിദൂഷകനില്ലായിരുന്നുവെങ്കിൽ ഏതുകാലത്തിലും മാളവികാഗ്നിമിത്രസമാഗമം സാധ്യമായിരുന്നിരിക്കുമോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. ഗൗതമനു തുല്യനായി വിരുതനും വികടനും സമാർത്ഥനുമായ മറ്റൊരു വിദൂഷകൻ സംസ്കൃതനാടകരംഗത്തിൽ കാണുന്നില്ലെന്നു തീർത്തുപറയാം.

ശ്രീഹർഷസൃഷ്ടനായ വിദൂഷകൻ പ്രായേണ കാളിദാസന്റെ സൃഷ്ടിയെ അനുകരിക്കുകയാണു ചെയ്യുന്നതു്. ആര്യവസന്തകൻ, ധീരലളിതനായ നായകന്റെ ഹാസ്യലളിതനായ മന്ത്രിതന്നെ. പ്രതിജ്ഞായൗഗന്ധരായണത്തിലും, വീണാവാസവദത്തത്തിലും കാണുന്ന പ്രവൃത്തിശക്തനായ ഒരു സാധാരണമനുഷ്യനെയല്ല രത്നാവലിയും പ്രിയദർശികയും കാട്ടിത്തരുന്നതു്. ഇന്നതിൽപരം ദോഷം സംഭവിക്കുവാൻ ഇടയാകുന്ന അയാളുടെ വിഡ്ഢിത്തം മാണവകന്റെ അനന്തഭാസിതകൊണ്ടാണോ തനിക്കു ലഭിച്ചതെന്നു സംശയിക്കുവാൻ വകയുണ്ടു്. പ്രയാസമില്ലാത്ത ഒരു കാര്യത്തിൽ സഹായിക്കണമെന്ന് ആവശ്യപ്പെടുന്ന രാജാവി

നോട് "മോദകം തിന്നാനാണോ?" എന്നു സന്തോഷത്തോടെ ചോദിക്കുന്ന മാധവ്യനെക്കാൾ ഒരുപടി മേലെതന്നെയാണ്," "വാസവദത്താദേവി വത്സലയെങ്കിലും ഗംഭീരയും കഠിനഹൃദയയുമാണ്; എന്നാൽ രത്നാവലി ചോറും കറികളും എടുത്തുകൊണ്ട് ആര്യവസന്തകനെവിടെ എന്ന് അന്വേഷിച്ചുവരും" എന്നു തുറന്നുപറയുന്ന വസന്തകൻ. വിദൂഷകസാധാരണങ്ങളായ ഭക്ഷണപ്രിയത്വവും, വേദജ്ഞാനവിഹീനതയും, ബ്രാഹ്മണമന്യത്വവും, വികടസരസപ്രതിപ്രസാദവും, വിഡ്ഢിത്തവും, വസന്തകനിൽ സവിശേഷം ശോഭിക്കുന്നുണ്ട്.

നാഗാനന്ദത്തിലെ വിദൂഷകൻ മേല്പറഞ്ഞവരിൽനിന്നും വളരെ വ്യത്യസ്തനാണ്. നായകൻ ധീരോദാത്തനും ദയാവീരനും ആണ്. അദ്ദേഹത്തിന് ഏററം യോജിച്ച തോഴൻതന്നെയാണു നമ്മുടെ ആത്രേയബ്രാഹ്മണൻ. അയാളുടെ യഥാർത്ഥസ്വരൂപം പ്രത്യക്ഷപ്പെടുന്നതു മൂന്നാമങ്കത്തിൽ വെച്ചാണ്. കരുണരസപ്രധാനവും ധീരശാന്തനായകവും ആയ നാഗാനന്ദത്തിൽ ഹാസ്യരസത്തിനു പ്രസക്തിയില്ലായ്കയാലായിരിക്കാം വിദൂഷകന്റെ വിക്രിയകൾ അധികം കാണ്മാൻ നമുക്ക് ഇടയാകാത്തത്. സന്ധിനിയമാദിവ്യവസ്ഥകളെ അത്രവളരെ ആദരിക്കാത്ത നാഗാനന്ദത്തിലെ ആത്രേയൻ നിയമബദ്ധനായിത്തന്നെ വർത്തിച്ച് ഒരു യഥാർത്ഥവിദൂഷകനായി ആദ്യത്തെ മൂന്നങ്കങ്ങളിലും കഴിഞ്ഞുകൂടുകയും ചെയ്യുന്നു.

എന്നാൽ മൃച്ഛകടികത്തിലെ മൈത്രേയൻ വിദൂഷകലോകത്തിൽ ഒരു പ്രത്യേകസ്ഥാനത്തെ അർഹിക്കുന്നു. സാധാരണ ധർമ്മങ്ങളെല്ലാം അയാളെ സംബന്ധിച്ചിടത്തോളവും സാധുവാണെങ്കിലും, നന്മയും ഗുണപൗഷ്കല്യവുംകൊണ്ട് ആര്യചാരുദത്തന്റെ മിത്രംതന്നെയാണ് അയാൾ എന്നു നമുക്കനുഭവപ്പെടുന്നു. "സർവ്വകാലമിത്രം" എന്ന സവിശേഷസംജ്ഞയെ തന്റെ സ്വഭാവമഹിമയാൽ നേടിയ മൈത്രേയൻ വെറും ഒരു വിദൂഷകൻ മാത്രമല്ല, ഉത്തമനായ മിത്രംതന്നെയാണെന്ന് അയാളുടെ ഓരോ പ്രവൃത്തിയും തെളിയിക്കുന്നുണ്ട്. ഗുണദോഷജ്ഞാനവും, വിശാലഹൃദയത്വവും, സുഹൃദ്ധർമ്മബോധവും, ചാരുദത്തനിലെന്നപോലെതന്നെ മൈത്രേയനിലും നാം കാണുന്നു. ചാരുദത്തന്റെ സമൃദ്ധികാലങ്ങളിൽ തനിക്കു ലഭിച്ചിരുന്ന സുഖാനുഭവങ്ങളല്ല അദ്ദേഹത്തിന്റെ ദരിദ്രാവസ്ഥയിലും കൃതജ്ഞസ്വഭാവനായ ആ അകൈതവബന്ധു വിസ്മരിക്കുന്നില്ല. വേശ്യാസേവനം കുലജനങ്ങൾക്ക് ഉചിതമല്ലെന്നുള്ള നിരന്തരമായ തന്റെ ഉപദേശങ്ങളേയും അപേക്ഷകളേയും ഗണ്യമാക്കാതെ പ്രവർത്തിക്കുകമൂലം, കുത്സിതമായ മരണ

ത്തിന്റെ പടിക്കലെത്തിയ തന്റെ സഖാവിനോടൊരുമിച്ചു് അനുമരണം ചെയ്യുവാൻ പ്രേരിപ്പിക്കുന്ന നിസ്സ്വാർത്ഥ്യവും ധർമ്മബോധവും ഒരു പരം വിദൂഷകനിൽ കാണുന്ന ഗുണങ്ങളല്ല തന്നെ. സമ്പൽക്കാലത്തിൽ വിദൂഷകനായും, ആപൽഘട്ടങ്ങളിൽ സന്തതസഹചാരിയായും വർത്തിക്കുന്ന ആ സാധുബ്രാഹ്മണൻ ഒരു വെറും വിഡ്ഢിയായിട്ടല്ല, പരമശുദ്ധനും ലോകകൗടില്യങ്ങൾ ഗ്രഹിക്കുവാൻ കെല്പില്ലാത്ത പാവമായ ഒരു സഹൃദയനായിട്ടാണു നമുക്കു തോന്നുന്നതു്.

വിദൂഷകനാമധാരികളായില്ല. സ്വഭാവസാമ്യമുള്ളവരല്ല, ഈ പാത്രങ്ങൾക്കുള്ള വൈവിധ്യവും മററു കഥാപാത്രങ്ങളെ സംബന്ധിച്ചെന്നപോലെ കവിയുടെ ഭാവനാശക്തിയെത്തന്നെ ആശ്രയിച്ചിരിക്കുന്നു. എന്നിരുന്നാലും ഈ വിശേഷസൃഷ്ടിയുടെ മൂലമെന്തെന്നും, ആഗമം എങ്ങനെയെന്നും ഉള്ള സംഗതികൾ [illegible] അജ്ഞാനത്തെത്തന്നെ ആശ്രയിച്ചാണിരിക്കുന്നതു്. വിജ്ഞാനസമ്പന്നന്മാരായ പലരും അവരവരുടെ മനോധർമ്മമനുസരിച്ചു് ഓരോ അഭിപ്രായങ്ങൾ പറയുന്നുണ്ടെങ്കിലും, അവയുടെ യാഥാർത്ഥ്യം തെളിയിക്കുവാനുള്ള പൂർണ്ണലക്ഷ്യങ്ങൾ ഇനിയും അത്ര വളരെ നമുക്കു കിട്ടീട്ടില്ല. ഹാസ്യരസപ്രധാനമായ ഈ ചിത്രം ആരുടെ ഹൃദയരംഗത്തിലാണു് ആദ്യം പ്രതിഫലിച്ചതെന്നും ഏതു നാടകവേദിയിലാണു് അരങ്ങേററം കഴിച്ചതെന്നും അറിവാനും നിവൃത്തി കാണുന്നില്ല. ലോകസാധാരണങ്ങളായ സംഭവങ്ങളുടെ ഒരു പ്രതിച്ഛായയായ അഭിനയകലയിൽ, അനുകരണത്തിനുള്ളിലുള്ള അനുകരണമാണു വിദൂഷകന്റെ തൊഴിൽ. അന്യനേയും തന്നെയും വിശേഷേണ ദൂഷിക്കുകയാലായിരിക്കാം വിദൂഷകൻ എന്ന സംജ്ഞ ആ പാത്രത്തിനു വന്നുചേർന്നതു്. വിദൂഷകപദം സുപരിചിതവും സർവ്വസാധാരണവും, അതിന്റെ അർത്ഥം സുവിദിതവും ആണെങ്കിലും ഉത്ഭവം ഏതു ധാതുവിൽനിന്നു് എങ്ങനെയുണ്ടായി എന്നും അതു് എപ്രകാരം വളർച്ചയെ പ്രാപിച്ചു് ഈ നിലയിൽ എത്തിയെന്നും തീർച്ചപറയുവാൻ നമുക്കു സാദ്ധ്യമാകുന്നില്ല. "വിദൂഷയതി ഇതി വിദൂഷകഃ; ആത്മാനമഥവാ അന്യം" എന്നാണു ശബ്ദകല്പദ്രുമം ഇതിനു് അർത്ഥം നല്കുന്നതു്.

മുണ്ഡിതശിരസ്കനും, വിരൂപാക്ഷനും, വിവിധമുഖനും വിസ്തൃതോദരനും, ഹാസ്യപ്രധാനനും 'ഉദരനിമിത്തം ബഹുകൃതവേഷം' എന്ന തത്വത്തെ ഒട്ടും മറയ്ക്കാതെ സ്ഥാനത്തും അസ്ഥാനത്തും പ്രഖ്യാപനം ചെയ്യുവാൻ സന്നദ്ധനും ആകൃതിയിലും പ്രകൃതിയിലും വികടത്വം സ്ഫുരിപ്പിക്കുന്നവനുമായ ഒരു വ്യക്തിയാണു് വിദൂഷകശബ്ദശ്രവണമാത്രയിൽ ന

യുടെ മനോധർമ്മിക പ്രത്യക്ഷപ്പെടുന്നതു്. ഏകദേശം ഈ രീതിയിലുള്ള ഒരാളെത്തന്നെയാണ് നാട്യകലയുടെ ജനയിതാവായ ഭരതമുനിയും വിവക്ഷിച്ചിരുന്നതെന്ന് അദ്ദേഹം നല്കുന്ന വിവരണംകൊണ്ടു സ്പഷ്ടമാകുന്നു. "ഹാസ്യകൃത്തു വിദൂഷകഃ" എന്നു ധനഞ്ജയനും (ദശരൂപകം) "കുസുമവസന്താദ്യഭിധഃ കർമ്മവപുർവേഷഭാഷാദ്യൈഃ ഹാസ്യകരഃ കലഹരതിർവിദൂഷകഃ സ്യാത് സ്വകർമ്മജ്ഞഃ" (സാഹിത്യദർപ്പണം) എന്നു വിശ്വനാഥനും വർണ്ണിക്കുന്ന വിദൂഷകനെ ഭരതമുനി വിവരിക്കുന്നതു് ഇങ്ങനെയാണ്.

"വാമനോ ദന്തുരഃ കുബ്ജോ ദ്വിജിഹ്വോ വികൃതാനനഃ
ഖലതിഃ പിംഗലാക്ഷശ്ച സ വിധേയോ വിദൂഷകഃ
പ്രത്യുൽപന്നപ്രതിഭോ നർമ്മകൃതാ നർമ്മഗർഭിതൈർവാക്യൈഃ
യസ്യ വിദൂഷിതവചനോ വിദൂഷകോ നാമ വിജ്ഞേയഃ"

(നാട്യശാസ്ത്രം)

ഹാസ്യരസപോഷണത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഈ കഥാപാത്രം വികൃതവേഷഭാഷകളാൽ അലംകൃതനും, അന്യനും തനിക്കുന്നയും ഒരുപോലെ വിനോദകാരനുമായിരിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നു മേല്പറഞ്ഞ വിവരണങ്ങൾ തെളിയിക്കുന്നു. ചാടുപടുവും വിനോദപ്രിയനും ഹാസ്യകാരിയും കലഹപ്രിയനും ആയ ഈയാൾ നായകന്റെ നർമ്മസചിവനും സ്വതന്ത്രനായിരിക്കണമെന്നു നാട്യശാസ്ത്രജ്ഞന്മാർ വിധിക്കുന്നു. എന്നാൽ നാട്യശാസ്ത്രത്തിൽ പ്രത്യേകം നിയമനം ചെയ്തിട്ടില്ലാത്തതും പ്രയോഗനിമിത്തം നിയമമായി തീർന്നിട്ടുള്ളതുമായ ഒരു പരമാർത്ഥം ഇവിടെ പ്രത്യക്ഷമാകുന്നു. അതായതു്, അനക്ഷരകുക്ഷിയും, ഭക്ഷണപ്രിയനും, രസികനായുമുള്ളവനും, കലഹരതിയും, മൂഢാഗ്രഗണ്യനുമായ ഒരു ബ്രാഹ്മണനെയാണ് പൂർവ്വനാടകകർത്താക്കൾ വിദൂഷകസ്ഥാനത്തിൽ അവരോധിച്ചിരിക്കുന്നതു്. പ്രയോഗസാധാരണതയാൽ ഇന്നത്തെ ലോകം ഈ കല്പനയിൽ അസാംഗത്യം കാണുന്നില്ലായിരിക്കാം. എങ്കിലും വേദവിത്തുകളും സർവ്വശാസ്ത്രസാരജ്ഞന്മാരും മഹാമനസ്കന്മാരുമായ ബ്രാഹ്മണരെ ദേവതുല്യമായി ആരാധിച്ചുപോന്നിരുന്ന ആര്യാവർത്തത്തിൽ ഒരു ബ്രാഹ്മണൻ മേല്പറഞ്ഞ വിദൂഷിവേഷത്തിനു മാതൃകയായിത്തീർന്നതെങ്ങനെയെന്ന ചോദ്യം നിരുത്തരമായിത്തന്നെ പരിണമിക്കുന്നു.

ശ്രുതിസ്മൃതികളും പുരാണേതിഹാസങ്ങളും ബ്രാഹ്മണന്റെ മാഹാത്മ്യത്തെ ഉദ്ഘോഷിക്കുന്നു. നിയമകർത്താക്കളും വിദ്യാധികാരിക

ളും ബ്രാഹ്മണർ മാത്രമായിരുന്നു. സർവ്വത്തിന്റെയും ആധിപത്യവും ബ്രാഹ്മണരിൽത്തന്നെ സ്ഥിതിചെയ്തിരുന്നു. എന്നിട്ടും ഒരു ബ്രാഹ്മണവേഷധാരിതന്നെയാണു് വിഡ്ഢികളിൽവെച്ചു വിഡ്ഢിയായി പുറപ്പെടുന്നതു്.

ഈ വിദൂഷകൻ ഒരു ബ്രാഹ്മണൻതന്നെയായിരിക്കണമെന്നു നാട്യശാസ്ത്രപ്രണേതാവായ ഭരതമുനിയാകട്ടെ, അനന്തരകാലീനരായ വിശ്വനാഥൻ, ധനഞ്ജയൻ, സുധാകരൻ തുടങ്ങിയ ആചാര്യന്മാരാകട്ടെ പറയുന്നില്ല.

"വികൃതാങ്ഗവചോവേഷൈർഹാസകാരീ വിദൂഷകഃ"

എന്നും

"വയസ്യകശ്ചാടുപടുഃ സ ഏവ ച വിദൂഷകഃ
അന്തഃപുരചരോ രാജ്ഞാം നർമ്മാമാത്യഃ പ്രകീർത്തിതഃ"

എന്നുംമറ്റും വിവരിക്കുന്നതല്ലാതെ ആ നർമ്മാമാത്യൻ ഒരു ബ്രാഹ്മണനായിരിക്കണമെന്നു് ആവശ്യപ്പെടുന്നില്ല. ഇന്നു നമുക്കു കിട്ടാവുന്ന എല്ലാ നാടകഗ്രന്ഥങ്ങളിലും വിദൂഷകനുണ്ടെങ്കിൽ അതു ബ്രാഹ്മണൻതന്നെ ആയിരിക്കയുംചെയ്യുന്നു. ഇങ്ങനെ വിദൂഷകൻ ബ്രാഹ്മണൻതന്നെ ആയിരിക്കണമെന്നു പറയുന്നതു നാട്യദർപ്പണത്തിലാണു്.

"സ്ത്രീശാധീരോദ്ധതാദീനാം യഥൌചിത്യം വിയോഗിനാം
ലിങ്ഗീ ദ്വിജോ രാജജീവീ ശിഷ്യശ്ചൈതേ വിദൂഷകാഃ"

ഇവിടെയും മേല്പറഞ്ഞവരിൽ ആരായാലും മതിയെന്നേ അഭിപ്രായമുള്ളു. ഈ സ്ഥിതിക്കു്, കവികൾ നിർബന്ധമായി ബ്രാഹ്മണനെത്തന്നെ വിദൂഷകനായി രംഗപ്രവേശം ചെയ്യിച്ചതിന്റെ ഔചിത്യം തീരെ ഗ്രഹിക്കുവാൻ കഴിയുന്നില്ല.

ഈ നിയമങ്ങളെയും മറ്റും കുറിച്ചു ചർച്ചചെയ്യുന്ന പാശ്ചാത്യപണ്ഡിതന്മാർ പലവിധത്തിലുള്ള ഊഹാപോഹങ്ങൾകൊണ്ടു് ഈ ചോദ്യത്തിനു് ഉത്തരംപറവാൻ ശ്രമിച്ചിട്ടുണ്ടു്. ഏതോ യാദൃച്ഛികസംഭവത്താൽ ഭ്രഷ്ടരും, വേദബാഹ്യരും വിദ്യാഹീനരുമായിത്തീർന്നുപോയ ചില ബ്രാഹ്മണരെ ഉദ്ദേശിച്ചു് അവരുടെ എതിരാളികൾ പരിഹാസാർത്ഥം ഈ പ്രകാരം ഒരു വേഷത്തെ ആദ്യം രംഗപ്രവേശം ചെയ്യിച്ചതായിരിക്കാമെന്നും, ക്രമേണ വിനോദപ്രിയന്മാരായ ജനങ്ങൾ ആ പാത്രത്തിന്റെ യ

ശാസ്ത്രാഗമം വിസ്മരിച്ച് എല്ലാ സ്ഥലങ്ങളിലും അതിനു പ്രവേശം അനുവദിച്ചതാണെന്നും "സിൽവെയിൻ ലെവി" എന്ന ഫ്രഞ്ചുപണ്ഡിതൻ അഭിപ്രായപ്പെടുന്നു.

ബ്രാഹ്മണരുടെ ആധിപത്യം വർദ്ധിച്ചുവന്ന് അവരുടെ ദുസ്സ്വാതന്ത്ര്യങ്ങൾ ജനോപദ്രവകരങ്ങളായിത്തീർന്നപ്പോൾ സാധാരണ ജനങ്ങളുടെ ഇടയിൽ അവരെക്കുറിച്ചുള്ള ദ്വേഷവും വെറുപ്പും രൂഢമൂലമായിത്തീർന്നു. ക്രമേണ ആ ദ്വേഷം പ്രവൃത്തിരൂപമായി പ്രവേശിച്ചതു നാടകവേദിയിലാണെന്നും ആ കഥാപാത്രത്തിന്റെ വിനോദപരത്വവും രസികത്വവും നിമിത്തം ക്രമേണ ആ പ്രത്യേകസൃഷ്ടിക്കു പ്രചാരം സിദ്ധിച്ചതാണെന്നും മറ്റു ചിലർ പറയുന്നു. ഹില്ലെബ്രാൻഡ് തുടങ്ങിയ പണ്ഡിതന്മാർ വിദൂഷകന്റെ ആഗമം, മതസംബന്ധമായ കാരണങ്ങളിൽക്കൂടി കാണുന്നു.

ആദിമമനുഷ്യൻ, വിനോദത്തിനും ഉത്സാഹപ്രകർഷത്തിനും ആയി ചിട്ടയും നിയമവും ഒന്നും കൂടാതെ നടത്തിപ്പോന്നിരുന്ന നൃത്തങ്ങളും അനുകരണങ്ങളുമാണ് അനേകസഹസ്രം വർഷങ്ങൾകൊണ്ടു പരിപൂർണ്ണാഭിവൃദ്ധിയിലെത്തിയ ഉത്തമകലയായി പരിവർത്തനംചെയ്തതു്. അന്യോന്യം വിനോദരീതിയിൽ പരിഹസിക്കുകയും, അതിൽ പരിഹാസ്യനും പരിഹാസകനും ഒരുപോലെ സന്തോഷിച്ചു ചിരിക്കുകയും ചെയ്യുന്നതു സഹൃദയന്മാരായ സുഹൃത്തുക്കളുടെയിടയിൽ നാം സാധാരണമായി കണ്ടുവരുന്ന ഒരു സംഭവമാണ്. വിദൂഷകാഗമത്തിന്റെയും അടിസ്ഥാനം ഈ നടപടിയിൽത്തന്നെ നമുക്കു കാണ്മാൻ കഴിയുമെന്നാണ് എനിക്കു തോന്നുന്നതു്.

പരിഷ്കൃതാശയങ്ങൾ തഴച്ചുവളർന്നിരുന്ന ആര്യാവർത്തത്തിൽ നടനകല അഭിവൃദ്ധിയെ പ്രാപിച്ചപ്പോൾ ഈ പരിഹാസരീതിയും പരിഷ്കരിക്കപ്പെട്ടു. വിനോദനംതന്നെ ഒരു കലയായി രൂപാന്തരപ്പെടുകയും സമർത്ഥന്മാരായവർതന്നെ ആ കലയുടെ വിജയകരമായ പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്തിരിക്കാം. ബുദ്ധിയും മനോധർമ്മവും ഉള്ളവരുടെ ഫലിതങ്ങൾ കൂടുതൽ ആഹ്ലാദപ്രദങ്ങളായിരിക്കുമെന്നുള്ളതും നിർവിവാദമാണ്. മലയാളത്തിൽ പ്രസിദ്ധന്മാരായ വെണ്മണിനമ്പൂരിപ്പാടന്മാർ, തോലകവി മുതലായവർ ഇതിനുദാഹരണങ്ങളായി നമ്മുടെ അറിവിൽപ്പെട്ട കാലത്തുതന്നെ വിലസിയിരുന്നവരാണല്ലോ.

വിദ്യാവിചക്ഷണന്മാരും നിരന്തരാഭ്യാസംകൊണ്ടു വികസിച്ച ബുദ്ധിയോടും വർദ്ധിച്ച മനോധർമ്മത്തോടും കൂടിയവരുമായ ബ്രാഹ്മണർതന്നെ ഈ നിർവ്വഹണത്തിന് സ്വയമേവ സന്നദ്ധരായിരിക്കാം. അനഭിജ്ഞതയുടേയുംമററും ദോഷങ്ങളെ ഉദാഹരണരീത്യാ പ്രത്യക്ഷപ്പെടുത്തുവാൻ വേണ്ടി വിഡ്ഢിത്തപ്രശ്നങ്ങളും മററും അഭിനയരംഗത്തിൽ പ്രയോഗിച്ചുതുടങ്ങിയതു് അന്നത്തെ ലോകത്തിന് അരോചകമായി തോന്നാനിടയില്ല. ക്രമേണ ഈ രീതി നാടകത്തിൽ ഒഴിച്ചുകൂടാത്ത ഒരംഗമായിത്തീരുകയും ജനസാമാന്യം അതിൻെറ ആഗമത്തെ വിസ്മൃതികോടിയിൽ നിക്ഷേപിക്കയും ചെയ്തിരിക്കാം.

ഉദാത്തങ്ങളായ ഇതിവൃത്തങ്ങളെ വിഷയീകരിച്ചു രചിക്കപ്പെടുന്ന നാടകങ്ങളിൽ പ്രായേണ വിദൂഷകനു പ്രസക്തിയില്ലെന്നുള്ള തത്ത്വവും ഈ അനുമാനത്തിനു യോജ്യമായിത്തന്നെയിരിക്കുന്നു. എത്ര നന്മയുള്ളവയും ആനന്ദദായകങ്ങളും ആയവതന്നെ ആയിരുന്നാലും അസ്ഥാനത്തിൽ പ്രയോഗിക്കപ്പെടുന്നവ അഭിനന്ദനാർഹങ്ങളാവുകയില്ലെന്നു വിദിതമാണ്. ഈശ്വരചൈതന്യത്തെയും അതുപോലെ ആരാധനീയങ്ങളായ ഭാവങ്ങളെയും കുറിച്ചുള്ള ഗംഭീരാശയപ്രശ്നങ്ങൾക്കിടയിൽ, ഹൃദയസ്പൃക്കുകളായ ലോകചരിതങ്ങളുടെ മദ്ധ്യത്തിൽ, കേവലം വിനോദരസപ്രധാനങ്ങളും അർത്ഥഹീനങ്ങളുമായ വിടുഭാഷണങ്ങൾ, അനുചിതമായിരിക്കാനേ തരമുള്ളൂ. ആ ഔചിതീബോധംതന്നെയാണ് പൗരാണികങ്ങളായ ദിവ്യചരിതങ്ങളിൽ വിദൂഷകപ്രവേശനം അനുവദിക്കാതിരുന്നതു്. കേവലം ലൗകികങ്ങളായ പ്രേമകഥകളിൽ ഇമ്മാതിരി അർത്ഥശൂന്യപരിഹാസാദികൾ അസ്ഥാനത്താകയില്ലെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നുമുണ്ടു്.

പുരാതനകാലങ്ങളിൽ നാടകങ്ങൾ പ്രാകൃതഭാഷയിലായിരുന്നു നിർമ്മിക്കപ്പെട്ടിരുന്നതെന്നും വിദൂഷകൻ ആ പ്രാകൃതകാലത്തിൻെറ അവശിഷ്ടമായി സംസ്കൃതനാടകകാലത്തിലും നിലനിന്നുവെന്നും ചിലർ പറയുന്നുണ്ടെങ്കിലും അതിൽ സത്യം വളരെ കുറച്ചുമാത്രമേ ഒളിഞ്ഞുകിടക്കുന്നുള്ളൂ. നാടകങ്ങൾ ആദ്യം പ്രാകൃതത്തിലായിരുന്നു എന്നും പിന്നീടു സംസ്കൃതത്തിലാക്കപ്പെട്ടുവെന്നും പറയുന്നതിൽ വലിയ യാഥാർത്ഥ്യം ഒന്നുമില്ല. എന്തെന്നാൽ ഒരുകാലത്തു സംസ്കൃതംതന്നെ വ്യാവഹാരികഭാഷയായിരുന്ന സ്ഥിതിയ്ക്കു്, നാടകത്തിലും അതുതന്നെ പ്രയോഗിക്കപ്പെട്ടുപോന്നിരുന്നതിൽ അസാംഗത്യത്തിനു വഴിയില്ല. അതുപോലെതന്നെ വിവിധദേശീയഭാഷകളിലും ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ നാടകങ്ങൾ ഉണ്ടായിരുന്നുവെന്നതു നിശ്ചയമാണ്.

സംസ്കൃതഭാഷികളായവക്കും പ്രാകൃതഭാഷികളായവക്കും ഒരുപോലെ മനോധമ്മവികാസവും വിനോദപരത്വവും ഉണ്ടായിരുന്നില്ല. അതിനനുസരിച്ച് ഓരോ പാത്രങ്ങളെ അവരവരുടെ സ്വാഭാവികരീതിയിൽ അതതു കവികഠം സൃഷ്ടിക്കുകയും ചെയ്യുന്നു—എന്നതിനു മലയാളത്തിലെ അഭിനയരംഗങ്ങഠംതന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്. സംഘക്കളിയിലെ ഭീരുവും കോമാളിയും, കൂടിയാട്ടത്തിലെ വിദൂഷകനും, കൂത്തുപറയുന്ന ചാക്യാരുടെ ഫലിതസ്വാതന്ത്ര്യങ്ങളും ഇതിനുദാഹരണങ്ങളാണ്. ഇവരെല്ലാം ഉത്ഭവിച്ചവരാണെങ്കിലും ബ്രാഹ്മണവഗ്ഗത്തിൽപ്പെട്ടവരാണ്. മലയാളവിദൂഷകന്റെ പുറപ്പാടിൽത്തന്നെ അയാഠംക്കു മുഖ്യമായി സാധിക്കേണ്ട പുരുഷാത്ഥങ്ങഠം, വിനോദം വഞ്ചനം അശനം രാജസേവ ഇവയാകുന്നു. സൂക്ഷ്മമായി പരിശോധിച്ചാൽ സംസ്കൃതനാടകങ്ങളിലെ വിദൂഷകൻ പേരു പറയാതെതന്നെ സാധിക്കുന്ന സംഗതികളും ഈ നാലുംതന്നെയാണ്. ശണ്ഠകൂട്ടി രസിക്കുന്ന നമ്മസ്വഭാവവും സംസ്കൃതവിദൂഷകന്റെ പ്രത്യേകസ്വത്തല്ല. ഈ വിദൂഷകരീതി പഴയ മലയാളമട്ടിൽത്തന്നെ അഭിനയവിദ്യയുടെ ആദിമകാലംമുതൽ ഉണ്ടായിരുന്നുവെന്നു വിചാരിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല.

പാശ്ചാത്യനാടകരംഗങ്ങളിലെ വിദൂഷകൻ, ക്ലൗൺ (Clown) അഥവാ ബഫൂൺ (Buffoon) എന്ന പേരിലാണ് അറിയപ്പെടുന്നതു്. അക്കൂട്ടരുടെ ഫലിതങ്ങഠം ഉത്സാഹപ്രദങ്ങളാണെങ്കിലും അല്പം അസഭ്യപ്രായംകൂടി ഉള്ളവയായി കാണുന്നതു്, ആത്മീയാഭ്യുന്നതിയെക്കാഠം ഭൗതികാഭ്യുന്നതിയിൽ അവർ മുന്നിട്ടു നില്ക്കുന്നതിനാലായിരിക്കാം. ഏതായാലും വിദൂഷകൻ ഒരു പേരിലല്ലെങ്കിൽ മറെറാരുപേരിൽ എല്ലാനാടകവേദികളിലും ആഹ്ളാദകരനായി വിലസുന്നുണ്ടെങ്കിലും, സംസ്കൃതനാടകരംഗത്തിലെപ്പോലെ, പരിഹാസത്തിൽപോലും സംസ്കൃതചിത്തനായ വിദൂഷകൻ മറെറാരിടത്തും കാണുന്നില്ല. ഇതുകൊണ്ടുതന്നെയായിരിക്കാം, 'പ്രഫസർ കീത്തു്,' 'പ്രഫസർ കോനോ' തുടങ്ങിയ പാശ്ചാത്യപണ്ഡിതന്മാർ, വിദൂഷകൻ ഭാരതീയനാടകസാഹിത്യത്തിലെ പ്രധാനപ്പെട്ട ഒരു വിശിഷ്ടസൃഷ്ടിയാണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നതു്.

# ലളിതാംബികാസ്തവം.

(ശ്രീമാൻ എസ്. ശ്രീധരൻനമ്പൂതിരി അവർകൾ, കരിച്ചിങ്ങാനം.)

കണ്ണിൽ കാണായ വിശ്വപ്രകൃതിയുടെ നെടുംകേന്ദ്രമായ്നിന്നിതെല്ലാ-
മെണ്ണിപ്പാലിക്കുമമ്മേ, ഭവതിയുടെ പദോപാസനാദാസനീ ഞാൻ;
വിണ്ണിൽപ്പൂമാലയോ നിൻകനിവു? കരയുകിൽപ്പോലുമപ്പോർമുലപ്പാ-
ലുണ്ണിക്കേകാത്ത തായേ? അടിയനയി! ഭവദ്വത്സലൻ വത്സനല്ലീ. 1.

ഏതെല്ലാംയോനിതന്നീയൊരുജനനമിക്കവന്നതോരോന്നുകൊണ്ടും
ഭീതിക്ലേശാതുരത്വപ്പുല ചപലഭവാസപ്പസന്തൃപ്തിയേല്പൂ;
ഹാ! തെക്കോതോ വടക്കോതൊരുവകതിരിയാതേതാനിവൻ, സാനുകമ്പം
നീ തെറ്റെന്നാക്കടക്കണ്ണുനയതളുണമേ നിൻകളിപ്പൂങ്കിടാവിൽ. 2.

ഇന്നാളോളം മദേഭകരണകരി മദംതിങ്ങി മാതംഗി! നിന്നിൽ-
ത്തന്നാളും ഏറ്റെതൊട്ടുച്ച് ശൃംഖലമുഴറി നിജസ്തൈര്യതനിസ്തൃതിമോഹാൽ;
സ്ഥാനാളുമാനന്ദം മറ്റെങ്ങിനിയിതിനഗജേ! നീ കനിഞ്ഞാകിലെന്യേ
ഞാനാളാമോ തളയ്ക്കാൻ ജനനി! തവ കഴൽത്താമരത്തായ്മരത്തിൽ? 3.

ലക്ഷബ്രഹ്മാണ്ഡകോടിക്കടയവളവിട്ടുന്ന,മ്മതൻ കണ്ഠനത്തെ-
ല്ലക്ഷണ്ണപ്രേമമപ്പിച്ചിട്ടമിടമുദിതാശ്ചര്യമൈശ്വര്യപൂർണ്ണം;
ത്ര്യക്ഷപ്രാണേശി! മറ്റെന്തിതിലുമനുചിതം ജന്മനാ നിന്നൊരുൾ
ഭിക്ഷക്കാരൻ, തുടക്കിക്കലുമവിഷയമോ ഭക്ഷജേ! ഭക്ഷിണാദം? 4.

ഹ്രീങ്കാരാരാമനൃത്യന്മധുകരി, വരദേ! മാമറൂന്നുമൊഴിത്തേൻ-
പൂങ്കാവേ! ഭൂഷിതാശേഷവിഷ്ടപനപതിസ്വാമിതൻ പ്രേമസത്തേ!
ഞാൻ കാലേ കാലടിത്താരിന്ന കലിതരസം കൈതൊഴും ദൈവതമേ!
കാൺകാമാൽ കൈമലർത്തിക്കരവച്ചു കതന്നാലോകമിങ്ങേകിയാലും. 5.

ഹാ ഹാ ഹന്താവിരുദ്ധാത്മകനടിയനനാലംബനല്ലംബ, പൂർണ്ണാ-
ഹന്താശർവ്വാണികേ, നിൻതിരുവടി കരളിൽക്കാൺകയാൽ ഞാൻ
കൃതാർത്ഥൻ;
എന്തായാലെന്തു? ജന്മപ്രകൃതിമമതയും സ്വാതന്ത്ര്യവും തൊട്ടൊന്നോ-
ലെൻ തായേ! ഭ്രഷ്ടമീയം തനാവചനാമനഃകർമ്മജാലം മദീയം. 6.

സത്യജ്ഞാനമാലവാലം മുഴുവുമൊരു ചതുർവ്വേദിയാം വേദിതന്നിൽ
പ്രത്യഗ്രാമം മുളച്ചുൽപ്പുളകകലികയായ് ശാരദസ്മേരയായി
പ്രത്യക്ഷം സ്ഥാണുവിന്നും സദയമതുല്യമാരംബ, കാമംബവാടീ-
നിത്യശ്രീവല്ലിയാം നീയൊഴികെയപരാതാപല്ലവം പല്ലവതാം. 7.

കല്യാണക്ഷ്മാധരാധിത്യകയിൽ ഹരിമണിമണ്ഡപസ്ഥണ്ഡിലത്തിൽ
കല്യാനർഘാരുണശ്രീ വിതറിയനുപദം കാളി, സവ്രീളയായി
കല്യാണോല്ലാസമാല്യം ശിവഗളഭുവി നീ ചേർക്കെ, മേന്മേൽ കളിക്കും
കല്യാണാംഗപ്പുതുപ്പൂവണിലത കണികാണാവൂ ഞാൻ ദേവി നിത്യം. 8.

ഹര്യക്ഷാരോഹണാപക്രമപരിചിതമായ് കാസരാഖ്യാസുരന്മേൽ
നിര്യത്നം നൃത്തമാടിപ്പശുപതിനിടിലാഘാതിയായേതിനാലും
തിര്യക്സാമാന്യസമ്മർദ്ദനകളുകിനി, നിൻ ചേവടിപ്പൂവൊടൊക്കെ
പര്യസ്താസംഗമാ പാർവ്വതി, പരമപശുപ്രായനാമീയൊരാളിൽ? 9.

ലക്ഷ്യംകൂടാതെ ലീലാലളിതമിഴിമിഴിച്ചാത്തലീനാത്മകാന്തർ-
ലക്ഷ്യജ്യോതിഃ സ്വരൂപം കലരുമൊരു മഹാമായയാം നീയൊരന്നാം
ലക്ഷ്യംതെററാതലക്ഷ്യസ്തിമിതകരണനാം തിങ്കൾചൂഡൻ മേന്മേ-
ലക്ഷ്യത്വം ചേർത്തു ചെന്താർശരനൊരു തുണയായ് നിന്ന നിൽപ്പിന്നു കൂപ്പാം.

ഹ്രീങ്കാരോൽസവകൂടത്രിതയമനമയം ദേവി, നിൻജീവനാത്മാ-
വോങ്കാരം, ചിന്തനേത്രാദികളിൽ വിഷയികൾ സോപാംഗവേദാംഗഷട്കം
ഞാൻ കാമാക്ഷി, തവാരാധകരിലഭജനാരണ്യങ്ങളും നിൻകൃപാപ്പൂ-
ന്തേൻ കാമം ഉണ്ടെങ്കിൽവഴി വഴിയണമേ നിർമ്മലജ്ഞാനമവിദ്യേ! 11.

സച്ചിന്മാധ്വീരസം ചേർന്ന പചിതപരമാനന്ദനിഷ്യന്ദമുൾപ്പൂ-
മച്ചിൽവീത തുളുമ്പിത്തദാ തന സുധാപ്ലാവമാർന്നാവിധത്തിൽ
മച്ചിത്തം മത്തിമാരാളുതപരവശമായംബ, നിൻബിംബമാരാ-
ലച്ചിച്ചുണരാമഖണ്ഡാത്മദ്വയമടിയനനന്യോന്ന കൈവല്യക്കൂട്ടം? 12.

കന്നിപ്പൂന്തിങ്കൾത്തോല്യം തിരുമുഖവുമരത്താടിവാർവോടിണങ്ങി-
ക്കന്നിക്കും കുരിതാപ്പാതിര കഴൽതൊഴുമാ വാർകുഴൽക്കാർ കൊഴുപ്പും
ഉന്നിദ്രാനാരിസിംഹാസികയുമണിമുലാകോടിതൻ ചാടുവായ്പും
നിന്നിൽ ശ്രീശാരദാംബാകൃതിയൊടൊരു മഹാകാളിതൻ കേളിചേർപ്പൂ. 13.

ഘഞ്ചിച്ചീടാതെ, നീയെൻ പ്രിയസഖി! കണവൻ കോൾമയിൾക്കൊള്ളിലംഗം
തെളിക്കുംമട്ടു തൃക്കൺമുനയതളിട്ടുകെ'ന്നാമിമാർ നാളിൽ നാളിൽ
തള്ളിക്കെത്താർശരാരാതിയിൽ മകരലസൽകേളുജീവാതുവായി-
സ്സുഖിക്കം സസ്മിതാകേകരലളിതമൃദാവീക്ഷണം മോക്ഷമം മേ. 14.

ശ്രീകാരൈങ്കാര വാമേതരമഹിതശിവാകാരമാം താരകം ഹൃൽ-
പ്പൂങ്കാവിൽ സാവധാനം തെളിയുമമലസങ്കല്പസ്സൂത്രോൽശ്രുവിൽ
ഞാൻ കാണാവൂ മദന്തർന്നയനവിഗളദാനന്ദമാരന്ദധാരാ-
ധ്യാനാകാരോന്നതതളിംഗായിതകരണചയം ചിരായി, തച്ഛമഹസ്സിൽ. 15.

ശ്രീമന്ത്രാക്ഷരാൽഖുംഫനസുരളിലമിമാല, മന്മാലകററി-
ക്കാമം ധർമ്മാർത്ഥകാമാദ്ഭുതസുഖമതളിമ്പ്'ഉണർത്തൻ ഹൃത്തടത്തിൽ
വൈമല്യം കൈവളർത്തും വിശദമലമവാകാരമായ് ശാരദാംബാ-
രാമത്തിൽ തോരണസ്രക്കിപ്പതിയണഞ്ഞമാപിച്ചു രാജിച്ചിടട്ടെ! 16.

# സതി ചെമ്പകവല്ലി.

(ഉള്ളൂർ.)

അപമൃത്യുവിന്നു വിധേയരായ അനേകം സ്ത്രീപുരുഷന്മാരെപ്പററി തെക്കൻതിരുവിതാംകൂറിൽ നാടോടിമലയാംതമിഴ്ഭാഷയിൽ രചിച്ചിട്ടുള്ള പല വില്ലടിച്ചാൻപാട്ടുകൾ പ്രചരിക്കുന്നുണ്ടെന്നും, അവ ദേശചരിത്രം, സംസ്കാരചരിത്രം, സമുദായചരിത്രം മുതലായ വിഷയങ്ങളെ സംബന്ധിച്ച് അത്ഭുതാവഹമായ വിജ്ഞാനം ലോകത്തിന്നു നല്കുന്നവയെന്നും, അതിനാൽ അവയെ സര്വ്വഭക്ഷമായ കാലവ്യാളം കബളീകരിക്കാതെ പരിരക്ഷിക്കേണ്ടതു നമ്മുടെ ധര്മ്മമാണെന്നും ഞാൻ ചില അവസരങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. ചെമ്പകവല്ലി എന്ന ഒരു ബ്രാഹ്മണി തന്റെ ഭര്ത്താവിന്നു ദൂരദേശത്തിൽ നേരിട്ട അകാലമരണത്തെപ്പററി അറിഞ്ഞപ്പോൾ, അന്നു നാടുവാണിരുന്ന കുലശേഖരപ്പെരുമാളുടെ അനുമതി നിര്ബ്ബന്ധപൂര്വ്വം വാങ്ങി തിരുവിതാംകൂറിന്റെ പുരാതനരാജധാനിയായ പത്മനാഭപുരത്തിന്നു സമീപമുള്ള ഉദയഗിരിക്കോട്ടയ്ക്കുള്ളുവെച്ച് അഗ്നിപ്രവേശം

ചെയ്യുന്നതാണ് എന്റെ ഈ ഉപന്യാസത്തിനു വിഷയീഭവിക്കുന്ന വില്ലടിച്ചാൻപാട്ടിലെ കഥ. ഈ സംഭവം നടന്നതു് ഏതുകാലത്താണെന്നു വഴിയെ പറയാം.

അനന്തകുട്ടിപ്പട്ടർ എന്ന ഒരു ബ്രാഹ്മണൻ തനിക്ക് അനുരൂപയായ ഒരു കന്യകയെ പാണിഗ്രഹണം ചെയ്യണമെന്നാഗ്രഹിച്ച് അതിലേയ്ക്കായി ഒരു വർഷത്തോളം പലസ്ഥലങ്ങളിലും ചുററിനടന്ന് അന്വേഷണംനടത്തി ഒരു ഫലവുമുണ്ടാകാതെ ഒരു കല്ലമ്പലത്തിൽ വിശ്രമിച്ചുകൊണ്ടിരുന്നു. അപ്പോൾ അവിടെ "ആറംപ്പെരുപ്പമായ്പ്പാപ്പാരിരിക്കിൻറ തെരുവിൽ അഴകാന വള്ളിയൂരിൽപ്പടവീട്ടിൽ" അതായതു ധാരാളം ബ്രാഹ്മണർ അധിവസിച്ചുവന്നതും തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ ഒരു പടവീട്ടമായ വള്ളിയൂരിൽനിന്ന് ആ ജാതിക്കാരായ അഞ്ചുപേർ വന്നുചേർന്നു. അവരോട്ട് അനന്തകുട്ടി തന്റെ സങ്കടം നിവേദനം ചെയ്തു. അപ്പോൾ ആ ബ്രാഹ്മണർ,

"വള്ളിയൂരാച്ചിയതുള്ള ശങ്കപുരി അകരത്തിലേ
നാഴകാലെ അഴകുള്ള അഴകി ചെമ്പവല്ലിയുണ്ടു.
കോമളമായ് ഒരുനാരി കൊററവനേ(1) വളരിത്തുകാൺ"

വള്ളിയൂർദേശത്തിൽ ശംഖപുരിഗ്രാമത്തിൽ അതിസുന്ദരിയായി ചെമ്പകവല്ലി എന്ന പേരുള്ള ഒരു കന്യക വളരുന്നുണ്ടെന്നു പറഞ്ഞു. അവരോടുകൂടി നമ്മുടെ സ്നാതകൻ വിവാഹമാശിച്ചു വള്ളിയൂരിൽ എത്തി "ചെമ്പകവല്ലിയെത്താൻ വേളിക്കുതരവും വേണം" എന്നു ഗ്രാമക്കാരോട്ട് അപേക്ഷിച്ചു.

"അന്തവാത്തൈക്കേട്ടപോതേഅന്തപാപ്പാരുമെല്ലാതോചൊൽവാർ;
'നലമാന ജാതിക്കല്ലോ നീങ്കളാരെൻറും അറിയാതെ
അടയ്ക്കാപ്പട്ടരോ കൊങ്ങിണിയോ കൊങ്ങിണിയോ കൊടിപ്പട്ടരോ?
ആരെതെൻറു അറിയാതെ വേളിക്കുതരവുമില്ലേ'
അന്തവാത്തൈ കേട്ടപോതേ ആളിയവുമഴകനല്ലോ
ചാളിയലിൽപ്പണമെടുത്തു തക്കതക്ക കിരാമംനോക്കി
തക്കതക്ക കിരാമംനോക്കി അവർകൊണ്ടുചെന്നു തനെക്കൊടുത്തു
അവരെല്ലാപേരുംകൂടിയുടൻ ചൊല്ലിടുവാരന്നേരം.
നലമാന ജാതിയല്ലോ ഇവർ മുക്കാണിതാനെൻറുചൊല്ലി."

---

(1) കൊററവൻ=രാജാവ് = ശ്രീമാൻ.

അപ്പോൾ "ആളിയലും അഴകൻ" രാജാവിനേക്കാൾ സുമുഖനായ അനന്തകുട്ടി, ജാളികയിൽ പണമെടുത്തു ഗ്രാമത്തിലെ പ്രമാണികൾക്കു കാണിക്കവെച്ചു. പണത്തിനുമീതെ പറക്കുന്ന പരുന്തില്ലല്ലൊ. തൽക്ഷണം അവർ ആ യുവാവു മുക്കാണിബ്രാഹ്മണനാണെന്നു വിധിക്കുകയും അദ്ദേഹത്തെക്കൊണ്ടു ചെമ്പകവല്ലിയെ പാണിഗ്രഹണം ചെയ്യിക്കുകയും ചെയ്തു.

ഏഴാംദിവസം ചെമ്പകവല്ലിയെ തന്റെ ഗൃഹത്തിലേയ്ക്കു കൊണ്ടുപോകണമെന്നു ഭർത്താവു നിശ്ചയിച്ചു. അപ്പോൾ ഭാര്യ,

"കേളുമെയെൻ കണവ! കീർത്തിവരച്ചൊല്ലുകിറേൻ
'കയ്യിലിതു പൊരുളുണ്ടാനാൽ ഒരുവിടത്തും പോകവേണ്ടാ
നമ്മളുട കലത്തൊഴില്ല ചവളി നല്ല കച്ചവടം
നമ്മളുടെ കലത്തൊഴില്ല നമുക്കതന്നെ ചെയ്യവേണം'
അന്തവാർത്തെ കേട്ടപോതു ആളിയലും അഴകനല്ലൊ
ചവളിനല്ല ചരക്കെടുത്തു അവർ കച്ചവടം ചെയ്തിരുന്തു
ആറമെണ്ണാത്തിരവിയങ്കൾ മെത്തവേ കമിന്തിതല്ലൊ"(2)

കയ്യിൽ പണമുള്ളവർ ഒരിടത്തും പോകേണ്ടതില്ലെന്നും തങ്ങളുടെ കുലത്തൊഴിലായ ചവളിവ്യാപാരംകൊണ്ടു സമ്പത്തു വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണെന്നും ഉപദേശിച്ചു. ആ ഉപദേശം സ്വീകരിച്ചു തുണിക്കച്ചവടം നടത്തി ഒട്ടവളരെ ദ്രവ്യം കഥാപുരുഷൻ സമ്പാദിച്ചു. അന്നു്,

"തന്നിൽ വെലം പെററതൊത തുരുമുകിലൻപടകൾവന്തു
ചെമ്മതുള്ള പടവീടു തിട്ടനവേ കൊള്ളയാടി;
തിട്ടനവേ കൊള്ളയാടിക്കൊണ്ടുപോറക്കാലത്തിലെ"

ശക്തിയുള്ള മുകിലൻപട (മഹമ്മദീയസൈന്യം) മനോഹരമായ വള്ളിയൂർപടവീടു കൊള്ളയടിച്ചു; അവിടത്തെ ബ്രാഹ്മണർ പൊറുതിമുട്ടി. മുകിലന്റെ ആക്രമം വള്ളിയൂർ മുതലായ പ്രദേശങ്ങളിൽ ആദ്യമായി നടന്നതു കൊല്ലം 850-ാമാണ്ടിടയ്ക്കായിരുന്നു. കൊല്ലം ഒൻപതാംശതകത്തിന്റെ ഉത്തരാർദ്ധത്തിലായിരുന്നു കഥ നടന്നതു് എന്നു് ഇതിൽനിന്നു് ഊഹിക്കാം. അനന്തരകരണീയത്തെപ്പററി അപഹൃതധനന്മാരായ വള്ളിയൂർഗ്രാമത്തിലെ ബ്രാഹ്മണർ ഗാഢമായി ആലോചിച്ചു.

---

(2) തെണ്ണുക = വർദ്ധിക്കുക. കമിഴുക = പ്രസാദമായിരിക്കുക.

“അന്നാധർമ്മമുള്ളതൊരു രാച്ചിയത്തു പോണമെന്ന
തായാരു തകപ്പനോടെ എഴുപത്തിരണ്ടു കിരാമക്കാർ
തെമിഞ്ചുകൂടിയുടൻ തെരുവഴിതനെ നടന്താർ
വള്ളിയൂരും പിറകെവിട്ടു അവർ പണകുടിയും പിറകെ വിട്ടു
മുപ്പന്തലും പിറകെവിട്ടു അവർ തോവാളെ താൻകടന്നു
കന്നിയാകുമരിയിലെ കണ്ണവർകളടിതൊഴുതു
‘ഉന്നുടയ കൃപയാലെ പൊറുതിയിന്നു കിടയ്ക്കവേണം’
എൻറുചൊല്ലി വഴിനടന്തു ശുചീന്തിരപുരത്തിൽവന്തു
പാപ്പാർകൾ അടിതൊഴുതു പഴുവഴി താൻനടന്താർ.
കോട്ടാറും പിറകെവിട്ടു അവർ ചെമ്പൻകുളം താൻകടന്താർ
കള്ളിയങ്കാടെല്ല(3)വിട്ടു തൊട്ടിയോടും താൻകടന്താർ
പാപ്പാർകൾ വഴിനടന്തു പത്മനാഭപുരത്തിൽവന്തു
കലശേഖരപ്പെരുമാളെ എല്ലാവരും കണ്ടു മുഖംകാട്ടി
പുലച്ചുയൊന്നുമില്ലയെൻറു പാപ്പാർകൾ അടിതൊഴുതു
‘ഉന്നുടയകൃപയാലെ പൊറുതിയിന്നു കിടയ്ക്കവേണം’
അന്ത വാക്കൈത്താൻകേട്ടപൊഴുതെ തിരുമനതിൽ തണിന്നു
തെപ്പനല്ല കുളക്കരയ്ക്കു എഴുന്നരുളിച്ചെന്നിന്നു
വള്ളുകത്തിൽ(4)വാനവരെ അന്നവിടെ വരവഴൈത്തു
എഴുപത്തിരണ്ടു കിരാമം നലത്തിനോടൻ പണിമുകിത്തു
അനന്തകെട്ടിപ്പട്ടരുക്ക അഴകതൊന്ത മേടതീർത്തു
തെപ്പനല്ല കുളക്കരയ്ക്കു കല്ലുനാട്ടിത്താനമിട്ടു
കല്ലുനാട്ടിത്താനമിട്ടുപ്പാപ്പാരെക്കുടിയിരുത്തി
പൊറുതിയിട്ടു ശിവനോടെ പൂരണമാക വാഴ്ന്തിരുന്താരെ”

അന്നദാനത്തിന പെരുകേട്ട വേണാട്ടിലേയ്ക്കുതന്നെ പോകാമെന്ന് അവർ തീച്ചപ്പെടുത്തി. വള്ളിയൂർ, പണകുടി, മുപ്പന്തൽ, തോവാള മുതലായ സ്ഥലങ്ങൾ പിന്നിട്ട കന്യാകുമാരിയിൽചെന്ന ദേവിയെ പ്രാത്ഥിച്ച ശുചീന്ദ്രത്തു സ്വാമിദശനംചെയ്ത്, കോട്ടാർ, ചെമ്പൻകുളം, കള്ളിയങ്കാട്, തൊട്ടിയോട തുടങ്ങിയുള്ള സ്ഥലങ്ങളും കടന്ന പത്മനാഭപുരത്തുചെന്ന കലശേഖരപ്പെരുമാളെക്കണ്ട പൊറുതിക്ക സൗകര്യമുണ്ടാക്കിത്തരണമെന്നപേക്ഷിക്കുകയും, അവിടുന്ന പത്മനാഭപുരം കോട്ടയ്ക്കകത്തു നീലകണ്ഠസ്വാമിക്ഷേത്രത്തിന മുൻവശത്തുള്ള തെപ്പക്കുളത്തിൻെറ കരയിൽ എഴുന്നള്ളി അവിടെ എഴുപത്തിരണ്ട ഗൃഹങ്ങൾ പണിയിച്ച്

(3) എല്ല—എല്ലക; അതിർത്തി (4) വള്ളുകം—ഭൂമി.

അവർ ദാനംചെയ്കയും ചെയ്തു. ഇന്നും പത്മനാഭപുരത്തു മുക്കാണി ബ്രാഹ്മണർ ധാരാളമായി താമസിക്കുന്നുണ്ട്. അങ്ങനെയിരുന്നാലുംകൊണ്ടുമാത്രം സമ്പാദ്യത്തിനു മാർഗ്ഗമില്ലല്ലൊ. അതിനാൽ ആ ബ്രാഹ്മണർ അവിടെയും തങ്ങളുടെ 'കലത്തൊഴിൽ' ആയ ജവളിക്കച്ചവടംതന്നെ നടത്തുവാൻ നിശ്ചയിച്ചു.

"മുടിപ്പാകപ്പന്നാവും കെട്ടിക്കോട്ടാറുകടപ്പകന്നു
ചീവത്തുണ്ടും ഉറുമാലും നാലാറുതുണ്ടു വാങ്ങിക്കെട്ടി
തുണ്ടുകെട്ടിച്ചുമടെടുത്തു പാപ്പാർകൾ വഴിനടന്നു
പത്മനാഭപുരത്തിൽ വന്നു അകരമതിൽത്താമതിത്തു
പിറ്റെന്നാളയമതിൽ ചുമടെടുത്തു വഴിനടന്നു
പത്മനാഭപുരം കടന്നു പാപ്പാർകൾ വഴിനടന്നു
നടന്താരെ പാപ്പാരും നൻറാകക്കഴിത്തുറയും
കഴിത്തുറയും പിറകെവിട്ടുക്കൊണ്ടു പാപ്പാർ വഴിനടന്നു
നടന്നു കളിക്കൽവിളയും നല്ല പാറശ്ശാലവിട്ടു
വിട്ടരിയൻകുളം കടന്നു വിരവാലെ അമരവിള
നെയ്യാററിൻകരകടന്നു നേരമുടൻ പാപ്പാരും
തിരുവനന്തപുരമതിലെ ഉരുട്ടിലുണ്ടു അവതരിത്തു (5)
അന്നവിടെത്താമതിത്തു പിറ്റെന്നാളയമതിൽ
ചാലയിൽ പാഴ്ക്കടതന്നിലെ കൊണ്ടുവന്ന ചരക്ക വിററു
അവിടെനിന്നു ചരക്കെടുത്തു പാപ്പാർകൾ വഴിനടന്നു
വടക്കേക്കോട്ടവാതൽവിട്ടു വഴിനടന്താർ പാപ്പാരും
പട്ടമുള്ളൂർ പിറകെവിട്ടു പാങ്ങപ്പാറതാൻ കടന്നു
വഴിനടന്നു പാപ്പാർകൾ വക്കലയും താൻകടന്നു
കടുനടയാൽ വഴിനടന്നു കല്ലമ്പലം പിറകെവിട്ടു
കോഴിക്കോട്ടുക്കടതന്നിലെ കൊണ്ടുവന്ന ചരക്കവിററു
നല്ലമുളകമടച്ചായും നാലാറുതുണ്ടു വാങ്ങിക്കെട്ടി
ഏലമൊട്ടു മഞ്ഞളുടൻ പൊൻമെഴുകും കന്തിരിക്കം
തുണ്ടുകെട്ടിച്ചുമടെടുത്തു പാപ്പാർകൾ വഴിനടന്നു
പത്മനാഭപുരത്തിൽ വന്നു അകരമതിൽത്താമതിത്താർ"

ധാരാളം പണത്തോടുകൂടി കോട്ടാറുകമ്പോളത്തിൽ ചെന്ന്, ശീല, ഉറുമാൽ മുതലായ ജവളിത്തരങ്ങൾ വാങ്ങി പത്മനാഭപുരത്തു

(5) അവതരിത്തു = താമസിച്ച്—അവസരം ഉണ്ടാക്കി—വിശ്രമിച്ച്.

തിരിയെ വന്ന സ്വഗ്രാമങ്ങളിൽ വിശ്രമിച്ചു്, പിന്നീടു കുഴിത്തുറ, കളിയിക്കാവിള, പാറശ്ശാല, ഉതിയൻകുളങ്ങര, അമരവിള, നെയ്യാററിൻകര ഈ സ്ഥലങ്ങൾ പിന്നിട്ടു്, തിരുവനന്തപുരത്തെത്തി ഊട്ടിലുണ്ടു് അവിടെയും കുറെ ആയാസം തീൎത്തു്, കൊണ്ടുവന്ന ചരക്കുകൾ ചാലക്കമ്പോളത്തിൽ വിററു് അവിടെനിന്നു വേറെ ചരക്കുകൾ എടുത്തു വടക്കെ കോട്ടവാതൽ വിട്ടു പട്ടം, ഉള്ളൂർ, പാങ്ങപ്പാറ, വൎക്കല, കല്ലമ്പലം എന്നീ ദേശങ്ങൾ അതിക്രമിച്ചു കോഴിക്കോട്ടുവരെപ്പോയി അവിടെ തങ്ങളുടെ ചരക്കുകൾ വിററഴിച്ചു നല്ലമുളകു്, അടയ്ക്കാ, ഏലം, മഞ്ഞൾ, പൊന്മെഴുകു്, കുന്തിരിക്കം ഈ സാധനങ്ങൾ വാങ്ങി വീണ്ടും പത്മനാഭപുരത്തു് ആ വ്യാപാരികൾ വന്നുചേൎന്നു. കവി അന്നത്തെ തിരുവിതാംകൂറിൽപെട്ട സ്ഥലങ്ങളുടെ പേരുകൾമാത്രമേ പറയുന്നുള്ളു. അതിനപ്പുറം കോഴിക്കോടിനെപ്പററിയുള്ള പ്രസ്താവമേ കാണുന്നുള്ളു. അതു തെക്കൻതിരുവിതാംകൂർകാരനായ അദ്ദേഹത്തിനു വടക്കൻപ്രദേശങ്ങളെപ്പററി നിശ്ചയമില്ലാത്തതുകൊണ്ടായിരിക്കണം.

ഇങ്ങനെ പത്തു പന്ത്രണ്ടു വൎഷം കഴിഞ്ഞു. അവരെല്ലാവരും നല്ല പണക്കാരായി. കോഴിക്കോട്ടുനിന്നു് അനന്തകൃഷ്ണപ്പട്ടരും കൂട്ടുകാരും കൂടി ഒരവസരത്തിൽ അവരുടെ തിരിയെയുള്ള യാത്രയിൽ വൈക്കത്തിനു സമീപം ഉദയനാപുരത്തെത്തി. അപ്പോൾ ഭയങ്കരമായി ഒരു വൎഷപാതം ആരംഭിച്ചു.

"താപകമില്ലാതേ മഴ തോരാതെ പെയ്യിട്ടമാം.
ആറുകളും തോടുകളും അങ്ങറയുംതാൻ പെരുകി
കണ്ണുകണ്ടു പോകാതെ കരുമമൊന്നുമറിയാതെ
ഉതയനാപുരംതന്നിലെ ഒരു കല്ലമ്പലംതന്നിലേ വന്നു
വന്നവർകൾ ചുമടിറക്കി വരുംവിധിയെയറിയാതെ
അനന്തകൃഷ്ണപ്പട്ടരുടെ മുപ്പത്തിമൂന്നു വയസ്സുമപ്പോൾ
മുപ്പത്തിമൂന്നു വയതിലല്ലോ കാലൻവന്നു കൂടിയല്ലോ
ആളിയവും അഴകനല്ലോ അന്തപ്പാപ്പാരൊടേതൊ ചൊൽവാർ.
കള്ളർ ശല്യങ്ങളുള്ള അമ്പലമിതെന്നുചൊല്ലി
ഉറവലിത്ത വാളുമാക ഉറങ്ങാതെയിരിയുമെന്ന
വെള്ളി നല്ല വിളക്കും വെച്ചു ചെല്ലമതും കൊണ്ടുവെച്ചു
കമ്പിളിയും തന്നെവിരിച്ചു കലങ്ങിയല്ലോ ഉറങ്ങിട്ടവാർ"

അതുകൊണ്ടു് ഉദയനാപുരത്തു് ഒരു കല്ലമ്പലത്തിൽ (കല്ലുകൊണ്ടു പണിത വഴിയമ്പലം) അവർ ചുമടിറക്കി അന്നത്തെ രാത്രി അവിടെ വിശ്രമിക്കുവാൻ തീർച്ചപ്പെടുത്തി. അനന്തകുട്ടിക്കു് അന്നു വയസ്സു മുപ്പത്തിമൂന്നാണു്. അവിടം കള്ളർശല്യമുള്ള സ്ഥലമാണെന്നും അതുകൊണ്ടു് ഉടവാൾ ഉറയിൽനിന്നു് ഊരിപ്പിടിച്ചുകൊണ്ടു ചിലർ ഉണർന്നിരിക്കണമെന്നും അദ്ദേഹം തൻെറ കൂട്ടുകാരോടു പറഞ്ഞിട്ടു കമ്പിളിവിരിച്ചു് ഉറങ്ങി. കത്തിച്ചുവെച്ച ഒരു വെള്ളിവിളക്കു് അവിടെ എരിഞ്ഞുകൊണ്ടിരുന്നു. അതിനുമുമ്പിൽ വഴിപോക്കരായ ആ വണിക്കുകളുടെ പണം മുഴുവൻ സൂക്ഷിച്ചിരുന്ന ചെല്ലവും വെച്ചിരുന്നു.

"പരിചിനൊടൻ അവിടത്തിലെ പതിവുള്ള മാപ്പിളമാർ
പേരേററ തണ്ടാനും പെരിയ നസ്രാണിമാപ്പിളയും
തിരവിയങ്ങൾ കൊള്ളയാടിത്തിരുതകൾ ചെയ്യുന്ന
ഒളിച്ചുപോലിരുത്താനിരിക്ക അന്നേരത്തിൽ വന്നുചേർന്നു.

•   •   •   •   •   •

കള്ളർ നാലാറുപേർകൾ വന്നു അവരുമായതു പതിയിരിക്ക
അതിലൊരുവൻ വന്നുടനെ ഉള്ളപാർശ്വം നേരത്തിൽ
ഉറങ്ങുകിൻറ ചേയ്തൽകണ്ടു ഒരു നസ്രാണിമാപ്പിളയും"

അവിടെ ഒരു തണ്ടാനും ഒരു നസ്രാണിമാപ്പിളയും വലിയ കൊള്ളക്കാരായി സഞ്ചരിച്ചിരുന്നു. അവർ വേറെ മൂന്നു നാലു കൂട്ടുകാരുമായി കല്ലമ്പലത്തിലെത്തി അനന്തകുട്ടിയും കൂട്ടരും ഉറങ്ങുന്നതു കണ്ടു. കഥാപുരുഷൻെറ അനുയായികൾ അദ്ദേഹത്തിൻെറ ആജ്ഞ ശ്രദ്ധിച്ചിരുന്നതേയില്ല. അവരും കുംഭകർണ്ണസേവയിൽ ലയിച്ചിരുന്നു. അപ്പോൾ നസ്രാണി തണ്ടാനോടു്,

"നന്മയാകച്ചൊല്ലിട്ടുവാരവർ നിന്നു പാഴ്ച്ചുരി:—
നാടിനീർ തലയുംകൊണ്ടു മിണ്ടിഞ്ഞു വന്നീടുകിൽ
നന്മയാക ചെല്ലമതും കയ്യുംകൊണ്ടു നാനും വാറേൻ"

അയാൾ അനന്തകുട്ടിയെ വെട്ടിക്കൊന്നു് അദ്ദേഹത്തിൻെറ തല വെട്ടിക്കൊണ്ടു പോരുമെങ്കിൽ, താൻ പണച്ചെല്ലവും അദ്ദേഹത്തിൻെറ കൈ രണ്ടും ഛേദിച്ചു് അതും കൊണ്ടുപോരാമെന്നു പറഞ്ഞു. തണ്ടാൻ ആ അഭ്യാചനയ്ക്കു വഴിപ്പെട്ടു.

"ആമറക്കം കത്തികൊണ്ടു വെട്ടിത്തല കാനറുത്തു
വിരവെ എടുത്തുംകൊണ്ടു വെളിയിലിറങ്ങിവന്നു.
അപ്പോഴതെ നമ്പിരാണിമാപ്പിളയത്തിലൊരുവൻ
ചെല്ലമതും താനെടുത്തു കൈകൾ രണ്ടിനെ മുറിച്ചു
ചെല്ലവും പണവുംകൊണ്ടു നാടിയേ വെളിയിൽ വന്താൻ
ചൊല്ലിയേ വിളിത്തിടുവാർ; മൂഴ്ന്നു പാപ്പാർ മറയിടുവാർ."

രണ്ടുംപേരും അവരവരുടെ വാഗ്ദാനം നിർവ്വഹിച്ചു. ബ്രാഹ്മണൻ മരിച്ചു; പണവും ചെല്ലവും ഘാതകന്മാർ കൊണ്ടുപോയി; ആനന്ദകളിയുടെ കൂട്ടുകാർ അള്ളുവും പിളിയുമായി. എന്തു ഫലം?

അന്നരാത്രി അതേസമയത്തുതന്നെ ചെമ്പകവല്ലി തന്റെ ഭർത്താവിനെ കൊള്ളക്കാർ കൊന്നതായി ഒരു ദുസ്സ്വപ്നം കണ്ടു.

"അന്തരാവിൽ നിത്തിരയിൽ ആയിഴയാം ചെമ്പവല്ലി
ഉറങ്കുകിന്റെ നിത്തിരയിൽ ഒരു കിനാവുകണ്ടാളെ
നിത്തിരയെ വിട്ടെഴുന്തിയല്ലോ നെഞ്ചെരിന്തവളായിട്ടാം.
അങ്കെ ചെൻറു തോഴിയർകൾ അവളോടേ എന്താചൊൽവാർ
'രാത്തിരാവിൽ നിത്തിരയിൽ നെഞ്ചെരിന്തവളെയെന്നാ?'
'എൻകണവൻ ഭർത്താവു ചരക്കുവില്ലപ്പോയെടുത്തു
കള്ളർ വെട്ടിക്കൊന്നപോയെന്നതംകിനാവു കണ്ടേനേ'
'കറിത്തകിനാക്കണ്ടാക്കാൽ കൊണ്ടവർക്കും കുറ്റമില്ലേ'
'പോവിനെടി തോഴിയരേ, എൻകണവനിറ്റുപോനാർ'
എൻറുചൊല്ലിച്ചെമ്പവല്ലി എഴുന്തിട്ടവരെന്നേരം
ഉതയമതിൽത്താനെഴുന്നു ഉറ്റതൊരു ചെമ്പവല്ലി
എൻകണവൻഭർത്താവു ചരക്കുവില്ലപ്പോയിട്ടല്ലോ
പതിനാലുദിവസമായെൻ ഭർത്താ വരക്കണ്ടതില്ലെ.
കണ്ടതില്ലെയെൻറുചൊല്ലിക്കാരിഴയാം മേടയിലെ
മേടയിലേതനെയേറി വരവുപാർത്തുതാനിരുന്താർ"

തോഴിമാർ ആ സ്വപ്നം അനർത്ഥകരമല്ലെന്നു സ്ഥാപിക്കുവാൻ ശ്രമിച്ചുവെങ്കിലും ചെമ്പകവല്ലി അവരുടെ അഭിപ്രായം അംഗീകരിച്ചില്ല. തന്റെ ഭർത്താവു ചരക്കുവില്പാൻപോയിട്ടു പതിനാലുദിവസം കഴിഞ്ഞിട്ടും തിരിയെ വരാത്തതിനാൽ ശങ്കിച്ചും സംഭ്രമിച്ചും ആ സാധ്വി അദ്ദേഹത്തിന്റെ വരവുകാത്തു മേടയിൽ ഇരുന്നു.

അപ്പോൾ അനന്തകട്ടിയുടെ കൂട്ടക്കാരുടെ സ്ഥിതി എന്തെന്നു നോക്കാം.

"പറയിയുടൻ പാപ്പാത്തി പയന്തനായി ഉറങ്ങാതെ
പിറ്റെന്നാളുദയമതിൽ പേതലിച്ചു(6) താനെഴുന്നു
അനന്തകട്ടിപ്പട്ടരുടെ ചെറുവിരലുതന്നെ മുറിച്ചു
ചെറുവിരലുതന്നെ മുറിച്ചു ചീലയിലെ മുടിച്ചുകെട്ടി
കൊണ്ടുവന്ന ചുമടതെല്ലാം കൊട്ടകാട്ടിലേ താനെറിഞ്ഞു
പാടെ(7)ടുത്തു അടക്കിയുടൻ പന്തറി വഴിതന്നെ നടന്നു
പന്തറി വഴിതന്നെ നടന്നു പത്മനാഭപുരത്തിൽ വന്താർ"

തങ്ങളുടെ സ്വാമിയിന്റെ ശവശരീരത്തിൽനിന്ന് ഒരു ചെറുവിരൽമാത്രം മുറിച്ചെടുത്തുകൊണ്ടു ശേഷം ശേഷിപ്പിച്ചുള്ള ചരക്കുകൾ എല്ലാം കൊട്ടകാട്ടിൽ വലിച്ചെറിഞ്ഞ് അത്യന്തം ദുഃഖപരവശരായി അവർ പത്മനാഭപുരത്തു തിരിച്ചെത്തി. അവരുടെ മുഖത്തുനിന്നു ചെമ്പകവല്ലി ഈ സ്ഥിതിമുഴുവൻ ധരിച്ചു.

"എന്റുചൊല്ലിപ്പാപ്പാർകൾ ഇതന(8)പിരൽ താൻ കൊടുത്തു
കൊടുത്തവിരൽതൊഴുതുവാങ്ങിക്കൊണ്ടിട്ടു ചെയിഴയാൾ
ചെയിഴയാൾ വാങ്ങിവെച്ചു ചിറന്തകന്മം താൻ മുകിച്ചു
വെട്ടുപട്ടവനിറന്തതിനാൽ വേതനകൊണ്ടു ചെമ്പവല്ലി
വെളുക്കത്തല മൊട്ടയിട്ടു വെറ്റിലയും തിന്നാതെ
തീപ്പായവേണുമെൻറു തെരിയൊഴിയാൾ മനതുറയ്ന്താൾ

* * * *

എൻറുചൊല്ലി ചെമ്പവല്ലി ഈറ്റിവഴിതാൻ നടന്താൾ
കലശേഖരപ്പെരുമാളെക്കണ്ടിട്ടുവാരന്നേരം
'എൻ കണവൻ മന്നാവ് എന്റെ ചരക്കു വില്പപ്പായെടുത്തു
കള്ളർ വെട്ടിക്കൊന്നുപോയാർ കന്നി നാഞ്ചിനാട്ടു ശോലയിലെ
തീപ്പായ വേണമെൻറു തെരിയൊഴിയാൾ ചൊല്ലിട്ടുവാൾ."

അവർ കൊടുത്ത മന്നാവിന്റെ ചെറുവിരൽ വാങ്ങി അതിന് അപരക്രിയ നടത്തി ശിരസ്സു മുണ്ഡനംചെയ്തു താംബൂലചർവ്വണം നിറുത്തി കലശേഖരപ്പെരുമാളെക്കണ്ടു താൻ മന്നാവിനെ അനുഗമിക്കാനുള്ള ശോ

(6) പേതലിച്ചു = വികാരത്തോടുകൂടി = സംഭ്രമിച്ച്. (7) പാട്ട് = പാട്ടശവം.
(8) ഇതന = ഇരക്കം = ഇണങ്ങിയ = നല്ല.

ഒന്നുമല്ലെന്നും 'തീപ്പായാൻ' അതായത് ഉടന്തടിയേറുവാൻ കല്പന നല്കണമെന്നും അപേക്ഷിച്ചു. അതിന് മഹാരാജാവ് ആ സാധ്വിയോട് ഇങ്ങനെ ഉപദേശിച്ചു.

"തീപ്പായ വേണ്ടാമെടി തേന്മൊഴിയേ കേളുമെടി
നിലം പുരയിടം തരുവേൻ, നിനക്കപടി നാൻ തരുവേൻ;
കട്ടിപ്പൊന്നു നാൻ തരുവേൻ; കനകപ്പണി (9) നാൻ തരുവേൻ;
വെട്ടപ്പോറ തലപ്പുതത്തെല്ലാം വിലകൊടുത്തു മീളുമെടി,
ഒറ്റയകരം കെട്ടിത്തരുവേൻ; ഉനക്കിരിക്കുന്നപടി തരുവേൻ
തീപ്പായവേണ്ടാമെടി തേന്മൊഴിയെ കേളുമെന്റാർ"

അഗ്നിപ്രവേശം ചെയ്യരുതെന്നും നിലവും പുരയിടവുമോ, കട്ടിപ്പൊന്നോ, കനകാഭരണങ്ങളോ എന്തുവേണമെങ്കിലും കൊടുക്കാമെന്നും ചെയ്ത കുററത്തിന് പകരം ചോദിക്കാമെന്നും മററുമുള്ള അവിടത്തെ സാന്ത്വോക്തി ചെമ്പകവല്ലി ചെവിക്കൊണ്ടതേയില്ല. ആ മനസ്വിനി വീണ്ടും ഉറപ്പിച്ചു പറഞ്ഞു.

"നിലവും പുരയിടവുമാശയില്ലേ; നിനക്കപടി പൊന്നിനാശയില്ലേ;
പൊൻപണങ്ങളിരുന്നാലും ചിലവഴിക്ക ആളുമില്ലേ;
ആശയൊന്നും തീരാതില്ലേ; ആണവർ ചൊല്പോവതില്ലേ;
പതിനാറുവയസ്സുമാനേൻ, പതിയിറന്നുതാൻ പോനേൻ;
മൊട്ട ആയി(10)വാറാമെന്റു വിലകിട്ടം കാൺപോയിട്ടം കാൺ
തങ്കിയൊരു (11) പൊന്മക്കളെല്ലാം തരണിതന്നിൽ നരകപ്പാരെ
നാനിരിക്ക ശോഭയല്ലേ; നന്മചൊല്ല നീതിയില്ലേ
തീപ്പായ വേണമെന്റു തേന്മൊഴിയാൾ ചൊല്ലിടവാൾ
തീ താരും തീ താരും എന്നുടെ പുണ്യവരേ തീ താരും"
"തീ താറും തരികയില്ല; തേന്മൊഴിയെ പോകമെടീ!"
എന്റുവാരത്ത കേട്ടപോതേ എണ്ണിയും എന്തോ ചൊൽവാർ
തീ താരും തന്നില്ലെങ്കിൽ തിരുമ്പി നാനും പോവതില്ലേ.
ഉന്നടിയ രാച്ചിയത്തു ഒരു ബ്രാഹ്മണശാപമുണ്ടാം.
നാക്കപ്പിഴയു നാൻ മരിച്ചു നല്ല ശിവലോകം ചേരുമെന്റു
എന്റുചൊല്ലി ചെമ്പവല്ലി നേരനേരിനക്കരവയിട്ടാൾ"

---

(9) പണിപ്പണ്ടങ്ങൾ (10) ആയിരത്തിനു (11) തങ്കമയമുള്ള

തനിക്കു യാതൊരു സപത്നും വേണ്ടെന്നും, തന്നാലും അനുഭവിക്കുവാൻ താൻ മച്ചിയാകകൊണ്ടു് ആളില്ലെന്നും, തന്റെ ഐഹലൗകികങ്ങളായ ആശകൾക്കൊന്നും ശാന്തിവന്നുകഴിഞ്ഞില്ലെന്നും, ദൈവേച്ഛ മറിച്ചുവരികയില്ലെന്നും, സുമംഗലിയല്ലാത്ത തന്നെ കണ്ടാൽ സമാവസ്ഥയിലുള്ള സ്ത്രീകൾ അപഹസിക്കുമെന്നും, താൻ ജീവിച്ചിരിക്കുന്നതു് ഒരുപ്രകാരത്തിലും ആശാസ്യമല്ലെന്നും ആ സ്ത്രീ മഹാരാജാവിനെ ഉൽബോധിപ്പിച്ചു. അവിടന്നു പിന്നെയും വൈമനസ്യം പ്രദർശിപ്പിച്ചപ്പോൾ താൻ നാക്കുപിഴുതെങ്കിലും ആത്മഹത്യചെയ്യുമെന്നും, അഗ്നിപ്രവേശനത്തിന് അനുവാദം നല്കിയില്ലെങ്കിൽ ബ്രാഹ്മണശാപം അവിടുത്തെ ബാധിക്കുമെന്നും ആ വിധവ അദ്ദേഹത്തെ ഭയപ്പെടുത്തി.

"പതിനാറുവയസ്സുമാനേൻ" എന്നു ചെമ്പകവല്ലി പറയുന്നുവെങ്കിലും അതു യൗവനത്തിന്റെ ഉപലക്ഷണമായി മാത്രം നാം കരുതേണ്ടതാണ്. വേളികഴിഞ്ഞു് ഏഴാമത്തെ ദിവസം ഭർത്താവിനെ ഉപദേശിക്കണമെങ്കിൽ അന്നു ചുരുങ്ങിയപക്ഷം പത്തുവയസ്സെങ്കിലുമായിരിക്കണം. അതുകഴിഞ്ഞു പത്തു പന്ത്രണ്ടു വർഷം അനന്തകട്ടിപ്പട്ടർ ജീവളിക്കല്ലുവടം നടത്തിയതായും കവി പ്രസ്താവിക്കുന്നുണ്ടു്. ചെമ്പകവല്ലിക്ക മഹാരാജാവിനോടു വാദപ്രതിവാദം ചെയ്യുമ്പോൾ ഇരുപത്തിരണ്ടു വയസ്സെങ്കിലുമായിരിക്കണമെന്ന് ഇതിൽ നിന്നെല്ലാം അനുമാനിക്കാമല്ലൊ.

ആ ധർമ്മസങ്കടത്തിൽ കലശലായ്‌പ്പെട്ടമാറ് ചെമ്പകവല്ലിക്ക് അഗ്നിപ്രവേശം ചെയ്യുവാൻ അനുവാദം നല്കി. ഉദയഗിരിക്കോട്ടയ്ക്കകത്തു് ആലരശിൻ (12) മൂട്ടിൽ അതിനു സ്ഥാനം കണ്ടു് അവിടെ ഹോമകുണ്ഡമുണ്ടാക്കുവാൻവേണ്ട ഏർപ്പാടു ചെയ്തു.

"തീകൊടുക്കവേണമെന്റു തിരുമനതാൽ കല്പനയായ്
ഉടനെ ചെമ്പുതട്ടമതിൽ തീകോരിത്താൻ കൊടുത്താർ
കൊടുത്ത അനൽ (13) തൊഴുതുവാങ്കിക്കരവയിട്ടു നിൻറാളേ
തീപ്പായവേ തലങ്കൾ എവിടമെൻറു ചൊല്ലിടുങ്കോ
ഉതയകിരി കോട്ടയ്ക്കകം ഉററ ആലരശുമൂടതിലേ
വള്ളുകത്തിൽവാനവരേ വരവഴൈത്താരന്നേരം
ഓമക്കുഴി തനൈക്കുഴിച്ചു ഉടനേ കല്ലാൽ തൊട്ടി (14) യിട്ടു

(12) ആലരശ് = അരയാൽ (13) അനൽ = തീ (14) തൊട്ടി = വേലി; അതിര്

ചന്ദനവും കാരകില്ലും വരിക്കപ്ലാവിറകും
വൈക്കോൽത്തിരളും എണ്ണക്കുടം വകവകയായ്ത്താനൊരുക്കി"

രാജാജ്ഞയാൽ അഗ്നിപ്രവേശത്തിനുള്ള സകല സാധനങ്ങളും അവിടെ സജ്ജീകൃതങ്ങളായി.

"കണ്ടുപോതെ മനം മകിഴ്ന്തു കാരിഴയാളെന്തോ ചൊല്വാൾ
പഞ്ചവാദ്യം വേണമെന്റു പൈന്തൊടിയാൾ ചൊല്ലിടുവാൾ
കരവയിട മടവിയർകൾ (15) കൂടിവരവേണമെന്റു
അൻറു ചൊല്ലിയെന്തിഴയാൾ അകമതിൽപ്പോയിരുന്നു
നിലംപുരടം അനൈതെല്ലാം നിനൈന്തു പാർപ്പാക്കി മാനമിട്ടാൾ!
തെപ്പനല്ലുകളും തന്നിലെ തേന്മൊഴിയാൾ കളികടന്താൾ.
കളഭമുടൻ കസ്തൂരി കാരിഴയാൾ പൂശിടുവാൾ;
മഞ്ഞണയും പുവപ്പുകളും മാറിലെങ്കും പൂശിടുവാൾ;
പൂശിയല്ലാ പുഴമണങ്കൾ പൂമാലയും ചൂടിടുവാൾ;
കസ്തൂരിപ്പൊട്ടുമിട്ടു കനക ചിന്തുരപ്പൊട്ടിടുവാൾ;
കാതിൽ ച്ചിമിക്കിയിട്ടു,കഴുത്തിൽ പനാക്കാറ (16) കെട്ടി
നെററിക്കു ചുട്ടി കൊളെഞ്ഞപ്പാളം (17) നേരിഴയാൾ താനണിന്തു
കയ്യാഴിതങ്ങളികിലുങ്ക കനകവളമോതിരവും
പൊന്നാലെ ചേലതന്നൊപ്പുത്തുമയുടൻ കൊയ്തുടുത്തു
പൈന്തൊടിയാൾ ചന്മൈതൊങ്കിപ്പഞ്ചവർണ്ണക്കിളിപോലെ
പൊന്നാലെയമ്മാന പുത്തുമയുടൻ താനെടുത്തു
നൻറതിനാൽ വെററിലയും നല്ലകളിപ്പാക്കും വായിലിട്ടു
പഞ്ചവർണ്ണക്കിളിപോലെ പൈന്തൊടിയാൾ വഴിനടന്താൾ
പഞ്ചവാദ്യം മുഴങ്ങ പൈന്തൊടിമാർ കരവയിട്ടാർ
കലശേഖരപ്പെരുമാളാം കൊററവനും എഴുന്നള്ളി
ഉപ്പരികൈമാളികയിൽ ഉടനേറി താനിരുന്താർ
അനിയായമാകവൊരു അങ്ങുപോകാലയെന്റു ചൊല്ലി
എൻറു ചൊല്ലി മന്നവനും ഇരുക്കുമന്ത വേളയിലേ
പൈന്തൊടിയാൾ ചെമ്പവല്ലി പാടിയാടി വഴിനടന്താൾ.
പൊന്നാലെ അമ്മാന പുത്തുമയുടൻ ആടിവര
ഇരുവിച്ചിപ്പഴത്തിനാലും ഇരുകരത്താലാടിവര"

(15) മടവിമർ=സ്ത്രീകൾ. (16) മുളിവീഴുന്ന കാറയെന്ന ആഭരണം.
(17) കൊളെഞ്ഞപ്പാളം=ഒരു ശിരോലങ്കാരം.

അങ്ങനെ ഉചിതമായ നേപഥ്യവിധാനത്തോടുകൂടി ആ സതി ഹോമകുണ്ഡത്തിലേയ്ക്കു പാടിയാടിക്കൊണ്ടു നടന്നുചെന്നു. "അന്യായമായ പടുകൊലയാണല്ലോ നടത്തുവാൻ പോകുന്നതു്" എന്നു പറഞ്ഞു വ്യസനിച്ചു്, മഹാരാജാവും ഉപ്പരികമാളികയിൽ കയറിയിരുന്നുകൊണ്ടു് ആ കാഴ്ചകണ്ടു.

"ഉതയകിരി ചെല്ലുവാരാം ഉററതൊരു ചെമ്പവല്ലി
വൈരക്കൽത്തിരം എണ്ണുക്കടം വകവകയായ് ഓമത്തിലേ
ഓമക്കുഴിമുട്ടകിവര ഉററതൊരു ചെമ്പവല്ലി
മുടിക്കുമേലേ അമ്മാന മുക്കണ്ണരെ ശരണമെൻറു
പൊന്നാലേ അമ്മാന തീക്കുഴിയിൽത്താനെറിഞ്ഞു
ഈശ്വരരേ ശരണമെൻറു ഇരുകൈകൂട്ടിത്തൊഴുതുകൊണ്ടു
ഒന്നാന വളയം വന്നു ഉടനേയവർ കരവയിട,
രണ്ടാന വളയം വന്നു തെന്മേൽശീയരാം കരവയിട,
മൂന്നാന വളയം വന്നു മുക്കണ്ണരെ ശരണമെൻറു
മുക്കണ്ണരെ ശരണമെൻറു മുഴുകിനാരു ഓമത്തിലേ"

താൻ ആടിക്കൊണ്ടുവന്ന പൊന്നമ്മാന തീയിലെറിഞ്ഞുംവെച്ചു് അഗ്നികുണ്ഡത്തെ മൂന്നുരു പ്രദക്ഷിണം ചെയ്തു ഭൂതപതിയായ ശ്രീപരമേശ്വരനെ മനസ്സുകൊണ്ടു ധ്യാനിച്ചു ചെമ്പകവല്ലി ഹോമത്തിൽ മുഴുകി; അനായമ്മ തീയിൽ ചാടിമരിച്ചു. കഷ്ടം! മതത്തിൻെറ നാമത്തിൽ ഒരു ആത്മഹത്യകൂടി നടന്നു.

"ശിവനാർ മനം തെളിഞ്ഞു തേരുകൊടുത്തേകിയന്നു
തേരതിലേറിയവർ ശിവൻപാദം അടിതൊഴുതാം.
ശിവൻപാദം അടിതൊഴുതു തെണ്ടൻ(18)നിട്ടു നിൻറപോതേ
നിൻറതൊരു പെൺകൊടിയെ നീലകണ്ഠർതാൻ പാർത്തു.
'നാണ്മുതലെന്നെയെടുത്തുള്ള നാഥനാരേ! വരം താരും
കണ്ഠത്തിൽ വിഷമണിന്ത നീലകണ്ഠ! വരം താരും
കാലനെക്കാലാൽ വതിത്ത(19) കനൽനാതനേ(20) വരം താരും
അടിയാർക്കുംപൊരുളേ! ആതിനാതാ പോററി'യെൻറാൾ
പോററിനിൻറ പെൺകൊടിയെപ്പുരിചടയോൻതാൻ പാർത്തു
എന്നവരം വേണമെൻറു എന്തിഴയേ! ചൊല്ലുമെടി"

---

(18) തെണ്ടൻ=സ്ത്രീകളുടെ ദണ്ഡനമസ്കാരം. (19) വതിത്ത=വധിച്ച.
(20) കനൽനാതൻ=തീ കൂട്ടിയ (ഒരുത്തൻ) നോറിയുള്ളവൻ.

കൊന്നവരെച്ചൂണ്ടടനെ മറുപടിയെ കൊല്‌വതുക്കം
മാററാരെ മഴിപ്പതുക്കം മറുകടരെ കടിപ്പതുക്കം
കടിയവരം താതമെൻറു കാരിഴയും ചൊല്ലിടവാറം
പാലികളെ ച്ചൂലികളെ (21)പ്പതന്നാട്ടം കൊള്ളവരം
ഈനാത(22)മഖടികളെ ഇളംപിള്ളത്താച്ചി(23)കളെ
ആന്നപൊററ കഴവി(24)കളെ നഖത്തിലേ കോത്തെടുത്തു
നഖത്തിലേ കോത്തെടുത്തു അമ്മാനയാട വരം;
കൊല്ലവരം വെല്ലവരം ചടിമുടിയ മുടിക്കവരം
താഴമ്പൂവാടയിലേ മാസിയരെക്കൊല്ലവരം;
പിള്ളിപ്പൂവാടയിപ്പൂലേ മെല്ലിയരെ(25)ക്കൊല്ലവരം;
അരളിവാടയിലേ ആയിഴയെക്കൊല്ലവരം;
ഇന്തയിന്തവരങ്ങളെല്ലാം ഈശ്വരരെ താരമെൻറാർ.
കേട്ടവരംതാൻ കൊടുത്തുകിറുപയുടൻ ശിവനാതം
കൊന്ന പൂവി(26)ലോകമാറംവള്ളക്കം
ചൊന്ന വെലിപൂജകൊറംവള്ളക്കം
കൊടുത്താരേ കേട്ടവരം കൊററവനാർ മനംതെളിന്തു
പോതും പോതുമിനിവരങ്ങൾ എന്നും പൂവിലോകമാണ്ടു
കൊറംവനെൻറാരേ"

ശ്രീപരമേശ്വരൻ കൈലാസത്തിൽനിന്നയച്ച തേരിൽകേറി അവിടെച്ചെന്നു കരുണാനിധിയായ അവിടുത്തെ കമ്പിട്ടു അതിഭയങ്കരങ്ങളായ അനേകം വരങ്ങൾവാങ്ങി തിരിയെ ഭൂമിയിൽവന്ന ചെമ്പകവല്ലി ഉദയഗിരി അരയാലിൻചുവട്ടിൽ ഒരു ഘോരയക്ഷിയായി അധിവാസം തുടങ്ങി. ജനങ്ങൾ ആ യക്ഷിയെ ബലിപൂജകൊണ്ടും മററും പ്രസാദിപ്പിച്ചു. ഇന്നും ആ ദേവതയെ 'തളയൻ' എന്ന ജാതിയിൽ പെട്ടവരും മററും ആരാധിക്കുന്നുണ്ട്.

ഇതാണ് നാലുകാത (ഗാഥ—ഇപ്പോൾ കാത പരിഷ്കാരത്തിനു വിധേയമായി കാർമ്മെന്നു രൂപാന്തരപ്പെട്ടിട്ടുണ്ട്.) അടങ്ങിയ ഈ യക്ഷി കഥയിലെ ഇതിവൃത്തം. ഗ്രന്ഥകാരൻ ആരെന്നറിയുന്നില്ല. ഞാൻ ഉദ്ധരിച്ച ഈരടികളിൽ പലതും സഹൃദയഹൃദയങ്ങളെ ഹഠാദാകർഷിക്കുന്നതിനു പര്യാപ്തങ്ങളാണ്. കവി വ്യുൽപന്നനല്ലായിരിക്കാം. വ്യുൽപത്തിയെന്തിന്? താൻ നേരിട്ടുകണ്ടിരിക്കാവുന്ന അതികരുണമായ ഒരു

(21) ബാലികകളേയും ശൂലിനികളേയും. (22) ഈനാത=പ്രസവിക്കാത്ത (23) താച്ചി=തായ് (24) കഴവി=കഴുത്ത് (25) മെല്ലിയർ=സ്ത്രീകൾ (26) പൂവി=ഭൂമി

സംഭവം അകൃത്രിമവും ലളിതവുമായ സാധാരണ ഭാഷയിൽ അദ്ദേഹം ചിത്രീകരണംചെയ്തു. ശാകുന്തളത്തിൽ ദുഷ്യന്തമഹാരാജാവു പറയുന്നതു പോലെ,

"ശുദ്ധാന്തദുർല്ലഭമിദം വപുരാശ്രമവാസിനോ യദി ജനസ്യ
ദൂരീകൃതാഃ ഖലു ഗുണൈരുദ്യാനലതാ വനലതാഭിഃ"

എന്ന സമ്മതിക്കേണ്ട ഘട്ടങ്ങൾ ഭാവുകന്മാൎക്കു പലപ്പോഴുമുണ്ടാകും. അവയിലൊന്നാണു് ഇതു്. ഗ്രാമീണനെങ്കിലും കലാധൎമ്മമൎമ്മജ്ഞനായ ഈ കവി ചില വരികൾ ആവൎത്തിക്കുന്നതു പ്രായേണ ശ്രോതാക്കളുടെ ഉള്ളിൽ അവയിലെ ആശയം ബലമായി തട്ടുന്നതിനാവേണ്ടിയാണെന്നുള്ളതു നിസ്സംശയമാകുന്നു. അപ്രകാശിതമായ ഈ പാട്ടു പകൎത്തിയെഴുതി അയച്ചുതന്ന ഭാഷാപോഷകനായ ശ്രീമാൻ ഒറവെള്ളരമംഗലം ടി. ജി. അച്യുതൻനമ്പൂരിയുടെ നേൎക്കു് എനിക്കുള്ള കൃതജ്ഞത വാചാമഗോചരമാകുന്നു. ബാലഡ്രീതിയിലുള്ള പാശ്ചാത്യകൃതികൾക്കും ഇത്തരത്തിലുള്ള പാട്ടുകൾക്കും തമ്മിൽ വളരെ സാദൃശ്യമുണ്ടു്. മലയാംതമിഴിൽനിന്നു് ഇംഗ്ലീഷിലേയ്ക്കു വിവൎത്തനംചെയ്തു വിജയംനേടാവുന്ന ഒരു കഥയാകുന്നു ഞാൻ ഈ ഉപന്യാസത്തിൽ സംഗ്രഹിച്ചിട്ടുള്ളതു്.

# രണ്ടു പഴയസ്തോത്രങ്ങൾ *

(സമ്പാദകൻ—കുട്ടമശ്ശേരി നാരായണപ്പിഷാരടി അവർകൾ എം. എ.)

## I ചെറുകുന്നത്തമ്മസ്തുതി.

കരിവരമുഖവൻ കഴലിണകൂപ്പി-
ക്കരളിൽ നിനച്ചുകവിമാതിനെയും
കനിവെഴുമഗസുതതന്നെയുമപ്പാൻ
ഗുരുവിനെയും തൊഴുതിതു മുതിരുന്നേൻ.
ചേതോഭവരിപുദയിതേ! ജയ ജയ
നാഥേ ജയ ജയ നാരായണി ജയ;
ചെറുകുന്നമെഴും ഗിരിതനയേ! ജയ
പരമേശ്വരി! ജയ പരിപാലയ മാം.
മാമലമകൾതൻ കാർകുഴൽതൊട്ടതി-
കോമളമാകിയ കഴലിണയോളം
മാനിച്ചുടനയിയുരചെയ്വതിനായ്
മാമുനിമാർ വരമരുളുകവേണം,
അല്ലൊടുമികുമുകിൽതന്നൊടുമൊരുപട
തല്ലിന സാമ്യമിയന്ന വിശേഷാൽ
അഴകിനൊടലർശരതഴയൊടെതിർത്തൊ-
രണിപുരികുഴലതു തോന്നുക ഹൃദി മേ.
വാരണപായലിൽ വിലസിന മലരിൽ
പാരമെഴുന്നൊരു മധുവ്രതമാനായ്

---

* ഈ രണ്ടുസ്തോത്രങ്ങളിൽ ഒന്നാമത്തെ ചെറുകുന്നത്ത് അന്നപൂർണ്ണേശ്വരിയുടെ കേശാദിപാദസ്തുതിയും രണ്ടാമത്തെ ഭാഗവതഭാഷാസംഗ്രഹരൂപത്തിലുള്ള ഒരു ഹരിസ്തോത്രവുമാകുന്നു. രണ്ടുകൃതികളും പ്രാചീനങ്ങളാണെന്ന് അവയുടെ ഭാഷാരീതിയിൽ നിന്നു കാണാവുന്നതാണ്. സ്ഖലിതങ്ങൾ തിരുത്തി പ്രസിദ്ധപ്പെടുത്തുവാൻ ഞാൻ കുറെ ക്ലേശിച്ചിട്ടുണ്ട്. ഈ സ്തോത്രങ്ങൾ പകർത്തി അയച്ചുതന്ന പ്രിൻസിപ്പാൾ നാരായണപ്പിഷാരടിയുടെ [illegible] പ്രത്യേകം അഭിനന്ദനീയമാണ്.

ഉള്ളൂർ

വരിമുകിലഴകിൽ നിന്നാകണക്കെ
തിറവിയ കരുനിര തോന്നുക ഹൃദി മേ.
അങ്ങാം തിമിരിയിലുമില്ല ശശാങ്കനൊ-
ടങ്ങാറെഴുവിടയഞ്ജലിപൂർവ്വം
അങ്ങാതെ തിറകൊണ്ടൊരു നെററിയു-
മങ്ങിതചമയം തോന്നുക ഹൃദി മേ.
മന്ദഗനായ മഹാപ്രഭുതന്റെ
വെണ്മണിമുത്തുക്കടനിറിപോലെ
മഹിമയിൽമണമെഴുമല്ലികതാനേ
മരുവിന തൊടുകുറി തോന്നുക ഹൃദി മേ.
മുല്ലപ്പൂങ്ങാരാലകളയിപ്പാ-
നല്ലൊരുവില്ലുകളാളുമനേകം.
മൂല്ലരപി മറിമ കലന്നീടുന്നൊരു
കനചില്ലികളും തോന്നുക ഹൃദി മേ.
ഇളമാൻകണ്ണിനൊരിമ്മ വഴങ്ങി-
ങ്ങല ചെയ്തുഴകിയ കുവലയമുടനേ
ഇതവിയ കണ്ണസമീപത്തോളമു-
മിയലിന തിരുമിഴി തോന്നുക ഹൃദി മേ.
മണിമുകരത്തൊടുമണിമുഴമതിയൊടു-
മനുദിനമകമേ പകപൂണ്ടതുമി
മഹിമ കലന്ന കപോലങ്ങളുമെൻ-
മഹിഷവിനാശിനി തോന്നുക ഹൃദി മേ.
ചൊല്ലൊങ്ങീടുമെൾപ്പൂവിൻവടി-
വെറ്റപ്പുതും കലരറിപ്പൊരു കാന്ത്യാ
പാവനമാകിയ തിരുനാസികയും
പാപവിനാശിനി തോന്നുക ഹൃദി മേ.
നീടാർന്നീടിന ഗന്ധമതാലേ ചാ-
ഞ്ഞാടീടുമന്തിക സന്ധ്യയുമും
നിറമിയലീടിനൊരാസികാതിങ്ങളും
നിഖിലാധീശ്വരി തോന്നുക ഹൃദി മേ.
പല്ലവകാന്തിയൊടുമലിൽ വെറുത്തു-
നല്ലൽ മുഴുത്തണി പവിഴമചിക്കം
പരിചൊടു നിറമാർന്നധരവു മണിവായ്-
മലരമരതധികം തോന്നുക ഹൃദി മേ.

മുത്തിൻ മണികളൊടൊത്തീടുന്ന വി-
ചിത്രം തേടിന ദശനപ്രഭയും
മുറുവൽ തൂകുമ്പിന വാത്സല്യസീമയും
മുഴുമതിവദനേ തോന്നുക ഹൃദി മേ.
ഫുല്ലാംബുജമലർ തന്നെക്കാണെന്നോ
വല്ലാഴ്മ വഴങ്ങിച്ചുതിമംഗ്യാ
പൂർണ്ണശശാങ്കനൊടൊത്ത മുഖശ്രീ-
യെന്നവിലാസം തോന്നുക ഹൃദി മേ.
കുററമെഴാതൊരു കമ്പിയൊടും തിറ
പററിന ഗളഭുവി മുററിവിളങ്ങും
കങ്കമരേഖാഭംഗിയുമധികം
പങ്കജവദനേ തോന്നുക ഹൃദി മേ.
ചേലെഴുമാനതതോളിണയും മണി-
മാലകളാടിന തിരുമാർവ്വിടവും
ചേരുന്നൊരു ശോഭാതിശയവുമലമതി-
ശേഖരമയിതേ തോന്നുക ഹൃദി മേ.
ഭക്തജനത്തിന്നനുഗ്രഹമായെഴു-
മുത്തമ പാണിതലങ്ങളിലിയലും
…കലിതവരയവരങ്ങളുമധികം
ഭഗവതി ഗിരിജേ തോന്നുക ഹൃദി മേ.
ഉത്തമതംഗമ മണ്ഡുകകാന്തിയെ
മധ്യമമാക്കിന ചിത്രദശായാം
ഉന്നിമയകംശൃമമ്പൊടു കമ്പിട്ട-
മണികചയുഗളം തോന്നുക ഹൃദി മേ.
ഭംഗ്യാ ശങ്കർ തിരുമെയ് തങ്കൽ-
തങ്ങിന കങ്കമപങ്കാങ്കിതമായ്
പരിമളമിയലിന കചയുഗളാന്തര-
മരികലനാശിനി തോന്നുക ഹൃദി മേ.
തങ്കക്കൊങ്കകൾ തങ്ങിച്ചേർന്നൊരു
ഭംഗീപടലി നിരക്കുംപോലെ
കോമളമാകിന രോമാവലിരുചി
ഹേമാംബുജമുഖി തോന്നുക ഹൃദി മേ.
നന്ദുണ്ണിപോയ് നടകൊണ്ടു നടുങ്ങിന
ചാരമെഴുന്നൊരു നെത്തിടവിരിവും

അരിളശമരയാലിലകൾ തൊഴും തിരു-
വുദരവുമുടനെ തോന്നുക ഹൃദി മേ.
അരുമയിലാവർത്തത്തിനൊരാവ-
ത്തരുളിന നാഭിശോഭയുമണിയും
പൂഞ്ചുകിലും തന്നുപരി വിളങ്ങിട്ടു-
മണികാഞ്ചികളും തോന്നുക ഹൃദി മേ.
ചേണാൎന്നീടിന ജഘനവരത്തിൻ
തുണായ് മേവിന നൽത്തുടയിണയും
ചെപ്പുവണങ്ങിന ജാനുദ്വിതയവു-
മെപ്പൊഴുമഗജേ തോന്നുക ഹൃദി മേ.
കേതകി വിരവൊടു കേണൊരുതകോണിൽ
വെളിപ്പുധികളൊളിക്കുംവണ്ണം
കേടിയലാത കണങ്കഴലിണതാർ
തേടിന വടിവും തോന്നുക ഹൃദി മേ.
ആമപ്പുറവടിവായ് മേവീടിനൊ-
രോമൽ പുറവടിയിണമേലണിയും
അരിയ ചിലമ്പും പെരികെ നിറംപെറു-
മണിവിരൽ നഖവും തോന്നുക ഹൃദി മേ.
ചന്തമെഴുന്നൊരു ചെന്തളിരിന പര-
മന്ദതചേർത്തൊരു പാദതലത്തിൽ
ചന്തമൊടിയലിന വരകളുമധികം
ശശിധരജായേ തോന്നുക ഹൃദി മേ.
ബാലാദിത്യപ്രഭകൾകണക്കേ
ചേലാൎന്നീടിനൊരണിതിരുനിറവും
വളകടകാദികളഴകൊടണിഞ്ഞതി
വിലസിന പൂമെയ് തോന്നുക ഹൃദി മേ.
ബ്രഹ്മാവിഷ്ണുമഹേശന്മാൎക്കും
നിർമ്മായം പുകഴ്വാൻ പണിപെരുകും
ബലമേറീടിനൊരമ്മാഹാത്മ്യം
പലതരമിയലും പരമേശ്വരി ജയ,
മഹിഷാസുരവരനായ് മേവീടിനൊ-
രഹിതൻ പാരിടമൊക്കെമുടിപ്പാൻ
മദവശനാംപൊഴുതവനെക്കൊന്നട-
നമിതാടോപഭയങ്കരി ജയ ജയ

സുംഭനിസുംഭന്മാരെക്കൊണ്ടതി-
കമ്പിതമായ ജഗത്ത്രിതയത്തെ
ത്വരിതമണഞ്ഞഥ പരിരക്ഷിച്ചൊരു
പരമാനന്ദനശീലേ ജയ ജയ
ചണ്ഡതകോലിന ചണ്ഡനെയുംപുന-
രിണ്ടൽവളർത്തീടിന മുണ്ഡനെയും
ചഞ്ചരത ചേൻ ജയിപ്പൊരുശക്ത്യാ
ബുധജനനന്ദിതചരിതേ ജയ ജയ
ശോണിതബീജാസുരവരരക്തം
വീണതിഭീഷണമനജേന്ദ്രന്മാർ
ശോഭയിലുണ്ടാകുംപൊഴുതവരെ-
ക്കോപാൽ കൊന്റ മഹാഭൈരവി ജയ
ത്രുമതിരണ്ടൊരു ധൂമ്രവിലോചന-
നാമമെഴുന്ന മഹാസുരരാജൻ
ഇടരെവരുന്നാളവനെ മുടിച്ചതി-
കട്ടമകലുന്നൊരു കാളീ ജയ ജയ
അരികലഭയരഹിതന്മാരാകിയ
സുരമുനിനരവരകിമ്പുരുഷന്മാർ
അധികാനന്ദവശന്മാരായി-
സ്തുതിചെയ്യുതുകേട്ടൊരു ഗിരിജേ ജയ.
ഗർവ്വുവളർത്തിന ദൈത്യകുലത്തെ-
ച്ഛിത്സരരെരവുകലചെയ്തു ബലാൽ
ഞ്ഞത്ഥജഗത്ത്രയമാത്താമരമൊട്ട
കാത്തീടുന്നൊരു കാത്യായനി ജയ
കാലാരാതിയൊടൊക്കവസിച്ചു-
കൈലാസാഗ്രേ നിജഗൃഹമദ്ധ്യേ
കലിതരസത്തൊടു ഡോളാകേളികളിൽ
വിലസീടുന്നൊരു വിബുധേശ്വരി ജയ.
പൊന്നും കോരികതന്നിൽ നിറച്ചൊ-
രന്നം കോരി വിളമ്പും നേരം
പൊന്നു നിറഞ്ഞൊരു പഥികജനത്തിന
പൂർണ്ണതചേർക്കും ഭുവനേശ്വരി ജയ.
കോലക്കല്ലാരതലതിലകതപം പൂ-
ങ്ങലേസ്യം തീർത്തഖിലജനാനാം

കോലിന കൃപയാ പാലിച്ചീടിന
കാലദ്ധ്വംസനദയിതേ ജയ ജയ.
വേദാന്തത്തിൻ പൊരുളേ ജയ ജയ
ബാധാഹീനവിപാകേ ജയ ജയ
വിപുലകൃപാമയജലധേ ജയ ജയ
വിബുധജനാനതചരണേ ജയ ജയ
ശക്തിയുതേ ജയ ബുദ്ധിഹിതേ ജയ
യുദ്ധരതേ ജയ ചിൽത്തളിരേ ജയ
ശക്തേ ജയ ജയ ശരണ്യേ ജയ ജയ
മുക്തേ ജയ ജയ നിത്യേ ജയ ജയ
ഇത്ഥമിതെത്രയുമുത്തമരായതി-
ഭക്തിപുരസ്സരമാകംവണ്ണം
ഹിതമൊടു ചൊല്ലി സ്തുതിചെയ്യോരെ-
പ്പരിപാലിപ്പാൻ പരമേശ്വരി ജയ

നാഥേ! നാനാജനാലംബനചരണയുഗേ! ദേവി വേദാന്തവേദ്യേ! മീതേ മീതേ പടർന്നീടിനൊരുപനിഷദ്വ്യാലതാപുഷ്പമേ! ഞാൻ പാദാംഭോജം തൊഴുന്നേൻ പകലിരവു കൃപാശീതളം നിൻകടക്കൺ-പാഥോജം പാവനം തന്നരുളുക ചെറുകന്നാരുമെൻ തമ്പുരാട്ടി.!

## II ഹരിസ്തോത്രം.

വാരണമുഖനെക്കനിവിട്ടൊടു വാണിയെയും തൊഴുതാദരപൂർവം
വാരിജലോചനചരിതവിലാസം വാഴ്ത്തുവതിന്നിത ഞാൻ മുതിരുന്നേൻ-
അംബുധിമകൾതൻകൊങ്കയുഗംപൂണ്ടംബുധിയിൽകിടകൊണ്ടവനേ ഹരി
പന്നഗനായകതല്പംതന്മേലുന്നതിചേർന്ന കിടന്നവനേ ഹരി
നാനാചാരണഗീതരസംകൊണ്ടാനന്ദാകലനായവനേ ഹരി
ആർക്കുമൊരിക്കലുമിത്രമഹാനെന്നോർക്കരുതാത്ത പരംപൊരുളേ ഹരി
പാലിൽവിളങ്ങിന നവനീതരസം പോലെ ജഗതി പരന്നവനേ ഹരി
ദിക്കും ദേശവുമൊടു കാലവുമൊക്കെത്തകെ വെടിഞ്ഞവനേ ഹരി
ധാത്രീഭാരംതീർപ്പതിനു തൊഴും ധാത്രിയിൽ കരുണാകലർന്നവനേ ഹരി
അവനിയിലമരജനങ്ങൾ ജനിപ്പാനാജ്ഞാവാക്യം ചെയ്തവനേ ഹരി
ദേവകലത്തിൻ വ്യസനം തീർപ്പാൻ ദേവകിതൻവയർ പുക്കവനേ ഹരി
ആനകദുന്ദുഭിതാൻകാണമ്മാറാനന്ദേന പിറന്നവനേ ഹരി.

നീലപയോധരനീലിമകവരും കോമളകാന്തി ധരിച്ചവനേ ഹരി
കചഭരമൊതുമിച്ചുഴികൊണ്ടു കെട്ടിക്കനകകിരീടം ചേർത്തവനേ ഹരി
അളികൾതങ്ങിൻറളകം ചേരുന്നഴമളികംകൊണ്ടു നിറഞ്ഞവനേ ഹരി
ചില്ലീചലനം കൊണ്ടു മുപ്പാരഴകൊടു കാത്തുമഴിപ്പവനേ ഹരി
രാത്രിയുമപ്പകലും നിജവീക്ഷണമാത്രംകൊണ്ടു ചമപ്പവനേ ഹരി
ചൊവ്വോടേറീടിന നാസാരുചികൊണ്ടെള്ളിൻപ്പൂവോടുമെതിർത്തവനേ ഹരി
ഗണ്ഡതലേ നിഴലിച്ചുതുളും മണികുണ്ഡലമണ്ഡിതനായവനേ ഹരി
അഞ്ചിതവാസ്ഥാർത്തമേൽത്താവിന പുഞ്ചിരിപൂണ്ട പുരാതനനേ ഹരി
പൂർണ്ണനിശാകരബിംബംപോലെ പൊലിമ കലൎന്ന മുഖാംബുജനേ ഹരി
പാല്ക്കടൽമകൾതൻ മാംഗല്യം കൊണ്ടാക്കമിയൻറ ഗളാന്തരനേ ഹരി
മാർത്താണ്ഡദ്യുതി മാറ്റിൽ മനോജ്ഞം ശ്രീലക്ഷ്മീധരനായവനേ ഹരി
ശംഖഗദാംബുജചക്രാദികളെണ്ണം തടവിന തുംഗമഹാഭുജനേ ഹരി
സാക്ഷരമായ ചരാചരജാലം കക്ഷിപുടത്തിലെടുത്തവനേ ഹരി
മത്തഭ്രമരയുടുള്ളു മൃദുസാരമണ്ണുമകാന്തി മനോഹരനേ ഹരി.
നൽകമ്പത്തിനുതയുഗംകൊണ്ടുരുകമ്പത്തെ വളർത്തവനേ ഹരി
പൊൽപ്പിന ചാതുര്യംകൊലിന്ന കൊണ്ടല്പ്രത ചേർത്ത ജഗൽഗുരുവേ ഹരി
വേദാന്തത്തിൻപല്ലവമാകിന പാദാംഭോരുഹമാണ്ടവനേ ഹരി
പിതൃജനത്തിന്നീശ്വരനെന്നേ വിശ്രുതനായ രമാപതിയേ ഹരി
മോഹനമാണ്ടവനിയിൽ മുമ്പേ രോഹിണിതന്മകനായവനേ ഹരി
സുന്ദരമൂർത്തി ധരിച്ചപ്പോഴത്തെ നന്ദകിശോരകനായവനേ ഹരി
പാതകജാതം കൊൻറുമുടിക്കും പൂതനതന്നുയിർകൊണ്ടവനേ ഹരി
ചരണംകൊണ്ടേ ശകടാസുരനെത്തണ്ണാഹീനം കൊൻറവനേ ഹരി.
ചുഴലിക്കാറ്റാമസുരനെ വിരവൊടു ചുഴലിച്ചോരു ജഗൽഗുരുവേ ഹരി
താനിമുഖമല്ലേ പാരിടമമ്മയ്ക്കൊടു ദർശിപ്പിച്ചവനേ ഹരി
ഗർഗ്ഗമഹാമുനി തൻവദനാംബുജനിർഗ്ഗതനാമമിയൻറവനേ ഹരി
ബലഭദ്രനൊടുംക്രീഡനത്തിൽ ബാലതപേന തമിഴ്ന്നവനേ ഹരി
ബന്ധുരലീലം പിന്നത്തൃക്കാൽ ചെന്തളിർകൊണ്ടു നടന്നവനേ ഹരി
പാലും വെണ്ണയുമെല്ലാം കപ്പാൻ പാത്തു ഗൃഹേഷു തുനിഞ്ഞവനേ ഹരി
കള്ളൻ നീയെൻറായർവധൂനാം കളമൊഴികേട്ടു ചിരിച്ചവനേ ഹരി
മണ്ണാകന്നതിനമ്മപറഞ്ഞതിൽ മന്ദഹാസം ചെയ്തവനേ ഹരി
അപ്പോഴേ തൻവദനംകാട്ടീട്ടപ്പാരൊക്കെ മറച്ചവനേ ഹരി
തെന്നാളമ്പോടു വെണ്ണകവൎന്നതിന്നരലോടു കെട്ടപ്പെട്ടവനേ ഹരി
ഉരലുമിഴച്ചുച്ചിടയിൽപാഞ്ഞമ്മരുതമരത്തെ മുറിച്ചവനേ ഹരി
നന്ദാദികളോടുകൂടീട്ടുടനേ വൃന്ദാവനഭുവി വാണവനേ ഹരി

ബാലജനത്തോടുകൂടെത്തമ്മിൽ ബാല്യരസേന കളിച്ചവനേ ഹരി
കനകകിടാങ്ങളെ മേച്ചു നടന്നാക്കാടിനു പുണ്യം ചെയ്തവനേ ഹരി
വത്സകനായ്‌വന്നസുരനെ വൃക്ഷംതന്മേൽ വിരവൊടെറിഞ്ഞവനേ ഹരി
ബകനെത്തൃക്കൈകൊണ്ടുപിടിച്ചങ്ങകലെപ്പെട്ടെന്നീർന്നവനേ ഹരി
പരിചൊടു ബലദേവനൊടുംകൂടെപ്പശുവൃന്ദത്തെക്കാത്തവനേ ഹരി
കാളിയധേനുകഹന്താവിനൊടും കാനനസീമ്നി കളിച്ചവനേ ഹരി
കാളിയനാഗഫണാവലിതന്മേൽ കേളീനടനം ചെയ്തവനേ ഹരി
നാരികൾ വീട്ട നവാംശുകമെല്ലാം വാരിമറച്ചു ചിരിച്ചവനേ ഹരി
അച്ഛിച്ചുഴകൊടു ഗോവർദ്ധനഗിരിമമരേശപരനെക്കാത്തവനേ ഹരി
ഗോപകുമാരികമാരെക്കവരും ഗുഹ്യകനെക്കൊലചെയ്തവനേ ഹരി
പാപംകോലുമരിഷ്ടാസുരനെക്കോപാകലിതം കൊന്നവനേ ഹരി
കേശിയെ വിരവൊടുകൊന്നു ജഗത്യാം കേശവനായ പരാത്മകനേ ഹരി
അക്രൂരഗിരാ മധുരാനഗരംപുക്ക പുരാതനപൂരുഷനേ ഹിരി
യാഗനിമിത്തം കല്പിതമായൊരു ധനുഷോ ഭംഗം ചെയ്തവനേ ഹരി
സൈരന്ധ്രിയുടെ വക്രാകൃതിയെ സൈപരം തീർത്ത കൃപാംബുധിയേ ഹരി
മാലാകാരനു വരമരുളീടും മാലാലംകൃതനായവനേ ഹരി
രജകനെ വസ്ത്രനിമിത്തത്താലേ വിരവൊടടിച്ചുയിർ കൊണ്ടവനേ ഹരി
കംസപ്രക.........വിളങ്ങും കരിരാജന്യം കൊന്നവനേ ഹരി
ഹിംസിച്ചുഴകൊടുമല്ലജനത്തെക്കംസധ്വംസകനായവനേ ഹരി
വസുദേവനെയും മാതാവിനെയും വന്ദിച്ചോരു ജഗൽഗുരവേ ഹരി
കംസപിതാവിനു ഭൂരാജത്വം കാരുണ്യേന കൊടുത്തവനേ ഹരി
സാഗ്രജനായിട്ടഖിലാം വിദ്യാം സാന്ദീപനിയൊടു കേട്ടവനേ ഹരി
കബ്ജാക്രൂരപ്രീതി (1) നിമിത്തം സംഗതിഗമനം ചെയ്തവനേ ഹരി
ഉദ്ധവവചസാ ഗോപാനന്ദം വർദ്ധിപ്പിച്ചു കൃപാംബുധിയേ ഹരി
മധുരാനഗരം ചുററിമറുക്കും മാഗധദർപ്പം തീർത്തവനേ ഹരി
ദ്വാരകയാകിയ നഗരീരത്നം ചാതുര്യേന ചമച്ചവനേ ഹരി
യവനനെ യുദ്ധേ.........കൊണ്ടന്തകഭവനം കടിപൂകിച്ചവനേ ഹരി
വൈദർഭീം രിപുമദ്ധ്യേ വിരവൊടു വൈദഗ്ദ്ധ്യേന ഹരിച്ചവനേ ഹരി
പ്രദ്യുമ്നനൊടുംകൂടെപ്പുരിയിൽ പ്രേമംപൂണ്ടുവസിച്ചവനേ ഹരി
സത്രാജിത്തിൻമണിയന്വേഷിച്ചുൾവിപിനത്തിലുഴന്നവനേ ഹരി
മണിയൊടുകൂടെ ജാംബവതിമഥ മംഗലമാണ്ടു ലഭിച്ചവനേ ഹരി
സത്രാജിത്തിൻപുത്രിക്കുമൊട്ടുഭർത്താവായ പരാൽപരനേ ഹരി

(1) കബ്ജയിലും അക്രൂരനിലുമുള്ള പ്രീതി നിമിത്തം അവരുമായുള്ള (സംഗതി) സമാഗമത്തിനായി പോയി.

കാളിന്ദീതടസീമനി പിന്നെക്കാളിന്ദീപതിയായവനേ ഹരി
സപ്തവൃഷങ്ങളെ ഹിംസിച്ചഴകൊടു സത്യാവല്ലഭനായവനേ ഹരി
(2)ഭദ്രാലക്ഷ്മണമാരൊടുസാകം ഭദ്രാനന്ദംപൂണ്ടവനേ ഹരി
പ്രാഗ്ജ്യോതിഷമാം നഗരേ വേഗാൽ പ്രാപ്യ മുരാന്തകനായവനേ ഹരി
നഗരേ തസ്മിൻ പടയോടുകൂടെ നരകാസുരനെക്കൊന്നവനേ ഹരി
പതിനാറായിരമംഗനമാരെപ്പരിചൊടു കെട്ടപ്പെട്ടവനേ ഹരി
കാന്താവചസാ നന്ദനദേശേ കല്പകമാശു പറിച്ചവനേ ഹരി
ബാണമഹാസുരവീരനെ യുദ്ധേ ബാഹുബലേന ജയിച്ചവനേ ഹരി
കൃകലാസതപംപൂണ്ടുകിടക്കും നൃഗമോക്ഷത്തെച്ചെയ്തവനേ ഹരി
പാരിച്ചീടിന കോപം കലരും പൗണ്ഡ്രകദർപ്പം തീർത്തവനേ ഹരി
ഉഗ്രജരാസന്ധനബാധകലർന്നും ക്ഷത്രിയവാക്യം കേട്ടവനേ ഹരി
നന്ദിപ്പിച്ചു ധർമ്മസുതം ചെന്റിന്ദ്രപ്രസ്ഥം പുക്കവനേ ഹരി
മഖവിഘ്നത്തെയൊഴിപ്പാൻ വിരവൊടു മാഗധനെക്കൊല്ലിച്ചവനേ ഹരി
തർക്കംകൊണ്ടച്ചേദീശൻതല ചക്രംകൊണ്ടു മുറിച്ചവനേ ഹരി
സാല്വനെയുംതൽബന്ധുക്കളെയും സഹസാ കൊന്നുമുടിച്ചവനേ ഹരി
നിർമ്മലനായ കുചേലന്നു ചിരം നിഖിലാഭീഷ്ടം ചെയ്തവനേ ഹരി
അർണ്ണവവീചിഷു മൃതഗുരുപുത്രനെ ഗുരുവിനു ദക്ഷിണ ചെയ്തവനേ ഹരി
അമ്മയ്ക്കാറുപേർ തനയന്മാരെച്ചെമ്മേ ദർശിപ്പിച്ചവനേ ഹരി
സോദരിയാം സുഭദ്രാമർജ്ജുനനാദരവോടു കൊടുത്തവനേ ഹരി
വിപ്രകുമാരന്മാരെക്കാണാഞ്ഞപ്പാർത്ഥാശ്രിതനായവനേ ഹരി
അപ്പോഴേ നാരായണകൃപയാ വിപ്രക്ലേശം തീർത്തവനേ ഹരി
ദാരസുതാദികളോടുംകൂടെ ദ്വാരവതീപതിയായവനേ ഹരി
ഭൂഭാരത്തെത്തീർത്തു സുരാണാം താപാതങ്കമൊഴിച്ചവനേ ഹരി
ശുദ്ധവരോത്തമകർമ്മബോധം തെളിവിനൊടുദ്ധവരോടറിയിച്ചവനേ ഹരി
അമ്പൊടുമുന്നേപ്പോലെതന്നേയംബുധിമദ്ധ്യം പുക്കവനേ ഹരി
നിർമ്മലനേ ഹരി നിശ്ചലനേ ഹരി നിർഗ്ഗുണനേ ഹരി നിഷ്കളനേ ഹരി
നിഷ്ക്രിയനേ ഹരി നിർജ്ജരനേ ഹരി നിസ്സ്പൃഹനേ ഹരി നിരുപമനേ ഹരി
നാരായണായ ഹരി നാരായണായ ഹരി നാരായണായ ഹരി

നാരായണായ ഹരി

ശുഭം.

---

(2) ശ്രുതകീർത്തിയുടെ പുത്രി ഭദ്ര; മദ്രരാജാവിന്റെ പുത്രി ലക്ഷ്മണ.

# വിമർശനവീഥി. *

ത്രൈമാസികത്തിൽ നിരൂപണംചെയ്തുകാണണമെന്നുദ്ദേശിക്കുന്ന പുസ്തകങ്ങളുടെ ഈരണ്ടു പ്രതി "വിദ്വാൻ, ഏ. ഡി. ഹരിശർമ്മ, എം. ആർ. ഏ. എസ്., സഹപത്രാധിപർ, ത്രൈമാസികം, ടി. ഡി. റോഡ്, എറണാകുളം" എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്. സ്ഥലസൗകര്യം അനുവദിക്കുന്നതനുസരിച്ച്, കഴിയുന്നതും വേഗത്തിൽ, പുസ്തകങ്ങളുടെ നിരൂപണം ചെയ്യുന്നതായിരിക്കും.

പത്രാധിപർ.

## കൈപ്പററി.

**1. കേരളവർമ്മദേവൻ.**

ഗ്രന്ഥകർത്താ—എം. ആർ. ബാലകൃഷ്ണവാര്യർ, എം. ഏ., മഹാരാജാസ് സൈൻസ് കോളേജ്, തിരുവനന്തപുരം. ശ്രീധരപ്രസ്സ്, തിരുവനന്തപുരം. വില കാണുന്നില്ല.

**2. വീട്ടുപക്ഷികൃഷി.**

ഗ്രന്ഥകർത്താ—തൊടകാട്ടുള്ളതിൽ കരുണാകരമേനോൻ ബി. ഏ., ഏസ്. ബി. പ്രസ്സ്, പറവൂർ. വില 1 ക.

**3. ധനശാസ്ത്രതത്വം.**

ഗ്രന്ഥകർത്താ—പി. എൻ. കൃഷ്ണയ്യ ബി. ഏ., എൽ. റി. പ്രസാധകന്മാർ—കൊച്ചി രാജ്യപരിഷ്കരണക്കമ്മിററിക്കാർ— തൃശ്ശൂർ, മംഗളോദയം പ്രസ്സ്, തൃശ്ശൂർ.

വില 2 ക. 8 ണ.

**4. മഹാകവി കുഞ്ചൻനമ്പ്യാർ.**

ഗ്രന്ഥകർത്താ— ടി. എം. കുമാർ, വിദ്വാൻ, എസ്. ഷേല്പ്. ഭാസ്കരം തോട്ടം, ചെറുപു സ്വന്തമാലയം, തോട്ടം. വില 12 ണ.

**5. [illegible].**

പ്രസാധകന്മാർ—കൊച്ചി രാജ്യപരിഷ്കരണക്കമ്മിററിക്കാർ, തൃശ്ശൂർ. രാമാനുജമുദ്രാലയം, തൃശ്ശൂർ. വില 12 ണ.

**6. അർത്ഥശാസ്ത്രപദാനുക്രമണിക.**

പ്രസാധകന്മാർ—കൊച്ചി രാജ്യപരിഷ്കരണക്കമ്മിററിക്കാർ, തൃശ്ശൂർ. രാമാനുജമുദ്രാലയം, തൃശ്ശൂർ. വില 12 ണ.

---

* ത്രൈമാസികത്തിൽ നിരൂപണത്തിനുള്ള പുസ്തകങ്ങൾ, നിർദ്ദേശിച്ചിട്ടുള്ള മേൽവിലാസത്തിൽ നേരിട്ടയക്കേണ്ടതാണ്. അങ്ങനെ നേരിട്ടയക്കാതെ പുസ്തകം വല്ലവരേയും ഏല്പിച്ച് ഒടുവിൽ ത്രൈമാസികത്തിൽ നിരൂപണം കണ്ടില്ലെന്ന് ആക്ഷേപിച്ചുകൊണ്ട് ചിലരുടെ കത്തുകളെല്ലാം പലതും ഞങ്ങളെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ മററുള്ളവരെ ഏല്പിക്കുന്ന പുസ്തകങ്ങളുടെ നിരൂപണം ത്രൈമാസികത്തിൽ പ്രതീക്ഷിക്കേണ്ട ആവശ്യമില്ല. ഇക്കാര്യത്തിൽ ഗ്രന്ഥകാരന്മാർ പ്രത്യേകം മേപ്പടി [illegible].

# അഭിപ്രായങ്ങൾ.

## 1. കേരളവർമ്മാവൻ.

"കേരളവർമ്മാവൻ! എത്രമാത്രം മാഹാത്മ്യവും ഭക്തിമധുരവും പാവനവും പ്രശസ്തവുമായ ഒരു നാമധേയമാണതു്! ആ തിരുനാമം കേൾക്കുമ്പോൾ കേരളീയനായ ഏതൊരു ഭാഷാഭിമാനിയുടെ ശിരസ്സാണ് കോൾമയിർക്കൊള്ളാത്തതു്? ഏതൊരു സഹൃദയന്റെ കണ്ണുകളാണ് ആനന്ദബാഷ്പത്തിൽ മുഴുകാത്തതു്? ഏതൊരു സാഹിത്യകാരന്റെ ഹൃദയമാണ് നിർവൃതിയാൽ കൃതാർത്ഥമാകാത്തതു്?" താദൃശനായ ഇതുവല്ലഭനും സാഹിത്യചക്രവർത്തിയും കൈരളിയെ സർവ്വപ്രകാരേണയും അനുഗ്രഹിച്ച മഹാപുരുഷനുമായ ആ കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ചേതസ്സമാകർഷകമായ ഒരു ജീവചരിത്രമാണിതു്.

ഗ്രന്ഥകർത്താവായ ശ്രീമാൻ എം. ആർ. ബാലകൃഷ്ണവാര്യർ എം. എ. ഒരു പണ്ഡിതനും ഭാഷാഭിമാനിയും നവയുഗകലാമാർഗ്ഗദർശകനുമാണെന്ന് അദ്ദേഹത്തിന്റെ കവനങ്ങളും പ്രബന്ധങ്ങളും എന്നിത്യാദി കൃതികൾ വിശദമായി തെളിയിച്ചിട്ടുണ്ട്. തിരുമനസ്സിലെ ശിഷ്യനും വാത്സല്യഭാജനവും അതിനിപുണനും മഹാകവിയുമായ ഉള്ളൂർ പരമേശ്വരയ്യരവർകൾ അവതാരികയിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, മി: ബാലകൃഷ്ണവാരിയർ പ്രസ്തുത ഗ്രന്ഥനിർമ്മിതിയിൽ ഏർപ്പെട്ടതു്, ശരിയായ ഉത്തരവാദിത്വബോധത്തോടുകൂടിത്തന്നെയാണെന്ന് ഇതിലെ ഓരോ ഭാഗവും തെളിയിക്കുന്നതാണ്. ചരിത്രനായകന്റെ ജീവിതസംഭവങ്ങളും അവിടുത്തെ ഉൽകൃഷ്ടഗുണങ്ങളും നാനാമുഖങ്ങളെ ഗ്രന്ഥകർത്താവു സൂക്ഷിച്ചു വീക്ഷിക്കുകയും മനസ്സിലാക്കി ചിന്തിക്കുകയും വിശദമായി പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ മലയാളത്തിലുണ്ടായിട്ടുള്ള ജീവചരിത്രഗ്രന്ഥങ്ങളിൽ, ഭാഷാവിദഗ്ദ്ധന്മാരെക്കൊണ്ട്, പ്രസ്തുതകൃതിക്കു പ്രധാനമായ ഒരു സ്ഥാനത്തിനവകാശമുണ്ട്. കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും സർവ്വകലാശാലകളിലും വിദ്യാപാഠ്യഗ്രന്ഥങ്ങളിൽ ഒരു ഗ്രന്ഥത്തിന്റെ നിലയിൽ ഇതിനു പ്രചാരം കിട്ടേണ്ടതാണെന്നുള്ള സംഗതിയിലും ആർക്കും എതിരഭിപ്രായം പുറപ്പെടുവിക്കാനുണ്ടെന്നു തോന്നുന്നില്ല. അതിവിശിഷ്ടമായ ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയതിനു മലയാളികളെല്ലാവരും മി: വാരിയരോടു കൃതജ്ഞരായിരിക്കേണ്ടതാണ്. അടുത്തുണ്ടാകാനിടയുള്ള ഇതിന്റെ പുനർമുദ്രണത്തിൽ തിരുമനസ്സിലെ "ഗ്രന്ഥങ്ങളെപ്പറ്റിയുള്ള വിവരണവും വിമർശവും കുറെക്കൂടി ദീർഘിപ്പിക്കണം" എന്നു ഗ്രന്ഥകർത്താവിനോടു സ്നേഹപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു.

ഈ നിരൂപണം അവസാനിപ്പിക്കുന്നതിനുമുമ്പ് ഒരു കാര്യംകൂടി പറയേണ്ടിയിരിക്കുന്നു. വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ജീവിച്ചിരുന്ന കാലത്തുതന്നെ ചില 'സുഹൃത്തുക്കൾ'കൂടെ കൂടെ അദ്ദേഹത്തിന്റെ ജീവചരിത്രമെഴുതുന്നതിനു 'ഉപക്രമി'ച്ചതായി പ്രസ്താവനയിൽ കാണുന്നു. അതുമാത്രമല്ല. 'ഏ. ആർ. രാജരാജവർമ്മത്തമ്പുരാൻ, ഉള്ളൂർ പരമേശ്വരയ്യർ എന്നിവരിൽ ഒരാളെക്കൊണ്ടു അവിടുത്തെ ഒരു ജീവചരിത്രം എഴുതിക്കേണ്ടതു് അത്യാവശ്യമാണെ'ന്നു ഒരിക്കൽ ഞാൻ കേരളവർമ്മാവിനു എഴുതി അയച്ചു. ചരിത്രനായകൻ ഒരു ജീവചരിത്രമെഴുതുന്നതിനു സമ്മതം നൽകിയിട്ടുണ്ടെന്നും അതിലേയ്ക്കുവേണ്ടി 'ദൈനികവൃത്താന്തപുസ്തകങ്ങൾ' (ഡയറി) നോക്കിയെടുക്കാമെന്നും കാണിക്കുന്ന ഒരു മറുപടിയാണ് എനിക്കു കിട്ടിയത്. ചരിത്രനായകന്റെ അ

തെറ്റിദ്ധരിപ്പിക്കപ്പെടുത്തുവാൻ സാധിക്കാതെവരുന്നപക്ഷം, താനെഴുതുന്നതു സാങ്കല്പിക ബുദ്ധിയിൽനിന്നുകൂടി ആ മറുപടിയിൽ കാണിക്കുകയും മറ്റുകാര്യങ്ങൾ 'ദൈനികവൃത്ത പുസ്തകങ്ങളിലൊന്ന്' എന്നു് എഴുതുകയും ചെയ്തു.

തിരുമനസ്സുകൊണ്ട് ഇങ്ങനെ അഭിപ്രായപ്പെട്ടു് എന്നു അനുമാനിക്കുന്നതിനു കാരണമുണ്ട്. ഞാൻ അദ്ദേഹത്തിനു് ആദ്യമായി തെറ്റുതിരുത്തു് എന്റെ സഹധർമ്മചാരിണിയുടെ 'നമ്മുടെ അമ്മമഹാറാണി' എന്ന പുസ്തകത്തെ പുരസ്കരിച്ചുകൊണ്ടാണു്. പരിശോധിച്ചു തിരുത്തിത്തരുവാനപേക്ഷിച്ചുകൊണ്ടുള്ള പ്രാർത്ഥനയോടുകൂടി കൈയെഴുത്തുപ്രതി അവിടെ കിട്ടിയ ഉടനെ മടക്കിത്തരാനായി അദ്ദേഹം അയച്ചുതന്നു. അദ്ദേഹം ആദ്യമായി കാശിക്കെഴുന്നള്ളിയ അവസരത്തിൽ ഒന്നരണ്ടു ദിവസം ഇഷ്ടം താമസിക്കയുണ്ടായിട്ടുണ്ടെന്നും, അക്കാലത്തു കറപ്പത്തെ ഒരു യുവതി ദീക്ഷാചാര്യരുടെ അടുക്കൽ തർക്കം പഠിച്ചിരുന്നുവെന്നും, അവരുടെ വാക്യാർത്ഥപ്രതിപാദനരീതിയും ശാസ്ത്രപാടവവും കണ്ടു സന്തുഷ്ടനായ അദ്ദേഹം ഒടുവിൽ ആ വിദ്വാംസിനിയെ പ്രശംസിക്കയുണ്ടായിട്ടുണ്ടെന്നും, ടി. സി. കല്യാണിയമ്മ അവരുടെ ആരാണെന്നറിഞ്ഞാൽ കൊള്ളാമെന്നുമായിരുന്നു ആ എഴുത്തിന്റെ ചുരുക്കം. എനിക്കോ എന്റെ സഹധർമ്മചാരിണിക്കോ ഇതിനെപ്പറ്റി യാതൊരറിവുമുണ്ടായിരുന്നില്ല. ഞങ്ങൾ വിവരത്തിനു ഇങ്ങോട്ടെഴുതി അയച്ചു. കല്യാണി അമ്മയുടെ മാതാമഹിയിൽനിന്നു കിട്ടിയ മറുപടിയിൽ അതിനെസ്സംബന്ധിച്ച വിശദമായ വിവരവും, പണ്ടു കേട്ടിരുന്നുവെന്ന പ്രശംസിച്ചെഴുതിയതിൽ മുന്നാമത്തെ പുസ്തകവും കുറിച്ചിരുന്നു. കല്യാണിക്കുട്ടിയമ്മയും കല്യാണിയമ്മയും തമ്മിലുള്ള ബന്ധം അറിയിച്ചസമയം തിരുമനസ്സിലേക്കു വലിയ സന്തോഷമുണ്ടായി. കൈയെഴുത്തു പ്രതി തിരികെ ഒരു കുറിപ്പോടുകൂടി തിരിച്ചയച്ച സമയം, പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിനായി അവതാരികയും അയച്ചുതന്നു. അക്കാലംമുതൽ തിരുമനസ്സിലെ സ്വർഗ്ഗാരോഹണംവരെ എന്നെ പുത്രനിർവിശേഷമായ രീതിയിലാണ് കരുതിപ്പോന്നതെന്ന കത്തുകളിൽ നിറഞ്ഞൊഴുകുന്ന വാത്സല്യംകൊണ്ടുകൂടി ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ! ശാകുന്തളത്തെ സംബന്ധിച്ചുണ്ടായ വാദകോലാഹലങ്ങളിൽനിന്നും അദ്ദേഹത്തിന്റെ ഒരു കത്തും തമ്മിൽ ഉണ്ടാകുവാനിടയായ അല്പമായ സംശയം നീക്കുന്നതിനു കൊല്ലത്തിലൊരിക്കലെങ്കിലും എനിക്കെഴുതി അയക്കുവാനും, എന്നെ വന്നുകണ്ടുപോരുവാനും, തത്സംബന്ധമായ എന്റെ ശ്രമം ആ രാശിനേയും സഹായമായിത്തീരുവാനെന്നുള്ള ഹേതുകാരണമല്ല കാണിച്ചു മനോബന്ധം തന്നെയാണെന്നാണ് എന്റെ പൂർണ്ണവിശ്വാസം.

ഇതാണ് വാസ്തവം. അല്ലാതെ ജീവചരിത്രമെഴുതുവാൻ ഞാൻ ശ്രമം തുടങ്ങുകയുണ്ടായിട്ടില്ല. തിരുമനസ്സിലെ ദേഹവിയോഗത്തിനു ശേഷവും അദ്ദേഹത്തിന്റെ ഒരു ജീവചരിത്രം എഴുതണമെന്നു ആഗ്രഹിക്കുന്നതിനു പരാതിയും പരിഭവവും ഞാൻ കേൾക്കേണ്ടിവന്നിട്ടുണ്ട്. അങ്ങനെയിരിക്കെയാണ്, താൻ ഇങ്ങനെ ഒരു ഗ്രന്ഥമെഴുതിയിട്ടുണ്ടെന്നും അതു പ്രസിദ്ധീകരിക്കണമെന്നും കാണിക്കുന്ന ഒരു കത്തു ഡി: വാരിയരിൽനിന്ന് എനിക്കു കിട്ടിയതു്. ഇപ്പോഴും പ്രതീക്ഷിച്ചിരുന്നതുപോലെതന്നെ തിരുമനസ്സിലെ ഉത്തമമായ ഒരു ജീവചരിത്രം ഇങ്ങനെ ഉണ്ടായിക്കാണാനിടയായതിൽ എനിക്ക് അത്യധികമായ സന്തോഷമുണ്ട്. എന്റെ ഈ സന്തോഷത്തിൽ തിരുമനസ്സിലെ ആരാധകരായ എല്ലാ കേരളീയരും പങ്കുകൊള്ളുമെന്നുതന്നെയാണ് എന്റെ വിശ്വാസം.

പി. കെ. കൃഷ്ണമേനോൻ

## 2. വീട്ടുപക്ഷികൃഷി.

ഡാൿടർ കവിസാർവ്വഭൗമൻ, ആയുർവ്വേദവൈദ്യവിശാരദനായിരുന്ന കൊടുങ്ങല്ലൂർ കോവിലകത്തെ തിരുമനസ്സിലെ പുത്രൻ കേരള കാട്ടുമഠത്തിൽ കാരുകണ്ണമേനോൻ അവർകളാണ് ഈ കൃതിയുടെ കർത്താവ്. പാരമ്പര്യമായ വാസനാവിശേഷത്തെ അഭ്യാസം കൊണ്ടു പോഷിപ്പിക്കുവാനുള്ള ഇദ്ദേഹത്തിന്റെ ഉത്സാഹം സഫലമായിരിക്കുന്നു എന്നുള്ളതു ചാരിതാർത്ഥ്യജനകമാകുന്നു.

ഇന്നു ജനസമുദായത്തെ ഇളക്കിമറിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തികാവശതകൾക്കും, തൽഫലമായ ദുർഭിക്ഷതയ്ക്കും, എന്നപോലെ കൂടിയ അസഹനീയമായിരിക്കുന്ന "ഭക്ഷ്യസാധനദൗർലഭ്യ"ത്തെയും കഴിയുന്നതും പരിഹരിക്കുവാനുള്ള പരിശ്രമത്തിന്റെ അത്യാവശ്യകത ദിവസം ചെല്ലുംതോറും കൂടിക്കൂടിവരികയാണ് ചെയ്യുന്നത്. ഇതിനായി പലരും പരിശ്രമിച്ചുപോരുന്നില്ലെന്നില്ല. എന്നാൽ ആ വക പരിശ്രമങ്ങളിൽ പലതും പ്രയോഗപദ്ധതിയിലെത്തുന്നതിനുമുമ്പു നിന്നുപോകുന്നതായിട്ടാണ് കാണുന്നത്. കർമ്മക്ഷമമായ പരിപാടികളും പ്രായോഗികമായ ശ്രമങ്ങളും നടത്തിവരാനും അതിനു കഴിയണം. ഇതെല്ലാം പ്രസ്തുത ഗ്രന്ഥകർത്താവു നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നുന്നു. പ്രകാശനംകൊണ്ടു പ്രയോജനപ്പെടുത്തുവാനല്ല പ്രത്യുത, പ്രയോഗംകൊണ്ടു പ്രമാണപ്പെടുത്തുവാനാണ് അദ്ദേഹം ശ്രമിച്ചിട്ടുള്ളത്. മററു ചിലർ ഗ്രാമോദ്ധാരണപദ്ധതികളെപ്പറ്റി പ്രസംഗപീഠങ്ങളിൽനിന്നുകൊണ്ടു ഗംഭീരമായി പ്രസംഗിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ, മി: കാരുകണ്ണമേനോൻ മറ്റുള്ള നിശ്ശബ്ദമായി അദ്ധ്വാനിച്ചുകൊണ്ട്, ഗ്രാമീണരെ സാമ്പത്തികാവശതയിൽനിന്നു രക്ഷിക്കാനുതകുന്ന ഒരു കുടിൽവ്യവസായത്തെ പ്രായോഗികമാക്കുന്നതിനുള്ള പദ്ധതികളെ കണ്ടുപിടിക്കുകയാണ് ചെയ്തത്. ആ പദ്ധതി എന്താണെന്ന് ഈ പുസ്തകത്തിൽ കാണാം.

കോഴിവളർത്തലിന്റെ നാനാവശങ്ങളെപ്പറ്റിയും ഇതിൽ ലളിതമായി പ്രതിപാദിച്ചിട്ടുണ്ട്. കോഴികളുടെ വർഗ്ഗഭേദം, നല്ല ഇനം കോഴികൾ, തെരഞ്ഞെടുപ്പ്, മുട്ടപൊരുന്ന വെയ്ക്കൽ, കുഞ്ഞുങ്ങളുടെ പരിപാലനം, തീററ, കോഴിക്കൂടുകൾ, വംശവർദ്ധനോപായങ്ങൾ, രോഗങ്ങളും ചികിത്സയും, എന്നിങ്ങനെ കോഴിവളർത്തുന്നവർ അവശ്യം അറിഞ്ഞിരിക്കേണ്ട എല്ലാവിഷയങ്ങളെയും ഇതിൽ സമഗ്രമായി വിവരിച്ചിരിക്കുന്നു. വീടുകളിൽ സാധാരണയായി വളർത്താറുള്ള താറാവ്, വാത്ത, ഗിനിക്കോഴി, തുർക്കി മുതലായ പക്ഷികളെപ്പററിയും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. പുസ്തകത്തിന്റെ പേര് അന്വർത്ഥമായിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

ആരോഗ്യവും സൗന്ദര്യവും ഒത്ത കോഴികളെക്കൊണ്ടു പ്രസിഡൻസിയിൽ നിന്നു പ്രശസ്തമായ വിജയം നേടിയ മി: മേനോനിൽനിന്ന് ഇതുപോലെയുള്ള ഗ്രന്ഥങ്ങൾ പലതും ഇനിയും കൈരളിക്കു ലഭിക്കുമെന്നു നമുക്കു ന്യായമായി പ്രതീക്ഷിക്കാം. പ്രയോജനകരമായ 'വീട്ടുപക്ഷികൃഷി'ക്കു പൊതുജനങ്ങളും ഗവർമ്മെണ്ടും സന്തോഷപൂർവ്വം സ്വാഗതമരുളുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

P. S. N.

## 3. സൂതികാശാസ്ത്രം.

ശാസ്ത്രീയവും സാങ്കേതികവുമായ വിഷയങ്ങളെ പ്രതിപാദിക്കുന്ന ഉത്തമങ്ങളായ സാഹിത്യഗ്രന്ഥങ്ങൾ ഇനിയും മലയാളത്തിൽ ധാരാളമായി ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. ബീജഗണിതം, രസതന്ത്രം, പ്രകൃതിശാസ്ത്രം, മനഃശാസ്ത്രം, പാശ്ചാത്യവൈദ്യശാസ്ത്രം മുതലായ വിഷയങ്ങളെക്കുറിച്ചു ശാസ്ത്രീയമായ രീതിയിൽ രചിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ ഭാഷയിൽ തീരെ ദുർല്ലഭമാകുന്നു. ശാസ്ത്രഗ്രന്ഥങ്ങളുടെ ഈ വൈരളത്തിനുള്ള പ്രധാനകാരണങ്ങളിൽ ഒന്നു്, മലയാളഭാഷയിൽ സാങ്കേതികപദങ്ങൾ അപൂർണ്ണമാകുന്നുവെന്നുള്ളതാണ്. നവീനശാസ്ത്രവിഷയങ്ങളെ, സാങ്കേതികശബ്ദസങ്കീർണ്ണമാകുന്നു. ഈ നിലയിൽ നോക്കുമ്പോൾ സൂതികാശാസ്ത്രപരമായ ഡോക്ടർ മിസ്സ് ഡിസൂസായുടെ ഈ നവീനഗ്രന്ഥത്തെ കൈരളീദേവി സഹർഷം സ്വീകരിക്കാതിരിക്കയില്ല.

സൂതികാശാസ്ത്രപരമായ അജ്ഞതമൂലം ഇന്ത്യയിൽ, പ്രത്യേകിച്ചു കേരളത്തിൽ, ശിശുമരണവും, പ്രസവത്തോടുകൂടിയുള്ള മാതൃമരണങ്ങളും വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന വസ്തുത ആലോചിക്കുമ്പോൾ, സാമാന്യജനങ്ങൾക്കു ഈ വിഷയത്തിൽ ജ്ഞാനം സിദ്ധിക്കുന്ന ഗ്രന്ഥങ്ങളുടെ ആവശ്യകത ബോദ്ധ്യമാകുന്നതാണ്. ചില വൈദ്യഗ്രന്ഥങ്ങളിലും ആയുർവ്വേദഗ്രന്ഥങ്ങളിലും ഇതിനെപ്പറ്റിയുള്ള പ്രതിപാദനങ്ങൾ കാണുന്നുണ്ടെങ്കിലും സൂതികാശാസ്ത്രപരമായ സമഗ്രവും ശാസ്ത്രീയവുമായ ഒരു ഗ്രന്ഥം ഇതിനുമുമ്പു ഭാഷയിൽ ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. അതും, ദശവർഷങ്ങളോളമായി ചികിത്സയിലും സൂതികർമ്മത്തിലും പരിശീലനത്തിലും വ്യാപൃതയായിരിക്കുന്ന ഒരു മഹതിയുടെ അനുഭവജ്ഞാനത്തിൽനിന്നും നിർഗ്ഗമിച്ചിട്ടുള്ളതാണ് ഈ ഗ്രന്ഥമെന്നു പറയുമ്പോൾ ഇതിന്റെ പ്രാമാണ്യം പ്രസ്പഷ്ടമാകുന്നതാണല്ലോ.

സുദീർഘമായ ഈ ഗ്രന്ഥത്തിൽ 51 അദ്ധ്യായങ്ങളിലായി സൂതികാതന്ത്രം, സൂതികർമ്മിണിമാർ മറ്റും അറിഞ്ഞിരിക്കേണ്ട വിജ്ഞേയങ്ങളായ പല വിഷയങ്ങളും ഗ്രന്ഥകർത്ത്രി വിവരിക്കുന്നുണ്ടു്. സ്ത്രീകളുടെ ഉൽപാദനേന്ദ്രിയങ്ങൾ, ഗർഭമുണ്ടാകുന്ന രീതികൾ, രോഗങ്ങൾ, പ്രസവം, പ്രസവത്തിലുണ്ടാകുന്ന വിഷമങ്ങൾ, ക്രമവിരുദ്ധമായ പ്രസവം, പ്രസവശുശ്രൂഷ, പ്രസവാനന്തരരോഗങ്ങൾ, ശിശുസംരക്ഷണം മുതലായി ഗർഭാരംഭം മുതൽ പ്രസവാനന്തരംവരെ മാതാവിനും ശിശുവിനും ബാധിക്കാവുന്ന രോഗങ്ങളേയും, അവയ്ക്കുള്ള പ്രതിവിധി ഔഷധമാർഗ്ഗങ്ങളേയുംകുറിച്ചു ഗ്രന്ഥകർത്ത്രി സമഗ്രമായ ജ്ഞാനം നല്കുന്നുണ്ടു്. വിഷയഗ്രഹണത്തിനു സഹായകമായിരിക്കത്തക്കവണ്ണം അനേകം ചിത്രങ്ങളും ഇതിൽ ചേർത്തിരിക്കുന്നു. ഇംഗ്ലീഷിൽ എഴുതിയിട്ടുള്ള മുഖവുരയിൽ ഗ്രന്ഥകർത്ത്രി ഇങ്ങനെ പറഞ്ഞിരിക്കുന്നു:—"വിദ്യാവിഹീനകളായ സൂതികർമ്മിണികൾക്കും പരിശീലനാർത്ഥിനികളായ പരിചാരികകൾക്കും ഉപയോഗിക്കത്തക്കവണ്ണം ലളിതവും എന്നാൽ വിസ്തൃതവുമായ ഒരു ഗ്രന്ഥം മലയാളത്തിലില്ലാത്തതിന്റെ ന്യൂനത ......എനിക്കു ബോദ്ധ്യമായിരിക്കുന്നു. ഈ വിഷയത്തെപ്പറ്റിയുള്ള ഗ്രന്ഥങ്ങൾ ഇംഗ്ലീഷുഭാഷയിൽ സുലഭമാണെങ്കിലും, ആ ഭാഷയിൽ നല്ല ജ്ഞാനമില്ലാത്ത വിദ്യാർത്ഥിനികളായ സൂതികർമ്മിണികൾക്കും, പരിചാരികകൾക്കും, വിഷയജ്ഞാനം പരിപൂർണ്ണമായി ലഭിക്കുക സാദ്ധ്യമല്ല. അതുകൊണ്ടാണ് ഈ ഗ്രന്ഥം രചിച്ചിരിക്കുന്നതു്. ഈ ചെറുഗ്രന്ഥം എല്ലാ ഭവനങ്ങളിലും പ്രവേശിച്ചു്, വിവാഹിതകളായ യുവതികളെ, അപകടകരമായ പ്രസവങ്ങൾക്കും ശിശുമരണത്തിനും കാരണമാകുന്ന മാതൃരക്ഷണത്തെപ്പറ്റിയുള്ള അജ്ഞതയിൽനിന്നു സംരക്ഷിക്കണമെന്നുകൂടി ഞാൻ ആത്മാർത്ഥമായി പ്രതീക്ഷിക്കുന്നു."

ഗ്രന്ഥകർത്ത്രിയുടെ അഭികാമ്യമായ ഈ പ്രതീക്ഷയിൽ കേരളീയർ സന്തോഷിക്കുകതന്നെ ചെയ്യും. ഇംഗ്ലീഷിൽ നല്ല ജ്ഞാനമില്ലാത്തവരും ഇതുവഴിയിൽനിന്നു നേരിട്ടു ശിക്ഷ

ണം സ്വീകരിക്കുന്നവരുമായ സൂതികർമ്മിണികൾക്കും പരിചാരികകൾക്കും ഇതു് ഒരു പാഠ്യപുസ്തകമാകയാൽ, വിദഗ്ദ്ധനായ ഒരു ഡാക്ടരുടെ സഹായംകൂടി വിഷയഗ്രഹണത്തിന് അവർക്ക് സാധിച്ചുകൂടാവുന്നതാണ്. എന്നാൽ ഗ്രന്ഥകർത്രിയുടെ പ്രതീക്ഷപോലെ, സാമാന്യജനങ്ങൾക്ക് ഈ ഗ്രന്ഥം പ്രയോജനീഭവിക്കുമോ എന്നുള്ളതു സംശയമാകുന്നു; കാരണം ഈ ഗ്രന്ഥത്തിൽ ഉള്ളടക്കംപോലെയുള്ള സംഗതികൾ, വ്യക്തമായി മനസ്സിലാക്കാതെ വല്ലതും പ്രവർത്തിക്കുന്നപക്ഷം അതു കൂടുതൽ ആപത്തിനെ വരുത്തിക്കൂട്ടുവാനിടയുണ്ട്. "ഈ ഗ്രന്ഥം ഏറ്റവും ലളിതമായ ഭാഷയിൽ രചിക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ലാളിത്യത്തിനും സൌകര്യത്തിനും വേണ്ടി ചില സ്ഥലങ്ങളിൽ ഭാഷയുടെ മനോഹാരിതപോലും ഞാൻ ബലികഴിച്ചിട്ടുണ്ട്" എന്നിങ്ങനെ ഗ്രന്ഥകർത്രി അഭിമാനിക്കുന്നുണ്ടെങ്കിലും, ഗ്രന്ഥത്തിലെ പല ഭാഗങ്ങളിലും ആശയം സുഗ്രഹമല്ലാതെയാണിരിക്കുന്നതെന്നു പറയാതെ തരമില്ല. സൂതികാശാസ്ത്രംപോലെ, സാങ്കേതികപദങ്ങളുള്ളതായ ഒരു വിഷയത്തെപ്പററി ലളിതഭാഷയിൽ ഗ്രന്ഥനിർമ്മാണംചെയ്യുക അത്ര എളുപ്പമല്ലെന്നു സമ്മതിക്കാം.

എന്നാൽ പദങ്ങളുടെ അർത്ഥം നിർണ്ണയമില്ലാതെ പ്രയോഗിച്ചാൽ, ഗ്രന്ഥത്തിനു പററുന്ന തെററുകൾ ഗ്രന്ഥനിർമ്മാണത്തെ പ്രായോഗികമാക്കുന്നവർക്ക് വന്നുകൂടുന്ന തെററായിരിക്കും എന്നതോർമ്മിക്കുക. "ഒരു ഡാക്ടരെ കണ്ടു ചികിത്സിക്കേണമെന്നു സൂതികാ ഉപദേശിക്കണം" (പുറം. 57) "സൂതികാ ഏറെറടുത്തിട്ടുള്ള കേസ്സ് കൃത്യമായി പരിശോധിക്കണം" (പുറം 43) മുതലായ പ്രയോഗങ്ങളെത്തന്നെ നോക്കുക. ഗ്രന്ഥകർത്രി ഉദ്ദേശിക്കുന്നതു് ശരിക്കും സൂതികർമ്മിണി ഉപദേശിക്കണം, പരിശോധിക്കണം, എന്നാണെന്നു തോന്നുന്നു. ഗ്രന്ഥത്തിന്റെ എല്ലാ പുറങ്ങളിലുംതന്നെ സൂതിക എന്ന പദം പലപ്രാവശ്യം സൂതികർമ്മിണി എന്ന അർത്ഥത്തിൽ പ്രയോഗിച്ചിട്ടുണ്ട്. പക്ഷെ "പ്രസവിച്ചിട്ട് ഏറെനാൾ കഴിയാത്തവളാ"ണല്ലോ സൂതികാ. സൂതികയെ ഇങ്ങനെ സ്ഥാനംതെററി പ്രയോഗിച്ചിരിക്കുന്നതുമൂലം സൂതികർമ്മിണി ചെയ്യേണമെന്നു ഗ്രന്ഥകർത്രി ഉദ്ദേശിക്കുന്നകാര്യങ്ങൾ പ്രസവാലസ്യക്ഷീണിതയായ സൂതിക ചെയ്യുവാൻ പുറപ്പെട്ടാലത്തെ വൈരൂപ്യം എത്ര ശോചനീയമായിരിക്കും! "സൂതികാ ഒരു പ്രസവകേസ്സ് ഏറെറടുത്തതിന്റെ ശേഷം" (പുറം 303) എന്നതിനു ഗ്രന്ഥകർത്രി ഉദ്ദേശിക്കുന്ന അർത്ഥമല്ല വായനക്കാരനു തോന്നുക. അതിലെ "കേസ്സ്" വാസ്തവത്തിൽ കേസ്സുണ്ടാക്കുന്ന ഒരു "കേസ്സ്"തന്നെയാണ്. വിദഗ്ദ്ധനായ ഒരു ഡാക്ടരുടെ സഹായം കൂടാതെ സാമാന്യജനങ്ങൾ ഈ ഗ്രന്ഥം കൈകാര്യംചെയ്യാനുണ്ടാകാവുന്ന വൈഷമ്യങ്ങളെ കാണിക്കുവാനാണ് ഈ ഭാഗം ഇത്രയും വിസ്തരിക്കേണ്ടിവന്നതു്. ശരാവതം, പതനം, (ഫലം എന്ന അർത്ഥത്തിൽ), അനുസരണയുള്ള്, മുതലായ പ്രയോഗങ്ങളും കൂടാതെ കഴിക്കേണ്ടതായിരുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും പൊതുജനാരോഗ്യത്തെ ലാക്കാക്കി ഇത്ര ബൃഹത്തായ ഒരു ഗ്രന്ഥം രചിക്കുന്നതിൽ ഒരു മലയാളിയല്ലാത്ത ഡാക്ടർ ഡിസൂസ പ്രകടിപ്പിച്ച ഉത്സാഹവും ധൈര്യവും പ്രശംസനീയമായിരിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ അനന്തരപതിപ്പുകളിൽ ഇതിലെ ഭാഷ കുറേക്കൂടെ വിശദവും ലളിതവും സുഗ്രഹവുമാക്കുന്നതു നന്നായിരിക്കും. സൂതികാശാസ്ത്രവിദ്യാർത്ഥികൾക്കും സൂതികർമ്മിണികൾക്ക് അദ്ധ്യയനത്തിനു പററിയതും പ്രയോജനകരവുമായ ഈ ഗ്രന്ഥത്തിനു കേരളത്തിൽ ധാരാളം പ്രചാരമുണ്ടാകട്ടെ എന്ന് ആശംസിച്ചുകൊള്ളുന്നു.

M. O. J.

## 4. മഹാകവി കുഞ്ചൻനമ്പ്യാർ.

അനുഗ്രഹീതഹാസ്യകവിയായ കലക്കത്തു കുഞ്ചൻനമ്പ്യാരെയും, അദ്ദേഹത്തിന്റെ ബഹുമുഖമായ സാഹിത്യവ്യവസായത്തെയുംകുറിച്ചു സമഗ്രമായ ഒരു പ്രതിപാദനമാണ് ഈ കൃതിയിലെ ഉള്ളടക്കം. കേരളഭാഷാസാഹിത്യത്തിന്റെ അഭ്യുദയോന്മുഖന്മാരിലൊന്നാമനെന്നു നിസ്സംശയം പറയാവുന്ന കുഞ്ചൻനമ്പ്യാർ ഇത്രത്തോളംവരെയും ഏതാണ്ടു തിരസ്കൃതപ്രായനായിട്ടാണ് കേരളീയരെ രസിപ്പിച്ചുകൊണ്ടിരുന്നതു്. ഇതിനിടയ്ക്കു് ശ്രീ: പി. കെ. നാരായണപിള്ള, എം. ആർ. ബാലകൃഷ്ണവാര്യർ, കപ്പനാർ നാരായണമേനോൻ മുതലായ സാഹിത്യരസികന്മാർ നമ്പ്യാരെപ്പറ്റി വിസ്തൃതങ്ങളായ ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മറ്റനേകന്മാർ അദ്ദേഹത്തെപ്പറ്റി വിമർശനങ്ങളായ പ്രബന്ധങ്ങൾ രചിക്കയും ചെയ്തിട്ടുണ്ട്. ഇതെല്ലാംകൊണ്ടായിട്ടും നമ്പ്യാരുടെ കാലം, പേര്, ബാല്യജീവിതം, വിദ്യാഭ്യാസം, ബാല്യകവനങ്ങൾ മുതലായവ ഇന്നും വിവാദവിഷയങ്ങളായിത്തന്നെയാണിരിക്കുന്നതെന്നുള്ളതു വിസ്മരിക്കത്തക്കതല്ല.

പ്രസ്തുതഗ്രന്ഥകാരനും നമ്പ്യാരുടെ ചരിത്രത്തെപ്പറ്റി കിട്ടാവുന്നിടത്തോളം വിവരങ്ങളെല്ലാം ശേഖരിക്കയും, അവയിൽനിന്നുള്ള യുക്തിയുക്തമായ നിഗമനത്തിലെത്തു് അവ വായനക്കാരെ കണ്ടറിക്കയുമാണ് ചെയ്തിട്ടുള്ളതു്. നമ്പ്യാരുടെ ഓരോ കൃതികളെപ്പറ്റി പ്രത്യേകം പ്രത്യേകം വിമർശനംചെയ്യുന്ന ഗ്രന്ഥകാരൻ, തുള്ളലുകളെ പൊതുവെ വിമർശിക്കുന്നതുമുണ്ട്. തുള്ളൽകവിതകളിലെ വർണ്ണനാരീതി, ഭാഷ, ശബ്ദപ്രയോഗങ്ങൾ, കവി പ്രയോഗിച്ചിരിക്കുന്ന പൊടിക്കൈകൾ മുതലായവയെ വെവ്വേറെ അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നു. ഓരോ കൃതിയെയുംപറ്റിയുള്ള വിസ്തൃതമായ നിരൂപണങ്ങളെക്കാൾ ഇതുപോലെയുള്ള പ്രതിപാദനം കൂടുതൽ വിജ്ഞാനപ്രദമായിരിക്കുമെന്നുള്ളതിനു സംശയമില്ലല്ലോ.

ഈ ഗ്രന്ഥത്തിൽ കൂടുതൽ ആകർഷകമായ അദ്ധ്യായം "തുള്ളലുകളിൽ കാണുന്ന കേരളം" ആകുന്നു. സരസകവിയായ കുഞ്ചൻനമ്പ്യാർ അദ്ദേഹത്തിന്റെ കൃതികളിൽ വ്യക്തമായും അവ്യക്തമായും കേരളത്തെ വർണ്ണിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പുരാണകഥകളും ദേവകഥകളും കണ്ടിരുന്നതെല്ലാം മലയാളപ്പശ്ചാത്തലത്തിലാണല്ലോ. കേരളത്തിലെ നാട്ടുവഴക്കങ്ങളാണ് ദേവകഥകളിലൂടെപോലും കടത്തിവിടുന്നതു്. കേവലം ഒരു തമാശക്കാരന്റെ വിനോദത്തിനുവേണ്ടിയായിരിക്കാം കവി അന്ന് ഈ ലോകവർണ്ണനം നിർവ്വഹിച്ചതെങ്കിലും, അദ്ദേഹത്തിന്റെ കാലത്തെ കേരളചരിത്രത്തെപ്പറ്റി സമഗ്രമായ ഒരു ജ്ഞാനം സമ്പാദിക്കുന്നതിന് അതു നമ്മെ സഹായിക്കുന്നുണ്ട്. ശ്രീ: കൃഷ്ണൻ, തുള്ളൽകൃതികളുടെ തിരശ്ശീലയ്ക്കു പിറകിൽ ഒളിച്ചുകിടക്കുന്ന കേരളചരിത്രാംശങ്ങളെ തെളിയിച്ചിട്ടു്, അക്കാലത്തെ രാഷ്ട്രീയവും സാമുദായികവുമായ സ്ഥിതിഗതികളെപ്പറ്റി സുദീർഘമായി ചർച്ചചെയ്യുന്നു. ഈ ഭാഗം ചരിത്രവിദ്യാർത്ഥികൾക്കു കൂടുതൽ പ്രയോജനകരമായിരിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

കുഞ്ചൻനമ്പ്യാരും ഭാഗവതാദിഗ്രന്ഥങ്ങളുടെ കർത്താവായ രാമപാണിവാദനും ഒരാളാണെന്നും, അല്ലെന്നുമുള്ള ഒരു വാദം അടുത്തകാലത്തു ഭാഷാലോകത്തിൽ ഉണ്ടായിട്ടുണ്ടല്ലോ. ഗ്രന്ഥകാരൻ ഇതിൽ ആദ്യത്തെ പക്ഷക്കാരനാണെന്നാണ് അനുബന്ധത്തിൽനിന്നു വ്യക്തമാകുന്നതു്. ഈ ഗ്രന്ഥത്തിലെ ഭാഷാശൈലിയും പ്രതിപാദനരീതിയും സുഗമവുമാകുന്നു. പി. എസ്. അനന്തനാരായണശാസ്ത്രി അവർകളുടെ അവതാരികയും ശ്രീമാൻ ഡി. പത്മനാഭനുണ്ണി എം. എ. യുടെ ഉപോദ്ഘാതവും ഗ്രന്ഥത്തിന് അലങ്കാരമായിത്തീർന്നിട്ടുണ്ട്.

A. D. H. S.

## 5. ധനശാസ്ത്രതത്വം.

ശാസ്ത്രീയവിഷയങ്ങളുംകൂടി മാതൃഭാഷവഴിയായി പഠിപ്പിക്കണമെന്നുള്ള മതിലേയം ദിവസംതോറും പ്രാബല്യത്തെ പ്രാപിച്ചുവരുന്നുണ്ട്. അങ്ങനെ ഒരു നിശ്ചയം ഉണ്ടാകുന്നപക്ഷം, ഉചിതങ്ങളും ശാസ്ത്രീയങ്ങളുമായ പുസ്തകങ്ങൾകിട്ടാതെ അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും ബുദ്ധിമുട്ടേണ്ടിവരുമെന്ന് എതിർകക്ഷിക്കാർ വാദിക്കുന്നു. താദൃശഗ്രന്ഥനിർമ്മാണത്തിൽ, സാങ്കേതികപദങ്ങളുടെ അഭാവം നമുക്ക് വലിയ ഒരു പ്രതിബന്ധമായി നില്ക്കുന്നുംചെയ്യുന്നു. ഈ നിലയിൽനിന്നുകൊണ്ടു നോക്കിയാൽ, സാങ്കേതികശബ്ദബാഹുല്യമുള്ളതായ 'ധനശാസ്ത്രതത്വ'ങ്ങളെ മലയാളത്തിൽ ഏതാദൃശമായ ഒരു ഗ്രന്ഥം നിർമ്മിക്കാനൊരുമ്പെട്ട പി. എൻ. കൃഷ്ണൻ (ബി. എ. എൽ. റി.) അവർകളെ വളരെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

'ഏതുരാജ്യത്തിനും ഇതരരാജ്യങ്ങളെ തീരെ ആശ്രയിക്കാതെ കഴിഞ്ഞുകൂടുവാൻ നിവൃത്തിയില്ലാത്തവിധം സാമ്പത്തികവ്യാപാരങ്ങൾ ഇന്ന ഒട്ടുവളരെ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ട്. രാജ്യത്തിന്റെയും സമുദായത്തിന്റെയും, എന്തിനു, ഓരോ വ്യക്തിയുടെയും സുഖദുഃഖങ്ങൾ സാമാന്യവിധത്തിൽ സ്പർശിക്കുന്ന വലിയ ഒരു കെട്ടാണത്രേ സാമ്പത്തികവ്യാപാരങ്ങളെന്ന്, സൂക്ഷ്മം ചിന്തിച്ചാൽ ആർക്കും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. അതുകൊണ്ട് ഇത്തരം സാമ്പത്തികവ്യാപാരങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങളേയും അവയുടെ ഫലങ്ങളേയും പ്രതിപാദിക്കുന്ന ധനശാസ്ത്രസിദ്ധാന്തങ്ങളെക്കുറിച്ചുള്ള ജ്ഞാനം ഇന്ന് ഏതൊരുവ്യക്തിക്കും അപരിത്യാജ്യമാണെന്നു വിശദമാകുന്നു. ഉല്പാദനം-അതിന്റെ രീതികളും നിയമങ്ങളും; വിനിമയം-അതിന്റെ സ്വഭാവം; വിതരണം-അതിന്റെ സ്വരൂപം; വിനിമയം-അതിന്റെ ഉപാധികളും സമ്പ്രദായങ്ങളും; സമ്പത്ത്; ഏകാധിപത്യം; ചിരകാലാഭ്യാസം; ഇതരരാജ്യവാണിജ്യം എന്നിങ്ങനെ നിരവധി വിഷയങ്ങളെക്കുറിച്ച് ഇന്നത്തെ പൗരന് അറിയേണ്ടതുണ്ട്. ധനശാസ്ത്രപരിജ്ഞാനംകൂടാതെ ഈ വക സംഗതികളെ വഴിപോലെ മനസ്സിലാക്കുവാനും, അവ മൂലം പ്രവർത്തിക്കുന്ന സാമ്പത്തികനിയമങ്ങളെ നന്നായി ഗ്രഹിക്കുവാനും, വിജ്ഞന്മാരായ വിധത്തിൽ വാണിജ്യവ്യവസായങ്ങളിൽ ഏർപ്പെടുവാനും ആർക്കും സാധിക്കയില്ല.' ഈ തത്വം മനസ്സിലാക്കുന്ന ഒരാൾക്ക് പ്രസ്തുതഗ്രന്ഥത്തിന്റെ ആവശ്യകതയെപ്പറ്റിയോ ഉപയുക്തതയെപ്പറ്റിയോ സംശയമുണ്ടാകാനിടയില്ല. എന്തുകൊണ്ടെന്നാൽ, മേൽപ്പറഞ്ഞ എല്ലാവിഷയങ്ങളെപ്പറ്റിയും ഈ കൃതിയിൽ വിശദമായി വിവരിച്ചിട്ടുണ്ട്.

ഗ്രന്ഥത്തിലുപയോഗിച്ചിട്ടുള്ള സാങ്കേതികപദങ്ങളിൽ മിക്കവയും മി: കൃഷ്ണൻ തൽക്കാലം സൃഷ്ടിച്ചവയാണെന്നാണ് കാണുന്നത്. അവയിൽ ചിലതിനെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ടായേക്കും. എന്നാൽ ''സാങ്കേതികസംജ്ഞകളുടെ കാര്യത്തിൽ, എനിക്കു ദീർഘവിചാരം ചെയ്തശേഷം തോന്നിയ ശബ്ദങ്ങളെയാണ് ഞാൻ പ്രയോഗിച്ചിട്ടുള്ളതെങ്കിലും, അവയെല്ലാം സമഞ്ജസങ്ങളായിട്ടുണ്ടെന്ന അഭിമാനമൊന്നും എനിക്കില്ല. അഭിജ്ഞന്മാരുടെ നിർദ്ദേശങ്ങളെ സ്വീകരിച്ചു വേണ്ട ഭേദഗതികൾ രണ്ടാംപതിപ്പിൽ ചെയ്യാൻ ഞാൻ സന്നദ്ധനാണ്'' എന്നു ഗ്രന്ഥകാരൻ പ്രസ്താവനയിൽ പറയുന്നതിനെപ്പറ്റി നാം പ്രത്യേകം ഓർക്കേണ്ടതാണ്.

ഭാഷയുടെ ഒരു വലിയ ന്യൂനതയായി കരുതാവുന്ന ഈ കൃതിയുടെ പ്രസാധനകർത്തൃത്വം ഏറ്റെടുക്കുന്ന വിഷയത്തിൽ കൊച്ചിപാഠപുസ്തകക്കമ്മിറ്റിക്കാർ കാണിച്ച ഔചിത്യവും ഔദാര്യവും അത്യന്തം ശ്ലാഘനീയമായിട്ടുണ്ടെന്നു സമ്മതിച്ചേ തീരൂ.

K. R. M.

# പത്രാധിപക്കുറിപ്പുകൾ.

## കൊട്ടാരത്തിൽ ശങ്കുണ്ണി.

മലയാളസാഹിത്യത്തറവാട്ടിലെ ഒരു കാരണവരും, കൈരളീ പാരമ്പര്യങ്ങളുടെ സംരക്ഷകനും, അനവധി ഗ്രന്ഥങ്ങളുടെ പ്രണേതാവുമായിരുന്ന കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി അവർകൾ തന്റെ 82-ാമത്തെ വയസ്സിൽ ഇക്കഴിഞ്ഞ 1112 കർക്കടകമാസം 7-ാംതീയതി കേരളത്തോടും കൈരളീദേവിയോടും അന്തിമയാത്രപറഞ്ഞ ആ സന്ദർഭത്തെ തോരാത്ത കണ്ണുനീരോടുകൂടിയല്ലാതെ എങ്ങനെയാണു സ്മരിക്കുക! കേരളവർമ്മവലിയകോയിത്തമ്പുരാൻ, കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ, കണ്ടത്തിൽ വറുഗീസുമാപ്പിള മുതലായി കഴിഞ്ഞ ശതകത്തിൽ ജീവിച്ചിരുന്ന സാഹിത്യനായകന്മാരുടെ കളരിയിൽ പയററി അന്യാദൃശമായ പാടവവും പ്രസിദ്ധിയും സമ്പാദിച്ചിട്ടുള്ള വശ്യവചസ്സായ ഒരു അനുഗൃഹീതകവിയാണ് മി: ശങ്കുണ്ണി. കോട്ടയത്ത്, പുരാതനവും പ്രസിദ്ധവുമായ കൊട്ടാരത്തിൽ കുടുംബത്തിൽ 1030-ാമാണ്ടു മീനമാസം 20-ാംനു അദ്ദേഹം ഭൂജാതനായി. മണക്കാട്ടു ശങ്കുവാര്യർ, വയസ്കര ആര്യൻ നാരായണൻമൂസ്സ മുതലായ പണ്ഡിതന്മാരുടെ അടുക്കൽ വിദ്യാഭ്യാസം ചെയ്തു. അനന്തരം എം. ഡി. സിമ്മനാരി ഹൈസ്കൂൾ മലയാളപണ്ഡിതർജോലിയിലും ഗൃഹഭരണത്തിലും സാഹിത്യവ്യവസായത്തിലും ഏർപ്പെട്ടു.

മലയാളസാഹിത്യസാമ്രാജ്യത്തിലെ വിവിധസരണികളിലും സഹൃദയശിരോമണിയായ മി: ശങ്കുണ്ണി വിജയപൂർവ്വം സഞ്ചരിക്കുകയും, 55-ൽപരം ഉത്തമഗ്രന്ഥങ്ങൾ കൈരളീദേവിയുടെ തൃക്കാല്ക്കൽ അടിയറവെയ്ക്കുകയും ചെയ്തിട്ടുണ്ട്. സുഭദ്രാഹരണം, കേശവദാസചരിത്രം, കപോതസന്ദേശം മുതലായ മണിപ്രവാളകവിതകളും, മാലതീമാധവം, വിക്രമോർവ്വശീയം, ജാനകീപരിണയം മുതലായ നാടകങ്ങളും, ശ്രീരാമപട്ടാഭിഷേകം, സീതാവിവാഹം മുതലായ ആട്ടക്കഥകളും, ശ്രീമൂലരാജവിലാസം പത്തുവൃത്തം, മദ്രോൽപത്തി പാന, ഓണപ്പാന മുതലായ കൈകൊട്ടിക്കളിപ്പാട്ടുകളും, വിനായകമാഹാത്മ്യം കിളിപ്പാട്ടും, ശ്രീരത്നാഭോദയം, ശ്രീശങ്കരവിലാസം മുതലായ തുള്ളലുകളും, കല്യാണോത്സവം,

സീതാസ്വയംവരം എന്നീ വഞ്ചിപ്പാട്ടുകളും, നൈഷധം, വിശ്വാമിത്രചരിതം, കേരളകവികൾ, ഐതിഹ്യമാല മുതലായ ഗദ്യപ്രബന്ധങ്ങളും അക്കൂട്ടത്തിൽ ചിലതുമാത്രമാകുന്നു. എന്നാൽ മി: ശങ്കുണ്ണിയുടെ നാമത്തെ അനശ്വരമാക്കിത്തീർത്തിട്ടുള്ളതു് അദ്ദേഹത്തിന്റെ "ഐതിഹ്യമാല"യാകുന്നു. ഇതേവരെയായി ആ മാലയിൽ അനേകം ദളങ്ങളുള്ള എട്ടു പുഷ്പങ്ങൾ അദ്ദേഹം കോർത്തുകഴിഞ്ഞിരിക്കുന്നു. കേരളത്തിലെ ദൈവസ്ഥാപനങ്ങളെപ്പററിയും വ്യക്തികളെപ്പററിയും ഐതിഹ്യരൂപത്തിൽ പ്രചരിക്കുന്ന പുരാവൃത്തങ്ങളേയും സ്ഥലപുരാണങ്ങളേയും തേടിപ്പിടിച്ചു തന്മയത്വത്തോടുകൂടി ഉല്ലേഖനം ചെയ്യുന്നതിൽ വാർദ്ധക്യകാലത്തുപോലും അദ്ദേഹം ഉദാസീനനായിരുന്നില്ല.

ഗ്രന്ഥനിർമ്മാണത്തോടൊപ്പംതന്നെ ഭാഷാപോഷണപരങ്ങളായ ഇതരപ്രസ്ഥാനങ്ങളിലും അദ്ദേഹം ഏർപ്പെടുകയും സഹകരിക്കുകയും ചെയ്തിട്ടുണ്ടു്. ഭാഷാപോഷിണി സഭയിലും മലയാളമനോരമയിലും സ്വച്ഛന്ദവിഹാരം ചെയ്തിട്ടുള്ള കവികോകിലങ്ങളിൽ ഒരുവനായിരുന്നു മി: ശങ്കുണ്ണി. കോട്ടയത്തും തൃശ്ശിവപേരൂരും കൂടിയ ഭാഷാപോഷിണി സഭവകയായി നടത്തപ്പെട്ട സാഹിത്യമത്സരങ്ങളിൽ മി: ശങ്കുണ്ണിയും ചേരുകയും സമ്മാനം വാങ്ങുകയും ചെയ്തിട്ടുണ്ടു്. ഗംഗാവതരണം, ദേവീവിലാസം, ജാനകീപരിണയം മുതലായ നാടകങ്ങളും, ആസന്നമരണചിന്താശതകവും ഈവിധം കൈരളിക്കു സിദ്ധിച്ചിട്ടുള്ളവയാകുന്നു. ബഹുമുഖങ്ങളായ ഈ സാഹിത്യസേവനങ്ങളിൽ പ്രസാദിച്ചു്, തിരുവിതാംകൂർ കൊച്ചിമഹാരാജാക്കന്മാരും, കോഴിക്കോട്, കടത്തനാട്, വഞ്ചിപ്പുഴ മുതലായ ദിക്കുകളിലെ സാമന്തന്മാരും ഉദാരമായ പ്രോത്സാഹനങ്ങളും സമ്മാനങ്ങളും മി: ശങ്കുണ്ണിക്കു പലപ്പോഴും നല്കുകയുണ്ടായിട്ടുണ്ടു്. ഇങ്ങനെ മഹാനായിരുന്ന ഈ കവീശ്വരന്റെ നിര്യാണത്തിൽ പരിഷത്തു് അത്യധികം ഖേദിക്കുകയും അദ്ദേഹത്തിന്റെ ആത്മാവിനു നിത്യനിർവൃതി നേരുകയും ചെയ്തുകൊള്ളുന്നു.

## തിരുവിതാംകൂർ സർവകലാശാല.

തിരുവിതാംകൂർമഹാരാജാവു ശ്രീചിത്തിരതിരുനാൾതിരുമനസ്സിലെ ഇക്കഴിഞ്ഞ 26-ാമത്തെ ജന്മർക്ഷസുദിനത്തിൽ തിരുവിതാംകൂർ സർവ്വകലാശാല സ്ഥാപിച്ചുകൊണ്ടുള്ള ഒരു രാജകീയവിളംബരം അവിടുന്നു പ്രസിദ്ധംചെയ്തിരിക്കുന്നു. സാങ്കേതികവിദ്യാഭ്യാസത്തിന്റെ ക്രമോ

മുഖമായ അഭിവൃദ്ധിയെ ലാക്കാക്കി വിദ്യാഭ്യാസപദ്ധതിയെ പുനസ്സംഘടിപ്പിക്കുവാനുള്ള ഒരു ശ്രമമാണ് ഈ സർവ്വകലാശാലാസ്ഥാപനം. പ്രായോഗികശാസ്ത്രങ്ങളുടെ വിവിധശാഖകളിൽ പര്യവേക്ഷണങ്ങൾ നടത്തുന്നതിനും, സാംസ്കാരികവും കലാത്മകവും വിദ്യാഭ്യാസപരവുമായ പുരോഗമനത്തെ സംരക്ഷിക്കുന്നതിനും, വിജ്ഞാനാഭിവൃദ്ധി സുസാദ്ധ്യമാക്കുന്നതിനും വേണ്ടിയാണ് ഈ സർവ്വകലാശാല സ്ഥാപിച്ചിട്ടുള്ളതെന്നു മഹാരാജാവുതിരുമനസ്സുകൊണ്ടു വ്യക്തമാക്കിയിട്ടുണ്ട്. ഈ സർവ്വകലാശാലയിൽ കല, ശാസ്ത്രം, പൗരസ്ത്യപഠനങ്ങൾ, തൊഴിൽശാസ്ത്രം, സുകുമാരകലകൾ, നിയമം, വിദ്യാഭ്യാസം മുതലായവയ്ക്കു പ്രത്യേകം വിദഗ്ദ്ധസമിതികൾ ഉണ്ടായിരിക്കുന്നതാണ്. തിരുവിതാംകൂറിലെ സകല ഗവർമെൻറുകോളേജുകളും സർവ്വകലാശാലയിലേയ്ക്കു മാററുകയും, അതിന്റെ സംരക്ഷണത്തിലും നിയന്ത്രണത്തിലുമാക്കുകയും ചെയ്തിരിക്കുന്നു. മഹാരാജാവുതിരുമനസ്സുകൊണ്ട് ഈ സർവ്വകലാശാലയുടെ ചാൻസലരും, മഹാറാണി സേതു പാർവ്വതീഭായിതിരുമനസ്സുകൊണ്ടു പ്രൊ ചാൻസലരും ദിവാൻ സചിവോത്തമൻ സർ സി. പി. രാമസ്വാമിഅയ്യർ വൈസ്, ചാൻസലരും, വിദ്യാഭ്യാസഡയറക്ടർ (ഇപ്പോൾ സർവ്വകലാശാലാപ്രത്യേകോദ്യോഗസ്ഥൻ) മി: സി. വി. ചന്ദ്രശേഖരൻ പ്രൊ വൈസ് ചാൻസലരും ആയിരിക്കുന്നതാണ്. വൈസ് ചാൻസലരും, പ്രൊ വൈസ് ചാൻസലരുമെങ്കിൽ ആ ഉദ്യോഗസ്ഥരും, സെനററിലേയും സിൻഡിക്കേററിലേയും അംഗങ്ങളും ചേർന്നാണ് സർവ്വകലാശാല സംഘടിക്കുന്നതു്. സെനററും സിൻഡിക്കേററും വിദഗ്ദ്ധസമിതികളും, നിയമങ്ങൾമൂലമായിരം വേറെ ഏതെങ്കിലും അധികാരസ്ഥാനങ്ങൾ ഉണ്ടാക്കുന്നാണെങ്കിൽ അവയും ആയിരിക്കും സർവ്വകലാശാലയിലെ അധികാരം വഹിക്കുന്നതു്. സർവ്വകലാശാലാവിളംബരം പുറപ്പെട്ട ദിവസംതന്നെ സർവ്വകലാശാലയ്ക്കു് ഉദ്ദേശം രണ്ടര ലക്ഷത്തോളം ഉറുപ്പിക സംഭാവന ലഭിക്കുകയുണ്ടായി. മഹാരാജാവുതിരുമനസ്സുകൊണ്ട്, മഹാറാണിതിരുമനസ്സുകൊണ്ട്, ദിവാൻ സർ സി. പി. രാമസ്വാമിഅയ്യർ, പാലാമ്പടം റവ. തോമ്മസ് അവർകൾ എന്നിവർ ഇരുപത്തയ്യായിരം ഉറുപ്പികവീതം സംഭാവന ചെയ്യുകയുണ്ടായി. പ്രതിവർഷം പ്രസിദ്ധീകൃതമാകുന്നതിൽ ഏററവും ഉത്തമമായ സാഹിത്യഗ്രന്ഥത്തിന്റെയോ ചരിത്രഗ്രന്ഥത്തിന്റെയോ കർത്താവിനും, തിരുവിതാംകൂറിലെ വ്യവസായങ്ങളേയും കൃഷിയേയും മത്സ്യവ്യവസായത്തേയും സംബന്ധിച്ചു പ്രായോഗികമായ ശാസ്ത്രീയഗവേഷണം നടത്തി എഴുതുന്ന ഗ്രന്ഥത്തിന്റെ കർത്താവിനും, സമ്മാനം നല്കുന്നതിനും, കേരളചരിത്രത്തിലും പുരാതനവസ്തുപര്യവേക്ഷണത്തിലും, വ

നസംബന്ധമായ ഗവേഷണത്തിനും ഒരു പ്രസംഗപരമ്പരയോ വേതനമോ ഏൎപ്പെടുത്തുന്നതിനും, കാൎഷികമായ ഒരു വിദ്യാൎത്ഥിവേതനം നല്കുന്നതിനും ഇവയുടെ പലിശ വിനിയോഗിക്കുന്നതാണ്. ഇതുകൂടാതെ നായർ സൎവ്വീസ്സൊസൈററി 50000 ക.യും, മെ: വി. പത്മനാഭൻ തമ്പി, എസ്. കൃഷ്ണയ്യർ, ചട്ടനാഥക്കരയാളർ, ഏ. പി. തോമ്മസ്, ടി. വി. കൃഷ്ണയ്യർ, ജെ. ഈ. ഏ. പെരയിര, പി. വി. സ്വാമിനാഥൻ, വഞ്ചിപ്പുഴത്തമ്പുരാൻ, ഇടപ്പിള്ളി രാജാ, ശ്രീമതി തുർ ലക്ഷ്മിഅമ്മമാരും മുതലായവർ 10000 ക. വീതവും സംഭാവന നല്കീയിട്ടുണ്ട്. ഈ സൎവ്വകലാശാലാസ്ഥാപനം തിരുവിതാംകൂറിലെ കാൎഷികവും വ്യാവസായികവും സാമ്പത്തികവുമായ ഭാവിയെ സംബന്ധിച്ചിടത്തോളം സൎവ്വപ്രധാനമായ ഒന്നാണെന്നും, കേരളകലകളുടെയും സംസ്കാരത്തിന്റെയും പുരോഗതിക്ക് അത്യന്താപേക്ഷിതമാണെന്നുമാണ് സർ സി. പി. രാമസ്വാമി അയ്യർ മുതലായ മഹാന്മാരുടെ അഭിപ്രായം.

## മലയാളനിഘണ്ടു.

ഒരു മലയാളനിഘണ്ടുനിൎമ്മാണത്തെപ്പററി റിപ്പോർട്ട ചെയ്യുന്നതിനായി മദ്രാസ് സൎവ്വകലാശാലാസെനററിൽ പാസാക്കപ്പെട്ട ഒരു പ്രമേയമനുസരിച്ച്, സിൻഡിക്കേററ്, മെ: പ്രൊഫസർ പി. ശങ്കരൻ നമ്പ്യാർ എം. ഏ., ജോസഫ് മുണ്ടശ്ശേരി എം. ഏ., ഡോക്ടർ സി. കുഞ്ഞൻരാജാ എം. ഏ., പ്രിൻസിപ്പാൾ ഏ. വി. കെ. കൃഷ്ണമേനോൻ എം. ഏ., കെ. വി. കൃഷ്ണസ്വാമിഅയ്യർ എം. ഏ., പ്രിൻസിപ്പാൾ ഏ. ഗോപാലമേനോൻ എം. ഏ., (സംയോജകൻ) എന്നീ മാന്യന്മാരെ ഒരു കമ്മിററി ആയി നിയമിച്ചിരുന്നു. ഈ കമ്മിററി സമൎപ്പിച്ച റിപ്പോർട്ടിനെ ആധാരമാക്കി, ഒരു മലയാളശബ്ദകോശം നിൎമ്മിക്കുന്നതിനുള്ള നടപടികൾ സൎവ്വകലാശാലയിൽനിന്നും ഇപ്പോൾ നടത്തിവരുന്നതായറിയുന്നു.

മലയാളപദങ്ങളുടെ ധാതുപത്ഥങ്ങളും, അവയ്ക്ക് ഇതരദ്രാവിഡഭാഷാപദങ്ങളുമായുള്ള ബന്ധവും, ശാസ്ത്രീയമായും ആഗമികമായുമുള്ള രീതിയിൽ ഇതിൽ പ്രകാശിപ്പിക്കപ്പെടുന്നതായിരിക്കും. പ്രാചീനങ്ങളും നവീനങ്ങളും, സാഹിത്യപ്രതിഷ്ഠിതങ്ങളും സംഭാഷണപ്രചുരങ്ങളും, ദേശ്യങ്ങളും ഭാഷാന്തരാനീതങ്ങളുമായ എല്ലാ വാക്കുകളേയും ഈ നിഘണ്ടുവിൽ ഉൾപ്പെടുത്തുന്നതാണ്. ഡോക്ടർ ഗുണ്ടർട്ടിന്റെ നിഘണ്ടുവിന്റെ രീതിയിലായിരിക്കും ഇതു നിൎമ്മിക്കപ്പെടുന്നതു്. വാക്കുകൾ

മലയാളലിപിയിലും ഉച്ചാരണം ഇംഗ്ലീഷുലിപിയിലും ചേർക്കുന്നതിനും, അർത്ഥം മലയാളത്തിലും ഇംഗ്ലീഷിലും നല്കുന്നതിനുമാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നതു്. ഓരോ വാക്കിൻെറയും ചുരുങ്ങിയ ഒരു ജീവചരിത്രംചേർക്കുന്നതിനും, ആവശ്യമെന്നു തോന്നുന്ന സ്ഥലങ്ങളിൽ ഉചിതങ്ങളായ വിവരണങ്ങളും ഉദാഹരണങ്ങളും നല്കുന്നതിനും തീരുമാനിച്ചിട്ടുണ്ടു്. സാങ്കേതികങ്ങളും, വിവിധതൊഴിലുകളെ സംബന്ധിക്കുന്നവയുമായ പദങ്ങൾക്കും ഈ ശബ്ദകോശത്തിൽ ഒരു നല്ല സ്ഥാനം നല്കുന്നതാണ്.

ശ്രമസാദ്ധ്യവും വ്യയകരവുമായ ഒരു പ്രസ്ഥാനമാണ് ഇപ്പോൾ സർവ്വകലാശാല ഏറെറടുത്തിരിക്കുന്നതു്. ഈ ശബ്ദകോശനിർമ്മാണത്തിന് ഏതാണ്ട് ഒന്നര ലക്ഷം രൂപ ചിലവും, ഏഴെട്ടു കൊല്ലത്തെ കാലാവധിയും വേണ്ടിവരുമെന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. മൂന്നു കൊല്ലംകൊണ്ടു പദങ്ങൾ ശേഖരിക്കുകയും, പിന്നത്തെ മൂന്നു കൊല്ലംകൊണ്ട് അവ ശരിപ്പെടുത്തുകയും, ഒടുവിൽ ഒരു കൊല്ലംകൊണ്ട് അച്ചടി നിർവ്വഹിക്കുകയും ചെയ്യാമെന്നാണ് ഇപ്പോഴത്തെ പ്രതീക്ഷ. ഈ നിഘണ്ടുനിർമ്മാണത്തിൻെറ ചിലവുവകയ്ക്കു കൊല്ലത്തിൽ 1500 ക. വീതം ഏഴു കൊല്ലക്കാലത്തേയ്ക്കു ധനസഹായം ചെയ്തുകൊണ്ടിരിക്കാമെന്നു കൊച്ചിഗവർമെൻറു സമ്മതിച്ചിട്ടുണ്ട്. തിരുവിതാംകൂർഗവർമെൻറും ഗണ്യമായ ഒരു തുക സംഭാവനചെയ്യുന്നതാണെന്നു പ്രതീക്ഷിക്കപ്പെടുന്നു. പരിഷത്തിൻെറ ലക്ഷ്യങ്ങളിലൊന്നായ നിഘണ്ടുനിർമ്മാണം ഇങ്ങനെ സാധിതപ്രായമാകുമെന്നു കാണുന്നതിൽ പരിഷത്തിന് അതിയായ സന്തോഷമുണ്ട്. ഇക്കാര്യത്തിൽ മുൻനിന്നു പ്രവർത്തിക്കാൻ തീരുമാനിച്ചതിൽ മദ്രാസ് സർവ്വകലാശാലയെ പരിഷത്തു മുക്തകണ്ഠം അനുമോദിക്കുകയും, ഗർഭസ്ഥമായ ആ ശബ്ദകോശശിശുവിനു സകല മംഗളങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

പുസ്തകം 6. ലക്കം 2.

സമസ്തകേരള

# സാഹിത്യപരിഷത്ത്

വക

# ത്രൈമാസികം.



1113 മകരം.

വരിസംഖ്യ.

പരിഷത്സാമാജികന്മാർക്ക് (വരിസംഖ്യയടക്കം) ആണ്ടിൽ മൂന്നു രൂപ.

സാമാജികന്മാരല്ലാത്തവർക്ക് ,, മൂന്നു രൂപ.

ഒറ്റപ്രതിക്ക് ഒരു രൂപ.

എറണാകുളം.

സനാതനധർമ്മം അച്ചുക്കൂടം, പെരുമാനൂർ, എറണാകുളം.

# വിഷയാനുക്രമണിക.


1. കഥ — പേജ്—129
   പി. കൃഷ്ണൻനായർ, ശിരോമണി.
2. നക്ഷത്രമാല — ,, 142
   കേരളവർമ്മ വലിയകോയിത്തമ്പുരാൻ
3. സി. എസ്സ്. ഗോപാലപ്പണിക്കർ (ചില സ്മരണകൾ) — ,, 151
   അമ്മാമൻതമ്പുരാൻ തിരുമനസ്സുകൊണ്ട്
4. ചില പഴയ കീർത്തനങ്ങൾ — ,, 156
   സമ്പാദകൻ—പനച്ചിനാൽ എൻ. രാമൻപിള്ള
5. വില്വമംഗലത്തുസ്വാമിയാർ — ,, 163
   മഞ്ജർ
6. ശൃംഗാരലഹരി — ,, 199
   പ്രസാധകൻ—പി. ശങ്കരൻനമ്പ്യാർ
7. ഭാഷയും വ്യാകരണവും — ,, 206
   വടക്കുംകൂർ രാജരാജവർമ്മ
8. സാംബോപാഖ്യാനം — ,, 225
   സമ്പാദകൻ—ടി. സി. അച്യുതൻനമ്പൂതിരി
9. വിരുന്നുകാരി — ,, 228
   ചെർക്കുന്നം വി. കൃ. വർമ്മ
10. ഭാഗവതത്തിന്റെ ഭാഗധേയം (ഏകാങ്കനാടകം) — ,, 231
    പി. ശങ്കരൻനമ്പ്യാർ
11. മണ്ഡനമിശ്രന്റെ കേരളീയത്വം — ,, 239
    ഇ. വി. രാമൻനമ്പൂതിരി
12. വിമർശവീഥി
    1. ദ്രാവിഡസംസ്കാരവും അതിന്റെ പ്രചാരവും — ,, 244
    2. ഉത്തരാസ്വയംവരം കഥകളി — ,, 245
    3. [illegible] — ,, 247
    4. [illegible] — ,, ,,
    5. [illegible] — ,, 249
    6. [illegible]കണ്ടുപിടിത്തങ്ങൾ — ,, 250
13. പത്രാധിപക്കുറിപ്പുകൾ
    1. അഖിലഭാരതപ്രാച്യവിദ്വൽസമ്മേളനം — ,, 251
    2. പരിഷത്തിന്റെ [illegible]സമ്മേളനം — ,, 254
    3. പരേതനായ പി. കെ. നാരായണപിള്ള — ,, 256

# ശുദ്ധിപത്രം.

| പുറം. | വരി. | അശുദ്ധം. | ശുദ്ധം. |
|---|---|---|---|
| 132 | 25 | ചിത്രരികാ | ചിത്രാരികാ |
| 133 | 21 | കട്ടിതകൾ | നായകൾ |
| 136 | 8 | സൃഷ്ടങ്ങളിലെ | സൃഷ്ടങ്ങളിലും |
| ,, | 12 | ചിത്രശാലായാഗേ | ചിത്രശാലായാഗേ |
| ,, | 15 | കരവൃക്ഷശാലായോഗേ | കരവൃക്ഷശാലായോഗേ |
| ,, | 20 | തൽകർമ്മണി | തൽക്കർമ്മണി |
| 138 | 11 | അതിനാശം | അതിനാശനം |
| ,, | 13 | ശേഷനാ | ശേഷിന്ന |
| 148 | 25 | വെട്ടിക്കുടി | വെട്ടിക്കുടി |
| ,, | 32 | കരിമ്പാപ്പ | കരിമ്പ്യാപ്പ |
| 179 | 27 | ഭൂതിനാശ | ഭൂതിനാശം |
| 180 | 28 | കെട്ടിളകൾ | കെട്ടിളകൾ |
| 181 | 15 | മിപ്പൃ രൂപം | മിപ്പൃ രൂപം |
| 187 | 5 | കാണനാ | കാണതെ |
| 189 | 9 | ശോർണ | ശോർണിൽ |
| 190 | 23 | പ്രസന്യായ | പ്രസന്യായ |
| 193 | 7 | ശ്രീധരാരിക | ശ്രീധരാരികാ |
| ,, | 25 | പ്രതനാര | പ്രതനാര |
| ,, | 27 | സംസ്പൃശ | സസ്പൃശ |
| 194 | 9 | കരാരെ | ദ്വാരെ |
| ,, | 12 | ഫലക്രമം | ഫലക്രമം |
| ,, | 25 | മിപ്പൃവാണിപ്പ | മിപ്പൃവാണിപ്പ |
| 195 | 16 | ഗ്രാമിഗ്രാമ | ഗ്രാമിഗ്രാമ |
| 196 | 21 | ക്ഷുണ്ണനാദം | ക്ഷുണ്ണനാദം |
| 196 | 7 | അപ്രാര | അപ്രാര |

☞ കഴിഞ്ഞ ലക്കത്തിൽ ചേർത്തിട്ടുള്ള 'സന്ദേശകാവ്യങ്ങൾ' എന്ന ലേഖനത്തിൽ 18-ാംപുറത്തിൽ 6-ം 13-ം വരികളിൽ ക്രി: പി: 1112 എന്നച്ചടിച്ചിട്ടുള്ളത് ക്രി: പി: 112 എന്നു തിരുത്തിവായിക്കേണ്ടതാണ്.

സമസ്തകേരള

# സാഹിത്യപരിഷത്ത്

വക

# ത്രൈമാസികം.

പുസ്തകം 6. 1113 മകരം. ലക്കം 2.



## കല.

(വ്യാകരണസാഹിത്യശിരോമണി പി. കൃഷ്ണൻനായർ അവർകൾ.)

ജീവിവർഗ്ഗമൊക്കെയും ആനന്ദാർത്ഥിയാണെന്നിരിക്കെ, വിശേഷബുദ്ധിയുള്ള മനുഷ്യസമുദായത്തിന്റെ സ്ഥിതിയെപ്പററി പിന്നെപ്പറയാനുണ്ടോ! പക്ഷിമൃഗാദികൾ പ്രകൃതിസിദ്ധമായ ആനന്ദത്തെമാത്രമേ ആശിക്കയും അനുഭവിക്കയും ചെയ്യുന്നുള്ളു. അതിൽകവിഞ്ഞു പ്രവർത്തിക്കാൻ അവയ്ക്കു ശക്തിയില്ല. എന്നാൽ, അത്രമാത്രംകൊണ്ടു തൃപ്തിപ്പെടുന്നവനല്ല മനുഷ്യൻ. അവൻ തന്റെ ബുദ്ധിശക്തിയും സങ്കല്പശക്തിയും യഥേഷ്ടം ഉപയോഗിച്ചു പ്രകൃതിയെ അതിക്രമിച്ചും പഞ്ചഭൂതങ്ങളെ തന്റെ ചൊല്പടിക്കു നിറുത്തിയും പുതുപുതുതായി ആനന്ദത്തെയും അതിനുവേണ്ട സാമഗ്രികളെയും സൃഷ്ടിച്ചനുഭവിക്കുവാൻ ആദികാലംമുതല്ക്കുതന്നെ ആരംഭിച്ചിരിക്കുന്നു. ഇന്നും അതിൽനിന്നു വിരമിച്ചിട്ടില്ല; ലോകാവസാനംവരെ വിരമിക്കുകയുമില്ല. ആനന്ദോദ്ദേശ്യകമായ ഇത്തരം മനുഷ്യപ്രയത്നത്തിന്റെ ഫലമായി ആവിർഭവി

ച്ചവയാണ് കലകളെന്നു നമുക്ക് ഊഹിക്കാം. അതുകൊണ്ടു ലൗകികമായ ദേഹയാത്രയിൽ പ്രാധാന്യേന ആഹ്ലാദാനുഭവത്തിനായി മനുഷ്യൻ കല്പിച്ചിട്ടുള്ള ഉപായങ്ങളാണ് കലകളെന്നു സാമാന്യമായിപ്പറയാവുന്നതാണ്. പരലോകത്തിലെ ആഹ്ലാദത്തിനോ, അതായതു സ്വൎഗ്ഗീയാനന്ദത്തിനോ, വിദേഹാവസ്ഥയിലെ ആനന്ദത്തിനോ, അതായതു ദുഃഖാസ്പൃഷ്ടവും നിത്യവും നിരതിശയവുമായ മോക്ഷരൂപാനന്ദത്തിനോ ഉള്ള ഉപായപ്രകാരങ്ങൾക്കു വിദ്യയെന്നല്ലാതെ കലയെന്നു പേർ പറയുക പതിവില്ല. ജീവന്മുക്തന്മാരായ യോഗികൾ നിൎവ്വികല്പകസമാധിയിൽ അനുഭവിക്കുന്ന പരമാനന്ദം കേവലം അലൗകികമാകയാൽ തദുപയോഗിയായ യോഗപ്രകാരം കലയാകുന്നില്ല; നേരെമറിച്ച്, ലൗകികാഹ്ലാദത്തിനുവേണ്ടി പ്രദൎശിപ്പിക്കുന്ന ആസനവിധികളും മറ്റും കലയാവുന്നതുമാണ്. ബ്രഹ്മാനന്ദസാഹോദൎയ്യംനിമിത്തം സാഹിത്യാനന്ദത്തിന് അലൗകികത്വം ആലങ്കാരികന്മാർ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും താദൃശാനന്ദം ബ്രഹ്മാനന്ദംപോലെ നിത്യവും നിരതിശയവുമായ അലൗകികസ്വരൂപമല്ലായ്കയാൽ സാഹിത്യം കലയായ്ത്തന്നെ ഗണിക്കപ്പെടുന്നു. മറ്റുള്ള ലൗകികാഹ്ലാദങ്ങളെ അപേക്ഷിച്ചു സാഹിത്യാഹ്ലാദത്തിനുള്ള ഔൽകൃഷ്ട്യത്താൽ അതിന് ഔപചാരികമായി അലൗകികത്വവും സാഹിത്യത്തിനു കലകളിൽവെച്ചു പ്രാശസ്ത്യവും പറയപ്പെട്ടിരിക്കുന്നു എന്നു ധരിച്ചാൽമതി. വസ്തുതത്വജ്ഞാനോപയോഗിയായ ധൎമ്മശാസ്ത്രം അൎത്ഥശാസ്ത്രം എന്നിവയെ വിദ്യയായിട്ടല്ലാതെ കലയായി ഗണിക്കാത്തതും അവ ആഹ്ലാദപ്രധാനങ്ങളല്ലാത്തതുകൊണ്ടുതന്നെയാണ്. "താഭിൎദ്ധൎമ്മാൎത്ഥൗ യദ്വിദ്യാൽ തദ്വിദ്യാനാം വിദ്യാത്വം" എന്നിങ്ങനെ കൗടലീയാൎത്ഥശാസ്ത്രത്തിൽ വിദ്യാശബ്ദപ്രവൃത്തിനിമിത്തം വിജ്ഞാനജനകത്വമാണെന്നു നിൎദ്ദേശിച്ചിരിക്കുന്നതിൽനിന്നു വിദ്യ വിജ്ഞാനപ്രധാനമാണെന്നു തീൎച്ചയാവുന്നുണ്ട്. കലയുടെ പ്രവൃത്തിനിമിത്തമോ മറ്റു വല്ല നിഷ്കൃഷ്ടലക്ഷണമോ ആരും പറഞ്ഞു കാണുന്നില്ല; എങ്കിലും വിദ്യ വിജ്ഞാനപ്രധാനമാണെന്നു സിദ്ധിക്കുന്ന സ്ഥിതിക്കു പരിശേഷന്യായത്താൽ കല ആഹ്ലാദപ്രധാനമാണെന്നും സിദ്ധിക്കുന്നതാണ്. പ്രധാനമായി വിജ്ഞാനത്തിനോ ആഹ്ലാദത്തിനോ ഉപകരിക്കാത്ത സാധനമൊന്നും വിശേഷിച്ചു മനുഷ്യദൃഷ്ടിയിൽ ആദരണീയത്വം അൎഹിക്കയില്ല. മഹാനായ മനുഷ്യന്റെ ആദരവിശേഷത്തിന് ആസ്പദമാകുന്നുവെങ്കിൽ ഏതൊന്നും വിജ്ഞാനപ്രദമോ അല്ലെങ്കിൽ ആഹ്ലാദപ്രദമോ ആയിരിക്കണം. വിദ്യാകലാശബ്ദങ്ങളുടെ വ്യുൽപത്തിയും അവയുടെ സ്വരൂപനിൎണ്ണയത്തിനു സഹായിക്കുന്നുണ്ട്. വിദ്യാ

ശബ്ദം ജ്ഞാനാർത്ഥകമായ "വിദ്" ധാതുവിൽനിന്നു ക്യപ് പ്രത്യയം കൊണ്ടും, കലാശബ്ദം ക്ഷേപാർത്ഥകമായ അതായതു മനോവികാരാർത്ഥകമായ 'കല' ധാതുവിൽനിന്നു് അപ് പ്രത്യയംകൊണ്ടും നിഷ്പന്നമാണല്ലോ. കൂടാതെ,

"വാക്കിനാൽ സാദ്ധ്യമേതെല്ലാം വിദ്യാഭിധമതൊക്കെയും
മൂകനും സാദ്ധ്യമാം കർമ്മം കലയെന്നു മനീഷികൾ."

"കേവലം കലകൾക്കില്ല, നാമവും ലക്ഷണങ്ങളും
കലകൾക്കുള്ളതാം ഭേദം ക്രിയാഭേദം നിമിത്തമായ്
ചെയ്യും ക്രിയാഭിധാനത്താൽ കലാനാമവുമോതിടും"

എന്നിങ്ങനെ 'ശുക്രനീതി'യിൽ പറഞ്ഞിരിക്കുന്നതുകൊണ്ടു്, കല ക്രിയാത്മകമാണെന്നും സിദ്ധിക്കുന്നു. ആകയാൽ പ്രാധാന്യേന ആഹ്ലാദജനകമായ ക്രിയാവിശേഷമാണു് കല എന്നു സാമാന്യമായി പറയാം.



ധർമ്മാർത്ഥപ്രതിപാദകങ്ങളായ ശ്രുതിസ്മൃതിശാസ്ത്രാദികൾക്കു വിജ്ഞാനപ്രാധാന്യമല്ലാതെ ഗണിക്കത്തക്ക ആഹ്ലാദജനകത്വമുള്ളതായി കാണുന്നില്ല. ശ്രുതിസ്മൃത്യാദിവിഹിതമായ കർമ്മമാണല്ലോ ധർമ്മം. പ്രവൃത്തിരൂപമോ നിവൃത്തിരൂപമോ ആയ ആ ധർമ്മരൂപകർമ്മത്തിന്റെ സ്വരൂപവിവേകാദിജ്ഞാനം ആഹ്ലാദമോ ആഹ്ലാദഹേതുവോ അല്ലെന്നുള്ളതു തീർച്ചയല്ലേ? ധർമ്മാനുഷ്ഠാനമാകട്ടെ ക്ലേശസാദ്ധ്യവുമാണു്. ഭൂമി, പശു, ഹിരണ്യം, രത്നം, ഗൃഹോപകരണം മുതലായ സാധനങ്ങളും തത്സമ്പാദനവുമാണു് അർത്ഥം. ഭൂമിപശുഹിരണ്യാദികളുടെ സമ്പാദനത്തിലും രക്ഷണത്തിലും ആഹ്ലാദത്തിനു പ്രസക്തിയുണ്ടെങ്കിലും, അവയുടെ സ്വരൂപവും തത്വവും പ്രതിപാദിക്കുന്ന ശാസ്ത്രഗ്രന്ഥങ്ങളിൽ വിജ്ഞാനത്തിനല്ലാതെ ആഹ്ലാദത്തിനൊന്നും വിശേഷിച്ചു പ്രസക്തിയില്ല. ആകയാൽ ധർമ്മാർത്ഥപ്രതിപാദകങ്ങളായ ശ്രുതി, സ്മൃതി, രാജനീതി മുതലായ ഗ്രന്ഥങ്ങളൊക്കെയും വിദ്യയിലാണുൾപ്പെടുക, കലയിലല്ല എന്നു വന്നു. ഈ സ്ഥിതിക്കു്, ആനന്ദമയമായ കാമപുരുഷാർത്ഥത്തെ സപ്രപഞ്ചം പ്രതിപാദിക്കുന്ന കാമശാസ്ത്രംപോലും ജ്ഞാനപ്രധാനമാകയാൽ വിദ്യയാണെന്നും, വിഷയോപഭോഗവ്യാപാരരൂപമായ കാമപുരുഷാർത്ഥമാകട്ടെ കലയാണെന്നും സിദ്ധിക്കുന്നു. വിഷയോപഭോഗവ്യാപാരം തജ്ജന്യസുഖം എന്നിരണ്ടും കാമപുരുഷാർത്ഥമാ

കന്നുവെന്നാണ് വാത്സ്യായനസിദ്ധാന്തം. * അനന്യൈകവേദ്യമായ സുഖം കലയോ വിദ്യയോ അല്ലെങ്കിലും തത്സാധകമായ വ്യാപാരകൗശലം കലയിലും താദൃശവ്യാപാരജ്ഞാനജനകമായ ശാസ്ത്രം വിദ്യയിലുമാണുൾപ്പെടുക. ആകയാൽ, ശ്രുതി, സ്മൃതി, ശാസ്ത്രം, പുരാണം എന്നിവയെല്ലാറ്റെയും വിദ്യയെന്ന വ്യവഹാരമാണ് യുക്തമെന്നുവരുന്നു.

"അംഗാനി വേദാശ്ചത്വാരോ മീമാംസാ ന്യായവിസ്തരഃ
ധർമ്മശാസ്ത്രം പുരാണഞ്ച വിദ്യാ ഹ്യേതാശ്ചതുർദശ
ആയുർവ്വേദോ ധനുർവ്വേദോ ഗാന്ധർവ്വശ്ചേതി തേ ത്രയഃ
അർത്ഥശാസ്ത്രം ചതുർത്ഥഞ്ച വിദ്യാ ഹ്യഷ്ടാദശൈവ താഃ"

എന്നു വിഷ്ണുപുരാണത്തിൽ വിദ്യകളെ പരിഗണിച്ചിരിക്കുന്നതിന്റെ തത്ത്വവും അതുതന്നെയാണ്. സാഹിത്യം, സംഗീതം, നാട്യം മുതലായ പലതും വിദ്യയായും കലയായും രണ്ടുപ്രകാരത്തിൽ വ്യവഹരിച്ചുകാണുന്നതിലുള്ള ഉപപത്തിയും ഇങ്ങനെയായാലേ സുവചമാകയുള്ളു. സാഹിത്യനിർമ്മാണപ്രവീണതയും തദാസ്വാദനപ്രവീണതയും കലയാണെങ്കിലും സാഹിത്യശാസ്ത്രം വിദ്യയാകുന്നു. അതുകൊണ്ടുതന്നെയാണ്, സാഹിത്യത്തിനു കലകളുടെ കൂട്ടത്തിൽ ഉത്തമസ്ഥാനമുണ്ടായിരുന്നിട്ടും "പഞ്ചമീ സാഹിത്യവിദ്യാ" എന്നു യായാവരീയനായ രാജശേഖരൻ തന്റെ കാവ്യമീമാംസയിൽ നിർണ്ണയം അഭിപ്രായപ്പെട്ടിരിക്കുന്നതു്. ചതുഷ്ഷഷ്ടികലകളെപ്പോലും "ഉപവിദ്യാസ്തു ചതുഃഷഷ്ടിഃ താശ്ച കലാ ഇതി വിദഗ്ദ്ധവാദഃ" എന്നിങ്ങനെ സാഹിത്യവിദ്യയുടെ ഉപവിദ്യകളാണെന്നു യായാവരീയൻ ഉപന്യസിച്ചിരിക്കുന്നതും തന്മൂലകമാകുന്നു. ഇപ്രകാരം ഗീതാദികളിലും മററും രണ്ടുവിധം വ്യവഹാരം പ്രവർത്തിച്ചുകാണുന്നതു വിഷയഭേദം അവലംബിച്ചാണെന്ന് ഇത്രയുംകൊണ്ടു സ്പഷ്ടമായിരിക്കുമല്ലോ. "കലാശാസ്ത്രേഭ്യഃ" എന്ന വാമനസൂത്രവും അതിന്റെ "കലാ ഗീതനൃത്യചിത്രാദികാ താസാം അഭിധായകാനി ശാസ്ത്രാണി തേഭ്യഃ കലാതത്ത്വസ്യ സംവിത് സംവേദനം." എന്ന വൃത്തിഗ്രന്ഥവും ഇതിലേക്കു് ഉപോദ്ബലകമാണെന്നും കണ്ടുകൊൾക. വിശേഷിച്ചു പാശ്ചാത്യപൗരസ്ത്യപ്രദേശങ്ങളിൽ അഭിപ്രായഭേദമെന്യേ സർവ്വസമ്മതിപാത്രങ്ങളായ സാഹിത്യം, സംഗീതം, ആലേഖ്യം, ശില്പം, ഇന്ദ്രജാലം, കായികാ

* ശ്രോത്രത്വക്ചക്ഷുർജിഹ്വാഘ്രാണാനാമാത്മസംയുക്തേന മനസാധിഷ്ഠിതാനാം സ്വേഷു സ്വേഷു വിഷയേഷ്വാനുകൂല്യതഃ പ്രവൃത്തിഃ കാമഃ (11) സ്പർശവിശേഷവിഷയാത്ത്വസ്യാഭിമാനികസുഖാനുവിദ്ധാ ഫലവത്യർത്ഥപ്രതീതിഃ പ്രാധാന്യാത് കാമഃ (12)

ഭ്യാസം മുതലായ കലകളുടെ സ്വഭാവവും ഉദ്ദേശ്യവും മററും ആലോചിക്കുന്നതായാൽ, അവയുടെ അസാധാരണധൎമ്മമായ ആഹ്ലാദഹേതുത്വം ഒരുവിധത്തിലും അപലപനീയമല്ലെന്നു സിദ്ധിക്കുന്നതാണെന്നുള്ള സംഗതിയും വിസ്മരിക്കാവുന്നതല്ല.

ആകയാൽ പ്രാധാന്യേന വിജ്ഞാനജനകമായ ഉപദേശം വിദ്യയെന്നും ആഹ്ലാദജനകമായ ക്രിയാവിശേഷവും കാൎയ്യവിശേഷവും കലയെന്നും നിൎവചിക്കുന്നതിൽ വലിയ ദോഷമൊന്നുമില്ലെന്നാണ് എനിക്കു തോന്നുന്നതു്.

ഈ സ്ഥിതിക്ക്, കലകളെ സാമാന്യമായി സരസകല, ശില്പകല, കായികകല, മായികകല എന്നിങ്ങനെ നാലു വകയായി തരം തിരിക്കാവുന്നതും കലാത്വമൎഹിക്കുന്ന പ്രയോഗവിശേഷങ്ങളൊക്കെയും ഈ നാലു വകയിലേതിലെങ്കിലും ഉൾപ്പെടുത്താവുന്നതുമാകുന്നു. ശൃംഗാരാദി നവരസങ്ങളേയും ഭക്തിവാത്സല്യാദി ഭാവവിശേഷങ്ങളേയും ഒരുപോലെ വ്യഞ്ജിപ്പിക്കുവാൻ കഴിയുന്ന കലാവിശേഷമാണ് സരസകല എന്നു പറയാം, മററുള്ള കലകൾക്കു പ്രധാനമായി അത്ഭുതരസം വ്യഞ്ജിപ്പിക്കുവാനുള്ള ശക്തിയേ ഉള്ളു. അങ്ങനെ ആശ്ചൎയ്യമാത്രജനകങ്ങളായ കലകളിൽ പ്രാധാന്യേന ദേഹപ്രയത്നസാദ്ധ്യമായതു കായികകലയും. മണിമന്ത്രൗഷധിസാദ്ധ്യമാണെന്നല്ലാതെ കാരണം സ്പഷ്ടമായി ഊഹിക്കാൻ കഴിയാത്തതു മായികകലയും മററുള്ളതൊക്കെയും ശില്പകലയുമാകുന്നു എന്നിങ്ങനെ വിഭാഗസ്വരൂപവും ഒരുവിധം നിൎവചിക്കാം. ഈ വിഭാഗപ്രകാരം സാഹിത്യം, ഗീതം, ആലേഖ്യം, അഭിനയം എന്നിവ ലളിതകലയിലും, പ്രതിമാനിൎമ്മാണം, ഭവനനിൎമ്മാണം, യന്ത്രനിൎമ്മാണം, കൊത്തുപണി, പാവപ്പണി, കരിമരുന്നുപണി, പൂവിടൽ, മാലകെട്ടൽ, കോലമിടൽ. അലങ്കരിക്കൽ മുതലായവ ശില്പകലയിലും, വാദ്യം, നൃത്തം, ഞാണിന്മേൽക്കളി, കയ്യാങ്കളി, നായാട്ട്, ഇന്നത്തെ കളരിപ്പയററു മുതലായവ കായികകലയിലും, ചെപ്പടിവിദ്യ, ജാലവിദ്യ, മെസ്മരിസം മുതലായവ മായികകലയിലും ഉൾപ്പെടുന്നതുമാണ്.

ഇങ്ങനെ കലയുടെ സ്വരൂപവും, വിഭാഗവും ഒരുവിധം യുക്തിയുക്തമായിത്തന്നെ നിരൂപിക്കാമെങ്കിലും ഈ വക നിരൂപണം നമ്മുടെ പ്രാചീനന്മാർ നിൎദ്ദേശിച്ചു വിട്ടിരിക്കുന്ന കലാവിഭാഗങ്ങളിൽ ഘടിക്കാൻ പ്രയാസമായിട്ടാണ് കാണുന്നതു്. അവരിൽ പലരും കലകളുടെ ചാൎത്തു തെയ്യാറാക്കിയിരിക്കുന്നതു മുമ്പും പിമ്പും നോക്കാതെ അവരവൎക്കു തോ

ന്നിയപോലെയാകയാൽ ഈവക നിരൂപണമെന്നവേണ്ട ഒരുവക നിരൂപണവും താദൃശകലാപരിഗണനത്തെ സംബന്ധിച്ചേടത്തോളം കാൎയ്യകാരിയാവുകയില്ലെന്നു സവിനയം സവ്യസനം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. "മനോജ്ഞജ്ഞാനം" മുതലായവയിലെ ജ്ഞാനശബ്ദം ലക്ഷണയാൽ പ്രയോഗകൌശലപരമായും, വ്യായാമികവിദ്യാജ്ഞാനം മുതലായവയിലെ വിദ്യാശബ്ദം പ്രയോഗപരമായും ജ്ഞാനശബ്ദം കൌശലപരമായും യഥോചിതം സ്വീകരിച്ചു ക്രിയാവിശേഷവിഷയമായ ഉക്തിവിരോധം പരിഹരിക്കാമെങ്കിലും തീരെ കലാധൎമ്മമില്ലാത്തവയെ കലകളുടെ കൂട്ടത്തിൽ ചേൎത്തു പരിഗണിച്ചിരിക്കുന്നതിനെ സംബന്ധിച്ചു് എന്തു ചെയ്യും? ഭാമഹപ്രഭൃതികൾ ഗുണം, ഭാവം, രസം, തദാഭാസം എന്നിവയൊക്കെയും അലങ്കാരമായി കരുതിയിരുന്നതുപോലെ കലാപരിഗണനത്തിനു മുതിൎന്നവർ പലരും സൎവ്വ വിദ്യകളും കലകളാണെന്നു വിചാരിച്ചിരിക്കുന്നുവെന്നും അലങ്കാരഗുണരസഭാവാദി വിവേചനത്തിനു് ആനന്ദവൎദ്ധനാചാൎയ്യപ്രഭൃതികൾ ഇറങ്ങിയപോലെ കലാവിദ്യാവിവേചനത്തിനു മഹാന്മാർ ചിലർ പുറപ്പെടേണ്ടതായിരിക്കുന്നുവെന്നും മാത്രമേ ഈ വിഷയത്തിൽ പറവാൻ കാണുന്നുള്ളു.

നമ്മുടെ പ്രാചീനന്മാർ പ്രധാനവസ്തുക്കളുടെ വിഭാഗപ്രകാരങ്ങളെല്ലാം പ്രായേണ പരിഗണനംചെയ്തു ക്ലിപ്തപ്പെടുത്തി വെയ്ക്കുക പതിവാണു്. അക്കൂട്ടത്തിൽ വിദ്യ, കല എന്നിവയുടെയും സംഖ്യ യഥാക്രമം പതിനാലും അറുപത്തിനാലുമായി നിശ്ചയിച്ചിട്ടുണ്ടു്. പക്ഷേ, വിദ്യ പതിനെട്ടും മുപ്പത്തിരണ്ടും നാലും മൂന്നും രണ്ടും ഒന്നുമാണെന്നു് അഭിപ്രായവ്യത്യാസമുള്ളതുപോലെ കലാവിഷയത്തിലും അഭിപ്രായവ്യത്യാസമില്ലെന്നില്ല. എങ്കിലും ഭൂരിപക്ഷസമ്മതിയും പ്രസിദ്ധിയും കല അറുപത്തിനാലാണെന്നുള്ളതിനുതന്നെയാണു്. ആകയാൽ ആ അറുപത്തിനാലിന്റെ പരിപൂരണത്തിനായി മാത്രം പലതും വ്യവസ്ഥയില്ലാതെ കലകളല്ലാത്തവയെപ്പോലും കലകളായി ഗണിക്കുകയും ഒരു കലയെത്തന്നെ പിരിച്ചു പലതായി പരിഗണിക്കുകയും വിജാതീയങ്ങളായ പലതിനെയും സമാസത്താൽമാത്രം ഒന്നാക്കി ഒരു കലയായി സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.

"വേദാസ്സൎവ്വേ സവേദാംഗാ ഇതിഹാസസ്സഹാഗമാഃ"

എന്നിങ്ങനെ ശ്രീതത്ത്വനിധികാരൻ വേദവേദാംഗങ്ങൾപോലും അറുപത്തിനാലു കലകളിൽ ഉൾപ്പെടുന്നതായിട്ടാണു് പറഞ്ഞിരിക്കുന്നതു്.

"പാനകരസരാഗാസവയോജനം" എന്നതു "വിചിത്രശാകയൂഷഭക്ഷ്യവികാരക്രിയ" എന്ന പാകകലയിലും, "ആകർഷക്രീഡ" ദ്യൂതകലയിലും, "വീണാഡമരുകവാദ്യം" "ഉദകവാദ്യം" മുതലായവ വാദ്യകലയിലും "ഭൂഷണയോജനം" മുതലായവ "നേപഥ്യം" എന്ന കലയിലും ഉൾപ്പെടുന്നതായിരിക്കെ, പിരിച്ചു പ്രത്യേകം കലകളായി പരിഗണിച്ചിരിക്കുന്നതും * "പുഷ്പശകടികാനിമിത്തജ്ഞാനം" "അഭിധാനകോശച്ഛന്ദോജ്ഞാനം" എന്നിങ്ങനെ വിജാതീയങ്ങളായവയെ ഒരു കലയായി നിർദ്ദേശിച്ചിരിക്കുന്നതും യുക്തമാണെന്ന് എങ്ങനെപറയാം? ആകയാൽ കലാപരിഗണനം ആകപ്പാടെ സ്വീകാരയോഗ്യമല്ലെന്നാണ് എനിക്കു തോന്നുന്നതു്".

ആഹ്ലാദകാരിയായി കലാവിദ്യ വഹിക്കുന്ന പ്രയോഗവിശേഷങ്ങളെ അർത്ഥലാഭം, ആത്മരക്ഷ, ശത്രുവിജയം മുതലായ സ്വകാര്യസിദ്ധിക്കായി ഉപയോഗിക്കാവുന്നതാണല്ലോ. അങ്ങനെയുള്ള പ്രവൃത്യുപയോഗം കാലക്രമത്തിൽ ആഹ്ലാദജനകത്വമെന്ന സ്വധർമ്മത്തിൽനിന്നു കലകളെ ഒട്ടൊന്നു വ്യതിചലിപ്പിച്ചിരിക്കാം. കലയ്ക്കു് ആഹ്ലാദകത്വമെന്ന ധർമ്മം കൂടിയേ കഴിയൂ എന്ന നിർബ്ബന്ധമില്ലെന്നു തെറ്റിദ്ധരിപ്പിക്കാൻ അവകാശമുണ്ടെന്നു താൽപര്യം. അങ്ങനെ, ആഹ്ലാദഹേതുക്കളല്ലെങ്കിലും വിജ്ഞാനപ്രദങ്ങളോ അർത്ഥസാധകങ്ങളോ ഹേയാർത്ഥമാത്രോപയോഗികളോ ആയ ചില സംഗതികളും കാലക്രമത്തിൽ കലകളുടെ കൂട്ടത്തിൽ കടന്നുകൂടിയിരിക്കണം; എന്നുമാത്രമല്ല, ദേശം, വ്യക്തി, സന്ദർഭം, താൽകാലികസ്വഭാവം മുതലായ ഉപാധികളാൽ ചില ക്രിയകൾ വിനോദദായകങ്ങളാകുന്നതനുസരിച്ച് അവയെ ആ ഉദ്ദേശ്യത്തിന്മേൽമാത്രം കലകളായി ചിലർ ഗണിച്ചിരിക്കാം. പിന്നീട് ആ ഉദ്ദേശ്യമറിയാതെ, അവ സാമാന്യേന കലകളാണെന്നു മറ്റുചിലർ ശഠിച്ചെന്നും വരാം. ഈ സംഗതി ഒരു ഉദാഹരണംകൊണ്ടു കുറച്ചുകൂടി വ്യക്തമാക്കാം. ചിലർ ചന്തസ്ഥലങ്ങളിലും മറ്റും യോഗത്തിലുള്ള ആസനവിധികളെ ആശ്ചര്യകരമായി പ്രദർശിപ്പിച്ചു കാണികളെ വിനോദിപ്പിക്കുന്നതു പതിവും കണ്ടിരിക്കുമല്ലോ. അവിടെ പ്രദർശിപ്പിക്കുന്ന ആ ക്രിയാവിശേഷങ്ങൾക്ക് കലാത്വമുണ്ടെന്നുള്ളതു തീർച്ചയാണ്. ആ ഉദ്ദേശ്യത്തോടുകൂടി യോഗശാസ്ത്രോക്തങ്ങളായ ആ വക ക്രിയകളെ ആസനവിധിയെന്നോ സാമാന്യനിലയിൽ യോഗമെന്നുതന്നെയോ കലകളുടെ കൂട്ട

* ഇതു മദനകലാചിത്രാദർശ് ശൈവതന്ത്രത്തിൽ പറഞ്ഞിരിക്കുന്നതു്.

ത്തിൽ ഒരാം ഉൾപ്പെട്ടതായിരിക്കട്ടെ; ആ ഉദ്ദേശ്യം ധരിക്കാതെ മറ്റൊരാൾ യോഗശാസ്ത്രത്തെ ഒരു കലയായി തന്റെ പട്ടികയിൽ ചേർത്തു എന്നുവരാം. ഇങ്ങനെ പല പ്രകാരത്തിലും പ്രമാദത്തിനിടയുള്ളതുകൊണ്ടു്, കലാപ്രമേയപരിഗണനത്തിനു് അത്ര അധികമൊന്നും പ്രാമാണ്യം വകവെച്ചു കൊടുക്കേണ്ടതില്ലെന്നാണു് എനിക്കു തോന്നുന്നതു്.

ഏറക്കുറെ വ്യത്യാസത്തോടുകൂടി പലരും കൊടുത്തുകാണുന്ന കലാപട്ടികകളിൽവെച്ചു കുറച്ചധികം സ്വീകാരയോഗ്യവും പ്രാചീനവുമായ പട്ടിക വാത്സ്യായനന്റെ കാമസൂത്രങ്ങളിലുള്ളതുതന്നെയാകുന്നു.

* 1, ഗീതം. 2, വാദ്യം. 3, നൃത്യം. 4, ആലേഖ്യം. 5, വിശേഷകച്ഛേദ്യം. 6, തണ്ഡുലബലികുസുമവികാരാഃ. 7, പുഷ്പാസ്തരണം. 8, ദശനവസനാംഗരാഗഃ. 9, മണിഭൂമികാകർമ്മ. 10, ശയനരചനം. 11, ഉദകവാദ്യം. 12, ഉദകാഘാതഃ. 13, ചിത്രാശ്ചയോഗാഃ. 14, മാല്യഗ്രഥനവികല്പാഃ. 15, ശേഖരകാപീഡയോജനം. 16, നേപഥ്യപ്രയോഗാഃ. 17, കർണ്ണപത്രഭംഗാഃ. 18, ഗന്ധയുക്തിഃ. 19, ഭൂഷണയോജനം. 20, ഐന്ദ്രജാലം. 21, കൗചുമാരാശ്ചയോഗാഃ. 22, ഹസ്തലാഘവം. 23, വിചിത്രശാകയൂഷഭക്ഷ്യവികാരക്രിയാപാനകരസരാഗാസവയോജനം. 24, സൂചീവാനകർമ്മ. 25, സൂത്രക്രീഡാ. 26, വീണാഡമരുകവാദ്യാനി. 27, പ്രഹേലികാ. 28, പ്രതിമാലാ. 29, ദുർവ്വാചകയോഗാഃ. 30, പുസ്തകവാചനം. 31, നാടകാഖ്യായികാദർശനം. 32, കാവ്യസമസ്യാപൂരണം. 33, പട്ടികാവേത്രവാനവികല്പാഃ. 34, തക്ഷകർമ്മാണി. 35, തക്ഷണം. 36, വാസ്തുവിദ്യാ. 37, രൂപ്യരത്നപരീക്ഷാ. 38, ധാതുവാദഃ. 39, മണിരാഗാകരജ്ഞാനം. 40, വൃക്ഷായുർവ്വേദയോഗാഃ. 41, മേഷകുക്കുടലാവകയുദ്ധവിധിഃ. 42, ശുകസാരികാപ്രലാപനം. 43, ഉത്സാദനേ സംവാഹനേ കേശമർദ്ദനേ ച കൌശലം. 44, അക്ഷരമുഷ്ടികാകഥനം. 45, മ്ലേച്ഛിതവികല്പാഃ. 46,. ദേശഭാഷാപരിജ്ഞാനം. 47, പുഷ്പശകടികാ. 48, നിമിത്തജ്ഞാനം. 49, യന്ത്രമാതൃകാ. 50, ധാരണമാതൃകാ. 51, സമ്പാഠ്യം. 52, മാനസീ. 53, കാവ്യക്രിയാ. 54, അഭിധാനകോശഃ. 55, ഛന്ദോജ്ഞാനം. 56, ക്രിയാകല്പം. 57, ഛലിതകയോഗഃ. 58, വസ്ത്രഗോപനാനി. 59, ദ്യൂതവിശേഷാഃ. 60, ആകർഷക്രീഡാ. 61, ബാലക്രീഡനാനി. 62, വൈനയികീനാം. 63, വൈജയികീനാം. 64, വ്യായാമികീനാം ച വിദ്യാനാം ജ്ഞാനം. എന്നിവയാകുന്നു വാത്സ്യായനകാമസൂത്രത്തിൽ

* ജയമംഗളവ്യാഖ്യാനത്തെ അനുസരിച്ചാണു് നമ്പർ കൊടുത്തിരിക്കുന്നതു്.

നിർദ്ദേശിച്ചിരിക്കുന്ന 64 കലകൾ. ഈ കലകളിൽ, ഗീതം, നൃത്യം, ആലേഖ്യം എന്നീമൂന്നും മുമ്പുനിർദ്ദേശിച്ച വിഭാഗമനുസരിച്ചു സരസകലയിലും, ഉത്സാദനസംവാഹനകേശമർദ്ദനകൗശലം, വൈജയികവിദ്യാജ്ഞാനം, വ്യായാമികവിദ്യാജ്ഞാനം എന്നീമൂന്നും കായികകലയിലും, ചിത്രയോഗം, ഐന്ദ്രജാലം, കൗചുമാരയോഗം, ഹസ്തലാഘവം, ഛലിതകയോഗം എന്നിവ അഞ്ചും മായികകലയിലും, ശേഷമുള്ളവയൊക്കെയും ശില്പകലയിലുമാണുൾപ്പെടുക. എന്നാൽ, ഇവയിൽ നാടകാഖ്യായികാദർശനം, ദ്രുപ്യരത്നപരീക്ഷ, മണിരാഗാകരജ്ഞാനം, അഭിധാനകോശം മുതലായ ചിലതെല്ലാം കലയാവുന്ന കാര്യംതന്നെ പ്രയാസമാണ്. പുസ്തകവാചനം, നിമിത്തജ്ഞാനം എന്നിവകയിൽ തത്സംബന്ധിയായ ചില പ്രയോഗവിശേഷങ്ങൾക്ക കലാത്വമുണ്ടെന്നല്ലാതെ, അവ സാമാന്യേന കലയാവുന്നതല്ല. ശ്രോതാക്കളെ രസിപ്പിക്കമാറു്, രാഗവിശേഷത്തോടുകൂടി വായിച്ചു ഫലിതമായും സരസമായും അർത്ഥം വിവരിച്ചുകൊണ്ടുപോകുന്ന സമ്പ്രദായം, അതായതു് നമ്മുടെ രാമായണംവായന പുരാണംവായന എന്നിവക, കലയാവുന്നതാണ്. ആ ഉദ്ദേശ്യത്തിന്മേലായിരിക്കണം പുസ്തകവാചനത്തിനു കലകളുടെ കൂട്ടത്തിൽ സ്ഥാനമനുവദിച്ചിരിക്കുന്നതു്. അതുപോലെ, 'നിമിത്തജ്ഞാനം' എന്നതു് പാരദാരികാധികരണത്തിലെ ഭാവപരീക്ഷാപ്രകരണത്തിൽ സ്ത്രീഭാവജ്ഞാനത്തിനായി വാത്സ്യായനൻ നിർദ്ദേശിച്ചിരിക്കുന്ന ഉപായപ്രകാരങ്ങളാണെന്നു വിചാരിക്കണം. ആ വകയല്ലാതെ ശുഭാശുഭശകുനജ്ഞാനവും മററും കലയാവുകയില്ല. കൂടാതെ, ഒരേകലയായി സ്വീകരിക്കാവുന്നവയെ പിരിച്ചു പല കലകളായി പരിഗണിക്കുക, വിലക്ഷണങ്ങളായ പല കലകളേയും ഒന്നിച്ചുചേർത്തു് ഒരുകലയായി സ്വീകരിക്കുക, എന്നിവയെക്കുറിച്ചു മുമ്പുതന്നെ പറഞ്ഞിട്ടുമുണ്ട്. ഇതിനെല്ലാം പുറമെ, ചില കലകൾ ലുപ്തങ്ങളാകയാൽ അവയുടെ സ്വരൂപംതന്നെ എന്തെന്നു മനസ്സിലാകാതെയായിരിക്കുന്നതു്. സ്വല്പം ചില വിവരണമുള്ളതു നോക്കിയാൽ കുഴപ്പം അധികമാകയേ ഉള്ളൂ. പുഷ്പശകടിക, മാനസി, സംപാഠ്യം മുതലായ ചിലതിന്റെ സ്വരൂപം മനസ്സിലാക്കാൻ പ്രയാസമായിരിക്കുന്നു. വിവരണങ്ങളും ഭിന്നഭിന്നങ്ങളാണ്. ഏതായാലും, പൂർവ്വികന്മാർ തങ്ങളുടെ തത്ത്വവിവേചനശക്തിക്ക കലയെ വിശേഷിച്ചു വിഷയമാക്കീട്ടില്ലെന്നു ചുരുക്കിപ്പറയാം. അവരാരുംതന്നെ കലയുടെ സ്വരൂപവിവേചനത്തിനുപോലും പ്രവർത്തിച്ചുകാണുന്നില്ല. ആകയാൽ താദൃശകലാപരിഗണനം ആ രീതിയിൽ അംഗീകരിച്ചുകൊള്ളണമെന്നില്ലെന്നാണ് എന്റെ അഭിപ്രായം.

കലകൾക്കു വളരെ പ്രാചീനതയുണ്ടെന്നല്ലാതെ അവയുടെ ആവിർഭാവം ഏതുകാലത്താണെന്നു നിർണ്ണയിക്കുക ശക്യമല്ല. ആവിർഭാവഹേതുവാകട്ടെ, ഈ ഉപന്യാസത്തിന്റെ ആരംഭത്തിൽ പറഞ്ഞപ്രകാരം മനുഷ്യന്റെ ആസ്വാദപരതയാണെന്നു് ഊഹിപ്പാൻ പര്യാപ്തമായ ന്യായമുണ്ടെന്നുമാത്രം. പക്ഷേ, കലകളുടെ ഉൽപത്തിയെക്കുറിച്ചു പൗരാണികസമ്പ്രദായത്തിൽ ചിലതു് "കാളികാപുരാണ"ത്തിൽ പറഞ്ഞിട്ടില്ലെന്നില്ല. അതായതു്,

ബ്രഹ്മാവു ദക്ഷാദികളായ പ്രജാപതികളെ സൃഷ്ടിച്ചശേഷം മാനസപുത്രന്മാരായി മരീച്യാദികളായ പത്തുമഹർഷികളേയും സൃഷ്ടിക്കുന്നു. ഉടനെ തന്നെ അദ്ദേഹത്തിന്റെ മനസ്സിൽനിന്നു ശോകമോഹിനിയായ സന്ധ്യയും അതിനുശേഷം ഒരു സുന്ദരപുരുഷനും ജനിക്കുന്നു. ആ പുരുഷൻ

"കിം കരിഷ്യാമ്യഹം കർമ്മ ബ്രഹ്മൻ തത്ര നിയോജയ
മാം ന്യായ്യേ പുരുഷോ യസ്മാദുചിതഃ ശോഭനേ വിധൗ,
അഭിമാനശ്ച യദ്യോഗ്യം സ്ഥാനം പത്നീ ച യാ മമ
തന്മേ കഥയ ലോകേശ, ത്വം സ്രഷ്ടാ ജഗതാം യതഃ"

എന്നിങ്ങനെ താൻ ഏതു പ്രവൃത്തി ചെയ്യണമോ അതിലേക്കു തന്നെ നിയോഗിക്കണമെന്നും തനിക്കു ഉചിതമായി നാമകരണം ചെയ്യണമെന്നും മററും ആവശ്യപ്പെട്ടതിന്നു ബ്രഹ്മാവു്,

"അനേന ചാരുരൂപേണ പുഷ്പബാണൈശ്ച പഞ്ചഭിഃ
മോഹയൻ പുരുഷാൻ സ്ത്രീശ്ച കുരു സൃഷ്ടിം സനാതനീം
അഹം വാ വാസുദേവോ വാ സ്ഥാണുർവ്വാ, പുരുഷോത്തമ,
ഭവിഷ്യാമസ്തവ വശേ കിമന്യേ പ്രാണധാരിണഃ"

എന്നിപ്രകാരം പുഷ്പബാണങ്ങൾകൊണ്ടു സ്ത്രീപുരുഷന്മാരെ മോഹിപ്പിച്ചു സൃഷ്ടി നടത്തിയാലും; ഞാനും വിഷ്ണുവും ശിവനും കൂടി നിനക്കു വശവർത്തികളായി ഭവിക്കുന്നതായിരിക്കെ, മററുള്ള പ്രാണികളുടെ കഥയെന്തു്? എന്നും മററും പറകയും ചെയ്യുന്നു. ബ്രഹ്മാവിന്റെ അഭിപ്രായം മനസ്സിലാക്കി മരീച്യാദികൾ അവനു മന്മഥനെന്നും കാമനെന്നും മദനനെന്നും ദർപ്പകനെന്നും കന്ദർപ്പനെന്നും പേർ വിളിക്കുന്നു. അതിനുശേഷം, മന്മഥൻ ബ്രഹ്മാവിലും സന്ധ്യയിലും മാനസപുത്രന്മാരായ മഹർഷികളിലും മറഞ്ഞുനിന്നു ശരം പ്രയോഗിച്ചു തന്റെ ശക്തി പരീക്ഷിക്കുന്നു. ആ സമയം,

"ഉദീരിതേന്ദ്രിയോ ധാതാ വീക്ഷാംചക്രേ യദാഥ താം
തദൈവ ഹ്യൂനപഞ്ചാശദ്ഭാവാ ജാതാ ശരീരതഃ
ബിബ്ബോകാദ്യാസ്തഥാ ഹാവാശ്ചതുഷ്ഷഷ്ടികലാസ്തഥാ
കന്ദർപ്പശരവിദ്ധായാസ്സന്ധ്യായാ അഭവൻ ദ്വിജാഃ"

വികാരമേളിതനായ ബ്രഹ്മാവു് സന്ധ്യയെ നോക്കുകയും കന്ദർപ്പശരവിദ്ധയായ സന്ധ്യയുടെ ശരീരത്തിൽ നിന്നു 49 ഭാവങ്ങളും ബിബ്ബോകാദികളായ ഹാവങ്ങളും 64 കലകളും ജനിക്കയും ചെയ്തു. എന്നിപ്രകാരമാണു് കലകളുടെ ഉത്പത്തിയെപ്പററി പ്രസ്താവിച്ചിരിക്കുന്നതു്. ഈ വകയൊന്നും ഇക്കാലത്തു് ആരും വിശ്വസിക്കയില്ലെന്നു് എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ.

എന്തായാലും കലകളുടെ പ്രാചീനതയെക്കുറിച്ചു സംശയത്തിനിടയില്ല.

"ഗൃഹിവേഷപ്രതിച്ഛന്നാസ്തത്ര ഗച്ഛന്തു യോഷിതഃ
ഉപായജ്ഞാഃ കലാജ്ഞാശ്ച വൈശികേ പരിനിഷ്ഠിതാഃ"



എന്നിങ്ങനെ കലാപ്രസ്താവം വാല്മീകിരാമായണത്തിൽത്തന്നെ അവിടവിടെ കാണുന്നുണ്ടു്. എന്നാൽ കല അറുപത്തിനാലാണെന്ന സംഗതി അവിടെയൊന്നും പറഞ്ഞുകാണുന്നില്ലതാനും.

"അഹോരാത്രൈശ്ചതുഷ്ഷഷ്ട്യാ സംയത്തൗ താവതീഃ കലാഃ
ഗുരുദക്ഷിണയാചാര്യം ഛന്ദയാമാസതുർന്നൃപ"

(ദശമസ്കന്ധം)

എന്നിങ്ങനെ 64 എന്ന സംഖ്യാനിയമം ആദ്യമായി പുരാണത്തിൽ നിർദ്ദേശിച്ചുകാണുന്നതു ഭാഗവതത്തിലാണു്. വാത്സ്യായനകാമസൂത്രത്തിലാകട്ടെ, 64 എന്ന സംഖ്യമാത്രമല്ല, അവയെ നാമനിർദ്ദേശപൂർവ്വകം നിർദ്ദേശിച്ചു കാണിച്ചിട്ടുണ്ടെന്ന സംഗതി മുമ്പുതന്നെ പറഞ്ഞിട്ടുണ്ടു്. കൂടാതെ, വാത്സ്യായനൻ, "പാഞ്ചാലികീ ചതുഷ്ഷഷ്ടിരപരാ" എന്ന സൂത്രംകൊണ്ടു്, പാഞ്ചാലികങ്ങളായ വേറെതരം 64 കലകളെക്കൂടി നിർദ്ദേശിക്കയും അവയെ സാംപ്രയോഗികാധികരണത്തിൽ വിവരിക്കയും ചെയ്തിട്ടുണ്ടു്. കാമസൂത്രവ്യാഖ്യാനമായ ജയമംഗലയിൽ യശോധരനാകട്ടെ, തന്ത്രോപയികങ്ങളായ അറുപത്തിനാലിനു വിവരണം കൊടുത്തിരിക്കുന്നതിനുപുറമെ, കർമ്മാശ്രയങ്ങൾ ഇരുപത്തിനാലും ദ്യൂതാശ്രയങ്ങൾ ഇരുപതും ശയനോപചാരികങ്ങൾ പതിനാറും ഉത്തരകലകൾ നാലുംകൂടി ആകെ 64 മൂലകലകൾ ഉണ്ടെന്നുപറഞ്ഞു് അവയെ വേറെയും നിർദ്ദേശിച്ചി

രിക്കുന്നു. എന്നുമാത്രമല്ല, 518 അന്തരകലകൾ ഉണ്ടെന്നും അവയെ ഒക്കെയും പാഞ്ചാലികകളായ അറുപത്തിനാലിൽത്തന്നെ ഉൾപ്പെട്ടതത്രേ താണെന്നുംകൂടി അഭിപ്രായപ്പെട്ടിട്ടുണ്ട്. ശുക്രനീതി, ശിവതത്ത്വരത്നാകരം, ശ്രീതത്ത്വനിധി,* പുരാണാർത്ഥസംഗ്രഹം മുതലായ ഗ്രന്ഥങ്ങളിലും 64 കലകൾ ഇന്നിന്നവയാണെന്നു പറഞ്ഞുകാണുന്നുണ്ട്. ഭാഗവതടീകയിൽ ശ്രീധരസ്വാമിയും ശിവതന്ത്രോക്തങ്ങളാണെന്നു പറഞ്ഞ് 64 കലകളെ നിർദ്ദേശിച്ചുകാണുന്നുണ്ട്. ശ്രീധരസ്വാമി ഉദ്ധരിച്ച ഈ 64 കലകളെയാണു് ശബ്ദകല്പദ്രുമത്തിലും വാചസ്പത്യത്തിലും താരാനാഥവാചസ്പതി അനുവദിച്ചിരിക്കുന്നതു്. ഗംഗാസഹായൻ 'അന്വിതാർത്ഥപ്രകാശിക' എന്ന തന്റെ ഭാഗവതവ്യാഖ്യയിൽ സ്വാമിസമ്മതങ്ങളായ കലകളെ സ്വല്പം വിവരിച്ചുകൊണ്ടു് അനുഷ്ടുപ്ശ്ലോകങ്ങളായി എഴുതിച്ചേർത്തിട്ടുണ്ട്. വാമനാലങ്കാരസൂത്രവൃത്തിയുടെ വ്യാഖ്യയായ 'കാമധേനു'വിൽ ഭാമഹോക്തങ്ങളാണെന്നു പറഞ്ഞുകൊണ്ടു ശ്ലോകരൂപത്തിൽ കലകളുടെ മറ്റൊരു ലിസ്റ്റും കൊടുത്തുകാണുന്നു. പുറമെ, "അന്യാ ഉപകലാഃ പ്രോക്താസ്താസാം സംഖ്യാ ശതോത്തരം" എന്നിങ്ങനെ, ഉപകലകളായി വേറെ നൂറ്റെട്ടെണ്ണം ഉണ്ടെന്നും കാമധേനുകാരൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതിനു പുറമെ, 'ഗീതഗോവിന്ദ'ത്തിലെ "തൽകിം കാമപി—" എന്ന ശ്ലോകവ്യാഖ്യാനാവസരത്തിൽ 'ശ്രുതിരഞ്ജിനി'യിലും അനുഷ്ടുപ്ശ്ലോകാത്മകമായ ഒരു പട്ടിക ചേർത്തുകാണുന്നുണ്ട്. എന്നാൽ, അതു വ്യാഖ്യാതാവിന്റെ സ്വന്തമോ വല്ല ഗ്രന്ഥത്തിലുംനിന്നു് എടുത്തു ചേർത്തിട്ടുള്ളതോ എന്നറിയുന്നില്ല. ഈ പട്ടികയും 'രാമായണചമ്പു'വിലെ യുദ്ധകാണ്ഡത്തിലുള്ള പ്രഥമപദ്യത്തിന്റെ വ്യാഖ്യാനത്തിൽ രാമചന്ദ്രബുധൻ കൊടുത്തിരിക്കുന്ന പട്ടികയും ഒന്നുതന്നെയാണു്. മറ്റുള്ള പട്ടികകൾക്കെല്ലാം പരസ്പരം വ്യത്യാസവുമുണ്ട്. വിസ്തരഭയത്താൽ ആ പട്ടികകളെയും അവയ്ക്കുള്ള വ്യത്യാസങ്ങളെയും ഇവിടെ എടുത്തു ചേർക്കുന്നില്ല.

ജൈനന്മാർക്കും ബൗദ്ധന്മാർക്കും സമ്മതമായ കലകളുടെ സംഖ്യയാകട്ടെ അറുപത്തിനാലല്ല, എഴുപത്തിരണ്ടാണു്.

"ലിഖിതംപഠിതം സംഖ്യാ ഗീതനൃത്യാദി താല-
പടഹമുരജവീണാ വംശഭേരീപരീക്ഷാഃ

---

* 'പുരാണാർത്ഥസംഗ്രഹം' അച്ചടിച്ചിട്ടില്ല. ഓറിയന്റൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ ഉള്ള ഒരു പകർപ്പാണു് ഞാൻ കണ്ടിട്ടുള്ളതു്.

ദ്വിരദതുരഗശിക്ഷാ ധാതുദ്രവൌ മന്ത്രവാദൌ
ബലിപലിതവിനാശൌ രത്നനാരീനൃലക്ഷ്മ."
"ഛന്ദസ്തർക്കസുനീതിതത്ത്വകവിതാ ജ്യോതിശ്ശ്രുതിർവൈദ്യകം
ഭാഷാ യോഗരസായനാഞ്ജനലിപിസ്വപ്നേന്ദ്രജാലം കൃഷിഃ
വാണിജ്യം നൃപസേവനഞ്ച ശകുനം വായ്വഗ്നിസംസൂചനം
വൃഷ്ടിർലേപനമർദ്ദനോർദ്ധ്വഗതയോ ബന്ധഭ്രമൌ

ഭേദൌ ഘടേ"
"പത്രച്ഛേദന മർമ്മഭേദന ഫലാകൃഷ്ട്യംബുവൃഷ്ടിജ്ഞതാ
ലോകാചാരജനാനുവൃത്തി ഫലഭൃൽ ഖഡ്ഗക്ഷുരീ ബന്ധനം
മുദ്രായോദന്തകാഷ്ഠചിത്രകൃതി ദോർദ്ദൃഗ് മുഷ്ടിദണ്ഡാസിവാ-
ഗ്യുദ്ധം ഗാരുഡസർപ്പഭൂതദമനം യോഗാദ്യനാമാവലിഃ"

എന്നീ ശ്ലോകരൂപമായ പ്രമാണപ്രകാരം,

1, ലിഖിതം. 2, പഠിതം. 3, സംഖ്യാ. 4, ഗീതം. 5, നൃത്യം. 6, താലം. 7, പടഹം. 8, മുരജം. 9, വീണാ. 10, വംശം. 11, ഭേരിപരീക്ഷ. 12, ദ്വിരദശിക്ഷ. 13, തുരഗശിക്ഷ. 14, ധാതുവാദം. 15, ദ്രവവാദം. 16, മന്ത്രവാദം. 17, ബലിവിനാശം. 18, പലിതവിനാശം. 19, രത്നലക്ഷ്മ. 20, നാരീലക്ഷ്മ. 21, നൃലക്ഷ്മ. 22, ഛന്ദസ്സ്. 23, തർക്കം. 24, സുനീതി. 25. തത്ത്വം. 26, കവിതാ. 27, ജ്യോതിശ്ശാസ്ത്രം. 28, ശ്രുതി. 29, വൈദ്യകം. 30, ഭാഷകൾ. 31, യോഗം. 32, രസായനം. 33, അഞ്ജനം. 34, ലിപി. 35, സ്വപ്നം. 36, ഇന്ദ്രജാലം. 37, കൃഷി. 38, വാണിജ്യം. 39, നൃപസേവനം. 40, ശകുനം. 41, വായുസംസൂചനം. 42, അഗ്നിസംസൂചനം. 43, വൃഷ്ടി. 44, ലേപനം. 45, മർദ്ദനം. 46, ഊർദ്ധ്വഗതി. 47, ഘടബന്ധം. 48, ഘടഭ്രമം. 49, പത്രച്ഛേദനം. 50, മർമ്മഭേദനം. 51, ഫലാകൃഷ്ടി. 52, അംബുജ്ഞതാ. 53, വൃഷ്ടിജ്ഞതാ. 54, ലോകാചാരം. 55, ജനാനുവൃത്തി 56, ഫലഭൃൽ. 57, ഖഡ്ഗബന്ധനം. 58, ക്ഷുരീബന്ധനം. 59, മുദ്രാ. 60, അയസ്കൃതി. 61, ദന്തകൃതി. 62, കാഷ്ഠകൃതി. 63, ചിത്രകൃതി. 64, ദോര്യുദ്ധം. 65, ദൃഗ്യുദ്ധം. 66, മുഷ്ടിയുദ്ധം. 67, ദണ്ഡയുദ്ധം. 68, അസിയുദ്ധം. 69, വാഗ്യുദ്ധം. 70, ഗാരുഡദമനം. 71, സർപ്പദമനം. 72, ഭൂതദമനം. എന്നിവയാണത്രെ ആ 72 കലകൾ. എന്നാൽ "സമവായസൂത്ര"ത്തിലും "ലലിതവിസ്തര"ത്തിലും എൺപത്തേഴും എൺപത്താറും കലകൾ നിർദ്ദേശിച്ചു കാണിച്ചിരിക്കുന്നു. ഈ കലകൾക്കും മറ്റുള്ള ആസ്തികഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ള 64 കലകൾക്കും തമ്മിൽ സംഖ്യയിൽ മാത്രമല്ല സ്വരൂപത്തിലും വ്യത്യാസമുണ്ട്.

ആസ്തികന്മാരുടെ ചതുഷ്ഷഷ്ടികലകൾക്ക തമ്മിൽതന്നെ പരസ്പരം വ്യത്യാസമുള്ള സ്ഥിതിക്ക്, രാമായണകഥപോലും മാററി നിബന്ധിച്ചിരിക്കുന്ന ജൈനാദികളുടെ കലകൾ ആസ്തികകലകളിൽനിന്നു വ്യത്യാസപ്പെട്ടുകാണുന്നതിൽ ആശ്ചര്യത്തിനവകാശമില്ലല്ലൊ. സമവായസൂത്രം, ലളിതവിസ്തരം എന്നിവകളിലെ പട്ടികകൾക്കും പരസ്പരം വ്യത്യാസം കാണുന്നുണ്ട്. എതായാലും ഈ വിഷയത്തെ ഇനിയും വിസ്തരിച്ചു ദീർഘിപ്പിക്കുന്നില്ല. കലയുടെ സ്വരൂപം, വിഭാഗം എന്നിവയെ സ്പഷ്ടമായി വിവേചനംചെയ്തു തീൎച്ചയാക്കേണ്ടതായിട്ടാണിരിക്കുന്നതെന്നുമാത്രം പറഞ്ഞു തൽകാലം ഈ വിചാരത്തെ ഇവിടെ അവസാനിപ്പിക്കുന്നു.

# നക്ഷത്രമാലാ.

(കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ.)

[കൊല്ലം 1030 മുതൽ 1055 വരെ തിരുവിതാംകൂർ നാടുവാണിരുന്ന ആയില്യം തിരുനാൾ രാമവൎമ്മമഹാരാജാവുതിരുമനസ്സിലേക്കു 1041-ൽ വിക്ടോറിയാമഹാരാജ്ഞി കെ. സി. എസ്. ഐ. എന്ന ബിരുദവും അതിന്റെ മുദ്രയായ നക്ഷത്രവും പ്രദാനംചെയ്കയുണ്ടായി. ആ അവസരത്തിൽ മഹാരാജാവിനെയും നക്ഷത്രത്തെയും വൎണ്ണിച്ച് അന്ന് ഇരുപത്തൊന്നു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന കേരളവൎമ്മവലിയകോയിത്തമ്പുരാൻതിരുമനസ്സുകൊണ്ടു രചിച്ചതും ശാൎദ്ദൂലവിക്രീഡിതവൃത്തത്തിൽ ഇരുപത്തേഴ് ശ്ലോകങ്ങളുള്ളതുമായ ഒരു മനോഹരകാവ്യമാണ് 'നക്ഷത്രമാലാ'. ഈ കൃതിയും, തിരുനാൾപ്രബന്ധവും മററുംപോലെ, അച്ചടിപ്പിച്ചിട്ടില്ല. വലിയകോയിത്തമ്പുരാന്റെ പാണ്ഡിത്യപാടവത്തിന് ഇതിലെ ഓരോ പദ്യവും ഉൽകൃഷ്ടോദാഹരണമായി പരിലസിക്കുന്നു. പരിഷന്മാസികയുടെ വായനക്കാരായ ഭാഷാഭിമാനികളെ ഈ കാവ്യം അസാമാന്യമായി രസിപ്പിക്കുമെന്നും അവർ ഈ നക്ഷത്രമാലകൊണ്ടു തങ്ങളുടെ കണ്ഠങ്ങളെ അലങ്കരിക്കുവാൻ സന്നദ്ധരായിരിക്കുമെന്നും ഞാൻ വിശ്വസിച്ചുകൊള്ളുന്നു. ഇതിന്റെ ഒടുവിലായി ചേൎത്തിട്ടുള്ള സമൎപ്പണശ്ലോകത്തിൽ തന്റെ മാതുലനായ ചങ്ങനാശ്ശേരി രാജരാജവൎമ്മകോയിത്തമ്പുരാന്റെ കാരുണ്യംകൊണ്ടാണ് തനിക്കു സാഹിത്യത്തിൽ വൈചക്ഷണ്യം സിദ്ധിച്ചതെന്നും താൻ നിബന്ധിച്ച നക്ഷത്രമാല മഹാരാജാവിനു കൗതുകപ്രദമായി ഭവിക്കട്ടെ എന്നും കവി പറയുന്നു. പത്താമത്തെ ശ്ലോകത്തിൽ "ശ്രീപൂൎക്കൈരവശശാങ്കൻ" എന്നൊരു വിശേഷണംകൊണ്ടു വലിയകോയിത്തമ്പുരാൻ മഹാരാജാവിനെ വിശേഷിപ്പിച്ചിട്ടുണ്ട്. പിൽപാടുകൊല്ലംകഴിഞ്ഞ് ആ കൈരവം താനും ആ ശശാങ്കനും മഹാവൈരികളാകുമെന്ന് അവർതമ്മിലുള്ള അക്കാലത്തെ പ്രീതിബന്ധത്തിന്റെ മാർദ്ദവം കണ്ടവൎക്ക് ഒരിക്കലും ഗണിക്കുവാൻ സാധിക്കുമായിരുന്നില്ല. സംസ്കൃതമറിഞ്ഞുകൂടാത്ത വായനക്കാരെ ഉദ്ദേശിച്ച്, പദ്യങ്ങളുടെ സംക്ഷിപ്തമായ അൎത്ഥംകൂടി ഞാൻ എഴുതിച്ചേൎത്തിട്ടുണ്ട്.]

ഉള്ളൂർ.

൧ ക്ഷോണീപാവനജന്മപുണ്യമതുപമാം ശ്രീപാലമൃഡാമണേ!
ഭാവത്കീർത്തിരനന്യസാധിഗമിഷ്ടൂർണ്ണശപരീ ഗൌരവം
ഉത്കണ്ഠം പ്രതിഘായ കഞ്ചന തവ ശ്രേജിഷ്ഠഹീരാങ്കര-
ശ്രേണീകാന്തികദംബധിക്കൃതസഹസ്രാംശുപ്രഭാഡംബരം.

"അല്ലയോ മഹാരാജാവേ, അവിടത്തെ അനുല്യയശമായ രാജ്യപരിപാലനത്തെയും ഞാനെ അറിയുന്നില്ല വിസ്തീർണ്ണമായ ഗൌരവമുള്ളവനേ, ശോഭിക്കുന്ന വജ്രങ്ങളുടെ കാന്തിസമൂഹംകൊണ്ടു വിജിതമായ സൂര്യപ്രകാശങ്ങളോടുകൂടിയ ഒരു മാലയെ അവിടത്തേയ്ക്കു അയയ്ക്കുന്നു."

൨ യസ്യാഃ കീർത്തയിതും നിരാകൃതഹരാകല്പോഡുരാജദ്യുതി-
ശ്രേണീകോമളിമാഭിമാനമവനീമീനാങ്ക! മാനോജ്ഞകം
വൈരിശോഷാപി ന വൈബുധീപരികരോ വൈചക്ഷണീമുല്ലതി
സ്തോത്രും താം തവ മാലികാം കലയിതാ കോ വാ കവിഃ കൗശലം?

"അല്ലയോ ഭൂവനികന്ദർപ്പനായ മഹാരാജാവേ! സാക്ഷാൽ ശ്രീപരമേശ്വരന്റെ അലങ്കാരമായ ചന്ദ്രന്റെ ദീപ്തിപരമ്പരകളുടെ ശോഭയെപ്പോലും നിരാകരിക്കുന്ന യാതൊന്നിന്റെ മനോജ്ഞതയെ കീർത്തനം ചെയ്യുന്നതിന് ബൃഹസ്പതിയുടെ വാക്സമൂഹംപോലും സമർത്ഥമാകുന്നില്ലയോ, ആ പുതിയ മാലയെ സ്തുതിക്കുന്നതിന് ഏതു കവിക്കാണ് കഴിവുണ്ടാകുന്നതു?"

൩ ജാനീമോ ധരണീപുരന്ദര! ന തേ മാലാമതല്ലീമണി-
ശ്രേണീമഞ്ജിമസമ്പദഃ കണമപി സ്തോത്രും പ്രവീണാ വയം
"ഗുണാദൃതേ ഗുണോദ്ഗമേത ഭവതു മാ വാഗ്ജന്മനോ വൈഫലീ"
മിത്യേവം തദപി പ്രതാരയതി നശ്ചാപല്യമാലംബിതും

"അല്ലയോ ധരണീപുരന്ദര! അവിടുത്തെ ഈ വിശിഷ്ടമായ മാലയിൽ പതിച്ചിട്ടുള്ള രത്നങ്ങളുടെ മഞ്ജിമാസമ്പത്തിന്റെ ഒരു കണത്തെപ്പോലും സ്തുതിക്കുന്നതിനു ഞാൻ സമർത്ഥനല്ലെന്ന് അറിയുന്നുണ്ട്. എന്നാൽ ഗുണമുള്ളതായ ഈ വസ്തുവിനെസംബന്ധിച്ചു ഞാനും മിണ്ടാതിരുന്നാൽ വാഗ്ജന്മവൈഫല്യം വന്നുപോകുമല്ലോ, അങ്ങനെ സംഭവിക്കരുത് എന്നുള്ള ചിന്തയാണ് എന്നെ ഇതിന്റെ സ്തുതിക്കുന്ന ചാപല്യത്തെ അവലംബിക്കുവാൻ വഴിയുണ്ടാക്കിത്തീർക്കുന്നത്." ഇവിടെ, "വാഗ്ജന്മവൈഫല്യമസഹ്യശല്യം ഗുണാദ്ഭുതേ വസ്തുനി മൗനിതാ ചേൽ" എന്ന നൈഷധീയചരിതം ഏഴാം സർഗ്ഗം മൂന്നാമത്തെ ശ്ലോകത്തിന്റെ അനുകരണം കാണുന്നുണ്ട്.

൪ സപ്താംഭോനിധിവേഷ്ടിതാവനിതലേ വാസ്തവ്യമുർവ്വീപതി-
സ്തോമം തച്ചരണാരവിന്ദപരിചര്യൈകാധികാരോദ്ധുരം
കൃത്വാ താവകരാജ്യരക്ഷണകലാവൈചക്ഷണീസമ്പദോ
ഹാരം ഹീരവിരാജിതം ഫലതയാ പൂർണ്ണശപരീ പ്രാപ്തിണോൽ

"ഏഴ് സാഗരംചൂഴുന്ന ഈ ഭൂമിയിൽ വസിക്കുന്ന എല്ലാ രാജാക്കന്മാരെയും അവിടുത്തെ ചരണാരവിന്ദങ്ങളുടെ പരിചരണാധികാരത്തിന്റെ മറ്റം വഹിപ്പിക്കുന്നതിനായിട്ടു മഹാരാജ്ഞി അവിടുത്തെ രാജ്യപാലനമഹാസാമർത്ഥ്യസമ്പത്തുകളുടെ ഫലമായി കൊണ്ടു ശോഭിക്കുന്ന ഹാരത്തെ അവിടുത്തേയ്ക്കു സമ്മാനിച്ചു."

൯ ഏനാം വക്ഷസി ഹൂണരാജരമണീരൂപാങ്കിതാം ബിഭ്രതം
വീക്ഷന്തേ ക്ഷിതിപാലശേഖര! യദാ മാലാം ഭവന്തം തദാ
ദൂരാനമ്രശിരസ്സ്ഥശുഭ്രശിരസോ ഹൂണാധിപാസ്സത്വരം
ഫാലായോജിതപാണയോ വിദധതേ ഭാസേരതോദീരിതിം

"അല്ലയോ രാജശ്രേഷ്ഠ! ഹൂണമഹാരാജ്ഞിയുടെ രൂപം കൊത്തീട്ടുള്ള ഈ മാല അണിയുന്ന അവിടുത്തെ ഹൂണാധിപന്മാർ സന്ദർശിക്കുമ്പോൾ ദൂരത്തുനിന്നുതന്നെ തലകുനിച്ചു തൊപ്പിയെടുത്തു സലാംചെയ്ത് അവർ അവിടുത്തെ മാസ്തപ്രത്തെ സ്വീകരിക്കുന്നു." സലാംചെയ്യുന്നു എന്ന അർത്ഥത്തിൽ ഫാലായോജിതപാണികളാകുന്നു എന്നു പ്രയോഗിച്ചിരിക്കുന്നതു് ഏറ്റവും സമഞ്ജസമായിരിക്കുന്നു.

൰ വർദ്ധന്താമവനീപുരന്ദര! മഹീപാലാ നിജാന്തഃപുര-
സ്ത്രൈണോദ്ഗീർണ്ണനതിപ്രകാരകലിതാഹങ്കാരഭാരോദ്ധതം
യത്ര ക്വാപി മഹോദധിവ്യവഹിതേ ദേശേ നിഷണ്ണാ മഹാ-
ഹൂണീ സാ ബഹുമാനമീദൃശമഹോ മന്യാദൃശം കസ്യ വാ?

"അല്ലയോ അവനീന്ദ്ര! ഭൂമിയിൽ പല രാജാക്കന്മാരുണ്ട്. അവരെ അവരുടെ അന്തഃപുരത്തിലുള്ള സ്ത്രീകൾ പലപ്രകാരത്തിൽ സ്തുതിക്കും; ആ സ്തുതികൾകൊണ്ട് അഹങ്കാരത്തോടുകൂടി അവർ തെളിയുകയും ചെയ്യും. അവർ അങ്ങനെയിരുന്നുകൊള്ളട്ടെ. എവിടെയോ സമുദ്രത്താൽ മറയ്ക്കപ്പെട്ട ഒരു ദ്വീപിൽ നിവസിക്കുന്ന ഹൂണമഹാരാജ്ഞി മറ്റാർക്കാണ് ഇത്തരത്തിൽ അന്യാദൃശമായ ബഹുമാനം നല്കീട്ടുള്ളതു്?" തിരുവിതാംകൂറിൽ ഇദംപ്രഥമമായി ജി. സി. എസ്. ഐ. എന്ന ബഹുമതിയുള്ള മഹാരാജ്ഞിയിൽനിന്നു ലഭിച്ചതു് ആയില്യംതിരുനാൾ മഹാരാജാവുതിരുമനസ്സിലേക്കായിരുന്നു.

൧ ഉന്മീലത്കനകദ്യുതിവ്യതികരഭ്രാജിഷ്ണുവജ്രാങ്കുര-
ച്ഛായാമേദുരമർപ്പിതം തവ യദാ മാല്യം ഗളേ കോമളേ
താവത്താവകരൂപരത്നമിളതന്മാധുരീദർശിനാം
ലോകാനാം പരമക്ഷിജന്മ സഫലം ഭൂപാല! മന്യാമഹേ.

"അല്ലയോ മഹാരാജാവേ! മനോഹരമായ സ്വർണ്ണകാന്തിയോടു് ഇടകലർന്നു ശോഭിക്കുന്ന വജ്രങ്ങളോടുകൂടെ ശോഭപ്രാപ്തമായ ഈ മാല അവിടുത്തെ കോമളമായ കഴുത്തിൽ എപ്പോൾ സമർപ്പിക്കപ്പെട്ടുവോ അപ്പോൾ അവിടുത്തെ രൂപത്തിൽ പുത്തനായി ശോഭിക്കുന്ന മാധുര്യത്തെ സന്ദർശനംചെയ്യുന്ന ജനങ്ങൾക്കുള്ള കണ്ണുകളുടെ ജന്മം ഏറ്റവും സഫലമായെന്നു ഞാൻ കരുതുന്നു."

൧൭ ക്ഷീരാംഭോനിധിഗർഭഗൌരിമമദോദ്രേകസ്പൃശി ശ്രീകോവിദാ
ഭാവത്കോണചലാഹാരതല്ലജലസച്ഛുഭ്രാംശുരാശിസ്പൃശാ
ത്വദ്ദാസീമസൃ തനോതി ധവളിമാദ്വൈതോദയം കുംഭിനീ-
ജംഭദ്വേഷണ! ഭദ്രമാകലയതി ത്വത്കീർത്തിപൂർത്തോദിയം.

"ഭൂമിയെ (കുംഭിനീജംഭദ്വേഷണ) ഇന്ദ്രനേ! പാലാഴിയുടെ അന്തർഭാഗത്തിന്റെ വെളുപ്പിനെ മദിച്ചുകൊണ്ടു തൊടുന്നതിൽ സമർത്ഥമായ അവിടത്തെ ഇളകുന്ന വലിയ മുത്തുമാലയോടു ശോഭിക്കുന്ന വെളുത്തകിരണങ്ങളോടുകൂടെ കാന്തിസമൂഹം ദിക്കുകളിൽ ധാവള്യത്തെ ഉളവാക്കുന്ന അവിടുത്തെ കീർത്തിപൂർത്തിയാണെന്നു ഞാൻ (മംഗളവ്യാജം) തോന്നുന്നതിനെ ധരിപ്പിക്കുന്നു."

൧൮ ദൃഷ്ട്വാ ത്വത്കദംബാഭമഗ്നചമത്കാരപ്രകാരം ഭവ-
ദ്വാജിവ്യാഘ്ര സുവർണ്ണപൂർണകലശാസൌന്ദര്യസീമാമപി
ദൃഷ്ടോ വൽകിരൻ മുതാദവിരതം ധൂതോത്തമാംഗഃ പരം
ധാതാ ജാതജരസ്സ വാതകിതയാ ഖ്യാതവ്യഥസ്സർക്ക്യതേ.

"അവിടുത്തെ കാലയിൽ ത്രിലോകവും ഇന്നൊരിക്കൽ കാണുന്നതിന്റെ ചമത്കാരത്തെയും സുവർണ്ണകലശം ശോഭിപ്പിക്കുന്നതിന്റെ സൌന്ദര്യപാരമ്യത്തെയും കണ്ടു സർവ്വാപ്രപഞ്ചങ്ങളുടെയും വയസ്സുചെന്ന പിതാമഹനായ ഭഗവാൻ ബ്രഹ്മാവു് അത്ഭുതപ്പെട്ടു് എപ്പോഴും തലകുലുക്കുന്നു. അതിനാൽ വാർദ്ധക്യം വാതരോഗിയുമാകയാലായിരിക്കാം അവിടുന്നു് ഇതു വ്യഥ (ശിരഃകമ്പം) സംഭവിച്ചതെന്നു ഞാൻ ഊഹിക്കുന്നു."

൧൯ ഉന്മീലത്കമനീയഹീരശകലഗ്രാമാന്തരഭ്രാജിതം
നിസ്സീമദ്യുതിപുഞ്ജമഞ്ജിമ വൈഡൂര്യസന്ദർഭിതമപി
താരാമണ്ഡലമദ്യ ഗന്ധവഹതി ശ്രീരാമഭദ്രമിപതേ!
ബിംബോകം രിപുകൈരവാംബരമണേ! ബിംബാസ്യശീതദ്യുതേഃ.

"അത്ഭുതമായി ശോഭിക്കുന്ന നക്ഷത്രപ്പൂക്കൾക്ക് ആമ്പലിന്റെ സൂര്യനായുള്ള ഭഗവൻ! ശ്രീരാമ! ഉജ്ജ്വലങ്ങളായ വിശിഷ്ടങ്ങളായ വജ്രരത്നങ്ങളുടെ നടുക്കു ശോഭിക്കുന്നതും നിസ്സീമമായ പ്രഭാപുഞ്ജത്തിന്റെ ഭംഗിയോടുകൂടിയ അവിടത്തെ മാലയിൽ സ്ഥിതിചെയ്യുന്നതുമായ മഹാരത്നങ്ങളുടെ മുഖം (ഒരു) നക്ഷത്രമണ്ഡലത്തിന്റെ മദ്ധ്യത്തിൽ കാണുന്ന ചന്ദ്രബിംബത്തിന്റെ വിലാസത്തെ വഹിക്കുന്നു (അനുസ്മരിപ്പിക്കുന്നു)."

൨൦ അച്ഛിന്നാച്ഛവിപൂരഹീരനികരവ്യാകീർണ്ണഹാരാന്തര-
ഭ്രാജിഷ്ണു തവ ദുരാസ്യദഃ കലയതേ ഹൃന്നീലവാംഭോനിധം
വിഭ്രാന്താർക്കസി കൌസ്തുഭാംശുലഹരീലീലാവിഭൂമാനനേ ലസ-
ത്തേജോബിംബം ഹിമലക്ഷ്യ മാണികമലാവക്ത്രാംബുജപ്രക്രിയാം.

"അറ്റുപോകാത്ത കാന്തിപൂരത്തോടുകൂടിയ ഹീരങ്ങളെക്കൊണ്ടു വ്യാകീർണ്ണമായ മാലയിൽക്കൂടി തിളങ്ങുന്ന അവിടത്തെ വക്ഷസ്സിൽ ഇതു മഹാരത്നങ്ങളുടെ മുഖമാകുന്ന ഒരു

കറുപ്പ്, കൌസ്തുഭത്തിന്റെ രശ്മികളാൽ [illegible] മഹാവിഷ്ണുവിന്റെ മാറിടത്തിൽ [illegible] ശോഭിച്ചുകാണുന്ന ലക്ഷ്മീദേവിയുടെ മുഖം ബിംബത്തിന്റെ പ്രകാരത്തെ പ്രാപിക്കുന്നു. [illegible] എന്നർത്ഥം."

൮൨ ഹീരാങ്കുരകദംബകാന്തരഗതം ഹാരേ മഹാരാജ! തേ
ഉണ്ണിവക്ത്രസരോരുഹം കലയതേ നിസ്സീമമാനോജ്ഞകം
മന്ഥക്ഷ്മാധരമഥ്യമാനജലധിപ്രേംഖോലവീചിസ്ഫുടാ-
ഡിണ്ഡീരാന്തരനിർഗ്ഗതാമൃതകരപ്രത്യഗ്രബിംബശ്രിയം.

"അല്ലയോ മഹാരാജാവേ, അങ്ങയുടെ ഈ മാലയിൽ വജ്രങ്ങളുടെ ഇടയിൽ പെട്ടിരുന്നതും അത്യന്തം മനോഹരവുമായ മഹാരത്നത്തിന്റെ [illegible] മന്ദരപർവ്വതം കടഞ്ഞു കലക്കപ്പെടുന്ന സമുദ്രത്തിൽ ചാഞ്ചാടുന്ന തരംഗസംഘത്തിന്റെ നുരകളുടെ ഇടയിൽ ഉദിക്കുന്ന ചന്ദ്രന്റെ നവീനമായ ബിംബത്തിന്റെ ശോഭ കൈക്കൊള്ളുന്നു."

൮൩ വിഭ്രാജിഷ്ണുരമാവലീനവപടീ [illegible] മയൂഖോത്കരൈ-
സ്തോമൈ [illegible] കലിതൈരുപായകജ്യോതിഷാം
ഗോത്രാഖണ്ഡല! [illegible]
വർണ്ണാനാം ശിതിപീതരക്തഹരിതാം [illegible].

"അല്ലയോ ഗോത്രാഖണ്ഡല! [illegible] രത്നങ്ങളുടെയും കിരണങ്ങളെക്കൊണ്ടും [illegible] ജ്യോതിസ്സുകളെക്കൊണ്ടും [illegible] കറുപ്പ്, മഞ്ഞ, ചുവപ്പ്, പച്ച മുതലായ വർണ്ണങ്ങൾ [illegible]." [illegible]

൮൪ ഹീരവ്രാതസമുല്ലസത്പദാർത്ഥപടലീസാകല്യകുക്ഷിംഭരി-
ർമ്മുഖ്യാധിഷ്ഠിതരത്നദീധിതിമിഷാന്നാഭീസരോജം ദധൽ,
ന്ത്രത്നീയസ്ഫുവിമണ്ഡലീമയപയഃപാഥോധിമദ്ധ്യേശയോ
ഹാരസ്സൌരിസനാഭിസൌഭഗമയം ധത്തേ ധരിത്രീപതേ!.

"ഹീരസമൂഹത്തിൽ സകല പദാർത്ഥങ്ങളും പ്രതിഫലിക്കുന്നതുകൊണ്ടു അവയെയെല്ലാം കുക്ഷിയിൽ അടക്കുന്നതായി തോന്നുന്നു; മഹാരത്നത്തിന്റെ മുഖം നാഭീപത്മമായി കാണപ്പെടുന്നു; തന്റെ കാന്തിതരംഗമാകുന്ന പാലാഴിയുടെ മദ്ധ്യത്തിൽ ശയിക്കുകയും ചെയ്യുന്നു; ഈ കാരണങ്ങളാൽ അല്ലയോ മഹാരാജാവേ, അങ്ങയുടെ ഈ മാല ശ്രീ പത്മനാഭന്റെ സൌഭാഗ്യത്തെ വഹിക്കുന്നു." ശ്രീ പത്മനാഭനോടു തുല്യമാകുന്നു എന്ന താൽപര്യം.

൮൫ സാഫല്യം നയനോൽകരസ്യ ഭവിതാ ശക്രസ്യ വീക്ഷേത ചേ-
ദ്ദേനം ഹാരവരം സ തേന [illegible]നിശാനായക!
ശേഷസ്യാപി തഥൈവ ശീർഷവിതതേരേനം സമുദ്വീക്ഷ്യ താ-
മാനന്ദാബ്ധി [illegible].

"അല്ലയോ ഋചന്ദ്ര! ഈ മാലയെ മഹീശാഖകളിലും ശോഭനമായ കാണ്മാൻ ഇട വന്നാൽ നക്ഷത്രങ്ങൾക്ക് ആയിരം കണ്ണുകളുടെ സൌന്ദര്യം ലഭിക്കും; അതുപോലെ, വല്ലപ്പോഴുമൊരിക്കൽ ആദിശേഷൻ ഇതു നോക്കുവാൻ തരപ്പെട്ടാൽ ഇതിനെ ഉറപ്പില്ല തല കുലുക്കുകയും തന്നിമിത്തം നക്ഷത്രങ്ങളുടെ ആയിരം ശിരസ്സുകൾക്കു ചലിക്കുന്നതുണ്ടാകുകയും ചെയ്യും."

൫൭ ദ്ദണ്ഡാധീശതൃശോമരീരുചമിമം മാവന്ത് കവാടാംഗസ്ഥിതം
ശ്രീരാമക്ഷിതിപാല! വഞ്ചിനൃപവംശാകാശരാകാശശിൻ!
ഗീർവ്വാണാലയപത്തനംഗിരിനീസലിലജാലോത് ക്രൂതപാദഹോതവ-
ദ്ദ്വാരാഭ്യുത്പതി ചാതഹീരശകലസ്സാരാംഗ്ഗുപൂരാവൃതം.

"അല്ലയോ രാജചന്ദ്രമഹാരാജാവേ! വഞ്ചിനൃപവംശമാകുന്ന ആകാശത്തിന്റെ പൂർണ്ണചന്ദ്രനായുള്ളോവേ! അവിടുത്തെ ഗോപുരത്തിൽ സ്ഥിതിചെയ്യുന്നതും മനോഹരങ്ങളായ വജ്രങ്ങളുടെ ശോഭയോടുകൂടി കിരണപൂരത്താൽ ആവൃതമായ വിളക്കിന്റെ ഈ മാലയെ ഇതു ആകാശഗംഗയിൽ ഉൾപ്പെട്ടതായ അമരപ്പുവിന്റെ ശോഭയെ ഗ്രഹിക്കുന്നു എന്നു തോന്നിപ്പിക്കുന്നു."

൫൮ അത്യുദാരമാഹതി മദ്ധ്യമഞ്ജു നമസാ മുദ്രാമധിരേ മവ-
ന്താലാവള്ളക്ഷമ്ബകാന്തിപടലേ ധാവള്യമഭ്യേതിനി
ശ്രീമിവാസവ! ഗാംഗവാരിലഹരീപൂരമോത് ഗാഢതേ
മിങ്ങ് മാതംഗ കദംബകം മുഹുരിമം തുംഗാചലത്പുഷ്കരം.

"അല്ലയോ ശ്രീവാസവ! അനന്തവും ശുഭ്രമായ ധവളിമത്തോടു കൂടിയതുമായ അവിടുത്തെ മാലയിലെ വജ്രങ്ങളുടെ കാന്തിപടലം ഇതാ നക്ഷത്രങ്ങളെ അധികമാക്കുന്നു ചെയ്യുന്ന അവസരത്തിൽ ഗംഗാനദിയിലെ ജലപ്രവാഹമാണെന്നു ഉദ്ദേശിച്ച് ദിഗ്ഗജങ്ങൾ വീണ്ടും വീണ്ടും മാറാതെ കുടിക്കുന്ന ദന്തങ്ങളോടുകൂടി അതിൽ മുഴുകുന്നു."

൫൯ ഹാരോയം കനകാചലാലയരുചി ശ്രീവഞ്ചിപൃഥ്വീപതേ!
രാജചേള്ളകരസ്സഹസ്രനയനശ്രേയോക്ഷണീയശ്രുതിഃ
മേതതേ ചേതസി രാജകുഞ്ജര! ശചീരാകല്പഭാവം ഭജ-
ന്നിസ്സീമം സുമനഃകലാപകളകം സപാദിവ നാകൌകസാം.

"അല്ലയോ വഞ്ചിമഹാരാജാവേ! രാജകുഞ്ജര! ഈ ഹാരം കനകമാകുന്ന അചലത്തിൽ (മേരുപർവ്വതത്തിൽ) ശോഭിച്ചിരിക്കുന്നതാണ്. സപത്നരാജാക്കന്മാരാൽ പണിയിച്ചിരിക്കുന്നു. (ഇന്ദ്രപക്ഷത്തിൽ മഹാരത്നമാകുന്ന ആഭരണങ്ങൾ ശോഭിച്ചിരിക്കുന്നവൻ); രാജാക്കന്മാർ വജ്രങ്ങളുടെ കിരണങ്ങളോടുകൂടി നിൽക്കുന്നു. (ഇന്ദ്രപക്ഷത്തിൽ വജ്രായുധം കൈയിലുള്ളവൻ); ആയിരം കണ്ണുകളെക്കൊണ്ടും ശ്രദ്ധയോടുകൂടി കാണ്മാൻ തക്കതായ കീർത്തിയുള്ളതാണ്. (സഹസ്രനയനനും ശ്രദ്ധയോടുകൂടി കേൾക്കുന്ന കീർത്തിയുള്ളവനുമായുള്ള ഇന്ദ്രൻ); ശചിക്കു അലങ്കാരമായിരിക്കുന്നു. (ശചീദേവിയെ അലങ്കരിച്ചിരിക്കുന്ന ഇന്ദ്രൻ); സുമനസ്സുകൾക്ക് (സജ്ജനങ്ങൾക്കും പുഷ്പങ്ങൾക്കും ദേവന്മാർ എന്ന് ഇന്ദ്രപക്ഷത്തിലും) അതിരറ്റ സന്തോഷത്തെ നല്കുന്നു. ഇങ്ങനെയെല്ലാം ഇതു ദേവേന്ദ്രനോടൊപ്പം ശോഭിക്കുന്നു."

൭൯ കല്പാന്തോത്കടനാട്യധൂര്‍ജ്ജടിജടാജൂടോദരോത്സംഗിത-
സ്വര്‍ഗ്ഗംഗാജലധാവളീമഹിമഭിദാച്ഛൈഃ കഥം കല്പതാം
ഹാരസ്യാസ്യ ദിഗംഗനാകുചതടീപാടീരപീയൂഷരുക്-
പത്രാളീമകരീകരിഭ്രമകരീഹീരപ്രഭാമഞ്ജരീ

"കല്പാന്തകാലത്തില്‍ ഉല്‍ക്കടമായി നടനംചെയ്യുന്ന ശിവന്റെ ജടാജൂടോദരത്തില്‍ നിന്നു തുളുമ്പിയൊഴുകുന്ന സ്വര്‍ഗ്ഗംഗാജലത്തിന്റെ ധാവള്യപ്രഭയെ തകര്‍ക്കുന്നതില്‍ സമര്‍ത്ഥവും ദിക്കാമിനിമാരുടെ കുചതടങ്ങളില്‍ ചന്ദനംകൊണ്ട് എഴുതപ്പെടുന്നതും ചന്ദ്രന്റെ കാന്തിയുള്ളതും മകരമുദ്രയുള്ള പത്രികയ്ക്കു ഭ്രമമുണ്ടാക്കുന്നതുമായ ഈ ഹാരത്തിന്റെ ഹീരപ്രഭാമഞ്ജരിയെ എങ്ങനെയാണ് വര്‍ണ്ണിക്കേണ്ടതു ?." ഈ മനോഹരമായ പദ്യത്തിന്റെ അവസാനവും ഇങ്ങനെയാണ്. ഇതു 'കഥം കല്പതാം' എന്നു ചോദിക്കുന്ന സന്ദേഹത്തിനു വിലാസ-ഉപമയായി കാവ്യകാരന്‍ ഭംഗിയാക്കിയിട്ടില്ല.

൮൦ ശോണീപാലകലാവതംസ! ഭവദീയോരഃകവാടസ്ഫുര-
ത്താലാമല്യവിലാസി ഹാരമണിവക്ത്രം സമാലോക്യ തേ
സേര്‍ഷ്യം തത് പ്രിയയാ ജനൈസ്സകൗതുകം സാശ്ചര്യമുദ്ഗ്രീവകൈ-
രൈരാസീന്യരാതിസംഘ ഭവതാ സാനന്ദമസ്മാദൃശൈഃ

"അല്ലയോ രാജകലാവതംസ! അവിടത്തെ കവാടപ്രതിമമായ വക്ഷസ്സില്‍ സ്ഫുരിക്കുന്ന ഹാരത്തിന്റെ മുഖത്തെ അവിടത്തെ പത്നി (അസൂയ ഉണ്ടാക്കുന്നതിനാൽ) ഈര്‍ഷ്യയോടുകൂടി നോക്കുന്നു; ജനങ്ങൾ കൗതുകത്തോടുകൂടിയും ശത്രുരാജാക്കന്മാര്‍ തലതാഴ്ത്തിക്കൊണ്ടും അവിടുന്ന് മന്ദസ്മിതത്തോടുകൂടിയും ഞങ്ങളെപ്പോലെയുള്ള ബന്ധുക്കളും സന്തോഷത്തോടും ആനന്ദത്തോടുകൂടിയും അതു കണ്ടു നില്‍ക്കുന്നു." മഹാരാജാവിനു ബന്ധുക്കളോടുള്ള സ്നേഹം ഇതില്‍ പ്രകടമാകുന്നുണ്ട്.

൮൧ ശോഭതി കീര്‍ത്തി സത്ത്വതസ്ത്രിഭുവനം ഭാവത്കഹാരസ്ഫുര-
ദ്ഭ്രാജത്താലദ്യുതിമണ്ഡലേ ധവളിമപ്രാരാജ്യമാബിഭ്രതി
അദ്യാപ്യസ്മിൻ ലവണാംബുധിം മധുരിപുഃ ക്ഷീരാംബുരാശിഭ്രമാ-
ദുത്സൃഷ്ടാദ്രിധിയാ ശിവശ്ച ഭജതേ കാളാഞ്ജനോര്‍വ്വീധരം

"അവിടത്തെ ഹാരത്തില്‍ സ്ഫുരിക്കുന്ന വജ്രങ്ങളുടെ പ്രഭാമണ്ഡലം ധാവള്യ്യം കൊണ്ടു ത്രിഭുവനത്തെയും വെളുപ്പിക്കുന്നതിനാൽ, വിഷ്ണു പാലാഴിയെന്നു ഭ്രമിച്ചു ലവണസമുദ്രത്തെയും ശിവന്‍ വെള്ളിമല (കൈലാസം) എന്നു ഭ്രമിച്ചു കാളാഞ്ജനപര്‍വ്വതത്തെയും ഭജിക്കുന്നു." 'മഹാരാജ! ശ്രീകർ ... ഒരു ധവളിമ പരിപൂര്‍ണ്ണം ... ' ഇതു ഈ ശ്ലോകത്തിലെ ആശയത്തിന്റെ ഛായ ഇതില്‍ കാണാം.

൮൨ ഗോത്രാഭൃദ്രിപോ! നിരസ്തമലിനീഭാവാ സ്ഫുരന്തീ ഭവ-
ദ്വക്ഷസ്സീമനി ഹാരതല്ലജലസദ്വജ്രാംശുപാരമ്പരീ
അന്തര്‍ന്നിര്‍മ്മലപൂര്‍ണ്ണതാവശബഹിര്‍ന്നിര്‍ഗ്ഗതപ്രതത് കൃപാ-
പീയൂഷദ്രവവിഭ്രമം കലയതേ ലോകസ്യ നോ കസ്യ വാ?

"അല്ലയോ ഗോത്രശക്ര! അവിടുത്തെ വക്ഷസ്സിലെങ്ങും തടവറവ്യാപിച്ചു സ്ഫുരിക്കുന്ന ഈ പ്രശസ്തഹാരത്തിന്റെ വർണ്ണകിരണപരമ്പര ഏഴയേങ്ങിൽ തിങ്ങിവിങ്ങിക്കൊള്ളുന്നതു വെളിയിലേയ്ക്കുപാഞ്ഞൊഴുകുന്ന അത്ഭുതഗുണവാരാശിയുടെ ഏതെങ്കിലും ഉണ്ടാകുന്നു?" "ലോകസ്യ നേത്രസ്യ വാ" എന്നൊരു പരാമർശനമായാരി !

൫൩. മന്യേ തസ്യ പരം ദൃശോസ്സഫലതാ യസ്യാവകീനം സമു-
ന്താലോതല്ലജമീക്ഷതേ നിതപമജ്യോതിശ്ഛടാമണ്ഡലം
സാഫല്യം ധരണീതലാമൃതരുചേ! തസ്യൈവ വാഗ്ജന്മനോ
യോ മാലാമിഹ താവകീം കവിരപി സ്തോത്രൈഃ
പരിഷ്കരിഷ്യതി.

"അവിടുത്തെ മാലയെ ഒരിക്കലെങ്കിലും കാണുന്നവന്റെ കണ്ണുകൾക്കു സാഫല്യമുള്ളൂ എന്നും ഞാനിതിനെ ഊഹിക്കുന്നു. ചില പദങ്ങളെക്കൊണ്ടെങ്കിലും സ്തുതിക്കുന്ന കവിയുടെ വാഗ്ജന്മത്തിനേ കൃതകൃത്യതയുള്ളൂവെന്നും ഞാൻ വിചാരിക്കുന്നു." പതിനാലുലോകങ്ങളിലെ ഉടയവന്റെ പ്രകാരമാം.

൫൪ സദ്യശ്ചരിന്നാമതംഗജേന്ദ്രമശനധൈര്യാദിമാനപ്ലിതാ-
ധൌരേയ ഭവദീയഹാരലതികാഹീരാങ്കുരജ്യോതിഷി,
ത്രൈലോക്യാങ്ഗണമാംശലികേ സതി ഗണോ യൂനാം
വമൂർഛീഭവൽ-
കേശോ വാർദ്ധകവിഭ്രമം കലയതി ക്ഷോണീസഹസ്രേക്ഷണ!

"അപ്പോൾ മറിക്കപ്പെടുന്ന ആനകളുടെ ധാവള്യത്തിനെന്തെ ചെയ്യുന്ന വിഷയത്തിൽ അഗ്രഗണ്യനായ അവിടുത്തെ ഹാരത്തിലെ ഹീരാങ്കുരജ്യോതിസ്സ് ത്രൈലോക്യാങ്കണത്തിൽ (പാരെങ്ങും) സഞ്ചരിക്കുന്ന അവസരത്തിൽ, യുവാക്കന്മാർ അവരുടെ തലമുടി വെളുത്തുകാൺകയാൽ തങ്ങൾ വൃദ്ധന്മാരായി എന്നു ഭ്രമിച്ചുപോകുന്നു."

൫൫ ഉദ്ദാമാതപനീയദാമസുഷമാ നിസ്സീമവല്ലാങ്കര-
സ്തോമാംശുവ്യതിഷങ്ഗമേത്യ നിതരാം ഹാരപ്രകാണ്ഡേ തവ
ഉന്മീലദ്ഭവദീയകീർത്തിലഹരീകാന്തിപ്ലുതാ കുംഭിനീം
ഭൂമീശംഭരിപോ! വിഡംബയതി തേ ഭൂയഃ പ്രതാപശ്രിയം

"അവിടുത്തെ പ്രശസ്തമായ ഹാരത്തിൽ മിന്നുന്ന ഉൽക്കടമായ സ്വർണ്ണമാലയുടെ സുഷമ വല്ലാങ്കുരങ്ങളുടെ കിരണങ്ങളോടുകൂടി ഇടകലരുകയാൽ അവിടുത്തെ കീർത്തിയോടു ചേരുന്ന പ്രതാപത്തിന്റെ ശോഭയെ അനുകരിക്കുന്നു."

൫൬ ശങ്കേ വഞ്ചിനരേന്ദ്രപുംഗവ! ഭവന്മാല്യസ്യ മേരസ്പിനീ-
മേനാം ഹാടകദാമഹീരശകലശ്രേണീമയൂഖാവലിം
ഭാവത്കപ്രചുരപ്രതാപനികരഭ്രാജിഷ്ണുകീർത്തിച്ഛടാ-
കാന്തിസ്തോമജിതോപനമ്രഹരിദശ്വേന്ദുപ്രഭാകഞ്ചുകീം

"[illegible]"

൨൭ സ്ഫായത്കാമനാഥീകാന്തിപടലീസമ്മൂർച്ഛിതാ-
മേനാം വക്ഷസി സ്നാസായകസമാനാകാരമാനോരമ!
ബിഭ്രാണം ധരണീപുരന്ദര! കദാ ദ്രക്ഷ്യാമ ഭവന്തം മുദാ
പായംപായമമന്ദമോദമധരീപൂരേ തു ധന്യാത്മനാം.

"[illegible]"

സമ്പൂർണ്ണോ ഗ്രന്ഥഃ.



ശ്രീമന്മാതുലരാജരാജകവിനാ നാഗാവതംസപ്രഭോ-
വൈചക്ഷണ്യസുധാകരേണ ഖചണാപ്രാന്തം തവാജസ്രം
ഭൂയാദ് ഭൂമിവിഭാവരീശ! ഭവതാലാളിതാശാംബിനീ
ബാലാ കേരളവർമ്മണാ കല്പിതാ നക്ഷത്രമാലാ തവ.

"ശുഭം"

സി. എസ്സ്.

# ഗോപാലപ്പണിക്കർ

## ചില സ്മരണകൾ

(മഹാരാജശ്രീ അമ്മാമൻതമ്പുരാൻ തിരുമനസ്സുകൊണ്ട്.)

എന്തൊരു പൊട്ടലും ചീറലും പൊട്ടിച്ചിരിയുമാണീശബ്ദം ഇതു്! ഒരു മനുഷ്യൻെറ ചിരിയോ, അതോ കതിനാക്കാലിന്നു തീകൊളുത്തിയതോ എന്നു് ആ ചിരികേട്ടു് അത്ഭുതപ്പെട്ടുകൊണ്ടിരിക്കുമ്പോളാണു്—അന്നു് ഞാനും മൂന്നു ജ്യേഷ്ഠന്മാരും എറണാകുളത്തു് എഫ്. എ.ക്കു പഠിച്ചു താമസിക്കുകയായിരുന്നു—ഒരാൾ ഞങ്ങളെ കാണ്മാൻ മാളികയുടെ മുകളിലേക്കു കയറിവന്നതു്. എൻെറ ജ്യേഷ്ഠന്മാരുമായി പരിചയമുള്ള ആ ആളെ കണ്ടപ്പോൾ "ആശാൻെറ വരവു ചിരി പടിക്കൽനിന്നുതന്നെ കേട്ടു" എന്നു് ഒരു ജ്യേഷ്ഠൻ പറഞ്ഞു. അപ്പോഴും അതുപോലെ ഒരു ചിരി. ആൾ അതിസുമുഖൻ. സൗമ്യതയും ശുദ്ധതയും മുഖത്തു് അട്ടിപ്പേറായി പാർത്തിരിക്കുന്നു. ദൃഷ്ടികളിൽ തിളങ്ങുന്ന ആർദ്രതയും സാത്വികതയും ആരുടെ മനസ്സിനേയും ഹഠാദാകർഷിക്കുന്നതാണു്. വട്ടമുഖം, വിരിഞ്ഞ മാറു്, കനത്ത ദൃഢമായ ഗാത്രം, നെററിമേൽ ഒരു കുങ്കുമപ്പൊട്ടു്—ഇതാണു് ആ ആശാൻ, അഥവാ ചിരിമൂർത്തി, അല്ലെങ്കിൽ ശ്രീമാൻ സി. എസ്സ്. ഗോപാലപ്പണിക്കർ. ആളെ ഒരിക്കൽ കണ്ടാൽ പിന്നെ മറക്കാൻ സാധിക്കാത്തതായ ഒരു ഉൽഫുല്ലമന്ദസ്മിതത്തിൻെറ പരിശുദ്ധമായ 'ആനനപര്യാലങ്കാര'ത്തോടെ വിളയാടുന്നതു് ആരിലും സ്വഭാവമായ മൈത്രീഭാവം ജനിപ്പിക്കാതിരിക്കയില്ല.

ജ്യേഷ്ഠന്മാർ എന്നെ പണിക്കരുമായി പരിചയപ്പെടുത്തിയപ്പോൾ ഞാനും ഒരു വേഷക്കാരൻെറ നിലയിൽ, "പണിക്കരുടെ മുതലനായാട്ടു് രസികരഞ്ജിനിയിൽ ഞാൻ വായിച്ചുരസിച്ചിട്ടുണ്ടു്" എന്നു പറയേണ്ട താമസമേ ഉണ്ടായുള്ളു, ഒരു ജ്യേഷ്ഠൻ "ആശാൻ ആ വഞ്ചിപ്പാട്ടൊന്നു പാടു" എന്നു പറയുവാൻ. ആദ്യം ഒരു ചിരികൊണ്ടു് ഒഴിച്ചുവിടുവാൻ നോക്കി; ഞങ്ങൾ അതു സമ്മതിക്കില്ലെന്നും, പാട്ടുപാടാതെ

വിട്ടുപോകുവാൻ പാടില്ലെന്നുകണ്ടപ്പോൾ, ഉടനെ ഒരു ചിരി ഗണപതിക്കുവെച്ചു പാടിത്തുടങ്ങി. അമ്പ! എന്തു ശാരീരം! എന്തു വാസന! കേൾക്കാനെന്താനന്ദം! സാഹിത്യത്തിലെന്നപോലെ സംഗീതത്തിലുമുള്ള സുകുമാരമായ വൈദഗ്ദ്ധ്യം ആരുടെ ചിത്തത്തെയാണ് അപഹരിക്കാത്തതു്? ഞങ്ങൾതമ്മിൽ അന്നു് ഉദ്ഭൂതമായ മൈത്രി പണിക്കർ യശശ്ശരീരനാകുന്നതുവരെ ദിവസംപ്രതി വർദ്ധിച്ചും ഉറച്ചുംകൊണ്ടുതന്നെ വന്നിരുന്നു. അതുകൊണ്ടു പണിക്കരെ പല അവസരങ്ങളിലും പല സന്ദർഭങ്ങളിലും എനിക്കു കാണുവാൻ സംഗതിവന്നിട്ടുണ്ടു്. അപ്പോഴെല്ലാം 'ഇയാൾക്കു് ഒരാളായിട്ടു പിണങ്ങുവാനും മുഷിയുവാനും വശമല്ലായിരിക്കുമോ?' എന്നുകൂടി തോന്നാതിരുന്നിട്ടില്ല. അത്ര മിത്രപ്രിയനും മൈത്രീധനനും ആയിരുന്നു അദ്ദേഹം.

അന്നു് പണിക്കർക്കും ജോലി എന്നൊന്നുമുള്ള ദിക്കിൽ ആയിരുന്നതുകൊണ്ടു ഞങ്ങൾതമ്മിൽ കൂടിക്കാണാത്ത ഒരു ദിവസമുണ്ടായിരുന്നില്ലെന്നുതന്നെ പറയാം. വന്നാൽ തുടങ്ങും ചിരി; പോകുന്നതുവരെ സംസാരിക്കുന്നതിന്റെ കടപ്പും തമാശയും നടക്കും. ചിരിക്കുകയും ചെയ്യും. നേരംപോക്കു പറയുകയാണു് പണിക്കർ വന്നാൽ പിരിയുന്നതുവരെ പതിവു്. അതിൽ പലതരത്തിലുള്ള സംഗതികളുണ്ടാം, അന്നത്തെ നാട്ടുവർത്തമാനമോ, ഞാൻ പഠിച്ചിരുന്ന ഇംഗ്ലീഷും സംസ്കൃതവും പാഠ്യപുസ്തകങ്ങളിലെ ചില ഭാഗങ്ങളുടെ പ്രതിപാദനമോ ആയിരിക്കും വിഷയം. അപ്പോൾ ചിരിക്കു ധാരാളം അവകാശവും അവസരവുമുണ്ടല്ലോ. എന്നാൽ മനസ്സിരുത്തി മുഷിഞ്ഞിരുന്നു് അധികനേരം ഒരു വിഷയത്തിൽ തന്നെ പിടിച്ചുകൂടുക എന്നതു് ആശാന്നു തീരെ വയ്യ. മനസ്സാക്ഷിയുടെ മകുടമായിരുന്ന പണിക്കർക്കു സൽക്കാർമ്മോപാധിയിൽ മാത്രമേ അതു സാധിച്ചിരുന്നുള്ളു. അവിടെയും തന്റെ സഹജമായ ബുദ്ധിശക്തിയും പ്രാപ്തിയും തന്നെ ക്രമമായി സഹായിച്ചിരുന്നതുകൊണ്ടു്, തനിക്കു വളരെനേരം ഒരു ദിവസവും ക്ലേശിച്ചിരുന്നു മറ്റുള്ള ജോലി ചെയ്യേണ്ടിവന്നിരുന്നില്ല. തനിക്കു നന്ന 'ഭ്രാന്തു'ണ്ടായിരുന്ന ശീട്ടുകളിയിലും കാര്യമായി കളിക്കുകയില്ല; 'കളി'യായിട്ടേ ഉള്ളൂ. മനസ്സിരുത്തലില്ല; മന്ത്രം പറകയാണു് ഒട്ടുമുക്കാലുംനേരം. അതിനിടയ്ക്കു ചില മൂളിപ്പാട്ടുകളും ശ്ലോകങ്ങളും തട്ടിമൂളിച്ചുകൊണ്ടുമിരിക്കും. ശ്ലോകങ്ങളിൽ ചിലതു കളിയെപ്പറ്റിയോ കളിക്കാരെക്കുറിച്ചോ അപ്പോൾ പെട്ടെന്നു നിർമ്മിച്ചവയായിരിക്കും. അവയുടെ മാധുര്യവും സാരസ്യവുംകൊണ്ടു കളിസ്ഥലം മുഴുവനും "അരങ്ങു രസിപ്പിച്ചും കൊഴുപ്പിച്ചും"കൊണ്ടേയിരുന്നു. തന്റെ ശ്ലോകങ്ങളിൽ "കളി

യാക്കുക"യല്ലാതെ മാത്സർയ്യം, പക്ഷം, അപമാനം എന്നിത്യാദി ദുർഗ്ഗുണങ്ങൾ കണികാണുകപോലുമില്ല, കാണുവാൻ തരവുമില്ല. അത്രത്തോളം ദയാലുവായിരുന്നു ആശാൻ.

ദയാലു എന്നു പറഞ്ഞാൽപോരാ; ദയ എന്ന ഗുണം ആശാനിൽ അതികലശലായി ബാധിച്ചു കൂടാത്ത ദോഷംതന്നെയായി ചിലപ്പോൾ വന്നിരുന്നു എന്നുകൂടിപ്പറയാം. പണിക്കരെ യഥാർത്ഥമായി ഭയപ്പെട്ടിരുന്ന കീഴുദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നോ എന്നു സംശയമാണ്. അവർ തെററുചെയ്താൽകൂടി പണിക്കരുടെ മുമ്പിൽചെന്നു കരഞ്ഞാൽ ജയിച്ചു. കുററം അവരിൽ ചുമത്താതെ താൻതന്നെ കാര്യം ശരിയാക്കി അവരെ രക്ഷിക്കുകയും ഗവമ്മേണ്ടിനെ തൃപ്തിപ്പെടുത്തുകയും ചെയ്തിട്ടുള്ള പല സന്ദർഭങ്ങളും ഈ ലേഖകന്നുതന്നെ ഓർമ്മയുണ്ട്. ഒരാളെ ഉപദ്രവിക്കുക, സങ്കടപ്പെടുത്തുക എന്നതു പണിക്കരുടെ സ്വഭാവത്തിന്നു തീരെ വിരുദ്ധമായിരുന്നു. സ്നേഹിതന്മാരോടെന്നപോലെ കീഴുദ്യോഗസ്ഥന്മാരോടും ഫലിതവും നേരംപോക്കും പറകയും ചിരിക്കയുംചെയ്യാതെ ആശാനു വയ്യ. ഈ ഒരു ശീലംകൊണ്ട് ആശാന്റെ സാഹിത്യപരിശ്രമങ്ങളിൽപോലും ഒരാളെ അങ്ങനെ ദുഷിച്ചുകാണുകയില്ല. പരിശ്രമങ്ങൾ എന്നു പറഞ്ഞാൽ ചില്ലറകൃതികൾ, അതായതു്, ചെറുകഥകൾ, ഉപന്യാസങ്ങൾ, ചിലശ്ലോകങ്ങൾ, പാട്ടുകൾ ഇവ മാത്രമാണ്. അല്ലാതെ ഒരു വലിയ ആഖ്യായികയോ നാടകമോ ദീർഘമായ പദ്യകൃതിയോ പണ്ടേ നിർമ്മിച്ചിട്ടില്ല; നിർമ്മിക്കുവാൻ തരവുമില്ല. ആശാൻ രസികനായ ഒരു സാഹിത്യകാരനെന്നു സമ്മതിക്കണമെങ്കിൽ ആശാനുമായിട്ടുള്ള സംഭാഷണത്തിൽനിന്നുതന്നെവേണം. അപ്പോൾ പുറപ്പെട്ടുവിടുന്ന പുസ്തകാഭിപ്രായങ്ങൾ, പദ്യങ്ങൾ, സാഹിത്യസംഘകഥകൾ എന്നിവയെല്ലാം ഒന്നാന്തരം പൊടിക്കൈകൾ തന്നെയായിരിക്കും. തന്റെ പ്രാണസ്നേഹിതനായ കാരാട്ട് അച്യുതമേനോൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ തുടങ്ങിയ കൂട്ടുകാരുംകൂടി കൂടിയാൽ പിന്നത്തെ കഥ 'കൃതി' തന്നെ.

പണിക്കർ വല്ലതും എഴുതണമെങ്കിൽ ഉത്സാഹത്തിൽ മതിമറന്നുപോകുന്ന ആവേശംകൊണ്ടോ, കൂട്ടുകാരുടെ അലട്ടുകൊണ്ടോ വേണം. അങ്ങനെയാണ് "മുതലനായാട്ട്", "റഷ്യൻചക്രവർത്തിയുടെ അളളുതെത്തു്" മുതലായ ഉപന്യാസങ്ങളും കുറെ ചെറുകഥകളും പദ്യശകലങ്ങളും 'രസികരഞ്ജിനി'യിലും മററും കാണുവാനിടയായിട്ടുള്ളതു്. അതു വായി

ക്കുമ്പോൾ 'ഈ വിധമാണെ ആരെങ്കിലും ഇനിയും നിർബ്ബന്ധിച്ച് ഇതു പോലെ അനവധികൃതികൾ നിർമ്മിപ്പിച്ചില്ലല്ലോ' എന്നുള്ള മനസ്താപമാണ് തോന്നുന്നതു്. "ഗുതലനായാട്ടി"ൽ എറണാകുളം വർണ്ണിക്കുമ്പോൾ

"ഹിന്ദുനിവഹ ബാലകന്മാർ മേളമോടെ വിദ്യാഭ്യാസം
നാളുതോറും ചെയ്തീടുന്ന കോളേജും കാൺക."

എന്നിത്യാദിവരികളിലെ പ്രകൃതിചിത്രീകരണവും സംഗീതവും സുഗമമാണല്ലോ. ആ പാട്ടിൽത്തന്നെ,

"വക്രതലേശം കലരാതെപോലും കയ്യൂലില്ലാത്ത സിസ്റ്റാണാം
സിക്രട്ടേറി ശങ്കരനാം മേനവൻതാനും"

എന്ന പരേതനായ മാണിക്കത്തു ശങ്കരമേനോനെപ്പറ്റിപ്പറഞ്ഞിരിക്കുന്നതിന്, മേനവനെ അറിയുന്നവരെല്ലാം ഇത്ര ചുരുക്കത്തിൽ ഇത്ര സ്പഷ്ടമായിട്ടുള്ള ഒരു ചിത്രീകരണത്തിനു സലാം കൊടുക്കാതിരിക്കയില്ല. മദിരാശിയിൽവച്ചു നടന്ന സ്കൗട്ടുസമ്മേളനത്തിൽ കൊച്ചീക്കാർക്കു പാടുവാൻ ഉണ്ടാക്കിയ വഞ്ചിപ്പാട്ടിലെ,

"സത്യം, ദയ, രാജഭക്തി, ചിത്തശുദ്ധി, വൃദ്ധിസക്തി,
നിത്യതുഷ്ടി, നിർമ്മലത്വം, ഗാത്രദാർഢ്യവും
ഇത്തരത്തിൽ നന്മവായ്ക്കുമെത്രയും ഗുണഗണങ്ങൾ
വർദ്ധിപ്പിച്ചീടും ബോയ്സ്കൗട്ട സംഘംവാഴട്ടെ"

എന്ന ഭാഗം സ്കൗട്ടുസമിതിയുടെ മർമ്മനിയമങ്ങളെ എത്ര ഭംഗിയായിക്കുറിച്ചിരിക്കുന്നു!

പണിക്കർക്ക് ചെറുപ്പത്തിൽത്തന്നെ കവിതാവാസനയും സാഹിത്യസക്തിയും നന്നാ ഉണ്ടായിരുന്നുവെന്ന്, സതീർത്ഥ്യനായ സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോൻ പറയുന്നുണ്ട്. ആശാന്റെ ചില കൃതികൾ ബാല്യകാലത്തു് അങ്കുരിച്ച ഈ വാസനയ്ക്കു സാക്ഷ്യം വഹിക്കുന്നതായിക്കാണാം. "വിജയൻശങ്ക"യ്ക്ക് എഴുതിയിരിക്കുന്ന അവതാരികയിലെ ഭാഷ, നിരൂപണനൈപുണ്യം, സഹൃദയത്വം എന്നിതെല്ലാം പ്രത്യേകം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. വേറെ ചിലതുകൂടി ഇവിടെ ഉദ്ധരിക്കാം.

"കരതലകമലാഭദാം സ്ഫാടികീമക്ഷമാലാം
ധരണധരവിഭിന്നാം ലാംഛിതീമീക്ഷണേച്ഛാ
അമലകലമവികൽപൻ യേന കിമോ നിരുദ്ധഃ
സ ഭവതു മമ ശ്രേയസേ വാണി! തേ മന്ദഹാസഃ"

എന്ന പദ്യം പണിക്കർ മലയാളഭാഷയിലേയ്ക്കു തർജ്ജമചെയ്തിരിക്കുന്നതിപ്രകാരമാണ്:—

"കൈത്താരിൽച്ചേർന്നമിന്നും സ്ഫടികമണിലസന്മാലയിൽ കൈനഖശ്രീ-
തത്തുമ്പോൾ മാതളത്തിൻമണിഗണമിതി ചിന്തിച്ചു കൊത്തുന്നതിന്നായ്
എത്തും ശുകക്കിടാവെപ്പുലവുതവരുവിൽ പിൻവലിപ്പിച്ചിടും നിൻ-
പുത്തൻപൂമന്ദഹാസം സരസിജഭവജേ! ഭൂരിഭാഗ്യം തരട്ടെ!"

പ്രാഥമികപാഠശാലയിലെ വിദ്യാർത്ഥികൾക്കുവേണ്ടിയുണ്ടാക്കിയ "സർവ്വജനീനപ്രാർത്ഥന" എന്നൊരു ലഘുകൃതിയിലെ ചില പദ്യങ്ങളാണ് താഴെ ഉദ്ധരിക്കുന്നത്:—.

"ദൈവസൃഷ്ടങ്ങളായുള്ള ജീവജാലങ്ങളിൽ സദാ
ജീവകാരുണ്യമെങ്ങൾക്കു ദൈവമുണ്ടാക്കിവയ്ക്കണം.

പിതൃമാതൃഗുരുക്കന്മാരതിസന്തുഷ്ടരായ് വരാൻ
മതിയാംവണ്ണമുള്ളോരു ഗതി കാട്ടിത്തരേണമേ.

സ്വാർത്ഥലാഭത്തിനായ് മാത്രമർത്ഥാർത്ഥിത്വം പുലർത്തുകിൽ
വ്യർത്ഥമാം ജന്മമെന്നുള്ള ബുദ്ധി വർദ്ധിക്കണം സദാ.

സ്നേഹാപവർഗ്ഗപൂർണ്ണമാം സർവ്വസാഹോദര്യം വളർന്നഹോ
ദ്രോഹസന്താപനാം ദൈവം മോഹംപോക്കുക ഞങ്ങളിൽ."

ബാലപാഠനത്തിന് എത്ര ഉചിതവും മനോഹരവുമായ പ്രസാദവും കാന്തിയും ആശയവൈശിഷ്ട്യവും ഇവയിൽ പ്രകടിതമായിരിക്കുന്നു!

പണിക്കരുടെ സാഹിത്യസക്തിയും സാഹിത്യരസജ്ഞതയും മികച്ചുകാണുന്നതും പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്നതും, "തുഞ്ചത്തെഴുത്താച്ഛപാദ"രുടെ സ്മാരകമായി കൊച്ചിസ്സീമയിൽ കിഴക്കൻചിറ്റൂരിൽ പ്രതിഷ്ഠാപിതമായിട്ടുള്ള ഭജനമഠത്തിലാണ്. അതിന്റെ നിർമ്മാതാക്കളിൽ ഒരു പ്രധാനശക്തിയും, ആശാന്റെ ജീവകാലം അവസാനിക്കുന്നതുവരെ അതിന്റെ ഒരു മർമ്മജീവനാഡിയും ആശാൻതന്നെയായിരുന്നു എന്നുവേണം പറയുവാൻ. പണിക്കർ ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ടായിരുന്നെങ്കിൽ, ആ സ്ഥാപനത്തിന്റെ പ്രധാനകൃത്യങ്ങളിൽ പ്രഥമമായ ഭാഷാസാഹിത്യപരിശ്രമവും, തുഞ്ചത്താചാര്യനെപ്പററിയെങ്കിലുമുള്ള ഗവേഷണവും, ഗാഢമായിട്ടും നിഷ്കൃഷ്ടമായിട്ടും നടന്നേനേ എന്നുള്ളതിന്, രണ്ടുപക്ഷമുണ്ടാകുവാൻ തരമില്ല. ആ മഠത്തെക്കുറിച്ചു സംസാരിക്കുമ്പോൾ പണിക്കർക്കുണ്ടായിരുന്ന ഭക്തിയും ആവേശവും ആഗ്രഹങ്ങളും

ആശാനെ അറിഞ്ഞവക്കറിയാം. കഷ്ടം! ജീവിച്ചിരുന്നകാലത്തു സാഹിത്യപരിശ്രമത്തിന് ആശാനെ നിർബ്ബന്ധിക്കവാൻതക്ക ആളുകൾ പോരാതെയായി; ആശാന് ഔദ്യോഗികമായി മറെറാരുവേഷം കെട്ടേണ്ടതുമായി; ഹതവിധി ആശാനെ ജോലിയിൽനിന്നു പിരിഞ്ഞു വിശ്രമവാസത്തിനും സ്വാസ്ഥ്യവൃത്തിക്കം യഥേഷ്ടപരിശ്രമത്തിനും ഉള്ള വയസ്സിലെത്തിച്ചതില്ല; ഇങ്ങനെ ഒരു സാഹിത്യതാരം അതിന്റെ മാർഗ്ഗമണ്ഡലത്തിൽ മേഘപടലാന്തരിതമായിട്ട് അസ്തംഗതമായി!

# ചില പഴയ കീർത്തനങ്ങൾ.

(സമ്പാദകൻ—പനച്ചിയിൽ എൻ. ശങ്കർപിള്ള അവർകൾ, അയിരൂർ)



## 1. ശ്രീകൃഷ്ണകേശാദിപാദസ്തവം.

ആദിത്യമണ്ഡലംപോലെ വിളങ്ങുന്ന
പൊന്നിൻകിരീടവും കാണാകേണം കൃഷ്ണ.
വണ്ടിന്റെകൂട്ടത്തെപ്പോലെ വിളങ്ങുന്ന
കാർകുന്തൽഭംഗിയും കാണാകേണം കൃഷ്ണ.
ഏററവും നീലമായുള്ള കുറുനിര-
ക്കൂട്ടത്തിൻഭംഗിയും കാണാകേണം കൃഷ്ണ.
പഞ്ചമിച്ചന്ദ്രനോടൊത്തുള്ള നെററിയിൽ
ഗോപിതൊടുകുറി കാണാകേണം കൃഷ്ണ.
കാമന്റെ വില്ലിനോടല്ലലുണ്ടാക്കുന്ന
ചില്ലീവിലാസവും കാണാകേണം കൃഷ്ണ.
താമരപ്പൂവിന്റെ പത്രത്തോടൊത്തുള്ള
നേത്രങ്ങൾ നേത്രത്തിൽ കാണാകേണം കൃഷ്ണ.
ഭക്തന്മാർക്കൊക്കെയുമിഷ്ടത്തെ നല്കുന്ന
നോട്ടവും നോട്ടത്തിൽ കാണാകേണം കൃഷ്ണ.
മകരകുണ്ഡലശോഭകൊണ്ടേററവും
ശോഭിച്ച ഗണ്ഡങ്ങൾ കാണാകേണം കൃഷ്ണ.

എള്ളിന്റെ പൂവിന്റെയാകാരമായുള്ള
നാസികാഭംഗിയും കാണാകേണം കൃഷ്ണ.
തൊണ്ടിപ്പഴത്തിനോടിണയുണ്ടാകുന്ന
ചുണ്ടുകൾ രണ്ടുമേ കാണാകേണം കൃഷ്ണ.
മുല്ലപ്പൂമൊട്ടിനോടൊത്തുള്ള ദന്തങ്ങൾ
ഭംഗിയായങ്ങനെ കാണാകേണം കൃഷ്ണ.
ചന്ദ്രന്റെ ചന്ദ്രികപോലെ വിളങ്ങുന്ന
മന്ദസ്മിതത്തെയും കാണാകേണം കൃഷ്ണ.
ശംഖെന്നു തോന്നുന്ന കണ്ഠപ്രദേശത്തെ
ഭംഗിയായങ്ങനെ കാണാകേണം കൃഷ്ണ.
ഭൂഷണഭൂഷിതകൈകളിൽ നാലിലു-
മായുധശ്രേഷ്ഠങ്ങൾ കാണാകേണം കൃഷ്ണ.
വിസ്തൃതമായുള്ള മാറത്തെ വത്സവും
ലക്ഷ്മീനിവാസവും കാണാകേണം കൃഷ്ണ.
മുത്തു പവിഴങ്ങളെന്നിവകൊണ്ടുള്ള
മാലതൻ ഭംഗിയും കാണാകേണം കൃഷ്ണ.
ആലിലയ്ക്കൊത്തൊരുദരത്തിലുള്ളോരു
രോമാളിഭംഗിയും കാണാകേണം കൃഷ്ണ.
പീതമാം പട്ടുടത്തെയും ഭംഗിയിൽ
കാഞ്ചിയും കെട്ടീട്ട് കാണാകേണം കൃഷ്ണ.
ആനതൻ തുമ്പിയെപ്പോലിരിക്കുന്നൊരു
ഊരുക്കൾശോഭയും കാണാകേണം കൃഷ്ണ.
ചെപ്പെന്നു തോന്നുന്ന ജാനുക്കൾ ജംഘയും
കണ്ണിന്നു നേരിട്ട് കാണാകേണം കൃഷ്ണ.
ചിത്തത്തിനാനന്ദം നല്കുന്നൊരൊച്ചയാം
കാൽച്ചിലമ്പങ്ങനെ കാണാകേണം കൃഷ്ണ.
ആമപ്പുറത്തോടൊത്തുള്ള പാദങ്ങൾ
ഭംഗിയായങ്ങനെ കാണാകേണം കൃഷ്ണ.
ചന്ദ്രികയായുള്ള രത്നനഖങ്ങളെ
അംഗുലി പത്തിലും കാണാകേണം കൃഷ്ണ.
ഭക്തന്മാരർപ്പിച്ച പുഷ്പങ്ങൾ കൊണ്ടേറം
ശോഭിച്ച പാദങ്ങൾ കാണാകേണം കൃഷ്ണ.

കാർകൊണ്ട മേഘത്തിൻ വർണ്ണമായുള്ളോരു
മൂർത്തിയെയെപ്പോഴും കാണാകേണം കൃഷ്ണ.
കേശാദിപാദവും പാദാദികേശവും
ചിത്തത്തിലെപ്പോഴും കാണാകേണം കൃഷ്ണ.

## ൨. കൃഷ്ണാനമോസ്തുതേ *

കണ്ടിടേണമിക്കണ്ണുകളിലെപ്പോഴും മണ്ടി മണ്ടി നടക്കുന്ന കൃഷ്ണനെ
രണ്ടുകൈയിലും വെണ്ണയും കൈക്കൊണ്ടു കൊണ്ടൽനേർവർണ്ണ
കൃഷ്ണാ നമോസ്തുതേ.
കാളമേഘനിറംകലർന്നീടുന്ന കോമളാകൃതി പൂണ്ട തിരുമേനി
മേളമോടെന്റെ മുമ്പിൽ വിളങ്ങണം കേളിനായകാ കൃഷ്ണാ നമോ......
കിങ്ങിണിവളയെന്നിവ ചാർത്തീട്ടു പങ്ങാതിമാരോടൊന്നിച്ചുമേളിച്ച്
ഇങ്ങുവന്നെന്നരികത്തു കാണണം കഞ്ജലോചന കൃഷ്ണാ നമോ......
കീഴിലുള്ള ദുരിതങ്ങൾ നീങ്ങുവാൻ കൊഴ്കൂടാതെ കൃഷ്ണൻതിരുവടി
ആഴിമാതിനോടൊന്നിച്ചുകാണണം നാഴികതോറും കൃഷ്ണാ നമോ......
കന്നു പണ്ടു കടയായ്പിടിച്ചതും കന്നുകാളയും ഗോപാലരെല്ലാം
നന്നായ്ക്കളിച്ചുനില്പതും കാണണം നന്ദനന്ദനാ കൃഷ്ണാ നമോ......
കൂട്ടമേറുന്ന ഗോക്കളോടൊന്നിച്ചു വാട്ടമെന്നിയേ ഗോപീജനത്തോടും
കാട്ടിലാശു നടപ്പതും കാണണം കോട്ടമെന്നിയേ കൃഷ്ണാ നമോ......
കെല്പേറുന്നൊരു കാളിയൻതന്നുടെ ദർപ്പമെല്ലാമടക്കിക്കളവാനായ്
ചില്പമായ്ചെയ്ത നൃത്തത്തെക്കാണണം ചില്പുരുഷനാം കൃഷ്ണാ നമോ......
കേളികൈക്കൊണ്ടു പൂതനതന്നുടെ കാളകൂടം പുരണ്ട മുലരണ്ടും
മേളമോടേ കുടിപ്പതും കാണണം കേളിനായകാ കൃഷ്ണാ നമോ......
കൈടഭാരേ! നീ ഗോപീഗൃഹങ്ങളിൽ പേടമാൻമിഴിമാരറിയാതുടൻ
പാടവെണ്ണ കവർന്നതും കാണണം ആടൽകൂടാതെ കൃഷ്ണാ നമോ......
കൊഞ്ചലോടെ നിൻ മാതാവു തന്നെയും വഞ്ചനചെയ്തു ഗോരസ
മൊക്കെയും
വഞ്ചിച്ചാശു കുടിപ്പതുംകാണണം പുഞ്ചിരിമുഖം കൃഷ്ണാ നമോ... ..
കോലും കൈക്കൊണ്ടു ഗോക്കളോടൊന്നിച്ചു നീലക്കണ്ണ! നീ
കാനനംതന്നിലെ
ലീലയോടെ നടപ്പതും കാണണം നീലകാർവർണ്ണ കൃഷ്ണാ നമോ......

* കർത്താവു് ആരാണെന്നു് അറിയുന്നില്ല. കോട്ടയത്തു് ഒളശയിലെ പ്രതിഷ്ഠാമൂർത്തിയായ ചക്രപാണിയെയാണു് സ്തുതിച്ചിരിക്കുന്നതു്.

കൗരവകുലമൊക്കെ മുടിപ്പാനായ് കാരുണ്യത്തോടു വന്നുപിറന്നൊരു
കാരണഭൂതനാം കൃഷ്ണനെ കാണണം നേരമെൻമുമ്പിൽ കൃഷ്ണാ നമോ...
കംസനെക്കൊന്നു ലോകത്തെ രക്ഷിപ്പാൻ വാസുദേവൻ യദുകുലം തന്നിലെ
കൃഷ്ണനായിപ്പിറന്നതു കാണണം ജിഷ്ണുസേവിതാ കൃഷ്ണാ നമോ......
കണ്ടുകൊള്ളണം നാഥനുജനെ ഇങ്ങനെതന്നെ പ്രാണാവസാനത്തിൽ
തൃക്കാൽ രണ്ടുമൊഴിഞ്ഞില്ലൊരാശ്രയം അക്രൂരപ്രിയ നിത്യം നമോ......
ചക്രപാണിയൊരുമയിൽമേവിടും ശത്രുസംഹാരമൂർത്തേ! ജഗന്നാഥ!
സത്യസന്ധസനൽക്കുമാരപ്രിയ നിത്യം പാലിക്ക കൃഷ്ണാ നമോസ്തുതേ.

## 3 തിരുവാറന്മുളേശസ്തവം. *

അറിവാനരുതാത്ത മറിമായം പൊറുവാനരുതേ തിരുവാറ്റാ
കരുണാകരനാം നിൻകൃപയെന്യേ ശരണം നഹി മമ നാരായണ ജയ.
ആരാട്ടും ജ്ഞാനപരാധം കാരുണ്യപൂരമേ ചെയ്തില്ലേ
മാരണമാദികളാകിയ ദോഷം തീരണമച്യുതാ നാരായണ ജയ.
ഇങ്ങനെ വരുമെന്നൊരു നാളും എന്റെ മനതാരിൽ നിനച്ചില്ലേ
മംഗളമൂർത്തേ വിപ്പത്തിനകറ്റുക നന്ദതനൂജാ! നാരായണ ജയ.
ഈവണ്ണം വരുംപാടും രോഗവുമൊക്കെയൊഴിപ്പാനായ്
നീയേ ഗതിയെന്നല്ലാതെ മററില്ലാധാരം നാരായണ ജയ.
ഉററവരായിട്ടുള്ളോരും മററു പെണ്ണുങ്ങളുമായോരും
പൂരമിരിക്കിലുമെന്നുടെ ദുരിതം മാററാമോ? ഹരി നാരായണ ജയ.
ഊററമതായൊരു ദീപ്രദോഷം മാററാവല്ലിതു കരുണാബ്ധേ!
പോററീ നിൻകൃപകൊണ്ടിതു മാററിപ്പോററേണം ഹരിനാരായണ...
എള്ളിലെണ്ണകണക്കെതാനുള്ള ചരാചരങ്ങൾക്കും
ഉള്ളിൽവിളങ്ങുക നാഥനതെങ്കിൽ ഉള്ളിൽ വിളങ്ങുക നാരായണജയ.
ഏതാനും ജ്ഞാനപരാധം ഘോരമതേ ചെയ്തോരെങ്കിൽ
പാപാദികളാൽ രോഗമകററുക നാഥ നമസ്തേ നാരായണ ജയ.
ഐശ്വര്യമെനിക്ക വരുത്താതെ ഐഹികസുഖമതുമഖിലേശ!
കൈവല്യമിതിന്നിഹ വിനാശേ ഏകവരണം മമ നാരായണ ജയ.
ഒപ്പു ശേവധിയുള്ളവനാം പങ്കജസംഭവനാദികളും
തൻകൃപയുണ്ടെന്നാകിലവർക്കൊരു സങ്കടമെന്തിനു നാരായണ ജയ.

* ഇതിന്റെ കർത്താവ് ആറന്മുള ഭട്ടതിരിമാരിൽ ഒരാളാണെന്ന പറയപ്പെടുന്നു.

മാതാവല്ലിയൊ നിൻ ചരിതം വേധാവിനും വഴിപോലെ
ദേഹവിനാശേ തവ നാമങ്ങളെയോതാകേണം നാരായണ ജയ.
ഔഷധവീൎയ്യമിതോൎക്കുമ്പോളൗഷധിയായതു താൻതന്നെ
ഔഷധിയെന്തിനു കരുണസുധാമൗഷധിയാക്കുക നാരായണ ജയ.
അംഭോജായതലോചനനേ! അംബുജസംഭവവന്ദിതനേ
നിൻകൃപകൊണ്ടിനിയെന്നുടെ രിപുജനസംഗമകററുക നാരായണ ..
അരുണാരുണസമചരണയുഗം താനേ മറെറാരു ഗതിയില്ല
തിരുവാറന്മുളെ വാഴും നാഥാ! നാഥ നമസ്തേ നാരായണ ജയ.

## 4 ഒരു വേദാന്തകീൎത്തനം.

കരളിൽ വിവേകംകൂടാതെകണ്ടൊരുനിമിഷം ബത കളയരുതാരും
മരണം വരുമിനിയെന്നു നിനച്ചിഹ കരുതുക സതതം നാരായണ ജയ.
കാണുന്നു ചിലർ പലതുമുപായം കാണുന്നില്ല മരിക്കുമിതെന്നു്
കാൺകിലുമൊരുനൂററാണ്ടിനകത്തില്ലെന്നുകരുതു നാരായണജയ.
കിമപി വിചാരിച്ചീടുകിൽ മാനുഷജന്മം വേണം മുക്തിവരേണ്ടുകിൽ
കൃമിജന്മത്തിലുമെളുതായ്‌വരുമോ വിഷയസുഖം ബത! നാരായണ ജയ.
കീഴിൽ ചെയ്ത ശുഭാശുഭകൎമ്മം മേലിൽ സുഖദുഃഖത്തിനു കാരണം
സുഖമൊരു ദുഃഖം കൂടാതെകണ്ടൊരുവനുമുണ്ടോ നാരായണ ജയ.
കനകം പോലെ ധനമുണ്ടാകിലുമിന്ദ്രസമനായ് വാണീടുകിലും
ഞെരിയാടുവതിന്നിട കിട്ടായ്‌വന്നാൽ യമഭടർ നാരായണ ജയ.
കൂപേ വീണെഴുന്നതുപോലെ ദേഹേ വീണെഴുന്ന ജനാനാം
ഉപൽഗണമകലേണ്ടുകിൽ മുനിജനവാക്യങ്ങൾ പറയാം നാരാ ...
കെട്ടുകളായതു കൎമ്മം പുരുഷനു കെട്ടുകളറ്റേ മുക്തിവരൂ ധ്രുവം
കെട്ടുകളും ബത കൎത്തൃത്വം തീരും കെട്ടായിനിയും നാരായണജയ.
കൎമ്മങ്ങളുമെല്ലാതായുണ്ടൊരഹന്ത്യം ദുഷ്കൃതവും നിജസുകൃതവുമെല്ലാം
കാൎയ്യമൽ നമസ്കൃതിചെയ്തു മുകുന്ദനിലാക്കുക സതതം നാരായണ ജയ.
കൈയിൽ വരുന്നതുകൊണ്ടു ദിനങ്ങൾ കഴിക്കുക ഫലം പുനരിച്ഛിക്കൊല്ലാ
കൈവശമാകിലുമിന്ദ്രന്റെ പദമെന്തിനു ദുഃഖം നാരായണ ജയ.
കൊടിയ തപസ്സുകൾ ചെയ്തോരോഫലമിച്ഛിച്ചീടുകിൽ മുക്തിവരാ ധ്രുവം.
അടിമലർ തൊഴുകിലൊരിച്ഛാഹീനം മുക്തന്മാരവർ നാരായണ ജയ.
കോപംകൊണ്ടു ഹനിക്കരുതാരും ഭഗവന്മയമെന്നോൎക്ക സമസ്തം
ഭഗവൽഗുണകഥനങ്ങളൊഴിഞ്ഞിട്ടൊരുവനുമുണ്ടോ നാരായണ ജയ

കൗതുകമൊന്നിലുമില്ലിനി മഹത്താം ഭഗവൽഭക്തന്മാരൊട്ടുകൂടി
അടിമലർ തൊഴുകിലൊരിപ്പോഴീനം മുക്തിവരുംമേൽ നാരായണ...
കരുണാകരനാം ശ്രീനാരായണനരുളീടുന്നില്ല സായൂജ്യത്തെ
ഒരു ഫലമുണ്ടോ പതിനായിരമുരു ചത്തുപിറന്നാൽ നാരായണ ജയ.
ബഹുജന്മാർജ്ജിതകർമ്മവിശേഷാൽ തിരുമുൽക്കാഴ്ച നിനക്കിഹ വച്ചേൻ
ജനിമരണങ്ങളെനിക്കിനിവരണോ പരിപാലയ മാം നാരായണ ജയ.

## 5. ഒരു അദ്വൈതകീർത്തനം.

നിഷ്കള നിശ്ചല നിർമ്മല നിരുപമ നിഷ്ക്രിയ നിരഹങ്കാര നിരാശ്രയ
നിർഗ്ഗുണ നിത്യ നിരാകുലമാത്മക നിത്യം മമ ഹൃദി നാരായണ ജയ.
സ്തോതൃസ്തുത്യസ്തോത്രസ്തുതിമയ നാഥ പരാപര പരമവിഭോ ജയ
ഭവതോവാരിധിമദ്ധ്യേ വിലസുക നാഗാംബുജമിഹ നാരായണ ജയ.
നിൻ മറിമായം തെരിയാഞ്ഞനിശം ഭ്രാന്തന്മാരികളുഴന്നീടുന്നു.
തന്മയ ചിന്മയ നാഥ ജഗന്മയ നന്മവരുത്തുക നാരായണ ജയ.
ദ്വൈതാദ്വൈതം പുനരേകമനേകം തത്വജ്ഞാനമനന്താനന്ദം
സത്താമാത്രസ്വരൂപമബോധം ഭക്ത്യാ വന്ദേ നാരായണ ജയ.
പ്രകൃതിവിലാസംകൊണ്ടു ജനൗഘം വികൃതികളാർന്നു വലഞ്ഞീടുന്നു
സുകൃതികളുള്ളിലുണർന്നു വിളങ്ങിയ സുഖമയ വന്ദേ നാരായണ ജയ.
ഗ്രന്ഥംതന്നെപഠിച്ചറിവതിനെളുതും മൂഢതകൊണ്ടെളുതല്ലാ മേ
കൃപാഘനനേ വിലസീടുന്നില്ല നാഥനിതാഹിത! ഹരിനാരായണ ജയ.
കായാപായം വരുമൊരുനേരം മായാമോഹംകൊണ്ടുഴലാതെ
നീയാകേണം ജ്ഞാനമിലേശവും മായാബാധം നാരായണ ജയ.
ഞാനെന്നും പുനർ നീയെന്നും താൻ ജ്ഞാനവിഹീനം പറയുന്നതിനാൽ
നാനാജനനപരിഹാസ്യതമായേനാനന്ദാകര! നാരായണ ജയ.
രണ്ടായ് നിന്നൊരകാരണ പകുതങ്ങളുകൊണ്ടെന്നെ ഞാനെന്നു പറഞ്ഞു;
രണ്ടെന്നതായതൊന്നൊന്നതിലതിനെക്കണ്ടാവൂ ഞാൻ നാരായണ ജയ.
ആറായീടും നിലകളെ കടന്നാൽ മേലേ പതിനഞ്ചാം നിലതന്നിൽ
സാധാരണമായ് നിന്നിടും നീയാധാരപ്പൊരുൾ നാരായണ ജയ.
തൽപദപൊരുളും ത്വംപദപൊരുളും വ്യുൽപന്നന്മാർക്കറിയരുതേലും
തൽപരമാനന്ദാമലപ്രായം ഞാൻ കല്പിക്കേണ്ട നാരായണ ജയ.
ഞാനും നേരമിതെന്നു കഴിഞ്ഞിട്ടെന്നൊന്നുമറിഞ്ഞീടാതെ
മാതീടുന്നു മുനികളുമനിശം നാദാന്തസ്ഥിതി നാരായണ ജയ.
ആരൂഢന്മാരമരാതന്മാർപോലാത്തം കണ്ടിലതൊട്ടു മുഴുവൻ
മാരമാരകനാകുംഅവരവർ തൊഴുതാരാധകരൊന്നോരോന്നായ് നാരായണ ജയ.

ആരെന്നെന്നും ചിലരാരെന്നും ചിലരന്യംകേവലമില്ലെന്നും ചിലർ
അഞ്ചിന്നേകമധിഷ്ഠാനം നീ നെഞ്ചിൽവസിപ്പതു നാരായണ ജയ.
ഉണ്മയൊന്നല്ലിവയൊന്നും പാർത്താലില്ലാതൊന്നല്ലെന്നും ഞാനും
ചൊല്ലാവൊന്നല്ലിതു പുനരെന്നേ ചൊല്ലാവൂ മമ നാരായണ ജയ.
ഊന്നായീടിന വേദം നാലും മൂന്നക്ഷരമിതിനുള്ളിലൊളിച്ചതു
മൂന്നുംകൂടീട്ടൊന്നായ്നിന്നതു ഞാനാകേണം നാരായണ ജയ.
എള്ളിൽനിറഞ്ഞഴുമെണ്ണകണക്കെയുള്ളിൽനിറഞ്ഞജഗത്തുവിശേഷാൽ
കള്ളമൊഴിഞ്ഞു വിളങ്ങിന നീതാനുള്ളിലുണർന്നരുൾ നാരായണ ജയ.
അവ്യക്തം പരമവ്യയമമലം സുവ്യക്തം സ്വപ്രബോധമഗാധം
നിഷ്പ്രാപാരമപാരം പരമിദമവ്യാമനിശം നാരായണ ജയ.
തത്ത്വമറിഞ്ഞുപദേശംചെയ്വാനുത്തമനായൊരു ദേശികനൊരുനാൾ
എത്തീട്ടകിലതു തിരുവടിയത്രേ തത്വനിധേ ഹരി നാരായണ ജയ.
പണ്ടുവിനെയുമൊന്നൊഴികിയകർമ്മംനിശിനിശിയായ്ചെയ്യുന്നോരുപൊരുളും
പണ്ടുസമമായ് മായത്തിരചൊന്നോരശനത്തിൽ ഹരി നാരായണ ജയ.
ഇരുപത്തഞ്ചാ മുപ്പത്താറോ കരുതീട്ടപ്പോൾ തൊണ്ണൂറാറോ
ഉരചെയ്യുന്നു നിന്നെക്കൊണ്ടു തിരിയാ മഹിമ നാരായണ ജയ.
നാരബ്രഹ്മാണ്ഡത്തിലപ്രാണികളിലയനത്തെ പുനരെന്നിട്ടതു
നാരായണനെന്നല്ലോ നാമം നാരദനാദികൾ നാരായണ ജയ.
കർമ്മാകർമ്മവികർമ്മവ്യതിരേകോ ധർമ്മാധർമ്മവ്യതിയനത്തെയും
ജന്മവിനാശമെനിക്കരുതല്ലതു കന്മഷനാശന, നാരായണ ജയ.
സ്ഥാവരജംഗമജാതികളകമേ വാരാശിയിനകരബിംബംപോലെ
കേവലനായി വിളങ്ങിന നിന്നെക്കാണാകേണം നാരായണ ജയ.
പ്രകൃതിയുമഴകിയ പുരുഷനുമുള്ളൊരു വകഭേദം പുനരില്ലാതെ
ഭഗവൽപ്രിയജനമുരചെയ്യുന്നോരകമേ വിലസുക നാരായണ ജയ.
പരമാത്മാവു പരബ്രഹ്മം ഖലു പരമാനന്ദമനന്തമരൂപം
ഉരചെയ്യുന്നു നിന്നെക്കൊണ്ടിതി തിരിയാ മഹിമ നാരായണ ജയ.
അകവും പുറവും മേലും കീഴും പകലും രാവും ബഹുവിധമത്രേ
ഭഗവാനുള്ളിലുപരം പാർത്താലചകാരം നാഥ നാരായണ ജയ.

വിശ്വനാഥ പരാപര പരമാത്മനാഥ നമോ നമഃ
അഖിലനാഥ നമോനമോ ഹരിശങ്കരായ നമോ നമഃ
ദേവദേവ നമോ നമോ ഹരിശങ്കരായ നമോ നമഃ
പാർവ്വതീശ പരാപര പരമേശ്വരായ നമോ നമഃ.

# വില്വമംഗലത്തു സ്വാമിയാർ.

(ഉള്ളൂർ)

"വില്വമംഗലത്തു സ്വാമിയാരന്മാർ എത്രപേരുണ്ടു്? ഒന്നോ, മൂന്നോ, അനേകമോ? അവർ ഏതു കാലദേശങ്ങളിൽ ജീവിച്ചിരുന്നു? അവരുടെ പ്രബന്ധങ്ങൾ ഏതെല്ലാം?" ഇങ്ങനെയുള്ള പല പ്രശ്നങ്ങൾ സാഹിത്യചരിത്രലോകത്തിൽ ഗവേഷകന്മാരെ അഭിമുഖീകരിക്കുന്നുണ്ടു്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്കു് ഇതുവരെ എനിക്കു ലഭിച്ചിട്ടുള്ള അറിവുകളെ ആസ്പദമാക്കി ഉത്തരം പറവാനാണു് ഞാൻ ഈ ഉപന്യാസദ്വാരാ ഉദ്യമിക്കുന്നതു്.

'വില്വമംഗലത്തു സ്വാമിയാർ' എന്ന പേരിൽ മൂന്നു മഹാന്മാർ കേരളത്തിൽ ജീവിച്ചിരുന്നു എന്നും, അവരിൽ ഒന്നാമത്തെ വില്വമംഗലത്തിന്റെ കാലം ക്രി: പി: ഒൻപതാംശതകവും രണ്ടാമന്റേതു് പതിമൂന്നാം ശതകത്തോടടുത്തും ആണെന്നും, അവർ യഥാക്രമം സുപ്രസിദ്ധമായ ശ്രീകൃഷ്ണകർണ്ണാമൃതസ്തോത്രവും ശ്രീചിഹ്നം അഥവാ ഗോവിന്ദാഭിഷേകം എന്ന പ്രാകൃതകാവ്യവും നിർമ്മിച്ചു എന്നും, കൃഷ്ണനാട്ടം രചിച്ച കോഴിക്കോട്ടു മാനവേദൻരാജാവിന്റെ സമകാലികനായ മൂന്നാമത്തെ വില്വമംഗലം ക്രി: പി: പതിനേഴാം ശതകത്തിന്റെ മദ്ധ്യത്തിൽ ജീവിച്ചു എന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. വൃന്ദാവനവാസിയായ ഒരു മുനിയിൽനിന്നു മേല്പുത്തൂർ നാരായണഭട്ടതിരിയുടെ പുരസ്കർത്താവായ അമ്പലപ്പുഴ ചെമ്പകശ്ശേരി പൂരാടം തിരുനാൾ രാജാവിനു ശ്രീകൃഷ്ണപരമായ ഏതോ ഒരു ഉപദേശം സിദ്ധിച്ചതായി ആ മഹാകവി പ്രക്രിയാസർവ്വസ്വത്തിന്റെ ആരംഭത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

"യോ വൃന്ദാവനവാസിനോ നിയമിനസ്സാക്ഷാത്കൃതാധോക്ഷജാ-
ച്ഛിഷ്ട് പ്രാപ ലഘു നാരദാൽ ധ്രുവ ഇവ പ്രാഗ്ഗോപോപദേശം പരം
യസ്യാപാസ്തസമസ്തവസ്തുകതുകം കൃഷ്ണാവതാരോത്സവ-
ക്രീഡാകൌതുകി മാനസം വിജയതേ, സോയം മഹാത്മാ നൃപഃ"

എന്ന പ്രസ്തുത പദ്യം വായനക്കാർക്കു് അശ്രുതപൂർവ്വമല്ലല്ലോ. ആ മുനി മൂന്നാമത്തെ വില്വമംഗലമായിരുന്നു എന്നും, അദ്ദേഹം ക്രി: പി: പതിന

൭ാം ശതകത്തിന്റെ ആരംഭത്തിൽ ജീവിച്ചിരുന്നതായി ഗണിക്കാമെന്നു്, ചിലർ ഊഹിക്കുന്നു. ഇവർക്കെല്ലാംപുറമെ 'കേരളാചാരദീപിക' എന്ന ഗ്രന്ഥത്തിന്റെ പ്രണേതാവായും ഒരു വില്വമംഗലത്തെ നാം കണ്ടുമുട്ടുന്നു. ഇവരെ യഥാക്രമം നാലാമത്തെയും അഞ്ചാമത്തെയും വില്വമംഗലങ്ങളായി വിചാരിക്കാം. എന്താണു് ഈ അഞ്ചുപേരിൽ ഓരോരുത്തരുടെയും നില എന്നു പരിശോധിക്കുന്നതു വിജ്ഞാനപ്രദവും വിനോദകരവുമായിരിക്കും.

അഞ്ചാമത്തെ വില്വമംഗലത്തിന്റെ കഥ ആദ്യമായി കഴിക്കാമെന്നു് ഉദ്ദേശിക്കുന്നു. കേരളാചാരദീപികയുടെ പീഠികയിൽ താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ കാണുന്നു.

> "വീരകേരളനാമാ തു കോലസ്വരൂപവംശജഃ
> ഏകദാ ഗൃഹമായാതം ദ്രഷ്ടും വില്വമംഗലം
> യതീശ്വരം സമഭ്യർച്ച്യ സമാസീനം വരാസനേ
> പപ്രച്ഛ കേരളാചാരദീപികാം ശുദ്ധിദീപികാം."

വീരകേരളൻ എന്നു പേരോടുകൂടിയ കോലത്തുനാട്ടുതമ്പുരാനു വില്വമംഗലത്തുസ്വാമിയാർ കേരളാചാരങ്ങളെയും കേരളക്ഷേത്രങ്ങളിലെ ഉപാസനാഭേദങ്ങളെയുംപറ്റി ചെയ്യുന്ന ഉപദേശമാണു് പ്രതിപാദ്യവസ്തു. "ഇതി വില്വമംഗലയോഗീശ്വരവിരചിതായാം കേരളാചാരദീപികായാം" എന്നു് ഒന്നാമധ്യായത്തിന്റെയും അറുപത്തെട്ടാമധ്യായത്തിന്റെയും ഒടുവിൽ ഒരു കുറിപ്പും കാണുന്നുണ്ടു്. വീരകേരളന്റെ കാലമതെന്നു ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടില്ല; എന്നാൽ തിരുവിതാംകൂർ രാജ്യം ക്രി: പി: 1810 മുതൽ1815 വരെ ഭരിച്ച റാണിഗൌരിലക്ഷ്മീബായിതമ്പുരാട്ടിയെപ്പറ്റി പ്രത്യേകം ഉപന്യസിച്ചിട്ടുണ്ടു്.

> "ഗൌരീലക്ഷ്മീമഹാരാജ്ഞീ സ്വസാ തസ്യ മഹീക്ഷിതഃ
> പാലയാമാസ വസുധാം ധർമ്മജ്ഞാ ധർമ്മവർദ്ധിനീ.
> ഏവം വഞ്ചിമഹീപാലാഃ പാലയിഷ്യന്തി മേദിനീം
> നീതിമാർഗ്ഗൈകകുശലാസ്സർവ്വേ ധർമ്മപരായണാഃ"

എന്ന ശ്ലോകങ്ങളിൽനിന്നു് ക്രി: പി: 1810—നും 1815—നും ഇടയ്ക്കാണു് പ്രസ്തുത പ്രബന്ധത്തിന്റെ രചന എന്നു് ഊഹിക്കുവാൻ തടവുമില്ല. 'റാണിമഹാരാജാവു്' എന്നു തിരുവിതാംകൂറിലെ മഹാരാജ്ഞിമാരെപ്പറ്റി പറയാറുണ്ടു്; ആ ശൈലിയെയാണു് 'ഗൌരീലക്ഷ്മീമഹാരാജ്ഞീ,

എന്ന പദത്തിൽ കവി അംഗീകരിച്ചിരിക്കുന്നതു്. 'വൃദ്ധിധർമ്മവർദ്ധിനി' എന്നും നാട്ടുവാഴുന്ന തിരുവിതാംകൂർരാജ്ഞിമാർക്കു ബിരുദമുണ്ടു്. അതിലെ ധർമ്മവർദ്ധിനീപദമാണു് മുകളിൽ കാണുന്നതു്" എന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ക്രി: പി: പതിന്നാലാംശതകത്തിന്റെ ആരംഭത്തിൽപോലും ഒരു വില്വമംഗലം ജീവിച്ചിരുന്നു എന്നു് ആർക്കും വാദമില്ലാത്തതിനാൽ കേരളാചാരദീപികാകാരൻ തന്റെ ഗ്രന്ഥത്തിനു് ഒരു പുരാണത്വം വരുത്തുവാൻവേണ്ടിയാണു് വില്വമംഗലത്തുസ്വാമിയാരുടെ പേർ വലിച്ചിഴച്ചുകൊണ്ടുവന്നിട്ടുള്ളതു് എന്നു വിമർശകന്മാർക്കു സംശയംകൂടാതെ സ്ഥാപിക്കാവുന്നതാണു്. ആ വില്വമംഗലം, അങ്ങനെ അന്തർദ്ധാനം ചെയ്യട്ടെ.

ഇനി ഒന്നാമത്തേയും രണ്ടാമത്തേയും വില്വമംഗലങ്ങളെപ്പററി ചിന്തിക്കാം. വില്വമംഗലത്തു സ്വാമിയാർക്കു കൃഷ്ണലീലാശുകൻ എന്നൊരു ബിരുദനാമമുണ്ടു്. ശ്രീകൃഷ്ണകർണ്ണാമൃതം പ്രഥമാശ്വാസത്തിൽ അദ്ദേഹംതന്നെ,

"ഈശാനദേവചരണാഭരണേന നീവീ-
ദാമോദരസ്ഥിരയശസ്തബകോൽഗമേന
ലീലാശുകേന രചിതം തവ ദേവ! കൃഷ്ണ-
കർണ്ണാമൃതം വഹതു കല്പശതാന്തരേപി"

എന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ പദ്യത്തിൽനിന്നു ലീലാശുകന്റെ മാതാവു നീലിയും പിതാവു ദാമോദരനും ഗുരുക്കന്മാരിൽ ഒരാൾ ഈശാനദേവനുമാണെന്നു തെളിയുന്നു. സോമഗിരി എന്ന മറെറാരു ഗുരുവിനെപ്പററിയും,

"ചിന്താമണിർജ്ജയതി സോമഗിരിർഗ്ഗുരുർമ്മേ
ശിക്ഷാഗുരുശ്ച ഭഗവാൻ ശിഖിപിഞ്ഛമൗലിഃ
യൽപാദകല്പതരുപല്ലവശേഖരേഷു
ലീലാസ്വയംവരരസം ലഭതേ ജയശ്രീഃ"

എന്ന മംഗലാചരണപദ്യത്തിൽ കവി സ്മരിക്കുന്നു. ഈ ശ്ലോകം വ്യാഖ്യാനിക്കുമ്പോൾ രാമചന്ദ്രബുധേന്ദ്രൻ അദ്ദേഹത്തിന്റെ ഭഗവദ്ഭക്തിരസായനവ്യാഖ്യയിൽ "അഥ ഖലു ഭഗവാൻ സകലകലാകലാപവാഗ്വിലാസവാചസ്പതിർഭഗവദ്ഭക്താഗ്രഗണ്യഃ കൃഷ്ണലീലാശുകമുനിർന്നാമ മഹാകവിഃ * * * * മേ മമ ഗുരുഃ ഹിതോപദേശികാ ചിന്താമണിർമ്മേ; പൂർവ്വം സ്ത്രൈണനിർവേദോപാദകതാ കാചിദ്വാരാംഗനാ

ജയതി സൎവ്വോൽകൎഷേണ വൎത്തതേ; അഥവാ ചിന്താമണിരിതി സോമഗിരേൎവ്വിശേഷണം; ചിന്താമണിവദഭീഷ്ടപ്രദാതൃത്വാൽ; ചിന്താമണിൎമ്മേ ഗുരുഃ, മഹാവാക്യോപദേഷ്ടാ * * * ഗുരുസമ്പ്രദായപ്രവൎത്തകഃ പരമഹംസപരിവ്രാജകാചാൎയ്യസ്സോപി ജയതി" എന്നു വിവരിക്കുന്നു. ആന്ധ്രദേശീയനായ പാപയല്ലയസൂരി അദ്ദേഹത്തിന്റെ സുവൎണ്ണചഷകവ്യാഖ്യയിൽ, "ചിന്താമണിൎന്നാമ മന്ത്രവിശേഷോ യച്ചിന്തനവശാൽ കൃതാൎത്ഥോഭൂൽ കവിഃ.....യദ്വാ ചിന്താമണിരിതി കശ്ചിദ്യോഗീ, യത്സന്നിധാനേ കവിനാ യോഗാഭ്യാസഃ കൃതഃ; യദ്വാ ചിന്താമണിരിതി ശ്രീകാകളേശ്വരാനുഗ്രഹവശാന്നിൎമ്മലാന്തരംഗാ കാചിദ്വാരവനിതാ; യദ്വാ ചിന്താമണിരിതി സോമഗിരേൎവ്വിശേഷണം; അസ്മിൻ പക്ഷേ ചിന്താമണിവദഭീഷ്ടാൎത്ഥപ്രദാ സോമഗിരിൎന്നാമ കാചിദ്വാരവനിതാ; യദ്വാ ഉക്തവിശേഷണവിശിഷ്ടഃ സോമഗിരിൎന്നാമ മഹാവാക്യോപദേഷ്ടാ ഗുരുസ്സമ്പ്രദായപ്രവൎത്തകശ്ച മേ ഗുരുൎജ്ജയതി" എന്നുപന്യസിക്കുന്നു. ചിന്താമണി ഒരു വേശ്യയുടെയും സോമഗിരി ഒരു ബ്രാഹ്മണന്റെയും പേരാണെന്ന് വെളിവല്ലോ.

ഭക്തമാലയിൽ കാണുന്ന കഥ താഴെ സംഗ്രഹിച്ചുകൊള്ളുന്നു. ചിന്താമണി വില്വമംഗലത്തിന്റെ വെപ്പാട്ടിയായ ഒരു ദാസിയായിരുന്നു; വില്വമംഗലം കൃഷ്ണാനദിയുടെ ഒരു കരയിലും ചിന്താമണി മറുകരയിലും താമസിച്ചുവന്നു. തന്റെ അച്ഛന്റെ ചാത്തമാകയാൽ ഒരു ദിവസം അദ്ദേഹത്തിന് അവളെ വിട്ടു സ്വഗൃഹത്തിൽ പോരേണ്ടിവന്നു. അന്നു ദാസീഗൃഹത്തിൽ പോകുകയില്ലെന്നായിരുന്നു ആദ്യത്തെ നിശ്ചയമെങ്കിലും, രാത്രിയായപ്പോൾ കാമോന്മാദം സഹിക്കവയ്യാതെ, മിന്നലും ഇടിയും മഴയും കൂട്ടാക്കാതെ, പുഴകടന്ന് എങ്ങനെയെങ്കിലും ചിന്താമണിയുടെ മുന്നിൽ ചാടിവീഴണമെന്ന് ആ വേശ്യാലമ്പടൻ തീൎച്ചയാക്കി. അതിവൎഷത്തിൽ ഒഴുകിവരുന്ന ഒരു ശവശരീരത്തെ തോണിയെന്നു സങ്കല്പിച്ച് അതിൽ പാറിപ്പിടിച്ചിരുന്നു പുഴയുടെ മറുകരയിൽ എത്തി. തന്റെ കാമുകൻ വരികയില്ലെന്നറിവുണ്ടായിരുന്ന ദാസി വെളിയിലത്തെ കതക് അടച്ചിരുന്നു. കാമുകനാകട്ടെ ചുവരിൽ തൂങ്ങിക്കിടന്നിരുന്ന ഒരു സൎപ്പത്തെക്കയറാണെന്നു ഭ്രമിച്ച് അതിൽപിടിച്ചുകയറി അകത്തെമുറ്റം കടന്നുകൂടി. ചിന്താമണി അദ്ദേഹത്തിന്റെ ആഗമനത്തിൽ ആശ്ചൎയ്യപ്പെട്ടു വെളിയിൽ ചെന്നു നോക്കിയപ്പോൾ അദ്ദേഹത്തെ നയിച്ച വാഹനങ്ങൾ ശവവും സൎപ്പവുമാണെന്നു മനസ്സിലാക്കി അവയെ കാണിച്ചുകൊടുക്കുകയും അത്തരത്തി

ളുള്ള അത്യുൽകടമായ പ്രേമം സാക്ഷാൽ ജഗദീശ്വരന്റെ നേർക്കായിരുന്നാൽ എത്രനന്നായിരുന്നിരിക്കുമെന്നു ചോദിക്കുകയും ചെയ്തു. വില്വമങ്ഗലം അതുകേട്ട് അവളോട് "ഇന്നുമുതൽ നീ എനിക്കു ആചാര്യയും അമ്മയുമാണ്; ഞാൻ നിന്നെ നമസ്കരിക്കുന്നു" എന്നു പറഞ്ഞ് അവിടം വിട്ടുപോയി. ആ പുഴക്കരയിൽ സോമഗിരി എന്ന ബ്രാഹ്മണൻ വാനപ്രസ്ഥാശ്രമം സ്വീകരിച്ചു തപസ്സുചെയ്തുകൊണ്ടിരുന്നു. അദ്ദേഹത്തിൽനിന്നു ശ്രീകൃഷ്ണമന്ത്രോപദേശം സ്വീകരിച്ചു നിമിഷംമുതൽ വില്വമംഗലത്തിന് ആ ദേവനെ കാണണമെന്ന് ആഗ്രഹമുണ്ടായി. നർമ്മദാനദീതീരത്തിൽവെച്ച് ഒരിക്കൽ അദ്ദേഹം ശ്രീകൃഷ്ണനെ പ്രാർത്ഥിച്ച് മരിച്ച ഒരു ബ്രാഹ്മണശിശുവിനെ ജീവിപ്പിച്ചു. പിന്നീടു വൃന്ദാവനത്തിലേയ്ക്കുപോയി. അവിടെയും ഒരു വേശ്യയെക്കണ്ടു കാമിക്കുകയും പശ്ചാത്താപത്തിനു വിധേയനായി അവളോടുതന്നെ രണ്ടു സൂചി വാങ്ങിച്ചു തന്റെ കണ്ണുരണ്ടും കുത്തിപ്പൊട്ടിക്കുകയുംചെയ്തു. അന്ധനായ ഭക്തനെ ശ്രീകൃഷ്ണൻ ദിവസംതോറും താൻതന്നെ ദിവ്യാന്നം നല്കി ഉപജീവിപ്പിച്ചു. അപ്രകാരമുള്ള താപസിയായിത്തീർന്നുകഴിഞ്ഞിരുന്ന ചിന്താമണിയും അവിടെ എത്തി. അവർക്കും ഭഗവാൻ അന്നദാതാവായിത്തീർന്നു. രണ്ടുപേരും ഒടുവിൽ കൃഷ്ണസായുജ്യത്തെ പ്രാപിച്ചു.

ഈ കഥയിൽ സത്യാംശം എത്രയുണ്ടെന്നു കണ്ടുപിടിക്കുവാൻ വളരെ പ്രയാസമുണ്ട്. എന്നാൽ രാമചന്ദ്രബുധനും പാപയല്ലയസൂരിയും ഭക്തമാലാകാരനെപ്പോലെതന്നെ ചിന്താമണി വില്വമംഗലത്തിന്റെ വെപ്പാട്ടിയായിരുന്നു എന്നുള്ള ഐതിഹ്യത്തെ പാക്ഷികമായെങ്കിലും അനുവദിക്കുന്നതിൽനിന്ന് അതു കേവലം അസംബന്ധമാണെന്നു വിചാരിക്കുവാൻ പാടില്ലാതെയിരിക്കുന്നു. സോമഗിരിയെപ്പറ്റി യാതൊരറിവും വേറെയില്ല. പാപയല്ലയസൂരിയുടെ 'നീവീദാമോദരേണ' എന്നുള്ള പാരദേശികപാഠം അശുദ്ധംതന്നെ. 'ഈശാനദേവ'പദത്തിനു ശ്രീപരമേശ്വരൻ എന്ന് അദ്ദേഹം അർത്ഥകല്പന ചെയ്യുന്നതും യോജിക്കുന്നില്ല. ഈശാനദേവൻ ലീലാശുകന്റെ ഒരു ഗുരുതന്നെയാണ്. അതു തന്ത്രപദ്ധതി, അഥവാ ഈശാനഗുരുദേവപദ്ധതി എന്നു പറയുന്ന തന്ത്രഗ്രന്ഥത്തിന്റെ പ്രണേതാവായിരിക്കാം. തന്ത്രപദ്ധതിയുടെ അവസാനത്തിൽ: "സമാപ്താ ചേയമീശാനശിവഗുരുദേവസ്യ കൃതിഃ" എന്നൊരു കുറിപ്പുകാണുന്നു. ഈശാനശിവൻ മത്തമയൂരമെന്ന ശൈവമുനിവംശത്തിലെ ഒരംഗമായിരുന്നു എന്നും ആത്രാവർത്തത്തിൽ ധാരാനഗരത്തെ അദ്ദേഹം ആത്മസാന്നിദ്ധ്യംകൊണ്ട് അലങ്കരിച്ചു എന്നും ക്രി: പി: 882-ൽ അദ്ദേ

ഹത്തിന്റെ ശിഷ്യനായ വൈരോചനൻ പ്രതിഷ്ഠാലക്ഷണം എന്ന ഗ്രന്ഥം നിൎമ്മിച്ചു എന്നും പരേതനായ മഹാമഹോപാദ്ധ്യായൻ ഹരപ്രസാദശാസ്ത്രി പ്രസ്താവിച്ചിട്ടുണ്ടു്. മറ്റൊരു ഈശാനശിവൻ തന്ത്രപദ്ധതിക്കു പുറമെ സിദ്ധാന്തസാരമെന്നും ഒരു ഗ്രന്ഥം രചിച്ചു എന്നും അദ്ദേഹം വീരരാജേന്ദ്രൻ എന്നുകൂടി പേരുള്ള തൃതീയകുലോത്തുംഗന്റെ കാലത്തു് (അതായതു് ക്രി: പി: 1178—1218) ചിദംബരത്തു താമസിച്ചിരുന്നു എന്നും മൈസൂർ ഗസറ്റീയറിൽ കാണുന്നു. ഈശാനശിവഗുരു പക്ഷേ ഒരു കേരളീയൻതന്നെയായിരിക്കാം; ശൈവനായ അദ്ദേഹം ചിദംബരത്തിൽ പോയി താമസിച്ചിരുന്നിരിക്കുവാൻ പാടില്ലായ്കയില്ലല്ലോ. ഇക്കാലങ്ങളിലെല്ലാം പല ഈശാനദേവന്മാരുമായി നാം സാഹിത്യചരിത്രത്തിൽ സംഘടിക്കുന്നുണ്ടു്. അവരിൽ വില്വമംഗലത്തിന്റെ ഗുരു ആരെന്നു തീൎച്ചപ്പെടുത്തിപ്പറയുന്നതു വിഷമംതന്നെ.

ശ്രീചിഹ്നം അഥവാ ഗോവിന്ദാഭിഷേകമെന്നതു്, പന്ത്രണ്ടുസൎഗ്ഗത്തിലുള്ള ഒരു പ്രാകൃതകാവ്യമാകുന്നു. വരരുചിയുടെ പ്രാകൃതവ്യാകരണസൂത്രങ്ങളെ ഉദാഹരിക്കുന്നതിനുവേണ്ടി രചിച്ചിട്ടുള്ളതാകുന്നു ആ കാവ്യം. അതിൽ ആദ്യത്തെ എട്ടുസൎഗ്ഗം വില്വമംഗലത്തിന്റേയും ശേഷമുള്ള നാലുസൎഗ്ഗം അദ്ദേഹത്തിന്റെ ശിഷ്യനായ ദുൎഗ്ഗാപ്രസാദന്റേയും കൃതിയാണു്. ഗ്രന്ഥത്തിനു് ആദ്യന്തം ദുൎഗ്ഗാപ്രസാദൻതന്നെ ഒരു വ്യാഖ്യാനവും രചിച്ചിട്ടുണ്ടു്. ആ കാവ്യത്തിൽനിന്നാണു് താഴെ കാണുന്ന പദ്യങ്ങൾ ഉദ്ധരിക്കുന്നതു്.

കോദണ്ഡമംഗലപുരോപഗതേ ഹി ധാമ്നി
ശ്രീകൃഷ്ണദൎശനപരഃ കില കൃഷ്ണഭൃത്യഃ (?)
ജാതഃ ക്രമേണ പരമഹംസപദേ സ്ഥിതോഽസ്മിൻ
യോഽസ്ഥിതസ്തമവലോക്യ ജഗാമ തൃപ്തിം

ശ്രീപദ്മപാദമുനിവൎയ്യവിനേയവൎഗ്ഗ-
ശ്രീഭൂഷണം മുനിരസൌ കവിസാൎവ്വഭൌമഃ
ശ്രീകൃഷ്ണരൂപപരമാമൃതപാനശീല-
ശ്ചക്രേ തദീയചരിതം ബഹുധാ ഹിതായ

(ഒന്നാം സൎഗ്ഗം)

ശ്രീകൃഷ്ണലീലാശുകബദ്ധകാവ്യം
വിവൃത്യ ലോകസ്യ ഹിതായ പൂൎവ്വം

തദ്ഗ്രന്ഥപൂർത്തിമിഷ പുനർവ്വിധായ
വില്വമംഗലസ്ഥാനതമാസ്യമേതം.

(ഒൻപതാംസർഗ്ഗം)

മുക്തിസ്ഥലാലയശിവാപദഭക്തിലോല-
ദുർഗ്ഗാപ്രസാദയതിരിത്യഭിധാം ദധാനഃ
കർത്താ സ്വയം സ്വകൃതമാത്മഫലാന്യഭിജ്ഞഃ
കൃഷ്ണാർപ്പയാംബഭൂവ വിശുദ്ധികരാ മഹാന്തഃ

(പന്ത്രണ്ടാംസർഗ്ഗം)

ചാപമംഗലഗൃഹോ യതീശ്വരോ
വില്വമംഗലഗൃഹോ വാ ഭവതി യഃ
മമ ഏഷ പരിതോഷകാരണാത്
ശ്രുതമതാമുപഗതഃ പ്രസീദതു.

(ചരമം)



ഈ പദ്യങ്ങളിൽനിന്നു ശ്രീചിഹ്നം ലീലാശുകന്റെ ഒടുവിലത്തെ കൃതിയായിരുന്നു എന്നും, അതു സമാപിപ്പിക്കുന്നതിനു മുൻപ് അദ്ദേഹം അന്തരിച്ചുപോയി എന്നും ശ്രീകൃഷ്ണനെ ആ സിദ്ധൻ തന്റെ അന്തസ്ഥിതനായ ബാലനെന്ന നിലയിൽ പ്രത്യക്ഷമായി ദർശിച്ചു എന്നും എട്ടാംസർഗ്ഗത്തിനുമേലുള്ള ഭാഗം നിർമ്മിച്ച ദുർഗ്ഗാപ്രസാദൻ (ആദ്യം മുക്തിസ്ഥലം) മുക്കോലഭഗവതിയുടെ ഉപാസകനായിരുന്നു എന്നും പിന്നീട് ലീലാശുകന്റെ അന്തേവാസിയായെന്നും, വില്വമംഗലമെന്നും (കോദണ്ഡ) വില്ല്വമംഗലമെന്നും ലീലാശുകന്റെ ഇല്ലത്തിനു പേരുണ്ടായിരുന്നു എന്നും വെളിവാകുന്നു. 'കൃഷ്ണാർപ്പ്യ' എന്ന പദത്തിന്റെ അർത്ഥം മനസ്സിലാകുന്നില്ല; അതിന്റെ പാഠശുദ്ധിയെപ്പറ്റിയും സംശയമുണ്ട്.

ഇനി 'ശ്രീപത്മപാദമുനിപത്മവിനേയവർഗ്ഗശ്രീഭൂഷണം' എന്ന വിശേഷണത്തെപ്പറ്റി സ്വല്പം ചിന്തിക്കാം. വില്വമംഗലം ക്രി: പി: ഒൻപതാം ശതകത്തിൽ ജീവിച്ചിരുന്നു എന്നു വിശ്വസിക്കുന്നവർ അദ്ദേഹം പത്മപാദാചാര്യരുടെ ശിഷ്യനായിരുന്നു എന്ന് ഈ വിശേഷണത്തെ ആശ്രയിച്ചു പ്രസ്താവിക്കുന്നു. ശങ്കരഭഗവൽപാദർക്കു തോടകൻ, സുരേശ്വരൻ, ഹസ്താമലകൻ, പത്മപാദൻ എന്നിങ്ങനെ നാലു ശിഷ്യന്മാരുണ്ടായിരുന്നു എന്നും അവർ തൃശ്ശിവപേരൂരിൽ യഥാക്രമം വടക്കേമഠം, നടുവിലേമഠം, ഇടയിലെ മഠം, തെക്കേമഠം ഈ സന്യാസിമഠങ്ങൾ സ്ഥാപിച്ചു എന്നും ആണ് കേരളീയരുടെ ഇടയിൽ പ്രചരിക്കുന്ന ഐതിഹ്യം.

ഇടയിലെ മഠം പില്ക്കാലത്തു തെക്കേമഠത്തിൽ ലയിച്ചു. വടക്കേമഠം, പിൻവാഴ്ചക്കാരനെ നിയമിക്കാതെ ഒരു സ്വാമിയാർ മരിച്ചപ്പോൾ വേദപാഠശാലയായി മാറി. ബാക്കിയുള്ള നടുവിലെമഠവും തെക്കേമഠവും ഇന്നും ഉണ്ട്. നടുവിലേമഠത്തിലേയ്ക്കാണ് തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ വളരെക്കാലമായി പുഷ്പാഞ്ജലിക്കുള്ള അവകാശം. തെക്കേമഠത്തിലെ സ്വാമിയാരായിട്ടാണ് വില്വമംഗലത്തെ അവരോധിച്ചത് എന്നുള്ളതിനു സംശയമില്ല. മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ ഈ വിഷയം അവിടത്തെ 'കേരളം' എന്ന കാവ്യത്തിലും മംഗളോദയംമാസിക പത്രത്തിൽ അവിടന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന പത്മപാദാചാര്യരെപ്പററിയുള്ള ഉപന്യാസത്തിലും വ്യക്തമാക്കീട്ടുണ്ട്. തിരുവാർപ്പുക്ഷേത്രത്തിൽ ശ്രീകൃഷ്ണപരമായ പൂജയ്ക്ക് അധികാരികൾ തെക്കേമഠത്തിൽ സ്വാമിയാരാണെന്നു പറയേണ്ടതില്ലല്ലോ.

വില്വമംഗലം പത്മപാദാചാര്യരുടെ നേരെയുള്ള ശിഷ്യനല്ലെങ്കിലും തെക്കേമഠത്തിലെ സ്വാമിയാരാകയാൽ ആ മുനിവര്യന്റെ (വിനേയ)ശിഷ്യവർഗ്ഗത്തിന്റെ അലങ്കാരമെന്നുള്ള ബിരുദത്തിന് അധികാരിതന്നെ. ശങ്കരഭഗവൽപാദരുടെ കാലംതന്നെ ക്രി: പി: എട്ടാംശതകത്തിന്റെ അവസാനവും ഒമ്പതാം ശതകത്തിന്റെ ആരംഭവുമാണെന്നാണ് സാധാരണമായി പറഞ്ഞുവരാറുള്ളതെങ്കിലും അതിന് ഒരു ശതകത്തോളം മുൻപാണെന്നും ചിലർ വാദിക്കുന്നുണ്ട്. അത് എങ്ങനെയെങ്കിലും ആകട്ടെ. ശ്രീപത്മനാഭസ്വാമിക്ഷേത്രം പ്രതിഷ്ഠിച്ചപ്പോൾ ആ ദേവന് ആദ്യമായി നിവേദ്യംകഴിച്ചതു വില്വമംഗലത്തു സ്വാമിയാരാണെന്ന് ഒരു ഐതിഹ്യമുണ്ടെന്നും അതു വില്വമംഗലം ക്രി: പി: ഒൻപതാം ശതകത്തിൽ ജീവിച്ചിരുന്നു എന്നുള്ള ഊഹത്തിന് ഉപോൽബലകമാണെന്നും ചിലർ വാദിക്കുന്നതു നിരാസ്പദം തന്നെ. ആഴ്‌വാരന്മാരുടെ "പാടൽ പെററ" ശ്രീപത്മനാഭസ്വാമിക്ഷേത്രം ക്രി: പി: ഒൻപതാം ശതകത്തിനു മുൻപുതന്നെ ദക്ഷിണാപഥമെങ്ങും പ്രസിദ്ധമായിക്കഴിഞ്ഞിരുന്നു. ആ ക്ഷേത്രം പ്രതിഷ്ഠിച്ചതും അതിൽ ആദ്യമായി നിവേദ്യം കഴിച്ചതും ദിവാകരൻ എന്നപേരുള്ള ഒരു തുളുവ(തുളുദേശക്കാരനായ) സന്ന്യാസി (എമ്പ്രാന്തിരി)യായിരുന്നു; നമ്പൂരിയല്ല. ദിവാകരൻ ശങ്കരാചാര്യരെ അപേക്ഷിച്ചു പ്രാചീനനാണ്.

"തേഷാം മധ്യേ മഹാതേജാ ദിവാകരസമപ്രഭഃ
യതിർദിവാകരാഭിഖ്യഃ സ്വീകാരേഷു നിസ്പൃഹഃ

വിരക്തസ്തൗളവോ യോഗീ ഹരിം ക്ഷീരാബ്ധിശായിനം
ഉദ്ദിശ്യ തച്ചർച്ചയാചിഷ്ഠം മുക്തികാമോ ജിതേന്ദ്രിയഃ”

എന്ന അനന്തശയനക്ഷേത്രമാഹാത്മ്യം ഒന്നാമധ്യായത്തിലും,

“തമാഹ പത്മനാഭോഥ യതീന്ദ്രം തൗളവം മുദാ
ദിവാകരയതീന്ദ്രാത്ര ത്വം മാമർച്ച്യ സുവ്രത!

* * * * *

ത്വയാർച്ചനീയസ്ത്വദ്വംശ്യൈർവ്വിപ്രൈസ്തൗളവൈരപി മൽപ്രിയൈഃ;
നാന്യേ മമാർച്ചകാ അത്ര തൗളവാ ഏവ മൽപ്രിയാഃ”

എന്ന് എട്ടാമധ്യായത്തിലും,

“തച്ഛ്രുത്വാ ദേവദേവസ്യ വചനം ഹൃഷ്ടമാനസഃ
ദിവാകരയതീന്ദ്രസ്തമർച്ചിതും സമുപാക്രമത്”

എന്ന് ഒമ്പതാമധ്യായത്തിലും പ്രസ്താവനയുണ്ട്.

ഞാൻ ഈ ഉപന്യാസത്തിന്റെ ആരംഭത്തിൽ സൂചിപ്പിച്ച പണ്ഡിതന്മാരുടെ പക്ഷം, ഒൻപതാം ശതകത്തിൽ ജീവിച്ചിരുന്ന വില്വമംഗലം ശ്രീകൃഷ്ണകർണ്ണാമൃതവും, പതിനഞ്ചാം ശതകത്തിൽ ജീവിച്ചിരുന്ന വില്വമംഗലം പുരുഷകാരം തുടങ്ങിയ ഗ്രന്ഥങ്ങളും രചിച്ചു എന്നാണല്ലോ. അങ്ങനെയാണെങ്കിൽ രണ്ടുപേരും ഒന്നുപോലെ കൃഷ്ണലീലാശുകബിരുദത്താൽ അലംകൃതരും ശ്രീകൃഷ്ണഭക്തന്മാരുമായി പരിണമിച്ചത് ആശ്ചര്യജനകമായ ഒരു സംഭവമായി വിചാരിക്കേണ്ടിയിരിക്കുന്നു. രണ്ടാമത്തെ ലീലാശുകനാണ് ശ്രീചിഹ്നകാരൻ എന്നുള്ള വാദത്തിനു നില്ക്കക്കള്ളിയില്ല. ദേവൻ എന്ന ഒരു പണ്ഡിതൻ സംസ്കൃതധാതുക്കളെ അധികരിച്ചു ദൈവം എന്നൊരു ഗ്രന്ഥം കാരികാരൂപത്തിൽ നിർമ്മിച്ചു. ആ ഗ്രന്ഥത്തിനു കൃഷ്ണലീലാശുകമുനി രചിച്ച വിസ്തൃതവും വിശദവുമായ വ്യാഖ്യാനമാണ് പുരുഷകാരം. വാർത്തികരൂപമായ ആ വ്യാഖ്യാനത്തിന്റെ അവസാനത്തിൽ,

“ഉക്താനുക്തദുരുക്താനി സ്ഥാനേ സ്ഥാനേ വിപശ്ചിതാ
കൃഷ്ണലീലാശുകേനൈവം കീർത്തിതം ദൈവവാർത്തികം
കൃഷ്ണലീലാശുകസ്യേയം കൃതിഃ കൃതിമനോഹരാ
പുഷ്ണാതി കൃഷ്ണസംപ്രീതിം ഭുവനാന്യപി പുഷ്യതു”

എന്നീ ശ്ലോകങ്ങൾ കാണുന്നു. പുരുഷകാരത്തിലെ മംഗലാചരണപദ്യവും ശ്രീകൃഷ്ണപരമാണ്.

"ഗാഢം വിബുധാംശ്ച ഭ്രമത പാലയിത്വം കിമപി കൃതപദന്യാസം
ആ പാദചൂഡമിമമിമമഗ്ര്യസ്മൃത ദൈവതത്ത്വം ഭോ ഭോഃ"

പുരുഷകാരത്തിൽ സരസ്വതീകണ്ഠാഭരണം, ശൃംഗാരപ്രകാശം എന്നീ ഗ്രന്ഥങ്ങളുടെ കർത്താവായ ഭോജനേയും ധാതുപാഠത്തിന്റെ കർത്താവായ ഹേമചന്ദ്രാചാര്യനേയും കവികാമധേനുവിന്റെ പ്രണേതാവായ ബോപദേവനേയും സ്മരിക്കുന്നു. ഭോജരാജാവ് ക്രി: പി: പതിനൊന്നാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിലും, ഹേമചന്ദ്രൻ പന്ത്രണ്ടാംശതകത്തിന്റെ മദ്ധ്യത്തിലും, (1088—1172) ഹേമാദ്രിയുടെ ആശ്രിതനും വിദ്വത്തമനുമായിരുന്ന ബോപദേവൻ പതിമൂന്നാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലുമാണ് സാഹിത്യവ്യവസായത്തിൽ ഏർപ്പെട്ടിരുന്നത്. ധാതുവൃത്തികാരനായ സായണാചാര്യർ ക്രി: പി: പതിനാലാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലാണ് ആ ഗ്രന്ഥം നിർമ്മിച്ചത്; അദ്ദേഹം പുരുഷകാരത്തെ പല അവസരങ്ങളിലും സ്മരിക്കുന്നുണ്ട്. ആ ശതകത്തിന്റെ ഉത്തരാർദ്ധത്തിൽത്തന്നെ ദക്ഷിണാപഥത്തെ അലങ്കരിച്ചിരുന്ന ഒരു ഉത്തമകവയിത്രിയും വിജയനഗരത്തിലെ രാജകുമാരനായ വീരകമ്പണന്റെ പ്രാണപ്രിയസഖിയുമായ ഗംഗാദേവി തന്റെ മധുരാവിജയകാവ്യത്തിൽ പൂർവ്വസൂരികളുടെ മഹിമകളെ വർണ്ണിക്കുന്ന ഘട്ടത്തിൽ, വാല്മീകി, വേദവ്യാസൻ, കാളിദാസൻ, ഭട്ടബാണൻ, ഭാരവി, ആചാര്യദണ്ഡി എന്നീ മഹാകവികളെ പ്രശംസിച്ചിട്ട് തദനന്തരം തനിക്കു സ്വല്പം മുമ്പു ജീവിച്ചിരുന്ന കർണ്ണാമൃതകവി, തിക്കയൻ, അഗസ്ത്യഭട്ടൻ, ഗംഗാധരൻ ഈ കവികളെ വന്ദിക്കുന്നു. ഇവരിൽ കർണ്ണാമൃതകവി വില്വമംഗലംതന്നെയാണെന്നു പറയേണ്ടതില്ലല്ലോ. അദ്ദേഹത്തെപ്പററിയുള്ള പദ്യം താഴെ കാണുന്നതാണ്.

"മന്ദാരമഞ്ജരീസ്യന്ദിമകരന്ദസാരൂപ്യാഃ
കസ്യ നാഹ്ലാദനായാലം കർണ്ണാമൃതകവേർഗ്ഗിരഃ?"

ആന്ധ്രകവിബ്രഹ്മാവെന്ന ബിരുദത്താൽ സുവിദിതനായ (തിക്കയൻ) തിക്കണസോമയാജി ക്രി: പി: 1220 മുതൽ 1300 വരെ ജീവിച്ചിരുന്നു. ക്രി: പി: പതിനാലാം ശതകത്തിൽ ജീവിച്ചിരുന്ന ശാർങ്ഗധരൻ ക്രി: പി: 1363-ൽ താൻ സമാഹരിച്ച 'പദ്ധതി'യിൽ കൃഷ്ണകർണ്ണാമൃതത്തിൽ നിന്ന്,

"പരമിമമുപദേശമാദ്രിയധ്വം നിഗമവനേഷു നിതാന്തചാരഖിന്നാഃ
വിചിനുത ഭവനേഷു വല്ലവീനാമുപനിഷദർത്ഥമുലൂഖലേ നിബദ്ധം"

എന്ന പദ്യം ഉദ്ധരിച്ചു് 'വില്വമംഗലശ്രീചരണാനാം' എന്നു പറയുന്നു. ഈ പദ്യം കൃഷ്ണകർണ്ണാമൃതത്തിന്റെ എല്ലാപാഠങ്ങളിലും കാണുന്നുണ്ടു്. ഇതു കൂടാതെ ആ ഗ്രന്ഥത്തിൽ കാണാത്ത,

“നവനീലമേഘരുചിരഃ പരഃ പുമാ-
ന്നവനീമവാപ്യ ധൃതഗോപവിഗ്രഹഃ
*നവനീയകീർത്തിരമരൈരപി സ്വയം
നവനീതഭിക്ഷുരധുനാപി ചിന്ത്യതേ”

“അർദ്ധോന്മീലിതലോചനസ്യ പിബതഃ പര്യാപ്തമേകം സ്തനം
സദ്യഃപ്രസ്നുതദുഗ്ദ്ധബിന്ദുമപരം ഹസ്തേന സമ്മാർജ്ജതഃ
മാത്രാ ചാംഗുലിലാളിതസ്യ ചിബുകേ സ്മേരായമാണേ മുഖേ
വിഷ്ണോഃ ക്ഷീരകണാംബുധാമധവളാ ദന്തദ്യുതിഃ പാതു വഃ”

“കൃഷ്ണ! ത്വം നവയൌവനോസി ചപലാഃ പ്രായേണ ഗോപാംഗനാഃ
കംസോ ഭൂപതിരഞ്ജനാളമൃദുലഗ്രീവാ വയം ഗോദുഹഃ
ത്വ്യാരേപ/ങ്ക വിനാ ദിവാന്തമധുനാ വൃന്ദാവനം മാചിനാ
മാ യാസീരിതി നന്ദഗോപവചസാ നമ്രോ ഹരിഃ പാതു വഃ”

എന്നീ മൂന്നു കൃഷ്ണപരങ്ങളായ പദ്യങ്ങൾകൂടി 'വില്വമംഗലശ്രീചരണാനാം' എന്നുപന്യസിച്ചുകൊണ്ടു എടുത്തു ചേർക്കുന്നു. ഇതിൽനിന്നെല്ലാം അനവധാനികളുടെ കൃഷ്ണലീലാശുകൻ എന്ന ബിരുദനാമത്താൽ സുവിദിതനായ വില്വമംഗലത്തുസ്വാമിയാർ ക്രി: പി: ഉദ്ദേശം 1220 മുതൽ 1300 വരെ ജീവിച്ചിരുന്നിരിക്കണമെന്നാകുന്നു. സ്വാമിയാരുടെ ഗുരുക്കന്മാരിൽ ഒരാളായ ഈശാനദേവൻ തൃതീയകുലോത്തുംഗന്റെ സമകാലികനായിരുന്നിരിക്കാം എന്നു കാണുന്ന സ്ഥിതിക്കു് ഈ കാലഗണന യുക്തിയുക്തമാണെന്നു വിചാരിക്കാവുന്നതാണ്. ക്രി: പി: 1205-ൽ വംഗരാജാവായ ലക്ഷ്മണസേനന്റെ സമകാലികനും സുഹൃത്തുമായിരുന്ന ശ്രീധരദാസൻ സദുക്തികർണ്ണാമൃതം എന്നൊരു സുഭാഷിതഭാണ്ഡാഗാരം നിബന്ധിക്കുകയുണ്ടായി. അതിൽ കേരളീയനായ കുലശേഖര(ആഴ്‌വാർ)പ്പെരുമാളുടെ മുകുന്ദമാലയിൽനിന്നു് ഹരിഭക്തിക്കു് ഉദാഹരണങ്ങളായി 'ബദ്ധേനാഞ്ജലിനാ', 'നാസ്ഥാ ധർമ്മേ,' 'മജ്ജന്മനഃ ഫലമിദം' ഈ മൂന്നുപദ്യങ്ങളും 'ശ്രീകുലശേഖരസ്യ' എന്നു നാമഗ്രഹണം ചെയ്തും, 'നാഹം വന്ദേ തവ ചരണയോഃ', 'മുകുന്ദ മൂർദ്ധ്നാ പ്രണിപത്യ യാചേ' ഈ രണ്ടു പദ്യങ്ങളും 'കസ്യചിത്' എന്നുമാത്രം പറഞ്ഞു

*നവനീയം = സ്തുത്യം

കൊണ്ടും ഉദ്ധരിച്ചിരിക്കുന്നു; എന്നാൽ ശ്രീകൃഷ്ണകർണ്ണാമൃതത്തിൽനിന്ന് ഒരൊറ്റപ്പദ്യം പോലും ഉദ്ധരിച്ചിട്ടില്ല. വൈഷ്ണവമതസമ്പ്രദായത്തിന്നു കേളികേട്ട വംഗദേശത്തിൽ പ്രഥിതമായ ആ പുസ്തകത്തിൽ അന്നു ശ്രീകൃഷ്ണകർണ്ണാമൃതം പ്രചുരപ്രചാരമായിരുന്നു എങ്കിൽ അതിന് അത്രത്തിലുള്ള ഒരു അവഗണനം സംഭവിക്കുക എന്നുള്ളതു് അസാധ്യമാണ്. ജയദേവന്റെ ഗീതഗോവിന്ദത്തിൽനിന്നു പലപദ്യങ്ങളും സദുക്തികർണ്ണാമൃതത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. ആ കവീശ്വരന്റെ ജീവിതകാലം ക്രി: പി: പന്ത്രണ്ടാം ശതകത്തിന്റെ പൂർവ്വാർദ്ധമാണല്ലൊ. ക്രി: പി: ഒമ്പതാം ശതകത്തിൽ രാധാരാധനത്തിന്നു തന്നെ വലിയ പ്രാധാന്യമുണ്ടായിരുന്നില്ല. ദാക്ഷിണാത്യനായ ഒരു ഭക്തശിരോമണിയുടെ കൃതിയായ വിഷ്ണുഭാഗവതത്തിൽ രാധയുടെ പേർപോലും പ്രസ്താവിച്ചുകാണുന്നില്ല. ബ്രഹ്മവൈവർത്തപുരാണത്തിലാകുന്നു ഇദംപ്രഥമമായി ആ ഗോപവനിത ആവിർഭവിക്കുന്നതു്; അതു് ഔത്തരാഹകൃതവും ഒടുവിലത്തേതുമായ പുരാണവുമാണ്. അതിനു ദക്ഷിണാപഥത്തിൽ പ്രചാരം സിദ്ധിച്ചതിന്നുമേലായിരിക്കണം കൃഷ്ണകർണ്ണാമൃതത്തിന്റെ നിർമ്മിതി എന്നുള്ള വസ്തുത അപലപനീയമല്ലെങ്കിൽ, ക്രി: പി: ഒമ്പതാം ശതകത്തിലാണ് ആ സ്തോത്രത്തിന്റെ പ്രാദുർഭാവമെന്നു സമർത്ഥിക്കുവാൻ വളരെ പ്രയാസമുണ്ട്. രാധാകൃഷ്ണപരങ്ങളായ അനേകം പദ്യങ്ങൾ കൃഷ്ണകർണ്ണാമൃതത്തിൽ ഉണ്ടെന്നു ഞാൻ പറയേണ്ടതില്ലല്ലൊ. ആകെക്കൂടി നോക്കുമ്പോൾ പതിമ്മൂന്നാം ശതകത്തിൽ ജനിച്ച വില്വമംഗലത്തിൽനിന്നു ഭിന്നനായി ഒമ്പതാം ശതകത്തിൽ മറെറാരു വില്വമംഗലം ഉണ്ടെന്നു വിശ്വസിക്കുവാൻ ന്യായങ്ങൾ കാണുന്നില്ല.

ഇനി വില്വമംഗലത്തിന്റെ ജന്മഭൂമി ഏതെന്നു വിചാരണ ചെയ്യാം. അതു ചിലർ വംഗദേശമെന്നും, മററു ചിലർ ആന്ധ്രദേശമെന്നും വേറെ ചിലർ ഗുജ്ജരമെന്നും ഉപന്യസിക്കാറുണ്ട്. ഞാനും ഒരു കാലത്തു വില്വമംഗലം ജനിച്ചതു് ആന്ധ്രദേശത്തിലാണോ എന്നു സംശയിച്ചിരുന്നു. എന്നാൽ ആ മഹാകവി ഒരു കേരളീയനായിരുന്നു എന്ന് എനിക്ക് ഇന്നു നിസ്സന്ദേഹമായി സ്ഥാപിക്കുവാൻകഴിയും. വംഗദേശീയനെന്നു പറയുന്നതു് ഒരു കൃഷ്ണസമ്പ്രദായപ്രവർത്തകനായതുകൊണ്ടും വംഗദേശം ആ സമ്പ്രദായത്തിന്റെ കേന്ദ്രസ്ഥാനമായതുകൊണ്ടുമാണ്. പക്ഷെ, ചൈതന്യഭഗവാന്റെ (ക്രി: പി: 1485—1533) കാലത്തുണ്ടായിരുന്ന പ്രധാനവൈഷ്ണവഗ്രന്ഥങ്ങൾ (വിഷ്ണു) ശ്രീമൽഭാഗവതം, ശ്രീകൃഷ്ണകർണ്ണാമൃതം, ബ്രഹ്മസംഹിത ഇവയായിരുന്നു എന്നും ഇവയിൽ കർണ്ണാമൃതത്തിന്റെയും ബ്രഹ്മസംഹിതയുടേയും ഏടുകൾ അദ്ദേഹം

കേരളം സന്ദർശിച്ചപ്പോൾ സമ്പാദിച്ചുകൊണ്ടുപോയെന്നുമുള്ളതു് അദ്ദേഹത്തിന്റെ ജീവചരിത്രഗ്രന്ഥങ്ങളിൽതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. ബ്രഹ്മസംഹിത അദ്ദേഹത്തിനു കിട്ടിയതു് തെക്കൻതിരുവിതാംകൂറിൽ തിരുവട്ടാററുനിന്നായിരുന്നു. ആന്ധ്രദേശീയനെന്നു പറയുന്നതു ഭക്തമാലയെ ആസ്പദമാക്കിയാണു്. ഭക്തമാല വില്വമംഗലത്തിന്റെ ജീവിതകാലം കഴിഞ്ഞു് അനേകം വർഷങ്ങൾക്കുമേൽ രചിച്ച ഒരു ഗ്രന്ഥമാകയാൽ അതിൽ പല അതിശയോക്തികളും അസത്യപ്രസ്താവനകളും കടന്നുകൂടീട്ടുണ്ടു്. വല്ലഭാചാര്യരുടെ (ക്രി: പി: 1473—1531) പുഷ്ടിമാർഗ്ഗം അങ്കുരാവസ്ഥയിൽ വില്വമംഗലത്തിന്റെ കൃതികളിൽ കാണുന്നു എന്നും, വില്വമംഗലം പല ശതാബ്ദങ്ങൾ ജീവിച്ചിരുന്നു വല്ലഭനെ ആ മാർഗ്ഗത്തിന്റെ ഉപജ്ഞാതാവാകത്തക്കവണ്ണം ജ്ഞാനോപദേശം ചെയ്തു എന്നും ഉള്ള ഐതിഹ്യമാണു് അദ്ദേഹത്തെ ഉത്തരജാതനെന്നു ശങ്കിക്കുവാൻ അവകാശം നല്കുന്നതു്. ആ കഥയ്ക്കു കാലെന്നു് ഒന്നുള്ളതായിത്തന്നെ തോന്നുന്നില്ല.

വില്വമംഗലത്തിന്റെ കൃതിയായ ബാലകൃഷ്ണസ്തോത്രത്തിൽ ഇങ്ങനെ പ്രസ്താവിച്ചുകാണുന്നു,

ആദിത്യപ്രസ്ഥാനസംഖ്യാതം യദാദിത്യാദധികം മഹഃ
നിഷ്കിതസ്സുമങ്ഗലൈശ്വര്യ നിർമ്മലാനാം യയോ മഹഃ
അത്ഭിമതസ്യകന്യക്രമാതാമാതാധയൻ യയേഷ
ഇന്ദ്രാനുജേവ ഇത്യാ സീമീശാണോ മുനിഭിർമ്മസാം
ശുദ്ധസ്യ ഹി യസ്യാസീദ്ദേശേഷു ജ്ഞാനസമ്പദാം
അപിതീയ ഇതി വ്യാതിരാതമവ്യപ്യാ ന കേവലം
തയാരത്നാഗ്രഹാരാപാംഗസങ്ക്രാന്താനസാഗരാഃ
സാഗരാ ഇവ ഗംഭീരാസ്സന്തി ധന്യാസ്സദസ്യകാഃ
തദേതദേവ കൃപാപാത്രാ കൃഷ്ണലീലാശുകോ മുനിഃ
യദാശ്രമാംഗണേ നിത്യം രമന്തേ തന്ത്രവിസ്തരാഃ
തിലകം കാമപാലീനാം നീലീതി നിലയം ശ്രിയാം
യമലം ജനയാമാസ യസ്യ കീർത്തിമ ശാശപതിം
യസ്യ ദാമോദരോ നാമ പിതാ സവിതൃസന്നിഭഃ
അഗ്രജന്യ ഹി യസ്യാസന്നാധ്യമസ്ഥാ മതഗണാഃ
തസ്യ തൽ പ്രിയസർവ്വസ്വം രാഘവേശാനസംജ്ഞകം
വിനേയസ്സു വിധേയാനാം സ്വഹൃൽ .. ... ... ...

യസ്യ ദക്ഷിണകൈലാസലീലാപരിണതം മഹഃ
ചച്ച്വാ ചരണഗന്ധേന സുഗന്ധയതി മാനസം
കൃഷ്ണലീലാശുകസ്യാസ്യ കിശോരമധിദൈവതം
സ്തുതിരത്നമിദം ശ്രൂയതേ വേണുവാദിമുഖോദ്ഗതം"

ഈ ശ്ലോകങ്ങളിൽനിന്ന് ആദിത്യപ്രഭനെന്നും ഈശാനദേവനെന്നും ലീലാശുകനു രണ്ടു ഗുരുനാഥന്മാരുണ്ടായിരുന്നു എന്നും, അവരിൽ ആദിത്യപ്രഭൻ ജിതേന്ദ്രിയനും ഈശാനദേവൻ അനവദ്യനും ഗുണശാലിയുമായിരുന്നു എന്നും, അവരുടെ ശിഷ്യന്മാരായി അനേകം മഹാന്മാർ ജീവിച്ചിരുന്നു എന്നും, ലീലാശുകന്റെ ആശ്രമാങ്കണത്തിൽ വിവിധതന്ത്രങ്ങൾ വിഹരിച്ചിരുന്നു എന്നും, അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ നീലിയും ദാമോദരനുമായിരുന്നു എന്നും, താരശരച്ചന്ദ്രികയായ കീർത്തിയും നീലി ഇരട്ടപെററ മക്കളായിരുന്നു എന്നും, ലീലാശുകനു രാഘവേശൻ എന്നൊരു സുഹൃത്തുണ്ടായിരുന്നു എന്നും, ദക്ഷിണകൈലാസത്തിലെ ശിവൻ അദ്ദേഹത്തിന്റെ മനസ്സിനെ ആഹ്ലാദിപ്പിച്ചിരുന്നു എന്നും, പ്രസ്തുതസ്തോത്രം സാക്ഷാൽ ബാലഗോപാലൻതന്നെയാണ് വേണുവിൽകൂടി ഗാനംചെയ്തതെന്നും ഉള്ള അറിവുകൾ നമുക്കു ലഭിക്കുന്നു. ആദിത്യപ്രഭനെ ആരെന്നറിയുന്നില്ല. ഈശാനദേവനെയും നീലിയേയും ദാമോദരനെയും പററി പ്രസ്താവിക്കുന്ന ശ്രീകൃഷ്ണകർണ്ണാമൃതപദ്യം ഞാൻ മുൻപ് ഉദ്ധരിച്ചിട്ടുണ്ടല്ലോ. ലീലാശുകന്റെ സുഹൃത്തായ രാഘവേശൻ കൃഷ്ണപദീകാരനായ രാഘവാനന്ദനിൽനിന്നു ഭിന്നനാണ്. ദക്ഷിണകൈലാസം തൃശ്ശൂർതന്നെയാണ്; തൃപ്പങ്ങോട്ടെന്നു പറയുന്നവരുമുണ്ട്. അതു ശരിയാണെന്നു തോന്നുന്നില്ല.

"ഏതച്ഛിവപുരം നാമ ക്ഷേത്രം പുണ്യമനുത്തമം
ദിവ്യം ദക്ഷിണകൈലാസം മഹാകൈലാസവദ്ഭുവി"

എന്നു കേരളാചാരദീപികയിൽ പ്രസ്താവിക്കുന്നതു തൃശ്ശൂർ വടക്കുന്നാഥക്ഷേത്രത്തെപ്പററിയാണല്ലോ.

എങ്കിലും തൃപ്പങ്ങോട്ട് (ശ്വേതാരണ്യം) ആണ് വില്വമംഗലത്തിന്റെ ജന്മഭൂമി എന്നു ഊഹിക്കുന്നതിനു വേറെ തെളിവുകൾ ഉണ്ട്. അദ്ദേഹത്തിന്റെ വകയായി 'കാലവധം' എന്ന മൂന്നു സർഗ്ഗത്തിൽ ഒരു കാവ്യമുണ്ട്. അതു മാർക്കണ്ഡേയനെ ശ്രീപരമേശ്വരൻ മൃത്യുഭയത്തിൽനിന്നു പാലിക്കുന്ന കഥയെ വിഷയീകരിച്ചു കവി രചിച്ചിട്ടുള്ള ഒരു കൃതിയാ

കുന്നു. വ്രജസുന്ദരികളുടെ അഭ്യർത്ഥന അനുസരിച്ച് അവരോടു ശ്രീകൃഷ്ണൻ ശിവന്റെ പ്രസിദ്ധമായ അപദാനം വർണ്ണിക്കുന്നതായാണ് കാവ്യത്തിന്റെ ആരംഭം. ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

"ശൈലേന്ദ്രമൂർദ്ധ്നി ധൃതാദ്ഭുതദിവ്യവേഷം
ദേവം വിലോക്യ നിഖിലവ്രജബാലരത്നാം
പപ്രച്ഛ വിസ്മയരസേന പരീതചേതാ
ബദ്ധാഞ്ജലിർവ്രജജനഃ സ്വയമേവ കൃഷ്ണം

ദേവ, ത്വദർച്ചനകൃതേ കൃതജന്മനാം നഃ
പ്രാപുസ്സമസ്തവിഷയാണി കൃതാർത്ഥഭാവം
കിന്തു ത്വദീയവദനാംബുജദിവ്യവാണീ-
മത്യദ്ഭുതാമനുബുഭൂഷുരലം ജനോയം"

* * * *

"കിംബോധമദ്ഭുതരസം ചരിതം പുരാരേ-
ശ്ശൃണ്വന്തു ഹന്ത! മധുകൈടഭവിദ്വിഷശ്ച;
സർവ്വാപി ഘോഷനിലയാസ്സഹ ബാലവൃദ്ധൈ-
ന്നത്വാ/സിതായ ച സിതായ ച ദിവ്യധാമ്നേ.

ഇത്ഥം കദാചിദചലേന്ദ്രമഹാസഭായാം
ഗീർവ്വാണമൗലിമണിമേദുരവേദികായാം
സഖ്യാ സഹൈവ സഹസീതഫലലോചനേന
തത്തൽസ്തുതീരനുഭവൻ ജനമന്വഗൃഹ്ണാൽ."

അങ്ങനെ കൈലാസപർവ്വതത്തിലെ മഹാസദസ്സിൽ ശ്രീപരമേശ്വരൻ മഹാവിഷ്ണുവിനോടുകൂടി ദേവന്മാരുടെ സ്തുതികൾ കേട്ടുകൊണ്ടും ഇടയ്ക്കു പാർവ്വതീദേവിയെ കടാക്ഷിച്ചുകൊണ്ടും ഇരിക്കുമ്പോൾ ഒരു അത്ഭുതനാദം കേൾക്കുകയും നന്ദികേശ്വരനിൽനിന്നു വസ്തുത മനസ്സിലാക്കി കുപിതനായി വിഷ്ണുവിനോടും പ്രമഥഗണങ്ങളോടുമൊന്നിച്ചു കാലനോടു യുദ്ധത്തിന് അവിടെനിന്നു പുറപ്പെടുകയും ചെയ്യുന്നു.

"തത്തദ്യഥാവിധമഹോത്സവമണ്ഡിതായാം
സേവാനതൈസ്ത്രിദിവിഷദാം നികരൈസ്സഭായാം
ആവിർബ്ബഭൂവ കിമപി ധ്വനിതം സുഘോരം-
ദൈപ്യശ്വരം ഹൃദയമാചലയൽ ക്ഷണേന

സ്ഥിത്വാ മുഹൂർത്തമചലേ ക്ഷണമംബുജാക്ഷം
വാമാംസസക്തതടലഗ്നമഥാവരോപ്യ
പാണിം നിജം പുരഭിദഃ പരിവാരരാജം
സാജ്ഞം സരോഷമിവ നന്ദിനമന്വപശ്യൽ"

* * * *

"മയ്യൈകതകവശ്യ! ഭവദീയപദാരവിന്ദ-
രാഗാരുണാമലമതീനപി മാമവജ്ഞാൻ
ആഹന്തി ഹന്ത! ഹതകഃ കിമു കാല (ഏഷ)
കാമാന്തകേതി വിനിശമ്യ വിളംബചാല"

പിന്നീട് ശ്രീപരമേശ്വരനും കാലനുംതമ്മിൽ യുദ്ധം നടക്കുന്നു. നന്ദി ആർത്തനായ മാർക്കണ്ഡേയനെ കഴുത്തിൽ എടുത്തുകൊണ്ടു തിരുമുമ്പിൽചെല്ലുകയും ശിവൻ ആ മുനികുമാരനെ തന്റെ വാഹനത്തിൽ കയറ്റിയിരുത്തുകയും ചെയ്യുന്നു.

അത്രാന്തരേ സരഭസം പരിവൃത്യ നന്ദീ
കണ്ഠേ നിജേ സമനുഗൃഹ്യ മുനിം തദാർത്തം
നാഥാഗ്രതോപി ഗതവാൻ നയനത്രയേണ
സമ്പൂജിതഃ സ്മരജിതാ ചിതസംഭ്രമേണ.

മുക്തസ്സ മൃത്യുമുഖഗഹ്വരതോ മൃകണ്ഡോഃ
പുത്രഃ പുരത്രയജിതാ നിജവാഹനാഗ്രേ
ആരോപിതസ്ത്രിജഗതാം കരുണാമയേന
സോപ്യസ്യ പാദകമലേ പ്രണിപത്യ തസ്ഥൌ.

ഒടുവിൽ കാലൻ ശിവന്റെ ശൂലം വക്ഷസ്സിലേററു മരിക്കുകയും അതോടുകൂടി പ്രഥമസർഗ്ഗം അവസാനിക്കുകയും ചെയ്യുന്നു. രണ്ടും മൂന്നും സർഗ്ഗങ്ങൾ സ്തുതിമാത്രപരങ്ങളാണു്. ഒടുവിൽ മുനികുമാരന്റെ അപേക്ഷാനുസാരം ശിവൻ തൃപ്രങ്ങോട്ടു തന്റെ വാസഗേഹമാക്കി ലിംഗാത്മനാ അവിടെ സന്നിധാനം ചെയ്തു എന്നു താഴെകാണുന്ന ശ്ലോകത്തിൽ പ്രസ്താവിച്ചുകാണുന്നു.

"അഥ പ്രയാതേഷ്വഖിലേഷു നാകിഷു
ക്ഷിതീശവേഷ ജലധിം പ്രതീയുഷഃ
തസ്മിൻ പുനശ്ശോഭവനേ ശിവഃ സ്വയം
ലിംഗാത്മനാ സന്നിദധേ മുനിപ്രിയഃ"

ഗ്രന്ഥാന്തത്തിൽ "ഇതി ശ്രീകൃഷ്ണലീലാശുകസ്യ കൃതൌ കാലവധേ തൃതീയസ്സർഗ്ഗസ്സമാപ്തഃ" എന്നിങ്ങനെ മൂന്നാംസർഗ്ഗം അവസാനിക്കുന്നു. ഇതുതന്നെയാണു് ഏകദേശം തൃപ്രങ്ങോട്ടു സ്ഥലപുരാണത്തിന്റെ ഗതിയും. ശ്വേതൻ എന്നു പേരായ ബ്രാഹ്മണബാലൻ അല്പായുർദ്ദോഷം തീരുന്നതിനായി മൃത്യുഞ്ജയനെ ഭജിച്ചുവന്നിരുന്നു എന്നും, ഒരു ദിവസം തിരുനാവായ ക്ഷേത്രത്തിൽപോയി മഹാവിഷ്ണുവിനെ തൊഴുതു തിരിയെവരുന്ന വഴിക്കു കാലൻ ആ കുട്ടിയെ പിൻതുടർന്നു എന്നും, കുട്ടി ഓടിപ്പോയി ഒരു മണൽത്തിട്ടിനെ ശിവനെന്ന ഭാവത്തിൽ ആലിംഗനം ചെയ്തു എന്നും, ശിവൻ പ്രത്യക്ഷീഭവിച്ചു കാലനെക്കൊന്നു എന്നുമാണല്ലോ ആ പുരാണത്തിലെ കഥ. ശ്വേതൻ എന്ന മുനികുമാരനെ രക്ഷിച്ച സ്ഥലമാകയാൽ ശ്വേതവനം അഥവാ ശ്വേതാരണ്യം എന്നു് ആ സ്ഥലത്തിനു പേർ സിദ്ധിച്ചുപോലും! അവിടെ ഭാരതപ്പുഴയുടെ പോഷകനദിയായി വാളയാറെന്നപേരിൽ ഒരു ചെറിയ തോടുണ്ടായിരുന്നു; ഇപ്പോഴുണ്ടോ എന്നു് അറിഞ്ഞുകൂടാ. അതിനെ കവി, "ശിശുസരിതം വദന്തി സരിതം തവ പാർശ്വചരീം" എന്നു വർണ്ണിക്കുന്നു. ശിശു=ബാലൻ (വാലൻ). ഉദ്ദണ്ഡശാസ്ത്രികൾ കോകിലസന്ദേശത്തിൽ ഈ ക്ഷേത്രത്തെപ്പററി,

"ബ്രഹ്മാഭ്യാസപ്രശമിതകലീൻ പ്രാപ്യ ദീപ്രാൻ പ്രകാശാൻ
ശ്വേതാരണ്യം വ്രജ ബഹുമതം ധാമ മൃത്യുഞ്ജയസ്യ
ദൃഷ്ട്വാ ദൂരേ സകൃദപി ജനാ യന്ന പശ്യന്ത്യവശ്യം
ഭ്രൂത്യാവൃത്തം നിടിലഘടിതഭ്രൂകുടീകം കദാചിൽ"

എന്നു വർണ്ണിച്ചിരിക്കുന്നതു നോക്കുക.

ഇനി മററു ചില സ്തോത്രങ്ങളെപ്പററി പ്രസ്താവിക്കാം. ലീലാശുകന്റെ ദക്ഷിണാമൂർത്തിസ്തവം, അഭിനവകൌസ്തുഭമാല ഈ രണ്ടു സ്തോത്രങ്ങളും അച്ചടിച്ചിട്ടുണ്ടു്. ദക്ഷിണാമൂർത്തി ചൊവ്വര(ശുകപുരം)യിലെ തേവരാകുന്നു.

"പുരാ ശുകപുരക്ഷേത്രേ മയാ ദൃഷ്ടഃ സദാശിവഃ
ദക്ഷിണാമൂർത്തിനാമാ ച സേവിതഃ പഞ്ചരസ്തവൈഃ
ദക്ഷിണാശാമുഖോ ദേവോ ദക്ഷിണാമൂർത്തിരവ്യയഃ
ഉപാസിതോ മയാ പൂർവ്വം ദാക്ഷിണ്യായ ഗിരാം സ്വയം"

എന്നു കേരളാചാരദീപികയിൽ കാണുന്നു. 'ദീപികാ'കാരനു ദക്ഷിണാമൂർത്തിസ്തവത്തെപ്പററി അറിവുണ്ടായിരുന്നു എന്നൂഹിക്കേണ്ടിയിരിക്കുന്നു. ആ സ്തവത്തിൽ ഒടുവിലത്തെ പദ്യം താഴെക്കാണുന്നതാണു്.

ത്രിഭുവനസുഭഗേയം ദക്ഷിണാമൂർത്തിമൂർത്തേഃ
ഭഗവതി കൃതഭാവാ കൃഷ്ണലീലാശുകീയാ
ജയതു ജയതു ദേവീ ഭാരതീ ജീവലോക-
ശ്രവണഹൃദയജിഹ്വാ ജന്മസാഫല്യമേതു

ഇവ കൂടാതെ പന്ത്രണ്ടു പദ്യങ്ങളേ അതിലടങ്ങീട്ടുള്ളു.

അഭിനവകൌസ്തുഭമാല മഹാവിഷ്ണുവിന്റെ പാദാദികേശവൎണ്ണനപരമായ ഒരു സ്തോത്രരത്നമാകുന്നു. ആകെ നാല്പത്താറു പദ്യങ്ങളുണ്ട്. ഇതിനു രത്നസഹോദരകൌസ്തുഭമാലയെന്നും പേരുണ്ട്. കുലശേഖര ആഴ്‌വാർ കൌസ്തുഭത്തിന്റെ അവതാരമെന്നാണ് ശ്രീവൈഷ്ണവസമ്പ്രദായികൾ വിശ്വസിക്കുന്നതു്. വില്വമംഗലം താൻ 'അഭിനവകൌസ്തുഭം' ആണെന്ന് ഏതദ്വാരാ ധ്വനിപ്പിച്ചില്ലെന്നു നിശ്ചയമാണ്. എങ്കിലും ഈ സ്തുതി തിരുവാനായ വിഷ്ണുവിനെപ്പററിയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അവിടത്തെ മൂർത്തി, ലക്ഷ്മീദേവിക്കും ഗജേന്ദ്രനും പ്രത്യക്ഷമായതായാണ് ശ്രീവൈഷ്ണവസിദ്ധാന്തം. അഭിനവകൌസ്തുഭമാലയിലെ ആദ്യത്തെ ശ്ലോകമാണ് താഴെക്കാണുന്നതു്:—

"ലക്ഷ്മീശ്ച കൌസ്തുഭശ്ചേതി യത്രതാപയമുദ്യതം
തന്നഃ കാമദുഘം ഭൂയാൽ തേജസ്ത്രൈലോക്യമംഗലം.

ഈ ശ്ലോകത്തിൽ ആദ്യമായി ലക്ഷ്മീപദം ഘടിപ്പിച്ചിരിക്കുന്നതു സപ്രയോജനമാണെങ്കിൽ എന്റെ ശങ്ക കേവലം അസ്ഥാനത്തിലല്ല. ഈ സ്തോത്രത്തിൽ അവസാനത്തെപ്പദ്യം താഴെക്കാണുന്നതാണ്:—

"ശ്രീകൃഷ്ണകേളിശുകവാങ്മയവീചിമാലാ-
ലീലാരസജ്ഞ........ശ്രവണാഞ്ചലസ്യ
ദേവസ്യ ദിവ്യഹൃദയേ ഹൃദയംഗമേയം
കണ്ഠസ്ഥലേ ച സുകൃതാം സുചിരായ ജീയാൽ."

ശ്രീകൃഷ്ണകേളീശുകൻ എന്നാൽ കൃഷ്ണലീലാശുകൻ. 'കണ്ഠസ്ഥലേ ച സുകൃതാം' എന്ന ഭാഗത്തിൽ കവി കൌസ്തുഭമാലയുടെ പ്രയോജനത്തെ നിർദ്ദേശിക്കുന്നു. ഇവ കൂടാതെ ഗണപതി, കാർക്കോടകൻ(?), രാമചന്ദ്രൻ, എന്നീ ദേവതകളെയും ആരവം, വൃന്ദാവനം ഈ പുണ്യസ്ഥലങ്ങളെയും പററി വില്വമംഗലം സ്തോത്രങ്ങൾ നിർമ്മിച്ചിട്ടുള്ളതായി അഭിജ്ഞന്മാർ പറയുന്നു; ഞാൻ കണ്ടിട്ടില്ല; എന്നാൽ ഈ മഹാകവിയുടെ വകയായി എന്റെ ഗവേഷണങ്ങൾക്കിടയിൽ അറിയന്നൂർ

കാവിലെ ദുർഗ്ഗാഭഗവതിയെപ്പററിയുള്ള ഒരു സ്തോത്രം 'ഞാൻ ഈയിടെ കണ്ടുപിടിച്ചിട്ടുണ്ട്. മററാരും കണ്ടിരിക്കുവാൻ ഇടയില്ലാത്ത ആ സ്തോത്രം താഴെ ഉദ്ധരിച്ചുകൊള്ളുന്നു. 'ദിശതു ഹരികുമാരീമന്ദിരാവാസിനീ നഃ" എന്നു ചന്ദ്രോത്സവകാരൻ സ്മരിച്ചിട്ടുള്ള പൊന്നാനിത്താലൂക്കിൽപ്പെട്ട അരിയന്നൂർക്കാവു ക്ഷേത്രത്തിലെ ദേവതതന്നെയാണ് ഇതു്. "ഇതി ശ്രീകൃഷ്ണലീലാശുകമഹാകവിവിരചിതേ ഒരു സഹോദരമാലിനീ നാമ ശൂലകന്യാസ്തുതിസ്സമാപ്തം" എന്നു് അവസാനത്തിൽ ഒരു കുറിപ്പും കാണുന്നുണ്ട്. ഇതിലും അഭിനവകൌസ്തുഭമാലയിലുമുള്ള ഒരു സഹോദരപദ്യത്തിന്റെ സ്വാരസ്യം വിശദമാകുന്നില്ല.

## ദുർഗ്ഗാസ്തുതിഃ

1 "മണികനകവിഭൂഷാമിശ്രിതൈരാത്മഭാസാം
ഉപചിതപരഭാഗാമുജ്ജ്വലാം മൂർത്തിലക്ഷ്മീം
വഹസി ജലധരശ്രീസോദരേ! ദേവി! ദുർഗ്ഗേ!
ജയ ജയ ഹരികന്യാഗ്രാമചൂഡാഗ്രരത്നേ!

2 അരുണചരണപദ്മേ ഹാരിതീപുത്രകുലേ!
സ്തനകലശവിനമ്രേ! ധന്വനാനായുധാഢ്യേ!
വികസിതമുഖപദ്മേ! വീരലീലാരസജ്ഞേ!
ജയ ജയ ജയ ദുർഗ്ഗേ! ജൈത്രചിത്രാപദാനേ!'

3 അതുലഭുജബലകേളീ ........ചിഹ്നംഗ-
വിമതരസികഭാവാബദ്ധമില്ലന്തരേ!
മൃഗപതിമധിരൂഢേ! വിഷ്ഫുരൽസിംഹനാദേ!
വിഹിതമഹിഷഭേദേ ........പ്രസീദ

4 ഖണഖണമിതിവല്ഗൽഖഡ്ഗകോലാഹലശ്രീ-
ധൃതധൃതവിബുധാരിവ്രാതരക്താവസിക്തേ!
വിവിധവിബുധസേനാസൂനവൃഷ്ടിപ്രഹൃഷ്ടേ!
ജയ ജയ ജയ ദുർഗ്ഗേ! ദേവി ദേവി! പ്രസീദ.

5 ത്വമസി സദസി സഭ്യൈഃ സദ്ഗിരാം കീർത്ത്യമാനാ;
ത്വമസി തപസി സിദ്ധൈഃ സിദ്ധവർഗ്ഗൈർവ്വിമൃഗ്യാ;
ത്വമസി തമസി ഹസ്താലംബനം മാദൃശാനാം;
ത്വമസി ശമസി തത്ത്വം; തത്ത്വമേവാംബ വേത്ഥ.

6 ത്വമസി കമലയോനേരാനനാംഭോജഹംസീ-
സ്ത്വമസി മനുജശത്രോസ്തുംഗവക്ഷഃസ്ഥലശ്രീഃ
ത്വമസി മദനശത്രോസ്സ്വപ്രാമവാമാർദ്ധലക്ഷ്മീ-
സ്ത്വമസി നിഗമമൂർത്തേർമ്മണ്ഡലാരോഗലക്ഷ്മീഃ.

7 ത്വമസി ജഗതി മാതർജ്ജന്മിനാം ജന്മസിദ്ധി-
സ്ത്വമസി മനസി മാതര്യോഗിനാം യോഗസിദ്ധിഃ
ത്വമസി വചസി മാതർവ്വാഗ്മിനാം വാക്പ്രവൃത്തി-
സ്ത്വമസി വപുഷി മാതഃ പ്രാണിനാം പ്രാണശക്തിഃ.

8 ത്വമസി കിമപി മാതർമ്മംഗലം മംഗലാനാം;
ത്വമസി കിമപി മാതർവ്വൈഭവം വൈഭവാനാം;
ത്വമസി കിമപി മാതർദ്ദൈവതം ദൈവതാനാം;
ത്വമസി കിമപി മാതർജ്ജീവിതം ജീവിതാനാം.

9 അയമയമവബദ്ധൈരഞ്ജലീനാം സഹസ്രൈ-
രിദമിദമിഹ യാചേ നമ്രയാ ദേവി! വാചാ;
ജനനിമതമനന്യഗ്രപാദാരവിന്ദേ!
ഭഗവതി! മയി ഭദ്രേ! ദേഹി കാരുണ്യദൃഷ്ടിം.

10 മഹതി മഹസി മഗ്നേ! ഭാനുചന്ദ്രാഗ്നിനേത്രേ!
മധുരിമരസധാരാവർഷികേളീകടാക്ഷേ!
പരിണതകരുണാർദ്രൈർഭാവനീയേ! മുനീന്ദ്രൈ-
ർഭഗവതി! മമ ഭദ്രേ! ഭദ്രതിം ഭൂയയേഥാഃ.

11 മഹിഷശിരസി പാദം മാനസേ വാ മദീയേ
നിദധതി നിരവദ്യജ്ഞാനവിജ്ഞാനവേദ്യേ!
ഹരഹര! ഹരികന്യാഗ്രാമസത്യാധിവാസേ!
ഭഗവതി! ഭവതാപാൽ പാഹി മാം പാഹി മാതഃ!

12 ഭുവനസുഭഗവേഷേ! ഭൂഷണശ്രേണിചിത്രേ!
വിപുലകമലനേത്രേ! വിശ്രുതേ വിക്രമേഷു
അഭിനവഘന........മാലിബാലേ!
ഭഗവതി മമ ഭക്തിർഭുക്തയേ മുക്തയേ ച.

13 തവ മഹിമനി മജ്ഞം കേ വയം കേവലം ത്വ-
ച്ചരണകമലസേവാഭക്തിഭാരാവനമ്രാഃ
തദപി ഗുണഗണൈസ്സ്വൈർഗ്ഗുംഫിതം സ്തോത്രമേതൽ
സകൃദപി ഭുവനാനാം മാതരുത്തംസയേഥാഃ.

14 കവികുമുദസുധാംശോർഗ്ലൗവാനിർല്ലീഢമൂർത്ത്യാ
പ്രതിമുഹുരനയാ വാങ്മാലയാ മാലിനീ മാം
ബഹുളബഹുളഹർഷോൽകർഷഫുല്ലൽകടാക്ഷാ
ഭവഭവ ഭവസിന്ധോർമ്മാതരുദ്ധൃത്യ ധന്യാ.

15 ഇതി ഭഗവതി കൃഷ്ണേ ഭക്തിസാമ്രാജ്യഭാജാ
ത്വയി ച ഭുവനമാതുർഭൂർഭുവസ്സ്വഃപ്രസൂയീശേ!
കിമപി രചിതമേതൽ കൃഷ്ണലീലാശുകേന
ശ്രവണനവവിനോദം നന്ദകന്യേ! നയേഥാഃ.

16 ജയജയ ഹരികന്യാനാമമംഗല്യമാലേ!
ജയജയ ഹരികന്യാനാമമാണിക്യമാലേ!
ജയജയ ഹരികന്യാനാമസമ്പൽസമൃദ്ധേ!
ജയജയ ഹരികന്യാനാമസർവ്വേഷ്ടസിദ്ധേ!"



ഈ ഭക്തിസ്തോത്രം രചിക്കുമ്പോഴും കവി കൃഷ്ണഭക്തനായിരുന്നു എന്നു കാണാവുന്നതാണ്.

ചിത്രങ്ങളോടുകൂടിയ ഒരു ബാലഗോപാലസ്തുതി ഗുർജ്ജരദേശത്തിലും രാജസ്ഥാനത്തിലും പ്രചരിക്കുന്നുണ്ട്. ആ കൃതിയുടെ മൂന്നു പ്രതികൾ ഇതുവരെ കിട്ടീട്ടുണ്ട്. അവയിൽ ഒന്ന് ക്രി: പി: 1425 ഇടയ്ക്കാണ് പകർത്തിയിരിക്കുന്നതു് എന്ന് അഭിജ്ഞന്മാർ പറയുന്നു. ഓരോ ശ്ലോകത്തിലെ വിഷയത്തെയും പ്രതിപാദിക്കുന്നതിന് ഓരോ ചിത്രമുണ്ട്. ഗ്രന്ഥത്തിന്റെ അവസാനത്തിൽ "ഇതി ശ്രീ പരമഹംസ പരിവ്രാജകശ്രീപാദവില്വമംഗലവിരചിതാ ശ്രീ ബാലഗോപാലസ്തുതിഃ" എന്ന് ഒരു കുറിപ്പുകാണുന്നു. അതിൽനിന്നു ചില ശ്ലോകങ്ങൾ താഴെ ഉദ്ധരിക്കുന്നു.

"യശോദയാ ഗാഢമുലൂഖലേന ഗോകണ്ഠപാശേന നിബദ്ധ്യമാനഃ
സമ്മർദ്ദയൻ പാണിതലേന നേത്രേ അരോദ മന്ദം നവനീതചോരഃ"

"മന്ഥാനമുജ്ഝ മഥിതും ദധി ന ക്ഷമസ്ത്വം
ബാലോഽസി വത്സ വിരമേതി യശോദയോക്തഃ
ക്ഷീരാബ്ധിമന്ഥനമിതി സ്മൃതിജാതഹാസോ
വാഞ്ഛാസ്പദം ദിശതു നോ വസുദേവസൂനുഃ"

ശ്രീകൃഷ്ണകർണ്ണാമൃതത്തെപ്പററി ഉപന്യസിക്കുന്നതിനു മുൻപു കവിയുടെ മററു ചില കൃതികളെപ്പററിയുംകൂടി പറയാം. വില്വമംഗലം

വ്യാകരണത്തിലും വേദാന്തത്തിലും ആഗമശാസ്ത്രത്തിലും അത്യധികം നിഷ്ണാതനായിരുന്നു. വ്യാകരണത്തിൽ പുരുഷകാരത്തിനുപുറമെ, ഭോജരാജാവിന്റെ സരസ്വതീകണ്ഠാഭരണത്തിനു കൃഷ്ണലീലാവിനോദം എന്നൊരുവ്യാഖ്യാനവും സുബന്തസാമ്രാജ്യമെന്നും തിങന്തസാമ്രാജ്യമെന്നും രണ്ടു സ്വതന്ത്രകൃതികളും നിർമ്മിച്ചിട്ടുണ്ട്. ശ്രീചിഹ്നം എന്ന പ്രാകൃതകാവ്യംതന്നെ വരരുചിയുടെ പ്രാകൃതസൂത്രങ്ങളെ ഉദാഹരിക്കുന്നതിനുവേണ്ടി രചിച്ചതാണെന്നു മുൻപു പ്രസ്താവിച്ചുവല്ലോ. ആ കാവ്യത്തിൽ കിരാതാർജ്ജുനീയത്തിൽ 'ലക്ഷ്മീ'പദവും ശിശുപാലവധത്തിൽ 'ശ്രീ'പദവും ഹരവിജയത്തിൽ 'രത്ന'പദവും പോലെ സർഗ്ഗാന്തംതോറും സിരി(ശ്രീ)പദം ആവർത്തിക്കുന്നതുകൊണ്ടാണ് അതിന് 'ശ്രീ'ചിഹ്നം എന്ന പേർവന്നതു്. വേദാന്തത്തിൽ വില്വമംഗലം കേനോപനിഷത്തിനു 'ശങ്കരഹൃദയംഗമാ' എന്നൊരു വിവരണം രചിച്ചിട്ടുണ്ട്. ആ ഗ്രന്ഥത്തിൽ ഇങ്ങനെ കാണുന്നു.

തത്ത്വം കിമപി കൃഷ്ണസ്യ സന്നതിഘ്നജഗദ്ഭ്രമം
സ്വപ്രഭം സുഖസാമ്രാജ്യം സ്വാമതസ്വാദിമാവധി.

വന്ദേ ഭഗവതീം ഗംഗാം ദുർഗ്ഗാം ഭഗവതസ്തനൂം
ഉന്മജ്ജന്തി നിമജ്ജന്തി യസ്യാം ഭുവനവീചയഃ.

കേനേഷിതോപനിഷദഃ കൃഷ്ണലീലാശുകോ മുനിഃ
ആചാര്യവചസാമർത്ഥമാഹ വിജ്ഞായ വിവക്ഷിതം.

കാമം വയം ബ്രഹ്മവിദോ ഭവാമ ന ഭവാമ വാ;
ശ്രുതിരേഷാ വിശങ്കാസ്മാൻ കിന്തു കണ്ഠേ ഗ്രഹീഷ്യതി.

വിവൃതിം ഭഗവത്പാദാ വേദവ്യാഖ്യാസു ശിക്ഷിതാഃ
പദവാക്യപ്രമാണജ്ഞാഃ പരീക്ഷന്താമിമാം ക്രമാൽ.

സങ്കലിതസകലസാരാം ശങ്കരഹൃദയംഗമാമിമാം വിവൃതിം,
അങ്കിതമുദ്ഗമപുളകാലംകൃതയഃ ശൃണ്വന്തു ശൃണ്വന്തു ബുധാഃ!

വയമപ്യനുഗൃഹ്യാമഹി; കൃഷ്ണാവപി വഃ കൃതാർത്ഥതാം ലഭതാം;
അപി ച ഭവതാമുത്തേസ്മിൻ സുഖസാമ്രാജ്യേ മുഹുർമ്മതിഃ പ്ലവതാം.

* * * *

തത്ത്വം ജയതി കൃഷ്ണസ്യ തദ്വിഷ്ണോഃ പരമം പദം
അദ്വയം യദ്വയം ശശ്വദാസ്വാദ്യാസ്വാദ്യ നിർവൃതാഃ

അപിച,

ഇത്ഥം നോ കരുണാനിധിക്ഷണക്ഷണാവിർവ്വാസിതസർവ്വസഞ്ചാരാഃ
നിജനിർവൃതിപർവ്വസർവ്വതഃ കവയാമഃ; കഥയാമഹേ കിയൽ?

• • • •

താദൃശമതാം വിവൃതിം തസ്യ ശാശ്വതം ശിവമമൃതം
തദൈവ്യതൽ സഹജാസ്വാദസാമ്രാജ്യമധിഗച്ഛത."

ആഗമശാസ്ത്രത്തിൽ വില്വമംഗലം ശ്രീകൃഷ്ണപൂജാവിധിപരമായി 'ക്രമദീപിക' എന്നൊരു ഗ്രന്ഥം നിർമ്മിച്ചിട്ടുണ്ട്. 'രഹസ്യഗോപാലമന്ത്രചിന്താമണി' എന്ന ഗ്രന്ഥത്തിന്റെ പ്രണേതാവായ വാസുദേവൻ നമ്പൂരി കൃഷ്ണലീലാശുകൻ, ദേവത്രാതൻ, രാഘവാനന്ദൻ, മാധവൻ, ശങ്കരൻ, നാരായണാചാര്യൻ ഇവരെ സമ്പ്രദായപ്രവർത്തകന്മാരായി ഗണിച്ചു വന്ദിക്കുന്നു.

ശ്രീഗുരൂണാം ശിവാഖ്യാനാം പ്രണൗമി ചരണാവലിം
യൽപ്രസാദാദിദം വിദ്യാവിശാസ്യമഭവത്തമ.

കൃഷ്ണലീലാശുകശ്രീമച്ചരണാംഭോജനിഃസൃതാം
യതീന്ദ്രമധുപവ്രാതസേവിതാം ധൂളിമാശ്രയേ.

ദേവത്രാതഗുരോഃ പാദനഖചന്ദ്രാൻ പ്രണൗമ്യഹം
യേഷാം പ്രസാദതഃ കാർഷ്ണീ ജ്യോത്സ്നാ മയി വിരാജതേ

നമഃ ശ്രീരാഘവാനന്ദസൂരിപാദാബ്ജ നിത്യശഃ
ഭക്താനാമാശയധ്വാന്തസംഭേദനപടീയസേ.

തസ്യൈ ശ്രീമാധവീയാംഘ്രിനഖജ്യോതിഷേ നമഃ
യാ ദർശയതി ഭക്താനാമന്തഃ കാർഷ്ണീം തനും സദാ

ശ്രീമച്ഛങ്കരപാദാബ്ജയുഗളോത്ഥാൻ രജഃകണാൻ
ഭക്താന്തർഭൂമിപാപൗഘശോഷണാൻ പ്രണമാമ്യഹം

ശ്രീമന്നാരായണാചാര്യപാദപങ്കജഹേതിതാൻ
വഹാമി ശിരസാ പാംസൂനജ്ഞാനോച്ചാടനൗഷധാൻ.

ശ്രീമദ്രഹസ്യഗോപാലമന്ത്രചിന്താമണേർവ്വിധിഃ
കഥ്യതേ വാസുദേവേന സമ്പ്രദായക്രമാഗതഃ"

• • • •

ഏതന്മനോരമിതതേജസ ആനിപാതം
ഗോപാലകസ്യ വരവർണ്ണസുധാർണ്ണവോത്ഥം
യഃ സ്തോത്രമൗക്തികമനന്യമതിർദ്ദധാതി
കണ്ഠേ; സ യാതി സകലേശ്വരധാമരസ്യം"

കേരളത്തിലെ വൈഷ്ണവസമ്പ്രദായാചാര്യന്മാരിൽ അഗ്രിമസ്ഥാനം, വാസുദേവൻ, ശിവാദിത്യഭക്തന്മാരെ കഴിച്ചാൽ വില്വമംഗലത്തിന്നാണല്ലോ ഈ നിബന്ധനത്തിൽ നല്കിയിരിക്കുന്നതു്. ആദ്യത്തെ പരമഭാഗവതൻ കുലശേഖരആഴ്വാരാണെങ്കിലും ഗ്രന്ഥകാരൻ അദ്ദേഹത്തെ സ്മരിക്കുന്നില്ല. അതു് അദ്ദേഹം കേവലം സ്തോത്രനിർമ്മാതാവു മാത്രമാകയാലായിരിക്കണം. ശിവാദിത്യഭക്തന്മാർ ആരെന്നറിയുന്നില്ല. ഈശാനശിവൻ അഥവാ ഈശാനദേവനാണോ ഇവിടെ സ്മൃതനായിരിക്കുന്നതു് എന്നുമറിഞ്ഞുകൂടാ.

ഇനി ശ്രീകൃഷ്ണകർണ്ണാമൃതത്തെപ്പററിയാകുന്നു പ്രസ്താവിക്കുവാൻ ഉദ്ദേശിക്കുന്നതു്. കർണ്ണാമൃതത്തെ കേവലം ഒരു കേരളീയകൃതി എന്നു പറവാൻ പാടില്ല. ഇൻഡ്യയുടെ സകലഭാഗങ്ങളിലും അതിനു പരിനിഷ്ഠിതമായ പ്രശസ്തി ലഭിച്ചിട്ടുണ്ടു്. ചിത്രകലാവിമർശകന്മാരിൽ അഗ്രഗണ്യനായ ഒ. സി. ഗാംഗുലി അദ്ദേഹത്തെ ദക്ഷിണജയദേവനെന്നും അദ്ദേഹം ഭാരതവർഷത്തിന്റെ പൊതുസ്വത്തെന്നും മദനമോഹനമാളവീയസ്മാരകഗ്രന്ഥത്തിൽ പ്രസംഗവശാൽ പ്രസ്താവിച്ചുകാണുന്നു. കൃഷ്ണകർണ്ണാമൃതത്തിനു ദേശംതോറും പാഠഭേദമുണ്ടു്. കേരളപാഠം ആന്ധ്രപാഠത്തിൽനിന്നു വ്യത്യസ്തമാണു്; കേരളപാഠംതന്നെ ഒന്നിലധികമുണ്ടുതാനും. ദേവജിഭീമജിയുടെ അച്ചുക്കൂടത്തിൽ അച്ചടിച്ച ഒരു പഴയ കേരളപാഠത്തിൽ,

"കർണ്ണാമൃതം ഭഗവതശ്ചരിതം രസാഢ്യാഃ
ശ്ലോകത്രയാധികശതത്രയമാദരേണ
ശൃണ്വൻ പഠന്നനുദിനം സമുപൈതി സിദ്ധിം
സിദ്ധാ യഥാ സകലലോകവിഹാരരൂപാം"

എന്നൊരു പദ്യം അവസാനത്തിൽ കാണുന്നുണ്ടു്; അതിൽനിന്നു് ഊഹിക്കേണ്ടതു് കർണ്ണാമൃതം നൂററൊന്നു പദ്യങ്ങൾ വീതമടങ്ങിയ മൂന്നു ഭാഗങ്ങളോടു കൂടിയതെന്നാണല്ലോ. എന്നാൽ ആ പാഠത്തിൽതന്നെ ഒന്നാം ഭാഗത്തിൽ 113-ം, രണ്ടാംഭാഗത്തിൽ 114-ം, മൂന്നാംഭാഗത്തിൽ 109-ം, ആകെ 336 പദ്യങ്ങളാണു് കാണുന്നതു്.

ശ്രീരംഗവാണീവിലാസമുദ്രാക്ഷരശാലയിൽനിന്നു അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടുള്ള ആന്ധ്രപാഠത്തിൽ പ്രസ്തുത സ്തോത്രത്തെ മൂന്നാശ്വാസങ്ങളായി വിഭജിച്ചു പ്രഥമാശ്വാസത്തിൽ 107-ം, ദ്വിതീയാശ്വാസത്തിൽ 110-ം, തൃതീയാശ്വാസത്തിൽ, 112-ം, അങ്ങനെ 329 പദ്യങ്ങൾ അടക്കിയിരിക്കുന്നു. ആന്ധ്രപാഠത്തിൽ കാണുന്ന പല ശ്ലോകങ്ങളും കേരളപാഠത്തിൽ ഉണ്ട്.

"മൌലൌ ചന്ദ്രകഭൂഷണം മരകതസ്തംഭാഭിരാമം വപു-
ര്‍വക്ത്രം ചിത്രവിമുഗ്ദ്ധഹാസമധുരം ബാലേ വിലോലേ ദൃശൌ
വാചശ്ശൈശവശീതളാ മദഗജശ്ലാഘ്യാ വിലാസസ്ഥിതി-
ര്‍മന്ദം മന്ദമയേ! ക ഏഷ മഥുരാവീഥീമിതോ ഗാഹതേ?"

"ദേവസ്ത്രിലോകീസൌഭാഗ്യകസ്തൂരീതിലകാങ്കുരഃ
ജീയാദ്വ്രജാംഗനാനംഗകേളീലളിതവിഭ്രമഃ"

"മുഖാരവിന്ദേ മകരന്ദബിന്ദുനിഷ്യന്ദലീലാമുരളീനിനാദേ
വ്രജാംഗനാപാംഗതരംഗഭൃംഗസംഗ്രാമഭൂമൌ തവ ലാലസാ സ്യഃ"

"അയിമുഗ്ദ്ധാക്ഷി! ജനസ്ഥൈര്യം കാ ശ്രീരിദാനീമപി തേ വിവിക്തേ?
നാമധേയസ്ഥാമിതി ഭക്തഹസ്തോ ഗോപാലകൃഷ്ണഃ കുലദൈവതം നഃ"

"വത്സവ്രാതചരഃ കോപി വത്സഃ ശ്രീവത്സലാഞ്ഛനഃ
ഉത്സവായ കദാ ഭാവീത്യുത്സുകേ മമ ലോചനേ"

"മധുരമധരബിംബേ മഞ്ജുളം മന്ദഹാസേ
ശിശിരമമൃതനാദേ ശീതളം ദൃഷ്ടിപാതേ
വിപുലമരുണനേത്രേ വിശ്രുതം വേണുനാദേ
മരകതമണിനീലം ബാലമാലോകയാമഃ"

ഇത്യാദി പദ്യങ്ങൾ ആ കൂട്ടത്തിൽ പെട്ടവയാണ്. അതുപോലെ,

"മാധുര്യേണ വിജൃംഭന്താം വാചോ നസ്തവ വൈഭവേ
ചാപല്യേന വിവര്‍ദ്ധന്താം ചിന്താ നസ്തവ ശൈശവേ"

"ഹസ്തമാക്ഷിപ്യ യാതോ/സി ബലാൽ കൃഷ്ണ! കിമത്ഭുതം?
ഹൃദയാദ്യദി നിര്യാസി പൌരുഷം ഗണയാമി തേ"

"തമസി രവിരിവോദ്യന്മജ്ജതാമംബുരാശൌ
പ്ലവ ഇവ തൃഷിതാനാം സ്വാദുവര്‍ഷീവ മേഘഃ

നിധിരിവ നിധനാനാം ശ്രീമതീം ശ്യാമലാനാം
ഭിഷഗിവ കുശലം നോ ദാതുമായാതി ശൗരിഃ"

"ജാനുഭ്യാമഭിധാവന്തം ബാഹുഭ്യാമപി സുന്ദരം
സകുണ്ഡലാളകം ബാലം ഗോപാലം ചിന്തയേ സദാ."

ഇങ്ങനെ ചില പദ്യങ്ങൾ കേരളപാഠത്തിലില്ലെങ്കിലും, ആന്ധ്രപാഠത്തിൽ കാണുന്നുമുണ്ട്. ആന്ധ്രപാഠം കേരളപാഠത്തെ അപേക്ഷിച്ചു ദുഷ്ടമാണ്.

"ശിശുപാലബാലപരിഷദ്വിഭൂഷണം
ശിശുരേഷ ശീതലവിലോലലോചനം"

എന്ന ആന്ധ്രപാഠത്തിൽ പാപയല്ലയസൂരി "ശിശുപാലബാലാ വത്സപാലകാ ബാലാഃ" എന്ന് അർത്ഥകല്പന ചെയ്യുന്നു. 'പശുപാലബാല' എന്ന കേരളപാഠമാണ് ശുദ്ധം എന്നു പറയേണ്ടതില്ലല്ലോ.



'ഈശാനദേവചരണാഭരണേന നീവീ-
ദാമോദരസ്ഥിരയശസ്സ്തബകോദ്ഗമേന'

എന്ന അബദ്ധമായ പാഠം വ്യാഖ്യാനിക്കുമ്പോൾ സൂരി വല്ലാതെ കാടുകയറുന്നുണ്ട്. "ഈശാനദേവോ മഹാദേവഃ, തസ്യ ചരണൗ പാദൗ ആഭരണം യസ്യ തേന; ആഭരണം യഥാ അത്യാദരേണ ധ്രിയതേ തദ്വത് അത്യാദരേണ ധ്രിയമാണശിവപാദാരവിന്ദേനേത്യർത്ഥഃ; അനേന ശിവാപേക്ഷപ്രയുക്തദോഷോ മയി മാസ്ത്വിതി സൂചിതം. നീവീഭൂതം മൂലധനഭൂതം.........ദാമോദരസ്യ കൃഷ്ണസ്യ സ്ഥിരയശഃ നിശ്ചലകീർത്തിഃ; തദേവ സ്തബകഃ ഗുച്ഛകഃ;..........തസ്യ ഉദ്ഗമേന ഉദ്ഭവേന, അത്യാദരയുക്തേനേത്യർത്ഥഃ." ഈ കസർത്തുകളെല്ലാം വേണ്ടിവന്നതു്, ലീലാശുകന്റെ ഗുരു ഈശാനദേവനും മാതാപിതാക്കന്മാർ നീലീദാമോദരന്മാരുമാണെന്ന് അറിയായ്ക നിമിത്തമാണ്. കൃഷ്ണകർണ്ണാമൃതം കൂടാതെ, ബാലകൃഷ്ണസ്തോത്രം, ബാലഗോപാലസ്തുതി, കൃഷ്ണബാലചരിതം, കൃഷ്ണാവനികകൗതുകി, ഗോവിന്ദസ്തോത്രം, ബാലകൃഷ്ണക്രീഡാകാവ്യം, ഗോവിന്ദൈകവിംശതികാ മുതലായി അനേകം സ്തോത്രങ്ങൾ ബാലകൃഷ്ണപരമായി കവി രചിക്കുകയും അവയിലെ പദ്യങ്ങളും പൂർവ്വസൂരികളുടെ സൂക്തികളുംകൂടി കർണ്ണാമൃതാദിഗ്രന്ഥങ്ങളിൽ സംക്രമിക്കുന്നതിന് ഇടവരികയും ചെയ്തിട്ടുണ്ട്. ഒരു ഉദാഹരണം പ്രത്യേകം എടുത്തുകാണിക്കാം. കേരളപാഠത്തിലും ആന്ധ്രപാഠത്തിലും അംഗീകരിച്ചിരിക്കുന്നതായി,

"കൃഷ്ണേനാംബ! ഗതേന രന്തുമധുനാ മൃദ് ഭക്ഷിതാ സ്വേച്ഛയാ;
സത്യം കൃഷ്ണ? ക ഏവമാഹ? മുസലീ; മിഥ്യാംബ! പശ്യാനനം;
വ്യാദേഹീതി വികാസിതേഥ വദനേ മാതാ സമസ്തം ജഗ-
ദ്ദൃഷ്ട്വാ യസ്യ ജഗാമ വിസ്മയവശം; പായാൽ സ വഃ കേശവഃ"

എന്നൊരു പദ്യമുണ്ട്. ഈ പദ്യം ക്രി: പി: പതിനൊന്നാം ശതകത്തിൽ ജീവിച്ചിരുന്ന ക്ഷേമേന്ദ്രൻ ചന്ദകൻേറതു് എന്നുപറഞ്ഞു് അത്ഭുതരസത്തിനു് ഉദാഹരണമായി ഔചിത്യവിചാരചർച്ചയിൽ ഉദ്ധരിക്കുന്നു. ചന്ദകൻ അഥവാ ചന്ദ്രകൻ കാശ്മീരകനായ ഒരു കവിയാണ്. ശാർങ്ഗധരൻെറ പദ്ധതിയിലും വല്ലഭദേവൻെറ സുഭാഷിതാവലിയിലും അതു് ഉദ്ധൃതമായിട്ടുണ്ടെങ്കിലും അവർ തൽകർത്താവു് അജ്ഞാതനാമാവാണെന്നു പറയുന്നു. കാശ്മീരകനായ ക്ഷേമേന്ദ്രൻെറ അഭിപ്രായം ഈ വിഷയത്തിൽ അംഗീകരിക്കേണ്ടതാണെന്നു തോന്നുന്നുണ്ടു്. അങ്ങനെയാണെങ്കിൽ അതു് വില്വമംഗലത്തിൻെറ 303 പദ്യങ്ങളിൽ പെട്ടതല്ലെന്നു വന്നുകൂടുന്നു.

തിരുവിതാംകൂറിൽ പൌരസ്ത്യ ഗ്രന്ഥങ്ങളെ പ്രസിദ്ധീകരിക്കുന്ന മി: കെ. സാംബശിവശാസ്ത്രികൾ ഈയിടെ സമ്പാദിച്ച ഒരു ഗ്രന്ഥത്തിൽ കൃഷ്ണകർണ്ണാമൃതശ്ലോകങ്ങളുമായി ഇടകലർന്നു വില്വമംഗലത്തിൻേറതെന്നു വിചാരിക്കത്തക്ക പല ബാലകൃഷ്ണപരങ്ങളായ പദ്യങ്ങളും കാണുന്നു. അത്ഭുതപൂർണ്ണങ്ങളായ ആ പദ്യങ്ങളിൽ ചിലതു താഴെ പകർത്തിക്കൊള്ളട്ടെ.

1 അവ്യാദ്വീതകളായശ്രുതിരഹിരിപുപിഞ്ഛമാല്യസൽകേശജാലോ
ഗോപീനേത്രോല്പലാരാധിതലളിതവപുർഗ്ഗോപഗോവൃന്ദവീതഃ
ശ്രീമദ്വക്ത്രാരവിന്ദപ്രതിഹസിതശശാങ്കാകൃതിഃ പീതവാസാ
ദേവോസൌ വേണുവാദ്യക്ഷപിതജനധൃതിർദ്ദേവകീനന്ദനോ വഃ

2 മൌലൌ കേകിശിഖണ്ഡിനീ മധുരിമാധാരേ/ധരേ വംശിനീ
പീനാ.........ഹൃദി ലസൽകാരുണ്യകല്ലോലിനീ
ശ്രോണ്യാം പീതദുകൂലിനീ ചരണയോർവ്യത്യസ്തവിന്യാസിനീ
മായാ കാപി വിലാസിനീ വിജയതേ വൃന്ദാവനാവാസിനീ.

3 അത്യന്തബാലം വ്രജസുന്ദരീണാം നൃത്യന്തമഗ്രേ നവനീതഹേതോഃ
ശ്രുത്യന്തഗമ്യം പ്രതിഷിദ്ധമാജ്ഞാം പ്രത്യന്തഭൂമിം പ്രഥമാശ്രയേഥാഃ.

4 സപ്തസ്വരോദ്ഭാസിതസപ്തരന്ധ്രം വിന്യസ്യ വേണും വദനാരവിന്ദേ
വ്യാപാരയന്ത്യംഗുലിപല്ലവാനി രന്ധ്രേഷു രന്ധ്രേഷു മനോഹരാണി.

5 അസ്മിന്നു ചഞ്ചലമോജഃ കിഞ്ചന മേ മനസി പഞ്ചതാസമയേ
അംഗണരിംഖണവിരണൽകങ്കണമഞ്ജീരകിങ്കിണീവലയം.

6 താപിഞ്ഛമഞ്ജുളരുചി താമരസായതാക്ഷം
താരുണ്യനിർഭരതരംഗിതചാരുലീലം
താപത്രയപ്രശമഭേഷജമംഗഭാജാം
താദൃങ്മഹഃ സ്ഫുരതു ചേതസി താവകീനം.

7 കരേണ മുദ്രാചപലം കമപി ബില്വദളാങ്കഷം
കരാഞ്ചന പുലോമജാകമിതൃഗർവ്വസർവ്വങ്കഷം
യശശ്ശശിഗഭസ്തിഭിസ്ത്രിഗതസിന്ധുകൂലങ്കഷം
മഹഃ പരമുപാസ്മഹേ വ്രജമഹീകരീഷങ്കഷം.

8 മുരാരിനാമ്നഃ കളഭസ്യ നൂനമാലാനമാസീത്ത്രയമേവ ഭൂമൗ
ഉലൂഖലം വാ യമിനാം മനോ വാ ഗോപാംഗനാനാം
കുചകുഡ്മളം വാ.

9 കൃഷ്ണാർക്കതേജസോൽഫുല്ലരുക്മിണീവദനാംബുജം
ആചുംബ്യാചുംബ്യ ഗായന്തം വന്ദേ ഗോവിന്ദഷട്പദം.

10. അധരിതഹരിനീലരുചിസ്ഫുരിതശിഖണ്ഡിവിധൃതതനുയുഗളീ
കക്ഷകലജീവികാ തേ വിതരതു വിജയം മഹീയസീ മായാ.

11 ബാലമബാലം കൃഷ്ണം കിങ്കിണീമാലാഭിരാമജഘനതടം
തരുണാഭൂഷിതകണ്ഠം കരധൃതനവനീതപായസം വന്ദേ.

12 ശ്രീകൃഷ്ണായാശ്രിതാനന്ദസാന്ദ്രസംസൃതിഹേതവേ
ശ്രീരാമാദിവയസ്യായ പ്രശംസ്യായ നമോ നമഃ.

13 കോമളാധരബിംബചുംബിതവേണുനാദമനോഹര-
കാണമോദിതഗോപികാജനഗീയമാനനിജോദയം
മന്ദഹാസമരീചിമണ്ഡലരജ്യമാനദിഗന്തരം
നന്ദഗോപതനൂഭവം മുനിവൃന്ദവന്ദ്യമുപാസ്മഹേ.

14 കളായകുസുമോപമം കലിതചന്ദ്രകാപീഡകം
കരാഞ്ചലിതകിങ്കിണീകളനിനാദലോലം മഹഃ
ചിരം ശരണമസ്തു വശ്ശിവമോചിതം വേണുനാ
വിരാജിതജഗത്ത്രയം വിവിധബാലലീലാസ്പദം.

15 വ്യത്യസ്തചരണകമലം വേണുലതാവിവരമുഖരിതാമ്നായം
പായാദപായരഹിതം മായാഗോപാലവിഗ്രഹം തേജഃ.

16 വേഗോൽപാടനധൂതദ്രുതലമുതത്രാസോച്ചലൽപന്നഗം
ഉദ്യൽകഞ്ജരയുഗ്മമൽപഥസരിൽകല്ലോലകോലാഹലം
നേത്രൈരാകലതാരകൈരവനിഭൈൽപക്ഷ്മിഭിഃ പ്രേക്ഷിതം
ബാലസ്യൈലമുദായതൻ പ്രദിശതു ശ്രേയാംസി ഭൂയാംസി വഃ.

17 കാളിമതുലിതകളായം കാളിന്ദീപുണ്യപുളിനകളഹംസം
കാളിയഫണരംഗനടം കേളീപുത്ത്രപാലമാശ്രയേ ബാലം.

18 വേണുസ്വനപ്രണയി വേദഗിരാം രഹസ്യം
കേളീഗൃഹീതതനു കേകിശിഖണ്ഡചൂഡം
താപിഞ്ഛമഞ്ജുളരുചി താമരസായതാക്ഷം
ചിത്താന്തഃ കിമപി ജീവിതമിന്ദിരായാഃ.

19 മന്ദസ്മിതസ്നപിതമുഗ്ദ്ധമുഖാരവിന്ദേ
മന്ദാനിലാകലിതകോമളകാകപക്ഷേ
ഗോഗോപഗോപവനിതാജനപുണ്യപൂരേ
ഗോപാലബാലതിലകേ രമതാം മനോ മേ.

20 മാലാലസദ്വിലോചനൈർവ്രജവധൂജനൈസ്സാദരം
മുഹുർമുഹുരവേക്ഷിതം മുനിമനോഭിരാമോദിതം
പുരന്ദരപുരാംഗനൈർവ്വിയതി സംഗതൈസ്സംസ്തുതം
വനാവനിചരം ചിരം ശ്രയത ഗോപവേഷം മഹഃ.

21 ചിന്തമഹോദധികല്ലോലം തന്മഹോ വിതനോതു വഃ
സ്തനന്ധയം യശോദായാ ധനഞ്ജയധനം ജയം.

22 മുരാസുരനിഷൂദനം മുഷിതകാളമേഘപ്രഭം
മനോജ്ഞമുഖപങ്കജം മധുരകുന്ദബിംബാധരം
സ്വഭാവമധുരസ്മിതം സരസവേണുനാദാകൃതം
സരോജദളവിലോചനം സതതമസ്തു വഃ സ്വസ്തിദം.

23 ഇന്ദീവരസുന്ദരാവയവനിർജ്ജിതാസിതഘനദ്യുതിം
ചന്ദ്രകാന്തിമദചോരണാചതുരവക്ത്രതർജ്ജിതസരോരുഹം
ചന്ദ്രവേണനിനദാമൃതൈകരസധേനുവൃന്ദസമുപാസിതം
ചന്ദ്രകാങ്കിതശിരോരുഹം നമത നന്ദഗോപതനയം സദാ.

24 അഗണിതമഹിമാശരണോജ്ജ്വലമഖശർവ്വാനതോല്ലസച്ചരണോഃ
വ്രജകലബാലാരമണോഽഭ്യേതസി മേ മാത്തു ചിന്മണേഃ കിരണാഃ

25 അങ്കുരിതം ഭവവംശേ പല്ലവിതം വല്ലവീകുലാലാപേ
കോരകിതം ശ്രുതിശിഖരേ ഫലിതം ഭക്തേഷു പാദപം വന്ദേ.

26 കൃഷ്ണഃ കരോതു കല്യാണം കംസകുഞ്ജരകേസരീ
കാളിന്ദീലോലകല്ലോലകോലാഹലകുതൂഹലീ.

27 അഗോപയോഷിന്നയനാഞ്ചലാഞ്ചിതാ-
മകുന്ദസൗന്ദര്യമപായോപായഗിനീം
അകന്യകാല്പാമനോഹാരിണീം വയം
ന ദേവതാം ചേതസി ചിന്തയാമഹേ.

ഈ പദ്യങ്ങൾക്കം കൃഷ്ണകർണ്ണാമൃതത്തിലെ പദ്യങ്ങൾക്കം തമ്മിലുള്ള സാദൃശ്യം അത്യാദൃശമായിരിക്കുന്നു.

വില്വമംഗലത്തിന്റെ 'ഭാവനാമുകുരം' എന്നൊരു കൃതിയെപ്പററിയാണ് ഇനി പറയാൻപോകുന്നത്. ശ്രീകൃഷ്ണന്റെ പാദാദികേശം സൽസമ്പ്രദായികൾ ധ്യാനിക്കുന്നത് ഇന്നവിധത്തിലാണെന്ന കവി ഈ കാവ്യത്തിൽ നിസ്സർഗ്ഗമനോഹരങ്ങളായ കുറെ വസന്തതിലകപദ്യങ്ങളിൽ നമുക്ക കാണിച്ചുതരുന്നു. ഇതും മുൻപു പറഞ്ഞ താളിയോലഗ്രന്ഥത്തിന്റെ ഒരു ഭാഗമാണ്.

1 തന്മനേകതാമഥ വിഭാവ്യ മനോ നിയമ്യ
സത്സമ്പ്രദായപദവീകുശലാഃ ക്രമേണ
അംഗാനി തസ്യ ചിരമിത്ഥമമുഷ്യ പത്യുഃ
പ്രത്യേകമേവ ഹൃദി ധാരണയാ സ്മരന്തി.

2 അംഭോജമത്സ്യകലിശാങ്കുശകൂർമ്മശംഖ-
ചക്രധ്വജോർദ്ധ്വരേഖാമിരലംകൃതൌ തൌ
ശ്രീധാമ സദാ കലയതാം കമനാകിശോര-
ഭാവസ്യ കൈടഭരിപോശ്ചരണൗ മുദാന്തഃ.

3 നാഥസ്യ നാടകശിഖേഃ പരിതഃ സ്ഫുരന്തീ
പാദാരവിന്ദനഖചന്ദ്രമരീചിമാലാ
ആഭാതി ലോകശരണാകരുണാരസശ്രീ-
ഗദ്യാ ഹി ജഹ്നുതനയേവ വിനിസ്സരന്തീ.

4 സൎവ്വജ്ഞതാദിഗിരാമണിമൌലിസിദ്ധി-
ജീവാതുമാദിസദനം മനസാം മുനീനാം
ഭാഗ്യോദയം കിമപി ഗോപവിലാസിനീനാ-
മീക്ഷാമഹേ മുരരിപോശ്ചരണാരവിന്ദം.

5 വിദ്യാവിദഗ്ദ്ധതരണീനവകേളിലോലാ-
മാണിക്യപീഠമതിശോണ്ഗതരശ്മിജാലം
ക്രീഡാശിരോരമവമൌലിമണിപ്രദീപ-
ന്നീരാജിതം പദയുഗം ഹൃദി ഭാവയാമി.

6 ദേവസ്യ ജാനുയുഗവൃത്തമണേന്ദു പ്രപീഠീ
കാന്താംഗസംഗജനിതാ പുളകേന ജംഘേ
ആദ്യന്തമാഗമനസൽക്രമകാന്തികാന്തേ
പാദൌ കരീഷമിളിതൈരപി ലക്ഷ്യമാണൌ.

7 ഊരൂ മുരാരേർഭുവനമന്ദിരപദ്മരാഗ-
സ്തംഭോപമാവരുണകാന്തിമയൌ വിഭാതഃ
യദ്യാപി തൈരന്തരമാരിതമാനവേന്ദ്ര-
ദർപ്പോന്നതൈർഗ്ഗളിതൈ തഥപിരൈരിവാർദ്ദ്രൌ.

8 സ്വച്ഛം സ്വർണ്ണമയമമ്പരമംബരാന്ത-
മഗ്രേ വിളംബി മുകുരാവൃതഗോപനീയം
ആവിർഭവൽകിങ്കിണികിങ്കിണികാകിങ്കിണീക-
മസ്യോദ്ധപിതരാധികടി പ്രകടം ചകാസ്തി.

9 ആരോഹയിഷ്ണി കലിതാ കരുവിന്ദധാമ്നി
ദേവസ്യ കാഞ്ചനമയീ പരമസ്യ കാഞ്ചീ
സന്ധ്യാഘനാവലിരിവാംബരബിംബലംബി
സൌദാമിനീസഹചരീ ഹരതേ മനാംസി.

10 ആനന്ദമാകലയതേ വൃതമന്ദരാഭ്രഃ
കാഞ്ചീഗുണഗ്രഥിതരത്നമരീചിവീചി
സംഖ്യാതിലംഘിപരിജൃംഭിതജംഭവൈരി
കോദണ്ഡഡംബരവിഡംബനപണ്ഡിതാ നഃ.

11 ഹാരസ്യ മാരമിവഹരി ഹരിനാഭിരന്ധ്രം
വ്യാപ്യ പ്രഭോസ്സുത ഇതഃ പരിനിസ്സരന്തീ
നിർജ്ഞതരീവ ബാഹിരിൽകടതാമുപേത്യ
സ്ഫാരാ വിഭാതി കരുണാമൃതസാരധാരാ.

12 ത്രപമാന്ധഗർഭഗൃഹം നവിബന്ധിനോഽസ്യ
ഭോഭാമരസ്യ ജനനീകൃതഭാരമ്പഥം
വിദ്യൈകവേദ്യ മഹനീയപദാംബുജസ്യ
വ്യാവ്യാത്മമാഗകതനോദരപാരതന്ത്ര്യം.

13 തിസ്രോ ജയന്തി വലയന്ത്രിതശൈശവബന്ധാർ-
ല്ലാവണ്യപുണ്യതടിനീലഹരീവിലാസാഃ
അന്തഃസ്ഥിതിം ഗതവതാം ജഗതാം ത്രയാണാ-
മന്യോന്യസീമ്നി രചിതാ ഇവ രേഖികാഃ.

14 ശ്രീവത്സവിനോദനകരോദരകേളിപീഠീ
സംവിൽകലാസനരത്നവിലാസഭംഗീ
വക്ഷസ്ഥലീവ്രജവധൂനയനാന്തകേളി-
ചിത്രക്രിയാ ഫലകതാം ഭജതേ വിഭോർനഃ.

15 പാടീരസാരമലയാസാരകുരംഗനാഭി-
കാശ്മീരകർദ്ദമസുഗന്ധകൃതാധിവാസം
ഗ്രൈവേയഭൂഷണവിജൃംഭിതതാരഹാര-
പ്രോദ്യൽപ്രഭാഭരവിചിത്രവിതാനമസ്യ.

16 വ്യാലംബിമൗക്തികലതാവിഹിതാവലോകേ
ലക്ഷ്മീവിഹാരമണിമന്ദിരതാം പ്രപന്നാ
വക്ഷഃസ്ഥലേ സുരചിതേ വസുദേവസൂനോ-
ർദ്ദീപായതേ ഹിതമഹാർഘ്യമണിർമ്മഹൗജാഃ (കൗസ്തുഭം.)

17 പര്യന്തരോമരാജിവിലസിതരത്നവല്ലീ-
മാണിക്യനായകമനോരമമധ്യഭാഗാ
കണ്ഠസ്യ മുഗ്ധകലിതാ കനകാംബരാഭേഃ
സ്ഥാലീ* ചകാസ്തി കമലാകരനിത്യപൂർണ്ണശ്രീഃ.

18 കല്യാംഗുലീയകടകാഞ്ചിതദിവ്യദീപ്യ-
ന്മാണിക്യകാന്തികലിതൗ പരമസ്യ ബാഹൂ
രത്നാംഗുലീയകിതപാണിപയോജസാരാള-
ബാലപ്രവാളലതികാശ്രിയമാശ്രയേതേ.

* സ്ഥാലീ = താലി

19 കല്ലോലിതാഃ കിരണമണ്ഡലധാതുരംഗൈഃ
ശ്രീവല്ലഭസ്യ ജിതപല്ലവരോചകാന്ത്യാഃ
കേഷാം ന തോഷവിധയേഽങ്ഗുലയോ ഭവേയു-
ർത്രൈലോക്യചിത്രരചനാമണിതൂലികാഭാഃ.

20 ആനന്ദസ്ഥമണിജസ്യ ചാരുസ്മിതരംഗസംഗ-
ശീതാ ബഹിഃപരിമിളന്നവനീതഗന്ധാഃ
ഗാത്രാണി മേ ശിശിരയന്തി ശിശോഃ ശരണ്യാ
നിശ്വാസമന്ദമരുതോ വിശദസ്വഭാവാഃ

21 പര്യന്തയോരഹഹ! കർണ്ണയുഗസ്യ മന്യേ
നാസാപൃഷ്ഠോ യദി മുഹുർന്ന നിവാരയേതാം
അന്യോന്യസീമപരിലംഘനലോലികത്വം
കോ വാരയേന്നയനയോഃ കമലേക്ഷണസ്യ?

22 കൃഷ്ണസ്യ സാന്ദ്രകരുണാമൃതദിവ്യവൃഷ്ടി-
ധാരാമൃദൂദ്ഗമധുരാ മയി ദൃഷ്ടിരസ്തു
ഗോപാലബാലമഹിളാപ്രഥമാനമാന-
ഗ്ലാനിപ്രരോഹപരിപാടനകേളിലോലാ.

23 സന്താപിനീമിവ മണിപ്രതിമാതുരാണാം
സമ്പ്രാപ്തമാത്രവദനാം സമുപാത്തബാല്യാം
നിർവർണ്ണയാമി നിഖിലാവയവാനവദ്യാം
നന്ദസ്യ പുണ്യവികൃതിം നവകാന്തിരേഖാം.

24 ലാവണ്യമസ്യ വിഭവം നനു ഗോപികാഭി-
ർന്നൈസർഗ്ഗമസ്യ മദനസ്യ ഗുരോർന്ന വർണ്ണ്യം
ചാതുര്യമസ്യ ചതുരാനനജന്മഭൂമേ-
ർവ്വാചാ പുനർജ്ജഗതി നൈവ വിവേചനീയം.

25 ഗോപാലബാലവനിതാദൃഗ്ഗതകേളിചിന്ത-
ർദ്ദ്രാപിതൈരപി ച വിസ്മൃതബാഹ്യകൃത്യൈഃ
ഗോഭിശ്ച ചിത്രകലിതാഭിരിവാചലാഭി-
രാസ്വാദ്യതേ മധുരിമാ പരിതോ മുരാരേഃ.

26 ഇത്ഥം ക്രമേണ കഥയാ ഗുരുസമ്പ്രദായ-
ലബ്ധോപധാനവശവാൻ (സ്വചിരം) വിചിന്ത്യ
കൃഷ്ണം കൃതാർത്ഥതയാ ഹൃദി ഭാവയേഽഹ-
മാനന്ദമുഗ്ദ്ധപതിമാത്മതമോപലീനം.

27 ക്ലേശം വിധായ സുധിയഃ സ്വപരിശ്രമാര-
മനല്പം... ...സുവൃത്തഭാവം
യേ ഭാവനാമുകുരസംഭവിതമാദ്രിയന്തേ
പശ്യന്തി തേ സകലമംഗലമാത്മരൂപം."

"ഇതി ശ്രീകൃഷ്ണലീലാശുകമുനിവിരചിതായാം (?) ഭാവനാമുകുരഃ സമാപ്തഃ" എന്നൊരു കുറിപ്പു ഗ്രന്ഥാന്തത്തിൽ കാണുന്നതിൽനിന്നു ഇതു വില്വമംഗലത്തിന്റെ പ്രബന്ധങ്ങളിൽ ഒന്നാണെന്നു വിശദമാകുന്നുണ്ടല്ലോ.

ഗ്രന്ഥകാരന്റെ സകല കൃതികളിലും ശ്രീകൃഷ്ണപരമായ മംഗലാചരണം കാണാവുന്നതാണു്. താൻ ഒരു ശൈവ(സ്മാർത്ത)കുടുംബത്തിലാണു് ജനിച്ചതെങ്കിലും ചെറുപ്പത്തിൽതന്നെ അദ്ദേഹം ഒരു വൈഷ്ണവനായിക്കഴിഞ്ഞിരുന്നു. ഈ വസ്തുത അദ്ദേഹം ശ്രീകൃഷ്ണകർണ്ണാമൃതത്തിലെ,

"ശൈവാ വയം ന ഖലു തത്ര വിചാരണീയം
പഞ്ചാക്ഷരീജപപരാ നിയതം തഥാപി
ചേതോ മദീയമതസീകുസുമാവഭാസം
സ്മേരാനനം സ്മരതി ഗോപവധൂകിശോരം."

എന്ന പദ്യത്തിൽ വിശദീകരിച്ചിട്ടുണ്ടു്.

മേല്പുത്തൂരിന്റെകാലത്തു ചെമ്പകശ്ശേരിരാജാവിനെ സന്ദർശിച്ച യതി വൃന്ദാവനവാസിതന്നെയായിരുന്നു; അതു് വില്വമംഗലമല്ലെന്നു പറയേണ്ടതില്ലല്ലോ. അതുപോലെ കൃഷ്ണനാട്ടം രചിച്ച മാനവേദരാജാവിന്റെ ഉപദേഷ്ടാവായിരുന്നതും വില്വമംഗലമല്ല; തെക്കേമഠത്തിലെ സ്വാമിയാരന്മാരിൽ ആരെങ്കിലുമായിരിക്കണം, ആ പൂജ്യപാദനെ ഔപചാരികമായി വില്വമംഗലം എന്നു രാജാവു വ്യവഹരിക്കുവാനും പാടില്ലായ്കയില്ലതാനും.

കഴിയട്ടെ; വില്വമംഗലം അഥവാ കൃഷ്ണലീലാശുകൻ ഒരാളേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന്റെ ജന്മഭൂമി തിരുനാവായയ്ക്കടുത്തുള്ള ഇല്ലങ്ങളൊന്നായിരിക്കണം. ഇല്ലത്തിനു വില്യമംഗലമെന്നും വില്വമംഗലമെന്നും അവ്യവസ്ഥിതമായ സംജ്ഞകളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അമ്മ നീലിയും അച്ഛൻ ദാമോദരനുമായിരുന്നു. ജീവിതകാലം ക്രി: പി: 1220—1300 ഇവയ്ക്കിടയിലാണെന്നുദ്ദേശിക്കാം. ആദിത്യപ്രഭൻ,

ഈശാനദേവൻ, സോമഗിരി ഈ മൂന്നു പേരും അദ്ദേഹത്തിന്റെ ഗുരുക്കന്മാരായിരുന്നു. ശ്രീകൃഷ്ണസമ്പ്രദായവിഷയത്തിൽ കേരളീയനായ ഗുരു ഈശാനദേവനും, വൈദേശികനായ ഗുരു സോമഗിരിയുമായിരിക്കാം. രാഘവേശൻ അദ്ദേഹത്തിന്റെ സുഹൃത്തും മുക്കോലഭട്ടാപ്രസാദൻ ശിഷ്യനുമായിരുന്നു. ചിന്താമണി എന്നൊരു വേശ്യയുമായി അദ്ദേഹം വേഴ്ചയിലായിരുന്നുവെന്നും, ആ സ്ത്രീതന്നെയാണ് അദ്ദേഹത്തിനു മോക്ഷമാർഗ്ഗമുപദേശിച്ചതെന്നുമുള്ള ഐതിഹ്യം സത്യമായിരിക്കാം. ആ സ്ത്രീ ആന്ധ്രദേശക്കാരിയായിരുന്നു എന്നാണല്ലോ ഭക്തമാലയിൽനിന്നു വെളിവാകുന്നത്. ഇക്കണ്ടാരതിലകത്തെ സഭായോഗത്തിൽ അദ്ധ്യക്ഷനായിരുന്നു എന്നും അവിടെനിന്നു ചേററുവായ്ക്കും കൊടുങ്ങല്ലൂരിനും ഇടയ്ക്കുള്ള കായൽകടന്നു കാക്കത്തുരുത്തിയിലുള്ള വേശ്യാഗൃഹത്തിലേയ്ക്കാണ് അദ്ദേഹം പോയതെന്നും ഐതിഹ്യഘോഷണമുണ്ടെന്നു ചിലർ പറയുന്നു; എനിക്കതിനെപ്പററി അറിവില്ല. ഗംഗാദേവി കണ്ണാമൃതകവിയെ ആന്ധ്രദേശീയനാക്കി വർണ്ണിക്കുന്നത് അദ്ദേഹത്തിന് അവിടെ എന്തെങ്കിലും ബന്ധമുണ്ടായിരുന്നതിനാലാകണം. വില്വമംഗലം ഭാരതവർഷം മുഴുവൻ സഞ്ചരിച്ചിരുന്നു എന്നുള്ളതിനു സംശയമില്ല. പുരുഷകാരം രചിച്ചതു കാശീപുരത്തുവച്ചായിരിക്കാം.

"കാശീതി കാഞ്ചനപുരീം പ്രഥിതാം ധരിത്രീ
കാശിശ്ചിദന്വയവിശ്രുതിപരമ്പരാഭിഃ
ചേതഃ സ്ഥിതിം ച ജഗതാമധിവാസയൻ യോ
..................വിജയായ ഭൂയാൽ"

എന്നൊരു പദ്യം ആ ഗ്രന്ഥത്തിന്റെ അവസാനത്തിൽ കാണുന്നുണ്ട്. ഗണപതിസ്തോത്രം രചിച്ചതു ചോരാ(ദോര)സമുദ്രത്തിൽ വച്ചായിരുന്നു. കേനോപനിഷദ്വിവൃതിയിൽ ഗംഗയെ വർണ്ണിക്കുന്നതുകൊണ്ട് അതിന്റെ നിർമ്മിതി കാശിയിൽവച്ചാണെന്ന് ഊഹിക്കാം. പ്രഭാസത്തിലും ദ്വാരകയിലും താമസിച്ച വല്ലഭസമ്പ്രദായത്തിനും, വൃന്ദാവനത്തിലും ജഗന്നാഥത്തിലും താമസിച്ച ചൈതന്യസമ്പ്രദായത്തിനും മാർഗ്ഗദർശിയായിത്തീർന്നു എന്നും സങ്കല്പിക്കാവുന്നതാണ്. തെക്കേമഠത്തിലെ സ്വാമിയാരായി അവരോധിക്കപ്പെടുന്നതിനുമുൻപും പിൻപും അദ്ദേഹം ഈ മാതിരി സഞ്ചാ

ങ്ങളിൽ ഏർപ്പെട്ടിരുന്നിരിക്കാം. കൃഷ്ണലീലാശുകൻ എന്നതു് അദ്ദേഹത്തിന്റെ അതിമനോഹരവും 'ലളിതകോമളകാന്തപദാവലീ' ഘടിതവുമായ ശ്രീകൃഷ്ണകർണ്ണാമൃതത്തെ അഭിനന്ദിച്ചു സഹൃദയന്മാർ നല്കിയ സ്ഥാനമാണു്. സാക്ഷാലുള്ള പേരെന്തെന്നു് അറിയുന്നില്ല. ഒരു പരമഭാഗവതൻ, മഹാവൈയാകരണൻ, വൈഷ്ണവസമ്പ്രദായപ്രവർത്തകൻ, വേദാന്തപാരഗൻ, കവിസാർവ്വഭൗമൻ ഇങ്ങനെ പലനിലകളിൽ അദ്ദേഹം തന്റെ കീർത്തിപതാകയെ ഉയർത്തി; ഭാരതവർഷമെങ്ങും അദ്ദേഹത്തിന്റെയും തദ്വാരാ കേരളത്തിന്റെയും പേരും പെരുമയും പരത്തി; അനവധി വിശിഷ്ടഗ്രന്ഥങ്ങൾ നിർമ്മിച്ചു. കേരളത്തിലെ മൂന്നു മഹാകവിമൂർദ്ധന്യന്മാർ ശങ്കരഭഗവൽപാദരും കൃഷ്ണലീലാശുകമുനിയും മേല്പുത്തൂർ നാരായണഭട്ടതിരിയുമാണു്. ഭട്ടതിരിയുടെ യശസ്സുമാത്രം ഇന്നും കേരളത്തിന്റെ ഇടുങ്ങിയ പരിധിയിൽ ഒതുങ്ങിക്കിടക്കുന്നു. ലീലാശുകൻ ജയദേവനെപ്പോലെ ഒരു അഖിലഭാരതവ്യക്തിയായി പരിലസിക്കുന്നു. ശങ്കരാചാര്യരാകട്ടെ, ഒരു അഖിലലോകമണ്ഡലവ്യക്തിയുടെ നിലയിൽ എല്ലാ സഹൃദയന്മാരുടേയും തത്ത്വചിന്തകന്മാരുടേയും ഹൃദയങ്ങളെ കോൾമയിർ കൊള്ളിക്കുന്നു; ഈ ത്രിപുരുഷത്രയത്തെ കേരളീയരായ നമുക്കു യഥാവിധി ആരാധിച്ചു നിർവൃതിനേടാം; ഇവയായിരിക്കട്ടെ നമുക്കു മാർഗ്ഗദർശകങ്ങളായ ജ്യോതിസ്സുകൾ.

# ശൃംഗാരലഹരി.

(പ്രസാധകൻ—പ്രൊഫസർ പി. ശങ്കരൻനമ്പ്യാരവർകൾ, എം. എ.)

[താഴെ ചേർന്ന ശ്ലോകങ്ങൾ ഒരു പഴയ താളിയോലഗ്രന്ഥത്തിൽനിന്നു കിട്ടിയവയാണ്. ഗ്രന്ഥം ജീർണ്ണമായിരിക്കുന്നതിനാൽ പല ഭാഗവും ദുർഗ്രഹമാകുന്നു. ബ്രഹ്മശ്രീ ഇടപ്പിള്ളി കൃഷ്ണരായരവർകളുടെ പുത്രനും ഭാഷാപ്രണയിയുമായ കരുണാകരമേനോനവർകൾ സദയം എനിക്കയച്ചുതന്ന ഏതാനും ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽനിന്നാണ് ഈ ശ്ലോകങ്ങൾ കണ്ടെടുത്തിട്ടുള്ളത്. ആശയഗതിയും ഭാഷാരീതിയും മറ്റും നോക്കുമ്പോൾ ഇവ "ഉണ്ണുനീലിസന്ദേശ"ത്തിന്റെയും "ചന്ദ്രോത്സവ"ത്തിന്റെയും സമകാലീനന്മാരായ കേരള ബ്രാഹ്മണരാൽ വിരചിതങ്ങളായിരിക്കണമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. പ്രത്യേക കാരണങ്ങളാൽ പല ശ്ലോകങ്ങളും വിട്ടുകളഞ്ഞിട്ടുണ്ട്. മേലെഴുതിയിട്ടുള്ള തലക്കെട്ടു ഗ്രന്ഥത്തിൽ കണ്ടതല്ല.]

പ്രസാധകൻ.

1. കണ്ടാറില്ലിത്തരാളം യുവതിജനശിരോ
ലംകൃതേ ചന്ദ്രബിംബേ
ബിംബീപാകം തമോമണ്ഡലമയി സരസേ
പാറ്റുചാറും പ്രസൂനം
കംബോരഗ്രേ ശശാങ്കം രുചിരതരതനോ
നന്നിതേററം വിചിത്രം
കണ്ടേൻ ഞാൻ വെള്ളയിച്ചേരിനമലർവനിതേ
ധർമ്മേ താവകീനേ.

2. പൊന്നപ്പൂമുള്ളും നവമാലതീവിശിഖനാം
ക്ഷോണീന്ദ്രബാണങ്ങൾകൊ
ണ്ടുംകാറ്റുകൾ മരന്ദവാനി വിവശീ
ഭൂതാ മരിക്കൊച്ചിലർ
അക്ഷീണം മന്നിതം കൃശോദരി മഹേ
ളാലോകപൃഥ്വാമണേ!
കേൾക്കാറു പുനരെന്തു വെള്ളയിൽമലർ
തന്വാംഗി! കർണ്ണാന്തരേ.

3. കണ്ടാവൂ ചെറുചാപമൊന്നു കമനീം
കന്ദർപ്പദർപ്പപ്രദാം
കണ്ടാവൂ സുരതാരവിന്ദമകര
ന്ദം കണ്ടതാവൂ സഖേ!
പണ്ടാരും നിനയാതൊരർത്ഥമിയലും
വാത്സ്യായനപ്രക്രിയാ-
ഭണ്ഡാരത്തിൽ നിറഞ്ഞ ചിത്രസദൃശാം
കണ്ടാവിതെൻപ്രേയസീം.

4. മട്ടോലുംവാണി! നിൻകോമളഗളമുവി മ
ങ്ങാത മാംഗല്യസൂത്രം
കെട്ടുന്നേരം മലർച്ചെണ്ടരനരപതിസാ
ടോപമാനാത്തുകൊണ്ടാൻ
വട്ടംകെട്ടി വിരിഞ്ഞും ത്രിഭുവനമലർവാ
ണങ്ങളുമായ മമ്മാ!
കൊട്ടങ്ങാക്കളുടഞ്ഞു തെളിവിനൊടു തിരി
ഞ്ഞത്രതിരുത്തിമാതേ!

5. ശംഭുക്രോധേന തീപ്പെട്ടളവിലൊരു പിടി
ച്ചാമ്പൽ നീയത്ര കൊണ്ടും
ഊപിക്കേണ്ടും നിനക്കില്ലറിവനറിവനി
ന്നിന്നു ഞാനംഗയോനേ!
പമ്പത്യന്തം പലുക്ഷന്നതിര പുതുപാ
മ്പതമന്നിട്ടിയക്കി-
ട്ടുമ്പോൽത്താത്ത്വമത്തെ മലർചാരമേളിതാ
ണിക്കു വിളമ്പിതെല്ലാം.

6. മുകിലുമുടിമലങ്ങിത്തൂകൊണ്ടി
ട്ടകലേ കാൺക പകലേ കലശലോധാം
സകലേന്ദ്രിയമോഹനനായ മാരൻ
പുകിലോകമിണിയിട്ടിയോ ന ജാനേ.

7. വട്ടപ്പോർകൊങ്കതൊട്ടീലധരമലർ നക
ന്നീലിതത്രയുമല്ലേ
മട്ടോക്കംചൊണിതൻ മന്ദിരമുവി കടവ
ത്തേഷ ചെന്നീലൊരുനാൾ

ഇട്ടിപ്പെണ്ണിൻമുഖാംഭോരുഹമൊരുദിവസം
കണ്ടതിന്നെത്ര മാരൻ
കൊട്ടിക്കൊല്ലുന്നിതല്ലോ! ചില മലയമരുൽ-
പ്പ്പാന്തികൊണ്ടതിനേരം.

8. മുഗ്ദ്ധേ ചാരു വടക്കനിന്ന വരവി-
ന്നേണീദൃശാം വിശ്രുതേ!
തെക്കംഭാഗിക്കിലെനിക്കു വാസഭവനം
നാനാഗുണാവാസമേ!
അക്ഷീണപ്പുകഠംകൊണ്ടു തമ്മിൽവിലസും
നാനാഗുണാഢ്യന്ന ഞാ-
നാഗ്രു ചൊല്ലിന കാരിവേലികവിതാ
ശാലീകലാമാലികേ!

9. ഭാമേ പുണ്യാധികേ ഞാൻ ഭരണിരമണിത-
ന്നന്തികേ ചെന്നനിന്നേൻ
മാനേലുഞ്ഞൻകോണിലല്ലോ! മദനഗജമദം
പാട്ട കണ്ടേൻ തദാനീം
വാണീമാതിൻകരാഗ്രേ മരുവിന മണിവീ-
ണാരവം കൈവണങ്ങും
വാണീവിന്യാസവും മേ ചെവിയിലമൃതനി-
ഷ്യന്ദമായ് വന്നുവീണു.

10. ആരാദ്ധ്യാ മറകന്ന മാമിഹ കരി-
ല്ലുംവല്ല മാപാപിതാൻ
വാരാങ്ങാം മതി ജീവഭാരമിനി ഞാൻ
തേടുന്നിതില്ലെന്നുമേ
ആരാമേ ഋതുയേ ഇനിഞ്ഞതുവിലെ-
ന്നാനന്ദചിന്താമണി-
ത്താരാർമാനിനി കാൽക്കൂലിലന്വരുജൂചെ-
യ്തു തോഴ! കണ്ണാന്തരേ

11. വീരന്മാരിലെനിക്കുമുമ്പു നാടേ
ചൊല്ലേണമെല്ലായിലും
ഘോരം കോകിലനാദമെന്നതുമെടോ
മുഗ്ദ്ധേ! പൊറുത്തീടിനേൻ

വാരാളും കനലൂത്തുവെൺമതിവരാ-
ന്നേരത്തു ഞാനല്ലയോ
നേരെ നിന്നു ഹന്ത നന്ദിപൂർവമാ-
ന്നിട്ടീവിയോഗാമയെ.

12. ആവിർല്ലീലം കളിക്കാനിതു മദമിളകം
ഉദ്ദീമാതംഗമിട്ടി-
ത്തേവീ! കാതോടുപോയ് ചെല്ലുന്നിടയിടവരംപാ-
ങ്ങത്താമലേ! താവകീനം
ഏല്ല(വ)ങ്ങൾ പ്രേമമാമങ്കുശകലവിതൊട്ടു-
ത്താളും പൂവാണനെന്നും
പോവാൻ കൊണ്ടെത്തുളയ്ക്കുന്നിതു രഹസി തള്ളി-
ക്കന്നെഴും ധന്യശീലേ.

13. ഞാനാരെന്നോ കോഴിക്കുകീഴയാരു മുനിവനിതാം
ചൊല്ലി താപ്പാതിരയ്ക്കോ
വാനോർകോനെങ്ങനെക്കേ വിജയമിവ ദൂനാ
സമ്പ്രാപിച്ചീലൊരുന്നാൾ
കാണാതെ ഞാനോ വിളിച്ചുൻപ്രണയിനിയെ മദാ
മാനപ്പൂമാല്യതീം മൽ-
പ്രാണപായെ പിരാമനോ പുണരിച്ച മഴകാ-
ണാഞ്ഞ് വേഴാമ്പൽപോലെ.

14. ധന്യേ! ഞാൻ നിന്നെ വേർപെട്ടുളവൊരു മന്മഥാ-
ല്ലാളി മാപാപി കോപാ-
ലെന്നെത്തന്നേ മുഴിഞ്ഞിട്ടനേയിർക്കളയും-
മാറു പൂവാണമെല്ലാൻ
തന്നാലാകുന്നവണ്ണം തെരുതെരെ നിരവധാം
തള്ളി വില്ലും മുറിച്ചാൻ
പിന്നെക്കെട്ടിട്ടിഴച്ചാനവനിയിൽമുഴുവൻ
ഞാനതുകൊണ്ടാനമാതേ!

15. മല്ലീനിലാവാം മധുവാണീവേണി-
ഇല്ലാച്ചുതേ! ചാതകജാതിബന്ധോ!
കല്യാണമേഘാത്തമകാന്ത ചാര-
ത്തില്ലാതനാളെന്നെ വെറുപ്പിയാതെ

16. മുന്നം ചൂതലതാനികുഞ്ജനികടേ
നാം നട്ട പൂമല്ലിയാ-
ലൊന്നിന്മേൽ കലികോൽഗമം ബത കലർ-
ന്നുതോ കലന്നിലയോ?
എന്നെല്ലാം ദിവസാന്തരത്തിലറിയേ-
ണമാതോ വയസ്യാമട്ട-
ത്തിന്നും കണ്ണതുമില്ല ചൊന്നറികയോ
മെല്ലെ മമാമല്ലികേ!

17. പാടലാധരമിരന്നിരന്നു ഞാൻ
നാടനീക്ഷമതിലില്ല സങ്കടം;
മൂഢലോകർ നിരസിപ്പർ നമ്മെയെ-
ന്നാടകാൽ മനസി രാജചന്ദ്രികേ!

18. മല്ലീനിലോല്പലാടനയനാനന-
ത്തെല്ലാ നിലാവും വെയിലെന്നതോന്നും;
നല്ലാതനാളും മമ തോഴ! ചിത്ത-
മെല്ലാനിലാവും വെയിലെന്നതോന്നും.

19. ഞാനോ ഞാനൊട്ടുവല്ലെന്നിതു കിമപി തിരി-
ച്ചീടുവാൻ ചാരു ചൊല്ലാ-
പ്പൂന്തേനൊല്ലുന്നമട്ടുന്നതിനു മധുരതാ-
സാരമേറും മനോജ്ഞേ!
അനംഗേ സംഗരേ ചെററിട മതുമൊഴിയാ-
മിട്ടിയച്ചീ മുദാ നീ
താനേ നല്കുന്നതിന്നോ പലപൊഴുതു പിണ-
ങ്ങിപ്പുറിക്കുന്നതിന്നോ.

20. പറയാം പറയുന്നവൾ മറെറ-
ന്തൊരിവുള്ളോർക്കറിയാമനംഗതാപം
ഉളവായതണമിററതോവു വാച്യ-
ത്തുറിയാമോ? വരഗാത്രി! തനലേഖേ!

21. എന്തുത്തരം നിനവിനാഗ്രഹമൊന്നിലുണ്ടാ-
മന്ധക്ഷശേഷമപി ഭാവമതെന്നതോന്നും
ചന്ദ്രത്തിലേന്നനയനേ! ചെവിയിൽക്കടക്കാൻ
മന്ത്രിച്ചതെന്തു മമ മന്ദതാപമല്ലീ?

22. കണ്ണന്തിൽത്തെളിതേൻതുളുമ്പിന ഗിരാ
നല്ലാരെ വല്ലാരെയും
വണ്ണിപ്പുണ്ടു തരത്തിലക്ഷമാതടം
പൂണ്ടും കളിപ്പുണ്ടു ഞാൻ
നിന്നൊത്തൊളൊഴിയെപ്പരം നിരുപമേ!
നിന്നാണെ പിന്നെക്കിട-
ന്നൊന്നാംക്കാമ്പലർബാണബാണശിഖിനാ
വേവില്ല നീവില്ലതേ.

23. പുനംചമസ്സൂന്ന ചിലോകമെല്ലാ-
* മനസ്സു ചൊല്ലീട്ടിഹ കേൾപ്പനോ ഞാൻ
കനാന്തിരത്തീടെഴുമിക്ഷു,കാണ്ഡാൽ
കനിഞ്ഞു പൂന്തേനൊഴുകുന്നപോലെ.

24. കാ വാ ശങ്ക കലേശകുലവരനേ!
കല്യാണനിധി മുദാ
വാ വാ വാർമുലനല്ല, നിന്നൊടു കളി-
ച്ചും ഞാൻ പിഴച്ചീലെടോ
താവും കാമുകമാനസേഷു വരപാ-
ഞ്ഞേററം പുളച്ചീടുമി-
പ്പൂവമ്പന്നാശവഗന്ധസിന്ധുരമദം-
പോരേ! പദം കമ്പിടാം.

25. എന്തം വിശ്വാസമല്ലെൻപ്രിയസഖ! പഥിക-
ന്മാർക്ക പേടിക്കവേണ്ടാ
മുന്നം കൊള്ളടക്ഷോണിയിലവിടെ മറി-
ച്ചായിതോ കാലമോഷാൽ?
കന്നംവെപ്പുന്ന കണ്ണോണഴകിനൊടിടയ-
ക്കാമെന്നുള്ളിയച്ചി-
ത്താനാംഗീമലിന്നം തരുണരൊടു പറി-
ക്കന്നിതുംക്കാമ്പശോഷം.

26. താരുണ്യാർണ്ണവവീചി മേളമിയവും
കല്ലോലമെങ്ങു, മട-
ത്താരമ്പൻ തരുന്ന പുണ്യഫലമി-
ന്നൊങ്ങു മഹീമണ്ഡലേ?

---

* ഞാനും അവിശ്വസിച്ച്.

സാരംഗാക്ഷികരം മതലിമേലണിയുമ-
മ്മാണിക്യമെങ്ങു നിറം
ചേരും കാവിമുകാടെഴും ചെറിയതാ-
മെന്നോമലെങ്ങു സഖേ?

27. കാന്താരത്താലതിനന്നു സമക്ഷമെനി-
ക്കാഹന്ത കണ്ടാലുടൻ
പൂന്താരത്താലലർവാണകേളിയിൽ മനം
ചെല്ലുന്ന പുല്ലംവിധൗ
വീണാലാപിനി! വിസ്മയം തവ വിലാ-
സപ്രൗഢി വാഴ്ത്താവത-
ല്ലേണാക്ഷീമണി ത്രക്കടംപിതമുലാ-
വീടും പയോജാനനേ!

28. മന്ദാരകേളി തവ മെയ്പൂവനം വലപ്പാ-
നെന്താർശരൻ കരുതിവെല്ലാത്ത വശ്യമെന്തും
ചെന്താർമകൾക്കു മണിമന്ദിരമെന്നുമല്ലോ!
ചന്ദ്രാഭിരാമമുഖി രണ്ടു മതം മഹീയം.

29. ലീലായാം തോഴ!വിലോചനസരസപരിഷ്കമാം
ബാലികാകാന്തമോല്യ-
ന്മാലാ ശാകന്തളം കേട്ടുപചിതകുതുക
വ്രീള ചിന്താകലാംഗീ
ബാലാംഗുല്യഗ്രാ വരല്ലാൾ കിമപി വരനമാ-
നസ്യ പൂരാഭമാത്രം
പാലാഴിപ്പെണ്ണുതന്മുഖനതമിരിനക-
ത്തോ നിലത്തോ ന ജാനേ.

* * * *
* * *
* *
*

# ഭാഷയും വ്യാകരണവും.

(വടക്കുംകൂർ രാജരാജവർമ്മരാജാ അവർകൾ.)

ശരീരത്തിൽ ആരോഗ്യം സമ്പാദിച്ചു് അതിനെ സംരക്ഷിക്കണമെന്നു് ആഗ്രഹിക്കുന്നവർ ആയുർവ്വേദോപദേശങ്ങളെ അറിഞ്ഞു് ആചരിക്കേണ്ടതു് അത്യാവശ്യമാകുന്നു. വൈദ്യനിയമങ്ങളെ അറിഞ്ഞോ അറിയാതെയോ ലംഘിച്ചു തെററിനടക്കുന്ന ഒരുവൻ, രോഗിയും ശരീരംകൊണ്ടു യാതൊന്നും ചെയ്യുന്നതിനു് അശക്തനും ആയിഭവിക്കുന്നു എന്നതു് അനുഭവസിദ്ധമാണല്ലോ. ശരീരത്തിനും ശരീരശാസ്ത്രത്തിനും തമ്മിൽ സിദ്ധമായി കാണുന്ന ഈ ബന്ധംതന്നെയാണു് ഭാഷയ്ക്കും വ്യാകരണത്തിനും ഉള്ളതു്. ശബ്ദശാസ്ത്രവിധികളെ അനാദരിക്കുന്ന ഒരുത്തൻ ഭാഷകൊണ്ടു് അതിന്റെ ഉദ്ദേശ്യം സാധിക്കത്തക്കവിധം വ്യവഹരിക്കുന്നതിനു കഴിയുന്നതല്ല.



പാണ്ഡ്വാദികൾ ശരീരത്തിന്റെ എന്നപോലെ, അപശബ്ദപ്രയോഗം ഭാഷയുടെയും രോഗമായി ഗണിക്കണം. അങ്ങനെയാണു് ആചാര്യന്മാർ സിദ്ധാന്തിച്ചിരിക്കുന്നതു്.

രസാലങ്കാരസാരാപി വാണീ വ്യാകരണോജ്ഝിതാ
ശ്വിത്രോപഹതഗാത്രേവ ന രഞ്ജയതി സജ്ജനാൻ.

എന്ന മഹാകവിവാക്യം ഈ അഭിപ്രായത്തെ വിശദമാക്കുന്നുണ്ടു്. രസം, അലങ്കാരം, ഭാവപുഷ്ടി മുതലായ ഗുണങ്ങൾ സമ്പൂർണ്ണമായി കൈവന്നിട്ടുണ്ടെങ്കിലും, വ്യാകരണവർജ്ജിതയായ ഭാഷ രോഗബാധിതയെന്നപോലെ സഹൃദയന്മാരെ രഞ്ജിപ്പിക്കുന്നില്ലെന്നാണിവിടെ ഉദ്ധരിച്ചുകാണിച്ച കവിവാക്യത്തിന്റെ സാരം. ഒരു പദം എന്തു ഉദ്ദേശ്യത്തോടുകൂടി വ്യവഹരിക്കുന്നുവോ, ആ കാര്യം അപശബ്ദത്തിന്റെ പ്രയോഗംകൊണ്ടു സാധിക്കുന്നില്ല. വിചാരിച്ച ആശയം വെളിവാകുവാൻ സാധിക്കാതെവരിക, അല്ലെങ്കിൽ അതിനെ അഭംഗിയും, ക്ലിഷ്ടവും, വികലവുമായവിധം ഉപയോഗിക്കുക, മനസ്സിൽ വിചാരിക്കാത്ത ആശയം, ചിലപ്പോൾ കരുതിയതിനു നേരെ വിപരീതമായിരിക്കുന്നതു്, പ്രകാശിക്കുക, എന്നിവയെല്ലാം അപശബ്ദപ്രയോഗത്തിന്റെ അനിഷ്ടഫലങ്ങളാകുന്നു. അവനവന്റെ അഭിപ്രാ

യങ്ങളെ യാതൊരു ന്യൂനതയുംകൂടാതെ അന്യന്മാരെ അറിയിക്കുകയാണല്ലോ ഭാഷകൊണ്ടുള്ള പ്രയോജനം. അതു സാധിക്കുകയില്ലെന്നുതന്നെയല്ല, ചിലപ്പോൾ ആപത്തിനെക്കൂടി വലിച്ചു തലയിൽക്കേററിവയ്ക്കും എന്നുവന്നാൽ, താദൃശമായ ഒരു ഭാഷ ഉപയോഗിക്കാതെയിരിക്കുകയാണ് യുക്തം. അപശബ്ദങ്ങളാണ് ഭാഷയ്ക്ക് ഈ ദുഃസ്ഥിതി വരുത്തിവയ്ക്കുന്നത്; അതുകൊണ്ട് അവയെ രോഗത്തിന്റെ നിലയിൽ കരുതി വർജ്ജിക്കണമെന്ന് ഉപദേശിച്ചിരിക്കുന്നതു യുക്തംതന്നെ.

ശബ്ദം സാധുവെന്നും അസാധുവെന്നും രണ്ടുവിധം. ഇവയിൽ സാധുവായതിനെമാത്രമേ പ്രയോഗിക്കാവൂ. മറേറതിനെ വർജ്ജിക്കതന്നെ വേണം. ഗുണവും ദോഷവും അറിഞ്ഞ് ഇവയെ സ്വീകരിക്കുകയും വർജ്ജിക്കുകയും ചെയ്യണമെങ്കിൽ ശാസ്ത്രജ്ഞാനംകൂടാതെ സാധിക്കുകയില്ല. ഇവിടെയാണ് വ്യാകരണശാസ്ത്രപ്രയോജനത്തിന്റെ മാഹാത്മ്യം നിലനില്ക്കുന്നത്. സാധുശബ്ദങ്ങളെ എന്നപോലെ അപശബ്ദങ്ങളെ സംബന്ധിച്ചും അറിവുണ്ടായിരിക്കണം. എങ്കിൽമാത്രമേ അവയെ വർജ്ജിക്കുവാൻ ശക്തന്മാരായിബ്ഭവിക്കുകയുള്ളൂ. ആരോഗ്യത്തെ ആഗ്രഹിക്കുന്നവൻ പത്ഥ്യത്തെയും അപത്ഥ്യത്തെയും അറിയേണ്ടതാകുന്നു. അല്ലെങ്കിൽ ഒന്നിനെ കൊള്ളുന്നതിനും മറെറാന്നിനെ തള്ളുന്നതിനും കഴിയുകയില്ല. ഇതുതന്നെ അപശബ്ദജ്ഞാനത്തിന്റെയും നില.

മഹാഭാഷ്യത്തിൽ അപശബ്ദജ്ഞാനത്തിന്റെ പ്രയോജനത്തെക്കുറിച്ചു വിശദവും ഗംഭീരവുമായി പ്രതിപാദിക്കുന്നുണ്ട്. ആ ഭാഗം ഇവിടെ ഉദ്ധരിക്കാം. "അഥവാല്പ്പായ ഏവാപശബ്ദജ്ഞാനം ശബ്ദജ്ഞാനേ, യോഹ്യപശബ്ദാൻ ജാനാതി ശബ്ദാനപ്യസൌ ജാനാതി. തദേവം ജ്ഞാനേ/ധർമ്മ ഇതി ബ്രുവതാ അർത്ഥാദാപന്നം ഭവതി. അപശബ്ദജ്ഞാനപൂർവ്വകേ ശബ്ദജ്ഞാനേധർമ്മ ഇതി. അഥവാ കൂപഖാനകവദേതദ് ഭവിഷ്യതി. തദ്യഥാ, കൂപഖാനകഃ കൂപം ഖനൻ യദ്യപി മൃദാ പാംസുഭിശ്ചാവകീർണ്ണോ ഭവതി, സോഽപ്സു സഞ്ജാതാസു തത ഏവ തം ഗുണമാസാദയതി, യേന സ ദോഷോ നിർഹണ്യതേ. ഭൂയസാ ചാഭ്യുദയേന യോഗോ ഭവതി. ഏവമിഹാപി യദ്യപ്യപശബ്ദജ്ഞാനേ അധർമ്മസ്തഥാപി യസ്ത്വസൌ ശബ്ദജ്ഞാനേ ധർമ്മസ്തേന ച സ ദോഷോ നിർഘാനിഷ്യതേ." അപശബ്ദജ്ഞാനം അധർമ്മമാകുന്നു എങ്കിലും, അതു ശബ്ദജ്ഞാനത്തിന് ആവശ്യമാകുന്നുവെന്നും ഈ അധർമ്മദോഷം ശബ്ദജ്ഞാനമാകുന്ന ധർമ്മംകൊണ്ട് എളുപ്പത്തിൽ പരിഹരിക്കുവാൻ

കഴിയുമെന്നും ഈ ഭാഗത്തിൽ ആചാര്യൻ സോദാഹരണം സമർത്ഥിച്ചിരിക്കുന്നു. കിണറുകുഴിക്കുന്ന ഒരുവന്റെ ശരീരത്തിൽ മണ്ണും പൊടിയും ചളിയും ബാധിക്കുന്നു എന്നതു സ്പഷ്ടമാണല്ലോ. എന്നാൽ ആ കിണററിൽ ഉണ്ടാകുന്ന വെള്ളംകൊണ്ടു ശരീരത്തിൽ പററിയിരിക്കുന്ന മാലിന്യം കളഞ്ഞ് അവനു ശുചിയായിഭവിക്കാം. അഭ്യുദയയോഗം ഉണ്ടാകുകയും ചെയ്യും.

കല്ല്, മരം, കുമ്മായം മുതലായ ഉപകരണങ്ങൾ ഉണ്ടായാൽ അതുമാത്രംകൊണ്ട് അധിവാസയോഗ്യമായ ഒരു കെട്ടിടം ഭവിക്കുന്നില്ല. നിപുണനായ ശില്പി കണക്കനുസരിച്ചു ചെത്തി നന്നാക്കി അവയെ വേണ്ടതുപോലെ ഉപയോഗിക്കണം. എങ്കിൽമാത്രമേ താമസിക്കുവാൻകൊള്ളാവുന്ന ഒരു ഭവനത്തിന്റെ സിദ്ധി കൈവരികയുള്ളു. ഈ ഉദാഹരണം ഭാഷയോടും യോജിപ്പിക്കാം. വിവിധരൂപത്തിലുള്ള വർണ്ണങ്ങളും പദങ്ങളും വാക്യങ്ങളും ഉണ്ടായാൽ അതുകൊണ്ടുമാത്രം വ്യവഹാരയോഗ്യമായ ഒരു ഭാഷ സംഭവിക്കുന്നതല്ല. ശബ്ദശാസ്ത്രവിധിയനുസരിച്ചു കല്പിതങ്ങളായ രൂപാദികളോടുകൂടി അവയെ സംയോജിപ്പിക്കണം. അപ്പോൾമാത്രമേ ഭാഷ അതുകൊണ്ടുള്ള പ്രയോജനത്തെ സാധിക്കുന്നതിനു സമർത്ഥം, അല്ലെങ്കിൽ അർത്ഥവത്ത്, ആയിഭവിക്കുകയുള്ളു. ഇതിൽനിന്നൊന്നാം ഒരു പ്രധാന സംഗതിയാണ് മനസ്സിലാക്കേണ്ടിയിരിക്കുന്നത്; അത്, ഭാഷയുടെ പ്രയോജനസിദ്ധി അതിന്റെ സംസ്കാരശുദ്ധിയേയും അതു ശബ്ദശാസ്ത്രത്തേയും ആശ്രയിച്ചിരിക്കുന്നു എന്നുള്ളതുതന്നെ. ഈ തത്ത്വം ഒരു വിധത്തിലും അന്യഥാകരിക്കാവുന്നതല്ല. "സംസ്കാരവത്യൈവ ഗിരാ മനീഷീ" എന്ന മഹാകവിവാക്യംകൂടി പ്രകൃതത്തിൽ സ്മരിക്കുന്നതു നന്ന്. ശബ്ദശാസ്ത്രംകൊണ്ടു സംസ്കൃതി ലഭിക്കാത്ത വാക്ക്, വിദ്വാന്മാർക്കു ഭൂഷണമല്ലെന്നാണ് ഈ വാക്യത്തിന്റെ സാരം.

സൂത്രാംഭസം പദാവർത്തം പാരായണരസാതലം
ധാതൂണാദിഗണഗ്രാഹം ധ്യാനഗ്രഹബൃഹത്പ്ലവം

ധീരൈരാലോകിതപ്രാന്തമമേധോഭിരസൂയിതം
സദോപയുക്തം സർവാഭിരന്യവിദ്യാകരേണുഭിഃ

നാപാരയിത്വാ ദുർഗാധമമും വ്യാകരണാർണ്ണവം
ശബ്ദരത്നം സ്വയംഗമ്യമലങ്കർത്തുമയം ജനഃ.

എന്നു ഭാമഹാചാര്യൻ ശബ്ദശാസ്ത്രത്തിന്റെ മാഹാത്മ്യത്തെയും പ്രയോജനത്തെയും പ്രതിപാദിക്കുന്നു. വ്യാകരണശാസ്ത്രസമുദ്രത്തെ തരണം

ചെയ്യാത്ത ഒരുവനു വിശിഷ്ടങ്ങളായ ശബ്ദരത്നങ്ങളെക്കൊണ്ടു ഭാഷയെ അലങ്കരിക്കുവാൻ സാധിക്കുകയില്ലെന്നു ഭാമഹൻ വിശദമാക്കിയിരിക്കുന്ന ഭാഗം ഇവിടെ പ്രത്യേകം വിചിന്ത്യമാകുന്നു. ശബ്ദശാസ്ത്രത്തിൽ വൈദഗ്ദ്ധ്യം സമ്പാദിക്കാത്ത ഒരുത്തന് ഒരു കവിയുടേയോ വ്യാഖ്യാതാവിൻെറയോ വിമർശകൻെറയോ സാധാരണവ്യുൽപന്നൻെറയോ സ്ഥാനം ലഭിക്കുന്നതല്ലെന്നു ഭാമഹൻെറ ഉപദേശത്തിൽനിന്നു ഗ്രഹിക്കണം. സാഹിത്യംകൊണ്ട് ഏതെങ്കിലും നിലയിൽ വ്യാപരിക്കുന്നതിന് ആഗ്രഹിക്കുന്ന ഒരുവൻ, ആദ്യമായി ആ ഭാഷയിലെ വ്യാകരണമാണ് വശമാക്കേണ്ടത്.

സംസ്കൃതവിദ്യാർത്ഥികൾ, ആദ്യമായി, അതായത് ശ്രീരാമോദന്തം, ശ്രീകൃഷ്ണവിലാസം മുതലായ കാവ്യങ്ങൾ പഠിക്കുന്നതിനുമുമ്പ്, സിദ്ധരൂപം, ക്രിയാപദം, ബാലപ്രബോധം, സമാസചക്രം എന്നിവ കാണാപ്പാഠമായിച്ചൊല്ലത്തക്കവണ്ണം ധരിച്ചുവയ്ക്കുക എന്നതു മുൻകാലം മുതലേയുള്ള നടപ്പാകുന്നു. പ്രാഥമികങ്ങളായ വ്യാകരണസിദ്ധാന്തങ്ങൾ ഈ ഗ്രന്ഥങ്ങളിൽ അടങ്ങിയിരിക്കുന്നതും, ഇവ ഗ്രഹിക്കാതെ കാവ്യപാഠം ശരിപ്പെടുത്താവുന്നതല്ലാത്തതും ആണ് അതിനു കാരണം. സിദ്ധരൂപാദിഗ്രന്ഥങ്ങൾ കാണാതെ പഠിച്ചുവയ്ക്കാത്ത ഒരുവനു സംസ്കൃതഭാഷാപാഠമാർഗ്ഗത്തിൽക്കൂടി ഒരു അംഗുലമെങ്കിലും മുൻപോട്ടു പോകുന്നതിനു കഴിയുകയില്ല. അതുകൊണ്ട്, ഭാഷാപാഠത്തിൻെറ അടിത്തട്ട് വ്യാകരണാഭ്യാസമാകുന്നു എന്നുതന്നെ ദൃഢമായി അഭിപ്രായപ്പെടാം.

ഭാമഹൻ വ്യാകരണത്തെ സമുദ്രസദൃശമായി കല്പിച്ചിരിക്കുന്നു എന്ന് ഇവിടെ ഉദ്ധരിച്ചുചേർത്ത ഭാഗംകൊണ്ടു വിശദമാകുന്നുണ്ടല്ലോ. വാസ്തവത്തിൽ സംസ്കൃതവ്യാകരണത്തിൻെറ സ്ഥിതി കടലുപോലെ അത്യന്തം ഗംഭീരവും അപാരവും ആകുന്നു എന്നു സമ്മതിക്കണം. പാണിനിമഹർഷിയുടെ കാലത്തിനുമുൻപുതന്നെ അനേകം ശബ്ദശാസ്ത്രങ്ങൾ സംസ്കൃതഭാഷയ്ക്കു ലഭിച്ചിട്ടുണ്ട്. അവയിൽ പ്രസിദ്ധങ്ങൾ ഒൻപതെണ്ണമാകുന്നു. അവയെ സ്മരിച്ചുകൊണ്ടാണ്, 'സോയം നവവ്യാകരണാർത്ഥവേത്താ' എന്നു വാല്മീകി രാമായണത്തിൽ ഹനുമാനെ ഉദ്ദേശിച്ചു പറഞ്ഞിരിക്കുന്നത്. ആ വക ശാസ്ത്രങ്ങളുടെ കർത്താക്കന്മാരായ പല ആചാര്യന്മാരെയും പാണിനി സ്വന്തം ശാസ്ത്രത്തിൽ സ്മരിച്ചിരിക്കുന്നവെന്നതും സ്പഷ്ടമാകുന്നു.

പാണിനിവ്യാകരണത്തെ ഉപജീവിച്ചു വിവിധരൂപങ്ങളിലായി പിൽക്കാലത്തു എത്രയധികം ഗ്രന്ഥങ്ങൾ സംസ്കൃതഭാഷയിൽ ഉണ്ടാ

യിട്ടുണ്ടെന്നു പറയാവുന്നതല്ല. വ്യാഡി, വരരുചി, പതഞ്ജലി, കൈയടൻ, നാഗോജിഭട്ടൻ, ഭട്ടോജിദീക്ഷിതർ മുതലായ ആചാര്യന്മാരാൽ നിർമ്മിതങ്ങളായ ഗ്രന്ഥങ്ങൾ അവയിൽ സർവ്വഥാ പ്രാധാന്യം അർഹിച്ചിരിക്കുന്നവയാകുന്നു. പാണിനി, കാത്യായനൻ, പതഞ്ജലി എന്നിവർ നിർമ്മിച്ചിരിക്കുന്ന ശാസ്ത്രങ്ങൾ സംസ്കൃതഭാഷാഹർമ്മ്യത്തെ താങ്ങിനില്ക്കുന്ന മൂന്നു മഹാസ്തംഭങ്ങളാകുന്നു എന്നു പറയണം. ഇവരുടെ ഗ്രന്ഥങ്ങളെ ആശ്രയിച്ച് ഓരോ കാലങ്ങളിൽ വ്യാഖ്യാനരൂപങ്ങളായും കാവ്യങ്ങളായും സ്വതന്ത്രങ്ങളായും, വിദ്യാർത്ഥികളുടെയും പണ്ഡിതന്മാരുടെയും ഉപയോഗത്തിനായി അസംഖ്യം ഗ്രന്ഥങ്ങൾ വിരചിക്കപ്പെട്ടിട്ടുണ്ട്. അവ സംസ്കൃതഭാഷയ്ക്കും അതിലെ ശബ്ദശാസ്ത്രത്തിനും വരുത്തിയിരിക്കുന്ന സംസ്കാരഗൗരവത്തിനും വൈപുല്യത്തിനും അതിരും എതിരും ഇല്ല. ശബ്ദബ്രഹ്മത്തെ സംബന്ധിച്ച് ഇത്രമാത്രം അഗാധതരമായി വിചിന്തിച്ച് അതിന്റെ സർവ്വമർമ്മങ്ങളെയും ഗ്രഹിച്ച വിശദമായി പ്രകാശിപ്പിച്ച്, ഭാഷയുടെ സംസ്കാരത്തെ അതിന്റെ പരമോച്ചനിലയിൽ എത്തിച്ചിരിക്കുന്നവർ, ഭാരതീയാചാര്യന്മാരെപ്പോലെ, മറെറാരു വർഗ്ഗക്കാരും ഉണ്ടെന്നു തോന്നുന്നില്ല. യഥാർത്ഥത്തിൽ പാണിനിവ്യാകരണത്തിനു സിദ്ധമായിരിക്കുന്ന മാഹാത്മ്യം വെളിപ്പെടുത്തി അതിനു വേണ്ടവിധം പ്രചാരം വരുത്തുന്നതിനും ഭാരതീയരുടെ ശബ്ദശാസ്ത്രത്തെ അധികരിച്ചുള്ള ചിന്താഗതി എത്രയും സാഫല്യതയെയും വികാസപൂർണ്ണതയെയും പ്രാപിച്ചിരിക്കുന്നതാണെന്നു ലോകത്തെ ഗ്രഹിപ്പിക്കുന്നതിനും സഹായിച്ചിട്ടുള്ള ഗ്രന്ഥമാണ് പതഞ്ജലിയുടെ മഹാഭാഷ്യം. ശബ്ദശാസ്ത്രത്തെ സംബന്ധിച്ചിടത്തോളവും ഈ മൂന്നു ആചാര്യന്മാരുടെ (പാണിനി, വരരുചി, പതഞ്ജലി) ശാസ്ത്രങ്ങൾ എത്തിച്ചേർന്നിട്ടുള്ള സ്ഥാനത്തിൽനിന്ന് അല്പമെങ്കിലും മുൻപോട്ടുപോകുന്നതിനു യാതൊരു വൈയാകരണനും സാധിച്ചിട്ടില്ല. സംസ്കൃതത്തിനല്ലാതെ മറെറാരു ഭാഷയ്ക്കും ലഭിച്ചിരിക്കുന്നതല്ല, ഈ വ്യാകരണസിദ്ധമായ സംസ്കാരത്തിന്റെ പാരമ്യം. ആചാര്യഭാമഹൻ, ഈ വാസ്തവസ്ഥിതി ശരിയായി ഗ്രഹിച്ചിട്ടുതന്നെയാണ് ‘[illegible] വ്യാകരണാർണ്ണവം’ എന്നു സംസ്കൃതവ്യാകരണത്തെ സമുദ്രതുല്യമായി കല്പിച്ചത്.

സംസ്കൃതഭാഷയെ സമുദ്രമായി കല്പിക്കാമെങ്കിൽ അതിന്റെ മുൻപിൽ ഇതരഭാഷകൾ സരസ്സിന്റെയോ തടാകത്തിന്റെയോ നദിയുടെയോ നില വഹിക്കുന്നവയാണെന്നുകൂടി പറയേണ്ടിയിരിക്കുന്നു. ഇതരഭാഷകളിലുള്ള ശബ്ദശാസ്ത്രങ്ങൾക്ക്, സംസ്കൃതവ്യാകരണത്തിന്റെ മുൻപിൽ ലഭിക്കുന്ന സ്ഥിതിയും ഇതുതന്നെ. തങ്ങളുടെ ശബ്ദശാസ്ത്രാത്മകമായ ചിന്തയെ വികസിപ്പിച്ച് മുന്നോട്ടു നയിക്കണമെന്ന് ആഗ്രഹിക്കുന്ന എല്ലാദേശ

ക്കാർക്കും ഏതെങ്കിലും തരത്തിൽ സംസ്കൃതവ്യാകരണത്തെ ആശ്രയിക്കാതെ നിവൃത്തിയില്ല. വിശേഷിച്ചും ഭാരതഖണ്ഡത്തിലെ ദേശീയഭാഷകളെല്ലാം സംസ്കൃതവുമായി അഭേദ്യബന്ധം വഹിക്കുന്നതുകൊണ്ട്, അവയിൽ ഉണ്ടാകുന്ന വ്യാകരണശാസ്ത്രങ്ങൾക്ക് സംസ്കൃതവ്യാകരണത്തെ വിസ്മരിച്ചിട്ട് പുരോഗതിയെ പ്രാപിക്കാവുന്നതല്ല. ഇതരങ്ങളായ ദേശഭാഷകളിലെ വ്യാകരണങ്ങൾ പൂർണ്ണമായി സംസ്കൃതവ്യാകരണത്തെ ആശ്രയിച്ചിരിക്കുന്നുവെന്നോ ആശ്രയിച്ചിരിക്കണമെന്നോ അല്ല ഇവിടെ പറഞ്ഞതിന് അർത്ഥം. പിന്നെയോ, ശബ്ദാത്മകമായ ശാസ്ത്രീയചർച്ചയിൽ സംസ്കൃതവ്യാകരണത്തിന്റെ സഹായം ഒഴിച്ചുവിടാവുന്നതല്ലെന്നുമാത്രം. മലയാളഭാഷയിൽ പ്രയോജനകരമായി വ്യാകരണഗ്രന്ഥങ്ങൾ ഉണ്ടാക്കിയിരിക്കുന്നവരെല്ലാം സംസ്കൃതപണ്ഡിതന്മാരാണെന്നുള്ള വസ്തുത എന്റെ അഭിപ്രായത്തിനു താങ്ങായി നില്ക്കുന്നു.

ഭാരതീയരുടെ ശാസ്ത്രങ്ങൾ വേദാംഗത്വേന കല്പിതങ്ങളാകുന്നു. അതുകൊണ്ട് അവയ്ക്കെല്ലാം വേദവുമായി അവിച്ഛേദ്യമായ ബന്ധവും വൈദികമായ പ്രയോജനവുമുണ്ട്. മീമാംസ, ജ്യോതിഷം മുതലായ ശാസ്ത്രങ്ങളെല്ലാം ഈവിധമുള്ളവയാണ്. വ്യാകരണത്തിന്റെ നിലയും ഇതുതന്നെ. ഈ ശാസ്ത്രത്തിന്റെ പ്രയോജനത്തെക്കുറിച്ച് മഹാഭാഷ്യകാരൻ ഇപ്രകാരം പറയുന്നു. "കാനി പുനശ്ശബ്ദാനുശാസനസ്യ പ്രയോജനാനി? രക്ഷോഹാഗമലഘ്വസന്ദേഹാഃ പ്രയോജനം. രക്ഷാർത്ഥം വേദാനാമദ്ധ്യേയം വ്യാകരണം. ലോപാഗമവർണ്ണവികാരജ്ഞോ ഹി സമ്യക് വേദാൻ പരിപാലയിഷ്യതീതി." വേദപരിരക്ഷയാണ് വ്യാകരണത്തിന്റെ പ്രയോജനമെന്നും 'ലോപാഗമവർണ്ണവികാര'ങ്ങളെക്കുറിച്ചെല്ലാം സൂക്ഷ്മജ്ഞാനം സമ്പാദിച്ചിരിക്കുന്നവർക്കുമാത്രമേ വേദങ്ങളെ സംരക്ഷിക്കുവാൻ സാധിക്കുകയുള്ളൂ എന്നും ഇവിടെ ഉദ്ധരിച്ച ഭാഗത്തിന്റെ സാരം ഗ്രഹിക്കണം.

വൈദികങ്ങളായ മന്ത്രങ്ങളെ ഉച്ചരിക്കുന്നതിന് അനേകം നിയമങ്ങളുണ്ട്. അവയെ നിഷ്കർഷയോടുകൂടി പരിപാലിക്കണം. ഉച്ചാരണത്തിൽ ലഘുവായ വൈകല്യം സംഭവിക്കുന്നതായാൽ, മന്ത്രം നിഷ്ഫലമാകുമെന്നുതന്നെയല്ല ദുഷ്ഫലത്തെ ഉണ്ടാക്കിവയ്ക്കുകയും ചെയ്യും.

മന്ത്രോ ഹീനഃ സ്വരതോ വർണ്ണതോ വാ
മിഥ്യാപ്രയുക്തോ ന തമർത്ഥമാഹ
സ വാഗ്വജ്രോ യജമാനം ഹിനസ്തി
യഥേന്ദ്രശത്രുഃ സ്വരതോഽപരാധാത്.

എന്ന പദ്യത്തിൽനിന്ന് ഈ തത്ത്വം സോദാഹരണം ഗ്രഹിക്കാം. വേണ്ടവിധം പ്രയോഗിച്ചാൽ കല്പവൃക്ഷമായി ഭവിച്ച് അഭീഷ്ടത്തെ പ്രദാനം ചെയ്യും. പിഴപ്പായാലോ? ഇടിത്തീയായിത്തീൎന്ന് അപ്രകാരം ഉപയോഗിച്ച ആളിനെ ഭസ്മമാക്കും. ഇതാണു മന്ത്രത്തിന്റെ സ്വഭാവവും പ്രഭാവവും. ത്വഷ്ടാവു ഇന്ദ്രനെ വധിക്കുവാൻ ശക്തനായ ഒരാൾ ഉണ്ടാകുവാൻ ഹോമംചെയ്തു. ആ സന്ദർഭത്തിൽ മന്ത്രത്തിലെ 'ഇന്ദ്രശത്രോ' എന്ന പദം പിശകായിട്ടാണ് ഉച്ചരിച്ചതു്. അതുകൊണ്ട് ഇന്ദ്രനായ ശത്രുവോടുകൂടിയ ഒരു സത്വം ഹോമത്തിൽനിന്ന് ഉണ്ടായി. ഇങ്ങനെ ഇന്ദ്രനെ നശിപ്പിക്കുന്നതിനുവേണ്ടി ജനിപ്പിക്കപ്പെട്ട പുത്രൻ, മന്ത്രപ്പിശകിനിമിത്തം, ഇന്ദ്രനാൽ നശിപ്പിക്കപ്പെട്ടു. ഈവിധം അപശബ്ദംകൂടാതെ വേദപാഠംകൊണ്ടു വേണ്ടവിധം പ്രയോജനമുണ്ടാകണമെങ്കിൽ വ്യാകരണജ്ഞാനം നിശ്ചയമായും സമ്പാദിക്കണം. ഈ ഒരു വൈദികമായ പ്രയോജനവും ബന്ധവും ഭാരതീയരുടെയല്ലാതെ മറ്റൊരു ദേശക്കാരുടേയും ശബ്ദശാസ്ത്രത്തിനുണ്ടെന്നു തോന്നുന്നില്ല.



അനേകം അംഗങ്ങൾ ചേർന്നുവെങ്കിൽ മാത്രമേ വ്യാകരണത്തിനു ശരിയായ ഒരു സ്വരൂപം ലഭിക്കുകയുള്ളൂ. ആചാര്യന്മാർ സംസ്കൃതവ്യാകരണത്തിന്റെ രൂപത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു.

"ചത്വാരി ശൃംഗാ ത്രയോ അസ്യ പാദാ
ദ്വേ ശീർഷേ സപ്ത ഹസ്താസോ അസ്യ
ത്രിധാ ബദ്ധോ വൃഷഭോ രോരവീതി
മഹോദേവോ മർത്ത്യാ ആവിവേശ."

ഇതിൽ നാമം, ആഖ്യാതം, ഉപസർഗ്ഗം, നിപാതം എന്നിവയെ നാലു ശൃംഗങ്ങളായും ഭൂതം, വർത്തമാനം, ഭവിഷ്യത്ത് എന്ന മൂന്നു കാലങ്ങളെ പാദങ്ങളായും നിത്യം, കാര്യം എന്നിവയെ രണ്ടു ശീർഷങ്ങളായും പ്രഥമാദിസപ്തവിഭക്തികളെ ഹസ്തങ്ങളായും കല്പിച്ചിരിക്കുന്നു. ഉരസ്സ്, കണ്ഠം, ശിരസ്സ് എന്ന മൂന്നു സ്ഥാനങ്ങളിൽ ബദ്ധം എന്ന 'ത്രിധാ ബദ്ധഃ' എന്ന ഭാഗത്തിന്റെ അർത്ഥം. ഇതാണ് വ്യാകരണശാസ്ത്രത്തിന്റെ ഒരു സ്ഥൂലമായ രൂപം. അല്പം ചില വ്യത്യാസങ്ങൾ ഉണ്ടായിരിക്കുമെങ്കിലും പൊതുവേ വിചാരിക്കുന്നതായാൽ എല്ലാ ഭാഷകളിലെയും വ്യാകരണത്തിന്റെ സ്വരൂപം ഇതുതന്നെ എന്നു തെളിയും. ഇവിടെപ്പറഞ്ഞ അംഗങ്ങളുടെ സമ്മേളനംകൂടാതെ ഏതു ഭാഷയിലെ വ്യാകരണത്തിനും അതിന്റെ രൂപത്തെ സമ്പാദിക്കാവുന്നതല്ല.

ഏതു ശാസ്ത്രത്തിലും അന്തർഭവിച്ചിരിക്കുന്ന തത്വങ്ങൾ പ്രകൃതിയിൽ അന്തർല്ലീനങ്ങളായിരിക്കുന്നവയാകുന്നു. അവയെ ഗ്രഹിച്ചു ക്രമപ്പെടുത്തി പ്രത്യേകം ചില പ്രതിപാദനരീതികളോടുകൂടി രേഖാരൂപേണ പ്രകാശിപ്പിക്കുകയേ ശാസ്ത്രകാരന്മാർ ചെയ്യുന്നുള്ളു. യഥാർത്ഥത്തിൽ സിദ്ധമായിരിക്കുന്ന ഒരു തത്വത്തെ മറച്ച് അന്യഥാകരിക്കുന്നതിനോ, അല്ലെങ്കിൽ അസിദ്ധമായിരിക്കുന്ന ഒന്നിനെ ഉണ്ടെന്നു കൃത്രിമമായി സ്ഥാപിക്കുന്നതിനോ യാതൊരു ശാസ്ത്രകാരനും സാധിക്കുന്നതല്ല. അങ്ങനെ ചെയ്യുന്നപക്ഷം, അത്തരത്തിലുണ്ടാകുന്ന ശാസ്ത്രങ്ങൾ, പ്രകൃതിതത്വങ്ങളുമായി ബന്ധമില്ലാത്ത നിലയിൽ അസത്യങ്ങളും നിരർത്ഥങ്ങളും ആയിഭവിക്കുന്നു എന്നുള്ളതു വ്യക്തമാണ്. ഇതു് എല്ലാ ശാസ്ത്രങ്ങളേയും സംബന്ധിക്കുന്ന ഒരു തത്വമാകുന്നു. ഇതിൽനിന്നു ഭിന്നമല്ല വ്യാകരണത്തിന്റെ നിലയും. ശബ്ദപ്രപഞ്ചമഹാർണ്ണവത്തിന്റെ അഗാധതലങ്ങളിൽ നിഗൂഢങ്ങളായി ആരുടെയും കണ്ണിനു് എത്തപ്പെടാതെ കിടക്കുന്ന തത്വങ്ങളെ സൂക്ഷ്മവിചാരശക്തികൊണ്ടു ഗ്രഹിച്ചു വിഷയാനുഗുണമായ ക്രമത്തോടുകൂടി ലോകത്തിന്റെ ഗ്രഹണസൗകര്യത്തിനുവേണ്ടി പ്രത്യേകം ചില പ്രതിപാദനരീതികൾ സ്വീകരിച്ചു രേഖാരൂപേണ പ്രകാശിപ്പിക്കുകമാത്രമേ ശബ്ദശാസ്ത്രാചാര്യന്മാർ ചെയ്യുന്നുള്ളു. വൈദ്യം, ജ്യോതിഷം, തർക്കം മുതലായവപോലെ ഗംഭീരവും ജ്ഞാതവ്യവുമായ ഒരു പ്രകൃതിശാസ്ത്രമാകുന്നു വ്യാകരണവും. അതു ശബ്ദബ്രഹ്മത്തിന്റെ പ്രകൃതിയെയാണു് പ്രകാശിപ്പിക്കുന്നതു് എന്നമാത്രം വ്യത്യാസം.

ഇന്നു പലരും, വ്യാകരണം ഭാഷയുടെ പുരോഗതിയെ തടയുന്നു എന്നു് അഭിപ്രായപ്പെടുകയും, അതിന്റെ വിധികളെ ലംഘിക്കുന്നതു സ്വാതന്ത്ര്യമായി ഗണിക്കുകയും, ശബ്ദശാസ്ത്രാചാര്യന്മാരിൽ അപരാധം ചുമത്തുകയും ചെയ്തുകാണാറുണ്ട്. ഈ നയം വിചാരശീലന്മാർക്ക് സമ്മതിക്കാവുന്നതല്ല.

കൃത്യാകൃത്യങ്ങളെ പൃഥക്കരിച്ചുകാണിച്ച്, അവയിൽ ഇന്നതു ചെയ്യണം ഇന്നതു ചെയ്യരുതു്, എന്നു് ഉപദേശിക്കുകയാണു് ഏതു ശാസ്ത്രത്തിന്റെയും ധർമ്മം. ഏതു വർഗ്ഗക്കാരുടെ ശാസ്ത്രത്തെ പരിശോധിച്ചാലും ഈ തത്വം ഗ്രഹിക്കാം. കർമ്മങ്ങളെ പാപം എന്നും സുകൃതം എന്നും രണ്ടായി വിഭജിച്ച്, അവയുടെ സ്വഭാവം കാണിച്ചുതന്നു്, പാപം ചെയ്യരുതെന്നും പുണ്യം ശ്രേയസ്കരമാകുന്നു എന്നും ധർമ്മശാസ്ത്രം ഉപദേശിക്കുന്നു. സ്നാനാഹാരനിദ്രാദികളിൽ ചില നിയമങ്ങൾ ഏർപ്പെടുത്തി അവയെ ആദരിക്കണമെന്നു വൈദ്യശാസ്ത്രവും, കാലങ്ങളുടെ ശുഭാശുഭസ്വഭാവങ്ങൾ പ്രതിപാദിച്ചു സൽകർമ്മങ്ങൾ ഇന്ന കാലത്തല്ലാതെ ചെയ്യ

അതേന്ന ജ്യോതിശ്ശാസ്ത്രവും പഠിപ്പിക്കുന്നു. ഇതുപോലെ ശബ്ദങ്ങളിൽ ഇന്നതെല്ലാം അപശബ്ദങ്ങൾ, അതായതു് അവയെ പ്രയോഗിക്കരുതു്, ഇന്നവ സാധുശബ്ദങ്ങൾ അവ ഉപയോഗിക്കാം, എന്നു ശാസിക്കുകയാണു് വ്യാകരണം ചെയ്യുന്നതു്. പാപപുണ്യകർമ്മങ്ങളുടെ സ്വഭാവം ധർമ്മശാസ്ത്രജ്ഞന്മാരും, പഥ്യാപഥ്യങ്ങളുടെ നിയമങ്ങൾ വൈദ്യന്മാരും. കാലത്തിന്റെ ശുഭാശുഭസ്ഥിതിഗതികൾ ദൈവജ്ഞന്മാരും അറിയുന്നു. ഇതുപോലെ അപശബ്ദങ്ങളുടെയും, സാധുശബ്ദങ്ങളുടെയും വേർതിരിച്ചുള്ള അറിവു വൈയാകരണന്മാർക്കുമാത്രമേയുള്ളു. ഈ ശാസ്ത്രങ്ങൾ ഒന്നും ജനങ്ങൾക്കു തോന്നിയതുപോലെ എന്തും ഏതുസമയത്തും എങ്ങനെയും ചെയ്യുവാൻ അനുവദിക്കാത്തതുകൊണ്ടു് അവ സമുദായങ്ങളുടെ പുരോഗതിയെ തടയുന്നു എന്നുപറയുന്നതു യുക്തമായിരിക്കുകയില്ല. ശാസ്ത്രത്തിന്റെ അനുസരണം, ക്ലേശകരവും അസ്വാതന്ത്ര്യജനകവുമായി ചിലർക്കു തോന്നിയേക്കാം. എന്നാൽ ശ്രേയസ്സിനെ അഭിലഷിക്കുന്നവർ ആവക സങ്കടങ്ങളെ സഹിക്കുകതന്നെവേണം. സംസ്കൃതിയെ പരിത്യജിച്ചു് അനിയതിയിൽ സംഭവിക്കുന്ന ഒരു ഉന്നതി വാസ്തവത്തിൽ ആ പേരിനെ അർഹിക്കുന്നില്ല. ഭാഷയും ഈ തത്വത്തെ വെളിപ്പെടുത്തുന്നു.

വ്യാകരണശാസ്ത്രത്തിന്റെ സുസ്ഥിതിയും മാഹാത്മ്യവുംകൊണ്ടു് ഒരു ഭാഷയ്ക്കു് എത്രയധികം സംസ്കാരോൽകർഷത്തെയും അഭിവൃദ്ധിയെയും പ്രാപിക്കുവാൻ കഴിയുമെന്നതിനു സംസ്കൃതഭാഷതന്നെ പരമമായ ഉദാഹരണമായിരിക്കുന്നു. വ്യാകരണനിയമങ്ങളുടെ കാർക്കശ്യം സംസ്കൃതത്തിനെന്നപോലെ മറെറാരു ഭാഷയ്ക്കും ഇല്ല. എന്നിട്ടും അതിൽ വിവിധശാഖകളിലായി ഉണ്ടായിട്ടുള്ള ഗ്രന്ഥങ്ങൾ എത്ര അസംഖ്യം! ശബ്ദശാസ്ത്രം ഉണ്ടാകുകയോ അഥവാ ഉണ്ടായിവളരുകയോ ചെയ്യാത്ത ഭാഷകളിൽ ഗ്രന്ഥങ്ങളുടെ അഭിവൃദ്ധി കാണുന്നുമില്ല. ഇതിൽനിന്നെല്ലാം വ്യാകരണം ഭാഷയുടെ പുരോഗതിയെ തടയുന്നു എന്നും പ്രസ്തുതശാസ്ത്രം ഇല്ലെങ്കിൽ ഏതു ഭാഷയ്ക്കും എളുപ്പത്തിൽ ഉന്നതപദവിയെ പ്രാപിക്കാമെന്നും പറയുന്ന അഭിപ്രായം സ്വീകാര്യമല്ലെന്നു വന്നുകൂടുന്നു.

സംസ്കൃതത്തിൽ വ്യാകരണശാസ്ത്രങ്ങളുടെ ബാഹുല്യവും ഗാംഭീര്യവും അപാരതയും വിചാരിച്ചാൽ, അപശബ്ദപ്രയോഗം നിശ്ശേഷം വർജ്ജിച്ചു ഭാഷകൊണ്ടു കൈകാര്യംചെയ്യുക എന്നതു പണ്ഡിതന്മാർക്കുപോലും സാധിക്കുന്നതല്ല. മഹാന്മാരായ കവികളുടെയും വൈയാകരണന്മാരുടെയും കൃതികളിൽതന്നെ അപശബ്ദങ്ങൾ കടന്നുകൂടിയിട്ടുണ്ടെന്നാണു് അഭിജ്ഞന്മാർ പറയുന്നതു്. ശ്രീമഹാഭാഗവതത്തിലുള്ള 'മേവസ്യാന

കഴന്ദ്യാം' എന്ന ഭാഗം അബദ്ധമാണെന്നുദ്ദേശിച്ചു കാളിദാസൻ അതു തിരുത്തുവാൻ ഉദ്യമിച്ചു എന്നും അപ്പോൾ, 'വ്യാസോനവതാപംപശ്യ' എന്ന് അശരീരിവാക്ക് സംഭവിച്ചു എന്നും ഒരു ഐതിഹ്യം കേട്ടിട്ടുണ്ട്.

> അപശബ്ദാസ്ത്രയോ മാഘേ അഷ്ടാവിംശതി ഭാരവേഃ
> അസംഖ്യാഃ കാളിദാസസ്യ വ്യാസസ്യാനന്ത്യതാം ഗതാഃ

എന്നു സൂക്ഷ്മഗ്രാഹിയായ ഒരു പണ്ഡിതൻ പറഞ്ഞിരിക്കുന്നു. മാഘത്തിൽ മൂന്നും കിരാതാർജ്ജുനീയത്തിൽ ഇരുപത്തിയെട്ടും കാളിദാസകൃതികളിൽ കണക്കില്ലാതെയും അപശബ്ദങ്ങൾ കടന്നുകൂടിയിട്ടുണ്ടെന്നും വ്യാസൻ അപശബ്ദമൂർത്തിയാകുന്നുവെന്നും പ്രസ്തുത പദ്യത്തിന്റെ ഭാവം. പ്രചാരമേറിയ വിഭ്രാമം, അപശബ്ദമെന്നും, സാധുശബ്ദമെന്നും രണ്ടുവിധവും അഭിപ്രായം കാണുന്നു.

> വിഭ്രാമസ്യാപശബ്ദത്വം വ്യുത്പന്നം നാഭിയാമഹേ;
> മുരാരിഭവഭൂത്യാദീനപ്രമാണീകരോതി കഃ?

എന്ന ശ്ലോകത്തിൽനിന്നു വൃത്തികാരൻ വിഭ്രാമത്തെ അപശബ്ദമായും മുരാരിപ്രഭൃതികൾ സാധുപദമായും ഗണിക്കുന്നതായി വെളിപ്പെടുന്നു. ഇതുപോലെ പല പദങ്ങൾ വേറെയും ഉണ്ട്.

ലൗകികവ്യാകരണദൃഷ്ടികൊണ്ടു നോക്കുമ്പോൾ അപശബ്ദങ്ങളെന്നു കാണുന്ന അസംഖ്യം പദങ്ങൾ പുരാണങ്ങളിലുണ്ട്. പൗരാണികസാഹിത്യത്തിൽ ഉപയോഗിച്ചിരിക്കുന്ന അത്തരം പദങ്ങളുടെ ആധിക്യത്തെ സ്മരിച്ചുകൊണ്ടായിരിക്കണം, 'വ്യാസസ്യാനന്ത്യതാം ഗതാഃ' എന്ന് ഇവിടെ ഉദ്ധരിച്ച പദ്യത്തിൽ പറഞ്ഞിരിക്കുന്നത്. വൈദ്യജ്യോതിഷാദി ശാസ്ത്രങ്ങളിലും താദൃശങ്ങളായ പദങ്ങൾ യാതൊരു ലോഭവുമില്ലാതെ പ്രയോഗിക്കപ്പെട്ടിരിക്കുന്നു. വൈയാകരണകിരാതന്മാരിൽനിന്നും സന്ത്രസ്തങ്ങളായ അപശബ്ദമൃഗങ്ങൾക്കു ഭിഷക്കുകളുടെയും ജ്യൗതിഷികന്മാരുടെയും മുഖകന്ദരങ്ങൾ ആശ്രയസ്ഥാനമാകുന്നു എന്ന് ഒരു രസികകവി പറഞ്ഞിരിക്കുന്നതു വൈദ്യശാസ്ത്രത്തിലെയും അപശബ്ദങ്ങളുടെ ബാഹുല്യത കണ്ടായിരിക്കുന്നതിനേ ഇടയുള്ളൂ. ഋഷിപ്രണീതങ്ങളായ ഗ്രന്ഥങ്ങളിലെ താദൃശങ്ങളായ പ്രയോഗങ്ങളെ ആർഷമെന്നു പറയുന്നു. അവയെ ലൗകികന്മാർ സ്വീകരിക്കുവാൻ പാടുള്ളതല്ല.

പദപ്രയോഗങ്ങളിൽ അബദ്ധമുണ്ടാകുന്നതിനു സംസ്കൃതത്തിലെപ്പോലെ എളുപ്പം മറ്റൊരു ഭാഷയിലുമില്ല. പുല്ലിംഗത്തിലും നപുംസകലിംഗത്തിലുമുള്ള പദങ്ങളുടെ രൂപം ഒന്നായിരിക്കും. ലിംഗം തിരിച്ചറിഞ്ഞു

അതതിന്റെ രൂപത്തിൽ പദങ്ങൾ പ്രയോഗിക്കുന്നതിനു സൂക്ഷ്മമായ ശാസ്ത്രനിഷ്ഠയുള്ളവർക്കേ സാധിക്കുകയുള്ളൂ. വലിയ കവികൾക്കുകൂടി ഇക്കാര്യത്തിൽ പിശകുപറ്റിയിരിക്കുന്നതു കാണാം. ക്രിയകളുടെ രൂപഭേദങ്ങൾ വിദ്വാന്മാരെക്കൂടി വഴിപിഴപ്പിക്കുന്നവയാണ്. തദ്ധിതങ്ങളുടെ സ്ഥിതിയും ഇതിൽനിന്നു ഭിന്നമല്ല. സന്ധിയെ സംബന്ധിച്ചുള്ള കാര്യവും അങ്ങനെതന്നെ. 'ശ്രോത്രപുടതോഷകരം' എന്നു് 'ശ്രോത്രപുടദോഷകര'മായി പ്രയോഗിക്കാതെയിരിക്കണമെങ്കിൽ സന്ധിനിയമങ്ങളുടെ ജ്ഞാനമുണ്ടായിരിക്കണം. സമാസത്തിന്റെ കാര്യത്തിലും തെറ്റുപറ്റുന്നതു എളുപ്പം. ഇതെല്ലാംകൊണ്ടാണ് സംസ്കൃതത്തെപ്പോലെ വ്യാകരണസംബന്ധമായി പിശകു സംഭവിക്കുവാൻ എളുപ്പമുള്ള ഭാഷ വേറെയില്ലെന്നു പറഞ്ഞതു്.

ഈ അഭിപ്രായത്തിനു വേറെയൊരു മറുവശം കൂടിയുണ്ടെന്നു പറഞ്ഞുകൊള്ളട്ടെ. അനേകം വ്യാകരണശാസ്ത്രങ്ങൾ ഉള്ളതിൽ ഒന്നിനെയോ അല്ലെങ്കിൽ ഏതെങ്കിലും മഹാകവിപ്രയോഗത്തെയോ ശരണം പ്രാപിച്ചാൽ മിക്കവാറും അസാധുവും സാധുവാക്കുവാൻ കഴിയും. സാധുവായ ഒരു പദം പ്രയോഗിക്കുന്നതിന് എത്രയും ബുദ്ധിമുട്ടുണ്ടോ അത്രയും വൈഷമ്യം അസാധുവായ പദം പ്രയോഗിക്കുന്നതിനുമുണ്ടെന്നു ചുരുക്കത്തിൽ പറയാം. വിതണ്ഡംകൊണ്ടു വിദ്യ കാണിക്കുന്നതിനു സഹായിക്കുന്നതായി ഇങ്ങനെ ഒരു ഭാഷയും വ്യാകരണവും വേറെയില്ല. പണ്ഡിതന്മാർ, അസാധുവെന്നു നിസ്സംശയം പറയേണ്ട പല പ്രയോഗങ്ങളെയും സാധുവാണെന്നു സ്ഥാപിച്ചിട്ടുള്ളതിനു സംസ്കൃതസാഹിത്യത്തിൽ ധാരാളം ഉദാഹരണങ്ങളുണ്ടു്. ഭിന്നമതങ്ങളായ വ്യാകരണശാസ്ത്രങ്ങളുടെ ബഹുളതയും, മഹാകവിപ്രയോഗങ്ങൾക്കു ശാസ്ത്രത്തെ അതിക്രമിച്ചു ലഭിച്ചിരിക്കുന്ന പ്രാധാന്യവും അപശബ്ദത്തെ സാധുവെന്നു സ്ഥാപിക്കുവാൻ സഹായിക്കുന്നു. "വൈയാകരണാൻ പിശാചാൻ പ്രയോഗമന്ത്രേണ നിവാരയാമഃ" എന്ന കവിവാക്യം മഹാകവിപ്രയോഗത്തിനു ശബ്ദശാസ്ത്രം കീഴടങ്ങിക്കൊള്ളണമെന്ന അഭിപ്രായം വെളിവാക്കുന്നു.

വൈയാകരണന്മാർ, കവികൾ തൊട്ടതും പിടിച്ചതുമെല്ലാം കുറ്റം എന്നു് അധിക്ഷേപിക്കുവാൻ തുടങ്ങി. അപ്പോൾ അവരെ പിശാചുക്കളെപ്പോലെ വിചാരിച്ചു വെറുക്കാതെ കവികൾക്കു നിവൃത്തിയില്ലെന്നായി- വാസ്തവത്തിൽ വൈയാകരണന്മാരുടെ അഹംഭാവവും കവികളുടെ നിരങ്കുശഭാവവും അതിരുകടന്നുപോയി എന്നാണു് പറയേണ്ടതു്. ഈ രണ്ടുകൂട്ടരും യോജിച്ചു പെരുമാറുന്നു എങ്കിലല്ലാതെ ഭാഷയ്ക്കു അഭിവൃദ്ധിയുണ്ടാകുന്ന

തല്ല. കവിപ്രയോഗങ്ങളെ വിസ്മരിച്ചു ശാസ്ത്രമാർഗ്ഗം വെട്ടിത്തെളിച്ചു മുന്നോട്ടു കൊണ്ടുപോകുന്നതിനു വൈയാകരണനും, വ്യാകരണത്തെ വകവെക്കാതെ ഭാഷകൊണ്ടു കൈകാര്യം ചെയ്യുന്നതിനു കവികൾക്കും സാധിക്കുന്നതല്ല. അന്യോന്യം ഇപ്രകാരമുള്ള ആദരവിനു ശക്തികൂടുന്നതായാൽ ഇരുകൂട്ടർക്കും യോജിക്കുവാൻ കഴിയും.

'അപശബ്ദാസ്ത്രയോ മാഘേ' ഇത്യാദി പദ്യം മാഘാദികളുടെ കാലത്തിനുശേഷം ഏതോ ഒരു വിദ്വാൻ നിർമ്മിച്ചതായിരിക്കണം. ആ മഹാകവികൾ ഈ ശ്ലോകം കേൾക്കുന്നതിന് ഇടയായിരുന്നുവെങ്കിൽ ഇതിൽ സൂചിപ്പിക്കുന്ന അപശബ്ദങ്ങൾ സാധുവാണെന്നു സമർത്ഥിക്കുമായിരുന്നു എന്നു വിശ്വസിക്കാം. എന്തെന്നാൽ അവർ അത്രയ്ക്കു വൈദുഷ്യം സമ്പാദിച്ചവരാകുന്നു.

"കർവ്വ ഗർവ്വാദതസ്യ പ്രതിവദിതുരഹം
ഭാരതീഹൃദ്യസാധ്വീം
സാധ്വീം സാധ്വീമസാധ്വീം........"

എന്നു കാക്കശ്ശേരി ഭട്ടതിരി തനിക്കുണ്ടെന്നു ഗർജ്ജിക്കുന്ന പ്രഭാവം വിദ്യാസാമ്രാജ്യത്തിൽ സർവ്വതന്ത്രസ്വതന്ത്രത നേടിയിരിക്കുന്ന മഹാനുഭാവന്മാർക്കെല്ലാം ഉള്ളതാകുന്നു. അത്തരക്കാർക്ക് നേരിടുന്ന അബദ്ധങ്ങളെ വളരെ സൂക്ഷിച്ചുവേണം അബദ്ധം എന്നു പറയുവാൻ.

ഇത്രയും പറഞ്ഞതിൽനിന്ന് അബദ്ധം അറിഞ്ഞോ അറിയാതെയോ പ്രയോഗിക്കുന്നവർക്ക്, സംസ്കൃതവൈയാകരണലോകത്തിൽ ചില രക്ഷാസ്ഥാനങ്ങൾ ലഭിക്കുന്നതാണെന്നല്ലാതെ, അപശബ്ദങ്ങൾ പ്രയോഗിക്കാവുന്നതാണെന്നോ പ്രയോഗിക്കണമെന്നോ അർത്ഥം ധരിക്കേണ്ടതില്ല.

വ്യാകരണശാസ്ത്രത്തിന്റെ നിയമങ്ങൾ ലോകവ്യവഹാരത്തെ ആശ്രയിച്ചിരിക്കുന്നു. വ്യവഹാരപ്രവാഹത്തിനു ഗതിഭേദം സംഭവിക്കുമ്പോൾ തദനുസരണം ചില മാറ്റങ്ങൾ വ്യാകരണത്തിനും വന്നുചേരാതെ നിവൃത്തിയില്ല. എന്നാൽ മാറ്റങ്ങൾ എന്തെല്ലാം സംഭവിച്ചാലും ശബ്ദശാസ്ത്രത്തെ സംബന്ധിക്കുന്ന മൂലതത്വങ്ങൾ ഒരു കാലത്തും വ്യത്യാസം വരാത്തവയാകുന്നു. അവയ്ക്ക് അനാദിയായ പ്രകൃതിയാണ് ആശ്രയം.

ലോകത്തിന്റെ വ്യവഹാരത്തെ പ്രാകൃതമെന്നും സംസ്കൃതമെന്നും രണ്ടുവിധം വിഭജിക്കാം. യാതൊരു നിയമവും ഇല്ലാതെയും അസ്ഫുടമായും അപരിഷ്കൃതമായും അർത്ഥവൈകല്യത്തോടുകൂടിയും ഉപയോ

ഗിക്കുന്ന ഭാഷ പ്രാകൃതം. ബാലന്മാർ, കിരാതന്മാർ, മ്ലേച്ഛന്മാർ മുതലായവർ വ്യവഹരിക്കുന്ന ഭാഷ പ്രാകൃതത്തിന് ഉദാഹരണം. വിദ്വാന്മാർ സംസ്കാരശുദ്ധിയോടുകൂടി ഉപയോഗിക്കുന്ന ഭാഷ സംസ്കൃതം. ഈ ഭാഷകളിൽ സംസ്കൃതത്തെ ആശ്രയിച്ചുള്ള ലോകത്തിന്റെ വ്യവഹാരമാണ് വ്യാകരണശാസ്ത്രത്തിനു മൂലം. ജനങ്ങളുടെ വ്യവഹാരത്തിൽ അന്തർഭവിക്കാത്ത തത്ത്വങ്ങളെ വ്യാകരണശാസ്ത്രകാരനു പ്രതിപാദിക്കാവുന്നതല്ല.

മുൻപുപറഞ്ഞ രണ്ടുവിധം ഭാഷകളിൽ പ്രാകൃതം, ചില പ്രത്യേകസന്ദർഭങ്ങളിലല്ലാതെ, ഉത്തമസാഹിത്യത്തിൽ ഉപയോഗിക്കുക പതിവില്ല. മിക്കഭാഷകളിലും അപരിഷ്കൃതന്മാരുടെ വ്യവഹാരംകൊണ്ടു പ്രാകൃതത്തിനു ലോകത്തിൽ വലിയ സ്ഥാനം ഉണ്ടെങ്കിലും, സംസ്കാരശുദ്ധിയുടെ അഭാവംനിമിത്തം അതു കാവ്യകാരന്മാരാൽ അഗണ്യകോടിയിൽ തള്ളപ്പെട്ടിരിക്കുന്നു.

എന്നാൽ ഇതല്ല സംസ്കൃതഭാഷയെ സംബന്ധിച്ചിടത്തോളം പ്രാകൃതത്തിന്റെ സ്ഥിതി. അതിലെ പ്രാകൃതത്തിനും സംസ്കൃതത്തിന്റെ ഗൗരവം ഉണ്ട്. സാഹിത്യത്തിൽനിന്ന് പ്രാകൃതം കേവലം നിഷ്കാസിതമായിരുന്നില്ല. അതുകൊണ്ട് അതിനു വ്യാകരണംകൊണ്ടു വേണ്ട സംസ്കാരം ലഭിക്കുവാൻ ഇടയായി. വരരുചിയുടെ പ്രാകൃതവ്യാകരണവും മററും പ്രസിദ്ധങ്ങളാകുന്നുവല്ലോ. നാടകാദിരൂപകങ്ങളിൽ പ്രാകൃതം ഇന്നവിധമേ ഉപയോഗിക്കാവൂ എന്ന് ഈവക ശാസ്ത്രങ്ങൾ ശാസിക്കുന്നു. പ്രാകൃതഭാഷയെ ആശ്രയിച്ച് അനേകം ഗ്രന്ഥങ്ങൾ സംസ്കൃതത്തിൽ ഉണ്ടായിട്ടുണ്ടെന്നു കാണുവാൻ കഴിയും. അതുകൊണ്ട് ഇതരഭാഷകളിലെ പ്രാകൃതംപോലെ പ്രാകൃതമല്ല, സംസ്കൃതത്തിൽ അതിനുള്ള സ്ഥിതിയെന്നു വിചാരിക്കേണ്ടതാകുന്നു.

വ്യാകരണശാസ്ത്രത്തിലെ സിദ്ധാന്തങ്ങളും അവയ്ക്ക് ആസ്പദങ്ങളായ തത്ത്വങ്ങളും ലോകവ്യവഹാരത്തോട് ഏററവും യോജിച്ചിരിക്കുന്നവെന്ന് പറഞ്ഞാൽ ഇന്ന് അധികംപേരും സമ്മതിക്കുകയില്ലായിരിക്കാം. എന്നാൽ ലൗകികരായ യുക്തിക്കോ അനുഭവത്തിനോ വ്യവഹാരസ്വഭാവത്തിനോ വിരുദ്ധമായി യാതൊന്നും വ്യാകരണശാസ്ത്രത്തിൽ കാണുകയില്ലെന്നുള്ളതു നിഷേധിക്കുവാൻ പാടില്ലാത്ത ഒരു വാസ്തവമാകുന്നു. വ്യാകരണശാസ്ത്രത്തിനു ലോകവ്യവഹാരത്തോടുള്ള ഏതാദൃശമായ ബന്ധത്തെ പതഞ്ജലി മുതലായ ആചാര്യന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ വിശദമാക്കിയിട്ടുണ്ട്. സൂക്ഷ്മങ്ങളും ശബ്ദവിഷയകങ്ങളും ആയ സിദ്ധാന്തങ്ങൾ, അവയെ സ്ഥാപിക്കുന്നതിനുപയോഗിച്ചിരിക്കുന്ന യുക്തി

കരം, എന്നിവ ലൌകികങ്ങളായ യുക്തികൾക്കും അനുഭവങ്ങൾക്കും എത്രയധികം ഇണങ്ങിച്ചേർന്നിരിക്കുന്നു എന്നു പ്രതിപാദിച്ചു വെളിവാക്കുന്ന കാര്യത്തിൽ അന്യാദൃശമായ ഒരു വൈഭവമാണ് പതഞ്ജലിമഹർഷിയുടെ ഭാഷ്യം പ്രകാശിപ്പിച്ചിരിക്കുന്നതു്. ശബ്ദപ്രപഞ്ചത്തിന്റെ ഗാംഭീര്യത്തെയും തത്സംബന്ധങ്ങളായ തത്ത്വങ്ങൾക്കു ലോകവ്യവഹാരവുമായുള്ള ബന്ധത്തിന്റെ സ്വരൂപത്തെയും ഗാഢമായി ചർച്ചചെയ്തു പഠിപ്പിക്കുന്ന ഒരു ഗ്രന്ഥം, പതഞ്ജലിമഹാഭാഷ്യംപോലെ വേറൊന്ന്, ലോകത്തിലെ ഇതരഭാഷകളിൽ ഉണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് അടിസ്ഥാനമില്ലാതെ സങ്കല്പംകൊണ്ടു കല്പിതങ്ങളായ കുറെയധികം നിയമങ്ങളുടെ ഒരു സമുദായമല്ല വ്യാകരണശാസ്ത്രം എന്നു പറയേണ്ടിയിരിക്കുന്നു.

ഒരു വിത്തു് ഭൂമിയിൽ കുഴിച്ചിട്ടാൽ അതിനു രണ്ടവസ്ഥകൾ സംഭവിക്കുന്നു. ഒന്നാമത്തേതു് അതു പൊട്ടിമുളച്ചു വെളിയിൽ കാണാറാകുന്നതുവരെയുള്ളതു്; പുറമെ കണ്ടു തുടങ്ങിയാൽ വളർന്നു ഫലവത്താകുന്നതുവരെയുള്ള സ്ഥിതി രണ്ടാമത്തേതു്. ഇപ്രകാരം രണ്ടവസ്ഥകൾ ശബ്ദങ്ങൾക്കും ഉണ്ടു്. ഒരു വാക്കു പറയണമെന്നുദ്ദേശിച്ചാൽ, രസനാഗ്രത്തിൽനിന്നു പുറപ്പെട്ടു ശ്രവണേന്ദ്രിയഗോചരമാകുന്നതുവരെയുള്ള അതിന്റെ അവസ്ഥ പ്രഥമം. കേൾക്കുന്നതിനു ശേഷമുള്ളതു് ദ്വിതീയം. ബീജത്തിന്റെ പ്രഥമാവസ്ഥ പുറമെ കാണുവാൻ സാധിക്കാത്തവിധം ഭൂമിയുടെ ഉള്ളിലാണല്ലോ ഭവിക്കുന്നതു്. ശബ്ദത്തിന്റെ ആദ്യത്തെ സ്ഥിതിയിലുള്ള വൃത്തികളും ഇതുപോലെ അന്തർമുഖങ്ങളാകുന്നു. വാക്കു പറയണമെന്നു വിചാരിച്ചുകഴിഞ്ഞാൽ ശബ്ദരൂപേണ വെളിയിൽ വരുന്നതിനുമുൻപു്, ശരീരാന്തർഭാഗത്തിൽ പല സ്ഥാനങ്ങളിലും പ്രവേശിച്ചു പല വ്യാപാരങ്ങളും അതിനു ചെയ്യേണ്ടതുണ്ടു്. അവയെല്ലാം അതിസൂക്ഷ്മങ്ങളും അതിവേഗത്തിൽ സംഭവിക്കുന്നവയും ആകുന്നു. അതുകൊണ്ടു് അവയെ നമുക്കു അറിയുവാൻ കഴിയുന്നില്ല.

സാ മൂലേ/ങ്കുരിതാ സൂക്ഷ്മാ നാഭൌ പല്ലവിതാ പരാ
ഹൃദി കോരകിതാ വാണീ വക്ത്രേ കുസുമിതാ ഭവേൽ.
പരാശക്തിം ച പശ്യന്തീം മദ്ധ്യമാം വൈഖരീം ക്രമാൽ
ജായമാനാമിമാം വാണീം വദന്തി ബഹുധാ ബുധാഃ.

എന്നു ശാസ്ത്രജ്ഞർ പറയുന്നു. നാം ഒരു വാക്കു പറയുന്നതിനു് ആഗ്രഹിക്കുമ്പോൾ, ആദ്യം അതിന്റെ അതിസൂക്ഷ്മമായ ഒരു രൂപം ശരീരാന്തർഭാഗത്തിൽ മൂലാധാരത്തു് അങ്കുരിക്കുന്നു. പിന്നീടു് അതു് നാഭിയേയും

ഹൃദയത്തെയും പ്രാപിക്കുകയാണ് ചെയ്യുന്നത്. ഈ സ്ഥാനങ്ങളിൽവച്ചു സൂക്ഷ്മശബ്ദത്തിന് അല്പം വികാസം ഉണ്ടാകും. അതു വളർന്നു വക്ത്രസ്ഥാനത്തെത്തുമ്പോൾ മുഴുവനാകുന്നു. അപ്പോളാണ് ശബ്ദം ശ്രവണഗോചരമായിഭവിക്കുന്നത്. ഇതിൽനിന്നു ശബ്ദത്തിന്, മൂലം, നാഭി, ഹൃദയം, വക്ത്രം എന്നു നാലുസ്ഥാനങ്ങളും അവയിൽ ഓരോ വിധം വൃത്തിഭേദങ്ങളും ഉണ്ടെന്നു വിശദമായല്ലോ. ഇവയെ ആസ്പദമാക്കി ആദ്യത്തെ മൂന്നു സ്ഥാനങ്ങളിൽ സ്ഥിതിചെയ്യുന്ന ശബ്ദത്തിനു യഥാക്രമം പര എന്നും പശ്യന്തി എന്നും മദ്ധ്യമ എന്നും പേർ പറയുന്നു. സൂക്ഷ്മരൂപമായ ശബ്ദം മുഖഗതമായി സ്ഥൂലവും ശ്രവണവിഷയവും ആകുമ്പോൾ അതിനു വൈഖരിയെന്നു പേർ. ഇപ്രകാരം വിചാരിക്കുമ്പോൾ പുറമേകേൾക്കുന്ന ശബ്ദത്തിന്റെ മുക്കാൽഭാഗം വൃത്തികളും ശരീരത്തിൽ അന്തർമുഖങ്ങളും സൂക്ഷ്മങ്ങളും ആകുന്നു എന്നു വ്യക്തമാകും. യോഗികൾക്കുമാത്രമേ അവയെ ഗ്രഹിക്കുവാൻ കഴിയുകയുള്ളു. പാണിനി മുതലായ ആചാര്യന്മാർ മഹായോഗികളായിരുന്നതുകൊണ്ടാണ് അവർക്കു സൂക്ഷ്മങ്ങളായ ശബ്ദതത്വങ്ങളെ അറിഞ്ഞു പ്രകാശിപ്പിക്കുവാൻ സാധിച്ചതു്.

ഉൽപത്തി, സ്ഥാനങ്ങൾ, ഓരോസ്ഥാനത്തുവെച്ചും സംഭവിക്കുന്ന രൂപവ്യത്യാസം, വ്യാപാരഭേദം, പരസ്പരസമാഗമത്തിൽ ഉണ്ടാകുന്ന മാററം, ധാതു, അർത്ഥം മുതലായവ ശബ്ദത്തെസ്സംബന്ധിച്ച് അറിയേണ്ട ഗംഭീരതത്വങ്ങളാകുന്നു. ഇവയെക്കുറിച്ചെല്ലാം വേണ്ട ജ്ഞാനം വ്യാകരണശാസ്ത്രത്തിൽനിന്നല്ലാതെ ലഭിക്കുകയില്ല.

സംസ്കൃതവ്യാകരണത്തിനു മൂലം മാഹേശ്വരസൂത്രങ്ങളാകുന്നു എന്നു പറയേണ്ടതില്ലല്ലോ. അവയെ ആസ്പദമാക്കി ദീർഘദൃഷ്ടിയോടുകൂടിയാണ് അകാരാദിവർണ്ണങ്ങളുടെ പാഠക്രമം സ്വീകരിച്ചിരിക്കുന്നതു്. അകാരാദിസ്വരങ്ങൾ, പഞ്ചവർണ്ണങ്ങളോടുകൂടിയ കാദി (അഞ്ചു) വർഗ്ഗങ്ങൾ, അന്തഃസ്ഥങ്ങൾ (യ. ര. ല. വ.) ഊഷ്മാക്കൾ (ശ. ഷ. സ. ഹ.) എന്നിങ്ങനെയാണ് സംസ്കൃതവർണ്ണങ്ങളുടെ പാഠക്രമം. മേലിൽ വ്യാകരണം പഠിക്കുന്നവർക്കു സഹായമായിഭവിക്കണമെന്നു നല്ലപോലെ കരുതിയും അനേകം ശബ്ദശാസ്ത്രസിദ്ധാന്തങ്ങളെ പുരസ്കരിച്ചും ഈ പാഠക്രമം സ്വീകരിച്ചിരിക്കുന്നു. ഈ അഭിപ്രായം അല്പംകൂടി വിശദമാക്കാം.

വർണ്ണങ്ങളിൽ സ്വരം പ്രധാനം; ഇതിന്റെ സഹായമില്ലെങ്കിൽ മററു വർണ്ണങ്ങൾ ഉച്ചരിക്കാവുന്നതല്ല. വേദം, മന്ത്രം, സംഗീതം മുത

ലായവയിൽ സ്വരത്തിനു സിദ്ധമായിരിക്കുന്ന പ്രാധാന്യം ജീവസദൃശമാകുന്നു എന്നു കാണാം. സ്വരത്തിന്റെ ഏതാദൃശമായ മാഹാത്മ്യത്തെ പ്രതിപാദിക്കുന്നവയായി പല ശാസ്ത്രങ്ങളും ഉണ്ടായിട്ടുണ്ട്.

ദൈഹിക പുരുഷാർത്ഥങ്ങൾ സ്വരവിജ്ഞാനസാധിതാഃ
സർവ്വശാസ്ത്രങ്ങളിൽ ശ്രേഷ്ഠം സ്വരശാസ്ത്രം ബുധൈർമ്മതം.

എന്നു സ്വരശാസ്ത്രപ്രാധാന്യത്തെക്കുറിച്ചു 'സ്വരരൂപലക്ഷണവിധി' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന അഭിപ്രായം നിഷേധിക്കാവുന്ന ഒന്നാണെന്നു തോന്നുന്നില്ല. സ്വരത്തിന്റെ ഏതദ്വിധമായ മാഹാത്മ്യത്തെ വിവരിക്കുന്ന ഒരു ശാസ്ത്രമാകുന്നു ഇവിടെ സ്മരിച്ച സ്വരരൂപലക്ഷണവിധി.

സ്വരങ്ങളിൽ അ. ഇ. ഉ. എ. എന്നിവയ്ക്കു മററുള്ളവയെക്കാൾ വൈഭവം ഉണ്ട്.

ഓകാരാദേവ സഞ്ജാതാ ഏകാരസ്തത ഏവ ച
ഉകാരോ/ത ഇകാരോ/സ്മാദകാരശ്ച സമുത്ഭവഃ.

എന്ന ശാസ്ത്രത്തിൽനിന്നു പ്രണവമായ ഓങ്കാരത്തിൽനിന്നുമാകുന്നു ഇവിടെപ്പറഞ്ഞ അകാരാദി നാലുവർണ്ണങ്ങളുടെ ഉൽപത്തി എന്നു വെളിവാകുന്നു. ഇതരങ്ങളായ സ്വരങ്ങൾ ഈ നാലു സ്വരങ്ങളിൽനിന്നു സംഭവിക്കുന്നവയാണ്. ആ. ഈ. ഊ. എന്നിവ അ, ഇ, ഉ, എന്നീ സ്വരങ്ങളുടെ ദീർഘരൂപങ്ങളാകുന്നു എന്നു വ്യക്തമാണല്ലോ. സന്ധ്യക്ഷരങ്ങളായ ഏ. ഐ. ഓ. ഔ. എന്നിവ അകാരാദിവർണ്ണചതുഷ്ടയത്തിൽനിന്നുമാണ് ഉണ്ടാകുന്നതു്.

അ. ഇ. ഉ. എ. ച ഓകാരം പുരുഷസ്വരമായവ
തജ്ജാമതിവയററിന്നും പ്രകൃതിസ്വരവാചകാഃ.

എന്നു സ്വരരൂപലക്ഷണവിധിയിൽ കാണുന്നു. സ്വരങ്ങൾക്കു പ്രകൃതിപുരുഷഭേദമുണ്ടെന്നും ഇവിടെ പറഞ്ഞ അകാരാദിപഞ്ചകം പുരുഷസ്വരങ്ങളാകുന്നു എന്നും ഈ ശാസ്ത്രത്തിന്റെ സാരം.

മൂലകന്ദത്തിൽ മേലഗ്നി നാഭിമൂലത്തിൽ വായുവാം
കാൽമുട്ടിൽ മേലേ പൃഥിവി പാദസ്ഥാനത്തിലപ്പുതാൻ
സർവ്വത്ര വ്യാപ്തമാകാശം ദേഹസ്ഥാനത്തിലിങ്ങനെ
ഉകാരം ഹൃദ്യദേശസ്ഥം പൃഥിവീ തത്ത്വമാമതു
ഏകാരമപ്പു നാഭിസ്ഥം ഇകാരോഗ്നി എളിസ്ഥിതം
അകാരവായുർന്നാസായാമോകാരോ ബ്രഹ്മരന്ധ്രതഃ.

എന്ന പ്രസ്തുതശാസ്ത്രത്തിൽ പറയുന്നു; ഇതിൽനിന്ന പരശ്രുതസ്വരസന്ധിയുടെ ഒരു രൂപം ഗ്രഹിക്കാം. ഈ വക ശാസ്ത്രങ്ങളിൽനിന്ന സ്വരങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാവുന്നതാണല്ലൊ. പാഠക്രമത്തിൽ സ്വരത്തിന വ്യഞ്ജനത്തിന്റെ മുൻപിൽ സ്ഥാനം കല്പിക്കുന്നതിന് ഇതെല്ലാം കാരണമായിരിക്കുന്നു.

സ്വരങ്ങളിൽ 'അ' കാരം മററുള്ളവയെക്കാൾ പ്രധാനം. ക്-ഖ്-ഗ് എന്നിങ്ങനെയുള്ള വ്യഞ്ജനങ്ങളെ ക-ഖ-ഗ-എന്ന വിധം ഉച്ചരിക്കുന്നതു് അകാരസഹായം കൊണ്ടാകുന്നു. അനേകം വർണ്ണങ്ങളുടെ ഉൽപത്തിക്കു ഹേതുവാണ് അകാരം. ഈ തത്ത്വങ്ങളെ എല്ലാം ഗ്രഹിച്ചുതന്നെയാണ് 'അക്ഷരാണാമകാരോസ്മി' എന്ന ഗീതയിൽ പറഞ്ഞിരിക്കുന്നതു്.

യഥാപൂർവ്വം കാദിപഞ്ചവർഗ്ഗങ്ങളും, അന്തഃസ്ഥങ്ങളും, ഊഷ്മാക്കളും എന്നിങ്ങനെ വ്യഞ്ജനങ്ങൾക്കു നിശ്ചയിച്ചിരിക്കുന്ന ക്രമവും, ആലോചനാപൂർവ്വം ചെയ്തിരിക്കുന്നതും പ്രയോജനകരവും ആകുന്നു. സംജ്ഞകൾ കല്പിക്കുന്നതിനും തദനുസരണം ശാസ്ത്രവ്യവഹാരം എളുപ്പത്തിൽ സൗകര്യത്തോടുകൂടി നിർവ്വഹിക്കുന്നതിനും പ്രസ്തുതവർണ്ണക്രമംകൊണ്ടാണ് സാധിക്കുന്നതു്.

ഖരശ്ചാതിഖരശ്ചൈവ മൃദുർഘോഷോനുനാസികഃ
പഞ്ചാനാമപി വർഗ്ഗാണാം പഞ്ചവർണ്ണാ യഥാക്രമം.

എന്ന ശാസ്ത്രകാരന് അനേകം കാര്യങ്ങൾ ചുരുക്കി പരിമിതപദങ്ങൾ കൊണ്ടു പ്രതിപാദിക്കുവാൻ കഴിഞ്ഞതു് ഇവിടെ കാണിച്ച ക്രമത്തിന്റെ സാമർത്ഥ്യം കൊണ്ടാകുന്നു. ഏതാദൃശമായ ഒരു ക്രമം കൈക്കൊണ്ടിരുന്നില്ലെങ്കിൽ ഇത്രയും കാര്യങ്ങൾ പറയുന്നതിന് എത്രയധികം വാക്യങ്ങൾ എഴുതിക്കൂട്ടേണ്ടിവരുമെന്ന് ഊഹിച്ചറിയുന്നതുതന്നെ നന്ന്. ഖരം, അതിഖരം എന്നിങ്ങനെ വർണ്ണങ്ങൾക്കു കൊടുത്തിരിക്കുന്ന സംജ്ഞകൾ അവയുടെ സ്ഥാനങ്ങളെയും പ്രകൃതിയേയും ആശ്രയിച്ചാണെന്നുകൂടി പറയേണ്ടതുണ്ട്. അതുകൊണ്ടു പ്രസ്തുതപാഠക്രമവും സംജ്ഞാകല്പനവും നിർമ്മൂലകമല്ലെന്നു സിദ്ധം.

വർണ്ണങ്ങളുടെ ഈ ക്രമം ഗണിതശാസ്ത്രത്തിനും വലിയ സഹായം ചെയ്തിരിക്കുന്നതായിക്കാണാം.

നഞാവചശ്ച ശൂന്യാനി
സംഖ്യാഃ കടപയാദയഃ.

എന്നൊരു നിശ്ചയംചെയ്തു്, തദനുസരണം (അതായതു് കടപയ 1; ഖഠഫര 2; ഗഡബല 3; ഇത്യാദിക്രമത്തിനു്) വൎണ്ണങ്ങളെക്കൊണ്ടു് സംഖ്യകളുടെ വ്യവഹാരം സാധിക്കുക എന്നതു്, ഗണിതശാസ്ത്രത്തിനു് അധികം സൗകൎയ്യം വരുത്തിയിരിക്കുന്ന ഒരു കാൎയ്യമാകുന്നു.

ഭൂതസംഖ്യയെക്കാൾ കടപയാദി സംഖ്യകൾ കൂടുതലായി അൎത്ഥമുള്ളവയും ആകണം. 'നിധിനാഗേഭവഹ്ന്യബ്ധി' 'നന്ദനയനേഷുപക്ഷാബ്ധിസംഖ്യേഷു' എന്നിവ ഭൂതസംഖ്യകളാകുന്നു. ഇവയ്ക്കു് അതതു സംഖ്യകളെ കുറിക്കുന്നതിനുപുറമേ മറ്റൊരൎത്ഥവുമില്ല. കടപയാദി സംഖ്യകളായ 'ആചാൎയ്യവാഗഭേദ്യാ' 'പാരക്കോൽ വേഗിക്കാകാ' 'നദീപുഷ്ടി രസാഗ്ര്യാന്നു' എന്നിവയുടെ നില അതല്ല. ഇവയിൽ പ്രയോജനകരമായ മറ്റൊരൎത്ഥവുംകൂടി അന്തൎഭവിച്ചിരിക്കുന്നു. ഗണിതക്കാൎക്കു് ഇങ്ങനെ അൎത്ഥവത്തായി വൎണ്ണങ്ങളെക്കൊണ്ടു് സംഖ്യ കല്പിക്കുന്നതിനു് അവയുടെ മുൻപുപറഞ്ഞവിധമുള്ള പാഠക്രമമാണു് സഹായിക്കുന്നതു്.

ഇപ്രകാരം വിചാരിക്കുന്നതായാൽ വൎണ്ണങ്ങളുടെ പാഠക്രമം ശബ്ദശാസ്ത്രകാരന്മാർ നിശ്ചയിച്ചിരിക്കുന്നതു്, അനേകം തത്വങ്ങളെ ആസ്പദമാക്കിയാണെന്നു വെളിപ്പെടും. ഈ പാഠക്രമം വ്യാകരണശാസ്ത്രത്തിനു തന്നെയല്ല മറ്റു ഗണിതാദിശാസ്ത്രങ്ങൾക്കും അടിത്തട്ടായിരിക്കുന്നു. വൎണ്ണങ്ങളെ അവയുടെ ഇപ്പോഴത്തെ ക്രമത്തിൽനിന്നു മാററിവെയ്ക്കുന്നതായാൽ അതുകൊണ്ടു പല കുഴപ്പങ്ങളും നേരിടും. ഇന്നത്തെ 'അ ആ' 'ക-ഖ' എന്ന ക്രമം ഒരുമാററി 'ആ-അ' 'ഖ-ക' എന്നു തുടങ്ങുന്ന ഒരു പാഠരീതി സ്വീകരിക്കുന്നു എന്നു വിചാരിക്കുക. അപ്പോൾ ശിഷ്യന്മാർ ഗുരുനാഥന്മാരുടെ സ്ഥാനങ്ങളിൽ എന്നപോലെ, അപ്രധാനങ്ങളായ 'ആ'കാര'ഖ'കാരങ്ങൾക്കു് 'അ'കാര'ക'കാരങ്ങളുടെ സ്ഥാനത്തു സ്ഥിതിചെയ്യേണ്ടിവരുന്നു. അകാരത്തിനു് ഇപ്രകാരം പ്രാധാന്യം കുറയുമ്പോൾ അതു ഉടവു് 'അക്ഷരാണാമകാരോസ്മി' എന്ന ഗീതാവാക്യത്തിന്റെ നാഡികളിൽക്കൂടി ചെന്നുതട്ടുന്നു. അതുപോലെ 'ക'യുടെ സ്ഥാനത്തു 'ഖ' സ്വീകരിച്ചു് അങ്ങനെ ഒരു ക്രമം വെയ്ക്കുന്നതായാൽ വൈയാകരണന്മാരുടെ 'വൎഗ്ഗ'കല്പനയ്ക്കും സംജ്ഞകൾക്കും തദാശ്രയങ്ങളായ അനവധി നിയമങ്ങൾക്കും അടിയിളക്കം പററും. 'ഖ' 1. 'ക' 2. എന്നൊരു ക്രമം നിശ്ചയിക്കുന്നതു ഗണിതശാസ്ത്രത്തിനും ഒരു വലിയ പരിവൎത്തനം ഉണ്ടാക്കും. വൎണ്ണങ്ങളെ ഇളക്കി അവയുടെ ഏററവും അടുത്തസ്ഥാനത്തു വെയ്ക്കുന്നതുകൊണ്ടു് ഇത്രയും കുഴപ്പങ്ങൾ ഉണ്ടാകുന്നുവെങ്കിൽ, അവയെ തോന്നിയതുപോലെ മാററിയും മറിച്ചും സ്ഥാപിക്കുന്നതായാൽ എന്തെല്ലാംവിധം സ്ഥ

ന്നതകൾ നേരിട്ടമെന്ന് ആലോചിക്കുന്നതാണ് നന്ന്. പാഠത്തിന് ഇന്നത്തെ ക്രമത്തിൽനിന്ന് ഒരു ലഘുവായ മാററംപോലും വരുത്താവുന്നതല്ലെന്ന്, ഈ സംഗതികൾകൊണ്ടെല്ലാം ഗ്രഹിക്കേണ്ടതാകുന്നു.

മലയാളഭാഷയിലും മുൻപുകാണിച്ച സംസ്കൃതത്തിൻെറ പാഠക്രമംതന്നെ സ്വീകരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് സംസ്കൃതവ്യാകരണവുമായി അനേകംവിധം ദൃഢബന്ധം ഭാഷാശബ്ദശാസ്ത്രത്തിന് ഉണ്ടാകുവാൻ ഇടയായി. ഭാഷയിലുള്ള വർണ്ണങ്ങളെ ശുദ്ധിയോടുകൂടി എഴുതുന്നതിനും ഉച്ചരിക്കുന്നതിനും സംസ്കൃതത്തിൻെറ പരിചയം അത്യാവശ്യമെന്നു വന്നിരിക്കുന്നു. പലരും ഖരാതിഖരഘോഷാദിവർണ്ണങ്ങളെ അവയുടെ പ്രകൃതിക്കു ചേരാത്തവിധം അബദ്ധമായി ഉപയോഗിക്കുന്നതു കാണാറുണ്ട്. സംസ്കൃതഭാഷയുമായി അടുത്തു പരിചയം ലഭിച്ചിരിക്കുന്നവരുടെ ശബ്ദത്തിന് ഒരു ശുചിത്വവും ഭംഗിയും വേറെയുണ്ട്. കേരളബ്രാഹ്മണരുടെ ഭാഷതന്നെ ഇവിടെ ഉദാഹരണത്തിനു ഗ്രഹിക്കാം. വേദവിദ്യാഭ്യാസവും തന്മൂലം സിദ്ധമായിരിക്കുന്ന സംസ്കൃതജ്ഞാനവുമാണ് അവരുടെ ഭാഷയ്ക്ക് ഈ സൗഭാഗ്യം ഉണ്ടാകുവാൻ കാരണം. സംസ്കൃതവുമായി ഇടക വന്നിരിക്കുന്ന അടുപ്പമനുസരിച്ച് മററുവർഗ്ഗക്കാരുടെ ഭാഷയ്ക്കും ഈ മേന്മ കാണാം. അത്യന്തികത്തെ ഒരുമാതിരി പ്രാകൃതമായിട്ടു ഭവിച്ചുകാണുന്നതു്, സംസ്കൃതവുമായി യാതൊരു ബന്ധവും ഇല്ലാതെ അകന്നു ജീവിക്കുന്നവരുടെ ഭാഷയാകുന്നു. ഭാഷയെ സംബന്ധിച്ചു നാം പ്രത്യക്ഷമായിക്കാണുന്ന ഈ അനുഭവം സംസ്കൃതത്തിൻെറ അപരിത്യാജ്യതയെ തെളിയിക്കുന്നു. ഭാഗ്യംകൊണ്ടോ അഥവാ ഭാഗ്യദോഷംകൊണ്ടോ താദൃശമായ ഒരു ബന്ധം സംസ്കൃതത്തിനും മലയാളത്തിനും തമ്മിൽ വന്നുപോയി; അതു കെട്ട യാതൊരായുധംകൊണ്ടും മുറിച്ചുതള്ളാവുന്നതല്ല.

ശബ്ദശാസ്ത്രത്തിനു ഭാർഢ്യമേറിയ ചില അടിസ്ഥാനങ്ങൾ ഉണ്ടെന്നും, അതിൽ ഏററവും ലഘുവായ കാര്യംകൂടി അനേകം തത്വങ്ങളെ ആസ്പദമാക്കി അവഗാഢപൂർവ്വമായ ആലോചനയ്ക്കുശേഷമാണ് ചൊല്ലിയിരിക്കുന്നതെന്നും, ഭാഷയുടെ സംസ്കാരബലം വ്യാകരണത്തിലാണ് നിലനില്ക്കുന്നതെന്നുമുള്ള തത്വങ്ങൾ ഒരുകാലത്തും വിസ്മരിക്കുവാൻ പാടില്ല. പരിഷ്കൃതമായ എല്ലാഭാഷയ്ക്കും അതിൻെറ പരിഷ്കാരസ്ഥിതിയനുസരിച്ച് വ്യാകരണശാസ്ത്രം ഉണ്ടായിരിക്കുന്നതാണ്. അപ്രാകൃതമായ യാതൊരു ഭാഷയ്ക്കും വ്യാകരണത്തിൻെറ ആവശ്യത്തെയോ ബന്ധത്തെയോ വേണ്ടെന്നുവയ്ക്കാവുന്നതല്ല.

ശബ്ദശാസ്ത്രനിയന്ത്രണത്തോട് ആദരം കാണിക്കാത്ത ഒരു ഭാഷ, ആ അനാദരത്തിന്റെ ശക്തിയനുസരിച്ച് ബാലിശവും പ്രാകൃതവും നിത്യപ്രയോഗയോഗ്യവുമായിഭവിക്കുന്നു. ഈ നിലയിൽ ഭാഷയ്ക്കുണ്ടാകുന്ന വളൎച്ചയെ ശോഫസ്ഥൗല്യാദിരോഗങ്ങൾകൊണ്ടു സംഭവിക്കുന്ന ഗാത്രപുഷ്ടിയോടല്ലാതെ ഉപമിക്കാവുന്നതല്ല. ദുൎഗ്ഗമായ ഈ ദുരവസ്ഥ ഇന്നു മലയാളഭാഷയേയും ബാധിച്ചുതുടങ്ങിയിട്ടുണ്ട്. ഭാഷയിൽ വ്യാകരണശാസ്ത്രത്തിനും, ജനസമുദായത്തിന് അതിനെക്കുറിച്ചു തോന്നുന്ന ആദരവിനും ഇന്നത്തേതിനെക്കാൾ കൂടുതൽ അഭിവൃദ്ധി ലഭിക്കേണ്ടിയിരിക്കുന്നു; എന്നാൽമാത്രമേ ഭാഷയെ അതിന്റെ ഈ ദുഃസ്ഥിതിയിൽനിന്നു വിമോചിപ്പിക്കുവാൻ കഴിയുകയുള്ളു. ഈ വിഷയത്തിൽ ഭാഷാഭിമാനികളുടെ ശ്രദ്ധ വേണ്ടവിധം പതിയുമാറാകട്ടെ എന്നു പ്രാൎത്ഥിച്ചുകൊള്ളുന്നു.

# അംബോപദേശം.

(ഒരു പ്രാചീനകൃതി)

(സമ്പാദകൻ -- ഒറ്റപ്പുറമംഗലം ടി. കെ. അച്യുതൻനമ്പൂതിരി അവൎകൾ)

(1)

അംഗനാമണി ജാനകീദേവിയെ
അമ്മതാനങ്ങുകണ്ടു വിളിച്ചുടൻ
നന്ദയാംവണ്ണം ചൊല്ലിനാൾ മെല്ലവേ
ഒന്നയാംവണ്ണം രാമ ഹരേ ജയ.

(2)

ആഴിവൎണ്ണനാം രാമനും നീയുമായ്
ആനന്ദത്തോടങ്ങൊന്നിച്ചു വാഴ്ക പോയ്
നാഴികപോലും നിന്ദിക്കപാടില്ല
രാമദേവനെ രാമ ഹരേ ജയ.

(3)

ഇല്ലെന്നുള്ള മൊഴി പറഞ്ഞീടല്ലേ
വല്ലതുമവൻ ചോദിച്ചെന്നാകിലും;
നല്ലവാക്കെന്ന്യേയൊന്നും പറയല്ലേ
വല്ലഭനോടു രാമ ഹരേ ജയ.

(4)

ഈശ്വരനെന്നു സങ്കല്പിച്ചീടണം
അച്ഛനെയും നിൻ ഭർത്താവുതന്നെയും
കാന്തി ഐശ്വര്യം സമ്പത്തും ഭർത്താവു
കരുതിടേണമേ രാമ ഹരേ ജയ.

(5)

ഉറങ്ങല്ലേയവൻനിദ്രയ്ക്കു മുമ്പു നീ
വെറുക്കല്ലേയവൻ ചൊല്ലുന്നനേരത്ത്
വെറുത്തൊന്നങ്ങവൻ ചൊല്ലിയെന്നാകിലും
ക്ഷമിച്ചീടേണമേ രാമ ഹരേ ജയ.

(6)

ഊണിനെന്തവനിച്ഛയെന്നാലതു
വേണംവസ്തുവൊത്തകറികൂട്ടുവാനും
പ്രാണനാഥനിവണ്ണമറിയുന്നോ
എന്നാലോചനേ രാമ ഹരേ ജയ.

(7)

എങ്ങു രാമൻ പോയ്‌വാഴുന്നതാകിലും
മങ്ങിടാതെയനുയാത്രയായി നീ
എന്നുമേ മടിക്കേണ്ട മനോഹരേ
കൂടെപ്പോകണം രാമ ഹരേ ജയ.

(8)

ഏറിയ സുഖദുഃഖമുണ്ടെങ്കിലും
ഹേതുകൂടാതെ വേർപെട്ടിരിക്കിലും
മാനസത്തിങ്കൽ ധ്യാനിക്ക രാമനെ-
സ്സൂനനേർമിഴി! രാമ ഹരേ ജയ.

(9)

ഹെ ഏയോ നിൻ പതിയാകിയ രാമനെ
ദൈവമെന്നു കരുതേണമെപ്പോഴും;
മനുഷ്യനെന്നാലെ മനസ്സിന്നു നീരസം
തോന്നിച്ചീടല്ലേ രാമ ഹരേ ജയ.

(10)

ഭർത്താവു സൽഗ്ഗുണൻ ചൊൽവതും
അഗ്നിയിൽതന്നെ ചാടുവാനെങ്കിലോ
ഏതുമേ മടിക്കേണ്ട മനോഹരേ
ചാടണമുടൻ രാമ ഹരേ ജയ

(11)

ഓരോന്നേ നിന്റെ ഭർത്താവു ചൊൽവതും
നേരെന്നല്ലതു നീയങ്ങുറക്കണം;
നാരിമാർക്കുള്ള ധർമ്മദൈവം വരൻ
നാരീരത്നമേ രാമ ഹരേ ജയ.

(12)

ഇവ്വണ്ണമുള്ള വാക്കുകൾ കേട്ടവൾ
കൈവണങ്ങി നിന്നീടിനാൾ ദേവിയും;
ദിവ്യഭൂഷകളൂർണ്ണമത്തയും
ദേവിക്കു നല്കി രാമ ഹരേ ജയ.

(13)

അമ്മതന്നെയും ബന്ധുജനത്തെയും
അച്ഛനെയും വണങ്ങി ജനകജ;
ഹസ്തംപൊക്കിയനുഗ്രഹിച്ചാരവർ
അപ്പോഴേതന്നെ രാമ ഹരേ ജയ.

(14)

അക്കനത്തോടുമർത്ഥങ്ങൾ നല്കിനാ-
രാദരവോടു മേടിച്ചു ദേവിയും;
അർക്കവംശജനൊത്തു സുഖിക്കുവാൻ
പുക്കയോദ്ധ്യയിൽ രാമ ഹരേ ജയ.

ശുഭം

# വിരുന്നുകാരി.

(വിദ്വാൻ പൊൻകുന്നം വി. എ. വർക്കി അവർകൾ.)

അതു്, കനകക്കുന്നുകളിൽ കാചപ്രതീതികളും, കാചക്കുന്നുകളിൽ കനകക്കിനാവുകളും ഉണർത്തുന്ന വ്യാപാരവിശേഷംകൊണ്ടു് എൻറെ തുറന്ന മിഴികളിൽ ഹർഷാശ്രുക്കൾ നിറച്ചു്, തരളമായ ഒരു ഹിമബിന്ദുവിൽപ്പോലും അഖണ്ഡമായ സ്നേഹജ്യോതിസ്സിനെ എനിക്കു കാണിക്കയായി അർപ്പിക്കുന്നു;

അതു്, ശത്രുനിരകൾ ഉരുക്കുചങ്ങലകൊണ്ടു് എൻറെ കൈകാലുകൾ വരിഞ്ഞുമുറുക്കി പിതൃഗേഹത്തിൽ വിലങ്ങുതടിവെച്ചു വീരാടമെത്തുമ്പോൾ, ഏകാഗ്രമായ എൻറെ മണിയറയിൽ ഇരുന്നുകൊണ്ടു് എൻറെ കെട്ടുകൾ വെട്ടിപ്പൊട്ടിച്ചു് സ്വാതന്ത്ര്യത്തിൻറെ പെരുവഴിയിലേക്കു് എന്നെ നയിക്കുന്നു;

അതു്, കോളിളക്കംപൂണ്ടു മുമ്പിൽകിടക്കുന്ന മഹാസമുദ്രയാത്രയ്ക്കു്, കളിവഞ്ചിയിലേറിയിരുന്നു് അലകൾ മുറിച്ചു സുരക്ഷിതനായി എന്നെ മറുകരയിലേക്കു കൊണ്ടുപോകുന്നു;

അതു്, അപാരതകളിൽ കളിത്തോണികളും, അഗാധതകളിൽ പൊട്ടിപ്പോകാത്ത കനകനൂലുകളും ഇറക്കിത്തന്നു് എന്നെ കൈയെത്തിപ്പിടിച്ചു പുണരുന്നു;

അതു്, പ്രേമപരിഭവങ്ങളുടെ ഗാഥകൾ ഏറ്റുപാടുവാൻ എനിക്കു വൃന്ദാവനമുരളി സമ്മാനിക്കുന്നു;

അതു്, വെൺനിലാവുതിരുന്ന ആഴിയലകളിലെന്നപോലെ എൻറെ ഹൃദയതരംഗങ്ങളിൽ ഗാനവിപ്ലവങ്ങളുടെ വേലിയേറ്റങ്ങൾ ഉണ്ടാക്കുന്നു; ആ മധുരസ്വപ്നിനി—എൻറെ ജീവിതാരാധനകളുടെ മംഗളവിഗ്രഹം—റാണി! ഭവതിയെവിടെയാണു്?

നാഥേ, ഭവതിയുടെ വഴിത്താരയിൽ ഞാനിതാ പൂ വിരിച്ചിരിക്കുന്നു. ഭവതിയുടെ പൊല്ലാൽച്ചിലമ്പൊലിയാണു് എൻറെ കാതിനു കല്യാണഗാനം; പിറകിൽനിന്നുകൊണ്ടുള്ള കണ്ണുപൊത്തലാണു്, എൻറെ ശരീരത്തിനു കോരിത്തരിപ്പു്; നറുംചുംബനമാണു് എൻറെ ആത്മാവിൻറെ പരിവേഷംചാർത്തൽ!!!

എരിവിളക്കുമായി പരിമളങ്ങളോടുകൂടി ഞാനിതാ കാത്തിരിക്കുന്നു. നീ മുൾക്കാട്ടിൽ അലയുന്നുവോ? അതോ, അതിഥിയായി വിദൂരതകളിലെങ്ങാനും ചെന്ന് ഉഴറുന്നുവോ?

എന്റെ ജീവിതപൂജകളുടെ പുണ്യാകാരമേ, ഉദാരചരിതയായ വിരുന്നുകാരി! മെത്തമേൽ ഞാൻ പുതുപുഷ്പങ്ങൾ വിരിച്ചുകഴിഞ്ഞു; സുഗന്ധതൈലങ്ങൾ തളിച്ചുകഴിഞ്ഞു. അവിടുത്തെ ഓമനക്കൈത്തലോടലേറ്റ് ആ മടിയിൽ വിശ്രമിക്കുമ്പോൾ ഞാൻ മഹാരാജാവാണ്. പർവ്വതങ്ങളേയും പാരാവാരങ്ങളേയും ചണ്ഡമാരുതനേയും ഞാൻ ശാസിച്ചടക്കും. ആത്മാവിൽ ആത്മാവിന്റെ ബന്ധംതൊട്ടുള്ളു്, ഞാനെന്നെ പൂർണ്ണമായി വിസ്മരിക്കും. താഴെ മണൽത്തരികളും മുകളിൽ നക്ഷത്രത്തിനും നടുവിൽ, ഏകച്ഛത്രാധിപത്യം എനിക്കുണ്ടാവും. തങ്കക്കിരീടം ചൂടി ചെങ്കോലുംവഹിച്ചു ഭദ്രസിംഹാസനത്തിൽ ഞാൻ വാണരുളും.

തങ്കക്കിനാവേ, ഭവതി എന്താണ് താമസിക്കുന്നതു്? കരിങ്കാർകൂന്തലിൽ ഞാൻ പൂമാലകളണിയിക്കാം. ശാസന കേൾക്കാതെ തുള്ളിക്കളിക്കുന്ന കുറുനിരച്ചുരുളുകൾ ഒതുക്കി, വാർനെറ്റിമേൽ, കൊതിതീരാത്ത നറുംചുംബനങ്ങൾ ഞാൻ അർപ്പിക്കാം. രാഗമോഹനമായ പൂമ്പദങ്ങൾ ഞാൻ തലോടാം; മന്ദഹാസങ്ങൾ ചിത്രണംചെയ്യാം; ആലാപങ്ങൾ പകർത്താം; എന്താണ് ഇനിയും താമസിക്കുന്നതു്?

ഉന്മത്തചരിതനായ കോകിലോത്തമ, നാദകാരിയായ മധുപ, മധുമാസത്തിന്റെ മുമ്പിൽ നടന്നുകൊണ്ടു നിങ്ങൾ എന്താണ് വിളിച്ചുപറയുന്നതു്. പ്രമോദത്തെ അന്വേഷിച്ചുപുറപ്പെട്ടിരിക്കുന്ന ഉദ്യാനമാരുത, ചാഞ്ചാടുന്ന വെള്ളിയിലകളിൽ കിക്കിളിയിട്ടോടുന്ന ചന്ദ്രികേ, ഈ മലർമെത്തയിൽനിന്നു സൗരഭ്യം കവർന്നുകൊണ്ടുപോയി എന്റെ കാമലേഖമായി ഓമനയ്ക്കു കാഴ്ചവച്ചു വഴിതെളിക്കൂ.

നാഥേ, ഭവതിയെക്കൂടാതെ ജീവിതം എനിക്കെത്ര അപൂർണ്ണമാണ്, അസഹ്യമാണ്?

ആരുടെ സാന്നിധ്യത്തിനുവേണ്ടി ഞാൻ ഉറക്കമിളച്ചു കാത്തിരിക്കുന്നു, ആരുടെ ഗാഢാശ്ലേഷത്തിനുവേണ്ടി നിത്യാരാധനനടത്തുന്ന എന്റെ ചേതന തുടിക്കുന്നു, ആരുടെ കൺകോണുകൾ എന്റെ ശ്വാസധാരയെ ലോലംതുള്ളിക്കുന്നു, അവൾ, ആ ഭുവനമോഹിനി, എന്റെ പ്രേമചൈതന്യം, എഴുന്നെള്ളുവാൻ താമസിക്കുന്നതെന്താണ്?

വിശാഖതാരക മടങ്ങി; കൈരവങ്ങൾ മുഖങ്ങൾ പൂട്ടി; കുക്കുടപ്പാറാവുകാർ ശംഖമൂതിക്കഴിഞ്ഞു; കാമിനിമാർ കരവലയങ്ങളിൽനിന്നു വിമുക്തകളായിത്തുടങ്ങി; ഗ്രാമാന്തരത്തിൽ ആളനക്കങ്ങൾ ഉണ്ടാകുന്നു; കോടക്കാററു വീശിത്തുടങ്ങി; ഇടയന്മാർ ഉണർന്നുവായി. റാണി! രഹസ്യസല്ലാപത്തിനു നീ അമാന്തിക്കുന്നതെന്താണു"?

ii

യാതൊന്നിനുവേണ്ടി, ഭൗതികസൗഖ്യങ്ങൾപോലും ഉപേക്ഷിച്ച ദേവതയുടെ മുൾക്കിരീടം ഞാൻ തലയിൽ ചൂടാൻ കാത്തിരിക്കുന്നുവോ, നിദ്രയുടെ മൃദുസ്വീകരണങ്ങൾ തിരസ്കരിച്ച് ദീപനാളത്തിനുമുമ്പിൽ വിരഹവേദനയോടെ ഏകാഗ്രനായി ഞാൻ കാത്തിരിക്കുന്നുവോ, "അലസൻ" എന്ന പരപരിഹാസങ്ങളേറ്റ് അവിടത്തെ പൊൽക്കിനാവുകളെ ഞാൻ സഹർഷം സ്വാഗതമരുളുന്നുവോ, എന്നെ നിത്യതയിലേയ്ക്കു നയിക്കുന്ന നിർവ്വാണദമായ അവിടത്തെ ആ നറുംചുംബനം!! ഹാ ദേവീ! അതുമായി എന്റെ അരികിലേയ്ക്കു "അണയാത്തതെന്താണു"? അതു് എന്റെ കണ്ണിനു കാഴ്ചയും ചെവിക്കു കേൾവിയും ഹൃദയത്തിനു തണുപ്പും സമ്മാനിക്കും. എന്നാൽ ഞാൻ മേഘങ്ങളുമായി സംസാരിക്കാം; പക്ഷികളുമൊത്തു പാടാം; പ്രാചീപ്രതീചികളിൽ വെളിച്ചത്തേക്കാൾ വേഗത്തിൽ സഞ്ചരിക്കാം.

കാളിദാസനു കണ്വന്റെ പുണ്യാശ്രമവൃത്താന്തങ്ങളും വാല്മീകിക്കു രാമകഥയും ഉപദേശിച്ച വികാരപരവശേ! പൂന്താനത്തിന്റെ ഇന്ദീവരകുസുമങ്ങളേ! ചെറുശ്ശേരിയുടെ ഇളംതളിരുകളേ! 'ഇന്ദു'തിരഞ്ഞു കൊണ്ടു് ആ മൈനാകിമി പൊഴിച്ച മുന്തിരിപ്പഴങ്ങളേ! ദേവിയുടെ നാമത്തിൽ ഞാൻ നിങ്ങളെ സാഷ്ടാംഗം നമസ്കരിച്ചുകൊള്ളട്ടെ.

iii

മംഗളരൂപിണീ, അവിടത്തെ പൊൽപ്പാദനാദവും പുഞ്ചിരിയും നിന്നുപോയാൽ ലോകം ഉറങ്ങിപ്പോകും; അതു പിന്നെ ഉണരുകയില്ല. ഇനി എന്റെ കരവലയങ്ങളിൽനിന്നു ഭവതി അകന്നുപോകരുതു്. ഈ പരിലാളനംകൊണ്ടു് എന്റെ ചേതനപുഷ്പങ്ങളോടും രാഗിണികളോടും ചേർന്നു് ഉല്ലസിച്ചുകൊള്ളും. എങ്കിൽ ഞാൻ പൊലിഞ്ഞുപോകാത്ത ഒരു പ്രഭാതനക്ഷത്രമായി പ്രകാശിച്ചുകൊള്ളാം.

# ഭാഗവതരുടെ ഭാഗധേയം.

## ഒരു ഏകാങ്കനാടകം.

(പ്രൊഫസർ പി. ശങ്കരൻനമ്പ്യാർ അവർകൾ, എം. എ.)

[കഥാസാരം: ഗായകശിഖാമണിയായ ചിരഞ്ജീവി കുപ്പുസ്വാമിഭാഗവതരുടെ ധർമ്മപത്നി സൌഭാഗ്യവതി കാന്തമ്മാൾ മരണശേഷം പരലോകത്തെത്തുന്നു. ദുഃഖസന്തപ്തനിമഗ്നനായ ഭർത്താവ് അവളെ വീണ്ടെടുക്കുവാനായി അവിടേക്കു ചെല്ലുന്നു. തന്റെ സംഗീതകലാവിലാസംകൊണ്ടു സകലചരാചരങ്ങളേയും ഭ്രമിപ്പിച്ചു കൊണ്ടിരുന്നതിൽ സമർത്ഥനായ ഭാഗവതർ യാതൊരു തടസ്സവുംകൂടാതെ പ്രേതലോകചക്രവർത്തിയുടെ സന്നിധിയിലേക്കു നയിക്കപ്പെടുന്നു. പാട്ടിന്റെ ശക്തികൊണ്ട് ഭാഗവതർ ഭാര്യയെ വീണ്ടെടുക്കുകയും ചെയ്യുന്നു.]

## കഥാപാത്രങ്ങൾ.

പ്രേതലോകചക്രവർത്തി.
ടിയാന്റെ പട്ടമഹിഷി.
ഗായകശിഖാമണി കുപ്പുസ്വാമിഭാഗവതർ.
ടിയാന്റെ ധർമ്മപത്നി കാന്തമ്മാൾ.
പ്രേതലോകത്തിലെ ശിപായി.
ഏതാനും പ്രേതങ്ങൾ.

## രംഗം.

പ്രേതലോകം.

{ഭൃത്യപരിചാരകന്മാരോടുകൂടി പട്ടമഹിഷിയോന്നിച്ചു പ്രേതലോകചക്രവർത്തി പ്രവേശിക്കുന്നു. അട്ടഹാസത്തിന് അവർ ഒരു പാത്രത്തിൽ മദ്യം ഒഴിച്ചുകൊടുക്കുന്നു. ആളുകൾ അകത്തെ കടിച്ചു ചവിട്ടിത്തുള്ളിനടിച്ചു തലയാട്ടിക്കൊണ്ടു പറയുന്നു.}

ചക്രവർത്തി:—ഇന്നെന്തോ വല്ലാത്ത ഒരു മന്ദത തോന്നുന്നു. പ്രിയതമേ! ഈ പാത്രം ഒരിക്കൽകൂടി നിറയ്ക്കൂ.

(വീണ്ടും പാത്രം തിരിയുന്നു—കമിഴ്ത്തു ഇപ്പുറത്തായി എഴുന്നേറ്റുകൊണ്ട്, [illegible])

ആരവിടെ?

(തൊപ്പി ചരിച്ചുകൊണ്ട് ശിപായി പ്രവേശിക്കുന്നു.)

ശിപായി:—ഏറാൻ! അടിയൻ!

ചക്രവർത്തി:—നീ എന്തിനെടാ ഇപ്പോഴും ഇവിടെ ചാടി വീണതു്? പുതിയ ഏതെങ്കിലും സത്വത്തെ നീ ഇങ്ങോട്ടു കെട്ടിയെടുത്തിട്ടുണ്ടോ—ടാ?

ശിപായി:—ഏറാൻ! ഒരു നല്ല പണ്ടം!

ചക്രവർത്തി:—എന്തു പണ്ടമാണെടാ അതു്? ആണോ പെണ്ണോ പറ!

ശിപായി:—ഏറാൻ! പെണ്ണെന്നാണ് അടിയന്റെ പഴംപുത്തിയിൽ തോന്നിയതു, സ്വാമീ! പക്ഷെ, ഇക്കാലത്തു് ഇങ്ങോട്ടു കെട്ടിയെടുക്കുന്ന വസ്തുക്കളുടെ കൂട്ടത്തിൽ ആണിനെയും പെണ്ണിനെയും തിരിച്ചറിയുവാൻ അടിയനാലാവുന്നില്ല, സ്വാമീ! കാഴ്ചയ്ക്കു രണ്ടും ഒരു പോലെയിരിക്കുന്നു!

ചക്രവർത്തി:—ആട്ടെ, മൂഢാ! എന്തായാലും നീ വേഗംപോയി ആ സത്വത്തെ ഇങ്ങോട്ടെഴുന്നള്ളിക്കെടാ! പോ!

ശിപായി:—കല്പനപോലെ, സ്വാമീ! (പോയി)

ചക്രവർത്തി—പ്രിയതമേ! ഭവതി കേട്ടില്ലേ ഇന്നത്തെ മനുഷ്യലോകത്തിലെ ഗതിവിശേഷം? നമ്മുടെ ഈ അധോലോകത്തിന്റെ മാഹാത്മ്യമാണ് ഇന്നവിടെമുഴുവൻ നിഴലിച്ചുകാണുന്നതു് എന്നുള്ളതിന് ഒരു തെളിവുകൂടിയായില്ലേ?

പട്ടമഹിഷി:—സംശയമുണ്ടോ? ഭവാന്റെ ആശയങ്ങളും ആദർശങ്ങളും തന്നെയല്ലേ ഇന്ന മനുഷ്യസമുദായത്തെ നയിക്കുന്നതു്? അവിടുത്തെ മതം സർവ്വത്ര പ്രചരിക്കട്ടെ! നമ്മുടെ ശക്തി ജയിക്കട്ടെ!

പ്രേതങ്ങളെല്ലാംകൂടി:—നരകസാമ്രാട്ടകീ ജെ! അധോലോകചക്രവർത്തികീ ജെ!

{ കാതൻമാരുമൊത്തു കൂട്ടിക്കൊണ്ടു ശിപായി പ്രവേശിക്കുന്നു.
പ്രേതങ്ങൾ പരിഭ്രമത്തോടെ വഴിമാറിക്കൊടുക്കുന്നു. }

ശിപായി:—മാറേപ്പോ! മാറേപ്പോ! മാറേ! മാറേ! ഇതിലേ വന്നോളേ! ഇതിലേ! ഇതിലേ!

കാന്തമ്മാൾ:—(പുറവും, മേലും കീഴും നോക്കീട്ട് ആത്മഗതം) ആഹാ! ഇതാണോ പ്രേതലോകം! ഇതെത്ര ഭയങ്കരമായിരിക്കുന്നു! ഇനിമേൽ ഇയ്യുള്ളവൾ ഈ ഇരുട്ടുകുഴിയിൽത്തന്നെ കഴിച്ചുകൂട്ടേണമെന്നോ! ഇല്ല! അതു വേണ്ടിവരില്ല! എന്റെ പ്രാണനാഥാ! ഗായകശിഖാമണേ! അങ്ങുന്ന് ഉടനേവന്ന് എന്നെ രക്ഷിക്കാതിരിക്കുമോ? എന്റെ മോചനത്തിനുള്ള സാധനം അങ്ങയുടെ കൈവശമുണ്ടല്ലോ! സംഗീതക്കയിലേ! അങ്ങുന്നു തംബുരു മീട്ടി ഗാനാലാപം തുടങ്ങിയാൽ ഈ അന്ധകാരചക്രവർത്തി അതിൽ മയങ്ങാതിരിക്കുകയില്ല; നിശ്ചയമാണ്! എത്ര കല്ലുകരടു കാഞ്ഞിരക്കുറ്റിയും, മുള്ളുമുരടു മൂർഖപ്പാമ്പും അങ്ങയുടെ പാട്ടിൽ ദ്രവിക്കാറുണ്ടല്ലോ!

ചക്രവർത്തി:—ദേവി! ഭവതി ആരാണ്? പേരെന്താണ്?

കാന്തമ്മാൾ:—ഈവക ചോദ്യങ്ങൾ എനിക്കു പണ്ടേതന്നെ വലിയ ദേഷ്യമാണ്. എങ്കിലും അതിഥിയുടെ പേർ ആതിഥേയൻ അറിയേണ്ടതാണല്ലോ. ആ ഒരു മര്യാദയോർത്തുമാത്രം പറയാം— (പാട്ടു)



കാന്തമിരുമ്പിനെയെന്നപോൽ നിത്യവും
കാന്തന്റെ ചിത്തത്തെയാകർഷിച്ച്
താന്തമാക്കീടുവാൻ ശക്തിയുണ്ടാകയാൽ
കാന്തമ്മാളെന്നെന്റെ പേരാകുന്നു.
കാന്തമാർക്കാദർശമാകുന്നതുകൊണ്ടും
കാന്തമ്മാളെന്നെന്റെ പേരാകുന്നു.
കാന്തമാം രൂപവുമായതിൻ മൂലമായ്
കാന്ത............ ..................

ചക്രവർത്തി:—ഛീ! ഛീ! മതി! മതി! നിർത്തു! ഇവിടെനിന്നു കടന്നു പോകാമോ ദയവുചെയ്തു്? വേണമെങ്കിൽ ഭൂലോകത്തിലേയ്ക്കു തന്നെ .......................... ...

കാന്തമ്മാൾ:—ഹേയ്-അങ്ങനെയൊന്നും വേണ്ടാ! അപമാനിക്കേണ്ടാ! മര്യാദയ്ക്കു് ഇവിടെനിന്ന് എന്നെ വീണ്ടെടുക്കുവാൻ ആളുണ്ടാകുമോ എന്നു ഞാനൊന്നു നോക്കട്ടെ!

ചക്രവർത്തി:—(ആത്മഗതം)—ഇവൾ മഹാദുർഗ്ഗതിക്കാരിയാണെന്നു തോന്നുന്നല്ലോ. (പ്രകാശം)— ഹേയ്! കാന്തമ്മാളേ! ഭവതിക്കു മതിയേ

ക്കാളധികം കൊതിയാണല്ലൊ മികച്ചുനില്ക്കുന്നതു്! ഇവിടെനിന്നു തിരികെപ്പോകയോ! നല്ല ശിക്ഷ! ധൈര്യക്കാരി! നിനക്കു കണ്ണു കാണില്ലേ? വായിക്കാനറിയില്ലേ? കണ്ടില്ലേ നീ ഇങ്ങോട്ടു കടന്നു വരുന്നോരം ഗോപുരദ്വാരത്തിൽത്തന്നെ കല്ലിന്മേൽ കൊത്തിയിട്ടിരിക്കുന്നതു്?

ഒരിക്കലിങ്ങോട്ടു കടന്നുവന്നാൽ
തിരിച്ചുപോകാനൊരുവന്നുമാകാ!

എന്തു്! വെറുതെ മോഹിക്കേണ്ടാ! ഇവിടെത്തന്നെ സുഖമായി കഴിച്ചുകൂട്ടുവാനുള്ള വഴികളും നോക്കിക്കൊള്ളുകയാണു് നല്ലതു്! ഇഷ്ടവും ആശയും മററും കെട്ടിവെച്ചു് ഇവിടെ അടങ്ങിയൊതുങ്ങി ഇരുന്നുകൊള്ളുക! അതാണുത്തമം! (ചക്രവർത്തിനിയോടു്) പ്രിയേ! ഇവളെ കൂട്ടിക്കൊണ്ടുപോയി സ്ഥാനത്താക്കൂ!

കാന്തമ്മാൾ:—വരട്ടെ! വരട്ടെ! ധൃതിപ്പെടാൻ വരട്ടെ! കേൾക്കുവിൻ!

(പാടുന്നു)

ഇല്ലെനിക്കിച്ചിക്കിലേറെനാൾ താമസം
മെല്ലെന്നു വിട്ടുപോം നിങ്ങളെ ഞാൻ
വല്ലഭൻ തന്റെയാ നല്ലാത പാട്ടിനാൽ
കില്ലില്ല മോചനം കൈവരും മേ.

ചക്രവർത്തി:—നിൽക്കു! നില്ക്കു! മതി! മതി! ആരവിടെ! ഇവളെ കൊണ്ടുപോയി വേണ്ടതാവശ്യം ചെയ്യുവിൻ! ചങ്ങലകളും പൂട്ടുകളും ധാരാളം എടുത്തുകൊള്ളുവിൻ! ഇവളെ പതിവിലധികം ഭദ്രമായി സൂക്ഷിക്കുവിൻ!

ചക്രവർത്തിനി:—ഇവൾ സാമാന്യക്കാരിയല്ലെന്നു തോന്നുന്നു. ആകട്ടെ, ഇവളെ ഞാൻതന്നെ കൂട്ടിക്കൊണ്ടുപോയി വേണ്ടതു ചെയ്തുകൊള്ളാം.

(കാന്തമ്മാളെ കൂട്ടിക്കൊണ്ടു പോകുന്നു.)

{ ഈ സന്ദർഭത്തിൽ പുറമെനിന്നും ഒരു ഗാനം കേട്ടുതുടങ്ങുന്നു. ചക്രവർത്തിയും ഭൃത്യന്മാരും നടുങ്ങുന്നു, പതറുന്നു. ഗാനം അടുത്തടുത്തു കേൾക്കയിലായതോടും അവരെ പരിഭ്രമച്ചുഴിയിൽ വീഴിക്കുന്നു. ചക്രവർത്തിക്കു തലവേദനയും ക്ഷീണവും ഒരു പരവശതയും തോന്നുന്നു. ഭൃത്യന്മാർ പരിചാരകന്മാരും കാലുഴിയുന്നു. പലതരം ശുശ്രൂഷകൾ കാട്ടി ആശ്വസിപ്പിക്കുകയും ചെയ്യുന്നു. ഗാനം തുടരുന്നു. }

ചക്രവൎത്തി:—ആരവിടേ! ആ ശബ്ദം നിൎത്തുവാൻ ആരുമില്ലെന്നായോ!

(ചെവിപൊത്തീട്ടും, അസഹ്യതനടിച്ചും)

അയ്യോ! അരുതേ! അരുതേ! ദയവുചെയ്തു് ആ ശബ്ദം നിൎത്തണേ! ദയവു്, ദയവു്!

(പാട്ടു തുടരുന്നു)

ഉവ്വോ! ആ ശബ്ദം നിൎത്താനല്ലേ പറഞ്ഞതു്! ശബ്ദിക്കുമോ ഇനി അവിടേ! ഉവ്വോ! ങ്ഹാ!

(പുറത്തുനിന്നൊരു ശബ്ദം)

ഉവ്വ്! ഞാൻ പാടും! എനിക്കു പാടാതെ നിവൃത്തിയില്ല! ഞാൻ പാടുകതന്നെ ചെയ്യും!

(വീണ്ടും പാട്ടു തുടരുന്നു)

ചക്രവൎത്തി:—അരുതേ! മതി! നിൎത്തു! അയ്യോ! നിൎത്തു! നിൎത്തു! ഇവിടത്തെ പ്രശാന്തതയെ ഭഞ്ജിക്കാതിരിക്കണേ! മതി! മതി!

{ തംബുരുമീട്ടി പാടിയുംകൊണ്ടു സമൃദ്ധിതയായിമോ ടികാരോടുകൂടി മുപ്പട്ടുഭാഗവതർ പ്രവേശിക്കുന്നു. }

ചക്രവൎത്തി:—പോവൂഹേ, അവിടുന്നുകടന്നു്!

ഭാഗവതർ:—ഇല്ലാ, ഞാൻ പോവില്ലാ!

ചക്രവൎത്തി:—പോവില്ലേ! പോവാനല്ലേ പറഞ്ഞതു്! പോ! പുറത്തു പോ! പോയില്ലെങ്കിൽ നിന്നെ കഴുത്തുപിടിച്ചു തള്ളിപ്പുറത്താക്കും!

ഭാഗവതർ:—ഉവ്വോ? എന്നാലതൊന്നു കാണട്ടെ. ഞാൻ പോവാൻ ഭാവിച്ചിട്ടില്ലാ! (പാട്ടു തുടരുന്നു)

ചക്രവൎത്തി:—(സ്വരം താഴ്ത്തിക്കൊണ്ടു്) ദയവുചെയ്തു് ഒന്നു കടന്നുപോയാൽ കൊള്ളാം! ഇതാ! ഇതുപിടിച്ചോളൂ! (ഒരു നാണ്യം കാട്ടുന്നു)

ഭാഗവതർ:—എന്തു്! ഇതാൎക്കുവേണം?

ചക്രവൎത്തി:—പോരെങ്കിൽ ഇതാ! ഇതുംകൂടി എടുത്തോളൂ. (ഒരു നാണ്യംകൂടി കാട്ടുന്നു) ഇനിയെങ്കിലും ജോലിനോക്കി പോകാമോ? ദയവുചെയ്തു ശബ്ദിക്കാതെ പോണം!

ഭാഗവതർ:—ഇതുകൊണ്ടൊന്നും ഞാൻ ഒഴിഞ്ഞുപോവില്ലാ. എന്റെ പ്രാണപ്രേയസിയായ കാന്തമ്മാളെയല്ലാതെ മറെറന്തുതന്നെ തരാമെന്നു പറഞ്ഞാലും ഞാൻ പോവില്ല; നിശ്ചയം.

ചക്രവൎത്തി:— ആരെടോ താൻ? പ്രേതലോകചക്രവൎത്തിക്കു തലവേദന പിടിപ്പിക്കുന്ന ശബ്ദവും പുറപ്പെടുവിച്ചുകൊണ്ടു വലിഞ്ഞുകേറുന്ന താൻ ആരെടോ?

ഭാഗവതർ:—ഞാനോ? ഞാൻ സാക്ഷാൽ ശ്രീകൃഷ്ണഭാഗവതർ! ഗായകശിഖാമണി! പാട്ടുകച്ചേരികളിലെ ആരാധനാമൂൎത്തി! കേട്ടിട്ടില്ലേ?

(വിസ്തരിച്ചു പാടുവാൻതുടങ്ങുന്നു.)

{ചക്രവൎത്തി ചെവിപൊത്തി തലവേദന നടിച്ചു് അസഹ്യതാവേശത്തിൽ മറയുന്നു. പിന്നാലെ അനുചരന്മാരിരിട്ടു പാട്ടുപാടിക്കൊണ്ടു ഭാഗവതരും വിടാതെ കൂടുന്നു}

ചക്രവൎത്തി:—ഹാ, മനുഷ്യ! നിൎത്തു, നിൎത്തു! നമുക്കു സമാധാനമാകാം. അങ്ങേയ്ക്കു് എന്തുതന്നാലാണു് ഈ പീഡനം നിൎത്താമെന്നു പറഞ്ഞു്?

ഭാഗവതർ:—എനിക്കെന്റെ ഭാൎയ്യയെ തരണം!

ചക്രവൎത്തി:—അതു നടക്കാത്ത കാൎയ്യമാണു്. വേറെ എന്തുവേണമെങ്കിലും ചോദിച്ചോളൂ. അതുമാത്രം ചോദിക്കരുതു്.

ഭാഗവതർ:—അതുമാത്രമേ എനിക്കു ചോദിക്കുവാനുള്ളൂ. മറ്റൊന്നും എനിക്കു വേണ്ടാ. അതു ഞാനെങ്ങനെ ചോദിക്കാതിരിക്കും?

(പാട്ടു തുടങ്ങുന്നു)

ഒന്നുകിലെന്നുടെ കാന്തയാളെ
തന്നിട്ടു ശാന്തനായ് വാണുകൊൾക!
അല്ലെങ്കിൽ, ഞാനിതാ പാട്ടുപാടും!
നില്ലുന്ന നേരമോട്ടു ചൊല്ലുന്നതാരും!

ചക്രവൎത്തി:—ഇവിടെ ഒരിക്കൽ വന്നുചേൎന്ന ആളെ പിന്നീടു വിടുവാൻ പാടില്ല. അതു നിയമവിരുദ്ധമാണു്. അതുകൊണ്ടു കാന്തയാളെ തിരിച്ചുതരുവാൻ നിവൃത്തിയില്ല!

ഭാഗവതർ:—ഇല്ലേ? എന്നാൽ ഞാൻ നോക്കട്ടെ. പാട്ടുപാടട്ടെ. രാഗം, സ്വരം, താനം, പല്ലവി എന്നിവയെല്ലാം വിസ്തരിച്ചു പാടട്ടെ. കേട്ടോളൂ! (പാടുന്നു)

ചക്രവൎത്തി:—(ഷോക്കടിച്ചവൻ തീയിലെരിയുന്നതുപോലെ നടിച്ചിട്ട്) വേണ്ടാ, വേണ്ടാ, മതി, നിൎത്തു! ആ പരപീഡനായന്ത്രത്തിന്മേലുള്ള പ്രയോഗം ഉടനെ നിൎത്തു! ഞാൻ തോറ്റുപോയി; സമ്മതിച്ചു; പോരേ?

ഇതിനുമുമ്പ് ഒരിക്കലും കുമ്പിടാത്ത എന്റെ ശിരസ്സ് ഇതാ ഇപ്പോൾ ആദ്യമായി കുനിഞ്ഞിരിക്കുന്നു!

ഭാഗവതർ:—നല്ലകാര്യം! അങ്ങനെ പറയൂ! അങ്ങയുടെ ഈ നിലയെ അഭിനന്ദിച്ചുകൊണ്ട് ഇതാ ഞാൻ ഒരു നല്ലപാട്ടു പാടിയേക്കാം.

(പാടുവാൻതുടങ്ങുന്നു.)

ചക്രവർത്തി:—വേണ്ടാ, വേണ്ടാ—ഞാനിതാ കീഴടങ്ങിക്കഴിഞ്ഞു! എന്തു വേണമെന്നു പറയുക!

ഭാഗവതർ:—നല്ലകാര്യം! നല്ലകാര്യം! ശരി! ശരി! മഹാനുഭാവാ! അന്ധകാരസാമ്രാജ്യാധിപതേ! പ്രേതലോകചക്രവർത്തിൻ! ഭവാൻ ജയിച്ചാലും, ജയിച്ചാലും! ഇയ്യുള്ളവനു താഴ്മയായ ഒരൊററ അഭിപ്രായമേ ഉള്ളു. ഒരഭിപ്രായം! എന്റെ ധർമ്മദാരങ്ങളെ ഇങ്ങോട്ടു വിട്ടുതരുവാൻ ദയയുണ്ടാകണം!

ചക്രവർത്തി:—അങ്ങനെയാകട്ടെ; അങ്ങയുടെ ഭാര്യയെ കൊണ്ടുപൊയ്ക്കൊള്ളുക! വേണമെങ്കിൽ എന്റെ ഭാര്യയെക്കൂടി തന്നേയ്ക്കാം! ഉപദ്രവിക്കാതെ ഇവിടെനിന്നു കടന്നുപോയെച്ചാൽ മതി! എന്തുവേണമെങ്കിലും തരാം! ഈ "ന്യൂസൻസി"ൽനിന്നു രക്ഷകിട്ടുമോ?

ഭാഗവതർ:—നല്ലകാര്യം! എന്നാൽ വേഗമാകട്ടെ-ഇല്ലെങ്കിൽ ഞാൻ....

ചക്രവർത്തി:—രാഗാലാപം തുടരും, അല്ലേ? വേണ്ടാ, വേണ്ടാ. അവളെ ഇപ്പോൾത്തന്നെ വരുത്തിയേക്കാം!

{ചക്രവർത്തി അകത്തേയ്ക്കു പോയി, കാന്തമാരെ കൂട്ടിക്കൊണ്ടുവരുന്നു. അതിനിടയ്ക്കു ഭാഗവതർ സംഗീതമാഹാത്മ്യത്തെക്കുറിച്ചൊരു പാട്ടുപാടുന്നു.}

ചക്രവർത്തി:—എടോ മനുഷ്യാ! തന്റെ ആ ശബ്ദം ഇനിയും നിർത്താറായില്ലേ?

ഭാഗവതർ:—എന്നാൽ എനിക്കെന്റെ ഭാര്യയെ തരൂ! അവളെവിടെ?

ചക്രവർത്തി:—ഇതാ തന്റെ ഭാണ്ഡം! വേഗം കൊണ്ടുപൊയ്ക്കൊള്ളുക!

ഭാഗവതർ (കാന്തമാരോട്):—ഹാ! ഇതാരാണ്! എന്റെ പ്രിയതമയോ? ഓമനേ! പ്രേമഭാജനമേ! കണ്ണേ!

കാന്തമാർ:—പ്രാണനായകാ! ജീവരക്ഷകാ! ദിവ്യഗായകാ! മോക്ഷദായകാ! എന്നെ കൊണ്ടുപോകുവാൻതന്നെയാണോ അങ്ങു വന്നിരിക്കുന്നത്?

ഭാഗവതർ:—സംശയമെന്തു? പ്രാണവല്ലഭേ! ഉടനെ പുറപ്പെടണം. ഒട്ടും വൈകിക്കേണ്ടാ. വേഗം കെട്ടുകെട്ടുക.

ചക്രവർത്തി:—വേഗം കെട്ടിയെടുക്കുക ഇവിടുന്ന്! ഉം!

ഭാഗവതർ:—ഉദാരബുദ്ധേ! രാജാധിരാജ! ഇവളെ ഞാൻ കൊണ്ടുപോയ്ക്കൊള്ളട്ടെയോ? ഇനി താമസിക്കേണമോ?

ചക്രവർത്തി:—വേണ്ടാ, വേണ്ടാ-കാപ്പികുടിക്കുവാൻപോലും നില്ക്കേണ്ടാ! ഇവൾ ഒരു വിഷമപ്രശ്നമാണ്! ഒരു വിഷക്കടുക്ക! വേഗം മറ്റെവിടെയെങ്കിലും കടത്തിയാൽ നന്ന്! നില്ക്കേണ്ടാ. വേഗം പോവിൻ! ജല്ദീ ജാവ്!

ഭാഗവതർ:—അപ്പോൾ—ഒരഭിപ്രായം!—ഉദാരശിരോമണേ! അപകടമൊന്നുംകൂടാതെ ഞങ്ങളെ ഈ രാജ്യത്തിൽനിന്ന മറുകരയ്ക്കു കടത്തിക്കൊണ്ടുപോകാമോ?—

ചക്രവർത്തി:—അപകടമൊന്നും ഇവിടെയല്ലാ, തന്റെ നടവടിയിലാണ്! വിഷമക്കാരാ! വേഗം കടന്നുപോകാനല്ലേ പറഞ്ഞതു്! പോ! പോ! പോ!

ഭാഗവതർ:—ഇതാണോ ഭാവം? എന്നാൽ കണ്ടുകൊൾക!

(അന്ത്യതീർപ്പു ചൊല്ലിത്തുടങ്ങുന്നു)

ചക്രവർത്തി:—വേണ്ടാ, വേണ്ടാ! നിർത്തൂ! അതൊന്നിനും സഹിക്കവയ്യെന്നു പറഞ്ഞില്ലേ? സമാധാനത്തിനുവേണ്ടി എന്തും ചെയ്യാം. ആരവിടെ?

ശിപായി (പ്രവേശിച്ചു തൊഴുതുകൊണ്ട്):—സ്വാമീ!

ചക്രവർത്തി:—ഈ കൈക്രൂതിക്കാരൻ, ഗർദ്ദഭസ്വരക്കാരൻ, ഭിത്തിപൊളിയൻ ഭാഗവതരെ അയാളുടെ ഭാണ്ഡത്തോടുകൂടി, ഭൂമിയിലെങ്ങു തിരിച്ചു കൊണ്ടുചെന്നാക്കൂ! നല്ല കൂലി തന്നേയ്ക്കാം!

ശിപായി:—സ്വാമീ! മടക്കസ്സാമാനങ്ങൾക്ക് ഇരട്ടിക്കൂലിയാണേ!

ചക്രവർത്തി:—ആട്ടേ! ശരി! തന്നേയ്ക്കാം! ഈ ഉപദ്രവികൾ ഇവിടെനിന്ന പോയാൽ മതി!

ഭാഗവതർ:—പ്രിയതമേ! നമുക്കുപോകാം, വരൂ! മോചനംകിട്ടിയെന്നു തോന്നുന്നു.

ചക്രവൎത്തി:—നില്ക്കിൻ! നില്ക്കിൻ! എന്റെ പട്ടമഹിഷിയോടു യാത്ര പറയാനും ഭാവമില്ലേ? വേണ്ടാ! എടോ, ഭാഗവതരേ! തനിക്കു തന്റെ ഭാണ്ഡം തിരികെകിട്ടിയ പരമാനന്ദമാണല്ലേ? വിട്ടു വിട്ടൂ! ഇതു വേണ്ടിയിരുന്നില്ലെന്നു തനിക്കുതന്നെ കുറച്ചുകഴിഞ്ഞാൽ തോന്നും. അനുഭവിച്ചറിഞ്ഞുകൊള്ളുക! വിട്ടുപോയ ഭാൎയ്യയെ വീണ്ടെടുക്കുവാൻവേണ്ടി ചാകുന്ന പടുവങ്കനു പശ്ചാത്താപം ഫലം!

ഭാഗവതർ:—ആകട്ടെ! കൊള്ളാം! നല്ല കാൎയ്യം! സംഗീതാമൃതംകൊണ്ടു സാധിക്കാത്തതെന്തുണ്ട്? അതുതന്നെയല്ലയോ സാക്ഷാൽ ദേവലോകവാസികളുടെ ജരാനരകളെ പോക്കുന്ന ആ അമൃതം? ത്രൈലോക്യജീവികൾക്കു അമരത്വംനല്കുന്ന പീയൂഷയൂഷമേ! സംഗീതഘോഷമേ! സൎവ്വജനതോഷമേ! വെല്ലൂ! വെല്ലൂ!! (പാടുന്നു)

ദേഹികൾക്കു സുധാധാരാ-
വാഹിനി! ഗീതികാമിനി!
സൌഹിത്യം ജഗതാം ദേഹി!
സാഹിത്യസഹധൎമ്മിണി!

# മണ്ഡനമിശ്രന്റെ

# കേരളീയത്വം.

(പണ്ഡിതർ, ഇ. വി. രാമൻനമ്പൂതിരി അവർകൾ)

ഇന്നത്തെ സാഹിത്യവ്യവസായികളിൽ പലരും, അനൎഹമായ ഒരുതരം ദേശാഭിമാനം പുലൎത്തിപ്പോരുന്നതായും, പുകഴ്ത്തിപ്പാടുന്നതായും കാണുന്നു. അവരുടെ ദേശാഭിമാനത്തിന്റെ വിളയാട്ടം പലതരത്തിലാണ് പ്രത്യക്ഷീഭവിക്കുന്നതു്. കാളിദാസൻ കേരളത്തിൽ വന്നിട്ടുണ്ടെന്നു സ്ഥാപിപ്പാൻ ചിലർ യത്നിക്കുന്നു; ഭവഭൂതി കേരളത്തിൽ കഴിഞ്ഞുകൂടിയെന്നു വരുത്തുവാൻ വേറെചിലർ ബദ്ധപ്പെടുന്നു. സ്കന്ദസ്വാമി കേരളീയനായിരുന്നുവെന്നു് ആക്ഷിപ്തിക്കാൻ മററു ചിലരും ശ്രമിച്ചുനോക്കിയിരി

ക്കുന്നു. അതുപോലെതന്നെ, മണ്ഡനമിശ്രൻ കേരളീയനാണെന്നഭിമാനിപ്പാനും പിന്നെ ചിലർ ഉത്സാഹിച്ചിരിക്കുന്നു. ഒരാൾ എന്തെങ്കിലും ഒരു ബന്ധത്തിൽ ചാടിക്കൊണ്ടു്, എന്തെങ്കിലും ഒരു മനോധർമ്മം 'തട്ടിവിട്ടു'ക; മററുചിലർ അതേപടി അതേററുപാടിത്തുടങ്ങുകയും! തൊപ്പിട്ട ആളുകളെക്കണ്ടാൽ 'അള്ളാ' എന്നു വിളിക്കാൻതുടങ്ങുന്ന പൂശബലീപുത്രന്മാരുടെ നിലയാണു് ഇത്തരം ഗവേഷകവേഷക്കാർക്കിപ്പോളെന്നോ! എന്തായാലും അതു വേണമെന്നു തോന്നുന്നില്ല. മഹനീയന്മാരും മറക്കപ്പെട്ടാത്തവരുമായ അനവധി സൽപുത്രന്മാരെക്കൊണ്ടു തികച്ചും വീരസൂപദാർഹയായി സമുല്ലസിക്കുന്ന കേരളമാതാവിനു്, ആരാന്റെ കുട്ടികളെ തന്റേതെന്നഭിമാനിപ്പാനും, അതുകൊണ്ടുതന്നെ മേന്മവരുമെന്നു വ്യാമോഹിപ്പാനും ഇടവരുത്തുന്നതു വിഹിതമല്ലതന്നെ. ഗവേഷണവ്യവസായികൾ ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധവെയ്ക്കേണ്ടതാണു്.

മീമാംസകധുർധന്യനായ മണ്ഡനമിശ്രൻ കേരളീയനല്ലെന്നും, ശുദ്ധമേ ഉത്തരാഹനാണെന്നും ഉള്ളതു് അതിപ്രസിദ്ധമായ ഒരു വസ്തുതയാണു്. അദ്ദേഹത്തെ ഇപ്പോൾ ചിലർ കേരളീയനാക്കാൻ ശ്രമിക്കുന്നതിന്റെ സാധുത്വം ഒന്നു ചിന്തിച്ചുനോക്കാം. ഒരുകാലത്തു മീമാംസാപാണ്ഡിത്യത്തിനു പാരമ്പര്യപ്രസിദ്ധമായിരുന്ന പയ്യൂർഭട്ടതിരിപ്പാടു് (കുന്നംകുളത്തിനു സമീപമുള്ള പോർക്കളദേശത്തു്) ആണു് ഈ മണ്ഡനമിശ്രൻ എന്നാണു് ഈ ഗവേഷകന്മാർ പറഞ്ഞുകാണുന്നതു്. അങ്ങനെ കല്പിക്കുവാനുള്ള നിമിത്തമോ, വെറും ഭ്രമമാണുതാനും. മണ്ഡനമിശ്രന്റെ 'സ്ഫോടസിദ്ധി' എന്ന ഗ്രന്ഥത്തിനു പയ്യൂർ പരമേശ്വരൻ ഭട്ടതിരി നിർമ്മിച്ചിട്ടുള്ള 'ഗോപാലികാ'വ്യാഖ്യയുടെ ഒടുവിലുള്ളതായ,

> “മണ്ഡനാചാര്യകൃതയോ യേഷ്ടാതിസ്സന്ത കൃതസ്ഥാരേഃ
> തദ്വംശ്യേന മയാ വ്യാഖ്യാ രചിതാരാധ്യ ദേവതാഃ”

എന്നുള്ള പദ്യവും, * 'മീമാംസാസൂത്രാർത്ഥസംഗ്രഹ'മെന്ന കൃതിയിലുള്ള

> “മണ്ഡനവാചസ്പതീ ച വിജയേതാം”

എന്ന പദ്യപാദവുമാണു് ഈ വിഷയത്തിൽ ഗവേഷകന്മാരെ ഭ്രമിപ്പിച്ചുകാണുന്നതു്. 'മണ്ഡനാചാര്യ'—ഇത്യാദി പദ്യത്തിലെ 'തദ്വംശ്യേന' എന്ന ഭാഗത്തിനു്, മണ്ഡനാചാര്യന്റെ വംശത്തിൽ പിറന്നവനാൽ-

* നിർമ്മാതാവു് കാണാത പരമേശ്വരഭട്ടതിരി.

ധ്വനിക്കുന്ന അർത്ഥംപറഞ്ഞാണ് ഇവർ മണ്ഡനനെ പയ്യൂർഭട്ടതിരിയാക്കിയിരിക്കുന്നതും. ഈ കല്പന തീരെത്തെററാണെന്ന് അത്യല്പമായ വിചിന്തനംകൊണ്ടുതന്നെ സ്പഷ്ടമാക്കുവാൻകഴിയും. 'തദ്വംശ്യേന' എന്നതിലെ തച്ഛബ്ദത്തിന്, വാസ്തവത്തിൽ മണ്ഡനാചാര്യരോട് ഒരു സംബന്ധവുമില്ല; പിന്നെയോ, പൂർവ്വാർദ്ധത്തിലെ യച്ഛബ്ദത്തോടാണ് അതു സംബന്ധിക്കുന്നതും, സംബന്ധിക്കേണ്ടതും. യച്ഛബ്ദതച്ഛബ്ദങ്ങൾക്കുള്ള നിത്യസംബന്ധം പ്രസിദ്ധവും ശാസ്ത്രസിദ്ധവും ആണുതാനും. മണ്ഡനാചാര്യരുടെ കൃതികളെല്ലാം യാവർചിലർക്ക് ഉപസ്ഥിതങ്ങളായിരുന്നുവോ, അവരുടെ വംശത്തിൽ പിറന്നവനായ എന്നാലും, ദേവതാരാധനംചെയ്തിട്ട്, ഈ വ്യാഖ്യ നിർമ്മിക്കപ്പെട്ടു എന്നാണ് പദ്യത്തിന് അർത്ഥം. ഇതിലെ യച്ഛബ്ദം വ്യാഖ്യാതാവിന്റെ പൂർവ്വികന്മാരെ പരാമർശിക്കുന്നതും, തച്ഛബ്ദം അതിനോട് സംബന്ധിക്കേണ്ടതും ആണെന്ന് ഏററവും സ്പഷ്ടമല്ലയോ? അതുകൂടാതെ മണ്ഡനാചാര്യരോട് സംബന്ധിപ്പിക്കുവാൻ യാതൊരു ന്യായവുമില്ലെന്നുമാത്രമല്ല, അങ്ങനെ സംബന്ധിപ്പിക്കുന്നതു അസംബന്ധവും അനാവശ്യവും ആയിത്തീരുകയുംചെയ്യും. തച്ഛബ്ദം യച്ഛബ്ദത്തോട് സംബന്ധിപ്പിക്കാതിരുന്നാൽ, അതു (യച്ഛബ്ദം) നിരാധാരവും നിരുപപന്നവുമായിക്കിടക്കേണ്ടിവരുന്നതുമല്ലയോ? മീമാംസാപരമാചാര്യനായ മണ്ഡനന്റെ ഗ്രന്ഥങ്ങളിൽ നിഷ്ണാതന്മാരാണ് തന്റെ പൂർവ്വന്മാർ എന്നു പറഞ്ഞു, തനിക്കാവിഷയത്തിലുള്ള പരമ്പരാധികാരത്തെ സൂചിപ്പിക്കുകയും, എന്നാൽ താൻ ദേവതാരാധനംചെയ്ത് ഈ വ്യാഖ്യാനനിർമ്മാണശക്തി നേടിയതാണ് എന്നുപറഞ്ഞു വിനയം പ്രദർശിപ്പിക്കുകയും അല്ലയോ വ്യാഖ്യാതാവായ പരമേശ്വരൻഭട്ടതിരി ചെയ്തിരിക്കുന്നതു? ഈ പദ്യത്തിലെ 'അപി'ശബ്ദവും പ്രത്യേകം അർത്ഥവത്താണ്. തച്ഛബ്ദം യച്ഛബ്ദത്തോടുതന്നെ സംബന്ധിപ്പിക്കപ്പെടണമെന്ന് ഈ 'അപി'പ്രയോഗവും തെളിയിക്കുന്നുണ്ട്. വസ്തുത ഇങ്ങനെയിരിക്കെ, ഈ 'തദ്വംശ്യ'പ്രയോഗത്തെ അവലംബിച്ചുകൊണ്ട് മണ്ഡനൻ കേരളീയനാണെന്നും, പയ്യൂർഭട്ടതിരിയാണെന്നും കല്പിക്കാൻ പാടുള്ളതല്ല തന്നെ; അത്യന്യായ്യവുമാകും.

ഇനി, മുൻകാണിച്ച പദ്യപാഠത്തെപ്പററി ചിന്തിക്കാം. ആ പാഠം,

"മണ്ഡനവാചസ്പതീ ച വിജയന്താം"

എന്നുള്ളതാണല്ലോ. മണ്ഡനനും വാചസ്പതിയും വിജയിക്കട്ടെ എന്നാണ് അർത്ഥമെന്നുള്ളതിൽ സംശയവുമില്ല. അങ്ങനെ പറഞ്ഞതുകൊണ്ട്,

ആ പറഞ്ഞ ആളുടെ വംശത്തിൽപ്പെട്ട ആളാണു് മണ്ഡനൻ എന്നു് എങ്ങനെ സിദ്ധിക്കുന്നു? ഗ്രന്ഥകാരന്മാർ പലരും താന്താങ്ങൾ എഴുതുന്ന ഗ്രന്ഥങ്ങൾ ഏതേതുവിഷയങ്ങളെ അധികരിച്ചിട്ടുള്ളവയോ, അതതു വിഷയങ്ങളിൽ പ്രമാണഭൂതന്മാരായ ചിലരെ, ഗ്രന്ഥാരംഭത്തിലോ, ഗ്രന്ഥാവസാനത്തിലോ സ്മരിക്കുക എന്നുള്ളതു്, പ്രാചീനഗ്രന്ഥങ്ങളെ സംബന്ധിച്ചിടത്തോളം ഏററവും സാധാരണമായിട്ടുള്ളതാകുന്നു. ആ രീതിയിൽ, പ്രാമാണികന്മാരായ മണ്ഡനമിശ്രനേയും, വാചസ്പതിമിശ്രനേയും ഇവിടെയും സ്മരിച്ചിരിക്കുന്നുവെന്നല്ലാതെ കല്പിക്കുവാൻ യാതൊരു മാർഗ്ഗവുമില്ല. അല്ലെങ്കിൽ, പാണിനി, കാത്യായനൻ, പതഞ്ജലി, ഭർത്തൃഹരി തുടങ്ങിയവരെ ഇപ്രകാരം സ്മരിക്കയും വന്ദിക്കയും ചെയ്തിട്ടുള്ള വ്യാകരണവിഷയകഗ്രന്ഥങ്ങളുടെ കർത്താക്കളെല്ലാം, പാണിനിപ്രഭൃതികളുടെ വംശ്യരാണെന്നു കല്പിക്കേണ്ടിവരും. അങ്ങനെ ആർക്കും അഭിപ്രായമില്ലല്ലോ. പിന്നെ, ഈ കല്പനയെന്തിനു്?

ഇങ്ങനെ ഒരു കേരളീയമണ്ഡനനെ കല്പിക്കുവാൻവേണ്ടി, മണ്ഡനൻ ഒന്നിലധികമുണ്ടെന്നുള്ള കല്പനയും സ്വീകാര്യമല്ല. ഒരാൾതന്നെ പല ശാസ്ത്രങ്ങളിൽ ഗ്രന്ഥമെഴുതി എന്നതിൽ അസാംഗത്യമെന്താണു്? വിധിവിവേകാദിഗ്രന്ഥങ്ങളുടെ കർത്താവു്, വാചസ്പതിമിശ്രന്റെ പിതൃസ്ഥാനത്തുള്ള ആളല്ലെന്നു സിദ്ധമാണല്ലോ. വാചസ്പതിമിശ്രൻ എ: ഡി: 9 ാം നൂററാണ്ടിലും! വിധിവിവേകാദികർത്താവാണു് പയ്യൂർ ഭട്ടതിരിയായ മണ്ഡനൻ എന്നു പറയാനും ഭാവമുണ്ടു്. എ: ഡി: 9-ാം നൂററാണ്ടു്! ആയിരം കൊല്ലത്തിനുമുൻപു്! അന്നു പയ്യൂർകുടുംബമുണ്ടായിരുന്നതിനു തെളിവില്ല. പയ്യൂർകുടുംബങ്ങളുടെ (10 പയ്യൂരുണ്ടായിരുന്നു) ചരിത്രം വിചാരിച്ചാൽ ആ 9-ാംനൂററാണ്ടിൽ പയ്യൂർഭട്ടതിരിയുടെ കുടുംബമുണ്ടെന്നു തോന്നുക. പിന്നെയാവട്ടെ അവിടെ ഒരു മണ്ഡനനെ കൊണ്ടുവരാൻ!

മണ്ഡനനോ മാത്രമല്ല, വേറെയും പല ഔത്തരാഹപണ്ഡിതന്മാർക്കും കേരളീയരായിത്തീരേണ്ടിവന്നിട്ടുള്ളതു് ഇവിടെ സ്മരണീയമാണു്. അഭിപ്രായങ്ങളെ ശരിയായി ആലോചനചെയ്യാതിരുന്നാൽ വരുന്ന പിശകാണു് ഇതു്. ഇനിയും ഇങ്ങനെ പററാതിരിപ്പാൻ ഗവേഷകന്മാർ ശ്രദ്ധിച്ചാൽ കൊള്ളാം. പ്രാമാണികന്മാരായ മഹാന്മാർ നമുക്കു ധാരാളമുണ്ടല്ലോ. പിന്നെ എന്തിനു് ഇങ്ങനെ കണ്ടവരെ കടംകൊള്ളുന്നു എന്നു നാം ചിന്തിക്കേണ്ടതല്ലയോ?

# വിമർശനവീഥി.

ത്രൈമാസികത്തിൽ നിരൂപണംചെയ്തുകാണണമെന്നുദ്ദേശിക്കുന്ന പുസ്തകങ്ങളുടെ ഇരണ്ടു പ്രതി "വിദ്വാൻ, ഏ. ഡി. ഹരിശർമ്മ, എം. ആർ. ഏ. എസ്., സഹപത്രാധിപർ, ത്രൈമാസികം, ടി. ഡി. റോഡ്, എറണാകുളം" എന്ന മേൽവിലാസത്തിൽ അയച്ചുതരേണ്ടതാണ്. സ്ഥലസൗകര്യം അനുവദിക്കുന്നതനുസരിച്ച്, കഴിയുന്നതും വേഗത്തിൽ, പുസ്തകങ്ങൾ നിരൂപണം ചെയ്യുന്നതായിരിക്കും.

പത്രാധിപർ.

## കൈപ്പററി.

**1. ഉത്തരാസ്വയംവരം കഥകളി.**

വ്യാഖ്യാതാ:—ടി. കെ. കൃഷ്ണമേനോൻ ബി. ഏ., ഏസ്. ആർ. ബുക്ക്ഡിപ്പോ, തിരുവനന്തപുരം. വില 1 ക.

**2. The Dravidian Culture and its Diffusion.**

ഗ്രന്ഥകർത്താ:—ടി. കെ. കൃഷ്ണമേനോൻ ബി. ഏ., വിശ്വനാഥ പ്രസ്സ്, എറണാകുളം. വില 2 ക.

**3. Landmarks in Malayalam Literature.**

ഗ്രന്ഥകർത്താ:—ടി. കെ. കൃഷ്ണമേനോൻ ബി. ഏ., കൊച്ചി ഗവർമ്മെണ്ട് പ്രസ്സ്, എറണാകുളം. വില 8 ണ.

**4. ഏവറസ്റ്റാരോഹണം.**

ഗ്രന്ഥകർത്താ:—മാത്യു എം. കുഴിവേലി, ബി. ഏ., എൽ. റ്റി., ട്രെയിനിങ്ങ് സ്കൂൾ, പാലാ. വില 1 ക.

**5. ആധുനികകണ്ടുപിടിത്തങ്ങൾ.**

ഗ്രന്ഥകർത്താ:—മാത്യു എം. കുഴിവേലി, ബി. ഏ., എൽ. റ്റി., ട്രെയിനിങ്ങ് സ്കൂൾ, പാലാ. വില 9 ണ.

**6. വഞ്ചിനാടിന്റെ നവയുഗം.**

ഗ്രന്ഥകർത്താ:—വിദ്വാൻ എം. കെ. കൊച്ചുകൃഷ്ണപ്പണിക്കർ, സുവർണ്ണപ്രകാശ പ്രസ്സ്, കായംകുളം.

**7. ശ്രീകൃഷ്ണാഷ്ടശതകം.**

ഗ്രന്ഥകർത്താ:—എം. ഡി. സുബ്രഹ്മണ്യയ്യർ, നോർമൻ പ്രിന്റിങ്ങ് ബ്യൂറോ, കോഴിക്കോട്. വില 4 ണ.

**8. ഭാരതരമണി.**

ഗ്രന്ഥകർത്താ:—സി. ഗോവിന്ദക്കുറുപ്പ്, വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി. വില 14 ണ.

**9. വർത്തമാനപുസ്തകം.**

ഗ്രന്ഥകർത്താ:--പാറേമ്മാക്കിൽ ഗോവർണ്ണദോരച്ചൻ, സെന്റ് മേരീസ് പ്രസ്സ്, അതിരമ്പുഴ. വില 1 ക. 10 ണ.

**10. കാവ്യജീവിതവൃത്തി. Vol. I, II.**

ഗ്രന്ഥകർത്താ:—പി. കൃഷ്ണൻനായർ, ലെക്ചറർ, മദ്രാസ് യൂണിവേഴ്സിറ്റി. വില യഥാക്രമം 4 ക., 6 ക.

# അഭിപ്രായങ്ങൾ.

## I. ദ്രാവിഡസംസ്കാരവും അതിന്റെ പ്രചാരവും.

പുരാതനമായ പാരമ്പര്യത്തെ ഒന്നിന്റെ കൃതിയായ ഒരു ചരിത്രത്തിന് തൽ പ്രസാധകനും സംഗ്രഹകർത്താവുമായ ഡി. കെ. കൃഷ്ണസ്വാമി അയ്യർ എഴുതിച്ചേർത്തിരുന്ന സാരസമ്പൂർണ്ണമായ അവതാരിക വിപുലമാക്കി ഗ്രന്ഥരൂപത്തിൽ പ്രകാശിപ്പിച്ചിട്ടുള്ളതാണ് പ്രസ്തുതകൃതി. ഗ്രന്ഥകാരന്റെ ഈ ഉദ്യമം അവസരോചിതവും പ്രത്യേകം ശ്ലാഘനീയവുമാണ്. ദ്രാവിഡസംസ്കാരം വേണ്ടപോലെ ഇതുവരെ ചരിത്രകാരന്മാരുടെ ശ്രദ്ധയ്ക്കു വിഷയമായിട്ടില്ലെന്ന് ഓർക്കുമ്പോൾ, അതിന്റെ നാനാമുഖമായ മാഹാത്മ്യവും വൈപുല്യവും ശരിയായ രീതിയിൽ വെളിപ്പെടുത്തുന്നതിൽ ഗ്രന്ഥകാരൻ പ്രദർശിപ്പിച്ചിട്ടുള്ള സാമർത്ഥ്യവും ഔചിത്യബോധവും നിരൂപണപാടവവും പ്രത്യേകം ശ്ലാഘനീയമായിത്തീരുന്നു. ഇന്നുവരെ നടത്തിയിട്ടുള്ള ഗവേഷണങ്ങളുടെ ഫലങ്ങളെ ഈ കൃതിയിൽ സമാഹരിച്ചിട്ടുള്ളതുകൂടാതെ ദ്രാവിഡസംസ്കാരത്തിന്റെ പ്രാചീനത്വം സംബന്ധിച്ച് ഇനിയും കൂടുതൽ പരിശോധിക്കേണ്ടതായി ചില സംഗതികളെ ഗ്രന്ഥകാരൻ നിർദ്ദേശിച്ചിട്ടുണ്ട്. ഭാരതീയസംസ്കാരത്തിന്റെ വികാസത്തിനു ദ്രാവിഡവർഗ്ഗക്കാർ, വിശേഷിച്ചു കേരളീയർ, എത്രമാത്രം സഹായം ചെയ്തുവെന്നും ലോകസംസ്കാരചരിത്രത്തിൽ ദ്രാവിഡജനങ്ങൾക്കുള്ള സ്ഥാനമെന്തെന്നും സംക്ഷേപമായി പ്രസ്തുതഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ദ്രാവിഡസംസ്കാരത്തിന്റെ പുരാതനചരിത്രത്തെക്കുറിച്ചു ഗ്രന്ഥകാരൻ സംഗ്രഹിച്ചിട്ടുള്ള വിവരങ്ങൾ പ്രത്യേകം ശ്രദ്ധാർഹമാണ്. ദ്രാവിഡജനങ്ങൾ ആര്യന്മാരുടെ ആഗമനത്തിനുമുമ്പുതന്നെ സംസ്കാരസോപാനത്തിന്റെ ഉയർന്നപടികളിൽ എത്തിയിരുന്നുവെന്ന് ഇന്ന് മിക്കവാറും സർവ്വസമ്മതമായ അഭിപ്രായം ചരിത്രകാരന്മാർ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നാലും ദ്രാവിഡർ അപരിഷ്കൃതരായ ഒരു ജനസമൂഹമായിരുന്നുവെന്നുള്ള ധാരണ നിർമ്മൂലമാകത്തക്കവണ്ണം ഗ്രന്ഥകാരൻ വിസ്തരിച്ചു പ്രതിപാദിച്ചുകാണുന്നു.

ദ്രാവിഡസംസ്കാരത്തിന്റെ പ്രചാരത്തിന് അവരുടെ വാണിജ്യബന്ധങ്ങൾ എത്രമാത്രം പ്രയോജനകരമായിരുന്നുവെന്ന് ഗ്രന്ഥകർത്താവു വിശദമാക്കിയിട്ടുണ്ട്. ഭാരതഭൂമിയിൽനിന്നു ചരിത്രാതീതകാലത്തു ദ്രാവിഡവർഗ്ഗക്കാർ ആഫ്രിക്ക, അറേബിയ, മെസപ്പൊട്ടേമിയ മുതലായ പാശ്ചാത്യരാജ്യങ്ങളിലും മലയാ, സുമാത്ര, ജാവ, ഇൻഡോചൈന, ചൈന, ജപ്പാൻ മുതലായ വിദൂരപൗരസ്ത്യപ്രദേശങ്ങളിലും ചെന്നെത്തി കച്ചവടസ്ഥാനങ്ങൾ സ്ഥാപിക്കുകയും അവരുടെ സംസ്കാരം പ്രചരിപ്പിക്കുകയും ചെയ്തു. ചരിത്രകാരന്മാരുടെ സവിശേഷമായ ഗവേഷണത്തിനു വിഷയമാകേണ്ടതാണെന്നതിനെപ്പറ്റി യാതൊരു സംശയവുമില്ല; എന്നുതന്നെയല്ല, ദ്രാവിഡരാജാക്കന്മാരെയും പുരോഹിതന്മാരെയും, മെസപ്പൊട്ടേമിയ, ഈജിപ്ത് എന്നീപ്രദേശങ്ങളിലെ പ്രാചീനരാജാക്കന്മാരെയും താരതമ്യപഠനം ചെയ്തു തെളിവുകൾ ഇതിനെപ്പറ്റി പ്രമാണം ചെയ്യുന്നവർക്കും തീർച്ചയാണ്. മോഹൻജദാരോവിൽനിന്നു ലഭിച്ചിട്ടുള്ള സിന്ധുതടപരിഷ്കാരത്തെക്കുറിച്ചുള്ള വിവരങ്ങൾ സുമേറിയന്മാരും ദ്രാവിഡരും തമ്മിലുണ്ടായ സമ്പർക്കത്തിനു മതിയായ തെളിവായിരിക്കുന്നു. ദ്രാവിഡസംസ്കാരത്തിന്റെ പ്രഭാവം വിദൂരപൗരസ്ത്യദേശങ്ങളിലെ മതം, സാഹിത്യം, കലകൾ എന്നിവയിൽ നല്ലപോലെ തെളിഞ്ഞുകാണുന്നുണ്ട്.

ദ്രാവിഡവർഗ്ഗക്കാരിൽ കേരളീയരുടെ സംസ്കാരത്തെപ്പറ്റിയാണ് ഗ്രന്ഥകാരൻ വിസ്തരിച്ചിട്ടുള്ളത്. ആര്യന്മാർ, ചോളർ, ചേരർ, പാണ്ഡ്യർ എന്നു തുടങ്ങിയ

വിവിധമതസമ്പ്രദായങ്ങൾ ദ്രാവിഡസംസ്കാരം അഭിവൃദ്ധിപ്പെടുത്തുവാൻ ചെയ്തിട്ടുള്ള സേവനങ്ങളെപ്പറ്റി ഗ്രന്ഥകർത്താവു വിശദമായി മനനം ചെയ്തിരിക്കുന്നു. ചോളപാണ്ഡ്യകലിംഗകേരളാദിരാജ്യങ്ങളിൽ വികസിച്ചുവന്ന ദ്രാവിഡസംസ്കാരത്തിന്റെ പുരോഗതിയെക്കുറിച്ചു വർണ്ണിക്കാതിരുന്നതു തീർച്ചയായും ഈ ഗ്രന്ഥത്തിന്റെ ഒരു പ്രധാനന്യൂനതയാണ്. കേരളചരിത്രത്തിനു അനുരൂപമായി എഴുതിയതുകൊണ്ടായിരിക്കണം, ചോളസാമ്രാജ്യത്തിന് ഇത്രത്തോളം പ്രാധാന്യം നൽകിയതും മറ്റുള്ളവയെ പുറമെ അവഗണിക്കുകയും ചെയ്തതു്. ദ്രാവിഡസംസ്കാരത്തിന്റെ ഉന്നതിക്കായിട്ടും പരിപോഷണത്തിനായിട്ടും കേരളീയരുടെ സേവനം ഒട്ടും കുറയാത്ത പ്രാധാന്യം അർഹിക്കുന്നതാകുന്നു. ക്രിസ്തുവിനുശേഷം ഒന്നാംശതകത്തിലുള്ള ഒരു തമിഴ്‌ നാടകത്തിൽ കണ്ടുവരുന്ന ചില സംജ്ഞാനാമങ്ങളും, ടോളമിസ് എന്നയവനൻ വരച്ചിട്ടുള്ള ഒരു മുദ്രയിൽ കാണുന്ന എഴുത്തും, കേരളീയരുടെ ദ്രാവിഡവർഗ്ഗക്കാരുടെ പ്രാചീനവാണിജ്യത്തിൽ വ്യാപൃതരായിരുന്നതിനു മതിയായ ലക്ഷ്യമാണ്. വിദേശ പാശ്ചാത്യദേശങ്ങളിൽ ദ്രാവിഡസംസ്കാരം പ്രചരിപ്പിച്ചതിൽ കവികൾ, തമിഴർ എന്നിവരെക്കാൾ കേരളീയർക്കാണു തീർച്ചയായും കൂടുതൽ പ്രാധാന്യമുണ്ടു്. ചോഴന്മാർ, പല്ലവന്മാർ, പാണ്ഡ്യർ എന്നിവരാണ് കേരളീയരെക്കാൾ കൂടുതലായി പാശ്ചാത്യദേശങ്ങളിലേക്കല്ലാതെ ദ്രാവിഡ പരിഷ്കാരത്തിന്റെ പ്രചാരത്തിനു കാരണഭൂതന്മാരായതു്. ജാവാ, ബാലി, കംബോഡിയാ എന്നീ സ്ഥലങ്ങളിലെ കലകളിൽ ദ്രാവിഡസമ്പർക്കത്തിന്റെ പ്രത്യക്ഷലക്ഷ്യങ്ങൾ കാണുന്നവയിൽ വളരെ കാര്യമായതു കേരളീയമായി അനുഭവപ്പെടുന്നതെന്നു പറയാൻ നിവൃത്തിയുള്ളു. ഒരദ്ധ്യായവും കേരള സംസ്കാരത്തിന്റെ വിവിധവശങ്ങളെപ്പറ്റി ഗ്രന്ഥകർത്താവു സൂചിപ്പിച്ചിട്ടുണ്ട്. ഈ ഗ്രന്ഥം മലയാളത്തിലാക്കി തർജ്ജമചെയ്തു പ്രസിദ്ധീകരിക്കുന്നതു അത്യാവശ്യമാണ്. ദ്രാവിഡസംസ്കാരത്തിന്റെ ചരിത്രത്തെക്കുറിച്ചു് അന്വേഷിക്കുന്നവർക്ക് ഈ ഗ്രന്ഥം തീർച്ചയായും വിജ്ഞാനപ്രദമായിരിക്കും. ഇതുവരെയായി ആരെല്ലാം എന്തെല്ലാം ഗവേഷണങ്ങൾ ഈ മാർഗ്ഗത്തിൽ നടത്തിയിട്ടുണ്ടെന്നു സംക്ഷേപമായി അറിയണമെന്നുള്ളവർക്ക് ഇതുപോലെ മറ്റൊരു പുസ്തകവും ഉപകരിക്കുന്നതല്ല. ദ്രാവിഡസംസ്കാരത്തിന്റെയും, വിശേഷിച്ചു് കേരള സംസ്കാരത്തിന്റെയും, സംക്ഷിപ്തമായ ഈ പ്രതിപാദനം ഗവേഷകന്മാർക്കു മാർഗ്ഗദർശിയായിരിക്കുന്നതാണ്.

എം. ആർ. ബാലകൃഷ്ണവാര്യർ, എം. എ.

## 2. ഉത്തരാസ്വയംവരം കഥകളി.

സമുദ്രത്തിൽനിന്നു കയറ്റുകിടക്കുന്ന തിരമാലകൾ സാധാരണയായി ഉപരിപ്ലവങ്ങളും കണ്ണഞ്ചിപ്പിക്കുന്നവയുമാണെങ്കിലും, അവയിൽ ചിലതു രത്നങ്ങളുമായി വരുന്നില്ലെന്നു പറവാൻ പാടില്ലല്ലോ. കുറച്ചുകൂടി താൽക്കാലികമായിട്ടെങ്കിലും മറ്റുള്ളവർ ചിലപ്പോൾ അവയെ സമ്മതിച്ചു എന്നു വരാം. സാമാന്യം അനേകങ്ങളായിത്തീർന്നിട്ടുള്ള ചില പഴയ കേരളസാഹിത്യശേഖരങ്ങൾ മലയാളത്തിലെ ഇന്നത്തെ പുതുമയിൽ അച്ചടിച്ചുകൊണ്ടു വന്നപ്പോഴാണ് അവയിൽ ഏതാനും ഇത്രവിധമായതു്. നമ്മുടെ സാഹിത്യലോകത്തിൽ ഇത്രയും അത്യുല്ലതമായിത്തീർന്നിട്ടുള്ള കാര്യങ്ങളിൽ ഒന്നാണ് കഥകളി. കഥകളിക്കുതകുന്ന കേരളീയ നൃത്തകലകളുടെ പരിപോഷണത്തിനായിരുന്ന ചില സംരംഭങ്ങൾ അടുത്തകാലത്തുണ്ടായിട്ടുണ്ടെങ്കിലും, അതുകൊണ്ടു നാട്യകലയ്ക്കുണ്ടായിട്ടുള്ള മെച്ചം ചിന്തനീയവും, സാഹിത്യകലയ്ക്കുണ്ടായിട്ടുള്ള നേട്ടം നാസ്തിയാണെന്നു പറയാതെ തരമില്ല. ഇതെല്ലാം വിചാരിക്കുമ്പോൾ, "ഉത്തരാസ്വയംവരം കഥകളി"ക്കു ഒരു പുതിയ വ്യാഖ്യാനമെഴുതി പ്രസിദ്ധപ്പെടുത്തുകനിമിത്തം അനല്പമായ ഒരു സാഹിത്യസേവനമാണ് ശ്രീമാൻ നെരൂപ്പാട്ട് കണ്ണിക്കുട്ടി മേനോൻ ചെയ്തിട്ടുള്ളതെന്നതിനു സംശയമില്ല.

സാഹിത്യലോകത്തിൽ മാതൃകാപദത്തെ അലങ്കരിക്കുന്ന കഥകളികളുടെ കൂട്ടത്തിൽ ഇരയിമ്മൻതമ്പിയുടെ കൃതികൾക്കുള്ള സ്ഥാനം ഒന്നു വേറെയാണ്. അദ്ദേഹത്തിന്റെ കഥകളിൽ രസപ്രവാഹം കളിയാടിക്കൊണ്ടിരിക്കുന്ന സൗകുമാര്യത്തെ അനുഭവിച്ചറിയുന്നതു സുകരമാണെങ്കിലും, നിർവചനംചെയ്യുന്നതു് അത്രതന്നെ എളുപ്പമല്ല. എന്നാൽ ഈ സാഹിത്യാരാമത്തിന്റെ മാദകമായ സൗരഭ്യം ആസ്വദിക്കുന്നതിൽ ദേശഭാഷാപരിജ്ഞാനംകൊണ്ടുമാത്രം സാധാരണന്മാരെ മടക്കിക്കളയുന്ന പാണ്ഡിത്യപ്രദർശനങ്ങൾ അതിന്റെ മാർഗ്ഗത്തിൽ മറഞ്ഞുകിടപ്പുണ്ട്. അതുകൊണ്ടു് ആ ദുഷ്പ്രവേശമായ സങ്കേതം സ്വായത്തമാക്കിക്കൊടുക്കുകയെന്നുള്ളതു ചില്ലറ പുണ്യമല്ല. "ഉത്തരാസ്വയംവര"ത്തെ സംബന്ധിച്ചിടത്തോളം ഈ മഹാസൽകൃത്യത്തെയാണ് ശ്രീമാൻ ടി. കെ. കൃഷ്ണമേനോൻ തന്റെ വ്യാഖ്യാനംകൊണ്ടു ചെയ്തുവെച്ചിട്ടുള്ളത്. കോട്ടയത്തും കൊട്ടാരക്കരയിലും കവിയുടെയിടയിലും ചിലപ്പോൾ പണ്ഡിതന്മാർക്കുപോലും പ്രസിദ്ധി സിദ്ധിക്കാത്ത പദങ്ങളും ശ്ലോകങ്ങളും ഉത്തരാസ്വയംവരത്തിൽ ഉണ്ടോ എന്ന സംശയമാണ്. ഇതെല്ലാം അർത്ഥം ഗ്രഹിച്ചു് ആസ്വദിക്കുവാൻ സാധിക്കുകയെന്നുള്ളതു സാഹിത്യപ്രണയികൾക്കു ചില്ലറയായ ഒരു കാര്യമാണോ?

വ്യാഖ്യാനാദികളായ ഗ്രന്ഥങ്ങളുടെ സഹായമില്ലാതെ സംപൂർണ്ണമായ് പ്രസ്തുത വ്യാഖ്യാനമെന്നു പറഞ്ഞാൽ അതു് ഒരിക്കലും അനുചിതമായ അത്യുക്തിയോ പക്ഷപാതമോ ആയി വരികയില്ല.

"പദാർത്ഥപ്രദർശനത്തിൽ വിഗ്രഹവാക്യത്തോടെ അന്വയപ്രദർശനം" എന്നിങ്ങനെ ഉപലക്ഷിതമായിരിക്കുന്ന ഉത്കൃഷ്ടവ്യാഖ്യാനലക്ഷണം മുഴുവനും ഇതിൽ പ്രത്യക്ഷമായി കാണുന്നുണ്ട്. ശബ്ദാർത്ഥകഥനം, അന്വയവ്യാഖ്യാനം, വിഗ്രഹനിർദ്ദേശം, അലങ്കാരവ്യാഖ്യാനം, പ്രമാണോദ്ധരണം മുതലായ കൃത്യങ്ങൾ വ്യാഖ്യാതാവു പ്രശസ്തമായ രീതിയിൽ നിർവഹിച്ചിട്ടുണ്ട്. വാസ്തവത്തിൽ, സംക്ഷിപ്തവും സരളവുമായി വ്യാഖ്യാനിക്കുന്നകാര്യത്തിൽ ഇദ്ദേഹം മാതൃകയായിട്ടാണിരിക്കുന്നത്. വിദ്യാർത്ഥികളായ നവീനന്മാർക്കും പണ്ഡിതന്മാർക്കും ഈ വ്യാഖ്യാനത്തിന്റെ ഉപയോഗം പ്രയോജനകരമായിരിക്കുന്നുണ്ട്.

"അല്പംകൂടി അവധാനമായിരുന്നു" എന്നു തോന്നിപ്പോകുന്ന നിർണ്ണയങ്ങൾ കുറേ ഉണ്ടെന്നുള്ളതു വലിയൊരു കുറവല്ല. ഈ വിധം പ്രസ്തുത വ്യാഖ്യാതാവും പലേടത്തും കാണിച്ചിട്ടുള്ളതു ശരിയോ തെറ്റോ എന്നു വായനക്കാർ തീരുമാനിച്ചുകൊള്ളട്ടെ. ഇതിനുള്ള ചില ഉദാഹരണങ്ങൾമാത്രം ഇവിടെ എടുത്തുപറയാം. വിഗ്രഹങ്ങളുടെയും അലങ്കാരങ്ങളുടെയും വിവേചനം ചെയ്യുന്ന കൃത്യത്തെ അതിന്റെ പ്രാധാന്യത്തോടെ പൂർണ്ണമായി വിട്ടുകൊടുക്കാതെ വ്യാഖ്യാതാവു തന്നെ ഏറ്റെടുത്തിരുന്നെങ്കിൽ, കുറെക്കൂടി സമാധാനംതോന്നുമായിരുന്നു. "സ്ഥൈര്യസമന്വിത ഹൃദയാനന്ദം" "അമ്മൂർത്ത്യൈവ" മുതലായ പ്രയോഗങ്ങളുടെ അർത്ഥവിവരണം അല്പംകൂടി വിസ്തരിക്കേണ്ടിയിരുന്നെങ്കിൽ വൈകല്യമില്ലായിരുന്നു എന്നു തോന്നുന്നുണ്ട്. പ്രയോഗസമുച്ചയമെന്നതു സാഹിത്യലോകത്തിൽ സ്വീകാര്യമായ ഒരു വിഷയമാണ്. ഇതിനെ സൽക്കരിക്കുവാൻ വ്യാഖ്യാതാവിനു സാധിച്ചുവെന്നു ചില പ്രയോഗങ്ങളിൽനിന്നു കാണുന്നതുകൊണ്ട്, ഈ വിഷയത്തിലും ഒരു പിശുക്കു കാണിക്കേണ്ടിയിരുന്നില്ല എന്നൊരു പക്ഷമുണ്ടാകാം.

ഈ വ്യാഖ്യാനത്തിൽ അച്ചടിപ്പിഴ വളരെ അധികമില്ല; എങ്കിലും വളരെ കുറവാണെന്നു പറയുവാനും തരമില്ല. പുസ്തകം വിദ്യാർത്ഥികളുടെ ഉപയോഗത്തിനുംകൂടി ഉദ്ദേശിച്ചിട്ടുള്ളതായതിനാൽ വിശേഷിച്ചും, ഒരു ശുദ്ധിപത്രവുംകൂടി ചേർക്കേണ്ടിയിരുന്നു. വ്യാഖ്യാനത്തിന്റെ ഒടുവിൽ അല്പം വ്യത്യാസം വരുത്താമായിരുന്നു എന്നും തോന്നുന്നുണ്ട്. ഒന്നാമതു വ്യാഖ്യാനത്തിന്റെ സവിശേഷതകളെല്ലാം ചികഞ്ഞിട്ടുള്ള ഈ കൃതിക്ക് ഒരു പാഠ്യപുസ്തക"മോ

ക്സി"യുടെ ഛായ വരുത്താമായിരുന്നെങ്കിൽ സാഹിത്യപ്രണയികൾക്ക് ഈ കൃതി കുറേക്കൂടെ രസമായി വായിക്കാമായിരുന്നു. മേൽനിർദ്ദേശിച്ച വിഷയങ്ങൾ വ്യാഖ്യാനത്തിന്റെ മേന്മയെ സാരമായി സ്പർശിക്കുന്നവയല്ല. എങ്കിലും ഇനിയത്തെ പതിപ്പുകളിൽ നിർദ്ദോഷതയും കാന്തി വരണമെന്നുള്ള ഔത്സുക്യം കൊണ്ടുമാത്രം ഇനി പതിപ്പിലേക്കായി ഈ വിഷയങ്ങളെ എടുത്തു പറയുന്നെന്നുള്ളൂ.

ശ്രീമാൻ കുഞ്ഞിക്കുട്ടൻതമ്പുരാൻ സാഹിത്യലോകത്തിൽ സുപ്രസിദ്ധനും സുപ്രതിഷ്ഠിതനും ആണെങ്കിലും താൻ ഒരു വ്യാഖ്യാനകർത്താവാണെന്ന സംഗതി അദ്ദേഹം ഇതുവരെയും മറച്ചുവെച്ചതിനു സഹൃദയലോകത്തോടു തക്കതായ സമാധാനം പറയേണ്ടതായിവന്നിരിക്കുന്നു. ഇത്രയധികം പാണ്ഡിത്യസമ്പത്തു കൈയിലിരുന്നിട്ടും ഇതുവരെയും അതിൽ ഒട്ടുംതന്നെ പ്രയോജനപ്പെടുത്താത്തതിനു ശിക്ഷയായിട്ടെങ്കിലും മേലാൽ കൈരളിക്ക് അതുവരെ സംഭാവനകൾ ചെയ്യാതെ സമാധാനമുണ്ടാവുമെന്നും തോന്നുന്നില്ല.

സഹൃദയ വിനയത്തോടുകൂടി വ്യാഖ്യാതാവ് അനേക ഇതരപാഠങ്ങളിൽനിന്നും ലഭിച്ചിരിക്കുന്ന ശിക്ഷാവിശേഷത്തെ സൂചിപ്പിച്ചിട്ടുണ്ട്. സൽപാത്രനിക്ഷിപ്തമായ അതിന്റെ വിലയെ ഇത് പരിശോധിപ്പാൻ ഭാഗ്യം സംഗതിവന്നില്ലല്ലോ എന്ന ഖേദം ഇതു വായിക്കുന്ന പല വ്യക്തികൾക്കും,

"അഹോ ഭാഗ്യമഹോ ഭാഗ്യമഹോ ഭാഗ്യമഹോ വയം
അദ്യ പ്രാപ്താൻ ഗതാ സമ്പൂർണ്ണതാം ... പാഠതാം"

എന്ന പ്രയോഗത്തെ അനുസ്മരിപ്പിക്കുകയും ചെയ്യുമെന്നുള്ളതിനു സംശയമില്ല.

ഈ വ്യാഖ്യാനത്തിന് അർഹിക്കുന്ന സകല ശ്രേയസ്സിനെയും ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

പാറ്റത്തിൽ പത്മനാഭമേനോൻ എം. എ. ബി. എൽ.

3. തെങ്കൈലനാഥോദയം.

4. കോരഗ്രഹണം.

ഓലച്ചുവടുകളിൽനിന്ന് (അദ്ധ്യക്ഷൻ) മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകളുടെ വിപുലങ്ങളും ഉജ്ജ്വലങ്ങളുമായ അവതാരികകളോടുകൂടി തിരുവിതാംകൂർ 1112-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള രണ്ടു പഴയ ചമ്പുപ്രബന്ധങ്ങളാണ് തെങ്കൈലനാഥോദയവും കോരഗ്രഹണവും. ഈ വക മണിപ്രവാളചമ്പുക്കളുടെ കൂട്ടത്തിൽ മുന്നണിയിൽ നില്ക്കത്തക്ക കാവ്യഗുണം തികച്ചുമുണ്ടെന്നു ഇതു വരികയില്ലെങ്കിലും, ഏറ്റവും താണപടിയിലുള്ളവയാണ് എന്ന പറയാവുന്നതല്ല. രാമായണം, നൈഷധം, കാമദഹനം, കൊടിയവിരഹം, രാജരത്നാവലീയം, ബാണയുദ്ധം എന്നീ പ്രബന്ധങ്ങളോടു തട്ടിച്ചുനോക്കുമ്പോൾ നീലകണ്ഠകവിയുടെ കൃതികളായ ചെല്ലൂർനാഥോദയം, നാരായണീയം, തെങ്കൈലനാഥോദയം എന്നീ മൂന്നു ചമ്പുക്കൾക്കും കൊടുക്കേണ്ടതായ സ്ഥാനം നിശ്ചയമായിട്ടുണ്ട് തോന്നുന്നു. കാവ്യഗുണംകൊണ്ടു നോക്കിയാൽ കോരഗ്രഹണം അവയെക്കാളും കുറെ താഴെയായിട്ടാണ് നില്ക്കുന്നതെന്ന പറയേണ്ടിയിരിക്കുന്നു. പഴയ പ്രാചീനമണിപ്രവാളപ്രബന്ധങ്ങൾ താഴ്ന്നാൽതന്നെ എത്രത്തോളം താഴാമെന്ന് അതിൽ പരിചയിച്ചിട്ടുള്ളവർക്കറിയാവുന്നതാണ്.

മഹാപ്രസിദ്ധമായ ഒരു പരിവൃത്തകഥയാണ് "കേശഗ്രഹണ"ത്തിലെ പ്രതിപാദ്യമെന്നു അതിന്റെ പേർ തന്നെ വിളിച്ചുപറയുന്നുണ്ടല്ലോ. ഭാഷാഭാരതചമ്പുവിലെ ഇതിനോടൊത്ത ഭാഗവുമായി "കേശഗ്രഹണ"വും അഗസ്ത്യമുനിയുടെ ബാലഭാരതത്തെ ഉപജീവിച്ചുകൊണ്ടാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്ന് അവതാരികാകാരൻ സോദാഹരണം സ്പഷ്ടമാക്കീട്ടുണ്ട്. പ്രതിപാദനരീതിയിൽ കവിയുടെ മനോധർമ്മവും അവിടവിടെ പ്രകാശിച്ചിട്ടില്ലെന്നില്ല. അടിമപ്പെട്ട പാഞ്ചാലിയെക്കൊണ്ടും പാണ്ഡവന്മാരെക്കൊണ്ടും വിടുപണിചെയ്യിക്കുവാൻ ദുര്യോധനൻ ആജ്ഞാപിക്കുന്ന ഭാഗം നോക്കുക:—

നിത്യം വേശ്മാന്തരാളേ മമ ചില ദാസികളോടൊപ്പമായ് വന്നു ദാസീ-
കൃത്യം ചെയ്യേണമേഷാ ദ്രുപദനൃപസുതാ പ്രേയസീ പാണ്ഡവാനാം
ആരുമില്ലാത്ത ഭീമൻ തടിയനിവനു കിങ്കരത്വം നടിക്കേണമതിൽ-
വൃത്യാം വാരണമിന്നുള്ളതിനിവ യമര കനകമേകണമല്ലോ.

മാദ്രേയൗ മുന്നിലങ്ങളിലിത്തേരിലേണം മുദാ ധർമ്മജൻതാൻ
കേളുമ്പോൾ സദ്ഭൃത്യന്മാരിലവരവരെയും ചേർത്ത് നീയെന്നിവയ്ക്കും
രേമത്തിൽ ചൊന്നമേഷാം ഒരുമിപ്പിച്ചിവരാലും പ്രസാദങ്ങൾ കാട്ടി-
ക്കൊണ്ടും നന്നായ് സന്തോഷം വരുത്തുവിധിചെയ്തീട്ട പാണ്ഡവന്മാരും.

ഇതുപോലെ വേറെയും ചില മനോഹരഭാഗങ്ങളുണ്ടവയെ അവതാരികയിൽ ഉദ്ധരിക്കുകയോ സൂചിപ്പിക്കുകയോ ചെയ്തിട്ടുള്ളതിനാൽ വീണ്ടും ഇവിടെ എടുത്തിട്ടു പകർത്തുന്നില്ല.

"ചെല്ലൂരനാഥോദയ"ത്തിൽ പ്രതിപാദിച്ചിരിക്കുന്നത്, തളിപ്പറമ്പിലെ മഹാക്ഷേത്രപ്രതിഷ്ഠയാണ്. 1591 മുതൽ 1615 വരെ കൊച്ചിയിൽ നാടുവാണിരുന്ന വീരകേരളവർമ്മരാജാവ്, തന്റെ ആശ്രിതനായ നീലകണ്ഠകവിയോട്, ചെല്ലൂരനാഥന്റെ പ്രതിഷ്ഠയെ വർണ്ണിക്കുന്ന പ്രബന്ധം നിർമ്മിക്കണമെന്നു സന്തോഷിച്ചുപറഞ്ഞു കല്പിച്ചതനുസരിച്ചുള്ളതാണിതു പ്രസ്തുതകൃതി എഴുതിയത്. ഇതിനെപ്പറ്റി പ്രതിഷ്ഠയെക്കുറിച്ചു മാത്രം ആണ് പ്രബന്ധത്തിൽ രചിക്കപ്പെട്ടിട്ടുള്ളതെന്ന്,

"വിദ്യാവല്ലഭ! നീലകണ്ഠസുകവേ! ചെല്ലൂരനാഥോദയം
ചിത്രം പാടു ഭുതം പുനരപി രചിതം നാരായണീയം തഥാ;
അത്യാശ്ചര്യതരം ഗിരാ തവ ഭവാൻ ചെല്ലൂരനാഥോദയ-
പ്രത്യഗ്രാഢ്യകഥാം ബന്ധുരഗുണം ബന്ധും പ്രബന്ധാത്മകം."

എന്ന ശ്ലോകത്തിൽനിന്നു സ്പഷ്ടമാകുന്നു.

ചെല്ലൂർ (പെരിഞ്ചെല്ലൂർ, തളിപ്പറമ്പ്) ശിവന്റെയും തൃച്ചംബരത്തുള്ള ശ്രീകൃഷ്ണന്റെയും പാലകനായ വിഷ്ണുവിന്റെയും പ്രതിഷ്ഠകളെ വർണ്ണിച്ചു ഒരു പ്രബന്ധമെഴുതി പ്രസിദ്ധീകരിക്കണമെന്നുള്ള കവിയുടെ മനസ്സിലെ മനോരമമായ ആഗ്രഹമായ തളിപ്പറമ്പിലെ പ്രതിഷ്ഠയെക്കുറിച്ചും ഇതുപോലെ ഒരു കാവ്യമെഴുതുവാൻ ആവശ്യപ്പെടുന്നതു സ്വാഭാവികമാണല്ലോ.

"ചെല്ലൂരനാഥോദയ"ത്തിന്റെ ആരംഭത്തിൽ കാണുന്ന "മങ്കമണിമീമപെര തരു പുത്രമെല്ലാം" (ശ്ലോകം 6) എന്നു തുടങ്ങി, "വീരരണം മണി വീരകേരളനൃപൻ" (ശ്ലോകം 15) എന്നവസാനിക്കുന്ന ഭാഗം കൊച്ചിരാജ്യത്തിന്റെ പൂർവ്വചരിത്രത്തെക്കുറിച്ച്, വിശിഷ്യ അവിടത്തെ പെരുമ്പടപ്പുസ്വരൂപത്തെക്കുറിച്ച്, ഗവേഷണംചെയ്യുന്നവർക്ക് ഒരു നല്ല നിധിയായിരിക്കുന്നുണ്ട്. കാവ്യത്തിലെ പ്രധാനകഥയാകട്ടെ പ്രസ്തുതപ്രബന്ധത്തിൽ ചേരുന്നതുമായ കൽപനകളാ

യ അനേകം പദ്യങ്ങൾ ഭംഗിയോടെ കാണപ്പെടുന്നുണ്ട്. കൈലാസവാസിയായ ശ്രീപരമശിവനെ വർണ്ണിക്കുന്ന (35 മുതൽ 44 വരെയുള്ള) പത്തുശ്ലോകങ്ങളും മണിപ്രവാളകവിതയുടെ മാധുര്യത്തെ വിശേഷിച്ചും ഉദാഹരിക്കുന്നുണ്ട്.

ദേവീ ഭവാനി മുഖസീമനി നട്ട കാമൻ
പൂവല്ലിതൻ മധുരപുഷ്പശരങ്ങൾപോലെ
ശ്രീവാസുദേവമണിവാതിലിൽ തെളിയാതു
താവുന്ന മന്ദഹസിതങ്ങൾ വിളങ്ങമാനം

എന്നിങ്ങനെ യാതൊരു കാര്യം തടയാതെ, സംപൂർണ്ണം ഒഴുകുന്നവയാണ് ഈ സന്ദർഭത്തിലെ മിക്ക ശ്ലോകങ്ങളും.

ഭാഷാവിഷയത്തിൽ പറയത്തക്ക നിപുണതയില്ലാത്ത ഇത്തരം പ്രാചീനകൃതികളും ചിലതിനെ മുതലായതോടെ പ്രകാശനം ചെയ്യുന്ന ഭാഷാപരിഷ്കരണക്കമ്മിറ്റിയുടെ ഉചിതമായ ഉദ്യമം അഭിനന്ദനീയം തന്നെ.

P. S. N.

## 5. ഭാരതരമണി.

വിശ്വസാഹിത്യത്തിൽ അനശ്വരമായ സ്ഥാനം സമാർജ്ജിച്ചിട്ടുള്ള ദ്വിജേന്ദ്രലാൽറായി എന്ന മഹാകവിയുടെ കൃതികളിലൊന്നിന്റെ പരിഭാഷയാണ് വിമർശനത്തിന് ആധാരമായ ഭാരതരമണി. പ്രബന്ധം, നാടകം, പ്രഹസനം, കാവ്യം മുതലായി സാഹിത്യത്തിന്റെ വിവിധശാഖകളിലും അത്ഭുതാവഹമായ പ്രാവീണ്യവും അനശ്വരമായ പ്രതിഷ്ഠയും നേടിയിട്ടുള്ള റായിയുടെ ഗ്രന്ഥങ്ങൾ ഭാരതീയരുടെ പരിശീലനത്തിനു തികച്ചും മഹത്തരങ്ങളായി പരിലസിക്കുന്നു. നാടകനിർമ്മാണത്തിലാണ് അദ്ദേഹത്തിന്റെ വൈശിഷ്ട്യം മുഖ്യമായി പ്രകടിതമായിക്കാണുന്നത്. റായിയുടെ ചരിത്രനാടകങ്ങളിൽ ദുർഗ്ഗാദാസൻ, ഷാജിഹാൻ, നൂർജിഹാൻ, താരാസിംഹൻ, പ്രതാപസിംഹൻ മുതലായവ ഇതിനകം മലയാളത്തിൽ വിവർത്തനംചെയ്തു കഴിഞ്ഞിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ സാമുദായിക നാടകങ്ങളും മലയാളത്തിലേയ്ക്കു സംക്രമിപ്പിക്കേണ്ടതാണെന്ന് ഇതാദ്യമായിട്ടാണെന്നു തോന്നുന്നു.

സമുദായശാലത്തിൽ പരിപ്ലവിച്ചിട്ടുള്ള ദുഷ്പ്രവണതകളായ ചില അനാചാരങ്ങളെ കണ്ടു ഹൃദയംനീറുന്ന മനോജ്ഞകവിയായ ഒരു മഹാകവിയുടെ ഹൃദയത്തിൽനിന്നു പൊട്ടിപ്പുറപ്പെട്ട വികാരധാരകളാണ് ഈ നാടകത്തിലെ ഉള്ളടക്കം. സ്ത്രീധനകാർശ്യംമൂലം പെൺകിടാങ്ങളെ വിവാഹം കഴിച്ചുകൊടുക്കുന്നതിൽ പിതാക്കന്മാർ അനുഭവിക്കേണ്ടിവരുന്ന ദുരിതം; സമുദായത്തെ താറുമാറാക്കിത്തീർക്കുന്ന ബാല്യവിവാഹസമ്പ്രദായം; പടുവൃദ്ധന്മാർക്കു ബാലികമാരെ വിവാഹംചെയ്യുന്നതിലുള്ള ലജ്ജയില്ലായ്മ; ഭിക്ഷുക്കൾക്ക് എത്ര വിവാഹവും ചെയ്യാമെന്നിരിക്കെ വിധവമാർ പുനർവിവാഹം ചെയ്തുകൂടെന്നുള്ള നിയമം; സമുദായത്തിൽ പുലരുന്ന പെട്ടിരിക്കുന്ന സാധുവിധവമാരുടെ ദയനീയസ്ഥിതി; വഞ്ചകന്മാരെയും, വ്യഭിചാരികളെയും, കള്ളന്മാരെയും, സ്ത്രീഹത്യ ചെയ്യുന്നവരെയും, പരദ്രോഹികളെയും, അക്രമികളെയും, കവർച്ചക്കാരെയും അനുഗ്രഹിച്ചുനടക്കുന്ന സാധുതന്നെ, അന്യന്മാരെ കെട്ടിപ്പുണരുന്നതിനു വിധവകളുടെ ദുരവസ്ഥ അറിയുന്നതിനായിത്തന്നെ, വിദ്യാഭ്യാസത്തിന് ബലാത്കാരം പോലെയുള്ള കഷ്ടപ്പെടുത്തി മഹാപുരുഷന്മാരെ ഉണ്ടാക്കുന്ന സമുദായനീതി; ഏതു വഞ്ചനയെയും ദ്രോഹത്തെയും സസ്യാസികളുടെ ഭിക്ഷാപാത്രത്തിൽ ഇടപെടാതിരിക്കുന്ന വരാക്കളോടുള്ള കാലംകഴിക്കുന്ന പുരുഷസ്ത്രീകളുടെ ചിത്തവൃത്തി; മുതലായി തന്റെ ദൃഷ്ടിയിൽപ്പെട്ട ദുരാചാരങ്ങളെയും അനാചാരങ്ങളെയും കല്പിതമായ ഒരു ഇതിവൃത്തത്തിൽ ഘടിപ്പിച്ച് അതിന്റെ ഭയങ്കരത്വത്തെ മഹാനായ കവി ലോകർക്കു കാണിച്ചുകൊടുക്കുകയാണ് ഈ നാടകത്തിൽ ചെയ്യുന്നത്. പാത്രനിർമ്മാണവിഷയത്തിലും സംഭാഷണരീതികളിലും റായിക്കുള്ള അനന്യസാധാരണമായ പാടവം ഈ കൃതിയിലും പ്രകടമായിക്കാണാം.

കവി താൻ ജനിച്ചുവളൎന്ന സമുദായത്തിൽ കണ്ട ഈ ദൃശ്യങ്ങൾ അതിന്റെ സ്വാഭാവികമായുള്ള മാതൃത്തിലെ ഏറ്റവും വിശാലമായ സമുദായങ്ങൾക്കുതന്നെയും ഇണങ്ങുന്നതു നമുക്കറിയാവുന്നതാണല്ലോ. അതിനാൽ നമ്മി സമുദായത്തിനു "വംശനാശി" എന്നാണു നാമകരണം ചെയ്തിട്ടുള്ളതെങ്കിലും അതിന്റെ വിവർത്തനത്തിനു സ്വീകരിച്ച "മാതൃകാമണി" എന്ന നാമധേയം ഏറ്റവും അനുയോജ്യമായിട്ടുണ്ടെന്നു പറയാം. കവിസാമ്രാട്ട് വള്ളത്തോളിന്റെ പ്രിയപുത്രനായ മി: ഗോവിന്ദക്കുട്ടിയാണ് ഇതിന്റെ പരിഭാഷകൻ. മലയാളസാഹിത്യത്തിന്റെ പരിപോഷണത്തെക്കുറിച്ചുതന്നെ സാമുദായികനാചാരവ്യവസായത്തിനും ശോധിയുന്നതിനും അക്ഷീണപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്ന "വള്ളത്തോൾകുടുംബ"ത്തിലെ അംഗം തന്നെ, അനാചാരവിമോചനസമരങ്ങളെക്കുറിച്ചുള്ള ഈ നാടകം തർജ്ജമചെയ്തതു് ഏറ്റവും സമഞ്ജസമായിരിക്കുന്നു.

"മാതൃകാമണി"യുടെ ആമുഖകാരനായ ശ്രീമതി ... അജ്ഞാനത്തെ വാക്കുകൊണ്ട് പ്രസ്താവിക്കുന്നതുപോലെ "കഥാവസ്തു കൊള്ളാം; ഭാഷ മോശം; കാവ്യം ബാല;.........സ്വരൂപത്തെയും ബുദ്ധിയെയും ഒരുപോലെ വികസിപ്പിക്കാൻ പര്യാപ്തമായ കഥകളറിയമായ ഭാഷയിൽ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചാൽ അതിനെ ആദരിച്ചു് അനുമോദിച്ചു് അഭിനന്ദിക്കേണ്ടതെന്നു് ഏതു സാഹിത്യസേവകന്റെയും കർത്തവ്യമല്ലേ?" പരിഭാഷയിൽ ചിലേടത്തു് അല്പംകൂടി ഒരു തെളിമയുണ്ടാകാമായിരുന്നു എന്നു് അനുവാചകർക്കു തോന്നിയേക്കാം; പുസ്തകത്തിലെ ചില അച്ചടിത്തെറ്റുകൾ വിരസീകരിക്കുന്നവർ കാണുമായിരിക്കാം; പക്ഷേ, ആദ്യത്തെ പരിശ്രമമെന്ന നിലയിൽ ഇതൊരു വലിയ നേട്ടമാണല്ലോ. മി: ഗോവിന്ദക്കുട്ടി ഇനിയും ഉത്തമങ്ങളായ ഗ്രന്ഥങ്ങൾകൊണ്ടു കൈരളിയെ അലങ്കരിക്കുമാറാകട്ടെ!

M. O. J.

## 6. ആധുനികകണ്ടുപിടിത്തങ്ങൾ.

ഭാഷയിൽ ശാസ്ത്രീയവിഷയപ്രതിപാദകങ്ങളായ പുസ്തകങ്ങൾ ഇനിയും വേണ്ടിടത്തോളമുണ്ടായിക്കഴിഞ്ഞിട്ടില്ല. സാങ്കേതികപദങ്ങളുടെ അഭാവമാണു് അതിനു കാരണമായി പറയപ്പെടുന്നതു്. അത്തരം പുസ്തകങ്ങൾ പ്രചരിക്കുന്നതിനുള്ള സൌകര്യക്കുറവും ഒരു പ്രധാനകാരണമാണെന്നാണു് ഞങ്ങൾക്കു തോന്നുന്നതു്. ഇങ്ങനെ പ്രചാരണത്തിനു പരിതഃസ്ഥിതികൾ അനുകൂലമല്ലാതിരുന്നിട്ടും ഭാഷാസ്നേഹംകൊണ്ടുമാത്രം ഇതുപോലെ ഉപയോഗമുള്ള ഗ്രന്ഥനിർമ്മാണത്തിനു് ഉദ്യമിക്കുന്നവർ കൂടുതൽ അഭിനന്ദനാർഹരാണല്ലോ. 'ആധുനികകണ്ടുപിടിത്തങ്ങ'ളുടെ നിർമ്മാതാവായ ശ്രീമാൻ മാത്യു എം. കുഴിവേലി ഇക്കൂട്ടത്തിൽപ്പെട്ട ഒരാളത്രേ.

ക്രൗൺ 8-ൽ 103 പേജുവരുന്ന ഈ ചെറിയപുസ്തകത്തിൽ വൈദ്യുതദീപങ്ങൾ, ടെലഗ്രാഫി, ഛായാഗ്രഹണം, ആകാശവാഹനങ്ങൾ, വാനവിമാനങ്ങൾ, വാർത്താവിനിമയനം, റേഡിയം, റേഡിയോ, അന്തർവാഹിനികൾ, വിളക്കുമരം, പ്രകൃതിരഹസ്യങ്ങൾ എന്നിങ്ങനെ പതിനൊന്നു വിഷയങ്ങളെ പ്രതിപാദിച്ചിരിക്കുന്നു. സാധാരണമലയാളികൾക്കുപോലും കാര്യം ഗ്രഹിപ്പാൻ തക്കവിധം ഭാഷ ലളിതമാക്കുന്നതിനു ഗ്രന്ഥകർത്താവു പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. പുതിയ സാങ്കേതികപദങ്ങളെ നിർമ്മിക്കുന്നവിഷയത്തിൽ മി: മാത്യു വളരെ ശ്രദ്ധിച്ചിട്ടുണ്ടെന്നു കാണുന്നു. ശാസ്ത്രീയവിഷയങ്ങളെ പ്രതിപാദിക്കാനുള്ള കഴിവു നമ്മുടെ ഭാഷയ്ക്കില്ലെന്നു വാദിക്കുന്നവർ ഈ കൃതി വായിച്ചുനോക്കേണ്ടതാണു്. ഗ്രന്ഥത്തിനു മലയാളികളുടെ ഇടയിൽ ധാരാളം പ്രചാരം സിദ്ധിക്കുമെന്നും ഗ്രന്ഥകർത്താവു ഇതുപോലെയുള്ള ഗ്രന്ഥങ്ങൾകൊണ്ടു ഭാഷയെ ഇനിയും അനുഗ്രഹിക്കുമെന്നും വിശ്വസിക്കുന്നു.

A. D. H. S.

# പത്രാധിപക്കുറിപ്പുകൾ.

## അഖിലഭാരതപ്രാച്യവിദ്വൽസമ്മേളനം.

വിശ്രുതമായ അഖിലഭാരതപ്രാച്യവിദ്വൽസമിതിയുടെ നവമസമ്മേളനം കഴിഞ്ഞ ഡിസംബർ 20, 21, 22 ഈ തീയതികളിൽ തിരുവനന്തപുരത്തുവെച്ചു നടക്കുകയുണ്ടായി. ഇതിനുമുൻപുള്ള സമ്മേളനങ്ങൾ ബോംബെ, കൽക്കത്താ, മദിരാശി, അലഹബാദ്, പാററ്നാ മുതലായ പ്രധാന പട്ടണങ്ങളിൽവെച്ചാണ് കൊണ്ടാടപ്പെട്ടത്. ഏഴാമത്തെ സമ്മേളനം ബറോഡയിലും, എട്ടാമത്തേതു മൈസൂരിലും ആഘോഷിക്കപ്പെട്ടു. രണ്ടു കൊല്ലങ്ങൾ കൂടുമ്പോൾ ഒരിക്കലാണ് ഈ സമ്മേളനം നടക്കുന്നത്. ഇതിന്റെ ഉദ്ദേശ്യങ്ങൾ, ഭാരതവർഷത്തിലും വെളിയിലും പ്രാചീനവിദ്യകളിൽ പരിശ്രമംചെയ്യുന്ന വിദ്വാന്മാരെ ഏകത്ര സമാഗമിപ്പിക്കുകയും, വിവിധവിഷയങ്ങളിൽ അവർ സമ്പാദിച്ചിട്ടുള്ള ജ്ഞാനം വിനിമയംചെയ്യുന്നതിന് അവസരമുണ്ടാക്കിക്കൊടുക്കുകയും, അവർതമ്മിൽ സാംസ്കാരികമായുള്ള ബന്ധം ദൃഢീഭവിപ്പിക്കുകയും, പ്രാചീനസമ്പ്രദായത്തിൽ പാണ്ഡിത്യം നേടിയിട്ടുള്ള മഹാശയന്മാരെ പ്രോത്സാഹിപ്പിക്കുകയുംമററുമാകുന്നു. സർ. രാമകൃഷ്ണഗോപാൽ ഭണ്ഡാക്കർ, ഡാക്ടർ സിൽവെയിൻ ലെവി, മഹാമഹോപാദ്ധ്യായ ഹരപ്രസാദശാസ്ത്രി, മഹാമഹോപാദ്ധ്യായ ഗംഗാനാഥഝാ, ഡാക്ടർ കാശിപ്രസാദജയസ്വാൽ, ദിവാൻബഹദൂർ ഡാക്ടർ എസ്. കൃഷ്ണസ്വാമിഅയ്യങ്കാർ മുതലായ മഹാപണ്ഡിതന്മാരാണ് ഇതിനുമുൻപുള്ള യോഗങ്ങളിൽ ആദ്ധ്യക്ഷ്യംവഹിച്ചിട്ടുള്ളത്. തിരുവനന്തപുരത്തെ യോഗത്തിൽ അഗ്രാസനാധിപത്യം വഹിച്ചത് ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ ബോഡെൻ സംസ്കൃതാചാര്യനായ ഡാക്ടർ എഫ്. ഡബ്ളിയു. തോമസ്സായിരുന്നു. ഒരു ഇംഗ്ലീഷുകാരൻ പ്രസ്തുത സമിതിയുടെ യോഗത്തിൽ അദ്ധ്യക്ഷനാവുകയെന്നുള്ളത് ഇപ്പോൾമാത്രമാണ്. ഇതിനുമുൻപു ഭാരതീയനല്ലാത്ത ഒരു പണ്ഡിതവര്യൻമാത്രമേ ആ സ്ഥാനം അലങ്കരിക്കുകയുണ്ടായിട്ടുള്ളു. അതു സിൽവെയിൻ ലെവി എന്ന ഫ്രെഞ്ചുകാരനാണ്. മലയാളക്കരയിൽ ആദ്യമായി ഈ സമിതിയുടെ ഒരു സമ്മേളനം നടത്തുന്നതും ഇപ്പോൾമാത്രമാണെന്നു പറയേണ്ടതില്ലല്ലോ. അടുത്ത യോഗം നടക്കുവാൻപോകുന്നതു ഹൈദരാബാദിലാണ്.

തിരുവിതാംകൂർമഹാരാജാവു തിരുമനസ്സുകൊണ്ടു പാലകനായും, മഹാറാണി സേതുപാർവ്വതീബായിതിരുമേനി, റസിഡെൻറ് മി: സി. പി. സ്ക്രൈൻ, സചിവോത്തമൻ സർ. സി. പി. രാമസ്വാമിഅയ്യർ ഇവർ ഉപപാലകസ്ഥാനാരൂഢരായും, തിരുവിതാംകൂർ വിശ്വവിദ്യാലയത്തിന്റെ പ്രോ: വൈസ്ചാൻസലർ മി: സി. വി. ചന്ദ്രശേഖരൻ അദ്ധ്യക്ഷനായും, ഡാക്ടർ കസിൻസ്, മഹാകവി ഉള്ളൂർ, മി: എ. ഗോപാലമേനോൻ, ഡാക്ടർ എൽ. എ. രവിവർമ്മ, മി: വി. കൃഷ്ണൻതമ്പി, മി: കെ. സാംബശിവശാസ്ത്രി, മി: ടി. കെ. ജോസഫ് മുതൽപേർ അംഗങ്ങളായും, മി: ആർ. വാസുദേവപ്പുതുവാൾ കാര്യദർശിയായും ഒരു നിർവ്വാഹകസംഘം രൂപവൽക്കരിക്കപ്പെടുകയും ആ സംഘം കാര്യക്ഷമമായ രീതിയിൽ പ്രവൃത്തിചെയ്യുകയുംചെയ്തു.

വൈദികസംസ്കൃതം, ലൌകികസംസ്കൃതം, തത്വശാസ്ത്രം, ചരിത്രം, പുരാതനവസ്തുപര്യവേക്ഷണം, ഇസ്ലാംസംസ്കാരം, ദ്രാവിഡഭാഷകഠം, കേരളകലയും കേരളസംസ്കാരവും, ഇറാനിയനും സൊറോസ്ട്രിയനും ഭാഷകഠം, ഭാഷാശാസ്ത്രം, അർദ്ധമാഗധിയും പാലിയും, ആയുർവ്വേദം, ലളിതകലകഠം, നരവംശശാസ്ത്രം, ആധുനികങ്ങളായ ഉത്തരഭാരതഭാഷകഠം എന്നിങ്ങനെ പല ശാഖകളായി യോഗം വിഭജിക്കപ്പെട്ടിരുന്നു. ഇവയ്ക്കു് ഓരോന്നിനും പ്രശസ്തന്മാരായ പണ്ഡിതന്മാരെ അദ്ധ്യക്ഷന്മാരായി വരണംചെയ്തിരുന്നു. ദ്രാവിഡഭാഷാശാഖയിൽ മഹാകവി ഉള്ളൂരും, കേരളകലാസംസ്കാരശാഖയിൽ പ്രൊഫെസർ എ. ഗോപാലമേനവനും, ആയുർവ്വേദശാഖയിൽ ഡാക്ടർ എൽ. എ. രവിവർമ്മാവും, ഔത്തരാഹഭാഷാശാഖയിൽ മി: എൻ. വി. രാമസ്വാമിഅയ്യരുമാണ് ആദ്ധ്യക്ഷ്യംവഹിച്ചതു്. ഇപ്രകാരം നാലു കേരളീയർ നാലു ശാഖകളിൽ അഗ്രാസനാധിപതികളായിരിക്കുവാനുള്ള സൌകര്യം ഈ സമ്മേളനത്തിൽ സിദ്ധിച്ചു. ലൌകികസംസ്കൃതശാഖയിൽ ആദ്ധ്യക്ഷ്യംവഹിച്ചതു് ഡാക്ടർ തോമസ്സുതന്നെയാണു്. ഇതരശാഖകളിൽ സഭാനാഥസ്ഥാനം അലങ്കരിച്ചതു പ്രായേണ ഔത്തരാഹന്മാരായിരുന്നു. ഈ ശാഖകഠംക്കുപുറമേ വാദിച്ചുതോതിൽ ഒരു പണ്ഡിതപരിഷത്തും സമ്മേളിക്കുകയുണ്ടായി. ആ പരിഷത്തിന്റെ അദ്ധ്യക്ഷൻ ചിദംബരം അണ്ണാമല വിശ്വവിദ്യാലയത്തിലെ സംസ്കൃതപണ്ഡിതനായിരുന്ന മഹാമഹോപാദ്ധ്യായൻ ദണ്ഡപാണിസ്വാമി ദീക്ഷിതരായിരുന്നു. ഡാക്ടർ തോമസ്സിനു പുറമെ നെതർലൻഡ് ഈസ്റ്റിൻഡീസിലെ പുരാണവസ്തുസംരക്ഷകനായ ഡാക്ടർ സ്റ്റട്ടർഹീമും സമ്മേളനത്തിനു വന്നുചേർന്നിരുന്നു. ഇക്കൊല്ലത്തെപ്പോലെ ഇത്രവളരെ പ്രതിനിധികഠം ഒരവസരത്തിലും

സമ്മേളിച്ചിട്ടില്ല; ഇത്ര മഹനീയന്മാരായ പ്രമാണികളും ഒന്നിച്ചുകൂടുകയുണ്ടായിട്ടില്ല. വിവിധദേശങ്ങളിൽനിന്നു സമാഗതരായ വിദ്വാന്മാരെ സൽക്കരിക്കുന്നതിലും അവരുടെ സുഖയോഗക്ഷേമങ്ങൾ അന്വേഷിക്കുന്നതിലും നിർവ്വാഹകസംഘാംഗങ്ങൾ സദാ ബദ്ധശ്രദ്ധന്മാരായിരുന്നു.

ഡിസംബർ 20-ാംനു- വൈകുന്നേരം, ഉള്ളൂർ സംസ്കൃതത്തിൽ രചിച്ച ഏതാനും മംഗളശ്ലോകങ്ങളുടെ ഉച്ചാരണത്തോടുകൂടി സമ്മേളനം ആരംഭിച്ചു. അനന്തരം മഹാരാജാവുതിരുമനസ്സുകൊണ്ടു് സമ്മേളനം ഉൽഘാടനംചെയ്യുകയും, പണ്ഡിതന്മാൎക്കു് അത്യന്തം പ്രോത്സാഹജനകമായ ഒരു പ്രസംഗംചെയ്യുകയുംചെയ്തു. അതിൽ തിരുവിതാംകൂർ ഭാരതസംസ്കാരവിഷയത്തിൽ പ്രാചീനകാലംമുതല്ക്കു ചെയ്തിട്ടുള്ള ഉദ്യമങ്ങളുടെ ഒരു ചുരുങ്ങിയ ചരിത്രം അടങ്ങിയിരുന്നു. തിരുമനസ്സുകൊണ്ടു് മാക്സ്മൂലർ തുടങ്ങിയ പാശ്ചാത്യസംസ്കൃതപണ്ഡിതന്മാരുടെനേൎക്കു്, ഭാരതീയർ എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നു പ്രത്യേകം ചൂണ്ടിക്കാണിക്കുകയുണ്ടായി. "തേജസ്വിനാവധീതമസ്തു മാ വിദ്വിഷാവഹൈ" എന്ന വേദവാക്യോച്ചാരണത്തോടുകൂടിയായിരുന്നു തിരുമേനിയുടെ പ്രസംഗം അവസാനിച്ചതു്.

അനന്തരം ഡാക്ടർ തോമസ്സ് അഗ്രാസനത്തിൽ ഉപവിഷ്ടനായി മുൻകൂട്ടി തയ്യാറാക്കിക്കൊണ്ടുവന്നിരുന്ന അദ്ദേഹത്തിന്റെ ഉപന്യാസം വായിച്ചു. പൌരസ്ത്യപ്രസംസ്കാരങ്ങളുടെ സകലകോടികളേയും ദീൎഘമായ ആ ഉപന്യാസം നിപുണമായി പരാമൎശിച്ചിരുന്നു. 'കവീന്ദ്രവചനസമുച്ചയം' എന്ന പ്രാചീനസംസ്കൃതഗ്രന്ഥത്തിന്റെ പ്രകാശകനെന്നനിലയിൽ സുവിദിതനായ ഡാക്ടർ തോമസ്സ് പാലി, നൈപാളീസ്, ജൂവാർ, ടിബെറ്റൻ മുതലായ പല പൌരസ്ത്യഭാഷകളിൽ പ്രവീണനും ജൈനദൎശനത്തിൽ പാരംഗതനും പൌരസ്ത്യവിദ്യയുടെ പല മുഖങ്ങളേയുംപറ്റി നിഷ്കൃഷ്ടമായ ജ്ഞാനം സമ്പാദിക്കുവാൻ സാധിച്ചിട്ടുള്ള ഒരു സകലകലാവല്ലഭനുമാകുന്നു. അന്നു രാത്രിയിൽ റാവുബഹദൂർ കെ. എൻ. ദീക്ഷിതിന്റെ മോഹൻജൊദാരോസംസ്കാരത്തെപ്പറ്റിയും, ഡാക്ടർ സ്റ്റട്ടർഹീമിന്റെ ജാവായിലെ പ്രാചീനഭാരതീയസംസ്കാരത്തെപ്പറ്റിയും ഓരോ മായാദീപപ്രദൎശനത്തോടുകൂടിയ പ്രസംഗമുണ്ടായിരുന്നു. രണ്ടാംദിവസം രാത്രി ഡാക്ടർ മീനാക്ഷി, ഫാദർ ഹീറാസ് ഇവരുടെ മായാദീപപ്രദൎശനങ്ങൾ നടന്നു. രണ്ടാംദിവസംമുതൽ ശാഖാദ്ധ്യക്ഷന്മാരുടെ പ്രസംഗങ്ങളും, ഓരോ ശാഖയിലും വിവിധവിഷയങ്ങളെപ്പറ്റിയുള്ള ഉപന്യാസപാരായണങ്ങളുമുണ്ടായി. അദ്ധ്യക്ഷന്മാരെല്ലാം അവരുടെ ചുമതലകൾ പ്രശസ്തമായ രീതിയിൽ നിറവേറ്റി എന്നാണു്

ശ്രോതാക്കളുടേയും, വിശിഷ്യ ഡാക്ടർ തോമസ്സിൻെറയും അഭിപ്രായം. മഹാരാജാവുതിരുമനസ്സുകൊണ്ടു് അന്നു വൈകന്നേരം അതിഥികളെ ഉദ്ദേശിച്ചു് ഒരു ഉദ്യാനവിരുന്നും, മൂന്നാംദിവസം രാത്രിയിൽ അവരിൽ അത്യന്തം മഹനീയരായ ഏതാനംപേർക്കു കനകക്കുന്നുകൊട്ടാരത്തിൽവെച്ചു് ഒരു ഡിന്നറും നല്കുകയുണ്ടായി. ഈ രണ്ടു സമ്മേളനങ്ങളിലും തിരുമേനിയുടേയും അമ്മമഹാറാണിതിരുമനസ്സിലേയും ആതിഥ്യവ്യഗ്രതയും സൌജന്യാദിഗുണഗണങ്ങളും സമാഗതന്മാരെ ഏററവും ആപഹൃതചിത്തവൃത്തികളാക്കി. ഇത്തരത്തിൽ ഹൃദയംഗമമായ ഒരു രാജകീയോപചാരം സമിതി ഇതുവരെ സമീക്ഷിച്ചിട്ടില്ലെന്നുതന്നെയാണു് അതിഥികൾ ഏകകണ്ഠമായി പ്രസ്താവിച്ചതു്. തിരുമനസ്സുകൊണ്ടു് പണ്ഡിതപരിഷത്തിലെ നടപടികൾ മൂന്നാംദിവസം കാലത്തു് എഴുന്നള്ളി ഉക്കൺപാർക്കയും തദനന്തരം മി: കെ. സാംബശാസ്ത്രി പ്രദർശിപ്പിച്ചിരുന്ന വലിയകൊട്ടാരംവകയായും അല്ലാതേയുമുള്ള പഴയ താളിയോലഗ്രന്ഥങ്ങൾ പരിശോധിക്കുകയുംചെയ്തു.

ഒടുവിലത്തെദിവസം വൈകന്നേരം സർ. സി. പി. രാമസ്വാമി അയ്യർ ഭാരതീയസംസ്കാരത്തെപ്പററി വിശിഷ്ടമായ ഒരു പ്രസംഗം ചെയ്തു. ഡാക്ടർ തോമസ്സിൻെറ ഉപസംഹാരപ്രസംഗത്തോടുകൂടി സമ്മേളനം അവസാനിച്ചു. കേരളത്തേയും കേരളസംസ്കാരത്തേയുംപററി വളരെവളരെ ബഹുമാനത്തോടുകൂടിയാണു് വിദേശീയരായ അതിഥികൾ തിരുവനന്തപുരംവിട്ടതു്. ഈ സമ്മേളനത്തിൽനിന്നു വിദ്യാവിഷയകമായി പല പ്രയോജനങ്ങളും മലയാളികൾക്കു് ഉണ്ടായിട്ടുണ്ടെന്നും ഇനിയും ഉണ്ടാകുമെന്നുമുള്ളതിനു സംശയമില്ല.

## പരിഷത്തിൻെറ ദ്വാദശസമ്മേളനം.

സമസ്തകേരളസാഹിത്യപരിഷത്തിൻെറ പന്ത്രണ്ടാമത്തെ സമ്മേളനം ഈ വരുന്ന മദ്ധ്യവേനലൊഴിവുകാലത്തു കോട്ടയത്തുവെച്ചു നടത്തുന്നതിനു വേണ്ട ഒരുക്കങ്ങൾ അവിടെ ആരംഭിച്ചതായിക്കാണുന്നു. ശ്രീമാന്മാരായ കെ. സി. മാത്തു ബി. എ. ബി. എൽ (സ്വീകരണസംഘാദ്ധ്യക്ഷൻ), ഒ. എം. ചെറിയാൻ ബി. എ. എൽ. ററി, എ. എൻ. പണിക്കർ ബി. എ. ബി. എൽ, കെ. കെ. കുരുവിള എം. എ. ബി. ഡി, വി. കെ. നാരായണപിള്ള ബി. എ. ബി. എൽ, ജി. ആർ. പിള്ള ബി. എ. ബി. എൽ, എച്ചു്. ഡി. സി. എഫ്. ആർ, സി. എൻ. ഉപ്പൻനമ്പൂതിരി

പ്പാട്, റി. പി. പരമേശ്വരയ്യർ ബി. ഏ. ബി. എൽ, റി. റി. ജോസഫ് എം. ഏ, ഈ. വി. കൃഷ്ണപിള്ള ബി. ഏ. ബി. എൽ, റവ: ഫാദർ ജോൺമററം, നാലാങ്കൽ കൃഷ്ണപിള്ള എം. ഏ. എൽ. റി, എസ്. ഗോപാലപിള്ള ബി. ഏ. എം. ബി. സി, ഏ. സ്സ്. തമ്പിറാവുത്തർ, മിസ്സസ്സ് മീനാമ്മാപീലിപ്പോസ് ബി. ഏ. എൽ. റി. എന്നുതുടങ്ങി നാല്പത്തിഞ്ചു മാന്യരടങ്ങിയ ഒരു നിർവ്വാഹകസംഘത്തെ രൂപവൽക്കരിക്കുകയും, പരിഷൽസമ്മേളനത്തിന്റെ രക്ഷാധികാരിയായിരിക്കാൻ മഹാമഹിമശ്രീ ക്യാപ്റ്റൻ ഗോദവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സിനോടും, ഉപരക്ഷാധികാരികളായിരിക്കാൻ വയസ്കര ആര്യൻ നാരായണൻമൂസ്സ് അവർകൾ, മെല്ലൂ ചിരട്ടമൺ മൂസ്സ് അവർകൾ, തെക്കേടത്തു വാസുദേവൻഭട്ടതിരിപ്പാടവർകൾ, നി: വ: ലി: ശ്രീ ഡാക്ടർ അബ്ദുല്ലാൻ ചൂരപ്പുറാവിൽ അവർകൾ എന്നിവരോടും, ഉപദേശകസമിതിയുടെ അദ്ധ്യക്ഷനായിരിപ്പാൻ വയസ്കര എൻ. എസ്സ്. എസ്സ്. മൂസ്സ് അവർകളോടും അപേക്ഷിക്കണമെന്നു തീരുമാനിക്കുകയുംചെയ്തിരിക്കുന്നു. മെ: സി. ഐ. രാമൻനായർ ബി. ഏ, വെള്ളക്കുളത്തു കരുണാകരൻനായർ ബി. എസ്സ്സി. എൽ. റി, കെ. ജെ. സ്ളീബാ എം. ഏ. എൽ. റി, വി. ടി. എബ്രഹാം എന്നിവരാണ് നിർവ്വാഹകസംഘത്തിന്റെ കാര്യദർശിമാർ. ശ്രീമാന്മാരായ കെ. പി. കരുണാകരപ്പിഷാരടി, പി. സി. കോരുത്ത് എന്നിവർ പ്രസ്തുത സമ്മേളനം സംബന്ധിച്ച പ്രസിദ്ധീകരണോദ്യോഗസ്ഥന്മാരായിരിക്കും.

50 കയിൽ കുറയാതെ സംഭാവനചെയ്യുന്നവൎക്ക് ഉപദേശകസമിതിയിൽ അംഗങ്ങളായിരിക്കുന്നതിനും സകല സമ്മേളനങ്ങൾക്കും പ്രദർശനാദികൾക്കും കുടുംബസമേതം സംബന്ധിക്കുന്നതിനും; 5 കയിൽ കുറയാതെ സംഭാവനചെയ്യുന്നവൎക്ക് സ്വാഗതസംഘത്തിൽ അംഗമായിരിക്കുന്നതിനും എല്ലാ സമ്മേളനങ്ങളിലും പ്രദർശനാദികളിലും സന്നിഹിതരാകുന്നതിനും; അവകാശമുണ്ടായിരിക്കുമെന്നാണ് നിർവ്വാഹകസംഘക്കാർ തീരുമാനിച്ചിട്ടുള്ളതു്. സമ്മേളനം മേടത്തിന്റെ മദ്ധ്യത്തിലായി നടത്തപ്പെടുമെന്നറിയുന്നു. സമ്മേളനത്തിനായി എത്രദ്രവ്യം വിനിയോഗിക്കണമെന്നു തീരുമാനിക്കപ്പെട്ടുകഴിഞ്ഞിട്ടില്ല. പ്രസ്തുത സമ്മേളനം ഭംഗിയായും വിജയകരമായും നടത്താൻ പ്രവർത്തകന്മാർ ശീഘ്രപ്രയത്നം ചെയ്തുതുടങ്ങിയിട്ടുണ്ട്. ഈ വാർത്ത പരിഷൽബന്ധുക്കളെ അത്യധികം ആഹ്ലാദഭരിതരാക്കിത്തീർക്കുമെന്നുള്ളതിനു സംശയമില്ലല്ലോ.

# പരേതനായ രാജശ്രീ
# പി. കെ. നാരായണപിള്ള.

“സാഹിത്യപഞ്ചാനനൻ” എന്ന ബിരുദനാമത്താൽ പ്രസിദ്ധനായ പി. കെ. നാരായണപിള്ള അവർകളുടെ അകാലദേഹവിയോഗത്തിൽ പരിഷത്തിനുള്ള നിർവ്യാജമായ അനുശോചനത്തെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

മുന്നു വ്യാഴവട്ടത്തിലധികം കാലമായി കൈരളീസേവനത്തിനുവേണ്ടി ശക്തിയോടും നിപുണതയോടുംകൂടി ഉള്ളഴിഞ്ഞു പ്രയത്നിച്ചുപോന്നിട്ടുള്ള ആ മഹാൻ മകരം 28-ാംനു- കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയെന്നുള്ള മർമ്മാന്തുദമായ വർത്തമാനം “ത്രൈമാസിക”ത്തിന്റെ ഈ ലക്കം പുറത്തിറക്കാറായപ്പോളാണ് ഇവിടെ കിട്ടിയതു്. ഈ അത്യാഹിതം, ഭാഷയെക്കുറിച്ചു സ്വല്പമെങ്കിലും സ്നേഹമോ അഭിമാനമോ ഉള്ള കേരളീയർക്കെല്ലാം അതിതീവ്രമായ മനോവേദനയെ ഉളവാക്കിയിരിക്കുന്നു! ശ്രീമാൻ പി. കെ. ശരീരാസ്വാസ്ഥ്യംനിമിത്തം കുറെ ദീർഘകാലമായി അവശതയെ പ്രാപിച്ചിരുന്നുവെങ്കിലും, ഇത്ര പെട്ടെന്നവർ ഇഹലോകവാസം വെടിഞ്ഞുപോകുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. അഥവാ, ഹൃദയസ്പന്ദനം പെട്ടെന്നു നിലച്ചുപോകുക എന്നതു് ആർക്കാണ്, എപ്പോളാണ്, സംഭവിക്കുവാൻപാടില്ലാത്തതു്! ഭാരതീയസംസ്കാരത്തിന്റെ പരിണതഫലമായിരുന്ന ആ പണ്ഡിതവരേണ്യൻ തന്റെ അന്ത്യകാലത്തു ദേഹത്യാഗത്തിന് ഏതുനേരത്തും സന്നദ്ധനായിട്ടാണിരുന്നതെന്നു കേൾക്കുകയുണ്ടായി. എന്നാൽ അദ്ദേഹത്തിന്റെ ചരമംനിമിത്തം കൈരളിക്കുണ്ടായിട്ടുള്ള നഷ്ടം കേവലം അപരിഹാര്യംതന്നെയെന്നു പറയാതെ നിവൃത്തിയില്ല. ഇഹലോകവാസം വെടിയുന്നസമയത്തു് അദ്ദേഹത്തിനു പ്രായം ഷഷ്ടിപൂർത്തിയോടടുത്തിരുന്നുവെങ്കിലും കൈരളീസേവനത്തിലുള്ള ഉത്സാഹത്തിനും ഓജസ്സിനും യാതൊരു കുറവുമുണ്ടായിരുന്നില്ല. നേരെമറിച്ച് അദ്ദേഹം അവസാന

മായി എഴുതിക്കൊണ്ടിരുന്ന "സ്മരണമണ്ഡല"ത്തിൽ സാഹിത്യപഞ്ചാനനന്റെ സകല ശക്തികളും പൂർവ്വാധികം പ്രകാശിച്ചുകാണുകയുംചെയ്തിരുന്നു. ഗാംഭീര്യവും സൌന്ദര്യവും കൈകോർത്തുപിടിച്ചു നടന്നിരുന്ന അദ്ദേഹത്തിന്റെ ഗദ്യസരണിയെ അത്യാദരപുരസ്സരം അഭിനന്ദിക്കാത്തവർ സാഹിത്യലോകത്തിലാരെങ്കിലുമുണ്ടാകുമെന്നു തോന്നുന്നില്ല. അഗാധമായ വൈദുഷ്യം, ബഹുമുഖമായ പാണ്ഡിത്യം, ഓജോമയമായ മനോഭാവം, എന്നിവ പ്രത്യക്ഷത്തിൽ പ്രോത്ഭാസിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹത്തിന്റെ ഉപന്യാസങ്ങളിൽ അനന്യസുലഭമായ ഒരു ഫലിതരസം—തന്റെ സ്വദേശമായ അമ്പലപ്പുഴയ്ക്ക പ്രശസ്തി നേടിക്കൊടുത്തിട്ടുള്ള കുഞ്ചൻനമ്പ്യാരെ അനുസ്മരിപ്പിക്കുന്ന ഒരു ഫലിതരസം—നിഗൂഢമായി കളിയാടുന്നുണ്ട് എന്നാണൈകകണ്ഠ്യമാണ്. അതോടുകൂടി വിമർശനവിഷയത്തിൽ തനിക്കുണ്ടായിരുന്ന അവഗാഹവും വൈദഗ്ദ്ധ്യവും വൈഭവവും കൂടി ആലോചിക്കുമ്പോൾ, ഇംഗ്ലീഷിൽ പ്രൊഫസർ സെയ്ൻറ്സ്ബറിയോടാണ് അദ്ദേഹത്തെ ഉപമിക്കുവാൻതോന്നുന്നത്. കുഞ്ചൻനമ്പ്യാർ, ചെറുശ്ശേരി, എഴുത്തച്ഛൻ എന്നിവരെപ്പറ്റി സ്വതന്ത്രാലോചനചെയ്ത് അദ്ദേഹം എഴുതീട്ടുള്ള ഗ്രന്ഥങ്ങൾ ആംഗ്ലേയവിമർശനരീതിയിൽ മലയാളത്തിൽ ഇദംപ്രഥമമായി ആവിർഭവിച്ച പ്രധാനഫലങ്ങളാണെന്നു പറയാം. സാഹിത്യപഞ്ചാനനൻ മലയാളത്തിലെന്നപോലെ സംസ്കൃതത്തിലും ഇംഗ്ലീഷിലും കറകളഞ്ഞ പാണ്ഡിത്യം സമ്പാദിച്ചിരുന്നു; എന്നുമാത്രമല്ല, പാണ്ഡിത്യത്തിനും സഹൃദയത്വത്തിനുംതമ്മിൽ യാതൊരു സ്പർദ്ധയുമുണ്ടായിക്കൊള്ളണമെന്നില്ലെന്ന് അദ്ദേഹം തന്റെ കൃതികളെക്കൊണ്ടും സംഭാഷണങ്ങളെക്കൊണ്ടും ധാരാളം വിശദമാക്കീട്ടുണ്ട്. കവിതയിലും ശ്രീമാൻ പി. കെ. കൈവെയ്ക്കാതിരുന്നിട്ടില്ലെന്ന് "ശ്രീമൂലമുക്താവലി"യും "കിരാതകാവ്യ"വും പല മുക്തകങ്ങളും തെളിയിക്കു

ന്നുണ്ടല്ലൊ. എന്നാൽ കവിതാവിഷയത്തിൽ അദ്ദേഹം ശ്രീഹർഷൻ, അനന്തഭട്ടൻ, ഉണ്ണായിവാരിയർ എന്നിവരുടെ പ്രസ്ഥാനങ്ങളിലാണ് ഉറച്ചിരുന്നതെന്നുള്ളതു പരസ്യമായ ഒരു രഹസ്യമത്രെ. ആ പ്രസ്ഥാനത്തിലുൾപ്പെടുന്ന കാവ്യങ്ങളുടെ കൂട്ടത്തിൽ അദ്ദേഹത്തിന്റെ പദ്യകൃതികൾക്കൊരു മാന്യസ്ഥാനത്തിനവകാശമുണ്ടെന്നുള്ളതു നിൎവ്വിവാദവുമാണ്.

ചുരുക്കിപ്പറഞ്ഞാൽ, കേരളവൎമ്മവലിയകോയിത്തമ്പുരാന്റെ കാലഘട്ടത്തോടനുബന്ധിച്ചുള്ള പണ്ഡിതകവിപരമ്പരയിലെ ഒരു പ്രധാനാംഗം, "സാഹിത്യപഞ്ചാനന"ന്റെ നിൎയ്യാണത്തോടുകൂടി കൈരളിക്കു നഷ്ടമായിപ്പോയിരിക്കുന്നു! കൈരളിയുടെ ഈ നഷ്ടം എന്നാണ് തീരുക? ഒരിക്കലും തീരുകയില്ലെന്നാണ് തോന്നുന്നതു്!

പ്രൗഢവും സാരസമ്പന്നവുമായ സാഹിത്യസേവനംകൊണ്ടു് അനശ്വരയശസ്സു സമ്പാദിച്ചു്, ഭാഷാപ്രണയികളുടെ മനസ്സുകളിൽ ശാശ്വതപ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞിട്ടുള്ള പണ്ഡിതാഗ്രഗണ്യനും വിമൎശകകേസരിയുമായ പി. കെ. നാരായണപിള്ള അവർകളുടെ നിൎയ്യാണത്താൽ നിരാശാഭരിതരായിത്തീൎന്നിരിക്കുന്ന സ്വകുടുംബാംഗങ്ങളോടും കൈരളീകുടുംബാംഗങ്ങളോടും പരിഷത്തിനുള്ള അകൈതവമായ അനുശോചനത്തെ ഇവിടെ രേഖപ്പെടുത്തുകയും പരേതന്റെ ആത്മാവിനു നിത്യശാന്തിയെ പ്രാൎത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

പുസ്തകം 6. ലക്കം 3.

സമസ്തകേരള

# സാഹിത്യപരിഷത്ത

വക

# ത്രൈമാസികം.



1113 മേടം.

വരിസംഖ്യ

പരിഷത്സാമാജികന്മാർക്ക് (വരിസംഖ്യയടക്കം) ആണ്ടിൽ മൂന്നു രൂപ.
സാമാജികന്മാരല്ലാത്തവർക്ക് ,, മൂന്നു രൂപ.

ഒററപ്രതിക്ക് ഒരു രൂപ.

എറണാകുളം.

സനാതനധർമ്മം അച്ചുക്കൂടം, പോണോത്ത്, എറണാകുളം.

# വിഷയവിവരം.


പേജ്.

1. പഞ്ചവങ്കാട്ട നീലി — 259
ഉള്ളൂർ

2. രാസക്രീഡ. (പ്രാചീന കവിത.) — 280
സമ്പാദകൻ—വെള്ളത്തുരുത്തി കരുണാകരൻനായർ ബി. എസ്‌സി, എൽ. റ്റി.

3. നീലകണ്ഠൻെറ കൊച്ചിരാജപരമ്പര — 283
പ്രൊഫസർ കെ. രാമപ്പിഷാരടി. എം. എ.

4. മറുപടി — 291
ഉള്ളൂർ

5. പാർവ്വതീപരിണയം (പ്രാചീനകൃതി.) — 298
സമ്പാദകൻ—കെ. നാരായണപ്പിഷാരടി. എം. എ.

6. മുദ്രാരാക്ഷസനാടകം — 308
പി. ഭാഗീരഥീദേവി. എം. എ.

7. രണ്ടു പഴയ കീർത്തനങ്ങൾ — 329
സമ്പാദകൻ—ടി. സി. അച്യുതൻനമ്പൂതിരി

8. ഭാഷാന്തരീകരണം. — 331
പി. എൻ. കൃഷ്ണയ്യ്. ബി. എ. എൽ. റ്റി.

9. ചില ശൃംഗാരശ്ലോകങ്ങൾ — 336
ലക്ഷ്മീപുരത്തു രവിവർമ്മ കോയിത്തമ്പുരാൻ

10. സംഗീതവും സാഹിത്യവും — 339
എം. എ. രാമരാജമേനോൻ

11. ഡാൻറി അലിഗ്ഗീരി — 346
എം. ഒ. ജോസഫ്, നെടുങ്കുന്നം

12. കൊച്ചിമഹാരാജാവിൻെറ ഒരു ശിലാശാസനം — 365
ഉള്ളൂർ

13. പരിഷൽകാര്യങ്ങൾ
റജിസ്റ്റർചെയ്ത പരിഷത്തിൻെറ ആറാം വാർഷികയോഗം — 366
112-113-ലെ വാർഷികവിവരണം — 368
ആഡിറ്ററുടെ റിപ്പോർട്ട് — 371

113.114-ലെ ബഡ്ജററ് 372
112-113-ലെ കണക്ക് 373
വരിസംഖ്യ തന്നവരുടെ പേരുവിവരം 374
പരിഷൽപ്രാരംഭസമ്മേളനത്തിന്റെ ചുരുക്കവിവരണം 375
സമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയങ്ങൾ 382

14. പത്രാധിപക്കുറിപ്പുകൾ

ക. മള്ളൂർ ഗോവിന്ദപ്പിള്ളയുടെ ഷഷ്ട്യബ്ദപൂർത്തി 385
ഖ. ചില ചരമങ്ങൾ
1. വി. കൃഷ്ണൻതമ്പി 386
2. കെ. പി. കറുപ്പൻ 387
3. ഇ. വി. കൃഷ്ണപിള്ള 388
ഗ. തിരുത്തൽ 389

## ശുദ്ധിപത്രം.

| പുറം. | വരി. | അശുദ്ധം. | ശുദ്ധം. |
|---|---|---|---|
| 259 | 11 | ദൂരക്കാരി | ദൂരക്കാറി |
| 261 | 21 | നിഷ്ഠ | നിഷ്ഠാ |
| 264 | 24 | താലമാലമാല | തലമാമല |
| 266 | 14 | ഉപ്പിറപ്പ് | ഉൾപ്പിറപ്പ് |
| 270 | 27 | കൈകഴവന്ന | കൈക്കഴവന്ന |
| 272 | 8 | ഏന്നകം | ഏന്നാകം (അകം = കന്നത്) |
| 274 | 19 | കാക്കയാറ് | കാക്കയാട് |
| 275 | 13 | കൈവരുളിൽ | കൈവരുളിൽവരെ |
| 276 | 16 | ശാസ്ത്രിരെന്റ | ശാസ്ത്രിമെന്റ |
| 293 | 24 | സ്ഥലത്തിൽ | സദസ്സിൽ |
| 297 | 22 | അഭ്യുദയിച്ച് | അഭ്യുദയിച്ചു |

സമസ്തകേരള

# സാഹിത്യപരിഷത്ത്

വക

# ത്രൈമാസികം.

പുസ്തകം 6. 1113 മേടം. ലക്കം 3.

# പഞ്ചവങ്കാട്ടു നീലി.

(ഉള്ളൂർ)

യശശ്ശരീരനായ സാഹിത്യകുശലൻ സി. വി. രാമൻപിള്ളയുടെ 'മാർത്താണ്ഡവർമ്മാ' എന്ന സുപ്രസിദ്ധമായ നോവൽ വായിച്ചിട്ടുള്ളവർക്ക് 'പഞ്ചവങ്കാട്ടു നീലി' എന്ന യക്ഷിയുടെ കഥയെപ്പററി അറിവുണ്ടായിരിക്കുമല്ലോ. ആ കഥയുടെ മൂലമായ 'നീലികഥ' എന്നൊരു വിശിഷ്ടമായ വില്ലടിച്ചാൻപാട്ടു തെക്കൻതിരുവിതാംകൂറിൽ നടപ്പുള്ള മലയാളതമിഴ്ഭാഷയിൽ ഇന്നും അളയന്മാർ പാടിവരുന്നുണ്ട്. ഈഷദ്വ്യത്യാസങ്ങളോടുകൂടി ആ പാട്ടു പല പാഠങ്ങളായി പ്രചരിക്കുന്നു. അതിന്റെ ഒരു സംക്ഷേപജ്ഞാനം വായനക്കാർക്കു നല്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ ഉപന്യാസം രചിക്കുന്നത്.

"അഴകുടയ പഴവനല്ലൂർ അമ്മയപ്പൻ തിരുക്കോവിൽ
കഴകുടയ സംഗീതം കൂത്താട്ടം മുറക്കാരി

പണിവിടെ(1)കൾ താൻ മുകിഞ്ഞു പടികടന്നു വെളിയിൽ വന്നാൾ
മണിയറിട്ടും കോവിലുക വാഴ്ച്ചപ്പെക്കാരനവൻ
വിശമ്പിയന്ത കോവിൽനമ്പി വേശമകള(2)രികിൽവന്നാൻ
കരുമ്പിനിയമൊഴിയാളെക്കണ്ണൊട്ടും പൊട്ടനാം
ആശമൊഴി പലതുംചൊല്ലിയവളുടനെ ഉറവാടി
വേശമകൾ വേഷിയനെ വീട്ടകത്തേ കൂട്ടിവര,
വീട്ടിൽ വരക്കണ്ടപ്പോളു വേശ്യുടതായ്ക്കിഴവി
"നാട്ടിലുള്ള നമ്പിയിവൻ നമുക്കൊരു ദൈവമല്ലോ.
കിഴപ്പയുടൻ പണം കാശു കേളാതേ നീ മകളേ!
മനംകൂടിത്തന്നിടും കാണ മറയോർകളാനാലും"
മാറുകണ്ണിതായ്ക്കിഴവി മകൾതനക്കപ്പൊത്തിചൊന്നാൾ.

പവിഴനല്ലൂർ അമ്മയപ്പൻകോവിലിലെ ഒരു ദാസി തന്റെ ക്ഷേത്രക്കൈങ്കര്യങ്ങൾകഴിഞ്ഞു് ഒരുദിവസം തന്റെ ഗൃഹത്തിലേയ്ക്കു തിരിയെപ്പോകുമ്പോൾ ആ കോവിലിലെ മേൽശാന്തിയായ നമ്പി അവളെക്കണ്ടു മോഹിച്ചു. അപ്പോൾ അവൾ മധുരവാക്കുകൾകൊണ്ടു കാമത്തെ വർദ്ധിപ്പിച്ചു് ആ നമ്പിയെ തന്റെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അവിടെവച്ചു് മാറുകണ്ണിയായ അവളുടെ തള്ളക്കിഴവി മകൾ അയാളോടു പണവും കാശും ചോദിക്കരുതെന്നും ബ്രാഹ്മണരാണെങ്കിലും പ്രേമം മുഴുക്കുമ്പോൾ വേണ്ടതെല്ലാം കൊണ്ടുവന്നു തന്നുകൊള്ളുമെന്നും ഉപദേശിച്ചു.

മകൾതനക്കപ്പൊത്തിചൊല്ലി മറയോനെ വശപ്പെടുത്ത
മറയോനെ വശപ്പെടുത്ത മരുന്തനെന്നു കൂട്ടുവാറാൾ
മകൾകണ്ണിലെ താൻ കൊടുത്തു മറയോനെ വശപ്പെടുത്തി
മണപ്പിന വാർത്തകേട്ട മനംപൊറുക്കമാട്ടാമൽ
പഴപ്പാന മടിശ്ശീലയിൽ പണത്തെയള്ളി (3) മടിയിലിട്ടാൻ
മടിപ്പണത്തെക്കണ്ടപ്പോതേ മണിവിളക്കം താൻ കൊളുത്തി
സുന്ദരം ചേർകട്ടിലിലെ തൂളിമെത്തെ തന്നെവിരിച്ചു്
പട്ടുത്തുറന്ത വാതമെന്റു പഞ്ചണമേൽ കൊണ്ടുപോനാൾ.
മരുന്തിന്റെ വേതിയനാം മയങ്കിയവാം താൻ കിടക്ക
മുതലിരക്കം മടിശ്ശീലയിൽ മുഴുവനെല്ലാം തടവിനാളേ.

(1) പണിവിട = കൈങ്കര്യം
(2) വേശമകൾ = വേശ്യാസ്ത്രീ (3) അള്ളുക = വാരുക

ഗാവിൽച്ചുറ്റെട്ട കഴറുകൈക്കൈനിറയപ്പണം കൊടുത്താൻ
മേലിൽച്ചുറ്റെട്ട കഴറുകയ്ക്കു മെത്തമെത്തപ്പണംകൊടുത്താൻ
വായിൽ മുത്തമിടുവതിന്ന് വരാഹനങ്ങളിത്താൻകൊടുത്താൻ
കെട്ടുതൊഴുവുടമയെല്ലാം കിഴിപ്പയുടൻ താൻ കൊടുത്താൻ
കോവിലുള്ള വുടമയെല്ലാം കൊള്ളയിട്ടും താൻ കൊടുത്താൻ
കാവിലുള്ള വുടമയെല്ലാം കളവാണ്ടും താൻ കൊടുത്താൻ
അകത്തിലുള്ളുടമയെല്ലാമവൾക്ക വിലയായ്ക്കൊടുത്താൻ
ആറുവക്കം പൊന്നുടമയവൾക്ക വിലയായ്ക്കൊടുത്താൻ.

ആങ്ങനെ ഉപദേശിപ്പിട്ട തായ്ക്കിഴവി ഉത്തരക്ഷണത്തിൽ ചെയ്യതു് ആ കാമുകനെ മയക്കുന്നതിനുള്ള മരുന്നുണ്ടാക്കുകയായിരുന്നു. ആ മരുന്നു മകളുടെ കൈയിൽ കൊടുത്തു് അയാളെ തീറ്റിച്ചു. മണമുണരാത്ത (അറ്റമിന്നും തൊടാത്ത) വാക്കുകൾ വേശ്യ അയാളോടു സംസാരിച്ചുതുടങ്ങി. മടിശ്ശീലയിലുള്ള പണം വാരി അയാൾ ഉടൻ അവളുടെ മടിയിലിട്ടു. പിന്നെ അവളുടെ ചൊല്പടിക്കാരനായി ആ വിഡ്ഢി. കൈമുതൽ തീർന്നപ്പോൾ കട്ടും കവർന്നും ഗൃഹത്തിലെപ്പണങ്ങൾ തട്ടിയെടുത്തും അവൾക്ക നിത്യവും സമ്മാനിച്ചുതുടങ്ങി. ഒടുവിൽ കൈ മുടിഞ്ഞു് അയാൾക്ക് ഒരു നിവൃത്തിയുമില്ലാതെയായി.

കൊടുക്ക മുതലില്ലാമൽ കുറിവന്ന മറയോനും
അടുത്തനാളിൽ വേളയിലേ അവൾവീട്ടിൽപ്പോയിരുന്താൻ
കൈക്കപ്പാതളമില്ലാമൽ കാതലിയാൾ കാണവില്ലെ.
നിറവില്ലാപ്പാതകത്തി നിഷ്ഠുരത്തായ്ക്കിഴവി
മറയോനെക്കണ്ടപിമ്പേ മകളോടേ ചണ്ടയിട്ടാൾ.
“അരക്കാശു കിടയാതെ ആൺപിള്ളയോടിരുന്നു
ചിരിച്ചു വിളയാടുവതും തിനന്തിനമായലക്കൊടുപ്പും
കഴകടിയിൽ നായപോലേ കാത്തിരുന്നും തൂങ്കുകിറാ”
ഒന്നാക വെതിയൻതൻ നെഞ്ചുനേരെ കാൽനീട്ടി
വാവമെൻറു ചൊല്ലാമൽ വാർത്തകൂടാതെയിരുന്താൾ.
“കൃതാരുവാർ വീടുകൊണ്ടു കാണിയോ ഉനക്ക?
ഉത്തരവുമില്ലാമൽ ഓയാതെ വരുവാനേൻ?
ചെത്തവനേ! പാപ്പാനേ! തിണ്ണവിട്ട് എഴുന്തിരടാ!”
കിഴവിയുടെ പേച്ചയെല്ലാം കേട്ടിരുന്ന മറയവനും
അഴ്ത്തുകൊണ്ടു അവമാനായ അകരമതിൽപ്പോകാമൽ,
കൊണ്ടാടിപ്പൂചെയ്യും കോവിലുക്കും പോകാമൽ,
പെറ്റതന്റെ വീട്ടിറമ്പിൽപ്പുരമേലും പോനാനേ.

കൈയിൽ കാൽ പൈസപോലുമില്ലാത്ത അവനെക്കണ്ടപ്പോൾ പാപിഷ്ഠയായ കിഴവിയുടെ മട്ടൊന്നു മാറി. ആദ്യമായി മകളോടു ദേഷ്യപ്പെട്ടു. "ഈ ഇരപ്പാളിയുമായിട്ടു നീയെന്തിനാണെടി ഇങ്ങനെ ചിരിക്കുകയും കളിക്കുകയും അലഞ്ഞുനടക്കുകയും ചെയ്യുന്നത്? കഴുകമരത്തിന്റെ ചുവട്ടിൽ നില്ക്കുന്ന നായയെപ്പോലെ കാത്തിരിക്കുമ്പോഴും നീ ഉറങ്ങുന്നവല്ലോ" എന്ന് അവളോടു പറഞ്ഞിട്ട്, സർവ്വസ്വവും അവൾക്കായി ഭീപാളിവച്ചു കഴിഞ്ഞ ആ പാപ്പർപ്പുള്ളിയോട് ഉപചാരവാക്കായി ഒന്നും പറയാതെ "ദാസിമാരുടെ വീടുകൾ, എടാ! നീ അട്ടിപ്പേറവകാശിയ വസ്തുക്കളാണോ? എന്റെ കല്പനകൂടാതെ എന്തിനിവിടെ എന്നും കേറിവരുന്നു? ജീവച്ഛവമായ നീ എന്റെ തിണ്ണയിൽനിന്നെഴുന്നേറ്റുപോടാ" എന്ന് അട്ടഹസിച്ചു. ശാന്തിക്കാരനാകട്ടെ കണ്ണീരുംകൈയുമായി അവിടംവിട്ടു ക്ഷേത്രത്തിലേയ്ക്കോ ഗൃഹത്തിലേയ്ക്കോ പോകാതെ പരദേശത്തേയ്ക്കു യാത്രയുമായി.

എന്നാൽ വാസ്തവത്തിൽ തള്ളയെപ്പോലെ മകൾ ദുഷ്ടയായിരുന്നില്ല; ആ യുവതിയ്ക്കു നമ്പിയുടെനേർക്കു കൃതജ്ഞതയും അനുരാഗവുമുണ്ടായിരുന്നു.



പാപ്പാനെക്കാണാതെ പതറി മനം തള്ളാടി(1)
പരദേശംപോനതൊരു പാപ്പാനെക്കൂട്ടിവര
ദ്ദിശമതായ് ദാസികൾ ഇടർന്താളുയവൻപിറകെ.
കടുനടയായ് താനോടിക്കോടകര വഴിമറെയ്ത്തു
"കെടുതിയില്ലാപ്പുത്തിയുള്ളോർ കിഴവിമൊഴി കേൾപ്പാരോ?
എന്നുടയ വീട്ടകമെയിതപ്പുതെല്ലാം തരുവേനേ.
എന്നുടയ മഹിമയെല്ലാം ഇല്ലാതോ മന്നവനേ?
മന്നവനേ (2) ഉന്നൈവിട്ടു മറന്തിരുക്കമാട്ടേൻ നാൻ
ഉന്നൈവിട്ടു മറന്തിരുക്ക എൻമനതിൽ കാണവില്ലൈ"
എൻറുചൊല്ലി മനംതെറിയിരുണ്ട കള്ളിനിഴലതിലേ
സന്തോഷമായവരും തണലതിലേ പോയിരുന്താർ.
വെള്ളിവെച്ചു വിളയാടി വെററിലയും തിന്നയിലേ
മടമടന വിയർത്തെൻറാൾ; മലർമുടിയെക്കോതുമെൻറാൾ
പഴികാറൻ മേൽപാർത്തുപ്പുകള്ളു മുടികോതയിലേ
വഴിനടന്താകയാലേ മടിമീതിലുറങ്കിവിട്ടാൾ

(1) തള്ളാടി = തളർന്നു.
(2) മന്നവൻ — രാജാവ് (ഇവിടെ തമ്പി നാഥൻ)

തന്റെ കാമുകനെ തിരിയെ വിളിച്ചുകൊണ്ടുവരുന്നതിലേയ്ക്കു യുവതി ഓടിപ്പോയി. മാർഗ്ഗമദ്ധ്യത്തിൽ അയാളെക്കണ്ടുമുട്ടി. ബുദ്ധിമാന്മാർ കിഴവികളുടെ വാക്കുകൾ കേൾക്കുകയില്ലെന്നും തന്റെ സ്വത്തെല്ലാം അയാൾക്കു കൊടുക്കുവാൻ താൻ തയാറാണെന്നും മറ്റുംപറഞ്ഞു് അയാളെ സാന്ത്വനംചെയ്തു. താംബൂലചർവ്വണത്തിനുശേഷം ക്ഷീണതനിമിത്തം അയാളുടെ മടിയിൽകിടന്നുറങ്ങി.

അതുവരെ മൂഷിതനായിരുന്ന ശാന്തിക്കാരന്റെ മട്ടു് അപ്പോഴേക്കും പാടെ ഒന്നു മാറി. ഭയങ്കരനായ ഒരു രാക്ഷസനായാണു് അനന്തരം അയാൾ പെരുമാറിത്തുടങ്ങിയതു്.

നിത്തിരയെ താനറിഞ്ഞു നെഞ്ചതിലെ വൈരംവൈത്താൻ
"പച്ചിലയിൽ മരുന്നുതന്ന പഴികാറി മകളല്ലവോ?
ഒരുലക്ഷം പൊന്നടമെയടങ്കൽ(1)മായ് വൈത്താളെ"
അവളുടമെയപ്പൊഴുതെ അന്തമെന്നും താൻകഴററി
കസവിട്ടപെട്ടിയിലെ കട്ടിവൈത്താൻ പൊട്ടണ(2)മായ്.
ഉടയുരുവു് കൺകരിഞ്ഞു തോകയമെയതിലിറക്കി
തലയെടുത്തു മണ്ണിൽവെച്ചു തട്ടമെന(3)വെ താനെഴുന്താൻ.
തട്ടമെനവെ താനെഴുന്തു ചാറൽമല പോനാനേ
"പച്ചിലയിൽ മരുന്നുതന്ന പഴികാറിമകളല്ലവോ?
കൊല്ലാതെ പോനാലോ കൂടവരുവാ"ളെന്നവെ
എൻറുചൊല്ലി വെതിയനാം ഇനിവരുവതറിയാതെ
കല്ലെടുത്തു തലയിലിട്ടുകള്ളിമരത്തോടൊളിത്താൻ.
സംഗതിയാൽ കൽവിഴുന്നു തലനെരിഞ്ഞു കൺവിഴിഞ്ഞു
പരക്കെയാരും കാണാമൽ പാര(4)ക്കള്ളിമരനെപ്പാർത്തു
"അടിപിടിയായ്" നാനിവളെനെയനിയായം ചെയ്യുതില്ലെ
കടവുളാർ(5)താനറിയ കള്ളിമരമേ സാക്ഷി"
സാക്ഷിവെച്ചുരച്ചുനാളെല്ലാം തനിമറയോൻ താൻകേട്ടു
"മച്ചുവിട്ടുരച്ചോന്നവളെ മുഴുതുമിനികൊല്ലവേണം"
പിന്നെയവർ കല്ലെടുത്തു പിടലിയിലേ പൊട്ടുവിട്ടാൻ
മനുഷ്യരെക്കാണാമൽ മറയപ്പോമോടിവിട്ടാൻ.

---

(1) അടങ്കല്ലം = ആഭരണം. (2) പൊട്ടണം = പൊതി. (3) തട്ടമെന = പെട്ടെന്നു്, (4) പാരം = ഏറ്റുക (അതിശയം) (5) കടവുളാർ = (കടവുൾ) ദൈവം.

വേശ്യ നിദ്രാധീനയായശേഷം ശാന്തിക്കാരനു പൂർവ്വസ്മരണയുണ്ടായി. "ഇവളല്ലേ പച്ചിലയിൽ എനിക്കു മത്തങ്ങതന്ന പാപിഷ്ഠയുടെ മകൾ?; ഇവളല്ലേ എന്നിൽനിന്ന് അറുപതിനായിരം പൊന്ന് അപഹരിച്ചവൾ?" എന്നിങ്ങനെ വിചാരിച്ചു. പ്രതികാരേച്ഛ അയാളെ ഉത്തേജിപ്പിച്ചു. അവളണിഞ്ഞിരുന്ന ആഭരണങ്ങളെല്ലാം അഴിച്ച് അയാളുടെ പെട്ടിക്കകത്തുവച്ചു. ഇടയാമം മണൽകൂട്ടി അവളെ അതിൽ പുതച്ചു തല താഴെയിൽ വച്ചിട്ടു പെട്ടിയുംകൊണ്ടു സ്വല്പം ദൂരെപ്പോയി. പിന്നെയും "പച്ചിലയിൽ എനിക്കു മത്തങ്ങതന്ന പാപിഷ്ഠയുടെ മകളല്ലേ ഇവൾ?" എന്നു വീണ്ടും പൂർവ്വസ്മൃതിപിശാചിക ആവേശിക്കയാൽ തിരിയെവന്ന് ഒരു കല്ലെടുത്ത് അവളുടെ തലയിലിട്ടു. അതുകൊണ്ട് അവൾ മരിച്ചില്ല. പ്രാണവേദനയോടുകൂടി "ഞാൻ ഇയാളോട് (കലശമംവിട്ട്) അന്യായമായി ഒന്നും പ്രവർത്തിച്ചില്ലല്ലോ. ഇയാളുടെ ഈ കൃത്യം ദൈവമറിയട്ടെ. ഇവിടെ വേറെയാരെയും കാണുന്നില്ല; അതിനാൽ അല്ലയോ കള്ളിച്ചെടി, നീതന്നെ ഇതിനു സാക്ഷി" എന്ന് അവൾ മരിച്ചു. അന്നേരം ഒരു ചെടിയുടെ പിന്നിൽ മറഞ്ഞിരുന്ന ഒരു ഘാതകൻ മറ്റൊരു കല്ലുകൂടി അവളുടെ പിടലിയിൽ ഇട്ടിട്ട് അവൾ മരിച്ചതായ്ക്കണ്ട് അവിടംവിട്ട് ഓടി.

മാറുകണ്ണിതായ്ക്കഴിവിൽ മകരനാദം എട്ടു കൊണ്ടവൾ.
"പുത്തികെട്ട മകരമാസത്തിൽ പോന്നോളെ വെളിയൻപിൻ.
പാപ്പാനെക്കൂടാതെ പഞ്ചാവിലവും പെയ്യാതെ
തഞ്ചിര(1)മായ് താനോടിത്താമണ്ണെക്കൂട്ടിവാരാ"
എൻറുതായാർ ചൊല്ലിടവേ യഴുന്നിറ്റു പുറപ്പെട്ടവാൻ.
അൻറു തരമാ പടകളത്തിൽ അസ്തമനംപോയ് ചെൻറു കണ്ടാൻ.
തലമേലെകിടന്ന കല്ലു താനാ വെട്ടി തള്ളിവിട്ടാൻ.
പുലികടുവാതടമതില്ലെ; കാട്ടാനറ്റുതെയില്ലെ;
മടിതനിലെ ഉറങ്ങിനാളോ? മണൽമീതിൽ കിടന്നിനാളോ?
പൊന്മാന കല്ലെറിഞ്ഞു പാപ്പാനെ പിടിയെടുത്താൻ.
പാപ്പാനറിഞ്ഞിരിപ്പാനോ? പഴവനല്ലർപിഴച്ചതിട്ടോ?
പെൺപഴിയുമാൺപഴിയും പിറാമണന്നെൻറുചൊല്ലി
ചൂറിയക്കം വലഞ്ഞുവച്ചു സുരിയനെക്കെത്താഴ്ത്തു
തങ്കയാളെക്കൊൻറകല്ലാൽത്താഴെലായമെറ്റുപട്ടാനെ.

---

(1) തഞ്ചിരം = വേഗം.

മകളെ കാണാഞ്ഞതിനാൽ തായ്ക്കിഴവി സംശയിച്ചു് അവളുടെ ജ്യേഷ്ഠനായ തന്റെ മകനെ അവളെ അന്വേഷിച്ചു്, 'പാപ്പാനെ'ത്തള്ളിയും പണച്ചിലവു വരുത്താതെയും മകളെത്തിരിയെ വിളിച്ചുകൊണ്ടുവരുവാൻ പറഞ്ഞയച്ചു. അയാൾ തന്റെ സഹോദരി മരിച്ചുകിടക്കുന്ന സ്ഥലത്തുചെന്നു കാര്യംമുഴുവൻ മനസ്സിലാക്കി, അവളുടെയും തന്റെയും ദുരിതം നമ്പിയെത്തന്നെ കാരണമാക്കി, അവളെ കൊല്ലുവാൻ ഉപയുക്തമായ കല്ലുകൊണ്ടു തന്റെ മരണത്തിനും ഇടവരുത്തി. ഇനി ഘാതകന്റെ ഗതിയെന്തെന്നു നോക്കാം.

ദാസിയെക്കൊന്ന പഴി നാട്ടിലെല്ലാം തടഞ്ഞറിയാതെനവേ
നാട്ടുവഴിവിട്ടു കാട്ടുവഴിയോടെ ചാവട്ടം നടന്നാൻ.
കാശിക്കും പോകലാം വേഷവും തേടലാം കപ്പലും കടത്തിടലാം
കൊടുമവ(1)നൂക്കിനിയില്ലയെന്റു വേടിയൻ
കൈകാട്ടിപ്പാടിനാനെ.
പടനെരിച്ചിട്ടമറപ്പുമരണക്കിളവിമകൾ തങ്കച്ചപ്പൊയിലെ
തട്ടാനിടത്തിൽ വിലകാട്ടലാമെന്റു സന്തോഷം മെത്ത മെത്ത
വിണ്ടവത്തു(2)ണ്ണൽ(3)വിരണ്ടോടുകാതം വിഴുന്നു നടന്നിടവേ
ദാഹത്തെയൊക്കൊന്റാവഴിത്ത വെയിലിനാൽ വെള്ളത്താഹം പെരുകി
തണ്ണീർക്കിണററിൻ കരയിലേച്ചെന്റു തകെ(4)യാറലാമെനവേ
താങ്കുടമൊട്ടുവയസ്സാക്കും പടിമീതിൽ ചാററകഴററിവച്ചാൻ
തണ്ണിക്കിണററിലെ പാമ്പിനെപ്പോട്ടവൻ തണ്ണീരിഴത്തിടവേ
കൽപ്പടവുകളൊരു സർപ്പമിറങ്ങി കടിത്തിതു വേതിയനെ.
കൈയിൽക്കടിത്തവിഷത്തിനാലെയവൻ കൈകളെ വലിത്തിട്ടതാൻ
കൈയിലുടമ്പൊ കയത്തിലേ വീഴവേ കരയിലവൻ വീഴവേ
കണ്ടവരൊന്നോ കൂപ്പിട്ടുകൂപ്പിട്ടു കാടതിലേ പറന്തത്താൻ
കൊണ്ടുവിഷക്കുകൾ പണ്ടിതരൊന്നിച്ചു ഉളിക്കൈകൾ കാട്ടപ്പെട്ടുക്ക?
കൂട്ടിവരവേണമെന്റാൻ തലയിലേ കൊണ്ടിട്ടു പാമ്പിൻവിഷം
കണ്ണും തലയും ചുഴന്നു വരുകയു കാതിനും കഠിനമെന്റാ
ണെട്ടി ഇളകിവെക്കാം മുൻപേ വായിൽ നുരയൊഴുകിക്കെട്ടി
ഇന്തവുലകിലെ ഇളകാതു ഏൻ്റവനൊടുകിയിറങ്ങിവിട്ടാൻ.

---

(1) കൊടുമവ = ദുഃഖം. (2) വിണ്ടകത്തു് = സ്വർഗ്ഗത്തിൽ (സ്വർഗ്ഗസ്ഥനെപ്പോലെ) (3) അണ്ണൽ = ശ്രേഷ്ഠൻ. (4) തരേക = തേച്ചു

ദാസിയെക്കൊന്ന പാപം തന്നെ ബാധിക്കയില്ലെന്നും അക്കഥ ആരും അറിഞ്ഞിട്ടില്ലെന്നും കരുതി വണിക്പോകുന്നവഴിവിട്ടു കാട്ടുപാതയിൽക്കൂടി അയാൾ നടന്നുതുടങ്ങി. വഴിക്കുവെച്ചു കാശിക്കുപോകാമെന്നും, മറെറാരു വേശ്യയെ വെപ്പാട്ടിയാക്കാമെന്നും, കപ്പൽപോലും വയ്ക്കാമെന്നും തന്നോടു ശണ്ഠകൂടിയ തായ്ക്കിഴവിയുടെ പുത്രിയുടെ ശരപ്പൊളിമാല തട്ടാനു വില്ക്കാമെന്നും മററും പല മനോരാജ്യങ്ങൾ അയാൾ കണ്ടു. വേശ്യയെക്കൊന്ന വെറിയിൽ വെള്ളദാഹം പെരുകി ഒരു കിണററിൽച്ചെന്നു വെള്ളംകോരി- കൈയിൽ പാമ്പുകടിച്ചു; ആഭരണപ്പൊതി കിണററിലും വീണു; വൈദ്യനാരുണ്ടോ എന്ന് ആ ദുഷ്ടൻ നിലവിളിച്ചു; അവിടെയേതു വൈദ്യൻ? രക്തം ഛർദ്ദിച്ച് അയാൾ ആ സ്ഥലത്തുതന്നെ വീണു സിദ്ധികൂടി.

പട്ടാരെ മുപ്പേരും പരമശിവനരുളാലേ
ഇഷ്ടമുടൻ മുപ്പേരും യമരാജൻ കൊണ്ടേ ചെൻറാർ.
ചെൻറവുടനെയറിഞ്ഞു ചിത്രപുത്രനയിനാരും
കണ്ടു മുവർപ്പിറപ്പുകണക്കെടുത്തുപ്പാർത്തനരാം
കേഴ്‌വിയില്ലാപ്പഴവനല്ലൂർകിളയോടേ മുടിവതുക്കു
ശീമയാളും ചോളനാട തേവിയർതൻ തിരുവയററിൽ
നമ്പിവന്ത ദാസിയേയും നട്ടുവനെയും അരുളിത്താർ.
കട്ടുടയ വണികേശൻ കാവിരിപ്പൂമ്പട്ടിനത്തിൽ
ചെട്ടിച്ചിതൻവയററിൽ തിരുമറയോനെയടുത്താർ
പിള്ളയില്ലാച്ചോളനാട പെൺകൊടിയാൾതേവി പൊൻവാൾ
കൊള്ളിവച്ചു മകനെവേണ്ടി കോവിലിൽതാൻ തവമിരുന്താൻ.
മുന്നാലിതയെയൊരുപാമ്പു മുട്ടകളിവകൊണ്ടനോ
വെള്ളാളത്തെരുത്തിപ്പതക്കു വെതകവന്തു പതുങ്കക്കണ്ടേൻ
മണ്ഡപക(1)പ്പാൽകുടിക്ക മന(2)യിലേപ്പോകക്കണ്ടേൻ
എൻറുചൊല്ലിത്തിരുത്തേവിയിരുക്കമനതെളിയവേ
നൻറിയുടൻ കളിയാടി നാലുമുന്നാൾ ചെൻറതുവേ.
ഒൻറാനമാതത്തിലേ മൊഴിനല്ലമൻറ തരമായ(3)മും
രണ്ടാനമാതത്തിലേ തരമായമും തീർന്നിടവേ
മൂൻറാനമാതത്തിലേ മുള്ളുവിരണ്ണിയതാനാൾ
നാലാനമാതത്തിലേ നല്ലാലിൽ പഴമെ..രാമേ

(1) [illegible]. (2) [illegible] (3) [illegible] [illegible] കവി [illegible]. [illegible]

കഞ്ഞിക്കടിതാൻമാറ്റു കണ്ടപഴവും തിന്നാമൽ
ആറാംമാതത്തിലെ ആറാട്ടും ഊട്ടും
അഞ്ചാംമാതത്തിലെ അടിവയറു പൂരണമായ്
ഏഴാംമാതത്തിലെ ഇരണ്യ(1)രക്കപ്പോളകളെ
എട്ടാംമാതത്തിലെ എഴുന്തിരക്ക മാട്ടാമൽ
ഒൻപതാം മാതത്തിലെ ഉദരിയപ്പോകവിട്ടു
(ഇമ്പമുടൻ) നാറ്കെട്ടു ഈറു പുരത്തൊൻപുകിന്താർ
പത്താംമാതത്തിലെ പയ്യ മെയ്നോവെഴുന്നുവര
വരത്തറിഞ്ഞുകണ്ടപോതേ മരുത്തുവ(2)ത്തെക്കൂട്ടിവന്താർ

അങ്ങനെ മൂന്നുപേരും മരിച്ച യമന്റെ രാജധാനിയിൽ ചെന്നപ്പോൾ ചിത്രഗുപ്തൻ മുൻകണക്കുകൾ നോക്കി ശാന്തിക്കാരനെ ചോളരാജ്യത്തിൽ കാവേരിപ്പട്ടണത്തിലെ ഒരു വണിഗ്വരന്റെ പുത്രനായും നട്ടുവനെയും ദാസിയെയും ചോളരാജാവിന്റെ സന്താനങ്ങളായും ജനിപ്പിച്ചു. ചെഴിനല്ലൂർ കടയാനെ (അവിടത്തെ ...) നശിക്കുന്നതിനു വേണ്ടിയാണ് ഈ ജന്മം അവർക്ക് ചിത്രഗുപ്തൻ നല്കിയതു്. സ്വപ്നങ്ങളും കണ്ടു ദുഃഖിതയായ റാണിയുടെ ഗർഭധാനവും പ്രസവവും മറ്റുംകവി വിസ്തരിച്ചുവർണ്ണിക്കുന്നുണ്ട്. അതൊന്നും മുഴുവൻ ഇവിടെ ഉദ്ധരിക്കുവാൻ സൌകര്യമില്ല. ആ സ്ത്രീതാം ഇരട്ടപെറു.

ഒൻറു തിരുവയറുമൊന്നു ആൺപിള്ളയും താൻപിറക്ക
പിന്നാലെയായ പെൺപിറക്ക പെൺകൊടിമാർ കുരവയിട
മണ്ണിൽ ചോതിരിഷി(3)വന്നു മുത്തം(4)ചൊല്ലുവനാം
'കളിമറ ... ആൺപിള്ളയെ കമ്പകത്തു കൊന്റിടലാം
ഇളങ്കിളിറ പെൺപിള്ളയെ ഇപ്പോഴെ കൈയൻറിയോം
പിള്ളയില്ലാതെയെല്ലാം പിറന്നതിന്നു വന്തിരുകാൺ
ചോളനാടതെല്ലാം ചുട്ടുകരിയായ്പ്പോയിടുമാം
ആളിനം ... കെട്ടിവാക്കെന്നുവയോർ കുപ്പിടുമാം
നാട്ടിലുള്ള മാടോട്ട നശമതുവിയാകുമാം'
ചോതിരിഷി ചൊന്നതെല്ലാം ചോളനവൻ കേട്ടിതുള്ള
'പൊല്ലാതപിള്ളയെന്റു പൊട്ടവിടലാകാതെ
ഇല്ലാതെയുണ്ടായതോ? ഇതപ്പോതെയാർ തള്ളവെപ്പാർ?

(1) ഇരണിയർ = സൂത്രർ (2) മരുത്തുവം = സൂതികർമ്മിണി.
(3) ചോതിരിഷി = ജ്യോതിഷി (4) മുത്തം = ലക്ഷണം.

കണ്ണകിയുടെ ചിലമ്പിവന്നാൽ കണ്ണാടച്ചേർവർകളോ?
പണ്ടൊവിതിയതെല്ലാം പാത്തിരുക്കലാ'മെനവേ
തൊട്ടിലിലേതാരാട്ടിപ്പുക്കരങ്ങൾക്കട്ടിലിലേ
പട്ടണിമേൽമെത്തയിലേ പടുത്തിയന്താളേ തേവി
മരുണ്ടുപോലെ കാത്തിരുന്ന മരുണ്ടുവളർന്നുവിട്ടാറം.

ആ ഇരട്ടപ്രസവത്തിൽ മൂത്തതു് ആണും ഇളയതു പെണ്ണും ആയിരുന്നു. രാജാവു് ജ്യോതിഷിയെവിളിച്ചു പ്രശ്നം വപ്പിച്ചു. ജ്യോതിഷി ആ സന്താനങ്ങളെക്കൊണ്ടു ചോളരാജ്യം മുടിയുമെന്നും ആറാംതരമ സമുള്ളഗ്രഹങ്ങളിൽ ക്രൂരനിരുന്നു മുറയിട്ടമെന്നും നാട്ടിലുള്ള കന്നുകാലികൾ നശിച്ചുപോകുമെന്നും തിരുമനസ്സറിയിച്ചു. രാജാവു് ആ ദീർഘദർശനം അത്രയൊന്നും വകവെച്ചില്ല. ശിശുക്കളെ സ്സംരക്ഷിക്കേണ്ടതു മാതാപിതാക്കന്മാരുടെ ധർമ്മമാണെന്നും തലയിൽ ചിലമ്പിവീണവർ മരിച്ചുകണ്ടിട്ടില്ലെന്നും വരുന്നവിധി വഴിയിൽത്തങ്ങുകയില്ലെന്നും മറ്റും ആയിരുന്നു അദ്ദേഹം കൈക്കൊണ്ട സമാധാനം. രാജ്ഞിയും സൂതികാമ്മിണിയും ഉറക്കമായപ്പോൾ ആ രാക്ഷസാരിഷ്ടകർമ്മത്തിൽ ഇങ്ങനെ മന്ത്രിച്ചു.

പെൺപിള്ളയും ആൺപിള്ളയും പെരിയതൊരു കെടുതിയമായ്
ഉൺപലരേ കണ്ടിടവാം ഉറക്കംവരുമോ നമുക്ക്?
അമ്മന്നാ പാരുതിരേ മലയതുംപരിയാതിരിക്കില്ലേ
നമ്മുടെയ താഴ് മുലപ്പാൽ നാവു നനയാതെന്റോ?
ഉണ്ണിയായാ നാഴികയിൽ ഉയിർപ്പുഴുങ്ങും ചൂറാടിലാം
കൂട്ടമേ മാടുകളെക്കന്റുകളെപ്പാരാമൽ
കടിച്ചുവന്ന നാം കിടന്നാൽ കുടിവന്ത(1)മെനമക്ക്'
ഇരിശത്തിൽപിള്ളെരണ്ടും തൊട്ടിൽവിട്ട എഴുന്തിരുന്നു
കതകതനൈത്താൻതിറന്നു കാവതമൈനാക്കിഴവെച്ചു
ഉറങ്ങിയെല്ലാം കവട്ടി(2)വെച്ചു ഒരു പുറത്തു ചെൻറു നിൻറു
വാര(3)മുടൻ തൊഴുമാറെട്ടു വിരൈന്താരെ കൈയാലെ
എണ്ണിയാര എത്തുമതെന്ന ഒരുമക്കയാൽപ്പൊതികൊണ്ടു
ഉള്ളെയെല്ലാമൊട്ടിയ ഉണ്ടപോലെ തിരട്ടിക്കൊണ്ടു
വെണ്ണിയുടൻ തൊണ്ടയാലെ വിഴുങ്ങിനാർകൾ ഇരു പേരും.

1, കുടിവതും—(സ്വയം)വഴിക്കെ. (2) കവട്ടുക = ഉറക്കുക. (3) വാരം = (സ്നേഹം) ആശ.

ഉണ്ണി(1)ച്ചിറുകൻറുകളെ തൊട്ടുകറിയായ്ക്കൂട്ടിക്കൊണ്ടു
എരുമകളെ നടുത്തലെയിരുപാതിയായ്പ്പിളർന്നു
അതുമയുടൻ വായിലിട്ടാർ, അടങ്ങുതില്ലെ കടൽകൊതിപ്പ(2)
അരവയറുകാണാമൽ അപ്പുക്കപ്പാൽ(3)താൻപോനാർ
എരുമയിലെ ഇരുന്നൂറും എഴുന്നൂറു പൊതിയെത്തും
വെള്ളാട്ടുക്കാളെ വാരി വിരവതിലെയിറുക്കിവിട്ടാർ.
ഉള്ളിയനുതാൻ ഇടിക്കെത്തോണയിലെ പോട്ടിറക്കി
അന്റുരാവിൽ നിദ്രയിൽ അരുകിന്ന തോഴിയരെ
അന്നാരുമവരറിയാതെയവരുമതം വിഴുങ്ങിവിട്ടാർ.
'ഇന്റൊരാടെ തിൻറുവിട്ടാൽ ഇനിമേലും വേണ്ടാമോ?'
വിണ്ണവരും പിള്ളേരു രണ്ടും വിമ്മി വിമ്മിയഴുതിടവെ
തിണ്ണലിരുട്ടതാളൊത്തി തേവികിടക്കൊട്ടത്തനമേ
കൊള്ളയിട്ട പിള്ളേരു രണ്ടും കോതി(4)യർ പാൽകുടിത്തിട്ടമാം.
വെള്ളിയന്നു താൻകീറമേൽ പൊഴുതു വിഴിത്തിട്ടമാം.

"നമ്മക്കുതള്ളയുടെ മുലപ്പാൽ നാക്കനനയ്ക്കാൻ കാണുകയില്ലല്ലോ. വെളിയിൽപോയി അപ്പികഴിക്കാം" എന്നു നിശ്ചയിച്ചു ഊരിലുള്ള എരുമകളും (എരുതും). കാളകളും, വെള്ളാടുകളും ഇവരെയെല്ലാം ഭക്ഷിച്ചു. പിന്നെയും വയറു നിറയാഞ്ഞയാൽ കാത്തുകിടന്ന തോഴിമാരേയും തിന്നു വീണ്ടും ശിശുക്കളായ് തൊട്ടിലിൽ മുൻപിലത്തെപ്പോലെ കിടന്നു. തള്ളയുടെ സ്തന്യവും പാനംചെയ്തു. ഇങ്ങനെ ഓരോ ദിവസവും പകലെല്ലാം മനുഷ്യരെയും രാത്രിയെല്ലാം ജന്തുക്കളെയുംപോലെ അവർ പെരുമാറിത്തുടങ്ങി. രാജധാനിയിൽ പ്രജകൾക്ക പൊറുതിമുട്ടി.

കൻറുമേയ്ക്കുമിടയനും കോൽക്കാരും കാലിമേയ്ക്കുന്ന കൂലിയാളുകൂട്ടവും
എതിരെയും പാട്ടുങ്ങളുമായ് വന്നു മൂത്തകോനാൻ മുറയിട്ടുചൊല്ലിനാൻ.
'പതിനെട്ടുവിധം കരികെ പരിചമിട്ട(5)പൈക്കളെയും കാണുന്നില്ല;
എഴുനൂറു കാളെയും കാണുന്നില്ലെട്ടുപത്തു
വെള്ളാടെയും കാണുന്നില്ല;
പൊൻനിറത്താനാം പൂപ്പോരിക്കാളയും പോരെരുതും പനംപെഴക്കലും‡
കട്ടക്കൊമ്പൻ കരുമറച്ചാനയും കമലക്കണ്ണൻ കരുമറച്ചുട്ടിയും
എരുമവാണിയും ഇതുപോലെ പോച്ചത്തെ എളിയനാങ്ങളും
ഊർവിട്ടുപ്പോകിറോം'

(1) ഉണ്ണി = ചെറിയ (2) കടൽകൊതിപ്പ = വിശപ്പ് (3) അപ്പാൽ = അപ്പും (4) കോത = സുന്ദരി (5) പരിചമിട്ട = പരിശപ്പെട്ട (വഴിപാടായ് നേർന്ന) ‡ കഴൽ = നായ; ഇവിടെ നായ്പോലെയുള്ള ചെറിയ പശു.

ഇടയന്മാർവന്നു രാജാവിനോട് അവർക്കുണ്ടായ സങ്കടങ്ങൾ അറിയിച്ചു. രാജാവു തലയാരിമാരെ വിളിച്ചു മോഷ്ടാക്കളെ പിടിക്കുവാൻ ശട്ടംകെട്ടി. ഒരു ഫലവുമുണ്ടായില്ല. ബാധകളുടെ ശല്യമാണെന്നുള്ള പരമാർത്ഥം മനസ്സിലാക്കി അവർ ഒളിച്ചോടിയതേ ഉള്ളൂ. വീണ്ടും ജ്യോതിഷിയെ വിളിച്ചു പ്രശ്നം വയ്പിച്ചപ്പോൾ അയാൾ മുൻപു താൻ അറിയിച്ച വൃത്താന്തങ്ങൾ ഒന്നുകൂടി വിശദമായി ഗ്രഹിപ്പിച്ചു. അതിനു മുൻപു ലായത്തിലെ ആനകളുടെയും കുതിരകളുടെയും കഥ കഴിഞ്ഞതായി രാജാവു കേട്ടു. ഒടുവിൽ ജ്യോത്സ്യൻ "പട്ടത്തുതേവിയെ ഇതെൻറകൊല്ലാമൽ പാർപ്പീർ" എന്നുപറഞ്ഞു് ആ രണ്ടു ശിശുക്കളെയും കാട്ടിൽ കൊണ്ടുചെന്നു മറയത്തു കളയണമെന്നുപദേശിച്ചു. രാജകിങ്കരന്മാർ കാട്ടിൽ ഒരു വേപ്പുമരത്തിൻെറ ചുവട്ടിൽ അവരെ കിടത്തിയുംവെച്ചു പോയി. അവിടെ അവർ നീലനെന്നും നീലിയെന്നും പേർധരിച്ചു് ആ മരത്തിൽ ഇരുന്നുകൊണ്ടു വഴിയാത്രക്കാരെ ഹിംസിച്ചുതുടങ്ങി. അക്കാലത്തു പവിഴനല്ലൂരിലെ വെള്ളാളർ അവരുടെ ക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്യുന്നതിനായി ആ മരം വെട്ടിക്കൊണ്ടുപോയി. അതിൽ നീലനും നീലിയും കൂടിയുണ്ടായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. അവിടെച്ചെന്നപ്പോൾ നീലൻ പൂർവ്വവൈരം വച്ചുകൊണ്ടു് അന്നത്തെ ശാന്തിക്കാരൻെറ കാലടിച്ചുമുറിച്ചു. അതുകൊണ്ടു ക്ഷേത്രത്തിലെ ആരാധനമൂർത്തിയായ ഭഗവാൻ ശ്രീപരമേശ്വരൻ ക്രോധാവിഷ്ടനായി പ്രതിവിധിക്കായി ഭൃത്യപ്രധാനനായ കണ്ഠാകർണ്ണനെ നിയോഗിച്ചു. കണ്ഠാകർണ്ണൻ നീലനെ വധിച്ചു. അതുകണ്ടു നീലി വല്ലാതെ വ്യസനിച്ചു. എങ്കിലും തനിക്കു പൂർവ്വജന്മത്തിലെ 'പഴിതീർപ്പാൻ', അതായതു പ്രതികാരംചെയ്യുവാൻ, അനുഗ്രഹമുണ്ടായിരുന്നതിനാൽ തൻെറ ശത്രുവായ വണികൻെറ വരവുംപാർത്തു് അവിടത്തന്നെ യഥാസുഖമായി കാലയാപനംചെയ്തു.

ഇനി നമുക്കു കാരൈക്കൽപ്പാട്ടത്തിലെ കഥയെന്തെന്നു നോക്കാം.

ചെട്ടിച്ചി അവളുടെ തിരുവയറു വൃഥാ(1)കി
കട്ടിലൊത്ത തിരുവിയാരപ്പാൻകൈകൊടുത്തെനെപ്പെറെറടുത്താൾ.
തൊട്ടിലിലെ താരാട്ടിത്തുക്കരമതുകാട്ടിലിലെ
ഇട്ടു(2)മുടൻ 'ആനന്ദൻ' എന്നുപേരുമിട്ടാളേ.
നായകിയാൾ പെററപിള്ള നടന്തുമേ വിളയാടി
പാങ്കടനെ അഞ്ചാറുപ്രായമായതുമായപിന്നെ
പിള്ളയുടെ തകപ്പനവൻ പെരിയപ്പൊതിചൊല്ലുവനാം
'നല്ലവനേ! ആനന്ദാ, നാനൊന്നുചൊല്ലുകിറെൻ

---

(1) ചൂൽ = (ഗർഭം) ധരിച്ചു് (2) ഇടും = ഇട്ടും

ഇല്ലെയെൻറു ഒരുവർകിട്ടേ ഇരപ്പതുക്കും പോകാതേ
കൊടുപ്പവരെ വിലക്കാതേ കോൾ(1)ചൊല്ലിത്തിരിയാതേ
അടൈക്കല(2)മായ് വന്തവരെ ആളാക്കിവൈത്തിടുവായ്
കട്ടിവൈത്ത മുതലിഴക്ക(3)ക്കളവും ചെയ്യാതേ
ചെട്ടികളായ്പ്പിറന്തവർക്കിതിവേയമേ കൊതികൊള്ളും കാൺ
തേടിയുള്ളും അവിചാരി(4)ത്തെരുവോടേ പോകാതേ
വീടുതന്നിൽപ്പെൺകളുടെ മേൽപുത്തികേളാതേ
തനിവഴിയേ പോകാതേ ചമത്തനെൻറു പേശാതേ
ചിനംമികുതികൊണ്ടാലും ചിരിത്തുമികപ്പേശിടുവായ്
ഒരുമുഴുത്തുക്കാനാലും ഉഴുതവനേ ആൺപിള്ളെ
തനിവഴിയേ പോമ്പോതു തടൈ(5)കണ്ടാൽപ്പോകാതേ
പെരുവഴിയേ പോമ്പോതു പെണ്കളൈക്കൂടാതേ
പൊരുൾചേതംവന്താലും പുണ്ണിയത്തൈക്കളയാതേ
ഇരുൾകാലം അയൽവീട്ടിൽ ഇരുന്തുവിളൈയാടാതേ
അരക്കാശു ആനാലും അടക്കമതായ് വൈത്തിരുപ്പായ്
വീട്ടിലുള്ള ഉടമയെല്ലാം വീൺചിലവുചെയ്യാതേ
കാട്ടിലിട്ട വെള്ളാൺമൈ(6)കാത്തവർക്കുണ്ടായം കാൺ
കല്യാണംചെയ്യാർക്ക് കടംകൊടുക്ക നിനൈയാതേ
ചലിയാമൽ ഇരപ്പവർക്കാനമിട്ടു കൊടുത്തിടുവായ്
പൈയെടുത്തുത്തോളിലിട്ടുപ്പുഴകയിലേ പോകാതേ
പെണ്കളാൽ ച്ചാവതുക്ക പിരമവിതിയുണ്ടനക്ക
ഇപ്പർപുകഴാനന്ത! ചൊന്നപടി നടന്തുകൊൾവായ്"
എൻറുചൊല്ലിത്തന്നുടമൈ ഇതന്തതെല്ലാം കൈകൊടുത്തു
നാററിയുള്ള പട്ടണത്തിൽ നായകനും ഇറന്തുവിട്ടാൻ.

ആനന്ദൻ എന്ന പേരോടുകൂടി ചോതകൻ വളർന്നുവന്നു. അയാൾക്കു പിതാവു പല സദുപദേശങ്ങളും നല്കി കൈവശമുള്ള സ്വത്തുക്കൾ മുഴുവൻ കൊടുത്തു. പവിഴനല്ലൂരിൽ പോകരുതെന്നു പ്രത്യേകം ഉപദേശിച്ച്, വേപ്പിൻപിടിയോടുകൂടിയ ഒരു ഉടവാളും മരിക്കുന്നതിനുമുൻപ് മകനെ ഏല്പിച്ച്, നീലിയിൽനിന്നു രക്ഷപെടുവാൻ അതും ഉപയുക്തമാകുമെന്നു പറഞ്ഞുകൊണ്ടു പരലോകപ്രാപ്തനായി. അ

(1) കോൾ = ഏഷണി (2) അടൈക്കലം = ശരണം (3) ഇഴക്ക = നശിക്കത്തക്കവിധത്തിൽ (4) അവിചാരി = വേശ്യ (5) തടൈ = തടസ്സം. (6) വെള്ളാൺമ = കൃഷി.

ച്ഛന്റെ നിര്യാണാനന്തരം മകൻ ഓരോ കച്ചവടം തുടങ്ങി. അതിലെല്ലാം നഷ്ടപ്പെട്ടു. ഒടുവിൽ അന്യദേശങ്ങളിൽപ്പോയി വാണിജ്യംചെയ്തു ലാഭംനേടാമെന്നു നിശ്ചയിച്ചു. വൃദ്ധയായ തള്ള കഴിയുന്നതും തടുത്തു നോക്കി.

"പോകാതെ പോകാതെയട പൊന്നിൻനറുകെമണിയേ!
പെററവയറുകൊതിക്കിളു പുത്തിചലിക്കിളു പുത്തിരരേ!
ആകാതെയാകാതെ അട ആനന്ദ! എൻമകനേ!
അയ്യനതുളാലേ പെററു വളർത്തൊന്നകമുതകതേ!
ഉന്നൈപ്പെറുവളുക്ക മകനേ നാൻ മുന്നം തവമിരുന്തേൻ.
എന്നാലെ പോകതില്ലെ മകനേ നീയുനിക്കേളെ കതമം
കണ്ടകതമമെല്ലാം ഗ്രഹനിലെ പഴെ പൊല്ലാപ്പുനക്ക
കണ്ടകനീലി കണ്ടാൽച്ചതി നിനക്കെന്റു ജാതകമാം
കാനമയിൽപോലെ പഴകയിൽക്കാട്ടിലെ നീലിയുണ്ടു
കണ്ടാൽവിടമാട്ടേനെന്റു പൊന്നമൊഴി കണ്ണെ കേക്കല്ലയോ?"

ഈ വാക്കുകളൊന്നും ആനന്ദന്റെ ചെവിയിൽ കയറിയില്ല. എങ്കിലും അമ്മ പ്രത്യേകം എടുത്തുകൊടുത്ത മുൻപറഞ്ഞ (കണ്ടപത്തിരം) ഖണ്ഡനത്തിനുള്ള ഉടവാൾ വാങ്ങിക്കൊണ്ടു തിരിച്ചു. യാത്ര ആരംഭിച്ചപ്പോൾതന്നെ പല ദുശ്ശകുനങ്ങളും അയാൾ കണ്ടു.

മുട്ടക്കിപാനറാൻവരവും മുട(1)പ്പൂനെ കറക്കിടവേ,
പൺപ്പ(2)ടയ ചന്തിവിട്ടു പാതെതവഴി വരുമ്പോളു
പെൺപിടെയുമയൊരാൺപിടെയുമെ പിടരിയിലെ
അടിക്കക്കണ്ടാൻ.
എണ്ണെങ്ങുമുഴുകീട്ടൊരുവൻ എതിരെ വരുന്താൻ കണ്ടാൻ
പൊണ്ണാരത്തി വെട്ടിമുന്നേ പെരുങ്കടമെനാപ്പൊട്ടടപ്പാൾ
നായനാർ ചെട്ടിമുന്നേ നായുമെട്ടയിട്ടിട്ടമാം
പനെയില്ലാ നടവഴിയിൽ പച്ചയൊത്തു വാപിളക്ക
മൺക്കൂവൈ (3) തനമലമേലെ മണൽവാരിയെറിന്തിടവേ
ജനവിനൊ തടയാലെ തിജമ്പിവരെ വെട്ടാതൽ
കമ്മവിനൊ പിടവിട്ടിലെ കൈകൊട്ടുത്തുള്ളിടവേ
അന്നേരം മലക്കരത്തി അഴകാന കറിച്ചൊന്നാൾ,
'മുന്നാണനാൾ നീ മറയോൻ മുതൽകടിയാൾ (4) ഒരു തേവി

(1) മുട = മുരുങ്ങ (2) പൺപ് = നായ (3) കൂവ = പരുന്ത് (4) മുതൽ കടിയാൾ = ഒന്നാമത്തെ കഴിഞ്ഞാൾ.

ഉദയമല മുനതാക ഉൻപിറകേ വഴിനടന്താൾ
വഴിനടന്താളുൻപിറകേ വനമാന കാടതിലേ
വിഴുതടിയ ഉറങ്കയിലേ.............. .. ..........
വലൈവീശിപ്പിടിപ്പവർപോൾ വഴിയിലുമെന്നപ്പിൻതുടർവാൾ
കുറത്തികുറി കേളാമൽ കൊട്ടംചോക്കായ് പ്പോകയിലേ
കപ്പു(1)ടയ നെട്ടനീലി കാടകത്തേ തോൻറിനാളേ.

ആ ശകുനങ്ങളും, കൈനോക്കി ഫലംപറഞ്ഞ കുറത്തിയുടെ വാക്കുകളും ഗൌനിക്കാതെ ആനന്ദൻ മുന്നോട്ടുപോയി. മുന്നിൽ നീലിയും ആവിർഭവിച്ചു. സർവ്വാംഗസുന്ദരമായിരുന്ന ആ കാമരൂപിണിയുടെ രൂപം; സർവ്വാലങ്കാരഭൂഷിതമായിരുന്ന അവളുടെ ശരീരം.

തോൻറിനിൻറാൾ നീലി തുടയിടയ്ക്കുററ പട്ടാടയുടൻ
പട്ടാടകൊയ്തുടുത്തു നല്ല പൺമപൊന്നരഞ്ഞാൺ തുടവരഞ്ഞാൺ
അരഞ്ഞാൺ പലതണിന്തു അൻറ കച്ചയിറുക്കിപ്പണിയണിന്തു
ഉരമിതമലെ ചെരുകി മുടികോതിമുടിന്തുടൻ ചീപ്പുവെച്ചു
വൈത്താൾ പിറമുതലായ് വട്ടപ്പൊട്ടുടൻ ചിത്തിരപ്പൊട്ടതൊട്ടു
ചോതിമതിമുകത്താളുടൻ തുലങ്കി(2)തകണ്ണുക്കുമൈയെഴുതി
മൈയ്നീട്ടി നീൾവിഴിയിൽ പല വാട(3)കൾ കൂട്ടിയമൈത്ത
മണം
മെയ്യെങ്കും താനണിന്തു മികവാലേ കഴുത്തിൽച്ചുവപ്പണിന്തു
കൈയിൽച്ചുരം(4)പിടിന്തുകനിവായ്ക്കിലിയാലെ പതംവരുത്തി
(5) ചെന്താമരൈ തിരുവായ് ദേവരംഭയെപ്പോലെ
ചമെയ്ന്തൊരുക്കി
കണ്ടാൽ മയൽ(6)കൊള്ളവേ അങ്കേ കാതലി നീലി മുട്ടാക്കമിട്ടു
നിൻറാൾ വഴിതന്നിലേ; അന്തനേരിഴൈ(7)നിൻറതറിയാതെ
മട്ടേറും തിൻപുചക്കാൻ വണികേശൻ പള്ളൈയെ(8)യും
തോളിലിട്ടു
കണ്ടാനേ നീലിയെയും എന്തൻ കാതലു(9)ടയ കള്ളാവിയെൻറു.

നീലി ആനന്ദനോട് താഴെക്കാണുന്നവിധത്തിൽ സംഭാഷണമാരംഭിച്ചു.

---

(1) കപ്പ് = ദർപ്പം (2) തുലങ്കി = പ്രകാശിക്കുന്ന വിധത്തിൽ (3) വാട = വാസന (4) ചുരം = വെററിലച്ചുരുൾ (5) ചെന്താമരയിൽനിന്നുത്ഭവിച്ച ലക്ഷ്മിയായ് (6) മയൽ = കാമം (7) നേരിഴ = സുന്ദരി (8) പള്ളൈ = സാമാനങ്ങൾനിറഞ്ഞ പണസഞ്ചി (9) കാതൽ = മോഹം * കള്ളാവി—(കള്ളി) എന്നർത്ഥം.

വാട്ടമററ വണിക്കേശ! വാത്സല്യാ! ഞാനാരെന്ന
കേട്ടപ്പോളെന്റെചൊല്ലിക്കിട്ടുവന്നു വഴിമറുത്താം
'ഓത്തുതിൽക്കൂടിയിരുന്ന കടിയറിയമാട്ടീരോ?
പിരിയവേ മാട്ടാമൽ പിൻകാട്ടിപ്പോറീരോ?
ഉമ്മുടയ മാമനക്ക ഉരിമയുള്ള മകളല്ലവോ?
എന്നുടയ തമയനിവൻ ഇറങ്ങിവിട്ടാനിക്കാട്ടിൽ
കാടെല്ലാം നാൻ തേടിക്കണ്ടുപൂണ്ടു മെയ് ചടൈത്തു
വീട്ടതനിൽപ്പോകാമൽ വെറികൊണ്ടു വന്നുവിട്ടേൻ
പഴകയിലെ(1)പൊറുത്തുക്ക പാക്കനെയറിയാമൽ നിന്നേൻ
ഞെവരില്ലാക്കാട്ടതനിൽ ഉരൈക്കരെ പയംതീർന്നേൻ
ഇതുപോലും ഞാ വയസ്സു എൻറാരെ തായ് തകപ്പൻ
മരുവി വിളൈയാട്ടതൾ വാരാമലേ തിരിന്തേൻ
ഇത്തനൈനാളുംകൌരവൈയല്ലാമിൻറോടേ പൊലച്ചിതുകാൺ.'

ഇങ്ങനെ പൂർവ്വസ്മരണ ഉദ്ദീപിപ്പിക്കത്തക്കവിധത്തിലും അല്ലാതെയും അവൾ ചിലതെല്ലാം ഉപന്യസിച്ചപ്പോൾ ആനന്ദൻ അതിന് ഇങ്ങനെ മറുപടി പറഞ്ഞു.

ചിരിത്തവളെയാനന്ദൻ തിരുമ്പിമെല്ലവേ പാർത്തു
'പതകയിലെ ഉന്നെയൊരു മാപ്പിളൈതാൻ കേൾക്കലെയോ?
കാക്കയോടപ്പുള്ളപോലെ കാടേറിത്തിരിവാനെൻ?
ചമക്കാമൽ പേറൊത്തവർ താലികെട്ടിക്കൊള്ളാമൽ
വിട്ടുവിട്ടാരോ ഉന്നെയും കിനാക്കോടെ തിരിവതക്ക?
കട്ടവിനൈ ചെയ്യാതെ, ഉടനെപ്പോയ്‌നില്ലാതെ.'

ഈ വാക്കുകൾക്ക പ്രത്യുത്തരം നീലി ഒന്നുകൂടി പ്രത്യക്ഷമായ ഉണ്ടാകുന്ന വിധത്തിൽ ഉച്ചരിച്ചു.

'എന്നക്കിന്റു താലികെട്ട എവനിനിമേൽ വരപ്പോറാൻ?
കഴുത്തിലുള്ള ഉടമയെല്ലാം കളവാങ്ങപ്പോറീരോ?
പിള്ളൈമതിയറിയാമൽ(2)പിറകാലേ തുടർന്നുവന്തേൻ
അതൻറനൈനാക്കാൻറതക്ക ആരമനയാർ കേട്ടാരോ?
ഇൻറുമുതൻ കൈവാട്ടാൽ ഇരണ്ടുതുണ്ടായ് വെട്ടിട്ടവായ്'

---

(1) പഴകെ = പഴയനല്ലൂർ (2) പിള്ളമതിയറിയാമൽ = ബാല്യബുദ്ധികൊണ്ടു് തത്വം ഗ്രഹിക്കാതെ

അതിനു ചെട്ടി,

'വെട്ടിടവും കുത്തിടവും വീരമെനക്കുണ്ടാമോ?
ചെട്ടിമകനായിരുപ്പോൻ ചേറുകണ്ടുക്കാകാതു'

എന്നും മററും പറഞ്ഞു സത്യാവസ്ഥ മനസ്സിലാക്കി വേഗത്തിൽ മുന്നോട്ട് ഓടിത്തുടങ്ങി. വിട്ടുപോകുവാനല്ലല്ലോ നീലി വന്നതു്.

'നെഞ്ചെരിത്ത കടിവാഴ്കൈ നെടുകാലം നില്ലാതു
കിഴക്കമുകമായിരുന്തു കിട്ടവന്തു കൈപിടിത്തു
വഴിക്കഴിവുചെയ്തവൾ വാണിപവും പലിയാതു
വെയിലുക്കത്താനിരുന്തു മെല്ലെ മെല്ലെപ്പോയിടലാം'

എന്നുപറഞ്ഞുകൊണ്ട് അവളും പിൻതുടന്നു. 'ഇളകിയോരു വെററില ഉം ചുണ്ണാമ്പു താരുമെൻറാം'. വെററില തിന്നാൻ ഒരു ശകലം ചുണ്ണാമ്പു വേണമെന്നു ചെട്ടിയോടു ചോദിച്ചു. അങ്ങനെയാണ് ഇരുമ്പു കൈവശമുള്ള യക്ഷികൾ അകപ്പെടുത്തുവാൻ ശ്രമിക്കുന്നതു് എന്നു വായനക്കാർ കേട്ടിരിക്കുമല്ലോ.

'ചുണ്ണാമ്പു കേട്ടവളേ എന്നൊത്താൻ തൊല്ലെപ്പെടുത്താതേ
തോളിൽക്കിടക്കിൻറ പൈയിൽച്ചുരക്കെച്ചുമന്തു ചടൈത്തേൻ
അപ്പോ കട്ടതായ് വഴിയിലെ എന്നോടു അലക്കൊട്ടപ്പെടുക്കടി?'

എന്നു ചെട്ടിയും,

'വെത്തിലെ തിന്നാമൽപ്പോനാലെന്നടൽ മെത്തച്ചുടസ്സിളുകാൺ
കൂടത്തുടരാമൽ ഉന്നൈ നാൻ കൊമ്പേത്തിൽ വിട്ടുവിട്ടാൽ
കൂട്ടമരംതന്നിൽ കാട്ടിനിൽക്കള്ളിക്കൊപ്പം ചിരിയാതോ?'

താൻ പിന്തുടരാഞ്ഞാൽ തന്നെനോക്കി കള്ളിച്ചെടിയുടെ കൊമ്പുകൂടി ചിരിക്കുമെന്ന് അവളും പറഞ്ഞു.

'നകൈപ്പോ(1)ടെ നടപ്പാനേൻ നങ്കയ(2)ർക്കിളെ(3)കളുണ്ടു
വകൈയുടയ മതിനി(4)യുണ്ടു മാമനുണ്ടു തായുമുണ്ടു'
എൻറു ചൊല്ലിയേ കാട്ടിൽ ഇത്തനയും ഉണ്ടുചെയ്തു
നൻറുകളൈത്താരൈവെ വിട്ടു നടുവഴിയേ പോവോമെൻറാം
ചെട്ടിതന്നൈക്കൊഴുന്ത(5)നെൻറു ചിരിത്തുവരുവാളൊരുത്തി
വെററിലൈയെത്തിന്നുമെൻപാൾ; വീടുതന്നിൽ വാരുമെൻപാൾ

---

(1) നകൈപ്പു = ചിരി (2) നങ്കയർ = യുവതി (3) കിളരുകൾ = ബന്ധുക്കൾ
(4) മതിനി = ജ്യേഷ്ഠന്റെ ഭാര്യ (5) കൊഴുന്നൻ = ഭർത്താവിന്റെ സഹോദരൻ

മുററമതിൽവാതമെൻറു മുക്കാലി പൊട്ടിടവാം.
നൻറാകവിഷത്തിലോ നാലാറു വരിഷം മട്ടും
ഇൻറു വരുവീരെനവേ ഇടവഴിയിൽ കാത്തിരുന്നേൻ.
ചായയിലേ അറിയേനോ തമ്പി മകനെൻറു ചൊൽവാം
വെയിലതിലേ വഴിനടന്താൽ മെലിയാളോ എൻമകൾ താൻ?
മാപ്പിള്ളയും എൻമകളും വാഴവന്താരെൻറു ചൊൽവാം.

നീലി അവിടെ ഒരു ഗൃഹത്തെയും അതിൽ തന്റെ തള്ള, ഭർത്താവിന്റെ സഹോദരന്മാര്, അപ്പൻ മുതലായവരെയും മായകൊണ്ടു സൃഷ്ടിച്ചു. ആനന്ദനെ അയാളുടെ സഹോദരന്മാര്വന്നു കുശലപ്രശ്നം ചെയ്തു സൽക്കരിച്ചു. അയാൾ അതെല്ലാം മായയെന്നറിഞ്ഞിരുന്നതിനാൽ നിന്നനില്പിൽനിന്ന് ഇളകിയില്ല.

'ഉലകത്തിലാശകൊണ്ടു ചെട്ടിയാരേ
ഓടിപ്പോനാലുമെന്നെ നാൻ വിട്ടുവെനോ?'
'പൂതുവെള്ളക്കൊല്ലവേ ഇടനുവാന നീലി ഉൻ
സൂക്ഷമെല്ലാം നാനറിവേൻ ശാസ്ത്രത്തിനാലേ'
'ശാസ്ത്രം ശാസ്ത്രമെൻറു ചെട്ടിയാരേ!
കൊണ്ടപെണ്ണെയടിച്ചുപ്പോട്ടക്കൊപിക്കറീരേ'
എൻറു ചെട്ടി കേൾക്കുന്നേ കള്ളിക്കൊമ്പ്
ഇടക്കിപ്പിള്ളയാകവ്യക്കെയിൽ വൈത്താൾ·

അവളുടെ സൂക്ഷ്മാവസ്ഥ താനറിയുമെന്നു ചെട്ടി പറഞ്ഞപ്പോൾ കള്ളിക്കൊമ്പിനെ കുഞ്ഞിന്റെ രൂപത്തിൽ പ്രത്യക്ഷീഭവിപ്പിച്ച് കൈയ്യിൽ വച്ചുകൊണ്ട് അയാൾ തന്റെ ഭർത്താവാണെന്നും ആ കുഞ്ഞ് അയാളുടേതാണെന്നും നീലി ഘോഷിച്ചുതുടങ്ങി. അതു കള്ളിക്കൊമ്പാണെന്നു ചെട്ടി വീണ്ടും വാദിച്ചപ്പോൾ അയാൾ കിണററിൽ കളഞ്ഞ പണങ്ങളുടെ കാര്യവും മററും യക്ഷി ഓർമ്മപ്പെടുത്തി. അങ്ങനെ ആനന്ദനും പുറകെ നീലിയും ഓടിയോടി പവിഴനല്ലൂർ കടത്തെരുവിൽ ചെന്നുചേർന്നു. ("അ പയമിട്ട കരലോലശെ അമ്പലത്താർ താൻ കേട്ട.") അയാളുടെ ആക്രന്ദനം അവിടത്തെ അമ്പലത്തിലുള്ള വെള്ളാളർ കേട്ട് ഓടിച്ചെന്നു. തന്നെ കൊല്ലുന്നതിനായി ഒരു യക്ഷി പാഞ്ഞുവരുന്നതായി അയാൾ ആവലാതിപ്പെട്ടു:

'വിട്ടുവിട്ടാൽ എന്നെയടക്കുള്ള വിഴുങ്കാമൽ കാത്തിടുങ്കൾ'
എൻറു ചെട്ടി ചൊല്ലുമുന്നേ ഇടക്കിയ കൈപ്പിള്ളയുമായ്

അൻറു വിങ്ങിയഴുതുകൊണ്ടു അമ്പലത്തിൽ നീലിവന്താൾ.
മുട്ടാക്കൈത്താൻ തുറന്നു മുകത്തെ മെല്ലക്കാട്ടിനളേ
'ഉൻകൂടവാറേനെൻറാടിവന്താളിടവഴിയിൽ
എൻകൂടവരവേണ്ടാമെൻറാടിവന്തേൻ നാൻ
പിടിത്തു വിളൈയാട്ടമെൻറു പെരുവഴിയിൽ വഴി മറുത്താൾ
കടിക്കവരും പാമ്പിതെൻറു കൈതപ്പി ഓടിവന്തേൻ
എൻകൈയിലെ പണവുമില്ലൈ; ഇവളൈ നാൻ വൈത്തറിയേൻ
ഉരുക്കവേണമെൻറാൽ ഊരവരെ കൊണ്ടുപോങ്കോ'

'ചെട്ടിയാരേ! ചൊന്നതെല്ലാം ചെവികളിലക്കേട്ടീരൊ?
(1)അട്ടിൽ......ണ്ണിയെന്നൊ വെറും അവിശാരിയാക്കി വിട്ടീർ
ചെട്ടിച്ചിയാന പാവി വെറുമൈയിലേ താലിവൈത്തേൻ
പകരപ്പുകഴ്ന്നെടുക്കാറി പകൽ വഴി നാൻ നടപ്പേനോ?
എങ്ങിലാക്കിപ്പോട്ടീരേ; ഇനിയൊരുവർ തൊടുവാരോ?
പട്ടാങ്കു(2)മെത്തവുണ്ടേ പഴവനച്ചുണ്ണർകളേ!
കട്ടിവെച്ച എന്നെയടിച്ചു കാട്ടിൽ വിട്ടോടിവന്താർ
പൊൻപിള്ളൈയും ആൺപിള്ളൈയും പെറ്റെടുത്ത അണ്ണർകളേ!
കൺതിറക്ക വേണ'മെൻറു കണ്ണീര ഉതിർത്തനളേ.

ഇങ്ങനെ നാട്ടാരുടെ മുൻപിൽ അവർ തമ്മിൽ പലവിധത്തിലുള്ള ഉക്തിപ്രത്യുക്തികൾ നടന്നു. ഒടുക്കം തന്നെ ഉപദ്രവിക്കുവാൻ നീലി വഴിയിൽ പിശാചുക്കളെ സൃഷ്ടിച്ചു എന്ന് ആനന്ദൻ പറഞ്ഞപ്പോൾ (അന്ത പിശാചുകൾ വന്തു ഉരുക്ക അതട്ടിവിട്ടോടി വന്തേൻ) ആ പിശാചുക്കളിൽനിന്ന് അയാളെ രക്ഷിച്ചതു താനായിരുന്നു എന്നായി നീലി. ഒടുവിൽ കൈയിലുള്ള വാൾകൊണ്ടു യക്ഷിയെ വെട്ടുമെന്ന് അയാൾ വീരവാദം ചെയ്തപ്പോൾ,

'എപ്പടി കൊൻറാലും നീർമുന്നേപ്പോലെയിരുപ്പീരെയാമാകിൽ
ഇപ്പടിപ്പോലുള്ള പിള്ളൈയൊരായിരമീൻറിടമാട്ടേനോ?
ചെട്ടിയാർ കള്ളിനിഴലിലേ ചെയ്തതൈ ദൈവമറിയാതോ?"

തന്നെ എങ്ങനെ കൊന്നാലും അയാൾ ജീവിച്ചിരിക്കുമെങ്കിൽ അതുപോലെ ആയിരം കിടാങ്ങളെ താൻ പെറുമെന്നും, പണ്ടു കള്ളിയുടെ നിഴലിൽ അയാൾ ചെയ്ത പാപം ദൈവമറിയുമെന്നും മററും യക്ഷിയും ഗർജ്ജിച്ചു. അവൾ കൈക്കുഞ്ഞിനെ താഴെയിറക്കി; അതു ചെട്ടിയാരുടെ അരികിൽച്ചെന്ന്,

---

(1) അട്ടിൽ ... ...[illegible] (2) പട്ടാങ്ക് = സത്യം

'അപ്പിച്ചെ (1) ഉൻ കൈയിലൊപ്പിച്ചാളെന്നെ
അൻറുസാക്ഷി നാനല്ലവോ' എൻറു ചിരിക്ക

മാസിയുടെ വധത്തിനു സാക്ഷി താനായിരുന്നെന്നുപറഞ്ഞു ചിരിച്ചു. കാണികളും സ്ത്രീ സത്യവതിയെന്നും പുരുഷൻ അപരാധിയെന്നും വിധിച്ചു. പിന്നെയും ആനന്ദനും നീലിയുംതമ്മിൽ വാഗ്വാദംതുടരുകയും,

'കള്ളിയങ്കാട്ടക്കള്ളെ നീയെന്നെക്കൊല്ലത്തലയിലിട്ടീർ'

എന്നുംമററും നീലി പൂർവ്വജന്മകഥ വിസ്തരിച്ച് ആനന്ദനെ വീണ്ടും തേജോവധംചെയ്യുകയുംചെയ്തു. അപ്പോഴേയ്ക്കു്,

പോകുംമതിനിനൈന്തു വേപ്പംപെത്തിരവും കൈകഴന്നുവീഴ
അമ്മനവനെ! ചെട്ടിയാരെ! യെൻറു അൻറവൾ
കൈയാൽ മുടിപിടിത്തു
തൂക്കിത്തുയിൽമുടിന്തു ചെട്ടി തൊണ്ടൈതുറന്തുടൻ പേശലുററാൾ
ഉയിരൈപ്പാർ നെഞ്ചുപ്പിളന്തു ഉടൻ ഉററപന്തമവൾ നാട്ടിവിട്ടാൾ
പിറന്തപിള്ളൈക്കള്ളിതന്നൈ ഉടൻ പേച്ചി(2)യവൻനെഞ്ചിൽ
നാട്ടിവൈത്തു
പറന്താളേ മോട്ട(3)യത്തിയന്തപ്പഴവനല്ലൂർ വഴിയാകവേതാൻ.

വേപ്പിൻപിടിയുള്ള ഉടവാൾ ആ സമയത്ത് ആനന്ദൻെറ കൈതെററി നിലത്തുവീണു. ആ തക്കംകണ്ട് നീലി അയാളുടെ വയറു പിളർന്ന് അവിടെ ഒരു പന്തം നാട്ടി താൻ കൈക്കലാക്കിയിരുന്ന കള്ളിക്കൊമ്പും അവിടെ നട്ട്, പാവിഴനല്ലൂർവഴിയായി മുകളിലേയ്ക്കു പറന്നുപോയി.

ഇതാണ് നീലികഥയുടെ സംഗ്രഹം. വിസ്തരഭയത്താൽ ഞാൻ പല ഭാഗങ്ങളും വിട്ടിട്ടുണ്ട്. ഈ കൃതിയുടെ നാലു പാഠങ്ങൾ എൻെറ കൈവശമുണ്ട്; അവയിൽ രണ്ടെണ്ണം പ്രശസ്തഗവേഷകനും പരിഷത്തിൻെറ ഒരു പ്രധാനബന്ധുവുമായ ശ്രീമാൻ ഒററശ്ശേഖരമംഗലം ടി. ജി. അച്യുതൻനമ്പൂതിരി എനിക്കയച്ചുതന്നതും, ബാക്കിരണ്ടും ഞാൻതന്നെ സമ്പാദിച്ചു പകർത്തിച്ചു വച്ചിട്ടുള്ളതുമാണ്. നാലു പകർപ്പുകളും സ്ഖലിതജടിലങ്ങളാകയാൽ വളരെ ക്ലേശിച്ച് ഒരു ശുദ്ധമായ പാഠം ഉണ്ടാക്കേണ്ടിവന്നു. വില്ലടിച്ചാൻപാട്ടുകാർ ആദരിക്കുന്ന ഗ്രാമീണകൃതികളും രസനിഷ്യന്ദികളാണെന്നുള്ളതിനു നീലികഥയിലെ പല ഭാഗങ്ങളും സാക്ഷ്യംവഹിക്കുന്നു. (പഴവ) പാവിഴനല്ലൂർ എന്ന ഗ്രാമം പണ്ടു തിരു

(1) അപ്പിച്ചെ = അപ്പൻ (2) പേച്ചി = പെൺപിശാച് (3) മോട് = മേട

വിതാംകൂറിന്റെ ഒരു ഭാഗമായിരുന്നു. അതിനു് ഇന്നത്തെപ്പേർ പഴവൂർ എന്നാണു്. അതു് ഇന്നു തിരുവിതാംകൂറിന്റെ അതിർത്തിക്കപ്പുറം തോവാളമണ്ടപത്തുംവാതുക്കലിനെ തൊട്ടുകിടക്കുന്ന തിരുനൽവേലി ഡിസ്ട്രിക്ടിൽ നാങ്കുനേരിത്താലൂക്കിലെ ഒരംശമാകുന്നു. ശാന്തിക്കാരൻ മാസിയെക്കൊന്നതു കള്ളിയങ്കാട്ടുവച്ചാണു്. കള്ളിയങ്കാട്ടു് അഗസ്തീശ്വരംതാലൂക്കിൽ പാർവ്വതീപുരത്തിനും വടശ്ശേരിക്കും ഇടയ്ക്കുള്ള ഒരു കുഗ്രാമമാകുന്നു. കള്ളിയങ്കാടെന്നു് ആ സ്ഥലത്തിനു് പേർസിദ്ധിച്ചതു് കള്ളിച്ചെടി ധാരാളമായി വളരുന്നതുകൊണ്ടുമാത്രമല്ല, മാസി കള്ളിയെ സാക്ഷിവച്ചു് അപമൃത്യുവിനു് അധീനയായതുകൊണ്ടുമാണെന്നു നിശ്ചയിക്കാം. അവിടെ പഞ്ചവൻകാട്ടുനീലി എന്നൊരു ഇശക്കിയമ്മൻ(യക്ഷി)കോവിൽ ഇന്നു കാണപ്പെടുന്നു. പഞ്ചവൻകാടെന്നു കള്ളിയങ്കാടിന്റെ കിഴക്കേഭാഗത്തിനു പേരാണു്. ആ കോവിൽ നില്ക്കുന്ന തറയിൽ വെച്ചായിരുന്നുവത്രെ മാസി മരിച്ചതു്. കുറെ വർഷങ്ങൾക്കു മുൻപുവരെ ആ യക്ഷിയെ ജനങ്ങൾ ഏററവും ഭയപ്പെട്ടിരുന്നു; വെള്ളിയാഴ്ച രാത്രികാലത്തും മററും ആ ക്ഷേത്രത്തിന്റെ സമീപത്തുകൂടി ഒററയ്ക്കു് ആരും സഞ്ചരിച്ചിരുന്നില്ല. ഇന്നു മോട്ടോർവാഹനങ്ങളുടെയും മററും ശബ്ദംകേട്ടു് അന്തംതിരിവുള്ള ഭൂതങ്ങൾ ആകപ്പാടെ ഞെട്ടി മനുഷ്യോപദ്രവം ചെയ്യാതെ അടങ്ങിയൊതുങ്ങി ജീവിക്കുകയാണു്. പവിഴനല്ലൂരിനും പഞ്ചവൻകാട്ടിനും തമ്മിൽ ഉദ്ദേശം പതിനാലു നാഴിക ദൂരം വരും. കാവേരിപട്ടണത്തിലെ വേപ്പു മുറിച്ചു പഴവൂർഗ്രാമക്കാർ ക്ഷേത്രംപണിക്കു കൊണ്ടുവന്നു എന്നു കവി പറയുന്നതു് അതിശയോക്തിയായി കരുതണം. കഥ നടന്ന കാലമേതെന്നു കണ്ടുപിടിക്കുവാൻ ഒരു വഴിയും കാണുന്നില്ല; എങ്കിലും പവിഴനല്ലൂർ എന്നതു പഴവൂരിന്റെ പഴയ പേരാകയാൽ പ്രസ്തുതസംഭവത്തിനു മുന്നൂറു സംവത്സരത്തിൽ കുറയാതെയുള്ള പഴക്കമെങ്കിലും ഉണ്ടായിരിക്കുമെന്നു അന്വേഷണത്തിൽ അറിയുന്നു.

"ഉതയകിരി തീപ്പായ്ന്ത ഉററചെമ്പവല്ലിയോടേ
അപ്പട്ടൂരിൽ തീപ്പായ്ന്ത ആയിഴയാൾ വള്ളിയോടേ
പാപ്പാൻ വതിത്തതൊരു പഴവൂരിൽ മാസിയോടേ"

എന്നു കടിയിരുപ്പുപാട്ടിൽ വിവരിക്കുന്ന യക്ഷികളിൽ രണ്ടുപേരുടെ കഥ ഞാൻ പരിഷ്കരിച്ചു മാസികവഴിയായി കേരളീയരെ ഗ്രഹിപ്പിച്ചുകഴിഞ്ഞു. "അപ്പട്ടൂർത്തീപ്പായ്ന്തവള്ളി"യുടെ കഥ കിട്ടിയിട്ടില്ല; അന്വേഷിച്ചു വരുന്നതേയുള്ളൂ.

# രാസക്രീഡ.

## തിരുവാതിരപ്പാട്ട്.

(സമ്പാദകൻ — വെള്ളക്കുളത്തു കണ്ണൻകരുണാകരൻനായർ ബി. എസ്സ് സി; എൽ റ്റി.)

(അപ്രകാശിതമായ ഈ കൃതി കടമ്പൂർ ചെമ്പകശ്ശേരിമഠത്തിൽനിന്നു കിട്ടിയതാണ്. ഗ്രന്ഥപാഠം തിരഞ്ഞുതന്നതിന് ചെമ്പകശ്ശേരിമഠത്തിൽ ബ്രഹ്മശ്രീ മിത്രൻമിത്രൻ നമ്പൂതിരിയവർകളോടു ഞാൻ കടപ്പെട്ടിരിക്കുന്നു. 'ശുകപുരിവാണരുളും ഭഗവാനെ വണങ്ങുന്നേൻ' എന്നു ആരംഭിക്കുന്നതുകൊണ്ടും, സരളമധുരമായ രീതിയിൽ എഴുതിയിരിക്കുന്നതുകൊണ്ടും ഈ കൃതി മഹാകവി കലക്കത്തു കുഞ്ചൻനമ്പ്യാരുടേതാണെന്ന് ഊഹിക്കാം. അഖിലഭാരത പൗരസ്ത്യസമ്മേളനത്തിൽ വായിച്ച "കുഞ്ചൻനമ്പ്യാരുടെ തുള്ളലേതരങ്ങളായ ലഘുകൃതികളും" എന്ന പ്രബന്ധത്തിൽ ഞാൻ ഈ കൃതിയെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ട്.)



### ഒന്നാംപാദം.

ശുകപുരിവാണരുളും ഭഗവാനെ വണങ്ങുന്നേൻ
ശുകവാണി വാണിമാതെ സുഖഗീതം നൽകിടേണം
കളഗോപിമാരുമായി കളിയാടും വാസുദേവൻ
കളവേണുഗീതംപാടിക്കളിയോടെ മേവും കാലം
മലരാക്ഷിമാർകളുള്ളിൽ മദമേറീടുകമൂലം
മടിയാതെ രാധയുമായ് മറഞ്ഞങ്ങുപോയി കൃഷ്ണൻ.
അന്നേരം ഗോപിമാരങ്ങതിഖേദം പൂണ്ടുകൊണ്ടു
തിരയുന്നു കാടുതോറും കരയുന്നു കാമിനിമാർ;
തളരുന്നു മേനിയെല്ലാം വളരുന്നു മാലിതാപം;
മലർബാണമേറ്റു പാരം വലയുന്നു വല്ലവിമാർ
മുകിൽവർണ്ണനന്നേരം സുഖമോടെ രാധയുമാ-
യകലെപ്പോയൊരു തളികിലുഴകോടെ രമിപ്പാനായ്.
"രമണിയാം രാധേ ബാലേ! രമിപ്പാനായ് വന്നാലും നീ *
കളർമുല പുണരുവാൻ കുതുകി ഞാനെന്നും കാന്തേ!
കളിയല്ല മറ്റാരോടും രമിപ്പാൻ ഞാൻ പോകുന്നില്ല."

---

* ഇതിനുശേഷം ഒരു വരി വിട്ടുപോയിരിക്കുന്നതായി തോന്നുന്നു. ശേ. പ.

രണ്ടാംപാദം

"ഉള്ളിലെന്റെ വാസുദേവ! എന്നെത്തോളിലെടുക്കാമോ
നികുഞ്ജത്തിലിരിപ്പാനുണ്ടാഗ്രഹമെനിക്കു കൃഷ്ണ!
കാട്ടുതോറും മണ്ടിമണ്ടി കാൽകഴഞ്ഞിട്ടുണ്ടു നാഥ!
കാണിനേരമെന്നെത്തോളിലേററിക്കൊണ്ടു നടക്കാമോ?"
"കാണിനേരമല്ല രാധേ! കല്പവാണി വന്നാലും നീ
നാണമില്ലെനിക്കു നാഥേ നാരിയുടെ വാക്കുകേൾപ്പാൻ"
മുകുന്ദന്റെ ഗളംതന്നിൽ സുഖമോടെ കരേറുവാൻ
അരികിൽപ്പോയ്ചെന്നുനിന്നു അഴകോടെ കാലുയർത്തി
അഖിലേശൻതന്റെ കണ്ഠേ അതിമോഹംവെച്ചപ്പോ-
ളവിടെക്കാണാതെപോയി അഴകേറും മുകുന്ദനെ.
മധുവൈരി വിരവോടെ മറഞ്ഞങ്ങു ഗമിച്ചപ്പോൾ
പുലി പന്നി മഹിഷങ്ങൾ വലിയോരു ഗജങ്ങളും
കലമാനും കരടിയും കലഹിച്ചുവരുന്നതു
കരയാതെ കണ്ടുകണ്ടു പേടിച്ചു വിറച്ചുകൊണ്ടു
മുറയിട്ടു മണ്ടിമണ്ടി മുകുന്ദനെത്തേടിത്തേടി
വനംതന്നിലങ്ങുമിങ്ങും വരവാണി നടക്കുമ്പോൾ
ഒരുദേശേ മറവുള്ളോരു തരുണിമാരെയും കണ്ടു
അവരോടുചേർന്നുകൂടി അടവിയിൽ നടകൊണ്ടു

മൂന്നാംപാദം

മറവുള്ള ഗോപിമാർ കാനനംതന്നിൽ മണ്ടിവരുന്നോരു രാധയെക്കണ്ടു
മുറവും നിരക്കവേ നിന്നുരചെയ്തു "തെറേറന്തു നിന്നെയും
കൈവെടിഞ്ഞായോ?
നമ്മുടെ ഗോപാലനെങ്ങു ഗമിച്ചു? നന്മൊഴിരാധേ നീ നമ്മോടു ചൊല്ക.
നമ്മോടുകൂടി രമിക്കുന്നനേരം നിന്നെയുംകൊണ്ടല്ലോ പോയി മുകുന്ദൻ
നിന്നോടുചേർന്നു രമിക്കുന്നനേരം നിന്നെയുമയ്യോ വെടിഞ്ഞിതു നാഥൻ
ഞങ്ങളെക്കുറിച്ചില്ല മാധവനെന്നു ഞങ്ങൾക്കു മുന്നമേ ബോധവുംവന്നു
നിന്നെയുപേക്ഷിപ്പാനെന്തൊരു മൂലം?" എന്നതുകേട്ടു പറഞ്ഞിതുരാധാ
"എന്നുടെ ജാതകദോഷത്തെക്കേൾപ്പിൻ എന്നോടുകൂടി രമിക്കുന്നനേരം
ഏറെത്തെളിഞ്ഞുപറഞ്ഞിതു ഞാനും എന്നെക്കഴുത്തിലെടുക്ക മുകുന്ദ!
എന്നപറവാനങ്ങനെതോന്നി എന്നാലതും ചെയ്യാമെന്നുരചെയ്തു

എന്നോടരികത്തു ചെന്നുപുണർന്നു മുട്ടുകാൽകുത്തി മുകർന്നിതന്നു.
പെട്ടെന്നു ഞാൻചെന്നു പിന്നിലുംനിന്നു ചേലയുടുത്തതു ചാലേചുരുക്കി
കാമൃമയത്തിക്കരേറുവതിനായ് കൗതുകത്തോടെ തുടർന്നൊരുനേരം
കാർമുകിൽവർണ്ണനെക്കണ്ടതുമില്ല കാനനംതന്നിൽ ഞാൻ താനേ ചമഞ്ഞു
കാട്ടുമൃഗങ്ങളെക്കണ്ടുവിറച്ചു കാട്ടിലുഴന്നു നടക്കുന്നനേരം
നിങ്ങളെക്കാണ്മാനും സംഗതിവന്നു ഇങ്ങനെയെന്നുടെ വാർത്തകളെല്ലാം
കൊണ്ടൽനിറമുള്ള കോമളരൂപം കണ്ടായോ നിങ്ങളും ഗോപിമാരേ?”
“കണ്ടില്ലയങ്ങുമേകൃഷ്ണനെഞങ്ങൾ എങ്ങുപോയെന്നൊരു രൂപവുമില്ല”
എന്നുപറഞ്ഞുടൻ ഗോപികമാരും ഏറെവിഷാദിച്ചു കാനനംതന്നിൽ
പുഷ്പങ്ങൾതമ്മോടും വല്ലികളോടും പക്ഷിമൃഗത്തോടും ചോദ്യംതുടങ്ങി.

## നാലാംപാദം.

“സിന്ദുവാരമേ കന്ദരാളമേ സുന്ദരാംഗനെയുണ്ടോ കണ്ടു?
ചന്ദനങ്ങളേ ചമ്പകങ്ങളേ ചന്ദ്രവക്ത്രനെയുണ്ടോ കണ്ടു?
മുല്ലേ മല്ലികേ നല്ലമാലതീ മല്ലവൈരിയെയുണ്ടോ കണ്ടു?
പൈങ്കിളികളേ കോകിലങ്ങളേ പങ്കജാക്ഷനെയുണ്ടോ കണ്ടു?
വെള്ളപ്പക്ഷിയേ വെണ്മയേറുന്ന വേദമൂർത്തിയെയുണ്ടോ കണ്ടു?
വള്ളിക്കെട്ടിലെപ്പുള്ളിമാനേ നീ വല്ലവേന്ദ്രനെയുണ്ടോ കണ്ടു?
കൃഷ്ണസാരമേ കൃഷ്ണഗോക്കളേ കൃഷ്ണനുണ്ണിയെയുണ്ടോ കണ്ടു?
മത്തമാതംഗക്കൂട്ടമേ നിങ്ങൾ മത്സ്യരൂപനെയുണ്ടോ കണ്ടു?
കൈതേ കൈനാറിക്കൂട്ടമേ നിങ്ങൾ കൈടഭാരിയെയുണ്ടോ കണ്ടു?
ഗോകുലങ്ങളേ ഗോക്കളേനിങ്ങൾ ഗോവിന്ദൻതന്നെയുണ്ടോകണ്ടു?”
ഇങ്ങനെയോരോ ചോദ്യംചെയ്തുകൊണ്ടംഗനാജനമങ്ങുമിങ്ങും
കാനനംതന്നിൽ സഞ്ചരിക്കുമ്പോൾ കാണുമാറായി കാർവർണ്ണൻതന്നെ
കൊണ്ടൽവർണ്ണനെക്കണ്ടുഗോപിമാർ കൊണ്ടാടിക്കൂടി മേളത്തോടെ
രാസക്രീഡകൾ ചെയ്തുപിന്നെയും രാപ്പകൽവാണു രാഗത്തോടെ.

## നീലകണ്ഠന്റെ

# കൊച്ചിരാജപരമ്പര.

(പ്രൊഫസ്സർ കെ. രാമപ്പിഷാരടി അവർകൾ, എം. എ.)

പോർച്ചുഗീസുകാരുടെ ആഗമനത്തിനു മുമ്പുള്ള കൊച്ചിരാജ്യചരിത്രം [illegible] തീരെ അജ്ഞാതമായിട്ടാണിരിക്കുന്നത്. അക്കാലത്തെ ചരിത്രത്തെ സംബന്ധിച്ച് എന്തെങ്കിലും സംഗതികൾ കിട്ടിയാലും അതു ചരിത്രകാരന്മാർക്കെന്നപോലെ സാധാരണന്മാർക്കും രസാവഹമായിരിക്കും. സാഹിത്യഗ്രന്ഥങ്ങളിൽനിന്നു കിട്ടുന്നതും പോർച്ചുഗീസ്സുകാരുടെ ആഗമനത്തിനു മുമ്പുള്ളതെന്നു ഞാൻ അനുമാനിക്കുന്നതും ആയ ചില സംഗതികളാണ് പ്രസ്തുതലേഖനത്തിന്റെ വിഷയം.

ഇവിടെ ആധാരമായി സ്വീകരിച്ചിട്ടുള്ള സാഹിത്യഗ്രന്ഥങ്ങളെക്കുറിച്ച് ആദ്യം പ്രസ്താവിക്കാം. ഇവയിൽ പ്രധാനമായിട്ടുള്ളത് തെൻകൈലാസനാഥോദയം എന്ന പേരായ ചമ്പൂപ്രബന്ധമാണ്. വിദ്യാവല്ലഭൻ എന്ന ബിരുദം സമ്പാദിച്ചിട്ടുള്ള നീലകണ്ഠമഹാകവിയാണ് ഇതിന്റെ കർത്താവ്. ഇദ്ദേഹം ഇതിനുപുറമെ ചെല്ലൂർനാഥോദയമെന്നും നാരായണീയമെന്നും രണ്ടു പ്രബന്ധങ്ങൾകൂടി ചമച്ചിട്ടുണ്ട്. ഗ്രന്ഥകാരന്റെ ജനനമരണങ്ങളെയോ ജീവിതകാലത്തെയോ വ്യവസ്ഥചെയ്യുവാൻ ഉതകുന്ന വിശ്വാസനീയമായ തെളിവുകൾ യാതൊന്നും ഇതേവരെ ലഭ്യങ്ങളായിത്തീർന്നിട്ടില്ലെന്നു പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ആയതിനാൽ ഇദ്ദേഹത്തിന്റെ കാലനിർണ്ണയം ആഭ്യന്തരങ്ങളായ തെളിവുകളെ ആശ്രയിച്ചുമാത്രം ചെയ്യേണ്ടതായിട്ടാണിരിക്കുന്നത്. രണ്ടാമതായി ഇവിടെ സ്വീകരിച്ചിട്ടുള്ളതു രാജരത്നാവലീയമെന്ന സുപ്രസിദ്ധചമ്പൂഗ്രന്ഥമാകുന്നു. ഈ ഗ്രന്ഥം ചമച്ച മഹാകവി ആരാണെന്നോ ഏതുകാലത്തു ജീവിച്ചിരുന്നുവെന്നോ മറ്റുമുള്ള വിഷയങ്ങൾ വെറും അനുമാനപ്രധാനങ്ങളായിരിക്കുന്നതേയുള്ളൂ. ഈ വിശിഷ്ടകൃതി ഒരു മഴമംഗലത്തിന്റേതാണെന്ന് ഒരു ഐതിഹ്യമുണ്ട്. ആയതിനാൽ അവനവന് ഇഷ്ടമുള്ള മഴമംഗലത്തിന് ഈ കൃതിയുടെ കർത്തൃത്വം കൊടുക്കുന്നതിനു യാതൊരു വിരോധവുമില്ല. മൂന്നാമതായി പ്രകൃതത്തിൽ ഉപയോഗിച്ചിട്ടുള്ള ഗ്രന്ഥം ബാലകവിയുടെ

രാമവർമ്മവിലാസമെന്ന ഒരു സംസ്കൃതനാടകമാണ്. ഈ ഗ്രന്ഥത്തിന്റെ കാലവും അനിർണ്ണീതമാണ്. ഈ മൂന്നു ഗ്രന്ഥങ്ങളെ കുറിച്ചുള്ളതു്* അവയിൽനിന്നുകിട്ടുന്ന ചില ചരിത്രശകലങ്ങളെയാണ് ഇവിടെ പ്രതിപാദിക്കുവാൻ പോകുന്നതു്.

ഇതേവരെയും പ്രസിദ്ധപ്പെടുത്താത്തതാണു് രാമവർമ്മവിലാസനാടകം. അതിലെ നായകൻ കൊച്ചിയിലെ ഒരു രാമവർമ്മ മഹാരാജാവാകുന്നു. ഗോദവർമ്മാഭിധനായ സഹോദരനോടുകൂടി ശത്രുസംഹാരംചെയ്തു രാജ്യത്തെ യഥാവിധി രക്ഷിച്ചു സുസ്ഥിരമാക്കിച്ചെയ്തു്, സഹോദരനിൽ രാജ്യഭാരമേല്പിച്ചു്, മഹാരാജാവു തലക്കാവേരിസ്നാനത്തിനായി എഴുന്നള്ളി. അവിടെവച്ചു് 'മന്ദാരമാല'യെന്ന ഒരു യുവതിയെ കാണുകയും, ദൃഷ്ടിമാത്രയിൽത്തന്നെ അനുരാഗപരവശനാകനിമിത്തം കന്യകയെ ഭാര്യയായി സ്വീകരിച്ചു കുറച്ചുകാലം അവിടെ താമസിക്കുകയും ചെയ്തു. അപ്പോഴേയ്ക്കും രാജ്യത്തു ശത്രുക്കളിൽനിന്നുള്ള ഉപദ്രവം തുടങ്ങിയെന്നു സോദരന്റെ അടുക്കൽനിന്നു വിവരമറിയുകനിമിത്തം പെട്ടെന്നു രാജധാനിയിലേയ്ക്കു മടങ്ങി രാജ്യഭാരം വീണ്ടും കൈയേററു്, ശത്രുക്കളിൽ കൊല്ലേണ്ടവരെ കൊന്നും കളയേണ്ടവരെക്കളഞ്ഞും വീണ്ടും രാജ്യം സുസ്ഥിരമാക്കിച്ചെയ്തു. ഇങ്ങനെ 'അഭിനവേ വയസി' രാജ്യലക്ഷ്മീലാളിതനായി ചിരകാലം രാജ്യംഭരിച്ചു്, അവസാനത്തിൽ കാശിക്കെഴുന്നള്ളി തീപ്പെടുകയും ചെയ്തു. ഈ മഹാരാജാവിന്റെ അപദാനങ്ങളെ വർണ്ണിക്കുന്ന രാമവർമ്മവിലാസനാടകത്തിന്റെയും, ഈ മഹാരാജാവിന്റെ ആജ്ഞയനുസരിച്ചെഴുതിയ രത്നകേതൂദയത്തിന്റെയും കർത്താവായ ബാലകവി ഈ രാമവർമ്മമഹാരാജാവിന്റെ സദസ്യനായിരുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

രാജരത്നാവലീയത്തിലെ നായകനായ രാമവർമ്മമഹാരാജാവും പ്രസ്തുതനാടകത്തിലെ നായകനായ മഹാരാജാവും ഒരാൾ തന്നെയാണ്. അങ്ങനെ വരുമ്പോൾ ഈ വിശിഷ്ടപ്രബന്ധത്തിന്റെ കർത്താവായ മഹാകവിയും ഈ രാമവർമ്മമഹാരാജാവിന്റെതന്നെ സദസ്യനായിരിക്കണം. ഇത്രയും സംഗതികൾ പ്രസ്തുതകാവ്യരത്നങ്ങളിൽനിന്നു തെളിയുന്നതു്.

---

* ഈ മൂന്നു ഗ്രന്ഥങ്ങളെപ്പറ്റിയും, പരിഷത്ത്രൈമാസികം രണ്ടാംപുസ്തകത്തിലെ "മഹാകവിയും [illegible]" എന്ന ഉപന്യാസത്തിൽ ഞാൻ സൂചിപ്പിച്ചിട്ടുണ്ട്.

പ. മെ. പ.

ഈ രണ്ടു ഗ്രന്ഥങ്ങളിലും പോർത്തുഗീസുകാരെപ്പററി ഒന്നുംതന്നെ പ്രതിപാദിച്ചു കാണാത്തതിനാൽ പ്രഥമദൃഷ്ടിയിൽ ഉണ്ടാകാവുന്ന അനുമാനം, ഈ രാമവൎമ്മമഹാരാജാവു പോർത്തുഗീസുകാരുടെ ആഗമനത്തിനു മുമ്പു ജീവിച്ചിരുന്നിരിക്കണമെന്നല്ലുതാണു്. നാടകകാരനായ ബാലകവി കോഴിക്കോട്ടു വിക്രമസദസ്സിലെ അംഗമായ ഉദ്ദണ്ഡശാസ്ത്രികളാൽ അപമാനിതനായി കൊച്ചിരാജാവിനെ വന്നാശ്രയിച്ചുവെന്ന ഐതിഹ്യം ഈ ഊഹത്തെ പ്രബലപ്പെടുത്തുന്നുമുണ്ടു്.

ഇനി തെൻകൈലാസനാഥോദയത്തെ പരിശോധിക്കാം. പ്രബന്ധാരംഭത്തിൽ കവി കൊച്ചിരാജപരമ്പരയെ താഴെ പറയുംപ്രകാരം വൎണ്ണിച്ചിരിക്കുന്നു:—

"അസ്തി ഖലു...... ......മനകലമണിപ്രദീപാനാം മാഹോദരീതാം വികാപവിസ്താപകാരിമാഗാ കൊച്ചീതിനാമ കലരാജധാനീ.

സ്വഭാഗ്യസ്യാജ്ജയിനീ വിദ്ധ്യാ
പരൈരജയ്യാ മധുരാ വിശാലാ
വിരാജതേ ഭോഗവതീ സഹസ്രം യാ
ത്വത്തവ സംസ്തുത്യ മഹാപുരീഭിഃ

ഗോപകുലമണിദീപാ തത്ര പുത്രാമല്ലതാം
മഹിതഗുണനിധാനാ രാമവർമാഭിധാനാ
പ്രതിഭടമകുടാലിപ്രവ്യഹാസാരസിംഹാ
സമജനി ശിവിരാജീവ പെരു മഹീപാലവീരാ.

തദനു വിപുലശൌര്യശ്രീനിധാനം
കുമാരവര്യാ/മുനി തത്ര ഗോദവർമ്മാ
അംഗണിതഗുണലേശസംഭൂഷ മദ്ധ്യേ
രവിസദൃശോ രവിവർമനാമധേയഃ

ആവിർബഭൂവ തദനന്തരമാവിരാഗ-
ശ്രീവല്ലിവിടപശംഭേദവിശാലാകഃ
സാവിത്രവംശതിലകന്ദിമശൈലധാമാ
ശ്രീവീരകേരള ഇതി ക്ഷിതിപാലചന്ദ്രഃ"

വലിയ ശിവഭക്തനായ വീരയോദ്ധാവുമായ ഈ വീരകേരളവൎമ്മമഹാരാജാവു ചിരകാലം രാജ്യഭരിച്ചു. വാൎദ്ധക്യത്തിൽ അദ്ദേഹത്തിന്റെ രാമവൎമ്മൻ,

ഗോദവർമ്മൻ എന്നിങ്ങനെ രണ്ടു മക്കളുണ്ടായി. ഇവരിൽ രാമവർമ്മാവിനെ വർണ്ണിച്ചതിന്റെശേഷം അദ്ദേഹത്തിന്റെ രാജ്യഭാരത്തെപ്പറ്റി ഇപ്രകാരം പറഞ്ഞവസാനിപ്പിക്കുന്നു.

> "സാമ്രാജ്യാധികൃതോ വയസ്യതിനവേ ശ്രീരാമവർമ്മാഭിധോ
> രാജേന്ദ്രഃ സഹ ഗോദവർമ്മസഹജേനാക്രമ്യ വർഷം ചിരം
> കൃത്വാ രാജ്യവരം ഇഹാത്മപുത്രയം വാരാണസീസന്നിധൗ
> സംപ്രാപ്തഃ ശിവലോകമനഘഗൗരജോപ്യാഗത്യ രാജ്യേശ്വരാൻ
>
> അനന്തരമനന്തരായരമണീയനാനാഗുണ-
> പ്രഭാവജിതരാഘവോ വിദിതലാഘവോ വൈരിണാം
> ശശാസ വിധിവന്മഹീം ഇനമഹീയസീ പൂരയൻ
> യശോ ജഗതി വീരകേരള ഇതി പ്രതീതോ നൃപഃ"

ഈ വീരകേരളവർമ്മമഹാരാജാവിന്റെ ആജ്ഞാനുസരണമാണു് നീലകണ്ഠകവി തന്റെ തെൻകൈലാസനാഥോദയമെന്ന ഗ്രന്ഥമെഴുതിയതു്.

മേൽ ഉദ്ധരിച്ച പദ്യങ്ങളിൽനിന്നു്, രാമവർമ്മ-രാമവർമ്മ-ഗോദവർമ്മ-രവിവർമ്മ-വീരകേരളവർമ്മ-രാമവർമ്മ-ഗോദവർമ്മ-വീരകേരളവർമ്മ എന്നിങ്ങനെയുള്ള വംശാവലി അനുസ്യൂതമായ പാരമ്പര്യമാണെന്നു്, തദനന്തരം, തസ്യ എന്നീ പദങ്ങൾ തെളിയിക്കുന്നുണ്ടു്. മറ്റൊരു പ്രധാനസംഗതി ഇതിൽനിന്നും തെളിയുന്നതു്, കൊച്ചിയെ ഏകരാജ്യമാക്കിയതിനുശേഷമാണു് പ്രസ്തുത പരമ്പര തുടങ്ങിയതെന്നുള്ളതാണു്. കൊച്ചി ഒരു തുറമുഖമായിത്തീർന്നതു് ക്രി: പി: 1341-ാമാണ്ടിനുശേഷമാകയാൽ ഈ വംശാവലി അതിനുശേഷമായിരിക്കണമെന്നു വരുന്നു എന്നുള്ളതും നിശ്ചയംതന്നെ.

ഈ വംശാവലിയിലെ ആറാമത്തെ രാജാവായ മൂന്നാമത്തെ രാമവർമ്മയായിരിക്കണം രാജരത്നാവലീയത്തിലെയും രാമവർമ്മവിലാസത്തിലെയും നായകനായ രാമവർമ്മമഹാരാജാവു്. അനുജന്മാർക്കു രാജ്യമേല്പിച്ചു ഒടുവിൽ കാശിയിൽപോയി മരിച്ചു എന്നുള്ള സംഗതിയും ഈ ഊഹത്തെ സ്ഥാപിക്കുന്നുണ്ടു്. ഈ രാമവർമ്മഗോദവർമ്മാക്കളുടെ കാലശേഷം രാജ്യംവാണതു വീരകേരളവർമ്മമഹാരാജാവാണു്. അദ്ദേഹത്തിന്റെകാലത്താണല്ലോ നീലകണ്ഠമഹാകവി തന്റെ തെൻകൈലാസനാഥോദയമെന്ന ഗ്രന്ഥം നിർമ്മിച്ചിട്ടുള്ളതു്.

ഇനി ആലോചിക്കേണ്ട വിഷയം ഈ വംശാവലിയിൽ പ്രകീർത്തനം ചെയ്യപ്പെട്ടിട്ടുള്ള എട്ടു മഹാരാജാക്കന്മാർ ഏതുകാലത്താണു് രാജ്യം ഭരിച്ചിരുന്നതെന്നുള്ളതാണു്. ഈ സംഗതിയിൽ നിർണ്ണീതമായി ഒരഭിപ്രായം പറയുന്നതിനുതക്കതായ തെളിവുകളൊന്നും ഇതേവരെ കണ്ടുകിട്ടിയിട്ടില്ല. എന്നെങ്കിലും ഒരഭിപ്രായംപറയുന്നതു് ഊഹാപോഹങ്ങളെ അടിസ്ഥാനപ്പെടുത്തിമാത്രമാണു്.

പ്രസ്തുത വംശാവലിയിലെ എട്ടാമത്തെ രാജാവിന്റെ ആജ്ഞയെ അനുസരിച്ചു് ഒരു പ്രബന്ധം രചിക്കുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ ഏഴു പൂർവ്വികന്മാരുടെ നാമസ്മരണത്തിന്റെ ഉദ്ദേശ്യം എന്തായിരിക്കാം? തന്റെ രാജാവിന്റെ മഹിമവർണ്ണനമാത്രമാണുദ്ദേശ്യമെങ്കിൽ അദ്ദേഹത്തിന്റെ പൂർവ്വഗാമിയും അരിഗംഭീരനും ഗോദവർമ്മാവിന്റെ ജ്യേഷ്ഠനുമായ രാമവർമ്മമഹാരാജാവിന്റെ അപദാനങ്ങളെ വർണ്ണിക്കുകമാത്രമായാലും അപരാധമില്ലാത്തതാണു്. ക്രി: പി: 1341-ാമാണ്ടുമുതല്ക്കു യഥാർത്ഥത്തിൽ കൊച്ചിരാജാക്കന്മാരായിത്തീർന്നിട്ടുള്ള പെരുമ്പടപ്പുസ്വരൂപത്തിലെ മഹാരാജാക്കന്മാരുടെ വംശാവലിയെ ചുരുക്കിപ്പറയുകയെന്നുള്ളതുംകൂടി ഗ്രന്ഥകർത്താവിന്റെ ഉദ്ദേശ്യമായി കരുതിയാൽമാത്രമേ ഈ വംശാവലീപ്രദാനം യുക്തിയുക്തമായിത്തീരുകയുള്ളൂ. ആയതിനാൽ നീലകണ്ഠൻ സ്വപ്രബന്ധത്തിൽ പറഞ്ഞിട്ടുള്ള കൊച്ചിരാജവംശാവലി 1342-മുതല്ക്കുള്ളതാണെന്നാണു് എന്റെ അഭിപ്രായം. ഈ അഭിപ്രായത്തെ സാധൂകരിക്കുന്ന ആദ്യത്തെ ഒരു തെളിവായി കല്പിക്കാവുന്നതു്, ബാലകവിയെ ഉദ്ദണ്ഡനോടുകൂടി ഘടിപ്പിക്കുന്ന ഐതിഹ്യമാണു്.

വെറും ഒരഭിപ്രായംകൊണ്ടും നാടോടിയായ ഐതിഹ്യംകൊണ്ടും മാത്രം ഈ രാജാവലിയുടെ കാലം നിശ്ചിതപ്രായമാണെന്നു് ഇവിടെ ഉദ്ഘോഷിക്കുന്നില്ല. ഇവയെ ബലപ്പെടുത്തുന്ന വേറെയും ചില തെളിവുകളുള്ളതു് ഇനി പ്രസ്താവിക്കാം. അവയിൽ ആദ്യമായിട്ടുള്ളതു്, കവി പ്രസ്തുത കൃതിയിൽ പോർത്തുഗീസുകാരെക്കുറിച്ചു് ഒന്നുംതന്നെ പറഞ്ഞിട്ടില്ലെന്നുള്ളതാണു്. ഈ കൃതിയിൽ മാത്രമല്ല, രാമവർമ്മവിലാസനാടകത്തിലും രാജരത്നാവലീയത്തിലും രത്നകേതൂദയത്തിലും ഇവരെക്കുറിച്ചു് ഒരു വാക്കുപോലും പറഞ്ഞുകാണുന്നില്ല. പോർത്തുഗീസുകാർ വന്നതിന്റെശേഷം രാജ്യത്തിന്റെ ക്ഷേമത്തിനും വിജയത്തിനും കാരണവും, രാജാക്കന്മാരുടെ സ്നേഹബഹുമാനങ്ങൾക്കു പാത്രവുമായ ഈ പാശ്ചാത്യവർഗ്ഗക്കാരെ അനുസ്മരിക്കാതിരിക്കുന്നതിൽനിന്നു് ഒരു സംഗതി തെളിയുന്നതു്, അവരുടെകാലത്തല്ലാ ഈ കവികൾ ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുള്ളതെന്നാകുന്നു. ഇതും ഒരനുമാനംമാത്രമാണെന്നു പറഞ്ഞു സംശയകോ

ടിയിൽ ഉള്ളാവുന്നതാണെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. പോർച്ചുഗീസ്സുകാരുടെ ആഗമനത്തിനുശേഷമുണ്ടായിട്ടുള്ള രാജാക്കന്മാരുടെ പാരമ്പര്യത്തെസംബന്ധിച്ച മൂന്നു നാളാവലികൾ ഇപ്പോൾ സുലഭങ്ങളായിട്ടുണ്ട്. ഈ നാളാവലികളും അനാസ്പൃതമായ നീലകണ്ഠന്റെ ആവലിയോടു ചേരുന്നില്ലെന്നുള്ള സംഗതി ഇവിടെ പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ഇതിൽനിന്നു നീലകണ്ഠന്റെ ആവലി പോർച്ചുഗീസ്സുകാരുടെ ആഗമനത്തിനുമുമ്പുണ്ടായിരുന്ന രാജാക്കന്മാരുടെ വംശപാരമ്പര്യത്തെ വർണ്ണിക്കുന്നതാണെന്ന് ഊഹിക്കുന്നതിൽ അസാംഗത്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല.

ഇത്രയുംപറഞ്ഞതിൽനിന്നു വന്നുകൂടുന്നതു്, നീലകണ്ഠന്റെ വംശാവലി ക്രി: പി: 1342-ാമാണ്ടിനു ശേഷവും 1500-ാമാണ്ടിനു മുമ്പും ഉണ്ടായിരുന്ന കൊച്ചിരാജാക്കന്മാരുടെ വംശപരമ്പരയാണെന്നുള്ളതാണ്. ഈ മതം സ്വീകാരയോഗ്യമെന്നുവന്നാൽ മേൽവിവരിച്ച ഗ്രന്ഥങ്ങൾ കൂടി 1500-നുമുമ്പിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളവയാണെന്നും അതുപോലെതന്നെ ആ ഗ്രന്ഥങ്ങളുടെ കർത്താക്കന്മാർ പോർച്ചുഗീസ്സുകാരുടെ ആഗമനത്തിനുമുമ്പു ജീവിച്ചിരുന്നവരായിരിക്കണമെന്നുമാണല്ലോ വന്നുകൂടുന്നതു്. അതായതു മലയാളസാഹിത്യത്തിലെ ഉത്തമഗ്രന്ഥമായ രാജരത്നാവലീയവും നീലകണ്ഠന്റെ പ്രബന്ധദ്വയവും ക്രി: പി: 1500-നുമുമ്പു എഴുതിയതായിരിക്കണമെന്നു ചുരുക്കം.

നീലകണ്ഠൻ വിവരിക്കുന്ന രാജാവലിയുടെ കാലനിയമത്തെപ്പററി വിഭിന്നാഭിപ്രായമില്ലെന്നില്ല; പക്ഷേ, ആ അഭിപ്രായത്തെ പ്രകടിപ്പിച്ചിട്ടുള്ള ലേഖനത്തെ സൂക്ഷ്മമായി പരിശോധിച്ചു നോക്കുന്നതായാൽ അതു തീരെ അടിസ്ഥാനരഹിതമാണെന്ന്, കൊച്ചിരാജ്യചരിത്രമറിയുന്ന ഏവനും ക്ഷണത്തിൽ ഗ്രഹിക്കാവുന്നതാണ്. വിഭിന്നാഭിപ്രായപ്രകടനം ചെയ്തിട്ടുള്ളവരിൽ മേന്മകൊണ്ടും വിദ്വത്വംകൊണ്ടും മററും ഉന്നതസ്ഥാനമർഹിക്കുന്നതു് റാവുസാഹിബ് മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകളാകുന്നു. വിദ്വച്ചൂഡാമണിയായ ഇദ്ദേഹത്തിന്റെ അഭിപ്രായം അടിസ്ഥാനരഹിതമാണെന്നും ആയതിനാൽ അതു സ്വീകാര്യമല്ലെന്നും സ്ഥാപിച്ചുകഴിഞ്ഞാൽ, ഇതരന്മാരുടെ അഭിപ്രായങ്ങളും അസാധുവായിത്തീരുമെന്നുള്ളതുകൊണ്ട് മി: അയ്യരുടെ അഭിപ്രായംമാത്രമേ ഇവിടെ പരിശോധിക്കുന്നുള്ളു. മി: അയ്യർ നീലകണ്ഠമഹാകവിയുടെ കാലം പതിനാറാംനൂററാണ്ടിന്റെ ഉത്തരാർദ്ധത്തിന്റെ അന്ത്യദശയാണെന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളതു്. നൈഷധചമ്പുവും രാജരത്നാവലീയവും ഒരാളുടെ കൃതിയാണ്;

ആ കവി മഴമംഗലമാണ്; മഴമംഗലമെന്നുശിമാചിൽ ചംപൂകർത്താവു ക്രി: പി: 1615-നോളം ജീവിച്ചിരുന്നിരുന്ന നാരായണനാണ്; എന്നിങ്ങനെയുള്ള മൂന്നാമത്തെ അനുമാനങ്ങൾകൊണ്ടു രാജരത്നാവലീയവും നൈഷധചമ്പുവും 16-ാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഉണ്ടായവയാണെന്ന് അദ്ദേഹം സ്ഥാപിക്കുന്നു. ഈ അനുമാനത്രയത്തിനുള്ള പ്രധാനലിംഗം, "എന്നാണ് ഞാൻ അനുമാനിക്കുന്നതു" എന്നുള്ളതുമാത്രമാണ്.

ഇങ്ങനെ രാജരത്നാവലീയത്തെ 16-ാംനൂറ്റാണ്ടിന്റെ മദ്ധ്യഭാഗത്തിലോ ഉത്തരഭാഗത്തിലോ വലിച്ചുകൊണ്ടുവരുമ്പോൾ ചില കുഴപ്പങ്ങൾ നേരിടുന്നു, അവയെയും തന്റെ ചാതുര്യംകൊണ്ടുതന്നെയാണ് നമ്മുടെ മഹാകവി നിവാരണം ചെയ്യുന്നതു. തെൻകൈലാസനാഥോദയത്തിൽ മൂന്നാമതായി വർണ്ണിച്ചിട്ടുള്ള രാമവർമ്മാവും രാജരത്നാവലീയത്തിലെ നായകനും ഒന്നുതന്നെയെന്നു ന്യായമായി അനുമാനിക്കുന്നു. അതിനാൽ ശേഷം ആ ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ഒരു രാമവർമ്മമഹാരാജാവിനെ ഉണ്ടാക്കുവാൻ പുറപ്പെടുന്നു; അവസാനത്തിൽ 1565 മുതൽ 1603 വരെ രാജ്യംഭരിച്ച് മെല്പുത്തൂരിന്റെയും വെങ്കിട്ടാചാര്യന്റെയും പ്രശംസയ്ക്കു പാത്രമായിത്തീർന്ന രവിവർമ്മമഹാരാജാവിന്റെ പേർ കൊച്ചിരാജ്യചരിത്രത്തിൽ കാണാത്തതുകൊണ്ടും, ഇദ്ദേഹം കാശിക്കുപോയി എന്നൊരു കിംവദന്തിയുള്ളതുകൊണ്ടും ഇദ്ദേഹമാണ് രാജരത്നാവലീയത്തിലെ നായകനായ രാമവർമ്മമഹാരാജാവെന്നു പിന്നീടഭിപ്രായപ്പെടുന്നു. മാടമഹീശപ്രശസ്തിയിലെ രവിവർമ്മനെ രാജരത്നാവലീയത്തിലെ രാമവർമ്മനാക്കിത്തീർത്തപ്പോൾ, നീലകണ്ഠന്റെ രാജപരമ്പരയെ പരസ്പരം ഘടിപ്പിക്കേണ്ടതായ ഒരു പുതിയ ബുദ്ധിമുട്ട് മി: അയ്യർക്കുണ്ടായിത്തീർന്നു. ഇതിനെയും മി: അയ്യർ സരസമായി നിർവ്വഹിക്കുന്നു. 1500-ാമാണ്ടിനു ശേഷമുണ്ടായിട്ടുള്ള രാജാക്കന്മാരുടെ പരമ്പര കീഴ്വഴികളുള്ള ഈ നീലകണ്ഠന്റെ ആവലിയോട് ഒത്തുനോക്കുമ്പോൾ യോജിക്കുന്നില്ല; കവിയുടെ പ്രതിഭാഗുണമാത്രയിലല്ലോ എന്നതോ, എല്ലാ ആവലികളെയും തോന്നിയപടി ചേർത്തിട്ടാണ് മി: അയ്യർ അവയ്ക്കു ഐകരൂപ്യം ഉണ്ടാക്കിത്തീർക്കുന്നതു. അതായതു, നീലകണ്ഠന്റെ ആവലിയിൽ അധികം രാജാക്കന്മാരെ കാണുമ്പോൾ അവർ പ്രസിദ്ധന്മാരാകയാൽ ഗ്രന്ഥവരിയിൽ ചേർത്തില്ലെന്നും, ഗ്രന്ഥവരിയിൽ അധികം രാജാക്കന്മാരെ കാണുമ്പോൾ അവർ അപ്രസിദ്ധന്മാരാകയാൽ നീലകണ്ഠൻ വർണ്ണിച്ചില്ലെന്നും അദ്ദേഹം സമാധാനിക്കുന്നു. ഇങ്ങനെ നീലകണ്ഠന്റെ രാജാവലിയും ഗ്രന്ഥവരിക്കാരന്റെ രാജാവലിയും ഒന്നുതന്നെയാണെന്നു പ്രതിപാദിക്കുന്ന മി: അയ്യരെ സഹൃദയന്റെ നിലയ്ക്ക് അഭിനന്ദിക്കുകയും ചരിത്രകാരന്റെ നിലയ്ക്ക് അനുശോചിക്കുകയുമാണ്

ഞാനിവിടെ ചെയ്യുന്നതു്. ഇപ്രകാരം അടിസ്ഥാനരഹിതങ്ങളായ അനുമാനപരമ്പരകളെക്കൊണ്ടു സ്ഥാപിതപ്രായമെന്നു വിശ്വസിക്കുന്ന താൻറെ മതം, രാജരാജനെന്നതു് ഒരു സ്ഥാനപ്പേർമാത്രമാണെന്നും, അതു പ്രബന്ധനായകനായ രാമവർമ്മാവിൻറെ പൂർവ്വികനായ കേരളവർമ്മാവിൻറെ സ്ഥാനപ്പേരായിരുന്നുവെന്നുമുള്ള അനുമാനത്തോടുകൂടിച്ചേരുമ്പോഴും, യഥാർത്ഥകവിതയായി പരിണമിക്കുന്നു എന്നു പറഞ്ഞേതീരൂ.

ഇത്രയും പറഞ്ഞതിൽനിന്നു വന്നുകൂടുന്നതു്, രാജരത്നാവലീയത്തെ പതിനാറാംനൂററാണ്ടിൻറെ മദ്ധ്യദശയിലേയ്ക്കു കൊണ്ടുവന്നിട്ടുള്ളതിനു യാതൊരു തെളിവും മി: അയ്യർ കാണിച്ചിട്ടില്ലെന്നുള്ളതാണ്. അദ്ദേഹത്തിൻറെ അഭിപ്രായത്തിൽ ഈ ഗ്രന്ഥം 16-ാംനൂററാണ്ടിലാവാമെങ്കിൽ, വേറെ ചിലരുടെ അഭിപ്രായത്തിൽ ഇതു് 15-ാംനൂററാണ്ടിലാകുന്നതിനും യാതൊരു വിരോധവുമില്ല. ഇങ്ങനെ സങ്കല്പിക്കുന്നതിലേയ്ക്കു നീലകണ്ഠൻറെ രാജാവലി അനുകൂലവുമാണ്. പക്ഷെ തങ്ങളുടെ അഭിപ്രായങ്ങളെ സാധൂകരിക്കുവാൻവേണ്ടി കൃതികളുടേയും കവികളുടേയും കാലം യഥേഷ്ടം വിപരിണമിപ്പിക്കുന്നതും അനാസ്പൃതമായ തുവഖികളെ യഥേഷ്ടം മാററുന്നതും ഒരു സാഹസമാണെന്നു പറയേണ്ടതുള്ളൂ.

ചുരുക്കിപ്പറയുകയാണെങ്കിൽ, നീലകണ്ഠൻറെ വംശാവലി പോർത്തുഗീസ്സുകാലത്തിനു മുമ്പുള്ളതാണെന്നും, കൈലാസനാഥോദയം, രാജരത്നാവലീയം, രാമവർമ്മവിലാസം എന്നീ ഗ്രന്ഥങ്ങൾ 15-ാംനൂററാണ്ടിൻറെ ഉത്തരാർദ്ധത്തിൽ നിർമ്മിച്ചിട്ടുള്ളതാണെന്നുമാണ് എൻറെ പൂർണ്ണമായ വിശ്വാസം. ഇങ്ങനെ അഭിപ്രായപ്പെടുന്നതിൽ വേറെ വല്ലാക്ഷേപംകൂടിയുണ്ടാവുന്നതു് ഇവിടെ ചൂണ്ടിക്കാണിച്ചു നിരാകരിക്കണം. ഭാഷാശൈലി ആശ്രയിച്ചുനോക്കുമ്പോൾ ഇവയെ പതിനാറാംനൂററാണ്ടിൽ സ്ഥാപിക്കേണ്ടതായി വരുന്നുവെന്നുള്ളതാണ് ആ ആക്ഷേപം. ഇതു വെറുമൊരു മിത്ഥ്യാവാദംമാത്രമാണെന്ന് ഖണ്ഡ്യമായി പറഞ്ഞുകൊള്ളട്ടെ. ഭാഷാശൈലിയെമാത്രം അടിസ്ഥാനപ്പെടുത്തി ഒരഭിപ്രായം പറയുന്നതു് സാഹസമാണ്; എന്തുകൊണ്ടെന്നാൽ ഓരോ നൂററാണ്ടിലേയും ഭാഷാശൈലിയുടെ സ്വരൂപം വിശദമാക്കുന്ന ഗ്രന്ഥങ്ങളേതെല്ലാമെന്ന് ഇനിയും സുനിശ്ചിതമായിട്ടില്ല; ഇവയുടെ സ്വരൂപം ഇതേവരെ ആരും വിശദമാക്കീട്ടുമില്ല. ഇതിനുംപുറമേ, പ്രബന്ധങ്ങളിൽ അപഹൃതശ്ലോകങ്ങളും ധാരാളം കാണുന്നുണ്ടെന്നു മി: അയ്യർ അഭിപ്രായപ്പെടുന്നതുമുണ്ട്. ഇങ്ങനെ വരുമ്പോൾ ഭാഷാശൈലിയെമാത്രം അടിസ്ഥാനപ്പെടുത്തീട്ടുള്ള ഒരഭിപ്രായത്തെ ആശ്രയിച്ച്, 'ഈ കൃതി ഇന്നകാല

ത്തതായിരിക്കണം, ആ കൃതി ഇന്ന നൂററാണ്ടിലേതായിരിക്കണം' എന്നുംമററും അഭിപ്രായപ്പെടുന്നതു ചരിത്രദൃഷ്ട്യാ സ്വീകാരയോഗ്യമല്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. ശൈലിയെ സംബന്ധിച്ച വസ്തുസ്ഥിതി താഴെകാണിക്കുന്നവിധത്തിലാണെന്നു തോന്നുന്നു. ഭാഷാശാസ്ത്രജ്ഞൻ സാഹിത്യചരിത്രകാരനോടു ചില ഗ്രന്ഥങ്ങളുടെ കാലമെന്താണെന്നു ചോദിച്ചറിഞ്ഞതിന്റെശേഷം, അക്കാലത്തെ ഭാഷാശൈലി ഇന്നതെന്ന് അഭിപ്രായപ്പെട്ടു; പിന്നീട് ഈ വിഷയത്തെക്കുറിച്ചെഴുതിയ ചരിത്രകാരൻ, ഭാഷാശൈലി ഇന്നകാലത്തേതാകകൊണ്ട് ആ ഗ്രന്ഥം ഇന്ന കാലത്തുണ്ടായതായിരിക്കണമെന്നഭിപ്രായപ്പെട്ടു. ഇങ്ങനെ അന്യോന്യാശ്രയമായി സ്ഥിതിചെയ്യുന്നതാണ് ഭാഷാശൈലിയെ അടിസ്ഥാനപ്പെടുത്തിട്ടുള്ള അഭിപ്രായം. പ്രകൃതവിഷയത്തിൽ അതു ദുർബലവും തീരെ അസംബന്ധമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

മലയാളസാഹിത്യചരിത്രത്തെക്കുറിച്ചുകൂടി ഒരു വാക്കുപറഞ്ഞു പ്രകൃതവിഷയത്തെ ഉപസംഹരിക്കാം. രാജരത്നാവലീയം, തെങ്കൈലനാഥോദയം മുതലായ പ്രബന്ധങ്ങളെ 16-ാംനൂററാണ്ടിലേയ്ക്കു കൊണ്ടുവന്ന്, ഈ ശതകത്തിലായിരിക്കണം ചമ്പുക്കളുടെ ഉത്ഭവം എന്നുംമററും അഭ്യൂഹിക്കുന്ന സാഹിത്യചരിത്രകാരന്റെ അഭിപ്രായവും, അതിനെ അടിസ്ഥാനപ്പെടുത്തി ചരിത്രകാരൻ ചെയ്തിട്ടുള്ള അനുമാനപരമ്പരകളും തെററായിട്ടുള്ളതാണെന്നാണ് എന്റെ പൂർണ്ണവിശ്വാസം. മലയാളസാഹിത്യത്തിലെ ഉത്തമങ്ങളായ ചമ്പുക്കളെല്ലാം 15-ാം നൂററാണ്ടിൽതന്നെ ഉത്ഭൂതങ്ങളാണെന്നു വിചാരിക്കുന്നതിൽ വലിയ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല.*

## മറുപടി.

(മറ്റൂർ)

എന്റെ പ്രിയസുഹൃത്തായ ശ്രീമാൻ കെ. രാമപ്പിഷാരടി മേൽകാണുന്ന ലേഖനത്തിൽ സ്ഥാപിക്കുവാൻ ഉദ്യമിക്കുന്നതു്, നീലകണ്ഠകവി തെങ്കൈലനാഥോദയം(തെങ്കൈലനാഥോദയമല്ല)പ്രബന്ധത്തിൽ സ്മരിക്കുന്ന എട്ടു കൊച്ചിരാജാക്കന്മാർ ക്രി: പി: 1342 മുതൽ 1500 വരെ ജീവിച്ചിരുന്നവരാണെന്നാണ്. ഈ ഉദ്യമത്തിൽ അദ്ദേഹം ആശ്രയിക്കുന്ന തെളിവുകൾ എന്തെല്ലാമെന്നു ചുരുക്കമായിവാ

* "മാനവിക്രമൻ—ശക്തൻതമ്പുരാൻ" എന്ന പേരിൽ ഞാൻ എഴുതി അച്ചടിപ്പിച്ചിട്ടുള്ള ഒരു പുതിയ പുസ്തകത്തിൽ ഈ വിഷയത്തെപ്പററി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

ലേഖകൻ.

യനക്കാർ ശ്രദ്ധിച്ചു നോക്കേണ്ടതുണ്ടു്. അവ രണ്ടെണ്ണമാണെന്നും മാത്രം. ഒന്നു ചെല്ലൂർനാഥോദയം, നാരായണീയം, തെങ്കൈലനാഥോദയം എന്നീ ഭാഷാചമ്പുക്കളുടെ പ്രണേതാവായ ആ നീലകണ്ഠകവിയാകട്ടെ, രാജരത്നാവലീയകാരനാകട്ടെ, രത്നകേതൂദയം, രാമവർമ്മവിലാസം എന്നീ സംസ്കൃതനാടകങ്ങളുടെ നിർമ്മാതാവായ ബാലകവിയാകട്ടെ, പോർത്തുഗീസുകാരെപ്പറ്റി ഒന്നും പ്രസ്താവിച്ചിട്ടില്ലെന്നുള്ളതു്; മറ്റൊന്നു ബാലകവി, ഉദ്ദണ്ഡശാസ്ത്രികളാൽ അവമാനിതനായി കൊച്ചിരാജാവിനെ ആശ്രയിച്ചു എന്നൊരൈതിഹ്യമുണ്ടെന്നുള്ളതു്. മൂന്നാമതായി ഒരു തെളിവു് അദ്ദേഹത്തിനില്ല. 1341-ൽ കൊച്ചിത്തുറമുഖം സ്ഥാപിച്ചതിനു പിന്നീടുള്ള എല്ലാ കൊച്ചിരാജാക്കന്മാരെയും നീലകണ്ഠൻ സ്മരിക്കുന്നു എന്നു് അദ്ദേഹം ഊഹിക്കുകയും നീലകണ്ഠന്റെ വംശാവലി മറ്റു ചില വംശാവലികളോടു യോജിക്കാത്തതു് ഈ ഊഹത്തിനു സഹായമായിരിക്കുന്നു എന്നു സ്വയം സമാശ്വസിക്കുകയും ചെയ്യുന്നു.

പിന്നെ എന്റെ വാദമുഖങ്ങളെ ഖണ്ഡിക്കുന്നതിനുള്ള സംരംഭമാണു് കാണുന്നതു്. ആ വാദമുഖങ്ങൾ എന്തെല്ലാമെന്നു് ഡി: പിഷാരടിയുടെ ലേഖനംകൊണ്ടുമാത്രം വായനക്കാർക്കു മനസ്സിലാകുന്നതല്ല. 1109-ലെ പരിഷത്ത്ത്രൈമാസികത്തിൽ ഞാൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 'മഴമംഗലവും ഭാഷാനൈഷധചമ്പുവും' എന്ന ലേഖനവും, തെങ്കൈലനാഥോദയത്തിന്റെ ആമുഖമായി ഞാൻ എഴുതിച്ചേർത്തിട്ടുള്ള ഉപന്യാസവും വായിച്ചാലേ അവയുടെ ഒരു സംക്ഷിപ്തജ്ഞാനം അവർക്കു സിദ്ധിക്കയുള്ളു.

പോർത്തുഗീസുകാരെപ്പറ്റി മുൻപു പറഞ്ഞ മൂന്നു കവികളും ഒന്നും പ്രസ്താവിച്ചിട്ടില്ലെന്നുള്ളതു ശരിതന്നെ. അങ്ങനെ ഒരു പ്രസ്താവനയ്ക്കു് അവർക്കുള്ള അവസരമെന്തായിരുന്നു എന്നു ഞാൻ എന്റെ സ്നേഹിതനോടു ശാന്തമായി ചോദിക്കുന്നു. തൃപ്പൂണിത്തുറ ക്ഷേത്രത്തിന്റെയോ തൃശ്ശൂർ ക്ഷേത്രത്തിന്റെയോ പ്രതിഷ്ഠയെ വർണ്ണിക്കുന്ന ഒരു പ്രബന്ധത്തിൽ ആ വൈദേശികന്മാരെപ്പറ്റി അസംഗതമായി ഒരു വർണ്ണനവും നീലകണ്ഠകവി ചെയ്തിട്ടില്ലെന്നുവെച്ചു് അതിൽനിന്നു ചരിത്രസംബന്ധമായി ഇത്ര മഹത്തായ ഒരു അനുമാനത്തിനു മാർഗ്ഗമുണ്ടോ? താൻ സ്മരിച്ച കൊച്ചിരാജാക്കന്മാരിൽ ആരെങ്കിലും അവരെ യുദ്ധത്തിൽ തോല്പിക്കുകയോ മറ്റുവിധത്തിൽ കീഴടക്കുകയോ ചെയ്തിരുന്നു എങ്കിൽ, എന്താണു് ആ വിജയവാർത്ത കവി മറന്നുപോയതു് എന്നു് ഒരു നിമിഷത്തേക്കു വേണമെങ്കിൽ ചരിത്രകാരനു ചോദിക്കാം; പ്രസക്തിയില്ലാത്തതുകൊണ്ടാണെന്നു് ഉത്തരക്ഷണത്തിൽ സമാധാനപ്പെടുകയും

ചെയ്യാം. ഇവിടെ പോർത്തുഗീസുകാരും കൊച്ചിക്കാരുംതമ്മിൽ ഉണ്ടായിരുന്ന ബന്ധം അത്തരത്തിലൊന്നല്ലായിരുന്നതിനാൽ ആ വിധത്തിൽ ഒരു ചോദ്യത്തിനുപോലും അവകാശമില്ലല്ലൊ. അതു കേവലം ഒരു വാണിജ്യബന്ധമായിരുന്നു. അതുതന്നെയാണ് ബാലകവിയുംമററും അവരെപ്പററി ഒന്നും എഴുതാതിരുന്നതിൻെറയും കാരണം. എന്നുമാത്രമല്ല, ഒരു ഗ്രന്ഥകാരൻ ഒരു വിഷയത്തെപ്പററി പ്രസ്താവിച്ചിട്ടില്ല എന്നുള്ളതു് ഒരു സിദ്ധാന്തം സ്ഥാപിക്കുന്നതിനു തെളിവാകുമോ എന്നും വായനക്കാർ ആലോചിച്ചു തീർച്ചപ്പെടുത്തേണ്ടതാണ്. ഇംഗ്ലീഷുകാരുടെ മേൽക്കോയ്മ തിരുവിതാംകൂറിലും കൊച്ചിയിലും ആരംഭിച്ചതിനുമേൽ രാജപ്രശസ്തിപരങ്ങളായ പദ്യങ്ങൾ അടങ്ങീട്ടുള്ള എത്രയോ കൃതികൾ ഈ രണ്ടു രാജ്യങ്ങളിലും ആവിർഭവിച്ചിട്ടുണ്ട്. അവയിൽ പലതിലും ഇംഗ്ലീഷുകാരെ സ്മരിക്കുന്നതേയില്ല. അതുകൊണ്ട് അവയുടെ നിർമ്മിതി ഇംഗ്ലീഷുകാർ ഈ രാജ്യങ്ങളിൽ വന്നതിനുമുൻപാണെന്നു പറഞ്ഞാൽ അതു് എത്രകണ്ടു യുക്തിയുക്തമായിരിക്കും?

രണ്ടാമത്തെ തെളിവു്, ഉദ്ദണ്ഡനും ബാലകവിയും, സമകാലികന്മാരായിരുന്നു എന്നൊരൈതിഹ്യമുള്ളതാണത്രെപോലും! തൻെറ അഭിപ്രായത്തെ സ്ഥാപിക്കുന്നതിനുള്ള "ആദ്യത്തെ ഒരു തെളിവായി കല്പിക്കാവുന്നതു്" ആയതാണെന്നുകൂടി അദ്ദേഹം പറയുവാൻ മടിക്കുന്നില്ല. ഈ ഐതിഹ്യമേതെന്നും എവിടെനിന്ന് ഇപ്പോൾ പൊന്തിവന്നു എന്നും ഞാൻ ആശ്ചര്യത്തോടുകൂടി ചോദിക്കുന്നു. ഇതിനുമുൻപ് ഇങ്ങനെയൊന്ന് ഉണ്ടെന്നു മി: പിഷാരടിയവർകൾ എവിടെയെങ്കിലും എഴുതീട്ടുള്ളതായി എനിക്ക് ഓർമ്മയില്ല; മററാരാളും നാളിതുവരെ പറഞ്ഞു ഞാനൊട്ടു കേട്ടിട്ടുമില്ല. ഉദ്ദണ്ഡൻ എവിടെവെച്ചാണ് ബാലകവിയെ പരാജിതനാക്കിയതു്? എന്തവസരത്തിൽ? ഏതു സ്ഥലത്തിൽ? ബാലകവി പതിനെട്ടരക്കവികളിൽ ഒരാളായിരുന്നുവോ? ഇതിനെപ്പററിയെല്ലാം എൻെറ സ്നേഹിതനു പ്രസ്താവിക്കുവാൻ യാതൊന്നുമില്ലെങ്കിൽ ഈ ഐതിഹ്യത്തിൻെറ വിലയെന്തെന്നു വായനക്കാർ നിർണ്ണയിച്ചുകൊള്ളും. കാളിദാസനും ഭവഭൂതിയും മാഘനും ഭോജരാജാവും ഒരു കാലത്തു ജീവിച്ചിരുന്നതായി ഉൽഘോഷിക്കുന്ന ഭോജപ്രബന്ധകാരൻ വിശ്വസിച്ച ഐതിഹ്യത്തിനും, കണ്ണശ്ശപ്പണിക്കരും തുഞ്ചത്തു ഇനാഥനും ഒരു കാലത്തു ജീവിച്ചിരുന്നതായി പ്രചരിക്കുന്ന ഐകരളീയമായ ഐതിഹ്യത്തിനും മററും ഇതിനേക്കാൾ പ്രചുരപ്രചാരമുണ്ടെന്നു മി: പിഷാരടി തന്നെ സമ്മതിക്കുമെന്നു തോന്നുന്നു. അവയെ ശരണീകരിച്ചു സാഹിത്യചരിത്രമെഴുതിയാൽ അതു് എത്രകണ്ടു വിജയത്തിൽ കലാശിക്കും?

അതുകൊണ്ട്, "1842-ാമാണ്ടുമുതല്ക്കു യഥാൎത്ഥത്തിൽ കൊച്ചിരാജാക്കന്മാരായിത്തീൎന്നിട്ടുള്ള പെരുമ്പടപ്പുസ്വരൂപത്തിലെ മഹാരാജാക്കന്മാരുടെ വംശാവലിയെ ചുരുക്കിപ്പറയുകയെന്നുള്ളതുകൂടി ഗ്രന്ഥകൎത്താവിന്റെ ഉദ്ദേശ്യമായി" എന്റെ സ്നേഹിതന് ഈ തെളിവുകൾകൊണ്ടു കരുതുവാൻകഴിയുമെങ്കിൽ കരുതിക്കൊള്ളട്ടെ; ഞാൻ അങ്ങനെ കരുതണമെങ്കിൽ ഈ രണ്ടു തെളിവുകൾ—അല്ല ഒളിവുകൾ—പോരാ; വേറെ തന്നെ വേണം.

എന്റെ വാദങ്ങൾക്ക് അടിസ്ഥാനമില്ലെന്നു മി: പിഷാരടി ഒന്നിലധികംപ്രാവശ്യം പ്രസ്താവിക്കുന്നുണ്ട്. ആ പ്രസ്താവനയ്ക്കുള്ള ആധാരമെന്തെന്ന് ഇനി പരിശോധിക്കാം. "16-ാംശതകത്തിന്റെ ഉത്തരാൎദ്ധത്തിൽ ഒരു രാമവൎമ്മമഹാരാജാവിനെ ഉണ്ടാക്കുവാൻ" ഞാൻ പുറപ്പെട്ടു എന്ന് അദ്ദേഹം എന്നെ അപവദിക്കുന്നു. അതുകൊണ്ടു മതിയാകാഞ്ഞിട്ടെന്നപോലെ, "അവസാനത്തിൽ 1565 മുതൽ 1603 വരെ രാജ്യം ഭരിച്ചു മേല്പുത്തൂരിന്റെയും വേദാന്താചാൎയ്യന്റെയും പ്രശംസയ്ക്കു പാത്രമായിത്തീൎന്നിട്ടുള്ള രവിവൎമ്മമഹാരാജാവിന്റെ പേർ കൊച്ചിരാജ്യചരിത്രത്തിൽ കാണാത്തതുകൊണ്ടും, ഇദ്ദേഹം കാശിക്കുപോയി എന്നൊരു കിംവദന്തിയുള്ളതുകൊണ്ടും, ഇദ്ദേഹമാണ് രാജരത്നാവലീയത്തിലെ നായകനായ രാമവൎമ്മമഹാരാജാവെന്നു പിന്നീട് അഭിപ്രായപ്പെടുന്നു. മാടമഹീശപ്രശസ്തിയിലെ രവിവൎമ്മനെ രാജരത്നാവലീയത്തിലെ രാമവൎമ്മനാക്കിത്തീൎത്തു" എന്നുംകൂടി ഉൽഘോഷിക്കുന്നു. എന്നാൽ സത്യാവസ്ഥയെന്താണ്? ക്രി: പി: 1565 മുതൽ 1601 വരെ (1603 വരെയല്ല) രാമവൎമ്മമഹാരാജാവു കൊച്ചിരാജ്യംഭരിച്ചു എന്നും അദ്ദേഹമാണ് രാജരത്നാവലീയത്തിലെ നായകനെന്നും അദ്ദേഹത്തിന്റെ അനുജനായ ഗോദവൎമ്മരാജ്യാഭിഷേകം കഴിഞ്ഞയുടൻ അന്തരിച്ചുവെന്നും അനന്തരം 1615 വരെ നീലകണ്ഠകവിയുടെ പുരസ്കൎത്താവായ വീരകേരളവൎമ്മരാജാവാണ് രാജ്യഭാരംചെയ്തത് എന്നുമത്രേ ഞാൻ പ്രസ്താവിച്ചിട്ടുള്ളത്. മി: പിഷാരടിയുടെപക്ഷം 1601-ൽ തീപ്പെട്ടതു രവിവൎമ്മാവെന്നൊരു രാജാവായിരുന്നു എന്നാണ്. ഇതിന് അദ്ദേഹത്തിന്റെ തെളിവ്, മേല്പുത്തൂർഭട്ടതിരിയും വേദാന്തദേശികനും ഇങ്ങനെ ഒരു രാജാവിനെപ്പറ്റി പറഞ്ഞിട്ടുണ്ടെന്നുള്ളതാണ്. മേല്പുത്തൂർ അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ ഞാൻ സമ്മതിക്കാം; എന്തെന്നാൽ അദ്ദേഹത്തിന്റെ കാലം ക്ളിപ്തപ്പെട്ടിട്ടുള്ളതാണ്. പക്ഷേ വാസ്തവത്തിൽ ആ മഹാകവി വീരകേരളവൎമ്മമഹാരാജാവിനെയാണ് അദ്ദേഹത്തിന്റെ ഗോഷ്ഠീനഗരവൎണ്ണനപ്രബന്ധത്തിൽ

പ്രശംസിക്കുന്നതു്; രവിവർമ്മാവിനെയല്ല. അതു മി: പിഷാരടി ധരിക്കുന്നതിനുവേണ്ടി ആ പ്രബന്ധം, "നിജഭുജസമ്പാദിതക്ഷിതിഭരോ മാരക്ഷിതിവരോ വീരകേരളനാമാ വിജയതേ" എന്നാണു് അവസാനിക്കുന്നതെന്നു് അറിയിച്ചുകൊള്ളട്ടെ. അതോടുചേർന്നതന്നെ ആ തമ്പുരാനെപ്പററി ഭട്ടതിരി രചിച്ചിട്ടുള്ള പ്രശസ്തിപദ്യങ്ങളിൽ ഒന്നാണു് ചുവടെ ഉദ്ധരിക്കുന്നതു്.

പ്രാകൃതം.

"കേസേസു കസ്തൂരിആ ണിഡിലഏ മാളേണഅളേഹാരിആ
കംഠേ ഹാരലആരിആ ഥണതഡേ കപ്പൂരപൂരാരിആ
സോണീണം ധവലംസുആരിഅമഹോ കിത്തിപ്പഹാകന്ദളം
ണാരീണം അഇ വീരകേരള! ഗഅം ണീസേസസംസാവഅ"

ഛായ

"കേശേഷു കസ്തൂരായിതം നിടിലേ മാലേയലേപായിതം
കണ്ഠേ ഹാരലതായിതം സ്തനതടേ കർപ്പൂരപൂരായിതം
ശ്രോണ്യാം ധവളാംശുകായിതമഹോ കീർത്തിപ്രഭാകന്ദളം
നാരീണാമയി വീരകേരള! ഗതം നിശ്ശേഷശങ്കാപദം"

മേല്പുത്തൂർഭട്ടതിരി വീരകേരളനെയല്ലാതെ മററു യാതൊരു മഹാരാജാവിനേയും വർണ്ണിച്ചിട്ടുള്ളതായി എനിക്കറിവില്ല. രവിവർമ്മാവിനെ വർണ്ണിച്ചിട്ടുണ്ടെങ്കിൽ എന്റെ സ്നേഹിതൻ പ്രമാണം ഉദ്ധരിച്ചു കാണിക്കട്ടെ. കാഞ്ചീപുരത്തുകാരനായ വേദാന്തദേശികർ അല്ലെങ്കിൽ വേദാന്താചാര്യർ എന്നൊരു കവി കൊച്ചിയിലെ ഒരു രവിവർമ്മമഹാരാജാവിന്റെ വാഴ്ചക്കാലത്തു്, അദ്ദേഹത്തിന്റെ അനന്തരവനായ വീരകേരളവർമ്മാവിന്റെ ആജ്ഞാനുസാരം കാവ്യപ്രകാശത്തിനു് ഉത്തേജിനി എന്നൊരു വ്യാഖ്യാനം നിർമ്മിക്കയുണ്ടായിട്ടുണ്ടു്. ഈ വേദാന്താചാര്യർ ക്രി: പി: 16-ാംശതകത്തിന്റെ ഉത്തരാർദ്ധത്തിലാണു് ജീവിച്ചിരുന്നതെന്നുള്ളതിനു്, മി: പിഷാരടിക്കു് എന്താണു് തെളിവു്? ആ വീരകേരളവർമ്മാവു് 1601 മുതൽ 1615 വരെ രാജ്യഭാരംചെയ്തിരുന്നു എന്നുള്ളതു പരമാർത്ഥമാണു്. അദ്ദേഹമാണു് ആചാര്യരുടെ പുരസ്കർത്താവു് എന്നു് അദ്ദേഹം അങ്ങോട്ടു തീർച്ചപ്പെടുത്തി; അദ്ദേഹത്തിന്റെ മാതുലനെന്നുപറയുന്ന രവിവർമ്മാവു് അതിനുമുൻപിലത്തെ രാജാവായിരുന്നിരിക്കണമെന്നു് അതോടുകൂടിത്തന്നെ നിശ്ചയിച്ചു; അദ്ദേഹത്തിന്റെ പേർ രാമവർമ്മാവാണെന്നു പറഞ്ഞുപോയ എന്നോടു കയർക്കയുംചെയ്തു. ഇതിലെത്ര യുക്തിയു

ണെന്നു ഞാൻ സൌഹാർദ്ദപൂർവ്വം ചോദിച്ചുകൊള്ളുന്നു. വേദാന്താചാൎയ്യരുടെ കാലം കൊല്ലം ഒൻപതാംശതകത്തിന്റെ ഉത്തരാർദ്ധത്തിലാണ്. ആ രാജാവിന്റെ പേർ രാമവൎമ്മാവായിരുന്നു എന്നുതന്നെ ഞാൻ വീണ്ടും ഉറപ്പിച്ചുപറയുന്നു. അദ്ദേഹത്തെ ഞാൻ ഉണ്ടാക്കാൻപുറപ്പെട്ടതല്ല; അദ്ദേഹം വാസ്തവത്തിൽ ഉണ്ടായിരുന്നതാണ്. എന്റെ തെളിവ് അഭാവപ്രമാണമല്ല; അതിനൈതിഹ്യവുമല്ല; ശിലാരേഖയാണ്. പോരെങ്കിൽ ആ ശിലാരേഖ എന്റെ സ്നേഹിതൻ വളരെക്കാലം പ്രൊഫസ്സറായി താമസിച്ചിരുന്ന ചിദംബരത്തിലെ നടരാജക്ഷേത്രത്തിലുള്ളതുമാണ്. അതു് അദ്ദേഹം സമ്മതിക്കാതെ തരമില്ലല്ലൊ; അപ്പോൾ എന്നിൽ ആരോപിക്കുന്ന അപവാദം അദ്ദേഹത്തിനു പിൻവലിക്കാതെ ഗത്യന്തരവുമില്ല. ശാലിവാഹനശകാബ്ദം 1498-ാ ശരിയായ ക്രി: പി: 1576-ൽ, അതായതു് കൊല്ലവൎഷം 751-ൽ, മകരമാസം 12-ാംനു- ചേരമാൻപെരുമാളുടെ വംശജനാം കൊച്ചിരാജാവും വിശാഖനക്ഷത്രത്തിൽ ജാതനാമായ രാമവൎമ്മമഹാരാജാവു് ആനന്ദതാണ്ഡവനായനാക്കു (നടരാജസ്വാമിക്കു്) മുപ്പത്തിമൂന്നു തളികയ്ക്കുവേണ്ട വഴിപാടുകഴിക്കയും ആ നിവേദ്യാന്നം ബ്രാഹ്മണൎക്കും ദേവദാസികൾക്കുമായി വിനിയോഗിക്കണമെന്നു വ്യവസ്ഥചെയ്യുകയും ചെയ്തതായി പ്രസ്താവിക്കുന്ന ആ ശിലാരേഖ മേല്പടി ക്ഷേത്രത്തിന്റെ പടിഞ്ഞാറെ ഗോപുരത്തിന്റെ വലത്തുവശത്തുള്ളതും ഞാൻ പരിശോധിച്ചിട്ടുള്ളതുമാണ്. മദിരാശിയിലെ പുരാണവസ്തുസംരക്ഷണവകുപ്പുകാർ ഇതു് 1913-ൽ പകൎത്തിട്ടുമുണ്ടു്. ഞാൻ പറയുന്നതു് 1565 മുതൽ 1601 വരെ രാജ്യഭാരംചെയ്ത രാമവൎമ്മമഹാരാജാവിന്റെ ശിലാശാസനമാണിതു് എന്നാകുന്നു. ഇനി എന്തുണ്ടു സംശയിക്കുവാൻ? ചിദംബരംവരെ രാമവൎമ്മാവു സഞ്ചരിച്ചതു ശരിയാണെങ്കിൽ തലക്കാവേരിയിൽ സ്നാനത്തിനായി അവിടുന്നു പോയിരിക്കാവുന്നതു സംഭാവ്യവും, രാമവൎമ്മവിലാസത്തിലെ ഇതിവൃത്തത്തിനു് എന്റെ അനുമാനപ്രകാരം യാതൊരു അസാംഗത്യവുമില്ലാത്തതുമാകുന്നു. ഗോദവൎമ്മാവിന്റെ അനന്തരഗാമിയാണു് ഈ രാമവൎമ്മമഹാരാജാവെന്നു പ്രൊഫ് സ്സർ വീരരാഘവാചാരി അദ്ദേഹത്തിന്റെ 'Inscriptions of the Madras Presidency' എന്ന പുസ്തകത്തിൽ പ്രത്യേകം ചൂണ്ടിക്കാണിക്കുന്നുണ്ടു്; പേരറിവില്ലെങ്കിലും 1565 മുതൽ 1601 വരെ രാജ്യഭാരംചെയ്ത കൊച്ചിമഹാരാജാവുതന്നെയാണു് കാശിക്കു് എഴുന്നള്ളിയ തമ്പുരാനെന്നു നിശ്ചയിക്കാമെന്നു കേരളചരിത്രകാരന്മാരിൽ അഗ്രഗണ്യനായ ശ്രീമാൻ കെ. പി. പത്മനാഭമേനവനും അഭിപ്രായപ്പെട്ടിട്ടുണ്ടു്.

തൃപ്പൂണിത്തുറ ഗ്രന്ഥവരിയിൽ പേർപറയാത്ത ഒരു ഗോദവർമ്മാവിനേയും ഒരു രവിവർമ്മാവിനേയുംപററി നീലകണ്ഠൻ പ്രസ്താവിക്കുന്നുണ്ടെന്നും നീലകണ്ഠൻ പറയാത്ത ഉണ്ണിഗോദവർമ്മാവിനേയും 14 ദിവസത്തേയ്ക്കുമാത്രം രാജ്യഭാരംചെയ്ത ഒരു തമ്പുരാനേയുംപററി ഗ്രന്ഥവരിയിൽ പ്രസ്താവനകാണുന്നുണ്ടെന്നും ഞാൻ എഴുതീട്ടുണ്ട്. അവരവൎക്ക് നിസ്സാരന്മാരെന്നു തോന്നിയവരെ അവരവർ വിട്ടുകളഞ്ഞു എന്നേ ഇതിൽനിന്ന് അനുമാനിക്കേണ്ടതായുള്ളു. പ്രസിദ്ധന്മാരായ രാജാക്കന്മാരെ ഗ്രന്ഥവരിയിൽ ചേൎത്തിട്ടില്ലെന്നു ഞാൻ ഒരിടത്തും പ്രസ്താവിച്ചിട്ടില്ലല്ലൊ. അങ്ങനെയുംകൂടി പറഞ്ഞാലേ മി: പിഷാരടിയുടെ തെളിവുകൾ മുഴുവനാകു എന്നുണ്ടോ?

ഭാഷാചമ്പൂപ്രബന്ധങ്ങളുടെ ഉത്ഭവം 16-ാംനൂററാണ്ടിലാണെന്നു ഞാൻ ഒരിടത്തും പറഞ്ഞിട്ടില്ല; പറയുന്നതുമല്ല. പതിന്നാലാംശതകത്തിന്റെ ആരംഭംമുതല്ക്കുതന്നെയുള്ള ചില പ്രബന്ധങ്ങളുടെ നഷ്ടശിഷ്ടങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. 15-ാംശതകത്തിലാണല്ലൊ രാമായണചമ്പുവിന്റെ ആവിർഭാവം. 'ഭാഷാശൈലി പരിശോധിക്കുമ്പോൾ രാജരത്നാവലീയവും നീലകണ്ഠന്റെ ചമ്പൂത്രയവും 16-ാംശതകത്തിൽ നിർമ്മിതങ്ങളാണെന്നു വേണം ഊഹിക്കുവാൻ' എന്നു ഞാൻ ആവൎത്തിച്ചുപറയുന്നു. അങ്ങനെ പറയുന്നതിനുള്ള കാരണങ്ങൾ ഭാഷാനൈഷധചമ്പുവിന്റെ ആമുഖോപന്യാസത്തിൽ വിവരിച്ചിട്ടുമുണ്ട്.

എന്റെ ഒരു ഉത്തമസുഹൃത്തായ ശ്രീമാൻ പിഷാരടിയിൽനിന്ന് ഈ വിഷയത്തിൽ ഭിന്നിക്കേണ്ടിവരുന്നതിൽ ഞാൻ അത്യന്തം വ്യസനിക്കുന്നു. "കവിയുടെ പ്രതിഭാശൂന്യമാത്രയിച്ച്" എന്നിത്യാദി പത്രികകളിൽകാണുന്നതുപോലെയുള്ള പ്രയോഗങ്ങൾ ഞാൻ അദ്ദേഹത്തിൽനിന്നു പ്രതീക്ഷിച്ചിരുന്നതല്ല. അവയ്ക്കു മറുപടിപറയുന്നതു് എന്റെയും ഈ മാസികത്തിന്റെയും നിലയ്ക്കു പോരാത്തതാകയാൽ അവയിൽ അടങ്ങീട്ടുള്ള ധ്വനിയുടെ സ്വാരസ്യം വായനക്കാരുടെ ആസ്വാദനത്തിനായി വിട്ടുകൊണ്ടു വിരമിക്കുന്നു.

# പാർവ്വതീപരിണയം. *

(പാന)

(വെണ്മണി അച്ഛൻനമ്പൂതിരിപ്പാട്)

തിങ്കൾമൌലിതാനെങ്കിൽ തിരുക്കണ്ണിൽ
പങ്കജാസ്ത്രന്റെ സംഹാരകാരണനാൽ
മങ്കമാർമണി പാർവ്വതിക്കുള്ളത്തിൽ
സങ്കടം പെരുതു സംഭവിച്ചീടിനാൾ.
അംഗസൌന്ദര്യമുണ്ടെങ്കിലും പാർത്താൽ
അംഗനമാരിൽ തന്റെ പ്രിയവാക്ക്
അംഗജന്റെ വിലാസങ്ങൾ കൂടാതെ
സംഗമാഗ്രഹമുണ്ടാകയില്ലല്ലോ.
ആയതുമൂലമിക്കാലമെന്നുടെ
കായസൌന്ദര്യംകൊണ്ടു ഫലമില്ല
നായകൻ നമ്മെ പാണിഗ്രഹം ചെയ്താൽ
ആയവനതിനാൽ രാഗമില്ലെങ്കിൽ.
കണ്ണില്ലാത്ത പുരുഷന്റെ മുൻഭാഗേ
കാമിനിമാർകടാക്ഷങ്ങളെപ്പോലെ
കർണ്ണം കേളാത്തവന്റെ പുരോഭാഗേ
തംബുരുവീണാപ്രയോഗത്തെപ്പോലെയും
ശബ്ദാർത്ഥങ്ങൾ ഗ്രഹിക്കാത്തവൻമുമ്പിൽ
ശാസ്ത്രവാക്യപ്രയോഗത്തെപ്പോലെയും
നൃത്താർത്ഥങ്ങൾ ഗ്രഹിക്കാത്തവനോടു
ദുർവൃത്തന്റെ വിചാരങ്ങൾപോലെയും
ചണ്ഡമാകിന *കാനനമദ്ധ്യത്തിൽ
ചന്ദ്രപാതപ്രകാശത്തെപ്പോലെയും

---

*തൃപ്പൂണിത്തുറ ഈശ്വരവേഴ്പ്പ് ഗ്രന്ഥശാലയിൽനിന്നു കിട്ടിയ ഒരു കൃതിയാണിത്. വെണ്മണി അച്ഛൻനമ്പൂതിരിപ്പാടാണ് ഇതിന്റെ കർത്താവ്. കുമാരസംഭവം അഞ്ചാംസർഗ്ഗത്തിലെ ആശയങ്ങളാണ് ഇതിൽ പ്രകാശിതങ്ങളായിരിക്കുന്നത്.

സമ്പാദകൻ—കെ. നാരായണപ്പിഷാരടി എം. എ.

കാമഭോഗേന കാന്തന്മാരോടൊത്തു
കാമിനീജനവിഭ്രമം നിഷ്ഫലം.
ഇന്നുതന്നെ തപസ്സു തുടങ്ങുവ-
നെന്നുറച്ചു പുറപ്പെട്ടു പാർവ്വതി.
ഇന്ദുശേഖരസ്വാമിക്കു കാരുണ്യ-
മെന്നൊരു നാളിലെന്നിൽ ഭവിക്കുന്നു;
അന്നുനാളും തപസ്സുചെയ്യുന്നതേ
ഗാത്രശോഷണം ചെയ്യുന്നതുണ്ടു ഞാൻ.
പെട്ടെന്നിങ്ങനെ കല്പിച്ചുറച്ചു തൻ-
പട്ടുവസ്ത്രം പിഴിഞ്ഞു കളഞ്ഞാശു
വല്ക്കലം കൊണ്ടുടുത്തു താൻ കോപ്പുകൾ
കൈവളയങ്ങഴിച്ചുവച്ചാദരാൽ
കേശഭാരം പിരിച്ചു ജടയാക്കി
ക്ലേശംകൂടാതെ മെല്ലെ പുറപ്പെട്ടു.
കാനനം പുക്കു താനും സഖിമാരും
സ്നാനവുംചെയ്തു ഗംഗാജലംതന്നിൽ
ധ്യാനത്തിനൊരു ഭംഗം വരാതുള്ള
സ്ഥാനം നോക്കിയടിച്ചു തളിച്ചുടൻ
പർണ്ണശാലയും കെട്ടിയങ്ങുണ്ടാക്കി
സ്വർണ്ണപുഷ്പങ്ങൾ കൊണ്ടു വഴിപോലെ
നീലകണ്ഠസ്വരൂപത്തെ ധ്യാനിച്ചു
നീലവേണി തപം തുടങ്ങീടിനാൾ.

ബാലചന്ദ്രനും ഗംഗാ ഭുജംഗവും
ചാലവേ ചാരു ചെഞ്ചിടഭാരവും
ഫാലനേത്രം കപോലസ്ഥലങ്ങളിൽ
ലോലമാകിന കണ്ഡലീകണ്ഡലം
ചില്ലിവല്ലീ സുനാസാപുടം നല്ല-
പല്ലവാധരം മന്ദസ്മിതങ്ങളും
സോമസൂര്യാഗ്നിവിലോചനയുഗവും
സോമബിംബസമാനം തിരുമുഖം
കാളകണ്ഠതിരുമാർവ്വിടം തന്നിൽ
വ്യാളഹാരവും ഭൂതിവിലേപനം
തൃക്കൈനാലിൽ മൃഗവും പരശുവും
ചൊല്ക്കൊണ്ടീടും വരദാഭയങ്ങളും

നാഭീമദ്ധ്യമതാകും കടിതടം
ശോഭയുള്ള പുലിത്തോലുടയാട
ചാരു പങ്കജകാന്തിയിലുള്ളൊരു
ഊരുകാണ്ഡങ്ങളും ജംഘായുഗളവും
സൽപ്പദങ്ങളിരണ്ടും പാദാംഗുലികളും
തൽപരാഗവുമെത്ര മനോഹരം!
ഇപ്രകാരം തൽകേശാദിപാദാന്തം
സുപ്രസന്നസ്വരൂപമതാകും
കല്പാന്തകൻതന്നുടെ വിഗ്രഹം
ഉൾപ്പൂവിലുറപ്പിച്ചു പാർവ്വതി
ഘോരമാകും തപം തുടങ്ങിനാൾ
ആരുമാരാലും വരുത്താവതല്ലിതം.
ശീതകാലേ കഴുത്തോളം വെള്ളത്തിൽ
പ്രീതിസന്തോഷം നിന്നു തപംചെയ്തും
വേനൽക്കാലത്തു പഞ്ചാഗ്നിമദ്ധ്യത്തിൽ
ഊനമെന്യേ വസിച്ചരുളീടിനാൾ.
വർഷകാലേ പുറത്തായ പാറമേൽ
വാരിധാരയുമേറ്റു വസിച്ചിതു.
പത്രംകൂടെ ഭുജിക്കായ്ക കാരണാൽ
പത്രനീയെന്ന്, അപർണ്ണയെന്നുള്ള പേർ;
സപർണ്ണംപോലെ തപിക്കനാളുമായ്
പർണ്ണശോഭ ശരീരത്തിനുണ്ടായി;
ഇപ്രകാരം തപംചെയ്യുകാരണം
സുപ്രഭാവന വാണരുളീടുന്ന
ശൈലപുത്രീടെ ഭാവംപരീക്ഷിപ്പാൻ
കാലവൈരി പുറപ്പെട്ടു മെല്ലവേ.
വൃദ്ധബ്രാഹ്മണവേഷത്തെക്കൈക്കൊണ്ടു
വേഗമോടവൾ തപോവനം പ്രാപിച്ചു.
പർണ്ണശാലയിൽ വന്നൊരുനേരം
വർണ്ണിയെക്കണ്ടനേരത്തപർണ്ണയും
അർഘ്യപാദ്യാദികൊണ്ടുടൻ പൂജിച്ചു
സൽക്കരിച്ചുതൊഴുതു വണങ്ങിനാൾ.
വർണ്ണിതാനുമതുചെയ്തു സന്തോഷം

"വത്സേ! നിയമ്മോണേ! ശ്രുണു പാർവ്വതി!
ബാലമാരേവം തപസ്സുതുടങ്ങുവാൻ
മൂലമെന്താണതു ചൊല്ലു സുമുഖി!
ലീലയോടെ സുഖിച്ചു വസിക്കേണ്ടും
കാലമിങ്ങനെ ദുഃഖിക്കുന്നതിനായോ!
ദ്രവ്യമില്ലാത്തതു ഖേദം നിനക്കില്ല;
ദിവ്യനല്ലോ നിൻ താതൻ ഹിമവാനും
നല്ല ഭർത്താവുണ്ടാവാൻ മനോരഥം
ഇല്ലയെങ്കിലതിനെന്തു വൈഷമ്യം!
ഉർവ്വശീരംഭമേനകയാദിയാം
സർവ്വദേവനിതംബിനിമാരുടെ
ഗർവ്വമൊക്കെക്കുറച്ചിതു സൗന്ദര്യം
പാർവ്വതി! നിന്റെ രൂപഗുണംകൊണ്ട്,
ഏവരുമേ നിനക്കുവശരല്ലോ-
ദേവന്മാരും ജഗത്ത്രയംതന്നിലും!
കിന്നരന്മാരും കിമ്പുരുഷന്മാരും
പന്നഗന്മാരും വിദ്യാധരന്മാരും
ഗുഹ്യകന്മാരുമന്യജനങ്ങളും
ചാരണന്മാരും ദേവസമൂഹവും
ചാരുവേണി! നിൻ കാരുണ്യമുണ്ടാവാൻ
പാരമാശിച്ചിരിക്കുന്നു പാർവ്വതി!
എന്തിനായിട്ടു തപസ്സുകൊണ്ടിങ്ങനെ
ചന്തമുള്ള ശരീരം ക്ഷയിപ്പിപ്പാൻ
ഉന്നതങ്ങളിലുള്ള വനാന്തരേ
വന്നു വസിച്ചിടുന്നു വൃഥാതന്നെ!
ഇന്നു ഞാനെന്ന പാർവ്വതീകാന്തനായ്
വന്നു സംസേവിക്കേണമെന്നാഗ്രഹം
മന്നിലുള്ള മഹാജനങ്ങൾക്കെല്ലാം
ഒന്നുപോലെ ഭവിക്കുന്നു സുന്ദരി!
എന്തു ധന്യനെക്കാമിച്ചു നീ വ്രതം
ചെയ്യുമാറായ ചാരുവിലോചനേ!
ഇങ്ങനെയിതു കേൾക്കത്തക്കതോ
വണ്ണമൊന്നു പറഞ്ഞുകൂടാത്തതോ

സജ്ജനം കേട്ടാലരുതുള്ളതോ
ദുർജ്ജനങ്ങൾ ദ്വേഷിക്കയെന്നുള്ളതോ
എന്തുകൊണ്ടു പറവാൻ മടിക്കുന്നു
മന്ദഗാമിനി പാർവ്വതി കന്യകേ!
എന്തൊന്നാകിലുമെന്നോടുരചെയ്താൽ
എന്തും ദോഷം വരാനില്ല നിർണ്ണയം.
കണ്ടപ്പോൾതന്നെ വിശ്വാസമെന്നുള്ളിൽ
ഉണ്ടാകുന്നു വിശേഷിച്ചുമിന്നിപ്പോൾ
കണ്ടിവാർകുഴലാളേ! നീയും ഞാനും
രണ്ടല്ലെന്നു ധരിച്ചുകൊള്ളേണമേ!”
ഇത്തരം ബ്രഹ്മചാരിതൻ ഭാഷിതം
ചിത്തരംഗപ്രസാദേന കേട്ടവൾ
ഉത്തരംപറവാൻ തന്റെ തോഴിയെ
സത്വരം ദൃഷ്ടികൊണ്ടു നിയോഗിച്ചു.
വൃത്തിയോടുരചെയ്തു സഖിതാനും
“വൃത്തിപ്പാനിന്നു വൈമുഖ്യമില്ലെടോ.
അത്രമാത്രം കഥിക്കാമതുകൊണ്ടു
മിത്രമാം നീ പ്രസാദിച്ചുകൊള്ളണം.
നാരികൾക്കു ഭാഗ്യമായുള്ളൊരു
പാരിലൊക്കെ പ്രസിദ്ധമിതുസാരം.
ആരുമോർത്താൽ വശത്താവതല്ലാതതോ-
ദാരംഭിക്കമാറില്ല സാമ്പ്രതം.
നിർഭാഗ്യന്മാർ മനോരാജ്യമാർഗ്ഗത്തി-
ഉൾഭവരാജ്യം കൊതിക്കുമാറില്ലല്ലോ.
വർദ്ധിക്കുന്ന വരിപ്പതിനാഗ്രഹം;
അർത്ഥിക്കുന്നവർ മോക്ഷമൊന്നു മാത്രം.
സാധിപ്പീടുമോ തന്റെ മനോരഥം
ബോധിപ്പീടുമോ ദേവൻ മഹേശ്വരൻ
എന്നുള്ളോരു വിചാരമവൾക്കില്ല
തന്നുള്ളത്തിലേ മോഹം മുഴുക്കയാൽ.
താനാരെന്നും മഹാദേവനാരെന്നും
താനേ ചിന്തിപ്പാനാളല്ലാതാകയാൽ
ആനന്ദാമൃതബ്രഹ്മസ്വരൂപത്തെ

ധ്യാനംകൊണ്ടു വിലോകനംചെയ്തിവർ
ആത്മഹർഷാദിസ്വയംകൊണ്ടു മോദിക്കും
വിശ്വേശ്വരനെ വിചാരിച്ചു മോദിക്കും;
ഓർത്തുതന്നെ പിടിച്ചുവെന്നല്ലൊരു
ഭീതിയുണ്ടാകും കാണുന്നവർക്കെല്ലാം.
കാമദേവൻ പ്രയോഗിച്ച സായകം
വാമദേവന്റെ ഹുങ്കാരംകൊണ്ടഹോ
തെററിപ്പോന്നങ്ങിവളുടെ ദേഹത്തിൽ
തെറെറന്നാശു തറച്ചു കനകമേ.
അന്നുതൊട്ടതികഷ്ടമായ് വന്നിതു
കന്നിൽമാതിന്റെ വൃത്താന്തമൊക്കെയും.
കത്തിയിട്ടു കരിപ്പിച്ച വൃക്ഷങ്ങൾ
പൂത്തുകാച്ചു തളിർത്തിതാ നില്ക്കുന്നു
കന്നിൽമാതിൻ മനോരഥവൃക്ഷങ്ങൾ
ഇന്നു കാച്ചതും പൂത്തതുമില്ലല്ലോ!
അന്തകാരിക്കു കാരുണ്യമില്ലാഞ്ഞതോ-
വെന്തുമരുന്ന ഞങ്ങൾ കുമാരികേ!"

ഇപ്രകാരം സഖിയുടെ വാക്കുകൾ
വിപ്രബാലൻ വിരവോടു കേട്ടപ്പോൾ
"അപ്രിയം നിനക്കുണ്ടാകയില്ലയിൽ
സപ്രമോദം പറഞ്ഞു ശമിപ്പിക്കാം.
കാമദേവനെക്കണ്ണിലലിച്ചോരു
വാമദേവനെ കാംക്ഷിക്കും പെണ്ണുങ്ങൾ
ഭൂമി പാതാളസ്വർഗ്ഗലോകങ്ങളിൽ
നാമൊരേടത്തും കേട്ടറിയുന്നില്ല.
എത്രതന്നെ മഹാവ്യസനമഹോ!
ഇത്രമേലെന്തെന്നാർക്കുമറിവില്ല.
നേത്രം മൂന്നുള്ള വക്ത്രമുടയോരു
ഗാത്രം പാദം വികൃതമെന്നോർക്ക നീ
ഇന്ദു ചാമ്പലും പാമ്പുമലങ്കാരം
വൻപുലിത്തോലുമെല്ലാം കപാലവും
ചെമ്പിച്ചുള്ളോരു ജടയിലകപ്പെട്ടോ-
രമ്പിളിക്കൊരു കൂടെ നിറം കെട്ടു.

ശൂന്യ കൌപീനമെന്നിവ കൊള്ളുവാൻ
രണ്ടുതാര*ത്തിനർത്ഥമവനില്ല.
കണ്ടകാട്ടിൽചുടലക്കളങ്ങളിൽ
കണ്ട വേതാളഭൂതങ്ങളുമായി
നൃത്തമാടിയിരന്നു നടക്കുന്ന
കൃത്തിവാസസ്സുകാന്തനാകീടുവാൻ
ഗൌരവമിഗ്ഗിരികന്യകയ്ക്കിന്നിയേ
മറെറാരുത്തർക്കാഗ്രഹമില്ലിപ്പോൾ.
കുങ്കുമച്ചാറണിഞ്ഞു വിളങ്ങും നിൻ-
കൊങ്കരണ്ടിലും വെണ്ണീറുമെപ്പോഴും
സംഗമിപ്പതിനായുള്ള സന്നാഹം
പങ്കജാക്ഷി! നിനക്കു ഹിതമല്ല.
വൃദ്ധനും വയസ്സായ കാളമേൽ
കേറുവാനോ നീയാഗ്രഹിച്ചീടുന്നു?
ആറു മൂട്ടുന്ന ദേവകളെല്ലാരും
കുരങ്ങാവാൻ നിനക്കെന്തു കാരണം?
കാളകണ്ഠനെക്കാമിച്ചതൊട്ടുമേ
കൊള്ളില്ലെന്നു നമുക്കിഹ തോന്നുന്നു.
പാളയുംകൊണ്ടു ഭിക്ഷയേററീടുവാ-
നാളല്ലേതും നീയദ്രികുമാരികേ!"

ശംഭുനിന്ദകളീവണ്ണം കേട്ടപ്പോൾ
സംഭൃതക്രോധകമ്പിതഗാത്രിയാം
മാനേലുംമിഴിമൌലി മനോഹരി
താനേ കിഞ്ചിൽ പറഞ്ഞു തുടങ്ങിനാൾ.
"പോരും പോരുമസഭ്യം പറയാതെ
പോക നീയാശു വിപ്രകുമാരകാ!
ആരു നിന്നോടു ചോദിച്ചു വൃത്താന്തം
സാരബോധമില്ലാത്ത കിശോരകാ?
വിശ്വമൊക്കെസ്സൃജിക്കുന്നതും ശിവൻ;
വിശ്വരക്ഷണം ചെയ്യുന്നതും ശിവൻ;
വിശ്വസംഹാരിയാകുന്നതും ശിവൻ;
വിശ്വസമ്പൂർണ്ണനാകുന്നതും ശിവൻ;

* താരം—ഒരു നാണയം — ഒരുചെപ്പന.

ഐശ്വര്യത്തിന്നിരിപ്പിടമാകുന്നോ-
രീശ്വരന്റെ പരമാർത്ഥതത്വത്തെ
ശാശ്വതബ്രഹ്മവാദിജനങ്ങൾക്കും
ശാസ്ത്രികൾക്കുമറിവാനെളുതല്ല.
നിഷ്കളനെന്നും നിഷ്ഗുണനെന്നും
ദുഷ്ടനെന്നും ദുഷിക്കുന്ന നിന്നുടെ
ബുദ്ധിവൃത്തിക്കു ശുദ്ധിയില്ലായ്കയാൽ
വർദ്ധിക്കുന്നു ജളത്വം നിനക്കുള്ളിൽ.
ദുസ്സാമർത്ഥ്യം പറയാതെ പോയാലും
ദുസ്സ്വഭാവമിവിടെത്തരമല്ല.
സൽസ്വഭാവപ്രധാനം തപോവനം
സജ്ജനങ്ങൾക്കേ സഞ്ചരിച്ചീടാവൂ;
ഞാനുമെന്റെ സഖിമാരും പോകുന്നു;
കാനനത്തിന്നു വിസ്താരമുണ്ടല്ലൊ.
ജ്ഞാനമില്ലാത്ത നിന്നോടു ഭാഷിപ്പാൻ
സ്ഥാനമിങ്ങില്ല വല്ലതും ചൊല്ക നീ.”
ഇപ്രകാരം പറഞ്ഞുതാൻ പാർവ്വതി
തൽപ്രദേശമുപേക്ഷിച്ചു പോവാനായ്
ക്ഷിപ്രമങ്ങെഴുന്നേറ്റൊരനന്തരം
സപ്രസാദം പ്രകാശിച്ചു ശങ്കരൻ
ചന്ദ്രഭൂഷണനദ്രിജാതോഷണൻ
ഭദ്രഭാഷണനംഗജശോഷണൻ
ശ്രുതിഭൂഷണൻ ശ്രുതവിഭൂഷണൻ
വീതദൂഷണൻ വൈരിവിദ്വേഷണൻ.
ദിവ്യരൂപം ധരിച്ചു മഹേശ്വരൻ
ദിവ്യകന്യകതന്നോടുരചെയ്തു.
“മല്ലലോചനേ! വന്നാലും നിന്നുടെ
വല്ലഭൻ ചന്ദ്രശേഖരനേഷ ഞാൻ
പല്ലവാധരി! നിന്റെ മനോധൈര്യം
തെല്ലൊന്നിങ്ങു പരീക്ഷിപ്പാൻ വന്നു ഞാൻ.
നിൻ തപസ്സിനാൽ പ്രീതനായിട്ടു ഞാൻ
വന്നു ഞാനെന്റയദ്രികുമാരികേ!
പാതിവ്രത്യബലംകൊണ്ടു നീയെന്റെ
പാതിദേഹം പകുപ്പിച്ചു മേടിക്കു.

ഭക്തന്മാക്ക് ശരീരത്തോടപ്പോഴും ഞാൻ
ഏകമാകുന്ന ദേഹമെന്നോർക്ക നീ.
സക്തനാമെന്നെസ്സമ്മാനിച്ചീടണം
ശക്തസന്ദേഹമാലിംഗനംകൊണ്ടും"
എന്നാദരംചെയ്തു കുന്നിൻമകളുടെ
മുന്നിൽച്ചെന്നാശു മുഗ്ധശശിശേഖരൻ
ശോണപങ്കജം പോലെ മനോഹരം
പാണിപങ്കജം മെല്ലെപ്പിടിച്ചപ്പോൾ
നാണം പൂണ്ടു മുഖാംബുജവും താഴ്ത്തി-
യേണലോചനയാകുന്ന പാർവ്വതി.
ദൃഷ്ടികൊണ്ടു സഖിയെ നിയോഗിച്ചു
ശിഷ്ടയാമവൾ വന്ദിച്ചുരചെയ്തു.
"ശൈശവേതന്നെ സംഭവിച്ചീടുന്ന
ദൈവഭക്തിക്കു സാഫല്യമിന്നിപ്പോൾ
സിദ്ധമായ്‌വന്നു മുഗ്ധചന്ദ്രശേഖര!
ബദ്ധപ്പാടിനി വേണ്ടാ ഭഗവാനേ!
താതമാതാക്കന്മാരെ ഗ്രഹിപ്പിച്ചി-
ട്ടേതും വൈഷമ്യമുണ്ടാകാതെ കല്യാണം
സാധിച്ചീടുമെന്നാലവർതങ്ങളെ
ബോധിപ്പിക്കണമേവം വിരവോടെ.
ഇപ്പോൾ ഞങ്ങളെ വേഗമയയ്ക്കണം
ത്രിപ്പുരാന്തക നാഥ നമസ്കാരം!"

•  •  •  •

•  •  •  •

അന്നൊരുങ്ങും വിവാഹമുഹൂർത്തവും
വന്നടുത്തു തുടങ്ങി ക്രിയകളും
കാശ്യപാദിമുനീന്ദ്രന്മാരാദരാൽ
കർമ്മമെല്ലാമനുഷ്ഠാനംചെയ്യുന്നു.
വെണ്മയോടെ ചടങ്ങുകൾകാട്ടുവാൻ
ബ്രഹ്മദേവൻ തുടങ്ങി പലരുമേ.
അഗ്നിദേവൻ ശിവന്റെ തിരുമുമ്പിൽ
അത്യുദാരം ജ്വലിച്ചു വസിച്ചപ്പോൾ
അഗ്നിസാക്ഷിയായുള്ള വിവാഹത്തി-
നദ്രിപുത്രിയെല്ലാതെ ചമയിച്ചു

പട്ടണിപ്പുട കെട്ടിയുടുപ്പിച്ചു
പട്ടുകൊണ്ടു ശരീരം പുതപ്പിച്ചു
കങ്കണം മണിഹാരം പദകങ്ങളും
തങ്കപ്പൊന്നരഞ്ഞാണം പലവിധം
കണ്ഡലം മണിമോതിരം പൊൻവള
മണ്ഡനങ്ങളനേകമണിയിച്ചു.
അപ്പുരസ്ത്രീകളദ്രികുമാരിയെ
തൃപ്പുരാരിതിരുമുമ്പിൽകൊണ്ടന്നു
വേളികർമ്മങ്ങളെല്ലാം വഴിപോലെ
നാളീകാക്ഷിശിരോമണിയെക്കൊണ്ടും
കാളകണ്ഠനെക്കൊണ്ടും വിരിഞ്ചൻ താൻ
കാലതാമസംകൂടാതെ ചെയ്യിച്ചു
സോദരൻ മുകിൽവർണ്ണൻ മുരാന്തകൻ
സോദരിയാകും പാർവ്വതീകന്യയെ
മോദേന പുരവൈരിക്കു മെല്ലവെ
സാദരദാനംചെയ്തു കനിവോടെ.
ഏണലാഞ്ഛനശേഖരനീശ്വരൻ
ഏണനേർമിഴിയാളുമയുടെ
ശോണപങ്കജംപോലെ മനോഹരം.
പാണിപങ്കജം സ്വീകരിച്ചീടിനാൻ.
വ്യാജഹീനം ജ്വലിക്കുന്നൊരഗ്നിയിൽ
ലാജഹോമവും ചെയ്യിപ്പിച്ചാദരാൽ
പാർവ്വതീപരമേശ്വരരെക്കൊണ്ടു
പാവകനെ പ്രദക്ഷിണംവെയ്പിച്ചു
പങ്കജാസനൻ പിന്നെപ്പുലർക്കവെ
ശങ്കരസ്വാമിയെക്കൊണ്ടുമഗ്നിയെ
അശ്മലംഘനകർമ്മവുംചെയ്യിച്ചു
ആശ്വസിച്ചു ഹിമവാനും പത്നിയും.
ഏവം ഘോഷിച്ചു പാർവ്വതീകല്യാണം
ദേവദേവൻ ദയാനിധി ശങ്കരൻ
ഭാവബോധേന സാധിച്ചനന്തരം
മായയോടെ രമിച്ചു യഥാസുഖം.

# മുദ്രാരാക്ഷസനാടകം.

ശ്രീമതി പി. ജാനകീദേവി, ബി. എ. (ഓണേഴ്സ്)

ഭാരതീയനാടകരംഗം അനുഗൃഹീതങ്ങളായ പ്രാചീനകാവ്യങ്ങളിൽ വിവിധരസപ്രധാനങ്ങളായ അനേകരൂപകങ്ങൾക്ക ജന്മഭൂമിയായിരുന്നുവെന്നുള്ളതു പണ്ഡിതലോകം സർവ്വാത്മനാ സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്. അന്നത്തെ വിപൽസന്ധ്യകളെ ആനന്ദഭരിതങ്ങളാക്കിയിരുന്ന അനവധി രൂപകകാവ്യതല്ലജങ്ങൾ പരമ്പരയാ ഇന്നു നമുക്ക സിദ്ധിച്ചിട്ടുണ്ട്. കൂടാതെ എത്രയോ പുരാതനമായ ആ കാലത്തുതന്നെ നടനകല ഉൽക്കർഷസോപാനത്തിൽ അഗ്രിമസ്ഥാനത്തെ ആരോഹിച്ചിരുന്നു എന്നു തെളിയിക്കത്തക്കവണ്ണം നാടകാദിരൂപകങ്ങളേയും, തത്സംബന്ധങ്ങളായ നിരവധി നിയമങ്ങളേയും പുരസ്കരിച്ചു നിർമ്മിതങ്ങളായ ലക്ഷണഗ്രന്ഥങ്ങൾ, ഭരതമുനിയുടെ നാട്യശാസ്ത്രത്തിനെ നേതാവാക്കിക്കൊണ്ടു നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ലക്ഷണഗ്രന്ഥങ്ങൾക്ക മാർഗ്ഗദർശികളായി ലക്ഷ്യഗ്രന്ഥങ്ങൾ ഉണ്ടായിരിക്കണമെന്നുള്ളതിനു സംശയമില്ല. എന്തെന്നാൽ വിശിഷ്ടങ്ങളായ പന്ഥാക്കളിൽ കാണുന്ന സാമാന്യധർമ്മങ്ങളാണ് ലക്ഷ്യത്തെ നിർദ്ദേശിക്കുന്ന ലക്ഷണങ്ങളായിത്തീരുന്നതെന്ന് അനുഭവംകൊണ്ടു നമുക്കറിയാം. എന്നാൽ ഭാരതീയനാട്യശാസ്ത്രമാകുന്ന ലക്ഷണഗ്രന്ഥത്തിനു ലക്ഷ്യങ്ങളായിത്തീർന്ന മഹൽകൃതികൾ ഏതെല്ലാമെന്നുംമററും സുനിശ്ചിതമായി ഒരഭിപ്രായം പുറപ്പെടുവിക്കത്തക്ക ജ്ഞാനം ഇന്നു ലോകത്തിൽ ആർക്കും സിദ്ധിച്ചിട്ടില്ലതന്നെ. എന്തായാലും നാട്യശാസ്ത്രകാലത്തിനുശേഷം ജന്മം സ്വീകരിച്ചിട്ടുള്ള എത്രയോ ശതം രൂപകങ്ങൾ, പാശ്ചാത്യപൌരസ്ത്യപണ്ഡിതവര്യന്മാരുടെ ഏകോപിച്ചും ഭിന്നരീതിയിലുമുള്ള ഗവേഷണാദ്യുദ്യമവും പരോപകാരതൽപരതയും നിമിത്തം നമുക്ക് ഇപ്പോൾ ലഭിച്ചിട്ടുണ്ട്. അങ്ങനെ കിട്ടിയിട്ടുള്ള രൂപകങ്ങൾ, പ്രായേണ ശൃംഗാരരസപ്രധാനങ്ങളും പൊതുവേ ഐകരൂപ്യമുള്ള വസ്തുമായിട്ടാണ് കാണപ്പെടുന്നത്. നിയമത്തെ അക്ഷരംപ്രതി അനുസരിക്കാത്തവർ അപഹാസ്യരായിത്തീരേണ്ടവരെന്നുള്ള ഭയം നിമിത്തമോ ആത്മവിശ്വാസത്തിന്റെ കുറവുകൊണ്ടോ, കവികൾ-അഥവാ കവിയശഃപ്രാർത്ഥികൾ-കണ്ണുമടച്ചു പ്രവർത്തിച്ചാൽ ഫലം മറെറാരുവിധത്തിൽ വരുവാൻ മാർഗ്ഗവുമില്ലല്ലൊ. ശാകുന്ത

ളാദികൃതികൾ മാതൃകകളും, ഭരതമുനി അടിപിഴച്ചാൽ അടക്കേ തെററിക്കുന്ന ആശാനെന്ന വിശ്വാസവും ചേർന്നപ്പോൾ, രൂപകലോകമാകുന്ന വിശേഷത്തിന് ശൃംഗാരം പ്രധാനരസവും, രാജാവു നായകനും, രാജകന്യക നായികയും, അവരുടെ പ്രേമബന്ധത്തിന്റെ ഫലാവാപ്തിവരെയുള്ള വിവിധാവസ്ഥകൾ ഇതിവൃത്തവുമായ നാടകം ഒരു സാമാന്യമാതൃകയായിത്തന്നെ കലാശിച്ചു. എന്നാൽ കേവലാനുകരണംമാത്രം കവിധർമ്മമായിത്തീർന്നപ്പോൾ നവീനകൃതികൾക്കുപോലും നവീനത്വം കൂടാത്ത വൈകൃതം സംഭവിച്ചുവെങ്കിൽ അതിശയിക്കുവാനില്ല. ഈ അഭിപ്രായം സംസ്കൃതനാടകത്തെ അങ്ങനെതന്നെ ബാധിക്കുമെന്ന് ആരും തെററിദ്ധരിക്കേണ്ട. ഇതു സാധാരണധർമ്മവും, അതിൽനിന്നും വ്യത്യസ്തപ്പെട്ടു കാണപ്പെടുന്ന ചുരുക്കം ചിലവ, മഹാസമുദ്രത്തിൽ അങ്ങിങ്ങായി പ്രത്യക്ഷപ്പെട്ടു രക്ഷ നല്കുന്ന ദ്വീപങ്ങൾ മാത്രവുമാണെന്നാണ് എനിക്കു തോന്നീട്ടുള്ളത്.

എന്നാൽ ഇതിൽനിന്നൊക്കെ വ്യത്യസ്തവും, പണ്ഡിതലോകത്തിൽ സുസമ്മതിക്കർഹമായിത്തീർന്നതും, ശാസ്ത്രീയവും ലൗകികവുമായ ഗുണപൗഷ്കല്യങ്ങൾ തികഞ്ഞതെന്നു പാശ്ചാത്യവിമർശകന്മാർക്കുകൂടി കുതൂഹലം ജനിപ്പിച്ചിട്ടുള്ളതുമായ ഒരു വിശിഷ്ടരത്നം നമ്മുടെ കലാചക്രവാളത്തിൽ നക്ഷത്രപ്രഭയോടെ വിലസുന്നുണ്ട്. അതിന്റെ ഇതിവൃത്തം നായികാനായകന്മാരുടെ പ്രേമബന്ധമല്ല; രസം ശൃംഗാരമല്ല; വസ്തു, പുരാണഭണ്ഡാരത്തിലെ പഴംകഥയുമല്ല; എങ്കിലും, ആ കൃതി ശാസ്ത്രതത്വത്തിന്റെ പഴമയും ഉറപ്പും, ഭാവനാശക്തിയുടെ പുതുമയും മിഴിപ്പും, നല്ലവണ്ണം തെളിയിക്കുകയും, ശ്രേഷ്ഠങ്ങളായ നിയമങ്ങൾക്കുകൂടിയും ഉൽകൃഷ്ടമനോഭാവങ്ങളേയും സർവ്വസാധാരണമായ ലോകചരിത്രത്തെയും എങ്ങനെ തന്മയീഭാവം നല്കി പ്രദർശിപ്പിക്കുവാൻ സാധിക്കുമെന്നുള്ളതിന് ഉത്തമസാക്ഷ്യം വഹിക്കുകയുംചെയ്യുന്നു. രാഷ്ട്രീയമായ ഇതിവൃത്തവും പുരാവൃത്തവും ഇടകലർത്തി മനുഷ്യബുദ്ധിയുടെ ആഴമളന്നു കണക്കാക്കി രൂപകത്വേനതന്നെ രൂപകശ്രേഷ്ഠ്യത്തിനർഹമായി ശോഭിക്കുന്ന ശ്രീ വിശാഖദത്തരചിതമായ 'മുദ്രാരാക്ഷസ'മത്രെ മേൽപറഞ്ഞ പ്രശസ്തദൃശ്യകാവ്യം.

ഉത്തമമായ ആത്മവിശ്വാസദാർഢ്യത്താൽ തനിക്കർഹമായ അഗ്രിമസ്ഥാനത്തെ സ്വയമേ സ്വീകരിച്ച വിഷ്ണുഗുപ്തബ്രാഹ്മണനു നന്ദമഹാരാജാവിന്റെ അന്ധതമൂലം നേരിട്ട അവമതിയാൽ ക്രുദ്ധനായിത്തീർന്ന അധൃഷ്യപ്രഭാവനും തീക്ഷ്ണധീയുമായ അദ്ദേഹത്തിന്റെ പ്രതിജ്ഞാസി

ധിയോടുകൂടിയാണു് മുദ്രാരാക്ഷസത്തിലെ ഇതിവൃത്തം ആരംഭിക്കുന്നതു്. അഗ്രാസനാപമാനം ആരാധനീയനായ ആ ബ്രഹ്മതേജസ്വി തന്റെ പാദത്തിൽ യദൃച്ഛയാ തടഞ്ഞുപോയ ദൎഭയെ എന്നപോലെതന്നെ നന്ദവംശത്തെയും തന്റെ ക്രോധാഗ്നിക്കാഹുതിയാക്കിത്തീൎത്തു്, ശക്തിമാനായ ചന്ദ്രഗുപ്തനിൽ രാജ്യക്ഷേമം സമൎപ്പിക്കുകയും ചെയ്തു. എന്നാൽ തന്റെ ബുദ്ധിബലത്താൽ ചന്ദ്രഗുപ്തനെക്കൊണ്ടു പരിഗ്രഹിപ്പിച്ച രാജ്യലക്ഷ്മി പുതിയ നാഥനോടിണങ്ങിച്ചേരുവാൻ ഉചിതനായ പീഠമൎദ്ദനെക്കൂടാതെ സാദ്ധ്യമല്ലെന്നു നയനിപുണനായ ചാണക്യനറിയാമായിരുന്നു. അവമാനത്തിനു പ്രതിക്രിയചെയ്തു സാധിതപ്രതിജ്ഞനായതിനുശേഷവും നഗരവാസംതുടൎന്നു്, തന്നാൽ സ്ഥാപിതമായ വംശത്തെ രക്ഷിച്ചുകൊണ്ടു പോകത്തക്കവണ്ണം പ്രപഞ്ചത്തിരച്ചുഴിയിൽവീണ്ടും മുഴുകുവാൻ യഥാൎത്ഥബ്രാഹ്മണനായിരുന്ന അദ്ദേഹത്തിനു മനസ്സുണ്ടായിരുന്നില്ല. അതിനാൽ നന്ദവംശത്തിന്റെ വിശ്വസ്തസചിവനും രാജ്യതന്ത്രനൈപുണ്യത്തിൽ അത്യുച്ചനും, സ്വഭാവോൽക്കൎഷത്താൽ ആരാധനീയനുമായ അമാത്യരാക്ഷസനെ അദ്ദേഹത്തിനുചിതമായ പൂൎവ്വസ്ഥാനത്തുതന്നെ പ്രതിഷ്ഠിച്ചു്, വീണ്ടും സ്വധാമമായ കാന്താരമദ്ധ്യത്തിലേക്കു മടങ്ങണമെന്നു് ഋഷിസത്തമനായ അദ്ദേഹം തീൎച്ചയാക്കി. ആ ഉദ്ദേശ്യസിദ്ധിക്കുള്ള വിവിധോപായങ്ങളും അതിന്റെ ഫലപ്രാപ്തിയുമാണു് പ്രകൃതമായ ഇതിവൃത്തം.

ഇത്രയും ദുൎഘടമായ ഒരു സംഭവത്തെ അടിസ്ഥാനമാക്കിപ്പടുത്തു് ഉൽകൃഷ്ടവും മനോഹാരിയുമായ വിധത്തിൽ കെട്ടിയുയൎത്തിയിരിക്കുന്ന ഒരു മനോഹരസൗധമത്രെ 'മുദ്രാരാക്ഷസം'. "നാടകത്തിനു് ആവശ്യമായ എല്ലാലക്ഷണങ്ങളും സമ്പൂൎണ്ണമായുള്ളതും കവികൃതികളിൽ ഉത്തമമായ ഒരു സ്ഥാനത്തെ അൎഹിക്കുന്നതും രംഗപോഷണത്തിനുതകുന്നതും അഭിനയോചിതവുമായ ഒരു യഥാൎത്ഥരൂപകമാണു് വിശാഖദത്തന്റെ കൃതി" എന്നു് വിൽസൺ (Wilson: The Hindu Theatre.), കീത്തു് (Keith: Sanskrit Drama) തുടങ്ങിയ പാശ്ചാത്യപണ്ഡിതകേസരികൾകൂടി മുക്തകണ്ഠം ഘോഷിക്കുന്നു. അത്രമാത്രം മഹനീയമായ പ്രശംസയ്ക്കൎഹമായിത്തീൎന്ന മുദ്രാരാക്ഷസത്തെ ലക്ഷ്യഗ്രന്ഥമാക്കിക്കൊണ്ടു നാടകലക്ഷണങ്ങളുടെ ഏകദേശപഠനം സാധിക്കാമെന്നുമാത്രമേ ഈ ലഘുലേഖകൊണ്ടു ഉദ്ദേശിക്കുന്നുള്ളു.

ഇതിവൃത്തനായകരസാദികൾകൊണ്ടു രൂപകങ്ങൾ തമ്മിൽ വിവിധരീതിയിൽ വ്യത്യസ്തങ്ങളാക്കി തരംതിരിക്കപ്പെട്ടിരിക്കുന്നുവെന്നു നാട്യശാസ്ത്രത്തിൽനിന്നു നാം ഗ്രഹിക്കുന്നു. വിവിധരീതിയിലുള്ള നാട്യപ്രയോഗങ്ങളുടെ എല്ലാ അവസ്ഥകളും പൂർണ്ണമായി തികഞ്ഞതും, പ്രാധാന്യത്തെ അർഹിക്കുന്നതുമായ രൂപകമാണു് നാടകനാമംകൊണ്ടു ശാസ്ത്രജ്ഞന്മാരാൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. നാടകലക്ഷണത്തെക്കുറിച്ചു ഭരതമുനി ഇപ്രകാരം പറയുന്നു.

"ദേവതാനാം മനുഷ്യാണാം രാജ്ഞാം ലോകമഹാത്മനാം
പൂർവ്വവൃത്താനുചരിതം നാടകംനാമ തദ്ഭവേത്.

(അ: 19: 119)

പ്രഖ്യാതവസ്തുവിഷയം പ്രഖ്യാതോദാത്തനായകം
രാജർഷിവംശചരിതം തഥാ ദിവ്യാശ്രയോപേതം

നാനാവിഭൂതിസംയുതമൃദ്ധിവിലാസാദിഭിർഗ്ഗുണൈർയ്യുക്തം
അങ്കപ്രവേശകാഢ്യം ഭവതി ഹി തന്നാടകം നാമ.

(അ: 18: 10—11)

നൃപതീനാം യച്ചരിതം നാനാരസഭാവചേഷ്ടിതം ബഹുധാ
സുഖദുഃഖോൽപത്തികൃതം വിജ്ഞേയം നാടകം നാമ.

(12)



ലോകത്തിൽ പൂജ്യതയെ അർഹിക്കുന്ന ദേവന്മാരുടേയോ മനുഷ്യരുടേയോ പൂർവ്വവൃത്തങ്ങളെ അനുകരിച്ചഭിനയിച്ചു്, തന്മയീഭാവത്തോടെ പ്രദർശിപ്പിക്കുന്നതാണു് നാടകം. അതു പുരാണപ്രസിദ്ധമോ ചരിത്രപ്രസിദ്ധമോ ആയ ഇതിവൃത്തവും, പ്രഖ്യാതനും ധീരോദാത്തനും രാജാവുമായ നായകനും ചേർന്നതും, വിവിധരസഭാവങ്ങളെ ആവിഷ്കരിക്കുന്നതും, അഭിനേതാക്കൾക്കും പ്രേക്ഷകന്മാർക്കും സുഖദുഃഖങ്ങളെ ഇടകലർന്നനുഭവിപ്പിക്കുവാൻ ശക്തവുമായിരിക്കുന്നതാണു്.

ഇതിവൃത്തഘടനത്തിലും പ്രത്യേകനിയമങ്ങൾ അനുസരിക്കേണ്ടതുണ്ടു്. പ്രാരംഭാദ്യവസ്ഥാപഞ്ചകവും ബീജാദ്യർത്ഥപ്രകൃതിപഞ്ചകവും മുഖാദിസന്ധിപഞ്ചകവും ചേർന്നു്, ലോകവൃത്താനുകാരിയായി ഉൽകൃഷ്ടാദർശപൂർണ്ണമായി അനുസ്യൂതങ്ങളായ സംഭവപരമ്പരകളോടുകൂടി ശൃംഗാരവീരരസങ്ങളിൽ ഒന്നിനെ സ്ഥായിയായി സ്വീകരിച്ചു്, സ്വാഭാവികമായി അദ്ഭുതരസാവിഷ്കരണം ചെയ്തവസാനിപ്പിക്കുന്ന അഞ്ചുമുതൽ ഏഴുവരെ അങ്കങ്ങളുള്ള അഭിനയോചിതമായ രൂപകത്തിനാണു് നാട

കം എന്ന നാമം ഉചിതമായിട്ടുള്ളതു്. മുദ്രാരാക്ഷസം മേല്പറഞ്ഞ എല്ലാനിയമങ്ങളേയും പൂൎണ്ണമായി അനുസരിക്കുന്നുണ്ടെന്നാണു് ശാസ്ത്രജ്ഞന്മാരായ പണ്ഡിതവൎയ്യന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നതു്.

ഒരു ആപാതപരിശോധകന്റെ ദൃഷ്ടിയിൽ ഈ അഭിപ്രായം പൂൎണ്ണാംഗീകരണത്തെ അൎഹിക്കുന്നതായി തോന്നാമെങ്കിലും, അല്പം കൂടി ഉള്ളിലേയ്ക്കു കടന്നുനോക്കിയാൽ പല സംശയങ്ങൾക്കും അവകാശം നേരിടുന്നുണ്ടെന്നു നമുക്കു കാണാം. ആ ശങ്കകൾക്കു സമാധാനം പറവാനില്ലാതെവരികയില്ലെങ്കിലും, അവ ആലോചനാൎഹങ്ങൾതന്നെയാകയാൽ അവയെക്കുറിച്ചു് അല്പം ചിലതു പ്രസ്താവിക്കുന്നതു് അപ്രകൃതമാകയില്ലല്ലോ.

നായകൻ, രസം, ഇതിവൃത്തം, എന്നിവ ഒരു നാടകത്തിൽ ശ്രദ്ധയെ ആകൎഷിക്കുന്ന മുഖ്യവസ്തുക്കളാകയാൽ ഈദൃശമായ ചൎച്ചയിൽ അവയെത്തന്നെ അടിസ്ഥാനമാക്കുന്നതാണു് ഉചിതം. നായകൻ എന്ന പദത്തിനു നയിക്കുന്നവൻ, അതായതു കഥാഗതിയെ നയിച്ചുകൊണ്ടുപോകുന്നവൻ, എന്നാണു് യഥാൎത്ഥമായി ഗ്രഹിക്കാവുന്ന അൎത്ഥം.

"നായക ഇതി. ബീജബിന്ദ്വാദിസംവലിതസ്യ നാടകസ്യ നാ ഫലാന്തം നയതീതി നായകഃ; സ ഏവ ധൎമ്മകാമാൎത്ഥഫലഭാഗ്ഭവതി!"

സംക്ഷിപ്തമായി പറഞ്ഞാൽ പ്രധാനകഥാപുരുഷന്മാരിൽ സംഭാവ്യഫലമായ ഇതിവൃത്തത്തിലെ ഫലാനുഭോക്തൃത്വത്താൽ മുഖ്യസ്ഥാനാൎഹനായ ആളാണു് നായകശബ്ദത്താൽ നിൎദ്ദേശിക്കപ്പെടുന്നതെന്നുവരുന്നു. നാടകത്തിലെ നായകൻ ധീരോദാത്തനായിരിക്കണമെന്നും നിൎബ്ബന്ധമുണ്ടു്. അതായതു്, ശകുന്തളാവാപ്തിയും പുത്രലാഭവുമാകുന്ന ഫലപ്രാപ്തിയുണ്ടാകുന്ന ദുഷ്യന്തമഹാരാജാവു് അഭിജ്ഞാനശാകുന്തളത്തിലും, അവസാനത്തിൽ ഉൎവ്വശീപ്രാപ്തിയും സന്താനലബ്ധിയും അനുഭവിക്കുന്ന പുരൂരവസ്സു് വിക്രമോൎവ്വശീയത്തിലും, മാളവികാസമാഗമം ദേവീപ്രീതിയാൽ സംഭവിച്ചാനന്ദിക്കുന്ന അഗ്നിമിത്രൻ മാളവികാഗ്നിമിത്രത്തിലും, നായകന്മാരാകുന്നു സിദ്ധിക്കുന്നു, മേല്പറഞ്ഞ നാടകങ്ങളിലും താദൃശങ്ങളായ മററു കൃതികളിലും നായകൻ കേവലം ഫലഭോക്താവുമാത്രമല്ല, ധീരോദാത്തപ്രകൃതി ഏററവും പ്രത്യക്ഷപ്പെട്ടിട്ടുള്ളവനും, സംഭവഗതികളുടെ നേതാവുംകൂടിയാണെന്നു സൂക്ഷിച്ചാൽ നമുക്കു കാണ്മാൻകഴിയുന്നു. ഇവ

യിൽനിന്നും വ്യത്യസ്തമായി പ്രധാനകഥാപുരുഷനോടുതുല്യം പ്രവർത്തിക്കുന്നവരും മുഖ്യഫലത്തിനു ഹേതുഭൂതരുമായ മററംഗങ്ങളോടുകൂടിയ ചില രൂപകങ്ങൾ (വത്സരാജാവായ ഉദയനനെസംബന്ധിക്കുന്ന കഥകൾ) ഇല്ലെന്നില്ല. എങ്കിലും അവിടെയും ആദ്യവസാനക്കാരായി സംഭവഗതികളെ നയിക്കുവാൻ പ്രാപ്തരെന്നനിലയിൽതന്നെ ആ അന്തിമഫലഭോക്താക്കൾ പ്രത്യക്ഷപ്പെടുന്നുണ്ടു്. ഈ കാര്യങ്ങൾകൊണ്ടും ദൈവതാനുഗ്രഹത്താൽ സംഭവിക്കുന്നതല്ലാത്ത നാടകങ്ങളിലെ ഭരതവാക്യോച്ചാരണാവകാശംകൊണ്ടും നായകനിർണ്ണയം സാധാരണമായി സുസാധമാകുന്നു. നിയമത്തെയും മേല്കാണിച്ച ധർമ്മങ്ങളെയും അടിസ്ഥാനപ്പെടുത്തി ആലോചിക്കുമ്പോൾ, മുദ്രാരാക്ഷസത്തിലെ നായകൻ ആരെന്നചോദ്യത്തിനുത്തരം അല്പം അപകടത്തിലവസാനിക്കുന്നതായി നമുക്കു കാണാവുന്നതാണ്.

അഭിജ്ഞാനശാകുന്തളത്തിലെ ശകുന്തളാഭിജ്ഞാനംപോലെ, മുദ്രാരാക്ഷസത്തിൽ അമാത്യരാക്ഷസന്റെ പൂർവ്വസ്ഥാനസ്വീകാരം, അഥവാ ചന്ദ്രഗുപ്തന്റെ അമാത്യലാഭമാണു് ഉദ്ദിഷ്ടഫലം. ആ ഫലം ലഭിക്കേണ്ടതു രാജസ്ഥാനമലംകരിക്കുന്ന ചന്ദ്രഗുപ്തനാണു്. ഈ നിലയിൽ മുദ്രാരാക്ഷസവ്യാഖ്യാകാരന്മാരായ പ്രാചീനപണ്ഡിതന്മാരുടെ അഭിപ്രായത്തോടുയോജിച്ചു്, ചന്ദ്രഗുപ്തമഹാരാജാവു തന്നെയാണു് നായകൻ എന്നു സമ്മതിക്കുന്നതു ശരിയെന്നു പ്രഥമദൃഷ്ടിയിൽ നമുക്കു തോന്നാം. നായകലക്ഷണം ഫലോപഭോക്തൃത്വത്തിൽമാത്രം അവസാനിക്കുന്നുവെങ്കിൽ ഈ വിശ്വാസം അസ്ഥാനത്തിലല്ലായിരിക്കാം; എന്നാൽ നായകശബ്ദശ്രവണമാത്രയിൽ സംഭവഗതികളുടെ, കഥാഘടനയുടെ, മുഖ്യേതിവൃത്തത്തിന്റെ, നേതാവും ആദരണീയനും അനുകരണീയനുമായ ഒരു പുരുഷരത്നത്തിന്റെ പ്രതീതിയാണു് സാധാരണ നമുക്കുണ്ടാവുന്നതു്. ഏതൊരാളുടെ അഭാവത്താൽ കഥാഗതി നിശ്ചേഷ്ടമായി നിലകൊണ്ടുപോകുന്നു, ഏതൊരാളുടെ അശ്രദ്ധ സംഭവിച്ചുപോയാൽ ഉദ്ദിഷ്ടഫലം വിപരീതനിലയിൽ അവസാനിച്ചുപോകുവാനിടയാകുന്നു, ഏതൊരാൾ ഇതിവൃത്തത്തിന്റെ ജീവനായി, നാഡീഘടനത്തിനു ഹേതുവായി, ആദ്യവസാനം പ്രത്യക്ഷപ്പെടുന്നു, ആ ആൾമാത്രമേ യഥാർത്ഥമായി നായകശബ്ദത്തിനർഹനാകുന്നുള്ളൂ. ഫലോപഭോക്താവില്ലെങ്കിൽ ഫലത്തിനു ആവശ്യമില്ലെന്നു വരുന്നതിനാൽ ആ ധർമ്മംമാത്രംകൊണ്ടു നായകനിർണ്ണയം ചെയ്യണമെന്നു സിദ്ധാന്തിക്കുകയാണെങ്കിൽ, ഫലഭോക്താവുണ്ടെങ്കിലും, പ്രയത്നത്തിനാളില്ലെന്നുവന്നാൽ ഭോജ്യമായ ഫലം എങ്ങനെ സിദ്ധിക്കുമെന്ന ചോ

ൃത്തിലന്തരംപാരമ്പൎയ്യത്താവശ്യമാണു്. ഇതിനു മറുപടിയായി ശാസ്ത്രജ്ഞന്മാർ പറയുന്നതു്, സചിവായത്തസിദ്ധിയായ രാജാവിന്റെ മന്ത്രിയുടെ പ്രയത്നവും സ്വപ്രയത്നത്തിന്റെ തുല്യമാണെന്നും, അതിനാൽ ഫലവും പ്രയത്നവും രണ്ടു വ്യക്തികളെ ആശ്രയിക്കുന്നുവെന്നു കരുതേണ്ടതില്ലെന്നുമാണു്. മുദ്രാരാക്ഷസത്തിലെ ചന്ദ്രഗുപ്തനെപ്പോലെ ഇത്രത്തോളം സ്വാതന്ത്ര്യഹീനനും സ്വശക്തിയില്ലാത്തവനുമായ ഒരു നായകൻ, ഒരു രൂപകത്തിനും അഭിമാനഹേതുവല്ലെന്നു സമ്മതിക്കാതെ നിവൃത്തിയില്ലതന്നെ. യൗഗന്ധരായണനില്ലെങ്കിലും, വത്സരാജനെപ്പോലെ വിലാസപ്രിയനും വീരപ്രശസ്തി ലഭിച്ചവനുമായ ഒരു രാജാവിന്റെ വാസവദത്തേത്യാദികളായുള്ള ദേവിമാരെ പ്രാപിക്കുവാൻ തീരെ അസാദ്ധ്യമാകുമെന്നു നമുക്കു തോന്നുന്നില്ല. എന്നാൽ മുദ്രാരാക്ഷസത്തിലെ നായകസ്ഥാനത്തിൽ അവരോധിക്കപ്പെട്ടിരിക്കുന്ന ചന്ദ്രഗുപ്തൻ അനന്യസഹായനായിരുന്നുവെങ്കിൽ മൗൎയ്യസാമ്രാജ്യപ്രാപ്തിയോ അമാത്യരാക്ഷസബന്ധമോ അദ്ദേഹത്തിനുണ്ടാകുമായിരുന്നില്ലെന്നു നിശ്ചയമായിത്തന്നെ നമുക്കു പറവാൻ കഴിയുന്നു. ധീരോദാത്തനും പ്രതാപവാനുമായ രാജാവിനുമാത്രമേ നാടകത്തിൽ നായകനാകുവാൻ അവകാശമുള്ളൂ. എന്നാൽ വിനീതനും ഗുരുശാസനത്തെ അക്ഷരംപ്രതിയനുസരിച്ചു ശൈശവത്തിലിരിക്കുന്നവനുമായ ഒരു ശിഷ്യനെയാണു്, അല്ലാതെ രാജ്യശ്രീവരനാവാൻതക്ക വീൎയ്യശൗൎയ്യാദികളോ, ആത്മവിശ്വാസമോ, ധൈൎയ്യസ്ഥൈൎയ്യാദികളോ ഉള്ള ഒരു രാജലക്ഷണയുക്തനെയല്ല, എന്തുമുള്ള ഈ നാടകത്തിൽ രണ്ടുപ്രാവശ്യംമാത്രം പ്രത്യക്ഷപ്പെടുന്ന ചന്ദ്രഗുപ്തനിൽ നാം കാണുന്നതു്.

"വ്യായോഗ"ത്തിലായിരുന്നുവെങ്കിൽ, അസംപൂൎണ്ണമണ്ഡലനോ സംപൂൎണ്ണമണ്ഡലനോ ആയിക്കൊള്ളട്ടെ, ചന്ദ്രനെ കൊണ്ടു അഭിനയിക്കുക തന്നെ ചെയ്യുമായിരുന്നുവെന്നു മുദ്രാരാക്ഷസത്തിലെ ഓരോ വാചകവും, ഓരോ സംഭവവും, ഓരോ കഥാപാത്രവും, തെളിയിക്കുന്നു.

"സന്നിഹിതനായകോ/ങ്കഃ കൎത്തവ്യഃ" എന്ന നിയമത്തെ പലരും ചാതുൎയ്യത്തോടെ പലവിധത്തിലാണു് വ്യാഖ്യാനിച്ചിരിക്കുന്നതു്. എല്ലാ അങ്കങ്ങളിലും ഒരു പ്രധാനകഥാപാത്രം, നായകനോ നായികയോ പ്രതിനായകനോ ഉപനായകനോ ആരെങ്കിലും പ്രാധാന്യത്തെ അൎഹിക്കുന്ന ഒരാൾ, പ്രത്യക്ഷനായിരിക്കണം എന്നുമാത്രമേ വിവക്ഷിതമായിട്ടുള്ളു എന്നു ചിലരും, നാഗാനന്ദം, മായാമദാലസം, കാളിദാസകൃതികൾ മുതലായവയിലെപ്പോലെ മുഖ്യനായകൻതന്നെ എല്ലാ അങ്കങ്ങളിലും സന്നിഹിതനായി

രിക്കണമെന്ന വേറെചിലതം, എല്ലാ അങ്കങ്ങളിലുമില്ലെങ്കിലും, ആദ്യത്തേയും അവസാനത്തേയും അങ്കങ്ങളിൽ നായകൻ നിശ്ചയമായും ഉണ്ടായിരിക്കണമെന്ന മററാരുകൂട്ടരും അഭിപ്രായപ്പെടുന്നുണ്ട്. ഇതിൽ ഏതഭിപ്രായത്തെ അവലംബിച്ചുനോക്കിയാലും, പ്രഥമാങ്കത്തിൽ നായകപ്രവേശമില്ലാത്ത നാടകങ്ങൾ ഒന്നുംതന്നെ സംസ്കൃതനാടകവേദിയിൽ കാണപ്പെടുന്നില്ല. കേരളനാട്യരംഗത്തിൽനോക്കിയാലും, കഥകളി കൂടിയാട്ടം തുടങ്ങിയ സാമാന്യനാടകങ്ങളിൽ നായകനെ ആദ്യവസാനക്കാരൻ എന്ന പേരുകൊണ്ടു നിർദ്ദേശിച്ചു കഥാപാത്രത്തിൻെറ പ്രാധാന്യത്തെയും, ആദ്യരംഗത്തിൽത്തന്നെ നായകപ്രവേശത്തിൻെറ ആവശ്യകതയെയും തെളിയിക്കുന്നു.

സ്വതന്ത്രവും അഭയദാതാവുമായ ചാണക്യബ്രാഹ്മണൻെറ കപടനാടകത്തിലെ ഒരു രംഗമഭിനയിക്കുവാൻവേണ്ടി മൂന്നാമങ്കത്തിലും, അദ്ദേഹത്തിൻെറ അനുഗ്രഹഭാജനമായി അവസാനരംഗത്തിലും മാത്രമേ മുദ്രാരാക്ഷസത്തിലെ നായകസ്ഥാനീയനായ ചന്ദ്രഗുപ്തൻ പ്രത്യക്ഷപ്പെടുന്നുള്ളു. ഈ അവസ്ഥയിൽ അത്ര വളരെ ഗണ്യമല്ലാത്ത ഒരു സ്ഥാനത്തെമാത്രം അർഹിക്കുന്നവനായി തോന്നുന്ന ചന്ദ്രഗുപ്തനെ ഫലാനുഭോക്താവാണെന്നാകിലുംകൂടി നായകനാക്കുവാൻ, അതിനിപുണനും വേണ്ടിവന്നാൽ ചന്ദ്രഗുപ്തനെ കുറേക്കൂടി സ്വഭാവമഹിമയും പ്രാധാന്യവുമുള്ളവനാക്കിത്തീർക്കുവാൻ ശക്തനുമായ കവി ഉദ്ദേശിക്കുമോ എന്നതു് അല്പം ചിന്തനീയമായിത്തന്നെയിരിക്കുന്നു.

പ്രധാനകഥാപുരുഷന്മാരായി രാജാവിനെക്കൂടാതെ മലയകേതു, അമാത്യരാക്ഷസൻ, ചാണക്യൻ, എന്നു മൂന്നുപേരുള്ളവരിൽ, ആദ്യൻ പ്രതിനായകസ്ഥാനമവലംബിച്ച് അവസാനഘട്ടത്തിൽ പരാജിതനായിത്തീരുന്നതിനാലും, രണ്ടാമൻ ഗ്രഹണീയമായ ഫലത്തിൻെറ മൂർത്തീകരണമാകയാലും, നായകസ്ഥാനത്തിനർഹന്മാരല്ലെന്നു വരുന്നു. അതിനാൽ ചാണക്യനെന്ന അപരനാമധേയത്താൽ അറിയപ്പെടുന്ന വിഷ്ണുഗുപ്തനാണ് നായകൻ എന്നു സിദ്ധമാകുന്നു. ഈ അഭിപ്രായം, പൗരസ്ത്യപണ്ഡിതന്മാരിൽ ശാരദാരഞ്ജനറായിമാത്രമേ അംഗീകരിക്കുന്നുള്ളു. ഫലാനുഭോക്താവാകയാൽ ചന്ദ്രഗുപ്തൻതന്നെയാണ് നായകനാവേണ്ടതെന്നും, അദ്ദേഹം സചിവായത്തസിദ്ധിയായതുകൊണ്ടു ചാണക്യൻെറ ലക്ഷ്യപ്രാപ്തിക്കുള്ള പ്രയത്നങ്ങൾ രാജാവിൻേറതായി ഗണിക്കാവുന്നതാണെന്നുമാണ് മററാചാര്യന്മാരുടെ സിദ്ധാന്തം. എന്നാൽ കാര്യങ്ങ

ളൂടെ കുലങ്കഷമായ വിചാരണയിൽ രാജാവ് എത്രമാത്രം അപ്രധാനനായിത്തീരുന്നുവെന്നു നാം കണ്ടുകഴിഞ്ഞു. ഇനി ശേഷിക്കുന്ന അവകാശം ചാണക്യന്റേതാണ്.

വത്സരാജചരിതത്തിലെന്നപോലെ മുദ്രാരാക്ഷസത്തിലും രാജാവു സചിവായത്തസിദ്ധിയാകയാൽ യൗഗന്ധരായണനെപ്പോലെ സ്വാമിയുടെ അഭ്യുദയകാംക്ഷിയായ മന്ത്രിയായി കർത്തവ്യാനുഷ്ഠാനംമാത്രമേ ചാണക്യൻ ചെയ്യുന്നുള്ളു എന്നും, അതിനാൽ ചാണക്യനിൽ നായകത്വാരോപണത്തിനു പ്രസക്തിയില്ലെന്നുമാണ് മുഖ്യമായുള്ള ആക്ഷേപം. എന്നാൽ ഈ ഉപമതന്നെ ശരിയായില്ലെന്നു ഗ്രഹിക്കുവാൻ വളരെ പ്രയാസപ്പെടേണ്ടതില്ല. ഉദയനചക്രവർത്തിയെപ്പോലെ ധീരലളിതനും മഹാവംശോത്ഭവനുമായ ഒരു രാജാവല്ല ചന്ദ്രഗുപ്തൻ; ധീരോദാത്തനായകന്റെ ലക്ഷണങ്ങളും ചന്ദ്രഗുപ്തനിൽ കാണുന്നില്ല; അഥവാ അദ്ദേഹത്തെ ആ വിധത്തിൽ അംഗീകരിക്കയാണെങ്കിൽത്തന്നെയും, ധീരോദാത്തനായകൻ സ്വയമേ സമസ്തഗുണസമ്പന്നനാകയാൽ സചിവായത്തസിദ്ധിയായിരിക്കുന്നതു് ഉചിതവുമല്ല. നന്ദമഹാരാജാവിന്റെ പുത്രനാണെങ്കിലുംകൂടി യഥാർത്ഥകിരീടാവകാശിയല്ലാത്ത ഒരു വൃഷലീപുത്രൻ മാത്രമാണ് ചന്ദ്രഗുപ്തൻ എന്നും, ചാണക്യന്റെ ക്രോധാതിരേകത്താലും, നന്ദവംശവിദ്വേഷിയായ ദൈവത്തിന്റെ ആനുകൂല്യംകൊണ്ടുംമാത്രം സ്ഥാനപ്രാപ്തനായതാണെന്നും പ്രത്യക്ഷവുമാണ്. എന്നുമാത്രമല്ല, മന്ത്രിസ്ഥാനമല്ല രാജനിർമ്മാതൃസ്ഥാനമാണ് യഥാർത്ഥത്തിൽ ചാണക്യൻ സർവ്വഥാ അർഹിക്കുന്നതും അംഗീകരിക്കുന്നതുമെന്നുംകൂടി നാം വിസ്മരിക്കരുതു്. സ്വസ്വാമിയുടെ അഭിവൃദ്ധിക്കുവേണ്ടി അദ്ദേഹത്തിന്റെ ഹിതദീക്ഷിതനും അഹിതഭീതനുമായ യൗഗന്ധരായണനല്ല, തേജസ്വിയും ഉത്സാഹാദിസർവ്വശക്തിയുക്തനും സർവ്വതന്ത്രസ്വതന്ത്രനുമായ ചാണക്യൻ. അദ്ദേഹം മുൻപ് അമാത്യനായിരുന്നില്ല; മേലിൽ അങ്ങനെയിരുന്നുകൊള്ളുവാൻ വിചാരിക്കുന്നുമില്ല. കാര്യവശാൽ സ്വനിർമ്മിതമായ രാജസ്ഥാനത്തിന്റെ സ്ഥിരീകരണം സാധിക്കുന്നതുവരെമാത്രം, അമാത്യപദം ധരിക്കുന്ന ഒരുത്തമബ്രാഹ്മണസിദ്ധനത്രെ ചാണക്യൻ. അദ്ദേഹത്തിന്റെ ഉദ്ദേശ്യം, നന്ദവംശോന്മൂലനവും ചന്ദ്രഗുപ്തലക്ഷ്മിയുടെ സ്ഥിരപ്രതിഷ്ഠയും മാത്രം. അതു സാധിച്ചനിമിഷത്തിൽ അദ്ദേഹം നഗരമൌദ്ധ്യത്തിലും സംസാരഭരിതങ്ങളിലുംനിന്നു പിന്മാറുകയും ചെയ്യുന്നു. ഇങ്ങനെയുള്ള അനിയന്ത്രിതത്വം, തേജസ്വിത ഔദ്ധത്യം ഔദാര്യം നയകൗശലം മുതലായി ഉത്തമനായ ഒരു രാഷ്ട്രീയനേതാവിനുവേണ്ട സമസ്തഗുണ

ങ്ങളും തികഞ്ഞിട്ടുള്ളവനായ ചാണക്യബ്രാഹ്മണനെ നിയമാനുസരണത്തിനുവേണ്ടി രാജഹിതദീക്ഷിതനായ ഒരു മന്ത്രിയായിമാത്രം ഗണിക്കുന്നതു് ഒരു മഹാസാഹസമായിരിക്കും.

"ആഃ! ക ഏഷ മയി സ്ഥിതേ ചന്ദ്രഗുപ്തമഭിഭവിതുമിച്ഛതി" എന്നു് ഉദ്ധതനായി ചോദ്യംചെയ്തുകൊണ്ടു രംഗപ്രവേശംചെയ്യുന്ന ചാണക്യൻ, തന്റെ സർവ്വസംരംഭങ്ങളേയും ഉദ്ദിഷ്ടപ്രാപ്തിയിൽ സമാപിപ്പിച്ചു്, "ഭോ! രാജൻ കിം തേ ഭൂയഃ പ്രിയമുപകരോമി" എന്നുചോദിച്ചു്, സമസ്തലാഭങ്ങളും സിദ്ധിച്ച ശിഷ്യപ്രധാനനെ അനുഗ്രഹിച്ചുകൊണ്ടു രംഗഭൂമിയിൽനിന്നു നിഷ്ക്രമിക്കുകയാണു് ചെയ്യുന്നതു്. അദ്ദേഹത്തിന്റെ പ്രവേശനംമുതൽ, അവസാനരംഗത്തിൽ സർവ്വം പൂർണ്ണമായി കലാശിക്കുന്നതുവരെ, ചാണക്യവടുവിന്റെ വിദഗ്ദ്ധഹസ്തങ്ങൾ നിരന്തരമായും നിപുണമായും അവ്യവധാനം പ്രവർത്തിക്കുന്നതു നാം പ്രത്യക്ഷത്തിൽത്തന്നെ കാണുന്നുണ്ടു്. ഒന്നു്, മൂന്നു്, ആറു്, ഏഴു് ഈ അങ്കങ്ങളിൽ പ്രത്യക്ഷത്തിലും, രണ്ടും നാലും അഞ്ചും അങ്കങ്ങളിൽ പരോക്ഷത്തിലാണെങ്കിലും സ്വപ്രണിധികൾമുഖവും, തന്റെ ഉദ്ദിഷ്ടസാധനത്തിനായി—മലയകേതുപ്രവാസനം, രാക്ഷസസംഗ്രഹണം, ചന്ദ്രഗുപ്തലക്ഷ്മീസ്ഥാപനം, എന്നിങ്ങനെ അനുക്രമമായി സിദ്ധിക്കേണ്ട കാര്യങ്ങൾക്കായി—ശിഷ്യവത്സലനും പ്രതിജ്ഞാദീക്ഷിതനുമായ ബ്രഹ്മതേജസ്വി വിശ്രമമില്ലാതെ പ്രവർത്തിക്കതന്നെ ചെയ്യുന്നു. അദ്ദേഹത്തിന്റെ പ്രവൃത്തികൾക്കും നിശ്ചയങ്ങൾക്കും, മറ്റൊരാളുടെ അനുവാദമോ അപേക്ഷയോ ആലോചനയോ ആവശ്യമാകുന്നില്ല; അവയ്ക്കൊന്നിനും അദ്ദേഹത്തെസംബന്ധിച്ചിടത്തോളം പ്രേരകശക്തിയുമില്ല.

ശ്യാമീകൃത്യാനനേന്ദൂനരിയുവതിദിശാം സന്തതൈഃ ശോകധൂമൈഃ
കാമം മന്ത്രിദ്രുമേഭ്യോ നയപവനഹൃതം മോഹഭസ്മ പ്രകീര്യ
ദഗ്ധ്വാ സംഭ്രാന്തപൗരദ്വിജഗണരഹിതാന്നന്ദവംശപ്രരോഹാൻ
ദാഹ്യാഭാവാന്ന ഖേദാ, ജ്ജ്വലന ഇവ വനേ ശാമ്യതി ക്രോധവഹ്നിഃ

(Act I. 11.)

എന്നു യഥാർത്ഥമായിത്തന്നെ പറയുന്ന അവസരത്തിൽ, രാക്ഷസപരിപാലിതമെന്ന ഹേതു വീണ്ടും സംഭവിച്ചുവെങ്കിലും, ആ ശത്രുകൂടി മിത്രമായിത്തീർന്നു. രാക്ഷസൻ വീണ്ടും ചന്ദ്രഗുപ്താമാത്യനായിത്തീർന്നപ്പോഴും ചാണക്യന്റെ കോപാഗ്നി വിറകില്ലാത്തതിനാൽത്തന്നെ നശിക്കുകയാണുണ്ടായതു്. ഇങ്ങനെ അതിശയോക്തിലേശമില്ലാതെ സ്വശക്തിയെക്കുറിച്ചു

പറയുവാൻസാധിക്കുന്ന ചാണക്യനെക്കാളും ഉപരിയായി, നായകസ്ഥാനത്തെ അർഹിക്കുവാൻ ചന്ദ്രഗുപ്തന്റെ രാജത്വമോ ചക്രവർത്തിത്വമോ മതിയായ കാരണമാകുമെന്നു തോന്നുന്നില്ല.

ഭൃത്യാ ഭദ്രഭടാദയഃ സ ച തഥാ ലേഖഃ സ സിദ്ധാർത്ഥകഃ
തച്ചാലംകരണത്രയം സ ഭവതോ മിത്രം ഭദന്തഃ കില
ജീർണ്ണോദ്യാനഗതഃ സ ചാപി പുരുഷഃ ക്ലേശഃ സ ച ശ്രേഷ്ഠിനഃ
സർവം മേ—വൃഷലസ്യ—വീര! ഭവതാ സംയോഗമിച്ഛോർന്നയഃ

(Act VII. 9)

എന്നു രാക്ഷസസംഗ്രഹണത്തിനു നിദാനങ്ങളായ സമസ്തസംഭവങ്ങളും സ്വകൃതംതന്നെയെന്നു തെളിച്ചുപറയുന്നതിൽക്കൂടുതൽ ചാണക്യന്റെ സ്വാതന്ത്ര്യത്തിനും, ചന്ദ്രഗുപ്തന്റെ പാരതന്ത്ര്യത്തിനും, എന്തു തെളിവാണാവശ്യമുള്ളതു്?

ഇനിയും, നാടകത്തിൽ രാജർഷിയെത്തന്നെയല്ലാതെ ബ്രാഹ്മണനെയോ അമാത്യനെയോ നായകനാക്കാൻപാടില്ലെന്നു് ഒരുകൂട്ടർ വാദിച്ചേയ്ക്കാം. എന്നാൽ രാജർഷിചരിത്രംമാത്രമല്ല, ഉത്തമനായകന്റെ ചരിത്രവും നാടകത്തിൽ അനുസന്ധിക്കാമെന്നു ഭരതമുനിതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ടു്. "ദിവ്യ"പദംകൊണ്ടുദ്ദേശിച്ചിരിക്കുന്നതു് ഈ അഭിപ്രായത്തെത്തന്നെയാണെന്നു വിജ്ഞന്മാർ സമ്മതിക്കയുംചെയ്യുന്നു.

ഭരതവാക്യോച്ചാരണം നായകലക്ഷണമായി നമ്മുടെ കവി ഗണിച്ചിട്ടില്ലെന്നു്, രാക്ഷസനെക്കൊണ്ടു് അതു ചൊല്ലിച്ചിരിക്കുന്നതിൽനിന്നു് അനുമാനിക്കാവുന്നതേയുള്ളു.

ഇങ്ങനെ ചാണക്യനായകമായ ഇതിവൃത്തത്തിൽ അമാത്യരാക്ഷസൻ പ്രതിനായകനും, മലയകേതു, ചന്ദ്രഗുപ്തനെപ്പോലെ രാക്ഷസമതിശക്തിയെ ആശ്രയിച്ചു വൃദ്ധിയോ ക്ഷയമോ അനുഭവിക്കുവാൻമാത്രം ശക്തനായ ഒരു രാജനാമധാരിയുമായിത്തീരുന്നു. അമാത്യരാക്ഷസന്റെയും വിഷ്ണുഗുപ്തബ്രാഹ്മണന്റെയും മത്സരത്തെ പരിപാലിതാംതന്നെയായിരിക്കാം,

"വിരൂഢവൈരയോരിഹ മന്ത്രിമുഖ്യയോ-
ർമ്മഹാഹവേ വനഗജയോരിവാന്തരേ
അനിശ്ചയാൽ ഗജവശയേവ ഭീതയാ
ഗതാഗതൈർധ്രുവമിഹ ഖിദ്യതേ ശ്രിയാ"

എന്നും "ചാണക്യമതിപരിഗൃഹീതം ചന്ദ്രഗുപ്തമവലോക്യ വിഫലമിവ രാക്ഷസപ്രയത്നമവഗച്ഛാമി; രാക്ഷസമതിപരിഗൃഹീതം മലയകേതുമവലോക്യ പലായിതമിവാധിരാജ്യാച്ചന്ദ്രഗുപ്തമവഗച്ഛാമി" എന്നും വിരാധഗുപ്തനെക്കൊണ്ടു പറയിക്കുന്ന കവി ഉദ്ദേശിക്കുന്നതു്. ഈവിധത്തിൽ ചാണക്യനെ നായകനായി സ്വീകരിക്കുന്നതിന്, ഔദ്ധത്യപൂർണ്ണവും ചണ്ഡവുമായ അദ്ദേഹത്തിന്റെ സ്വഭാവം അനുകൂലിക്കുന്നില്ലെന്നും, ധീരോദ്ധതനായ നായകൻ നാടകത്തിൽ പാടില്ലെന്നും ചിലർ വാദിക്കുമായിരിക്കാം. അങ്ങനെ ആലോചിച്ചാൽ മററു പല ദൂഷണങ്ങൾക്കും ഇടയാകുന്നു.

ഭരതമുനി നാടകത്തിൽ രാജർഷിയോ ദിവ്യനോ നായകനാകണമെന്നു് ഒരു ദിക്കിലും, ധീരോദാത്തനോ, ധീരലളിതനോ ആയിരിക്കണമെന്നു് ഇനിയൊരിടത്തും, അമാത്യന്മാർ ധീരോദാത്തന്മാരും, രാജാക്കന്മാർ ധീരലളിതന്മാരുമായിരിക്കണമെന്ന മൂന്നാമതൊരു സ്ഥലത്തും പറയുന്നുണ്ടു്.



"പ്രഖ്യാതവസ്തുവിഷയം പ്രഖ്യാതോദാത്തനായകം ചൈവ
രാജർഷിവംശചരിതം തഥാ ദിവ്യാശ്രയോപേതം"

(അ: XX 10)

"ദേവാ ധീരോദ്ധതാഃ പ്രോക്താ ലളിതാസ്തു നൃപാഃ സ്മൃതാഃ
സേനാപതിരമാത്യശ്ച ധീരോദാത്തൌ പ്രകീർത്തിതൌ"

(അ: XXXIV 15.)

ഇതെല്ലാംകൂടി ചേർത്താലോചിക്കുമ്പോഴും ഉദാത്തസ്വഭാവനായിരിക്കത്തക്കവണ്ണം അമാത്യസ്ഥാനത്തെ സ്വയമേ അംഗീകരിച്ചിരിക്കുന്നവനും, ജന്മനാ ബ്രാഹ്മണനെങ്കിലും കർമ്മംകൊണ്ടു ക്ഷത്രിയത്വമവലംബിച്ചിരിക്കുന്നവനുമായ ചാണക്യനെ നായകനായി സ്വീകരിക്കുന്നതിൽ അനൗചിത്യമൊന്നുമുണ്ടെന്നു തോന്നുന്നില്ല. എന്നുമാത്രമല്ല, അത്ര അസഹ്യമായവിധത്തിലുള്ള ഔദ്ധത്യം ഉത്തമയോഗിയും പരാർത്ഥപരനുമായ വിഷ്ണുഗുപ്തനിൽ കാണുന്നില്ലെന്നു നിശ്ചയമായി പറവാൻ ആർക്കും സാധിക്കുന്നതുമാണു്. മായാവിയും വികത്ഥനനും ചണ്ഡപ്രകൃതിയുമായി പല രംഗങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും, ചാണക്യന്റെ യഥാർത്ഥപ്രകൃതി അതല്ലെന്നും, വിനീതനും മധുരവചസ്സും ത്യാഗശീലനുമാണു് അദ്ദേഹമെന്നും, അഭീഷ്ടസിദ്ധി ലഭിച്ചു കൃതാർത്ഥനായി വനവാസത്തിനു പുറപ്പെടുന്ന അവസാനരംഗത്തിലെ ഓരോ വാക്കും നമ്മെ സുവ്യക്തം ബോധിപ്പിക്കുന്നു.

"സർവം മേ—വൃഷലസ്യ വീര! ഭവതാ സംയോഗമിച്ഛാമ്യഹം"

എന്നു പ്രത്യക്ഷത്തിൽ പറയേണ്ടിവരുന്ന ഘട്ടത്തിൽ, കേവലം ആത്മശ്ലാഘാപരനും അഹംകാരിയുമായ ഒരു ചണ്ഡപ്രകൃതികന്റെ ഔദ്ധത്യമല്ല, ധീരനും നയശാലിയും പരാർത്ഥപരനുമായ ധീരോദാത്തപ്രകൃതികന്റെ ഔദാര്യവും വിനയശീലവുമത്രെ പ്രത്യക്ഷപ്പെട്ടുകാണുന്നത്. തന്റെ തന്ത്രങ്ങളെയെല്ലാം വിളിച്ചുപറയിച്ച് അതെല്ലാം കേവലം തന്ത്രങ്ങൾമാത്രമാണെന്ന ദുസ്സഹലജ്ജയോടെ അപരാധസമ്മതം ചെയ്യുന്ന രീതിയിൽ രാക്ഷസനെ സാന്ത്വനംചെയ്യിക്കുകയും സ്വാധീനനായ രാക്ഷസനോട് അളവില്ലാത്ത ആദരവും ഔദാര്യവും കാണിക്കുകയും ചെയ്യുന്നതിന്റെ ആന്തരാർത്ഥം മറ്റൊന്നുമാവാൻ തരമില്ലെന്ന നിശ്ചയംതന്നെയാണ്. രണ്ടുവിധത്തിൽ നായകോൽകർഷവർണ്ണനം ആലങ്കാരികന്മാർ അനുവദിച്ചിട്ടുണ്ടെന്ന് വിദ്യാനാഥൻ പ്രതാപരുദ്രീയത്തിൽ പറയുന്നു. അതിൽ ഒന്ന്, നായകന്റെ സമസ്തഗുണങ്ങളെയും ആവിഷ്ക്കരിച്ചു കാണിക്കുകയും, മറ്റേത് പ്രതിനായകഗുണങ്ങളെ വർണ്ണിച്ചതിനുശേഷം നായകഗുണപൂർണ്ണതയാൽ ആ പ്രതിപക്ഷിയേയും അധഃകരിക്കുന്നവിധം കഥാഘടനയും വർണ്ണനാവൈചിത്ര്യവുംകൊണ്ടു സാധിക്കുകയുമാണ്.

ഇതിൽ രണ്ടാമത്തെരീതിയാണ് മുദ്രാരാക്ഷസകവി അംഗീകരിച്ചിരിക്കുന്നതെന്നു തോന്നുന്നു. രാക്ഷസന്റെ ഗുണപൗഷ്കല്യങ്ങൾ എത്ര പ്രശംസിച്ചിട്ടും തൃപ്തരാകാത്ത നിലയിലാണ് കഥയിലെ ഓരോ പാത്രങ്ങളെയും നാം കാണുന്നത്.

"ഐശ്വര്യാദനപേതമീശ്വരമയം ലോകോ/ർത്ഥതഃ സേവതേ
തം ഗച്ഛന്ത്യനു യേ വിപത്തിഷു പുനസ്തേ തൽപ്രതിഷ്ഠാശയാ
ഭർത്തുര്യേ പ്രലയേപി പൂർവ്വസുകൃതാസംഗേന നിസ്സംഗയാ
ഭക്ത്യാ കാര്യധുരാം വഹന്തി കൃതിനസ്തേ ദുർല്ലഭാസ്ത്വാദൃശാഃ"
(act. I. 19)

നന്ദവംശനാശകനായ ചാണക്യൻതന്നെ മുക്തകണ്ഠം ശ്ലാഘിക്കയും, സ്വാധീനനാക്കുവാൻ ആഗ്രഹിക്കുകയുംചെയ്യത്തക്ക ഗുണഗണത്തോടുകൂടിയമഹാനാണ് അമാത്യരാക്ഷസൻ. അങ്ങനെയുള്ള അമാത്യരാക്ഷസൻതന്നെ ദീർഘരോഷത്തെ ത്യജിച്ച്, "സ്ഥാന ഏവ ചാണക്യോ യശസ്വീ" എന്നു ഗുരുശിഷ്യന്മാരായ ചാണക്യചന്ദ്രഗുപ്തന്മാരെ അഭിമാനപൂർവ്വം മനസാ അഭിനന്ദിക്കുന്നതിനിടയാക്കി. സ്വപ്രയത്നംകൊണ്ടുമാത്രം ഉദ്ദിഷ്ടഫലംസിദ്ധിക്കാൻ ശക്തനും, ചന്ദ്രഗുപ്തലക്ഷ്മീസ്ഥാപകനുമായ

ചാണക്യനല്ലാതെ മുദ്രാരാക്ഷസത്തിലെ നായകസ്ഥാനത്തിനർഹനായി മററാരുമില്ല. ഇങ്ങനെ ഏതുവിധത്തിൽ പരിശോധിച്ചുനോക്കിയാലും, ശാസ്ത്രജ്ഞനായ വിശാഖദത്തകവി ചാണക്യനെയാണ് നായകനാക്കി ഗണിച്ചിട്ടുള്ളതെന്നു വിശ്വസിക്കുവാനാണ് അധികം അവകാശംകാണുള്ളു്. പ്രയത്നവും സംഭവഗതികളുടെ കർണ്ണധാരത്വവുംമൂലമുള്ള മുഖ്യനായകത്വം അഥവാ നേതൃത്വം വിഷ്ണുഗുപ്തയോഗിയിലും, ഫലാനുഭോഗിത്വംകൊണ്ടു സിദ്ധിക്കുന്ന കഥാനായകത്വം ചന്ദ്രഗുപ്തചക്രവർത്തിയിലും നിക്ഷേപിച്ചു സമാധാനപ്പെടുകയാണ് ഈസ്ഥിതിക്കുചിതമായിട്ടുള്ളതു്.

ക്രിയാകാരകനായ ചാണക്യനു പരിപന്ഥിയായി അമാത്യരാക്ഷസനും, ഫലാനുഭോക്താവായ ചന്ദ്രഗുപ്തനെതിരായി മലയകേതുവും, ഇങ്ങനെ നാലു കഥാപാത്രങ്ങളെ ചുററി പ്രകൃതമായ ഇതിവൃത്തം വളരുന്നു. വേറെയും പാത്രങ്ങൾ എത്രയോ, രംഗത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും, അവരെല്ലാംതന്നെ നായകന്റെയോ പ്രതിനായകന്റെയോ പ്രണിധികൾമാത്രമാണെന്നു പ്രത്യക്ഷമാണ്. ഇങ്ങനെ ഗ്രീക്കുനാട്യശാസ്ത്രജ്ഞനായ അരിസ്റ്റോട്ടൽ (Aristotle)ന്റെയും അനുഗാമികളുടെയും മതമനുസരിച്ചു രൂപകനിർമ്മാണത്തിൽ അവശ്യം ആവശ്യമായി ഗണിക്കപ്പെടുന്ന മൂന്നു ഐക്യങ്ങളിൽ (the unities of time, place and action) മുഖ്യമായ ഉദ്ദേശൈക്യം മററു ഗ്രന്ഥങ്ങളെ അപേക്ഷിച്ചു മുദ്രാരാക്ഷസത്തിൽ പ്രത്യക്ഷമായി പ്രശോഭിക്കുന്നതിനു ഹേതുവും, പ്രകൃതമായ ഇതിവൃത്തഗ്രഹണത്തിൽ കവി പ്രദർശിപ്പിച്ചിട്ടുള്ള ദർശനസൂക്ഷ്മതതന്നെയാണ്. നായകനുണ്ടെങ്കിലും നായികയില്ലാത്ത ഏകസംസ്കൃതനാടകം മുദ്രാരാക്ഷസംമാത്രമാകുന്നു.

ശൃംഗാരാദിനവരസങ്ങളിൽ, ശൃംഗാരമോ വീരമോ അംഗിയായും ശേഷമുള്ളവ അംഗങ്ങളായും നാടകത്തിൽ പ്രദർശിപ്പിക്കണമെന്നും, നിർവ്വഹണത്തിൽ സ്വാഭാവികമായിത്തന്നെ അത്ഭുതരസം പ്രവർത്തിക്കേണ്ടതുമാണെന്നത്രെ ശാസ്ത്രീയമതം. ഇതിവൃത്തം നായികാനായകപ്രേമസംബന്ധമല്ലാതെ രാഷ്ട്രീയമാകയാൽ ശൃംഗാരരസത്തിനു ഇവിടെ പ്രസക്തിയില്ലാതെവരുന്നതും, വീരരസം അംഗിയാകുന്നതും സ്വാഭാവികം തന്നെ. ചാണക്യരാക്ഷസന്മാരായ പരിപന്ഥികളുടെ പരസ്പരവിരോധത്തിൽ തുല്യശക്തികളുടെ വീർയ്യപ്രകടനവും നയനൈപുണ്യവും, തദ്വാരാ വീരരസത്തിന്റെ ഉൽകർഷവും, ഒരുവിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ സഹൃദയതുഷ്ടിക്കു വിഷയീഭവിക്കുന്നുണ്ടു്. രൗദ്രം, കരുണം ആദി

യായ ശപഥം, ചാണക്യന്റെ കോപം, ചന്ദനദാസന്റെ ശൂലാരോപണഘട്ടം ഇത്യാദിപ്രദേശങ്ങളിൽ വൈചിത്ര്യത്തോടെ പ്രദർശിപ്പിക്കുന്നതുപോലെതന്നെ, ചന്ദ്രഗുപ്തന് സ്ഥൈര്യം വരുത്തുവാൻ ബാധകങ്ങളായിരുന്ന നന്ദവംശമിത്രമായ അമാത്യരാക്ഷസൻതന്നെ അവസാനത്തിൽ സ്വയമേവാഗതനായി ഗത്യന്തരമില്ലാതെ ചന്ദ്രഗുപ്തന്റെ അമാത്യപദം സ്വീകരിക്കുന്നതും ചാണക്യനീതിയുടെ അപ്രതിഹതമായ അഭിവൃദ്ധിയും, ആരെയും അത്ഭുതപരതന്ത്രരാക്കുന്നു. രംഗപരിപുഷ്ടിയും രസപോഷണവും, തുല്യനിലയിൽ സാധിച്ചു വിജയിക്കുന്ന രൂപകങ്ങളിൽ അദ്വിതീയസ്ഥാനംതന്നെ, മൃച്ഛകടികം കഴിഞ്ഞാൽ, മുദ്രാരാക്ഷസത്തിനു ലഭിക്കേണമെന്നുള്ളതു സംശയരഹിതമായ സംഗതിയത്രേ.

ഈ വിധത്തിൽ മഹൽപ്രശംസയ്ക്കർഹമായിത്തീർന്നിട്ടുള്ള ഇതിവൃത്തത്തിന്റെ ബന്ധവൈചിത്ര്യവും ശാസ്ത്രനിയമാനുസാരിതയുടെ ഗൌരവവും ബുദ്ധിക്ക് വിഷയമാവേണ്ടതുതന്നെ. പഞ്ചാവസ്ഥകളും അർത്ഥപ്രകൃതിപഞ്ചകവും ചേർന്ന്, ചതുഃഷഷ്ട്യംഗസമ്പൂർണ്ണമായി പഞ്ചസന്ധിയുക്തമായി, പതാകാസ്ഥാനങ്ങളാലും അലങ്കാരവിശേഷങ്ങളാലും അലംകൃതമായി, നാന്ദീമുഖ്യമായി, പ്രശസ്തിയിൽ ശുഭശംസാപൂർവ്വം അവസാനിക്കുന്ന അഭിനേയകാവ്യമാണ് രൂപകമെന്നു വിദ്വാന്മാർ അഭിപ്രായപ്പെടുന്നു.

"കാര്യോപക്ഷേപമാദൌ തനുമപി രചയൻ തസ്യ വിസ്താരമിച്ഛൻ
ബീജാനാം ഗർഭിതാനാം ഫലമതിഗഹനം ഗൂഢമുദ്ഭേദയംശ്ച
കുർവൻ ബുദ്ധ്യാ വിമർശം പ്രസൃതമപി പുനസ്സംഹരൻ കാര്യജാതം
കർത്താ വാ നാടകാനാമിമമനുഭവതി ക്ലേശമസ്മദ്വിധോ വാ?"

(അങ്കം 4.)

എന്ന് അമാത്യരാക്ഷസവാക്യംകൊണ്ടു മേല്പറഞ്ഞ നിയമങ്ങളിൽ തനിക്കുള്ള അഭിജ്ഞതയെ പ്രത്യക്ഷപ്പെടുത്തുന്ന കവി കഴിയുന്നതു നിയമങ്ങളെ അനുസരിക്കുവാൻ തന്നെ ശ്രമിച്ചിരിക്കുമെന്നും, അതു വിജയപ്രദമാംവണ്ണം തന്നെ സാധിച്ചിട്ടുണ്ടെന്നും, നമുക്ക് മനസ്സിലാക്കുവാൻ വലിയ പ്രയാസമൊന്നുമില്ല. ഈ പ്രസ്താവനയെ തെളിയിക്കത്തക്കവണ്ണം ധുണ്ഢിരാജൻ തുടങ്ങിയ ആചാര്യന്മാർ ഓരോ അംഗങ്ങളേയും പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഈ വിധത്തിലാണ്.

പ്രഥമാങ്കത്തിൽ അമാത്യരാക്ഷസസംഗ്രഹണം ആവശ്യമാണെന്നു വിഷ്ണുഗുപ്തൻ തീർച്ചചെയ്യുന്നത് അഥവാ "അഗൃഹീതേ രാക്ഷസേ കി

മൂൽഘാതഃ നന്ദവംശസ്യ? കിം വാ സൈന്യസ്ത്രൂൽപാദിതം ചന്ദ്രഗുപ്തലക്ഷ്മ്യാഃ?" എന്ന ഘട്ടം, ബീജോൽപത്തിയായ മുഖസന്ധിപ്രാരംഭവും, അതേ അങ്കത്തിൽത്തന്നെ സിദ്ധാൎത്ഥകനാൽ ആനീതമായ രാക്ഷസമുദ്രാലാഭം ബിന്ദുവും, വിരാധഗുപ്തരാക്ഷസസംവാദരൂപമായ രണ്ടാമങ്കം പതാകയും, കരഭകമുഖേന രാക്ഷസൻ ഗ്രഹിക്കുന്നതും കൃതകവുമായ ചാണക്യചന്ദ്രഗുപ്തകലഹം പ്രകരിയും, രാക്ഷസഗ്രഹണം കാൎയ്യവുമാണെന്നാണു് അവർ വിധിക്കുന്നതു്.

ഇതുപോലെതന്നെ പ്രഥമാങ്കത്തിൽ "അനേന ഖലു ലേഖേനന രാക്ഷസോ ജേതവ്യഃ" എന്ന ചാണക്യവചനംവരെ മുഖസന്ധിയും, ശേഷാംശം പ്രതിമുഖസന്ധിയും, ദ്വിതീയാങ്കം ഗൎഭസന്ധിയും, തൃതീയ ചതുൎത്ഥാങ്കങ്ങൾ വിമൎശസന്ധിയും, അവസാനത്തെ മൂന്നങ്കങ്ങൾ നിൎവ്വഹണസന്ധിയുമാണെന്നും അവർ അഭിപ്രായപ്പെടുന്നു. ഈ വിഭാഗമനുസരിച്ചാണു് അവസ്ഥാപഞ്ചകങ്ങളെയും വിഭജിച്ചിരിക്കുന്നതു്. എന്നാൽ ഈ വിഭജനത്തിൽ പ്രത്യക്ഷമായ അസാംഗത്യമുണ്ടെന്നു പറയാതെ കഴികയില്ല. ഇതിവൃത്തത്തിന്റെ ശരിയായ ഘടനയ്ക്കു വേണ്ടിയാണു് പഞ്ചകത്രയങ്ങളും, അവയുടെ വിഭാഗങ്ങളും പൂൎവ്വാചാൎയ്യന്മാർ നിഷ്കൃഷ്ടമായി നിയമനം ചെയ്തിരുന്നതെന്നും, ആ വിഭാഗങ്ങൾ കഥാഗതിയുടെ ക്രമോന്നതമായ വളൎച്ചയെ ആശ്രയിച്ചിരിക്കുന്നുവെന്നുമുള്ളതു സൎവ്വവിദിതമായ തത്വങ്ങളാണു്. മേല്പറഞ്ഞ വിഭജനത്തിൽ ആരംഭം, യത്നം, പ്രാപ്ത്യാശ, നിയതാപ്തി, ഫലാഗമം, എന്ന അഞ്ചവസ്ഥകളും അനുക്രമമായി പ്രദൎശിപ്പിച്ചിരിക്കണമെന്നും, ആ അവസ്ഥകളെ ആശ്രയിച്ചു ബീജാദ്യൎത്ഥപ്രകൃതികളുടെ സഹായത്തോടുകൂടി സന്ധിനിൎണ്ണയം ചെയ്തുകൊള്ളണമെന്നും, ഈ സന്ധികൾ യോഗ്യതാനുസാരം വൎദ്ധിപ്പിക്കുകയോ സങ്കോചിപ്പിക്കുകയോ ചെയ്തിരുന്നാലും, ഔചിത്യത്തെ വിസ്മരിച്ചുകൂടെന്നും, പ്രതിഭാവാന്മാരായ അവർ നിയമനം ചെയ്തിട്ടുണ്ടു്.

അൎത്ഥപ്രകൃതിപഞ്ചകങ്ങളെക്കുറിച്ചു വിചാരണചെയ്യുന്ന സന്ദൎഭത്തിൽ "സ്വപരാകൃതബാഹുല്യാദശാലിനാം പതാകാപ്രകൎയ്യാവവിവക്ഷിതേ ഏവ; ബീജബിന്ദുകാൎയ്യാണി സൎവ്വത്രാനപായീനി" എന്നു അഭിനവഗുപ്താചാൎയ്യൻ നിസ്സംശയമായിത്തന്നെ പറഞ്ഞിരിക്കുന്നു. പതാക, പ്രകരി, എന്നിവയെ വിവരിക്കുന്ന ഘട്ടത്തിൽ,

"യദ്വൃത്തം ഹി പരാർത്ഥം സ്യാൽ പ്രധാനസ്യോപകാരകം
പ്രധാനവച്ച കല്പ്യേത, സാ പതാകേതി കീർത്തിതാ"
(നാട്യശാസ്ത്രം XXI. 25)

എന്നു ഭരതമുനിയും,

"വ്യാപി പ്രാസംഗികം വൃത്തം പ്രകരീ ച പ്രദേശഭാക്"
(ദശരൂപകം)

എന്നു ധനഞ്ജയനും പറയുന്നു.

പഞ്ചസന്ധികളുടെ നിവേദനത്തിൽ നാട്യശാസ്ത്രത്തിൽനിന്നും ധനഞ്ജയൻ പ്രത്യക്ഷമായ ഒരു വ്യതിയാനം വരുത്തിട്ടുള്ളതു് അവസ്ഥകളും അർത്ഥപ്രകൃതികളും യഥാസംഖ്യമായി ചേരുമ്പോഴാണ് പഞ്ചസന്ധികൾ സംഭവിക്കുന്നു എന്നുള്ള അഭിപ്രായത്തിലാണ്. (ധനഞ്ജയാഭിപ്രായമനുസരിച്ചാണു് മേല്പറഞ്ഞ വ്യാഖ്യാതാക്കൾ ഇതിവൃത്തവിഭാഗം സാധിച്ചിട്ടുള്ളതെന്നും നമുക്കു് കാണുവാൻ കഴിയുന്നു.) ധനഞ്ജയന്റെ ഈ വ്യതിയാനം യുക്ത്യനുസരണമല്ലെന്നു് ചിന്തിച്ചാൽ ഗ്രഹിക്കാവുന്നതേയുള്ളു. എങ്കിലും ആ വിചാരം ഇവിടെ അപ്രകൃതമാകയാൽ ഇനിയൊരു സന്ദർഭത്തിലേയ്ക്കു മാററിവെച്ചിട്ടു നമുക്കു പ്രകൃതഗ്രന്ഥത്തെത്തന്നെ അനുശീലിച്ചുനോക്കാം.

അവസ്ഥകളുടെ എന്നപോലെതന്നെ സന്ധികളുടെയും വിഭജനം, കഥാഗതിയുടെ അനുക്രമമായ വളർച്ചയെയും, രസത്തിന്റെ ക്രമപ്രവൃദ്ധമായ പോഷണത്തെയും, അവയുടെ മുഖ്യഘട്ടങ്ങളിൽ പ്രത്യക്ഷപ്പെടുത്തിക്കാണിക്കുന്ന ഒരു സാങ്കേതികനയമാണെന്നു് ആർക്കും അറിയാവുന്നതാണ്. അങ്ങനെയുള്ള സന്ധികളുടെയും, ഒരു പൂർണ്ണനാടകത്തിനു് അവശ്യംവേണ്ട അങ്കങ്ങളുടെയും സംഖ്യ അഞ്ചുതന്നെയായിരിക്കണമെന്നു നിർദ്ദേശിച്ചിരിക്കുന്നതു ചിന്തിക്കുമ്പോൾ, പൂർവ്വാചാര്യന്മാർ ഓരോ പ്രത്യേകസന്ധിയുടെയും അവസാനഘട്ടം ഓരോ അങ്കാവസാനംകൊണ്ടു നിർദ്ദേശിക്കുന്നതു നന്നായിരിക്കുമെന്നുകൂടി ഉദ്ദേശിച്ചിരുന്നുവോ എന്നു സംശയിക്കുവാൻ അവകാശം കാണുന്നു. ആ ഉദ്ദേശ്യം യുക്തിക്കനുസരണവുമായിരിക്കുന്നു. ഒരു കഥ തുടങ്ങിയാൽ ഉചിതമായ ഒരു സ്ഥലത്തല്ലാതെ പെട്ടെന്നു മദ്ധ്യത്തിൽവെച്ചു ഖണ്ഡിച്ചുകളയുന്നതു കഥാകുശലനായ ഒരു കവിയുടെ മനോധർമ്മത്തിനൊരിക്കലും അഭിമാനജനകമല്ല. അങ്ങനെയുള്ള അരസികത്വം, സഹൃദയഹൃദയങ്ങളെ ആഹ്ലാദിപ്പിക്കുന്നതിനു പകരം വേദനിപ്പിക്കുകയായിരിക്കും ചെയ്യുക.

അതിനാൽ അനാക്രമവും ക്രമവിന്യസ്തവുമല്ലാത്ത ഒരു സന്ധിനിയമം കുശലനായ ഒരു കവിയും നിൎമ്മിക്കുവാനൊരുമ്പെടുകയില്ലതന്നെ. ഈ സംഗതികൾ ആലോചിക്കുമ്പോൾ ഏഴങ്കമുള്ള മുദ്രാരാക്ഷസത്തിന്റെ അവസ്ഥാപഞ്ചകങ്ങളെയും സന്ധികളെയും മററൊരുവിധത്തിൽ വിന്യസിക്കുവാൻ സൗകൎയ്യവും കാണുന്നു.

ചാണക്യന്റെ ആത്മഗതത്തോടുകൂടി ആരംഭിക്കുന്ന ഒന്നാമങ്കം മുഖസന്ധിയും, രാക്ഷസവിചാരമാകുന്ന രണ്ടാമങ്കം പ്രതിമുഖസന്ധിയും, സംഭവബഹുലങ്ങളും ഫലഗൎഭിതങ്ങളുമായ മൂന്നും നാലും അഞ്ചും അങ്കങ്ങൾ ഗൎഭസന്ധിയും, ആറാമങ്കം വിമൎശസന്ധിയും, ഫലപ്രാപ്തി സിദ്ധിക്കുന്ന ശുഭപൎയ്യവസായിയായ ഏഴാമങ്കം നിൎവ്വഹണവുമായി വിഭാഗിക്കുന്നതു് അനുചിതമാകയില്ലെന്നു തെളിയിക്കുവാൻ വഴികാണുന്നുണ്ടു്.

"അഥവാ അഗൃഹീതേ രാക്ഷസേ, കിമുത്ഖാതം നന്ദവംശസ്യ? കിം വാ സ്ഥൈൎയ്യമുത്പാദിതം ചന്ദ്രഗുപ്തലക്ഷ്മ്യാഃ?" എന്നു പറയുന്ന സന്ദൎഭത്തിൽ, ബീജോപക്ഷേപം സംഭവിക്കുന്നു. ചാണക്യനീതിലതയുടെ ബീജാവാപം അവിടെ സിദ്ധമാകുന്നു.

ആ അങ്കത്തിൽ അവസാനഫലസിദ്ധിക്കു സഹായമായ പലതും പ്രത്യക്ഷപ്പെടുന്നുവെങ്കിലും, അതിൽ മുഖ്യസ്ഥാനത്തെ അൎഹിക്കുന്ന രാക്ഷസമുദ്രാലാഭം അനന്തരകൎത്തവ്യങ്ങൾക്കെല്ലാം വിരോധനായ അമാത്യനെ ശക്തനാക്കിത്തീൎക്കുന്നതിനാൽ അതിനെ ബിന്ദുവാക്കി സ്വീകരിക്കുന്നതു് ഉചിതംതന്നെ. ഇങ്ങനെ അംഗീകരിക്കുമ്പോൾ മുമ്പു നിൎദ്ദിഷ്ടമായ സന്ധിവ്യവസ്ഥ യോജിക്കാതെവരുമല്ലോ എന്ന ശങ്കയ്ക്കവകാശമില്ല. എന്തെന്നാൽ സന്ധിസമ്പാദനത്തിനു ബീജാദികൾ അവസ്ഥാപഞ്ചകങ്ങളോടു് അനുക്രമമായി യോജിക്കണമെന്നു ആവശ്യമില്ലെന്നു മാത്രമല്ല, ഔചിത്യമനുസരിച്ചു് ഒന്നോ രണ്ടോ ഒരു സന്ധിയിൽത്തന്നെ വരാമെന്നും, അത്യാവശ്യങ്ങളായ ബീജബിന്ദുകാൎയ്യങ്ങൾ മുന്നിലും ഏററവും പ്രധാനമായിത്തോന്നുന്നതിനെ മുഖ്യഫലമായി പ്രഥമസന്ധിയിൽത്തന്നെ വിന്യസിക്കുന്നതിൽ ദോഷമൊന്നുമില്ലെന്നും, അഭിനവഗുപ്താചാൎയ്യർ തെളിച്ചുപറയുന്നുണ്ടു്. "ഏതേഷാം യത്ര ഗുണ ഉത്കൃഷ്യതേ തത് പ്രധാനം കൎത്തവ്യം" അതായതു്, ഇവയിൽ ഏതിനാണോ ഗുണാധിക്യം അഥവാ പ്രയോജനാധിക്യം ഭവിക്കുന്നതു് ആ അൎത്ഥപ്രകൃതി കൂടുതൽ ശ്രദ്ധയേയും പ്രാഥമ്യത്തെയും അൎഹിക്കുന്നു. ഈ വ്യാഖ്യാനത്തോടു യോജിപ്പിച്ചുനോക്കുമ്പോൾ മുദ്രാരാക്ഷസത്തിൽ മുഖസന്ധിയും പ്രതിമുഖസ

ന്ധിയും പ്രഥമാങ്കത്തിൽ തന്നെ കാണുന്നു; എന്നല്ല, മുദ്രാരാക്ഷസത്തിലെ ഇതിവൃത്തം ബിന്ദുപ്രധാനമാണെന്നു മനസ്സിലാക്കുന്നതാണു് കൂടുതൽ ഉചിതമായിരിക്കുന്നതു്. ആ അങ്കത്തിന്റെ അവസാനത്തിൽ ശകടദാസസഹിതനായി പലായനം ചെയ്ത സിദ്ധാർത്ഥകന്റെ കഥ കേട്ടു്, "കൃതഃ കാര്യ്യാരംഭഃ" എന്നു് ആത്മഗതം ചെയ്യുന്ന ചാണക്യൻ സ്വാഭീഷ്ടസിദ്ധിയുടെ ആരംഭാവസ്ഥ കഴിഞ്ഞു എന്നും പ്രയത്നമാണിനിയത്തേതെന്നും സൂചിപ്പിക്കുകയും,

> "സ്വച്ഛന്ദമേകചരമുജ്ജ്വലദാനശക്തി-
> മുത്സേകിനാ മദബലേന വിഗാഹമാനം
> ബുദ്ധ്യാ നിഗൃഹ്യ വൃഷലസ്യ കൃതേ ക്രിയായാ-
> മാരണ്യകം ഗജമിവ പ്രഗുണീകരോമി."

(Act I.)

എന്നു സഗർവ്വം പറഞ്ഞു ഗൂഢോൽഘാടനം ചെയ്തു മുഖസന്ധി സമാപനം സാധിക്കയും ചെയ്യുന്നു.

ചന്ദ്രഗുപ്തന്റെ ഉന്മൂലനാശത്തിനായി അമാത്യരാക്ഷസനായ പ്രതിനായകനാൽ പ്രയുക്തങ്ങളായ വിവിധോപായങ്ങളും അവയുടെ വിപരീതപരിണാമങ്ങളും വർണ്ണിക്കപ്പെട്ടിട്ടുള്ള രണ്ടാമങ്കം, രാക്ഷസഗ്രഹണമായ ഭാവിഫലത്തിൽ രാക്ഷസപരാജയമാകുന്ന ഇഷ്ടാപ്തിയും രാക്ഷസപ്രതികാരബുദ്ധിയായ നഷ്ടാപ്തിയും ഇടനിലയിൽ പ്രത്യക്ഷപ്പെടുന്നതിനാലും, രാക്ഷസപരിപന്ഥിത്വത്തിന്റെ ഉഗ്രതയെ തെളിയിക്കുന്നതിനാലും, മണ്ണിനടിയിൽനിന്നും അല്പമായി പുറത്തുകാണപ്പെടുന്ന ബീജപ്രരോഹത്തിനു തുല്യമായിത്തന്നെ ഇരിക്കുന്നതിനാൽ പ്രതിമുഖസന്ധിയാണു് അതെന്നു തീർച്ചയാക്കുന്നതു് അസംഗതമായിരിക്കയില്ല.

രാക്ഷസന്റെ ശ്രമങ്ങളെല്ലാംതന്നെ സ്വവിജയസോപാനത്തിന്റെ പടികളാക്കിത്തീർക്കുന്നതിൽ ചാണക്യൻ പ്രദർശിപ്പിച്ച നയകൗശലങ്ങളെ വർണ്ണിക്കുന്ന വിരാധഗുപ്തവചനങ്ങൾമൂലം, കവി വാസ്തവത്തിൽ ചാണക്യഫലപ്രാപ്തിയായ കഥയുടെ പ്രയത്നാവസ്ഥയെയാണു് ചിത്രീകരിക്കുന്നതു്. ശകടദാസസമേതനായ സിദ്ധാർത്ഥകനേയും, ആഭരണത്രയത്തേയും അമാത്യരാക്ഷസൻ സ്വീകരിക്കുന്നതോടുകൂടി ചാണക്യപ്രയത്നങ്ങൾ ഫലസിദ്ധിയോടടുക്കുന്നതായി നാം പ്രത്യക്ഷത്തിൽ കാണുന്നു.

"മൌര്യ്യസ്തേജസി സർവ്വഭൂതലഭുജാമാജ്ഞാപകോ വർത്തതേ
ചാണക്യോപി മദാശ്രയാദയമഭൂദ്രാജേതി ജാതസ്മയഃ
രാജ്യപ്രാപ്തികൃതാർത്ഥമേകമപരം തീർണ്ണപ്രതിജ്ഞാർണ്ണവം
സൌഹാർദ്ദാൽ കൃതകൃത്യതൈവ നിയതം ലബ്ധാന്തരാ ഭേത്സ്യതി"
(അങ്കം II. 16)

എന്നു പൂർണ്ണമായി വിശ്വസിച്ച്, തന്നാൽ ചിന്തിതമായ സന്ധിഭേദനം സുസാധമെന്നു ഭ്രമിച്ചിരിക്കുന്ന അമാത്യരാക്ഷസന്റെ ചിന്തകളെക്കൂടി ഗ്രഹിച്ച്, അതിന്നനുസരണമായി അഭിനയിച്ച് എതിരാളിയെ കൊടി കുത്തിക്കുവാൻ ബദ്ധപരികരനായി, ചന്ദ്രഗുപ്തനെ അതിന്നുവേണ്ട ഉപദേശങ്ങളോടുകൂടി സജ്ജനാക്കുന്ന ചാണക്യന്റെയും ചന്ദ്രഗുപ്തന്റെയും കൃതകകലഹത്തോടുകൂടി അവസാനഫലസിദ്ധി ഗർഭിതമാകയും, ആ ഘട്ടത്തിൽവെച്ചു ഗർഭസന്ധി ആരംഭിക്കുകയും ചെയ്യുന്നു. അടുത്ത മൂന്നങ്കങ്ങളിലും ചാണക്യതന്ത്രങ്ങൾ ഒന്നിനൊന്നു ഫലപ്രാപ്തിയിൽ എത്തി ഗർഭിതമായ പരിണാമത്തെ ത്വരിപ്പിക്കയും, ആരെ അധീനത്തിൽവെച്ചുകൊണ്ടു ശത്രുനിധനം സാധിക്കാമെന്ന് അമാത്യരാക്ഷസൻ ആശിച്ചുവോ, ആ അല്പജ്ഞനും വിചാരഹീനനുമായ മലയകേതുവിനാൽ തന്നെ സ്വയം നിഷ്കാസിതനായി ദുഃഖിതനും നിരാശനുമായിത്തീർന്ന്, സ്വചരിതത്തിന്റെയും താൻ ഭാഗഭാക്കായ നിരവധി സംഭവങ്ങളുടേയും ചാണക്യബ്രാഹ്മണന്റെ തന്ത്രങ്ങളുടേയും വിമർശനങ്ങൾക്കധീനനാവുന്നതോടുകൂടി ഗർഭസന്ധിയെ പൂർണ്ണതയിലെത്തിക്കയും ചെയ്യുന്നു.

"കിം ഗച്ഛാമി തപോവനം? ന തപസാ ശാമ്യേൽ സവൈരം മനഃ;
കിം ഭർത്തൄനനുയാമി? ജീവതി രിപൌ സ്ത്രീണാമിയം യോഗ്യതാ;
കിം വാ ഖഡ്ഗസഖഃ പതാമ്യരിബലേ? നൈതച്ച യുക്തം ഭവേൽ;
ചേതശ്ചന്ദനദാസമോക്ഷരഭസം രുന്ധ്യാൽ കൃതഘ്നം ന ചേൽ."

ഓരോ കർത്തവ്യത്തെയും വിമർശനംചെയ്തു് അടങ്ങുകയും ചന്ദനദാസനെ രക്ഷിക്കുന്നതാണ് തന്നാൽ സാദ്ധ്യമായ ഏകകർത്തവ്യമെന്നു തീർച്ചയാക്കുകയും ചെയ്യുന്നതോടുകൂടി പ്രാപ്ത്യാശാവസ്ഥ നിയതാപ്തിയിലെത്തിച്ചേരുകതന്നെ ചെയ്യുന്നു. എന്തെന്നാൽ ചന്ദനദാസഗ്രഹണം സുഹൃദ്വത്സലനായ രാക്ഷസന്റെ ബന്ധനത്തിനു തുല്യമാണെന്നറിഞ്ഞിട്ടുതന്നെ ചാണക്യന്റെ നീതികൌശലമാണ്, അടുത്തു സംഭവിക്കുമെന്നു താൻ അറിഞ്ഞിരിക്കുന്ന തന്റെ സഖാവിന്റെ ശൂലാരോപണനിശ്ചയമെന്നു ഗ്രഹിക്കാതെ ഏതുവിധത്തിലും സുഹൃത്തിനെ രക്ഷിക്കുമെന്നു ധീരോദാത്തനായ

അമാത്യരാക്ഷസൻ എപ്പോഴും പ്രതിജ്ഞചെയ്യുവോ, ആ നിമിഷത്തിൽ രാക്ഷസസ്വാധീനകരണമാകുന്ന ചാണക്യന്റെ അഭീഷ്ടം സാധിതപ്രായമാകുന്നുവെന്നു നാം കാണുന്നു. ആറാമങ്കത്തിലെ ഓരോ വരിയും ഓരോ പദ്യവും ഓരോ നിസ്സാരസംഭവവും, അമാത്യരാക്ഷസന്റെ പരാജയത്തെയും ചന്ദ്രഗുപ്തമൌര്യന്റെ പടിപടിയായ വിജയത്തെയും മനോഹരമായ വിധത്തിൽ ചിത്രീകരിക്കുന്നതും, തദ്വാരാ യഥാർത്ഥ നിയതാപ്ത്യവസ്ഥയുടെ പ്രതിഫലനവുമായ വിമർശസന്ധിയത്രെ. കാര്യനിർവ്വഹണവും ശുഭാശംസയും യോജിച്ച്, ചാണക്യന്റെയും ചന്ദ്രഗുപ്തന്റെയും ചിരകാലപ്രതീക്ഷിതമായ രാക്ഷസസ്വാധീനകരണത്തിന്റെ പരിപൂർണ്ണവിജയപ്രാപ്തിയോടെ ഉത്തമമായ ഈ കൃതി അവസാനിക്കുകയും ചെയ്യുന്നു.

ഇങ്ങനെ ആവശ്യങ്ങളായ നിയമങ്ങളെ അനുസരിച്ചും, അനാവശ്യങ്ങളായവയെ പരിത്യജിച്ചും, പതാകാസ്ഥാനങ്ങൾ വിവിധാംഗങ്ങൾ അനപേക്ഷ്യങ്ങളായ അലങ്കരണങ്ങൾ മുതലായവയോടു യോജിച്ചും, കവിയുടെ ജന്മസിദ്ധമായ വാസനാവൈഭവത്തിന്റെയും അഭ്യാസസാഫല്യത്തിന്റെയും ഏകോപിച്ചുള്ള വിജയപതാകയായി പരിലസിക്കുന്ന ഈ കൃതി, ധനഞ്ജയാദികളായ അനന്തരശാസ്ത്രകാരന്മാരെ അനുകരിക്കുന്നതിനേക്കാൾ, പ്രാചീനനാം നാട്യജനയിതാവ് എന്ന നാമത്തിനർഹനായ ഭരതമുനിയുടെ ആശയങ്ങളനുസരിച്ച ഒരു മഹനീയലക്ഷ്യഗ്രന്ഥമായിട്ടാണ് കാണപ്പെടുന്നത്.

# രണ്ടു പഴയകീർത്തനങ്ങൾ.

(സമ്പാദകൻ—ടി. ജി. അച്യുതൻനമ്പൂതിരി അവർകൾ.)

## 1. ഒരു ശൃംഗാരകീർത്തനം. *

കാമോദരി രാഗം

പല്ലവി.
കമലാദികളാം നറുമലരെല്ലാം
കാണുന്നു നിങ്കൽ.

അനുപല്ലവി.
രമണീയാത്ഭുതകോമളശീലേ
രതിനിപുണേ രമണീജനമൗലേ! (കമലാദി)

ചരണങ്ങൾ 1.
സുരുചിരവദനം വികസിതകമലം
സുന്ദരിമിഴിയിണ കുവലയയുഗളം
പരിചെഴുമധരം ബന്ധൂകസുമം
ഭാസുരനാസിക തവ തിലകസുമം (കമലാദി)

2.
പുഞ്ചിരിയായതു കുരുമൊഴിജാതി
പൂഞ്ചായലിലണിയുന്നതു ജാതി
അഞ്ചിതമഞ്ജരിയുഗളവിശേഷം
അണിമുല കാലിണ നല്ല ശിരീഷം. (കമലാദി)

3.
പല്ലുകൾ മല്ലികമൊട്ടുകളെല്ലാം
പാണികൾ ചെന്താമലരിണ ചൊല്ലാം
വില്ലിനൊടിടയും ചില്ലീയുഗളം
വിലസുമഗസ്ത്യപ്രമഹിതമുകുളം ¶ (കമലാദി)

4.
ജംഘകൾ കൈതപ്പൂക്കൾവിശേഷം
ചമ്പകമലർതാനംഗമശേഷം
ശംഖുപുഷ്പമലർ...,ണ്ണനികേതം
സകലം വിധിയുടെ കൗശലജാതം (കമലാദി)

5.
കോമളമണികഴലി! കണ്ടു തവാംഗം
കൗതുകമിയന്നൊരു മാനസഭൃംഗം;
ഇണ്ടൽതീർത്തു പരിപാഹി മൃഗാക്ഷി!
ഇതിനിഹ പങ്കജനാഭൻ സാക്ഷി. (കമലാദി)

---

* ഇതിന്റെ കർത്താവു് സ്വാതിതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടാണെന്നറിയുന്നു.

¶ അകത്തിമൊട്ട്.

## ൨. പൂർണ്ണവേദേശകീർത്തനം.*

മോഹനരാഗം.

പല്ലവി.
ചിന്തയാമി പൂർണ്ണവേദേശം—സദാ ബുദ്ധ
ചിന്തനീയഗുണരാശിം.

അനുപല്ലവി.
കാന്തരാജ.......... —ഘനകാന്തി-
സന്തതികാന്ത(സുന്ദരം)
ശാന്തതരം സുരകാന്തനതം കമ-
ലാന്തരംഗചിന്താമണിമനിശം. (ചിന്തയാമി)

ചരണങ്ങൾ 1.
ചന്ദ്രകലാംബുധിജാതം—സദാ ഹരി-
ചന്ദനചർച്ചിതമൂർത്തിം
കന്ദരമനമമന്ദബോധസു-
ഖം ദയാനിധിമിന്ദിരാവരം
ചന്ദ്രചകോരമുഖം മനോജാന്തക-
മന്തകാരിവന്ദ്യാംബുജചരണം. (ചിന്തയാമി)

2.
പുണ്ഡരീകായതനേത്രം—സദാ സുര-
മണ്ഡലമണ്ഡിതഗാത്രം
കുണ്ഡലീശശയനം സന്തതി
കുണ്ഡലപ്രഭഗണ്ഡയുഗളസു
മണ്ഡലമമലമഖണ്ഡിതശരകോ-
ദണ്ഡപാണിമണ്ഡാൽഭവത്തരംഗം. (ചിന്തയാമി)

3.
പീതകൗശേയാംകിതാംഗം—യദുകുല-
ജാതമപ്രതിമാപാംഗം
വാതജാതസേവകജനപ്രിയം
ജാതരൂപകിരീടമബ്ജസു-
ജാതനതം നവനീതഹരം ഖല-
പൂതനാരിമേതന്നാരസിംഹം. (ചിന്തയാമി)

---

* ഇതിന്റെ കർത്താവാരെന്നറിയുന്നില്ല.

# ഭാഷാന്തരീകരണം.

(ശ്രീമാൻ. പി. ഏൻ. കൃഷ്ണൻ, ബി. ഏ എൽ. ടി.)

ലോകത്തിലുള്ള ഭാഷകളുടെ ചരിത്രം പരിശോധിക്കുന്നതായാൽ അവയുടെ അഭിവൃദ്ധിക്കു അന്യഭാഷകളിൽനിന്നു ലഭിച്ചിട്ടുള്ള സാഹായ്യം എത്രയാണെന്നു വിശദമാകും. ഇങ്ങനെ ഒരു ഭാഷയിലുള്ള വിജ്ഞാനശകലങ്ങളെ മറെറാരു ഭാഷയിലേയ്ക്കു സംക്രമിപ്പിക്കുന്നതിനുള്ള ഒരു ഉപകരണമാണു് ഭാഷാന്തരീകരണം. അന്യരാജ്യങ്ങളെ ആശ്രയിക്കാതെ വാണിജ്യവ്യവസായാദികളിൽ അഭിവൃദ്ധിപ്രാപിപ്പാൻ ഇന്നു് ഒരു രാഷ്ട്രത്തിനു കഴിയാത്തതുപോലെ അന്യഭാഷകളെ തീരെ നിരസിച്ചു വളരുവാൻ ഒരു ഭാഷയ്ക്കും ഇന്നു സാധിക്കുന്നതല്ല. എന്നുമാത്രമല്ല, ചില ഭാഷകളുടെ സാഹായ്യം മററു ചില ഭാഷകൾക്കു് അനാപേക്ഷ്യമാണെന്നും വന്നേയ്ക്കാം. ഇങ്ങനെ ഭാഷകൾക്കുതമ്മിൽ ആശയവിനിമയം ആവശ്യമായിവരുമ്പോഴും അതിനുള്ള ഉപാധി ഭാഷാന്തരീകരണമാണു്. ഈ ഉപാധിയെ സ്വീകരിക്കാതിരുന്നാൽ ഒരു ഭാഷയുടെ സീമയും വിപുലമാകുന്നതല്ല.

ഭാഷാന്തരീകരണംനിമിത്തം മററു ഭാഷകളിൽനിന്നു് ആശയങ്ങൾമാത്രമല്ല പദങ്ങൾകൂടി സ്വായത്തമാക്കി ത്വരിതതരം വളൎന്നുവരേണ്ടതിനു് അത്യാവശ്യംനേരിട്ടിട്ടുള്ള ഒരു ഭാഷയുണ്ടെങ്കിൽ അതു കേരളഭാഷയാണു്. എന്നാൽ മിക്കപ്പോഴും "വെളുക്കാൻ തേച്ചതു പാണ്ടായി"പ്പരിണമിക്കയാണു് പതിവെന്നുവന്നാൽ അതിലധികം ശോച്യമായിട്ടുള്ളതു മറെറന്താണു്? അസ്ഥാനത്തിലുള്ള തൎജ്ജമകളാൽ അലങ്കോലപ്പെടുത്തി അന്യഭാഷകളുടെ മുമ്പിൽ ഉയൎത്തിപ്പിടിക്കുന്നതുകൊണ്ടു കേരളോക്തികന്യകയുടെ ഉള്ള മാനംകൂടി ഇല്ലാതെയായിപ്പോകുന്ന കഥ വിസ്മരിക്കത്തക്കതല്ല. ഭാഷാന്തരീകരണപരിശ്രമത്തിൽ പരാജയംപ്രാപിക്കുന്നതിനു പല പ്രധാനകാരണങ്ങളുമുണ്ടു്. സുപ്രസിദ്ധാംഗലസാഹിത്യകാരനായ ഡാക്ടർ ജോൺസൺ ഉഭയഭാഷാപ്രവീണത്വം ഭാഷാന്തരീകരണപരിശ്രമത്തിനുള്ള അനാപേക്ഷ്യമായ ഒരു യോഗ്യതയായി പ്രസ്താവിച്ചിരിക്കുന്നു. വിമൎശകകേസരിയായിരുന്ന കെ. രാമകൃഷ്ണപിള്ള, വായ വലുതായ ഒരു പാത്രത്തിൽനിന്നു്, വായ ഇടുങ്ങിയ ഒരു കുപ്പിയിലേയ്ക്കു വെള്ളമൊഴിക്കുന്ന

തിനു തുല്യമാണു്, സാമാന്യം വളൎച്ചയെത്തിയ ഒരു ഭാഷയിൽനിന്നു വളൎച്ചകുറഞ്ഞ ഒരു ഭാഷയിലേയ്ക്കു് ആശയങ്ങൾ സംക്രമിപ്പിക്കുന്നതെന്നു പറഞ്ഞിട്ടുള്ളതായോൎക്കുന്നു. സ്വതേതന്നെ ദുഷ്കരമായ ഈ പ്രവൃത്തി കൈക്കരുതലും ശ്രദ്ധയുമില്ലാത്ത ഒരാളാരംഭിക്കുന്നതായാലുള്ള ഫലം പറയേണ്ടതില്ലല്ലോ. വലിയ പാത്രത്തിലെ ജലത്തിൽ വളരെക്കുറച്ചുമാത്രമേ അപ്പോൾ കപ്പിയിൽ സംഗ്രഹിക്കുവാൻ സാധിക്കയുള്ളൂ. ഇതിൽനിന്നു ഭാഷാന്തരീകരണം എളുപ്പമായ പ്രവൃത്തിയല്ലെന്നും അതിലേൎപ്പെടുന്ന ആൾക്കു ചില പ്രത്യേകഗുണങ്ങൾ ആവശ്യമാണെന്നും വിശദമായല്ലോ. ഒന്നാമതു്, രണ്ടു ഭാഷയിലും ഒരുപോലെ പാണ്ഡിത്യമില്ലാത്ത ഒരാളും ഭാഷാന്തരീകരണത്തിനു പുറപ്പെടാതിരിക്കുന്നതുതന്നെയായിരിക്കും ഉഭയഭാഷകൾക്കും ശ്രേയസ്കരമായിരിക്കുക. എന്നാൽ ഇങ്ങനെ ഉഭയഭാഷാപാണ്ഡിത്യം തികഞ്ഞിട്ടുള്ളവർ വളരെ ചുരുക്കമാകയാൽ, സഫലങ്ങളായ ഭാഷാന്തരീകരണങ്ങളും ചുരുക്കമായിട്ടാണിരിക്കുന്നതു്. പക്ഷേ എഴുതുവാനുള്ള ക്ഷമയും, അച്ചടിക്കുവാനുള്ള പണവും, വില്പനയ്ക്കുള്ള ഏൎപ്പാടും സ്വാധീനത്തിലുള്ള ചില കിഞ്ചിജ്ജ്ഞന്മാർ വായിക്കുവാനുള്ള ആളുകളുണ്ടോ എന്നറിയാതെ ഭാഷാന്തരീകരണസാഹസത്തിനു ബദ്ധകങ്കണരായി ചാടിപ്പുറപ്പെട്ടു സാഹിത്യസന്താനങ്ങളുടെ ദൌൎബ്ബല്യം വൎദ്ധിപ്പിക്കുന്ന കാഴ്ചയാണു് ഭയങ്കരം. ചിലപ്പോൾ ഉഭയഭാഷാപാണ്ഡിത്യപൌഷ്കല്യത്താൽ ഉദ്ധതന്മാരായ ചില സാഹിത്യയോദ്ധാക്കൾ ഏൎപ്പെടുന്ന ചില സംരംഭങ്ങൾതന്നെയും ശ്രദ്ധാരാഹിത്യത്താൽ അബദ്ധാസംബദ്ധമായിത്തീരാറുണ്ടു്. പക്ഷേ അബദ്ധത്തെ സുബദ്ധമാക്കി അകത്തുചെലുത്തുന്നതിനുള്ള ഒരു പാണിനീയഗുളികാപ്രയോഗമോ പാതഞ്ജലാരിഷ്ടസേവനമോ വിധിക്കുന്നതിനും ഇവർ അപ്പോൾ മടിക്കാറില്ലെന്നുള്ളതും വിസ്മരിക്കത്തക്കതല്ല. ഏതായാലും മേല്പറഞ്ഞ രണ്ടുവിധത്തിലും ചില ദുരന്തദുരിതങ്ങൾ കൈരളീകന്യകയ്ക്കു വന്നുചേൎന്നിട്ടുണ്ടെന്നറിയാത്തവരധികമുണ്ടാകയില്ല.

ഭാഷാന്തരം ചെയ്യുന്ന ആളുടെ യോഗ്യതകളെക്കുറിച്ചുമാത്രം ചൎച്ചചെയ്തതുകൊണ്ടായില്ലെന്നും ഭാഷകളുടെ സ്ഥിതികൂടി തൎജ്ജമയുടെ ഗുണദോഷങ്ങൾക്കു് ഉത്തരവാദിത്വം വഹിക്കുന്നുവെന്നും ചിലൎക്കഭിപ്രായമുണ്ടു്. ഇതിൽ കുറെയേറെ വാസ്തവമുണ്ടെന്നുതന്നെ സമ്മതിക്കാം. തൎജ്ജമയ്ക്കു് വിധേയമല്ലാത്തവിധത്തിലുള്ള ചില പ്രത്യേകരീതികളും ശൈലികളും ആശയങ്ങൾതന്നെയും ഉള്ള സാഹിത്യഭാഗങ്ങൾ ചില ഭാഷകളിൽ ഉണ്ടായേയ്ക്കാം. അവയെ മറ്റൊരു ഭാഷയിലേയ്ക്കു പക

ത്താണെന്നു കരുതുന്നതു പലപ്പോഴും ഒരു ദുർമ്മോഹം മാത്രമായിരിക്കും. ആവക ഘട്ടങ്ങളിൽ ഭാഷാന്തരീകരണം അപഹാസ്യംതന്നെയായിത്തീരും. ആംഗലതത്ത്വചിന്തകരിൽ ധുരീണനായ കാർലൈലിന്റെ ചില കൃതികൾ തർജ്ജമചെയ്യാൻ പുറപ്പെടുന്ന ഒരാളോട് "സാഹസകർത്രേ നമസ്തുഭ്യം" എന്നല്ലാതെ എന്താണ് പറയുക? ആംഗലഭാഷപഠിച്ച് പാണ്ഡിത്യം സമ്പാദിച്ച ശേഷമല്ലാതെ അത്തരം ഗ്രന്ഥങ്ങളിൽനിന്നു വല്ല ആസ്വാദവും സമ്പാദിക്കാമെന്നു കരുതുന്നതു മൗഢ്യമായിരിക്കും. ഏതുഭാഷകളിലും ഇങ്ങനെ തർജ്ജമയ്ക്കു വശംവദമല്ലാത്ത ഗ്രന്ഥങ്ങൾ ചിലതെങ്കിലും ഉണ്ടാകാതിരിക്കയില്ല. അവയെ ഭാഷാന്തരീകർത്താവ് തന്റെ അണിയറയിൽ കൊണ്ടുചെന്നു പുട്ടികുത്തി വികൃതവേഷംകെട്ടിച്ചു രംഗത്തുചാടിച്ചു ബീഭത്സനൃത്തം ചെയ്യിക്കുന്നതു ക്ഷന്തവ്യമായ ഒരപരാധമല്ല. ആത്മസംസ്കാരസാരഭൂതമായ ഉപനിഷത്തുകൾ, വേദങ്ങൾ, എന്നിവയെ ഏതുഭാഷയിൽ പകർത്തിയാലും അതുകൊണ്ടു യാതൊരു പ്രയോജനവും സിദ്ധിക്കാതെ പോകുന്നതായി അനുഭവപ്പെടുന്നതിനുള്ള കാരണവും മേല്പറഞ്ഞതുതന്നെ. ഇതിനൊക്കെപ്പുറമെ ചില ഭാഷകളിലുള്ള സങ്കേതങ്ങളും സമ്പ്രദായങ്ങളും ശൈലീവിശേഷങ്ങളും ഇതരഭാഷകളിൽ അസാധാരണവും വിലക്ഷണവും ചിലപ്പോൾ അശ്ലീലംകൂടിയും ആയിപ്പോയേക്കും. ആവക ഘട്ടങ്ങളിൽ ഭാഷാന്തരീകർത്താവിനു വളരെ വിഷമിക്കേണ്ടതായിവരാം; എത്ര പരിശ്രമിച്ചാലും ശരിയായ പരിഭാഷ സിദ്ധിച്ചില്ലെന്നും വരാം. മനസ്സാക്ഷിയുള്ള സാഹിത്യകാരൻ അങ്ങനത്തെ ഒരു വിഷമഘട്ടത്തിലെത്തിയാൽ തന്റെ ഉദ്യമത്തിൽനിന്നു വിരമിക്കുന്നതു വായനക്കാരെ തെററിദ്ധരിപ്പിക്കുന്നതിനെക്കാൾ ഭേദമാണെന്നുതന്നെ കരുതും. മററു പ്രലോഭനങ്ങളുടെ പിടിയിൽപ്പെട്ട ഭാഷാന്തരീകർത്താവു വല്ലവിധത്തിലും തനിക്കുപററിയ അമളിയെ മൂടിവെപ്പാൻ ശ്രമിച്ചു വിഷമഘട്ടം തരണംചെയ്യാനും ഉദ്യമിക്കും. മലയാളഭാഷയിൽ ഗ്രന്ഥങ്ങൾ തർജ്ജമചെയ്തുനോക്കാൻ ഉദ്യമിക്കുന്നവരിൽ അധികംപേർ ഒന്നാമത്തെ വകുപ്പിലുണ്ടെന്നുള്ളതു സാഹിത്യരസികന്മാർക്കറിയാവുന്നതാണ്. അനുവാചകന്മാരുടെ ക്ഷമാശക്തിയുടെ മാററുനോക്കുന്നതിനുള്ള നികഷപാഷാണങ്ങളെന്നു പറയാവുന്ന ചില തർജ്ജമകളും ഭാഷയിലുണ്ട്. വൃത്താന്തപത്രങ്ങളിലും മാസികകളിലും ചേർത്തുകാണാറുള്ള പദപരീക്ഷാപ്രശ്നങ്ങൾപോലെ ചില ക്ഷമാപരീക്ഷണപ്രശ്നങ്ങൾ വല്ല സംഘക്കാരും ആരംഭിക്കയാണെങ്കിൽ, പാവങ്ങളായ വായനക്കാരിൽ വല്ലവർക്കും ഈ പുസ്തകം അവസാനംവരെ അവധാനപൂർവ്വം ക്ഷമയോടുകൂടി വായിക്കുവാൻ സാധിക്കുന്നതായാൽ ഇന്ന സംഖ്യ ഒന്നാം

സമ്മാനമായിക്കൊടുക്കുന്നതാണെന്നു പ്രഖ്യാപനംചെയ്താൽ നമ്മുടെ നാട്ടിൽ ക്ഷമാശക്തി വഹിച്ചവരെത്രയുണ്ടെന്നറിയാമായിരുന്നു എന്നു് ആശിക്കത്തക്കവിധം തർജ്ജമകൾ ഇന്നു ബഹുലങ്ങളായിരിക്കുന്നു. വിദേശവസ്ത്രഭാണ്ഡങ്ങളെ കോൺഗ്രസ്സുകാരെന്നവിധം, അനാശാസ്യതർജ്ജമകളെ ഭാഷാപ്രണയികൾ അഗ്നിക്കിരയാക്കുകയും, ആ വിവരം "Bonfire Of Translation Pests" എന്ന തലവാചകത്തിൽ വൃത്താന്തപത്രങ്ങളിൽ പ്രസിദ്ധംചെയ്യുകയും ചെയ്താൽ നന്നു്.

ഭാഷാന്തരീകരണംകൊണ്ടു വല്ല ഗുണവും ഉണ്ടാവണമെങ്കിൽ അതു നിർവ്വഹിക്കേണ്ടതെങ്ങനെയായിരിക്കണമെന്നുകൂടി വിചാരിക്കാം. ഒന്നാമതു്, തർജ്ജമചെയ്യാൻ ആരംഭിക്കുന്നതിനുമുൻപു് ആ തർജ്ജമ ഭാഷയ്ക്കു ഏതുവിധത്തിൽ പ്രയോജകീഭവിക്കുമെന്നു ഗാഢമായി ചിന്തിക്കുകയും ഭാഷാന്തരീകർത്താവിന്റെ പണസ്സഞ്ചി വീർപ്പിക്കുകമാത്രമായിരിക്കും ഗ്രന്ഥത്തിന്റെ പ്രയോജനമെന്നു കണ്ടാൽ ആ സംരംഭം ഉപേക്ഷിക്കുകയും ചെയ്യേണ്ടതാണു്. ഈ സംഗതി ആലോചിക്കാതെ, ആവശ്യമില്ലാത്ത തർജ്ജമകളുംകൊണ്ടു പുറപ്പെടുവരുന്ന ഒരു സാഹിത്യകൃത്തു് എററവും ഉപദ്രവംചെയ്യുന്നതു് അയാളുടെ പരിചയക്കാർക്കും സ്നേഹിതന്മാർക്കുമായിരിക്കും. എന്തെന്നാൽ അയാളുടെ പേരിൽ അവർക്കുള്ള സ്നേഹപരിചയങ്ങളിന്മേൽ ഉടനെ അയാൾ ഒരു നികുതി ചുമത്തിക്കളയുന്നു. പുസ്തകത്തിനു് ആവശ്യക്കാരില്ലാതാകുമ്പോൾ അയാൾ അതു സ്നേഹിതന്മാരുടെ തലയ്ക്കുവെച്ചു കെട്ടുന്നതിലാശ്ചര്യമില്ലല്ലോ. ഇങ്ങനെയുള്ള നിർബ്ബന്ധപിരിവുകാരിൽനിന്നു് "ഹിററ്ലറിസ"ത്തിൽനിന്നുള്ളതിനേക്കാൾ ഭയം ജനിക്കുന്നുണ്ടെന്നുള്ളതു പരമാർത്ഥമാണു്. അതുകൊണ്ടു പ്രയോജനമില്ലാത്ത ഭാഷാന്തരീകരണസംരംഭത്തെ ആരും പ്രോത്സാഹിപ്പിക്കാതിരിക്കുന്നതായിരിക്കും ഉത്തമം.

രണ്ടാമതു്, ഒരു ഗ്രന്ഥം ഭാഷാന്തരംചെയ്യുന്ന ആൾക്കു് ആ ഗ്രന്ഥത്തെക്കുറിച്ചു ഗാഢമായ പരിചയം ഉണ്ടായിരിക്കണം. അയാൾ ആ ഗ്രന്ഥത്തെ പല പ്രാവശ്യവും അവധാനപൂർവ്വം വായിച്ചിരിക്കണമെന്നു മാത്രമല്ല, അതിൽ അയാൾക്കറിയാത്തതായ ഒരക്ഷരംപോലുമുണ്ടായിരിക്കരുതു്. എന്നാൽ ഇത്രമാത്രം കൊണ്ടായില്ല. തർജ്ജമക്കാരനു മൂലഗ്രന്ഥകാരനെക്കുറിച്ചു്—അതായതു്, അദ്ദേഹത്തിന്റെ ജീവിതരീതി, സ്വഭാവം, ജീവകാലം, അപ്പോൾ അദ്ദേഹത്തിൽ പ്രവർത്തിച്ചിരുന്ന ശക്തികൾ, ഗ്രന്ഥപ്രണയനത്തിനദ്ദേഹത്തെ പ്രേരിപ്പിച്ച സംഗതികൾ മുതലായവയെക്കുറിച്ചു്—ധാരാളം അറിവുണ്ടായിരിക്കണം. ഈ സംഗ

തികളുടെ വെളിച്ചത്തിൽമാത്രമേ മൂലഗ്രന്ഥത്തിന്റെ പല ഭാഗങ്ങളും നന്നായി ഗ്രഹിക്കുവാൻ അയാൾക്കു സാധിക്കയുള്ളു. പല തർജ്ജമകളിലും അസ്വാരസ്യങ്ങൾ കടന്നു കൂടുന്നതിനുള്ള ഒരു കാരണമിതാണ്.

മൂന്നാമതു്, ഭാഷാന്തരംചെയ്യുന്ന ആൾക്കു സ്വഭാഷയിൽ വളരെ പരിചയമുണ്ടായിരിക്കണം. അയാളുടെ പദസമ്പത്തു വളരെ വിപുലമായിരിക്കണം. നിരുക്തത്തിലും ഭാഷാശാസ്ത്രത്തിലും തർജ്ജമക്കാരൻ അതിനിപുണനായിരിക്കണം. അന്യഭാഷാപദങ്ങളെ സ്വീകരിക്കുമ്പോൾ ഈ ജ്ഞാനം അയാൾക്ക് അനുപേക്ഷ്യമായിരിക്കും.

നാലാമതു്, ഭാഷാന്തരംചെയ്യുന്ന സമ്പ്രദായത്തെക്കുറിച്ചും അയാൾ വളരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അനുപദതർജ്ജമ പ്രായേണ ദോഷമാണ്. അനുപദതർജ്ജമകൊണ്ടുള്ള ദോഷങ്ങൾക്ക് അനവധി ഉദാഹരണങ്ങൾ ഉദ്ധരിക്കാം. ഇന്നത്തെ വർത്തമാനപത്രങ്ങളിൽ ഇത്തരത്തെ അനവധി ദോഷങ്ങൾ കാണാം. "സിംഹഭാഗം", "ഭീമഹരജി", "ചിററമ്മനയം", "മുതലക്കണ്ണുനീർ", "ഐക്യമുന്നണി", "പൂച്ചയ്ക്കു മണികെട്ടുക", "അനാകുലമായ അന്തരീക്ഷം" മുതലായ പല ആഭാസതർജ്ജമകളും ഇന്നു പത്രലോകത്തിൽ സ്ഥലംപിടിച്ചു കാണുന്നുണ്ട്. ഗാന്ധിജിയുടെ കാലാവസ്ഥ 90ഡിഗ്രിയാണെന്നുകൂടി ഒരു പ്രസിദ്ധദിനപത്രത്തിൽ കുറെനാൾമുമ്പു കാണുകയുണ്ടായി. അർത്ഥം അനുസരിച്ചല്ലാതെ പദങ്ങൾക്കുപകരം മറുപദങ്ങൾ നിരത്തിവെച്ചു ചെയ്യുന്ന തർജ്ജമ പരിഹാസ്യമായിപ്പരിണമിക്കുന്നതിലാശ്ചര്യമില്ല. ശൈലികളെ തർജ്ജമ ചെയ്യുമ്പോൾ തത്തുല്യമായ ശൈലികൾ ഭാഷയിലുണ്ടെങ്കിൽ ഉപയോഗിക്കുന്നതു കൊള്ളാം. "വെള്ളിക്കരണ്ടി വായിൽവെച്ചു ജനിക്കുന്ന" ഭാഗ്യവാനെക്കുറിച്ചു മലയാളി എങ്ങനെ അറിയും? മലയാളി ഒരുത്തനെ ചെണ്ടകൊട്ടിച്ചുവെങ്കിൽ ആ അപരാധത്തെ "He was made to beat the drum" എന്ന രൂപത്തിലാക്കി ചാർജ്ജാക്കിയാൽ ഇംഗ്ലീഷുകാരനു കാര്യം മനസ്സിലാകുമോ? ആശയം ഗ്രഹിക്കയാണ് തർജ്ജമകൊണ്ടുള്ള ആവശ്യമെങ്കിൽ ആശയത്തിനനുസരിച്ചുതന്നെയാണ് തർജ്ജമ ചെയ്യേണ്ടതു്.

ഭാഷയിൽ ഇല്ലാത്തതായ ചില പദങ്ങൾ സൃഷ്ടിക്കേണ്ട ആവശ്യം നേരിടുന്ന അവസരത്തിൽ മൂലത്തിലെ വാക്കിന് ഏകദേശം തുല്യമായിട്ടുള്ള വല്ല വാക്കുകളുമുണ്ടെങ്കിൽ അവയെ സ്വീകരിക്കാം. അല്ലെങ്കിൽ മൂലത്തിലെ വാക്കുകളെത്തന്നെ അപ്പടി സ്വീകരിക്കാം. എന്നാൽ മൂലത്തിലെ വാക്കു മലയാളികളുടെ ഉച്ചാരണത്തിനു പററിയതല്ലെങ്കിൽ അല്പം ചില ഭേദഗതികളോടുകൂടി അവയെ അംഗീകരിക്കയും

ചെയ്യാം. glass, rail, motor, pencil, slate, മുതലായ വാക്കുകൾ അങ്ങനെതന്നെ ഭാഷയിൽ എഴുതുന്നതിനു വിരോധമില്ല. വളരെ ക്ലേശിച്ച് ഇവയ്ക്കു തൎജ്ജമയുണ്ടാക്കേണ്ടുന്ന ആവശ്യമില്ല. മോട്ടോർവാഹനത്തിന് "മൃതൈതലബാഷ്പശകട"മെന്ന പേർ പറഞ്ഞാൽ അതു സാധാരണക്കാൎക്കു ഭ്രമജനകമായിരിക്കയേ ഉള്ളു. Nitrogen, Albumin മുതലായ പദങ്ങളെ "നത്രം" "അലബ്യൂമിനം" എന്നിങ്ങനെ മലയാളരൂപത്തിലാക്കുകയും ചെയ്യാം. ഇന്ന വാക്കിന് ഇന്ന അൎത്ഥം എന്ന വിവക്ഷ ഒരു സങ്കേതം മാത്രമാണല്ലോ. ഏതൎത്ഥത്തിൽ ഒരു വാക്ക് അധികംപേർ പ്രയോഗിക്കുന്നുവോ, ആ അൎത്ഥത്തിൽ അതു രൂഢമായിത്തീരുന്നു. അതുകൊണ്ട് ഏതെങ്കിലും ഒരു പ്രാമാണികസംഘത്തിന്റെ നിർദ്ദേശമനുസരിച്ചു പുതിയ വാക്കുകളെ സൎവ്വരും ഉപയോഗിച്ചു തുടങ്ങിയാൽ പിന്നെ വഴക്കുണ്ടാകയില്ല. ഓരോ വ്യക്തിയും സ്വതന്ത്രമായി ഓരോ വാക്കുണ്ടാക്കുകയും തന്റെ തന്റെ വാക്കുതന്നെ ശരിയെന്നു ശഠിക്കയും ചെയ്താൽ ഒരാൾക്കു മറ്റൊരാൾ പറയുന്നതു മനസ്സിലാവാതെ കുഴപ്പമുണ്ടായിത്തീരും. അതുകൊണ്ടു തൎജ്ജമയ്ക്കു മാത്രം ഒരു ആലോചനാസംഘത്തെ രൂപവൽകരിക്കുന്നതു നന്നായിരിക്കും.

# ചില ശൃംഗാരശ്ലോകങ്ങൾ*

([illegible])

1

കല്ഹാരം കാന്തി, രോമൽപ്പരികഴലിലിളന്തിങ്കൾ, പോർക്കൊങ്കമൊട്ടിൽ-
ച്ചൊല്ലാന്നീടുന്ന ഹാരം, കരമതിലൊരു പൂമാലയെന്നിപ്രകാരം
കല്യാണത്തിന്നു കോപ്പിട്ടുഴറിവരുമൊരാ മാമലപ്പെൺകിടാവിൻ-
കല്യശ്രീപൂണ്ട പൂമേനിയെ മനസി മുദാ പോറ്റുമിന്നോർത്തിടുന്നേൻ.

2

പാലഞ്ചും വാണിയും നല്ലരിമലർതിലകം വേണിയും പിച്ചകപ്പൂ-
മാലഞ്ചും മേനിയും കാന്തിയുമധരസുധാസത്തുമിത്യാദിയാലെ
നീളെപ്പൂന്തേന്ദ്രിയങ്ങൾക്കൊരുപരമപരമാനന്ദമേന്നിപ്പൊഴും
നീലപ്പൂവേണിമാർ നിങ്ങടെ കരളിലെഴും കാമമെല്ലാം തരട്ടെ.

* സമ്പാദകൻ—ഉള്ളൂർ

3

"കണ്ഠാശ്ലേഷം കനകലതിയിൽ വിഷമിയലുന്നതെന്തേ! വൃന്ദബഹനതി-
നൊന്നാകുന്നു ഭയം മേ ഗരളമൊഴുകമിക്കണ്ഠദേശം കാൺകയാലും"
കൊണ്ടാടിക്കൊണ്ടിവണ്ണം ഗിരിമകൾ പരിരംഭത്തിലീലസ്സൂത്രങ്ങളും
തണ്ടാർബാണാരിതന്നോടരുളിന പരിഹാസോക്തി പാലിച്ചിടട്ടെ.

4

താണെല്ലാമോമനപ്പൂപ്രാഭൃതിവിഴകൊഴുകും നല്ലൊരിമ്പായൽമീതേ
വാണുല്ലാസേന കോകദ്വയമതിശുഭമായ് നോക്കി നന്ദിക്കവണ്ണം
ചേണാറും ചന്ദ്രബിംബം പതിതമൊടുസവിധേ ചേർത്തു ചേതോഹരൻ താൻ
കാണിക്കും മോടിവിദ്യപ്പുതുമ മതിമയക്കുന്നതാശ്ചര്യമല്ല.

5

കല്ലോലം കൈതതാഴ്ത്തും നിൻചടുലതരചലാപാങ്ഗവല്ലി, നല്ലിന്ദ്രനീല-
ക്കല്ലോടൊക്കുന്ന തൃക്കണ്ണുകൾ, മുഴുമതി തോല്ക്കുന്ന വക്ത്രാരവിന്ദം,
നല്ലാമൽപ്പൂർമുലക്കുന്നുകൾ, ബലമിയലും നാഭി,യെന്നീവമോരോ-
ന്നല്ലോ മന്മാനസത്തിന്നിളപൊഴുതു വിനോദങ്ങളേകുന്നു തങ്ഗലാംഗി!

6

അല്ലിന്നാരംഭം പൂച്ചുയരുന്നോ കളിർമതിയിൽ? ഇളന്തിങ്കളിൽ ഭൃംഗമുണ്ടോ?
മല്ലിത്താരിന്നടുത്തായ് മധുരിമ തിരളുന്നൊരു ചെന്തൊണ്ടിയുണ്ടോ?
ചൊല്ലേറും ശംഖമുണ്ടോ കനകമലയിലിക്കന്നലിൽച്ചേർന്നതെല്ലാം
നല്ലോരീ മേനിതന്നിൽത്തെളിവിനൊടധുനാ ഹന്ത! കാണായിടുന്നു.

7

ധിക്കാരക്കൈക്കാരതിക്കീട്ടിയളകുതിരളുമാറുള്ള വന്താരിളച്ചോരം
നല്ലാറെറെറെറെമുള്ളിൽക്കളിതവളുതമിക്കാലമെൻ പേലവാംഗി!
മുല്ലോടും പൊല്ലുടംവന്നടിയിണപണിയും നിൻ......ക്കണ്ണ മെല്ലാൽ
തെക്കാതെ കണ്ടുകണ്ടിങ്ങനെ കമനി! കഴിക്കുന്നു ഞാൻതന്നെ ധീരൻ.

8

ചട്ടറ്റീടിന വെണ്മ കണ്ടു കൊതിപൂണ്ടിത്താമരപ്പൊയ്കത-
ന്നിഷ്ടപ്പെട്ടൊരു ഹംസമെന്ന വെറുതെ നിന്നെ ഭ്രമിച്ചീടിനാൻ
അട്ടക്കൊക്കുകൾ തിന്ന കൊക്കരണിയിൽക്കേളിക്ക മേളിക്കമ-
ട്ടൂക്കൊക്കിലൊയത്തമെന്നതു നിനച്ചില്ലൊട്ടുമേ കഷ്ടമേ!

9

കണ്ണിക്കാർവേണിയാളേ! പവിഴവുമഴൽകൈക്കൊണ്ടു മണ്ടുംവിധം നിൻ-
ചുണ്ടിൽക്കാണും ചുവപ്പിൻതരികളെ വിരവിൽക്കൈക്കലാക്കിപ്പുതുക്കെ
മണ്ടിക്കാട്ടിന്നകംപൂക്കളുപൊഴുതവിടെത്തൊണ്ടിയായ്ക്കണ്ടെടുത്ത-
ത്തൊണ്ടിക്കിപ്പുത്ര പാരിൽ പരിചിനൊടുളവായ്വന്നവെ-
[ന്നോർത്തിടുന്നേൻ.

10

എന്നാകിൽത്തന്നെ മൂടീട്ടിരുകരമൊരു മഴക്കാറൊടും, ധൂമമിറ്റി-
ക്കാണും നീർത്തുള്ളിയോടും, ഘനപവനനാലുച്ചുന്ന പൂന്തോത്തിനോടും,
ചേർന്നാന്നീടും മയൂരസ്വരമൊടു,മന്നായുന്നീ മഴക്കാലമിക്കി-
ച്ചേർന്നാക്ഷിത്തുള്ളലാംതന്നുടെ ചതുരത ഞാൻ പെരുത്തു-
[ണ്ടിന്നോർത്തിടുന്നേൻ.

11

പട്ടക്ഷൗമങ്ങൾകെട്ടിപ്പുരികളുകളെല്ലാം ഭംഗിയും നാട്ടി നൽപ്പൊൻ-
തട്ടത്തിൽ ചെല്ലുനീലോല്പലമുലയുമിരുത്തിട്ടു ചാലേ വേഗേ
പുഷ്പശ്രീപൊന്നുടലേചർതലർവിശിഖമഹാരാജനെസ്സൽക്കരിക്കാൻ
വട്ടംകൂട്ടിക്കഴിഞ്ഞാളിതുപൊഴുതിളമാൻകണ്ണി പുണ്യാംബുരാശേ!

12

മാറാതെല്ലാദ്ദിക്കും വന്നണഞ്ഞൊരു മഴക്കാറു ഉരുണ്ടു മാറീ-
ട്ടീരാത്രിക്കിന്നു താനേ തെളിവൊടു തനിയേ വന്നിടുന്നുണ്ടു ചന്ദ്രൻ;
പാരാകെക്കാന്തിപൂരം വിതറി വിലസിടും പൂനിലാവിന്നിവങ്കൽ-
ച്ചേരാതാവില്ലയെന്നോർത്തിരു സമയമിറാന്നിത്തപോലില്ലുകോരി.

13

എന്നാലും കണ്ണടച്ചോരു പെരിയ കയം നീന്തി മെല്ലെക്കടന്നി-
ട്ടൊന്നായ് പുല്ലുംപുഴുക്കൾ പെരുകിയവഴിയിൽക്കൂടിയല്ലും നടന്നാൽ
നന്നായ്ച്ചൊൽക്കീട്ടുകാണാം വലിയ മലകൾ രണ്ടുണ്ടതിന്മേലുമേറി-
ച്ചെന്നാലന്നാട്ടിലുണ്ടാമൊരു പരമാനന്ദമിന്നെന്തു ചൊല്ലാം?

14

ആരോമൽപ്പൂനിലാവിൽ പുതുമകൾ പലതും കോരിവാരിച്ചൊരിഞ്ഞും,
മാരോല്ലാസം വിളഞ്ഞും, തെളിവു തിരളുമണിതകൾതൻഭംഗിയെല്ലാം
നേരോടേ കണ്ടു കൊണ്ടാടിന മമ മിഴികൾക്കുള്ള ഭാഗ്യപ്രമത്തേ
വേറാക്കേ കട്ടുകൊണ്ടാൻ വിധിയകരുണനായ് ഹന്ത! ഞാനെന്തു ചെയ്യും?

15

ചുറ്റിനും വാർപൂങ്കുഴയശീകിയവുംമട്ടിൽ നെറിക്കിതെ
വട്ടത്തിൽ കെട്ടിവെച്ചും പുഷ്പമലർനികരം ചൂടിയും മോടിയോടെ
ഒട്ടൊട്ടാമൽസ്മിതശ്രീസുധപൊഴിയുമൊരച്ചാരുവക്ത്രാരവിന്ദം
കഷ്ടം! കാണാതെകണ്ണിട്ടനിമിഷമിരിക്കാനെനിക്കാവതല്ല.

16

വീണമേൽചാരെ തവ കൊങ്കകൾ രണ്ടും;
പാട്ടിലാണു തവ കാര്യമശേഷം;
നീ വിളങ്ങുന്നിപ്പൊവിത്ഥം നിനച്ചാൽ;
നിൻ്റെ പാട്ടിലമരാത്തവരുണ്ടോ?

# സംഗീതവും സാഹിത്യവും.

(ശ്രീമാൻ എം. എ. രാമമേനോൻ, ആളൂർ.)

സർവ്വഭാഷാഗർവ്വകഷയായ ഗൈർവ്വാണീദേവി, "അതിഖരഘോഷ"ങ്ങൾകൊണ്ടു കർക്കശശബ്ദബാഹുല്യയാണെങ്കിലും ശരി, "സംഗീത" ശബ്ദം പുറപ്പെടുവിക്കുമ്പോൾ ഉണ്ടാകുന്നതു മധുരനിനദംതന്നെയാണു്. "സം......ഗീ.....തം!" കണ്ടില്ലേ? ആ കോമളകലയുടെ പേരുപോലും കുറഞ്ഞൊരു കോമളിമയോടുകൂടാതെകണ്ടു ശബ്ദിക്കാൻ ഏതു ഭാഷയിലാണു് കഴിവുള്ളതു്? "കശ്പിശ്" എന്നുള്ള ശബ്ദങ്ങൾകൊണ്ടു കലശൽകൂട്ടുന്നവളാണല്ലോ ആംഗലഭാഷാവനിത. എന്നാൽ, അവളുടെയും "Song" കേൾക്കുമ്പോൾ സംഗീതത്തിൻ്റെ ശബ്ദമധുരിമ സ്ഫുരിക്കുന്നില്ലേ? ഇനി ദ്രാവിഡഭാഷായോഷയാണെങ്കിലോ, അവൾക്കു് "പാട്ടി"ൻ്റെ പാട്ടിൽനിന്നു വേർപെട്ടാൽ പിന്നെ ഒന്നുംതന്നെ മിണ്ടാൻവയ്യാ. എന്തെന്നാൽ സംഗീതമാധുര്യത്തോടുകൂടാതെ ശബ്ദിക്കാനുള്ള വാക്കുകൾ അവളുടെപക്കൽ വളരെ വിരളമാകുന്നു. അതിനാൽ അവളുടെ "പാട്ടു" കേട്ടാലുമുണ്ടു്, മണിവീണാക്വാണത്തിൻ്റെ സുഖം. ആകട്ടെ, ഇതൊക്കെ എന്തിനെയാണു് വെളിപ്പെടുത്തുന്നതു്? സംഗീതത്തിൻ്റെ ആപാതമധുരതയെ; സംശയമില്ല.

സംഗീതകലയെപ്പററി വല്ലതും പറയുമ്പോൾ സാഹിത്യത്തെയും സ്വാഭാവികമായി പരാമർശിച്ചുപോകുന്നതാണ്. അതെന്തുകൊണ്ടെന്നാൽ, സംഗീതസാഹിത്യങ്ങൾ ഇരട്ടപെററ സഹോദരങ്ങളാണ്. ഭാരതീനവലതികയിലെ സാന്ദ്രമരന്ദതുന്ദിലമായ കുചകലികാദ്വന്ദ്വമാണവ രണ്ടും. അവയിൽ ഏതെങ്കിലും ഒന്നിന്റെ രസം ആസ്വദിക്കാൻ പുറപ്പെട്ടാലുമതി, ആ രസലോലുപനാകുന്ന ലോലംബത്തിന്റെ പദസ്പർശത്താൽ ആ ഇരുകലികകൾക്കും ഒരു കമ്പംതട്ടാതിരിക്കില്ല. ആ രണ്ടു മൊട്ടുകൾക്കും ആധാരമായ വസ്തു ഒന്നേയുള്ളൂ. അപ്പോൾ ഒരു മൊട്ടിൽ മുട്ടിയാൽ മറേറ മൊട്ടുമൊട്ടു കലുങ്ങുമല്ലോ. ഒരു ശരീരത്തിലെ അവയവദ്വന്ദ്വമെന്നപോലെ മിഥസ്സംസൃഷ്ടങ്ങളാണിവരണ്ടും. ആകയാൽ ഈ സഹോദരങ്ങൾതമ്മിൽ വലിയ വേർപാടിനിടയാക്കാതിരിക്കുകയല്ലേ നല്ലതു്?

സാഹിത്യം അർത്ഥപ്രധാനവും, സംഗീതം ശബ്ദപ്രധാനവുമാകുന്നു. മറെറാരുതരത്തിൽ പറകയാണെങ്കിൽ, രമണീയാർത്ഥപ്രതിപാദകമായ വാക്യമാകുന്നു സാഹിത്യമെങ്കിൽ, രമണീയശബ്ദപ്രതിപാദകമായ രാഗമാകുന്നു സംഗീതം. സാഹിത്യത്തിൽ അർത്ഥത്തിനാണ് രാമണീയകം വേണ്ടതു്. ശബ്ദത്തിനത്രത്തോളംതന്നെയില്ലെങ്കിലും വേണ്ടിയില്ല. സംഗീതത്തിൽ, നേരെമറിച്ച്, അർത്ഥത്തിന്റെ രാമണീയകം കുറവായാലും, ശബ്ദത്തിനതു വേണം. സാഹിത്യത്തെ ആസ്വദിക്കാൻ കുറെ വൈഷമ്യമുണ്ട്. എന്തെന്നാൽ, സാഹിത്യം ആദ്യം ശ്രവണേന്ദ്രിയത്തിൽക്കൂടി ബുദ്ധിയിലെത്തി അവിടെവച്ചുള്ള പദച്ഛേദം അർത്ഥഗ്രഹണധാരണങ്ങളും കഴിഞ്ഞതിനുശേഷമാണ് സഹൃദയഹൃദയത്തിന് ആസ്വദിക്കാറാകുന്നതു്. എന്നാൽ സംഗീതാസ്വാദനത്തിന് അത്ര കഷ്ടപ്പാടൊന്നുമില്ല. സംഗീതത്തിന്റെ ശ്രവണക്ഷണത്തിൽതന്നെ അകമേ സുഖമേറിക്കഴിയുകയായി. ഇവിടെ ബുദ്ധികൊണ്ടുള്ള പദച്ഛേദംമററും ആവശ്യമില്ലാത്തതിനാൽ, ശ്രവണേന്ദ്രിയത്തിൽനിന്നു നേരിട്ട് അതു ഹൃദയത്തെ പ്രാപിക്കുന്നതാണ്, ഇപ്രകാരമുള്ള ക്ഷിപ്രാസ്വാദസുഖത്തിനു നിദാനം. പക്ഷേ, ഒരു കാര്യമുണ്ട്. ഈ സുഖം സാഹിത്യസുഖത്തെ അപേക്ഷിച്ചാണെങ്കിൽ കേവലം ക്ഷണികമാണ്. എന്തെന്നാൽ, ശബ്ദപ്രധാനമല്ലേ സംഗീതം? ശബ്ദം നിന്നാൽ സുഖവും നിലച്ചു. പക്ഷേ, സാഹിത്യസുഖം അങ്ങനെയല്ലതന്നെ. ശബ്ദം നിന്നാലുംവേണ്ടില്ല, അർത്ഥചിന്തനമെത്രകാലമുണ്ടോ അത്രകാലം ആനുഷംഗികമായിത്തന്നെ സാഹിത്യത്തിന്റെ ആസ്വാദസുഖം അനുഭവിക്കാം. ഈ സഹോദരങ്ങൾത

ത്തിൽ ഇപ്രകാരമൊരു വ്യത്യാസമുണ്ടെങ്കിലും രണ്ടും തുല്യവയസ്സുകളാണ്. ഒന്നിനു പൂർവ്വജത്വമോ മറ്റൊന്നിനു അവരജത്വമോ അല്ല ഉള്ളതു്. അതെങ്ങനെയെന്നു പറയാം.

സംഗീതം ശബ്ദപ്രധാനമാണെന്നു മുമ്പു പറഞ്ഞുവല്ലോ. ശബ്ദത്തിലാണല്ലോ അർത്ഥമടങ്ങിയിരിക്കുന്നതു്. അപ്പോൾ ശബ്ദമുണ്ടായതിനുശേഷമാണ് അർത്ഥമുണ്ടായതെന്നു വരുന്നതിനാൽ, ശബ്ദപ്രധാനമായ സംഗീതത്തിനുതന്നെ പൂർവ്വജത്വമെന്നു വിചാരിക്കാം. ആദ്യന്തരഹിതവും പരബ്രഹ്മസ്വരൂപവുമായ "ഓ"മെന്ന ശബ്ദത്തിൽനിന്നാണ് ഈ കാണുന്ന സകല പ്രപഞ്ചങ്ങളുടേയും പ്രാദുർഭാവമെന്നുള്ളതു്, മുൻപറഞ്ഞ അനുമാനത്തിന് അവഷ്ടംഭകവുമാകുന്നു. പരമാർത്ഥത്തിൽ ശബ്ദമുണ്ടായ നിമിഷത്തിൽതന്നെ അർത്ഥവുമുണ്ടായിട്ടുണ്ട്. എന്തെന്നാൽ ശബ്ദാർത്ഥങ്ങൾ നിത്യസംബന്ധങ്ങളാകുന്നു. പാർവ്വതീപരമേശ്വരന്മാരുടെ നിത്യസംബന്ധത്വത്തെ കാളിദാസൻ ഉപമിച്ചിട്ടുള്ളതു ശബ്ദാർത്ഥങ്ങളോടുതന്നെയാണെന്നുള്ളതു പ്രത്യേകം സ്മർത്തവ്യമാകുന്നു; എങ്കിലും ശബ്ദമാണ്, ആദ്യമെ ശ്രവണേന്ദ്രിയത്തിനു വിഷയമാകുന്നതു്. അവിടെനിന്നു ബുദ്ധിയിലെത്തുമ്പോഴേ അർത്ഥഗ്രഹണമുണ്ടാകുന്നുള്ളു. അർത്ഥം മുൻപുതന്നെ ശബ്ദത്തിലുണ്ട്. മാത്രമല്ല, ആശയപ്രകാശനമാണല്ലോ ശബ്ദത്തിന്റെ ധർമ്മം. എന്തെങ്കിലുമൊരാശയം അഥവാ അർത്ഥം വെളിപ്പെടുത്തുന്നതിനാണ് ശബ്ദം ആവശ്യമായിത്തീരുന്നതു്. ആവശ്യം സൃഷ്ടിയുടെ മാതാവുമാണ്. ആകയാൽ, അർത്ഥത്തിനുശേഷമാണ് ശബ്ദത്തിന്റെ ഉൽപത്തി എന്നുവരികകൊണ്ട് അർത്ഥപ്രധാനമായ സാഹിത്യത്തിനു പൂർവ്വജത്വം സിദ്ധിക്കുന്നു.

ഇപ്രകാരമുള്ള സൂക്ഷ്മവീക്ഷണത്തിൽനിന്നു്, സംഗീതസാഹിത്യങ്ങൾക്കു സമവയസ്കതയും അന്യോന്യാശ്രയഭാവവുമാണുള്ളതെന്ന അഭിപ്രായത്തിന്റെ സാമഞ്ജസ്യം അഭിവ്യഞ്ജിക്കുന്നുണ്ടല്ലോ. ഇങ്ങനെയൊക്കെയാണെങ്കിലും, അർത്ഥത്തേക്കാൾ മുൻപേ ശബ്ദഗ്രഹണമുണ്ടാകുന്നുവെന്നുള്ള അനുഭവത്തെ ആസ്പദിച്ചായിരുന്നു "സാഹിത്യമപി സംഗീത"മെന്നു സാഹിത്യത്തെ മുൻപേ പറയാതെ "സംഗീതമപി സാഹിത്യ"മെന്നും 'സംഗീതസാഹിത്യകലാവിഹീനഃ സാക്ഷാൽപശുഃ പുച്ഛവിഷാണഹീനഃ' എന്നും മറ്റുമുള്ള ശ്ലോകങ്ങളിൽ സംഗീതത്തിനു പ്രഥമഗണന നല്കിയിരിക്കുന്നതു്, എന്നുള്ള അഭ്യൂഹം സംഗതമെന്നു പറയാവുന്നതല്ലേ? സംഗീതസാഹിത്യങ്ങളുടെ സമവയസ്കത സുവ്യക്തമായതോടെ അവയുടെ സമപരിമാണതയും അനായാസസിദ്ധമാകുന്നുണ്ട്. സംഗീതമെന്നും സാ

രഹിതിമകതനം സപൂർണ്ണസഞ്ചാരം ചെയ്യുന്നതുകൊണ്ടും വിപുലവും എന്നാൽ ഇല്പവുമായ പരിമാണമാണ് ആ രണ്ടു കലാശാലകൾക്കുമുള്ളത്. ഒരു ഗായകൻ മധുരമായ രാഗാലാപത്തിൽ എത്രകണ്ട് ഉത്കൃഷ്ടപ്പെടുന്നുവോ, അത്രകണ്ടു ഉത്കൃഷ്ടപ്പെടുന്നുണ്ട് സരസസാഹിത്യനിർമ്മാണത്തിൽ ഒരു സാഹിത്യകാരൻ.

കലയെപ്പറ്റി ചില ചിന്തകന്മാർ പറയും, പ്രകൃതിയിലങ്ങിങ്ങായി ചിന്നിച്ചിതറിക്കിടക്കുന്ന സൗന്ദര്യാംശങ്ങളെ യഥോപപത്തി സംഗ്രഹിച്ച്, ഹൃദയാഹ്ലാദകരമാംവണ്ണം ചെയ്യപ്പെടുന്ന വിന്യാസവിധിയാണ് കലയെന്ന്. ഈ നൂതനമതത്തിൽ, സംഗീതസാഹിത്യകലകളെ സംബന്ധിച്ചിടത്തോളം, എത്രകണ്ടു ഉപപത്തിയുണ്ടെന്ന് ഒന്നാരാഞ്ഞുനോക്കാം.

സാഹിത്യത്തിന്റെ അവസ്ഥ എന്താണ്? ഒരു കവി തന്റെ ചുറ്റും കാണുന്നവയും തന്നെ നേരിട്ടറിയുന്നവയും സുഖദുഃഖസമ്മിശ്രങ്ങളുമായ പ്രകൃത്യനുഭവങ്ങളെ, ഭാവനാവാസനകളുടെ വിലാസമനുസരിച്ച് സഹൃദയഹൃദയാവർജ്ജകമായ വിധത്തിൽ വാങ്മൂലേന ഉല്ലേഖനംചെയ്യുന്നു. അതുപോലെതന്നെ ഒരു ഗായകൻ, പ്രകൃതിയിലങ്ങിങ്ങു വിപ്രകീർണ്ണങ്ങളായ കേകികോകിലമധുകരകാകളീതിത്തിരിപ്രഭൃതികളുടെയും മറ്റും ശബ്ദവിശേഷങ്ങളെ യഥോപപത്തി കൂട്ടിയിണക്കി മോഹനമായ രാഗത്തെ രൂപീകരിക്കുകയത്രെ ചെയ്യുന്നത്. ചുരുക്കത്തിൽ കലയെന്നത്, പ്രകൃതിയെ അനുകരിക്കുകയാണെന്നു പറയാം. സംഗീതത്തെ സംബന്ധിച്ചിടത്തോളം ഈ ഭാഗം കുറച്ചു വിശദമാക്കേണ്ടിയിരിക്കുന്നു. സപ്തസ്വരങ്ങൾ ഓരോന്നും പ്രകൃതിയുടെ അനുകരണഫലമാണെന്നുള്ളത് അല്പമായ പ്രത്യേകം നിരീക്ഷണം ചെയ്താൽ വെളിവിൽ തെളിഞ്ഞു കാണാവുന്നതാണ്.

"നിഷാദർഷഭഗാന്ധാരഷഡ്ജമധ്യമധൈവതാഃ
പഞ്ചമശ്ചേത്യമീ സപ്ത തന്ത്രീകണ്ഠോത്ഥിതാഃ സ്വരാഃ"

ഇങ്ങനെയാണ് സപ്തസ്വരങ്ങളെപ്പറ്റിയുള്ള ഒരു പ്രമാണം. ഈ ഏഴുസ്വരങ്ങളിൽ ഋഷഭസ്വരത്തിന്റെ പേര് ആലോചിക്കയാണെങ്കിൽ തന്നെ അതു ഋഷഭത്തിന്റെ (കാളയുടെ) സ്വരത്തെ അനുകരിച്ചിട്ടുണ്ടായതാണെന്നുതോന്നും. അതുപോലെതന്നെ, പഞ്ചമസ്വരം കുയിലിന്റെ ശബ്ദത്തെ അനുകരിച്ചിട്ടാവണം ഉണ്ടായതു്. "പഞ്ചമം പാടും കുയിലേ!" എന്നതു് ഈ അവസരത്തിൽ സ്മരണീയമാകുന്നു. മാത്രമല്ല, ആന, കുതിര, മയിൽ, കുയിൽ, ആട്, മാട്, ക്രൗഞ്ചപക്ഷി എന്നീ ജന്തുക്കളോരോന്നും സപ്തസ്വരങ്ങളിൽ ഓരോന്നിനെയും ശബ്ദിക്കുന്നുണ്ടെന്ന ഒരിടത്തുകാണുന്നു:-

"ഷഡ്ജം രൗതി മയൂരസ്തു, ഗാവോ നർദ്ദന്തി ചർഷഭം,
അജാവികൌ ച ഗാന്ധാരം, ക്രൗഞ്ചോ നദതി മദ്ധ്യമം,
പുഷ്പസാധാരണേ കാലേ കോകിലോ രൗതി പഞ്ചമം,
അശ്വസ്തു ധൈവതം രൗതി, നിഷാദം രൗതി കുഞ്ജരഃ."

മയിൽ(സ) ഷഡ്ജസ്വരവും, മാടുകൾ(രി) ഋഷഭസ്വരവും, ആടും കുറിയാടും (ഗ) ഗാന്ധാരവും, ക്രൗഞ്ചപക്ഷി (മ) മദ്ധ്യമസ്വരവും, വസന്തത്തുവിൽ കുയിൽ(പ) പഞ്ചമവും, കുതിര(ധ)ധൈവതവും ആന(നി) നിഷാദസ്വരവും ശബ്ദിക്കുന്നുവെന്നർത്ഥം. ഈ ഗ്രന്ഥവാക്യം, കല എന്നതു പ്രകൃതിയെ അനുകരിക്കുകയാകുന്നുവെന്ന ആധുനികമതത്തിന്റെ സാധുതയെ സാധിതമാക്കുന്നതിനു വേണ്ടുവോളം സമർത്ഥമാണെന്നുള്ളതിൽ സന്ദേഹമില്ലതന്നെ.

കലകൾക്കു സാന്മാർഗ്ഗികമായ ഉദ്ദേശ്യമുണ്ടെന്നുള്ള തത്വത്തെ അടിസ്ഥാനപ്പെടുത്തി പറയുകയാണെങ്കിൽ, സംഗീതത്തിനു ഭക്തിയെ വർദ്ധിപ്പിക്കുന്നതിനുള്ള കഴിവുണ്ടെന്നു പറയണം. "കല കലയ്ക്കുവേണ്ടി" എന്നു ശഠിക്കുന്നവർ ഇതു കേട്ടാൽ ചിലപ്പോൾ വലിയ കലശൽ കൂട്ടിയേയ്ക്കും. പരമാർത്ഥത്തിൽ സംഗീതരസം നുകർന്നാൽ ഏതു ഹൃദയപാഷാണവും അലിയുകതന്നെ ചെയ്യും. താത്വികമായി പറകയാണെങ്കിൽ ഹൃദയത്തിന്റെ അലിവുതന്നെയാണല്ലോ ഭക്തി. അതുതന്നെയാണ് സംഗീതത്തിന്റെ സാന്മാർഗ്ഗികമായ ഉദ്ദേശ്യം. ദുർവ്യാപാരങ്ങളിൽനിന്നു മനസ്സിനെ പിന്തിരിപ്പിച്ച്, നിർമ്മലവും ഏകാന്തസുന്ദരവും സാന്ദ്രാനന്ദൈകരസവുമായ പരമനിർവൃതി ലഭിക്കുവാനിടയാക്കത്തക്ക ചേതോവികാരമാണ് ഭക്തിയെങ്കിൽ, പരിശുദ്ധമായ സംഗീതം ഭക്തിയെ വർദ്ധിപ്പിക്കുന്നതിനു തികച്ചും പര്യാപ്തമെന്നുതന്നെ പറയണം. സംഗീതം ഭക്തിയെ ജനിപ്പിക്കുന്നതുപോലെതന്നെ, ഭക്തി സംഗീതത്തേയും ഉളവാക്കും. ഭക്തി അഥവാ ഹൃദയത്തിന്റെ ഉരുക്കം(ദ്രവീഭാവം) എവിടെയുണ്ടോ അവിടെമാത്രമേ, സംഗീതത്തിന്റെ കണിക കണി കാണുകയുള്ളുവെന്നുകൂടിപ്പറവാൻ തോന്നിപ്പോകും. ഭാരതത്തിൽ, സംഗീതകലയ്ക്ക് അധികം കീർത്തികേട്ട ദേശങ്ങളിൽ ദ്രവിഡവും കർണ്ണാടകവും ഒട്ടും അപ്രധാനമല്ലല്ലോ. ഇവയിൽ, ദ്രവിഡദേശത്തു ഭക്തി ജനിക്കുകയും കർണ്ണാടകദേശത്തു വളരുകയും ചെയ്തതായിട്ട് ഭാഗവതമാഹാത്മ്യത്തിൽ,

"ഉൽപന്നാ ദ്രവിഡേ സാഹം
വൃദ്ധിം കർണ്ണാടകേ ഗതാ"

എന്നിങ്ങനെ സാക്ഷാൽ ഭക്തിതന്നെ പറഞ്ഞിട്ടുണ്ടല്ലൊ. ഇതു മുൻപറഞ്ഞ അഭ്യൂഹത്തെ തികച്ചും ദൃഢമൂലമാക്കുന്നതെന്നുള്ളതോ പോകട്ടെ. ഭക്തിവേഗം കൊണ്ടു തരളിതഹൃദയരായ എത്രയെത്ര പരമഭാഗവതന്മാർ ശ്രോതാക്കളെ പുളകിതകളേബരന്മാരാക്കുന്ന എത്രയെത്ര ഭഗവത്സങ്കീർത്തനങ്ങളാണു് പാടിയിട്ടുള്ളതു്? ഭഗവാനെ സംബന്ധിച്ചവരാണു് ഭാഗവതന്മാർ. അവർ തന്നെയാണു് ഭക്തന്മാർ. ആ ഭക്തന്മാർ പരമാനന്ദലഹരിയിൽ മുഴുകുകനിമിത്തം താനേ ആനന്ദഗാനങ്ങൾ പാടിപ്പോകയാണു്. യഥാർത്ഥഭാഗവതന്മാർ പുറമെ രാഗാലാപം ചെയ്യുമെങ്കിലും അവരുടെ ഉള്ളിൽ അശേഷം രാഗാലേപം കാണുകയില്ല. ശ്രീനാരദൻ, ശ്രീശുകൻ, ത്യാഗരാജൻ തുടങ്ങിയുള്ളവർ അപ്രകാരം ഭഗവന്നാമസങ്കീർത്തനം പാടിനടന്ന പരമഭാഗവതന്മാരാണു്. ചുരുക്കത്തിൽ ഇങ്ങനെ പറയാം. ദുഃഖംകൊണ്ടോ സുഖംകൊണ്ടോ ആവട്ടെ, തരളമായ ഹൃദയത്തിൽനിന്നു ഹൃദയസ്പൃക്കുകളായ ചില ശബ്ദങ്ങൾ അവശ്യം പൊട്ടിപ്പുറപ്പെടുകതന്നെ ചെയ്യും. അങ്ങനെ പൊട്ടിപ്പുറപ്പെടുന്ന ശബ്ദങ്ങൾ യഥാർത്ഥസംഗീതത്തിന്റെയും, അവയുടെ അർത്ഥങ്ങൾ യഥാർത്ഥസാഹിത്യത്തിന്റെയും പരിധിയിലുൾക്കൊണ്ടിരിക്കുകയും ചെയ്യും. പരമവും സത്യവുമായ ശബ്ദവും അർത്ഥവും ഉൾക്കൊള്ളുന്നതൊന്നുള്ളതു്, ശബ്ദബ്രഹ്മരൂപവും പരമാർത്ഥസ്വരൂപവും ആയ "ഓം" എന്ന പ്രണവമന്ത്രമാകുന്നു. ആ ശബ്ദത്തിന്റെ വ്യാപ്തി അനന്തമായ ആകാശത്തിലത്രെ. ആ അർത്ഥത്തിന്റെ വ്യാപ്തി അഖണ്ഡമായ ബ്രഹ്മാണ്ഡത്തിൽ തന്നെ. ആകയാൽ സർവ്വശബ്ദാർത്ഥങ്ങളും അതിൽ ലയിച്ചുപോകുന്നു. ആദിനിദാനവിഹീനവും വിശ്വവ്യാപ്തവുമായ പ്രണവസ്വരത്തിൽനിന്നത്രെ ഉച്ചാവചമായ പ്രപഞ്ചത്തിന്റെ ഉൽപത്തി. പിന്നെയുണ്ടോ, മറ്റുള്ള സർവ്വസ്വരങ്ങളും അർത്ഥങ്ങളും അതിലടങ്ങാതിരിക്കുന്നു? ഈ സ്വരമാണു് പരാവരജ്ഞന്മാരായ പരമഭാഗവതന്മാർക്കുമാത്രം ശബ്ദിക്കാൻ കഴിവുള്ളതും ആദ്യവും അനന്തവും ആനന്ദസാന്ദ്രവുമായ സംഗീതം! ഈ ശബ്ദമാണു്, അവാച്യവും അനന്യൈകവേദ്യവും പരമരസപ്രദവുമായ അർത്ഥത്തെ ഉൾക്കൊള്ളുന്ന പരമസാഹിത്യം!

സംഗീതകലയുടെ വൈശിഷ്ട്യത്തെ വെളിപ്പെടുത്തുന്നതായി വേറെയും ഒരു സംഗതിയുള്ളതു പ്രാസംഗികമായി ഇവിടെ പ്രതിപാദിക്കേണ്ടിയിരിക്കുന്നു. അതെന്തെന്നാൽ, സംഗീതത്തിൽ അക്ഷരവ്യക്തിയില്ലാതെ രാഗാലാപം ചെയ്യുമ്പോഴും അതു് ഓരോ അർത്ഥത്തെ പ്രകാ

ശിപ്പിക്കുന്നവനെന്നുള്ളതാണ്. ചില രാഗങ്ങളാലാപിക്കുമ്പോൾ ശോകാത്മകത, ചിലതു് ആലാപിക്കുമ്പോൾ ഏകാന്തത, മററു ചില രാഗാലാപത്തിൽ ഉത്സാഹാത്മകത, ശാന്തത എന്നിങ്ങനെയുള്ള ഓരോ അർത്ഥത്തിന്റെ അനുഭൂതി എങ്ങനെയോ നമുക്കുണ്ടാകുന്നുണ്ട്. അതെങ്ങനെയെന്നു ചോദിച്ചാൽ അനുഭവിച്ചറിഞ്ഞുകൊള്ളുന്നമെന്നേ പറയാൻ കഴിവുള്ളൂ. എന്നാൽ സാഹിത്യത്തിനാണെങ്കിൽ ഈവക അർത്ഥങ്ങൾ അക്ഷരസഹായംകൂടാതെ പ്രകാശിപ്പിക്കാനുള്ള കഴിവില്ലതന്നെ. ചില രാഗങ്ങൾ പ്രത്യേകം ചില കാലങ്ങളിൽ ആലപിച്ചാൽ അവ, ശ്രോതാക്കളുടെ അകത്തും പുറത്തും പുളകപാളി കോരിവാരിയിട്ടു പുളപ്പിക്കാതിരിക്കയില്ല.

ഇനിയുമൊരു വിശേഷംകൂടിയുണ്ട്. സംഗീതരസം ഇന്നാക്കേ ആസ്വദിക്കാൻകഴിയൂ എന്നില്ല. പണ്ഡിതനായാലും പാമരനായാലും വേണ്ടില്ല, പശുവായാലും ശിശുവായാലുംവേണ്ടില്ല, മധുരമായ സംഗീതരസം ആക്കും യഥേഷ്ടം ആസ്വദിക്കാം. എന്നാൽ സാഹിത്യമങ്ങനെയല്ല. അതിനു പണ്ഡിതനോടൊരു പക്ഷപാതമുണ്ട്. അതു പാമരനും പശുവിനും ശിശുവിനും രസം പ്രദാനംചെയ്യുയില്ല; പിന്നെയോ, പണ്ഡിതനായ സഹൃദയനുമാത്രം. എന്നാൽ സംഗീതത്തിനാവക പക്ഷപാതമൊന്നുമില്ലെന്നുള്ളതാണ് അതിനുള്ള മെച്ചം. ഇത്രയും പറഞ്ഞുവെന്നുവെച്ചു സാഹിത്യത്തെ ഇടിച്ചുതാഴ്ത്തിക്കളയുന്നതായി കരുതരുതെന്നുകൂടി അനുസ്മരിപ്പിച്ചുകൊള്ളട്ടെ. സാഹിത്യത്തിന്റെ രസം സാക്ഷാൽ ശ്രീപരമേശ്വരൻപോലുമറിയുന്നുണ്ടോ എന്ന് ഒരു കവി സന്ദേഹിക്കുന്നതു നോക്കുക:—

"പശുർവ്വേത്തി ശിശുർവ്വേത്തി വേത്തി ഗാനരസം ഫണീ
സാഹിത്യസ്യരസം സാക്ഷാച്ഛങ്കരോ വേത്തി വാ ന വാ".

ഇതിൽനിന്നും സാഹിത്യത്തിന്റെ മാഹാത്മ്യം വചോവിചാരഗോചരമല്ലെന്നല്ലയോ വെളിപ്പെടുന്നതു്? സംഗീതകലാനിധിയുടെ പാലൊളിപ്പൂനിലാവൊലാവുന്ന ഏതൊരു മാനസമരീചികയിലാണ് പരന്ന പാലാഴിയുടെ വെണ്മയും കുളുർമ്മയും നിറഞ്ഞു പരക്കാത്തതു്? അതിപാവനിയായ സംഗീതഗംഗാതരംഗിണിയുടെ ശിശിരശീകരമേററു ഹൃദയപങ്കജം കുളുത്തുവിടരാത്ത്, തെല്ലെങ്കിലും പങ്കമകലാതിരിക്കത്തക്കവണ്ണം അത്ര പാപിഷ്ഠനെവിടെയുണ്ട്? യാതൊരു കലാദേവതയാണോ, ജീവിതമത്സരത്തിന്നിമിത്തം ആഘാതത്തും വഘാതത്തും അകമുലഞ്ഞുമെലിഞ്ഞുമിരിക്കുന്ന

ഏതൊരുവന്റെയും ശ്രോത്രപാത്രങ്ങളെ സുധാസാരപൂരിതങ്ങളാക്കി, സംതൃപ്തിയും സ്വാന്തശാന്തിയും അരുളി അനുഗ്രഹിക്കുന്നതു്, ഒരു ലളിതകോമളയും ശാന്തിസ്വരൂപിണിയും ആയ സംഗീതകലാദേവതയ്ക്കു് ഇതാ ഹൃദയംഗമമായ നമസ്കാരം.

# ഡാൻറി അലിഗ്ഗീരി.

(ശ്രീമാൻ എം. ഒ. ജോസഫ്, നെടുങ്കുന്നം.)

## I.

ചരിത്രപ്രസിദ്ധമായ റോമാസാമ്രാജ്യത്തിന്റെ അധഃപതനത്തിനുശേഷം, പതിമൂന്നാംശതാബ്ദത്തിന്റെ അവസാനംവരെയുള്ള കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള അത്യുൽകൃഷ്ടങ്ങളായ ബൃഹൽഗ്രന്ഥങ്ങളിൽ മഹനീയാശയപ്രകാശകവും ചിന്താചപലവും വിപുലവുമായ കൃതി ഡാൻറി അലിഗ്ഗീരിയാൽ പ്രണീതമായ "ഡിവീനാ കൊമീഡിയാ" എന്ന മഹാകാവ്യമാണെന്നുള്ളതു സർവ്വസമ്മതമാണു്. അക്കാലത്തെ കലാലയാധികൃതന്മാരുടെ ധിഷണാവിലാസം, മായാവാദികളുടെ വാദകോലാഹലങ്ങൾ, ജനസമുദായത്തിന്റെ പ്രകൃതിഭേദവും ആദർശയോഗ്യവുമായ വനിതാരാധന, ഇററാലിയൻ മഹാകവികളുടെ സവിശേഷമായ താത്വികഭക്തി, വിദേശാധിനിവേശിതരായ രാജ്യതന്ത്രജ്ഞന്മാരുടെ രാഷ്ട്രീയസ്വപ്നങ്ങളും സിദ്ധാന്തങ്ങളും, സാർവ്വത്രിക റോമൻസാമ്രാജ്യത്തിന്റെയും സാർവ്വത്രിക റോമൻകത്തോലിക്കാസഭയുടേയും നിർമ്മാതാക്കളുടെ ഉൽകൃഷ്ടാശയങ്ങളും, എന്നിവയെല്ലാം ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ, പ്രസ്തുതമഹാകാവ്യത്തിൽ വർണ്ണിക്കപ്പെടുന്നുണ്ടു്. ഡാൻറി അവയ്ക്കു് അത്ഭുതപൂർണ്ണമായ ഒരു നവ്യജീവൻ നല്കുന്നു. സ്വകാവ്യാദ്ധ്വാവിൽക്കൂടെ ആനയിച്ചു് അവയ്ക്കു് അഭിനവമായ ഒരു ദിവ്യത്വത്തെ അദ്ദേഹം പ്രദാനംചെയ്യുന്നു. ഡാൻറിയുടെ ഭാവനാശക്തിയാകുന്ന ഉലയിൽ വെച്ചുടക്കപ്പോൾ അവയെല്ലാം കർത്തവ്യം, ജീവിതം, സൗഭാഗ്യം എന്നിവയുടെ ഓരോ നിർമ്മലദർപ്പണങ്ങളായി രൂപാന്തരപ്പെടുന്നു.

മഹാകവി ഡാൻറി 1265 മെയ്മാസത്തിൽ ഇററലിയിലെ ഫ്ളോറൻസ്നഗരത്തിൽ ഭൂജാതനായി. അദ്ദേഹത്തിന്റെ പിതാവായ 'അലിഗ്ഗീരി ഡി ബല്ലൻസിയോനെ' ആഭിജാത്യമുള്ള ഒരു കുടുംബത്തിലാ

ണ്ട് ജനിച്ചതെങ്കിലും, തദ്ദേശീയപൌരാവലിയിൽ ഗണനീയമായ സ്ഥാനം വഹിക്കത്തക്ക പ്രാമാണ്യം ഒന്നും ഉള്ളവനായിരുന്നില്ല. തദ്ദേശജനാധിപത്യത്തിലെ ഭരണമേധാവികളായ യാഥാസ്ഥിതികരുടെ സമൂഹത്തിൽനിന്നു അദ്ദേഹം ബഹിഷ്കൃതനായിരുന്നു. ഡാൻറിയുടെ മാതാവായ 'മെന്നാ ബെല്ലാ' അദ്ദേഹം 'ദിവാകരകരപരിലാളിത'നായി അധികദിവസങ്ങൾ കഴിയുന്നതിനുമുൻപേ ദിവംഗതയായി. അച്ഛൻ മറെറാരു വനിതയെ സഹധർമ്മിണിയായി സ്വീകരിച്ചു. ഇത്രമാത്രമേ ഡാൻറിയുടെ ബാല്യത്തെപ്പററി നമുക്കറിഞ്ഞുകൂടു. 1283-ൽ, 18-ാമത്തെ വയസ്സിൽ, രചിച്ച "പ്രേമവിധേയർ" എന്ന കവിതയാണ് നമുക്ക് അവശേഷിച്ചിട്ടുള്ള അദ്ദേഹത്തിൻെറ പ്രഥമകൃതി. ഈ ഖണ്ഡകൃതിയാൽ ഒരു കവിയെന്ന ഉന്നതപദവിയും, അക്കാലത്തെ ഇററാലിയൻ കവിസാർവ്വഭൌമനായ 'ഗിഡോ ഡി കവൽകാൻറി'യുടെ സൌഹാർദ്ദവും അദ്ദേഹത്തിന് അനായാസേന സംസിദ്ധമായി.

1274-ലാണ് ഡാൻറിയുടെ ജീവിതകഥയിലെ സർവ്വപ്രധാനമായ സംഭവം നടന്നതു്. ഒൻപതു വയസ്സുമാത്രം പ്രായമായിരുന്ന ഡാൻറി, സമപ്രായരായിരുന്ന ചില ബാലസുഹൃത്തുക്കളോടുകൂടി, 'ഫോൾകോ പോർട്ടിനാരി' എന്ന മാന്യൻെറ ഭവനത്തിൽ, മെയ്ദിനാഘോഷങ്ങളിൽ ഭാഗഭാക്കായി വിഹരിക്കയായിരുന്നു. ആ സന്ദർഭത്തിലാണ് ചെങ്കൌശേയനിർമ്മിതമായ ഒരു മനോഹരക്കുപ്പായവും ധരിച്ച്, ഗൌരവയുക്തമെങ്കിലും മന്ദസ്മിതസമന്വിതമായ മുഖഭാവത്തോടുകൂടി ഒരു വനദേവതയെപ്പോലെ ചാഞ്ചാടിക്കൊണ്ടിരുന്ന ഒരു ബാലിക അദ്ദേഹത്തിനു പ്രഥമതഃ ദൃഷ്ടിലക്ഷ്യമായതു്. പോർട്ടിനാരിയുടെ ഓമനനന്ദിനിയായിരുന്ന 'ബീയാട്രീസി'ന് അന്നു വയസ്സ് ഒൻപതു തികഞ്ഞിരുന്നില്ല. ആ വിനാഴികമുതൽ ഡാൻറിയുടെ ഹൃദയം അവാച്യവും സ്വർഗ്ഗീയവുമായ ഒരു ആനന്ദാനുഭൂതിയാൽ പരിവേഷ്ടിതമായി. അവിസ്മരണീയമായ ആ വിനാഴികമുതൽക്കാണ് ഡാൻറിയുടെ ജീവിതത്തെ പരമപാവനമാക്കിയ ആ വിശിഷ്ടമായ പ്രണയം ബീജാവാപം ചെയ്തതു്. ഏററവും നിഷ്കളങ്കവും നിസ്സ്വാർത്ഥവും അലോകസാധാരണവുമായ പ്രണയം! അതേ, അത്തരമൊന്നു മനുഷ്യവർഗ്ഗചരിത്രം മുഴുവൻ തിരഞ്ഞാലും വേറെ കണ്ടെത്തപ്പെടുന്നതല്ല! ആ വിനാഴികയിൽ ഡാൻറിയുടെ ഹൃദയത്തിൽ വേരൂന്നിയ ആ പ്രണയം അദ്ദേഹത്തോടൊപ്പം വളർന്നുകൊണ്ടിരുന്നു. എന്തിന്, സമസ്തസൌന്ദര്യത്തിൻെറയും, സമസ്തപരിശുദ്ധിയുടെയും ഒരു മാതൃകയായിത്തീർന്നു അദ്ദേഹത്തിനു ബീയാട്രീസ്.

ആ ദൃഷ്ടിസമാഗമാനന്തരം ചിലപ്പോഴൊക്കെമാത്രമേ ബീയാട്രിസിനെ കാണുന്നതിന് അദ്ദേഹത്തിനു സാധിച്ചിട്ടുള്ളു. ജനനിബിഡമായ തെരുവീഥിയിലോ, ഭക്തിനിർഭരമായ ദേവാലയത്തിലോ, ആഘോഷകേന്ദ്രമായ വല്ല സൗഹൃദ് ഭവനങ്ങളിലോവെച്ചു യാദൃച്ഛികമായി അവർ പരസ്പരം കാണുകയും, കുശലപ്രശ്നം ചെയ്യുകയും ഉണ്ടായിരിക്കാം. താദൃശിയായ ഒരു വനിതയിൽ അപരിമിതബുദ്ധിമാനായ ഒരാൾ തന്റെ ഹൃദയത്തിലെ പ്രണയം മുഴുവൻ നിക്ഷേപിച്ചിരുന്നുവെന്നതു നമുക്ക് ആശ്ചര്യകരമായി തോന്നിയേക്കാം. പുരുഷൻ സ്ത്രീയെ സ്നേഹിക്കുകയെന്നതു ലോകത്തിന്റെ ആരംഭംമുതൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ഡാന്റിയെപ്പോലെ അമാനുഷികമായ പ്രണയതീക്ഷ്ണതയോടുകൂടിയ മറ്റൊരു പുരുഷനെ ലോകചരിത്രം കാണിച്ചുതരുന്നില്ല. ഈ അപരിമേയമായ ധിഷണാവിലാസത്തെ—ഡാന്റിയെ—ആ യുവതിലലാമം തന്റെ ഉള്ളംകയ്യിൽ അടക്കിയിരുന്നുവെന്നു പറയാം. അവളൊന്നു മന്ദസ്മിതംചെയ്താൽ, പാടലാധരങ്ങൾ വിടർത്തി ഒരു മധുമൊഴി തൂകിയാൽ, ഡാന്റിക്ക് അനുഭൂതമാകുന്ന ആനന്ദവൈവശ്യം അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചതായിരുന്നു.

തന്റെ പ്രണയഭാജനത്തെ വിവാഹംചെയ്യണമെന്നു ഡാന്റി അഭിലഷിച്ചിരുന്നുവോ? വിവാഹത്തെപ്പറ്റി ചിന്തിക്കുകയെന്ന സ്വഭാവത്തിനു ദിവ്യപ്രണയസമ്പൂർണ്ണമായ അദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്ഥലമില്ലായിരുന്നു. 1286-ൽ ബീയാട്രീസ് 'സിമോണി ഡി ബാർഡി' എന്നൊരു മാന്യന്റെ സഹധർമ്മിണിയായിത്തീർന്നു. അതെ, ഡാന്റിയുടെ പ്രണയഭാജനം മറ്റൊരുവന്റെ ഗൃഹറാണിയായിച്ചമഞ്ഞു. പക്ഷേ, അതുകൊണ്ടൊന്നും അദ്ദേഹത്തിന്റെ പ്രണയത്തിനു ശൈഥില്യംഭവിച്ചില്ല. ജീവിതവ്യഗ്രതകളോ, കുടുംബബന്ധങ്ങളോ, യാതൊന്നും ഗ്ലാനിഭവിപ്പിക്കാത്ത അഭംഗുരവും അനവദ്യവുമായ ഒരു പ്രണയാകരമായിരുന്നു അദ്ദേഹത്തിന്റെ ഹൃദയം. തന്റെ കാമിനി സൗഭാഗ്യമനുഭവിക്കുന്നുവെന്നറിയുന്നതായിരുന്നു ഈ കാമുകന്റെ ജീവിതത്തിലെ ആനന്ദവും ആലംബവും.

പക്ഷേ, ഈ സൗഭാഗ്യവും അധികകാലം നീണ്ടുനിന്നില്ല. നാലുകൊല്ലക്കാലത്തെ ദാമ്പത്യജീവിതത്തിനുശേഷം 1290-ൽ, ഡാന്റിയുടെ ആരാധനാപാത്രവും പ്രേമമൂർത്തിയുമായിരുന്ന ബീയാട്രീസ് പൊടുന്നനവെ ഇഹലോകവാസം വെടിഞ്ഞു. ഡാന്റി അനുഭവിച്ച ഖേദം അവർണ്ണനീയമായിരുന്നു. ശോകമൂർച്ഛിതനായ ഈ കാമുകൻ അടുത്ത

രണ്ടുകൊല്ലക്കാലം തികച്ചും ഏകാന്തവാസംതന്നെയാണു് വരിച്ചിരുന്നതു്. ഇക്കാലത്തു്, അദ്ദേഹം തന്റെ പ്രണയഭാജനത്തിന്റെ ബഹുമാനാർത്ഥം വിരചിച്ചിരുന്ന പ്രേമഗീതങ്ങളെയെല്ലാം സമാഹരിച്ചു്, വിസ്തൃതമായ ഒരു പ്രസ്താവനയോടുകൂടി 'നവ്യജീവൻ' എന്നപേരിൽ പ്രസിദ്ധപ്പെടുത്തുകയും, ഉത്തമസുഹൃത്തായ കവൽകാന്റിക്കു സപ്രശ്രയം അതിനെ സമർപ്പിക്കുകയുംചെയ്തു. സ്വപ്രണയഖനിയിൽ വാരിയെടുത്ത ആ കവിതാഖണ്ഡങ്ങളെ മനോഹരമായ ഒരു ഗദ്യകവിതാസ്വർണ്ണതന്തുവിൽ കോർത്തു് അനന്യസദൃശമായ ഒരു ഹാരമാക്കി സ്വകാമിനിയുടെ സ്മരണാകളേബരത്തിൽ ചാർത്തി.

നിരാശാകാർമേഘാച്ഛാദിതമായ ഡാന്റിയുടെ ജീവിതത്തെ അല്പമെങ്കിലും ഉത്തേജിതമാക്കുവാൻ സാധിച്ചെങ്കിലോയെന്നു കരുതി ബന്ധുജനങ്ങൾ അദ്ദേഹത്തെ വിവാഹത്തിനു പ്രേരിപ്പിച്ചു. അവരുടെ നിർബന്ധം സാധിച്ചെങ്കിലും ഏറ്റവും അതൃപ്തികരമായ ഒരു മനോഭാവത്തോടെയാണത്രെ ഡാന്റി ദ്വിതീയാശ്രമസ്വീകരണംചെയ്തതു്. അദ്ദേഹത്തിന്റെ സഹധർമ്മിണിയാകുന്നതിനു ഭാഗ്യമുണ്ടായ 'ജമ്മാ ഡൊനാതി' സുശീലയും സുന്ദരിയുമായിരുന്നെങ്കിലും മഹാബുദ്ധിമാനായ അദ്ദേഹത്തിനു് അനുരൂപയായ ഒരു വാമാർദ്ധമായിരുന്നുവോയെന്നു ശങ്കിക്കാതിരുന്നുകൂടാ. ഡാന്റി അവരെ സ്നേഹിച്ചിരുന്നില്ലെന്നു തോന്നുന്നു; എന്തെന്നാൽ അദ്ദേഹത്തിന്റെ അനേകം കൃതികളിൽ ഒരിടത്തും ആ മഹതിയെപ്പറ്റിയാകട്ടെ, അവരിൽ ഡാന്റിക്കു സംജാതരായ സന്താനപംക്തികളെപ്പറ്റിയാകട്ടെ പ്രസ്താവിച്ചുകാണുന്നില്ല.

തന്റെ പ്രേമഭാജനമായിരുന്ന ബീയാട്രീസിന്റെ വിയോഗാനന്തരം ഡാന്റി സ്വദേശമായ ഫ്ളോറൻസിലെ രാഷ്ട്രീയപ്രവർത്തനങ്ങളിൽ അധികമധികം ഏർപ്പെട്ടുതുടങ്ങി. ഡാന്റിയുടെ ജീവിതനാടകത്തിലെ അടുത്ത ചില രംഗങ്ങൾ വീരോചിതമായ വൃത്തികളാൽ വിഭൂഷിതമായിരുന്നു. അക്കാലത്തു ധനസമൃദ്ധമായ ഫ്ളോറൻസ് ആഭ്യന്തരകലഹങ്ങളാലും ബാഹ്യാക്രമണങ്ങളാലും പ്രക്ഷുബ്ധമായിരുന്നു. പ്രകൃതിസുന്ദരവും വിഭവസമ്പൂർണ്ണവുമായ ആ ജനാധിപത്യത്തെ കരസ്ഥമാക്കുന്നതിനു റോമായിലെ ചക്രവർത്തിയും മാർപ്പാപ്പായും രണ്ടു കക്ഷിയായി നിന്നു വടംവലി നടത്തി. കിംബഹുനാ, ഫ്ളോറൻസിൽതന്നെ രണ്ടു കക്ഷികൾ ഉണ്ടായി. യാതൊരു കക്ഷിയിലും ഉൾപ്പെടാതെയാണു് അദ്ദേഹം രാഷ്ട്രീയരംഗത്തേക്കിറങ്ങിയതു്. കത്തോലിക്കാസഭയുടെ ഒരു പ്രേ

ഷ്യപുത്രനായിരുന്നെങ്കിലും മാർപ്പാപ്പായുടെ ലൌകികരാജ്യസമ്പാദനതൃഷ്ണയെ അദ്ദേഹം അതിശക്തിയായി എതിർത്തു; ജനാധിപത്യത്തിൻെറ ഒരു വീരയോദ്ധാവായിരുന്നെങ്കിലും ചക്രവർത്തിയോടു് അദ്ദേഹത്തിനു് അഗാധമായ ഭക്തിബഹുമാനങ്ങളുണ്ടായിരുന്നു.

ഡാൻറി ഫ്ളോറൻസിലെ അശ്വസൈന്യത്തിൽചേർന്നു ജനാധിപത്യത്തെ ഉദാരമായി സേവിച്ചു. ജനാധിപത്യവാദികളും രാജകക്ഷികളും തമ്മിലുണ്ടായ ഘോരസമരത്തിൽ ഡാൻറി ജനാധിപത്യത്തിനുവേണ്ടി പോരാടുകയും, 1289 ജൂൺ 11-ാംതിയതി കമ്പാൽഡിനോ യുദ്ധരംഗത്തിൽവെച്ചു് എതിർകക്ഷികളെ നിശ്ശേഷം പരാജിതരാക്കുകയുംചെയ്തു. ക്രമേണ ജനാധിപത്യത്തിലെ ഓരോ പ്രധാനപ്പെട്ട ഉദ്യോഗങ്ങളും അദ്ദേഹം വഹിക്കുകയും, ഒടുവിൽ 1300 ജൂൺ 15-ാംതിയതിമുതൽ 2 മാസക്കാലത്തേയ്ക്കു് അതിലെ പ്രധാന പ്രാഡ്വിവാകന്മാരിൽ പ്രധാനിയായി ജോലിനോക്കുകയുംചെയ്തു. ഇക്കാലത്താണു് ആത്മസുഹൃത്തായ ഗിഡോ ഡി കവൽകാൻറിയെ വിപ്രവാസശിക്ഷയ്ക്കു വിധിക്കുവാൻ അദ്ദേഹം പ്രേരിതനായതു്. കലഹങ്ങളാലും കൊലകളാലും പ്രക്ഷുബ്ധമായിരുന്ന ഫ്ളോറൻസിൽ സമാധാനപുനഃസ്ഥാപനത്തിനു് ഈ മഹാശയൻ അക്ഷീണയത്നംചെയ്തു.

പക്ഷെ, ഇക്കാലത്തു ഡാൻറിയ്ക്കെതിരായി നടന്ന ഒരു ഗൂഢാലോചനയിൽ ശത്രുക്കൾക്കാണു് വിജയം സിദ്ധിച്ചതു്. ഫ്ളോറൻസിൻെറ ബദ്ധശത്രുവായിരുന്ന മാർപ്പാപ്പാ ബോനിഫസ് അഷ്ടമൻ ഫ്ളോറൻസിനോടു മൈത്രിഭാവിച്ചുകൊണ്ടു വാലോയിസിലെ ചാറത്സിനെ ഒരു "സമാധാനദൂത"നായി അങ്ങോട്ടയയ്ക്കുവാൻ തീരുമാനിച്ചു. ഈ വാർത്തയറിഞ്ഞ ഉടനെ ജനാധിപത്യം ഒരു പ്രതിനിധിസംഘത്തെ റോമിലേയ്ക്കയച്ചു. ആ സംഘത്തിൻെറ നേതാവായിരുന്ന ഡാൻറി, മാർപ്പാപ്പായുടെ സിംഹാസനത്തിങ്കൽ സാഷ്ടാംഗപ്രണാമംചെയ്തു്, ഫ്ളോറൻസിനെ വിദേശാക്രമണത്തിൽനിന്നു രക്ഷിക്കണമെന്നഭ്യർത്ഥിച്ചു. ഈ സമയത്തു്, സമാധാനദൌത്യംവഹിച്ചു് ചാറത്സ് ഫ്ളോറൻസിൽ പ്രവേശിച്ചുകഴിഞ്ഞിരുന്നു. പട്ടണത്തിനുള്ളിലായി എന്നറിഞ്ഞയുടനെ ചാറത്സ് തൻെറ യഥാർത്ഥവേഷംകാട്ടി; നാഥനില്ലാതിരുന്ന ആ നഗരത്തെ കൊള്ളയിടുന്നതിനു് അനുചരന്മാരോടു് ആജ്ഞാപിക്കുകയും അവർ പ്രതിപക്ഷികളെ നിർദ്ദയം വധിക്കുകയും ചൂഷണംചെയ്യുകയും അവരുടെ വസ്തുവകകൾക്കു കൊള്ളിവെയ്ക്കുകയുംചെയ്തു.

ആക്രമിയായ ചാറൽസ് തൻ്റെ നിഷ്ഠുരഭരണമാരംഭിച്ചതു്, വിപക്ഷനേതൃപ്രമാണികളെ നാടുകടത്തുന്നതിനുള്ള ശിക്ഷാവിധിക്ക് ഒപ്പുവെച്ചുകൊണ്ടായിരുന്നു. ആ ക്രൂരൻ്റെ പ്രതികാരഖഡ്ഗം പ്രഥമമായി പതിച്ചതു ഡാൻ്റിയിലായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ഫ്ളോറൻസിലെ മററു 15 പൗരന്മാരോടൊപ്പം ഡാൻ്റിയെ നാടുകടത്തുന്നതിനും, അതിനുശേഷം എപ്പോഴെങ്കിലും ഫ്ളോറൻസ് ജനാധിപത്യാതിർത്തികളിൽ കണ്ടെത്തപ്പെടുന്നപക്ഷം ജീവനോടെ ദഹിപ്പിക്കുന്നതിനുമത്രെ ഡാൻ്റിയുടെമേൽ ഉച്ചരിക്കപ്പെട്ട വിധി. അങ്ങനെ ഒരു പ്രവാസിയും ഭിക്ഷുവുമായി അദ്ദേഹം അലഞ്ഞുതിരിയേണ്ടിവന്നു. നാടുകടത്തപ്പെട്ട മററു ജനാധിപത്യകക്ഷികളുമായി യോജിച്ചു്, ചാറൽസിനെതിരായി പല യുദ്ധങ്ങളിലും അദ്ദേഹം ഏർപ്പെട്ടെങ്കിലും അതിലെല്ലാം പരാജയപ്പെടുകയാണുണ്ടായതു്. ഫ്ളോറൻസിൻ്റെ കവാടങ്ങൾ അഭേദ്യമായവിധം അദ്ദേഹത്തിൻ്റെ മുൻപിൽ അടഞ്ഞുകിടന്നിരുന്നു.

ഈ ഘട്ടത്തിൽ ഒരു നവരാഷ്ട്രോദ്ധാരകൻ രംഗപ്രവേശം ചെയ്തിരിക്കുന്നതായി ഡാൻ്റിക്കു തോന്നി. അനാഥയായും ഏകാകിനിയായും വിധവയായും സ്വന്തം മക്കളെപ്പററി വിലപിച്ചുകൊണ്ടിരിക്കുന്ന നിത്യനഗരിയെ സമാശ്വസിപ്പിക്കുന്നതിന്, അഭിനവാസ്ത്രിയൻചക്രവർത്തിയായ ലക്സംബർഗിലെ ഹെൻറിക്കുമാത്രമേ സാധിക്കുകയുള്ളുവെന്നായിരുന്നു ഡാൻ്റിയുടെ വിശ്വാസം. ഹെൻറി ഒരു സമാധാനദൗത്യവാഹകനായി സാമ്രാജ്യമുഴുവൻ ചുററിസ്സഞ്ചരിച്ചു്, വിപക്ഷകക്ഷികളെ രഞ്ജിപ്പെടുത്തുകയും, നാടുകടത്തപ്പെട്ടവരെ തിരിച്ചുവിളിപ്പിക്കുകയും, ജനക്ഷേമകരമായ ഭരണത്തിന് അസ്തിവാരമിടുകയുംചെയ്തു. അദ്ദേഹത്തിൻ്റെ കാരുണ്യപ്രവാഹത്തിൽ പുഷ്പനഗരമായ ഫ്ളോറൻസ് മജ്ജനോന്മജ്ജനംചെയ്യുവാനിടയാകുന്നതിനുമുൻപ്—നിർഭാഗ്യമെന്നേ പറയേണ്ടൂ—ജ്വരഗ്രസ്തനായി, അപമാനപരാജയശങ്കകളോടെ, ഹെൻറി കാലയവനികയ്ക്കുള്ളിൽ തിരോഭൂതനായി. അദ്ദേഹത്തോടുകൂടി ഡാൻ്റിയുടെ അന്ത്യപ്രത്യാശയും ഊതിയണഞ്ഞു.

അനന്തരം ഗൃഹശൂന്യനായി ഡാൻ്റി ഇററലിയിലെ ഗ്രാമഗ്രാമാന്തരങ്ങളിൽ അലഞ്ഞുതിരിയുകയാണ് പിന്നീടുചെയ്തതു്. നിരാശയുടെയും ദാരിദ്ര്യത്തിൻ്റെയും വ്യഗ്രതയ്ക്കടിപെട്ടു ഭിക്ഷാംദേഹിയായി സാധുജനങ്ങളുടെ ഔദാര്യത്തിന്മേൽ ഉപജീവിച്ചു നാടടക്കംനടന്നു കഴിച്ചുകൂട്ടി. ഒടുവിൽ റാവെന്നായിലെ ഇടപ്രഭുവായ പോളെൻറാ, മഹാകവിക്ക് ഏററവും മാന്യവും സൗഹാർദ്ദപരവുമായ ഒരു രക്ഷാസങ്കേതം നല്കി.

അവിടെ തന്റെ അന്തേവാസിത്വം സ്വീകരിച്ച ഏതാനും വിദ്യാർത്ഥികളെ ശിക്ഷണംചെയ്തുകൊണ്ടു കുറേനാൾ അദ്ദേഹം കഴിച്ചു. എന്നാൽ ജീവിതാനന്ദമെന്നുള്ളതു് അദ്ദേഹത്തിന്റെ നിഘണ്ടുവിൽ ഇല്ലാത്തതായ പദമായിരുന്നു. അക്കാലത്തു വെനീസും റാവെന്നായും തമ്മിൽ ശത്രുത വർദ്ധിച്ചിരുന്നു. തന്നെ ഉദാരമായി രക്ഷിച്ചുപോരുന്ന പോളെന്റായ്ക്കുവേണ്ടി വെനീസിലേയ്ക്കു് ഒരു സമാധാനദൂതനായി പോകുന്നതിനു ഡാന്റി നിശ്ചയിച്ചു.

തന്റെ വാഗ്വിലാസത്താൽ വെനീസിലെ ഭരണാധികാരികളെ വശത്താക്കി, സമാധാനപുനഃസ്ഥാപനം ചെയ്യാമെന്നായിരുന്നു ഡാന്റിയുടെ മോഹം. പക്ഷെ, വിളംബംവിനാ നിരാശനും രോഗഗ്രസ്തനുമായി അദ്ദേഹം പിന്തിരിയേണ്ടിവന്നു. വെനീസുകാർ ഏററവും നിന്ദയോടും അവജ്ഞയോടുംകൂടിയാണു് ഡാന്റിയെ സ്വീകരിച്ചതു്. അദ്ദേഹത്തെ അവഹേളിക്കുകയും അപലപിക്കുകയും ചെയ്തുവെന്നുമാത്രമല്ല, ഭദ്രമായ പ്രത്യാഗമനത്തിനുവേണ്ട സൗകര്യംപോലും ചെയ്തുകൊടുത്തില്ല. ഈ ദാരുണാനുഭവം ഡാന്റിയുടെ ഹൃദയത്തിനേല്പിച്ച ക്ഷതം അതിഭയങ്കരമായിരുന്നു. ഈ സംഭവത്തിനുശേഷം ഒരിക്കലെങ്കിലും അദ്ദേഹം പുറത്തിറങ്ങി സഞ്ചരിച്ചിട്ടില്ല. 1321 സെപ്റ്റംബർ 14-ാംനു-, തന്റെ 56-ാമത്തെ വയസ്സിൽ, അക്ഷയ്യമായ യശസ്സൗരഭത്തെ ബാഹ്യലോകത്തിൽ നിലനിർത്തിക്കൊണ്ടു്, നശ്വരമായ ദേഹത്തെ ഉപേക്ഷിച്ചു് അദ്ദേഹം കാലയവനികയ്ക്കുള്ളിൽ നിത്യവിശ്രമം തേടി.

സാർവ്വലൗകികമായ രാഷ്ട്രീയപ്രശ്നങ്ങളുടെയെല്ലാം മൂലസ്ഥാനം റോമൻചരിത്രത്തിൽനിന്നു കണ്ടുപിടിക്കാമെന്നു ഡാന്റിക്കു നല്ല നിശ്ചയമുണ്ടായിരുന്നു. ജനസാമാന്യത്തിന്റെ പുരോഗമനത്തിനും, നിയമങ്ങളുടെ സാർവ്വത്രികമായ പ്രചാരണത്തിനുംവേണ്ടി ദൈവത്താൽ സംസ്ഥാപിതമായിട്ടുള്ളതാണു് പ്രാചീനറോമൻസാമ്രാജ്യമെന്നും, പ്രാചീനത്തിൽനിന്നു് അധികം വിഭിന്നമല്ലാത്ത അഭിനവറോമൻസാമ്രാജ്യം സാർവ്വരാഷ്ട്രീയസമാധാനത്തെയും മനുഷ്യവർഗ്ഗത്തിന്റെ ഉന്നമനത്തെയും സുസാധ്യമാക്കുവാൻവേണ്ടി ദൈവത്തിൽനിന്നു നേരിട്ടുസിദ്ധിച്ചിട്ടുള്ള അധികാരത്തോടുകൂടിയ ഒരു ദിവ്യസ്ഥാപനമാണെന്നുമുള്ള വിശ്വാസം ഡാന്റിക്കുണ്ടായിരുന്നുവെന്നു തോന്നുന്നു. ലോകത്തിന്റെ ഏകച്ഛത്രാധിപത്യം റോമാക്കാർക്കു ലഭിക്കുന്നതിലുള്ള ന്യായമെന്താണെന്നു് ഒരു ദർശനംമുഖേന തനിക്കു ബോദ്ധ്യമായതായി "ഡി മൊണാർക്കിയാ" എന്ന ഗ്രന്ഥത്തിന്റെ ദ്വിതീയഭാഗത്തൊരിടത്തു് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്. അക്കാല

ത്തു് ഒരു ജർമ്മൻരാജകുമാരൻെറ ഹസ്തഗതമായ രാജകീയഗ്രേഹൗണ്ട് എന്നുകൊണ്ടു പ്രാചീനകാലത്തിലേപ്പോലെതന്നെ ഇററാല്യർക്കു ലഭിച്ചുകൂടെന്നും, പേരുപോലെതന്നെ പ്രവർത്തനത്തിലും എന്തുകൊണ്ടു 'റോമൻ' ആയിക്കൂടെന്നുമുള്ള ചിന്ത അദ്ദേഹത്തിൻെറ മനസ്സിനെ മഥിച്ചുകൊണ്ടിരുന്നു. ലക്സംബർഗ്ഗിലെ ഹെൻറിയെ പ്രശംസിച്ചു രചിച്ചിട്ടുള്ളതും, സഭയേയും രാഷ്ട്രത്തേയും, പാപ്പാസ്ഥാനത്തേയും സാമ്രാജ്യത്തേയും പരാമർശിക്കുന്ന ബൃഹത്പ്രശ്നങ്ങളെ വിവരിക്കുന്നതുമായ ഡി മൊണാർക്കിയാ എന്ന ഗ്രന്ഥത്തിൻെറ പ്രാരംഭഭാഗത്തൊരിടത്തു്, തൻെറ ഭൂതകാലപ്രവർത്തനങ്ങൾ വെറും മിഥ്യയായിരുന്നെന്ന് അദ്ദേഹത്തിനുതന്നെ ബോദ്ധ്യപ്പെട്ടതായി വെളിപ്പെടുത്തിയിട്ടുള്ളതു പിൽക്കാലത്തുണ്ടായ ഈ അനുഭവങ്ങളിൽനിന്നായിരിക്കണം. ജനാധിപത്യഭരണ സമിതിയുടെ വിപ്രവാസശിക്ഷയ്ക്കു പാത്രമായി ഡാൻറി വിദേശങ്ങളിൽ അലഞ്ഞുനടന്നതു് ഈ അഭിനവമായ രാഷ്ട്രീയവിശ്വാസത്തോടുകൂടിയായിരുന്നു. തന്മൂലം അനതിദീർഘകാലത്തിനുള്ളിൽ, സഹവിപ്രവാസികളേയും സ്വപക്ഷവാദികളേയും കൂട്ടിയിണക്കി, കേവലം ബാഹുബലംകൊണ്ടെങ്കിലും ഫ്ളോറൻസ് കീഴടക്കുന്നതിനുള്ള ഒരു യത്നത്തിൽ അദ്ദേഹം വ്യാപൃതനായി. പക്ഷെ ആ ശ്രമം ഫലോന്മുഖമല്ലെന്നു കാണുകയാൽ 1303-ൽ അവരിൽനിന്നും വിട്ടകന്നു സ്വതന്ത്രമായ ഒരു രാഷ്ട്രീയകക്ഷിയെ രൂപവൽക്കരിക്കുന്നതിന് അദ്ദേഹം നിർബന്ധിതനായി; ആ യത്നവും വിഫലമായിട്ടാണ് കലാശിച്ചതു്.

ഭാവുകാഭ്യുദയമാത്രപരമായ ഒരു മഹനീയാദർശത്തോടുകൂടി ഇററലിയിലെ ഒരു നഗരത്തിൽനിന്നു മറെറാരു നഗരത്തിലേയ്ക്കു ദാരിദ്ര്യഗ്രസ്തനായി അലഞ്ഞുതിരിഞ്ഞും, സ്വാഭീഷ്ടങ്ങൾക്കു വിപരീതമായി ദൌർഭാഗ്യം പ്രദാനംചെയ്ത മഹാഭാരങ്ങളായ ഹൃദയക്ഷതങ്ങളെ ലോകത്തിനു പ്രദർശിപ്പിച്ചും, അതിദീർഘമായ വിപ്രവാസത്താൽ ക്ഷീണചിത്തനായ മഹാകവിയുടെ ജീവിതനൗക ജനസാമാന്യപരിചിന്തനമാകുന്ന മഹാബ്ധിയിൽക്കൂടി ഒഴുകിത്തുടങ്ങി. കാമം, അഹങ്കാരം, ധനപ്രമത്തത മുതലായവയിൽ മുഴുകി, അരാജകത്വത്തിലും സ്വേച്ഛാപ്രഭുത്വത്തിലും നടമാടുന്ന ലോകത്തെ ഒരു സ്വർഗ്ഗീയവീക്ഷണഗോപുരത്തിൽ നിന്നെന്നപോലെ, അദ്ദേഹം ദർശിച്ചു. സാധുജനങ്ങളെ അവരുടെ ജോലികളിൽപ്പോലും നിർദ്ദയം മർദ്ദിക്കുന്ന മുതലാളിമാരെ അദ്ദേഹം സൂക്ഷിച്ചു. രാജാക്കന്മാരുടെ കല്മഷപ്രവൃത്തികളേയും, ഭൗതികശക്തിയും സമ്പത്തുമാർജ്ജിക്കുന്നതിനായി സ്വവിശേഷസ്ഥാനങ്ങളെത്തന്നെ പരിത്യജിക്കുന്ന ചില പുരോഹിതന്മാരുടെ നട

പടികളേയും അദ്ദേഹം വീക്ഷിച്ചു. ഒരു ക്ഷുദ്രനദീപ്രവാഹംപോലെയുള്ള മഹാന്മാരുടേയും സാധുക്കളുടേയും ഒന്നുപോലെയുള്ള സാന്മാർഗ്ഗികാധഃപതനത്തെ അദ്ദേഹം മനസ്സിലാക്കി. എന്നിട്ട്, ലോകം ഒരു കല്മഷഗർത്തത്തിൽ ആകണ്ഠം ആണ്ടിരിക്കുന്ന വസ്തുത, സഹൃദയമഹാരണ്യത്തിൽ അദ്ദേഹം തെളിഞ്ഞുകണ്ടു. ദയനീയമായ ഈ അവസ്ഥയിൽ തനിക്കു ആശ്വാസപ്രദമായി, തന്റെ ബാല്യത്തിലെ പ്രണയഭാജനമേയുള്ളുവെന്നു ഡാന്റിക്കു ബോധ്യപ്പെട്ടു. അദ്ദേഹം ബിയാട്രീസിനെ സ്മരിച്ചു. അദ്വിതീയമഹാകാവ്യമായ "ഡിവീനാ കൊമീഡിയാ" നമുക്കു സമ്മതവുമായി.

ഇതിനിടയ്ക്കൊണ്ട് ഏതാനും നല്ല സാഹിത്യകൃതികൾ ഡാന്റി രചിച്ചുകഴിഞ്ഞിരുന്നു. പ്രേമവിധേയർ, നവ്യജീവൻ, ഡി മോണാർക്കിയാ, എന്നിവയെപ്പററി മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ മററുരണ്ട് അപൂർണ്ണഗദ്യകൃതികളാണ് "ഭാഷാസ്വാധീനം", "പ്രാശനം" എന്നിവ. ഇവയിൽ ആദ്യത്തേതിൽ, രാഷ്ട്രീയാശയവിനിമയത്തിനു പററിയ ഒരു "മാതൃകാ ഇററാല്യൻ ഭാഷയെ" രൂപവൽക്കരിക്കുവാൻ ശ്രമിക്കുകയും, ഇററാല്യൻഖണ്ഡകവിതകളുടെ കഥനരീതിയെ ക്രോഡീകരിക്കുകയും ചെയ്യുന്നു. രണ്ടാമത്തേതിലാകട്ടെ, പാമരർക്കുപോലും സുഗ്രഹിതമാകത്തക്കവിധം താത്വികന്യായങ്ങളെ സുലളിതമായി വിന്യസിക്കുന്നു. എന്നാൽ ഡാന്റിയുടെ നാമം അനശ്വരമാക്കിത്തീർത്തിരിക്കുന്നതു് ഇവയല്ല; പ്രസ്തുത ഡിവീനാ കൊമീഡിയാ ആണു്.

വിപ്രവാസജീവിതകാലത്താണ് ഈ ഗ്രന്ഥം അദ്ദേഹം രചിക്കുവാൻ ഇടയായതെന്നു മുൻപു സൂചിപ്പിച്ചുവല്ലോ. കയ്യെഴുത്തുഗ്രന്ഥം എപ്പോഴും തന്നോടുകൂടി കൊണ്ടുനടക്കുകയും, പ്രതിദിനം ഓരോഭാഗം എഴുതിച്ചേർക്കുകയുംആയിരുന്നു പതിവ്. അദ്ദേഹത്തിന്റെ മനസ്സിന്റെ ക്രമപ്രവൃദ്ധമായ പരലോകോന്മുഖത്വം ഈ കാവ്യത്തിന്റെ ക്രമപ്രവൃദ്ധമായ വികാസത്തിൽനിന്നു നമുക്കു ദൃശ്യമാകുന്നതാണ്. ഉദാഹരണമായി അദ്ദേഹത്തിന്റെ ഹൃദയത്തിൽ നാരകീയമായ ഭയങ്കരയാതനകളും കോപതാപവികാരങ്ങളും വിരോധവിദ്വേഷങ്ങളും ഓളംതല്ലിക്കൊണ്ടിരുന്ന കാലത്തു വിരചിതങ്ങളായവയത്രേ "നരക"ത്തിലെ ഘോരങ്ങളായ 33 സർഗ്ഗങ്ങൾ. അതിനേക്കാൾ ഉദാത്തതരമായ "ശോധനസ്ഥല"വർണ്ണന എഴുതിക്കൊണ്ടിരുന്നപ്പോൾ, അദ്ദേഹത്തിന്റെ ഹൃദയം ലോകത്തിലെ വിവിധക്ലേശങ്ങളിലും ആകുലതകളിലുംനിന്നകന്ന്, മതത്തിൽ ആശ്വാസംതേടാൻ ആരംഭിച്ചിരുന്നു. അഭൗതികമായ ശാന്തിയും ആ

നന്മവും അനുഭവിച്ച ജീവിതാന്ത്യഘട്ടത്തിൽ വിരചിച്ചവയാണ് "പറുദീസാ"യിലെ സർഗ്ഗങ്ങളെല്ലാം. ആകാശമുള്ള 'വിശുദ്ധപർവ്വത'ത്തിൽ ആരോഹണംചെയ്ത്, അതിൻെറ ഏകാന്തവും പരിശുദ്ധവുമായ ശൃംഗത്തിന്മേൽനിന്നു കൊണ്ടു താഴെ, പ്രാന്തപ്രദേശങ്ങളിൽ, അലഞ്ഞുകൊണ്ടിരുന്ന അനേകസഹസ്രം ജനക്കൂട്ടത്തെ അദ്ദേഹം അഭിവീക്ഷിക്കുകയായിരുന്നു. ഇവിടെവെച്ചാണ് അദ്ദേഹം പരേതയായ തൻെറ പ്രാണപ്രേയസിപ്രണയിനിയുമായി ഒരു അഭൗതികസംസർഗ്ഗത്തിൽ ഏർപ്പെട്ടത്. തന്മൂലം മരണം അദ്ദേഹത്തിനു പ്രിയതരനായ ഒരു സുഹൃത്തുമാത്രമായിരുന്നു. ആ അനുപമസുന്ദരിയുടെ ഹസ്തംഗ്രഹിച്ചുകൊണ്ട്, ആനന്ദകേദാരമായ പറുദീസായെ അധിരോഹണംചെയ്യുന്ന ഒരു മഞ്ജുളസ്വപ്നത്തിൽ ലീനചിത്തനായിരിക്കുകയായിരുന്നു അദ്ദേഹം.

ഡിവീനാ കൊമീഡിയാ ഡാൻറിയുടെ ഹൃദയത്തിൻെറ പ്രകടനം മാത്രമാകുന്നു. ആ ഗ്രന്ഥം വായിക്കുമ്പോൾ മഹാകവിയുമായുള്ള ഒരു അഭിമുഖസംഭാഷണത്തിൻെറ അനുഭൂതിയാണ് നമുക്കുണ്ടാകുന്നത്. അനന്തതതിൽനിന്നു ബുദ്ധ്യാ വ്യത്യസ്തമായ ഒരു ലോകത്തിൽ ജീവിക്കുന്ന നമ്മുടെ ഹൃദയങ്ങളെപ്പോലും നിശ്ശേഷം വികാരതരളിതമാക്കുന്ന അദ്ദേഹത്തിൻെറ പ്രതിഭാവിലാസത്തെപ്പററി എന്തുപറയട്ടെ! നമ്മുടെ വിശ്വാസമെന്തുതന്നെ ആയിരുന്നാലും, ആദർശങ്ങൾ എന്തുതന്നെ ആയിരുന്നാലും, അദ്ദേഹം കരയുമ്പോൾ നാമും കരഞ്ഞുപോകുന്നു; അദ്ദേഹം അവരെ ദ്വേഷിക്കുമ്പോൾ നമുക്കും അതേവികാരംതന്നെയുണ്ടാകുന്നു. അനേകം ശതവർഷങ്ങൾ കഴിഞ്ഞിട്ടും, സ്വാംഗുലികളെക്കൊണ്ടു നമ്മുടെ ഹൃദയത്തെ സ്പർശിക്കുന്നതിന് അദ്ദേഹത്തിന് അസാധാരണമായ ഒരു വശ്യശക്തി ഉള്ളതായി കാണുന്നു. അദ്ദേഹത്തിൻെറ കൃതിയുടെ അനശ്വരത അധികം ആശ്രയിച്ചിരിക്കുന്നത് അതിൻെറ പ്രതിപാദനരീതിയെയല്ല; പിന്നെയോ, മനുഷ്യവർഗ്ഗത്തെ മുഴുവൻ ഉള്ളംകൈയിലടക്കിയിരിക്കുന്ന അദ്ദേഹത്തിൻെറ പ്രാപ്തിയിലാണ്. തൻെറ ചുററുപാടുമുണ്ടായിരുന്നവരുടെ ഹൃദയങ്ങളെ അദ്ദേഹം കൈക്കലാക്കിയിരുന്നു; അവർതന്നെയാണ് അദ്ദേഹത്തിൻെറ കവിതയിൽ ഇന്നും തുടിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യർ വാർദ്ധക്യംപ്രാപിച്ചു മരിച്ചാലും, മനുഷ്യവർഗ്ഗം എന്നും അഭംഗമായിത്തന്നെ നിലനില്ക്കുന്നുണ്ടല്ലോ.

ഡാൻറിയുടെ കൃതികൾ അദ്ദേഹത്തിൻെറ സമ്പൂർണ്ണമായ ഒരു ജീവിതചിത്രീകരണമാണെന്നു പറയാം. 'നവ്യജീവൻ' സ്വജീവിതപ്രഭാതകാലത്തിലെ പ്രണയചരിത്രമാണെന്നു പറഞ്ഞുവല്ലോ. ബിയാട്രീ

സിൻെറ ദേഹവിയോഗംമുതൽ, വിപ്രവാസശിക്ഷാഘട്ടംവരെയുള്ള കാലത്തിലെ അദ്ദേഹത്തിൻെറ ചെയ്തികളേയും ചിന്തകളേയും അതിൽ സമഗ്രമായി ക്രോഡീകരിച്ചിട്ടുണ്ട്. ഡിവീനാ കൊമീഡിയാ വിപ്രവാസാരംഭംമുതലുള്ള പ്രവർത്തനങ്ങളുടെ ശരിയായ ഒരു വിവരണമാണെന്നും, പ്രസ്തുതകൃതിയിലെ സൂചനകളിൽനിന്ന് അദ്ദേഹം എവിടെയെല്ലാം അലഞ്ഞുതിരിഞ്ഞുവെന്നും ഏതെല്ലാം ഘട്ടങ്ങളെ അഭിമുഖീകരിച്ചുവെന്നും നിർണ്ണയിക്കാവുന്നതാണെന്നും, അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ചുരുക്കത്തിൽ, നരക,ശോധനസ്ഥല,പറുദീസാകളുടെ ദർശനത്തിൻെറ ഒരു വിവരണമെന്നതിനേക്കാൾ ഒരു അന്താലിനക്കുറിപ്പാണതെന്നാണ് വിചക്ഷണമതം. മററുകൃതികളിലെന്നപോലെ ഇതിലും അദ്ദേഹത്തിൻെറ താത്വികവും രാഷ്ട്രീയവുമായ അഭിപ്രായങ്ങൾ സുവിദിതമായി രേഖപ്പെടുത്തിയിട്ടുണ്ട്. അസാമാന്യപാടവത്തോടുകൂടി സജ്ജീകൃതമായ ഒരു മനോഹരചിത്രശാലയും പ്രസ്തുതമഹാകാവ്യത്തിൽ അന്തർലീനമായിട്ടുണ്ട്. പാത്രചിത്രീകരണത്തിൽ ഡാൻറിയെ അതിശയിക്കുന്ന മഹാകവികൾ അപൂർവ്വമാണെന്നുതന്നെ പറയാം.



## II

ഹതഭാഗ്യനായ ഡാൻറിയുടെ ചൈതന്യം, ആരാധനാമൂർത്തിയായ സ്വപ്രണയഭാജനത്തിൻെറ—ബിയാട്രീസിൻെറ—സാന്നിദ്ധ്യംതേടി നരകം, ശുദ്ധീകരണസ്ഥലം, സ്വർഗ്ഗം എന്നീ സ്ഥലങ്ങൾ തരണംചെയ്യുന്നതാണ് മൂന്നു പുസ്തകങ്ങളിലായി 100 സർഗ്ഗങ്ങളുള്ള ഈ മഹാകാവ്യത്തിലെ പ്രതിപാദ്യവിഷയമെന്നു ചുരുക്കത്തിൽ പറയാം. കഥാനായകനായ കവി “സിംഹവ്യാഘ്രശാർദ്ദൂലാദിമൃഗഗണസങ്കീർണ്ണ”മായ ഒരു മഹാരണ്യത്തിൽ ഏകനായും മാർഗ്ഗഭ്രഷ്ടനായും അകപ്പെടുന്നു. അവിടെ യഥാക്രമം ഒരു പുള്ളിപ്പുലിയും സിംഹവും ചെന്നായും അദ്ദേഹത്തെ എതിരിടുന്നു. ഈ ഹിംസ്രജന്തുക്കളിൽനിന്നു രക്ഷനേടുവാൻവേണ്ടി ഒരു പർവ്വതാഗ്രത്തെ പ്രാപിക്കുവാൻ ശ്രമിക്കവേ, പ്രാചീനറോമൻമഹാകവിയായ വെർജിൽ സഹായത്തിനു പ്രത്യക്ഷപ്പെടുന്നു. ഡാൻറി ആ റോമൻകവികോകിലത്തെ പിൻതുടർന്നു നരകത്തിലേയ്ക്കു പോകുന്നു. നരകത്തിൻെറ ഒൻപതു കക്ഷ്യകളും തരണംചെയ്യുന്നു. ഈ ഓരോ കക്ഷ്യയിലും പാപിഷ്ഠന്മാർ ഭയങ്കരമായവിധം ശിക്ഷിക്കപ്പെട്ടിരിക്കുന്നതായി മഹാകവി വർണ്ണിക്കുന്നു. സാഹിത്യത്തിലും സമുദായത്തിലും രാഷ്ട്രത്തിലും മതത്തിലും പ്രഥിതചരിതന്മാരായ അനേകംപേർ തങ്ങളുടെ പാപങ്ങൾനിമിത്തം അവിടെ പീഡനമനുഭവിക്കുന്നതു മഹാകവിയുടെ നേത്രങ്ങളിൽ പെടാതിരിക്കുന്നില്ല.

അനന്തരം ഡാന്റിയും വെർജിലും നരകഗർത്തത്തിൽനിന്നു വിമുക്തരായി, താരകാശോഭിതമായ ശോധനസ്ഥലത്തേയ്ക്കു് (ശുദ്ധീകരണസ്ഥലത്തേയ്ക്കു്) പോകുന്നു. ശോധനസ്ഥലത്തിലെ സപ്തകക്ഷ്യകളിലും, ലോകത്തിൽ പാപികളായിരുന്നു പശ്ചാത്താപത്തോടെ മരണംപ്രാപിച്ചിട്ടുള്ള മനുഷ്യർ ശിക്ഷയനുഭവിക്കുന്നതായി അവർ കണ്ടു. ദാംഭികന്മാർ, അസൂയാലുക്കൾ, പരോൽകർഷാസഹിഷ്ണുക്കൾ, ദ്രവ്യാഗ്രഹികൾ, കോപനശീലർ, കർത്തവ്യവിലോപികൾ, വിഷയലമ്പടർ, ഭോഗേച്ഛുക്കൾ ഇവരൊക്കെയാണു് ഇവിടത്തെ യാതനാഭോഗികൾ. ശോധനസ്ഥലം കടന്നപ്പോൾ ഉദയാസ്തമനങ്ങളോ പാപമാകുന്ന മേഘത്തിന്റെ ലാഞ്ഛനയോ ഇല്ലാത്ത അതിമനോഹരമായ വിശാലകാലാകാശത്തിൽ സുന്ദരമായ ധ്രുവനക്ഷത്രമെന്നപോലെ, സ്വർഗ്ഗത്തിൽനിന്നു നിയുക്തയെന്നവണ്ണം, ഒരു ലാവണ്യലാമം—ഡാന്റിയുടെ ബിയാട്രീസ്—പ്രത്യക്ഷീഭൂതയായി. സർവലോകസുന്ദരിയായി, ഭുവനത്രയമോഹിനിയായി, പാടലകുസുമതതിയാലാവൃതയായി, ഹരിതാംബരാച്ഛാദിതയായി, സ്വർഗ്ഗത്തിൽനിന്നു് അവരോഹണംചെയ്ത ആ സ്വർഗ്ഗപ്രേമനിധിയായ ബിയാട്രീസാണു് അനന്തരം ഡാന്റിക്കു മാർഗ്ഗദർശനംചെയ്തതു്.

അവർ പറുദീസായെ (സ്വർഗ്ഗത്തെ) പ്രാപിച്ചു്, സ്വർഗ്ഗത്തിന്റെ ഒൻപതു കക്ഷ്യകളേയും തരണംചെയ്തു. നീതിമാന്മാരും വിശുദ്ധന്മാരുമായ മഹാമതികളാണു് ഇവിടെയെല്ലാം സൗഭാഗ്യമനുഭവിക്കുന്നതു്. റോമൻസാമ്രാജ്യത്തിന്റെ പ്രതാപത്തെ കീർത്തിക്കുന്നതിനും തോമസ് അക്വിനാസ്, ഫ്രാൻസിസ് അസീസി മുതലായ വിശുദ്ധന്മാരുടെ അമാനുഷികമഹത്വത്തെ വർണ്ണിക്കുന്നതിനും മഹാകവി ഈ സന്ദർഭത്തെ ഉപയോഗിക്കുന്നുണ്ടു്. നവമകക്ഷ്യയിൽവെച്ചു മഹാകവി ദൈവികമഹത്വത്തെ സമ്യക്കായി ദർശനംചെയ്യുന്നു. ഗംഭീരവും പ്രപുഷ്ടവുമായ ആ പ്രഭാഗർത്തത്തിൽ ത്രിവർണ്ണോപേതമായ മൂന്നു ഗോളങ്ങൾ, ഏകതേജോബദ്ധമായി സ്ഥിതിചെയ്യുന്നതു് അദ്ദേഹം കണ്ടു. "ആകാശത്തിലെ സൂര്യനേയും സർവ്വനക്ഷത്രങ്ങളേയും ചലിപ്പിക്കുന്ന സ്നേഹത്താൽ പ്രേരിതമായി, തുല്യവേഗത്തിൽ ചരിക്കുന്ന ഒരു ചക്രംപോലെ, ഇച്ഛാശക്തി മുന്നോട്ടു കുതിച്ചു". ഇങ്ങനെ കാവ്യം അവസാനിക്കുന്നു.

വിശ്വവിഖ്യാതമായ ഡിവീനാ കൊമീഡിയായുടെ സർഗ്ഗങ്ങളിൽ അടങ്ങിയിരിക്കുന്ന കഥാതന്തു ഏതാണ്ടു മുകളിൽ ഉദ്ധരിച്ചതാണു്. സാങ്കേതികപദബാഹുല്യവും ആശയഗംഭീരവുമായ ഈ മഹാകാ

വൃത്തിൽ പലതരത്തിലുള്ള പ്രമേയങ്ങളെപ്പററി പ്രതിപാദിക്കുന്നുണ്ട്. 1300-ൽപരം ആളുകളെയും സ്ഥലങ്ങളെയുംപററി ഈ മഹാകാവ്യത്തിൽ വൎണ്ണിച്ചിരിക്കുന്നു. എന്നാൽ കഥാഘടനയെക്കാൾ അനുവാചകൎക്ക് വിജ്ഞാനോദ്ദീപകമായിരിക്കുന്നത്, കുസുമങ്ങളിൽനിന്നു മകരന്ദമെന്നപോലെ, ഓരോ പാത്രങ്ങൾവഴിയായി വഴിഞ്ഞൊഴുകുന്ന രാഷ്ട്രീയാദൎശങ്ങളുടെയും വേദശാസ്ത്രവിചിന്തനങ്ങളുടെയും മതപരമായ വിശ്വാസത്തിന്റെയും അനന്യസുലഭമായ പ്രവാഹമാകുന്നു. ഈ കാവ്യനിൎമ്മാണത്തിലേയ്ക്കുവേണ്ടി, ഡാൻറി, താൻ ഫ്ളോറൻസിലെ ജനാധിപത്യപ്രാഡ്വിവാകപ്രമുഖനായി രണ്ടുമാസം ജോലിനോക്കിയ 1300-ലേയ്ക്കു പിന്തിരിഞ്ഞു. 1300ഏപ്രിൽ 18-ാംതിയതി വെള്ളിയാഴ്ച പ്രഭാതംമുതൽ ഏഴുദിവസത്തേയ്ക്കുണ്ടായ ഒരു ദൎശനത്തെ, ഇരുപതുകൊല്ലത്തിനുശേഷം സ്വജീവിതാന്ത്യഘട്ടത്തിൽ, അദ്ദേഹം വിവരിക്കുന്നു. അതുകയാൽ 1300 ഏപ്രിൽമാസത്തിനുശേഷം തനിക്കൊ തന്റെ സഹപ്രവൎത്തകൎക്കൊ സംഭവിച്ചിട്ടുള്ളവകളെയെല്ലാം പ്രവചനങ്ങളായി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു.



മദ്ധ്യയുഗസാഹിത്യത്തിൽ മരണാനന്തരജീവിതത്തെപ്പററിയുള്ള ദൎശനങ്ങൾ ഒരു നവ്യപ്രസ്ഥാനമൊന്നുമല്ലായിരുന്നു. പക്ഷെ അത്, ഈ കാവ്യത്തിലുള്ളതുപോലെ, സാൎവ്വത്രികപ്രസക്തിയുള്ളതും സാൎവ്വത്രികപ്രചാരയുക്തവുമായ ഒരു മഹാകാവ്യത്തിന്റെ ഇതിവൃത്തമായി ഇതിനുമുൻപെങ്ങും പ്രകീൎത്തിക്കപ്പെട്ടിരുന്നില്ല. എന്നുമാത്രമല്ല, ഉപസൎഗ്ഗപാതാളങ്ങളിൽക്കൂടെയുള്ള കല്പിതസഞ്ചാരങ്ങളിൽ പ്രസക്തി പ്രദൎശിപ്പിച്ചിരുന്ന അക്കാലത്തെ കവികളുടേതിൽനിന്നു വളരെ വിഭിന്നമാണ് ഡാൻറിയുടെ ദൎശനം. പ്രാചീനറോമൻകവിസാൎവ്വഭൗമനായ വെർജിലിന്റെ എനിയഡ് (Aeneid) എന്ന മഹാകാവ്യത്തെ ഡാൻറി അനുകരിക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അഗ്ഗസ്റ്റീനൊസ്, ബൊതിയസ്, ബൎണ്ണാർഡ്, റിച്ചാഡ്‌വിക്ടർ, തോമസ് അക്വിനാസ് മുതലായി മദ്ധ്യയുഗത്തിൽ ജീവിച്ചിരുന്ന മഹാതാത്വികന്മാരുടെ കൃതികളിലെ ആശയങ്ങളും ഡാൻറിക്കു സഹായകമാകാതിരുന്നിട്ടില്ല. ഇവരുടെ ഗ്രന്ഥങ്ങളിൽ അദ്ദേഹം എത്ര നിഷ്ണാതനായ പണ്ഡിതനായിരുന്നുവെന്നു ഡിവീനാ കൊമീഡിയാ തെളിയിക്കുന്നുണ്ട്. ദാൎശനികന്മാരുടെ ശുഷ്കങ്ങളായ ആശയങ്ങൾ ഡാൻറിയുടെ പ്രതിഭാവിലാസത്തിനു വിധേയമായപ്പോൾ ഒന്നാംതരം കവിതകളായിത്തീൎന്നു. ചിലരുടെമാത്രം ഹസ്തസ്ഥിതമായിരുന്ന പ്രസ്തുതാശയശ്രേണിയെ ഡാൻറി ജനസാമാന്യത്തിന്റെ പൊതുസ്വത്താക്കിത്തീൎത്തു.

അങ്ങനെ ഡിവീനാ കൊമീഡിയാ കേവലം ഒരു ദർശനത്തിൻെറ അവസ്ഥയെ അതിലംഘിക്കുന്നു. ഈ മഹാഗ്രന്ഥത്തിൽ ഡാൻറി തൻെറ സമകാലീനലോകത്തിലെ ജ്ഞാനവും ഭക്തിയുമെല്ലാം സംഗ്രഹിക്കുകയും, തനിക്കു മുൻപുണ്ടായിരുന്ന മഹാമതികളുടെ ആത്മീയോപദേശങ്ങളെ ക്രോഡീകരിക്കുകയും ചെയ്യുന്നു. മധ്യയുഗങ്ങളിലെ ഒരു മാതൃകാകത്തോലിക്കനായ കവി, ഒരു പരലോകദർശനവ്യാജേന, അക്കാലത്തെ ജനസാമാന്യത്തിൻെറ സാക്ഷാൽസ്ഥിതിയെ ചിത്രീകരിക്കുകയാണ് ചെയ്യുന്നതു്. ജനാവലിയെ അസാന്മാർഗ്ഗികജീവിതപാതത്തിൽനിന്ന് ഉദ്ധരിക്കുവാനും, രാഷ്ട്രത്തിന് ഒരു നവജീവൻ പ്രദാനംചെയ്യുവാനും, സ്വരാജ്യാനർത്ഥങ്ങളെ പരിഹരിക്കുവാനുമായി ദൈവനിയുക്തനായ ഒരു പ്രേഷിതപ്രവരനായി ഡാൻറി ഈ മഹാകാര്യത്തിൽ പരിലസിക്കുന്നു. മനുഷ്യരെ ആദ്ധ്യാത്മികവും ആധിഭൗതികവുമായ കഷ്ടതകളിൽനിന്നു മോചിപ്പിക്കണമെന്നുള്ളതാണ് അദ്ദേഹത്തിൻെറ മുഖ്യോദ്ദേശ്യം. "ധനസഹായത്താലല്ല, ദൈവപ്രസാദത്താലാണ് ഞാൻ ഈ സ്ഥിതിയിലായിരിക്കുന്നതു്" എന്നാണ് ഒരിക്കൽ ഇറ്റലിയിലെ കർദ്ദിനാളന്മാർക്കു ഡാൻറി എഴുതിയതു്.

മനുഷ്യജീവിതം നശ്വരമാണെന്നും, ചിരന്തനമായ ഒരു ഭാഗ്യാവസ്ഥയിലേക്കുള്ള പരിശീലനമാണ് ഈ ലോകത്തിൽ മനുഷ്യൻെറ ലക്ഷ്യമെന്നും, അസന്ദിഗ്ദ്ധമായ വാക്കുകളിൽ മഹാകവി വിളംബരംചെയ്യുന്നു. "നിർഭാഗ്യരേ, നാം വെറും കൃമികളാണെന്നും, അത്യുന്നതമായ ഒരു സൗഭാഗ്യാവസ്ഥയെ പ്രാപിക്കുവാൻ നിയുക്തരാണെന്നും നിങ്ങൾക്കറിഞ്ഞുകൂടേ?" എന്നു മഹാകവിതന്നെ ചോദിക്കുന്നു. മററൊരിടത്തു്, ലോകത്തിൻെറ ക്ഷണികതയെപ്പററി കവി പാടുന്നതിങ്ങനെയാണ്: "മനുഷ്യശക്തികളേ! നിങ്ങളുടെ മഹത്ത്വം അതിൻെറ പരമാവധിയിൽപോലും എത്ര നിസ്സാരമാകുന്നു!. .ഭൗതികപ്രതാപങ്ങളുടെ ഒച്ച, നാലുഭാഗത്തേയ്ക്കും അടിച്ചുകൊണ്ടിരിക്കുന്ന കാററിൻെറ ഒച്ചയ്ക്കു തുല്യമാകുന്നു... മനുഷ്യരുടെ സ്മരണയിൽ (നിങ്ങൾ) സജീവരായിരിക്കുന്നതു് ഒരായിരം കൊല്ലമായിരുന്നാൽതന്നെയും, നിത്യതയോടു തുലനംചെയ്യുമ്പോൾ അതു നിമിഷത്തേക്കാൾ നിസ്സാരമാകുന്നു." മനുഷ്യർ ഇച്ഛാസ്വാതന്ത്ര്യത്തോടുകൂടിയവരാണെന്നും, അവരുടെ പല വിപത്തുകൾക്കും കാരണം, ഭൗതികാധികാരത്തേയും ആദ്ധ്യാത്മികാധികാരത്തേയും തമ്മിൽ അനർഹമായവിധം കൂട്ടിക്കുഴയ്ക്കുന്നതാണെന്നും മററൊരു സന്ദർഭത്തിൽ ചിന്തകനായ ആ കവി പാടിയിരിക്കുന്നു.

തൻെറ ബഹുമാനപാത്രമായ കത്തോലിക്കാസഭയുടെ പ്രബോധനങ്ങളെ യഥാസന്ദർഭം ആവിഷ്കരിക്കുന്നതിലും ഈ കാവ്യത്തിൽ കവി അലസനായിരുന്നിട്ടില്ല. ശോധനാസ്ഥലത്തിലെ ഒന്നിലധികം ആത്മാവുകളെക്കൊണ്ടു പ്രാർത്ഥനയുടെ മഹാശക്തികളെ ഈ വിധം കവി പാടിക്കുന്നു: "ഭൂമിയിലുള്ളവരുടെ സഹായത്താൽ ഇവിടെ അനേകം നന്മകൾ ചെയ്യുവാൻ സാധിക്കും." "ലോകത്തിൽ ദൈവാനുഗ്രഹത്തിൽ ജീവിക്കുന്നവരുടെ ഹൃദയത്തിൽനിന്നും ഉൽഗമിക്കുന്ന പ്രാർത്ഥനയല്ലാതെ, ഞങ്ങളെ സഹായിക്കത്തക്കതായി മറെറാന്നും സ്വർഗ്ഗത്തിൽ ഇതേവരെ അറിയപ്പെട്ടിട്ടില്ല." കാവ്യത്തിൻെറ തൃതീയഭാഗമായ പറുദീസായിലെ സർഗ്ഗങ്ങൾ എല്ലാംതന്നെ സഭയുടെ മഹനീയസിദ്ധാന്തങ്ങൾ ഭംഗിയായി കോർത്തിണക്കിയിട്ടുള്ള ഒരു മനോഹരമാല്യമാകുന്നു. സഭയ്ക്ക് ആധാരമായിരിക്കുന്ന മൗലികതത്വങ്ങളെയും, സഭ സ്വീകരിച്ചിരിക്കുന്ന ആരാധനക്രമത്തിൻെറ വിവിധവശങ്ങളെയും, സഭയിലെ വിശുദ്ധന്മാരുടെ മഹത്വങ്ങളെയും, മഹാകവി സമ്യക്കായി പ്രകീർത്തിക്കുന്നുണ്ട്.

സാമുദായികമായ പ്രശ്നങ്ങളിലും കവിയുടെ ശ്രദ്ധ ചെല്ലാതിരിക്കുന്നില്ല. അധഃപതനഗർത്തത്തിലേയ്ക്കു ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കുന്ന ജനസാമാന്യത്തിന് ഒരു രക്ഷാഹസ്തം നീട്ടിക്കൊടുക്കുകയെന്നതാണല്ലോ കവിയുടെ കീർത്തനത്തിൻെറ ഉദ്ദേശ്യം. സാമുദായികമായ എല്ലാദൂഷ്യങ്ങളെയുംതന്നെ കവി നരകശുദ്ധീകരണസ്ഥലങ്ങളിൽ കൊണ്ടുവന്നു ശിക്ഷിക്കുന്നുണ്ട്. ദ്രവ്യാഗ്രഹം, ഭോഗേച്ഛ, വിഷയലമ്പടത്വം മുതലായി അക്കാലത്തു ജനങ്ങളിൽ കടന്നുകൂടിയിരുന്ന ദുരാചാരങ്ങളെ അതിഭയങ്കരമായ രീതിയിലാണ് മഹാകവി വീക്ഷിക്കുന്നതു്. അത്തരം പാപക്കാരെ—അവർ ആദ്ധ്യാത്മികമോ ഭൗതികമോ ആയ അധികാരത്തിൻെറ പരമകോടിയിലിരിക്കുന്നവരായിരുന്നാൽതന്നെയും—നരകശോധനാസ്ഥലങ്ങളിൽ പിടിച്ചുകൊണ്ടുവന്നു മാതൃകായോഗ്യമായവിധം കവി ശിക്ഷിക്കുന്നു. ഫ്ളോറൻസിലെ വനിതകളുടെ വസ്ത്രധാരണരീതിപോലും കവിയുടെ കർക്കശമായ നിരൂപണത്തിനു പാത്രീഭവിക്കാതിരിക്കുന്നില്ല. "ഫ്ളോറൻസിലെ ലജ്ജയില്ലാത്ത ഈ വനിതകൾ, പൊതുജനവീക്ഷണവിഷയമാക്കി, തങ്ങളുടെ മാറിനെ മറയ്ക്കാതെ നടക്കുന്നപക്ഷം, അവരെ കുററപ്പെടുത്തുന്ന ഒരു കാലം അടുത്തുതന്നെ ഉണ്ടാകുന്നതാണ്. തങ്ങളുടെ അവയവങ്ങളെ ആച്ഛാദനംചെയ്തു സഞ്ചരിക്കുന്നതിനു പരപ്രേരണ വേണ്ടിവരത്തക്കവണ്ണം ആദ്ധ്യാത്മികശിക്ഷണം ആവശ്യമായിരിക്കുന്ന അപരിഷ്കൃതസ്ത്രീ ആരാണുള്ളതു്!" എന്നിങ്ങനെയാണു സ്വസുഹൃത്തായിരുന്ന 'ഫൊറേസ്സി'യെക്കൊണ്ടു കവി പറയിപ്പിച്ചിട്ടുള്ളതു്.

ഡാൻറിയുടെ ഡിവീനാ കൊമീഡിയാ സർവ്വോപരി ധ്വനിപ്രധാനമായ ഒരു മഹാകാവ്യമാകുന്നു; അഥവാ മിസ്റ്റിക്പ്രധാനത്തിലുള്ള കാവ്യങ്ങളുടെ മകുടമാണ് അതെന്നു പറയാം. "ലോകത്തിന്റെ ഉൽപത്തിസ്ഥിതിഗതികൾക്കു നിദാനമായ ആ പരമരഹസ്യതത്വത്തെ ആരായുമ്പോൾ നമ്മുടെ ഇന്ദ്രിയങ്ങൾക്കും മനസ്സിനും അനാവൃതമാകുന്ന അവാച്യമായ ഒരു ദിവ്യസൗന്ദര്യധാമത്തിന്റെ ദർശനത്തിൽ നമ്മുടെ അന്തഃസത്വത്തിന് ഉളവാകുന്ന അപൂർവ്വാഹ്ലാദസമ്പത്തിയുടെ ആവിഷ്കരണത്തിന്"—ദൈവവും ആത്മാവുമായി ദൃഢബന്ധത്തിലേർപ്പെട്ടിരിക്കുന്ന അവസ്ഥയ്ക്ക്"—ആണല്ലോ മിസ്റ്റിസിസം എന്നു പറയുന്നത്. വാച്യമായ അർത്ഥത്തിനുപുറമെ ആത്മീയമായ ഏതെങ്കിലും ഒരു തത്വത്തെയുംകൂടി ഉള്ളടക്കിയിട്ടുള്ള കവിതയ്ക്കു മിസ്റ്റിക്കവിതയെന്നു പറയാം. ഡാൻറിയുടെ മഹാകാവ്യം ആപാദചൂഡം ഒരു മിസ്റ്റിക്കവിതയാകുന്നു. ഈ കാവ്യത്തിൽ ഡാൻറി മനുഷ്യവർഗ്ഗത്തെയാണ് പ്രതിനിധീകരിക്കുന്നത്. അദ്ദേഹം അകപ്പെട്ട അരണ്യം, രാഷ്ട്രീയമായ അനാഥത്വവും, ദൈവനിഷേധനമാകുന്ന അന്ധകാരവും, ദുഷ്കർമ്മങ്ങളും അധർമ്മങ്ങളുമാകുന്ന വന്യമൃഗങ്ങളും ചേർന്ന ഈ ലോകം തന്നെ. ആ അരണ്യത്തിൽ അദ്ദേഹത്തെ അഭിമുഖീകരിക്കുന്ന വന്യമൃഗങ്ങൾ പുള്ളിപ്പുലി (സുഖഭോഗതൽപരത)യും, സിംഹ(അഹംകാരിത്വ)വും, ചെന്നായും(ദ്രവ്യാഗ്രഹവും) ആണ്. നരകശോധനസ്ഥലങ്ങളിൽ ഡാൻറിക്കു മാർഗ്ഗദർശനം ചെയ്യുന്ന വെർജിൽ സ്വാഭാവികബുദ്ധിയെയും, ഭൗതികതത്വജ്ഞാനത്തെയും, ഭൗമികപറുദീസായിലെ മാർഗ്ഗദർശകയായ ബിയാട്രീസ് ദൈവികജ്ഞാനത്തെയും പ്രതിനിധീകരിക്കുന്നു. ഡിവീനാ കൊമീഡിയായിലെ പ്രമേയം മുഴുവനും ഈ ആദ്ധ്യാത്മികമായ അർത്ഥത്തോടുകൂടി മനസ്സിലാക്കാവുന്നതാണ്.

പ്രസ്തുതമഹാകാവ്യം ഒരു മിസ്റ്റിക്കവിതയായിരിക്കുന്നതുപോലെതന്നെ ത്രയോദശാബ്ദശതകത്തിലെ ഇററലി ചിത്രീകൃതമായിട്ടുള്ള ഒരു ആലേഖമാണെന്നും പറയാം. 'റോസെററി', ഡയോനിസി' മുതലായ വിമർശകന്മാർ ചെയ്തിരിക്കുന്നതുപോലെ ചരിത്രപരമായ അർത്ഥത്തെ മുൻനിർത്തിയും ഈ കാവ്യത്തെ വ്യാഖ്യാനിക്കാവുന്നതാണ്. അരണ്യത്തിലകപ്പെട്ടിരിക്കുന്ന കവി രാഷ്ട്രീയാനാഥത്വത്തിൽ അധഃപതിച്ചിരിക്കുന്ന റോമൻജനതയാണ്. അരണ്യത്തിൽ അദ്ദേഹം അഭിമുഖീകരിക്കുന്ന പുള്ളിപ്പുലിയും സിംഹവും ചെന്നായും, ഫ്ളോറൻസും ഫ്രാൻസും റോമായിലെ പേപ്പൽസിംഹാസനവുമത്രെ. അദ്ദേഹത്തിനു മാർഗ്ഗദർശനം ചെയ്യുന്ന വെർജിലും ബിയാട്രീസും, പ്രാചീനറോമൻസാ

ഉദാത്താദർശാനുസൃതമായ രാഷ്ട്രീയാദർശങ്ങളും കത്തോലിക്കമതപ്രോക്തമായ ആദ്ധ്യാത്മികതത്വങ്ങളും ആകുന്നു. വെർജിൽ, താനാരെന്നു ഡാൻറിയെ പരിചയപ്പെടുത്തുന്നതുതന്നെ ഇങ്ങനെയാണ്:

"And born of Lombard parents, Mantuans both
By country, when the power of Julius yet
Was scarcely firm. At Rome my life was past
Beneath the mild Augustus, in the time
Of fabled deities and false......... ..."

ജൂലിയസ് സീസർ റോമാസാമ്രാജ്യത്തിൻെറ സർവ്വാധിപതിയാകുന്നതിനു മുമ്പ് അവിടെ നിലവിലിരുന്ന ജനായത്തഭരണസമ്പ്രദായമാണല്ലോ ഡാൻറിയുടെയും രാഷ്ട്രീയാദർശം. ആ വിധത്തിൽ നോക്കിയാൽ, 13-ം 14-ം ശതാബ്ദങ്ങളിലെ ഇററലിയുടെ രാഷ്ട്രീയചരിത്രമാണ് ഈ ഗ്രന്ഥത്തിലെ പ്രമേയമെന്നു പറയാം.

ഏതർത്ഥത്തിൽ വ്യാഖ്യാനിച്ചാലും, ലോകസാഹിത്യത്തിലെ ഏററവും ആസ്വാദ്യമായ ഒരു ഭാഗമാണ് ഡാൻറിയുടെ 'നരകം.' മരണാനന്തരജീവിതത്തിൽ പാപികൾ അനുഭവിക്കുന്ന പീഡനങ്ങൾ, ഈ ലോകത്തിൽ മനുഷ്യർ അനുഭവിക്കുന്ന ബന്ധനങ്ങൾപോലെതന്നെ ആയിരിക്കുമെന്നു മഹാകവി വിചാരിച്ചിരിക്കുന്നു. ഡാൻറിയുടെ നരകം, അദ്ദേഹത്തിൻെറ മുൻപിൽ കാണപ്പെട്ട മനുഷ്യരുടെ തിന്മയും നാശവുംതന്നെ. ഡാൻറിയുടെ നരകത്തിൽ ദുരിതമനുഭവിക്കുന്നവർ, അദ്ദേഹത്തിൻെറ മുൻപിൽകണ്ട പാപികളാകുന്നു. പാപംചെയ്തിട്ടു പശ്ചാത്തപിക്കാത്ത നിർഭാഗ്യരെപ്പററി ഡാൻറിക്കു യാതൊരു അനുകമ്പയുമില്ല. തൻെറ രഹസ്യശത്രുക്കളെയും രാഷ്ട്രീയശത്രുക്കളെയും നരകത്തിൽതള്ളി അനശ്വരമായ ദുഃഖത്തിനു പാത്രമാക്കിയെന്നുള്ള ന്യൂനതയൊഴിച്ചാൽ, ഡാൻറിയുടെ നരകകല്പനയെപ്പററി കുററാരോപണംചെയ്യുവാൻ യാതൊരു വിമർശകനും ധൈര്യപ്പെടുന്നതല്ല.

പ്രതിപാദനരീതിയൊഴിച്ചാൽ, ഡാൻറിയുടെ നരകം, മദ്ധ്യയുഗൈതിഹ്യങ്ങൾക്കു സമാനംതന്നെയാണെന്നു പറഞ്ഞുവല്ലോ; എന്നാൽ അദ്ദേഹത്തിൻെറ ശോധനസ്ഥലം അങ്ങനെയല്ല; സുന്ദരതാരകാദികൾക്കു താഴെ, ഉദയാസ്തമനങ്ങളുടെ ജാജ്വല്യമാനമായ പ്രകാശത്തിൽ, ലോകകല്മഷങ്ങളിൽനിന്നു മർത്ത്യനെ വിമലീകരിച്ച്, സാക്ഷാത്തായ പുണ്യത്തിലും ധാർമ്മികവും മാനസികവുമായ സ്വാതന്ത്ര്യത്തിലും പുനരുജ്ജീവിപ്പിച്ച്, പറുദീസായിലേക്കു് ആനയിക്കുന്ന അദ്ദേഹത്തിൻെറ "ശോധനാശൈല" കല്പനപോലെ അത്ഭുതകരവും ഭാവനാസമ്പന്നവുമായ കവിതാഭാഗം

സാഹിത്യത്തിൽ അപൂർവ്വമാകുന്നു. ആദ്ധ്യാത്മികവും സ്നേഹമസൃണവുമായ പ്രസ്തുതപ്രസ്താവനകൾ സർവ്വദാ, സാർവ്വത്രികമായി, ഒന്നുപോലെ ഹൃദയാവർജ്ജകങ്ങളും പ്രിയതരങ്ങളുമാകുന്നു. അതിന്റെ ആരംഭത്തിൽ തന്നെ പ്രേമധ്വനി പ്രതിധ്വനിക്കപ്പെടുന്നു. പ്രേമപ്രബോധകശക്തിയെ പ്രദാനംചെയ്യുന്നതും പൂർവ്വദിശാഭാഗത്തെ പ്രകാശമാനമാക്കുന്നതുമായ ആ സുന്ദരഗ്രഹത്തെ— ബിയാട്രീസിനെ—കവി ദർശിക്കുന്നു. അദ്ദേഹത്തിന്റെ കാവ്യാന്തരഭാഗങ്ങളിൽ ഒരു നിർവ്വാഹകവും പ്രേരകവുമായിരിക്കുന്നതു സാക്ഷാൽ പ്രേമംതന്നെ. ഇന്നത്തെ അർത്ഥത്തിലല്ലാ പ്രേമത്തെ ഇവിടെ വിവക്ഷിച്ചിരിക്കുന്നതു്. പ്രത്യുത, നിർജ്ജീവമായാലും സജീവമായാലും, സ്പർശനശക്തിയുള്ളതായാലും ഇല്ലാത്തതായാലും, എല്ലാ സൃഷ്ടികളെയും അവയുടെ പ്രകൃതിദത്തമായുള്ള ആത്മീയശാസനകളെ അനുസരിക്കുന്നതിനു നിർബന്ധിക്കുന്ന മഹാശക്തി ഏതോ, അതിനെയാണു് ഇവിടെ വിവക്ഷിച്ചിരിക്കുന്നതു്. "Ordina quest' amore, o tu che-m'ami" (നല്ലായാ, എന്നെ സ്നേഹിക്കുന്നവനായുള്ളോവേ, ഈ പ്രേമം ക്രമീകരിക്കുക) എന്നു് ആ ഫ്രാൻസിസ്കൻസന്യാസി ജാക്കപ്പോൺ ഡാറോഡി ക്രിസ്തുവിന്റെ നാമത്തിൽ പറഞ്ഞതുപോലെ, ശുദ്ധീകരണസ്ഥലം ജീവൻ പ്രേമത്തെ ക്രമീകരിക്കുന്നതിനും സത്യത്തിൽ സ്ഥാപിക്കുന്നതിനുമുള്ള മഹായത്നം നടക്കുന്ന ഒരു സ്ഥലമായി കവി ഭാവനചെയ്തിരിക്കുന്നു.

നിഷ്കളങ്കമായ പ്രണയം, നിസ്വാർത്ഥമായ പ്രേമം, അതിപരിശുദ്ധമായ അനുരാഗം! ഇതു ഭുവനത്തിൽനിന്നു സ്വർഗ്ഗീയഭവനത്തിലേയ്ക്കുള്ള പന്ഥാവാണെന്നു മഹാകവി നമ്മെക്കൊണ്ടു് ഉച്ചൈസ്തരം ഉൽഘോഷിപ്പിക്കുന്നു. അത്യുന്നതമായ ദൈവസിംഹാസനംവരെ എത്തുന്നവരുടെ ആത്മീയമഹത്വം ദൃശ്യമായിരുന്നാ, ആ നിജനായികയെപ്പററിയുള്ള പ്രശംസകളിൽക്കൂടെമാത്രമേ ഈ പ്രേമദാസൻ സൗഭാഗ്യങ്ങളെ ദർശിക്കുന്നുള്ളൂ. അവരുടെ സ്തുതിപാഠത്തെ ആരോഹണംചെയ്യുമ്പോഴേയ്ക്കും സർവ്വവിധമായ മലിനമലിനതകളും ദൂരീകൃതമാകുന്നു. അവളുടെ ദർശനംതന്നെ മഹത്വത്തിനു നിദാനമായിരിക്കുന്നു. ദൈവികസൗന്ദര്യം പ്രതിഫലിച്ചിരിക്കുന്ന അതിനിർമ്മലമായ ദർപ്പണംതന്നെയാണവൾ. അതേ, അവൾ "ഒരു അത്ഭുതപ്രവർത്തനത്തിനായി സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേയ്ക്കു വന്നവൾ തന്നെ." "എന്റെ നായികയെ വീക്ഷിക്കുന്നവൻ സർവ്വവിധ രക്ഷണങ്ങളും സമ്പൂർണ്ണമായി ദർശിക്കുന്നു. അവൾ ലോകത്തിൽനിന്നു മറയുമ്പോൾ നമുക്കു് അശോകമനുഭവിക്കുന്ന അവളുടെ സൗന്ദര്യസുധ, സ്വർഗ്ഗത്തിൽ സ്നേഹപ്രകാശം ജ്വലിപ്പിക്കുകയും, സ്വർഗ്ഗവാസികളെ അത്ഭുതപരതന്ത്രരാക്കുകയും ചെയ്യും."

ഷെല്ലി പറയുന്നതുപോലെ "പ്രേമമെന്നിയേ മററു വസ്തുക്കൾ ഉപാസനീയമാക്കുന്ന"മതങ്ങളെയെല്ലാ കഥയാണ് ഡാൻറിയുടെ "പറുദീസാ"യിൽ അടങ്ങിയിരിക്കുന്നത്. അദ്ദേഹത്തിന മാർഗ്ഗദർശനംചെയ്യുന്നതും അചഞ്ചലനിയമമായിരിക്കുന്നതും തന്റെ ഭാവനകൾക്കെല്ലാം ഒരു വ്യാഖ്യാനമായിരിക്കുന്നതും, ഈ പ്രേമം ഒന്നുമാത്രമാണ്. പ്രേമം ഏതുപ്രകാരം നന്മയ്ക്കും തിന്മയ്ക്കും നിദാനമാകാമെന്ന ശോധനാസ്ഥലത്തിൽ നല്ലപോലെ വർണ്ണിച്ച മഹാകവി, പറുദീസായിൽ, നവവൃന്ദങ്ങളിൽ ഏററവും ഉന്നതമായുള്ള 'സെറാഫിൻ'മാലാഖമുതൽ ഇങ്ങേഅററത്തെ അണുജീവിവരെയുള്ള ഓരോ സൃഷ്ടിയുമുൾപ്പെട്ട ഈ അണ്ഡകടാഹം ഏതുവിധം പ്രേമനൃത്തംചെയ്യുന്നുവെന്നു കാണിക്കുന്നു. അദ്ദേഹത്തിന്റെ ദർശനാവസാനത്തിൽ, ദിവ്യപ്രകാശത്തിന്റെ സഹായത്താൽ പരമൈക്യത്തെ ദൃഷ്ടാന്തീകരിക്കത്തക്കവണ്ണം പ്രേമം ഏതുപ്രകാരം ഈ പ്രപഞ്ചവസ്തുക്കളെ ഒന്നാക്കി ബന്ധിക്കുന്നുവെന്നു മഹാകവി വീക്ഷിക്കുന്നു.

"Nel suo profondo vidi che s'interna,
Legato con amore in un volume,
Sia che per l'universo si squaderna."

(അതിന്റെ അഗാധതകളിൽ, ഈ അണ്ഡകടാഹസമുച്ചയത്തിൽ, ചിതറപ്പെട്ടുകിടക്കുന്ന ഓരോ താളും ശേഖരിച്ച്, സ്നേഹത്താൽ ബന്ധിതമായ ഒരു ഗ്രന്ഥമാക്കിത്തീർക്കുന്നതു ഞാൻ കണ്ടു.)

ബിയാട്രീസും ഡാൻറിയുമായുള്ള ബന്ധത്തിൽനിന്നു നമുക്ക്, ഈ മഹാകവിയുടെ ഭാവനകളുടെ ഗൂഢാത്മത നിഷ്പ്രയാസം ഗ്രഹിക്കാം. ശോധനസ്ഥലത്തിലെ ശുദ്ധീകരണശക്തിയാൽ ക്രമീകരിക്കപ്പെട്ട പ്രേമം, പറുദീസായിലെ ഗ്രഹോപഗ്രഹങ്ങളിൽ അത്യധികം സമ്പൂർണ്ണമായി ഉയർത്തപ്പെട്ടിരിക്കുന്നു. മററെല്ലാ ആശകളും ദൂരീകൃതമായി, അവസാനം ദൈവത്തിന വിധേയമായി ആത്മാവു ദിവ്യദർശനത്തിൽ ലയിച്ച്, സത്യസമ്പൂർണ്ണതയിലും യഥാർത്ഥസൗന്ദര്യത്തിലും ദിവ്യശക്തിയുമായി ഏകീഭവിക്കുന്നു. "ആകാശത്തിലെ സൂര്യനെയും സപ്തനക്ഷത്രങ്ങളെയും ചലിപ്പിക്കുന്ന സ്നേഹത്താൽ പ്രേരിതമായി, തുല്യവേഗത്തിൽ ചരിക്കുന്ന ഒരു ചക്രംപോലെ, ഇച്ഛാശക്തി മുന്നോട്ടു കുതിക്കു"ന്നതായി പ്രസ്താവിച്ചുകൊണ്ടാണല്ലോ മഹാകവി തന്റെ ദർശനം അവസാനിപ്പിക്കുന്നത്. അത്യന്തനിഷ്യന്ദിയായ കാവ്യരസം തുളുമ്പുന്ന ഈ മനോഹരകൃതി വായിക്കുന്നവരുടെ ഇച്ഛാശക്തിയും എപ്പോഴും മുന്നോട്ടു കുതിക്കുകതന്നെ ചെയ്യുന്നു.

# കൊച്ചി രാമവർമ്മമഹാരാജാവിന്റെ

# ഒരു ശിലാശാസനം.

(ഉള്ളൂർ)

ഞാൻ ഒരു രാമവർമ്മമഹാരാജാവിനെ നിശ്ചയിച്ചതായി പ്രൊഫെസ്സർ കെ. രാമപ്പിഷാരടി അവർകൾ എഴുതിയ ഒരു ലേഖനവും അതിനുള്ള എന്റെ മറുപടിയും ത്രൈമാസികത്തിന്റെ ൯-ാം ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്റെ മറുപടിയിൽ ഞാൻ പ്രധാനമായി ആശ്രയിക്കുന്നത്, ഞാൻ നിശ്ചയിച്ച എന്ന മി: പിഷാരടി പറയുന്ന രാമവർമ്മമഹാരാജാവിന്റെ വകയായി ശാലിവാഹനശകാബ്ദം 1498 (ക്രി: പി: 1572) മാർകഴിമാസം 12-ാം-ഉ ചിദംബരക്ഷേത്രത്തിൽ കൊത്തപ്പെട്ടുകാണുന്ന ഒരു ശിലാശാസനമാണ്. ആ രേഖ മുഴുവൻ വായിക്കുന്നതിന വായനക്കാർക്ക് കൗതുകമുണ്ടായിരിക്കുമെന്നുള്ളതിനാൽ അതു തമിഴ്‌ലിപിയിൽനിന്ന മലയാളലിപിയിൽ പകർത്തി താഴെ ഉദ്ധരിച്ചുകൊള്ളുന്നു. അപ്രകാരമിരിക്കുന്ന ഈ ശാസനം കൊച്ചിക്ക് അത്യന്തം അഭിമാനഹേതുകവും വായനക്കാരുടെ സംശയത്തിന പൂർണ്ണവിരാമമിടുവാൻ പര്യാപ്തവുമാണ്.

## ശിലാശാസനം.

സ്വസ്തിശ്രീ ശകാബ്ദം ൧൪൯൪-ൽ മേൽചെല്ലാനിന്റ ധാതു വരുഷം മാർകഴി മാതം ൰൨-ാം സ്വാമി ചിദംബരേശ്വരനക്ക ചേരമാൻ പെരുമാളാം നായനാർ ഗോത്രജ്ഞ കൊച്ചി പെരുമ്പടപ്പ് മൂത്ത വിഴാകനാമം പിറന്ത രാമവന്മ മകാരാചാവിൻ തൻമമാക ആനന്ത താണ്ഡവപ്പെരുമാൾ നായനാർ അപിഷേകത്തിൽ രാമവൻമൻ ചന്തി തിരുമുൻതളിക്കെ ആക അപിഷേകകട്ടളെയിലെ തളിക്കെ ൰൨ ചമ്പ കട്ടളെയിലെ തളിക്കെ ൯. നെയ് കട്ടിളെയിലെ തളിക ൩-ം വടെ കട്ടിളെയിലെ തളിക്കെ ൩-ം ഉപ്പുവ കട്ടിളെയിലെ തളിക്കെ ൩-ം ആകതളിക്കെ ൩൩. രാമവന്മ മകാരാചാവിൻ തന്മമാക ആനന്തതാണ്ഡവപ്പെരുമാൾ നായനാർ ചന്നതിയിലെ നൈവേത്തിയം പണ്ണ ഇരുക്ക ചിലവു പിരാമണപോചനത്തുക്ക തളിക്കെ ൰൦-ം മഹേശ്വരരുക്കു തളിക്കെ ൰൦-ം ചിറച്ചിലവുപേർക്ക് തളിക്കെ ൰൦-ം ആക തളിക്കെ ൩൩. കൊച്ചി രാചാവിൻ കാരിയം ചിതംപരേശ്വരൻ അപിഷേകകട്ടിളെ കലിയരായൻ കല്പിത്തപടിയെ അന്തക്കട്ടിളെ യാതും താനും നടത്തക്കടവർകളാക അപിഷേക കട്ടിളെ കലിയരായൻ.

രജിസ്റ്റർ ചെയ്യപ്പെട്ട

# സമസ്തകേരളസാഹിത്യപരിഷത്തിന്റെ

# ആറാം വാർഷികയോഗം.

പരിഷന്നിയമാവലിയിലെ ഒൻപതാംവകുപ്പനുസരിച്ചുള്ള ആറാമത്തെ വാർഷികസമ്മേളനം 1113 മേടം 15-ാംനു- വൈകുന്നേരം 7 മണിക്ക്, കോട്ടയം സി. എം. എസ്. കാളേജിൽവെച്ചു മഹാകവി ഉള്ളൂരിന്റെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീമാന്മാരായ പി. ശങ്കരൻനമ്പ്യാർ എം. എ., ജോസഫ് മുണ്ടശ്ശേരി എം. എ., കെ. സി. മാത്യു ബി. എ., ബി. എൽ., മള്ളൂർ ഗോവിന്ദപ്പിള്ള ബി. എ., ബി. എൽ, വടക്കുംകൂർ രാജരാജവർമ്മരാജാ, കോങ്ങോട്ടു കൃഷ്ണൻനായർ, പുലിയന്നൂർ എസ്. രാമയ്യർ, വെള്ളൂത്തളം കരുണാകരൻനായർ ബി. എസ്‌സി., എൽ. റി, എം. ഒ. ജോസഫ്, വിദ്വാൻ എ. ഡി. ഹരിശർമ്മ, വെണ്മലാട്ടു കരുണാകരൻനായർ മുതലായ പല പരിഷദംഗങ്ങളും ഹാജരുണ്ടായിരുന്നു. 112-113 പരിഷത്സംവത്സരത്തിലെ വാർഷികവിവരണം കാര്യദർശി മി: ഹരിശർമ്മയും, ആ കൊല്ലത്തെ വരവുചെലവുകണക്കും അടുത്തകൊല്ലത്തെ ബഡ്ജററും ഖജാൻജി മി: കരുണാകരൻനായരും യോഗത്തിൽ വായിച്ചു; യോഗം അംഗീകരിച്ചു. താഴെ പേരുപറയുന്ന ആളുകളെ അടുത്തകൊല്ലത്തെ നിർവ്വാഹകസംഘാംഗങ്ങളായി തിരഞ്ഞെടുത്തു.

| | | | |
|---|---|---|---|
| 1. | ഉള്ളൂർ പരമേശ്വരയ്യർ | അവർകൾ | അദ്ധ്യക്ഷൻ |
| 2. | എ. ഡി. ഹരിശർമ്മ. | ,, | കാര്യദർശി |
| 3. | എം. ഒ. ജോസഫ് | ,, | സഹകാര്യദർശി |
| 4. | വി. കരുണാകരൻനായർ | ,, | ഖജാൻജി |
| 5. | അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട് | | |
| 6. | അമ്മാമൻ തമ്പുരാൻ | ,, | |
| 7. | മള്ളൂർ ഗോവിന്ദപ്പിള്ള | അവർകൾ | |
| 8. | മോൺ: ജോൺ പാലോക്കാരൻ | ,, | |
| 9. | ടി. കെ. കൃഷ്ണമേനോൻ | ,, | |
| 10. | കെ. നാരായണപ്പിഷാരടി | ,, | |

11. വടക്കങ്കൂർ രാജരാജവൎമ്മരാജാ അവർകൾ
12. എ. വി. കുട്ടിക്കൃഷ്ണമേനോൻ ,,
13. വെള്ളക്കളത്തു കരുണാകരൻനായർ ,,
14. ജോസഫ് മുണ്ടശ്ശേരി ,,
15. കെ. സി. മാത്യു ,,
16. ഡാക്ടർ എൽ. എ. രവിവൎമ്മ ,,
17. ,, സി. കുഞ്ഞൻരാജാ ,,
18. ഇ. വി. രാമൻനമ്പൂതിരി ,,
19. കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ് ,,
20. പി. ശങ്കരൻനമ്പ്യാർ ,,
21. വിദ്വാൻ ജി. ശങ്കരക്കുറുപ്പ് ,,
22. ടി. ബാലകൃഷ്ണൻനായർ ,,
23. കൊങ്ങോട്ടു കൃഷ്ണൻനായർ ,,
24. കരിമ്പാററ ലക്ഷ്മിക്കുട്ടിനേത്യാരമ്മ ,,
25. അമ്പാടി ഇക്കാവമ്മ ,,



അടുത്ത ഒരു കൊല്ലത്തേയ്ക്കു പരിഷത്ത്രൈമാസികത്തിൻെറ പത്രാധിപസമിതിയിലെ അംഗങ്ങളായി താഴെ പേരുപറയുന്നവരെ തിരഞ്ഞെടുത്തു.

1. ഉള്ളൂർ പരമേശ്വരയ്യർ, എം. എ., ബി. എൽ.
2. എ. ഡി. ഹരിശൎമ്മ, എം. ആർ. എ. എസ്.
3. പി. ശങ്കരൻനമ്പ്യാർ, എം. എ.
4. ടി. കെ. കൃഷ്ണമേനോൻ, ബി. എ.
5. വടക്കങ്കൂർ രാജരാജവൎമ്മരാജാ.
6. ജോസഫ് മുണ്ടശ്ശേരി, എം. എ.
7. കെ. സി. മാത്യു, ബി. എ., ബി. എൽ.

പത്രാധിപസമിതിയിലെ അംഗങ്ങളിൽ ഓരോരുത്തരും പരിഷത്ത്രൈമാസികത്തിൻെറ പുരോഗതിക്കായി ഹൃദയപൂൎവ്വം പ്രവൎത്തിക്കേണ്ടതാണെന്നുള്ള അദ്ധ്യക്ഷൻെറ അഭ്യൎത്ഥനയോടുകൂടി 8 മണിക്കു യോഗം പിരിഞ്ഞു.

# ൧൧൧൨-൧൧൧൩ പരിഷത്സംവത്സരത്തിലെ വാർഷികവിവരണം.

രജിസ്റ്റർചെയ്ത സമസ്തകേരളസാഹിത്യപരിഷത്തിന്റെ ആറാമത്തെ വർഷാന്തവിവരണം —1112 ധനുമുതൽ 1113 മീനംവരെയുള്ള കാലഘട്ടത്തിലെ ചെയ്തികളുടെ ഒരു ചുരുങ്ങിയ വിവരണം—സഹൃദയന്മാരായ പരിഷത്സാമാജികന്മാരുടെ മുമ്പിൽ സമർപ്പിക്കുന്നതിന് എനിക്ക് അതിയായ സന്തോഷമുണ്ട്. ഭാഷാപോഷണമെന്ന പ്രധാന ലക്ഷ്യത്തെ മുൻനിർത്തി സംസ്ഥാപിതമായിട്ടുള്ള സാഹിത്യപരിഷത്തിനു ചെയ്യേണ്ടതായി പലതുമുള്ളതിൽ വളരെ കാര്യം ചെയ്യാൻകഴിഞ്ഞിട്ടില്ലെങ്കിലും, അത്രയും സാധിച്ചല്ലൊ എന്നുള്ള ചാരിതാർത്ഥ്യമാണ് പ്രവർത്തകന്മാർക്കുള്ളത്.

<u>ലാഭം.</u> പ്രസ്തുത പരിഷത്സംവത്സരത്തിൽ നടന്നവയും പരിഷത്തിന് അഭിമാനജനകങ്ങളുമായ ഒന്നുരണ്ടു സംഗതികളെ ഇവിടെ രേഖപ്പെടുത്തുകയാണ് എന്റെ സന്തോഷാവഹമായ പ്രഥമകൃത്യം. പരിഷത്തിന്റെ രക്ഷാധികാരികളിൽ തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലേയ്ക്ക് അണ്ണാമലസർവ്വകലാശാലയിൽനിന്ന് ഡി. ലിററ് എന്ന ബിരുദവും, കൊച്ചിമഹാരാജാവുതിരുമനസ്സിലേയ്ക്ക് കാശി സർവ്വകലാശാലയിൽനിന്ന് എൽ. എൽ. ഡി. എന്ന ബഹുമതിയും സിദ്ധിച്ചുവെന്നുള്ളതാണ് ഇവിടെ രേഖപ്പെടുത്താനുള്ള സന്തോഷസംഭവങ്ങളിൽ ഒന്ന്. പരിഷത്തിന്റെ രക്ഷാധികാരികൾക്കു സംസിദ്ധമായ ഈ ബഹുമതിയിൽ പരിഷത്ത് അത്യധികം അഭിമാനംകൊള്ളുന്നു.

പരിഷത്തിന്റെ അദ്ധ്യക്ഷനും ജീവനാഡിയുമായ മഹാകവി ഉള്ളൂരിന്റെ ഷഷ്ട്യബ്ദപൂർത്ത്യാഘോഷമായിരുന്നു രണ്ടാമത്തെ സംഗതി. കേരളത്തിന്റെ നാനാഭാഗങ്ങളിലും ആ സുദിനം യഥോചിതം കൊണ്ടാടപ്പെടുകയും പലേടത്തും സ്മാരകങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. പരിഷത്തും എറണാകുളത്ത് ഒരു അനുമോദനയോഗം നടത്തുകയും, ആ സുദിനസ്മാരകമായി ഒരു ഗ്രന്ഥശാല ഏർപ്പെടുത്തണമെന്നു തീരുമാനിക്കുകയും, ഒരു സ്മാരകപ്രസിദ്ധീകരണം പുറത്താക്കുകയും ചെയ്തു. പരിഷത്ത് ഏർപ്പെടുത്തുവാൻ തീരുമാനിച്ച ഗ്രന്ഥാലയം "ഉള്ളൂർ പരമേശ്വരയ്യർ

ഷഷ്ട്യബ്ദപൂർത്തിസ്മാരകം" എന്ന പേരിൽ എറണാകുളം പബ്ലിക് ലൈബ്രറിയുടെ ഒരു വിഭാഗമായി ആരംഭിക്കുന്നതു യുക്തമായിരിക്കുമെന്നു തോന്നുകയാൽ, അതിനുവേണ്ടി പ്രവർത്തകസമിതി പബ്ലിക്ക്‌ലൈബ്രറിപ്രവർത്തകന്മാരുമായി എഴുത്തുകുത്തുനടത്തിക്കൊണ്ടിരിക്കുകയാണ്. മഹാകവിയുടെയും പരിഷത്തിന്റെയും നേരെ സ്നേഹവും ബഹുമാനവുമുള്ള ഭാഷാപ്രണയികളുടെ സഹായസഹകരണങ്ങളോടുകൂടി ഈ ഗ്രന്ഥാലയം വിജയകരമാക്കാമെന്നു കമ്മിററി പ്രതീക്ഷിക്കുന്നു.

നഷ്ടം. പ്രസ്തുതവർഷത്തിൽ ഭാഷാസാഹിത്യലോകത്തിനു പൊതുവേയും പരിഷത്തിനു പ്രത്യേകിച്ചും അപരിഹാര്യങ്ങളായ ചില നഷ്ടങ്ങൾ നേരിട്ടിട്ടുള്ള വസ്തുതയും ഇവിടെ വ്യസനപൂർവ്വം രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. ശ്രീമാന്മാരായ സി. പി. അച്യുതമേനോൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, കപ്പക്കാട്ടു നാരായണമേനോൻ, സക്കറിയ ഒല്ലൂ, പി. കെ. നാരായണപിള്ള, വി. കൃഷ്ണൻതമ്പി, കെ. പി. കറുപ്പൻ, ഈ. വി. കൃഷ്ണപിള്ള എന്നിങ്ങനെ പല സാഹിത്യകാരന്മാരും നമുക്കു നഷ്ടപ്പെട്ടതു് ഈ കൊല്ലത്തിലാണ്. മി: പി. കെ. നാരായണപിള്ളയും മി: വി. കൃഷ്ണൻതമ്പിയും മി: സി. പി. അച്യുതമേനോനും പരിഷത്സമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചിട്ടുള്ളവരാണ്. ശ്രീമാൻ ഈ. വി. ഒരുകൊല്ലം രജിസ്ത്ര്‌ചെയ്ത പരിഷത്തിന്റെ സിക്രട്ടറിയായിരുന്നു. പല സമ്മേളനങ്ങളിലും പ്രസംഗിച്ചിട്ടുമുണ്ട്. ഇവരെല്ലാം പരിഷന്നിർവ്വാഹകസംഘത്തിൽ അംഗങ്ങളായിരുന്നു പരിഷത്തിനു വിലയേറിയ സേവനംചെയ്തിട്ടുള്ളവരത്രെ. മററുള്ളവരും സാഹിത്യത്തിനുവേണ്ടി യഥാശക്തി പ്രയത്നിച്ചിട്ടുള്ളവരാണ്. ഇവരുടെ ദേഹവിയോഗം സാഹിത്യത്തിനും പരിഷത്തിനും ഒരു തീരാനഷ്ടമാകുന്നു. സാഹിത്യപ്രണയികളായിരുന്ന ഇവരുടെ ആത്മാക്കൾക്കു നമുക്കു നിത്യശാന്തിയെ പ്രാർത്ഥിക്കാം.

യോഗങ്ങൾ. രജിസ്ത്ര്‌ചെയ്ത പരിഷത്തിന്റെ അഞ്ചാമത്തെ വാർഷികസമ്മേളനം കഴിഞ്ഞകൊല്ലം മഹാകവി ഉള്ളൂരിന്റെ അദ്ധ്യക്ഷതയിൽ 1112 ധനു 15-ാംനു- തിരുവനന്തപുരത്തുവെച്ചു കൂടി. അന്നു മഹാകവി ഉള്ളൂർ അദ്ധ്യക്ഷനായും ഡാ: എ. ഡി. ഹരിശർമ്മ, ശൂരനാട്ടു കുഞ്ഞൻപിള്ള എന്നിവർ കാര്യദർശിമാരായും മി: വി. കരുണാകരൻനായർ ഖജാൻജിയായും മററു 21 പേർ അംഗങ്ങളായുമുള്ള ഒരു പ്രവർത്തകസമിതിയെ തിരഞ്ഞെടുക്കുകയും, ഗദ്യം, പദ്യം, ശാസ്ത്രം, ചരിത്രവും ഗവേഷണവും, നിരൂപണം ഇവയ്ക്കു് ഓരോ ഉപപത്രാധിപസമിതികളെ

നിശ്ചയിക്കുകയുംചെയ്തു. 1112 ഇടവം 20-ാംനു- നിർവ്വാഹകസംഘത്തിന്റെ ഒരു വിശേഷാൽയോഗം മി: ടി. കെ. കൃഷ്ണമേനവന്റെ അദ്ധ്യക്ഷതയിൽ കൂടി ഉള്ളൂരിന്റെ ഷഷ്ട്യബ്ദപൂർത്തിയിൽ അദ്ദേഹത്തെ അഭിനന്ദിച്ച് ഒരു പ്രമേയം പാസ്സാക്കുകയും, അദ്ദേഹത്തിന് അനുമോദനരൂപത്തിൽ ഒരു കമ്പിസന്ദേശം അയച്ചുകൊടുക്കുകയുംചെയ്തു. പി. കെ. നാരായണപിള്ള അവർകളുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിനായി പ്രവർത്തകസംഘത്തിന്റെ ആഭിമുഖ്യത്തിൽ എറണാകുളത്തു് ഒരു പൊതുയോഗം നടത്തുകയുണ്ടായി. പ്രവർത്തകസമിതിയുടെ യോഗങ്ങൾകൂടി കൃഷ്ണൻതമ്പി, കുറുപ്പൻ മുതലായവരുടെ ചരമത്തിലും അനുശോചനം രേഖപ്പെടുത്തിയിട്ടുണ്ട്.

<u>ധനസ്ഥിതി.</u> 814 ക 1 ണ 7 പൈയാണ് പരിഷത്തിന്റെ കഴിഞ്ഞകൊല്ലത്തെ വരവ്. ആജീവനസാമാജികന്മാരുടെ വരിസംഖ്യവകയായ 105ക സ്ഥിരം നിക്ഷേപവും, 130 ക 12 ണ 4 പൈ നീക്കിയിരിപ്പുംകഴിച്ച് 578ക 5 ണ 3 പൈ ചെലവായിട്ടുണ്ട്. കണക്കുനോക്കിയാൽ, സ്ഥിരം നിക്ഷേപംമാത്രമേ പരിഷത്തിന് ഒരു ധനമായിട്ടുള്ളു എന്നു കാണാം. സാധാരണ സാമാജികന്മാരായും ആജീവനസാമാജികന്മാരായും ചേർന്നു കേരളീയരുടെ പൊതുസ്വത്തായ സാഹിത്യപരിഷത്തിനെ സഹായിക്കണമെന്ന് എല്ലാ സാഹിത്യപ്രണയികളോടും അപേക്ഷിച്ചുകൊള്ളുന്നു.

<u>ഉപസംഹാരം.</u> പരിഷത്തു ചെയ്യേണ്ടതായി പലതുമുണ്ട്; നിർദ്ദേശങ്ങൾ തരാനുള്ള ആളുകൾക്കും മുട്ടും കുറവില്ല. പണംമാത്രമേ ഇല്ലാതെയുള്ളു. മലയാളം നമ്മുടെ മാതൃഭാഷയാണെന്നും, മാതൃഭാഷയെ പോഷിപ്പിക്കേണ്ടതു നമ്മളിൽ ഓരോരുത്തന്റെയും കടമയാണെന്നുമുള്ള വിചാരം എല്ലാവർക്കുമുണ്ടാകുമെങ്കിൽ എല്ലാം ശുഭമായി.

എറണാകുളം, } എ. ഡി. ഹരിശർമ്മ,
10—9—1113. } കാര്യദർശി.

സമസ്തകേരളസാഹിത്യപരിഷത്തുവക കണക്കുകൾ 1112 ധനുമുതൽ 1113 വൃശ്ചികം അവസാനംവരെ എഴുതിട്ടുള്ളതു പരിശോധിച്ചു. 1113 കുംഭം 4-ാം൹-കളിലാണ പരിശോധിച്ചതു്.

വരവുചിലവിന്നും നീക്കിയിരിപ്പിന്നും ഒരു സ്റ്റേററുമെൻറു താഴെ ചേർക്കുന്നു.

**വരവ്.**

| | വിവരം. | ക. | ണ. | പ. |
|---|---|---|---|---|
| 1 | കഴിഞ്ഞകൊല്ലത്തെ നീക്കിയിരിപ്പു | 25 | 8 | 10 |
| 2 | വരിസംഖ്യ | 610 | 7 | 3 |
| 3 | ആജീവനാന്തമെമ്പർമാരുടെ സംഭാവന | 105 | 0 | 0 |
| 4 | പഴയപത്രം വിററതു | 5 | 4 | 0 |
| 5 | വസൂലിക്കയാനിക്ക കൊടുക്കാനുള്ളതു | 76 | 13 | 6 |
| | തുക. | 823 | 1 | 7 |

**ചിലവ്.**

| | വിവരം. | ക. | ണ. | പ. |
|---|---|---|---|---|
| 1 | [illegible] | 105 | 0 | 0 |
| 2 | സ്റ്റേഷനറി, അച്ചടി | 242 | 2 | 6 |
| 3 | കടലാസ്സുവില | 155 | 8 | 6 |
| 4 | തപാൽചിലവു | 60 | 12 | 0 |
| 5 | കമ്മീഷൻ (ഏജൻറന്മാർക്കു) | 21 | 0 | 0 |
| 6 | [illegible] | 3 | 14 | 0 |
| 7 | [illegible] | 6 | 11 | 6 |
| 8 | [illegible] | 34 | 8 | 0 |
| 9 | ആപ്പീസ്സുചിലവു | 42 | 0 | 0 |
| 10 | ആഡിററർഫീസ്സ് മുതലായവ | 6 | 7 | 6 |
| 11 | ചില്ലറച്ചിലവു | 5 | 5 | 3 |
| 12 | വരിസംഖ്യ മടക്കികൊടുത്തതു | 9 | 0 | 0 |
| | നീക്കിയിരിപ്പു | 130 | 12 | 4 |
| | തുക. | 823 | 1 | 7 |

എറണാകുളം,
5—8—1113.

(*Sd.*) I. Kochukutta Paniker,
Auditor.

(രജിസ്റ്റർചെയ്ത) സമസ്തകേരളസാഹിത്യപരിഷത്ത്

## 1113 ധനുമുതൽ 1114 വൃശ്ചികംകൂടി 1 വർഷത്തെയ്ക്കുള്ള ബഡ്ജറ്റ്.

വരവ്

| | ഇനങ്ങൾ | 12ധനുമുതൽ 13കന്നിവരെ ബഡ്ജറ്റ് | 12ധനുമുതൽ 13വൃശ്ചികംകൂടി വരവ് | 13ധനുമുതൽ 14വൃശ്ചികംകൂടി ബഡ്ജറ്റ് |
|---|---|---|---|---|
| 1 | വരിസംഖ്യ | 600 ,, ,, | 601 7 3 | 600 ,, ,, |
| 2 | പഴയമാസം വില്പന | 25 ,, ,, | 5 4 ,, | 25 ,, ,, |
| 3 | ആജീവനാസാമാജിക സംഭാവന | | 105 ,, ,, | 100 ,, ,, |
| | | | | 725 ,, ,, |

ചിലവ്

| | ഇനങ്ങൾ | 12ധനുമുതൽ 13കന്നികൂടി ബഡ്ജറ്റ് | 12ധനുമുതൽ 13വൃശ്ചികംകൂടി ചിലവ് | 13ധനുമുതൽ 14വൃശ്ചികംകൂടി ബഡ്ജറ്റ് |
|---|---|---|---|---|
| 1 | കടലാസ്സ്, അച്ചടിക്കൂലി | 330 0 0 | 397 11 0 | 450 ,, ,, |
| 2 | തപാൽചിലവ് | 50 ,, ,, | 60 12 0 | 60 ,, ,, |
| 3 | കമ്മീഷൻ | 25 ,, ,, | 21 ,, ,, | 20 ,, ,, |
| 4 | ആപ്പീസ്സ് ചിലവ് | 50 ,, ,, | 42 ,, ,, | 50 ,, ,, |
| 5 | വിശേഷാൽ ചിലവ് | 10 ,, ,, | 6 7 6 | 10 ,, ,, |
| 6 | യാത്രച്ചിലവ് | 25 ,, ,, | ,, ,, ,, | 5 ,, ,, |
| 7 | ഒപ്പുകാസി | 5 ,, ,, | 6 2 6 | 5 ,, ,, |
| 8 | ചില്ലറചിലവ് | 20 ,, ,, | 5 5 3 | 10 ,, ,, |
| 9 | കസേര, മേശ, (ഫർനിച്ചർ) | 50 ,, ,, | 34 8 0 | 15 ,, ,, |
| 10 | നീക്കിയിരിപ്പ് | | | 100 0 0 |
| | | | | 725 ,, ,, |

ഖജാൻജി.

സമസ്തകേരളസാഹിത്യപരിഷത്ത്

## 112 ധനുമാസംമുതൽ 113 മേടംവരെ (മീനംകൂടി)യുള്ള കടധനക്കണക്ക്.

| കടം. | | | | | ധനം. | | | | |
|---|---|---|---|---|---|---|---|---|---|
| വിവരം. | ക. | ണ. | ച. | റിമാർക്ക് | വിവരം. | ക. | ണ. | ച. | റിമാർക്ക് |
| 1 പുസ്തകവിക്രയനിധിയിൽ കടമായെടുത്തവക | 153 | 8 | 3 | VI-ൽ 3-ാമത്തെ ഇനത്തിന്റെ കടബാദ്ധ്യതയും പെടും | 1 മെമ്പർഷിപ്പ് ഫീസിനത്തിൽ ഗവൺമെന്റ് ബാങ്കിൽ ഡിപ്പോസിറ്റ് | 10 | 0 | 0 | |
| 2 സമ്മേളനാവശ്യം അച്ചടിച്ചതിൽ ചെലവ പ്രസിദ്ധീകരണം VI-ൽ 2-ാമത് അച്ചടിക്കൂലി ഉതവായ തിൽ ബാക്കി | 18 | 6 | 0 | VI-ൽ 3-ാമത്തെ ഇനത്തിന്റെ അച്ചടിക്കൂലി ഇതിലുൾപ്പെടും. | 2 നായർബാങ്കിൽ ഫിക്സഡ് ഡിപ്പോസിറ്റ് | 110 | 10 | 3 | 105 രൂപ ആജീവനാംഗങ്ങളിൽനിന്ന് പിരിച്ചതു കൂടി ചേർന്നതാക |
| 3 ക്ലാർക്ക് കാരണവന്ന 113 ഇടവം മുതൽ 113 മീനംകൂടി 6 മാസത്തെ വേതനം | 30 | 0 | 0 | | 3 ഫർണിച്ചർ | 36 | 8 | 0 | |
| 4 ശ്രീശങ്കരഭവൻ ബിൽഡിങ്സ് 12 ധനു മുതൽ 113 മീനംകൂടി 16 മാസത്തെ വാടക | 16 | 0 | 0 | | 4 കയ്യിരിപ്പുപണം | 20 | 7 | 0 | |
| | 217 | 14 | 3 | | | 117 | 9 | 3 | |

എറണാകുളം, 11—9—1113.

ഖജാൻജി.

## 112 കർക്കടകം 8-ാംനു-മുതൽ 113 മേടം 30-ാംനു-വരെ വരിസംഖ്യ അടച്ചവരുടെ പേരുവിവരം.

| പണമടച്ച ആളുടെ പേരും മേൽവിലാസവും | | ഏതുകാലത്തേക്ക് എന്ന് | സംഖ്യ ക. | ണ. | പ. |
|---|---|---|---|---|---|
| മ. രാ. രാ. ഹെഡ്മാസ്റ്റർ, വി. ജി. എച്ച്. സ്കൂൾ, | ചിറ്റൂർ | 112-ലെ | 3 | 0 | 0 |
| ഹെഡ്മാസ്റ്റർ, ഹൈസ്കൂൾ | കൊടുങ്ങല്ലൂർ | ,, | 3 | 0 | 0 |
| ,, ,, | ചാലക്കുടി | ,, | 3 | 0 | 0 |
| സി. പി. ഗോവിന്ദമേനോൻ, ബി. ഏ. എൽ. റ്റി., | ആലൂർ | ,, | 3 | 0 | 0 |
| പ്രിൻസിപ്പാൾ, മഹാരാജകോളേജ് | എറണാകുളം | ,, | 3 | 0 | 0 |
| ഹെഡ്മാസ്റ്റർ, ഹൈസ്കൂൾ | തൃപ്പൂണിത്തുറ | ,, | 3 | 0 | 0 |
| മാനേജർ, സെൻറ് ആൽബർട്ട്സ് ഹൈസ്കൂൾ, എറണാകുളം | | ,, | 3 | 0 | 0 |
| ഹെഡ്മിസ്ട്രസ്സ്, എൽ. എസ്. ജി. എച്ച്. | മട്ടാഞ്ചേരി | ,, | 3 | 0 | 0 |
| കൊച്ചി സ്വഭാഷാപ്രചാരണത്തിനും 10 പബ്ലിക്ക് ലൈബ്രറികളുടെ | | ,, | 30 | 0 | 0 |
| മിസ്സിസ്സ്. കമലനായർ | തിരുവനന്തപുരം | ,, | 3 | 0 | 0 |
| സി. എൻ. നാരായണൻ മൂസ്സത് അവർകൾ | [illegible] | ,, | 3 | 0 | 0 |
| പനമ്പിള്ളിൽ രാമൻപിള്ള | അയിലൂർ | ,, | 3 | 0 | 0 |
| സിക്രട്ടറി, ചിത്തിരതിരുനാൾ വായനശാല | തിരുവനന്തപുരം | ,, | 2 | 0 | 0 |
| ഹിവിപ്രചാരക നാരായണമേനോൻ അവർകൾ | കോട്ടയം | ,, | 3 | 0 | 0 |
| കരിയാറ ലക്ഷ്മിക്കുട്ടിനേത്യാരമ്മ അവർകൾ | തൃപ്പൂണിത്തുറ | ,, | 3 | 0 | 0 |
| കെ. കണ്ണിരാമൻനായർ അവർകൾ | കോഴിക്കോട് | ,, | 3 | 0 | 0 |
| മദ്രാസ് യൂണിവേഴ്സിറ്റി ലൈബ്രറിയൻ | മദ്രാസ് | ,, | 3 | 0 | 0 |
| മ. മ. ശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട് | തൃശ്ശൂർ | ,, | 3 | 0 | 0 |
| മ. രാ. രാ. ഹെഡ്മാസ്റ്റർ, ഹൈസ്കൂൾ | ഇരിങ്ങാലക്കുട | ,, | 3 | 0 | 0 |
| മ. മ. ശ്രീ രാഘവവർമ്മതമ്പുരാൻ തിരുമനസ്സുകൊണ്ട് | പാറളം | ,, | 3 | 0 | 0 |
| മ. രാ രാ പുലിയന്നൂർ എസ്സ്. മഠത്തിൽ | പാലാ | ,, | 3 | 0 | 0 |
| ലൈബ്രറിയൻ, യൂണിയൻ ക്രിസ്ത്യൻകോളേജ്, | ആലുവായ് | ,, | 3 | 0 | 0 |
| തെക്കേടത്തുമനക്കൽ ശങ്കരൻ മൂത്തിരിപ്പാട് | പുതിയറ | ,, | 3 | 0 | 0 |
| എം. പത്മനാഭയ്യർ, ബി. ഏ., ബി. ഇ. | പാലക്കോട് | ,, | 3 | 0 | 0 |
| പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരി അവർകൾ | തിരുവനന്തപുരം | 112-ലെ | 3 | 0 | 0 |
| എം. ആർ. ബാലകൃഷ്ണവാരിയർ അവർകൾ | തിരുവനന്തപുരം | ,, | 3 | 0 | 0 |
| ഉള്ളൂർ പരമേശ്വരയ്യരവർകൾ | ,, | 113-ലെ | 1 | 1 | 3 |
| വി. കെ. രാമൻമേനോൻ അവർകൾ | ചേന്ദമംഗലം | 112-ലെ | 3 | 0 | 0 |
| ആർ. രംഗനാഥയ്യർ അവർകൾ ബി. ഏ. എൽ. റ്റി. | ഇരവൂർ | ,, | 3 | 0 | 0 |
| വി. ആണ്ടിപ്പിള്ള അവർകൾ, ബി. ഏ., | ആലപ്പുഴ | ,, | 3 | 0 | 0 |
| ഹെഡ്മാസ്റ്റർ, ഹിന്ദി മിഡിൽസ്കൂൾ | കണ്ണപ്പുറ | 113-ലെ | 3 | 0 | 0 |
| ,, ഇംഗ്ലീഷ് ഹൈസ്കൂൾ | കാഞ്ഞിരപ്പള്ളി | ,, | 3 | 0 | 0 |
| വിദ്വാൻ ജി. ശങ്കരക്കുറുപ്പ് അവർകൾ | എറണാകുളം | 112-ലെ | 3 | 0 | 0 |

(ശേഷം 390-ാം ഭാഗത്തിൽ)

# സമസ്തകേരളസാഹിത്യപരിഷത്ത്

# ദ്വാദശസമ്മേളനം.

(ഒരു സംക്ഷിപ്തവിവരണം)

സാഹിത്യപരിഷത്തിന്റെ പന്ത്രണ്ടാമത്തെ സമ്മേളനം കോട്ടയം സി. എം. എസ്സ്. കാളേജ്ഹാളിൽ വെച്ച് ഈ മേടം 14, 15, 16 എന്നീ തിയ്യതികളിൽ ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുന്നു.

## ഒന്നാം ദിവസം

### സമ്മേളനോൽഘാടനം

14-ാംനു- രാവിലെ കൃത്യം എട്ടുമണിക്കു യോഗനടവടികൾ ആരംഭിച്ചു. ഈശ്വരപ്രാർത്ഥനയ്ക്കു ശേഷം, സ്വാഗതസംഘാദ്ധ്യക്ഷനായ ശ്രീമാൻ കെ. സി. മാത്യു, ബി. എ. ബി. എൽ., നി: വ: ദിവ്യശ്രീ ഡാക്ടർ ജോസഫ് അട്ടിപ്പേററി അവർകളെ സദസ്യരുമായി പരിചയപ്പെടുത്തുകയും സമ്മേളനത്തെ ഉൽഘാടനം ചെയ്വാൻ അനുഗ്രഹത്തോടപേക്ഷിക്കുകയും ചെയ്തു. വിജ്ഞാനപ്രദവും സരസവുമായ ഒരു പ്രസംഗത്തിന്റെ അവസാനത്തിൽ, സമസ്തകേരളസാഹിത്യപരിഷത്തിന്റെ പന്ത്രണ്ടാംസമ്മേളനം ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നതായി ആ വൈദികശ്രേഷ്ഠൻ പ്രസ്താവിച്ചു.

### പൊതുയോഗം

ഒൻപതു മണിക്കു മള്ളൂർ ഗോവിന്ദപ്പിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം ആരംഭിച്ചു. കേരളീപ്രാർത്ഥന, സ്വാഗതപ്രസംഗം ഇവയ്ക്കുശേഷം അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗം നടന്നു. കോട്ടയത്തിന്റെ മഹിമ, സാഹിത്യലോകത്തിൽ ജാതിമതചിന്തകൾ അകററിനിർത്തേണ്ടതിന്റെ ആവശ്യകത, ഇവയെപ്പററിയാണ് അദ്ധ്യക്ഷൻ പ്രധാനമായി പ്രസ്താവിച്ചത്. അതിനെത്തുടർന്ന് ശ്രീ. കെ. പി. ശാസ്ത്രികൾ 'നമസ്കാരം' എന്ന ഒരു കവിത വായിച്ചു. സമ്മേളനത്തിനു മംഗളമാശംസിച്ചുകൊണ്ട്, ഡാ: സുബ്ബരായൻ, മെ: സി. ആർ. റെഡ്ഡി, ജവഹരലാൽനെഹ്റു, എം. കൃഷ്ണൻനായർ, കരി

ന്മാറ ലക്ഷ്മിക്കുട്ടിനേത്ത്യാരമ്മ, കെ. എം. പണിക്കർ, ടി. കെ. കൃഷ്ണമേനോൻ എന്നു തുടങ്ങി പല മഹാന്മാരും അയച്ചിരുന്ന സന്ദേശങ്ങൾ കാര്യദർശി യോഗത്തിൽ വായിച്ചു. രാജഭക്തിയേയും, ഏതാനും സാഹിത്യപ്രണയികളുടെ ചരമത്തിൽ പരിഷത്തിനുള്ള അനുശോചനത്തെയും രേഖപ്പെടുത്തുന്ന മൂന്നു പ്രമേയങ്ങൾ അദ്ധ്യക്ഷൻ അവതരിപ്പിച്ചു പാസ്സാക്കിയതിനുശേഷം വിഷയനിർണ്ണയക്കമ്മിററി രൂപവൽക്കരിച്ചു.

തെക്കേടത്തു വാസുദേവൻമൂസ്സതിരിപ്പാടവർകൾ ഒരു ചെറിയ പ്രസംഗത്തോടുകൂടി പ്രദർശനം ഉദ്ഘാടനം ചെയ്തിരിക്കുന്നതായി പ്രസ്താവിച്ചു. ഇതോടുകൂടി യോഗം പിരിയുകയും സദസ്യർ അദ്ധ്യക്ഷനെ അനുഗമിച്ചു പ്രദർശനശാലയിലേയ്ക്കു പോവുകയും ചെയ്തു. താളിയോലഗ്രന്ഥങ്ങൾ, അച്ചടിച്ച പഴയ പുസ്തകങ്ങൾ, സാഹിത്യകാരന്മാരുടെ ഛായാപടങ്ങൾ, കൈയെഴുത്തുമാതൃകകൾ, അനവധി പത്രങ്ങളും മാസികകളും, എന്നിങ്ങനെ ദർശനീയങ്ങളായ പല അമൂല്യസാധനങ്ങളും ആ ശാലയിൽ ശേഖരിച്ചുവെച്ചിരുന്നു.



ഉച്ചയ്ക്കുള്ള വിശ്രമസമയത്തു സമ്മേളനശാലയിൽ തുള്ളൽ നടന്നുകൊണ്ടിരുന്നു.

## ശാഖാസമ്മേളനങ്ങൾ.

### 1 ഗവേഷണം.

ഉച്ചതിരിഞ്ഞ് ഒരു മണിക്ക് മഹാകവി ഉള്ളൂരിന്റെ അദ്ധ്യക്ഷതയിൽ ഗവേഷണവിഷയകമായ ശാഖാസമ്മേളനം ആരംഭിച്ചു. ഗവേഷണം ഇന്നത്തെ തലമുറക്കാരുടെ അവശ്യകർത്തവ്യങ്ങളിൽ ഒന്നാണെന്നു സ്ഥാപിച്ചുകൊണ്ട് മഹാകവി ആരംഭിച്ച അദ്ധ്യക്ഷപ്രസംഗത്തിൽ വിജ്ഞേയങ്ങളായ പല കാര്യങ്ങളും അടങ്ങിയിരുന്നു. പ്രസ്തുതസമ്മേളനത്തിൽ ഐതിഹാസികകാലങ്ങളിലെ സമുദായാചാരങ്ങൾ, ഗവേഷണമണ്ഡനം, കറം-ഒരു നിധി, കുമാരനാശാന്റെ കവിത എന്നീ വിഷയങ്ങളെ അധികരിച്ച് ശ്രീ: രത്നമയീദേവി എം. എ., കോമാട്ടു കൃഷ്ണൻനായർ, സി. എൻ. ഏ. രാമയ്യാശാസ്ത്രി എം. എ., എം. സുബ്രഹ്മണ്യൻ നമ്പൂരി എന്നിവർ യഥാക്രമം പ്രസംഗിക്കുകയും, മെ: വക്കം ഏ. അബ്ദുൽഖാദർ, എം. കെ. ഗോപാലൻനായർ, സി. എം. സെബാസ്റ്റ്യൻ, കെ. വി. എബ്രഹാം എന്നിവർ ഓരോ കവിത വായിക്കുകയും ചെയ്തു. ജീവിതധനം, മിസ്റ്റിക്പ്രപഞ്ചം, ഒരു

സുരുചിയുടെ പ്രതീക്ഷ, ക്രൂശിലെ യേശുനാഥൻ ഇവയായിരുന്ന കവിതാവിഷയങ്ങൾ. ഇടയ്ക്ക് ഏതാനും ഗായികമാരുടെ തിരുവാതിരക്കളിയുമുണ്ടായിരുന്നു. നാമമാത്രമായ ഉപസംഹാരപ്രസംഗത്തോടുകൂടി 4-15ന് യോഗം പിരിഞ്ഞു.

2- ജീവചരിത്രം, കഥ, ഫലിതം.

ജീവചരിത്രം, കഥ, ഫലിതം എന്നീ വിഷയങ്ങളെ പരാമർശിക്കുന്ന ശാഖാസമ്മേളനം 5 മണിക്ക് ശ്രീ: പി. അനന്തൻപിള്ള എം. എ. യുടെ അദ്ധ്യക്ഷതയിൽ കൂടി. 50 മിനിട്ടുനേരം നീണ്ടുനിന്ന അദ്ധ്യക്ഷപ്രസംഗപാരായണത്തിനു ശേഷം മി: നാലാങ്കൽ കൃഷ്ണപിള്ള എം. എ. എൽ. ടി. കാളിദാസനെപ്പററി ഒരു കവിത വായിച്ചു. ഫലിതവും സാഹിത്യവും എന്ന വിഷയത്തെപ്പററി ശ്രീ. കെ. എൻ. ഗോപാലപിള്ള, എം. എ. പ്രസംഗിച്ചു. സമർപ്പണം, പ്രേമശോധനം, വഴിക്കണ്ണ് എന്നിങ്ങനെ മൂന്നു കവിതകൾ ഡാക്ടർ നാരായണദാസ്, മെ: ജോസഫ് ചെറുവത്തൂർ, കെ. എം. തേവര എന്നിവർ വായിക്കയും ശ്രീ. കരിങ്ങേരി ഗോപാലപിള്ള ശാസ്ത്രി ഭാഷാപദങ്ങളെപ്പററി അല്പം പ്രസംഗിക്കയും ചെയ്തു. 6-50 ന യോഗം പിരിഞ്ഞു. മുതുകുളം കലാവിലാസിനിസംഘക്കാർ അന്നു രാത്രി അനാർക്കലി എന്ന ഗദ്യനാടകം അഭിനയിക്കയുണ്ടായി.

## രണ്ടാം ദിവസം.

രാവിലെ 8-30ന വാഗ്മിതാപരീക്ഷ നടന്നു. മെ: ഉള്ളൂർ, മള്ളൂർ, ഒ. എം. ചെറിയാൻ എന്നിവരായിരുന്നു പരീക്ഷകന്മാർ. പൗരബോധം എന്ന വിഷയത്തെപ്പററി അഞ്ചുമിനിട്ടുനേരം സംസാരിക്കാൻ ഓരോ പരീക്ഷ്യനേയും അനുവദിച്ചു. ആകെ 8 പേർ പരീക്ഷയിൽ ചേർന്നിരുന്നു. ഒരു ഇൻറർമീഡിയററുവിദ്യാർത്ഥിയായ സി. എം. സ്റ്റീഫൻ (മാവേലിക്കര) ഒന്നാമനായും വി. ഐ. സഖറിയ രണ്ടാമനായും ജയിച്ചിരിക്കുന്നതായി പരീക്ഷാവസാനത്തിൽ പ്രഖ്യാപനംചെയ്യപ്പെട്ടു.

3. പദ്യസാഹിത്യം.

ഒൻപതുമണിക്ക് പള്ളത്തു രാമൻ അവർകളുടെ അദ്ധ്യക്ഷതയിൽ പദ്യസാഹിത്യവിഷയകമായ ശാഖാസമ്മേളനം ആരംഭിച്ചു. അദ്ധ്യക്ഷപ്രസംഗം ഒരുമണിക്കൂറോളം നീണ്ടുനിന്നു. പദ്യസാഹിത്യത്തിന്റെ പലവശങ്ങളേയും സമർത്ഥമായ രീതിയിൽ പരാമർശിച്ചിരുന്ന ആ

പ്രസംഗം സരസവും സാരഗർഭവുമായിരുന്നു. ഈ സമ്മേളനത്തിൽ ആകെ അഞ്ചു പദ്യകവിതകളും ഒരു ഗദ്യകവിതയും രണ്ടു ഗദ്യപ്രബന്ധങ്ങളുമുണ്ടായിരുന്നു. പദ്യസാഹിത്യത്തിലെ ഒരു നൂതനപ്രസ്ഥാനത്തെപ്പററി വിദ്വാൻ ഫാദർ സെബാസ്റ്റ്യൻ തേർമഠം വായിച്ചതായിരുന്നു ഒരു ഗദ്യപ്രബന്ധം. ശ്രീ. എം. സി. മറിയാമ്മ വായിച്ച "പ്രകൃതിയും കവിതയും" ആയിരുന്നു രണ്ടാമത്തേതു്. മി: പൊൻകുന്നം വി. എ. വർക്കിയുടെ "ഭിക്ഷു" വാണു് ഗദ്യകവിത. കവിത പാരായണംചെയ്തവർ മെ: കെ. എം. വറുഗീസ് ബി. എ., ടി. എൻ. ഗോപീനാഥൻനായർ, കെ. എൻ. പരമേശ്വരൻപിള്ള, കെ. മാധവൻനായർ, ചങ്ങമ്പുഴ കൃഷ്ണപിള്ള എന്നിവരും, കവിതാവിഷയങ്ങൾ വിദ്വൽപരിഷത്തിലെ ഉണ്ണിമിശിഹാ, ദിവ്യദാസ്യം അഥവാ ഒരു സ്വപ്നം, ഹരിപുരത്തിലെ കർമ്മയോഗി, ഉത്തരം, വനദേവത എന്നിവയുമായിരുന്നു. എട്ടു വയസ്സു പ്രായമുള്ള ഒരു ബാലികയുടെ ഗാനനൃത്തവും, ഒരുസംഘം യുവാക്കളുടെ മാർഗ്ഗംകളിയും ഇതിനിടയിൽ നടന്നു. അദ്ധ്യക്ഷന്റെ ഉപസംഹാരപ്രസംഗത്തിനു ശേഷം 12 മണിക്കു യോഗം പിരിഞ്ഞു. മദ്ധ്യാഹ്നവിശ്രമാവസരത്തിൽ യോഗശാലയിൽ പഞ്ചവാദ്യം മുഴങ്ങിക്കൊണ്ടിരുന്നു.

## 4. ശാസ്ത്രം, വിവർത്തനം.

ഉച്ചതിരിഞ്ഞു് ഒന്നരമണിക്കു് മോൺ: ജോൺ പാലോക്കാരൻ എം. എ. യുടെ അദ്ധ്യക്ഷതയിൽ ശാസ്ത്രത്തെയും വിവർത്തനത്തെയും സംബന്ധിച്ച ശാഖായോഗം ആരംഭിച്ചു. പരിഷത്തു ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ, സാങ്കേതികപദനിർമ്മാണം, വിവർത്തനകൃത്യം എന്നിങ്ങനെ പല വിഷയങ്ങളെയും കാര്യക്ഷമമായവിധത്തിൽ പ്രതിപാദിക്കുന്ന അദ്ധ്യക്ഷപ്രസംഗം ഒരുമണിക്കൂർനേരത്തേക്കു നീണ്ടുനിന്നു. വൃദ്ധന്റെ വിചാരം, നെന്മണിയുടെ ചാരിതാർത്ഥ്യം, എന്നിങ്ങനെ രണ്ടു കവിതകൾമാത്രമേ ഈ യോഗത്തിലുണ്ടായിരുന്നുള്ളു. മെ: കെ. ദിവാകരൻനമ്പീശൻ, പുലിയന്നൂർ എസ്. രാമയ്യർ എന്നിവരായിരുന്നു തൽകർത്താക്കൾ. മെ: സെബാസ്റ്റ്യൻ തകിടിയേൽ എം. എ., എ. ടി. തോമസ്, മാത്യു എം. കുഴിവേലി ബി. എ. എൽ. ററി., ടി. സി. കൊച്ചുകുട്ടിഅമ്മ ബി. എ. എൽ. ററി., കെ. പത്മനാഭൻ എന്നിവർ യഥാക്രമം മലയാളവും വിവർത്തനവും, കൈരളിയും ഖണ്ഡകാവ്യപ്രസ്ഥാനവും, കൈരളിയും ശാസ്ത്രഗ്രന്ഥങ്ങളും, മലയാളസാഹിത്യത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനം, റഷ്യയിലെ സാഹിത്യകാരന്മാർ എന്നീവിഷയങ്ങളെ അധികരിച്ചു് ഓരോ പ്രബന്ധം വായിച്ചു. അദ്ധ്യക്ഷന്റെ ഉപസംഹാരപ്രസംഗത്തിനുശേഷം 4 മണിക്കു യോഗം പ

രിഞ്ഞു. സമ്മേളനത്തിന്റെ ആഡംബരങ്ങൾ കുറച്ചിട്ടെങ്കിലും പത്തുനൂറുരൂപ മിച്ചംവരുത്തി, ഒരു നല്ല ശാസ്ത്രഗ്രന്ഥത്തിനു് ആ സംഖ്യ സമ്മാനമായി കൊടുക്കാൻ സമ്മേളനനിർവാഹകർ ശ്രമിക്കേണ്ടതാണെന്നും, എട്ടും പത്തും അദ്ധ്യക്ഷന്മാർക്കുവേണ്ടി ചെലവാക്കുന്ന സംഖ്യ ഇതിലേയ്ക്കു നീക്കിവെച്ചാൽ ധാരാളം മതിയാകുമെന്നും, താൻ തന്റെ യാത്രപ്പടിവക വേണ്ടെന്നുവെയ്ക്കാൻ തയാറാണെന്നും, മററു അദ്ധ്യക്ഷന്മാരും ഇതുപോലെ ചെയ്യുക ഒരു ത്യാഗം ഈ നല്ല കാര്യത്തിനായി ചെയ്യുമെന്നാണു് താൻ വിശ്വസിക്കുന്നതെന്നും, അങ്ങനെയാണെങ്കിൽ ഇക്കൊല്ലത്തെ സമ്മേളനഭാരവാഹികൾക്കുതന്നെ തന്റെ നിർദ്ദേശം നടപ്പിൽവരുത്താൻ സാധിക്കുമെന്നും അദ്ധ്യക്ഷൻ ഉപസംഹാരത്തിനിടയ്ക്കു പ്രസ്താവിക്കയുണ്ടായി. ഒരു ഭാഗത്തു് പ്രസ്തുത സമ്മേളനം നടന്നുകൊണ്ടിരുന്നതിനിടയ്ക്കുതന്നെ മറെറാരു ഭാഗത്തു ഉപന്യാസമത്സരപരീക്ഷയും ദ്രുതകവനപരീക്ഷയും നടന്നുകൊണ്ടിരുന്നതും പ്രസ്താവ്യമാണു്.

## 5. ജീവത്സാഹിത്യം വിമർശനം

ജീവത്സാഹിത്യം, വിമർശനം എന്ന രണ്ടു വിഷയങ്ങളെ അധികരിച്ചുള്ള ശാഖാസമ്മേളനം പ്രൊഫസർ പി. ശങ്കരൻനമ്പ്യാർ എം. എ. യുടെ അദ്ധ്യക്ഷതയിൽ 4-30 നു കൂടി. ജീവത്സാഹിത്യത്തിന്റെ സ്വരൂപത്തെ വേണ്ടപോലെ വിവരിച്ചതിനുശേഷം ഇന്നു് അത്തരം സാഹിത്യം ധാരാളം ഉണ്ടാകേണ്ടതു് അത്യാവശ്യമായിരിക്കുന്നുവെന്നു് അദ്ധ്യക്ഷൻ പ്രസ്താവിച്ചു. പക്ഷെ, മഹാകാവ്യങ്ങളെയുംമററും പഴഞ്ചൻ സാഹിത്യമെന്നാക്ഷേപിക്കുന്നതു് ഒരുവക 'തലതിരിഞ്ഞപുത്തനിസ'മാണെന്നു് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. ചുററും കണ്ടതിനെ ഭാഷയിൽ പകർത്തിയതുകൊണ്ടുമാത്രം അതു ജീവത്സാഹിത്യമാവുകയില്ലെന്നും സാഹിത്യത്തിന്റെ പ്രധാനധർമ്മം കലാത്മകമാണെന്നും ഇന്നത്തെ ജീവത്സാഹിത്യകാരന്മാരിൽ പലരും അതു തീരെ മറന്നുകളയുന്നുവെന്നും അദ്ദേഹം വിശദമാക്കി. വിമർശനരീതിയെപ്പററിയും കൂടി ചിലതു പ്രസ്താവിച്ചുകൊണ്ടു് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചു. മി: കെ. കെ. രാഘവപ്പണിക്കരുടെ 'വെളിച്ചത്തിനായുള്ള വിളി'മാത്രമെ ഈ സമ്മേളനത്തിൽ കവിതയായിട്ടുണ്ടായിരുന്നുള്ളു. മി: ചേകനിക്കര കുമാരപിള്ള എം. എ. എൽ.ററി നാടകത്തെപ്പററിയും, റവ: ഫാദർ ജോൺ മററം 'സാഹിത്യവും തത്വചിന്തയും' എന്ന വിഷയത്തെപ്പററിയും, ശ്രീ. കെ. ആർ. കേരളവർമ്മരാജാ 'സാഹിത്യസംബന്ധമായ ചില ചിന്തകളെ'പ്പററിയും, മി: എം. പി. പോൾ എം. എ. 'ഭാഷാഗദ്യശൈലി'യെപ്പററിയും ശ്രീ. ആനി

ജോസഫ് ബി. ഏ. 'സാഹിത്യത്തിൽ സന്മാർഗ്ഗത്തിനുള്ള സ്ഥാന'ത്തെപ്പററിയും ഓരോ പ്രസംഗംചെയ്തു. നാതിസംക്ഷേപവിസ്തരമായ ഉപസംഹാരപ്രസംഗത്തോടുകൂടി 7 മണിക്കു യോഗം പിരിഞ്ഞു. രാത്രി തോട്ടം പൊററിയുടെയും കൂട്ടുകാരുടെയും വകയായ ഭാരതീയമോഹനനടനവൃത്തങ്ങളായിരുന്നു.

## മൂന്നാംദിവസം.

### 6. കല.

കലാപരമായ ശാഖാസമ്മേളനം മഹാകവി വള്ളത്തോളിൻെറ അദ്ധ്യക്ഷതയിൽ രാവിലെ 8-45നു കൂടി. കേരളം പണ്ടുമുതല്ക്കുതന്നെ കലകളുടെ വിളനിലമാണെന്നും, കേരളീയരുടെ കലശില്പം കരിങ്കല്ലിനെ പനിനീർപ്പൂവാക്കുന്ന ഒന്നാണെന്നും, തലേ ദിവസം സമ്മേളനശാലയിൽ നടത്തിക്കണ്ട കല്യാണക്കളി നമുക്കു നിസ്സാരമാണെങ്കിലും ഒരു വിദേശീയൻ അതുകണ്ടാൽ നിശ്ചയമായും വളരെ അഭിനന്ദിക്കുമെന്നും, പാശ്ചാത്യർ അഭിനന്ദിച്ചതിനുശേഷം മാത്രമേ നമ്മുടെ കണ്ണ് ഏതുകാര്യത്തിലും തുറക്കപ്പെടുകയുള്ളു എന്നുള്ള സ്ഥിതി അത്യന്തം ശോചനീയമാണെന്നും, കഥകളിയെ ഇന്നു ചിലർ ഊമക്കളിയെന്നും മററും പറഞ്ഞാക്ഷേപിക്കുന്നുണ്ടെങ്കിലും പാശ്ചാത്യർ ദിവസംതോറും അതിനെ കൂടുതൽകൂടുതലായി അഭിനന്ദിക്കയാണു ചെയ്യുന്നതെന്നും, നശിച്ചുപോകാറായ മോഹിനിയാട്ടത്തെയുംകൂടി ഉദ്ധരിക്കണമെന്നു തനിക്കു വലിയ മോഹമുണ്ടെന്നും, പക്ഷെ, കാണാൻകൊള്ളാവുന്ന പെൺകുട്ടികളെ കലാമണ്ഡലത്തിലേയ്ക്കയയ്ക്കാൻ ആരും തയാറാകാത്തതിനാൽ അതു് ഇനിയും സാധിക്കാതെയാണിരിക്കുന്നതെന്നും മററും വിവരിക്കുന്ന അദ്ദേഹത്തിൻെറ കവിതനിറഞ്ഞ ഉപക്രമപ്രസംഗം ഒന്നരമണിക്കൂർ നേരത്തേയ്ക്കുണ്ടായിരുന്നു. ഇതിനെത്തുടർന്ന് കഥകളിയിലെ അഭിനയാംശത്തെപ്പററി മി: ജി. കൃഷ്ണപിള്ളയും, ചിത്രകലയിലെ പ്രസ്ഥാനഭേദങ്ങളെപ്പററി മി: പി. സി. ദേവസ്യ എം. ഏ. യും ചലച്ചിത്രത്തെപ്പററി മി: വെണ്ണിക്കുളം ഗോപാലക്കുറുപ്പും, സാഹിത്യവും സമുദായസ്വാതന്ത്ര്യവും എന്ന വിഷയത്തെപ്പററി മി: കെ. ജി. തോമസ്സ് ബി. ഏ. യും സാഹിത്യത്തിലെ പരിഷ്കൃതങ്ങളെപ്പററി ശ്രീ. എം. ആർ. വേലുപ്പിള്ള ശാസ്ത്രി ബി. ഏ. യും ഓരോ പ്രസംഗം ചെയ്തു. ശ്രീ. പി. മറിയാമ്മവറുഗീസ്, വട്ടോളി കൊച്ചുകൃഷ്ണൻനായർ എന്നിവർ ഓരോ കവിതയും വായിച്ചു. അതുതാൻ കരണീയം, എൻെറ നാഥൻ എന്നവയായിരുന്നു കവിതാവിഷയങ്ങൾ. 12 മണിക്കു യോഗം പിരിഞ്ഞു.

ഉച്ചതിരിഞ്ഞു ഫിഡിൽ രാമവർമ്മയുടേയും പാർട്ടിയുടേയും, സംഗീതരത്നം രാമൻഭാഗവതരുടേയും പാട്ടുകച്ചേരികളുണ്ടായിരുന്നു.

### വീണ്ടും പൊതുയോഗം

2 മണിക്ക് മള്ളൂരിന്റെ അദ്ധ്യക്ഷതയിൽ വിഷയനിർണ്ണയക്കമ്മിററിയോഗം കൂടി. തയ്യാറാക്കിക്കൊണ്ടു വന്നിരുന്ന ചില പ്രമേയങ്ങൾ വായിച്ച് അവ സ്വീകരിക്കപ്പെട്ടിരിക്കുന്നതായി അദ്ധ്യക്ഷൻ പ്രസ്താവിച്ചു. അതു കഴിഞ്ഞപ്പോൾ ആ യോഗംതന്നെ പൊതുയോഗമായി രൂപാന്തരപ്പെട്ടു പ്രമേയങ്ങൾ ഓരോന്നായി അദ്ധ്യക്ഷൻ വായിക്കയും സദസ്യരുടെ ഹസ്തതാഡനഘോഷത്തിൽ അതു പാസ്സായതായി അംഗീകരിക്കപ്പെടുകയും ചെയ്തു. ഇങ്ങനെ ആകെ 11 പ്രമേയങ്ങൾ പാസ്സാക്കപ്പെട്ടു ഓരോ പ്രമേയം ഓരോരുത്തരായി അവതരിപ്പിക്കുക, സദസ്യർക്ക് അതിനെപ്പററി സാമാന്യമായിട്ടെങ്കിലും ഒരു ബോധം ജനിക്കത്തക്കവണ്ണം പ്രമേയവിഷയത്തെപ്പററി അവതാരകൻ എന്തെങ്കിലും പറയുക, മററൊരാൾ പ്രമേയത്തെ പിൻതാങ്ങുക എന്നിങ്ങനെയുള്ള സാധാരണ പതിവു പ്രമേയങ്ങളുടെ കാര്യത്തിൽ ഇക്കൊല്ലം അംഗീകരിക്കപ്പെട്ടുകണ്ടില്ല. പ്രമേയാവതരണത്തെത്തുടർന്ന് സമ്മാനദാനമാണ് നടന്നത്. ആകെ ഇരുപതോളം പ്രശംസാപത്രങ്ങൾ ഓരോരുത്തർക്കായി സമ്മാനിക്കപ്പെട്ടു. അടുത്തകൊല്ലത്തെ സമ്മേളനം ശ്രീ. ചങ്ങമ്പുഴ കൃഷ്ണപിള്ള ഇടപ്പള്ളിയിൽ ക്ഷണിക്കുകയും റജിസ്റ്റർചെയ്തു പരിഷത്തിന്റെ അദ്ധ്യക്ഷൻ അതിനു കൃതജ്ഞത പ്രകടിപ്പിക്കയും ചെയ്തു. അദ്ധ്യക്ഷന്റെ ഉപസംഹാരപ്രസംഗം, മി: വെള്ളക്കളം കരുണാകരമേനോൻ നായരുടെ കൃതജ്ഞതാപ്രസംഗം എന്നിവയ്ക്കുശേഷം വഞ്ചീശമംഗളംമുതലായ ചടങ്ങുകളോടുകൂടി യോഗം 4 മണിക്കു പിരിഞ്ഞു.

ഇക്കൊല്ലത്തെ സമ്മേളനം ഇത്രമാത്രം ഭംഗിയാക്കിത്തീർക്കുന്നതിന് അകമഴിഞ്ഞുപ്രവേശിച്ചും അണിയറയ്ക്കുള്ളിൽനിന്നും ഏറെയപൂർവ്വം പ്രവർത്തിച്ച കോട്ടയത്തെ സാഹിത്യപ്രണയികളെ വളരെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. സ്വീകരണസംഘാദ്ധ്യക്ഷനായിരുന്ന മി: കെ. സി. മാത്ത്യു, കാര്യദർശിമാരായിരുന്ന മെ: സി. ഐ. രാമൻനായർ, വെള്ളങ്കളം കരുണാകരൻനായർ, കെ. എം. മാത്തൻതരകൻ എന്നിവരും, പുറമെനിന്നുകൊണ്ടു സമ്മേളനത്തിന്റെ വിജയത്തിനായി അക്ഷീണശ്രമംചെയ്ത മെ: തെക്കേടത്തു വാസുദേവഭട്ടതിരി, പി. സി. ദേവസ്യ, എം. എ. മുതലായവരും, പ്രത്യേകിച്ചും അഭിനന്ദനാർഹരാണ്.

# പാസ്സാക്കിയ പ്രമേയങ്ങൾ.

I

തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിനോടും രാജകുടുംബത്തോടുമുള്ള നിഷ്കളങ്കമായ ഭക്ത്യാദരങ്ങളെ സമസ്തകേരളസാഹിത്യപരിഷത്തിന്റെ ഈ ഷോഡശസമ്മേളനം വിനയപൂർവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു.

II

ബ്രിട്ടീഷ് ചക്രവർത്തിതിരുമനസ്സിലെന്നേക്കും കൊച്ചിമഹാരാജാവുതിരുമനസ്സിലെന്നേക്കും ഈ സമ്മേളനത്തിനുള്ള ഭക്തിബഹുമാനങ്ങളെ ഈ സമ്മേളനം സവിനയം രേഖപ്പെടുത്തിക്കൊള്ളുന്നു.

III

ശ്രീമാന്മാരായ സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള, സി. പി. അച്യുതമേനോൻ, കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി, വി. കൃഷ്ണൻതമ്പി, കവിതിലകൻ കെ. പി. കറുപ്പൻ, ഈ. വി. കൃഷ്ണപിള്ള, കപ്പക്കാട്ട് നാരായണമേനോൻ, സഖറിയ ഒള്ളു, കെ. സി. വക്കി എന്നീ കാവ്യകാരന്മാരുടെ നിര്യാണംനിമിത്തം കൈരളിക്കു നേരിട്ടിട്ടുള്ള അപാരമായ നഷ്ടത്തെ ഈ യോഗം വ്യസനപൂർവ്വം രേഖപ്പെടുത്തുകയും, അവരുടെ ആത്മാവിനു നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും, തൽബന്ധുജനങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

IV

തിരുവിതാംകൂർസർവ്വകലാശാലാപ്രവർത്തനത്തിൽ കേരളഭാഷാസാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും അഭിവൃദ്ധിക്കു പര്യാപ്തങ്ങളായ സകല ഏർപ്പാടുകളും ചെയ്യുന്നവിഷയത്തിൽ തിരുവിതാംകൂർ സർവ്വകലാശാല ഉടനെ വേണ്ടതു പ്രവർത്തിക്കണമെന്ന് ഈ യോഗം അഭ്യർത്ഥിക്കുന്നു.

V

മദ്രാസ് സർവ്വകലാശാലയിൽനിന്നു പ്രസിദ്ധംചെയ്തിട്ടുള്ള തമിഴ് നിഘണ്ടുവിന്റെ മാതൃകയിലും അതിലുള്ള ന്യൂനതകളെ പരിഹരിച്ചു

മുള്ള ഒരു മലയാളനിഘണ്ടുവിന്റെ ജോലി കഴിയുന്നതും വേഗത്തിൽ ആരംഭിക്കണമെന്നു തിരുവിതാംകൂർ, മദ്രാസ് എന്നീ സർവ്വകലാശാലകളോടു് ഈ സമ്മേളനം അഭ്യർത്ഥിക്കുന്നു.

## VI

തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ്മലബാർ എന്നീ രാജ്യങ്ങളിലുള്ള എല്ലാ കോടതികളിലെയും എഴുത്തുകുത്തുകൾ കഴിവുള്ളിടത്തോളം മലയാളത്തിൽത്തന്നെയാക്കണമെന്നു മേല്പറഞ്ഞ മൂന്നു ഗവർമ്മെണ്ടുകളോടും സമസ്തകേരളസാഹിത്യപരിഷത്തു് അഭ്യർത്ഥിക്കുന്നു.

## VII

"The Universal English-Malayalam Dictionary" എന്ന പേരിൽ ബൃഹത്തായ ഒരു ഇംഗ്ലീഷ്മലയാളനിഘണ്ടു എഴുതിത്തയാറാക്കുകയും അതിന്റെ പ്രഥമസഞ്ചിക പ്രസിദ്ധപ്പെടുത്തുകയും ചെയ്ത ഇംഗ്ലീഷ് കറസ്പോണ്ടൻസ് സ്കൂൾ മാനേജർ ശ്രീമാൻ അച്യുതൻതമ്പിയെ ഈ യോഗം അഭിനന്ദിക്കുന്നു.

## VIII

ഒരു ഇംഗ്ലീഷ്മലയാളസാങ്കേതികപദനിഘണ്ടു നിർമ്മിച്ച ശ്രീമാന്മാരായ എം. നാരായണൻ ബി. ഏ. എൽ. റ്റി., പി. കെ. കോര എം. ഏ. എൽ. റ്റി. എന്നിവരെയും, അതിന്റെ പ്രസാധനകൃത്യം നിർവ്വഹിച്ച കെ. ടി. ചാത്തുനമ്പ്യാർ ബി. ഏ. ബി. എൽ. അവർകളെയും ഈ യോഗം അഭിനന്ദിക്കുന്നു.

## IX

മലയാളഭാഷയിൽ ഇതേവരെയുണ്ടായിട്ടുള്ള പുസ്തകങ്ങളുടെ വകുപ്പു തിരിച്ചുള്ള ഒരു പട്ടിക പരിഷത്തിന്റെ ആഭിമുഖ്യത്തിൽ തയാറാക്കേണ്ടതാണെന്നു് ഈ സമ്മേളനം റജിസ്റ്റ്രു്ചെയ്തു പരിഷത്തിനോടു ശിപാർശചെയ്യുന്നു.

## X

സമസ്തകേരളസാഹിത്യപരിഷത്തിന്റെ ഈ ദ്വാദശസമ്മേളനത്തിൽ ശാഖാസമ്മേളനങ്ങൾക്കു വിഷയമായ ഗവേഷണം, ശാസ്ത്രം, വിവർത്തനം, കല മുതലായ ഓരോ വിഭാഗത്തിലും ജോലിചെയ്യുന്നതിനായി പ്രത്യേകം കമ്മിറ്റികളെ നിയമിക്കേണ്ടതാണെന്നും, ആ കമ്മിറ്റികൾ

അടുത്തവൎഷത്തിൽ ചെയ്യുന്ന ജോലികളെ വിവരിക്കുന്ന ഒരു റിപ്പോൎട്ട് അടുത്ത പരിഷത്സമ്മേളനത്തിൽ സമൎപ്പിക്കേണ്ടതാണെന്നും, ഈ യോഗം റജിസ്റ്റർചെയ്ത സാഹിത്യപരിഷത്തിനോടു ശിപാൎശചെയ്യുന്നു.

## XI

ഇനി മേലാലുള്ള പരിഷത്സമ്മേളനങ്ങളിൽ പാരായണം ചെയ്യപ്പെടേണ്ട ഗദ്യപദ്യപ്രബന്ധങ്ങളും, ഉപന്യാസങ്ങളും, സാധാരണ്യേന തത്തൽസ്ഥലങ്ങളിലെ സമ്മേളനഭാരവാഹികളുടെ പൂൎവ്വാനുമതി ലഭിച്ചവയായിരിക്കണമെന്ന് ഈ യോഗം അഭിപ്രായപ്പെടുന്നു.

## XII

തിരുവിതാങ്കൂർ സൎവ്വകലാശാലയുടെ ആവിൎഭാവത്തോടുകൂടി, ഹൈസ്കൂളുകളിലും മററും മലയാളം പഠിപ്പിക്കുന്ന പണ്ഡിതന്മാരുടെ ശമ്പളം, ഉദ്യോഗനില മുതലായവ മററു വകുപ്പുകളിൽ ഉള്ളവരുടേതു പോലെ വൎദ്ധിപ്പിക്കണമെന്ന് ഈ യോഗം ഗവൎമ്മെണ്ടിനോടപേക്ഷിക്കുന്നു.

## XIII

ഇംഗ്ലീഷ് ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് ഒഴികെ മററുള്ള എല്ലാ വിഷയങ്ങളും മലയാളഭാഷയിൽതന്നെ പഠിപ്പിക്കുന്നതിനു വേണ്ട ഏൎപ്പാടു ചെയ്യണമെന്ന് ഈ യോഗം കൊച്ചി തിരുവിതാങ്കൂർഗവൎമ്മെണ്ടുകളോടഭ്യൎത്ഥിക്കുന്നു.

## XIV

ഓരോ പരിഷത്സമ്മേളനത്തിലും പാസ്സാക്കപ്പെടുന്ന നിശ്ചയങ്ങൾ എത്രമാത്രം ഫലപ്രദമായിത്തീൎന്നിട്ടുണ്ടെന്നുള്ള വിവരവും, സമ്മേളനത്തിന്റെ വിശദമായ റിപ്പോൎട്ടും, അടുത്ത വാൎഷികസമ്മേളനത്തിന്റെ പ്രാരംഭത്തിൽ റജിസ്റ്റർചെയ്ത പരിഷത്തിന്റെ ഭാരവാഹികൾ സമൎപ്പിക്കേണ്ടതാണെന്ന് ഈ യോഗം അഭിപ്രായപ്പെടുന്നു.

# പത്രാധിപക്കുറിപ്പുകൾ.

## 1. മള്ളൂർ ഗോവിന്ദപ്പിള്ളയുടെ ഷഷ്ട്യബ്ദപൂർത്തി.

സമസ്തകേരളസാഹിത്യപരിഷത്തിന്റെ ഒരു പ്രധാനനായകനായ മള്ളൂർ ഗോവിന്ദപ്പിള്ള ബി. ഏ., ബി. എൽ. അവർകളുടെ ഷഷ്ട്യബ്ദപൂർത്തി മേടമാസം 29-ാംനു- തിരുവനന്തപുരത്തു് അദ്ദേഹത്തിന്റെ വസതിയായ പാർത്ഥിമന്ദിരത്തിൽവെച്ചു യഥോചിതം ആഘോഷിക്കപ്പെടുകയുണ്ടായി. ശ്രീമാൻ ഗോവിന്ദപ്പിള്ളയുടെ ജീവിതം ബഹുമുഖമായ വിജയത്താൽ സമാവൃതമാണു്. നിരന്തരവും നിസ്തുല്യവുമായ പരിശ്രമംകൊണ്ടു്, ജനനാദികളായ പരിതഃസ്ഥിതികളിൽനിന്നു ലഭ്യമാകാവുന്ന സഹായത്തിന്റെ അപേക്ഷകൂടാതെതന്നെ, ഉന്നതവും ഉൽകൃഷ്ടവുമായ ഒരു സ്ഥാനത്തെ അധിരോഹണംചെയ്യുവാൻ സാധിച്ചിട്ടുള്ള കർമ്മകുശലന്മാരും കലാഗ്രബുദ്ധികളുമായ കേരളീയരിൽ സർവ്വഥാ ശ്ലാഘിതമായ ഒരു പദവിക്കു് അദ്ദേഹം അവകാശിയായിത്തീർന്നിട്ടുണ്ടു്. ഉത്തമനായ ഒരു അഭിഭാഷകൻ, ഉദാത്തനായ ഒരു വാഗ്മി, ഉജ്ജ്വലനായ ഒരു ദേശാഭിമാനി, ഉചിതജ്ഞനായ ഒരു സാഹിത്യപ്രണയി എന്നിങ്ങനെ പല നിലകളിൽ അദ്ദേഹം ലോകത്തിനു സുവിദിതനാണു്. അരോഗദൃഢഗാത്രനായ ആ മാന്യപുരുഷനിൽ നവയൗവനത്തിന്റെ സൗഭാഗ്യം ഇന്നും നാനാരൂപത്തിൽ പരിസ്ഫുരിക്കുന്നു. തിരുവനന്തപുരത്തെ ഏതു പൊതുക്കാര്യപ്രവർത്തനത്തിലും അദ്ദേഹം പ്രധാനഭാഗഭാക്കാണു്. സംഗീതസാഹിത്യങ്ങളിൽ അദ്ദേഹത്തിനു് അപാരമായ ആസക്തിയും അഭിനിവേശവുമുണ്ടു്. അനേകം ഗ്രന്ഥങ്ങൾക്കു് ആകർഷകങ്ങളായ ആമുഖോപന്യാസങ്ങളെഴുതി അവയെ സഹൃദയസമക്ഷം സമർപ്പിച്ചുകൊണ്ടു്, സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിൽ തനിക്കുള്ള അഭിനിവേശത്തെ അദ്ദേഹം പലപ്പോഴും പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ടു്.

സാഹിത്യപരിഷത്തിനു താങ്ങും തണലുമായുള്ള അപൂർവ്വം ചില നിർമ്മത്സരബുദ്ധികളിൽ ശ്രീ. മള്ളൂർ അദ്വിതീയമായ സ്ഥാനത്തെ അ

ലങ്കരിക്കുന്നു. മൂന്ന്, പതിനൊന്ന്, പന്ത്രണ്ട് എന്നീ പരിഷത്സമ്മേളനങ്ങളിൽ അദ്ധ്യക്ഷനായിരുന്ന് അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ പലതുകൊണ്ടും വിജ്ഞേയങ്ങളായിരുന്നുവെന്നുള്ളത് എല്ലാവർക്കും അറിവുള്ളതാണല്ലോ. തിരുവനന്തപുരത്തുവെച്ചു് ഇദംപ്രഥമമായി നടന്ന ആറാമത്തെ സമ്മേളനത്തിൽ പ്രധാനകാര്യദർശിയായിരുന്ന് ആ സമ്മേളനകാര്യങ്ങൾ അത്യന്തം വിജയപ്രദമായ നിലയിൽ നിർവ്വഹിച്ചതും ശ്രീ: മള്ളൂർ ഗോവിന്ദപ്പിള്ള തന്നെയായിരുന്നു. ആ സമ്മേളനത്തെ കോട്ടയ്ക്കൽനിന്നു തിരുവനന്തപുരത്തേയ്ക്കു ക്ഷണിച്ചതും മററാരുമല്ലായിരുന്നു. ഏതുവിധത്തിൽ നോക്കിയാലും കേരളീയർക്ക് അഭിമാനഭാജനമായി പ്രശോഭിക്കുന്ന ശ്രീ: മള്ളൂരിന് ആയതമായ ആയുസ്സും അവ്യാഹതമായ ആരോഗ്യവും അനന്തങ്ങളും അപരിമേയങ്ങളുമായ ഐശ്വര്യാദിസിദ്ധികളും ഈ ശുഭമുഹൂർത്തത്തിൽ പ്രാർത്ഥിക്കുവാൻ പരിഷത്തിനുള്ള കടമയെ ഞങ്ങൾ ഹൃദയപൂർവ്വം നിർവ്വഹിച്ചുകൊള്ളുന്നു.

## 2. ചില ചരമങ്ങൾ.

1. <u>വി. കൃഷ്ണൻതമ്പി ബി. എ.</u> തിരുവനന്തപുരം ആർട്ട്സ് കോളേജിലെ പൗരസ്ത്യഭാഷാപര്യവേക്ഷകനായിരുന്ന ശ്രീമാൻ വി. കൃഷ്ണൻതമ്പി ബി. എ. യുടെ അത്യന്തം അകാലികവും അപ്രതീക്ഷിതവുമായ ദേഹവിയോഗം ഭാഷയ്ക്കു് ഒരു തീരാത്ത നഷ്ടമാകുന്നു. ശ്രീ: കൃഷ്ണൻതമ്പിക്കു മരിക്കുമ്പോൾ നാല്പത്തഞ്ചുവയസ്സിലധികം പ്രായമുണ്ടായിരുന്നില്ല. അദ്ദേഹം കോളേജുവിദ്യാർത്ഥികളോട് ഒരു പ്രസംഗംചെയ്തുകൊണ്ടിരിക്കുമ്പോൾ, പെട്ടെന്നു രക്തസമ്മർദ്ദം അധികപ്പെടുകയും, തന്നിമിത്തം ഏതാനും മണിക്കൂറുകൾക്കുള്ളിൽ ചരമഗതിയെ പ്രാപിക്കുകയുമാണ് ചെയ്തതു്. യശശ്ശരീരനായ ശ്രീമൂലംതിരുനാൾ മഹാരാജാവുതിരുമനസ്സിലെ പട്ടമഹിഷിയുടെ കനിഷ്ഠസഹോദരനായ തമ്പി അവർകൾ ഒരു അദ്ധ്യേതാവായിരുന്നപ്പോൾതന്നെ സംഗീതസാഹിത്യങ്ങളിൽ—പ്രത്യേകിച്ചു സംസ്കൃതസാഹിത്യത്തിൽ—അനിതരസാധാരണമായ അഭിരുചി പ്രകടിപ്പിക്കുകയും അദ്ധ്യാപകന്മാരുടെ അഭിനന്ദനത്തിനു പാത്രീഭവിക്കയും ചെയ്തുകൊണ്ട്, സംസ്കൃതത്തിൽ പ്രശസ്തമായ രീതിയിൽ ബി. എ. പാസ്സായി. തദനന്തരം ഉന്നതവിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിലേയ്ക്കു് പോയി മടങ്ങിവന്നപ്പോൾ അദ്ദേഹത്തിന്റെ വാസനയ്ക്കു യോജിച്ചവിധം സംസ്കൃതകലാശാലാപ്രധാനാദ്ധ്യാപകസ്ഥാനത്തിൽ നിയമിക്കപ്പെടുകയും അവിടെനിന്നു യഥാകാലം ആർട്ട്സ് കോളേജിലേയ്ക്കു പൗരസ്ത്യഭാഷാപര്യവേക്ഷകനായി ഉയർത്തപ്പെടുകയും ചെയ്തു.

അദ്ദേഹം മുദ്രാരാക്ഷസനാടകവും കപാലകുണ്ഡലയും ഭാഷയിലേയ്ക്കു തർജ്ജമചെയ്തിട്ടുണ്ട്; കഥകളിയുടെ പ്രചാരത്തിനായി പല വിധത്തിലും ശ്രമിച്ചിരുന്ന ആ കലാപ്രണയി വല്ലീകമാരം, താടകാവധം എന്നിങ്ങനെ രണ്ടു ആട്ടക്കഥകൾ നിർമ്മിച്ചിട്ടുണ്ട്; ഏതാനും പ്രഹസനങ്ങൾ അദ്ദേഹത്തിന്റെ വകയായി ഭാഷയ്ക്കു കിട്ടിയിട്ടുണ്ട്; സംസ്കൃതത്തിലും അദ്ദേഹം ചില ഗ്രന്ഥങ്ങൾ നിർമ്മിക്കയുണ്ടായിട്ടുണ്ട്. സാഹിത്യം, സംഗീതം മുതലായ സകലലളിതകലകളേയും അദ്ദേഹം ഉള്ളഴിഞ്ഞു സ്നേഹിച്ചിരുന്നു. ഹരികഥാകാലക്ഷേപത്തിനായി മലയാളത്തിൽ 'ധ്രുവചരിതം' എഴുതുകയും അതു പലദിക്കിലും കാലക്ഷേപരീതിയിൽ പ്രദർശിപ്പിക്കയും ചെയ്തിട്ടുണ്ട്. തൃശ്ശൂരിൽവെച്ചു നടന്ന പത്താമത്തെ പരിഷത്സമ്മേളനത്തിൽ മി: തമ്പിയാണ് ആദ്ധ്യക്ഷ്യം വഹിച്ചിരുന്നത്. അവിടെവെച്ചു പതിനൊന്നാമത്തെ സമ്മേളനത്തെ തിരുവനന്തപുരത്തേയ്ക്കു ക്ഷണിച്ചതും കഴിഞ്ഞകൊല്ലം ആ സമ്മേളനം വിജയപൂർവ്വം നടത്തുന്നതിൽ ആദ്യവസാനം സൂത്രധാരത്വം വഹിച്ചതും ആ സാഹിത്യപ്രണയിതന്നെയായിരുന്നു. അന്നു സ്വീകരണസംഘാദ്ധ്യക്ഷന്റെ നിലയിൽ അദ്ദേഹം ചെയ്ത പ്രശംസാർഹമായ ശ്രമം ഇന്നും ഭാഷാഭിമാനികൾ ഓർക്കുന്നുണ്ടായിരിക്കണം. കുലീനനും വിനീതനും സർവ്വജനപ്രിയനുമായിരുന്ന ആ മാന്യപണ്ഡിതനിൽനിന്നു കൈരളി പല സമ്പത്തുകളും ഭാവിയിൽ ന്യായമായി പ്രതീക്ഷിച്ചിരുന്നു. എന്തുചെയ്യാം! ആ പ്രതീക്ഷാപാത്രത്തെ ദൈവം ഭഞ്ജിച്ചുകളഞ്ഞുവല്ലോ!

2. <u>കവിതിലകൻ കെ. പി. കറുപ്പൻ:</u> അടുത്തകാലത്തു കേരളത്തിനു സംഭവിച്ച മറെറാരു നഷ്ടമാണ് കവിതിലകൻ കെ. പി. കറുപ്പന്റെ ആത്യന്തികമായ ദേഹവിയോഗം. പ്രതികൂലപരിതഃസ്ഥിതികളോടെതിരിട്ട് സമുദായരംഗത്തിലും സാഹിത്യക്ഷേത്രത്തിലും ഒരുപോലെ അത്യസൂയാർഹമായ വിജയംനേടിയ കർമ്മധീരനാണ് മി: കറുപ്പൻ. കൊച്ചിയിലെ അവശസമുദായങ്ങളെ ഉദ്ധരിക്കുന്നകാര്യത്തിൽ വളരെക്കാലമായി സഫലമായ പ്രയത്നമാണ് ശ്രീ: കറുപ്പൻ ചെയ്തിരുന്നത്. സാഹിത്യത്തെ പ്രധാനമായ ആയുധമാക്കിക്കൊണ്ട് ആ സമുദായാഭിമാനി പല പ്രചരണവേലകളും നടത്തിയിട്ടുണ്ട്. ജാതിക്കുമ്മി, ദീനസ്വരം, ഉദ്യാനവിരുന്നു മുതലായ കൃതികൾ ഇതിനുദാഹരണങ്ങളാകുന്നു. ഈ പ്രചരണസാഹിത്യത്തെ ഒഴിച്ചുനിർത്തിയാലും, മി: കറുപ്പനു ഭാഷാസാഹിത്യലോകത്തിൽ നല്ലൊരു സ്ഥാനമുണ്ടായിരുന്നു എന്നുകാണാൻ പ്രയാസമില്ല. ഭാഷാഭൈമീപരിണയം, ബാലാകലേശം, മർത്ത്യപരിത്യക്തയായ ശകുന്തള,

ലളിതോപഹാരം, കൈരളീകങ്കണം, ബാലോദ്യാനം മുതലായ കൃതികൾ ഇതിനു് ഉത്തമസാക്ഷികളത്രെ. അകൃത്രിമവും അശ്ലിഷ്ടവുമായ ഒരു രീതിയും ശയ്യയും മി: കറുപ്പന്റെ കവിതയ്ക്കുള്ള പ്രത്യേകതകളാകുന്നു.

എറണാകുളം മഹാരാജകലാശാലയിൽ ഒരു പണ്ഡിതരായിരിക്കുമ്പോഴാണു് അദ്ദേഹം രോഗശയ്യയെ അവലംബിക്കേണ്ടിവന്നതു്. കൊച്ചി ഭാഷാപരിഷ്കരണക്കമ്മിററി, പാഠപുസ്തകക്കമ്മിററി, പ്രാഥമികവിദ്യാഭ്യാസപരിഷ്കരണക്കമ്മിററി മുതലായ സ്ഥാപനങ്ങളിൽ മി: കറുപ്പൻ പലപ്പോഴും അംഗമായിരുന്നിട്ടുണ്ടു്. ഒരിക്കൽ മദ്രാസ് സർവ്വകലാശാലവക ഓറിയന്റൽടൈറററിൽപരീക്ഷാബോഡിൽ അദ്ധ്യക്ഷനായിട്ടും നിയമിക്കപ്പെട്ടിട്ടുണ്ടു്. കേരളവർമ്മവലിയകോയിത്തമ്പുരാൻ വിദ്വാൻ എന്ന ബഹുമതിയും, മദ്രാസിൽതീപ്പെട്ട കൊച്ചിമഹാരാജാവുതിരുമനസ്സുകൊണ്ടു് കവിതിലകൻ എന്ന ബിരുദവും മി: കറുപ്പനു സമ്മാനിച്ച വിവരം സുപ്രസിദ്ധമാണല്ലൊ. ഒരു നല്ല ഭാഷാഭിമാനിയായിരുന്ന ശ്രീ: കറുപ്പനിൽനിന്നു കൈരളി ഇനിയും പലതും പ്രതീക്ഷിച്ചിരുന്നു. ഇനി അതൊന്നും പറഞ്ഞിട്ടു പ്രയോജനമില്ലല്ലൊ. 'വിധിവിഹിതമേവനും ലംഘിച്ചുകൂടുമോ?'

3. <u>ഈ. വി. കൃഷ്ണപിള്ള.</u> അടുത്തകാലത്തു കേരളക്കരയിലുണ്ടായിട്ടുള്ള ഫലിതസാഹിത്യകാരന്മാരിൽ പലതുകൊണ്ടും പ്രഥമസ്ഥാനത്തെ അർഹിച്ചിരുന്ന ശ്രീമാൻ ഈ. വി. കൃഷ്ണപിള്ളയും ഇഹലോകത്തോടു യാത്രപറഞ്ഞിരിക്കുന്നുവല്ലൊ! കൊട്ടക്കണക്കിനു കൃതികളെഴുതിത്തള്ളിയിരുന്ന ഇദ്ദേഹംനിമിത്തം മലയാളഭാഷയിലെ ഗ്രന്ഥദാരിദ്ര്യത്തിനു വലിയ കുറവുണ്ടായിട്ടുണ്ട്. അവസാനകാലത്തു് ആ 'നേത്രരോഗി' എഴുതിയിരുന്ന ഉപന്യാസങ്ങൾ ചിരിക്കാനും ചിന്തിക്കാനും ഒരുപോലെ ഉതകുന്നവയായിരുന്നു. ഈ. വി. യുടെ ഏതു കൃതിയിലും ഒരു വ്യക്തിത്വം തെളിഞ്ഞു കാണാം. അവസാനകാലമായപ്പോൾ ആ വ്യക്തിത്വം കൂടുതൽ കൂടുതൽ പ്രകടമായിവരികയായിരുന്നു. കുറേക്കാലംകൂടി ജീവിച്ചിരുന്നുവെന്നുവരികിൽ ഈ. വി. വലിയ ഒരു പരിവർത്തനത്തിന്റെ നേതൃത്വംതന്നെ വഹിക്കുമായിരുന്നു. ഇനി അതൊന്നും പറഞ്ഞിട്ടു പ്രയോജനമില്ലല്ലൊ. ബാഷ്പവർഷം, കേളീസൗധം തുടങ്ങിയ കഥാപുസ്തകങ്ങളും, രാജാകേശവദാസ്, ഇരവിക്കുട്ടിപ്പിള്ള, സീതാലക്ഷ്മി മുതലായ രൂപകങ്ങളും, കവിതക്കേസ്സ്, ചിരിയും ചിന്തയും എന്നിത്യാദി ഇതരകൃതികളും മലയാളഭാഷയുള്ളിടത്തോളംകാലം, പണ്ഡിതപാമരഭേദം കൂടാതെ, കേരളീയരെയാകമാനം രസിപ്പിച്ചുകൊണ്ടിരിക്കുമെന്നുള്ളതിനു സംശയമില്ല.

പരേതന്മാരുടെ ആത്മാക്കൾക്കു നിത്യശാന്തി ലഭിക്കുമാറാകട്ടെ.

## 3. തിരുത്തൽ.

I. മഹാകവി ഉള്ളൂർ ഇങ്ങനെ എഴുതിയിരിക്കുന്നു:—"പരിഷത്ത്രൈമാസികത്തിൻെറ ആറാംവാല്യം രണ്ടാംലക്കത്തിൽ വില്വമംഗലത്തുസ്വാമിയാരെപ്പററി ഞാൻ എഴുതിയിട്ടുള്ള ഉപന്യാസത്തിൽ ഒരിടത്തു 'പൊന്നാനിത്താലൂക്കിൽപെട്ട അരിയന്നൂർക്കാവുക്ഷേത്രത്തിലെ' എന്നു പ്രസ്താവിച്ചിട്ടുണ്ട്. പിന്നീട്ടുള്ള അന്വേഷണത്തിൽ, അരിയന്നൂർക്കാവു് പൊന്നാനിത്താലൂക്കിലല്ലെന്നും കൊച്ചിസംസ്ഥാനത്തിൽ കുന്നംകുളത്തിനടുത്താണെന്നും അറിവുകിട്ടിയിരിക്കുന്നു. ആ ഭാഗം അങ്ങനെ തിരുത്തിവായിക്കണമെന്നപേക്ഷ."

II. കെ. നാരായണപ്പിഷാരടി അവർകൾ എം. എ. അയച്ചുതന്ന 'പാർവ്വതീപരിണയം' എന്ന ഒരു പ്രാചീനപദ്യകൃതി ഈ ലക്കത്തിൽ ചേർത്തിട്ടുണ്ട്. വെണ്മണി അച്ഛൻനമ്പൂതിരിപ്പാട്ടിലെ വകയാണെന്നു പറഞ്ഞാണ് അദ്ദേഹം അതു് ഇവിടെ അയച്ചുതന്നതു്. അതനുസരിച്ചു ഞങ്ങൾ അതു പ്രസിദ്ധീകരിക്കയുംചെയ്തു. വെണ്മണി അച്ഛൻനമ്പൂരിയുടെ ചില കൃതികൾ പകർത്തിയ ഒരു ഗ്രന്ഥത്തിൽ കണ്ടതുകൊണ്ടു് അതു് അദ്ദേഹത്തിൻെറവകയാണെന്നു തെററിദ്ധരിച്ചുപോയതാണെന്നും, പിന്നീടു മറെറാരു ഗ്രന്ഥം പരിശോധിച്ചപ്പോൾ "പാർവ്വതീസ്വയംവരം" എന്ന ഒരു കൃതിയുടെ ഒരു ഭാഗമാണതെന്നു മനസ്സിലാക്കാൻസാധിച്ചുവെന്നും കവിത അച്ചടിച്ചുകഴിഞ്ഞുവെങ്കിൽ ഈ വിവരവുംകൂടി പത്രാധിപക്കുറിപ്പിൽ കാണിക്കണമെന്നും അദ്ദേഹം ഞങ്ങൾക്കെഴുതി അയച്ചിരിക്കുന്നു.

---

☞ പരിഷത്തിൻെറ ഭാഷാസംരക്ഷണത്തെസ്സംബന്ധിച്ച തീർപ്പുകൾക്കും ചേർത്തിവന്നതിനാൽ വിമർശനവീഥി അടുത്തതവണത്തേയ്ക്കു നീട്ടിവയ്ക്കേണ്ടിവന്നിട്ടുള്ള വിവരം വായനക്കാരെ അറിയിച്ചുകൊള്ളുന്നു.

(374-ാംപേജ് തുടർച്ച)

| പണമടച്ച ആളുകളുടെ പേരും മേൽവിലാസവും | | ഏതുകൊല്ലത്തെ എന്ന് | സംഖ്യ ക. | ണ. | പ. |
|---|---|---|---|---|---|
| കെ. രാമകൃഷ്ണറാവു, ബോയ്സ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ | നീലേശ്വരം | 112-ലെ | 3 | 0 | 0 |
| സിക്രട്ടറി, പയ്യന്നൂർ വായനശാല | പയ്യന്നൂർ | ,, | 3 | 0 | 0 |
| പ്രിൻസിപ്പാൾ ഗവ: ട്രെയിനിങ് ഇൻസ്റ്റിട്യൂഷൻ, തൃശ്ശൂർ | | ,, | 3 | 0 | 0 |
| ഡാക്ടർ കെ. എൻ. മേനോൻ, | എറണാകുളം | ,, | 3 | 0 | 0 |
| എ. നാരായണപിള്ള അവർകൾ | ചേർത്തല | ,, | 3 | 0 | 0 |
| ഹെഡ്മാസ്റ്റർ, ഹൈസ്കൂൾ | തേവര | ,, | 3 | 0 | 0 |
| ഹെഡ്മിസ്ട്രസ്സ്, ഗേൾസ് ഹൈസ്കൂൾ | എറണാകുളം | ,, | 3 | 0 | 0 |
| ,, ,, | കുന്നംകുളം | ,, | 3 | 0 | 0 |
| ഉള്ളൂർ പരമേശ്വരയ്യർ അവർകൾ | തിരുവനന്തപുരം | 113-ലെ ബാക്കി | 2 | 0 | 0 |
| ഹെഡ്മാസ്റ്റർ, ബോർഡുഹൈസ്കൂൾ | ചെറുകുന്ന് | 113-ലെ | 3 | 0 | 0 |
| ഡാക്ടർ നല്ലപെരുമാൾപിള്ള അവർകൾ | തിരുവനന്തപുരം | 112-ലെ | 3 | 0 | 0 |
| വടക്കുംകൂർ രാജരാജവർമ്മരാജ അവർകൾ | വൈക്കം | ,, | 3 | 0 | 0 |
| ഹെഡ്മാസ്റ്റർ, ബോർഡുഹൈസ്കൂൾ | ചാവക്കാട് | 113-ലെ | 3 | 0 | 0 |
| ,, ,, | കൊളായി | ,, | 3 | 0 | 0 |
| ,, ,, | പെരിന്തൽമണ്ണ | 113-ലെയും 14-ലെ 1ക. യും | 4 | 0 | 0 |
| സിക്രട്ടറി, മഹാപരിഷൽക്കമ്മിററി | ഇരിങ്ങാലക്കുട | 113-ലെ | 3 | 0 | 0 |
| ഹെഡ്മാസ്റ്റർ, എൽ. എസ്സ്. സ്കൂൾ | ഏറിയാട് | 112-ലെ | 3 | 0 | 0 |
| വിദ്വാൻ കെ. ടി. തോമാസ് അവർകൾ | കാഞ്ഞിരപ്പള്ളി | 113-ലെ | 3 | 0 | 0 |
| കെ. നാരായണപ്പിഷാരടി ,, എം. എ. | തൃപ്പൂണിത്തുറ | 112-ലെ | 3 | 0 | 0 |
| എച്ച്. എച്ച്. ഇക്കാവമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ട് | ,, | ,, | 3 | 0 | 0 |
| ഹെഡ്മാസ്റ്റർ, ബോർഡുഹൈസ്കൂൾ, | ചെർപ്പുളശ്ശേരി | 13-ലെയും 14-ലെ 1ക. യും | 4 | 0 | 0 |
| ശിവറാവ് അച്യുതമേനോനവർകൾ | എറണാകുളം | 112-ലെ | 3 | 0 | 0 |
| ടി. തോമസ്സ് അവർകൾ | ,, | ,, | 3 | 0 | 0 |
| മേടങ്ങൽ ഇല്ലത്ത് ത്രിവിക്രമൻനമ്പൂരി അവർകൾ | ,, | ,, | 3 | 0 | 0 |
| വരാപ്പുഴ ആർച്ച്ബിഷപ്പ് തിരുമനസ്സുകൊണ്ട് | ,, | 12-ലെയും 13-ലെയും | 6 | 0 | 0 |
| ചെറിയേരി രാമമേനോൻ അവർകൾ | എറണാകുളം | 112-ലെ | 3 | 0 | 0 |
| ടി. കെ. കൃഷ്ണമേനോൻ ,, | ,, | 113-ലെ | 3 | 0 | 0 |
| ടി. ടി. അച്യുതൻനമ്പൂരി ,, | ഒററപ്പാലം | ,, | 3 | 0 | 0 |
| പി. ശങ്കരൻനമ്പ്യാരവർകൾ എം. എ. | എറണാകുളം | 112-ലെ | 3 | 0 | 0 |
| ഹെഡ്മാസ്റ്റർ എൽ. എസ്സ്. സ്കൂൾ | അയിലൂർ | 113-ലെ | 3 | 0 | 0 |
| ഇടനാട്ട് എൻ. കണ്ണൻപിള്ള അവർകൾ | തിരുവനന്തപുരം | 11-ലെ ബാക്കി 2ക. യും 12-ലെ 2ക. യും | 4 | 0 | 0 |
| മള്ളൂർ ഗോവിന്ദപ്പിള്ള അവർകൾ | തിരുവനന്തപുരം | 12-ലെയും 13-ലെയും | 6 | 0 | 0 |
| ഹെഡ്മാസ്റ്റർ, എൽ. എസ്സ്. സ്കൂൾ | മണലൂർ | 112-ലെ | 3 | 0 | 0 |
| പൂയംതിരുനാൾ തമ്പുരാട്ടി തിരുമനസ്സുകൊണ്ട് | ചെറിപ്പാട്ട് | 113-ലെ | 3 | 0 | 0 |
| വി. ദാമോദരൻനായർ അവർകൾ, വക്കീൽ | പാലക്കാട് | 112-ലെ | 3 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| തോട്ടാശ്ശേരിമനക്കൽ ശങ്കരൻ നമ്പൂതിരിപ്പാട്, | | വെള്ളാരപ്പിള്ളി | 113-ലെ | 3 | 0 | 0 |
| അമ്പാടി ശങ്കരമേനോൻ അവർകൾ | | എറണാകുളം | 112-ലെ | 3 | 0 | 0 |
| പി. ജാനകീദേവി | അവർകൾ | മദ്രാസ് | 113-ലെ | 3 | 0 | 0 |
| കൊരമ്പത്ത് ശങ്കുണ്ണിനായർ | ,, | കണ്ണൂര് | 112-ലെ | 3 | 0 | 0 |
| കെ. സി. മാത്യു | ,, | കോട്ടയം | ,, | 3 | 0 | 0 |
| കൊച്ചിപ്പിള്ളി പാറമേക്കാവുകാരപ്പ് അവർകൾ | | കോഴിക്കോട് | 112-ലെ | 3 | 0 | 0 |
| ടി. എം. നാരായണിക്കുട്ടിയമ്മ | ,, | ,, | ,, | 3 | 0 | 0 |
| എ. വി. കുട്ടികൃഷ്ണമേനോൻ | ,, | ,, | ,, | 3 | 0 | 0 |
| കെ. സി. കുഞ്ഞിക്കുട്ടിയമ്മ | ,, | ,, | ,, | 3 | 0 | 0 |
| പി. കെ. നമ്പീശൻ | ,, | ചാലപ്പുറം | ,, | 3 | 0 | 0 |
| എ. കെ. ടി. കെ. എം. ഗുപ്തൻനമ്പൂതിരിപ്പാട് | | ,, | ,, | 3 | 0 | 0 |
| വെള്ളക്കുളം കരുണാകരൻ നായർ | ,, | കോട്ടയം | 112-ലെ | 3 | 0 | 0 |
| പി. സി. ജോസഫ് | ,, | എറണാകുളം | ,, | 3 | 0 | 0 |
| ജോസഫ് മുണ്ടശ്ശേരി | ,, | തൃശ്ശിവപേരൂർ | ,, | 3 | 0 | 0 |
| ഒളപ്പമണ്ണ വാസുദേവൻനമ്പൂതിരിപ്പാട് | | കടമ്പൂർ — കോട്ടയം | 113-ലെ | 3 | 0 | 0 |
| കെ. ജെ. തോമസ് ബി. എ., കരിപ്പാപ്പറമ്പിൽ, കാഞ്ഞിരപ്പള്ളി | | | ,, | 3 | 0 | 0 |

അനുബന്ധം

# സമസ്തകേരളസാഹിത്യപരിഷത്ത്.

കൊച്ചിയിലെ 1038 ലെ 2-ാം റെഗുലേഷൻ പ്രകാരം, എറണാകുളം രജിസ്ട്രാപ്പീസിൽ 1107 മകരം 27-ാം- 1107-ൽ 1-ാം നമ്പ്രായി രജിസ്റ്റർ ചെയ്തത്.

## മെമ്മോറാണ്ടം.

1. ഈ സംഘത്തിന്റെ പേർ സമസ്തകേരളസാഹിത്യപരിഷത്ത് എന്നാകുന്നു.

2. ഈ പരിഷത്തിന്റെ ഉദ്ദേശ്യങ്ങൾ:

മലയാളഭാഷയ്ക്കും സാഹിത്യത്തിനും പരിഷ്കാരവും പോഷണവും വരുത്തുന്നതിനാവശ്യകരങ്ങളും ഉപയോഗ്യവും ആയ എല്ലാ പ്രവൃത്തികളും ചെയ്യലും അതിനു വേണ്ട ധനമുണ്ടാക്കി രക്ഷിച്ചു ചെലവഴിക്കലും ആകുന്നു.

3. ഈ പരിഷത്തിന് ഏതു വിധത്തിലും ഉണ്ടാകുന്ന മുതലെടുപ്പും സമ്പത്തുക്കളും സംഘമെമ്മോറാണ്ടത്തിൽ കാണിച്ച പ്രകാരമുള്ള ഉദ്ദേശ്യങ്ങൾക്കു മാത്രം ഉപയോഗപ്പെടുത്തുന്നതാണ്. അല്ലാതെ, അതിൽ യാതൊരു ഭാഗവും നേരിട്ടോ മററു പ്രകാരത്തിലോ, ആദായമെന്നോ പലിശയെന്നോ ഉള്ള നിലയിൽ സാമാജികന്മാർക്കു കൊടുക്കുകയോ അവരുടെ അധീനത്തിലാക്കുകയോ ചെയ്യാവുന്നതല്ല.

എന്നാൽ, പരിഷത്തിന്റെ അഭിപ്രായത്തിൽ വല്ല സാമാജികനും സാഹിത്യസംബന്ധമായുള്ള പരിശ്രമത്തിന്റെ ഫലങ്ങൾക്കായി വല്ല പ്രതിഫലമോ സമ്മാനമോ കൊടുക്കേണമെന്നു തീർച്ചയാക്കി കൊടുക്കുന്നതായാൽ, ആയതു മേല്പറഞ്ഞ നിശ്ചയത്തിനാൽ അസാധുവാകുന്നതല്ല.

## പരിഷന്നിയമാവലി.

1. പേര്:—ഈ പരിഷത്തിന്റെ പേര് സമസ്തകേരളസാഹിത്യപരിഷത്ത് എന്നാകുന്നു.

2. ഉദ്ദേശ്യം: ഈ പരിഷത്തിന്റെ ഉദ്ദേശ്യം ഭാഷയ്ക്കു സർവ്വതോമുഖമായ അഭിവൃദ്ധി സമ്പാദിക്കുകയാകുന്നു.

3. ഉദ്ദേശ്യസാദ്ധ്യത്തിനുള്ള മാർഗ്ഗങ്ങൾ.

പരിഷത്തിന്റെ ഉദ്ദേശ്യസാദ്ധ്യത്തിനായി താഴെ ചേർക്കുന്ന മാർഗ്ഗങ്ങളേയും അതാതു സമയം യുക്തമെന്നു തോന്നുന്ന മററു മാർഗ്ഗങ്ങളേയും അവലംബിക്കാവുന്നതാകുന്നു.

(ക) ഗവേഷണം — കേവലഭാഷാചരിത്രം, നിഘണ്ടു, (സാമാന്യശബ്ദനിഘണ്ടു, സാങ്കേതികശബ്ദനിഘണ്ടു,) വ്യാകരണം, ദേശചരിത്രം മുതലായ വിഷയങ്ങളിൽ ഗവേഷണം നടത്തുക.

(ഖ) സംഭരണം— (1) പഴയ ഗ്രന്ഥങ്ങൾ, പഴയ രേഖകൾ, പ്രസിദ്ധംചെയ്യ

പുസ്തകങ്ങൾ മുതലായവ അടങ്ങിയ ഒരു ഗ്രന്ഥശാല ഏർപ്പെടുത്തുക. (2) ഭാഷാചരിത്രം മുതലായ ചരിത്രങ്ങൾ ഉണ്ടാക്കുവാൻ സഹായിക്കുന്നവയായ പദാർത്ഥങ്ങളടങ്ങിയ ഒരു പ്രദർശനശാല സ്ഥാപിക്കുക.

(ഗ) നിർമ്മിതി—കല്പിതങ്ങളും, വിവർത്തിതങ്ങളും, അനുകൃതങ്ങളുമായ ഗ്രന്ഥങ്ങളുടെ നിർമ്മിതി.

(ഘ) പ്രസാധനം—ഇതുവരെ പ്രസിദ്ധപ്പെടുത്തിട്ടുള്ളതും പുതുതായി പ്രസിദ്ധം ചെയ്യുന്നതുമായ ഗ്രന്ഥങ്ങളെ പാട്ടങ്ങളും നന്നാക്കി പ്രസാധനം ചെയ്യുക.

(ങ) മുദ്രണം—ഭാഷാവ്യാകരണനിയമങ്ങൾക്കും ഭാഷാസാഹിത്യനിയമങ്ങൾക്കും വിരോധം കൂടാതെ മുദ്രണത്തിനു വേണ്ടുന്ന വ്യവസ്ഥകൾ ചെയ്യുക.

(ച) വിമർശനം—ശരിയായ രീതിയിൽ ഗ്രന്ഥങ്ങളെ വിമർശിച്ചു കാണിക്കുക.

(ഛ) പ്രവർത്തനം — വർത്തമാനപത്രങ്ങൾ, മാസികകൾ മുതലായവ ഉത്തമരീതിയിൽ നടത്തുവാൻ അവയുടെ അധികൃതന്മാരെ പ്രേരിപ്പിക്കുക.

(ജ) പ്രചരണം—ഗ്രന്ഥശാല, കലാശാല, പാഠശാല, പ്രസംഗം, പ്രദർശനം, ലഘുപത്രിക, മാസിക ഇത്യാദി മാർഗ്ഗങ്ങളിൽകൂടി കേരളത്തിൽ എല്ലാ ദേശങ്ങളിലും ഭാഷാസാഹിത്യത്തിനു പ്രചാരം വരുത്തുക.

### 4. സാമാന്യഘടന.

(ക) (1) പരിഷത്തിന് അഞ്ചിൽ കൂടുതലാകാതെ രക്ഷാധികാരികൾ ഉണ്ടായിരിക്കാവുന്നതാകുന്നു. (2) പരിഷത്തിലെ അംഗങ്ങൾ, പാലകസാമാജികന്മാർ, വിശിഷ്ടസാമാജികന്മാർ, ആജീവനസാമാജികന്മാർ, സാധാരണസാമാജികന്മാർ, എന്നിങ്ങനെ നാലു തരത്തിലായിരിക്കും.

(ഖ) 250 ഉറുപ്പികയൊ തത്തുല്യമായ മറ്റു സംഭാവനയൊ കൊടുക്കുന്നവർ പാലകസാമാജികന്മാരായിരിക്കുന്നതാണ്.

(ഗ) (1) സാഹിത്യക്ഷേത്രത്തിൽ ലബ്ധപ്രതിഷ്ഠരായിരിക്കണം വിശിഷ്ടസാമാജികന്മാർ. (2) ഇവരുടെ സംഖ്യ പ്രത്യേകകാരണങ്ങളാലല്ലാതെ ഒൻപതിൽ കവിയാവുന്നതല്ല. (3) വിശിഷ്ടസാമാജികന്മാർ സാധാരണസാമാജികന്മാരുടെ അധികാരങ്ങളുണ്ടായിരിക്കുന്നതാകുന്നു. എന്നാൽ അവർ വരിപ്പണം കൊടുപ്പാൻ ബാദ്ധ്യതപ്പെട്ടവരല്ല.

(ഘ) പരിഷത്തിനുവേണ്ടി 100 ഉറുപ്പിക ഒരു കൊല്ലത്തിനിടയ്ക്കു സംഭാവന ചെയ്യുന്നവരായിരിക്കും ആജീവനസാമാജികന്മാർ.

(ങ) (1) പരിഷത്തിൽ വർഷംതോറും മൂന്നും ഒന്നും വീതം രൂപ വരിസംഖ്യ അടയ്ക്കുന്ന രണ്ടു തരം സാധാരണസാമാജികന്മാർ ഉണ്ടായിരിക്കുന്നതാകുന്നു. (2) ചേരുന്ന കൊല്ലത്തിലടയ്ക്കേണ്ട വരിസംഖ്യ ചേരുന്ന തിയ്യതിക്കും, കൊല്ലംതോറുമുള്ള വരിസംഖ്യ കൊല്ലത്തെ ആദ്യത്തെ മൂന്നു മാസത്തിനകവും, കൊടുത്തു തീർക്കേണ്ടതാകുന്നു. വർഷപാദത്തിൽ എന്നു ചേർന്നാലും വർഷപാദത്തിന്റെ ആദ്യം മുതൽ ക്രമപ്രകാരമുള്ള വരിസംഖ്യ അടയ്ക്കേണ്ടതാകുന്നു.

(ച) രക്ഷാധികാരികളേയും സാമാജികന്മാരേയും പരിഷത്തിൽ ചേർക്കുവാനു

ള്ള അധികാരം നിർവ്വാഹകസംഘത്തിനാകുന്നു. എന്നാൽ സാഹിത്യലോകത്തിൽ ഉപകാരപ്രദമായ എന്തെങ്കിലും പ്രവൃത്തി ചെയ്തിട്ടുള്ളവരേയും ചെയ്യാമെന്നുള്ളവരേയും മാത്രമേ പരിഷത്തിൽ അംഗങ്ങളായി ചേർക്കുവാൻ പാടുള്ളൂ. സാമാജികസ്ഥാനത്തിനുള്ള അപേക്ഷകളെ കാരണംകൂടാതെ ഉപേക്ഷിക്കുന്നതിന് നിർവ്വാഹകസംഘത്തിന് അധികാരമുണ്ടായിരിക്കും.

(ഘ) വരിസംഖ്യ അടയ്ക്കേണ്ട തിയ്യതി കഴിഞ്ഞതിനുശേഷം, പരിഷത്തിൽ നിന്നു എഴുതിയയച്ച് ഓർമ്മിപ്പിച്ചിട്ടും പിന്നെ രണ്ടു മാസത്തിനുള്ളിൽ കുടിശ്ശിക അടച്ചു തീർക്കാത്ത സാമാജികന്മാരെ പട്ടികയിൽനിന്നു കുറവു ചെയ്യേണ്ടതാകുന്നു. കുറവു ചെയ്യപ്പെട്ടാലും അതുവരെയുള്ള അവരുടെ ബാദ്ധ്യതകൾ ഇല്ലാതാകുന്നതല്ല.

(ങ) ആജീവനാ സാമാജികന്മാർ സംഭാവനാസംഖ്യയിൽ ഏതാനും അടച്ച്, നിശ്ചിതസമയത്തിനുള്ളിൽ മുഴുവനും അടച്ചുതീർക്കാത്തപക്ഷം, അതു അടച്ചുതീരുന്നതുവരെ, അവരെ സാധാരണസാമാജികന്മാരായി ഗണിക്കുന്നതും, സാധാരണ സാമാജികന്മാരുടെ നിലയ്ക്കുള്ള വരിസംഖ്യ അവർ അടച്ച സംഖ്യയിൽനിന്ന് ഈടാക്കുന്നതുമാകുന്നു.

(ച) പരിഷത്തിന്റെ കൊല്ലം തുലാത്തൊട്ടു തുലാമായിരിക്കുന്നതാകുന്നു.

5. സാമാജികന്മാരുടെ അവകാശങ്ങളും അധികാരങ്ങളും.

(ക) മൂന്നു രൂപ വരിസംഖ്യ അടയ്ക്കുന്നവർമാത്രം നിർവ്വാഹകസംഘത്തിൽ അംഗങ്ങളാകുവാനും പരിഷത്ത്ത്രൈമാസികം സൗജന്യമായികിട്ടുവാനും അവകാശമുണ്ടായിരിക്കുന്നതാകുന്നു.

(ഖ) പരിഷത്തുവക ഗ്രന്ഥശാലയിൽ ശേഖരിക്കുന്ന പുസ്തകങ്ങൾ മുതലായവ അതതു കാലത്തു നിശ്ചയിക്കുന്ന ഉപനിയമങ്ങളനുസരിച്ച് സാമാജികന്മാർക്ക് എടുത്തു ഉപയോഗിക്കാവുന്നതാകുന്നു.

(ഗ) പരിഷത്തിന്റെ കാര്യവിചാരയോഗങ്ങളിൽ സാമാജികന്മാർ മാത്രം പ്രത്യക്ഷസമ്മതിദാനത്തിനധികാരമുള്ളതാകുന്നു.

(ഘ) മുറപ്രകാരമുള്ള അവധിക്കുശേഷം വരിസംഖ്യ കുടിശ്ശികയാകുന്ന സാമാജികന്മാർക്ക് മേല്പറഞ്ഞ അവകാശങ്ങളൊന്നും ഉണ്ടായിരിക്കുന്നതല്ല.

6. കാര്യനിർവ്വഹണം.

(ക) പരിഷത്തിന്റെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ഒരദ്ധ്യക്ഷനും, ഒരു കാര്യദർശിയും, ഒരു സഹായകാര്യദർശിയും, ഒരു ഖജാൻജിയും ഉൾപ്പെടെ 25-ൽ അധികമാകാതെ അംഗങ്ങളടങ്ങിയ ഒരു നിർവ്വാഹകസംഘം ഉണ്ടായിരിക്കേണ്ടതാകുന്നു.

(ഖ) ഈ സംഘാംഗങ്ങളെ കൊല്ലംതോറും വാർഷികയോഗത്തിൽ വച്ചു തിരഞ്ഞെടുക്കേണ്ടതാകുന്നു.

(ഗ) സംഘാംഗങ്ങളിൽ ഒഴിവു വന്നാൽ ആ സ്ഥാനത്തേയ്ക്ക് ആളെ നിയമിക്കുവാൻ നിർവ്വാഹകസംഘത്തിന് അധികാരമുള്ളതാകുന്നു.

(ഘ) സംഘത്തിന്റെ തലസ്ഥാനം തൽകാലം എറണാകുളത്ത് ആയിരിക്കുന്നതാണ്.

## 7. നിർവ്വാഹകസംഘത്തിന്റെ അധികാരം

(ക) പരിഷത്തിന്റെ ആവശ്യം തുടങ്ങി എല്ലാ കാര്യങ്ങളും സാധാരണമായി കാര്യനിർവ്വാഹകസംഘം നിർവ്വഹിക്കേണ്ടതാകുന്നു.

(ഖ) അടുത്തകൊല്ലത്തേയ്ക്കുള്ള വരവുചെലവുകളുടെ ഉദ്ദേശക്കണക്ക് പരിഷത്തിന്റെ വാർഷികയോഗത്തിൽ ഹാജരാക്കി അനുവദിപ്പിക്കേണ്ടതാകുന്നു.

(ഗ) പരിഷത്തിന്റെ ജോലികളെ നിർവ്വഹിക്കുവാൻ ആവശ്യംപോലെ എത്രയെങ്കിലും ഉദ്യോഗസ്ഥന്മാരെ വെയ്ക്കുവാനും പിരിക്കുവാനും നിർവ്വാഹകസംഘാദ്ധ്യക്ഷന് അധികാരമുള്ളതാകുന്നു. എന്നാൽ ഉദ്യോഗം നിശ്ചയിക്കുന്നതു നിർവ്വാഹകസംഘത്തിന്റെ അധികാരത്തിൽപെട്ടതായിരിക്കും.

(ഘ) പ്രത്യേകമായ എന്തെങ്കിലും കാര്യനിർവ്വഹണം നിർവ്വാഹകസംഘത്തിന് ഉപസംഘങ്ങളെ ഏല്പിക്കാവുന്നതാകുന്നു.

(ങ) ആവശ്യമുള്ളപ്പോഴോ, പത്തിൽ കുറയാതെ നിർവ്വാഹകസംഘാംഗങ്ങളോ നാലിലൊന്നുകണ്ടു മറ്റു സാമാജികന്മാരോ ആവശ്യപ്പെട്ടാലോ, അദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം, കാര്യദർശി നിർവ്വാഹകസംഘം വിളിച്ചുകൂട്ടേണ്ടതാകുന്നു.

(ച) കാര്യാലോചനാവിഷയത്തിൽ അംഗങ്ങൾ ഇരുപക്ഷമാകുമ്പോൾ, അദ്ധ്യക്ഷപക്ഷം ബലപ്പെടുന്നതാകുന്നു.

(ഛ) നിർവ്വാഹകസംഘയോഗങ്ങളിൽ സംഘാദ്ധ്യക്ഷൻ സഭാനാഥനായിരിക്കുന്നതും, അദ്ധ്യക്ഷനു സൌകര്യമില്ലാത്ത പക്ഷം, സംഘത്തിൽനിന്ന് ഒരാളെ തൽകാലത്തേയ്ക്കു നിശ്ചയിക്കുവാൻ സംഘത്തിന് അധികാരമുണ്ടാകുന്നു.

(ജ) എന്തെങ്കിലും വിശേഷകാര്യം അടിയന്തരമായി പ്രവർത്തിക്കേണ്ടിവന്നാൽ, പത്തു രൂപാവരെ ചെലവുചെയ്യുവാൻ അദ്ധ്യക്ഷന് അധികാരമുള്ളതും അങ്ങനെ ചെയ്യുന്ന ചെലവ് അടുത്ത കാര്യനിർവ്വഹണസംഘയോഗത്തിൽ ബോദ്ധ്യപ്പെടുത്തി അനുവദിപ്പിക്കേണ്ടതുമാകുന്നു. എന്നാൽ ഇങ്ങനെ ഒരു കൊല്ലത്തിൽ അദ്ധ്യക്ഷൻ ചെലവുചെയ്യുന്ന തുക 150 രൂപയിൽ കൂടുതൽ വരാൻകൂടാ.

(ഝ) യോഗം കൂടുവാൻ സൌകര്യമില്ലാതെവന്നാൽമാത്രം, എന്തെങ്കിലും അടിയന്തിരകാര്യങ്ങൾ എഴുത്തുമൂലം അംഗങ്ങളെ അറിയിച്ചു നിർവ്വഹിക്കാവുന്നതാകുന്നു. എന്നാൽ പകുതിയിലധികം അംഗങ്ങളുടെയെങ്കിലും അഭിപ്രായം യോജിച്ചിരിക്കണം.

## 8. നിർവ്വാഹകസംഘത്തിന്റെ ചുമതലകൾ.

(ക) സംഘത്തിന്റെ ഓരോ യോഗത്തിലും ചുരുങ്ങിയത് അഞ്ചംഗങ്ങളെങ്കിലും ഹാജരായിരിക്കണം.

(ഖ) യോഗം കൂടുന്നതിന് കുറഞ്ഞതു പതിനഞ്ചുദിവസംമുമ്പ്, കാര്യംകാണിച്ച് അറിവുകൊടുക്കേണ്ടതാകുന്നു.

(ഗ) നിർവ്വാഹകസംഘത്തിലെ നടവടികൾ കാര്യദർശി രേഖപ്പെടുത്തി അദ്ധ്യക്ഷനെക്കൊണ്ട് അടയാളംവെയ്പിക്കേണ്ടതും അടുത്ത യോഗത്തിൽ ഹാജരാക്കേണ്ടതുമാകുന്നു.

(ഘ) പരിഷത്തു സംബന്ധമായ പണമിടപാടുകളും കണക്കുകളും സംബന്ധിച്ച മുതലുകൾക്കു ഖജാൻജി ഉത്തരവാദിയാണ്.

(ങ) പരിഷത്തു കക്ഷിയായ വ്യവഹാരങ്ങളിലും ആധാരങ്ങളിലും പരിഷത്തിനെ പ്രതിനിധീകരിക്കേണ്ടവർ കാര്യദർശിയും ഖജാൻജിയും ആയിരിക്കണം. എന്നാൽ ഈവക കാര്യങ്ങളിൽ നിർവ്വാഹകസംഘം രേഖപ്പെടുത്തിട്ടുള്ള പ്രകാരമേ ഇവർ പ്രവർത്തിച്ചുകൂട. പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ പരിഷത്തിന്റെ പൊതുമുദ്ര ഉണ്ടായിരിക്കേണ്ടതും, ആയതു് അദ്ധ്യക്ഷന്റെ സൂക്ഷത്തിലിരിക്കേണ്ടതുമാകുന്നു.

## 9. വാർഷികയോഗം.

(ക) പരിഷത്തിന്റെ വാർഷികയോഗം നിർവ്വാഹകസംഘത്തിന്റെ ഇഷ്ടംപോലെ കാലവും ദേശവും നിശ്ചയിച്ചു് കൊല്ലംതികഞ്ഞു മൂന്നുമാസത്തിനുള്ളിൽ നടത്തേണ്ടതാകുന്നു.

(ഖ) വാർഷികയോഗത്തിലേയ്ക്കുള്ള അദ്ധ്യക്ഷനായി സാമാജികന്മാരിൽനിന്നു് ഒരാളെ നിർവ്വാഹകസംഘത്തിനു തിരഞ്ഞെടുക്കാവുന്നതാകുന്നു.

(ഗ) അതതുകൊല്ലം ഉണ്ടായിട്ടുള്ള വരവുചെലവുകളെ കാണിക്കുന്നതും പരിഷത്തു നിയമിച്ചിട്ടുള്ള ഒരു വിദഗ്ധൻ പരിശോധിച്ചിട്ടുള്ളതുമായ കണക്കുകളേയും നിർവ്വാഹകസംഘം ചെയ്തിട്ടുള്ള പ്രവൃത്തികളേയും വിവരിക്കുന്ന ഒരു റിപ്പോർട്ടു് നിർവ്വാഹകസംഘക്കാർ വാർഷികയോഗത്തിൽ സമർപ്പിക്കേണ്ടതാകുന്നു.

(ഘ) വാർഷികയോഗത്തിനും മററു പൊതുയോഗങ്ങൾക്കും കോറത്തിനു് പതിനൊന്നിൽ കുറയാതെ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(ങ) പരിഷത്തിന്റെ ആഭിമുഖ്യത്തിൽ കൊല്ലംതോറും ഒരു സാഹിത്യസമ്മേളനം നടത്തുവാൻ നിർവ്വാഹകസംഘം പ്രയത്നിക്കേണ്ടതാകുന്നു. അതിനുള്ള സംഖ്യ പൊതുജനങ്ങളിൽനിന്നുംമററും വിശേഷാൽ പിരിച്ചെടുക്കാവുന്നതാണ്. ചെലവുകഴിച്ചു ബാക്കിയുള്ളതു പരിഷത്തിന്റെ സ്വത്തായിരിക്കുന്നതുമാകുന്നു.

## 10. ശാഖാസംഘങ്ങൾ.

(ക) പരിഷത്തിനു് എവിടെയെങ്കിലും അതിന്റെ ശാഖാസംഘങ്ങളെ സ്ഥാപിക്കാവുന്നതാകുന്നു.

(ഖ) പരിഷത്തിലെ സാമാജികന്മാരല്ലാതെ ശാഖാസംഘങ്ങളിൽ അംഗങ്ങളായിരിക്കുവാൻ പാടുള്ളതല്ല. എന്നാൽ 20-ൽ കുറയാതെ അംഗങ്ങൾ അതിൽ ഉണ്ടായിരിക്കേണ്ടതാകുന്നു.

(ഗ) ശാഖാസംഘങ്ങൾ പരിഷത്തിന്റെ ഉദ്ദേശ്യമനുസരിച്ചു നടക്കേണ്ടതാകുന്നു.

(ഘ) എന്നാൽ അതതു പ്രദേശങ്ങൾക്കു പ്രത്യേകമായ നടവടികൾ വല്ലതും വേണ്ടിവരുന്നതായാൽ, പരിഷത്തിന്റെ സാമാന്യനിയമങ്ങൾക്കും, ഉദ്ദേശ്യങ്ങൾക്കും വിരോധംകൂടാതെ അപ്രകാരമുള്ള നടവടികൾ ശാഖാസംഘങ്ങൾക്കു സ്വാതന്ത്ര്യമായി നടത്തുവാൻ അധികാരമുള്ളതാകുന്നു.

(ങ) ശാഖാസംഘങ്ങൾ അവയുടെ സംഘത്തിനകത്തുള്ള സാമാജികന്മാരിൽ നിന്നു വരിസംഖ്യ പിരിച്ചു് സ: കേ: സാ

പരിഷത്തിലെ ഖജാൻജിക്ക് അയച്ചുകൊടുക്കേണ്ടതും, അവയുടെ ചെലവു മറു പിരിവുകളെക്കൊണ്ടു നടത്തേണ്ടതുമാകുന്നു.

## 11. നിയമഭേദഗതി.

(ക) പ്രധാനനിയമങ്ങൾക്കു വിപരീതമാകാത്തവിധത്തിൽ വല്ല ഉപനിയമമോ ഉപനിയമങ്ങളോ കൂട്ടിച്ചേർക്കേണ്ടിവന്നാൽ, അതു നിർവ്വാഹകസംഘത്തിനു ചെയ്യാവുന്നതും, എന്നാൽ അടുത്തുകൂടുന്ന പൊതുയോഗത്തിൽ അതു ഹാജരാക്കി അനുവദിപ്പിക്കേണ്ടതുമാകുന്നു.

(ഖ) ഈ നിയമത്തിൽ വല്ലതും ഭേദഗതിചെയ്യേണ്ടിവന്നാൽ, ആയതു് ആ ആവശ്യത്തിനായി ആവശ്യം വിവരമായി കാണിച്ചു് ഒരുമാസത്തെ ഇടവച്ചു നോട്ടീസ്സുകൊടുത്തു വിളിച്ചുകൂട്ടുന്ന ഒരു പ്രത്യേകയോഗത്തിലോ, അല്ലെങ്കിൽ വാർഷികയോഗത്തിലോവച്ചുമാത്രമേ ചെയ്യുവാൻപാടുള്ളൂ. ആ യോഗത്തിൽ നേർപകുതിയിൽ കുറയാത്ത അംഗങ്ങൾ, നേരിട്ടോ രേഖാമൂലമായി അധികാരപ്പെടുത്തിയ പ്രതിനിധിമൂലമോ ഹാജരുണ്ടായിരിക്കണം; അതിൽ അധികപക്ഷം നിയമഭേദഗതിക്കു് അനുകൂലവുമായിരിക്കണം.

## 12. പ്രത്യേകനിബന്ധന.

ആവശ്യം വേണ്ടിവരുന്ന ഘട്ടങ്ങളിലൊഴികെ, പരിഷത്തിനെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഒന്നിലും മലയാളഭാഷയല്ലാതെ വേറെ ഒരു ഭാഷയും ഉപയോഗിക്കാവുന്നതല്ല.

ശുഭം.

പുസ്തകം 6. ലക്കം 4.

സമസ്തകേരള

# സാഹിത്യപരിഷത്തു

വക

# ത്രൈമാസികം



1113 കർക്കടകം.

വരിസംഖ്യ

പരിഷത്സാമാജികന്മാർക്ക് (വരിസംഖ്യയടക്കം) ആണ്ടിൽ മൂന്നു രൂപ.
സാമാജികന്മാരല്ലാത്തവർക്ക് ,, മൂന്നു രൂപ.

ഒററപ്രതിക്ക് ഒരു രൂപ.

എറണാകുളം.

സനാതനധർമ്മം അച്ചുകൂടം, പെരുമാനൂർ, എറണാകുളം.

# വിഷയാനുക്രമണിക.


1. കൊച്ചിവീരകേരളവൎമ്മമഹാരാജാവ് — പേജ്—392

    കെ. നാരായണപ്പിഷാരടി എം. എ.

2. ഉൽഘാടനപ്രസംഗം ,, 427

    ഡാക്ടർ ജോസഫ് അട്ടിപ്പേററി പി. എച്ച്. ഡി., ഡി. ഡി.

3. ഗവേഷണം ,, 435

    മക്കർ

4. ജീവത്സാഹിത്യം ,, 459

    പി. ശങ്കരൻനമ്പ്യാർ എം. എ.

5. ശാസ്ത്രം, വിവൎത്തനം ,, 469

    മോൺസിഞ്ഞോർ ജെ. പാലമാക്കരൻ എം. എ.

6. പദ്യസാഹിത്യം ,, 483

    പള്ളത്തു രാമൻ

7. മിസ്റ്റിക്പ്രപഞ്ചം ,, 498

    പ്രൊഫ. എം. കെ. ഗോപാലൻനായർ

8. ഭിക്ഷു ,, 499

    പൊൻകുന്നം വി. ഏ. വൎക്കി

9. ബങ്കിമചന്ദ്രചാററർജി ,, 503

    പണ്ഡിററ് ആർ. സി. ശർമ്മ

10. പത്രാധിപക്കുറിപ്പുകൾ

    ബങ്കിമചന്ദ്രചാററർജിയുടെ ശതവാൎഷികദിനം ,, 521

    പരിഷന്നിൎവ്വാഹകസംഘയോഗം ,, 522

    വരിസംഖ്യ അടച്ചവരുടെ പേരുവിവരം ,, 524

    വരവുചിലവുകണക്ക് ,, 526

സമസ്തകേരള
സാഹിത്യപരിഷത്ത്
വക
ത്രൈമാസികം.

പുസ്തകം 6. | 1113 കർക്കടകം | ലക്കം 4.

# കൊച്ചി
# വീരകേരളവർമ്മമഹാരാജാവ്.
## (984—1003)

(കൂടല്ലൂർ നാരായണപ്പിഷാരടി എം. എ.)

വിദ്വൽപ്രശസ്യം പ്രായേണ നൃപതികളിൽ ഷഷ്ഠീതൽപുരുഷ സമാസമായിട്ടാണ് യോജിക്കുന്നതെന്നും, അപൂർവ്വം ചിലരിൽ കർമ്മധാരയസമാസമായും ഘടിക്കുന്നതാണെന്നും കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാൻ അഭിപ്രായപ്പെട്ടിട്ടുള്ളതു പരമാർത്ഥംതന്നെ; എങ്കിലും ഭാരതഭൂമിയിലെ രാജാധിരാജന്മാരിൽ പലരും ഗ്രന്ഥങ്ങൾ നിർമ്മിച്ചും നിർമ്മിപ്പിച്ചും സാഹിതീസമാരാധനം ചെയ്തിരുന്നു. ശ്രീഹർഷദേവൻ, ഭോജൻ, രഘുനാഥനായ്ക്കൻ മുതലായ മഹാരാജാക്കന്മാർ പണ്ഡിതസാർവ്വഭൗമപദത്തെയുംകൂടി അവലംബിച്ചു പ്രശോഭിച്ചിരുന്നു. എത്ര കവികളും പണ്ഡിതന്മാരുമാണ് സാഹിതീവല്ലഭന്മാരായ ആ മഹാരാജാക്കന്മാരെ ആശ്രയിച്ചു ജീവിച്ചുപോന്നിട്ടുള്ളത്! ധാരാധീശനായി സമുല്ലസിച്ച ഭോജദേവന്റെ വൈദുഷ്യത്തെയും വദാന്യതയെയുംപററി സൂരിക്ക

മ്പോൾ ആരാണ് പുളകിതഗാത്രനായിത്തീരാത്തതു്? അദ്ദേഹത്തെപ്പോലെ സച്ചരിത്രസ്വതന്ത്രനും ദാനശൗണ്ഡനുമായ ഒരു രാജാവു് വേറെ ഉണ്ടായിട്ടില്ലെന്നു ഖണ്ഡിച്ചുപറയാം. വിവിധശാസ്ത്രങ്ങളിലായി അദ്ദേഹം മുപ്പതിൽപരം കൃതികളുടെ രചയിതാവാണ്. അദ്ദേഹത്തിന്റെ ദാനമഹിമയെപ്പറ്റി ഒരു കവി "ശുണ്ഠാഃ കേളിവിനിദ്രഹാരഗളിതാ ................ഭോജനൃപതേ! ത്വത്ത്യാഗലീലായിതം" എന്നിപ്രകാരം വർണ്ണിച്ചിട്ടുള്ളതു് എത്രയോ പരമാർത്ഥമാണ്.

നമ്മുടെ കേരളാധീശ്വരന്മാരും സാഹിത്യസേവനം ചെയ്യുന്നതിലും കവികളെയും പണ്ഡിതന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിലും അത്യാദരമായ ആഭിമുഖ്യം പ്രദർശിപ്പിച്ചിരുന്നു. കോലത്തുനാട്ട്, കോഴിക്കോട്ട്, കൊച്ചി, ചെമ്പകശ്ശേരി, തിരുവിതാംകൂർ മുതലായ രാജവംശങ്ങൾമൂലം സാഹിത്യം നിസ്തുലമായ അഭിവൃദ്ധിയെ പ്രാപിച്ചു. സംവരണാദിനാടകകർത്താവായ കുലശേഖരപ്പെരുമാൾ, നാടകത്രയനിർമ്മാതാവെന്നു ശങ്കരവിജയകർത്താവു് പറഞ്ഞിട്ടുള്ള രാജശേഖരപ്പെരുമാൾ, പ്രദ്യുമ്നാഭ്യുദയപ്രണേതാവായ കൊല്ലത്തു രവിവർമ്മചക്രവർത്തി മുതലായ പുണ്യശ്ലോകന്മാരുടെ നാമധേയങ്ങൾ ഈ ഘട്ടത്തിൽ പ്രത്യേകം സ്മർത്തവ്യങ്ങളാണ്. അഭിനവവിക്രമനെന്നു വിശ്വവിഖ്യാതനായ കോഴിക്കോട്ട ശക്തൻസാമൂതിരിത്തമ്പുരാനെയും, അവിടത്തെ വിദ്വൽസദസ്യരായ പതിനെട്ടരക്കവികളെയും ഇന്നും പുളകോദ്ഗമത്തോടുകൂടാതെ സ്മരിക്കുവാൻ ആർക്കാണ് സാധിക്കുക? പണ്ഡിതന്മാർക്കും കവികൾക്കും പ്രത്യക്ഷപാരിജാതമായിരുന്ന ഈ തിരുമേനി സമാർജ്ജിച്ച സദ്യശസ്സിനെപ്പറ്റി ഒരവസരത്തിൽ ഉദ്ദണ്ഡകവി ഉല്ലേഖിച്ചു പുകഴ്ത്തിട്ടുള്ളതു നോക്കുക:—

ശൈലാബ്ധീശ്വര! മാനവിക്രമ! വിഭോ! ത്വൽകീർത്തിദുഗ്ദ്ധാംബുധാ-
വിന്ധാനേ കമഠന്തി ശിക്കരിഘടാഃ ഫേനന്തി താരാഗണാഃ
സന്ധ്യാ വിദ്രുമതാം പ്രയാതി ജലദാഃ ശൈവാലജാലായ്യഹോ!
ബിഭ്രാതേ ശശിഭാസ്കരൗ പരിപതൽപോതച്ഛായീവിഭ്രമം.

ചെമ്പകശ്ശേരിത്തമ്പുരാക്കന്മാരുടെ വിദ്വത്ത്വത്തെപ്പറ്റിയും, ഔദാര്യാതിശയത്തെപ്പറ്റിയും, പണ്ഡിതപക്ഷപാതത്തെപ്പറ്റിയും കേൾക്കാത്ത കേരളീയർ ഉണ്ടായിരിക്കയില്ലല്ലൊ. അവരുടെ ആജ്ഞയാലാണല്ലൊ മഹാകവിയും പണ്ഡിതമൂർദ്ധന്യനുമായ മേല്പുത്തൂർ ഭട്ടപാദർ പ്രക്രിയാസർവ്വസ്വമെന്ന അമൂല്യവ്യാകരണരത്നം ഗൈർവ്വാണീദേവിയുടെ മാറിടത്തിൽ ചാർത്തിയതു്, ആരാണല്ലൊ കവിമയൂരകാളമേഘമായി പരി

ലസിച്ചതു്, ആരുടെ ദാനമഹിമയാണോ മന്ദാരതരുവിനുംകൂടി അമന്ദമായ മന്ദാക്ഷത്തെ ജനിപ്പിച്ചതു്, ആ ദേവനാരായണധരണീപതിയുടെ അപദാനങ്ങൾ ആരെയാണു് അത്ഭുതപരതന്ത്രരാക്കാത്തതു്? ശബ്ദശാസ്ത്രങ്ങളിൽ ഒരുപോലെ കുശലനും, ധർമ്മരാജാവെന്ന അപരാഭിധാനത്താൽ വിശ്വവിദിതനുമായ തിരുവിതാംകൂർ കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവുതിരുമനസ്സുകൊണ്ടു് പണ്ഡിതന്മാരെയും കവികളെയും അത്യന്തം പ്രോത്സാഹിപ്പിച്ചിരുന്നു എന്ന സംഗതി സകലർക്കും സുവിദിതമായിട്ടുള്ളതാണല്ലോ. സ്വാതിതിരുനാൾ രാമവർമ്മമഹാരാജാവുതിരുമനസ്സിലെ കവനകലാകുശലതയെയും, സംഗീതസാഹിത്യവൈചക്ഷണ്യത്തെയും, ദാനമഹിമയെയും പറ്റി എത്രതന്നെ പ്രശംസിച്ചാലും അധികമാകുന്നതല്ല. ഈ അടുത്തകാലങ്ങളിൽ പണ്ഡിതന്മാർക്കും കവികൾക്കും ഈ തിരുമേനിയിൽ കവിഞ്ഞ ഒരു കല്പവൃക്ഷം ഉണ്ടായിട്ടില്ലെന്നു നിസ്സംശയം പറയാം.

മനോധനന്മാരായ മാടമഹീശന്മാരും പണ്ഡിതന്മാരെയും കവികളെയും ഏററവും സ്പൃഹണീയമായ നിലയിലാണു് പ്രോത്സാഹിപ്പിച്ചു പോന്നിട്ടുള്ളതു്; എന്നാൽ ഈ മഹാരാജവംശത്തിൽ ഓരോ കാലത്തു മുന്നുണ്ടായിട്ടുള്ള പണ്ഡിതപാരിജാതങ്ങളും കവിചകോരചന്ദ്രന്മാരുമായ രാജാധിരാജന്മാരെപ്പററി നമുക്കുള്ള അറിവു് ഏററവും പരിമിതമാണു്. കേവലം ഐതിഹ്യങ്ങളിൽനിന്നും ഏതാനും ചില സാഹിത്യഗ്രന്ഥങ്ങളിൽനിന്നും മാത്രമേ നമുക്കു് ഈ തിരുമേനിമാരുടെ സാഹിത്യവിഷയകമായ വ്യവസായത്തെപ്പററി അറിയുവാൻ തരമാകുന്നുള്ളു.

കൊല്ലം 740 മുതൽ 776 വരെ രാജ്യഭാരം ചെയ്തിരുന്നു എന്നു് അനുമാനിക്കപ്പെടാവുന്ന യശസ്സുരഭിയായ രാമവർമ്മമഹാരാജാവു് പണ്ഡിതന്മാർക്കും കവികൾക്കും ഒരു സുരഭിതന്നെയായിരുന്നു എന്നു് അതിശയോക്തിസ്പർശംകൂടാതെ പറയാവുന്നതാണു്. അവിടുന്നു മഹാപണ്ഡിതനും കവിയുമായിരുന്നു. ക്ഷമയ്ക്കും വദാന്യതയ്ക്കും അവിടുന്നു വിളനിലമായിരുന്നു. പരമഭക്തനായിരുന്ന അവിടുന്നു് ഒരു ഭിക്ഷുവിൻെറ വേഷത്തിൽ ഇന്ത്യയിലെ പലപുണ്യക്ഷേത്രങ്ങളും സന്ദർശിച്ചിട്ടുണ്ടു്.

അവിടുത്തെ 'സായംസംഫുല്ലമല്ലീസഹചരത വഹിക്കുന്ന സൽകീർത്തി' ദിഗന്തങ്ങളിൽ വ്യാപിച്ചു; വളരെ വിദ്വജ്ജനങ്ങളും കവികളും അവിടുത്തെ സമാശ്രയിച്ചു; അവിടുന്നു് അവരെ വേണ്ടപോലെ പ്രോത്സാഹിപ്പിക്കുകയും അവർക്കു യഥായോഗ്യം പാരിതോഷികങ്ങൾ നല്കുക

ധ്യം ചെയ്തു. യഥാൎത്ഥപണ്ഡിതസാൎവ്വഭൌമനായിരുന്ന അവിടുന്ന സ്വയം ഗ്രന്ഥങ്ങൾ രചിച്ചും രചിപ്പിച്ചും ദ്വേധാ സാഹിതീസമാരാധനം ചെയ്തിരുന്നു.

അവിടുന്ന തിരുവള്ളുവരുടെ തിരുക്കുറൾ മലയാളത്തിലേയ്ക്കു തൎജ്ജമചെയ്തിട്ടു. അവിടുന്ന രചിച്ച മനോഹരമായ ഒരു മണിപ്രവാള കാവ്യമാണ് രാസക്രീഡ. ഈ വിശിഷ്ടകാവ്യത്തെ മഹാകവി ഉള്ളൂർ ത്രൈമാസികത്തിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ളതിനാൽ അതിൽനിന്നും ഉദാഹരണങ്ങൾ ചേൎക്കുന്നില്ല. അക്ലിഷ്ടരമണീയമായ ആ കാവ്യത്തിന്റെ മാധുൎയ്യം സഹൃദയന്മാർ ആസ്വദിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു.

അവിടുത്തെ വിദ്വൽസദസ്സിനെ അലങ്കരിച്ചിരുന്നവരിൽ പ്രധാനന്മാർ മുക്കോല നീലകണ്ഠൻനമ്പൂതിരി, മഹാകവി മഴമംഗലത്തു നാരായണൻനമ്പൂതിരി, മൂലാണ്ഡം ബാലകവി എന്നിവരായിരുന്നു. ഇവരിൽ നീലകണ്ഠൻനമ്പൂതിരി, അവിടുന്ന് ഇളയതമ്പുരാനായിരുന്ന കാലത്ത്, പട്ടത്തു വാസുഭട്ടതിരിയുടെ ത്രിപുരദഹനത്തിന് അൎത്ഥപ്രകാശികാവ്യാഖ്യാനവും, അവിടുന്ന മഹാരാജാവായിരുന്നപ്പോൾ ആ കവിയുടെ ശൌരികഥയ്ക്ക് അൎത്ഥപ്രകാശികാവ്യാഖ്യാനവും രചിച്ചിട്ടുണ്ട്. മഹാകവിയും പണ്ഡിതാവതംസവുമായിരുന്ന മഴമംഗലത്തു നാരായണൻനമ്പൂതിരി ഭാണവും രാജരത്നാവലീയംചമ്പുവും നിൎമ്മിച്ചതും ഇക്കാലത്തു തന്നെയാണ്. രാജരത്നാവലീയത്തിലെ നായകൻ തിരുമനസ്സുകൊണ്ടാണ്. അതിൽ അവിടുത്തെ അപദാനങ്ങളെ മഹാകവി ഉജ്ജ്വലമായി ഉപശ്ലോകനം ചെയ്തിട്ടുണ്ട്.

അവിടുത്തെ വിദ്വൽസദസ്സിലെ മറ്റൊരംഗമായിരുന്ന മൂലാണ്ഡം ബാലകവി. അദ്ദേഹം തിരുമനസ്സിലെ പ്രത്യേകപ്രീതിപാത്രമായിരുന്നു. ആ കവിവൎയ്യൻ രത്നകേതൂദയ(1)മെന്നും രാമവൎമ്മവിലാസമെന്നും രണ്ടു നാടകങ്ങൾ രചിച്ചിട്ടുണ്ട്. അവ രണ്ടും സംസ്കൃതനാടകസാഹിത്യത്തിൽ ഉന്നതസ്ഥാനമലങ്കരിക്കുന്നു.

---

(1) രത്നകേതൂദയം നാടകം കുംഭകോണത്തു നിന്നും പ്രകാശിതമാണ്. എന്നാൽ തൃപ്പൂണിത്തുറ ഗവൎമ്മെണ്ട് സംസ്കൃതപാഠശാലയിലുള്ള പ്രസ്തുത നാടകത്തിന്റെ കൈയെഴുത്തുപ്രതിയും അച്ചടിച്ച പുസ്തകത്തിന്റെ അന്ത്യത്തിൽ വളരെ അന്തരം കാണുന്നുണ്ട്. കൈയെഴുത്തുപ്രതിയിലെ പാഠഭേദങ്ങളും അച്ചടിപുസ്തകത്തിൽ വിട്ടിരിക്കുന്നു. കൈയെഴുത്തുപ്രതിയിലെ പാഠ്യങ്ങൾ രത്നകേതൂദയത്തിലും കുറ്റമറ്റതായിരുന്നുവെന്നാണ് ബാലകവിയെ പ്രശംസിക്കുന്നത്.

(കെ. സാ. പി.)

പ്രസ്താവ്യമായ അംശങ്ങളെക്കുറിച്ച് മറ്റൊരു ഉപന്യാസത്തിൽ പ്രസ്താവിച്ചുകൊള്ളാം. (പ.)

രത്നകേതൂദയം നാടകമാണ് ആ കവിയുടെ ആദ്യത്തെ കൃതി. അതിന്റെ കഥാവസ്തു പറഞ്ഞുകൊടുത്തതും അതിന് ആ പേർ കല്പിച്ചതും മററും അവിടുന്നുതന്നെയാണ്. സമസ്തശാസ്ത്രനിപുണന്മാരായ വിദ്വജ്ജനങ്ങളാൽ വിഭൂഷിതമായ സദസ്സിൽ ഉന്നതമായ രത്നപീഠത്തിൽ നിഷണ്ണനായ തിരുമേനിയെ തന്റെ പ്രഥമപ്രവേശത്തിൽ ബാലകവി രത്നകേതൂദയത്തിൽ ഇപ്രകാരമാണ് വർണ്ണിച്ചിട്ടുള്ളത്.

> തത്തൽപ്രത്യർത്ഥിപൃഥ്വീപരിവൃഢമകുടീന്ദ്രരത്നപ്രദീപ-
> ശ്രേണീനീരാജനാർഹ സ്വപദപദമിതപ്രാജ്യ സാമ്രാജ്യ സാരഃ
> സദ്വിദ്വദ്ഗ്രാമണീചിന്താമണിരയമമരനിസ്സപക്ഷത്രധാമാ നോ
> ദിഷ്ട്യാ ദൃഷ്ടഃ പുരസ്താദ്രവികുലതിലകോ രാമവർമ്മക്ഷിതീന്ദ്രഃ

അപിച,

> വിദ്യാകൈരവിണീശശാങ്ക! വിജയശ്രീകല്പവല്ലീനവാ-
> രാമ! സച്ഛ്രയശശ്ശശാങ്കനദീസ്രോതസ്തുഷാരാചല!
> സൗന്ദര്യദ്രവിണൗഘകോശവസതേ! സൗജന്യരത്നാംബുധേ!
> ധീരാഗ്രേസര! രാമവർമ്മനൃപതേ! ജീയാസ്സഹസ്രം സമാഃ

കൊല്ലം 776 മുതൽ 790 വരെ നാടുവാണിരുന്ന വീരകേരളവർമ്മമഹാരാജാവ് സകലവിദ്വജ്ജനങ്ങൾക്കും മന്ദാരവൃക്ഷമായിരുന്നു. അവിടുന്നു തന്നെയും 'നിശ്ശേഷവിദ്യാനിപുണമതി'യുമായിരുന്നു. വീരലക്ഷ്മിയാൽ ഉപാലിംഗിതനും മാനാംബുധിയുമായ അവിടുന്നു സാമൂതിരിപ്പാടുമായി യുദ്ധംചെയ്യുന്നതിന് എഴുന്നള്ളിയ അവസരത്തിൽ തൃശ്ശൂർക്ക് എഴുന്നള്ളി. അപ്പോൾ അവിടെ വടക്കുംനാഥക്ഷേത്രത്തിൽ ശിവരാത്ര്യുത്സവം ആയിരുന്നു. വീരന്മാർക്ക് ശിരോഭൂഷണമായിരുന്ന അവിടുന്ന് 'ഗൗരീനേത്രചകോരപാർവ്വണശരച്ചന്ദ്രനായ' വടക്കുംനാഥനെ തൃക്കൺപാർത്തു. അവിടുന്ന് അവിടെവെച്ച് അനവധി വിദ്വജ്ജനങ്ങളുമായി സംഭാഷണം ചെയ്യുകയും അവരിൽനിന്നും തെങ്കൈലനാഥന്റെ മാഹാത്മ്യങ്ങൾ കേൾക്കുകയും ചെയ്തു. സന്തുഷ്ടചിത്തനായിത്തീർന്ന തിരുമനസ്സുകൊണ്ട് അപ്പോൾ അവിടെ സദസ്സിൽ സന്നിഹിതനായിരുന്ന നീലകണ്ഠകവിയോട് തെങ്കൈലനാഥപ്രതിഷ്ഠയെക്കുറിച്ച് ഒരു പ്രബന്ധം രചിക്കുവാൻ ആജ്ഞാപിച്ചു. അവിടത്തെ ആജ്ഞയെ ശിരസാ വഹിച്ച് അദ്ദേഹം തെങ്കൈലനാഥോദയമെന്ന ബന്ധുരഗുണമായ പ്രബന്ധോത്തമത്തെ നിർമ്മിക്കുകയും ചെയ്തു. മഹാരാജാവുതിരുമനസ്സുകൊണ്ട്

അതു തൃക്കൺപാർത്തു സന്തോഷിച്ച്, നീലകണ്ഠകവിക്കു സമുചിതമായ സമ്മാനങ്ങൾ കൊടുത്തിരിക്കണം. ഈ കവിയുടെ മററു രണ്ടു കൃതികളാണല്ലോ ചെപ്പൂർനാഥോദയവും നാരായണീയവും.

ഈ മഹാരാജാവുതിരുമനസ്സിലെ പ്രീതിപാത്രമായിരുന്നു പണ്ഡിതമൂർദ്ധന്യനും മഹാകവിയുമായ മേല്പുത്തൂർ നാരായണഭട്ടപാദർ. ഭട്ടപാദർക്കു തിരുമേനിയുടെപേരിലുള്ള ഭക്തിബഹുമാനങ്ങൾ നിസ്സീമങ്ങളായിരുന്നു. അവയെ അദ്ദേഹം തന്റെ 'മാടമഹാരാജപ്രശസ്തി'യിൽ സവിശേഷം പ്രകാശിപ്പിച്ചിട്ടുണ്ട്. ഈ പ്രശസ്തിയിൽ മൂന്നു ലഘുകാവ്യങ്ങൾ അടങ്ങീട്ടുണ്ട്. അവയിൽ രണ്ടെണ്ണം ഗദ്യപ്രബന്ധങ്ങളും ഒന്നു പദ്യപ്രബന്ധവുമാണ്. മൂന്നിലും മഹാകവി തിരുമനസ്സിലെ അന്യാദൃശങ്ങളായ ഗുണഗണങ്ങളെ അത്യന്തം ഉജ്ജ്വലമായി വർണ്ണിച്ചിരിക്കുന്നു. മാടമഹാരാജപ്രശസ്തി കേരളകാളിദാസൻതിരുമേനി പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. മേല്പുത്തൂരിനെപ്പോലെയുള്ള ഒരു മഹാകവിമൂർദ്ധന്യന്റെ സശിരഃകമ്പമായ ശ്ലാഘയ്ക്കു പാത്രീഭൂതനായ തിരുമേനി വദാന്യതയ്ക്കും വൈദുഷ്യത്തിനും കേദാരമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

പദ്യപ്രബന്ധത്തിൽനിന്നും ഏതാനും ചില ശ്ലോകങ്ങൾ താഴെ ചേർക്കുന്നു.

ദ്യാമാരോഹതി ഭൂപതേ! തവ യശോജാലേ മൃണാളാവലീ-
ശങ്കാസങ്കലിതാ വ്രജന്തി പരിതോ ഗംഗാം മരാളാംഗനാഃ
ആലിമ്പന്തി കചേ നിലിമ്പമഹിളാഃ കാശ്മീരപാടീരമോ-
ഭ്രാന്ത്യാ ഹന്ത! വഹന്തി കുന്തളഭരേ മന്ദാരമാലാധിയാ.

വിശ്വാവകാശഭൂതഃ സപദി മഹിമഭാസേ നഭോവദ്ഭവാഗ്ര്യേ
നീതഃ കാവ്യപ്രകാശഃ പുനരപി ഭജസേ ചാരുകാവ്യപ്രകാശം
തേജോഭിർവാ ചതുഷ്കൃത്യം ഭജസി യദധുനാ രാജരത്നാകര! ത്വം
തന്മന്യേ സാധു താവന്നൃവര! യമികതാമാദധാസി പ്രജാനാം.

ഗുരുപുരസീമ്നി വസന്തം കൃഷ്ണമമോ മാടദേശഭൂപമിവ വയം
അദ്യ തു വിലോകയാമസ്തമിമം ഗുരുപുരസീമ്നി വിലസന്തം.

ഒടുവിലത്തെ പദ്യത്തിൽനിന്നും തിരുമനസ്സുകൊണ്ടു സാമൂതിരിപ്പാടുമായി യുദ്ധത്തിനു തൃക്കണാമതിലകത്ത് എഴുന്നള്ളിത്താമസിച്ചിരുന്നകാലത്താണ് ഭട്ടപാദർ ഈ കൃതി രചിച്ചതെന്നു വരുന്നു. സർവ്വാർത്ഥികൾക്കും ചിന്താമണിയായിരുന്ന തിരുമനസ്സുകൊണ്ട് ഈ കവിതകൾ തൃക്കൺപാർത്ത് പ്രസന്നഹൃദയനായി ഭട്ടപാദരെ യഥാർഹം മാനിച്ചിരിക്കണം.

ഞാൻ മുമ്പു പ്രസ്താവിച്ച രാമവർമ്മമഹാരാജാവിനെക്കുറിച്ചും, വീരകേരളവർമ്മമഹാരാജാവിനെക്കുറിച്ചും ആ തിരുമേനിമാരുടെ വിദ്വൽസദസ്സിനെക്കുറിച്ചും പ്രസ്താവിച്ചിട്ടുള്ള സംഗതികൾ മഹാകവി ഉള്ളൂരിന്റെ വിജ്ഞാനദീപിക നാലാംഭാഗത്തിൽ 'ഭാഷാനൈഷധചമ്പു' എന്ന ഉപന്യാസത്തിലും ശൈലനാടോദയത്തിന്റെ അവതാരികയിലും അടങ്ങിയിട്ടുള്ളതാണ്. അത്യന്തം ഉജ്ജ്വലങ്ങളും സാരതമങ്ങളുമായ ആ ഉപന്യാസങ്ങളിലേയ്ക്കു വായനക്കാരുടെ ശ്രദ്ധയെ സാദരം ക്ഷണിച്ചുകൊള്ളുന്നു.

വേദാന്താചാര്യരെന്ന പണ്ഡിതന്റെ പുരസ്കർത്താവായിരുന്നു രവിവർമ്മമഹാരാജാവ്. അവിടുന്നു കവികൾക്കും പണ്ഡിതന്മാർക്കും വലിയൊരവലംബമായിരുന്നു. ആചാര്യർ ഒരിക്കൽ ഇരിഞ്ഞാലക്കുട വരികയും അവിടെവെച്ച് അദ്ദേഹം രവിവർമ്മമഹാരാജാവുതിരുമനസ്സിലെ അനന്തരവനും സാഹിത്യശാസ്ത്രനിഷ്ണാതനുമായ വീരകേരളവർമ്മത്തമ്പുരാനെ കാണുകയും ആ തിരുമേനിയുടെ പ്രീതിപാത്രമായിത്തീരുകയുംചെയ്തു. അവിടുന്ന് ആചാര്യരോട്,

തൌതാതിക(?)മനയായികവൈയാകരണാദിവാദിസിദ്ധാന്തൈഃ
ദുരധിഗമസ്യ വിധേഹി വ്യാഖ്യാം കാവ്യപ്രകാശസ്യ.

എന്ന് ആജ്ഞാപിക്കുകയും അദ്ദേഹം തിരുമനസ്സിലെ നിർദ്ദേശപ്രകാരം ഉത്തേജിനി, രവിരാജയശോഭൂഷണം, സർവ്വടീകാവിമർദ്ദിനി എന്ന നാമത്രിതയത്തോടുകൂടിയ ടീക നിർമ്മിക്കുകയുംചെയ്തു. ദശമോല്ലാസത്തിലെ അർത്ഥാലങ്കാരങ്ങൾക്ക് ഉദാഹരണങ്ങളായി ആചാര്യർ രവിവർമ്മമഹാരാജാവിന്റെ അപദാനങ്ങളെ അധികരിച്ചു പദ്യങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ആചാര്യർ ഒരു പണ്ഡിതവര്യനും കവിവരനുമായിരുന്നു എന്നുള്ളതിന് അതിലെ ഓരോ പദ്യവും ഉത്തമനിദർശനമാണ്. ഉദാഹരണത്തിനു ചില പദ്യങ്ങൾ താഴെ ചേർക്കുന്നു.

കീർത്തിഃ ശ്രീരവിരാജ! ശാരദഘനശ്രേണീഗുണീകാരിണീ
മദ്ധ്യാഹ്നപ്രഥമാനചണ്ഡകിരണജ്യോതിർഭുജാവിക്രമഃ
പ്രത്യർത്ഥിപ്രകരാശ്ച തേ ബദ്ധമുഖാവേഗാമഹാപൂർവ്വികാ-
മാലംബ്യാഹഹ! ലംഘയന്തി ഹരിതാം പാരാണ്യരണ്യാന്യപി.

ക്ഷീരാംഭോനിധിരേഷ നോ രവിനൃപശ്ചന്ദ്രോ/ഥ നേമം മുഖം
ദിഗ്വൃന്ദം ന ഭുജാവിമാവപി സുധാ നേയം വചശ്ചാതുരീ

രത്നൗഘാ ന ഗുണാ ഇമേപി ലഹരീ നേയം യശോമണ്ഡലീ
ഘോരം ഹാലഹലം ന ഖഡ്ഗലതികാപ്യൗർവ്വോ ന രോഷ്വിക്രമഃ

സാരോല്ലുപ്തക്രവാളേ സകലഹിതകരഃ കേരളോ നാമ ദേശഃ
തത്രാപ്യാദേശഭൃത്താ വലരിപുനഗരസ്യേവ കൊച്ചീപുരീയം
തസ്യാം രാജന്യവംശോ ഭവ്യ-യദുകലയോഃ സാധുസമ്പ്രമചാരീ
തസ്മിന്നാശ്ചര്യചര്യോ ജയതി രവിനൃപസ്തത്ര സത്പക്ഷപാതഃ

കാളീ തേ കരവാളവല്ലിരസൃജത്തേജോഭരണം ഭാരണം
പ്രാസൂത പ്രഥിതം തുഷാരധവളം തത്തേ യശോമണ്ഡലം
ഗ്ലാനിം കാമപി ദർപ്പചാമജനയൽ തല്പാനനേഷു ദ്വിഷാം
നാനാവർണ്ണപരമ്പരാം വിതനുതേ ചിത്രം രവിക്ഷ്മാപതേ!

ഗ്രന്ഥാവസാനത്തിലുമുള്ള,

ശ്രീരാമക്ഷിതിപാലജന്മജഗതി പ്രൗഢാസിമല്ലാദിഭോ
യോ വൈ മാനവപാരിജാത ഇതി യോ ലോകൈർവ്വ്യമാനോ ജനൈഃ
വൃത്യാ നൂതനദേവരാത ഇതി യോ ലീലാഹരിശ്ചന്ദ്ര ഇ-
ത്യാഖ്യാതോ രവിമേദിനീപതിരയം ജീയാദിദായുശ്ശതം.

ആചാര്യരുടെ പ്രശസ്തിപദ്യങ്ങളിൽനിന്നു രവിവർമ്മമഹാരാജാവ് കീർത്തി, ധൈര്യം, പ്രതാപം, ഔദാര്യം മുതലായ ഗുണങ്ങൾക്ക് ഇരിപ്പിടമായിരുന്നുവെന്നു മനസ്സിലാക്കാം. ഒടുവിലത്തെ പദ്യത്തിൽനിന്നും അവിടുന്നു രാമവർമ്മമഹാരാജാവിന്റെ അനുജനായിരുന്നു എന്നും വിശദമാകുന്നുണ്ടല്ലോ.

ഇനി രവിവർമ്മമഹാരാജാവിന്റെ കാലമേതാണെന്നാണ് ആലോചിക്കേണ്ടതു്. കൊല്ലം 897 മുതൽ 906 വരെ രാജ്യഭാരംചെയ്തു് ഇരിഞ്ഞാലക്കുടവെച്ചു യശശ്ശരീരനായ തിരുമേനിയായിരിക്കണം ഈ രവിവർമ്മമഹാരാജാവെന്നു മഹാകവി ഉള്ളൂർ (വിജ്ഞാനദീപിക മൂന്നാംഭാഗത്തിൽ) അഭിപ്രായപ്പെടുന്നു. അവിടുത്തെ പൂർവ്വഗാമിയായിട്ടു് ഒരു രാമവർമ്മമഹാരാജാവിനെയും അനന്തരഗാമിയായിട്ടു് ഒരു വീരകേരളവർമ്മ മഹാരാജാവിനെയും കാണ്മാനുണ്ട്. പക്ഷേ, എനിക്ക് ഒരു വൈഷമ്യംമാത്രമേ തോന്നുന്നുള്ളു. ശ്രീമാൻ കെ. പി. പത്മനാഭമേനോൻ അവർകളുടെ കൊച്ചിരാജ്യചരിത്രത്തിൽ വിഷ്ഷർ ഈ തിരുമേനിയെപ്പറ്റി രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം വായിച്ചുനോക്കുമ്പോഴും വേദാന്താചാര്യർ പ്രകീർത്തനം ചെയ്തിട്ടുള്ള ഗുണഗണങ്ങളും അവിടുത്തെയും

കാൎയ്യമാനില്ല. കൂടാതെ അക്കാലത്തു സാമൂതിരിപ്പാട്ടും മററുമായി വലിയ യുദ്ധങ്ങളൊന്നുംതന്നെ നടന്നതായും അറിയുന്നില്ല. അതിനാൽ ഈ കാൎയ്യം ആലോചനാവിഷയമാക്കേണ്ടതല്ലേ എന്നൊരു പ്രശ്നത്തിനിവിടെ അവകാശമില്ലേ? ഒരു പക്ഷേ, കവി അതിശയോക്തി പ്രയോഗിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ അതിനും ഒരതിരുവേണ്ടേ? വായനക്കാരുടെ ശ്രദ്ധയെ ഞാനീവിഷയത്തിലേയ്ക്കു പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു. *

കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാരിയർ മുതലായ മഹാകവികളെയും കൊച്ചിമഹാരാജാക്കന്മാർ വേണ്ടപോലെ പ്രോത്സാഹിപ്പിച്ചിരുന്നു. നമ്പ്യാർ ഇടയ്ക്കിടെ തൃപ്പൂണിത്തുറവരികയും മഹാരാജാവുതിരുമനസ്സിലെ മുഖംകാണിക്കുകയും ചെയ്യാറുണ്ടായിരുന്നു. കരിക്കാട്ടുനിന്നും കൊല്ലം 921-ൽ തീപ്പെട്ട മഹാരാജാവുതിരുമനസ്സുകൊണ്ടു പാക്കംകൂത്തു കഴിപ്പിക്കുകയും അതിനു തിരുമനസ്സിലെ ആജ്ഞപ്രകാരം നമ്പ്യാർ ചരടു പിടിക്കുകയും ചെയ്തിട്ടുണ്ട്. അന്നു നമ്പ്യാൎക്കു മുപ്പതോളംവയസ്സു പ്രായം കാണുമെന്നു പഴമക്കാർ പറയുന്നു. പാക്കംകൂത്തുന്നാറം രാവിലെയാണ് നമ്പ്യാർ വന്നതു്. അന്നു കാലത്തു് ഒരു മഴയുണ്ടായി. നമ്പ്യാൎക്കു മഴ കൊണ്ടു നനയേണ്ടതായും വന്നു. നമ്പ്യാരുടെ ഫലിതോക്തി പ്രസിദ്ധമാണല്ലോ. മുഖംകാണിക്കുവാൻ തിരുമുമ്പിൽ ചെന്നപ്പോൾ മഹാരാജാവുതിരുമനസ്സുകൊണ്ടു് 'കുഞ്ചൻ എപ്പോഴാണ് വന്നതെ'ന്നു കല്പിച്ചു ചോദിച്ചതായും അതിനുത്തരമായി 'നനയാൻ പാകത്തിനെ'ന്നു നമ്പ്യാർ പറഞ്ഞതായും കേട്ടിട്ടുണ്ട്. നമ്പ്യാർ പാക്കംകൂത്തിനെപ്പററി ഉണ്ടാക്കിട്ടു

---

* വേദാന്താചാൎയ്യരുടെ പുസ്തകത്തിൽ രാമവൎമ്മമഹാരാജാവിന്റെ അനന്തരനായ രവിവൎമ്മമഹാരാജാവാകുന്നു അദ്ദേഹമാണ് അന്നു നാടുവാണിരുന്നതു്. (വിജ്ഞാനദീപിക മൂന്നാംഭാഗം വശം 236)—അദ്ദേഹത്തിന്റെ അനന്തരവനായ വീരകേരളവൎമ്മരാജാവാൻ അന്നു യുവരാജാവായിരുന്നു. ഇതൊക്കെ സംഭവങ്ങൾ ഒക്കുന്ന ഒരു കാലമാണ് നാം കണ്ടുപിടിക്കേണ്ടതു്. കാശിക്കെഴുന്നള്ളിയ രാമവൎമ്മമഹാരാജാവും അദ്ദേഹത്തിന്റെ പിൻവാഴ്ചക്കാരനായ വീരകേരളവൎമ്മമഹാരാജാവും കൊല്ലം എട്ടാംശതകത്തിൽ ജീവിച്ചിരുന്നു സത്യംതന്നെ. പക്ഷേ, വീരകേരളവൎമ്മാവിന്റെ മാതുലനായ രവിവൎമ്മമഹാരാജാവിന്റെ "നാമാപി ന ശ്രൂയതേ" എന്നാണല്ലോ അന്നത്തെ വംശാവലിയുടെ സ്ഥിതി. വീരകേരളവൎമ്മാവിന്റെ പിൻവാഴ്ചക്കാരനായി ഒരു രവിവൎമ്മാവുണ്ട്; പക്ഷേ അദ്ദേഹംകൊണ്ടു പ്രസ്തുത വൎണ്ണനത്തിന് ഒരു സംബന്ധവും ലഭിക്കുന്നില്ലല്ലോ. വേദാന്താചാൎയ്യരുടെ പുസ്തകത്തിൽ കൊല്ലം 897 മുതൽ 906 വരെ രാജ്യഭാരംചെയ്ത രവിവൎമ്മമഹാരാജാവാകാം അല്ലെങ്കിൽ വരുന്നില്ലല്ലോ. എന്നാൽ അതും സംശയം നിവൃത്തമാണ്. അദ്ദേഹം മേല്പുത്തൂർ ഭട്ടതിരി സ്തുതിക്കുന്ന വീരകേരളവൎമ്മാവിന്റെ മാതുലനല്ല; അദ്ദേഹത്തിന്റെ പേർ രവിവൎമ്മാ എന്നല്ല, രാമവൎമ്മാ എന്നാണ്.

(ലേഖകൻ.)

ള്ള "മഞ്ജൊന്നാനാൎത്ഥസമ്പന്നാൽ" ഇത്യാദി പദ്യം പ്രസിദ്ധമാണല്ലൊ. ഇതിൽ 'മഞ്ജൊന്നാനാൎത്ഥസമ്പന്നാൽ' എന്ന കലിസംഖ്യാസൂചനത്തിൽ നിന്നു പറക്കംകൃള്ളുനടന്നതു് കൊല്ലം 919-ൽ ആണെന്നു മനസ്സിലാക്കാം.

കോവിലകത്തു വലിയതമ്പുരാൻതിരുമനസ്സുകൊണ്ടു് ആവശ്യപ്പെട്ടതനുസരിച്ചാണു് നമ്പ്യാർ രുക്മിണീസ്വയംവരം പത്തുവൃത്തമുണ്ടാക്കിയതെന്നും അതു് ഒരേസമയത്തു് പത്താളുകളെക്കൊണ്ടു തിരുമുമ്പിൽവച്ചു് എഴുതിച്ചുവെന്നും കേട്ടിട്ടുണ്ടു്. അതെഴുതിയിരുന്നതിനിടയ്ക്കു നമ്പ്യാർ 'ബുദ്ധിമുട്ട്-ബുദ്ധിമുട്ട്' എന്നിടയ്ക്കു പറഞ്ഞുവെന്നും, അപ്പോൾ തമ്പുരാൻ 'എന്നാൽ പിന്നെ മതി' എന്നരുളിച്ചെയ്തതായും, അപ്പോൾ നമ്പ്യാർ 'അതല്ല; ശബ്ദങ്ങൾ അഹമഹമികയാ വന്നതിനാൽ ആവാപോദ്വാപങ്ങൾക്കുള്ള ബുദ്ധിമുട്ടിനെ ഉദ്ദേശിച്ചാണു് അങ്ങനെ പറഞ്ഞതു' എന്നു തിരുമനസ്സറിയിച്ചതായും വൃദ്ധജനങ്ങൾ ഇന്നും പറഞ്ഞുവരുന്നു.

മഹാകവി ഉണ്ണായിവാരിയരും കൊച്ചിമഹാരാജാവുതിരുമനസ്സിലെ പ്രീതിഭാജനമായിരുന്നു. മാടമഹാരാജകുടുംബത്തിലെ പരദൈവങ്ങളെമാത്രമേ നളചരിതത്തിൽ വന്ദിച്ചുകാണുന്നുള്ളു. ഇതിൽനിന്നും ഈ വിശിഷ്ടകൃതി തിരുമനസ്സിലെ നിർദ്ദേശപ്രകാരം തൃപ്പൂണിത്തുറവെച്ചു നിർമ്മിച്ചതാണെന്നുവേണം ഊഹിപ്പാൻ.

അച്ചടിച്ച പുസ്തകത്തിലില്ലാത്തവയും ആരുമറിയാത്തവയുമായ ആ വന്ദനശ്ലോകങ്ങളെ താഴെ പകർത്തുന്നു:—

1. തൃപ്പൂണിത്തുറയപ്പൻ.

ആനീലം പീതചേലം മണികനകമയൈർഭൂഷിതം ഭൂഷണൗഘൈർ-
ല്ലക്ഷ്മീവക്ഷോജഭാസ്വൽഘുസൃണരസലസദ്വക്ഷസം സുപ്രസന്നം
ബിഭ്രാണം ശംഖചക്രേ നളിനമപി ഗദാം ചാരുദോർഭിഃ പുരാണം
പൂർണ്ണത്രയ്യാലയേശം പുരുഷമഹമഹീശാസനാസീനമീഡേ.

2. പഴയന്നൂർ ഭഗവതി.

കല്യാണം വിതനോതു വഃ പുരരിപോരർദ്ധോരുഭാഗോല്ലസൽ-
ഭസ്മോദ്ധൂളിതകങ്കമാങ്കിതകുചാഭോഗാ നഗേന്ദ്രാത്മജാ
പത്യുർന്നേത്രഹുതാശനാർദ്ദിതതനും സംജീവയന്ത്യംഗജം
ദൃഷ്ട്യാ യാ ഖലു ലാലസീതി നിതരാം ശ്രീമൽപുരാണാലയേ

3. കൂടൽമാണിക്യസ്വാമി.

സാന്ദ്രാനന്ദാംബുരാശിം സരസിജകലിതസ്രഗ്ധരം മുഗ്ദ്ധഗാത്ര്യാ
വധ്വാ ലക്ഷ്മ്യാ ധരിത്ര്യാപ്യുപചരിതപദം മുക്തിദം ഭക്തിഭാജാം
ശ്രീമന്മാണിക്യരത്നദ്യുതിമിളിതതനും ദേവദേവം മുകുന്ദം
വന്ദേ ശ്രീസംഗമേശം കരകലിതഗദാശംഖചക്രാക്ഷമാലം

4. വടക്കുംനാഥൻ.

ഗൗരീനിരസ്ത്രപീനസ്തനഭരയുഗളീഗാഢഗാഢാങ്കപാളീ-
കേളീവ്യത്യസ്തവസ്ത്രപ്രതിനവമകരീപത്രമുദ്രോ മഹാത്മാ
ചില്ലീലീലാലവോത്ഥാപിതവിലസദസൽപ്രായമായാപ്രപഞ്ചഃ
ത്ര്യക്ഷഃ പായാദപായാന്മനസിജവിജയീ ദക്ഷിണാദ്രീശപാദോ വഃ

5. തിരുവഞ്ചിക്കുളത്തപ്പൻ.

സകലഭുവനപാലം സായമാരബ്ധലീലം
നിഖിലനിഗമമൂലം നിർജ്ജിതോദഗ്രകാലം
പദനതസുരജാലം പാർവ്വതീകേളിലോലം
പ്രണമത ശശിഫാലം പ്രാപ്തവാനീരമൂലം

6. കൊടുങ്ങല്ലൂർ ഭഗവതി.

ഒടുങ്ങുന്നു പുണ്യം പ്രതിദിവസമായുസ്സുമിതി നീ
തുടങ്ങൊല്ലാ ഖേദം മമ ഹൃദയമേ കേളൊരു ഹിതം
നടക്കൊല്ലാ തെല്ലും നരഹിതരതാ നമ്മെ വെടിയാ
കൊടുങ്ങല്ലൂർക്കാവിൽ ഭഗവതി കദംബാംബ തുണയാം

മഹാകവി രാമപാണിവാദൻെറ മാതുലനെന്നു ഞാൻ അഭ്യൂഹിക്കുന്ന കലക്കത്തു രാഘവൻനമ്പിയാർ, കൊല്ലം 936 മുതൽ 951 വരെ കൊച്ചിരാജ്യംഭരിച്ചിരുന്ന വീരകേരളവർമ്മമഹാരാജാവുതിരുമനസ്സിലെ നിർദ്ദേശപ്രകാരമാണ് ശാകുന്തളം തുള്ളൽക്കഥയുണ്ടാക്കീട്ടുള്ളതെന്ന് അതിൽ നിന്നും മനസ്സിലാക്കാം. അച്ചടിച്ച പുസ്തകത്തിലില്ലെങ്കിലും മഹാകവി ഉള്ളൂർ ആ ഭാഗം ത്രൈമാസികത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനാൽ ഞാൻ ഇവിടെ അതിൽനിന്ന് ഒന്നും ഉദ്ധരിക്കുന്നില്ല.

ഇങ്ങനെ കൊച്ചിമഹാരാജാക്കന്മാർ പ്രാചീനകാലംമുതല്ക്കുതന്നെ കവികളേയും പണ്ഡിതന്മാരേയും ഏററവും അഭിലഷണീയമായ വിധത്തിൽ മാനിച്ചിരുന്നു. ഈ വിഷയത്തെക്കുറിച്ച് ഇനിയും വളരെ പറയാനുണ്ടെങ്കിലും തോടയംകൊണ്ടു നേരംവെളുപ്പിക്കണമെന്നു വിചാരിക്കുന്നില്ല.

ഇനി നമുക്ക പ്രകൃതത്തിലേയ്ക്കു പ്രവേശിക്കാം. കൊല്ലം 925 മുതൽ ഒരു ശതാബ്ദകാലം കൈരളിയുടേയും ഗൈൎവ്വാണിയുടേയും ശോഭനദശയായിരുന്നു. കാൎത്തികതിരുനാൾരാമവൎമ്മമഹാരാജാവു്, അശ്വതിതിരുനാൾഇളയതമ്പുരാൻ, സ്വാതിതിരുനാൾമഹാരാജാവു്, എന്നീ തമ്പുരാക്കന്മാർ തിരുവനന്തപുരത്തും, രാമവൎമ്മമഹാരാജാവു്, വീരകേരളവൎമ്മമഹാരാജാവു് എന്നീ തിരുമേനിമാർ കൊച്ചിയിലും, മനോരമത്തമ്പുരാട്ടി, മണിത്തമ്പുരാൻ എന്നീതമ്പുരാക്കന്മാർ കോഴിക്കോട്ടും, വിദ്വാൻ ഇളയതമ്പുരാൻ കൊടുങ്ങല്ലൂരും ജീവിച്ചിരുന്നതു് ഇക്കാലത്താണു്. ഈ തമ്പുരാക്കന്മാർമൂലം സാഹിത്യം ഉന്നതപദവിയെ പ്രാപിച്ചു. ഈ തമ്പുരാക്കന്മാരെ അനവധി പണ്ഡിതന്മാരും കവികളും അന്നു് ആശ്രയിച്ചിരുന്നു. കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാരിയർ മുതലായ മഹാകവികളുടേയും ദേശമംഗലത്തു് ഉഴുത്രവാരിയർ, പന്തളം സുബ്രഹ്മണ്യശാസ്ത്രികൾ, കുഞ്ഞിട്ടിരാഘവൻനമ്പ്യാർ തുടങ്ങിയ മികച്ച സംസ്കൃതപണ്ഡിതന്മാരുടേയും കാലം ഇതുതന്നെ ആയിരുന്നു.

ശക്തൻതമ്പുരാനെന്നു വിശ്വവിശ്രുതനായ കൊച്ചി രാമവൎമ്മമഹാരാജാവുതിരുമനസ്സുകൊണ്ടു് 981ൽ തീപ്പെട്ടു. അവിടത്തെ ഭാഗിനേയനായ രാമവൎമ്മമഹാരാജാവു സിംഹാസനാരൂഢനായി. പക്ഷെ, അവിടത്തേയ്ക്കു വളരെക്കാലം രാജ്യഭാരംചെയ്യുവാൻ സംഗതിവന്നില്ല. 984-ൽ അവിടുന്നു ദിവംഗതനായി; അവിടത്തെ അനുജൻ വീരകേരളവൎമ്മതമ്പുരാനു തിരുമുപ്പായി. രാഷ്ട്രീയാന്തരീക്ഷം കാർമേഘപടലങ്ങളെക്കൊണ്ടു നിബിഡമായിരുന്നു. രാജ്യംതന്നെ നഷ്ടമാകുമോ എന്നുപോലും ശങ്കിക്കേണ്ടതായി വന്നിരുന്നു.

അപ്പോഴേയ്ക്കും ശ്രീപൂൎണ്ണത്രയീശന്റെ കൃപാനുഗ്രഹത്താൽ ആകാശത്തിലെ ഇരുളെല്ലാം നീങ്ങി; അന്തരീക്ഷം വീണ്ടും സുപ്രസന്നമായി. ഉപദ്രവങ്ങളെല്ലാം ഭഗവാന്റെ കരുണാവൎഷത്തിൽ കെട്ടു പ്രശാന്തമായി. തിരുമനസ്സുകൊണ്ടു ബ്രിട്ടീഷുഗവൎമ്മേണ്ടുമായി ഉടമ്പടിചെയ്യുകയും, കൎണ്ണൽമൺറോസായിപ്പു് ദിവാൻജിയായി നിയമിതനാകുകയുംചെയ്തു. ബ്രി

ട്ടീഷുപുംഗവന്മാരുമായി നടത്തിയ ഈ ഉടമ്പടി സത്യത്തിൽ കൊച്ചിയിലെ ആധുനികചരിത്രത്തിന്റെ ഭാസുരമായ അരുണോദയമായി ഗണിക്കാവുന്നതാണ്. മഹാരാജാവുതിരുമനസ്സിലേയ്ക്കാകട്ടെ, കലാപമെല്ലാം കലാശിച്ചതിനാൽ യഥേഷ്ടമായി കാവ്യാലാപം ചെയ്യുവാൻ സമയവും സൗകര്യവും സിദ്ധിച്ചു.

ആവശ്യം അനുഷ്ഠേയങ്ങളായ ദിനകൃത്യങ്ങൾ നിർവ്വഹിച്ചുകഴിഞ്ഞാൽ അവിടുന്നു ബാക്കി സമയമെല്ലാം സാഹിത്യവിഷയമായും ഈശ്വരവിഷയമായും വിനിയോഗിക്കുകയാണ് ചെയ്തിരുന്നത്. അവിടുന്ന് അനവധി ദേവാലയങ്ങളുടെ ജീർണ്ണോദ്ധാരണം നടത്തി. ധർമ്മനിഷ്ഠ, ഈശ്വരഭക്തി എന്നിവയിൽ അവിടുന്ന് അദ്വിതീയനായിരുന്നു. അദ്വൈതമാർഗ്ഗത്തെക്കാൾ സുഗമവും സുഗ്രഹവുമായ ദ്വൈതമതത്തെയാണ് അവിടുന്ന് അവലംബിച്ചത്. ഉടുപ്പിയിൽനിന്നു മാധ്വമതാവലംബിയായ ഒരു സ്വാമിയാരെ വരുത്തി, തിരുമനസ്സുകൊണ്ട് അദ്ദേഹത്തിന്റെ അടുക്കൽ നിന്നും ഉപദേശംവാങ്ങിച്ചു. അവിടുന്ന് മാധ്വമതത്തിൽ നിരന്തരമായി പരിശ്രമിക്കുകയും, അതിൽ നിരതിശയമായ പാണ്ഡിത്യം സമ്പാദിക്കുകയുംചെയ്തു.

കവികളെയും പണ്ഡിതന്മാരെയും അവിടുന്നു സമുചിതമായവിധത്തിൽ പ്രോത്സാഹിപ്പിച്ചിരുന്നു എന്നുള്ളത് അനുക്തസിദ്ധമാണല്ലോ. അവിടത്തെ നിഷ്കളങ്കവും അക്ഷുണ്ണവുമായ കീർത്തിചന്ദ്രിക ദിഗന്തങ്ങളിൽ വ്യാപിച്ചു. പല കവികളും പണ്ഡിതന്മാരും പ്രത്യക്ഷപാരിജാതമായ ആ തിരുമേനിയെ സമാശ്രയിച്ചു. ഇങ്ങനെ അവിടത്തെ പ്രീതിപാത്രങ്ങളായി, അവിടത്തെ വിദ്വൽസദസ്സിന് അലങ്കാരങ്ങളായി, പ്രശോഭിച്ചിരുന്ന പണ്ഡിതപ്രവേകന്മാർ ഒരുത്തരടിതിരി, കല്ലൂർ നമ്പൂതിരിപ്പാട്, ഇളകുള്ളി ഉണ്ണി, കല്ലേക്കുളങ്ങര രാഘവപ്പിഷാരടി, എടവട്ടിക്കാട്ട നാരായണൻനമ്പൂതിരി, ആമ്പല്ലൂർ ഇളയിടത്തു നാരായണൻനമ്പൂതിരിപ്പാട്, ചേരാനല്ലൂർ കുഞ്ഞുൻകർത്താവ് എന്നിവരായിരുന്നു. ഈ വിദ്വന്നക്ഷത്രമാലയ്ക്കു നടുനായകമായി തിരുമേനിയും പരിലസിച്ചു.

അവിടത്തെ ജ്യേഷ്ഠൻ 984-ൽ തീപ്പെട്ട മഹാരാജാവുതിരുമനസ്സുകൊണ്ടും സംസ്കൃതത്തിൽ വ്യുൽപന്നനും അനുഗൃഹീതവാസനാകവിയുമായിരുന്നു. അവിടത്തേയ്ക്ക് ഒരിക്കൽ മൂത്രകൃച്ഛ്രത്തിന്റെ ഉപദ്രവം നേരിടുകയും, അതു വായുസംബന്ധമായ ഒരു രോഗമാണെന്നു വിശ്വാസംമൂലം വായുപുത്രനായ ഹനുമാന്റെ പ്രസാദത്താൽ അതിനെ നിവൃ

തിസമ്പാദിക്കണമെന്നു കരുതി, സുന്ദരകാണ്ഡം മുഴുവൻ പാനയായി അവിടുന്നു മലയാളത്തിൽ രചിക്കുകയും, ഹനൂമാൻ സീതാദേവിയുടെ കയ്യിൽ അംഗുലീയകം സമർപ്പിച്ചഘട്ടംവരെ ഉണ്ടാക്കിയപ്പോൾ ശീലാവതി സുഖപ്പെടുകയുംചെയ്തു എന്നാണ് ഐതിഹ്യം. നാരായണീയസ്തോത്രനിർമ്മാണത്താൽ മഹാകവി മേല്പുത്തൂർഭട്ടപാദർക്കു വാതരോഗനിവൃത്തിയും, സൂര്യശതകനിർമ്മിതിയാൽ മയൂരമഹാകവിക്കു മഹാരോഗശമനവും സിദ്ധിച്ചു എന്ന കഥകൾ വിശ്വവിദിതങ്ങളും വിശ്വാസയോഗ്യങ്ങളുമാണല്ലോ. ഗർഭകാലത്തു സുഖപ്രസവത്തിനായി കോവിലകത്തു തമ്പുരാട്ടിമാർ ഇന്നും ഈ പാന പാരായണംചെയ്തുവരുന്നു. തിരുമനസ്സിലെ കവനകലാകൗശലത്തിന് ഈ കൃതി മൂർദ്ധാഭിഷിക്തനിദർശനമാണ്. പ്രകാശിതമാകയാൽ ഇതിൽനിന്നും ഉദാഹരണങ്ങൾ ചേർക്കുന്നില്ല. അവിടുന്നു കുറെക്കൂടി കൃതികൾ രചിച്ചു സാഹിത്യസമാരാധനചെയ്യാഞ്ഞതു ഭാഷയുടെ ഭാഗ്യവിപര്യയമെന്നു പറയാമല്ലോ.



വീരകേരളവർമ്മമഹാരാജാവുതിരുമനസ്സുകൊണ്ട് വ്യാകരണശാസ്ത്രത്തിൽ അത്യധികം നിഷ്ണാതനായിരുന്നു. കാവ്യനാടകാലങ്കാരങ്ങളിൽ അവിടത്തെയ്ക്കുണ്ടായിരുന്ന അവഗാഹം അസാധാരണമായിരുന്നു. വൈദ്യത്തിലും അവിടുന്ന് അനന്യസാധാരണമായ നൈപുണ്യം സമ്പാദിച്ചിരുന്നു. വ്യാകരണത്തിൽ അവിടത്തെയ്ക്കു സ്വരപ്രക്രിയാഭാഗത്തിൽക്കൂടി അത്യധികം പാണ്ഡിത്യമുണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. ഒരുദിവസം അവിടുന്നു പൂർണ്ണത്രയീശനെ ദർശിപ്പാൻ എഴുന്നള്ളിയ സമയം ഉണ്ണിനമ്പൂതിരിമാർ ഓത്തു പിഴച്ചുചൊല്ലുന്നതുകേട്ട് ഓതിക്കൻനമ്പൂതിരിയെ വിളിച്ചു ഉപദേശിച്ചതായും അറിയുന്നു. അവിടത്തെ ഈ സ്വരപ്രക്രിയാപ്രാവീണ്യംമൂലം അവിടുന്നു തൃപ്പൂണിത്തുറ ചക്കംകുളങ്ങര ശിവക്ഷേത്രത്തിൽവച്ച് ഒരു ത്രിസന്ധ്യ നടത്തിച്ചിട്ടുണ്ട്.

അവിടുന്നു നിരന്തരമായി സാഹിത്യപരിശ്രമംചെയ്തിരുന്നുവെന്നു ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. നാട്യകലയിൽ അവിടത്തെയ്ക്ക് അസാധാരണമായ അഭിനിവേശമുണ്ടായിരുന്നു; എന്നുമാത്രമല്ല, അതിൽ അവിടുന്നു സാമാന്യേതരമായ ജ്ഞാനം നേടുകയുംചെയ്തു. പ്രതിദിനം അവിടുന്ന് ഓരോ ആട്ടക്കഥ കല്പിച്ചുണ്ടാക്കി അരങ്ങേററിച്ചിരുന്നു എന്നു പറഞ്ഞാൽ ഇന്നുള്ളവർ അതു കേവലം കെട്ടുകഥയായി വിചാരിച്ചേക്കാം; പക്ഷേ, നൂറാട്ടക്കഥകളോളം അവിടുന്നുണ്ടാക്കി ആടിച്ചുകണ്ടിട്ടുണ്ടെന്ന് അറിഞ്ഞവർ പറയുന്നു. 60-ൽപരം കഥകൾ അവിടത്തെ

വകയായി തൃപ്പൂണിത്തുറ ഈടുവെപ്പുഗ്രന്ഥാലയത്തിൽ ഇപ്പോഴും കാണാനുണ്ടു്. പാണ്ഡിത്യവും കവിതാവാസനയുമുള്ളവൎക്കു് ഇതു ദുസ്സാധമല്ലല്ലോ. അവിടത്തെവകയായി പ്രത്യേകം കഥകളിയോഗവും ഉണ്ടായിരുന്നു. പ്രസിദ്ധന്മാരായ വേഷക്കാരെ മറുനാടുകളിൽനിന്നു വരുത്തി അഭിനയിപ്പിച്ചു് അവൎക്കു സമുചിതമായ സമ്മാനങ്ങളും അവിടുന്നു നല്കിയിരുന്നു. കഥകളിയിലെ വേഷങ്ങൾക്കുംമററും അഭിലഷണീയമായ പരിഷ്കാരംവരുത്തിയ സാക്ഷാൽ കപ്ലിങ്ങാടിന്റെ ശിഷ്യനായ കുഞ്ഞുപ്പണിക്കരുടെ ശിഷ്യന്മാരും, കടത്തനാട്ടുരാജാവിന്റെ കഥകളിയോഗത്തിലെ പ്രധാനവേഷക്കാരുമായ കേശൻനമ്പ്യാരേയും കുഞ്ഞിക്കിട്ടമേനവനേയും അവിടുന്നു പ്രത്യേകം വടക്കുനിന്നും വരുത്തി അവരുടെ വേഷവും അഭിനയചാതുരിയും, പ്രത്യേകിച്ചു കല്യാണസൌഗന്ധികത്തിൽ നമ്പ്യാരുടെ ഹനുമാനും മേനവന്റെ ഭീമനും കണ്ടു് അത്യന്തം അഭിനന്ദിക്കുകയും, ഉചിതമായ പാരിതോഷികങ്ങൾ നല്കി അവരെ വളരെ മാനിക്കുകയും ചെയ്തു.

അങ്ങനെ[illegible]കഴിഞ്ഞതാൽ അവിടുന്നു കഥകളി ഉണ്ടാക്കുവാനിരിക്കയായി. ദ്രുതകവനമായിരിക്കും. ഒരിക്കലേ പറയുകയുള്ളൂ. അതു പകൎത്തിയെടുക്കാൻ അതിവിദഗ്ദ്ധനും പണ്ഡിതനുമായ ഒരാൾ വേണമെന്നുകരുതി അവിടുന്നു പാലപ്പുറത്തു ഗോവിന്ദൻനമ്പ്യാരെ ഇദംപ്രഥമമായി തൃപ്പൂണിത്തുറയ്ക്കുവരുത്തി. നമ്പ്യാൎക്കു വ്യാകരണത്തിലും സാഹിത്യത്തിലും പരിനിഷ്ഠിതമായ പാണ്ഡിത്യമുണ്ടായിരുന്നതിനാൽ അവിടത്തെ കഥകളികളെല്ലാം തെററുകൂടാതെ പകൎത്തുമെന്ന ബോധം അവിടത്തേയ്ക്കുണ്ടായിരുന്നു.

പരമഭക്തനായിരുന്നതിനാൽ അവിടത്തെ കൃതികളധികവും ഭക്തിപരങ്ങളാണു്. കഥകളികൾക്കു പുറമേ അവിടുന്നു സംസ്കൃതത്തിൽ പൂൎണ്ണത്രയീശശതകസ്തോത്രം, ഭാൎഗ്ഗവാവതാരം, ശ്രീരാമാവതാരം, ശ്രീകൃഷ്ണാവതാരം എന്നീ ശ്ലോകമാലകളും രചിച്ചിട്ടുണ്ടു്. ഭാൎഗ്ഗവാവതാരം മുതലായ കൃതികളിൽ "ദശാവതാരശ്ലോകമാലായാം ഭാൎഗ്ഗവാവതാരഃ" എന്നു കാണുന്നതിനാൽ അവിടുന്നു ഭഗവാന്റെ പത്തു് അവതാരങ്ങളെ അധികരിച്ചും പ്രത്യേകം ഓരോ ശ്ലോകമാല നിൎമ്മിച്ചിരിക്കണമെന്നൂഹിക്കാം. എന്നാൽ ഈ മൂന്നു ശ്ലോകമാലകൾമാത്രമേ കണ്ടുകിട്ടീട്ടുള്ളൂ. ഭാൎഗ്ഗവാവതാരത്തിൽ ശ്രീപരശുരാമന്റെ അപദാനങ്ങൾ അത്യന്തം തന്മയത്വത്തോടുകൂടി വൎണ്ണിച്ചിട്ടുണ്ടു്. ശ്രീകൃഷ്ണാവതാരത്തിൽ ഭഗവാന്റെ അവതാരംമുതൽ സ്വൎഗ്ഗാരോഹണപൎയ്യന്തമുള്ള കഥയാണു് കീ

ത്തിതമായിട്ടുള്ളതു്. രാമായണം ബാലകാണ്ഡംമുതൽ ഉത്തരകാണ്ഡംവരെയുണ്ടു്. ഈ മൂന്നു കാവ്യങ്ങളിലും തിരുമനസ്സിലെ നിരതിശയമായ ഹരിഭക്തി ഒരുപോലെ പരിലസിക്കുന്നതു കാണാം. വിസ്തരഭയത്താൽ അവയിൽനിന്നു ഉദാഹരണങ്ങൾ ചേർക്കുന്നില്ല.

എന്നാൽ അവിടുത്തെ കൃതികളിൽ അഗ്രിമസ്ഥാനത്തെ അർഹിക്കുന്നതു് പൂർണ്ണത്രയീശശതകമാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഈ സ്തോത്രത്തിൽ മോക്ഷസാധകമായിട്ടുള്ളതു മാധ്വമതമാണെന്നു സ്ഥാപിക്കുകയും, അദ്വൈതമതത്തെ ഖണ്ഡിക്കുകയും, വിഷ്ണുഭഗവാനു സാർവ്വോൽകൃഷ്ടത്വം കല്പിക്കുകയും ചെയ്തിട്ടുണ്ടു്. ഭാഗവതം ദശമസ്കന്ധത്തിലെ കഥകളെ അവിടവിടെയായി സാരതഃ സംഗ്രഹിച്ചിട്ടുമുണ്ടു്. ഈ സ്തോത്രരത്നത്തിൽനിന്നു സ്ഥാലീപുലാകന്യായേന ചില പദ്യങ്ങളെ താഴെ ചേർക്കുന്നു:—

1. സൌന്ദര്യാർണ്ണവമിന്ദിരാശശിമണിശ്രീചന്ദ്രമബ്ജാതഭവ-
പ്രാണേശാദിഹൃദംബുജാർക്കനുപരശ്രേണ്യാഹിപത്രീശപരം
പാപസ്തോമപലാലകല്പദഹനം ഭക്താർത്തപീഡാടവീ-
ദാവാഗ്നിം പരിപൂർണ്ണചിത്സുഖതനും പൂർണ്ണത്രയീശം ഭജേ

2. ഉദ്യദ്ഭാസ്കരകോടിസന്നിഭരുചിഃ പൂർണ്ണേന്ദുകാന്തപ്രഭോ
രക്താശോകസുമാതിരക്തസുതനൂർന്നീലോല്പലാഭശ്ച യഃ
ദേവോഽനേകസുരപ്രശാല്യോഽപി സദാ ഹ്യേകസ്വരൂപോഽത്ഭുത-
സ്വാമിന്നോരുവിചിത്രശക്തിരമിതാനന്ദം ഭജേ തം ഹരിം

3. യോ ലക്ഷ്മീകുചകുംഭയുഗ്മവിലസൽകസ്തൂരികാലങ്കൃത-
ശ്രീവക്ഷാഃ സ്വഭുജാത്തചക്രദരസൽകൌമോദകീപങ്കജഃ
ദൃശ്യം ഹി ശ്രുതിഗോചരഞ്ച നിഖിലം വ്യാപ്യാഭിതിഷ്ഠൻ ബഹി-
രന്തശ്ചാപി ലസത്യമേയമഹിമാ തം നൌമി നാരായണം

4. യൽപാദോഽണ്ഡകടാഹഭേദനചണോ ജാതീസുമാൽ കോമളോ
യച്ചക്രം ത്രികടീപുടാതിഭയദം സൌമ്യഞ്ച ചന്ദ്രൌഘതഃ
യന്നേത്രം സപദിവ്യഹസിതദശാചഞ്ചുരാസ്യശാദിഷീവോൽകരം
ശൃംഗാരാമൃതസാരപൂർണ്ണമപി തം ശ്രീശം ഭജാമ്യദ്ഭുതം

5. ആനീലാംബുദഭാസമാനവിമലശ്രീകേശപാശസ്ഫുരൽ-
ബാലാർക്കോപമരത്നസംഘരചിതശ്രീമൽകിരീടാഞ്ചിതം
ഉദ്യൽകോട്യധികാർക്കശോഭമമിതാനന്ദാത്മകം സുന്ദരം
വന്ദേ കർണ്ണവിലഗ്നനപ്രിയമഹം പൂർണ്ണത്രയീനായകം

അവിടുന്ന് നൂറ് ആട്ടക്കഥകൾ നിർമ്മിച്ചിട്ടുണ്ടെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അവയിൽ ഇതുവരെ കണ്ടുകിട്ടീട്ടുള്ളവയുടെ പേരുകൾ താഴെ ചേർക്കുന്നു:—

1. കല്യാണസൗഗന്ധികം
2. ധ്രുവചരിതം
3. ഗജേന്ദ്രമോക്ഷം
4. സന്താനഗോപാലം
5 രാവണപരാജയം
6. ജരാസന്ധപരാജയം
7. നീലാസ്വയംവരം
8. സുദക്ഷിണവധം
9. രുക്മിണീസ്വയംവരം
10. പാരിജാതഹരണം
11. മിത്രവിന്ദാസ്വയംവരം
12. രേവതീസ്വയംവരം
13. ഭദ്രാദേവീസ്വയംവരം
14. കാളീസ്വയംവരം
15. ലക്ഷണാസ്വയംവരം
16. രുക്മിവധം
17. ദുശ്ശാസനവധം
18. ദൂതവാക്യം
19. സുന്ദോപസുന്ദോപാഖ്യാനം
20. കിർമ്മീരവധം
21. ഭീമസേനദിഗ്വിജയം
22. ശ്രീകൃഷ്ണാവതാരം
23. അഷ്ടാക്ഷരമാഹാത്മ്യം
24. സാല്വവധം
25. രാസക്രീഡ
26. സീതാസ്വയംവരം
27. സുഗ്രീവാഭിഷേകം
28. സഗരോപാഖ്യാനം
29. നിവാതകവചവധം
30. അജാമിളമോക്ഷം
31. മാദ്ധ്വചരിതം
32. മായാവിജയം
33. ബലരാമതീർത്ഥയാത്ര
34. വാമനമാഹാത്മ്യം
35. താടകാവധം
36. ശാകുന്തളം
37. ദക്ഷയാഗം
38. കിരാതം
39. സുന്ദരീസ്വയംവരം
40. അംബരീഷചരിതം
41. വ്യാസാവതാരം
42. യാഗരക്ഷ
43. അഹല്യാമോക്ഷം
44. മുചുകുന്ദമോക്ഷം
45. പാഞ്ചാലീസ്വയംവരം
46. ദേവയാനീചരിതം
47. അമൃതമഥനം
48. സുഭദ്രാഹരണം

ഇങ്ങിനെ 48 ആട്ടക്കഥകൾ തൃപ്പൂണിത്തുറ ഈടുവെപ്പുഗ്രന്ഥാലയത്തിൽ ഉണ്ട്. ഈ കഥകളെല്ലാം കേവലം സംസ്കൃതമയങ്ങൾതന്നെ· ദ്രുതകവനമാകയാൽ സാഹിത്യഗുണം പോരാ എന്നൊരാക്ഷേപത്തിനവകാശമുണ്ടായേക്കാം. എന്നാൽ ദൃശ്യകാവ്യം എന്നനിലയിൽ ഇവ ഉത്തമങ്ങൾതന്നെയാണ്.

984-ൽ തീപ്പെട്ട തിരുമനസ്സിലെ സുന്ദരകാണ്ഡം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിട്ടുള്ളതു് ശ്രീമാൻ മാണിക്കത്തു ശങ്കരമേനവനാണു്. ശ്രീകൃഷ്ണാവതാരം, രാഘവചരിതാവതാരം മുതലായ കാവ്യങ്ങളുടെയും, താടകാവധം, യാഗരക്ഷ, ദക്ഷയാഗം, ശാകുന്തളം തുടങ്ങിയ ആട്ടക്കഥകളുടെയും കൎത്തൃത്വം ഈ തിരുമേനിക്കാണു് അദ്ദേഹം കൊടുത്തിട്ടുള്ളതു്. എന്നാൽ ഇതു ശരിയല്ല. എന്തെന്നാൽ ഗജേന്ദ്രമോക്ഷം, സന്താനഗോപാലം തുടങ്ങി വളരെ കഥകളികൾ അടങ്ങിയ ഒരു താളിയോലഗ്രന്ഥത്തിന്റെ അവസാനത്തിൽ ഇങ്ങനെ ഒരു കുറിപ്പു കാണുന്നു. "കൊല്ലം 1003-ാമാണ്ടു കൎക്കിടകമാസം 22-ാനു- കൃഷ്ണപക്ഷത്തിൽ നവമിയും തിങ്കളാഴ്ചയും കാൎത്തികനക്ഷത്രവുംകൂടിയ ദിവസം ഉച്ചതിരിഞ്ഞു് 4 അടിയാകുമ്പോൾ ഈ മഹാരാജാവു തൃപ്പൂണിത്തുറവച്ചു തീപ്പെട്ടുപോകകയും, ഇദ്ദേഹം മഹാജ്ഞാനിയാകകൊണ്ടു് സ്വൎഗ്ഗത്തെ പ്രാപിച്ചു എന്നു വിശ്വാസം."

ഇതിൽനിന്നു കഥകളി നിൎമ്മിച്ചതുംമററും 984-ൽ തീപ്പെട്ട തിരുമേനിയല്ലെന്നും 1003-ൽ തീപ്പെട്ട തമ്പുരാനാണെന്നും സ്പഷ്ടമാകുന്നുണ്ടല്ലോ. കൂടാതെ വാഴ്ചയൊഴിഞ്ഞ മഹാരാജാവുതിരുമനസ്സുകൊണ്ടു് അരുളിച്ചെയ്തു കേട്ടിട്ടുള്ളതും കോവിലകത്തു തമ്പുരാക്കന്മാർ പറഞ്ഞുവരുന്നതും 1003-ൽ തീപ്പെട്ട തിരുമനസ്സുകൊണ്ടാണു് ആട്ടക്കഥകളുടെയും കാവ്യങ്ങളുടെയുംമററും രചയിതാവെന്നാണു്. തിരുമനസ്സിലെ കഥകളിയോഗത്തിലെ പാട്ടുകാരൻ, കല്ലുവരമ്പിഷാരത്തു കരുണാകരപ്പിഷാരടിയായിരുന്നു. അദ്ദേഹം പണ്ഡിതനും നല്ല ബുദ്ധിമാനുമായിരുന്നു. അദ്ദേഹം 1010-ൽ ആണു് അന്തരിച്ചിട്ടുള്ളതു്. എന്റെ അച്ഛൻ സഹൃദയതിലകൻ രാമപ്പിഷാരടിയവൎകളുടെ മുത്തമ്മാമനായിരുന്നു അദ്ദേഹം. എന്റെ അച്ഛൻ പറഞ്ഞുകേട്ടിട്ടുള്ളതും മേല്പ്രസ്താവിച്ചപ്രകാരത്തിൽ തന്നെയാണു്.

ഇതുവിധം ആട്ടക്കഥകളുംമററും രചിച്ചു സാഹിതീസമാരാധനത്തിനു സന്നദ്ധനായ തിരുമനസ്സുകൊണ്ടു് ആരുടെ ഹൃദയപൂൎവ്വമായ പ്രശംസയ്ക്കാണു് പാത്രമാകാത്തതു്? അവിടുന്നു കേവലം ഒരു അമാനുഷനായിരുന്നു എന്നുവേണം വിചാരിപ്പാൻ. ശ്രീപൂൎണ്ണത്രയീശ പരമോപാസകനും യഥാൎത്ഥപണ്ഡിതരാജനുമായ അവിടുത്തെപ്പോലെയല്ലാതെ മററാൎക്കും ഇതു സാദ്ധ്യവുമല്ല. അവിടുന്നു് ഒരു വാതരോഗികൂടിയായിരുന്നു എന്നു് അറിയുമ്പോൾ അവിടുത്തെ സാഹിതീസേവനവ്യഗ്രതയിൽ ആരാണു് അത്ഭുതപ്പെടാത്തതു്?

ഇനി അവിടത്തെ വിദ്വൽസദസ്സിനെ അലങ്കരിച്ചിരുന്ന പണ്ഡിതപ്രകാണ്ഡങ്ങളുടെയും കവിരത്നങ്ങളുടെയും സാഹിത്യവ്യവസായങ്ങളെക്കുറിച്ചും കുറഞ്ഞൊന്നു പ്രസ്താവിക്കാം.

1. <u>വിദ്വാൻ ആറ്റൂർ മാധവൻ അടിതിരി.</u>

വിദ്വാൻ അടിതിരിപ്പാട്ട് എന്നു സുപ്രസിദ്ധനായ ആറ്റൂർ മാധവൻ അടിതിരിയുടെ ജനനം കൊല്ലം 940-ൽ ആണെന്നു സൂക്ഷ്മമായി അറിയുന്നു. പട്ടത്തു വാസുഭട്ടതിരി, മഴമംഗലത്തു നാരായണൻനമ്പൂതിരി എന്നീ മഹാകവികളുടേതുപോലെ ഇദ്ദേഹത്തിന്റെയും ജന്മഭൂമി പെരുവനമാണ്. ഇദ്ദേഹത്തെക്കുറിച്ചു ചില വിവരങ്ങളെല്ലാം ഇദ്ദേഹത്തിന്റെ ഉത്തരനൈഷധകാവ്യത്തിന്റെ ഒടുവിലുള്ള ഏതാനും ചില പദ്യങ്ങളിൽനിന്നു മനസ്സിലാക്കാം. അവ താഴെ ചേർക്കുന്നു:—

1. നന്ദാതടാചലമാധവം യമസൂത ശ്രീനീലകണ്ഠാധ്വരീ
ശ്രീദേവീ ച സതീ സമാ സതിതമാ സാഹിത്യസൗഹിത്യതഃ
യം ശാസ്തി സ്മ പിതാമഹോഽപി ച പയഃക്രോഡാലയോ ഭൂസുരഃ
സദ്ബ്രഹ്മസ്വസുധീശ്ച തദ്ഗുരുരപ്യാനന്ദയത്യുദ്ഗുണീഃ

2. യം വിദ്യാർത്ഥിനമർത്ഥപോഷമപുഷദ്രാജശ്രീ പൂരോമന്ദിര-
കല്പോദ്ഭൂതസിന്ധുപവംശസ്യ സുവിദ്യഷീ വിദ്യൽപ്രകാശാ ഭുവി
ഗാഢംസഹ്യ പരിനിഷ്ഠിതഃ പുനരഗാ ച്ഛ്രീകോടിലിങ്ഗാധിപ-
ക്ഷോണീനായകമാശ്രിതോയമസുധിയം സഹാനേ തൃതീയോ യഃ

3. മാടക്ഷ്മേശസഹോദരീ സാകരോദ്ഭ്രാജത്ത്രീ സ്വഭ്രാഭിധാ
സാത്ഥാവ്യാ യുവരാജപുത്രവിനയായാനായ്യ യം പുത്രിണീ
സാമ്രാജ്യാധികൃതേന തേന വിഹിതോ യസ്മിൻ ഗുരോർന്നിയ്ക്രിയ-
സ്സ്വൈരനവാപ്തിതജീവനോ ഭവതി യഃ പ്രത്യബ്ദമവ്യഗ്രിയാ.

4. യോ ഭൂയോപി വിഭൂതയേ സമയതേ സാമന്തസീമന്ത-
ന്യസ്ത്രീപ്രാംശുകാമാടഭൂപരിവൃഢശ്രീരാമവർമ്മക്ഷണം
തൽകാവ്യാമൃതരാശിപാരമഗമൽ സർഗ്ഗൈഃ പുനഃ ഷോഡശൈഃ
കാവ്യേ ചോത്തരനൈഷധീയചരിതം പുണ്യേന പൂർണ്ണശ്രിയം.

അടിതിരിപ്പാട്ടിലെ (സ്വതവേ ഭട്ടതിരിയാണ്; ആഹിതാഗ്നിയായതിനാലാണ് അടിതിരിയായതു്) പിതാവു് നീലകണ്ഠസോമയാജിയും മാതാവു് ശ്രീദേവിയുമായിരുന്നു. ആദ്യപാഠം സ്വന്തം പിതാമഹന്റെ അടുക്കൽ നടത്തിയശേഷം വ്യാകരണം പഠിക്കുവാനായി കോഴിക്കോട്ടേയ്ക്കു

പോയി. അന്നവിടെ മഹാവിദ്വാൻ ദേശമംഗലത്തു് ഉഴുത്രവാരിയർ കോവിലകത്തു പഠിപ്പിച്ചുതാമസിക്കുന്ന കാലമായിരുന്നു. വടക്കൻപ്രദേശങ്ങളിൽ വാരിയരെപ്പോലെ പ്രാമാണികനായ ഒരു പണ്ഡിതൻ അക്കാലത്തു് ഉണ്ടായിരുന്നില്ല. അടിതിരി കോഴിക്കോട്ടുചെന്നപ്പോഴേയ്ക്കും കത്തിട്ട രാഘവൻനമ്പ്യാർ, മനോരമത്തമ്പുരാട്ടി, കൊച്ചുശങ്കരൻമൂത്തതു് മുതലായവരുടെ പഠിത്തം കഴിഞ്ഞിരുന്നു. അടിതിരി വാരിയരുടെഅടുക്കലും മനോരമത്തമ്പുരാട്ടിയുടെഅടുക്കലും വ്യാകരണംപഠിച്ചു. അടിതിരിയുടെ പഠിത്തവിഷയത്തിൽ തമ്പുരാട്ടി നല്ലപോലെ നിഷ്കർഷിച്ചിരുന്നു. കൌമുദിയും മനോരമയും പഠിക്കുകയും അവയിൽ നല്ല നൈപുണ്യം സമ്പാദിക്കുകയും ചെയ്തു.

പിന്നീടു ശേഖരം പഠിക്കണമെന്നുകരുതി അദ്ദേഹം തിരുവനന്തപുരത്തു് വൈയാകരണപഞ്ചാനനൻ പറതളം സുബ്രഹ്മണ്യശാസ്ത്രികളുടെ അടുക്കലേയ്ക്കു പോയി. ശാസ്ത്രികൾ സർവ്വതന്ത്രസ്വതന്ത്രനായ ശേഖരകാരന്റെ ശിഷ്യന്റെ അടുക്കൽ കാശിയിൽ പോയി ഒരു വ്യാഴവട്ടക്കാലം വ്യാകരണംപഠിച്ച ആളായിരുന്നു. കേരളത്തിൽ അന്നു ശാസ്ത്രികളെപ്പോലെ വ്യാകരണശാസ്ത്രത്തിൽ, വിശിഷ്യ ശേഖരത്തിൽ, പരിനിഷ്ഠിതമായ പാണ്ഡിത്യം സമ്പാദിച്ചിരുന്ന ഒരു പണ്ഡിതനുണ്ടായിരുന്നില്ല. അദ്ദേഹം കാർത്തികതിരുനാൾതിരുമേനിയുടെ ആസ്ഥാനപണ്ഡിതനും തിരുമനസ്സിലെ പ്രത്യേകപ്രീതിഭാജനവുമായിരുന്നു. അടിതിരി, ശേഖരം പഠിച്ചാൽ കൊള്ളാമെന്നുള്ള തന്റെ അപേക്ഷ ശാസ്ത്രികളെ അറിയിച്ചപ്പോൾ ശാസ്ത്രികൾ കാവ്യം പഠിച്ചിട്ടുണ്ടോ എന്നു ചോദിക്കുകയും ഉണ്ടെന്നുത്തരം പറയുകയും ചെയ്തുവെങ്കിലും, തന്റെ അടുക്കൽ ഒന്നുകൂടി നൈഷധം പഠിക്കുവാൻ പറഞ്ഞു. ആദ്യം അടിതിരിക്കു് അല്പം വൈമനസ്യം തോന്നിയെങ്കിലും ഒരു ദിവസത്തെ പാഠം കഴിഞ്ഞപ്പോഴേയ്ക്കും സമ്പ്രദായം മാറി. അടിതിരിക്കു നൈഷധം പുതുതായപോലെ തോന്നി. ശാസ്ത്രികളുടെ നവനവങ്ങളായ അർത്ഥകല്പനകൾ കേട്ടു് അദ്ദേഹം അത്ഭുതപരതന്ത്രനായി. *

പിന്നീടു പഠിത്തമെല്ലാം കഴിഞ്ഞു സ്വഗൃഹത്തിലേയ്ക്കു മടങ്ങി; ക്രമത്തിൽ അടിതിരി ഗൃഹസ്ഥാശ്രമം സ്വീകരിച്ചു. അതിനുശേഷം അദ്ദേഹം കൊച്ചിസ്വരൂപത്തമ്പുരാന്റെ പുത്രൻ 1013-ൽ തീപ്പെട്ട മഹാരാ

* കൂടല്ലൂർ വാസുദേവൻനമ്പൂതിരിപ്പാട്ടിലേയ്ക്കു് നൈഷധീയം രഘുവംശവും പോലെ ശാസ്ത്രികൾക്കു ശേഖരവും മനഃപാഠമായിരുന്നു പോലും. അവസാനിക്കുന്നതുവരെ ശാസ്ത്രികൾ ഇതു രണ്ടും പഠിപ്പിച്ചിരുന്നു എന്നാണറിയുന്നതു്.

ജാവു തിരുമനസ്സിലെ പഠിപ്പിക്കുന്നതിനായി തൃപ്പൂണിത്തുറയിൽ താമസമാക്കി. അക്കാലംമുതൽ അടിതിരി വീരകേരളവർമ്മതമ്പുരാൻ തിരുമനസ്സിലെ പ്രീതിഭാജനവും, അവിടത്തെ വിദ്വൽസദസ്സിലെ പ്രധാനാംഗവുമായിത്തീർന്നു. പിന്നെ അധികം തൃപ്പൂണിത്തുറയായിരുന്നു അദ്ദേഹത്തിന്റെ താമസം. ഇതിനിടയ്ക്കു കുറച്ചുകാലം കൊടുങ്ങല്ലൂർപോയി താമസിച്ച്, അന്നു മൂന്നാംകൂറായിരുന്ന വിദ്വാൻ ഇളയതമ്പുരാനെ മനോരമ പഠിപ്പിക്കുകയുണ്ടായിട്ടുണ്ട്. 1013-ൽ തീപ്പെട്ട മഹാരാജാവു തിരുമനസ്സിലെ പ്രധാനഗുരു അടിതിരിതന്നെയായിരുന്നു. അവിടത്തേയ്ക്കു 1003-ൽ തിരുമുപ്പു കിട്ടിയശേഷം അടിതിരിക്കു ഗുരുദക്ഷിണ കഴിക്കുകയും വർഷാശനം കല്പിച്ചുകൊടുക്കുകയും ചെയ്തു. അടിതിരി കാലധർമ്മം പ്രാപിച്ചതു് 1011-ൽ ആണെന്നു സൂക്ഷ്മമായി അറിയുന്നു. കൊല്ലം 1008 വരെ അദ്ദേഹം തിരുവനന്തപുരത്തു താമസിച്ചുവെന്നും 1015-ൽ മുറജപത്തിനു് അവിടെ ഉണ്ടായിരുന്നുവെന്നും ഭാഷാചരിത്രകർത്താവു പറഞ്ഞിട്ടുള്ളതു ശരിയല്ല.

ഉത്തരനൈഷധം കാവ്യമാണ് അടിതിരിയുടെ പ്രധാനകൃതി. തിരുവനന്തപുരത്തു ശാസ്ത്രികളുടെ അടുക്കൽ പഠിത്തം കഴിഞ്ഞപ്പോൾ തന്നെ അടിതിരിക്കു നൈഷധം പൂർത്തിയാക്കണമെന്ന ആഗ്രഹം മനസ്സിൽ അങ്കുരിക്കുകയും, തൃപ്പൂണിത്തുറ താമസമാക്കിയതോടുകൂടി മഹാരാജാവു തിരുമനസ്സിലെ പ്രോത്സാഹനത്താലും പ്രേരണയാലും അതു ഫലിക്കുകയും ചെയ്തു. ശ്രീഹർഷന്റെ നൈഷധീയചരിതം 22 സർഗ്ഗമാണല്ലോ. അതിൽ ദമയന്തീസ്വയംവരപര്യന്തമുള്ള കഥമാത്രമേ അടങ്ങീട്ടുള്ളു. അടിതിരിപ്പാട് അതു 16 സർഗ്ഗംകൊണ്ടു പൂരിപ്പിച്ചു. ശ്രീഹർഷന്റെ നൈഷധീയചരിതമഹാകാവ്യം സംസ്കൃതസാഹിത്യത്തിൽ അദ്വിതീയമായ സ്ഥാനത്തെയാണ് അലങ്കരിക്കുന്നതെന്ന് ഏവർക്കും അറിയാമല്ലോ. 'ഗഗനം ഗഗനാകാര'മെന്നു പറഞ്ഞമട്ടിൽ നൈഷധത്തിനോടു തുല്യമായിട്ടു നൈഷധം മാത്രമേയുള്ളു. അത്രയും പ്രൗഢവും ചമൽക്കാരകാരിയുമായ ഒരു മഹാകാവ്യം സംസ്കൃതസാഹിത്യത്തിൽ വേറെയില്ലെന്നു നിസ്സംശയം പറയാം. അത്തരത്തിലുള്ള ഒരു മഹാകാവ്യത്തെ പൂരിപ്പിക്കാൻ പുറപ്പെട്ട അടിതിരിപ്പാട്ടും ഒരസാമാന്യനായ കവിയും പണ്ഡിതനുമാണെന്നുള്ളതിനു സംശയമില്ല; എന്നു തന്നെയല്ല, ഈ ഉദ്യമത്തിൽ അദ്ദേഹം വിജയം നേടിയിട്ടുമുണ്ടെന്നാണ് സഹൃദയന്മാരുടെ അഭിപ്രായം. പഞ്ചാക്ഷരയുക്തമായ ബാലാമന്ത്രത്തിന്റെ മഹിമയാലാണ് അദ്ദേഹത്തിനു് ഇതു സാധിച്ചതെന്ന് അദ്ദേഹം കാ

വൃത്തിൽ പ്രകടമായി പ്രസ്താവിച്ചിട്ടുണ്ടു്. ഈ കാവ്യം എഴുതിത്തീൎന്നതു് 1005-ൽ ആണെന്നു അതിലുള്ള "ഋതൈകധ്യാനദീപഃ" എന്ന കലിസംഖ്യാസൂചനത്തിൽനിന്നു മനസ്സിലാക്കാം. മഹാരാജാവുതിരുമനസ്സിലേയ്ക്കു് ഇതു പൂൎത്തിയാക്കിക്കാണ്മാനുള്ള ഭാഗ്യം സിദ്ധിച്ചില്ല; അവിടുന്നു് 1003-ൽ യശഃശരീരനായിപ്പോയല്ലൊ.

ഉത്തരനൈഷധം ആദ്യന്തം ഒരുപോലെ പ്രൗഢമായ ഒരു മഹാകാവ്യമാണു്. പ്രതിഭാസമ്പന്നനും പണ്ഡിതമൂൎദ്ധന്യനുമായ ഒരാൾക്കല്ലാതെ ഇത്തരത്തിലൊരു കാവ്യം രചിക്കുവാൻ സാധിക്കുകയില്ല. ശബ്ദങ്ങളുടെമേൽ അടിതിരിക്കുള്ള ആധിപത്യം അത്ഭുതാവഹമാണു്. ഈ കാവ്യത്തിൽനിന്നു് ഏതാനും പദ്യങ്ങൾ താഴെ പകൎത്താം:—

<u>നളന്റെ രാജ്യഭാരം.</u>

നൃപേണ തേനൈവ ധരാൎത്ഥവത്സല-
ദ്ദമസപ്രസ്സ്ഥാ ന ധരാഗ്ര്യയുജ്യത
കഥാ പ്രിയന്താമധരം പിബന്നയം
ന വേദ്മി രാജാനധരാം വ്യധാൽ സ്വയം

തപസ്വിമാത്രപ്രവണഃ കുശേശയം
സ്വയം ഭയാവാനിതി വിശ്രുതോപി സഃ
ക്രമാദധൎമ്മം സുകൃശം തപസ്വിനം
വിവാസയാമാസ മഹീതലാൽ ബലാൽ

<u>വൈതാളികവചനം.</u>

കലകണ്ഠമാളിൽകലശേഖരാത്മജാ
നളാന്തചിത്തേതി ഭവൽപ്രിയാച്ഛ്രുതേഃ
നിജപ്രിയാം കിം ഭവതാ ഹൃതാശയാം
വിശങ്ക്യ ഭേദേന ബബന്ധ ശങ്കരഃ

<u>ദമയന്തീഗൎഭവൎണ്ണനം.</u>

അവരസാനരസൈസ്സ്വരസോത്തരേ-
പ്പ്രവിരതം വിരതാമയിതാധരാൽ
ധരമനോജമനോജലധേസ്സുധാ
രസതയാ സ തയാനധരീകൃതഃ

നൃപകരഗ്രഹമന്യസുദുർല്ലഭം
സപദി സമമേഷ്യതി സോപി ച ദാരകഃ
ഇതി പരിത്രപയേവ പദം ദധേ
ഭരനതേരനതേഗ്രപയോധരേ

ബാലവർണ്ണനം.

പുരപുരന്ധ്രിജനേഷു കരാൽ കരം
രസവശാൽ ഗമിതൗ നളദാരകൗ
കളമരാളശിശൂ ഇവ രേജതു-
സ്സുനളിനാന്നളിനാന്തരഗാമിനൗ

ദമയന്തീവിലാപം.

അഥ സാ പതിദേവതാ പതിം
നളമുദ്ദിശ്യ ഝളജ്ഝളാക്ഷരാ
പ്രലപന്ത്യനഗൾഗളസ്വരം
വിപിനാന്തേ വിലലാപ വിഹ്വലാ

ഹരിണീം മഹിഷീം വദന്നപി
പ്രഥമാം മാം ചരമാന്ന മന്യസേ
ന കദാപി ദയാലുനാ വനേ
ഹരിണീവന്മഹിഷീ ത്വയോജ്ഝി യൽ

സുരസംസദി സുന്ദരാഥവാ
ത്വയി മാന്ത്യന്ത്യ സുരാവഹേളനാൽ
തവ ദീർഘസമീക്ഷയാ മയാ
ഫലമാപ്തം മഹിഷീകലാത്രതം

കഥയാപി സകല്മഷം ഹരൻ
കഥമേവംവിധപാതകീ ഭവാൻ
ന ഹി ലോകതമോപഹോ രവി-
സ്തമസാ കദാപ്യഭിശ്രിയതേ ദിവി.

അടിതിരിയുടെ ശ്ലോകാർത്ഥംപറയൽ വളരെ വിശേഷമായിരുന്നു. മഹാരാജാവുതിരുമനസ്സുകൊണ്ട് പല അവസരങ്ങളിലും നൈഷധശ്ലോകങ്ങളുടെ അർത്ഥം അടിതിരിയെക്കൊണ്ടു പറയിക്കാറുമുണ്ട്. ഇടയ്ക്കു തിരുമുമ്പിൽവച്ചും, ഇടയ്ക്കു തൃപ്പൂണിത്തുറക്ഷേത്രത്തിന്റെ കിഴ

ക്ഷേത്രഗോപുരത്തറയിൽവച്ചും, വിസ്തരിച്ചു ശ്ലോകാർത്ഥംപറഞ്ഞു ശ്രോതാക്കളെ അത്ഭുതപരതന്ത്രരാക്കിത്തീർത്തിട്ടുണ്ടെന്നു പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ശ്ലോകാർത്ഥം പറയുവാനുള്ള സാമർത്ഥ്യത്തെപ്പററി ഒരു കഥ കേട്ടിട്ടുള്ളതു വായനക്കാർക്ക് രസാവഹമായിരിക്കുമെന്നു കരുതി ചുവടെ ചേർക്കുന്നു.

ഒരിക്കൽ മഹാപണ്ഡിതനായ പന്തളം സുബ്രഹ്മണ്യശാസ്ത്രികൾ ശിഷ്യരൊന്നിച്ചു പത്മനാഭസ്വാമിക്ഷേത്രത്തിൽ ദർശനത്തിനുപോയി. അന്ന് അടിതിരിപ്പാടുമുണ്ടായിരുന്നു. തൊഴാൻചെന്ന അവസരത്തിൽ ശാസ്ത്രികളുടെ ശിഷ്യരിൽ ഒരാൾ ഭാഗവതം വായിക്കുന്നുണ്ടായിരുന്നു. ശാസ്ത്രികൾ അതു കേൾക്കാനായി അവിടെ ഇരുന്നു. ശിഷ്യൻ ഒരു ശ്ലോകംവായിച്ച്, പ്രാചീനസമ്പ്രദായപ്രകാരം, അർത്ഥംപറയുവാനുള്ള അപേക്ഷയോടുകൂടി ശാസ്ത്രികളുടെ മുഖത്തേയ്ക്കു നോക്കി. ഉടനെ ശാസ്ത്രികൾ അർത്ഥം പറയുവാൻ അടിതിരിയോടു കണ്ണുകൊണ്ടു ആജ്ഞാപിച്ചു. ഇതു മററു ശിഷ്യന്മാർക്ക് അത്ര രസിച്ചില്ല. അടിതിരിയെക്കാൾ അധികം പാണ്ഡിത്യവും പഴക്കവും സിദ്ധിച്ച ശിഷ്യന്മാരിൽ പലരും അവിടെ ഉണ്ടായിരുന്നു. അവരുടെ മുഖപ്രസാദം മാറി. എന്നാലും ഗുരുനാഥന്റെ ആജ്ഞയായിരുന്നതിനാൽ അവർ കേവലം മൗനമവലംബിച്ചു. അടിതിരി ആ ശ്ലോകത്തിനു രണ്ടു മണിക്കൂർനേരം വിസ്തരിച്ചർത്ഥം പറഞ്ഞു സദസ്യരെയെല്ലാം വിസ്മിതരാക്കി. ശിഷ്യരുടെ മിത്ഥ്യാഭിമാനം അതോടെ അസ്തമിച്ചു. ശ്ലോകാർത്ഥം പറയുവാനുള്ള സാമർത്ഥ്യം പിന്നീടു കൊടുങ്ങല്ലൂർതമ്പുരാക്കന്മാർക്കും മററും സിദ്ധിച്ചിട്ടുള്ളതു് ഇദ്ദേഹത്തിന്റെ ശിഷ്യപാരമ്പര്യം വഴിക്കാണ്. അടിതിരിപ്പാടിന്റെ ശിഷ്യപരമ്പര കൊടുങ്ങല്ലൂരും തിരുവനന്തപുരത്തും ഉണ്ടായി. അദ്ദേഹത്തിന്റെ പ്രധാനശിഷ്യൻ കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാനാണ്. അവിടത്തെ മററു രണ്ടു പ്രധാനശിഷ്യന്മാർ വൈക്കത്തു പാച്ചുമൂത്തതും കൊടുങ്ങല്ലൂർ കൃഷ്ണശാസ്ത്രികളുമാണ്. പാച്ചുമൂത്തതിന്റെ ശിഷ്യനാണ്, കേരളകാളിദാസനെന്ന അപരാഭിധാനത്താൽ വിശ്വവിഖ്യാതനായ സാഹിത്യചക്രവർത്തി സാക്ഷാൽ കേരളവർമ്മവലിയകോയിത്തമ്പുരാൻതിരുമനസ്സുകൊണ്ടു്. വിദ്വാൻ കൃഷ്ണശാസ്ത്രികളുടെ ശിഷ്യന്മാരാണ് കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിത്തമ്പുരാൻ, കുഞ്ഞിരാമവർമ്മത്തമ്പുരാൻ മുതലായവർ. അവരുടെ ശിഷ്യന്മാരാണ് കവിസാർവ്വഭൗമൻ കൊച്ചുണ്ണിത്തമ്പുരാനും, സരസദ്രുതകവികിരീടമണിയും കേരളവ്യാസനുമായ കുഞ്ഞിക്കുട്ടൻതമ്പുരാനുമെന്ന് ഈ ഘട്ടത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്.

അടിതിരിപ്പാട് തൃപ്പൂണിത്തുറ താമസിക്കുന്നകാലത്ത് അന്നത്തെ വലിയമ്മതമ്പുരാൻ ആവശ്യപ്പെട്ടതനുസരിച്ച് സുഭദ്രാഹരണം 25 വൃത്തം കൈകൊട്ടിക്കളിപ്പാട്ട് ഉണ്ടാക്കീട്ടുണ്ടെന്ന സംഗതി കേരളീയരിൽ പലർക്കും അത്ഭുതപൂർവ്വമായിരിക്കും. കവിത വളരെ മനോഹരമാണ്. കോവിലകത്ത് ഇന്നും അതു വളരെ പ്രചാരത്തിലിരിക്കുന്നു. അതിൽനിന്ന് ഒരു പാട്ട താഴെ ചേർക്കുന്നു:—

ചികുരമാലികളുമായിക്കൊണ്ടു ബല-
ഭദ്രാനുജസോദരിയും സുഭദ്രയും
കളിയാടി മെല്ലിച്ചങ്ങു വന്നളവിൽ യതി-
ക്കളവററു വളർന്നിതു നേത്രോത്സവം
ഭ്രൂലീലയും കുവലയമിഴിമുനത്തല്ലും
വാർകുഴലും കുനുനിരക്കുറികളും
ഏണാങ്കനെ നാണംനൽകുമാനനവും കള-
വീണാനാദം നാണിപ്പിച്ചീടും വാണികളും
മുത്തുകളും പവിഴവുമൊത്തുകൂടുംപോലെ
മൃദുഹാസിതസരസമാമധരവും
കാതിലങ്ങു മിന്നുന്നോരു പൊന്നോലയും നിജ-
ഗളംതന്നിൽ വിളങ്ങും ഭൂഷണങ്ങളും
പങ്കജങ്ങളെ ശങ്കിച്ചീടും കൊങ്കമൊട്ടു തങ്ങ-
ങ്കരിച്ചു വണങ്ങുന്നോരു മേനിടവും
കങ്കണങ്ങൾ വിളങ്ങുന്ന കരങ്ങളും കന-
കാംഗുലീയമണിയണിഞ്ഞോരംഗുലികളും
രോമാവലീവലികളും നാഭികൂപമതും
ഹേമകാഞ്ചീകലിതമാമാ നിതംബവും
ഇരുവിക്കരം കമ്പിടുന്ന തുടകളും പത്മ-
സമ്പത്തിനെസ്സമ്പാദിക്കും പാദങ്ങളും
മത്തമാതംഗത്തിനൊക്കും ഗതികളും കണ്ടു
മത്തകാശിനിയിൽ മുങ്ങി യോഗിനാഥൻ,
പണ്ടു മദൻ ദഹിച്ചപ്പോളധികമാകതിയെന്നും
കണ്ടനേരം ഭ്രമനെന്നും നിശ്ചയിച്ചു.

## 2. കല്ലൂർനമ്പൂതിരിപ്പാട്.

ഇദ്ദേഹത്തിന്റെ സ്വദേശം തൃശ്ശൂരിനടുത്ത് ആവണങ്ങേരിയാണ്. പട്ടാമ്പിക്കടുത്തും തൃപ്പൂണിത്തുറയും കല്ലൂർമനവക സ്ഥലങ്ങളുണ്ട്.

ചങ്ങണംകുന്നത്തു ഭഗവതിയാണ് കല്ലൂർനമ്പൂതിരിപ്പാടന്മാരുടെ പരദേവത. മന്ത്രവാദത്തിനു പണ്ടെയ്ക്കുപണ്ടേ ഈ ഗൃഹം കേളികേട്ടതാണല്ലോ. കല്ലൂർനമ്പൂതിരിപ്പാടന്മാർ മന്ത്രവാദത്തിൽ അത്ഭുതകരങ്ങളായ പ്രവൃത്തികൾ ചെയ്തിട്ടുള്ളതായി പറഞ്ഞുകേട്ടിട്ടുണ്ട്.

പ്രസ്തുതനമ്പൂതിരിപ്പാടിന്റെ ജീവിതകാലം കൊല്ലം 925-നും 1000-ാമാണ്ടിനും ഇടയിലായിരുന്നുവെന്നറിയുന്നു. ഇദ്ദേഹം വിദ്യാഭ്യാസം ചെയ്തതു് ആദ്യം മഹാവിദ്വാൻ ദേശമംഗലത്തു ഉഴുത്രവാരിയരുടെ അടുക്കലും പിന്നീട് അദ്ദേഹത്തിന്റെ ശിഷ്യൻ കഞ്ഞിട്ടിരാഘവൻ നമ്പ്യാരുടെ അടുക്കലുമാണ്. ജീവിതത്തിലധികഭാഗവും കഴിച്ചുകൂട്ടിയതു് തൃപ്പൂണിത്തുറയും തൃശ്ശൂരുമാണ്. ഇദ്ദേഹം മഹാരാജാവുതിരുമനസ്സിലെ പ്രധാനസേവകനും അവിടത്തെ പ്രത്യേകപ്രീതിഭാജനവുമായിരുന്നു. നമ്പൂതിരിപ്പാട് സാഹിത്യവും വിനോദവുമായിട്ടാണ് തിരുമനസ്സിലെ അടുക്കൽ കൂടിയിരുന്നതു്. തിരുമനസ്സുകൊണ്ടു നമ്പൂതിരിപ്പാടിനെ നിരന്തരമായി കാവ്യമാർഗ്ഗത്തിൽ പ്രോത്സാഹിപ്പിച്ചിരുന്നു. അവിടത്തെ പ്രേരണയും നിർബ്ബന്ധവുമില്ലായിരുന്നുവെങ്കിൽ നമുക്കു നമ്പൂതിരിപ്പാട്ടിൽനിന്നും 'ബാലിവിജയം' മുതലായ ആട്ടക്കഥകൾ ലഭ്യങ്ങളാവുകയില്ലായിരുന്നു. അവിടത്തെ നിയോഗപ്രകാരമാണ് ബാലിവിജയം, മധുകൈടഭവധം മുതലായ കൃതികൾ രചിക്കപ്പെട്ടിട്ടുള്ളതു്. ബാലിവിജയത്തിലെ തോടയത്തിൽനിന്ന് ഏതാനും പദ്യങ്ങളെ താഴെ ചേർക്കുന്നു. ഇവ അച്ചടിപ്പുസ്തകത്തിലില്ലാത്തവയാണെന്ന വസ്തുതയും ഇവിടെ വക്തവ്യമാണ്.

പൂർണ്ണാനന്ദമയം പുരാരിപുരുഹൂതാദ്യൈശ്ച സംപൂജിതം
പൂർണ്ണാനങ്കശശാങ്കബിംബധവളേ ഭോഗീന്ദ്രഭോഗേ സ്ഥിതം
പൂർണ്ണം സദ്ഗുണരത്നരംഗജനനീമുത്സംഗസാലിംഗിതം
പൂർണ്ണാഖ്യായപുരാധിവാസി കലയേ പുണ്യൈകദൃശ്യം മഹഃ

മഹിതഗുണനദീശം മൗലിരാജൽകലേശം
രചിതരിപുവിനാശം രാജതാദ്രിപ്രകാശം
വൃഷഗിരിനിലയേശം വിഷ്ടപാനാമധീശം
നഗവരതനയേശം നൗമി നിത്യം മഹേശം

ഖഡ്ഗേനാദ്രിഷു കൃത്തദൈത്യകലഭേ! സതാം സമ്മതേ
മാതേ സഞ്ചരതാം കരാർപ്പിതചതുർവ്വർഗ്ഗേ! ജഗന്നായികേ!
സ്വർഗ്ഗേയാദ്ഭുതപ്രഭാവമഹിതേ! ഭർഗ്ഗേഡിതേ മാമകം
ഏദ്ഗേഹം വിശ ചങ്ങണാദ്രിനിലയേ! ദുർഗ്ഗേ! വിധാതും ശുഭം.

മാതംഗോജ്ജ്വലകുണ്ഡലേ! മരതകശ്യാമേ! മഹേന്ദ്രാർച്ചിതേ!
മായേ! മാരിതദാരികേ! മണിലസന്മഞ്ജീരഗുഞ്ജൽപദേ!
മാരാരാതിസുതേ! മഹാസിമധുപാത്രോദ്യൽകരാംഭോരുഹേ!
മാതർമ്മാമവ മാനനീയചരിതേ! മാന്ധാതൃശൈലാലയേ!

ശ്രീവാസുദേവപരമേശ്വരമാധവശ്രീ-
ഗോപാലഭട്ടരവിദാസയതീന്ദ്രമുഖ്യാഃ
ശ്രീശങ്കരാഘവമുഖാശ്ച കൃപാർദ്രചിത്താ
നിത്യം ദിശന്തു ഗുരവോ മമ മംഗലാനി

യസ്യാനന്യസ്മരണം കരോതി സതതം സാക്ഷാദനന്തോപരി
ശ്രീശോ യസ്യ മനോജ്ഞനാപ്പിതമഹാരത്നാംശഹസ്തപ്രാദികഃ
ഗംഭീരോ ജനകശ്രിയോപ്യവമസ്തൃപ്ത്യശ്ചോദിഗന്ത്യോ ഗുണാം
സോയം ഭാതി ഗുണാർണ്ണവോ/തിസരസഃ ശ്രീമാടപൃത്ഥ്വീപതിഃ

തദന്തികസ്ഥേന സദാത്ര കേനചിൽ
ദ്വിജന്മനാ കൗശികഗോത്രജന്മനാ
വിരച്യതേ രാവണബന്ധനാഭിധാ
കഥാ വിനോദായ തദീയസന്നിധൗ

ബാലിവിജയത്തിനു (രാവണബന്ധനമെന്നാണ് ഗ്രന്ഥകർത്താവിട്ടിട്ടുള്ള പേർ) പുറമേ, മധുകൈടഭവധം, സുമുഖീസ്വയംവരം, സ്വാഹാസുധാകരം എന്നീ മൂന്നു ആട്ടക്കഥകൾകൂടി അദ്ദേഹം ഉണ്ടാക്കിയിട്ടുള്ളതായി ഭാഷാചരിത്രകാരൻ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ അവയിൽ മധുകൈടഭവധംമാത്രമേ കണ്ടിട്ടുള്ളൂ.

ഇദ്ദേഹം തൃപ്പൂണിത്തുറ താമസിക്കുന്ന കാലത്ത് കോവിലകത്തു തമ്പുരാട്ടിമാരുടെ ആവശ്യപ്രകാരം അജാമിളമോക്ഷം പഞ്ചവൃത്തം കൈകൊട്ടിക്കളിപ്പാട്ട് ഉണ്ടാക്കിയിട്ടുണ്ട്. അടിതിരിയുടെ സുഭദ്രാഹരണത്തിനു കവിതാസാരസ്യം കൂടുമെങ്കിൽ, നമ്പൂതിരിപ്പാടിന്റെ അജാമിളമോക്ഷത്തിന് ഫലിതപ്രയോഗചാതുരി ഏറും. ഈ കൃതി ഇതേവരെ പ്രകാശിതമായിട്ടില്ല. ഇതിൽനിന്ന് ഒരുപാട്ടു താഴെ ചേർക്കുന്നു:—

(ഇളകളാമാലികളുമെന്നപോലെ)

കാമിനീമണിയാകുമവളുടെ രൂപം
കണ്ടാലതിമനോഹരമെന്നേ വേണ്ടൂ;
കാർമേഘത്തോടിടയുന്ന കേശങ്ങളും ഫാലേ
കസ്തൂരീതിലകവും കമനീയം;

കഞ്ജദളങ്ങളുടയ ഗൎവ്വമെല്ലാം പോക്കും
കണ്ണിണകട ഭംഗികളും ചൊല്ലാവല്ല
കാമുകന്മാൎക്കതിതൃപ്യമാകുന്നൊരു
കുരുബിംബാധരം ചാരുദന്തങ്ങളും
കൎണ്ണയുഗങ്ങളിൽ വിലസീടുന്ന ചാരു-
കാതിലകൾ മിന്നും ഗണ്ഡങ്ങളും;
കന്നിയിലുദിച്ച പൂൎണ്ണചന്ദ്രനെന്നപോലെ
കാന്തിയേറീടുന്നൊരു മുഖഭംഗിയും;
കംബുതുല്യമാകും ഗളഭൂഷണങ്ങൾ ബാഹു-
കാഞ്ചനശൈലാഭകുചകുംഭങ്ങളും;
കങ്കണങ്ങളണിഞ്ഞൊരു ബാഹുക്കളും നല്ല-
കുക്ഷിലടങ്ങും നടുരോമാവലിയും
കനകത്തെഴിഞ്ഞൊരു വസ്ത്രം ഉറവി-
ക്കൈകൾപോലെ ചാരുക്കളൂരുക്കളും
കാൽച്ചിലമ്പും ജാനുജംഘായുഗളവും നല്ല
കാലിനടികളുമതിമോടിതന്നെ.
കൺമുനകൊണ്ടുള്ള വിലാസങ്ങൾ കണ്ടൊരപ്പോൾ
കാമദേവന്റെപോലുമിളകും ചിത്തം
കൌതുകത്തോടരികത്തു മേവീടുന്ന തന്റെ
കാന്തനോടുള്ളൊരു ഹാസ്യഭാവങ്ങളും
കണ്ടപ്പോൾ മുഹൂൎത്തമാത്രം കാമബാണമേററു
കണ്ണുകൾ മിഴിച്ചുനിന്നുപോയി വിപ്രൻ.

വിദ്വാൻ അടിതിരിപ്പാട് സുഭദ്രാഹരണമുണ്ടാക്കിക്കഴിഞ്ഞതിനു ശേഷമാണ് നമ്പൂതിരിപ്പാട് അജാമിളമോക്ഷമുണ്ടാക്കീട്ടുള്ളതെന്ന് ഈ പാട്ടിനു മുമ്പുകൊടുത്തിട്ടുള്ള 'ഭദ്രകളാമാളികളു'മെന്ന സുഭദ്രാഹരണം പാട്ടിൽനിന്നു മനസ്സിലാക്കാം.

ഇദ്ദേഹത്തിന്റെ പേരു ഭാസ്കരനെന്നായിരുന്നുവെന്ന് ഇദ്ദേഹത്തിന്റെ 'ശൃംഗാരലീലാതിലകഭാണത്തി'ൽനിന്നു മനസ്സിലാക്കാം. ഇദ്ദേഹത്തിന്റെ ഇല്ലം ചെറുവള്ളൂരത്താണ്. ജീവിതകാലം കൊല്ലം 980-ാം 1012-ാം മദ്ധ്യേയാകുന്നു. ഇദ്ദേഹം ആദ്യം കൂടല്ലൂർപോയി വ്യാകരണം പഠിച്ചു. വാസുദേവശാസ്ത്രികളെന്നുകൂടി പറയാറുള്ള കൂടല്ലൂർ വാസുദേവൻനമ്പൂതിരിപ്പാടും ഉണ്ണിയും സതീൎത്ഥ്യന്മാരാണ്. സരസനാം

കവിയുമായ എടവെട്ടിക്കാട്ടുനമ്പൂരിക്ക് ഇദ്ദേഹത്തെ വലിയ ബഹുമാനമായിരുന്നു. ഉണ്ണി കൂടല്ലൂർ പഠിച്ചുതാമസിക്കുന്നകാലത്ത് * ഒരുദിവസം അദ്ദേഹത്തെക്കാണുവാൻ എടവെട്ടിക്കാട്ടും കൂടല്ലൂർക്കുപോയി. ഇദ്ദേഹം ചെന്ന സമയം ഉണ്ണി അവിടെ ഉണ്ടായിരുന്നില്ല. കുറച്ചുകഴിഞ്ഞപ്പോൾ ഉണ്ണി വന്നു. അപ്പോൾ അച്ഛൻനമ്പൂതിരിപ്പാട്, എടവെട്ടിക്കാട്ടുനമ്പൂതിരി വന്നിട്ടുണ്ടെന്നും തേവാരംകഴിഞ്ഞാൽ ഉണ്ണാൻ കൂട്ടിക്കൊണ്ടു വരണമെന്നും പറഞ്ഞു. ഉണ്ണി അവിടെച്ചെന്ന് ഇങ്ങനെ പറഞ്ഞു.

"ദേവകാര്യാണ്യതീതാനി സർവ്വാണി ഭവതോ യദി
ഭോക്തുമാഗമ്യതാം ശീഘ്രം ഭൂസുരേന്ദ്രശിഖാമണേ!"

കേവലം എട്ടുപത്തുവയസ്സുമാത്രം പ്രായംചെന്ന ഉണ്ണി ഇതു ഭംഗിയായി ശ്ലോകം ഉണ്ടാക്കിച്ചൊല്ലിയതുകേട്ട് എല്ലാവരും ഏററവും സന്തോഷിച്ചു. ഇവരെല്ലാവരും അവിടെയുള്ള വർത്തമാനമറിഞ്ഞ് അടിതിരിപ്പാടും അവിടെ ആഗതനായി. അദ്ദേഹം അവരെയെല്ലാവരേയും പൊരുവനത്തുള്ള തന്റെ ഇല്ലത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി. കുറച്ചുദിവസം എല്ലാവരും അവിടെ കാവ്യവിനോദംകൊണ്ടു സമയംകഴിച്ചു. ഇങ്ങനെ ഇവരെപ്പററി രസാവഹങ്ങളായ പല കഥകളും പലരും പറഞ്ഞുകേട്ടിട്ടുണ്ട്.

ഉണ്ണി വ്യാകരണംപഠിച്ചതിനുശേഷം വേദാന്തംപഠിക്കുവാനായി തൃപ്പൂണിത്തുറയിൽ വന്നു. വീരകേരളവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ട് അവിടത്തെ ആസ്ഥാനപണ്ഡിതനും ന്യായത്തിലും വേദാന്തത്തിലും അതിനിപുണനുമായ ദീക്ഷിതരുടെ അടുക്കൽ ഉണ്ണിയുടെ ശാസ്ത്രാഭ്യാസത്തിനുവേണ്ട ഏർപ്പാടുചെയ്തു. പഠിപ്പും തുടങ്ങി. പക്ഷേ ഉണ്ണി പഠിക്കാൻചെന്നിരുന്നാൽ യാതൊന്നും ചോദിക്കാറില്ല; കേവലം മൌനമവലംബിച്ചിരിക്കാറേയുള്ളൂ. ഇങ്ങനെ കുറച്ചു ദിവസം കഴിഞ്ഞു. അതിനിടയ്ക്കു തമ്പുരാൻ തിരുമനസ്സുകൊണ്ട് ഉണ്ണിയുടെ പഠിത്തത്തെപ്പററി ദീക്ഷിതരോടു കല്പിച്ചുചോദിച്ചു. അദ്ദേഹം അതിനുത്തരമായി ഉണ്ണി യാതൊന്നും ചോദിക്കാറില്ലെന്നും അതിനാൽ ഒന്നും അഭിപ്രായംപറയുവാൻ തരമി

---

* കൂടല്ലൂർ വ്യാകരണത്തിനും വൈദ്യത്തിനും പണ്ടുപണ്ടേ കേളികേട്ട സ്ഥലമാണ്. അവിടെ പതഞ്ജലിമഹർഷിയെ പ്രതിഷ്ഠിച്ചു പൂജിച്ചുവരുന്നു. ഉപനയനത്തിനുമുമ്പ് അവിടെയുള്ള നമ്പൂതിരിപ്പാടന്മാർ ഒരേടി പഠിച്ചുകൊള്ളണമെന്നു നിശ്ചയം കൂടിയുണ്ട്. സുഭദ്രാഹരണംകാവ്യം കൂടല്ലൂർ ജ്യേഷ്ഠൻനമ്പൂതിരിപ്പാടിന്റെ മകൻ നാരായണൻനമ്പൂതിരിപ്പാടാണ് ഉണ്ടാക്കീട്ടുള്ളതെന്ന സംഗതിയും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

ല്ലെന്നും കണ്ഠിതത്തോടെ തിരുമനസ്സറിയിച്ചു. ഇതുകേട്ടപ്പോൾ തിരുമനസ്സിലേയ്ക്കു മനസ്സിനു നന്നേ അസഹ്യത തോന്നി. ഉണ്ണിയെ വരുത്തി വളരെ പരിഭവമായി ചിലതെല്ലാം അരുളിച്ചെയ്യുകയുംചെയ്തു. പതിവുപോലെ ഉണ്ണി പിറ്റേന്നു പഠിക്കാൻചെന്നിരുന്നു. പക്ഷേ അന്നു് ഉണ്ണിയെ മുമ്പത്തെ ഉണ്ണിയായിട്ടല്ല കണ്ടതു്. അദ്ദേഹം ദീക്ഷിതരുടെ അടുക്കൽ ബുദ്ധിപൂർവ്വമായി ഓരോ ശാസ്ത്രവിഷയങ്ങൾ ചോദിക്കാൻതുടങ്ങി. കുറേ കഴിഞ്ഞപ്പോൾ ദീക്ഷിതർ ഉത്തരംപറയുവാൻ കുഴങ്ങി വശായി. ഉണ്ണിയുടെ നിരതിശയമായ ബുദ്ധിവൈഭവംകണ്ടു ഗുരുനാഥനും മററു ശിഷ്യരും അത്യന്തം അത്ഭുതപ്പെട്ടു. ഉണ്ണിയുടെ ജ്ഞാനത്തെക്കുറിച്ചും ബുദ്ധിശക്തിയെക്കുറിച്ചും അപ്പോൾമാത്രമേ ദീക്ഷിതർക്കു മനസ്സിലാക്കാൻസാധിച്ചുള്ളു. ദീക്ഷിതർക്കു് ഉണ്ണിയെക്കുറിച്ചുണ്ടായിരുന്ന മിഥ്യാബോധം പാടേ നശിച്ചു. അന്നു വൈകുന്നേരംതന്നെ ദീക്ഷിതർ തിരുമുമ്പിൽ ചെല്ലുകയും പ്രതിഭകൊണ്ടും ജ്ഞാനംകൊണ്ടും ഉണ്ണി തന്നേക്കാൾ എത്രയോ മീതെയാണെന്നുംമററും ആനന്ദാശ്രുപൊഴിച്ചുകൊണ്ടും തൊണ്ടയിടറിക്കൊണ്ടും തിരുമനസ്സറിയിക്കുകയുംചെയ്തു. തിരുമനസ്സുകൊണ്ടും ഇതുകേട്ടു് ആനന്ദഭരിതനായി.

ഉണ്ണി, ദീക്ഷിതരുടെ അടുക്കൽ പഠിത്തം മുഴുവനാക്കീട്ടില്ലെന്നാണറിയുന്നതു്. അപ്പോഴേയ്ക്കും അദ്ദേഹത്തിനു ക്രമേണ വിഷയവിരക്തിവന്നു. ഒടുവിൽ അദ്ദേഹം നടുവിലമഠത്തിൽ സ്വാമിയാരുടെ ശിഷ്യനായികൂടി. കോഴിക്കോട്ടു തളിയിൽക്ഷേത്രത്തിൽ പുഷ്പാഞ്ജലികഴിച്ചുകൊണ്ടിരിക്കുമ്പോഴാണു് അദ്ദേഹം തന്റെ 32-ാമത്തെ വയസ്സിൽ കാലധർമ്മംപ്രാപിച്ചതു്. ക്ഷേത്രത്തിൽ സ്വാമിയാരന്മാർ സമാധിയായാലത്തെപ്പോലെ പുണ്യാഹമുണ്ടായിട്ടില്ലെന്നാണറിയുന്നതു്.

മുളകറിശ്ശി ഉണ്ണിയെപ്പോലെ അതിബുദ്ധിമാനായ ഒരു മഹാൻ ഈ അടുത്തകാലത്തു കേരളത്തിൽ ഉണ്ടായിട്ടില്ല. അതിബുദ്ധിമാനെന്നു സാധാരണയായി പറഞ്ഞുവരാറുള്ള പട്ടത്താൾ വിളാൻ നമ്പൂതിരിപ്പാട്ടിലേയ്ക്കു് ഉണ്ണിയുടെ ബുദ്ധിയുടെ എത്രാമതൊരംശമായ കിട്ടീട്ടുണ്ടായിരുന്നുവെന്നു ദീക്ഷിതർ പിന്നീടു നമ്പൂതിരിപ്പാട്ടിലെ പഠിപ്പിച്ചപ്പോൾ പറഞ്ഞതായി കേട്ടുകേൾവിയുണ്ടു്. അദ്ദേഹത്തിന്റെ ബുദ്ധിശക്തിയെക്കുറിച്ചു കേട്ടിട്ടുള്ള ഒരു കഥ ഇതിനു് ഉപോൽബലകമായിരിക്കുമെന്നു കരുതി താഴെ ചേർക്കുന്നു:—

ഒരിക്കൽ പരദേശത്തുനിന്നു് ഒരു ശാസ്ത്രികൾ മഹാരാജാവുതിരുമനസ്സിലേക്കുറിച്ചു കുറെ പ്രശംസാപദ്യങ്ങളുണ്ടാക്കി സമർപ്പിക്കുവാനായി

വന്നു. അദ്ദേഹത്തെ ഒന്ന് അമ്പരപ്പിക്കാൻവേണ്ടി തിരുമനസ്സുകൊണ്ടു മുത്തുകറിസ്സേരി ഉണ്ണി മുതൽപേരെ ഏർപ്പാടുചെയ്തു. ശാസ്ത്രികൾ തിരുമുമ്പിൽവന്നു തന്റെ കവിതയിൽനിന്ന് ഓരോ ശ്ലോകം ചൊല്ലുവാൻതുടങ്ങി. ഓരോന്നും ചൊല്ലിക്കഴിഞ്ഞാൽ തിരുമനസ്സുകൊണ്ടൊന്നാലോചിച്ച് 'ആ ശ്ലോകം കേട്ടിട്ടുള്ളതായി തോന്നുന്നു' എന്നു അരുളിച്ചെയ്യുകയും ഉണ്ണിയോട് അതിനെപ്പററി കല്പിച്ചു ചോദിക്കുകയുംചെയ്യും. ഉടനെ 'കേട്ടിട്ടുണ്ട്' എന്ന് പറഞ്ഞ് ഉണ്ണി ശ്ലോകംചൊല്ലിത്തുടങ്ങും. അപ്പോൾ അടുത്തുണ്ടായിരുന്ന കല്ലൂർനമ്പൂതിരിപ്പാടും, താനും കേട്ടിട്ടുണ്ടെന്നുപറഞ്ഞ് അതു ചൊല്ലും. ഇതുമദ്ധ്യമാകുമ്പോൾ പാലപ്പുറത്തു ഗോവിന്ദൻനമ്പ്യാർ മറഞ്ഞുനിന്ന് അതു ഗ്രന്ഥത്തിൽ എഴുതുകയുംകഴിയും. ഇങ്ങനെ എല്ലാ പദ്യങ്ങളുടെയും കാര്യം കഴിഞ്ഞു. ഈ സമയത്തു മറഞ്ഞുനിന്നിരുന്ന നമ്പ്യാർ ഒന്നുമറിയാത്തമട്ടിൽ തിരുമുമ്പിൽ വരികയും മററുള്ളവർ നടന്ന സംഗതികൾ നമ്പ്യാരെ അറിയിക്കുകയുംചെയ്തു. ഉടനെ നമ്പ്യാർ, ആ കവിത ഞാൻ കേട്ടിട്ടുണ്ടെന്നുമാത്രമല്ല ആ ഗ്രന്ഥംതന്നെ തന്റെ കൈവശമുണ്ടെന്നു പറഞ്ഞു ഓലകൾ കൊണ്ടുവന്നു കാണിച്ചു. ഇതൊക്കെയും കണ്ടുനിന്ന ശാസ്ത്രികൾ നിന്നനില്പിൽ അമ്പരന്നുപോയി. "ഭോജസദസ്സിൽ മാത്രമേ ഇങ്ങനെ ഉണ്ടായതായി കേട്ടിട്ടുള്ളൂ. ഇതു് സാക്ഷാൽ ഭോജസദസ്സാണ്" എന്നു പറഞ്ഞു് അദ്ദേഹം മഹാരാജാവിനെ സാഷ്ടാംഗം നമസ്കരിച്ചുവത്രെ! തിരുമനസ്സുകൊണ്ടു സന്തോഷിച്ചു ശാസ്ത്രികൾക്കു പല പാരിതോഷികങ്ങളും നല്കി അദ്ദേഹത്തെ പ്രീതചിത്തനാക്കി പറഞ്ഞയച്ചു.

ഉണ്ണിയുടെ കൃതികളിൽ ശൃംഗാരലീലാതിലകം എന്നൊരു ഭാണം മാത്രമേ നമുക്കു കിട്ടീട്ടുള്ളു. അതു് അദ്ദേഹം പതിനാറുവയസ്സു തികയുന്നതിനുമുമ്പു രചിച്ചതാണെന്ന് അതിന്റെ പ്രസ്താവനയിൽനിന്നു മനസ്സിലാക്കാം. ഈ കൃതി കൽക്കട്ടയിൽനിന്നു പ്രൊഫ്സർ രാമപ്പിഷാരടി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനാൽ ഉദാഹരണത്തിനായി ശ്ലോകങ്ങൾ ചേർക്കുന്നില്ല. കവിത ചമൽക്കാരകാരിയാണ്.

### 4. കല്ലൂക്കുളങ്ങര രാഘവപ്പിഷാരടി.

ഇദ്ദേഹത്തിന്റെ ജീവചരിത്രസംക്ഷേപം, വേതാളചരിത്രത്തിന്റെ അവതാരികയിൽ ശ്രീമാൻ കുന്നേഴത്തു പരമേശ്വരമേനോൻ എഴുതീട്ടുള്ളതിനാൽ ഞാനധികമൊന്നും പ്രസ്താവിക്കുന്നില്ല. പിഷാരടി തൃപ്പൂണിത്തുറയിൽ വളരെക്കാലം തിരുമനസ്സിലെ ആശ്രിതനായി താമ

സിച്ചിട്ടുണ്ടു്. അവിടുത്തെ ആജ്ഞപ്രകാരമാണു് അദ്ദേഹം രാവണോത്ഭവം ആട്ടക്കഥ നിർമ്മിച്ചിട്ടുള്ളതു്. കൂടാതെ ഉണ്ണായിവാരിയരുടെ നളചരിതം സാഹിത്യഗുണംകൊണ്ടു് ഉൽകൃഷ്ടമാണെങ്കിലും, ദൈശികമട്ടായതുകൊണ്ടു് ആട്ടത്തിനു പററിയതല്ലെന്നു തിരുമനസ്സിലേയ്ക്കു തോന്നുകയാൽ, പിഷാരടിയോടു നളചരിതം ആട്ടക്കഥയുണ്ടാക്കാൻ കല്പിക്കുകയും, അദ്ദേഹം നളചരിതം മുഴുവൻ 5 ദിവസത്തെ കഥയായി നിർമ്മിക്കുകയുംചെയ്തു. പിഷാരടിയുടെ കവിതാഗുണങ്ങളെല്ലാം ഇതിൽ സവിശേഷം കളിയാടുന്നുണ്ടു്. വിസ്തരഭയത്താൽ ഉദാഹരിക്കുന്നില്ല. ഈ കൃതി തൃപ്പൂണിത്തുറ ഈടുവെയ്പുഗ്രന്ഥശാലയിൽ ഉണ്ടു്. പിഷാരടി ഒരു പ്രൗഢകവിയാണെന്നു നളചരിതത്തിനുപുറമെ അദ്ദേഹത്തിന്റെ വേതാളചരിതം മുതലായ കൃതികളും വിളിച്ചുപറയുന്നുണ്ടു്.

5. എടവട്ടിക്കാട്ടു നാരായണൻനമ്പൂതിരി.

ഇദ്ദേഹം തിരുമനസ്സിലെ സേവനം അവിടുത്തെ പ്രീതിപാത്രവുമായിരുന്നു. അടിതിരിപ്പാട്ടിലെപ്പോലെ ഇദ്ദേഹത്തിന്റെ ശ്ലോകാർത്ഥംപറയൽ വളരെ വിശേഷമാണു്. "ആയാതം ഹരിണായതാക്ഷി!" എന്നു തുടങ്ങുന്ന രുക്മിണീസ്വയംവരപദ്യത്തിനു രണ്ടുമണിക്കൂർനേരം വിസ്തരിച്ചർത്ഥംപറഞ്ഞു് ഇദ്ദേഹം ശ്രോതാക്കളെ വിസ്മയാവിഷ്ടരാക്കിട്ടുണ്ടെന്നു് ഇന്നും വൃദ്ധപണ്ഡിതന്മാർ പറഞ്ഞുവരുന്നു. ഇദ്ദേഹത്തിന്റെ പ്രധാനകൃതി രുക്മിണീസ്വയംവരം പ്രബന്ധമാണു്. ഇതു് മഹാവിദ്വാനും സഹൃദയശിരോമണിയുമായ പരീക്ഷിത്തു കുഞ്ഞുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ ഭാവാർത്ഥദീപികാവ്യാഖ്യാനത്തോടുകൂടി, കെ. രാമൻനമ്പ്യാർ അവർകൾ പ്രകാശിപ്പിച്ചിട്ടുള്ളതിനാൽ ഉദാഹരണങ്ങൾ ചേർക്കുന്നില്ല.

ഇദ്ദേഹത്തിന്റെ ഒററശ്ലോകങ്ങൾ സുപ്രസിദ്ധങ്ങളാണല്ലോ. അവയെല്ലാം സാധാരണജനങ്ങൾക്കുകൂടി അറിയാവുന്നതിനാൽ ഇവിടെ പകർത്തണമെന്നു വിചാരിക്കുന്നില്ല. ഇദ്ദേഹത്തെപ്പററിയുള്ള ചില കൂടുതൽ വിവരങ്ങൾ കിരാങ്ങാട്ടു നാരായണൻനമ്പൂതിരിപ്പാടവർകൾ രുക്മിണീസ്വയംവരം പ്രബന്ധത്തിന്റെ അവതാരികയിൽ പറഞ്ഞിട്ടുണ്ടു്.

6. അമ്പല്ലൂർ ഇളയിടത്തു നാരായണൻനമ്പൂതിരിപ്പാടു്.

ഇദ്ദേഹത്തിന്റെ ഇല്ലം തൃപ്പൂണിത്തുറനിന്നു് അധികം അകലെയല്ലാത്ത അമ്പല്ലൂർ ദേശത്താണു്. ജീവിതകാലം 930-നും 1000-ാമാ

ങ്ങിനമിടയുണ്ടാണെന്നറിയുന്ന ഇദ്ദേഹത്തിന്റെ കൃതിയായി ഉഷാപരിണയമെന്നൊരു ചമ്പൂകാവ്യം നമുക്ക ലഭിച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണത്തെക്കുറിച്ചു കേട്ടിട്ടുള്ള ഐതിഹ്യം ഇപ്രകാരമാണ്.

എടവെട്ടിക്കാട്ടു നമ്പൂതിരി രുക്മിണീസ്വയംവരം ഉണ്ടാക്കീട്ട് അധികം ദിവസമായിട്ടില്ല. അതിനിടയ്ക്ക് ഒരു ദിവസം വൈകുന്നേരം ആ ഗ്രന്ഥവുംകൊണ്ടു തന്റെ സ്നേഹിതൻ ഒരു നമ്പൂതിരി ആമ്പല്ലൂരിന്റെ ഇല്ലത്തു ചെന്നു. കുളി, ഊണു മുതലായതു കഴിച്ചതിനുശേഷം സ്നേഹിതൻ ആ നമ്പൂതിരിപ്പാട്ടിനെ വായിച്ചു കേൾപ്പിച്ചു. കവിത കേട്ട നമ്പൂതിരിപ്പാട്ട് അത്യന്തം ആഹ്ലാദിച്ചു. അതിനുശേഷം ഗ്രന്ഥം കെട്ടിവെച്ചു രണ്ടുപേരും ഉറങ്ങാൻ കിടന്നു. കൂട്ടുകാരനുറങ്ങി. പക്ഷേ, നമ്പൂതിരിപ്പാട്ടിന് ഉറക്കം വന്നില്ല. അതുപോലെ ഒരു കവിത ഉണ്ടാക്കണമെന്ന മോഹം മനസ്സിൽ കടന്നുകൂടി. ക്രമേണ അതു ദൃഢമൂലമായി. എന്തിനധികം! ആ രാത്രികൊണ്ട് അദ്ദേഹം ഉഷാപരിണയമെന്നൊരു ചമ്പൂകാവ്യം നിർമ്മിച്ചു. സാഹിത്യഗുണംകൊണ്ട് ഈ ചമ്പൂ രുക്മിണീസ്വയംവരത്തെക്കാൾ വളരെ താഴ്ന്നപടിയിലാണ് നില്ക്കുന്നതെങ്കിലും, ഒരു രാത്രി ഏതാനും മണിക്കൂർനേരംകൊണ്ടാണ് അതുണ്ടാക്കിയതെന്നറിയുമ്പോൾ അദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിക്കാത്ത സഹൃദയന്മാർ ഉണ്ടാകയില്ല.

ഈ സംഭവത്തിൽ ഒട്ടും അതിശയോക്തിക്കവകാശമുണ്ടെന്നു തോന്നുന്നില്ല. പാണ്ഡിത്യവും കവിതാവാസനയുമുള്ളവർക്കു ദ്രുതകവനം സുസാധമാണല്ലോ. ഈ അടുത്തകാലത്തു കുഞ്ഞിക്കുട്ടൻതമ്പുരാൻ തന്നെ ദ്രുതകവനരൂപത്തിൽ പലതുമെഴുതുകയുണ്ടായിട്ടില്ലേ? വലിയകോയിത്തമ്പുരാൻ അത്യന്തം പ്രൗഢമായ തിരുനാൾപ്രബന്ധം ഒരു രാത്രികൊണ്ടല്ലേ ഉണ്ടാക്കിയതു? രാജചൂഡാമണിദീക്ഷിതർ യുദ്ധകാണ്ഡംചമ്പു ഒരു പകൽകൊണ്ടും, സകലകലാവല്ലഭനായിരുന്ന രഘുനാഥനായ്ക്കൻ പാരിജാതഹരണംചമ്പു ഒരു രാത്രികൊണ്ടുമാണ് നിർമ്മിച്ചിട്ടുള്ളതെന്നു പറഞ്ഞുകേട്ടിട്ടുണ്ട്. ഉഷാപരിണയംചമ്പുവിൽനിന്നു ചില പദ്യങ്ങൾ താഴെ ചേർക്കാം:—

ഉഷാവർണ്ണനം.

അഥ ഗിരിശകാന്ത്യാമൃതാധാരസിന്ധോ-
രപരസരസിജാക്ഷപ്രാണനാഥാ സമാനാ
സുമൃദുതരഗാത്രീ പശ്യമാനന്ദമാത്രീ
സമജനി ദനുജേന്ദ്രാൽ സാപ്യുഷാ നാമ കന്യാ

യസ്യാ ഗതീക്ഷണവിലോഭമനാ വിചാൎയ്യ
സ്രഷ്ടാ സഹായനമകരോൽ കില രാജഹംസം
ക്രുഷ്ടോപി യൽകചസമാനതയാം കലാപം
ധത്തേ സദൈവ ശിരസാ കുതുകാൽകലാപീ!

ഭക്താനുകമ്പിമനസാ ശശിശേഖരേണ
ലബ്ധ്വാശ്രയാം ശശികലാമളികസ്ഥലേന
ധത്തേ തദന്തികനിവാസവിലോലമേത-
ദക്ഷ്ണോൎയ്യുഗം മൃഗശിശോൎന്നയനീചകാര

ഇത്യാദിസുന്ദരതരാംഗവിഭൂഷിതാ സാ
നിത്യം പ്രമോദജനനീ സുകൃതീക്ഷണാനാം
അത്യാദൃതാ മകരകേതനതാരകാഭിഃ
പ്രത്യംഗമാശ്രിതവതീ നവയൗവനേന

## 7. ചേരാനെല്ലൂർ കൃഷ്ണൻകൎത്താവു്.

ഇദ്ദേഹത്തിന്റെ ജീവിതകാലം 940-നും 1020-നും മദ്ധ്യേയാണെന്നറിയുന്നു. ഇദ്ദേഹം മഹാഭക്തനും കവിയുമായിരുന്നു. ഈ മഹാനുഭാവൻ നാരായണീയസ്തോത്രാനുകാരിയും ചിറ്റൂരപ്പന്റെ മഹിമാനുവൎണ്ണനപരവുമായ 'ചിൽപുരേശസ്തുതി' എന്നൊരു സംസ്കൃതകാവ്യം രചിച്ചിട്ടുണ്ടു്. ഭാഗവതസംഗ്രഹരൂപമായ ഈ സ്തോത്രത്തിൽ ആകെ 1008 പദ്യങ്ങളും അടങ്ങീട്ടുണ്ടു്. അതിലെ ഒടുവിലത്തെ പദ്യത്തിലുള്ള 'ത്വൽകൃപാലബ്ധിസാദ്ധ്യ'മെന്ന കലിദിനസംഖ്യയിൽനിന്നു് ഇതിന്റെ നിൎമ്മിതി 983-ൽ ആണെന്നു കാണുന്നു. തിരുമനസ്സുകൊണ്ടു് ഈ കവിതകൾപാൎത്തുസന്തോഷിച്ചു വളരെ സമ്മാനങ്ങളും കൎത്താവിനു കൊടുത്തിട്ടുണ്ടെന്നറിയുന്നു. സ്തോത്രത്തിൽ പലേടത്തും 'ഭഗവാനേ! ഹേ! മധുപ്രിയ!' എന്നും മറ്റും അഭിസംബോധനം ചെയ്തിട്ടുള്ളതു തിരുമനസ്സിലെ പ്രീതിക്കുവേണ്ടിയുംകൂടിയായിരിക്കണം.

ചിൽപുരേശസ്തുതി വളരെ മനോഹരമായ ഒരു സ്തോത്രമാണു്. കവിയുടെ പാണ്ഡിത്യവും ഭക്തിയും അതിൽ ആപാദചൂഡം പ്രകടമായി പരിലസിക്കുന്നുണ്ടു്. ഇതു നാരായണീയസ്തോത്രത്തെ അത്യന്തം അനുകരിക്കുന്നു. ചിലേടത്തു നാരായണീയത്തിലെ ആശയങ്ങളെ അതേമാതിരിയിൽ പകൎത്തീട്ടുള്ളതായും കാണുന്നു. കൎത്താവു ഒരു വശ്യവചസ്സായ കവിയായിരുന്നുവെന്നുള്ളതിനു ചിൽപുരേശസ്തുതിയിലെ ഓരോ പദ്യവും ദൃഷ്ടാന്തീകരിക്കുന്നതാണു്. മേല്പുത്തൂർ ഭട്ടപാദരുടെ സുപ്ര

സിദ്ധമായ 'ആദ്യ പശ്യാമി തേജോ' എന്നു തുടങ്ങുന്ന കേശാദിപാദവൎണ്ണനത്തിനു സദൃശമായി ചിൽപുരേശസ്തുതിയിലും ഒരു കേശാദിപാദവൎണ്ണനമുണ്ടു്. അതിൽനിന്നു ചില പദ്യങ്ങൾ താഴെ ചേൎക്കുന്നു:—

1. ആസന്നാസന്നസൃഷ്ട്യുത്തരദിനവകാദംബിനീകാന്തികൢ-
പ്ത്യാദ്യൽപ്രോദ്ദാമഹേമോജ്ജ്വലമണിമകുടാകുഞ്ചിതസ്നിഗ്ദ്ധകേശം
ഫാലേ ബാലേന്ദുലീലേ മൃഗമദതിലകന്യാവദാതോൎദ്ധ്വപുണ്ഡ്രേ
ശ്രീലേ നീലാങ്ഗഭാസാ വിലസിതമജിതം ത്വാം സദാ സംസ്മരാമി

2. ശ്യാമാ ഹേമാംബുജാന്തോപരിപരിവിചലൽഭൃങ്ഗരീകാഭിരാമാ
ചില്ലീവല്ലീദ്വയീ മാമഗദയതു ചിദാകേതനാധീശതസ്തേ
മാതങ്ഗ്യാതങ്ക്യതോഽന്തൎന്നളിനദളനിഭേ ലോചനേ ചാനുകമ്പാ-
ശീലസ്യാലോകലീലേ പ്രചുരരുചിലസൽഭങ്ഗിതുങ്ഗാ ച നാസാ

3. കൎണ്ണാകീൎണ്ണാതികമ്രദ്യുതിമകരമണീകുണ്ഡലോല്ലാസിഗണ്ഡം
മന്ദോൽപ്യൂദിസ്മിതാംശുസ്തബകകിസലയീഭൂതശോണാധരാഭം
വ്യഞ്ജന്മഞ്ജുപ്രഭാമണ്ഡലശമിതശരൽപൂൎണ്ണചന്ദ്രാഭിരാമം
ദമന്ദ്രോവൃന്ദാവതംസ! പ്രശമയതു ശുചം ചിന്മയ! ത്വന്മുഖം മേ

4. ശോണശ്രീകൌസ്തുഭോല്ലസൽഗളതലമതുലം ഭിന്നഗോപാന്ത്യമാലാ-
ഹാരശ്രീവത്സരോചിസ്സുരഭിലതുളസീദാമഭിദ്യോതമാനം
വക്ഷോലക്ഷ്മീനികേതം സ്വവലയനവരത്നാങ്ഗുലീ ചാങ്ഗദാഢ്യേ
ചത്വാരശ്ചാരുചക്രാംബുജദരഗദാഃ പാന്തു ഭവതോ ഭുജാ മാം

5. സന്താനസന്താനരാളസ്ഥിതമപിയദിദം വിശ്വമശ്രാന്തമന്ത-
ൎദ്ധത്തേ തത്തേ കൃശോദിസ്ത്രിവലിഭിരതി ഭാഗ്യാവനാഭം ച മദ്ധ്യം
യദ്ദാമോദ്ദാമകാഞ്ചീകലിതമണിമയൂഖാഞ്ചിതം പീതചേലം
പ്രദ്യുൽസപ്പ്യൽപ്രകാശം പ്രകടിതമപി തൽകല്പ്യതാം മേ മുദാത്മാം

6. ഊരൂ വാതാഗ്രപീതാംബരപരിപിഹിതൌ പീവരൌ താവകീനാ-
വൃത്തൌ ചാത്രൌ നയതാം സ്വരുചിരസമവൃത്തേ ച തേ ജാനുനീ മാം
പാതാം ചേതോഭിരാമക്രമപൃഥുലസമാവൎത്തുലേ ചാപി ജംഘേ
പാദൌ ചോദീരയന്തൌ ശിവമപനയതാം നൂപുരാളീനിനാദൈഃ

ഈ പദ്യങ്ങളിൽനിന്നു കവിയുടെ കവനകലാകുശലതയും വൎണ്ണനാവൈഭവവും ഭാവുകന്മാൎക്കു് ഏറ്റക്കുറെ മനസ്സിലാക്കുവാൻ സാധിക്കുമല്ലോ. വിസ്തരഭയത്താൽ അധികം ഉദാഹരിക്കുന്നില്ല.

മേൽപറഞ്ഞ കവികൾക്കും പണ്ഡിതന്മാർക്കും പുറമേ വിദ്വാൻ കച്ചാട്ടിളയതു തുടങ്ങിയ കവിവര്യന്മാരേയും അവിടുന്നു യഥായോഗ്യം സമ്മാനിച്ചിട്ടുണ്ടെന്നാണറിയുന്നതു്. വീരകേരളവർമ്മമഹാരാജാവുതിരുമനസ്സിലെ പാണ്ഡിത്യത്തേയും പണ്ഡിതപക്ഷപാതത്തേയും ഔദാര്യാതിശയത്തേയും കുറിച്ചു് എത്രതന്നെ പ്രശംസിച്ചാലും അധികമാകുന്നതല്ല. ഈ തിരുമനസ്സിലെ നിഷ്കളങ്കവും അക്ഷയ്യവുമായ കീർത്തിചന്ദ്രിക ഇന്നും അഭംഗുരമായി പരിലസിക്കുന്നു. മനുഷ്യന്നു് ഇതിലുമധികം കാര്യമായി മറെറന്താണൊന്നുള്ളതു്? യാതൊന്നുമില്ലതന്നെ.

# ഉദ്ഘാടനപ്രസംഗം.*

(ഡാക്ടർ ജോസഫ് അട്ടിപ്പേററി പി. എച്ച്. ഡി, ഡി. ഡി.)

ഭാഷാപ്രണയികളായ മഹാജനങ്ങളേ,

രാഷ്ട്രീയമായും സാമുദായികമായും മററും ഭിന്നതാല്പര്യങ്ങളോടുകൂടിയ മലയാളികളെ ഒരേ മനസ്സിൽ ഒന്നിച്ചു ചേർക്കുവാൻ സാധിക്കുന്ന ഈ സമസ്തകേരളസാഹിത്യപരിഷത്തിനെ, സാഹോദര്യത്തിന്റെ ഒരു നടനരംഗമായിട്ടാണു് ഞാൻ സംവീക്ഷിക്കുന്നതു്. മഹനീയമായ നമ്മുടെ മലയാളരാജ്യം ഭരണകാര്യവശാൽതന്നെ മൂന്നായി മുറിഞ്ഞു കിടക്കുന്നു. രാഷ്ട്രീയമാത്രമായ ആ പിരിവിനുപുറമെ, കൂടുതൽ അകൽച്ചയുണ്ടാക്കുന്ന പിളർപ്പുകൾ പലതുമുണ്ടു്; അഥവാ അവകൾ ഉണ്ടാക്കാറുണ്ടു്. ആകയാൽ കേരളീയരായ നമ്മുടെ സൗഭ്രാത്രത്തിനു പ്രയോഗക്ഷമമായുള്ള ഏകാവലംബം നമ്മുടെ ഭാഷയാകുന്നു. ആ ഭാഷാജനനിയുടെ മുമ്പിൽ ഒന്നിച്ചു കൂടുമ്പോൾ, മററു കാര്യങ്ങളിൽ നമ്മെ വിയോജിപ്പിച്ചു നിറുത്തുന്ന മായാമറകളശേഷം മാറി, നമ്മുടെ സാഹോദര്യം തികച്ചും തെളിഞ്ഞുകാണാറാകുന്നു. അതുകൊണ്ടു് ഈ സമസ്തകേരളസാഹിത്യപരിഷത്തു്, സമസ്തകേരളസാഹോദര്യപരിഷത്തുകൂടിയാണെന്നാകുന്നു എന്റെ പരമാർത്ഥമായ അഭിപ്രായം. അങ്ങനെ കേരളീയജനതയുടെ സാഹിത്യത്തിനും സാഹോദര്യത്തിനും അവലംബമായി

* പരിഷൽസമ്മേളനം — കോട്ടയം.

നിലകൊള്ളുന്നതും നിലകൊള്ളേണ്ടതുമായ ഈ പരിഷൽസമ്മേളനത്തിൽ സംബന്ധിച്ച്, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഇവിടെ സമാഗതരാകുന്ന വിദ്വന്മണികളുടെ സ്വൈരവിഹാരത്തിനായി ഇതിന്റെ കവാടം തുറന്നിടുവാൻ എനിക്കു ലഭിച്ച ഈ അവസരത്തെ ഞാൻ എന്നും സഹർഷം അനുസ്മരിക്കുന്നതാണ്.

## ചില പൂർവ്വസ്മരണകൾ.

കൈരളിയുടെ ഒരു പ്രധാന കേളീരംഗമായി ഇന്നോളം ശോഭിച്ചുപോന്നിട്ടുള്ള കോട്ടയത്തുവെച്ചു കൂടുന്ന ഈ പരിഷൽസമ്മേളനം, ചില പൂർവ്വസ്മരണകളെയാവാം ഭാഷാഭക്തന്മാരുടെ ഹൃദയങ്ങളിൽ ആദ്യമായി അങ്കുരിപ്പിക്കുക. ഈ പ്രദേശം അധുനാതനകാലത്തു ചെയ്തിട്ടുള്ള സാഹിത്യസേവനങ്ങൾ വിശേഷിച്ചും പ്രസിദ്ധങ്ങളാണല്ലോ. മലയാളഭാഷാതറവാട്ടിലെ കൈമുതൽ വർദ്ധിപ്പിക്കുവാൻ അക്ഷീണയത്നം ചെയ്ത് അഭിമാനകരങ്ങളായ അനേകം കാര്യങ്ങൾ നേടിയ പരേതനായ കണ്ടത്തിൽ വറുഗീസുമാപ്പിള അവർകളുടെയും, 'മനോരമ', 'ഭാഷാപോഷിണി', 'കോട്ടയം മാസിക' മുതലായ ഉൽകൃഷ്ടങ്ങളായ പല പ്രസിദ്ധീകരണങ്ങളുടെയും പ്രവർത്തനരംഗമെന്ന നിലയിൽ ഈ പ്രദേശത്തിനുള്ള പ്രശസ്തി ഞാൻ എടുത്തുപറയേണ്ടതില്ല. ഇന്നത്തെ സാഹിത്യപരിഷത്തിന്റെ പുരോഗാമിയായി ഇരുപതു കൊല്ലത്തോളം ജീവിച്ച്, ഭാഷാപരിഷ്കരണാർത്ഥം പലതും പ്രവർത്തിച്ച്, 1086-ൽ വൈക്കത്തുവെച്ചു നടന്ന ഒമ്പതാമത്തെ യോഗത്തോടുകൂടി അസ്തംഗമിച്ച 'ഭാഷാപോഷിണിസഭ' ഉദയംചെയ്തതു്, വറുഗീസുമാപ്പിള മുതലായി പലരുടെയും ഉത്സാഹത്തിൽ, കോട്ടയത്തുവെച്ചായിരുന്നുവെന്നുള്ള വസ്തുത ഈ പരിഷൽസമ്മേളനസന്ദർഭത്തിൽ ഇവിടെ പ്രത്യേകം സ്മരണീയമായിത്തീരുന്നു. കേരളകാളിദാസനെന്നു വിഖ്യാതനായി, നമ്മുടെ ഭാഷാസാമ്രാജ്യചക്രവർത്തിയായി വിരാജിച്ചിരുന്ന കേരളവർമ്മവലിയകോയിത്തമ്പുരാൻതിരുമനസ്സിലെ നേതൃത്വത്തിൽ ആ വിദ്വൽസമ്മേളനവും, അതുപോലെതന്നെ സുസമ്മതനായ ഒരു കൈരളീനായകനായി ഇന്നും ഭാഷാസാമ്രാജ്യത്തിൽ അധികാരം നടത്തിക്കൊണ്ടിരിക്കുന്ന മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സിലെയും മററും നേതൃത്വത്തിൽ കൊച്ചിയിലെ സാഹിത്യസമാജവും, അതീതകാലങ്ങളിൽ ഭാഷാപോഷണവിഷയകമായി ചെയ്തിട്ടുള്ള നിസ്തുലമായ യത്നങ്ങളെ ഭാഷാഭിമാനികൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതാണ്. "ഭാഷാപോഷിണിസഭ"യും മററും നിന്നുപോയെങ്കിലും ബ്രഹ്മശ്രീ ഇടപ്പള്ളി കുഞ്ഞുരാജാ അവർകളുടെ ഉത്സാഹംകൊ

ണ്ടു് 1102-ൽ ആരംഭിച്ച ഈ സമസ്തകേരളസാഹിത്യപരിഷത്തു്, ഇതിനകം കേരളത്തിലെ മൂന്നു സംസ്ഥാനങ്ങളുടെയും പരിലാളനസുഖം അനുഭവിച്ചു് 'ബാലപീഡകൾ' എല്ലാം നീങ്ങി, കർമ്മസമർത്ഥമായ ഒരു പ്രായത്തിലേയ്ക്കു പ്രവേശിച്ചുകൂടുന്ന കാര്യം, കൈരളീഭക്തന്മാരുടെ കണ്ണിനു കനകാഭിഷേകമായിട്ടാണു് അനുഭവപ്പെടുന്നതെന്നു നിസ്സംശയം പറയാം.

പരിഷത്തിന്റെ ആവശ്യം.

പാശ്ചാത്യസാഹിത്യചരിത്രം പരിശോധിക്കുന്നവർക്കു്, 'അക്കാഡമികൾ'കൊണ്ടു സാഹിത്യശാസ്ത്രകലകൾക്കുണ്ടായിട്ടുള്ള പ്രയോജനം നല്ലപോലെ ബോദ്ധ്യമാകുന്നതാണു്. പുരാതനവിജ്ഞാനകേന്ദ്രങ്ങളായ ഫ്ളോറൻസിലും റോമയിലും പരിശോഭിച്ചിരുന്ന താദൃശങ്ങളായ വിദ്വൽസമാജങ്ങൾ പ്രസിദ്ധങ്ങളാണല്ലോ. കർദ്ദിനാൾ റിഷ്ല്യുവിന്റെ കൈത്തണലിൽ 1635-ൽ ആരംഭിച്ചതും ഇന്നോളം അക്ഷയശോഭയോടെ നിലനിന്നുപോരുന്നതുമായ 'ഫ്രഞ്ച് അക്കാഡമി' പരക്കെ അറിയപ്പെട്ടിട്ടുള്ളതും, നമ്മുടെ പരിഷത്തിന്റെ ഉദ്ദേശ്യങ്ങളോടു വളരെ സാദൃശ്യമുള്ളതുമായ ഒരു പണ്ഡിതപരിഷത്താകുന്നു. ഫ്രഞ്ചുഭാഷയുടെ ശുദ്ധീകരണത്തിനും അഭിവൃദ്ധിക്കുമായി, നിർമ്മാണംകൊണ്ടും നിയന്ത്രണംകൊണ്ടും പ്രോത്സാഹനംകൊണ്ടും, ആ പരിഷത്തു സാധിച്ചിട്ടുള്ള കാര്യങ്ങൾ നിരവധിയാണു്. ഫ്രഞ്ചുഭാഷയിൽ ഒരു നല്ല നിഘണ്ടു തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയതു് ആ പരിഷത്തായിരുന്നു. ആ നിഘണ്ടുവിലെ ഓരോ വാക്കും പ്രസ്തുത വിദ്വൽസമാജത്തിന്റെ പരിശോധനയോടും അംഗീകരണത്തോടും കൂടിയാണു് പ്രസിദ്ധപ്പെടുത്തിയതെന്നു പറയുമ്പോൾ അതിന്റെ പ്രാമാണ്യം സ്പഷ്ടമാണല്ലോ. പക്ഷെ, ഒന്നുണ്ടു്; ആവശ്യത്തിനു വേണ്ടവിധം ചെലവാക്കാൻ വേണ്ടുന്ന പണം ആ പരിഷത്തിന്റെ സ്വാധീനത്തിൽ ധാരാളം ഉണ്ടായിരുന്നിരിക്കണം. അതേ, "അരിമണിയൊന്നു കൊറിക്കാനില്ല—തരിവളയിട്ടു കിലുക്കാൻ മോഹം" എന്നു പറഞ്ഞമാതിരിയിലുള്ള നമ്മുടെ ചില പ്രസ്ഥാനങ്ങൾപോലെയല്ലാ, അവർ നിഘണ്ടുനിർമ്മാണവും മററും സാധിച്ചതു്. ഗവർമ്മെണ്ടും ജനങ്ങളും നല്ല സംഭാവനകൾ നല്കി ആ പരിഷത്തിനെ പ്രോത്സാഹിപ്പിച്ചുകാണും. നിഘണ്ടു നിർമ്മിക്കാൻതന്നെ ആറു പണ്ഡിതന്മാർ സ്ഥിരശമ്പളത്തിൽ ആജീവനാന്തം ജോലിചെയ്തു. ഇങ്ങനെയുള്ള പ്രത്യേകജോലിക്കാർമാത്രമല്ല, അക്കാഡമിയിലെ എല്ലാ അംഗങ്ങൾക്കും ഉദ്യോഗഭാരവാഹികൾക്കും ഒരുവക സ്ഥിരശമ്പളമുണ്ടു്. 1500 ഫ്രാങ്കാണു് ഒരു സാധാരണ സാമാജികന്റെ വാർഷികവേതനം. ഇതിനുപുറമെ,

സാഹിത്യകലാവിദ്യകളിലും, സദാചാരധൎമ്മനീതികളിലും സാമൎത്ഥ്യം പ്രകാശിപ്പിക്കുന്നവൎക്കു രണ്ടുലക്ഷം ഫ്രാങ്കുവീതം വൎഷംതോറും പാരിതോഷികങ്ങളായി നൽകിക്കൊണ്ടിരിക്കാൻ വേണ്ട മൂലധനവും ആ പരിഷത്തു സമ്പാദിച്ചിട്ടുണ്ട്. ഫ്രഞ്ച് അക്കാഡമിയുടെ ധനകാൎയ്യസ്ഥിതിയെപ്പററി ഞാൻ ഇവിടെ ഊന്നിപ്പറയുന്നതു് ഒരു പ്രത്യേക ഉദ്ദേശ്യം വെച്ചുകൊണ്ടു തന്നെയാണ്. നമ്മുടെ ഈ സാഹിത്യപരിഷത്തിന് ഗവേഷണം, സംഭരണം, നിൎമ്മിതി, പ്രസാധനം, മുദ്രണം, വിമൎശനം, പ്രവൎത്തനം, പ്രചരണം, എന്നിങ്ങനെ സാഹിത്യസമുൽകൎഷത്തിനുപകരിക്കുന്ന എത്രയോ പരിപാടികൾ അതിന്റെ നിയമാവലിയിൽ നിൎദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അവയെല്ലാം നടപ്പിൽ വരുത്തുവാൻ പററിയ ആളുകളും നമുക്കുണ്ടാവാം. പക്ഷെ, 'ആളും അൎത്ഥവും' കൂടാതെ കാൎയ്യം നടക്കുന്നതെങ്ങനെയാണ്? നമ്മുടെ പരിഷത്തിനു പാണ്ഡിത്യസമ്പത്തുണ്ട്; പണമില്ല. 'പണമില്ലെങ്കിൽ പിണം'മാണെന്നുള്ള പഴമൊഴിയിൽനിന്നു പരിഷത്തിനും ഒഴിവുകിട്ടാൻ പ്രയാസം. പണം എവിടെ നിന്നാണുണ്ടാവുക? ഗവൎമ്മെണ്ടുകളുടേയും പൊതുജനങ്ങളുടേയും ഔദാൎയ്യംകൊണ്ടുതന്നെ വേണം പരിഷത്തിന്റെ പരിപാടികൾ നിൎവ്വഹിക്കുന്നതിനു വേണ്ടുന്ന പണം ഉണ്ടാവാൻ. ധൎമ്മസ്ഥാപനങ്ങളും ഇതുപോലുള്ള വിദ്വൽസമാജങ്ങളും പൊതുജനങ്ങളുടെ സംഭാവനകൾകൊണ്ടാണ് പുലരുന്നതു്. നമ്മുടെ പരിഷത്തിന്റെ നിൎദ്ദിഷ്ടപരിപാടികൾ നിൎവ്വിഘ്നം നിൎവ്വഹിക്കാൻ വേണ്ട കൈമുതൽ നമ്മുടെ ഗവൎമ്മെണ്ടുകളും ധനവാന്മാരും നന്മനസ്സോടെ സംഭാവന ചെയ്യുകയും, പരിഷത്തു് അതിനെ വേണ്ടവിധം വിശ്വസ്തമായി കൈപ്പെരുമാററം നടത്തുകയും ചെയ്യാൻ നമ്മുടെ സാഹിത്യത്തിനു പരിഷത്തുകൊണ്ടുദ്ദേശിക്കപ്പെടുന്ന സമുൽകൎഷമെല്ലാം സിദ്ധിക്കും.

## സാഹിത്യകാരന്മാരുടെ ദാരിദ്ര്യം.

പരിഷത്തിന്റെ ധനദാരിദ്ര്യത്തെപ്പററി പറഞ്ഞപ്പോൾ മറെറാരു സംഗതികൂടി എന്റെ ഹൃദയത്തെ സ്പൎശിക്കുന്നുണ്ട്, എഴുത്തുകാരുടെ ദാരിദ്ര്യം. എഴുത്തുകാരുടെ ദാരിദ്ര്യം എന്നു ഞാൻ പറയുന്നതു്, എഴുത്തുകാരില്ലാത്തതിട്ടു നമുക്ക് അനുഭവപ്പെടുന്ന ദാരിദ്ര്യത്തെയല്ലാ, ഉള്ള എഴുത്തുകാൎക്കുണ്ടാകാവുന്നതായി അവൎക്ക് അനുഭവപ്പെടുന്ന ദാരിദ്ര്യത്തെ ഉദ്ദേശിച്ചാണ്. സാഹിത്യപരിശ്രമവും ദാരിദ്ര്യവും സഹചാരികളായിട്ടാണ് കാണപ്പെടുന്നതു്. പണ്ടും അങ്ങനെതന്നെ ആയിരുന്നുവല്ലൊ. ഇതിനു കാളിദാസന്റെയും, ഗോൾഡ് സ്മിത്തിന്റെയും, ഷെല്ലിയുടേയും ജോൺസന്റെയും മററും ദൃഷ്ടാന്തങ്ങൾ പറഞ്ഞു നമ്മുടെ സാഹിത്യകാ

ന്മാർ സമാധാനിക്കാറുണ്ട്. പക്ഷെ, പണ്ട് ഒരു വ്യത്യാസം ഉണ്ടായിരുന്നു. അന്നു കവികളേയും വിദ്വാന്മാരേയും സംരക്ഷിക്കാൻ ഭോജരാജാക്കന്മാരും പ്രഭുക്കന്മാരും ധാരാളമുണ്ടായിരുന്നതുകൊണ്ട് അവർക്കു ഭോജനത്തിനു മുട്ടുണ്ടായിരുന്നില്ല. നമ്മുടെ എഴുത്തച്ഛൻതന്നെ "മനക്കാമ്പിലേററം കൃപാവാരിരാശി"കളായി, "നിനയ്ക്കുന്നതെല്ലാം വരുത്താൻ കരുത്ത"ന്മാരായ അത്തരം ഉപകാരികളെപ്പററി തന്റെ കവിതയിൽ കൃതജ്ഞതാപൂർവ്വം സ്മരിച്ചുകാണുന്നുണ്ട്. പണ്ടു കവികളും വിദ്വാന്മാരും രാജധാനികളിൽ പാർത്തുകൊണ്ടു സാഹിത്യസേവനവും, രാജസേവനവും, രാജ്യസേവനവും ഒന്നിച്ചു നിർവ്വഹിക്കുകയായിരുന്നു പതിവ്. ചിലപ്പോൾ അവർ രാജാക്കന്മാർക്കുവേണ്ടി ഇന്നത്തെ സി. ഐ. ഡി. ഉദ്യോഗസ്ഥന്മാരുടെ ജോലി പോലും നിർവ്വഹിച്ചിരുന്നുവോ എന്നു തോന്നും. കാളിദാസൻ രാത്രികാലങ്ങളിൽ വേഷപ്രച്ഛന്നനായി നടന്നു നാട്ടിലെ ഗൂഢവർത്തമാനങ്ങൾ അറിഞ്ഞു ഭോജരാജാവിനെ ധരിപ്പിക്കുക പതിവായിരുന്നുവെന്നും, അങ്ങനെ വേഷംമാറി നടക്കുമ്പോൾ ഒരുദിവസം വെളുപ്പാൻകാലത്തു രാജഭൃത്യന്മാർ ആളറിയാതെ ആ മഹാകവിയെ പിടികൂടി ഭോജരാജാവിന്റെ പല്ലക്കു ചുമക്കാൻ നിർബന്ധിച്ചുവെന്നുമുള്ള ഐതിഹ്യം പ്രസിദ്ധമാണല്ലോ. ഇങ്ങനെ വല്ലപ്പോഴും പല്ലക്കുചുമക്കേണ്ടിവന്നെങ്കിലോ എന്നു ശങ്കിച്ചിട്ടോ, 'നിനയ്ക്കുന്നതെല്ലാം വരുത്താൻ കരുത്ത'ന്മാരായ മാനശാലികളെ അധികം കണ്ടുകിട്ടാതെയിട്ടോ, പണ്ടത്തെപ്പോലെ ചുരുക്കം ചില സങ്കേതങ്ങളിൽ ഒതുങ്ങാൻകഴിയാത്തവണ്ണം കവികളുടെയും വിദ്വാന്മാരുടെയും എണ്ണംതന്നെ വല്ലാതെ വർദ്ധിച്ചിട്ടോ, എന്തോ, ഇപ്പോൾ കവികളും വിദ്വാന്മാരും തങ്ങളുടെ സ്വന്തം പാഴ്ക്കുടിലുകളിൽതന്നെയാണ് പ്രായേണ പാർപ്പ്. അന്നത്തെ രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും സ്ഥാനത്ത് ഇന്നത്തെ പ്രസാധകന്മാരാണ് അവർക്കു പ്രധാനശരണം. ഈ പുതിയ മുതലാളിമാരുമായുള്ള ഇടപാട്, സാഹിത്യത്തൊഴിലാളികൾക്കു വലിയ നഷ്ടത്തിലാണ് കലാശിക്കാറുള്ളതെന്ന് അവർ മുറവിളികൂട്ടുന്നു. മറിച്ച്, ആ മുതലാളിമാരും ഈ വ്യവസായം തങ്ങൾക്കു മുതലാകുന്നില്ലെന്നു മുറുമുറുക്കുന്നു. രണ്ടുകൂട്ടരും ഉറുപ്പിക-അണ-പൈയായിട്ടുമാത്രമാണ് സാഹിത്യത്തെ അളക്കുന്നത്. അതാണ് സാഹിത്യത്തിന്റെ ഏററവും വലിയ ദുർയ്യോഗം. ഏതായാലും ഒരു ജീവനാംശം (living wage) കിട്ടണമെന്നുള്ള ഇവരുടെയെങ്കിലും സാഹിത്യകാരന്മാരുടെ വാദത്തെ നമുക്ക് ആദരിക്കാതെ നിവൃത്തിയില്ല. ഒഴിഞ്ഞ വയറോടുകൂടി കഴിയുന്ന സാഹിത്യകാരന്മാരുടെ തലയും ക്രമേണ ഒഴിഞ്ഞുപോകുവാനല്ലു തരമുള്ളു. ഈ ദുരവസ്ഥ കൈരളിക്ക

വന്നുചേരാതിരിക്കുവാൻവേണ്ടി, സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുവാൻ പ്രസാധകലോകവും അനുവാചകലോകവും കനിയേണ്ടതാണ്. സാഹിത്യത്തൊഴിലാളികൾക്ക് അവരുടെ മുതലാളികളുമായുള്ള ബന്ധം കൂടുതൽ അഭിമാനകരവും ആദായകരവുമാക്കിത്തീൎക്കുവാനും, സാഹിത്യകാരന്മാൎക്കു സ്വാതന്ത്ര്യവും ഫലപ്രദായകവുമായ പുതിയ പുതിയ വേലകൾ ഉണ്ടാക്കിക്കൊടുക്കുവാനുംവേണ്ടി നമ്മുടെ സാഹിത്യപരിഷത്തും കഴിയുന്നതു പരിശ്രമിക്കേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള പ്രോത്സാഹനം ഇല്ലാതെവരുന്നതുകൊണ്ട് എത്രയോ കുഞ്ചന്മാരും കണ്ണശ്ശന്മാരും, എത്രയോ കേരളവൎമ്മമാരും രാജരാജവൎമ്മമാരും, എത്രയോ ചെറിയാൻമാപ്പിളമാരും കുമാരനാശാന്മാരും, എത്രയോ വള്ളത്തോൾമാരും ഉള്ളൂർമാരും നമുക്കു നഷ്ടപ്പെടുന്നുവെന്ന് ആരു കണ്ടു? തിരിയിൽനിന്നു കൊളുത്തിയ പന്തംകണക്കെ സാഹിത്യകാരന്മാർ ഒന്നിനൊന്നു വൎദ്ധിച്ചും വികസിച്ചും വരേണ്ടതിനു പകരം, പന്തത്തിൽനിന്നു കൊളുത്തിയ തിരികൾകണക്കെ സാഹിത്യകാരന്മാർ അടിക്കടി ശോഷിച്ചുപോകുന്നതായി ചിലപ്പോഴെല്ലാം നമുക്കു അനുഭവപ്പെടുന്നുണ്ടെങ്കിൽ, അതു്, സൎവ്വപ്രധാനമായി, ഈ പ്രോത്സാഹനത്തിന്റെ അഭാവംകൊണ്ടാണെന്നു ഞാൻ പറയുന്നു.

## ഐക്യകേരളം.

ഒരു രാജ്യത്തിന്റെ ഉയൎച്ച ആ രാജ്യത്തിന്റെ സാഹിത്യത്തിനു സിദ്ധിക്കുന്ന ഉയൎച്ചയെ ആശ്രയിച്ചിരിക്കുന്നു എന്നുള്ളതു സൎവ്വസമ്മതമായ ഒരു പരമാൎത്ഥമാകുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തെ പോഷിപ്പിച്ചതു് ക്ലൈവും വില്ലിങ്ടനുംതന്നെയല്ല, മിൽട്ടനും ഷെക്സ്പീയറുംകൂടിയാണെന്നു മോർളിപ്രഭു ഒരിക്കൽ പറഞ്ഞതിൽ വളരെ അൎത്ഥമുണ്ട്. ഐക്യകേരളത്തിന്റെയും ഐക്യഭാരതത്തിന്റെയും ആദൎശങ്ങൾ മുഴങ്ങിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു്, നാം നമ്മുടെ സാഹിത്യസരണികളെയും വീക്ഷണകോണങ്ങളെയും കൂടുതൽ വിശാലങ്ങളാക്കിത്തീൎക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ സകലജനവിഭാഗങ്ങളെയും ഒന്നുപോലെ ആശ്ലേഷിക്കുന്ന പ്രകൃതി നമ്മുടെ സാഹിത്യത്തിനുണ്ടാകാതെ ഒരു ഐക്യകേരളം സംഘടിപ്പിക്കുവാൻ സാദ്ധ്യമല്ല. മലയാളസാഹിത്യം ഏതെങ്കിലും ചില പ്രത്യേകവൎഗ്ഗക്കാരുടെ വകയാണെന്നുള്ള സങ്കുചിതബുദ്ധിയും അസ്പൃശ്യതാഭാവവും നമ്മെ തീണ്ടരുതു്. മലയാളം നമ്മുടെയെല്ലാം മാതൃഭാഷയാണ്—അമ്മയാണ്. ആ അമ്മയെ സംസേവിക്കുന്നതിൽ അവളുടെ മക്കളെല്ലാവരും യാവച്ഛക്യം യത്നിച്ചിട്ടുണ്ട്; യത്നിക്കുന്നുമുണ്ട്.

ആധുനികമലയാളത്തിന്റെ ജനയിതാവ് കേരളീയരുടെ കലഗുരുവായ എഴുത്തച്ഛനാണെങ്കിൽ, ആ "എഴുത്തച്ഛന്റെ" എഴുത്തിന് അച്ചുകളുണ്ടാക്കിച്ച് റോമിൽനിന്ന് ഒരു മലയാളപുസ്തകം ആദ്യമായി മുദ്രണംചെയ്യിച്ചുകൊണ്ടുവന്നത് വരാപ്പുഴയിൽ ജോലിചെയ്തിരുന്ന ഒരു 'ക്ലെമന്റച്ച'നായിരുന്നു. ഇതുപോലെയുള്ള പല സംഗതികളും എടുത്തുപറയുവാനുണ്ട്. ക്രൈസ്തവസഹോദരന്മാരായ സാഹിത്യകാരന്മാരുടെ വാക്കുകളിൽ രണ്ടു സംഗതികൾകൂടി ഞാൻ ഇവിടെ സൂചിപ്പിച്ചുകൊള്ളുന്നു:—'മലയാളഭാഷയ്ക്ക് ഇപ്പോൾ കാണുന്ന രീതിയിൽ—രൂപത്തിൽ—ആദ്യമായി അക്ഷരങ്ങളെ കൊത്തിച്ചതു കൊച്ചിയിൽവെച്ചു കൊല്ലവർഷം 752-ൽ ജോയവീസ് ഗോൺസാൽവസ് എന്ന വിദ്വാനാകുന്നു.' വേറൊരു എഴുത്തുകാരൻ, "1027-ൽ, അതായതു വലിയകോയിത്തമ്പുരാന് ഏഴുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന കാലത്തു", അഥവാ കേരളപാണിനി ജനിക്കുന്നതിനു പതിനൊന്നു കൊല്ലങ്ങൾക്കുമുമ്പു" റവ: ജോർജ് മാത്തൻ എഴുതി പ്രസിദ്ധപ്പെടുത്തിയ 'മലയാഴ്മയുടെ വ്യാകരണം' എന്ന പുസ്തകത്തെ ഒരനുസ്മരിച്ചുകാണുന്നു. മറ്റൊരു ക്രൈസ്തവസഹോദരൻ, 'നമ്പൂതിരിമാരും നായന്മാരും ഈഴവരും ക്രിസ്ത്യാനികളും എന്നുവേണ്ട, ഈ വർഗ്ഗക്കാരിൽ തന്നെ പല അവാന്തരവിഭാഗങ്ങളും ഏകീഭവിച്ചു നമ്മുടെ സാഹിത്യത്തിനു സമ്പാദ്യമുണ്ടാക്കിക്കൊടുത്തിട്ടുണ്ട്" എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ഞാൻ ഈ സംഗതികൾ ഇവിടെ എടുത്തു പറയുന്നതു്, ഏതെങ്കിലും ഒരു പ്രത്യേക സമുദായക്കാരുടെ സാഹിത്യസേവനത്തെപ്പറ്റി ഒരു അവകാശവാദം നടത്തുവാനല്ല; നേരെമറിച്ച്, ഇവിടെ വന്ന വിദേശികളുൾപ്പെടെ എല്ലാ സമുദായക്കാരും മലയാളഭാഷാഭിവൃദ്ധിക്കുവേണ്ടി ഓരോ തുറകളിൽ പാടുപെട്ടു പരിശ്രമിച്ചിട്ടുണ്ടെന്നു കാണിക്കുവാനും, തദ്വാരാ, സാഹിത്യത്തെ സംബന്ധിച്ചിടത്തോളം ജാതിയും സമുദായവും തിരിഞ്ഞു നിന്നുള്ള അവകാശവാദത്തിന്റെ നിരർത്ഥകത്വം തെളിയിച്ച് ഒരു ഐക്യകേരളത്തിന്റെ അടിസ്ഥാനം ഉറപ്പിക്കുവാനുമാകുന്നു. നമ്മുടെ മാതൃഭാഷയുടെ അഭിവൃദ്ധിക്കായി ശ്രമിച്ചിട്ടുള്ള പൂർവ്വസൂരികളെയെല്ലാം—അവർ വിദേശികളാകട്ടെ, സ്വദേശികളാകട്ടെ, ഏതു സമുദായക്കാരാകട്ടെ, ഏതു സംസ്ഥാനക്കാരാകട്ടെ—നാം കൃതജ്ഞതാപൂർവ്വം അനുസ്മരിക്കേണ്ടിയിരിക്കുന്നു..... നമ്മുടെ പൂർവ്വസൂരികളെപ്പറ്റി പറയുമ്പോൾ ഈ അടുത്ത ദിവസങ്ങളിൽ നമ്മിൽനിന്നു വേർപിരിഞ്ഞുപോയ ചില പ്രസിദ്ധപണ്ഡിതന്മാരെക്കുറിച്ചുള്ള വിചാരം എന്റെ ഹൃദയത്തെ സ്പർശിക്കുന്നു. കൈരളിക്ക് ഏതാനും മാസങ്ങൾക്കകം നേരിട്ട കഠിനമായ ആ നഷ്ടം കണ്ണു

നീർകൊണ്ടല്ലാതെ കറിക്കുവാൻ പ്രയാസം. സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള, കലാനിധി പ്രൊഫസ്സർ കൃഷ്ണൻതമ്പി, കവിതിലകൻ കെ. പി. കറുപ്പൻ, നമ്മെയൊക്കെ ഇന്നാൾവരെ ചിരിപ്പിച്ചുകൊണ്ടിരുന്ന സരസസാഹിത്യകാരൻ ഈ. വി. കൃഷ്ണപിള്ള എന്നിവരുടെ നിര്യാണത്തെ ഞാൻ ചുടുകണ്ണീരിൽ ഇവിടെ രേഖപ്പെടുത്തുകയും, അവരുടെ കുടുംബങ്ങളെ പരസ്യമായി അനുശോചിക്കുവാൻ ഈ അവസരത്തെ വിനിയോഗിക്കുകയും ചെയ്യുന്നു. സമസ്തകേരളസാഹിത്യപരിഷത്തിന്റെ മുൻകഴിഞ്ഞ യോഗങ്ങളിൽ ഈ പണ്ഡിതന്മാർ പല വിധത്തിലും സമലങ്കരിച്ചുപോന്നിരുന്ന ഉന്നതപീഠങ്ങൾ ഇന്ന് ഒഴിവായികിടക്കുന്നല്ലോ എന്നു ഞാൻ വ്യസനിക്കുന്നു............മരണത്താൽ ഇങ്ങനെ നമ്മിൽനിന്ന് ഇന്നോളം പിരിഞ്ഞുപോയിട്ടുള്ള മലയാളസാഹിത്യകാരന്മാരെല്ലാവരുടേയും നാമത്തിൽ; ഞാൻ ഇന്ന് ഈ സമസ്തകേരളസാഹിത്യപരിഷത്തിൽവെച്ചു സർവ്വാത്മനാ ചെയ്യുന്ന ഒരു അഭ്യർത്ഥന ഇതാണ്: ജാതീയമോ സാമുദായികമോ സാംസ്ഥാനികമോ ആയ ഭേദവിചാരങ്ങളൊന്നും കൂടാതേയും, ആധുനികകാലത്തു പ്രചുരപ്രചാരത്തിൽ വന്നുകൊണ്ടിരിക്കുന്ന അധാർമ്മികങ്ങളായ തത്വങ്ങളുടെ പ്രലോഭനങ്ങൾക്കു വശംവദരാകാതേയും, നമ്മുടെ സാഹിത്യകാരന്മാർ കൈയോടുകൈകോർത്തു്, കരളോടുകരൾചേർത്തു്, സംസ്കാരസുന്ദരവും വിചാരസമ്പന്നവും സദാചാരാത്മകവുമായ ഒരു സാഹിത്യം നമ്മുടെ ഭാഷയിൽ സംസ്ഥാപിക്കുകയും, ആ സാഹിത്യത്തിന്റെ പ്രഭാവവിശേഷംകൊണ്ട് അവർ ഒരു ഐക്യകേരളത്തെ സൃഷ്ടിക്കുകയും ചെയ്യട്ടെ. എന്റെ വിനീതമായ ഈ അഭ്യർത്ഥനയുടെ സാഫല്യത്തിനായി ഈ പരിഷത്തും പരിശ്രമിക്കുമെന്നുള്ള പ്രത്യാശയോടും, പരിഷത്തിന്റേയും നമ്മുടെ സകലസാഹിത്യകാരന്മാരുടേയും സദുദ്യമങ്ങളെ ഈശ്വരൻ അനുഗ്രഹിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടുംകൂടി, സമസ്തകേരളസാഹിത്യപരിഷത്തിന്റെ ഷോഡശസമ്മേളനം ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്നതായി ഞാൻ സസന്തോഷം പ്രഖ്യാപനം ചെയ്തുകൊള്ളുന്നു.

# അദ്ധ്യക്ഷപ്രസംഗങ്ങൾ.*

## 1. ഗവേഷണം.

(ഉള്ളൂർ)

സമസ്തകേരളസാഹിത്യപരിഷത്തിന്റെ ഷോഡശവാർഷികസമ്മേളനത്തിൽ ഗവേഷണശാഖായോഗത്തിന്റെ ആദ്ധ്യക്ഷ്യം വഹിക്കണമെന്നു കോട്ടയത്തെ നിർവ്വാഹകസംഘനേതാക്കന്മാർ എന്നോടു ചെയ്ത അപേക്ഷ ഞാൻ ഏററവും സന്തോഷത്തോടുകൂടിയാണ് സ്വീകരിച്ചത്. ഗവേഷണം എനിക്ക് അത്യന്തം പ്രിയമായ ഒരു വ്യവസായമാണെന്നു ഞാൻ നിങ്ങളോടു പറയേണ്ടതില്ലല്ലൊ. ഈ പാഴ്‌വേലയിൽ എന്തിനു സമയം കളയുന്നു എന്നും, ഇതിൽനിന്നു വിരമിച്ചു കുറെക്കൂടി കവിതകൾ എഴുതരുതേ എന്നും എന്നോടു ചില സ്നേഹിതന്മാർ ചോദിക്കാറുണ്ട്. എനിക്ക് അവരോടു പറയുവാനുള്ള മറുപടി ഇത്രമാത്രമാണ്. എന്നെപ്പോലെയോ എന്നെക്കാൾ നല്ലവണ്ണമോ കവനം ചെയ്യുന്നവർ ഇപ്പോൾ ഉണ്ട്; മേൽ ഉണ്ടാകുകയും ചെയ്യും; അതു നശിച്ചുപോകാവുന്ന ഒരു കലയല്ല. എന്നാൽ ഗവേഷണത്തിന്റെ നില അതിൽനിന്ന് എത്രയോ ഭിന്നമാണ്. അമൂല്യങ്ങളും അവശ്യവിജ്ഞേയങ്ങളുമായ അനവധി വിവരങ്ങൾ അടങ്ങിയ പല താളിയോലഗ്രന്ഥങ്ങളും നിമിഷംതോറും എന്നപോലെ തിരോധാനം ചെയ്യുന്നുണ്ട്. ഒരുകാലത്ത് ഈ ഗ്രന്ഥങ്ങളെ സംഭരിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നതിൽ കേരളത്തിൽ ശ്രേഷ്ഠപ്പെട്ട കുടുംബങ്ങളെല്ലാംതന്നെ, ഏറെക്കുറെ വ്യാപൃതങ്ങളായിരുന്നു. ആ കാലം ഇങ്ങിനി തിരിയെ വരാത്തവണ്ണം അസ്തമിച്ചുപോയി. അച്ചടിച്ച പുസ്തകങ്ങൾപോലും വായിച്ച് ആനന്ദിക്കുന്നതിന് അവസരമില്ലാതെ, ഇന്നു യുവാക്കന്മാർക്ക് പഴയ ഓലകളോട് എന്തെന്നില്ലാത്ത ഒരു വെറുപ്പും വൈരാഗ്യവും ജനിച്ചിട്ടുണ്ട്. അതുകൊണ്ട് അവ ചിതലിനും പാററയ്ക്കും തീററയായി കാലയവനികയ്ക്കുള്ളിൽ എന്നെന്നേയ്ക്കുമായി മറഞ്ഞുപോകുന്നു. ഈ സംഭവം അശേഷം അത്ഭുതാവഹമല്ലെങ്കിലും ഏററവും ശോചനീയമാണ്. ഓരോ പുരുഷാന്തരത്തിനും മാതൃഭാഷയോടെനിക്ക് അനുഷ്ഠിക്കേണ്ട ചില കർത്തവ്യങ്ങളും, നിറവേററേണ്ട ചില

---

* പരിഷത്ത്ഷോഡശസമ്മേളനം – കോട്ടയം, 1113.

കടമകളുമുണ്ട്; ഇന്നത്തെ പുരുഷാന്തരത്തിന് ഈ വിഷയത്തിൽ കഴിച്ചുകൂടാത്ത ഒരു ധർമ്മമുണ്ടെങ്കിൽ, അത് ഇത്തരത്തിലുള്ള ഗ്രന്ഥങ്ങളെ തേടിപ്പിടിച്ചു സംഭരിച്ച്, അവ ഉൾക്കൊള്ളുന്ന വിജ്ഞാനഭണ്ഡാരത്തെ സാമാന്യജനങ്ങൾക്ക് ഉപന്യാസദ്വാരാ ഗ്രഹണയോഗ്യമാക്കിത്തീർക്കുകയാണെന്നത്രെ ഞാൻ കരുതുന്നത്. കഴിഞ്ഞ പുരുഷാന്തരത്തിന് ഇങ്ങനെ ഒരാവശ്യമില്ലായിരുന്നു; വരാൻപോകുന്ന പുരുഷാന്തരത്തിനു പുരാതനഗ്രന്ഥങ്ങളുടെ അഭാവത്തിൽ ഈ ഉദ്യമം സാദ്ധ്യവുമല്ല. ഇതുകൊണ്ടെല്ലാമാണ് വിശ്രമത്തിനർഹമാണെന്നു നിങ്ങളിൽ പലരും സമ്മതിക്കുന്ന ഈ വാർദ്ധക്യദശയിൽ ഞാൻ ക്ലേശഭൂയിഷ്ഠമായ ഈ വ്യവസായത്തിൽ നിരന്തരമായി ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്.

'ഗവേഷണം' എന്ന പദത്തിന് 'അന്വേഷണം', 'തിരയൽ' എന്നർത്ഥം. 'ഗവേഷ മാർഗ്ഗണേ' എന്നു ധാതു; 'അന്വേഷിതം ഗവേഷിതമന്വിഷ്ടം മാർഗ്ഗിതം മൃഗിതം' എന്ന് അമരസിംഹൻ. എന്തിനെപ്പററിയുള്ള അന്വേഷണം? തത്ത്വത്തെ—പരമാർത്ഥത്തെ—പ്പററി. കേരളത്തിനു പ്രത്യേകമായി ഒരു ഭാഷ, ഒരു ലിപി, ഒരു സംസ്കാരം, ഒരു ചരിത്രം, ഒരു ശാസ്ത്രസമുച്ചയം, ഒരു സാഹിത്യഭണ്ഡാരം ഇവയെല്ലാം ഉണ്ട്; ഒരു പഴമ, ഒരു പാരമ്പര്യം, ഒരു തറവാടിത്തം ഇവയുമുണ്ട്. ഇവയിൽ ഏതെങ്കിലും ഒന്നിന്റെ ഘടകമായ ഒരു പരമാണുവിനെ ഏതെങ്കിലും പ്രകാരത്തിൽ സ്പർശിക്കുന്നതിനു പ്രയോജകീഭവിക്കുന്ന സത്യാന്വേഷണമെല്ലാം ഗവേഷണത്തിന്റെ പരിധിക്കുള്ളിൽ പെടുന്നതാണ്. സാഹിത്യം സംബന്ധിച്ചുള്ള അന്വേഷണംകൊണ്ടുമാത്രം സാഹിത്യപരിഷത്തിനു തൃപ്തിപ്പെടരുതേ എന്നൊരു ചോദ്യം ഇവിടെ സ്വാഭാവികമായി ഉണ്ടാകാം. പാടില്ലെന്നാണ് എന്റെ പക്ഷം. ഇതരവിഷയങ്ങളിൽ ഗവേഷണം നടത്തുവാൻ വേറെ പരിഷത്തുകൾ നമുക്ക് ഇല്ലല്ലോ. സാഹിത്യഗവേഷണംകൊണ്ട് അന്യവിഷയഗവേഷണങ്ങളും അന്യവിഷയഗവേഷണങ്ങൾകൊണ്ട് സാഹിത്യഗവേഷണവും പരിപുഷ്ടിയെ പ്രാപിക്കുന്നതാണെന്നുള്ള വസ്തുതയും നാം ഇവിടെ സ്മരിക്കേണ്ടതുണ്ട്.

കേരളത്തിന്റെ പൂർവ്വവൃത്തത്തെ മൗലികമായി സ്പർശിക്കുന്ന പല പ്രധാനപ്രശ്നങ്ങളും ഇന്നും വിവാദത്തിനു വിഷയീഭവിക്കുക തന്നെയാണ് ചെയ്യുന്നത്. അവയെപ്പററിയുള്ള അഭ്യൂഹപരമ്പര ഒന്നും ഇനിയും തദ്വിഷയകമായ വാദത്തെ സിദ്ധാന്തപദവിയിൽ എത്തിച്ചിട്ടുണ്ടെന്നു പറയുവാൻ നിർവ്വാഹമില്ല. അത്തരത്തിലുള്ള ചില പ്രശ്നങ്ങളുടെ നാമഗ്രഹണത്തിനു മാത്രമേ എനിക്ക് ഇവിടെ സമയമുള്ളു.

ഇതാ കേൾക്കുവിൻ പത്തുപതിനാലു ചോദ്യങ്ങൾ. (1) മരുമക്കത്തായം കേരളത്തിൽ അനുസ്യൂതമായി ഇത്രകാലം നിലനിന്നുപോരുവാനുള്ള കാരണങ്ങൾ എന്തെല്ലാം? ആ ദായക്രമത്തിന്റെ ഉൽപത്തിതന്നെ എങ്ങനെ? (2) തീയർ കേരളത്തിലെ ആദിമനിവാസികളോ സിംഹളദ്വീപിൽനിന്നുവന്ന് ഇവിടെ കുടിയേറി പാർത്തവരോ? (3) 'നായർ' എന്ന പദത്തിന്റെ ഉൽപത്തി 'നാഗ'ശബ്ദത്തിൽനിന്നോ 'നായക'ശബ്ദത്തിൽനിന്നോ? (4) സെൻറ് തോമസ്സ് കേരളത്തിൽ വന്നിട്ടുണ്ടോ? (5) കാനായിൽ തൊമ്മനു ലഭിച്ചതും മാർജേക്കബ്ബ് ക്രി: പി: 1543-ൽ പണയംവച്ചതുമായ ചെപ്പേട് ഇപ്പോൾ യൂറോപ്പിൽ എവിടെയെങ്കിലുമുണ്ടോ? (6) നമ്പൂതിരിമാർ എതുകാലത്താണ് കേരളത്തിൽ വന്നതു്? (7) ചീനം, അറബി, പോർത്തുഗൽ, ലന്ത ഈ രാജ്യങ്ങളും കേരളവുമായുള്ള സംസ്കാരസമ്പർക്കംനിമിത്തം ഇവ ഓരോന്നിനും ഉണ്ടായിട്ടുള്ള പരിഷ്കാരത്തിന്റെ സ്വഭാവമെന്തു്? (8) പെരുമാക്കന്മാർ വെളിയിൽനിന്നു ക്ലിപ്തകാലത്തേയ്ക്കു രാജ്യഭാരത്തിനായി അപ്പോഴപ്പോൾ കേരളത്തിൽ കൊണ്ടുവരപ്പെട്ടവരോ, പാരമ്പര്യക്രമത്തിന് ഇവിടെ രാജ്യഭാരം ചെയ്തുവന്നവരോ? (9) കേരളത്തിലെ ശില്പകലയ്ക്കു് എത്രമാത്രം വ്യക്തിത്വമുണ്ടു്? (10) കേരളത്തിൽ ബൗദ്ധമതത്തിനും ജൈനമതത്തിനും എത്രകണ്ടു പ്രചാരമുണ്ടായിരുന്നു? (11) കേരളത്തിൽ ഭഗവതിസേവയ്ക്കു് ഇത്രമാത്രം പ്രാധാന്യം വരുവാനുള്ള കാരണമെന്തു്? (12) ശാസ്താവിനും ബുദ്ധനുമായി വല്ല ബന്ധവുമുണ്ടോ? (13) കൊല്ലവർഷത്തിന്റെ പ്രതിഷ്ഠാപനത്തിനുള്ള കാരണങ്ങൾ ഏവ? (14) ആദിശങ്കരാചാര്യരുടെ കാലമേതു്? അദ്ദേഹം എവിടെവെച്ചാണ് സ്വർഗ്ഗാരോഹണം ചെയ്തതു്? ഈ ചോദ്യങ്ങൾക്ക് ഉത്തരം മൂന്നോ നാലോ മണിക്കൂറുകൊണ്ടെഴുതാൻ യാതൊരു പണ്ഡിതനും സാദ്ധ്യമല്ലല്ലോ.

ഒരുകാലത്തു സ്ഥാപിതങ്ങളെന്നു നാം വിശ്വസിച്ചിരുന്ന പല പ്രമേയങ്ങളും ഉപരിഗവേഷണത്തിന്റെ ഫലമായി പില്ക്കാലത്തു സംശയഗ്രസ്തങ്ങളായും കേവലം അബദ്ധങ്ങളായും തീരുമെന്നുള്ളതിനു് ഒന്നുരണ്ടുദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. മഹാകവി അശ്വതിതിരുനാൾ ഇളയതമ്പുരാൻ കൊല്ലം 964-ാമാണ്ട് നാടുനീങ്ങിയതായാണ് ഇന്നുവരെ ദേശചരിത്രകാരന്മാരും സാഹിത്യചരിത്രകാരന്മാരും പ്രസ്താവിച്ചിട്ടുള്ളതു്. എന്നാൽ തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ പഴയ ഓലറിക്കാർഡുകളിൽ അവിടുന്നു "969 മാർകഴിമാസം 26 ാംനു- വായുവിന്റെ ഉപദ്രവമായി നാടുനീങ്ങി" എന്നു രേഖ

പ്പെട്ടതിട്ടുണ്ടു്; അതുവരെ കൊല്ലംതോറും കക്കടകമാസത്തിൽ അശ്വതിനക്ഷത്രത്തിൽ അവിടത്തെ ആട്ടത്തിരുനാൾ ആഘോഷിക്കപ്പെട്ടു കാണുന്നു. 963 മകരം 18-ാംനു- മകയിരംതിരുനാൾ രവിവമ്മതമ്പുരാൻ തീപ്പെട്ടപ്പോഴും നമ്മുടെ മഹാകവി ഇളയതമ്പുരാനാകുകയും, തദനന്തരം ഏകദേശം ആറുവഷത്തോളംകാലം ആ മഹനീയമായ സ്ഥാനം അലങ്കരിക്കുകയും ചെയ്തു. ഇനി മറെറാരു ഉദാഹരണമാകട്ടെ. ഉണ്ണിക്കേരളവമ്മാ എന്നൊരു രാജാവു കൊല്ലം 893 മുതൽ 899 വരെ വേണാടു പാലിച്ചിരുന്നതായി ദേശചരിത്രകാരന്മാർ പറയുന്നുണ്ടു്. എന്നാൽ അദ്ദേഹം ദേശിങ്ങനാട്ടു് (കൊല്ലം) ഭരിച്ചിരുന്ന ഒരു രാജാവായിരുന്നുവെന്നും, ആ കാലത്തു ചിറവാമൂപ്പുകൈക്കൊണ്ടു വേണാടു രക്ഷിച്ചിരുന്നതു് ആദിത്യവമ്മമഹാരാജാവാണെന്നുമുള്ളതിനു തെളിവുണ്ടു്. കൊല്ലം 894 മാശിമാസം 30-ാംനു-യ്ക്കു അദ്ദേഹം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ചില പ്രായശ്ചിത്തങ്ങളും ചെയ്യാമെന്നു് ഏല്ക്കുകയും അതു സാധിക്കാത്തതിനാൽ അദ്ദേഹത്തിന്റെ അനന്തരഗാമിയായി 896 പങ്കുനിമാസം 1-ാംനു- രാജ്യഭാരം ആരംഭിച്ച രാമവമ്മമഹാരാജാവു്—വീരമാത്താണ്ഡവമ്മമഹാരാജാവിന്റെ അമ്മാമൻ—ആ കൊല്ലം ചിത്തിരമാസം 14-ാംനു- ആ പ്രായശ്ചിത്തങ്ങൾ നടത്തുകയും ചെയ്തതായി മതിലകത്തു് ഓലപ്രമാണങ്ങൾ ഉണ്ടു്. ആദിത്യവമ്മാ, ഉണ്ണിക്കേരളവമ്മാ ഈ രണ്ടു രാജാക്കന്മാരും 894-ൽ തിരുവനന്തപുരത്തു സന്ധിച്ചു എന്നും വേറെ ചില ഓലകളിൽനിന്നും അറിവാകുന്നു. രാമവമ്മമഹാരാജാവു രാജ്യഭാരം ആരംഭിച്ചതു് 899-ൽ ആണെന്നു ചരിത്രകാരന്മാർ പ്രസ്താവിക്കുന്നതു തെറെറാണെന്നു് ഇനി വിശേഷിച്ചു പറയേണ്ടതില്ലല്ലോ. വാല്മീകിരാമായണം കിളിപ്പാട്ടു് മുതലായ കാവ്യങ്ങളുടെ പ്രണേതാവായ കോട്ടയത്തു കേരളവമ്മതമ്പുരാൻ 871 ആടിമാസം 22-ാംനു- നാടുനീങ്ങിയെന്നും അദ്ദേഹത്തിന്റെ അപരക്രിയ ചെയ്തതു് ഈ ആദിത്യവമ്മതന്നെയായിരിക്കണമെന്നുംകൂടി ഇവിടെ വക്തവ്യമാണു്.

ഇനി ചരിത്രപരമായ ഗവേഷണത്തിന്റെ മറെറാരു പദ്ധതിയിൽക്കൂടി നിങ്ങളെ സപല്ലവമായത്തെയ്ക്കു നയിക്കാം. തിരുവിതാംകൂറിൽ പെരിത്താലി, മാത്ര എന്നിങ്ങനെ രണ്ടു രാജ്യങ്ങളെയും, ഹൈതെറ എന്നൊരു തുറമുഖത്തെയുംപററി ഡച്ചുഗ്രന്ഥകാരന്മാരിൽ പലരും പ്രസ്താവിച്ചുകാണുന്നുണ്ടു്. നാമസാദൃശ്യംകൊണ്ടു ചില ഗവേഷകന്മാർ പെരിത്താലി പത്തനാപുരംതാലൂക്കിൽപെട്ട പട്ടാഴി എന്ന സ്ഥലമാണെന്നു വിശ്വസിച്ചിരുന്നു. എന്നാൽ ഡച്ചുകാരുടെ വിവരണം ഈ സ്ഥലത്തിനു

തീരെ യോജിക്കുന്നില്ലെന്നും തിരുവനന്തപുരംഡിവിഷനിൽപെട്ട നെട്ടമങ്ങാടായിരിക്കണം പെരിന്താലിഎന്നും എനിക്കു കാണുവാൻ തീരെ പ്രയാസമുണ്ടായിരുന്നില്ല. പക്ഷെ ഒരു വൈഷമ്യമുണ്ട്. നെട്ടമങ്ങാട് എങ്ങനെ പെരിന്താലിയാകും? എന്തിന്റെ തത്ഭവമാണ് ആ പദം? ഇതിനെപ്പററിയുള്ള അന്വേഷണത്തിൽ ഞാൻ വ്യഗ്രനായിരുന്നപ്പോൾ, 'പേരകത്താവഴിപ്പാട്ട്' എന്നൊരു പഴയ വില്ലടിച്ചാൻപാട്ട് എന്റെ മാന്യസുഹൃത്തും ത്രൈമാസികാവായനക്കാർക്ക് സുപരിചിതനുമായ ശ്രീമാൻ ടി. ജി. അച്യുതൻനമ്പൂതിരി എനിക്ക് അയച്ചുതന്നു. ആ പാട്ട് ആരംഭിക്കുന്നതു്,

"അൻപിനൊടു <u>പേരകത്താഴി</u> തന്നിലിമ്പമൊടു-
മഴക <u>നെട്ടമങ്ങാ</u>ട്ടുകോയിക്കൽ"

എന്നാണ്. അതുവായിച്ചപ്പോൾ പേരകത്താവഴി (ലോപിച്ചു പേരകത്താഴി) എന്നു നെട്ടമങ്ങാട്ടു ഭരിച്ചിരുന്ന വേണാട്ടു രാജവംശത്തിനു പണ്ടു പേരുണ്ടായിരുന്നു എന്നും, ആ വംശത്തിന്റെ രാജധാനിയാണ് നെട്ടമങ്ങാടെന്നും എനിക്കു മനസ്സിലായി. പിന്നീടു മതിലകത്തെയും മററും ഓലറിക്കാർട്ടുകൾ പരിശോധിച്ചപ്പോൾ അവയിലെല്ലാം പേരകത്താവഴി എന്നപേർതന്നെ കാണുകയും ചെയ്തു. കേരളസൊസൈററി പേപ്പേഴ്സിൽ തിരുവിതാംകൂർ മഹാരാജവംശാവലിയെപ്പററി പ്രസിദ്ധപ്പെടുത്തിട്ടുള്ള ഉപന്യാസങ്ങളിൽ കാണുന്ന 'പോകത്താവഴി' തമിഴിൽനിന്നു 'പേരകത്താവഴി' മലയാളത്തിലേക്കു പകർത്തിയപ്പോൾ പററിയ ലേഖകപ്രമാദത്തിന്റെ ഫലമാണ്; തമിഴിൽ 'പേര' 'പോ' ഈ ലിപികൾക്കു തമ്മിലുള്ള വ്യത്യാസം അത്രമാത്രം ലഘുവാണല്ലോ. ഈ വിഷയത്തെപ്പററി ഞാൻ കൊച്ചി ശ്രീരാമവർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ജേർണലിൽ ഒരു ഉപന്യാസം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

'ഓടനാട്' മററൂർകളങ്ങരയാണെന്നു വളരെക്കാലം ചരിത്രകാരന്മാർ ഊഹിച്ചിരുന്നു. മററൂർകളങ്ങര ഒരു ഗ്രാമത്തിന്റെ പേരാണ്; രാജ്യത്തിന്റേതല്ല. ആ വിഷയത്തെപ്പററി ഞാൻ ഗവേഷണംചെയ്തുകൊണ്ടിരുന്നപ്പോളാണ് "കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര, ഓണാട്ടുകരയുൾപ്പെട്ട പ്രദേശങ്ങളിൽ ചിറവായ്ക്കുറായുള്ള കായങ്കുളത്തെയും, ഓടത്തിൻകുറായുള്ള തൃപ്പാപ്പൂർ സ്വരൂപത്തെയും അടക്കിയിരുന്ന" എന്നു മതിലകം ഗ്രന്ഥവരിയിൽ കണ്ടതു്. ഓടത്തിൻകൂർ രാജ്യത്തെപ്പററി ഓണാട്ടുകരക്കാരായ പഴമക്കാർ പറഞ്ഞുകേൾവിയുണ്ടായിരുന്നു.

മാടത്തിൻകൂർ സങ്കോചം പ്രാപിച്ചു 'മാത്ത'യായതാണെന്നു കണ്ടുപിടിക്കുവാൻ പിന്നീടു യാതൊരു പ്രയാസവുമുണ്ടായില്ല. ഗാലെററി അദ്ദേഹത്തിൻെറ 'Dutch Records in Malabar' എന്ന പുസ്തകത്തിൽ മാടത്തിൻകൂറിൽ നിന്നാണു് മാത്തയുടെ ഉൽപത്തിയെന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

ആഞ്ചെതാ എന്ന തുറമുഖം പൂന്തുറയോ, വലിയ തുറയോ, പെരുമാതുറയോ എന്നുള്ളതിനെപ്പററിയും ഗവേഷകന്മാക്കു സംശയമുണ്ടായിരുന്നു. ഡച്ചുകാർ നിർദ്ദേശിക്കുന്ന സ്ഥലം വലിയതുറ (തിരുവനന്തപുരത്തിൻെറ തുറമുഖം) ആണെന്നു കാണുവാൻ ബുദ്ധിമുട്ടില്ല. എന്നാൽ വലിയ തുറ എങ്ങനെ ആഞ്ചെതുറയായിത്തീരും? ഇതിനെപ്പററി നിപുണമായി ചിന്തിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഒരിക്കൽ വലിയതുറയിലെ ചില വൃദ്ധന്മാരായ ലത്തീൻ കത്തോലിക്ക ക്രിസ്ത്യാനികളെ കണ്ടുമുട്ടുന്നതിനും, അവരുടെ മുഖത്തുനിന്നു് ആ സ്ഥലത്തിനു 'രായതുറ' (രാജതുറ) എന്നു കേൾക്കുന്നതിനു് ഇടവരികയും ചെയ്തു. രായതുറ റാത്തുറയാകുന്നതും പിന്നീടു റാത്തുറ വർണ്ണവിപര്യയം മൂലം (ആത്തറ) ആഞ്ചെതറയാകുന്നതും അസ്വാഭാവികമല്ലല്ലൊ. വിഴിഞ്ഞവും തദനന്തരം വലിയതുറയും തിരുവിതാംകൂറിൽ ഇംഗ്ലീഷുകാരുടെ ആദ്യത്തെ വ്യാപാരസ്ഥലങ്ങളായിരുന്നു; മൂന്നാമത്തേതാണു് അഞ്ചുതെങ്ങു്. വിഴിഞ്ഞത്തിനു വിദേശീയവണിക്കുകൾ നല്കിയ പേർ ബ്രിങ്ങ്ജോൺ (Bring John) എന്നായിരുന്നു.

സ്ഥലനാമങ്ങൾ നിസ്സാരങ്ങളാണെന്നു് ആരും കരുതിപ്പോകരുതു്. ഓരോ സ്ഥലത്തിൻെറ പേരും ഓരോ ചരിത്രത്തെ പ്രായേണ ഉൾക്കൊള്ളുന്നതായി കാണാം. നാഞ്ചിനാടിൻെറ പൂർവ്വരൂപം നാഞ്ചിൽ നാടെന്നാണു്. നാഞ്ചിൽ എന്നാൽ കലപ്പ. നെൽക്കൃഷിക്കു ധാരാളം നിലങ്ങളുള്ളതിനാൽ കലപ്പ സമൃദ്ധമായി വേണ്ട ഒരു പ്രദേശമായതുകൊണ്ടു് അതിനു് ആ നാമധേയം സിദ്ധിച്ചു. കുട്ടനാടെന്ന വാക്കിൻെറ അർത്ഥം കുളങ്ങളുള്ളതോ (ആഴം) താഴ്ചയുള്ളതോ ആയ നാടെന്നാകുന്നു. പുരയിടം തോറും ചെറിയ കുളങ്ങളുള്ള നാടാണല്ലോ കുട്ടനാടു്; ആ ദേശത്തിനു താഴ്ചയുമുണ്ടു്. ആഴ്വാരന്മാരുടെ പാടലുകളിൽ ചെങ്ങന്നൂരിലെ പുലിയൂർക്ഷേത്രംകൂടി കുട്ടനാട്ടിൽ പെട്ടതായി പ്രസ്താവിച്ചുകാണുന്നതു പില്ക്കാലത്തു് ആ നാട്ടിനുണ്ടായ വിസ്തൃതിയുടെ സൂചകമായിരിക്കണം. തോവാളയ്ക്കു സമീപം 'ശീതപ്പാൽ' എന്നൊരു ഗ്രാമമുണ്ടു്. ശിലാശാസനങ്ങളിൽനിന്നു് ഈ ഗ്രാമത്തിൻെറ പഴയപേർ

ശ്രീപത്മനാഭനല്ലൂർ എന്നായിരുന്നു എന്നു വെളിവാകുന്നു. നോക്കുക, ഉച്ചാരണസൌകര്യത്തിനുവേണ്ടി സ്ഥലനാമങ്ങളെ ജനങ്ങൾ എങ്ങനെ സങ്കോചിപ്പിക്കുന്നു എന്ന്. ശീതപ്പാലിനു ശീതത്തോടോ പാലോടോ ഒരു ബന്ധവുമില്ല. ഇതുപോലെ ഇരണിയൽ 'ഹിരണ്യസിംഹനല്ലൂർ' കുറുകിയതാണ്. ഹിരണ്യസിംഹനല്ലൂർ കാലാന്തരത്തിൽ ഇരണിയനല്ലൂരും, ഇരണിയനല്ലൂർ ഇരണിയലുമായി. കൊല്ലം 964 വൃശ്ചികം 8-ാംനു-യിലെ ഒരു രേഖയിൽ ഇരണിയനല്ലൂർ എന്നുതന്നെ എഴുതിക്കാണുന്നുണ്ട്. തിരുവനന്തപുരത്തിനു സമീപമുള്ള വേളിക്കായൽ, വേളീർക്കായൽ രൂപഭേദപ്പെട്ടതാണ്. വേളീർവംശം ഒരു കാലത്ത്, വേണാട്ടിന്റെ ഏതാനംഭാഗം രക്ഷിച്ചിരുന്നു; അവരുടെ പേർ കായലിന്റെ നാമധേയമായി ഘടിപ്പിക്കപ്പെട്ടതു യുക്തമാണല്ലോ. ചങ്ങനാശേരിയിൽ ഉള്ള പെരുന്ന പെരുനെയ്തലിന്റെ സങ്കുചിതരൂപമാണ്. നെയ്തലെന്ന്, കടലിനോ കായലിനോ സമീപമുള്ള ദേശത്തിനു തമിഴിലും പഴയ മലയാളത്തിലും പേരുണ്ട്. 'പെരു' എന്ന ശബ്ദം വലിപ്പത്തെ കാണിക്കുന്നു.

ഇനി സ്ഥലങ്ങളുടെ പേർമാററത്തെപ്പററി സ്വല്പം ഉപന്യസിക്കാം. തോവാളയ്ക്കു പണ്ട് "അന്തിരപുരമാന സുന്ദരചോളനല്ലൂർ" എന്നൊരു പേരുണ്ടായിരുന്നു. അന്തിരപുരം വളരെ പ്രാചീനമായ ഒരു നാമമാണ്. ദ്രാവിഡസാഹിത്യത്തിൽ ഏഴ്കടൈ വള്ളലുകളെ—അതായതു് ഒരു കാലഘട്ടത്തിന്റെ അവസാനത്തിൽ ജീവിച്ചിരുന്ന ഏഴു ദാനശൗണ്ഡന്മാരായ ഇടപ്രഭുക്കന്മാരെ—പററി പ്രസ്താവിച്ചുകാണുന്നു. അവരിൽ ഒരാളാണ് ആയ്അന്തിരൻ. സുന്ദരചോളൻ മഹാനായ രാജേന്ദ്രചോളന്റെ പുത്രനും, അദ്ദേഹം പിടിച്ചടക്കിയ ദാക്ഷിണാത്യദേശങ്ങൾ പാലിക്കുന്നതിന് ക്രി: പി: 1019 മുതൽ 1040 വരെ നിയുക്തനായ പ്രതിപുരുഷനും ആയിരുന്നു. ഇതുപോലെ അഗസ്തീശ്വരംതാലൂക്കിൽപെട്ട തേരൂർ എന്ന സ്ഥലത്തിനു 'തേരാന അഴകിയ ചോളനല്ലൂർ' എന്നൊരു പേർ മുൻകാലത്തു പ്രചരിച്ചിരുന്നു. അഴകിയ ചോളനും സുന്ദരചോളനും ഒരാൾതന്നെ. കൊല്ലം 518 മിഥുനം 21-ാംനു- വേണാടു പാലിച്ചിരുന്ന ശ്രീവീരഉദയമാർത്താണ്ഡവർമ്മമഹാരാജാവു പഴയ പേരു മാററി ആ സ്ഥലത്തെ തന്റെ നാമധേയവുമായി സംഘടിപ്പിച്ചു. "ഇവ്വൂരുക്കു ഉദയമാർത്താണ്ഡനല്ലൂർ എൻറുപേരും ഇക്കിണറുക്കു ഉദയമാർത്താണ്ഡൻ എൻറു പേരും കല്പിത്തു" എന്ന് ഒരു ശിലാരേഖയിൽ കാണുന്നുണ്ട്. 'കല്പിത്തു'എന്നാൽ കല്പിച്ചു എന്നർത്ഥം. ഇനിയും 'ആളൂരാന വിക്രമചോളപാണ്ഡ്യപുരം' എന്നു തെക്കൻതിരു

വിളവങ്കോട്ടിൽപെട്ട മറെറാരു സ്ഥലത്തെപ്പററി ഒരു വിവരണമുണ്ട്. വിക്രമചോളൻ ക്രി: പി: 1118 മുതൽ 1133 വരെ രാജ്യഭാരംചെയ്തു. അഗസ്തീശ്വരംതാലൂക്കിൽ ചേർന്ന കോട്ടാർ എന്ന സുപ്രസിദ്ധമായ വാണിജ്യകേന്ദ്രത്തിനു 'കോട്ടാറാന മുമ്മുടിച്ചോളനല്ലൂർ' എന്നൊരു പേർ ക്രി: പി: 1070 മുതൽ 1118 വരെ രാജ്യംഭരിച്ച കുലോത്തുംഗചോളചക്രവർത്തി നല്കി. മുമ്മുടിച്ചോളൻ എന്നതു കുലോത്തുംഗചോളന്റെ ഒരു ബിരുദമാണ്. ക്രി: പി: പതിനൊന്നാംശതകംവരെ നെയ്യാററിൻകരതാലൂക്കിൽപെട്ട വിഴിഞ്ഞം, ചേരരാജാക്കന്മാരുടെ അതിപ്രധാനമായ ഒരു നാവികസങ്കേതമായിരുന്നു. ആ സങ്കേതം രാജേന്ദ്രചോളചക്രവർത്തി (ക്രി: പി: 1012—1043 രാജ്യഭാരകാലം) അഴിക്കുകയും ആ സ്ഥലത്തിനു വിഴിഞ്ഞമാന രാജേന്ദ്രചോളപട്ടണം എന്ന പേർ സമ്മാനിക്കുകയും ചെയ്തു. ഈ പേരിൽതന്നെ പത്തുമുപ്പതു കൊല്ലങ്ങൾക്കുമുൻപു വരെ വിഴിഞ്ഞം അറിയപ്പെട്ടിരുന്നു. ഇനിയും ക്രി: പി: 1260 മുതൽ അഗസ്തീശ്വരംതാലൂക്കിൽചേർന്ന വടശ്ശേരി എന്ന സ്ഥലത്തിന്റെ പേർ അക്കാലത്തു വേണാട്ടു നാടുവാണിരുന്ന ആദിത്യവർമ്മമഹാരാജാവു്, വടശ്ശേരിയാന ആദിത്യവർമ്മ ചതുർവ്വേദിമംഗലം എന്നു ഭേദപ്പെടുത്തിയതായി ഒരു ശിലാശാസനത്തിൽനിന്നു വിശദമാകുന്നുണ്ട്. ഇങ്ങനെ സ്ഥലങ്ങളുടെ നാമധേയങ്ങൾ നിപുണമായി പരിശോധിച്ചാൽ അവയിൽനിന്നുതന്നെ ഗവേഷകന്മാർക്കു ധാരാളം പുതിയ ദേശചരിത്രസാമഗ്രികൾ കണ്ടുപിടിക്കുവാൻ സാധിക്കുന്നതാണ്.

ദേശചരിത്രത്തിൽനിന്നു സാഹിത്യചരിത്രത്തിലേയ്ക്കു കടക്കാം. കുഞ്ചൻനമ്പ്യാരെപ്പററിത്തന്നെ ചില പുതിയ വിവരങ്ങൾ ആദ്യമായി പ്രസ്താവിച്ചുകൊള്ളട്ടെ. തിരുവനന്തപുരത്തു വലിയകൊട്ടാരം റിക്കാർഡുകളിൽനിന്ന് കൊല്ലം 933-ാമാണ്ട് തൈമാസം 5-ാംനു- അമ്പലപ്പുഴ കുഞ്ചൻനമ്പ്യാർക്ക് ഒരു "മുകപ്പിൽ ആണിത്തലയ്ക്കൽ ചികപ്പുകൾവച്ച വീരശങ്ങല"കൊടുത്തു എന്നും, ആ "ഉരു ഒന്നിന് പൊന്നിട കഴഞ്ച് ഒൻപതേമുക്കാൽ" എന്നും അറിയുന്നു. ഈ സംഭാവന വീരമാർത്താണ്ഡവർമ്മ മഹാരാജാവിന്റേതായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. അവിടുന്നു നാടുനീങ്ങിയതു് 933 മിഥുനം 27-ാംനു-യാണ്. സമരൈകവ്യവസായനായ ആ തിരുമേനിക്ക് സാഹിത്യവുമായി യാതൊരു ബന്ധവുമില്ലായിരുന്നു എന്നു ഗവേഷകന്മാർ വളരെക്കാലം അനുമാനിച്ചിരുന്നതു് അത്യന്തം അബദ്ധമാണെന്നുള്ളതിന് ഈ സമ്മാനദാനവും ഒരു തെളിവാകുന്നു. "934 പുരട്ടാശി 3-ാംനു-" ആ കവിസാർവ്വഭൗമനു ധർമ്മരാജാവും

ഒരു വീരശൃംഖല പാരിതോഷികമായി നല്കി. "വീരശൃംഖല ഉരുകനക്ക് ഇട കഴഞ്ച് ഏഴേമുക്കാൽ മഞ്ചാടി ഒന്ന്" എന്നാണ് അതിനെപ്പററിയുള്ള വിവരണം കാണുന്നതു്. നമ്പ്യാർ ഓട്ടൻതുള്ളലുകൾ എപ്പോൾ എഴുതി എന്ന് ഇനി നോക്കാം. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ 918-ാമാണ്ട് അല്പശിഉത്സവത്തിന് ശൂരനാട്ടു പൂവാണക്കുറുപ്പിനെയും അമ്പലപ്പുഴതകഴിയിൽ കത്തുനാരായണക്കുറുപ്പിനെയും ചാർത്തിയതായി രേഖയുണ്ട്. 923-ലെ അല്പശിഉത്സവത്തിനു ശൂരനാട്ട്, പന്തളം, അയ്യൂർകാവ്, അമ്പലപ്പുഴ, തകഴി, കൈപ്പട്ടൂർ, തലവൂർ എന്നീ സ്ഥലങ്ങളിൽനിന്ന് ഓട്ടൻതുള്ളൽക്കാർ അരങ്ങിനു വന്നിരുന്നു. തുള്ളൽ മൂന്നുമാതിരിയുണ്ടെങ്കിലും അവയ്ക്കു പൊതുപ്പേർ ഓട്ടൻതുള്ളൽ എന്നു തന്നെയാണ് പഴയ രേഖകളിൽ കാണുന്നതു്. ഇതുവരെ പ്രദേശങ്ങളിൽ ഈ വിദ്യയ്ക്കു പ്രചാരം വരണമെങ്കിൽ 915-ാമാണ്ടോടടുപ്പിച്ചെങ്കിലും നമ്പ്യാർ തുള്ളൽക്കഥകൾ രചിച്ചിരിക്കണം എന്ന് അനുമാനിക്കുവാൻ ന്യായമുണ്ട്. 922-ൽ "കണ്ടൻനമ്പിയാരുടെ കൂട നിന്ന ശിങ്കപ്പുള്ളിവീട്ടിൽ കഞ്ചുമാതിററിക്കു ടി. തുണ്ടൊന്നുക്കു നെല്ല് 72 പറ" പാല്ക്കുളങ്ങര അധികാരത്തിൽനിന്നു ചിലവുവന്നതായി കാണുന്നതിൽനിന്ന് ആ ആണ്ടിനുമുൻപുതന്നെ നമ്മുടെ മഹാകവി മാർത്താണ്ഡവർമ്മമഹാരാജാവിന്റെ ആശ്രിതനായി തിരുവനന്തപുരത്തു താമസം തുടങ്ങിയിരുന്നുവെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. 929-ാമാണ്ടുമാത്രമാണ് അമ്പലപ്പുഴ വേണാട്ടിൽ ലയിച്ചതു്. 954-ാമാണ്ട് ചിങ്ങം 9-ാംനു തിരുവനന്തപുരത്തു നമ്പ്യാർമഠം തളി കാളി ഉടമ പററിയതായി കണക്കിൽ കാണുന്നു. 959-ൽ ദാമോദരൻനമ്പ്യാർ എന്ന പണ്ഡിതൻ രാമവർമ്മമഹാരാജാവിന്റെ എഴുന്നള്ളത്തിൽ അവിടത്തെ അനുയാത്രചെയ്തതായി ഞാൻ പരിഷത്ത്രൈമാസികത്തിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ഉപന്യാസത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരത്തു നമ്പ്യാക്കു രാജസമ്മാനമായി ഒരു മഠം കിട്ടി എന്നു സങ്കല്പിക്കുന്നതിൽ അസാംഗത്യം കാണുന്നില്ല.

ഒരു ഗ്രന്ഥം അച്ചടിച്ചു കഴിഞ്ഞുവല്ലോ എന്നു വിചാരിച്ച് അതിന്റെ താളിയോലപ്രതികൾ നിഷ്പ്രയോജനങ്ങളാണെന്നു കരുതരുതു്. ഉദാഹരണമായി രാമചരിതത്തിൽനിന്നുതന്നെ ഒരു ഭാഗം ഉദ്ധരിക്കാം. രാമചരിതത്തിലെ ഭാഷ പഴയ മലയാളമല്ലെന്നും അതു് ഒരു വക നാടോടിത്തമിഴാണെന്നും പറയുന്ന പണ്ഡിതന്മാർ പഴയ മലയാളത്തിനും തമിഴിനും തമ്മിലുള്ള വ്യത്യാസം സൂക്ഷ്മമായി ധരിച്ചിട്ടില്ലാത്തവരാണെന്നു സങ്കല്പിക്കേണ്ടിയിരിക്കുന്നു.

"ഇവിടെയിക്കാലം നിങ്ങളെപ്പററി നിൻറു വൻറു-
തവിടവുമെനക്കച്ചൊല്ലീടാതുടെ തനയരെൻറും
അവനിനായകന മൈന്തനാകിന തേവതേവ-
നവളിളു വിചാരിക്കക്കേട്ടനന്തരം ചിരിളുരെത്താൻ."

ഇതു രാമചരിതം നൂററിരുപത്തൊൻപതാംപടലത്തിലുള്ള ഒരു പാട്ടാണ്. ഇതിൽ ഇവിടെ, അവനിനായകന്, വൻറുതു് ഈ വാക്കുകൾ തമിഴല്ല; പഴയ മലയാളമാണ്. കണിയാർകളംപോർ മുതലായ വില്ലടിച്ചാൻപാട്ടുകളിൽ ഇത്തരത്തിലുള്ള പ്രയോഗങ്ങൾ കാണുകയില്ല. വൻറുതു് എന്ന രൂപം പ്രത്യേകിച്ചും പരിശോധിക്കേണ്ടതാണ്. തമിഴിൽ 'വന്തു' എന്നേ വരൂ. 'വന്തു' മലയാളത്തിൽ 'വന്നു'വായി മാറിയതിനുമേൽ കവികൾ പാട്ടുകളിൽ ദ്രാവിഡച്ഛായ കലർത്തുവാൻ വേണ്ടി സൃഷ്ടിച്ച രൂപാന്തരമാണ് വൻറു എന്നുള്ളതു്. തമിഴിലെ 'എൻറു' മലയാളത്തിൽ എന്നു എന്നാകും. പഴയ പാട്ടുകളിൽ എൻറു തന്നെ പ്രയോഗിച്ചിട്ടുള്ളതായും കാണും. എന്നാൽ ആ വഴിപിടിച്ച് 'വന്തു' വൻറു ആക്കുന്നതു് ഒരു വലിയ സാഹസമാണ്. ഇത്തരത്തിലുള്ള സ്വാതന്ത്ര്യങ്ങൾ രാമചരിതം, ഉണ്ണുനീലിസന്ദേശം, നിരണംകൃതികൾ ഇവയിൽ സുലഭങ്ങളാണ്. അക്കാര്യം പോകട്ടെ. തിരുവിതാംകൂർ ക്യൂറേറർ ആപ്പീസിൽനിന്നു പ്രകാശനംചെയ്ത രാമചരിതത്തിൽ നൂററിമുപ്പത്തൊന്നാംപാട്ടിൽ "വൃത്തലക്ഷണപ്പിഴകളും അർത്ഥച്ചേർച്ചയില്ലായ്മയും" കണ്ടിട്ടുകൊണ്ടു പ്രകടനാധികൃതന്മാർ അതിനെ "താഴെ കാണുന്നപ്രകാരത്തിൽ തിരുത്തിയാൽ ശരിയാകുമെന്നു തോന്നുന്നു" എന്നുള്ള മുഖവുരയോടുകൂടി ഇങ്ങനെ ഭേദപ്പെടുത്തി:—

"അണയ്ന്തവളമ്മനനൊടിവണ്ണമറിയിത്താൾ
അണങ്കുവനന്തകനിരാവണനുടെ പിൻ
പിറന്ന തയ്യൽ മൂപ്പ്ണക തൊനെമ്പയും നിങ്ങൾ
പിണക്കമെയ്യു നമ്മിലതുതെന്നുമറിയേണ്ടും.
പിണങ്കുമവളിനകകുണതചപരിയ-
പ്പിയ്ച്ചെഴുന്ന പിണങ്കളതിരം പെരിയ വായെ-
പ്പിളന്ന മേന്മേൽ പിഴയ്ക്കുമെന്നും വാതെഴകിൽ വാണാൾ-
കിതം കറയുമത്തുചെയ്യുമെന്നുമിരുവീക്കും."

ഈ പാഠം ഗ്രന്ഥത്തിൽ കണ്ട പാഠത്തെപ്പോലെതന്നെ സ്ഖലിതഭൂയിഷ്ഠമാണ്. ഇതിൽ എതുകയില്ല; മോനയില്ല; "വൃത്തലക്ഷണപ്പി

ഴയും അത്ഥച്ഛേദമില്ലായ്മയും" ധാരാളമായുണ്ടുതാനും. എന്റെ കൈവശമുള്ള ആദർശഗ്രന്ഥത്തിന്റെ അവലംബത്തോടുകൂടി ഈ പാട്ടിന്റെ ശരിയായ പാഠമെന്തെന്നു നിങ്ങളെയെല്ലാം കേൾപ്പിക്കാം:—

"അരികെയണഞ്ഞവളമ്മന്നനൊടിവണ്ണമുരചെയ്താ-
ളനങ്കകണതച്ചരിയ പിളച്ചുഴന്നനേകം
പിണങ്കളുതിരും പെരിയ വാ തുറന്തു ചാല-
'പ്പിഴയ്യു മന്നവാ! നിനവിതൊന്നറിയവേണ്ടും;
പിണങ്കമവരന്തകനിരാവണനവൻപിൻ
പിറന്നതുയ്യൽ ശൂപ്പണക താനെന്നൊടു നിങ്ങൾ-
ക്കിണങ്കമതു നന്നില; യല്ലാതൊഴികിൽ വാണാൾ-
ക്കിതംകറയു,മെന്നുരചെയ്തുമെൻറുരിയവീരം."

അവൾ (അണഞ്ഞു) സമീപിച്ച് (മന്നനോട്) ശ്രീരാമനോടു പറഞ്ഞു. (അനങ്കകണ=അനംഗന്റെ കണ. തച്ച്) കാമബാണത്തിന്റെ പ്രഹരമേറ്റ് അസാധാരണമായ കാമമോഹം (ഏഴ്ന്ന്) പൊങ്ങി, പല ശവങ്ങൾ ഉതിരുന്ന വലിയ വായപൊളിച്ചാണ് അവൾ നിലകൊണ്ടത്. പറഞ്ഞു ആ രാക്ഷസി. 'പിഴചെയ്യുന്ന രാജാവേ! അങ്ങ് ഈ സന്ദേശം ഒന്നറിയേണ്ടതുണ്ട്. പിണങ്ങുന്നവർക്ക് അന്തകനായ രാവണന്റെ കനിഷ്ഠസഹോദരിയായ ശൂർപ്പണഖയാണ് ഞാൻ; എന്നോട് ഇണങ്ങുന്നതാണ് നിങ്ങൾക്ക നല്ല നില; അല്ലാതെ ഒഴിയുകയാണെങ്കിൽ നിങ്ങളുടെ (വാണാൾ) ആയുസ്സിനു ഹിതം കറയും. (നിങ്ങൾ ക്ഷണത്തിൽ മരിക്കുമെന്നർത്ഥം.) എല്ലാകാര്യംചെയ്തിട്ടും നിങ്ങൾ ദീർഘായുസ്സുകളായിരിക്കുവിൻ." ഇതാണ് മേലുദ്ധരിച്ച പാട്ടിന്റെ അർത്ഥം. ഈ പാഠം ഞാൻ കണ്ടുപിടിച്ചതു് ആദർശഗ്രന്ഥത്തിന്റെ അനുഗ്രഹംകൊണ്ടല്ലേ?

ഈ വസ്തുത ഉണ്ണുനീലിസന്ദേശത്തിൽനിന്നുകൂടി ഒന്നുരണ്ടുദാഹരണങ്ങൾ ഉദ്ധരിച്ചു വിശദീകരിക്കാം.

"അല്പ്പാം നീ ചെന്നനുപമഗുണാമല്പസംബാധമധ്യാം
ഉല്പ്പാപ്പൂർവാണ്ണുവനിതമനോ! തീവ്രശോകാഭിരാമാം
കോപ്പാന്നിട്ടും കചഭരനതാം ചേൽപൊതങ്ങുന്നിനയക്ക-
ണ്ണപ്പൂമാതോടെഴുകിലറിയിപ്പിപ്പതിവ്വണ്ണമെല്ലാം"

എന്ന് ഉണ്ണുനീലിസന്ദേശത്തിൽ ഒരു ശ്ലോകമുണ്ട്. ഇതിൽ 'കോപ്പാന്നിട്ടും' എന്ന പദം തെറ്റാണെന്നു കണ്ടുപിടിക്കുവാൻ വലിയ പ്രയാസമൊന്നുമില്ല. കാട്ടുന്നതിനു പറ്റുന്നതേ പ്രാസമാകൂ എന്നും പാട്ടെന്നാല് ആക

കയില്ലെന്നും ലീലാതിലകത്തിൽത്തന്നെ വിധിയുണ്ടു്. അപ്പോൾ ഒന്നാം പാദത്തിലെ 'അമ്പോളി'ന്റെ മൂന്നാംപദത്തിൽ കൊപ്പാന്റിട്ടം എന്നായിരിക്കയില്ല, പ്രാഗല്ഭിയുള്ള ഒരു മഹാകവിയുടെ പ്രയോഗം എന്നു നമുക്കു് ഊഹിക്കാം. എന്റെ കൈവശമുള്ള ഗ്രന്ഥത്തിൽ താഴെകാണുന്ന പാഠമാണു് പ്രസ്തുത ശ്ലോകത്തിന്റെ ഉത്തരാർദ്ധം.

"ചെപ്പാന്റിട്ടം കലശനതാം ചേൽപൊരുതുങ്ങിയക്ക-
ണ്ടപ്പൂമാതോടഴകിലതുലിച്ചെപ്പു്തിവ്വണ്ണമെല്ലാം."

തുന്നി എന്നാൽ ഒത്ത എന്നർത്ഥം; ചെപ്പുപോലെയുള്ള എന്നു കവിവിവക്ഷ. "ചെപ്പു്തിവ്വണ്ണമെല്ലാം" എന്ന പാഠത്തിനു് അന്ത്യപ്രാസഭംഗിയുമുണ്ടു്.

ഈ ശ്ലോകത്തിൽ കാണുന്ന പാഠഭേദങ്ങൾ നിസ്സാരങ്ങളാണു്. മറെറാരു ശ്ലോകം മുദ്രിതപുസ്തകത്തിൽനിന്നു് ഉദ്ധരിക്കാം.

"മാററവും നല്ലൂനകകലശം വെന്റ പോർകൊങ്കതാങ്ങി-
ക്കാററാടാട്ടം നളിനമിഴിയാൾ പോന്നു നിന്മുമ്പിൽവന്നു്
കോൽത്തേനാലും മൊഴി ചെറുകരയെന്നാക്കൂട്ടത്തിനിന്നെ-
പ്പോററീ! വൈകിച്ചതുലകിലെനിക്കൊട്ടു വല്ലായ്മ ചാല."

ഇതിന്റെ ഉത്തരാർദ്ധത്തിന്റെ സുബദ്ധമായ പാഠം താഴെക്കാണുന്നതാണു്.

"കോററൻവെല്ലുംമൊഴി ചെറുകരച്ചേന്നി കുട്ടത്തി നിന്നെ
പ്പോററീ വൈകിച്ചതുലകിലെനിക്കൊട്ടു വല്ലായ്മയുണ്ടു്."

ഈ പാഠം ഞാൻ എന്റെ ശിവവിലാസം എന്ന ഉപന്യാസത്തിൽ പ്രസംഗവശാൽ എടുത്തുകാണിച്ചിട്ടുണ്ടു്, ഈ കുട്ടത്തിയാണു് ശിവവിലാസത്തിൽ പ്രസ്തുതനായ കായംകുളം കേരളവർമ്മരാജാവിന്റെ പത്നി. കുട്ടത്തി സംസ്കൃതീകരിച്ചപ്പോൾ ഇഷ്ടസ്ത്രീയായി. "കലിയുഗഗത ഇഷ്ടസ്ത്രീതി നാമ്നാ പ്രസിദ്ധാ" എന്നു ദാമോദരച്ചാക്യാർ മെല്പടി കാവ്യത്തിൽ ആ സ്ത്രീരത്നത്തെ വർണ്ണിക്കുന്നു. അവരുടെ പുത്രിയാണു് ചെറുകര ഉണ്ണിയാടി. തിരുവനന്തപുരത്തു രാജകീയമഹാപാഠശാലയിൽ സംസ്കൃതാദ്ധ്യാപകനായ വിദ്യാഭൂഷണൻ വെങ്കടരാമശർമ്മ കുറെക്കൊല്ലങ്ങൾക്കുമുൻപു വാലും തലയുമില്ലാത്ത ഏഴു താളിയോലകൾ ഒരു ഗ്രന്ഥപ്പുരയിൽനിന്നു കണ്ടെടുത്തു. ആ ഓലകളാണു് ഞാൻ നിങ്ങളെ ഈ സദസ്സിൽ ഇതാ കാണിക്കുന്നതു്. ഏഴേ ഏഴു് ഓലകൾമാത്രം. എന്റെ പ്രിയസുഹൃ

ളും പണ്ഡിതവരേണ്യനുമായ ശ്രീമാൻ ഈ. വി. രാമൻനമ്പൂതിരി ഈ ശ്ലോകം പരിശോധിച്ച് ഒരു പ്രൌഢഗംഭീരമായ ഉപന്യാസം 1112 ചിങ്ങം 30-ാംനു-യിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ട്. ശിവവിലാസത്തെപ്പററി ഉപന്യാസമെഴുതിയകാലത്തു് എനിക്കുണ്ടായിരുന്ന ചില സംശയങ്ങളെ പാടേ പരിഹരിക്കുന്നതിനു് ഈ ശ്ലോകം തികച്ചും പര്യാപ്തങ്ങളായിട്ടുണ്ടു്. ഇവയിൽ അടങ്ങിട്ടുള്ളതു്, ശിവവിലാസത്തിന്റെ നിർമ്മാതാവായ ദാമോദരച്ചാക്കിയാർതന്നെ ക്രി: പി: പതിനാലാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ രചിച്ചിട്ടുള്ള മനോഹരമായ ഒരു ഭാഷാചമ്പുവിന്റെ ഒരു ഭാഗമാണു്. ശിവവിലാസത്തിലെ നായികയായ ഉണ്ണിയാടിയെ ഇതിലും,

"ചെറുകലശവിലാസം ചേന്ന മാലസ്തനാഢ്യം
നിറുകയിൽ വനിതാനാം ന്യസ്തപാദാരവിന്ദം
ചെറുകരനിലയം ചേന്നിട്ടുമെന്നുണ്ണിയാടീ
* * * *
ഇളമുലയിണ ചീർത്തിട്ടാകലാദ്ദോലമധ്യം
തളിരൊളിപെറുമംഗം താവകം വെൽവതാക

വികാസിപത്മപ്രതിമാനനേ ത്വേ!
ന കേവലം നിൻവദനേന്ദുരേവ
വിലാസമീട്ടും പുകഴുണ്ണിയാടീ!
കലാസമഗ്രാ നിയമേന നീയും."

എന്നീപദ്യങ്ങളിൽ കവി സ്മരിച്ചിട്ടുണ്ടു്

താരാപതികലം ചേന്ന ചാരുകോടീരഭാസുരം
താരാലതിതരാം ചാർത്തി വാരാളും കബരീഭരം;

കാമൻതൻമേനി നീററിന്റെ തീ മിന്നും നിടിലേക്ഷണം
മരാളമേഷമിയററിന്റെ ചാരുഫാലവിശേഷകം

കരാൽനിറമിയന്നേറെ നിരാകുലവിലോചനം.
തെളിഞ്ഞുപാലനീളം ചേന്നിതണ നയനാംബുജം."

ഇത്യാദി മനോഹരങ്ങളായ അനേകം പദ്യങ്ങൾ ഈ കൃതിയിലുള്ളവയാണു്. ഈ ചമ്പുവിന്റെ ബാക്കി ഏടുകൾക്കൂടി കിട്ടുവാൻ ചെയ്യുന്ന പരിശ്രമം പാഴ്"വേലയാണെന്നു്' ഏതു സഹൃദയൻ—ഏതു ഭാഷാഭിമാനി—ഏതു രാഷ്ട്രഹൃദയമുള്ള കേരളീയൻ—ശഠിക്കും? ഇത്തരത്തിൽ അന്വേഷ

മുദ്രിതത്തിലുള്ള പുളകോൽപാദകങ്ങളായ പഴയ ഭാഷാശ്ലോകങ്ങൾ ഞാൻ വേറെയും കണ്ടിട്ടുണ്ട്. താഴെക്കാണുന്ന പദ്യങ്ങൾ ഒരു വാസവദത്താവർണ്ണനത്തിൽ ഉൾപ്പെട്ടവയാണ്.

"നീർകൊണ്ട നീലജീമൂതം വെല്ലും കുന്തളമാലയും,
ഏററ തിങ്കളുടെ കീററു തോററിയങ്ങിന നെററിയും,
മുരിക്കിൻമലർ തൻകാന്തി മരിക്കുന്നാധരോഷ്ഠവും,
പവ്വചന്ദ്രനെ പോരുന്ന ഗർവ്വൊഴിച്ച മുഖാംബുജം
ഇണ്ടമാലകണക്കെപ്പായ് നീണ്ടുരുണ്ട ഭുജദ്വയം"

ഇത്യാദി.

"ഘോരത തടവിന സൂകരപംക്തിക-
ളൂററാങ്കാലും തേററയിടാക്കി
കുത്തിയകുത്തു തകുത്തുപൊടിച്ചു."

എന്നൊരു ഭാഗം പ്രകാശിതമായ ഭാഷാനൈഷധചമ്പുവിലുണ്ട്. ഊററക്കോലിടുക എന്നതിനു ഭയംവരുത്തുക എന്നർത്ഥമുണ്ടെന്നും, അതുകൊണ്ട് ഊററാംകോലും എന്നാൽ ഭീതിസമുള്ള എന്നായിരിക്കും കവിയുടെ ആശയമെന്നും, പ്രാഞ്ജലിവ്യാഖ്യാനത്തിൽ ശ്രീമാൻ പാട്ടത്തിൽ പത്മനാഭമേനോൻ ഊഹിച്ചതു് ആദർശഗ്രന്ഥങ്ങളുടെ അലബ്ധിനിമിത്തം മാത്രമാണ്. പിന്നീട് ഞാൻ കണ്ടെത്തിയ താളിയോലഗ്രന്ഥത്തിൽ 'ഊററക്കോലും' എന്ന പാഠമാണ് കാണുന്നതു് എന്നു ഞാൻ പരിഷത്ത്മാസികത്തിൽ പ്രസിദ്ധീകരിച്ച ഒരു ഉപന്യാസത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. മേലപോലെയുള്ള അർത്ഥഗ്രഹണവിഘ്നം എത്ര ക്ഷണത്തിൽ അന്തർദ്ധാനംചെയ്യു!

അബദ്ധങ്ങളായ പാഠങ്ങൾ സുബദ്ധങ്ങളാക്കേണ്ടതിനെസംബന്ധിച്ച മറെറാരു ദൃഷ്ടാന്തംകൂടി എടുത്തു കാണിക്കാം. കൃഷ്ണഗാഥയിൽ ഗോവർദ്ധനയാഗഘട്ടത്തിൽ,

"ഗോവർദ്ധനത്തോടു യാചിച്ചു നില്പിതി-
ങ്ങാപത്തെപ്പോക്കുവാൻ നിങ്ങളെല്ലാം.
വാനവർനായകൻ തന്നുടെ പൂജയെ
മാനിച്ചുകൊണ്ടതിവൻതാനല്ലോ.
ഇങ്ങനെപ്പോക്കീട്ടു പാലിച്ചുകൊള്ളും താൻ;
കണ്ടതെത്തയാണവൻ പിന്നെത്തിന്നാം."

എന്നാണു ശ്രീമാൻ കെ. ഗോവിന്ദപ്പണിക്കർ പ്രസാധനംചെയ്ത പുസ്തകത്തിൽ കാണുന്നതു്. ഇവിടെ കണ്ടമെന്നല്ല ശുദ്ധമായ പാഠം. ഡോക്ടർ ഗുണ്ടർട്ട് "കണ്ടത്തെയാണവൻ പിണ്ഡത്തിനു" എന്ന് ഒരു വരി തന്റെ നിഘണ്ടുവിൽ ഉദ്ധരിക്കുകയും കണ്ടം=പ്രേതത്തെ മൂടുന്ന തുണിയിൽനിന്ന് അവകാശി കണ്ടിച്ചെടുക്കുന്ന തുണിക്കഷണം എന്ന് അർത്ഥം പറകയുംചെയ്തു. കണ്ടവും പിണ്ഡവും ഒന്നായാണ് കവിപ്രയുക്തങ്ങളായ പദങ്ങൾ. കണ്ടമെന്നാൽ നിലം; വസ്തുവകകൾ. വസ്തുവകകൾക്ക് അവകാശിയായിത്തീരുന്നവൻ പിണ്ഡപ്രദാനം മുതലായ അപരക്രിയകൾ ചെയ്യുന്നതിനു കടപ്പെട്ടവനെന്നാണ് ഈ പഴമൊഴിയുടെ അർത്ഥം. പ്രകൃതത്തിൽ ഗോവർദ്ധനത്തെ നാം യാഗംകൊണ്ട് ആരാധിച്ചു; ദേവന്മാർക്ക് നല്കിവന്ന ഉപഹാരങ്ങൾ ഈ പർവ്വതത്തിനു നല്കി. അവരിൽനിന്ന്, തന്നിമിത്തം വരുന്ന ഉപപ്ലവങ്ങളിൽനിന്നു നമ്മെ രക്ഷിക്കേണ്ടതു് ഇവന്റെ ധർമ്മമാണ് എന്നു താൽപര്യം. "കണ്ടത്തെയാണവൻ" എന്ന പാഠത്തിനു് ഒരർത്ഥവുമില്ലല്ലോ. ഇങ്ങനെ പഴയഗ്രന്ഥങ്ങൾ സംശോധിക്കാമെങ്കിൽ എത്രയെത്ര സന്ദേഹങ്ങൾക്കു നമുക്കു നിവൃത്തിനേടാം? മുദ്രിതപുസ്തകങ്ങൾ പതിപ്പിക്കുന്ന അജ്ഞാനഗർത്തങ്ങളിൽനിന്നു നമ്മെ കരയേറുവാൻ അവയില്ലാതെ കഴിവുണ്ടോ?

ഓരോ കവിക്കും പൂർവ്വകവികളോടുള്ള കടപ്പാട് എത്രമാത്രമുണ്ടെന്നു ശോധനചെയ്യുന്നതു് ഒരു രസകരമായ സാഹിത്യവ്യവസായമാണ്; അതിനെയും ഗവേഷണത്തിന്റെ ഒരു മുഖമായി കരുതുന്നതു് അനുചിതമല്ല.

"വിദ്യുൽപതിയോടു നിശിചരാലയം വെന്തോരു
വൃത്താന്തമെല്ലാമറിയിച്ചുകൊള്ളുവാൻ
അഹമഹമികാധിയാ പാവകജ്വാലക-
ളംബരത്തോളമുയർന്നു ചെന്നു മുദാ."

എന്നൊരു വർണ്ണനം എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം സുന്ദരകാണ്ഡത്തിലുണ്ട്. 'നടന്ന രാജാക്കന്മാരരങ്ങളെപ്പോലെ' എന്ന ബാലകാണ്ഡത്തിലെ വർണ്ണനത്തിന് ആ മഹാകവിമൂർദ്ധന്യൻ നിരണത്തു രാമപ്പണിക്കരോടു കടപ്പെട്ടിരുന്നതുപോലെ പ്രസ്തുതവർണ്ണനത്തിന് ആരോടെങ്കിലും കടപ്പെട്ടിട്ടുണ്ടോ? ഇല്ലെന്നു തീർത്തുപറയുവാൻ പാടില്ലാത്ത വിധത്തിലാണ് കൃഷ്ണഗാഥയിലെ,

"ദീനങ്ങളായുള്ള ധൂമങ്ങളന്നേരം
വ്യോമത്തിലെങ്ങുമേ പൊങ്ങിനിന്നു
നാകത്തിൽച്ചെന്നങ്ങു വാസവൻതന്നോടു
വേഗത്തിൽച്ചൊല്ലുവാനെന്നപോലെ"

എന്ന വരികൾ പ്രകാശിക്കുന്നതു്. എന്നാൽ ഒരു പ്രകടമായ വ്യത്യാസം കാണുന്നതു് എഴുത്തച്ഛന്റെ മേന്മയ്ക്കു കാരണമാണെന്നും പറയേണ്ടിയിരിക്കുന്നു. ഖാണ്ഡവദാഹത്തിൽ അഗ്നിക്കു തക്ഷകരക്ഷകനായ ദേവേന്ദ്രൻ ശത്രുവാണു്; അദ്ദേഹത്തിനോടു ദാഹകഥ അഗ്നിപൊന്തിച്ച ധൂമങ്ങൾ ചെന്നു പറയുക എന്നുള്ളതു സ്വാഭാവികമാണോ? താൻ തന്നെ ശത്രുവിനു തന്റെ ലാഭത്തെപ്പററി അറിവുകൊടുക്കുക എന്നതു സംഭാവ്യമാണോ? അല്ലല്ലൊ. എന്നാൽ, ഹനുമാന്റെ വാലിൽനിന്നു പൊങ്ങിയ അഗ്നിജ്വാലകൾ, രാവണത്രസ്തനായ ദേവേന്ദ്രനോടു ലങ്കാദഹനത്തെപ്പററി അറിയിക്കുവാൻ വെമ്പുന്നതു് അത്യന്തം സമുചിതമാകുന്നു. പ്രായേണ പാദപൂരകമായ 'മുദാ' എന്ന പദം എത്ര അൎത്ഥവത്തായാണു് എഴുത്തച്ഛൻ പ്രയോഗിച്ചിരിക്കുന്നതെന്നു പരിശോധിക്കുക എത്ര ക്ഷോദക്ഷമമാണു് എഴുത്തച്ഛന്റെ വൎണ്ണനം! അദ്ധ്യാത്മരാമായണം! മൂലത്തിൽ ഈ അലങ്കാരപ്രയോഗമോ അനലശിഖകളുടെയും അനിലസുതഹൃദയത്തിന്റെയും വിഷ്ണുപദഗമനമോ, ശ്രുതിപരിപൂൎണ്ണമായ ലങ്കാദഹനാനന്തരവും ശ്രുതിപരിപൂൎണ്ണമായിത്തീൎന്ന അവസ്ഥയോ ഒന്നുമില്ല.

"ഉൽപ്ലുത്യോൽപ്ലുത്യ സന്ദീപ്തപുച്ഛേന മഹതാ കപിഃ
ദദാഹ ലങ്കാമഖിലാം സാട്ടപ്രാസാദതോരണാം.
ഹാ നാഥ താത പുത്രേതി ക്രന്ദമാനാസ്സമന്തതഃ
വ്യാപ്താഃ പ്രാസാദശിഖരേഷ്വാരൂഢാ ദൈത്യയോഷിതഃ
ദേവതാ ഇവ ദൃശ്യന്തേ പതന്ത്യഃ പാവകേ/ഖിലാഃ"

എന്നുമാത്രമേ ആ ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നുള്ളു. 'ദേവതാ ഇവ ദൃശ്യന്തേ' എന്ന ഉപമയ്ക്കു് അദ്ദേഹം,

"കാശ്ചിദഗ്നിപരീതേഭ്യോ ഹൎമ്മ്യേഭ്യോ മുക്തമൂൎദ്ധജാഃ
പതന്ത്യോ രേജിരേ/ഭ്രേഭ്യസ്സൌദാമിന്യ ഇവാംബരാൽ"

എന്നു വൎണ്ണിക്കുന്ന വാല്മീകിമഹൎഷിയോടു കടപ്പെട്ടിട്ടുണ്ടു്. മുക്തമൂൎദ്ധജകളായ രാക്ഷസസ്ത്രീകളെ അഭ്രങ്ങളിൽനിന്നു പതിക്കുന്ന വിദ്യുല്ലതകളോടു പമിക്കുന്ന ആദികവിശേഖരൻ എവിടെ? ഹൎമ്മ്യശിഖരങ്ങളിൽനിന്നു രാക്ഷ

സസ്ത്രീകൾ ദേവതകളെപ്പോലെ പതിക്കുന്നു എന്നുമാത്രം പറഞ്ഞു്, പാപകനിലുള്ള പതനത്തിനു യാതൊരു ഉപപത്തിയും കല്പിക്കാതെ ചരിതാൎത്ഥനായി മുന്നോട്ടു പോകുന്ന അദ്ധ്യാത്മരാമായണകാരനെവിടെ? ഒന്നു പൂൎണ്ണചന്ദ്രൻ; ഒന്നു മിന്നാമിനുങ്ങു്.

ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിൽ,

"വരുന്ന ഗോപാലനിതംബിനീനാം
കരം പകൎന്നാശു വിളങ്ങി കൃഷ്ണൻ,
വിരിഞ്ഞ പുഷ്പങ്ങളിലങ്ങുമിങ്ങും
വിരഞ്ഞു മണ്ടുന്നൊരു വണ്ടുപോലെ"

എന്നൊരു ശ്ലോകമുള്ളതു നിങ്ങളിൽ പലരും കേട്ടിരിക്കുമല്ലോ. ഇതു മേല്പുത്തൂർ ഭട്ടപാദരുടെ നാരായണീയത്തിലെ,

"ഭവദംഗസ്പൎശനകൗതുകേന
കരാൽ കരം ഗോപവധൂജനേന
നീതസ്ത്വമാതാമ്രസരോജമാലാ-
വ്യാലംബിലോലംബതുലാമലാസീഃ"

എന്ന ശ്ലോകത്തിന്റെ ക്ഷീണമായ ഒരനുകരണംമാത്രമാണു്. സുന്ദരികളായ ഗോപസ്ത്രീകളുടെ കരതലങ്ങളെ വിരിഞ്ഞ പുഷ്പങ്ങൾ എന്നു് ഉല്ലേഖനം ചെയ്താൽ മതിയോ? ആസമന്താൽ ശോണങ്ങളായ താമരപ്പൂക്കൾ എന്നുതന്നെ വൎണ്ണിക്കേണ്ടതല്ലേ? വൎണ്ണനത്തിനല്ലേ അവിടെ പ്രാധാന്യം കല്പിക്കേണ്ടതു്? കുഞ്ചൻനമ്പ്യാരുടെ വിവൎത്തനത്തിൽ മൂലശ്ലോകത്തിലെ ആശയം എത്രമാത്രം ചോൎന്നുപോയിരിക്കുന്നു! ഭട്ടതിരിതന്നെയാണു് ഈ ആശയത്തിന്റെ വിധാതാവു് എന്നു പറയുവാനും നിവൃത്തിയില്ല. എന്തെന്നാൽ കൃഷ്ണഗാഥയിൽ,

"കാൎവ്വൎണ്ണൻതന്നുടെ കൺമുനയന്നേരം
കാമിനിമാർമുഖം തന്നിൽ ചെന്നു,
മേളിയന്നൊരു താമരപ്പൂക്കളിൽ
നീളെ നടക്കുന്ന വണ്ടുപോലെ"

എന്നൊരു ഭാഗം ഉണ്ടു്. കൃഷ്ണഗാഥ അനവധി മനോഹരങ്ങളായ ആശയങ്ങളുടെ അക്ഷയമായ ആകരമാകുന്നു. ഭട്ടതിരി കൃഷ്ണഗാഥ വായിച്ചിരുന്നില്ലെന്നു വിശ്വസിക്കുവാൻ പാടില്ലല്ലോ. എന്നാൽ "ഭവദംഗസ്പ

ശ്ന" ഇത്യാദി പദ്യം രചിക്കുമ്പോൾ അതിലെ കല്പന പൂർവ്വഗ്രന്ഥത്തിൽ നിന്നു മനഃപൂർവ്വമായി അപഹരിച്ചു എന്നു പറയുവാൻ യാതൊരു സഹൃദയനും അവകാശമുണ്ടെന്നു തോന്നുന്നില്ല.

കേരളത്തിലെ ഓരോ ക്ഷേത്രത്തിലെയും ദേവന്മാരെയും ദേവതമാരെയും വർണ്ണിക്കുന്നതിനു പ്രാചീനന്മാരായ കവിപുംഗവന്മാർ പല പദ്യങ്ങളും രചിച്ചിട്ടുണ്ട്. അവയിൽ ഏറിയകൂറും ഇന്നും പ്രകാശിതങ്ങളായിട്ടില്ല. ചില പദ്യങ്ങൾ ഉദ്ധരിക്കാം.

1. <u>പരിയാരത്തു ശിവൻ.</u>

മൂർദ്ധാലാളിതവാരിരാശിസുകൃതം സ്വാഹാതപസ്സഞ്ചയ-
ശ്രീധാമസ്ഥാനലലാട,മംഘ്രികടകവ്യാഖ്യാതശബ്ദാഗമം,
പ്രത്യക്ഷം പരിവാരനാമനി പുരേ പശ്യന്തു ഭക്താ ജനാഃ
പാകം കിഞ്ചന പാർവ്വതീനയനയോർഭാഗ്യം ദരീദൃശ്യതേ."

വാരിരാശിസുകൃതം എന്നാൽ ഗംഗ; സ്വാഹാതപസ്സഞ്ചയം അഗ്നി. ശിവന്റെ അംഘ്രികടകം വാസുകിയാണെങ്കിലും വാസുകിയെ അനന്തനാക്കിക്കല്പിച്ചുകൊണ്ടുള്ള വർണ്ണനം കവിസങ്കേതസിദ്ധമാകുന്നു. ശബ്ദശാസ്ത്രവ്യാഖ്യയായ മഹാഭാഷ്യത്തിന്റെ പ്രണേതാവായ പതഞ്ജലിഭഗവാൻ അനന്തന്റെ അവതാരമെന്നാണല്ലോ വെപ്പ്.

2. <u>തിരുവാപ്പിൽ വിഷ്ണു.</u>

ക്ഷീരസാഗരകുമാരികാഹൃദയവാരിജന്മകളഹംസമേ!
വാരുലാവിന നവാംബുദോദരനിറം കലർന്ന രുചിരാകൃതേ!
നാരദാദിമുനിവൃന്ദവന്ദ്യ! നളിനായതേക്ഷണ! നമോസ്തു തേ
പാരിലെങ്ങുമുരപൊങ്ങിനോരു തിരുവാപ്പുമന്ന കരുണാനിധേ!

3. <u>കുമാരനല്ലൂർ ഭഗവതി.</u>

ശോണാംഭോജാഭിരാമം തവ പദകമലം ദേവി! ദേവാസുരാണാം
നാനാശൃംഗാരരത്നോജ്ജ്വലമണിമകുടീരാജിതം കൈതൊഴുന്നോൻ
പ്രാണാപായേ കൃതാന്തപ്രഭടവരവിലെനിക്കേകണം കണ്ടുകൊൾവാൻ
ചേണാർന്നീടുന്ന മന്ദസ്മിതമഹിമ കുമാരാലയംകോലുമമ്മേ!

4. <u>വൈക്കത്തപ്പൻ.</u>

മാരൻപൂമെയ് കരിക്കാ, മരിയ പുരമെരിക്കാ, മെരിക്കം ധരിക്കാം,
പാരീരേഴും ഭരിക്കാം പരിചിനൊടു മുടിക്കാം, നടിക്കാം ചിതായാം,
ഗൗരിക്കാഗം പകുക്കാം, ഝടിതി കടുകടെക്കാളകൂടം കടിക്കാ-
മൊരോരോന്നേവിസ്മയം നിന്തിരുവുള തിരുവയ്ക്കത്തെഴും തിങ്കൾമൗലേ!

5: <u>കൊടുങ്ങല്ലൂരമ്മ.</u>

ഒടുങ്ങുന്നു പുണ്യം പ്രതിദിവസമായുസ്സുമിതി നീ
ഇടങ്ങെല്ലാ ഖേദം മമ ഹൃദയമേ! കേളൊരു ഹിതം
നടുങ്ങെല്ലാ തെല്ലും നതഹിതരതാ നമ്മെ വെടിയാ
കൊടുങ്ങല്ലൂർക്കാവിൽക്കുടിപതി കദംബാംബ തുണയാം.

ഇത്തരത്തിലുള്ള മുക്തകങ്ങളും ഭാഷയ്ക്കു വേണ്ടെന്നും, അവ ലിഖിതങ്ങളായ താളിയോലകളോടുകൂടി നശിച്ചുപോകട്ടെ എന്നും പറവാൻ ഏതു ഭാഷാപ്രണയിക്കു ധാർഷ്ട്യമുണ്ടാകും?

കഴിഞ്ഞ ഏതാനും കൊല്ലങ്ങളിലെ നിഷ്കൃഷ്ടമായ സാഹിത്യഗവേഷണത്തിന്റെ ഫലമായി നമുക്ക് ഒന്നാം കിടയിലുള്ള ഒട്ടുവളരെ സൽഗ്രന്ഥങ്ങൾ ലഭിച്ചിട്ടുണ്ട്. രാമചരിതം, കണ്ണശ്ശരാമായണം, കണ്ണശ്ശഭാഗവതം, കണ്ണശ്ശഭാരതം, ഭാരതമാല, ഭഗവൽഗീത, ശിവരാത്രിമാഹാത്മ്യം, കൗടലീയംഭാഷാഗദ്യം, ദൂതവാക്യംഭാഷാഗദ്യം, ബ്രഹ്മാണ്ഡപുരാണംഭാഷാഗദ്യം, ഭാഗവതംഗദ്യം, ഉണ്ണുനീലിസന്ദേശം, ലീലാതിലകം ഇവയെല്ലാം ആ കൂട്ടത്തിൽപെട്ട വാങ്മയങ്ങളാണ്. ഭാഷാഗദ്യത്തിന്റെ പിതാവ് വലിയകോയിത്തമ്പുരാൻതിരുമേനിയോ, ഗീവറുഗീസ്മാത്തനോ, അരിപ്പാട്ടു കൊച്ചുപിള്ളവാരിയരോ, വൈക്കത്തു പാച്ചുമൂത്തതോ അല്ല. പദ്യത്തിനെന്നപോലെ ഗദ്യത്തിനും ഭാഷയിൽ വളരെ പഴക്കവും പാരമ്പര്യവുമുണ്ട്. കൊല്ലം "564-ാമാണ്ടു മിഥുനഞായിറു പോകിന്റ നാളിൽ" "പരവകൽ ഗൃഹത്തിൽ ഇരുന്ന ചെറിയനാട്ട് ഉണ്ണിരാമൻ" പകർത്തിയെഴുതിയ ദൂതവാക്യം താളിയോലഗ്രന്ഥം ഞാൻ കൊച്ചിഭാഷാപരിഷ്കരണക്കമ്മിററിയുടെ അദ്ധ്യക്ഷനെന്ന നിലയിൽ രാമവർമ്മഗ്രന്ഥാവലി മുപ്പത്തഞ്ചാമങ്കമായി പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. കൊല്ലം അഞ്ചാം ശതകത്തിലേയോ ആറാം ശതകം പൂർവ്വാർത്ഥത്തിലെയെങ്കിലുമോ ഭാഷാഗദ്യരീതി ആ പുസ്തകത്തിൽനിന്നു മനസ്സിലാക്കാം. ഇതാ അതിൽനിന്ന് ഒരു ഭാഗം,

"പിന്നെ ത്രൈലോക്യവിജയാർത്ഥമായ് ദൈത്യകോടികളെ നിയോഗിച്ചാൻ മഹാബലി; പുറപ്പെട്ടുതുടങ്ങീതു അസുരഗണം. മഹാപത്മൻ, നികുംഭൻ, കാഞ്ചനാക്ഷൻ, കപിസ്കന്ധൻ, മേഘനാദൻ, ബലന്ധമൻ തുടങ്ങി പുറപ്പെട്ടുതുടങ്ങീതു. സിംഹികാതനയൻ രാഹു പുറപ്പെട്ടാൻ. മഹാബലിയുടെ പുത്രൻ സഹസ്രബാഹു രഥാധിരഥകോടിപ്പടയോടുംകൂട ധ്വജങ്ങളും, അശ്വങ്ങളും, ആനത്തലവങ്ങളും എന്റേവമാദികളോടുംകൂട അമരരാജധാനിയെ പ്രാപിച്ച് അമരകളോട് പരാക്രമിക്കിന്റകാലത്തു സമർത്ഥരാകിന ദൈത്യന്മാരുടെ ശരകന്താദി ആയുധവരങ്ങളാൽ പരിപീഡിതരായ് കെട്ടോടിപ്പോയിതു ദേവതാവർഗ്ഗം. സ്വർഗ്ഗൈശ്വര്യം മഹാബലിക്കായിതു."

എഴുതിയകാലം രേഖപ്പെടുത്തീട്ടുള്ള ഏടുകളിൽ എന്റെ അറിവിൽ പെട്ടിടത്തോളം ഈ താളിയോലഗ്രന്ഥത്തിനാണ് പഴക്കം അധികമായിക്കാണുന്നതു്. നിരണത്തു രാമപ്പണിക്കരുടെ കൃതിയാണെന്ന് ഊഹിക്കപ്പെടുന്ന ബ്രഹ്മാണ്ഡപുരാണം ഗദ്യത്തിന്റെ ഇപ്പോഴുള്ള പ്രതി 648-ാമാണ്ടു ധനുമാസം 20-ാംനു- "ഞായറാഴ്ചയും മകവും പഞ്ചമിയും കൂടിയ അന്റു എഴുതിക്കൂടിയതു" ആണ്. തിരുവിതാംകൂർ ക്യൂറേറ്ററാപ്പീസ്സിൽനിന്നു പ്രകാശിപ്പിച്ചിട്ടുള്ള ആ ഗ്രന്ഥത്തിൽനിന്ന് ഒരു ഭാഗം ഉദ്ധരിക്കാം.

"ദൂതൻ ചെന്റു കാശിനഗരത്തെ പ്രാപിച്ചു സിംഹാസനത്തിന്മേൽ ഇരിക്കിന്റ ഇരാജാവിനെച്ചെന്റു കണ്ടു ജ്യേഷ്ഠഭ്രാതാവു വസുമനാവു ചൊല്ലിവിട്ടതിനെ അറിയിച്ചാൻ. 'രാജാവേ! നിന്നുടെ ജ്യേഷ്ഠഭ്രാതാവു വസുമനാവു സ്വയംവരത്തിൽ നിന്റു അനേകം രാജാക്കളുടെ നടുവേവച്ചു ഭദ്രശ്രേണ്യനാകിയ ഹേഹയരാജാവിനാൽ തോൽക്കപ്പെട്ടു ഊൺ ഉറക്കമൊഴിഞ്ഞു മനോദുഃഖത്തോടുംകൂടി ഹേഹയരാജ്യത്തിനു ചെന്റു അവനെ കൊൽകതാൻ മരിക്കതാൻ ഇരണ്ടിലൊന്റു കല്പിച്ചിരിക്കിന്റിതു എന്നമതിനാൽ നിന്തിരുവടിയും അവൻതിരുവടിക്കു സഹായം പറവുമെന്റു തോന്റുകിൽ അതിനെ ചെയ്‌വിതു. നിന്തിരുവടിക്കവൻതിരുവടി ശത്രുവായിരിക്കിന്റതു.' എന്റിവണ്ണം ദൂതൻ ചൊല്ലക്കേട്ടു പ്രതർദ്ദനൻ ചൊന്നാൻ:—'കേൾപ്പോയാക ദൂതാ! ഇപ്പൊഴുതെന്നുടെ പടയും ഞാനുംകൂടെ ഹേഹയനഗരത്തിനു ചെന്റു ഭദ്രശ്രേണ്യനെയും പുത്രനെയും പടയോടുംകൂടെക്കൊന്റന്റിയേ ജ്യേഷ്ഠഭ്രാതാവിനെ നമസ്കരിക്കിന്റതുമില്ല. സത്യം പിഴച്ചേനാകിന്റമയാൽ. നീയും

വിരയെച്ചെൻറു ഹേഹയരാജ്യത്തിങ്കൽ പടയോടുംകൂടെ വരുമാറു കോസലരാജാവിനണഞ്ഞു'കെൻറതു കേട്ടു ദൂതനവിടെനിന്നു പുറപ്പെട്ടു അയോദ്ധ്യയെ പ്രാപിച്ചു കോസലരാജാവിനു വൃത്താന്തമറിയിച്ചാൻ. അനന്തരം കോസലരാജാവു പട പുറപ്പെട്ടു കെൻറതിനാൽ സന്നദ്ധനായ് തേർമ്മേലേറി പുറപ്പെട്ടാൻ. അപ്പൊഴുതു ആന അലറിയും കുതിര ചിറാലിയും തേരുരുൾകയും കാലാൾപ്പട ആർത്തും ശംഖുവിളിച്ചും പെരുമ്പറയുടെ നാദം കേട്ടും മേലിലോകം ചെകിടുപട്ടിതു. ഇപ്രകാരമേ ഒച്ചപ്പെടുത്തുകൊണ്ടു പടയോടുംകൂടെ പോകത്തുടങ്ങിനാൻ. ഗംഗകടന്നു യമുന അതിക്രമിച്ചു ഗോമതി കടന്നു വിന്ധ്യപർവ്വതത്തിനുടെ തെക്കേ താഴ്വരമേൽ നർമ്മദയാകിൻറ നദിതീരത്തിങ്കൽ അഞ്ചു യോജന വിസ്താരമായ് വിട്ടു വിട്ടു ഇരുന്ന വനാന്തരം കാണായിതു. കാശിരാജാവും പടയും തനക്കു സഹായം പെട്ടുവാനായ്ക്കൊണ്ടു വരിൻറവൻ അനേകനൂറായിരം കാലാൾ യുദ്ധംചെയ്യുകാലത്തു രുധിരംകൊണ്ടു പൊടി അടങ്ങുകയാലും അതിന്മുന്നം പുറപ്പെട്ടോളുള്ള പൊടിപ്പുറപ്പു കാറുന്തിക്കളുകയാലും തങ്ങളേയും ശത്രുക്കളേയും അറിഞ്ഞു കലഹിക്കിൻറകാലത്തു മറുതലയെക്കണ്ടു വൈരംനിമിത്തമായ് ഞായംകെട്ടു കലഹിക്കത്തുടങ്ങിനാർ. * * * *

അനന്തരം അപ്പൊഴുതു ആനപിണത്തിങ്കൽനിന്നും കുതിരപിണത്തിങ്കൽനിന്നും രാക്ഷസന്മാരുടെ ശരീരത്തിങ്കൽനിന്നും ഒഴുകിൻറ രുധിരംകൊണ്ടു യുദ്ധഭൂമിയുടെ നടുവേ വഴിയിതൊരു ആറാണ്ടായിതു. ആനത്തലവന്മാരാകിൻറതു ആമയായും, കുതിരപിണമാകിൻറതു മുതലയായും, തേരാകിൻറതു കപ്പലായും, അമ്പാകിൻറതു കെണ്ടമീനായും, ഗതയും വില്ലുമാകിൻറതു നികഴ്പ്പപ്പലകയായും, മനുഷ്യരുടെ തലമയിരാകിൻറതു കണ്ടിപ്പായിലായും, എല്ലാകിൻറതു ചരൽപ്പാറയായും, ഇറച്ചി ആകിൻറതു കിഴ്ച്ചേറായും, കടർമാലയാകിൻറതു കാത്തിപ്പ്പോത്തായും, ഇപ്രകാരമേ ഒഴുകിൻറ രുധിരനദികണ്ടു ഇരണ്ടു തലയും വൈരം പെരുകയാൽ കലഹമിടച്ചു നില്ക്കിൻറകാലത്തു ഭീമാക്ഷനാകിൻറ രാക്ഷസൻ തന്നുടെ രാക്ഷസരോടു ചൊന്നാൻ. 'എന്തെടോ നിങ്ങൾക്കു കുടിപ്പാനൊള്ളുതില്ലയോ രുധിരം? മാനുഷന്മാർ നിങ്ങൾക്കു തിന്മാനൊള്ളുതില്ലയോ? എന്തു നോക്കി നിൻറതു? രുധിരം കൊണ്ടു കുടിച്ചു മനുഷ്യരെയും ആനയും കുതിരയും തിന്റു വസുമനാവിനെയും പുത്രനെയും പ്രമർദ്ദനെയും പുത്രനെയും യുദ്ധത്തിൽ പിടിച്ചു

കെട്ടി എനിക്കു കൊണ്ടുവന്നു തരിക.' എന്നു ഭീമാക്ഷൻതാൻ ചൊല്ലുകേട്ടു രാക്ഷസപ്പട ഒക്കെ കരഞ്ഞു പുറപ്പെട്ടു. ദ്രവികൾ വടവാമുഖാഗ്നിയുടെ ജ്വാലകളൊക്കെ ഇളന്ന നാവുകൊണ്ടു നക്കി രുധിരവും പുരണ്ട നിലംകൂടെത്തിൻറെ ശവങ്ങളും ഭക്ഷിച്ചു എൽപ്പു കടിച്ചു പതമാറിൻറവർകളെ ആനയും തേരും കുതിരയും കാലാറം പ്പടയും ഒൻറും ഇരണ്ടും അഞ്ചും പത്തും അൻപതും നൂറുംകൂടത്തങ്ങളുടെ കൈകൊണ്ടു വാരി പാതാളംപോലെ ഇരിക്കിൻറ വാ തുറന്നു എടുത്തിട്ടു ചവച്ചു രുധിരം കുടിച്ചു എൽപ്പു കടിച്ചു പതമാറിൻറകാലത്തു കാശികോസലന്മാരുടെ പട ചത്തുശേഷിച്ചിതു."

നോക്കുക. എത്ര സമുജ്ജ്വലമായ വാക്യശൈലി! എത്ര സഹൃദയാഹ്ലാദകമായ വചോധാര! 612-ൽ പകർത്തിയെഴുതിയ ഒരു ഗ്രന്ഥമാണ് നിരണത്തു ശങ്കരപ്പണിക്കരുടെ ഭാരതമാല. ഭാഷയുടെ ഉൽപത്തിയേയും വളർച്ചയേയും സംബന്ധിച്ച് എത്ര അനർഘങ്ങളായ അറിവുകളാണ് ഇത്തരം ലിഖിതമിനരേഖകൾകൂടിയുള്ള ഏടുകളിൽനിന്നു ലഭിക്കുന്നതു"!

പ്രാചീനകാലത്തു പ്രചരിച്ചിരുന്ന പല പാട്ടുകളും ഇപ്പോൾ മൃതപ്രായങ്ങളായി തീൎന്നിരിക്കുന്നു. താഴെ കാണുന്ന ഏതാനും വരികൾ വിക്രമാൎത്താണ്ഡവൎമ്മമഹാരാജാവിൻറെ ദിഗ്വിജയത്തെ അധികരിച്ചു സമകാലീനനായ ഏതോ ഒരു കവി രചിച്ചിട്ടുള്ള ഒരു വഞ്ചിപ്പാട്ടിലുള്ളതാണ്.

"കായങ്കുളത്തരചനെക്കണ്ടു മേലിൽപ്പാറുകണ്ടു;
കായങ്കുളം കുളമാക്കിച്ചമയ്ക്കുന്നതിനു.
കപ്പമിന്നു നമുക്കാശു തീൎക്കണം നാമല്ലയാശ്ശി-
ലിപ്പോഴതെ പടക്കോപ്പു കൂട്ടിടുന്നതെ"

എന്നു മഹാരാജാവു ഗൎജ്ജിക്കുന്നു. കായങ്കുളംരാജാവു മറുപടി പറകയാണ്.

"പണ്ടുമിക്കം കീൎത്തികേട്ട പത്തിയൂർക്കാവമ്മൻറീട്ടും
ഭദ്രകാളിയാണേ! കപ്പം തരികയില്ല.
അടനാമ്പും കഴുകോലുമെടുത്തുടൻ വിരുതന്മാ-
രൊത്തകാലത്തു കൊല്ലത്തൂട്ടതിലെടണം,
വൊറിലയും പഴുക്കയുമല്ലാതെതിന്നുള്ള കോപ്പും
പറിപ്പലകയും വെച്ചു മുറുക്കിക്കെട്ടി"

ഈ പാട്ടു മുഴുവൻ കണ്ടുകിട്ടിയാൽ അതെന്തൊരു മഹോപകാരമായിരിക്കും! അമ്പലപ്പുഴ, തിരുവല്ല മുതലായ താലൂക്കുകളിലുള്ള സാഹിതീബന്ധുക്കൾ ഈക്കാര്യത്തിൽ ഉള്ളഴിഞ്ഞു ശ്രമിച്ചേ മതിയാകൂ.

ശിലാശാസനം, താമ്രശാസനം മുതലായ ശാശ്വതരേഖകൾ, താളിയോലഗ്രന്ഥങ്ങൾ, സ്ഥലപുരാണങ്ങൾ, ഐതിഹ്യങ്ങൾ ഇവയെല്ലാം ഗവേഷണത്തിന് ആധാരങ്ങളാകുന്നു. ഇവ തമ്മിൽ യോജിക്കാതെ വരുമ്പോൾ "വിപ്രതിഷേധെ പൂർവ്വം കാര്യം" എന്ന ന്യായമനുസരിച്ചു പ്രവർത്തിക്കേണ്ടതാകുന്നു. സാമാന്യേന ശിലാശാസനംപോലെ പ്രാമാണ്യം വഹിക്കുന്ന ആധാരം മറ്റൊന്നുമില്ല. ഏത് ഊഹങ്ങളെക്കാൾ, അപ്രതിഷേധ്യമായ ഒരു രേഖയ്ക്കു പ്രാധാന്യമുണ്ടെന്നുള്ള വസ്തുത നാം മറന്നുപോകരുത്. ഒരു ഗവേഷകൻ വളരെ പ്രയാസപ്പെട്ടു ശേഖരിച്ചു പ്രകാശിപ്പിക്കുന്ന പ്രമാണങ്ങളെ പ്രക്ഷിപ്തങ്ങളെന്നുംമറ്റും പറഞ്ഞ് അവഹേളിക്കുന്നവർ അവയെ എതിർക്കുവാൻ പുതിയ പ്രമാണങ്ങൾ കണ്ടുപിടിക്കുന്നതു ലോകത്തിന് ഒന്നുകൂടി ഉപകാരമായിരിക്കും.

ഗവേഷണപദ്ധതി കുസുമാസ്തൃതമല്ല; കണ്ടകാകീർണ്ണമാണ്. ആ കാന്താരത്തിൽക്കൂടി സഞ്ചരിച്ചു വിജയംനേടണമെങ്കിൽ ചില സിദ്ധികൾ സ്വാധീനമാക്കേണ്ടതുണ്ട്. ഒന്നാമത്, തമിഴിലും പഴയ മലയാളത്തിലും—വിശേഷിച്ചു ദക്ഷിണാപഥദേശചരിത്രത്തിലും—പരിനിഷ്ഠിതമായ പാണ്ഡിത്യം സമ്പാദിക്കണം. രണ്ടാമത്, കേരളത്തിൽ സംസ്കൃതത്തിലും മലയാളത്തിലും പ്രണീതങ്ങളായ വിവിധഗ്രന്ഥങ്ങൾ നിരന്തരമായി പാരായണംചെയ്യണം. മൂന്നാമത്, ഊഹാപോഹകുശലത വികസിപ്പിക്കണം. തത്ത്വദർശനമായിരിക്കണം ഗവേഷകന്റെ പരമലക്ഷ്യം; സ്വപക്ഷസ്ഥാപനമല്ല. ഒരു ഗ്രന്ഥം കോഴിക്കോട്ടുവെച്ചല്ല, കൊച്ചിയിൽവെച്ചാണ് രചിച്ചതെന്നു നാം സ്ഥാപിച്ചാൽ കോഴിക്കോട്ടുകാർ നമ്മെ പ്രഹരിക്കുകയോ കൊച്ചിക്കാർ നമുക്കു പാരിതോഷികം നല്കുകയോ ചെയ്യുകയില്ല. സത്യാന്വേഷണത്തിൽനിന്നുള്ള ലാഭം സത്യാന്വേഷണത്തിൽത്തന്നെ നിലകൊള്ളുന്നു. അതു നല്കുന്ന ആനന്ദം ആയിരം ഉറുപ്പികയ്ക്കു നല്കുവാൻ സാധിക്കുന്നതല്ല. രണ്ടു പക്ഷത്തെയ്ക്കും ഉതകാവുന്ന പ്രമാണങ്ങൾ ഏതു ഗവേഷകനും അറിയാവുന്നിടത്തോളം സമഗ്രമായി ഉദ്ധരിച്ചുകാണിക്കണം. "നാമൂലം ലിഖ്യതേ കിഞ്ചിന്നാപ്രമാണമുദീര്യതേ" എന്നായിരിക്കണം അയാളുടെ മുദ്രാവാക്യം. സർവ്വോപരി ക്ലേശസഹിഷ്ണുത പരിശീലിക്കണം. പൊടിപിടിച്ച ഗ്രന്ഥങ്ങൾ തൊട്ടാൽ കയ്യും മെയ്യും അഴുക്കാകുമെന്നു ഭയപ്പെടരുത്; നല്ല ഗ്രന്ഥങ്ങളിലെ

പൊടി ആനന്ദബാഷ്പംകൊണ്ടു കഴുകത്തക്കവണ്ണം നമ്മുടെ ഹൃദയം വിസ്താരതരമാകണം. ഈ മനോഭാവത്തോടുകൂടി പഴയ ഗ്രന്ഥങ്ങളെ സമീപിക്കുവാൻ ഒരു പണ്ഡിതൻ സന്നദ്ധനല്ലെങ്കിൽ, അവന്റെ ഗവേഷണം അർഥാനുരൂപമായ ഒരു സാഹിത്യവ്യവസായമല്ല.

അല്ലയോ ഗവേഷകന്മാരേ! നമ്മെച്ചിലർ ഭ്രാന്തന്മാരെന്നും, മററുചിലർ പുറംകോട്ടുനോക്കികളെന്നും, വേറെ ചിലർ ഉണക്കശ്ശാസ്ത്രിമാരെന്നും, ഇനിയും ചിലർ ശവന്തീനികളെന്നും, അവരവരുടെ സരസ്വതീപ്രസാദത്തിനൊത്തവണ്ണം ചാരുകസേരകളിൽ കിടന്നുകൊണ്ട് അധിക്ഷേപിക്കാറുണ്ട്. ഭാഷാസാഹിത്യസാമ്രാജ്യത്തിന് ഇന്നുകാണുന്ന വിസ്തൃതി നാം ഉണ്ടാക്കിയതാണ്; ഭാഷാസാഹിത്യസമുദ്രത്തിന് ഇപ്പോഴുള്ള അഗാധത നമ്മുടെ നിസ്തുലഖനനത്തിന്റെ ഫലമാണ്. നാം ശവന്തീനികളല്ല; മൃതസഞ്ജീവകന്മാരാണ്. കേരളത്തിന്റെ പഴമയാകുന്ന മഹാക്ഷേത്രത്തിന്റെ ഓരോ മുറിയും ഇന്നും താരതമ്യേന ഇരുളടഞ്ഞു കിടക്കുന്നു. അതിൽ എവിടെയെങ്കിലും ഒരു കോണിന്റെ മൂലയിൽ ഒരു കൊച്ചുകൈത്തിരി കൊളുത്തി മാതൃഭൂമിയെ നമുക്ക് ആരാധിക്കുവാൻ സാധിക്കുമെങ്കിൽ, നമ്മുടെ ജന്മം ചരിതാർത്ഥമായതായി നാം കരുതണം. ഈ ക്ഷേത്രത്തിൽ ഇതിന്റെ പേരിനും പെരുമയ്ക്കുമൊത്ത ഒരു ലക്ഷദീപമഹോത്സവംതന്നെ അചിരേണ ആഘോഷിക്കപ്പെടണം. പെടും; സംശയമില്ല. അല്ലാതെ കേരളത്തിന്റെ ജ്യോതിസ്സു ലോകത്തിൽ അതർഹിക്കുന്നരീതിയിലും പരിമാണത്തിലും ഒരിക്കലും പ്രകാശിക്കുന്നതല്ല. ആരുടെ ഏതുതരത്തിലുമുള്ള അവജ്ഞയേയും സഹിച്ച്, നാം ആ മഹോത്സവദിനത്തിന്റെ ഉദയത്തെ ത്വരിപ്പിക്കുക; കണ്ണും കരളും ഒക്കെയും, ആ ഉദ്ദേശ്യം നേടുവാൻ സമർപ്പിക്കുക. ഈശ്വരൻ നമ്മെ അനുഗ്രഹിക്കും.

വന്ദേമാതരം! ജയ കേരളം!

# II. ജീവത്സാഹിത്യം.

(പ്രൊഫസ്സർ പി. ശങ്കരൻനമ്പ്യാർ എം. എ.)

സ്വാഭാവികമായ അത്യന്തരപ്രചോദനത്തിന്റെയും വിദേശസാഹിത്യപ്രസക്തിയുടെയും ഫലമായി മലയാളസാഹിത്യത്തിൽ അടുത്തകാലത്തു് ആവിർഭവിച്ചിട്ടുള്ള ഒരു പ്രസ്ഥാനവിശേഷമാണ് ജീവത്സാഹിത്യം. അനേകശതവർഷങ്ങളായി പുരാണകഥകളെയും പൗരാണികസങ്കേതങ്ങളെയും ഒരിക്കലും അവസാനിക്കാത്തവിധം ചർവ്വിതചർവ്വണം ചെയ്തുകൊണ്ടിരിക്കയാൽ മനസ്സുമടുത്തവരും, തോന്നിയതു പറയുന്നതിൽ കൂസലില്ലാത്തവരുമായ ഏതാനും ചില ഉൽപതിഷ്ണുക്കളാണ് ജീവത്സാഹിത്യനാടകത്തിന്റെ സൂത്രധാരന്മാരായി രംഗപ്രവേശം ചെയ്തിരിക്കുന്നതു്. മലയാളകവികൾ ഇന്നും സംസ്കൃതത്തിലെ പഴയ സിദ്ധാന്തങ്ങൾക്കു് അടിമപ്പെട്ടു കിടക്കുകയാണെന്നും, തന്മൂലം ചുറ്റുപാടുമുള്ള യഥാർത്ഥലോകത്തിൽനിന്നു പിന്തിരിഞ്ഞു കവിസൃഷ്ടമായ സങ്കല്പലോകത്തിൽ വിഹരിക്കുകയാണ് അവർ ചെയ്തുവരുന്നതെന്നും, സമകാലികമായ ജീവിതഗതിയെ പ്രതിഫലിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുവാൻ അവർ തങ്ങളുടെ പ്രതിഭയെ വിനിയോഗിക്കാത്ത മനോധർമ്മസംഹാരിയായ മാമൂൽഭ്രമത്തിനു വിധേയരായി അധഃപതിച്ചുപോകുന്നു എന്നും മറ്റുമാണു് ഇന്നു നാം കേൾക്കുന്ന ആക്ഷേപം. ഇതു കേവലം പ്രകൃതിനിയമമനുസരിച്ചുതന്നെ പ്രതീക്ഷിക്കേണ്ടതായ ഒന്നാണെന്നു സ്വല്പം ആലോചിച്ചാലറിയാറാകും. ജീവിതത്തിലെന്നപോലെ, ജീവിതസന്താനവും ജീവിതസംബന്ധവുമായ സാഹിത്യത്തിലും ഒരു സമ്പ്രദായം അനുസ്യൂതമായി കുറേക്കാലം പ്രചരിച്ചുകഴിഞ്ഞാൽ പിന്നെ സ്വയമേവ ഒരു പ്രത്യാഘാതം (തിരിച്ചടി) ഉണ്ടാവുക എന്നതു പരിണാമക്രമത്തിൽ അനിവാര്യമാകുന്നു. രാമായണവും, മഹാഭാരതവും, കാളിദാസൻ ഭവഭൂതി മാഘൻ ശ്രീഹർഷൻ മുതലായവരുടെ കൃതികളും, സംസ്കൃതകവികളുടെ സാമാന്യസമ്പ്രദായങ്ങളും സങ്കേതങ്ങളും, സംസ്കൃതവൃത്തങ്ങളും മററുമെല്ലാം മലയാളസാഹിത്യത്തെ "കതിരകയറി"ത്തുടങ്ങിയിട്ടു നാളേറെയായിരിക്കുന്നു. അവയിൽ ആവേശം കൊണ്ടു മതിമറന്ന നമ്മുടെ കേരളീയകവികൾ അവരുടെ കണ്ണിനുമുമ്പിൽ കിടക്കുന്ന വാസ്തവലോകത്തെ കാണുന്നതേയില്ല; അവരുടെ ദൃഷ്ടി എപ്പോഴും പഴയതിലേയ്ക്കാണ് തിരിഞ്ഞിരിക്കുന്നതു്. അവർ "പിൻനോക്കി"കളാണ്. ഇങ്ങനെയായാൽ പോരാ, മലയാളകവികൾ ഇനിയെങ്കിലും "മുൻനോക്കി"കളായിത്തീരുവാൻ ശ്രമിക്കണം. നമുക്കിനിയുണ്ടാകേണ്ടതു്"

"മുൻനോക്കിസ്സാഹിത്യ"മാണു്. ഏതുസാഹിത്യത്തിലേയും പ്രതിഭാശാലികളായ ആദികവികൾ അവരുടെ കൃതികളിൽ പ്രകാശിപ്പിച്ചിട്ടുള്ള ലോകം അവരുടെ കാലത്തുണ്ടായിരുന്നതുതന്നെയാണു്; അഥവാ അതിൽ കുറച്ചു മുമ്പുണ്ടായിരുന്നതായിരിക്കാം. എങ്ങനെയായാലും ആ ലോകം അവരുടെകാലത്തു സജീവമായിട്ടുള്ളതുതന്നെ ആയിരുന്നിരിക്കണമെന്നുള്ളതു നിസ്സംശയമത്രെ. എന്നാൽ അനന്തരകാലങ്ങളിലെ കവികൾ എന്തുകൊണ്ടാണു് അവരവരുടെ കാലങ്ങളിലുള്ള സജീവലോകത്തെക്കുറിച്ചെഴുതുന്നതിൽ വിമുഖരായിത്തീർന്നതു്? സാഹിത്യത്തിലെ പ്രതിപാദ്യവിഷയമെന്ന നിലയിൽ അനുവാചകന്മാരെ ആഹ്ലാദിപ്പിക്കുന്നതിനും വിജ്ഞന്മാരാക്കിത്തീർക്കുന്നതിനുമുള്ള ശക്തി പഴയ കാലങ്ങൾക്കുമാത്രമാണുള്ളതെന്നു് ഒരിക്കലും പറയാവുന്നതല്ല. നേരെമറിച്ചു്, ജീവിതായോധനത്തിൽനിന്നു പിന്തിരിഞ്ഞൊഴിഞ്ഞുപോകാതെ യാഥാർത്ഥ്യങ്ങളോടു യഥോചിതം ഇണങ്ങിയും പിണങ്ങിയും പെരുമാറുന്നവർക്കു്, സമകാലികമായ ലോകഗതിയിലല്ലയോ അധികം താല്പര്യമുണ്ടായിരിക്കുക? സാഹിത്യത്തിൽ പ്രതിപാദിക്കപ്പെടുവാൻ വേണ്ടുന്ന വൈവിധ്യവും വൈചിത്ര്യവും അതിനു ധാരാളമുണ്ടുതാനും. ഇതിനൊക്കെ പുറമെ, അവനവന്റെ അടുത്ത ചുററുപാടുകളെ സൂക്ഷ്മമായി ഗ്രഹിച്ചതിനു ശേഷമല്ലയോ കാലദേശവിഷയങ്ങളിൽ വിദൂരസ്ഥങ്ങളായവയെ ഗ്രഹിക്കുവാൻ നോക്കേണ്ടതു്? ഇങ്ങനെ എന്തുകൊണ്ടു നോക്കിയാലും കവികൾ സമകാലികമായ ലോകത്തിലേയ്ക്കു തങ്ങളുടെ പ്രതിഭയാകുന്ന "സൂക്ഷ്മദർശിനി" (ഭൂതക്കണ്ണാടി-Microscope) തിരിക്കേണ്ടതു സ്പൃഹണീയംതന്നെയാകുന്നു. അങ്ങനെ ചെയ്താൽ മാത്രമേ യഥാർത്ഥമായ ഒരു കേരളീയസാഹിത്യത്തെ പുഷ്ടിപ്പെടുത്തുവാൻ മലയാളകവികൾക്കു സാധിക്കയുള്ളു. മഹാകാവ്യങ്ങളോ, കാവ്യങ്ങളോ, നോവലുകളോ ചെറുകഥകളോ, ഉപന്യാസങ്ങളോ എന്തുതന്നെ ആയിക്കൊള്ളട്ടെ, അവയിലെ രംഗം ഇന്നത്തെ കേരളമായിരിക്കണം എന്നൊരു ദൃഢവ്രതത്തോടുകൂടി അനേകം സാഹിത്യകാരന്മാർ ഇന്നു സധൈര്യം മുന്നോട്ടിറങ്ങിയിരിക്കുന്നു.

### പാവങ്ങളുടെ കഷ്ടാരിഷ്ടങ്ങളെ സാനുകമ്പം വിശദമാക്കുന്നു.

അത്രയും പോരാ, പഴയ തോതിൽ ധനവാന്മാർക്കും സുഖലോലുപന്മാർക്കും രുചിക്കാത്ത ഭാഗങ്ങളെയെല്ലാം വിട്ടുകളഞ്ഞും, ഒരു പ്രത്യേകതരം ശൃംഗാരത്തിനോ വീരത്തിനോമാത്രം പ്രാധാന്യംകല്പിച്ചും നിർമ്മിക്കപ്പെടുന്ന സാഹിത്യമല്ലാ ഇപ്പോൾ ഉണ്ടാകേണ്ടിയിരിക്കുന്നതു്. കരുണത്തിനു കൂടുതൽ പ്രതിഷ്ഠ നല്കുകയും ബീഭത്സം യഥാർത്ഥജീവിത

ത്തിൽ കാണുന്നതനുസരിച്ചുതന്നെ സാഹിത്യത്തിലെല്ലാം പകൎത്തുകയും ചെയ്യുവാൻ മടിക്കരുതു്. ഇന്നത്തെ തലതിരിഞ്ഞ പരിഷ്കാരത്തിന്റെ ഫലമായി അതിദാരുണമായ ദാരിദ്ര്യവും അതോടുകൂടിയുള്ള അസംഖ്യം ക്ലേശങ്ങളും ബലവാന്മാരുടെ ഹൃദയരഹിതങ്ങളായ മൎദ്ദനങ്ങളും "ചൂഷണങ്ങളും" സഹിച്ചു വലയുന്ന ദുൎഗ്ഗതജനസഞ്ചയത്തിന്റെ നിത്യജീവിതത്തെ, കാണുന്നപടിതന്നെ, സാഹിത്യത്തിലെല്ലാം പകൎത്തണം. ആ വഴിക്കു് അവരുടെ ദുരിതസമുദ്രങ്ങൾക്കു പരിഹാരമുണ്ടാക്കാമോ എന്നു നോക്കണം. ലോകത്തിലെ അരിഷ്ടക്കുഴികളിലേയ്ക്കു വായനക്കാരുടെ കണ്ണുകളെ തുറപ്പിക്കണം. കൃഷിക്കാർ, തൊഴിലാളികൾ, കൂലിവേലക്കാർ, അധഃകൃതർ, ദുരാചാരരാക്ഷസബാധിതർ, ശക്തിയേറിയവരാൽ സ്വാൎത്ഥദേവതയ്ക്കു ബലികഴിക്കപ്പെടുന്നവർ—എന്നുവേണ്ട, നാനാപ്രകാരേണ ജീവിതവിഷകൃമികളായി ചത്തു ചാകാതെ നാൾകഴിക്കുന്നവർ—എന്നീ കൃപാവിഷയങ്ങളായ വൎഗ്ഗങ്ങളുടെ കഥ മുഴുവൻ വിശദമാക്കി (എത്ര ജുഗുപ്സാവഹമോ, ഭയാനകമോ ആയാലും വേണ്ടതില്ല) സസൂക്ഷ്മം വിവരിച്ചെഴുതപ്പെടുന്ന സാഹിത്യഗ്രന്ഥങ്ങളാണു് ഇന്നു സജീവങ്ങളായി കണക്കാക്കപ്പെടേണ്ടതു്.



### പരിഹാരമാൎഗ്ഗനിൎദ്ദേശം.

അതിനുംപുറമേ, താൽകാലികങ്ങളായ തീവ്രപ്രശ്നങ്ങളെ വിശദീകരിച്ചാൽമാത്രം പോരാ, അവയ്ക്കു തൃപ്തികരങ്ങളായ സമാധാനങ്ങളെ ചൂണ്ടിക്കാണിച്ചു്, സൃഷ്ടിപരങ്ങളായ നിൎദ്ദേശങ്ങളെ നല്കുവാൻകൂടി ശ്രമിക്കേണ്ടതും സാഹിത്യകാരന്റെ കൎത്തവ്യമത്രെ.

### വ്യക്തിയേക്കാൾ വൎഗ്ഗത്തിനു പ്രാധാന്യം.

ജീവത്സാഹിത്യഗ്രന്ഥങ്ങളിൽ നായകസ്ഥാനത്തു വൎത്തിച്ചുകാണുന്നതു വ്യക്തിയേക്കാളധികം ജാതിയാണു്; എന്നുവെച്ചാൽ ഒരാളെക്കാളധികം അയാളുൾപ്പെടുന്ന വൎഗ്ഗമാണു്. ക്രൂരയായ പ്രകൃതിജനനിയുടെ "ചിററമ്മനയം"കൊണ്ടു ക്ലേശിക്കുന്ന ജനവിഭാഗങ്ങളാണല്ലോ ജീവത്സാഹിത്യകാരന്റെ അനുകമ്പാപൂൎണ്ണമായ അഭിവീക്ഷണത്തിനു ലക്ഷ്യീഭവിക്കുന്നതു്. നായകസ്ഥാനത്തു് ഏതെങ്കിലും വ്യക്തിയെ പ്രവേശിപ്പിച്ചുകണ്ടാൽത്തന്നെയും, ആ വ്യക്തി ഒരു ജനവിഭാഗത്തെ പ്രതിനിധീകരിക്കുന്നതായിട്ടു പ്രത്യക്ഷമാകും. ജീവിതസാഗരത്തിന്റെ ഉപരിഭാഗത്തു വെട്ടിത്തിളങ്ങുന്ന മഹാസത്വങ്ങൾക്കല്ലാ, അതിന്റെ അടിത്തട്ടിൽ കിടക്കുന്ന നാനാതരം ജന്തുസഞ്ചയത്തിനാണു് പ്രാധാന്യം കല്പിക്കേണ്ടതെന്നു താൽപര്യം.

ഇങ്ങനെ ഒരു വിശിഷ്ടാൎത്ഥത്തോടുകൂടിയാണു് "ജീവത്സാഹിത്യ" പദം ഇന്നു പ്രയോഗിച്ചുകാണുന്നതു്. അതിനാൽ ഇതിനു മുമ്പുള്ള സാഹിത്യത്തിനൊന്നും ജീവനില്ല എന്ന പൂൎവ്വപക്ഷത്തിനു പ്രസക്തിയില്ലെന്നു് ഇനി എടുത്തുപറയേണ്ടതില്ലല്ലോ.

## സ്ത്രീയുടെ ചരിത്രത്തോടു സാദൃശ്യം.

ചുരുക്കിപ്പറയുന്നതായാൽ ഇതിൽനിന്നെല്ലാം വന്നുകൂടുന്നതെന്താണു്?

സ്ഥാനം, മാനം, ധനം, സുഖം, വൈദഗ്ദ്ധ്യം എന്നിവയാൽ അനുഗൃഹീതരായിട്ടുള്ള ഏതാനും ചില ഭാഗ്യവാന്മാരെമാത്രം രസിപ്പിക്കുവാനായിട്ടുള്ളതല്ല സാഹിത്യം. യഥാൎത്ഥജീവിതത്തിലെ കയ്പുള്ള ഭാഗം മുഴുവൻ തള്ളിക്കളഞ്ഞു്, കേവലം മധുരമായ ഭാഗംമാത്രം കടഞ്ഞെടുത്തു അതൎക്കാൎക്കു കൊടുക്കുകയല്ലാ സാഹിത്യത്തിന്റെ ധൎമ്മം. വാസ്തവലോകത്തിലെ അസമത്വങ്ങളിലേയ്ക്കും കഷ്ടാരിഷ്ടങ്ങളിലേയ്ക്കും ഇറങ്ങിവന്നു് അവയുടെ പരിഹാരത്തിനുള്ള പോംവഴികൾ നിൎദ്ദേശിച്ചു പാവങ്ങളെ സഹായിക്കുകയാണു് സാഹിത്യത്തിന്റെ ഇന്നത്തെ കൎത്തവ്യം. യഥാൎത്ഥത്തിൽ നിന്നുയൎന്നു നില്ക്കുകയല്ലാ, അതിനെ അഭിമുഖീകരിക്കുകയാണു് സാഹിത്യത്തിന്റെ ആദൎശം.

ഈ സംഗതികളിലെല്ലാം സാഹിത്യത്തിന്റെ ചരിത്രത്തിനും ലോകത്തിൽ സ്ത്രീയുടെ ചരിത്രത്തിനും തമ്മിൽ ഒരു സാമ്യം കാണാവുന്നതാണു്. സ്ത്രീകളെ ജീവിതത്തിലെ പനിനീൎപ്പൂക്കളോ മധുരഫലങ്ങളോ കളിപ്പാട്ടങ്ങളോ മാത്രമായി കണക്കാക്കിയിരുന്ന ഒരു പഴയ കാലമുണ്ടായിരുന്നു. യാഥാൎത്ഥ്യങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള സാമൎത്ഥ്യമല്ല അന്നു സ്ത്രീയിൽനിന്നു പ്രതീക്ഷിക്കപ്പെട്ടിരുന്നതു്. വാസ്തവലോകത്തിൽനിന്നു രക്ഷപ്രാപിച്ചു വിശ്രമിച്ചാനന്ദിപ്പാനുള്ള ഒരു സങ്കേതമായിരുന്നു അവൾ. അതുപോയി, ഇപ്പോഴത്തെ സ്ത്രീകളുടെ നില എന്തായി? ജീവിതയുദ്ധത്തിൽ പുരുഷനോടൊപ്പം തോളോടുതോളുരുമ്മിനിന്നുകൊണ്ടു് എവിടെയും പൊരുതുവാനല്ലേ സ്ത്രീകൾ ഇന്നു സന്നദ്ധകളായി ഇറങ്ങിയിരിക്കുന്നതു്? സൌന്ദൎയ്യം, സൌകുമാൎയ്യം, ലാവണ്യം എന്നിവയുടെ നിദാനമായ സ്ത്രീ, യഥാൎത്ഥജീവിതക്ലേശങ്ങളിൽനിന്നു പിന്തിരിഞ്ഞോടുകയല്ലാ, അവയോടു നേരിട്ടുനിന്നു പൊരുതി പരിഹാരമാൎഗ്ഗങ്ങളെ കണ്ടുപിടിക്കുവാൻ സഹായിക്കുകയാണു് ചെയ്യുന്നതു്. കാവ്യാംഗനയും അതുപോലെ തന്നെ, സൌന്ദൎയ്യാഭിരുചിയുള്ളവൎക്കു കോട്ടം തട്ടാത്തവിധത്തിൽ, അഗതികളുടെ ലോകത്തിലേയ്ക്കിറങ്ങിവന്നു വേല ചെയ്യേണ്ടിയിരിക്കുന്നു. അഥവാ,

സൗന്ദര്യാദിസ്ഥിലക്ഷണങ്ങൾക്കു കോട്ടം തട്ടുന്നതായാൽക്കൂടി, സ്വധർമ്മാനുഷ്ഠാനത്തിൽ ലോപം വരുത്താതിരിക്കയാണു് വേണ്ടതു്. സ്വധർമ്മാനുഷ്ഠാനംതന്നെ ഒരു സൗന്ദര്യമല്ലയോ? എന്നിങ്ങനെയെല്ലാമാണു് ഇന്നത്തെ ജീവത്സാഹിത്യകാരന്മാരുടെ മതം.

ഭൗതികപ്രപഞ്ചത്തിലെന്നപോലെതന്നെ സാഹിത്യലോകത്തിലും പ്രകൃതിനിയമമനുസരിച്ചുള്ള പരിണാമം അനുസ്യൂതമായി വന്നുകൊണ്ടിരിക്കുന്നുണ്ടു്. ചരിത്രത്തിനു് എത്തിനോക്കുവാൻ കഴിയാത്ത പ്രാചീനകാലങ്ങളിൽ ജൃംഭിച്ചിരുന്ന മഹാസത്വങ്ങളായ വന്യമൃഗങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ ഇന്നത്തെ ശാർദ്ദൂലഗജസിംഹാദികൾ എത്രയോ ക്ഷുദ്രാകാരങ്ങളായ ജന്തുക്കൾ മാത്രമാകുന്നു. ഭാവിയിലെ മൃഗസമുദായം ആകൃതിയിൽ ഇവയെക്കാളും ചെറുതാകയില്ലെന്നു് ആർ കണ്ടു? പുരാണേതിഹാസങ്ങളിൽ വർണ്ണിച്ചുകാണുന്ന മഹാകായന്മാരും ബലിഷ്ഠന്മാരുമായ രാക്ഷസവാനരാദികളുടെ സ്ഥാനത്തു ഇന്നുകാണുന്ന ഗംഭീരന്മാർ, സ്വിഫ്ററിന്റെ Gulliver's Travels-ലെ ബ്രോബ്ഡിങ്നാഗ്നിവാസികളുടെ സമീപത്തു നില്ക്കുന്ന ലില്ലിപ്പുട്ടുനിവാസികളെപ്പോലെയല്ലയോ തോന്നുന്നതു്!

ഏകദേശം അതുപോലെയുള്ള ഒരു പരിണാമം തന്നെയാണു് സാഹിത്യത്തിലും വന്നുകൂടീട്ടുള്ളതു്. ഈശ്വരസൃഷ്ടിയിൽ കാണുന്ന ഇത്തരം പരിണാമം മനുഷ്യസൃഷ്ടി അനുസരിക്കുന്നതു സ്വാഭാവികമാണല്ലോ. രാമായണം, മഹാഭാരതം, മാഘനൈഷധാദിമഹാകാവ്യങ്ങൾ, ഇവയുടെ അനുകരണങ്ങൾ എന്നിവയ്ക്കെല്ലാം ഒരു കാലമുണ്ടായിരുന്നു. ആ കാലം പോയി, നമ്മുടെ പരിതഃസ്ഥിതികളും മനഃസ്ഥിതിയും മാറിയിരിക്കുന്നു. പഴയതിനു മഹത്വമില്ലെന്നാരും ശഠിക്കുന്നില്ല. ഇപ്പോഴും, എപ്പോഴും, അതു് അതുല്യതാസ്ഥാപിതമായ അഭിനന്ദനത്തെ അർഹിക്കുന്നതാണെന്നുള്ളതിനു സംശയമില്ല. ഈജിപ്പിലെ പിറമിഡുകളും, ഇന്ത്യയിലെ താജ്മഹാളും ആശ്ചര്യജനകങ്ങൾതന്നെ. എന്നുവെച്ചു് ചെറിയ ആസ്പത്രികളും, പള്ളിക്കൂടങ്ങളും, സത്രങ്ങളും മററും വേണ്ടെന്നുവരുമോ? പ്രാചീനവീരയോധാക്കളുടെ വില്ലും വാളും വേലും മററു പടക്കോപ്പുകളും കാഴ്ചബംഗ്ലാവുകളിൽ കണ്ടു നാം വിസ്മയപരതന്ത്രരാകാറില്ലേ? എന്നുവെച്ചു്, ഇന്നത്തെ ആയോധനങ്ങൾക്കും അവ പര്യാപ്തങ്ങളാണെന്നുള്ള അഭിപ്രായക്കാരാണു് നാം എന്നു വന്നുകൂടുന്നുണ്ടോ? കാലത്തോടൊപ്പം മുന്നോട്ടുപായുന്നതായി മനുഷ്യലോകത്തിൽ ഒരു പദാർത്ഥവുമുണ്ടെന്നു തോന്നുന്നില്ല.

## സാഹിത്യോദ്ദേശ്യത്തെപ്പററിയുള്ള ഭിന്നാഭിപ്രായങ്ങൾ.

ഇവിടെ ഒരു പൂർവ്വപക്ഷത്തിനു വഴിയുണ്ടെന്നുള്ള വാസ്തവം വിസ്മരിക്കുന്നില്ല. യുദ്ധോപകരണങ്ങളെ സാഹിത്യവിഭാഗങ്ങളോടു താരതമ്യപ്പെടുത്തുന്നതിൽ യുക്തിഭംഗമില്ലേ? ആദ്യത്തേതു പ്രയോജനകലയിലും, രണ്ടാമത്തേതു് സുകുമാരകലയിലുമല്ലേ ഉൾപ്പെടുന്നതു്? ഒന്നിന്റെ ഉദ്ദേശ്യം പ്രായോഗികമായ കാര്യസാദ്ധ്യമാണെങ്കിൽ, മററതു കേവലം രസാത്മകമാണല്ലോ. അസമാനധർമ്മങ്ങളായ അവയെ സാദൃശ്യപ്പെടുത്തുന്നതു് അനുചിതമല്ലേ? എന്നിങ്ങനെ ഒരുകൂട്ടർ വാദമുന്നയിച്ചേയ്ക്കാം. ഈ ഘട്ടത്തിൽവെച്ചാണു് സാഹിത്യനിരൂപകന്മാർ രണ്ടുകക്ഷികളായി തിരിഞ്ഞു് രണ്ടു ഭിന്നമാർഗ്ഗങ്ങളിൽക്കൂടി പ്രയാണമാരംഭിക്കുന്നതു്. സാഹിത്യത്തിന്റെ ഉദ്ദേശ്യം കേവലം രസപ്രദാനമല്ല, ചില പ്രത്യേകകാര്യങ്ങൾ സാധിക്കുന്നതിനുള്ള ഉപകരണംതന്നെയാണു് സാഹിത്യം, (Literature is merely a means to an end) എന്നിങ്ങനെ തുറന്നുപറയുന്നവർ അനേകംപേരുണ്ടു്. (Progressive Literature) ജീവത്സാഹിത്യപ്രസ്ഥാനക്കാരുടെ മതം ഇതാണെന്നു് അവർതന്നെ ഉച്ചൈസ്തരം ഉൽഘോഷിക്കുന്നു. അവരോടു വിതണ്ഡാവാദം നടത്തുന്നതു് അനാവശ്യമാണു്. ഉദ്ദേശ്യത്തെക്കുറിച്ചു അഭിപ്രായവ്യത്യാസമുള്ള സാഹിത്യകാരന്മാർ ഭിന്നങ്ങളായ പ്രാപ്യസ്ഥാനങ്ങളെ ലക്ഷ്യമാക്കിക്കൊണ്ടു പുറപ്പെടുന്ന സാംയാത്രികന്മാരെപ്പോലെയാണു്. രണ്ടുകൂട്ടരും രണ്ടുവഴിക്കു പൊയ്ക്കൊള്ളട്ടെ എന്നുവെയ്ക്കുകയായിരിക്കും ഉത്തമം.

ഇങ്ങനെ സാഹിത്യലോകസഞ്ചാരികൾ വേർതിരിഞ്ഞുനിന്നുകൊണ്ടു ഭിന്നമാർഗ്ഗങ്ങളിൽക്കൂടെ അവരുടെ പ്രതിഭയെ വ്യാപരിപ്പിക്കുന്നതിനാൽ ലോകത്തിനാകപ്പാടെ ഗുണമല്ലാതെ ദോഷമൊന്നും വരുവാനുണ്ടെന്നു തോന്നുന്നില്ല. വൈവിധ്യമെന്നതു വളർച്ചയുടെ ലക്ഷണമാകുന്നു. ഈശ്വരസൃഷ്ടിയായ ഈ പ്രപഞ്ചത്തിൽത്തന്നെ കാലഗതിയനുസരിച്ചു് എത്രയെത്ര വ്യത്യാസങ്ങളാണു് വന്നുകൊണ്ടിരിക്കുന്നതു്! എന്നിട്ടാണോ പിന്നെ, മനുഷ്യസൃഷ്ടിയായ സാഹിത്യം പഴയമട്ടിൽനിന്നു വ്യതിചലിക്കാതിരിക്കണമെന്നു ശഠിക്കുന്നതു്! പ്രകൃതിയിൽപോലും കുന്നു കുഴിയായിട്ടും, സ്ഥലം ജലമായിട്ടും, കാടു നാടായിട്ടും, ഇവയെല്ലാം ക്രമേണ നേരെ മറിച്ചും, എത്ര മാററങ്ങൾ അനുദിനം വന്നുകൊണ്ടിരിക്കുന്നു. പിന്നെയാണോ സാഹിത്യസ്വഭാവംമാത്രം മാറിക്കൂടാ എന്നു മർക്കടമുഷ്ടി പിടിക്കുന്നതു്!

## പൂർവ്വസങ്കേതങ്ങൾ.

ലോകം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നതോടുകൂടി, അതിനെ നടത്തുന്ന ശക്തികളുടെ പ്രതിഫലനമോ പ്രകാശനമോ ആയ സാഹിത്യവും മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകതന്നെ ചെയ്യുന്നു. സജീവമായ ഏതു സാഹിത്യത്തിന്റെയും ഒരു ലക്ഷണമാണിതു്. ഈ തത്വമനുസരിച്ചു നോക്കുമ്പോൾ, ലോകത്തിലെന്നപോലെ സാഹിത്യത്തിലും ഇന്നു കാണുന്ന ഒരു പ്രധാനസംഗതി പരമ്പരാഗതങ്ങളായ പഴയ സിദ്ധാന്തങ്ങളേയും സ്ഥാപനങ്ങളേയും പാടേ ധ്വംസിച്ചുകളയുവാനുള്ള വാശിയോടുകൂടിയ അത്യുഗ്രസംരംഭമാകുന്നു. ഇതും സജീവമായ സാഹിത്യഗതിയുടെ ഒരു സ്വാഭാവികാംശമായിട്ടാണു് നാം കണക്കാക്കേണ്ടതു്. പൂർവ്വസങ്കേതങ്ങളെങ്ങനെയാണുണ്ടായിട്ടുള്ളതെന്നൊന്നാലോചിച്ചു നോക്കുക. ഇന്ദ്രനും, ഐരാവതവും, കല്പവൃക്ഷവും, കാമധേനുവും, അപ്സരസ്ത്രീകളും, ശശധരനും, ഹരിണാങ്കനും, കുമുദിനീവല്ലഭനും, കമലിനീകാന്തനും, കരടീകോകചാതകാദികളും മററും മററുമെല്ലാം പണ്ടുണ്ടായിരുന്ന ഏതാനും ചില കവികളുടെ ഭാവനാസന്താനങ്ങളല്ലേ? ആ കവികളുടെ പ്രതിഭാമുദ്രാങ്കിതങ്ങളായ സ്റ്റാമ്പുകളോ നാണ്യങ്ങളോ അല്ലേ അവ? പഴയ സ്റ്റാമ്പുകളും നാണ്യങ്ങളും ഏറെനാൾകഴിയുമ്പോൾ പുതിയവയ്ക്കു വഴികൊടുത്തു പ്രചാരലുപ്തങ്ങളാകാറില്ലേ? അനന്തരകാലങ്ങളിലെ പ്രതിഭാശാലികളായ കവികൾ എന്തുകൊണ്ടാണു് പുതിയ നാണ്യങ്ങളും സ്റ്റാമ്പുകളും സ്വമനോധർമ്മമുദ്രയോടുകൂടി പുറത്തിറക്കുവാൻനോക്കാത്തതു്? സാമഗ്രികളെല്ലാം എല്ലാകാലത്തും പ്രപഞ്ചത്തിലുണ്ടു്; മുദ്രമാത്രമേ ആവശ്യമുള്ളു; അതൊട്ടില്ലായ്കയുമില്ല; ഉപയോഗിക്കുന്നില്ലെന്നുമാത്രം!

അതുപോലെതന്നെ കാവ്യനാടകാദികളെ നിർമ്മിക്കുന്നതിലും അനേകം പഴയ സങ്കേതങ്ങൾ കടന്നുകൂടീട്ടുണ്ടെന്നു സുവിദിതമാകുന്നു. ഇവയെല്ലാം എല്ലാകാലത്തും അത്യാവശ്യങ്ങളാണെന്നു വാദിക്കുന്ന മാമൂൽപ്രിയന്മാരുണ്ടെങ്കിൽ, അവർ അനുകമ്പാർഹന്മാർതന്നെയാണു്. കാവ്യശരീരത്തിന്റെ കാലാനുപാതികമായ വളർച്ചയിൽ പ്രകൃതിനിയമമനുസരിച്ചു് ഒട്ടേറെനാൾ ചെല്ലുമ്പോൾ, ചില പ്രത്യേകാവയവങ്ങൾക്കു കർമ്മലോപവും ശോഷണവും വന്നുകൂടുകയും, അവ മിക്കവാറും നിരുപയോഗങ്ങളായിത്തീരുകയും ചെയ്യുന്നു. ഇങ്ങനെയുള്ള മൃതാംഗങ്ങളെ വീണ്ടും വീണ്ടുമെടുത്തു താലോലിച്ചുപോരുന്നതു കേവലം പൂർവ്വസങ്കേതഭ്രമംകൊണ്ടല്ലെങ്കിൽ പിന്നെന്തുകൊണ്ടാണു്?

## പഴയ മഹാകാവ്യങ്ങൾ

എന്നുവെച്ചു്, ഇന്നത്തെ ചില ജീവത്സാഹിത്യഭ്രമക്കാർ പണ്ടത്തെ മഹാകാവ്യങ്ങൾ അസംബന്ധമയങ്ങളാണെന്നുംമററും ജല്പിക്കുന്ന തീർപ്പിനോടു യോജിക്കുവാനും നിവൃത്തിയില്ല. തലതിരിഞ്ഞ ഒരുവക പഴമഭ്രമമുണ്ടെങ്കിൽ, തലതിരിഞ്ഞ ഒരുവക പുതുമഭ്രമവുമുണ്ടു്. രണ്ടിന്റെയും ഫലം ഏകദേശം തുല്യമാണുതാനും—രണ്ടും തത്വഗ്രഹണത്തിനു് ഒരുപോലെ ബാധകമാകുന്നു.

ഒരുദാഹരണംകൊണ്ടു് ഇതു വെളിവാക്കാം. മഹാകാവ്യമെന്നതു വാസ്തവത്തിൽ ഒരു "മുറജപ"സ്സദ്യയാണു്; അതിലില്ലാത്ത വിഭവങ്ങളില്ല; ഏതു രുചിവിശേഷക്കാൎക്കും അനുസരിച്ചുസ്വദിക്കുവാനുള്ള വക അതിലുണ്ടു്. രുചിഭേദമനുസരിച്ചു വേണ്ടതെടുത്താസ്വദിച്ചു സ്വദിക്കാം. ഒന്നുമാത്രം വേണം—ക്ഷമ. ഒന്നോരണ്ടോ നിമിഷംകൊണ്ടെല്ലാം വാരിയെടുത്തുള്ളിലാക്കണമെന്നുണ്ടെങ്കിൽ, അതിനുള്ള സൗകൎയ്യം ഇവിടെയില്ല. സദാ തിടുക്കപ്പെട്ടുകൊണ്ടിരിക്കുന്ന "പരക്കമ്പാച്ചിലു"കാരായ ഉപരിപ്ലവബുദ്ധികൾക്കുള്ളതല്ലാ ഇതു്. "മാസ്സിൻ ചലഃ ചെലതു."

ലോകത്തിലെ മഹാകാവ്യങ്ങളെല്ലാം, ഇതുപോലെ, വിദ്വാന്മാൎക്കോ വിദ്യാലോലുപന്മാൎക്കോ, ക്ഷമയോടുകൂടി ധാരാളം സമയം നീക്കിവെച്ചു്, സാവധാനം സ്വാദുനോക്കി "അയവിറക്കി" രസിക്കുവാനുള്ളവയാണു്. അതിനു സൗകൎയ്യമില്ലാത്തവർ പ്രസ്ഥാനാന്തരങ്ങളെ ശരണീകരിക്കുകതന്നെവേണം.

സാഹിത്യധ്വംസകങ്ങളാണു് പരമ്പരാഗതങ്ങളായ പൂൎവ്വസങ്കേതങ്ങളെല്ലാം എന്നു പറയുന്നതും ശരിയല്ല. ജീവിതത്തിലെന്നപോലെ തന്നെ സാഹിത്യത്തിലും പൂൎവ്വസങ്കേതങ്ങൾക്കൊരു സ്ഥാനമുണ്ടു്. പൂൎവ്വസങ്കേതങ്ങളെ ആരാധിക്കുന്നതിൽ ആംഗ്ലേയർ അദ്വിതീയന്മാരാണു്. അവരുടെ സാമുദായികമൎയ്യാദാപരിപാടിയിലെ ഒരു പ്രധാനഘടകമായ (Banquet) ഭോജനോത്സവത്തിന്റെ ക്രമമൊന്നു പരിശോധിച്ചുനോക്കുക. വേഷവിധാനങ്ങൾ, പ്രവേശനിഷ്ക്രമണങ്ങൾ, ആസനവിനിവേശക്രമം, സംഭാഷണരീതി, എന്നുവേണ്ട ഭക്ഷ്യപേയാദികളുടെ വൈവിധ്യമൊഴിച്ചു മററെല്ലാംതന്നെ, ഒരേകരുവിൽ വാൎത്തെടുത്തതുപോലെ അത്ര സങ്കേതാനുസ്യൂതമായിരിക്കും. എങ്കിലും ആ സാമുദായികച്ചടങ്ങു സരസമല്ലെന്നവർ പറയുമോ? അതുപോലെ സാഹിത്യത്തിലും സങ്കേതാനുസരണംകൊണ്ടു സ്വാരസ്യം നശിച്ചുപോകണമെന്നില്ല. സ

ങ്കേതാനുസരണം കാവ്യപുഷ്ടിക്കവേണ്ടിയുള്ളതാണ്, അല്ലാതെ കാവ്യനിമ്മാണം സങ്കേതപുഷ്ടിക്കവേണ്ടിയുള്ളതല്ല, എന്ന തത്ത്വം ശരിയായി ഗ്രഹിച്ചു പ്രവത്തിച്ചാൽ ദോഷമൊന്നും വരുവാനില്ലെന്നു സ്പഷ്ടമാണ്.

## വൃത്തം.

വേഷവിധാനത്തെപ്പററി പറഞ്ഞപ്പോഠം ഓമ്മയിൽവന്നതായ ഒരു സംഗതികൂടി ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അതു വൃത്തത്തെസംബന്ധിച്ചുള്ളതാണ്. മലയാളകവികഠം സംസ്കൃതവൃത്തങ്ങളിൽ കവനംചെയ്യുന്നതു്, നമ്മുടെ രാജ്യക്കാർ ആംഗ്ലേയരുടെ ഉടുപ്പിട്ടു നടക്കുന്നതുപോലെ പലപ്പോഴും തോന്നാറുണ്ടു്. അടുത്തകാലംവരെ പാശ്ചാത്യവസ്ത്രധാരണരീതിക്കു നമ്മുടെ നാട്ടിൽ പ്രത്യേകമൊരു ഗാംഭീയ്യം കല്പിക്കപ്പെട്ടിരുന്നു. ഔപചാരികസന്ദഭങ്ങളിലെല്ലാം പ്രാമാണികവേഷവിധാനവും അതനുസരിച്ചുതന്നെയായിരുന്നു. അതിന്റെ ഭാരവും ക്ലേശവും സ്വാതന്ത്ര്യഭഞ്ജകസ്വഭാവവുംമററും പലക്കും അനുഭവവേദ്യമായിരുന്നു. അങ്ങനെയൊക്കെയാണെങ്കിലും, സാങ്കേതികരീത്യാ അതിനോടൊരു പക്ഷപാതം സാമാന്യേന പ്രത്യക്ഷമായിരുന്നു. നിത്യപരിചയംകൊണ്ടു പലക്കും അതു് അക്ലിഷ്ടമായിത്തോന്നിയിരുന്നു എന്ന വാസ്തവവും നാം വിസ്മരിച്ചുപോകരുതു്. ഇതു വക്താവിനെപ്പോലെ പലക്കും ആയതു കൂടുതൽ സ്വാതന്ത്ര്യപ്രദവും സൗകയ്യകരവുമായിപ്പോലും തോന്നിയിരിക്കണം. സംസ്കൃതവൃത്തങ്ങളിൽ കേരളീയർ കവനം ചെയ്തിരുന്നതു് ഏകദേശം ഇങ്ങനെയൊക്കെത്തന്നെയാണ്. ഇയ്യിടെയായിട്ടു് അതിനൊരു വലിയ മാററംവന്നിരിക്കുന്നു. വ്യക്തിയുടെ ആന്തരമഹത്ത്വത്തെ പ്രഖ്യാപനംചെയ്യുന്നതിനു പാശ്ചാത്യവേഷാഡംബരം ഒട്ടുംതന്നെ ആവശ്യമില്ലെന്നും, നേരെമറിച്ചു്, പലപ്പോഴും അന്തസ്സാരശൂന്യതയെ ആവരണംചെയ്യുവാനാണ് അതു് ഉപകരിക്കുന്നതെന്നും മററുമൊരു ധാരണ പ്രചരിക്കുവാൻതുടങ്ങി. അതോടുകൂടി, ചേഷ്ടാസ്വാതന്ത്ര്യം, എളുപ്പം, ആദായം, ലാഘവം, സാരള്യം, ലാളിത്യം, ജനസാമാന്യപ്രാപ്യത എന്നിവക മെച്ചങ്ങഠം തികഞ്ഞ (National Dress) ദേശീയവസ്ത്രധാരണപ്രസ്ഥാനത്തിനു പ്രാബല്യംകിട്ടി. ദ്രാവിഡവൃത്തപ്രസ്ഥാനത്തിന്റെ ഇന്നത്തെ പ്രാചുയ്യം ഏകദേശം ഇതിനോടു സാദൃശ്യംവഹിക്കുന്നുണ്ടു്. സ്വാച്ഛന്ദ്യവും സ്വച്ഛതയും മാത്രാവൃത്തത്തിൽ ഛന്ദോവൃത്തത്തേക്കാഠം കൂടുമായിരിക്കാം; പക്ഷേ, ഒരു ഉൽഭടവും അതോടൊപ്പം കാണുന്നുണ്ടു്. കൃതിയുടെ ആന്തരമായ ഗുണദോഷങ്ങളെ ഏററക്കുറച്ചിലോ മാററംമറിച്ചിലോകൂടാതെ അങ്ങനെതന്നെ പ്രകാശി

പ്പിക്കുവാൻ ദ്രാവിഡവൃത്തങ്ങൾക്കു സംസ്കൃതവൃത്തങ്ങളേക്കാളധികം കഴിവുള്ളതുകൊണ്ട്, വാസ്തവത്തിൽ മഹത്വം ഉള്ളിലുണ്ടെങ്കിൽമാത്രമേ, ദേശീയവസ്ത്രംധരിച്ചു നടക്കുന്ന വ്യക്തിയെപ്പോലെ, ദ്രാവിഡവൃത്തകവനത്തിനും ലോകസമക്ഷം ശോഭിക്കുവാൻ സാധിക്കുകയുള്ളു.

ആകപ്പാടെ എന്തുകൊണ്ടുനോക്കിയാലും, ഇന്നു സാഹിത്യത്തിന്റെ പരിധികൾ പണ്ടത്തെക്കാൾ ഇലോം വിസ്തൃതങ്ങളാക്കേണ്ടതായിട്ടാണിരിക്കുന്നത്. എന്നുമാത്രമല്ല, സാങ്കേതികാർത്ഥത്തിലുള്ള പഴയ നിർവ്വചനങ്ങൾ ഇനിമേൽ സാഹിത്യത്തിനു പൂർണ്ണമായി യോജിക്കുമോ എന്നുതന്നെ സംശയിതവ്യമാകുന്നു. കാലാന്തരാധേനയുള്ള വളർച്ചയനുസരിച്ചു മേല്ക്കുമേൽ സങ്കുലമായിത്തീർന്നുകൊണ്ടാണ് സാഹിത്യത്തിന്റെ ഗതി. ലോകത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന അഭിവൃദ്ധിയും വികാസവും ലോകപ്രതിബിംബമായ സാഹിത്യത്തിൽ നിഴലിച്ചുകാണാതെ നിവൃത്തിയില്ല. ജീവിതത്തിനൊട്ടാകെ വിസ്താരവും വികാസവും വർദ്ധിച്ചുവരുമ്പോൾ ജീവിതത്തിൽ വേരൂന്നിനില്ക്കുന്ന സാഹിത്യത്തിനും അതനുസരിച്ചുള്ള വൈപുല്യവും വ്യാപ്തിയും വർദ്ധിക്കാതിരിക്കുമോ?

അതിനുംപുറമേ, കൃത്രിമങ്ങളോ യാന്ത്രികങ്ങളോ ആയ നിയമങ്ങളെക്കൊണ്ടു വാസനയുടെ സച്ഛന്ദവ്യാപാരത്തെ തടയുവാൻ നോക്കുന്നതും വ്യർത്ഥമാകുന്നു. ശരിയായ സാഹിതി "നിയതികൃതനിയമരഹിത" തന്നെയാണ്. കേവലം പരമ്പരാഗതമോ സാങ്കേതികമോ ആയ നിയമസംഹിതയെമാത്രം മുമ്പിലെടുത്തുവെച്ച് ഉൽകൃഷ്ടവാസനാനുഗൃഹീതരായ സാഹിത്യകാരന്മാരുടെ കൃതികളെ അതിനോട് ഒത്തുനോക്കിക്കൊണ്ടിരിക്കുന്ന വിമർശകനെ, കണ്ണാടിയുടെ മുമ്പിലിരുന്ന് അതിൽ തന്റെ മുഖം ബിംബിച്ചുകാണുന്നതിനെമാത്രം സദാ നോക്കിക്കൊണ്ടിരിക്കുന്ന സുന്ദരവിഡ്ഢിയോടാണ് സാദൃശ്യപ്പെടുത്തേണ്ടത്.

ഇങ്ങനെ സാഹിത്യമണ്ഡലം വിവൃതമായി വികാസംപ്രാപിക്കുന്നതു സർവ്വഥാ ആശാസ്യംതന്നെ. പക്ഷേ അതോടുകൂടി ഒരു സംഗതികൂടി ഓർക്കേണ്ടതായിട്ടുണ്ട്. സാഹിത്യമെന്നതു് ഒരു സുകുമാരകലയാണ്. അതനുസരിച്ച് അതിന്റെ ആകൃതിക്കു കലാപരമായ രാമണീയകം എപ്പോഴുമുണ്ടായിരിക്കണം. സ്ത്രീ ഏർപ്പെടുന്ന കർമ്മമണ്ഡലം ഏതുതന്നെയായാലും സ്ത്രീത്വം മുഴുവൻ കളഞ്ഞു കുളിക്കാതിരുന്നാൽ കൊള്ളാം എന്നു സാരം. എന്നുവെച്ച്, സൗന്ദര്യത്തിനുവേണ്ടി വളർച്ചയെ തടയുകയുമരുത്. സംസ്കൃതാനുകരണംനിമിത്തം മലയാളത്തിൽ ഈ ദോഷം കുറച്ചൊക്കെ പററീട്ടുണ്ട്. കവിതയുടെ ആകാരഭംഗിയിൽ മതിമയങ്ങി

വിസ്താരത്തിനുവേണ്ടി പ്രയത്നിക്കാത്തവരായി അനേകം കാവ്യകാരന്മാർ മലയാളത്തിൽ ഇക്കഴിഞ്ഞ തലമുറവരെ സർവ്വോൽകർഷേണ വർത്തിച്ചിരുന്നു. ഇന്നിതാ ആ പ്രസ്ഥാനത്തിൽനിന്നൊരു തിരിച്ചടി തുടങ്ങിയിരിക്കുന്നു. അതിന്റെ ഫലങ്ങളിലൊന്നാണ് "ജീവത്സാഹിത്യസംരംഭം." സാഹിത്യസാമ്രാജ്യം വിസ്തൃതവും പൊതുജനഭരണവിധേയവും ആക്കിത്തീർപ്പാനുള്ള ഇന്നത്തെ യുവലോകപരിശ്രമം സർവ്വഥാ ശ്ലാഘ്യമായിട്ടുള്ളതുതന്നെയാണ്. അതോടുകൂടി എന്നെന്നേയ്ക്കും മനോഹരമാക്കിത്തീർക്കേണ്ടതിന് വേണ്ടുന്ന കലാകൗശലംകൂടി സമ്പാദിക്കുവാനും ഉത്സാഹശാലികളായ ജീവത്സാഹിത്യകാരന്മാർ ശ്രമിക്കേണ്ടതാണ്. ഏതായാലും ഇന്നത്തെ നിലയ്ക്ക് നമ്മുടെ സാഹിത്യത്തിന്റെ ഗതിയെക്കുറിച്ച് ഒട്ടുംതന്നെ നിരാശപ്പെടുവാനുണ്ടെന്നു തോന്നുന്നില്ല. നേരെമറിച്ച്, ഇന്നുകാണുന്ന അസംതൃപ്തിയും അക്ഷമയും പ്രസരിപ്പും പ്രക്ഷോഭവും, വിപ്ലവംതന്നെയും, ഭാവിശ്രേയഃപിശുനമായ ചൈതന്യലക്ഷണങ്ങളായിരിക്കുന്നതാകയാൽ നമുക്കു സ്വയം അഭിമാനിക്കുകയും അനുമോദിക്കുകയും ചെയ്യാവുന്നതാണ്. "രസം"വററി വരണ്ടുകിടക്കുന്ന പലപലത്തിൽ വർഷാരംഭസമയത്തുണ്ടാകുന്ന കലക്കം ഏതുപോലെയോ, അതുപോലെമാത്രമേ, ഇന്നുകാണുന്ന പ്രക്ഷോഭത്തെ നാം കരുതേണ്ടതുള്ളൂ. വിദേശീയസാഹിത്യസമ്പൂരവർഷാപാതത്താൽ മലയാളസാഹിത്യപലപലം രസപൂർണ്ണമായിത്തീരുന്ന ഒരു ഘട്ടംതന്നെയാണിത്. ഇതിനെക്കുറിച്ച് നമുക്കു കണ്ടിടത്തോളമധികം പ്രത്യാശയ്ക്കുതന്നെയാണ് വഴിയുള്ളത്.

## III. ശാസ്ത്രം, വിവർത്തനം.

(മോൺസിഞ്ഞോർ ജെ. പാലാക്കാരൻ എം. എ.)

### പൂർവ്വസ്മരണ.

പഴയ ഭാഷാപോഷിണിസഭയുടെ ഉത്ഭവസ്ഥാനമായ കോട്ടയം പട്ടണത്തിലാണല്ലോ ഇക്കുറി പരിഷത്തിന്റെ വാർഷികമഹോത്സവം നടക്കുന്നത്. ഇത് ആ സഭയേയും അതിന്റെ ചരിത്രത്തേയും സംബന്ധിച്ച പല സ്മരണകളും നമ്മിൽ ഉദിപ്പിക്കാൻ പ്രത്യേകം പ്രേരകമായിത്തീർന്നിരിക്കുന്നു. കേരളീയരുടെ ഇടയിൽ സാഹിത്യാഭിരുചിക്ക് അനല്പവും അഭൂതപൂർവ്വവുമായ ഉണർച്ചയുണ്ടാകുന്നതിനും അനവധി

വിദ്വാന്മാരെയും കവികളെയും രംഗത്തിൽ അണിയിച്ചിറക്കി അവരുടെ അഭിനയവിശേഷങ്ങളാൽ ഭാഷാസാഹിത്യഭണ്ഡാഗാരത്തിൽ പുതിയ മുതൽക്കൂട്ടുകൾ വളരെ വൎദ്ധിപ്പിക്കുന്നതിനും ആ സഭയുടെ ജീവിതം അത്യധികം സഹായിച്ചിട്ടുണ്ടെന്നുള്ളതിനു തൎക്കമില്ല. വിധിവൈപരീത്യത്താൽ അചിരേണ ആ വിദ്വജ്ജനസംഘടന ശിഥിലീഭവിക്കയും ചൈതന്യശൂന്യമായിപ്പരിണമിക്കയുംചെയ്തു. എന്നിരുന്നാലും അതിന്റെ ജനയിതാവും രക്ഷിതാവുമായിരുന്ന രാജശ്രീമാൻ കണ്ടത്തിൽ വൎഗ്ഗീസുമാപ്പിള അവർകളുടെ ചേതന ഈ പുതിയ സംരംഭത്തെ നോക്കി സമാശ്വസിക്കയും ആനന്ദപുളകം പൂണ്ടനുഗ്രഹിക്കയും ചെയ്യുന്നുണ്ടെന്നു സമാധാനിക്കാം. ഏതു ഭാഷയുടെയും സാഹിത്യത്തിന്റെയും ഉചിതമായ പുരോഗതിയ്ക്കു പണ്ഡിതപരിഷത്തുകളുടെ സാരഥ്യം സാരവത്തായ അവലംബമാണു്. പശ്ചിമഖണ്ഡത്തിലെ പ്രഖ്യാതമായ ഫ്രഞ്ച് അക്കാഡമി, ആൎയ്യാവൎത്തത്തിലെ വിക്രമാക്കസദസ്സ്, കേരളത്തിലെ തളിയിൽത്താനം മുതലായ സമിതികളുടെ ചരിത്രം പരിശോധിച്ചാൽ ഈ സംഗതി സ്പഷ്ടമായി മനസ്സിലാകാം. സാഹിത്യമണ്ഡലത്തിൽ സൎവ്വസമ്മതമായ ആധിപത്യം വഹിച്ചു് അതിലെ വ്യാപാരങ്ങൾ യഥോചിതം നിയന്ത്രിക്കുന്നതിനും, ജനങ്ങളുടെയിടയിൽ കാവ്യകലാഭിരുചി മേല്ക്കുമേൽ പരിഷ്കരിച്ചു പരത്തുന്നതിനും, ഉത്തമവിമൎശനങ്ങൾകൊണ്ടു ഗ്രന്ഥങ്ങളുടെ ഉച്ചനീചത്വങ്ങൾ വെളിപ്പെടുത്തി സൽഗ്രന്ഥങ്ങൾക്കു പ്രതിഷ്ഠയും പ്രചാരവും ഉണ്ടാക്കുന്നതിനും, വിജ്ഞാനത്തിന്റെയും കലാവിധാനത്തിന്റെയും സരണികൾ നൂതനമായി ഉൽഘാടനം ചെയ്യുന്നതിനും, ഇങ്ങനെയുള്ള സമിതികൾക്കു് അനന്യസുലഭമായ ശക്തിയും സൗകൎയ്യവുമുണ്ടു്. ഏതന്നിമിത്തം ആധുനികകേരളത്തിൽ ഇദംപ്രഥമമായവതരിച്ച ആ സാത്വികവിദ്വൽസമാജത്തിന്റെ അകാലചരമം ഭാഷാപ്രണയികൾക്കു് അത്യധികം സങ്കടകരമായിത്തീൎന്നതിൽ അത്ഭുതപ്പെടാനില്ല; എങ്കിലും ഭാഗ്യവശാൽ ഈ പരിഷത്തിന്റെ ആവിൎഭാവത്തോടുകൂടി അതിനൊരു പ്രശാന്തിയുണ്ടായിരിക്കുന്നു. ഭാഷയ്ക്കു ഭാസുരമായ ഭാവി സൃഷ്ടിക്കാൻ ഈ സമിതി പൂൎവ്വാധികം പൎയ്യാപ്തമാകുമെന്നു നമുക്കു് ഔൽസുക്യത്തോടുകൂടി പ്രതീക്ഷിക്കാം.

ഈ അഭിലാഷം സഫലമാകാൻ വേണ്ടകാൎയ്യങ്ങളും കരുക്കളും ഈ പരിഷത്തിനു് എത്രത്തോളം കൈവന്നുകഴിഞ്ഞിട്ടുണ്ടെന്നും ഇനി ഉപാൎജ്ജിക്കേണ്ടുകൂട്ടങ്ങൾ എന്തെല്ലാമാണെന്നും, അല്പം മനസ്സിരുത്തി ചിന്തിക്കേണ്ടതു് ഈ സന്ദൎഭത്തിൽ നമ്മുടെ ചുമതലയാണു്.

### വർത്തമാനസംരംഭങ്ങൾ.

ആണ്ടിലൊരിക്കൽ എവിടെവെച്ചെങ്കിലും ഓരോ സമ്മേളനം നടത്തുക, കൊല്ലത്തിൽ മൂന്നോ നാലോ തവണവീതം ഒരു പത്രസഞ്ചിക പ്രസിദ്ധപ്പെടുത്തുക, എന്നീരണ്ടുകാര്യങ്ങൾ മാത്രമാണ് ഇപ്പോൾ പരിഷത്തു നിർവ്വഹിക്കുന്ന പ്രവൃത്തികൾ. ഇവതന്നെയും പരാശ്രയംകൂടാതെ നിർവ്വിഘ്നം പാലിച്ചുകൊണ്ടുപോകാൻ വേണ്ടശക്തി അദ്യാപി അതിനു കൈവന്നിട്ടില്ല. ഇപ്പോൾ നടക്കുന്ന പ്രസ്തുത പരിശ്രമങ്ങളുടെ ഫലമാകട്ടെ, പരിമിതമായുമിരിക്കുന്നു. പ്രതിവർഷം വളരെപ്പണം ചിലവുചെയ്തു കൊണ്ടാടുന്ന സമ്മേളനങ്ങൾകൊണ്ടു സഹൃദയന്മാർക്കു പരസ്പരം പരിചയം സമ്പാദിക്കുന്നതിനും, അഭിപ്രായങ്ങൾ വിനിമയം ചെയ്യുന്നതിനും, വിശേഷസൗകര്യം സിദ്ധിക്കുന്നുണ്ടെന്നുള്ളതു വാസ്തവമാണ്. കൂടാതെ ജനങ്ങളിൽ സാഹിത്യസ്മരണ ഉജ്ജീവിപ്പിക്കുന്നതിനും ഇതൊരുവിധം ഉപകരിക്കുന്നുണ്ടെന്നു പറയാം. എന്നിലും കർമ്മപദ്ധതിയിൽ കാൽവെയ്ക്കാത്ത കാലത്തോളം ഈവക യോഗങ്ങളും സമ്മേളനങ്ങളുംകൊണ്ടു മേല്പറഞ്ഞതിൽ കവിഞ്ഞു കാര്യമായി വല്ലപ്രയോജനവും ഉണ്ടാകുമോ എന്ന സംഗതി സംശയഗ്രസ്തമാകുന്നു. പരിഷത്തിന്റെവക ത്രൈമാസികമാകട്ടെ അപ്രകാശിതങ്ങളായ പഴയ പദ്യകൃതികൾ രംഗത്തിറക്കാനുള്ള ഒരു സാമഗ്രിമാത്രമായിട്ടാണ് ഇപ്പോൾ വർത്തിക്കുന്നതു്. ഈ വിഷയത്തിൽ മഹാകവി ഉള്ളൂർ എത്രയും പ്രശംസാർഹനാണെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ അഭിനവങ്ങളായ ഗവേഷണരഹസ്യങ്ങൾ, ഉത്തമനിരൂപണങ്ങൾ, ശാസ്ത്രീയലേഖനങ്ങൾ മുതലായവയാണ് ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾക്ക് അത്യന്തം ഇണങ്ങിയ ഭൂഷണങ്ങളെന്നു നാം മനസ്സിലാക്കണം. വിജ്ഞാനഭിക്ഷുക്കളായ ഇന്നത്തെ ആളുകളുടെ വിവിധ ജിജ്ഞാസകളെ സന്തർപ്പണംചെയ്വാൻ ഈദൃശോപന്യാസങ്ങളുടെ ആവശ്യം ഇപ്പോൾ ഒഴിച്ചുകൂടാത്തതായിത്തീർന്നിട്ടുണ്ടു്. ആകയാൽ ഉചിതമായ ചില കർമ്മമാറ്റങ്ങൾ പുതുതായി കണ്ടുപിടിച്ചു്, തദ്വാരാ പരിഷത്തിന്റെ വർത്തമാനസംരംഭങ്ങളെത്തന്നെയും കൂടുതൽ ഫലപ്രദമാകത്തക്കവിധം പരിഷ്കരിക്കയും വിപുലീകരിക്കയും ചെയ്യേണ്ടകാലം ആസന്നമായിരിക്കുന്നു. ഇക്കാര്യം സംബന്ധിച്ചു് എനിക്കുള്ള ചില അഭിപ്രായങ്ങൾകൂടി ഇവിടെ പ്രസ്താവിക്കാം.

### ഒരു ഗവേഷണമന്ദിരം

പരിഷ്കൃതരാജ്യങ്ങളിൽ ഇത്തരം വിദ്വൽസമാജങ്ങൾ അനവധിയുണ്ട്. അവയെ ശാശ്വതീകരിക്കയും ഉപര്യുപരി പ്രശസ്തവും പ്രയോജനകരവുമാക്കിത്തീർക്കയും ചെയ്തിട്ടുള്ളതു് തത്തൽസംഘങ്ങളോടനുബ

ന്ധിച്ചവരായിട്ടുള്ള ഉൽകൃഷ്ടങ്ങളായ ഗവേഷണമന്ദിരങ്ങളും പ്രസിദ്ധീകരണശാലകളുമാകുന്നു. നമ്മുടെ പരിഷത്തിന്റെയും ഭാവി സുഭദ്രവും സുസ്ഥിരവുമാക്കിത്തീർക്കുന്നതിന് ഇങ്ങനെയുള്ള ഒരു സ്ഥാപനമെങ്കിലും തദ്ധീനത്തിൽ ഉണ്ടായിരിക്കേണ്ടതു് അവശ്യം ആവശ്യമാണ്. കൊച്ചി തിരുവിതാംകൂർ ഗവർമ്മെണ്ടുകളുടേയും മദ്രാസ് സർവ്വകലാശാലയുടേയും നേതൃത്വത്തിൽ ഭാഷാഭിവൃദ്ധിയെ ഉന്മുഖീകരിച്ച് ഇങ്ങനെ ഏർപ്പെടുത്തപ്പെട്ടിട്ടുള്ള ചില സ്ഥാപനങ്ങൾ ഇപ്പോൾ ഇല്ലെന്നില്ല. പക്ഷെ, അവ കൊണ്ടു പ്രതീക്ഷാർഹമായ ഗുണമൊന്നും ഉണ്ടാകുന്നില്ലെന്നു സവ്യസനം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പരിഷദ്വ്യക്തികൾ അസാരന്മാരല്ല; ഗുരിപക്ഷം അംഗങ്ങളും രാജ്യത്തിൽ പ്രാമാണ്യവും സ്വാധീനശക്തിയും ഉള്ളവരാണ്; അവർ സോത്സാഹം പരിശ്രമിച്ചാൽ പൊതുജനങ്ങളുടെ ആനുകൂല്യം ധാരാളം സമ്പാദിക്കുവാൻ കഴിയുന്നതാകകൊണ്ട്, കാലവിളംബംകൂടാതെ പ്രസ്തുതോദ്ദേശ്യം സാദ്ധ്യദശയിൽ എത്തിക്കാൻകഴിയും. ഏതൽസദൃശമായ ഒരു സംരംഭത്തെയാണല്ലോ കലാമണ്ഡലം പ്രവർത്തകന്മാരും സമാരംഭിച്ചിട്ടുള്ളതു്. അതിനുണ്ടായ ആശാനുരൂപമായ വിജയം ഇക്കാര്യത്തിൽ നമുക്കും മാതൃകയായിരിക്കുന്നതാം. സ്വപ്രയത്നംകൊണ്ട് ഇതുമാത്രമെങ്കിലും സാധിതമായാൽ സ്ഥാപനത്തിന്റെ ഭാവിസംരക്ഷണംസംബന്ധിച്ചു നമ്മുടെ ഗവർമ്മെണ്ടുകളും തക്കസഹായങ്ങൾ നല്കാതിരിക്കയില്ല. കേരളത്തിലെ ഓരോ കോണും ഇക്കാര്യത്തിൽ പ്രാദേശികമായി വല്ല ആക്ഷേപവും പുറപ്പെടുവിക്കാൻ ഇടയുണ്ടെന്നാണെങ്കിൽ, എല്ലാ കോണുകൾക്കും തുല്യാധികാരമുള്ളതായ കൊച്ചി ഹാർബറിനോടു സമീപിച്ചു ഏതെങ്കിലും സ്ഥലത്തു് ആ സ്ഥാപനം പ്രതിഷ്ഠിക്കുകയും അങ്ങനെ നിർദ്ദിഷ്ടവൈഷമ്യത്തിനു പരിഹാരമുണ്ടാക്കുകയും ചെയ്യാവുന്നതാണ്.

ഗവേഷണമെന്നു പറഞ്ഞാൽ അപ്രകാശിതകൃതികൾ പ്രസാധനംചെയ്യൽ എന്നാണെന്ന് ഒരു ധാരണയുണ്ട്. അക്കാര്യം ഭാഷാവിഷയകമായ ഗവേഷണത്തിൽ അതിപ്രധാനമായ ഒരു ഭാഗമാണെന്നു സമ്മതിക്കാം. എന്നാൽ മലയാളത്തെപ്പോലെയുള്ള ജീവൽഭാഷകളുടെ ഉന്നമനത്തെ ഉദ്ദേശിച്ചു നടത്തപ്പെടുന്ന ഗവേഷണങ്ങൾ മററു പല സംഗതികളേയും ഉന്മുഖീകരിക്കേണ്ടതാകുന്നു. ഭാഷയ്ക്കും സാഹിത്യത്തിനും പുരോഗമനത്തിനുതകുന്ന നവീനമാർഗ്ഗങ്ങൾ യഥാകാലം വെട്ടിത്തെളിയിച്ച്, അവയിൽ ഉത്തിഷ്ഠമാനന്മാരായ സാഹിത്യസേവകന്മാരെ പ്രവേശിപ്പിക്കുവാനുള്ള ഭാരം ഗവേഷണസ്ഥാപനത്തിനുള്ളതാണ്. ഇംഗ്ലീഷ്, ഫ്രഞ്ച് മുതലായ

ളള ഭാഷകളുടെ ഉൽകർഷത്തെ ഉദ്ദേശിച്ചുകൊണ്ടുള്ള പാശ്ചാത്യരാജ്യങ്ങളിലെ ഗവേഷണാലയങ്ങളുടെ കർമ്മപരിപാടി കണ്ടിട്ടുള്ളവർക്ക് ഈ അഭിപ്രായം പുത്തരിയായിരിക്കുകയില്ല. ഇതൊക്കെ തീരെ വിസ്മരിച്ചു സംസ്കൃതത്തെയോ ഗ്രീക്കിനെയോപ്പോലെയുള്ള നിർജ്ജീവഭാഷകളുടെ സംരക്ഷണാർത്ഥം ചെയ്യപ്പെടുന്ന ഗവേഷണോദ്യമങ്ങൾമാത്രം മലയാളത്തിനു മതിയെന്നു പ്രാമാണികന്മാർപോലും വിചാരിക്കുന്നതു ശോചനീയമായിരിക്കുന്നു. ഇക്കാലത്ത്, പദ്യരൂപവും സങ്കല്പജാതവുമായ കാവ്യനാടകാദികൃതികളുടെമാത്രം പെരുപ്പംകൊണ്ട് യാതൊരു ജീവൽഭാഷയും പരിഷ്കൃതമായ പുരോഗതി പ്രാപിക്കയില്ല. ഇതു ഗദ്യത്തിൻെറയും അഭിനവവിജ്ഞാനങ്ങളുടെയും യുഗമാണെന്ന് ഈയിടെ നിര്യാതനായ എൻെറ മാന്യസ്നേഹിതൻ ശ്രീമാൻ ഈ. വി. ഒരിക്കൽ തൃശ്ശൂർവെച്ചു പറഞ്ഞതു ഞാൻ ഈ അവസരത്തിൽ സന്തോഷസന്താപാശ്രുക്കൾ ഒപ്പം വാർത്തുകൊണ്ട് അനുസ്മരിക്കുന്നു. കഥകളും കവിതകളും വായിക്കുന്നതിനേക്കാൾ ദേശം, രാഷ്ട്രം, സമുദായം, ജീവിതം, സംസ്കാരസമ്പത്ത്, കലകൾ, ശാസ്ത്രങ്ങൾ, തൊഴിലുകൾ മുതലായ മുഖ്യവിഷയങ്ങളെക്കുറിച്ചുള്ള അറിവാണ് ഇന്ന് അത്യാവശ്യമായിത്തീർന്നിരിക്കുന്നത്. ഇതു സാധിക്കുന്നതിനു വിശാലമായ ഒരു ഗവേഷണപഥം വെട്ടിത്തുറന്നേ കഴിയൂ. അന്യഥാ, കേരളീയരുടെ ജീവിതഗതി പരിഷ്കൃതലോകത്തിൻെറതിൽനിന്നു വളരെ പിന്നണിയിൽ ആയിരിക്കാനേ വഴിയുള്ളൂ. മാത്രമല്ല, സ്വാഭാവികമായി ഉദിക്കുന്ന ഉൽകൃഷ്ടജിജ്ഞാസകളെല്ലാം സിദ്ധിമാർഗ്ഗത്തിൻെറ അഭാവത്താൽ വിഫലങ്ങളായിച്ചമഞ്ഞ് ആയുഷ്കാലം മുഴുവൻ നമുക്ക് അസന്തുഷ്ടിയോടുകൂടി കഴിയേണ്ടതായും വരും. ഈ പോരായ്മകളെല്ലാം നിവാരണം ഉണ്ടാക്കാനുള്ള മുഖ്യപദ്ധതിയാണ് ഉത്തമമായൊരു ഗവേഷണപ്രസ്ഥാനം. ആകയാൽ ഇതൊട്ടും സദസ്യരുടെ ശ്രദ്ധേയമായ പ്രത്യേകം വിഷയമായി ഭവിക്കേണ്ടതാണെന്നുള്ളതാണ് എൻെറ പ്രഥമനിർദ്ദേശം.

### പരിഷത്തും ഗവൺമെൻറുകളും.

മറ്റൊരു പ്രധാനസംഗതി, ഭാഷാസാഹിത്യം മലയാളവിദ്യാഭ്യാസം മുതലായവ സംബന്ധിച്ചു നമ്മുടെ ഗവൺമെൻറുകളും കലാമന്ദിരങ്ങളും നടത്തുന്ന പ്രവൃത്തികളിൽ സമസ്തകേരളസാഹിത്യപരിഷത്തിന് ഇപ്പോഴും യാതൊരു കൈയും ഇല്ലാത്തതു് അത്യന്തം അഭിമാനഹതകമായിട്ടുള്ളതാകുന്നു. മലയാളത്തിൽ പ്രധാനതരങ്ങളായ പല അദ്ധ്യയനപഥ

തികളും പരീക്ഷകളും ഗവേഷണസംരംഭങ്ങളും മററും അധികൃതന്മാർ നിഷ്കൃഷ്ടമായി ഏർപ്പെടുത്തി നടത്തിപ്പോരുന്നുണ്ട്. അവയെ നിയന്ത്രിക്കുന്നതിനു പല ബോർഡുകളും കമ്മററികളും രൂപവൽക്കരിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ അതിൽ ഒന്നിലും പരിഷത്തിനു യുക്തമായ പ്രാതിനിധ്യമാകട്ടെ, അഭിപ്രായസമർപ്പണാവകാശമാകട്ടെ, സിദ്ധിച്ചിട്ടില്ല. ഏതന്മൂലം ഈ സമിതിയുടെ ഇപ്പോഴത്തെ സ്ഥിതി അംഗീകരണവിഹീനമായിരിക്കുന്നു. ഏതാദൃശമായ ഏതൊരു വിദ്വൽപ്രസ്ഥാനത്തിനും, ഒന്നുകിൽ തദഭിപ്രായങ്ങൾക്കും പ്രവൃത്തികൾക്കും ഉള്ള നൈസർഗ്ഗികമായ വിലയും ഗൌരവവുംകൊണ്ട്—അല്ലെങ്കിൽ ഗവണ്മെൻറുകളിൽനിന്നും കലാശാലകളിൽനിന്നും ലഭിക്കുന്ന ഔദാധികാരങ്ങളുടെ വലിപ്പംകൊണ്ട്—ഇങ്ങനെ രണ്ടിൽ ഒരുവഴിക്കല്ലാതെ ആന്തരശക്തിയും ജനസമ്മതിയും സമ്പാദിക്കാൻ കഴിയുന്നതല്ല. ഇവയിൽ ആദ്യത്തെ മാർഗ്ഗമാണ് ഉത്തമമായി എണ്ണപ്പെടേണ്ടതെങ്കിലും, ഒരു സാരംഭ അവസ്ഥയിൽ എത്താൻ പല വിശിഷ്ടസാഹചര്യങ്ങളും ഇണങ്ങിച്ചേരേണ്ടതായിട്ടുള്ളതിനാൽ പരിഷത്തിന് അതേവഴിക്കുതന്നെ വേഗത്തിൽ ഉയച്ചപ്രാപിക്കാമെന്നു കരുതുന്നതു് പ്രായോഗികമായിരിക്കയില്ല. മറിച്ചു്, രണ്ടാമത്തെ മാർഗ്ഗമാകട്ടെ അത്രത്തോളം ദുഷ്പ്രാപമല്ലതാനും. അതുകയാൽ നമ്മുടെ മാതൃഭാഷയെയും സാഹിത്യത്തെയും സ്പർശിക്കുന്നതായി ഗവണ്മെണ്ടുകളും കലാശാലക്കാരും നടത്തുന്ന പ്രധാനതരമായ എല്ലാ ഏർപ്പാടുകളിലും പരിഷത്തിനു പ്രാതിനിധ്യവും, അഭിപ്രായസമർപ്പണം ചെയ്യാനുള്ള അവകാശവും പ്രഥമമായി ഉപാർജ്ജിക്കണം. അതിനുശേഷം, പ്രായേണ പ്രസ്തുതകാര്യങ്ങളിൽ അധികാരസ്ഥാനങ്ങൾക്കു യഥോചിതം ഉപദേശിക്കാനുള്ള പ്രാമാണികത്വംതന്നെയും കരസ്ഥമാക്കേണ്ടതാണ്. ഇപ്രകാരമായാൽ പരിഷത്തിനെക്കുറിച്ചു ജനതാമദ്ധ്യേ ഇപ്പോഴുള്ള മതിപ്പു വളരെ വർദ്ധിപ്പിക്കുന്നതിനും, അതുമൂലം ഈ വിദ്വജ്ജനസംഘടന ശശ്വൽപ്രതിഷ്ഠമാക്കിത്തീർക്കുന്നതിനും കഴിയുമെന്നാണ് തോന്നുന്നതു്. അതിനാൽ ഈ സംഗതിയിലും നമ്മുടെ ശ്രദ്ധ അവശ്യം പതിയേണ്ടതാകുന്നു.

## ശാസ്ത്രീയവിജ്ഞാനാഭിവൃദ്ധി.

പൌരസ്ത്യവിദ്വൽപരിഷത്തിനെ അനുകരിച്ച് ഇക്കൊല്ലം നമ്മുടെ പരിഷത്തിൻെറ ഈ സമ്മേളനം വിഷയാനുസാരേണ പല വകുപ്പുകളായി തിരിച്ചതു വളരെ ഉചിതമായിട്ടുണ്ട്. ഇതുനിമിത്തം സമ്മേളനത്തിനു വ്യാപ്തിയും വൈചിത്ര്യവും സിദ്ധിച്ചതിനു പുറമേ, ഓരോ

വകുപ്പിലും ഉൾപ്പെട്ട വിഷയങ്ങളെ പൂർവ്വാധികം അവഗാഢമായി ചിന്തിക്കാനുള്ള സൌകര്യവും ഉളവായിരിക്കുന്നു. ഈ സമ്മേളനത്തിന്റെ പരിധിയിൽപെട്ട വിഷയങ്ങൾ ശാസ്ത്രം, വിവർത്തനം എന്നിവയാണല്ലോ. ആധുനിക യുഗത്തിൽ ഏതുഭാഷയുടേയും ജനസമുദായത്തിന്റേയും അഭിവൃദ്ധിക്കു നിദാനമായിരിക്കുന്നതു വിജ്ഞാനത്തിന്റെ അനാപേക്ഷണീയശാഖയായ ശാസ്ത്രമാണെന്നുള്ളതിനു തർക്കമില്ല.

പണ്ടുള്ള ആളുകളുടെ ഇടയിൽ ശാസ്ത്രപരിജ്ഞാനം ആത്മസംസ്കാരത്തിനായി മാത്രമേ ഉദ്ദേശിക്കപ്പെട്ടിരുന്നുള്ളു. ഇന്നത്തെ അവസ്ഥ അതല്ല. ഇദാനീന്തനലോകത്തിലെ സകലവ്യാപാരങ്ങളും ഏറെക്കുറെ ശാസ്ത്രജ്ഞാനത്തെ അവലംബിച്ചിരിക്കുന്നു. മനുഷ്യജീവിതം പ്രകൃതിയെവിട്ടു പരിഷ്കാരത്തെ പ്രാപിച്ചതോടുകൂടി ശാസ്ത്രീയമായ അറിവിന്റെ ആവശ്യം ഒരിടത്തും ഒഴിച്ചുകൂടാത്തതായി തീർന്നിട്ടുണ്ട്. ഇതുനിമിത്തം, സാഹിത്യത്തിന്റെ സാംസ്കാരികമായ അഭിവൃദ്ധിക്കുതന്നെയും ഈ അറിവ് അപരിത്യാജ്യമായിട്ടാണിരിക്കുന്നതു്. ആകയാൽ അഭിനവശാസ്ത്രഗ്രന്ഥങ്ങൾ പലതും മലയാളത്തിൽ വിവർത്തനം ചെയ്തോ, സ്വതന്ത്രമായി രചിച്ചോ പ്രചരിപ്പിക്കേണ്ട കാലം വളരെ വൈകിയിരിക്കുന്നുവെന്നു നിസ്സംശയം പറയാം. തൽസിദ്ധിക്കുള്ള ചില സാധകമാർഗ്ഗങ്ങളെക്കുറിച്ചുകൂടി ഈ ഘട്ടത്തിൽ കുറഞ്ഞൊന്നു പര്യാലോചിക്കുന്നതു യുക്തമായിരിക്കും.

ഒന്നാമതു്, ശാസ്ത്രവ്യവഹാരത്തിനാവശ്യമായ സാങ്കേതികശബ്ദങ്ങൾ നമുക്കു ദുർല്ലഭമാണ്. ഈ ന്യൂനത പരിഹരിക്കാൻ മുമ്പു പലരും ആലോചിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അവരുടെ പരിശ്രമങ്ങളിൽ ഒന്നുംതന്നെ പൂർണ്ണമായിട്ടില്ല. ശബ്ദദാരിദ്ര്യം തീരാത്ത കാലത്തോളം ഗ്രന്ഥദാരിദ്ര്യത്തിനും വിരാമമുണ്ടാകയില്ലെന്നുള്ളതു പരമാർത്ഥമാകുന്നു. അതുകൊണ്ടു് ഇക്കാര്യം സംബന്ധിച്ചു താഴെ പറയുന്ന മൂന്നുസംഗതികളിൽ പരിഷത്തിന്റെ ശ്രദ്ധ ഗാഢമായി പതിയേണ്ടതു് ആവശ്യമാണ്.

മലയാളത്തിൽ അവശ്യം വിവർത്തനംചെയ്തു പ്രചരിപ്പിക്കാൻ അർഹമായിത്തോന്നുന്ന നവീനശാസ്ത്രഗ്രന്ഥങ്ങളിൽ ഓരോന്നിലുമുള്ള സാങ്കേതികപദങ്ങൾ തരംതിരിച്ചു നിഷ്കൃഷ്ടമായി പരിഭാഷപ്പെടുത്താൻ പ്രാപ്തിയുള്ള ഒരു കമ്മറ്റി സ്ഥിരമായി ഏർപ്പെടുത്തുകയും, ആ സംഘം തയ്യാറാക്കുന്ന ശബ്ദപരമ്പര ത്രൈമാസികംമുഖേനയോ പുസ്തകരൂപത്തിലോ തുടർച്ചയായി പ്രസിദ്ധപ്പെടുത്തുകയും ആണ് പരിഷത്തു് ആദ്യമായി ചെയ്യേ

ണ്ട പ്രവൃത്തി. തദനന്തരം, ബനാറീസിലെ "നാഗരീപ്രചാരണസഭ" ഇപ്പോൾ നിർവ്വഹിച്ചുപോരുന്ന പരിശ്രമങ്ങളെ മാതൃകയാക്കിക്കൊണ്ടു്, പരിഷത്തിന്റെയോ മറ്റൊ നേതൃത്വത്തിൽ ഉത്തമങ്ങളായ ശാസ്ത്രഗ്രന്ഥങ്ങൾ നിർമ്മിച്ചു പ്രചരിപ്പിക്കുവാൻ വേണ്ട ഏതെങ്കിലുമൊരു പദ്ധതികൂടി ഉടൻ തന്നെ രൂപവൽക്കരിക്കണം. ഇതുരണ്ടും സാമാന്യം സഫലമായിക്കഴിഞ്ഞാൽ, വിദ്യാലയങ്ങളിലും കലാമന്ദിരങ്ങളിലും ശാസ്ത്രാദ്ധ്യാപനം നടത്തുന്നതു കഴിയുന്നതും മാതൃഭാഷയിൽതന്നെയായിരിക്കത്തക്കവണ്ണം അധികൃതന്മാരുടെ സമ്മതി സമ്പാദിക്കയാണ് പിന്നീടു വേണ്ടതു്. അടുത്തു സമാരംഭിക്കാൻ ഇരിക്കുന്ന തിരുവിതാംകൂർ സർവ്വകലാശാലയും ഇക്കാര്യത്തിൽ കൂടുതലായ അനുഭാവം പ്രദർശിപ്പിക്കുമെന്നാണ് എന്റെ വിശ്വാസം. വ്യവഹാരം മാതൃഭാഷയിലായാൽ വിഷയഗ്രഹണവൈഷമ്യം വളരെ കുറയുന്നതാകകൊണ്ടു പാഠ്യപദ്ധതിയിൽ അദ്ധ്യേതാക്കന്മാർക്കു പൂർവ്വാധികമായ നൈപുണ്യം നേടാൻ സാധിക്കുമെന്നുള്ളതു് അനുഭവവേദ്യമാകുന്നു. അധികൃതന്മാർ ഈ തത്വം അവഗണിക്കുകകൊണ്ടല്ല, പ്രത്യുത, ഉൽകൃഷ്ടങ്ങളായ ശാസ്ത്രഗ്രന്ഥങ്ങൾക്കു ദേശഭാഷകളിലുള്ള ക്ഷാമംനിമിത്തമാണ് നിർദ്ദിഷ്ടപ്രസ്ഥാനം ഇപ്പോൾ അനുവദിക്കാതിരിക്കുന്നതു്. ഈ ദൗർല്ലഭ്യം നിരാകൃതമായാൽ അവരുടെ അനുമതി ലഭിക്കുന്നതിനും പ്രായസമുണ്ടാകയില്ല. ആകയാൽ ശാസ്ത്രീയഗ്രന്ഥങ്ങൾകൊണ്ടു സർവ്വാംഗം അലങ്കരിച്ചു പ്രഭാവത്തോടുകൂടി ജീവിക്കാൻ വേണ്ട വിശിഷ്ടസമ്പാദ്യം ഏതുപാടും നാം നിഷ്കൃഷ്ടം യത്നിച്ചു സ്വഭാഷയ്ക്കു് ഉണ്ടാക്കിക്കൊടുക്കേണ്ടതാണെന്നു് ഈ സദസ്സിനെ ഒരിക്കൽകൂടി സപ്രശ്രയം ഉൽബോധിപ്പിച്ചുകൊള്ളട്ടെ.

സാങ്കേതികസംജ്ഞകൾ സൃഷ്ടിക്കുന്നതു വല്ലാത്ത ഒരു ഭാരമായി പലരും വിചാരിക്കാറുണ്ടു്. ആവശ്യം അനുസരിച്ച് ഓരോരുത്തരും തോന്നിയപോലെ നിർമ്മിച്ചിരിക്കുന്ന സംജ്ഞകൾ വരുത്തിക്കൂട്ടിയിട്ടുള്ള കുഴപ്പങ്ങൾ ആ ആശങ്കയെ ബലപ്പെടുത്തീട്ടില്ലെന്നില്ല. ഉത്തരവാദപ്പെട്ട ഒരു കമ്മററിയോ മറേറതെങ്കിലും സ്ഥാപനമൊ സാങ്കേതികസംജ്ഞാനിർമ്മാണത്തിനൊരുങ്ങുന്നുവെങ്കിൽ ഭയാശങ്കകളെല്ലാം താനേ നീങ്ങിക്കൊള്ളും. എന്തുകൊണ്ടെന്നാൽ, അങ്ങനെയുള്ള ഒരു സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ഏതദ്വിഷയകമായി പ്രവർത്തനമാരംഭിക്കുന്നവർ നവീനസംജ്ഞാനിർമ്മാണത്തിനുള്ള പോംവഴികൾ അന്വേഷിച്ചു കണ്ടുപിടിക്കുകയും, അവ വിജാതീയസംജ്ഞകളുടെ പരാവർത്തനത്തിൽ ഇന്നനുഭവപ്പെട്ടുവരുന്ന ക്ലേശങ്ങൾ മിക്കവാറും ദൂരീകരിക്കുകയും ചെയ്യുന്നതാണ്. ഉദാഹരണമായി ഒരു പദ്ധതി നിർദ്ദേശിക്കാം.

## സാങ്കേതികസംജ്ഞകൾ.

ഒന്നാമത്തായി, സാങ്കേതികസംജ്ഞകളെ ഏതാനും വകുപ്പുകളായി തിരിക്കേണ്ടതാകുന്നു. സംസ്കൃതഭാഷയിൽ ശാസ്ത്രവ്യവഹാരത്തിനു പ്രയോജകീഭവിച്ചിട്ടുള്ള സാങ്കേതികസംജ്ഞകൾക്കു സമാനങ്ങളായ ഒട്ടേറെ ശബ്ദങ്ങൾ നവീനജ്ഞാനത്തിൽ ഉപയോഗിക്കപ്പെട്ടുവരുന്നുണ്ടു്. അവയെ ഒന്നാംവകുപ്പിൽപെടുത്താം. ബീജഗണിതം (Algebra) ക്ഷേത്രഗണിതം (Geometry) ത്രികോണഗണിതം (Trigonometry) ഇത്യാദികളുടെ ഉപയോഗത്തിനുവേണ്ട സംജ്ഞകളായിരിക്കും അക്കൂട്ടത്തിൽ പ്രധാനപ്പെട്ടവ. അവയെ ആൎയ്യഭടീയാദിഗ്രന്ഥതല്ലജങ്ങളിൽനിന്നു് ഉദ്ധരിക്കേണ്ട ഭാരമേ നമുക്കുള്ളു. ആ വക വിഷയങ്ങളിൽ അഭിനവമായി സൃഷ്ടിക്കേണ്ട സംജ്ഞകൾ വളരെ ചുരുക്കമായിരിക്കും. Arc എന്ന ഒരു സംജ്ഞ എടുക്കുക. സംസ്കൃതത്തിൽ വില്ലിനുള്ള പൎയ്യായങ്ങളെയെല്ലാം Arc എന്നതിനു് വിവൎത്തനങ്ങളായി പണ്ടേ പ്രയുക്തമായിട്ടുണ്ടു്. ശരീരവിജ്ഞാനീയം, ഔഷധവിജ്ഞാനീയം, രസതന്ത്രം, രാജ്യതന്ത്രം മുതലായ വിഷയങ്ങൾക്കു് ഏവംവിധം പഴയ സംജ്ഞകൾ ഒട്ടാകെ തേടിപ്പിടിക്കുവാൻ കഴിയും. ഒരു കാൎയ്യമേ ശ്രദ്ധിക്കേണ്ടതുള്ളു. പ്രസ്തുതവിഷയങ്ങളിൽ നല്ല അവഗാഹവും, അവയെ പരാമൎശിച്ചു നമ്മുടെ പ്രപിതാമഹന്മാർ സംസ്കൃതത്തിൽ വിരചിച്ചിട്ടുള്ള അനൎഘഗ്രന്ഥങ്ങൾ വായിച്ചു മനസ്സിലാക്കുവാനുള്ള ത്രാണിയും ഉള്ളവർ മാത്രമേ പ്രാചീനസംജ്ഞകൾ ഉദ്ധരിച്ചു തരംതിരിക്കുവാൻ നിയുക്തരാകാവൂ എന്നുമാത്രം.

ഇംഗ്ലീഷിൽ ഇന്നു നടപ്പിലുള്ള സാങ്കേതികസംജ്ഞകളിൽ ഒട്ടുമുക്കാലും ഗ്രീക്കിൽനിന്നോ, ലത്തീനിൽനിന്നോ ആഗതങ്ങളാണു്. അതുകൊണ്ടു് അവയെല്ലാററിന്നും സമാനങ്ങളായ ധാതുക്കൾ സംസ്കൃതത്തിൽ ഉണ്ടാകുവാൻ വഴിയുണ്ടു്. ഭാഷകളെ താരതമ്യംചെയ്തു പഠിച്ചിട്ടുള്ളവൎക്കു് അത്തരം ധാതുക്കൾ കണ്ടുപിടിക്കാൻ പ്രയാസമുണ്ടാകയില്ല. ധാതു ഏതെന്നു തെളിഞ്ഞുകഴിഞ്ഞാൽ അതിന്മേൽ പിന്നെ ആവശ്യംപോലെ പ്രത്യയങ്ങളും അൎത്ഥങ്ങളും പാശ്ചാത്യരെപ്പോലെ നമുക്കും ആരോപിക്കാമല്ലോ. അങ്ങനെ ഭാഷാന്തരീകരിക്കാവുന്ന സാങ്കേതികസംജ്ഞകളെ രണ്ടാമത്തെ വകുപ്പായി ഗണിക്കാം.

Electricity-യെ ആലക്തികതയായി പണ്ഡിതവരേണ്യനായ ശ്രീമാൻ ഐ. സി. ചാക്കോ അവർകൾ തൎജ്ജമചെയ്തതു് ഈ പദ്ധതി അനുസരിച്ചായിരിക്കണം. Statics എന്നതിനെ സ്ഥിതിവിജ്ഞാനീ

യം എന്നു കേരളംമാസികാപ്രവർത്തകന്മാർ തർജ്ജമ ചെയ്യുകയുണ്ടായി. Axis-ന് അക്ഷം എന്നും Bulb-ന് ബുൽബുദം എന്നും Circle-ന് ചക്രംഎന്നും Octave-ന് അഷ്ടമസ്വരമെന്നും പറയുമ്പോൾ സമാനശബ്ദാന്വേഷണനയം ആരാണ് നിഷേധിക്കുക? അനേകം വാക്കുകൾ ഇങ്ങനെ തറവാട്ടുബന്ധം നോക്കി കണ്ടുപിടിക്കാമെന്നു തോന്നുന്നു. രണ്ടോ നാലോ ഭാഷകളിൽ ക്രമംഗത്തോളം എത്തിയിട്ടുള്ള വിദ്വാന്മാർക്ക് എത്രയെങ്കിലും സാങ്കേതികശബ്ദങ്ങൾ ഉക്തമാർഗ്ഗത്തിലൂടെ ഉപാർജ്ജിക്കുവാൻ കഴിയുമെന്നാണെന്റെ വിശ്വാസം.

സംസ്മരണീയനായ എ. ആർ. രാജരാജവർമ്മ തിരുമനസ്സുകൊണ്ട്, മുകളിൽ ചൂണ്ടിക്കാണിച്ച രണ്ടു പദ്ധതികൾ അനുസരിച്ചു ശബ്ദനിഷ്പാദനം ചെയ്യാൻ ഉത്സാഹിക്കുകയുണ്ടായി. ഏതാനും ശബ്ദങ്ങൾ അദ്ദേഹം ചില സംസ്കൃതമാസികകളിൽ പ്രസിദ്ധപ്പെടുത്തിയതായറിയുന്നുണ്ട്. ഉദ്യമം പൂർണ്ണമാകുമ്പോഴേയ്ക്കും വിധി അദ്ദേഹത്തെ അപഹരിച്ചുകളഞ്ഞു. സാങ്കേതികസംജ്ഞാനിർമ്മാണത്തിൽ തിരുമേനിയുടെ വലംകൈയായിനിന്നു പ്രവർത്തിച്ചിരുന്നവരിൽ മുഖ്യൻ ശ്രീമാൻ ഐ. സി. ചാക്കോ ആണ്. നവീനവിജ്ഞാനത്തിലുള്ള പരിചയം, ഇൻഡോയൂറോപ്യൻ വംശത്തിലെ പ്രധാന ഭാഷകളിലെല്ലാമുള്ള പാണ്ഡിത്യം, ശാസ്ത്രീയവിഷയങ്ങളെ ഭാവനാസ്പൃഷ്ടമായ രീതിയിൽ വ്യവഹരിക്കാനുള്ള പാടവം, എന്നിവകൊണ്ടു ശ്രീമാൻ ഐ. സി. ശബ്ദനിഷ്പാദനാദി കാർയ്യങ്ങളുടെ നേതാവായിരിപ്പാൻ ഏററവും അർഹനാണ്. അദ്ദേഹത്തിന്റെ വിശ്രമകാലത്തെ ഭാഷാഭ്യുദയാർത്ഥം വിനിയോഗിച്ചാൽ നന്നായിരുന്നു.

ഏതാനും സംജ്ഞകൾ മേല്പറഞ്ഞ രണ്ടുവഴിക്കും വിവർത്തനം ചെയ്യുവാൻ തരപ്പെടാത്തവയായുണ്ട്. അവയെ മൂന്നാമതു് ഒരു വകുപ്പിൽ പെടുത്താം. ഈ വകുപ്പിൽ അർത്ഥംമാത്രം മുൻനിറുത്തിക്കൊണ്ടുള്ള ഭാഷാന്തരീകരണനയംമാത്രമേ കൊള്ളാവൂ. അതനുസരിച്ച് ഉണ്ടാകുന്ന ശബ്ദങ്ങൾക്ക് അളവററ വൈവിധ്യം വരാവുന്നതാണ്. അർത്ഥം നോക്കി ഓരോരുത്തനും ഓരോ വിധത്തിൽ നാണയമടിച്ചു വിടുവാൻ മടിക്കയില്ല. എന്റെ ചുരുങ്ങിയ പരിചയത്തിനുള്ളിൽ Oxygen, Hydrogen, Expansion, Contraction, Reflection, Refraction മുതലായവയിൽ ഓരോന്നിനും അഞ്ചോ ആറോ വീതം മലയാളസംജ്ഞകൾ കണ്ടുകഴിഞ്ഞിട്ടുണ്ട്. എല്ലാററിനും ക്ഷുദ്രങ്ങളായ പാഠ്യപുസ്തക

ങ്ങൾ വഴി ധാരാളം പ്രചാരം സിദ്ധിച്ചുവരുന്നതായിട്ടാണെൻെറ അറിവ്. പല തെററുകൾക്കും ജനയിതാവായേക്കാവുന്ന ഈ വൈവിധ്യത്തെ കടിഞ്ഞാണിട്ടു പിടിക്കേണ്ടതു് അത്യാവശ്യമാകുന്നു.

ഒട്ടുവളരെ വാക്കുകൾ വിവർത്തനാസഹങ്ങൾ അല്ലാതെ ഉണ്ടു്. അവയെ നാലാമതൊരു വിഭാഗമായി എടുക്കാം. വേണമെങ്കിൽ ആ വിഭാഗത്തെത്തന്നെ രണ്ടായിത്തിരിക്കാം: ഒന്ന് Ohm, Amphere മുതലായി സംജ്ഞാനാമോൽപന്നങ്ങളായുള്ള ശബ്ദങ്ങളും, മറെറാന്ന് Motor, Cycle ഇത്യാദിപോലെ തത്ഭവങ്ങളായി മലയാളത്തിൽ അലിഞ്ഞിണങ്ങിയിട്ടുള്ള ശബ്ദങ്ങളും. ഈ രണ്ടു വിഭാഗങ്ങളിൽ ഉള്ള ശബ്ദങ്ങളെ അർത്ഥം നോക്കിയോ മറേറാ തർജ്ജമചെയ്യുന്നതു് ഒരു ഭ്രാന്തായിരിക്കും. Ampere-നെ വിവർത്തനംചെയ്യുവാൻ ആരും പുറപ്പെട്ടുമായിരിക്കയില്ല. പക്ഷെ Motor-നെ തൈലശകടമാക്കുവാനും, Cycle-നെ ദ്വിചക്രവണ്ടിയാക്കുവാനും കോപ്പിട്ടിട്ടുള്ളവരെ ഞാനറിയും. അവരോടു് എനിക്കിപ്പോഴും അനുതാപം തോന്നുന്നുണ്ടു്. ഇങ്ങനെ പറയുന്നതുകൊണ്ടു് വിജാതീയശബ്ദങ്ങൾ കണ്ണടച്ചുപയോഗിച്ചു്, കാലാന്തരത്തിൽ നാം, 'കൈരളി'യിൽ ഒരു ലേഖകൻ ആശങ്കിച്ചപോലെ, ഒരുവക ബട്ട്ളർമലയാളം നടപ്പിലാക്കണമെന്നു് എനിക്കു മതമില്ല. Accounts and finance Controller എന്നതിനെ ഒരു പത്രലേഖകൻ കൂസൽകൂടാതെ അക്കൌണ്ട്സും, ഫിനാൻസും, കൺട്രോളർ എന്നു മലയാളീകരിച്ചു കണ്ടതു ഞാനോർക്കുന്നു. And എന്നുള്ള സമുച്ചയംമാത്രം ഭാഷാന്തരീകരിച്ചു ചാരിതാർത്ഥ്യംപൂണ്ട അദ്ദേഹത്തെപ്പോലെയുള്ളവരുടെ സേവനങ്ങളെ സമുച്ചാടനം ചെയ്യണം എന്നുതന്നെ ഞാൻ പറയും. ബഹുജനസമ്മതിയാൽ മലയാളത്തിൽ ജന്മാവകാശം സമ്പാദിക്കുന്ന ഇംഗ്ലീഷുശബ്ദങ്ങളെ ആട്ടിയോടിച്ചു്, തൽസ്ഥാനങ്ങളിൽ സംസ്കൃതത്തിലോ ഹിന്ദിയിലോ മറേറാ നിന്നു തീരെ അപരിചിതങ്ങളായ ശബ്ദങ്ങൾ കടംവാങ്ങി പ്രതിഷ്ഠിച്ചിട്ടു ഫലമില്ലെന്നേ എനിക്കു വാദമുള്ളു. ജീവൽഭാഷയായ മലയാളത്തിനു മററു ഏതു ഭാഷയിൽനിന്നും ശബ്ദസമ്പത്തു സംഭരിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണം.

## വിവർത്തനപദ്ധതി

ശബ്ദസൃഷ്ടി സാധിച്ചുകഴിഞ്ഞാൽ എല്ലാമായെന്നു പറഞ്ഞുകൂടാ. ശാസ്ത്രീയവിഷയങ്ങൾ സ്വതന്ത്രമായി പ്രതിപാദിക്കുന്നതിനും ഏതാനും മാതൃകകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇപ്പോൾ കുറെ സാങ്കേതികശബ്ദങ്ങൾ ഉണ്ടായിക്കഴിഞ്ഞാൽ അവ നിരത്തിവെച്ചു മുന്നും

പിന്നും നോക്കാതെ ഇംഗ്ലീഷുശാസ്ത്രഗ്രന്ഥങ്ങൾ തർജ്ജമചെയ്യുകയാണു് പലരും ചെയ്യുന്നതു്. വെറും തർജ്ജമ നന്നായിരിക്കയില്ല. വിജാതീയത്വം, ശബ്ദങ്ങൾക്കും ശൈലികൾക്കും എന്നപോലെ ഉദാഹരണാദികൾക്കും ഉണ്ടാകുക പതിവാണു്. അതിനെ നിശ്ശേഷം നീക്കി, ഏററവും സ്വതന്ത്രമായിട്ടുവേണം വിവർത്തനം ചെയ്യുവാൻ. അപ്പോഴേ ശാസ്ത്രീയവിഷയങ്ങൾ നമ്മുടെ ബാലികാബാലന്മാൎക്കു സുഗ്രഹമാകയുള്ളു. ഓരോവിഷയത്തിലും രണ്ടോ നാലോ ഉൽകൃഷ്ടവിവർത്തനങ്ങൾ ഉത്ഭവിച്ചുകഴിഞ്ഞാൽ അവയിലെ പ്രതിപാദനരീതി നിഷ്പ്രയാസം നാടാകെ പ്രചരിച്ചുകൊള്ളും. നാലോ അഞ്ചോ പ്രസിദ്ധീകരണങ്ങൾ അത്തരത്തിൽ ഞാൻ കണ്ടിട്ടുണ്ടു്. ചിലതു് എം. രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമേനിയുടേതാണെന്നു തോന്നുന്നു. മറെറാന്നു്, അടുത്ത കൊല്ലത്തെ Intermediate പരീക്ഷയ്ക്കു വെച്ചിട്ടുള്ള "വിശ്വവിഹാര"മാണു്. മി: ഐ. സി. ചാക്കോയും, മി: കെ. ആർ. കൃഷ്ണപിള്ളയും എഴുതാറുള്ള ശാസ്ത്രീയലേഖനങ്ങൾ പ്രത്യേകിച്ചും അനുസ്മരിക്കത്തക്കവയാകുന്നു. പഠിപ്പും പരിചയവും ഉള്ള പല ഭാഷാപ്രണയികളും ഇക്കാര്യത്തിൽ മുന്നിട്ടു പ്രവർത്തിക്കാവുന്നവരായുണ്ടു്. അവരെക്കൊണ്ടു ജോലിചെയ്യിക്കാനുള്ള സ്ഥാപനങ്ങളാണു ഉണ്ടാകേണ്ടതുള്ളു.

വിവർത്തനത്തെസംബന്ധിച്ചു പൊതുവായും കുറച്ചു പറയേണ്ടിയിരിക്കുന്നു. ഒരു ഭാഷയിലെ ആശയങ്ങൾ മറെറാരു ഭാഷയിലേയ്ക്കു പകരുക—അത്ര പ്രയാസമേറിയ പ്രവൃത്തിയാണോ? അതിനു രണ്ടുഭാഷകളിലും ഏറെക്കുറെ വ്യുൽപത്തി സമ്പാദിച്ചാൽ മതിയാവുകയില്ലേ? ഇങ്ങനെയൊക്കെ സംശയിക്കുന്നവർ വളരെയുണ്ടു്.

ഇൻറർമീഡിയററു ക്ലാസിൽ ഫ്രഞ്ചു് ഉപഭാഷയായി എടുത്തുകൊണ്ടിരിക്കുന്ന ചില വിദ്യാർത്ഥികൾ ഇംഗ്ലീഷിലും ഫ്രഞ്ചിലും ഓരോ Gem Dictionary ഉപയോഗിച്ചു തർജ്ജമകളൊക്കെ അനായാസേന നിർവ്വഹിച്ചിരുന്നതായി ഓർക്കുന്നു. അവർക്കു ധാരാളം മാർക്കു കിട്ടിയിരുന്നതായിട്ടാണു് എൻെറ അറിവു്. ആ വക മുട്ടുശാന്തികൾകൊണ്ടു സാഹിത്യക്കളരിയിൽ വിജയം നേടുവാൻ തരപ്പെടുകയില്ലെന്നുള്ള കാര്യം നമ്മുടെ ആളുകൾ ധരിച്ചിരിക്കേണ്ടതാണു്. വിചാരങ്ങൾക്കും ശൈലികൾക്കും വേണ്ടുവോളം സാജാത്യമുള്ള രണ്ടു ഭാഷകളാണല്ലോ ഇംഗ്ലീഷും ഫ്രഞ്ചും. അവയിൽപ്പോലും പദാനുപദവിവർത്തനം നിരുപയോഗമാണെന്നു തജ്ജ്ഞന്മാർ അഭിപ്രായപ്പെടുന്നു. യഥാർത്ഥത്തിൽ ഒരു ഛായാപടം സജീവനായ ഒരു മനുഷ്യൻെറ

പ്രതിരൂപമായിരിക്കാൻ എത്രത്തോളം പര്യാപ്തമോ, അത്രത്തോളമേ ഒരു ഭാഷയിലെ വാക്കിനു മറെറാരു ഭാഷയിലെ വാക്കു പ്രതിബിംബമായിരിക്കുകയുള്ളു. ആ സ്ഥിതിക്കു്, പദാനുപദവിവർത്തനം എത്രകണ്ടു പരിത്യാജ്യമാണെന്നു് ഊഹ്യമാണല്ലൊ. മിസ്റ്റർ T. F. Higham, "Literal or word-for-word translation is only possible when the brute or inherent meaning of words—their denotation—is alone important and when equvivalents in the two languages exist. Arithmetical tables lose nothing by translation, or nothing that a few works of exact Science also." എന്നു പറഞ്ഞിട്ടുള്ളതു് ഇവിടെ വിശേഷിച്ചും അവധേയമാകുന്നു.

നാം യാത്രാമദ്ധ്യേ ഒരു മുൻഗാമിയെ പദാനുപദം പിന്തുടരുന്നുവെന്നു വിചാരിക്കുക. അയാൾ എവിടെ എപ്പോൾ നില്ക്കുമെന്നോ മറെറാ മനസ്സിലാക്കുവാൻ സാധിക്കാത്തതുകൊണ്ടു്, നമുക്കു പലപ്പോഴും അയാളുടെ മേൽ ചെന്നു വീഴേണ്ടതായി വന്നേയ്ക്കും. ഈ അനുഭവം പദാനുപദതർജ്ജമക്കാരനും ഉണ്ടാകുവാൻ ഇടയുണ്ടു്. To make both ends meet എന്നതിനെ 'രണ്ടു തലയും കൂട്ടിമുട്ടിക്കുക' എന്നു ഭാഷാന്തരീകരിക്കുന്നവൻ തീർച്ചയായും അയാളുടെയും മൂലഗ്രന്ഥകാരൻെറയും തലകൾ കൂട്ടിമുട്ടിക്കുവാൻ എളുപ്പമുണ്ടു്.

മൂലത്തിലെ ആശയങ്ങൾ സമഗ്രമായി ഗ്രഹിച്ചു് ഏറെക്കുറെ സ്വതന്ത്രമായി സ്വഭാഷയിൽ പകരുന്നവനാണു് ഉത്തമവിവർത്തനകാരൻ. വിജാതീയങ്ങളായ വിചാരങ്ങളും ശൈലികളും ഉചിതജ്ഞതയോടുകൂടി സജാതീയങ്ങളാക്കി മൂലത്തിൻെറ ചൈതന്യം ഒട്ടും ചോർന്നുപോകാതെ സൂക്ഷിക്കുവാൻ അയാൾക്കു കഴിയുന്നു. അയാൾ നല്ലൊരു സഹൃദയൻകൂടിയാണെങ്കിൽ വിവർത്തനം മൂലത്തെ അതിശയിച്ചെന്നും വരാം. ഒരുവൻെറ ശ്രമത്താൽ നീറിപ്പിടിക്കുകമാത്രം ചെയ്യുന്ന അഗ്നി മറെറാരുവൻെറ യത്നത്താൽ തെളിഞ്ഞുകാണാമല്ലൊ. ഇതിനുദാഹരിക്കാവുന്ന തർജ്ജമകൾ മലയാളത്തിൽ എൻെറ അറിവിൽ ഇല്ല. ഇംഗ്ലീഷിൽ Fitz Geraldൻെറ റുബായിയാത്തു് അഞ്ചാംപതിപ്പു് അങ്ങനെയൊന്നാണെന്നു സാഹിത്യാഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു. സംസ്കൃതകൃതികളുടെ മലയാളതർജ്ജമകളിൽ വളരെ നല്ലവയുണ്ടെന്നു പറയാം. സംസ്കൃതത്തിനും മലയാളത്തിനും ഒട്ടേറെ സാജാത്യമുള്ളതിനാൽ വിവർത്തനത്തിൽ വിജയംപ്രാപിക്കുവാൻ പ്രയാസം കുറയും. യൂറോപ്യൻഭാഷകളിൽനിന്നു മലയാളത്തിലേയ്ക്കുള്ള ആശയസന്നിവേശനം അത്ര ക്ഷിപ്രസാധ്യമല്ല.

തീരെ ജീവനില്ലാത്ത തൎജ്ജമകൾ അടിക്കടി മലയാളത്തിൽ പുറപ്പെടുന്നുണ്ടു്. കാളിദാസന്റെയും മററും കവിതകളെപ്പററി കേട്ടുകേട്ടു് അഭിമാനാന്ധനായിത്തീൎന്ന ഒരു മാന്യൻ മലയാളത്തിലെ ചില തൎജ്ജമകൾ തപ്പിപ്പിടിച്ചു വായിച്ചുനോക്കിയപ്പോൾ, കാളിദാസൻ ഒരു നാലാം ക്ലാസ്സു കവിയല്ലേ എന്നു സംശയിക്കാൻ ഇടവന്നതായി കേട്ടിട്ടുണ്ടു്. തൎജ്ജമയുടെ ദോഷമാണു് ആ തോന്നലിനു നിദാനമെന്നു പിന്നീടദ്ദേഹത്തിനു ബോദ്ധ്യമായി. ഷേക്സ്പിയരെയും മററും മലയാളത്തിൽ കൊണ്ടുവന്നു പുലിവേഷം കെട്ടിക്കുന്ന അവിവേകികളുടെ കാൎയ്യവും ഇവിടെ വിസ്തരിക്കുന്നില്ല.

ആകെക്കൂടി നോക്കിയാൽ, ഇതു ഭാഷാസാഹിത്യത്തിന്റെ ഒരു വിവൎത്തനദശതന്നെയാണെന്നു പറയാം. ഈ പരിവൎത്തനയുഗത്തിൽ ഗദ്യം പദ്യത്തെ കൈയേററംചെയ്തു കഴിഞ്ഞിരിക്കുന്നു; ഇനി അതിന്റെ ആധിപത്യം കുറയ്ക്കാൻ ആൎക്കും സാധിക്കുന്നതുമല്ല. ഗദ്യസാഹിത്യത്തിന്റെ ബഹുമുഖമായ വളൎച്ചയ്ക്കു യത്നിക്കേണ്ടവർ മലയാളം, സംസ്കൃതം, ഇംഗ്ലീഷ് എന്നീ മൂന്നുഭാഷകളിലും ഉപസ്ഥിതി സമ്പാദിച്ചവൎത്തന്നെ ആയിരിക്കണം. ജ്ഞാനസമ്പാദനത്തിനു് അവരോടൊപ്പം മററുള്ളവൎക്കു സൗകൎയ്യമില്ലാത്തതിനാൽ അങ്ങനെയുള്ള സഹൃദയവൎയ്യന്മാർ ശ്രമിച്ചാൽ അഭിനന്ദനീയമായ പല സംഗതികളും സാധിക്കാവുന്നതാണു്. വാസനാശക്തിയെ പ്രതിഫലിപ്പിക്കുന്ന സാഹിത്യം, അഥവാ കവിതകൾ, നമുക്കു ധാരാളം ഉണ്ടു്; അറിവിനെ വൎദ്ധിപ്പിക്കുന്നതിനു പൎയ്യാപ്തമായ സാഹിത്യമാണു് കേരളീയൎക്കു് ഇപ്പോൾ ദുൎല്ലഭമായിരിക്കുന്നതു്. അതുകൊണ്ടു് അത്യാവശ്യമായ ഈ പദ്ധതി കഴിയുന്നത്ര വിപുലീകരിക്കുന്ന വിഷയത്തിലായിരിക്കണം ഇനിയത്തെ നമ്മുടെ പ്രധാനപരിശ്രമം. ഈ ശ്രമത്തിൽക്കൂടി ആദ്യം പ്രസ്താവിച്ച ശാഖയും അഭിവൃദ്ധിപ്പെട്ടുകൂടെന്നില്ല. നല്ലൊരു കഥയൊ, നോവലൊ, നാടകമൊ, രണ്ടുകാൎയ്യത്തിനും ഉപയോഗപ്പെട്ടുവെന്നു വരാവുന്നതാണല്ലൊ.

ഏതായാലും, കലാപ്രവൎത്തനം ഒരിക്കലും അസ്വതന്ത്രമായിച്ചമയരുതു്. അതിനു്, രാഷ്ട്രീയപ്രവൎത്തനത്തിനെന്നപോലെ, പ്രാദേശികമായ ഒരു സീമയുണ്ടു്. അതിനുള്ളിൽ സമ്പൂൎണ്ണമായ സ്വാതന്ത്ര്യം സിദ്ധിച്ചെങ്കിലേ ഏതു കലാവ്യാപാരവും അഭിനന്ദനീയമായിത്തീരുകയുള്ളു. രാഷ്ട്രീയവും സാമുദായികവും സാമ്പത്തികവുമായ മാററങ്ങളൊന്നും അതി

നെ ബഹുദൂരം ബാധിച്ച് അലങ്കോലപ്പെടുത്തുന്നതു യുക്തമല്ല. നമ്മുടെ കവികളും നിരൂപകന്മാരും ഈ പ്രമാണം ഉള്ളിൽവെച്ചുകൊണ്ടു പ്രവർത്തിക്കുന്നതായാൽ മലയാളഭാഷ അചിരേണ ഉത്തമസാഹിത്യഗ്രന്ഥങ്ങളെക്കൊണ്ടു പരിപുഷ്ടമായിത്തീർന്നുകൊള്ളും.

# IV. പദ്യസാഹിത്യം.

(ശ്രീമാൻ പി. [illegible] മേനോൻ)

## രീതി.

അചുംബിതങ്ങളായ ആശയങ്ങളുടെ സൌഭാഗ്യംമാത്രമല്ല, അനന്യവും സ്വയം വെട്ടിത്തെളിയിച്ചതുമായ ഒരു രീതിയുമാണ് കാവ്യകൃത്തിനെ കവിയാക്കുന്നതു്. "മുരാരേസ്തൃതീയഃ പന്ഥാഃ" എന്നാണല്ലൊ. വശ്യവാക്കുകളായ കവികൾക്കു് ഓരോ പ്രത്യേകരീതിയുണ്ടെന്നു പറയേണ്ടതില്ല. ആ പ്രത്യേകതയാണ് അവർക്കു പ്രതിഷ്ഠനല്കിയതു്. ആ രീതി അനനുകരണീയമായിരിക്കുകയും ചെയ്യും. മാനത്തു മഴവില്ലുവീഴുംപോലെ, മായുകയും പിന്നെയും മിന്നുകയും ചെയ്യുമ്പോലെ, രീതി കൂടക്കൂടെ മാറുകയും മറയ്ക്കുകയും ചെയ്യുന്ന, ആത്മപ്രത്യയമില്ലാത്ത, കൂട്ടരുണ്ടു്. അവർ ആത്മനാശം വരുത്തിക്കൂട്ടുകയാണു്. വർണ്ണം, മുഖഭാവം, ആകൃതി ഇവയൊക്കെക്കൂടി മററു വ്യക്തിയിൽനിന്നു ഭിന്നമായ ഒരു ഭാവം മനുഷ്യൻ കൈക്കൊള്ളുന്നതുപോലെ രീതി, രസം, ഭാഷ ഇവകൊണ്ടു് ഒരു വ്യാവർത്തകമായ വിശേഷം കവിതയ്ക്കുമുണ്ടു്. രീതിയെ നിയമപരിധിയിൽ നിറുത്തുവാൻ ശ്രമിക്കുന്നതു് അസാദ്ധ്യമാണു്. കവിയുടെ ഭാഷ ഏതുതരത്തിലുള്ളതായിരിക്കും? കവിയുടെ അന്തഃകരണത്തിന്റെ തനിപ്പകർപ്പാണു് കവിത. കവിയുടെ വ്യക്തിത്വം മനസ്സിലാക്കിയാൽ കവിതയുടെ യഥാർത്ഥസ്വഭാവവും തെളിഞ്ഞുകാണാം. ഗൌരവമേറിയ ഒരു ഭാഷാരീതിയിലാണു് കവി കവിത ചെയ്യുന്നതെങ്കിൽ അദ്ദേഹത്തിന്റെ സ്വഭാവഗൌരവവും കരതലാമലകമാണു്. കവിയുടെ വ്യക്തിമാഹാത്മ്യമാണു് അനുവാചകനെ അദ്ദേഹം ഉദ്ദേശിച്ച അർത്ഥം ഗ്രഹിപ്പിക്കുന്നതു്; ബുദ്ധികൌശലംകൊണ്ടുള്ള 'കസറത്തു'ല്ല. ജർമ്മൻകവിയായ ഗെയ്ഥെയുടെ ഈ അഭിപ്രായത്തെ ആരാണു് ആദരിക്കാത്തതു്! കേരളകാളിദാസന്റെ വ്യക്തിമാഹാത്മ്യം, ഗംഭീരസ്വഭാവം, അവിടുത്തെ ഏതു കൃതികളിലും നിഴലാട്ടുന്നില്ലേ? ഗംഭീരകവിയായ കാളിദാസന്റെ

ഗംഭീരനാടകത്തെ അതേവിധം ഗാംഭീര്യത്തോടെ ഇതരഭാഷയിൽ പ്രകാശിപ്പിക്കുവാൻ ഒരു ഗംഭീരാശയനേ കഴിഞ്ഞിട്ടുള്ളു; കഴിയുകയുമുള്ളു. ആശാൻെറ കവിതയ്ക്കും നാം കണ്ടറിഞ്ഞിട്ടുള്ള ഗാംഭീര്യം ആ കവിയുടെ ഹൃദയഗാംഭീര്യത്തിൻെറ പ്രതിഫലനമാണ്. പാലൊലും മൊഴിമാരും പാല്പായസവുമായി കഴിഞ്ഞുകൂടിയവരാണെങ്കിലും, മധുരപദാകലിതമായ കവിതയെഴുതുന്നവരായ കവികളുടെ കൃതികളിൽ നഗ്നശൃംഗാരം നടമാടുന്നതും നാം കണ്ടറച്ച കാഴ്ചയാണല്ലോ.

## പ്രതിപാദ്യവിഷയം.

കവി ശാസ്ത്രജ്ഞനായിരിക്കണമെന്നില്ല. വികാരശീലനാണ് കവി; വിചാരശീലനാണ് ശാസ്ത്രജ്ഞൻ. അഭിവന്ദ്യന്മാരായ നമ്മുടെ പൂർവ്വകവികൾ മഹാകാവ്യങ്ങളിൽ, തങ്ങളുടെ ശാസ്ത്രകുശലതയെ വെളിപ്പെടുത്തുവാനോ എന്നു തോന്നുമാറ്, ജ്യോതിഷം, തർക്കം, വ്യാകരണം, മീമാംസ തുടങ്ങിയ ശാസ്ത്രീയവിഷയങ്ങൾ വലിച്ചിടാറുണ്ട്. അതു് അർത്ഥപ്രതീതിക്കു വിളംബവും, രസപരിപോഷണത്തിനും അനസ്യൂതമായ കഥാഗതിക്കും പ്രതിബന്ധവും വരുത്തുന്നു. പ്രകൃതിനിരീക്ഷണവും പ്രതിഭാശക്തിയുമാണ് കവിയുടെ പുരോഗതിയിൽ പൂ വിതറുന്നതു്. ചില ചെറുകവികൾ അതൊരു പരിഷ്കാരമാണെന്നു കരുതി പ്രകൃതിവിജ്ഞാനീയം, രസതന്ത്രം തുടങ്ങിയ ശാസ്ത്രസിദ്ധാന്തങ്ങളെ കവിതയിൽ കൊള്ളിക്കുന്നതു കാണാം.

കവിയുടെ സാമ്രാജ്യം വിസ്തീർണ്ണമാണെന്നുള്ളതു ശരിതന്നെ. എല്ലാവിഷയങ്ങളിലും, ഒരു കവിക്കു കണ്ണുണ്ടായിരിക്കണമെന്നില്ല. തൻെറ ഹൃദയത്തെ വികാരതരളിതമാക്കിയിട്ടുള്ളതും, ചിരപരിചയത്താലും അനുസന്ധാനത്താലും തഴമ്പു പിടിച്ചതുമായ വിഷയമേ കവിതയ്ക്കു കൈക്കൊള്ളാവൂ. തങ്ങൾക്കു പററിയവിഷയം തിരിഞ്ഞെടുക്കായ്കയാൽ, ചില പ്രസിദ്ധകവികളുടെ കവനങ്ങളിൽപോലും ഊഷരതാബീജം മുളച്ചു മുഴച്ചുനില്ക്കുന്നതു കാണാം. ദൈവഹേളനബുദ്ധിയോടുകൂടിയോ, അനുകമ്പാകുലതയോടുകൂടിയോ ആണ് നാം അവയെ വീക്ഷിക്കുന്നതു്. വാർത്തെടുക്കുന്നതിനു കവിയുടെ കരുവിനു കരുത്തില്ലായ്കയല്ല, കരുവിൻെറ കോട്ടവുമല്ല, ഉരുക്കിയൊഴിച്ച വസ്തുവിൻെറ കൂട്ടപ്പററായ്കയാണ് പരാജയത്തിനു കാരണം.

ടെനിസൻ നാടകത്തിൽ പരാജയം പററി; കീററ്സിനും ഷെല്ലിക്കും ഹാസ്യരസപ്രകടനത്തിലും. സുപ്രതിഷ്ഠനേടിയ നമ്മുടെ ചില വന്ദ്യകവികളിലും ഈ ദോഷം പ്രകടമായിക്കാണാം. പാഞ്ചാലീരീതി

പരിചയിച്ചു കവിക്കു വീരരസം വ്യഞ്ജിപ്പിക്കുന്നതിനുള്ള ശേഷിക്കുറവു കണ്ടേക്കാം. പോർച്ചട്ടയും വാളും ധരിച്ച്, വീരരസം ഉടൽപൂണ്ടപോലെ രണരംഗത്തിലേയ്ക്കു പോകുന്ന ഒരു യോദ്ധാവിനെ വർണ്ണിക്കുന്നതു കേട്ടാൽ, സംബന്ധത്തിനു വേഷവിശേഷങ്ങളോടുകൂടിപ്പുറപ്പെടുന്ന ശൃംഗാരിയായ ഒരു പച്ചക്കാമുകനാണെന്നേ തോന്നുകയുള്ളു. വീരരസം വിദ്യോതിപ്പിക്കുന്നതിനു സമർത്ഥമായ ശബ്ദപരമ്പരയെ വിന്യസിപ്പിക്കാനുള്ള അശക്തതയാണ് അവിടെ മുഴച്ചുകാണുന്നതു്. അർത്ഥഗ്രഹണം കൂടാതെതന്നെ ശബ്ദശക്തികൊണ്ടു പ്രകൃതരസം പ്രകാശിച്ചുകാണണം. രസാനുഗുണമായിരിക്കണം ശബ്ദപ്രയോഗമെന്നർത്ഥം. മറെറാരു കവിക്ക്, രസചക്രവർത്തിയായ ശൃംഗാരത്തെ കാവ്യോപഹാരംകൊണ്ടു പ്രസാദിപ്പിക്കുവാനേ കഴിവില്ല. ശൃംഗാരത്തിൻെറ മർമ്മത്തിൽ കണ്ണും കൈയും ഊന്നുവാൻ കഴിവില്ലായ്കയാണതു്. ശൃംഗാരാനുഗുണമായ ശബ്ദപ്രയോഗത്തിൽ—ഗൗഡീവൃത്തിയെടുത്തു ശീലിച്ച ഒരു കവിക്ക്—ശക്തിയില്ലാതെ വന്നേക്കാം. കരുണരസത്തിന്, കുറെ നെഞ്ഞത്തടിച്ചു കരഞ്ഞാൽ മതിയോ? ഹന്തയും ഹായും ആഹന്തയും അടിച്ചുനീട്ടിയാൽ കരുണം വ്യഞ്ജിക്കുമോ?

"നീലാഭ്രപ്രതിഭടകേശിപേശലാംഗി" എന്നു കേൾക്കുന്നക്ഷണത്തിൽ ആ സ്ത്രീ വാല്മീകിയുടെ താടകയോ യഥാർത്ഥപൂതനയോ എന്നു തോന്നിപ്പോകും. സുകുമാരശരീരയെ പരുപരുത്ത മരവുരിധരിപ്പിച്ചപോലെ, പരുഷവ്യഞ്ജനങ്ങളെക്കൊണ്ടു മൂടിയാൽ, സൗന്ദര്യം പ്രകാശിക്കുമോ? അഗ്നിപർവ്വതം പൊട്ടിത്തെറിച്ചു കനലും ഗന്ധകദ്രവവും പരക്കുകയാണോ എന്നു തോന്നും, ലഘുവും ലളിതവുമായ ഒരു വസ്തുവിൻെറ പതനം വർണ്ണിക്കുന്നതു കേട്ടാൽ. അന്തശ്ചോദനയാൽ പ്രേരിതനാകാതെ, അലങ്കാരധോരണിയിലും അർത്ഥകല്പനയിലും ദത്താവധാനനാകുകകൊണ്ട്, പ്രകരണത്തിനനുഗുണമായ പ്രയോഗം സാധിക്കാതെ പോയി. "രീതിരാത്മാ കാവ്യസ്യ" എന്ന ആചാര്യമതം ഇവിടെ സ്മരണീയമാണ്. Prose is words in right order; Poetry is best words in right order എന്നു കോൾറിഡ്ജ് പറഞ്ഞതു പരമാർത്ഥമാണ്.

## വൃത്തം.

വിഷയത്തിനു പററിയ വൃത്തം സ്വീകരിക്കുന്നതു് ശരീരത്തിനു ചേർന്ന വർണ്ണസാരി ധരിക്കുംപോലെയാണ്. പ്രാചീനകവികൾക്ക് ആ കാര്യത്തിൽ നല്ല നിഷ്കർഷയുണ്ടായിരുന്നു. സംസ്കൃതച്ഛന്ദസ്സുകൾക്ക് അപ്രകാരമൊരു വ്യവസ്ഥയുണ്ടായിരുന്നതിനാൽ അധികം ചേതം വഴി

പിഴച്ചിട്ടില്ല. അനന്തരഗാമികൾ ദ്രാവിഡവൃത്തങ്ങളിൽ കിടന്നുഉഴലാൻ തുടങ്ങിയതോടുകൂടി "ഉണ്ണമേറും ഭക്താവിനും" "നരനായിങ്ങനെ ജനിച്ചതിനും" മഞ്ജരിക്കും കാകളിക്കും കേകയ്ക്കും വിഷയാനുഗുണ്യേന വ്യത്യാസം കല്പിക്കാറില്ല. വരകവികൾക്ക് ഏതു വൃത്തത്തിലും വിഹരിക്കാമെന്നുള്ളതു വാസ്തവമാണെങ്കിലും, ഓരോരുത്തർക്കും ഓരോന്നിൽ അനന്യസാധാരണമായ മേന്മ കാണുന്നുണ്ട്. വള്ളത്തോളിന്റെ മാകന്ദമഞ്ജരിയുടെ മാധുര്യം ചെറുശ്ശേരിക്കുശേഷം മററാർക്കും അത്ര വശംവദമായിട്ടില്ലെന്നു പറയണം. ആശാന്റെ "രഥോദ്ധത" അന്യദുർല്ലഭമാണ്.

ശൃംഗാരത്തിനു പററുന്ന വൃത്തം വീരത്തിനു പററുകയില്ല; കരുണത്തിന് അനുഗുണമായതു ഹാസ്യത്തിനു യോജിക്കുകയില്ല. പാശ്ചാത്യകവികളും വൃത്തസ്വീകാരത്തിൽ ബദ്ധശ്രദ്ധരായിരുന്നു. ഇന്നത്തെ ചെറുകവികളുടെ ശ്രദ്ധ ഇതിൽ പതിയുമെന്നു പ്രതീക്ഷിക്കുന്നു.

ഒരു ഉദ്യാനത്തിൽ കടന്നു ചോദിച്ചാൽ ഉദ്യാനപാലകൻ പൂക്കളുടെ പേരൊക്കെ എണ്ണിയെണ്ണിപ്പറയും. പേരില്ലാത്ത പൂവു പൂവല്ലെന്നാണ് അയാളുടെ ഭാവം. നമ്മുടെ പദ്യാരാമത്തിലെ ഓരോ വൃത്തപുഷ്പത്തിനും ഓരോ പേരു കല്പിക്കണം. പേരില്ലാത്തതാണെങ്കിലും അഴകൊഴുകുന്ന അനേകം ദ്രാവിഡവൃത്തങ്ങളുണ്ട്. സാഹിത്യാചാര്യനായ കേരളപാണിനി പല സംജ്ഞകളും കല്പിച്ചുകൊടുത്തിട്ടുണ്ടെങ്കിലും, ഇനിയും അവശേഷിച്ചുകിടക്കുന്ന വൃത്തങ്ങൾ ധാരാളമുണ്ട്. ആ കോവണി കയറുവാനുള്ള ത്രാണി ഇനി ഉള്ളൂരിനേ ഉള്ളൂ.

രക്തത്തിൽ കലർന്ന മൊഴി.

നമ്മുടെ മലയാണ്മയിൽ സംസ്കൃതാതിപ്രസരം കടന്നുകൂടിയിരിക്കുന്നു. നമ്മുടെ രക്തത്തിൽ 5000 കൊല്ലത്തിലേറെയായി കലർന്നുകിടക്കുന്ന ദ്രാവിഡത്തിൽ വിദേശീയബീജം കുത്തിവയ്ക്കുന്നതു് അതിന്റെ ആരോഗ്യത്തിനു ഹാനികരമാണ്. മലയാളകവിതയിൽ ശുദ്ധദ്രാവിഡപദങ്ങളെക്കാൾ സംസ്കൃതശബ്ദങ്ങൾക്കാണ് മേൽക്കോയ്മ. നാം സ്തന്യപാനംചെയ്തു വളർന്നുവന്നതായ മൊഴിയിലല്ലാതെ ചിന്തിക്കുവാനോ വിലപിക്കുവാനോ നമുക്കു സാദ്ധ്യമല്ല. മലയാണ്മ നമ്മുടെ രക്തത്തിൽ കലർന്ന ഭാഷയാണ്.

ചാസർ ഇംഗ്ലീഷും ഫ്രഞ്ചും കലർത്തി ഒരു വെങ്കലഭാഷ സൃഷ്ടിച്ചു. ആ "കോവർകഴുത"യെപ്പററി സ്കിന്നർ ഇങ്ങനെ അപലപിച്ചു:—

"ചാസർ അരോചകംപിടിക്കുന്ന ഒരു പുതുമ ഇംഗ്ലീഷുഭാഷയിൽ പുലർത്തി; ഫ്രഞ്ചുവാക്കുകളെ വാരിക്കോരി വിളമ്പി. നാട്ടുഭാഷയുടെ പരിശുദ്ധതയിൽ കറകലർത്തി. വണിക്കുകൾക്കായി വിദേശപദങ്ങളെ ഇറക്കുമതിചെയ്തു. നമ്മുടെ തായ്മൊഴിയുടെ അഴകും കവർന്നുകളഞ്ഞു."

ഇതുതന്നെയാണ് മലയാണ്മയുടേയും ഗതി. നമ്പൂരിമാരായ ചമ്പൂകാരന്മാർ സംസ്കൃതപദങ്ങളെ കുത്തിച്ചെലുത്തി ഭാഷാസൗന്ദര്യം വരുത്തിക്കൂട്ടി. ഗ്രാമീണകന്യകയെപ്പോലെ നിസർഗ്ഗരമണീയയായ കൈരളി കുഴഞ്ഞിപ്പോയി. ഇപ്പോഴത്തെ കവിത അധികവും ഹൃദയത്തെ സ്പർശിക്കാതിരിക്കുന്നതു് എന്തുകൊണ്ടാണെന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? സംസ്കൃതശബ്ദങ്ങളുടെ അതിപ്രസരമാണ്, അർത്ഥപ്രതീതിക്കു വിളംബമുണ്ടാക്കി, ആത്മവികാരങ്ങളെ വെളിപ്പെടുത്താൻ ത്രാണിയില്ലാതെ, ലക്ഷ്യത്തിൽചെന്നു തറയ്ക്കാത്തതു്.

"മമ ഇതു കർണ്ണാപൂരമാണോ ഇതയം മേ." ഇതിലെ മമ മേ എന്നു തുടങ്ങിയ അസ്പൃശ്യങ്ങളെ പരിഹരിക്കേണ്ടതാണ്. അതുപോലെ യുഷ്മത്, ത്വം, തവ തുടങ്ങിയ സംസ്കൃതവിഭക്തിപ്രത്യയങ്ങളോടു നാം അന്ത്യയാത്ര പറയേണ്ടതാണ്.

"നതപാ, കൃതപാ" എന്നിങ്ങനെയുള്ള പ്രാചീനപ്രയോഗങ്ങളൊന്നുമില്ലെങ്കിലും മമ, തവ തുടങ്ങിയവ ഇപ്പോഴും തലപൊക്കുന്നുണ്ട്. "ചൊന്നാൻ" എന്നു നവീനകവികളും പ്രയോഗിക്കുന്നതു കാണുമ്പോൾ ഒരു തമിഴ്ചുവ വന്നുപോകുന്നു. ചെയ്യാൾ, ചെയ്യാൻ, ചെയ്യാർ ഇത്യാദി ലിംഗവചനങ്ങൾക്കനുസരിച്ചുള്ള വ്യത്യാസം നമ്മുടെ മലയാണ്മയിൽ നാം ശീലിക്കേണ്ടതില്ല. നമ്മുടെ യുവകവികൾ ഇത്തരം പ്രയോഗങ്ങളെ നിഷ്കരുണം നാടുകടത്തുമെന്നു കരുതുന്നു. ആൽപ്സ്പർവ്വതത്തിന്റെ വടക്ക് എന്നതുപോലെ വിന്ധ്യപർവതത്തിന്റെ തെക്ക് എന്നു നമുക്കും ഉറക്കെ പ്രഖ്യാപിക്കാം.

## കവികളും ഉപമാനവസ്തുക്കളും

ശിരീഷപുഷ്പം! എന്തു സുന്ദരശബ്ദം! ആ പുഷ്പം കാണാതെതന്നെ അതിന്റെ കാമനീയകം നമ്മുടെ കൺമുമ്പാകെ തെളിഞ്ഞുകാണുന്നു. കാളിദാസൻ—ഉപമാചക്രവർത്തി—ആ പുഷ്പത്തെ എത്രകുറി വർണ്ണിച്ചുവിട്ടിട്ടുണ്ടു്!

"അളിയുടെ കഴൽ താങ്ങിടും ശിരീഷം
കിളിയുടെയങ്ങു സഹിക്കയില്ല കനത്തെ"

അതിൻെറ മാർദ്ദവവും മസൃണതയും നമുക്കു് അതിൽനിന്നു് അത്രമാത്രം വ്യക്തമാകുന്നുണ്ടു്. കാണാത്തവസ്തുക്കളെ ഉപമാനമാക്കിക്കല്പിക്കുന്ന നമ്മുടെ ചില കേരളീയകവികളെപ്പററി രണ്ടുവാക്കു പറയാതെ കഴികയില്ല. കവയിത്രി സരോജിനിയാണു് പാലക്കാട്ടുവച്ചു്, ശിരീഷപുഷ്പങ്ങൾ വിരിച്ച വീഥിയിൽ പല കുറിയും സഞ്ചരിച്ചിട്ടും പേരറിയാതെ കടന്നുപോയ എന്നെ ഗ്രന്ഥമാത്രപരിചിതമായ ആ പുഷ്പത്തെപ്പററിബോധപ്പെടുത്തിത്തന്നതു്. അന്നുമുതൽ അംഗനമാരുടെ അംഗത്തിനു് അതിനുള്ള ഉപമാനഭാവം ഞാൻ നല്ലപോലെ ധരിച്ചു. പാർവ്വതിയുടെ ഊരുക്കൾക്കു് ഉപമാനം കണ്ടുപിടിക്കുവാൻ കാളിദാസൻ എത്ര കഷ്ടിച്ചു! നമ്മുടെ ചില കവികൾക്കു് ആകാരമൊത്താലും മതി.

കവിതക്കലവറയിൽനിന്നു് ആരും കാണാത്ത കല്പദ്രുമവും കാമധേനുവും എത്ര എടുത്തു പെരുമാറിയാലും മതിയാകാതെയാണിരിക്കുന്നതു്. അതിരിക്കട്ടെ! മാനസസരസ്സിൽ താമരയല്ലി തിന്നുകളിക്കുന്ന കളഹംസത്തെക്കണ്ട കവികളെത്രയുണ്ടു്? എന്നിട്ടും അന്നനടയും നൂപുരനാദവും വർണ്ണിക്കുന്ന കവിതകൾക്കു സ്വാനുഭവത്തിൻെറ സ്വാരസ്യമില്ലാത്തതുകൊണ്ടു് എത്ര തന്മയത്വക്കുറവുതട്ടിപ്പോകുന്നു. കടൽ കാണാത്തവരും മല കാണാത്തവരുമായി ചില കവികളുണ്ടു്. അവരുടെ ആഴിയും മലയും സങ്കല്പസൃഷ്ടങ്ങളത്രെ. കവി പ്രകൃതിയുമായി അടുത്തു പരിചയിക്കണം; പ്രകൃതിയുടെ അന്തേവാസിയായിരിക്കണം. ഏകാന്തസൗന്ദര്യം വാരിപ്പൊഴിക്കുന്ന പർവ്വതപ്രാന്തങ്ങളും സാഗരതീരങ്ങളും കവി മാംസദൃഷ്ടികൊണ്ടുതന്നെ കാണണം. പ്രപഞ്ചഗ്രന്ഥത്തിൻെറ പ്രണേതാവു് ഓരോ ഏടിലും എത്ര വിചിത്രവസ്തുക്കൾ ചിത്രീകരിച്ചു വെച്ചിട്ടുണ്ടു്. അതു കാണാനും അതിൻെറ സന്ദേശം കേൾക്കാനും കണ്ണും കാതും കവി സജ്ജീകരിച്ചു നിറുത്തണം. ചക്രവാകത്തെക്കാണാതെതന്നെ ചക്രവാകസ്തനികളെ ചമച്ചുവിടുന്ന കവികളെത്രപേരുണ്ടു്. മേലിൽ നമ്മുടെ കവികൾ കാണാത്ത വസ്തുക്കളെ ഉപമാനമായി കല്പിക്കുന്നതല്ലെന്നു് ഒരു വ്രതം കൈക്കൊണ്ടാൽ കൊള്ളാം.

## ഗ്രാമീണസാഹിത്യം.

നഗരത്തിൻെറ നട്ടെല്ലു നാട്ടിൻപുറമാണു്. മണ്ണിനോടു മല്ലിട്ടു പൊന്നു വിളയിക്കുന്ന വിദ്യ നാട്ടിൻപുറത്തുകാർക്കേ അറിഞ്ഞുകൂടൂ. നില

ഉഴുതുമറിച്ച്, വിത്തുപാകി, കള നീക്കി, വിള കൊയ്യുന്നതുപോലെ അവരുടെ ഹൃദയവും സംസ്കരിച്ച് വിജ്ഞാനവിള കൊയ്യേണ്ടതാണ്. സമുദായത്തിന്റെ തലസ്ഥാനം മാത്രം ഉയർന്നിരിക്കയും ഗ്രാമൈകകൾ പിന്നിൽ കെട്ടിയിടപ്പെടുകയും ചെയ്താൽ പുരോഗതിക്ക് എളുപ്പമല്ല. അവരുടെ ഇടുങ്ങിയ ഹൃദയത്തിനു വിസ്താരം കൂട്ടണം; ഇരുളടഞ്ഞ നെഞ്ചിൽ വെളിച്ചം വിടർത്തണം; മാറാലകൾ കെട്ടിയിട്ടുള്ള അവരുടെ മാരുൽക്ഷടകം തല്ലിപ്പൊളിക്കണം.

വീരൻകഥ, സീതാദുഃഖം, വടക്കൻപാട്ടുകൾ, പുരപ്രബന്ധം, അംബോപദേശം, എന്നിത്തരം അസംസ്കൃതസാഹിത്യമാണ് അവർക്കുള്ളത്. യഥാർത്ഥസാഹിത്യം ഇന്നതാണെന്ന് അവർക്കറിഞ്ഞുകൂടാ; ജീവത്സാഹിത്യമെന്നും മിസ്റ്റിക്ക്സാഹിത്യമെന്നും അവർ കേട്ടിട്ടുപോലുമുണ്ടായിരിക്കയില്ല. ക്ഷുദ്രകൃതികളും വിശിഷ്ടകൃതികളും തിരിച്ചറിയുവാനുള്ള ശക്തി അവർക്കില്ലായ്കയാൽ, കണ്ടതൊക്കെ അവർ സ്വാഗതംചെയ്യുന്നു. ഇങ്ങനെ ഒരു പരിതഃസ്ഥിതി അവർ ചമച്ചുവിടുന്നു. അന്ധവിശ്വാസം, മൂഢഭക്തി, മാമൂൽമമത തുടങ്ങിയ ദോഷങ്ങൾ അവരിൽ കുടികൊള്ളുന്നു.

ഇന്നത്തെ കവികൾ ഗ്രാമീണരുടെ നേരെ കടക്കണ്ണെറിയേണ്ടതാണ്; അവരുടെ കവിതാകല്ലോലിനിയെ ഗ്രാമത്തിലേയ്ക്കു തിരിച്ചുവിടേണ്ടതാണ്. സത്യം, സമത്വം, സ്വാതന്ത്ര്യം എന്നുള്ള നവയുഗമന്ത്രം അവർ ഉരുക്കഴിക്കുമാറാകണം. മദ്യവർജ്ജനം, ശൈശവവിവാഹം, അയിത്താചാരം, ദേശാഭിമാനം തുടങ്ങിയ വിവിധവിഷയങ്ങളെ അധികരിച്ചു ലളിതങ്ങളായ കവനങ്ങളെ വാർത്തുവിടണം. സംഗീതാത്മകമായ ദ്രാവിഡവൃത്തങ്ങൾ മാത്രമേ ഉപയോഗപ്പെടുത്താവൂ. നിഘണ്ടു നോക്കി കണ്ടുപിടിക്കേണ്ട കഠിനപദങ്ങൾകൊണ്ടു സാധുക്കളെ വിഷമിപ്പിക്കരുത്. സാഹിത്യത്തിനു സമുദായത്തിന്റെ നേരെയുള്ള സ്വാധീനശക്തി നിസ്സീമമാണല്ലോ. ഇങ്ങനെ ഉൽകൃഷ്ടാദർശങ്ങൾ അടങ്ങിയതും അവരെ തട്ടിയുണർത്തുന്നതും ആയ ഒരു ഗ്രാമീണപദ്യസാഹിത്യം തള്ളിപ്പുറപ്പെടുകയാണെങ്കിൽ, ഒന്നുരണ്ടു വ്യാഴവട്ടങ്ങൾക്കുള്ളിൽ അനഭ്യസ്തരായ ഗ്രാമീണരുടെ ഇടയിൽ വലിയ ഒരു പരിവർത്തനം വന്നുചേരുന്നതാണ്. കുരുതികൊണ്ടും, കോഴിവെട്ടുകൊണ്ടും, കൽമാലകൊണ്ടും പ്രസാദിക്കുന്ന ദേവനില്ല. നമ്മുടെ ദുർവ്വിചാരംകൊണ്ടു സൃഷ്ടിക്കപ്പെട്ട മൂർത്തികളെ ആണ് നാം ആരാധിച്ച് അനുകൂലിപ്പിക്കുവാൻ കള്ളും മാംസവും മറ്റും നിവേദിക്കുന്നത്. നമ്മുടെ വിചാരങ്ങൾ വിശുദ്ധങ്ങളാകുന്തോറും നമ്മുടെ ദേവതകളും നന്നായിത്തുടങ്ങും. അവർ കള്ളു

പോഷിക്കും; നിണപാനം നിറുത്തും. ഇതു് ഒരു വലിയ മനശ്ശാസ്ത്രസിദ്ധാന്തമാണ്. നമ്മുടെ ഗ്രാമീണരെ യുക്തിവാദികളും ചിന്താശീലന്മാരും സ്വാതന്ത്ര്യാരാധകന്മാരും ആക്കിത്തീർപ്പാൻ സാധിക്കുന്നതരത്തിലുള്ള ഒരു സാഹിത്യം നമ്മുടെ യുവലോകം സൃഷ്ടിച്ചുകാണുമാറാകട്ടെ.

സന്യാസികവികൾ.

ധ്യാനധാരയിൽ മുഴുകിയ ഒരു യോഗിയുടെ ഹൃദയമാണ് കാവ്യകല്ലോല്ലസിതനായ കവിക്കുള്ളതു്. യോഗിതന്നെ കവിയാണെങ്കിൽ, അണമുറിയാത്ത വാരിധാര കുത്തിച്ചാട്ടംപോലെ, ചിദാനന്ദലഹരിയിൽ ലയിച്ചു ഏകതാനമായ ആ ഉൽഫുല്ലഹൃദയത്തിൽനിന്നു കവിത തള്ളിപ്പുറപ്പെടുകയായി. ഇന്നത്തെ കവികൾ യോഗികളല്ല, ത്യാഗികളല്ല, കവിയശഃപ്രാർത്ഥികളാണ്. നാഗരികജീവിതത്തിന്റെ നഗ്നതയുടെ നടുവിൽ, പൌരവിരാവപൂരത്തിൽ, മനോവല്ലകിയിൽനിന്നെങ്ങനെ മൃദുമധുരമായ ക്വാണം പുറപ്പെടുന്നു? പരമശാന്തി പടർന്നുപിടിച്ച പരിസരങ്ങളിൽ, പർവ്വതപ്രാന്തങ്ങളിൽ, പ്രകൃതിസൌന്ദര്യം വാരിപ്പൊഴിക്കുന്ന നദീപാർശ്വങ്ങളിൽ, നിർവൃതിയിൽ നിമഗ്നമായ ഹൃദയത്തിൽനിന്നു കവിത സ്വയമേവ നിർഗ്ഗളിക്കുന്നു. അരണ്യത്തിൽനിന്നുള്ള ശാന്തസംഗീതമാണ് നമ്മെ കോൾമയിർക്കൊള്ളിക്കുന്നതു്. വാല്മീകികോകിലത്തിന്റെ കൂജനവും നാം അവിടെനിന്നുതന്നെ കേട്ടു. വ്യാസനും, വസിഷ്ഠനും വരിഷ്ഠയോഗികൾതന്നെ. ഇങ്ങനെ ആർഷസ്വത്താണ് നമ്മുടെ സാഹിത്യത്തിനു കൊഴുപ്പും മിനുപ്പും ശാശ്വതസമ്പത്തും നല്കിയതു്.

ഭൌതികജീവിതത്തിന്റെ വെള്ളപ്പൂശലിൽ ആദ്ധ്യാത്മികത മങ്ങിമറഞ്ഞു. യോഗികളെ മഷിയിട്ടുനോക്കിയാൽപോലും കാണാതെയായി. ഒരു യോഗിയുടെ ഹൃദയം തുടിക്കുന്നതുകൊണ്ടല്ലയോ "ചിദാസ്വാമി"യായിരുന്ന ആശാന്റെ കവിത ഇന്നും വിശ്രുതമായിരിക്കുന്നതു്. അദ്ധ്യാത്മരഹസ്യവാദമെന്നു് ഇന്നു നാം പെരുമ്പറയടിക്കുന്ന പ്രസ്ഥാനം ഉദിച്ചസ്തമിച്ചതാണ്. അതിന്റെ സാന്ധ്യകാന്തി ഭാരതമനസ്സിൽ സിന്ദൂരം ചാർത്തിയിരുന്നു. അതു കടൽകടന്നുവന്ന പുത്തൻചരക്കല്ല. പ്രകൃതത്തിലേയ്ക്കു പ്രവേശിക്കട്ടെ.

കീർത്തനങ്ങളെഴുതി കീർത്തിനേടിയവരാണ് പല കവികളും. അന്നെങ്ങോ ഇന്നു നടമാടുന്ന ആത്മഗീതവും ജീവത്സാഹിത്യവുംമറ്റും? "പാലാഴിമങ്കതൻ കൊങ്കപുണരലും" മറ്റുമായി നമ്മുടെ കവികൾ സാഹിത്യശൃംഗാരലഹരിയിൽ ലയിച്ചുകിടക്കുകയായിരുന്നു. ഇന്നു സാ

ഹിത്യപ്പൂങ്കാവനമൊട്ടാകെ പുളകിതമാക്കിത്തീർത്തിട്ടുള്ള ആ കുയിൽ ഒരുകാലം ഒറ്റയ്ക്ക് ഒരു കൊമ്പത്തിരുന്നു കീർത്തനംപാടുകയായിരുന്നു. പിന്നെയാണ് "പ്രരോദനം" ചെയ്യാൻതുടങ്ങിയത്. നമ്മുടെ യോഗികളെ കീർത്തനക്കാരാക്കി നാം പുറംതള്ളി. അവരുടെ ആത്മസൗന്ദര്യം തുളുമ്പുന്ന സാരസ്വതമഞ്ജരിയെ നാം മണത്തുനോക്കാതായി. ഭാഷാസാഹിത്യമാലയിൽ ദിവ്യപരിമളം മേളിച്ച ആ പുഷ്പമൊന്നും കോർത്തുകെട്ടാതായി! എങ്കിലും, അത് അനാഘ്രാതമാണെങ്കിലും, അമ്ലാനമായിത്തന്നെ നില്ക്കുന്നു.

ചെറുപ്പത്തിൽത്തന്നെ എന്റെ മൃദുലമനസ്സിനെസ്സമാവർജ്ജിച്ച ചില സന്യാസികവനങ്ങളുടെ മാധുര്യം പരിശോധിക്കുക! അവയെ കാലകല്ലോലത്തിൽ ആണ്ടുപോകാതെ കൈകൊടുത്തു കരകയറ്റുക.

"മൂലാശ്രയാബ്ധിയിൽ മുളച്ചുപടർന്നു മൂന്നായ്-
മേലാശ്രയോദയസുമേരുവിലെത്തിമെത്തും
കാലാശ്രയക്കനകവല്ലികളിൽ കലച്ച
നാലാശ്രയിച്ച നറുതേൻകല നക്കുമോ ഞാൻ."

ഇങ്ങനെ സമാധിയടഞ്ഞ നാരായണസന്യാസിയുടെ മനോഹരപദ്യങ്ങൾ പലതുമുണ്ട്.

ഒരു സന്യാസിവര്യനായിരുന്ന കേരളപണ്ഡിതന്റെ കവിതയ്ക്ക് ആശാന്റെ കവിതയോടടുത്ത കരുത്തും കാവ്യരസവും ഉണ്ടായിരുന്നു. വേദാന്തവിഹാരിയായ ആ കലാകുശലന്റെ തൂലികയുടെ ചലനം അകാലത്തുതന്നെ നിലച്ചു; അതിന്റെ രീതി കേൾക്കുക.

"ധാതാവുമാത്രമറിയും ഭുവനാന്തരാള-
ചേതോവിലാസവുമതിൻ ഗതിയും വിശേഷാൽ
സൂതൻ പ്രഭാവമറിയും ഹരിതന്റെ, വന്യ-
ജാതപ്രഭൂതപമതുപോൽ മൃഗയപ്രകാണ്ഡൻ

കാവളുത്തു വണ്ടുകൾ നിരന്നു, മൃണാളകേശ
ജാലത്തിനൊത്തു, മുദവായ് കളഹംസകങ്ങൾ
ചേലാർന്നു തുവി,യരികിൽ പുളകംപെരുന്ന
കോലം നിനക്കിതു മിഴിക്കപരോക്ഷമാവാൻ?"

സ്വാമി ബോധാനന്ദന്റെ തൂലിക അംഗുലീവിവരത്തിൽ കയറേണ്ട സമയമേ വേണ്ടൂ കവിത ഒഴുകുവാൻ! തിരൂർ പൊന്നാനിപ്പുഴയുടെ കളിവെള്ളത്തിൽ മുഴുകിവരുന്ന ഇളംകാറ്റും, ഇരുതീരങ്ങളിലും അ

ണിനിരന്ന വള്ളി കടപിടിച്ചുനില്ക്കുന്ന കേരതരുക്കളുടെ പ്രകൃതിപ്രലോഭനത്തിൽ മനംമയങ്ങിയും, വിശ്വവിധാതാവിന്റെ സൗന്ദര്യധോരണിയിൽ മുഴുകിയും, ആ സന്ന്യാസിവര്യൻ തിണ്ണയൊട്ടിലിരുന്ന് ഏഴരനാഴികകൊണ്ട് എഴുതിത്തീർത്ത ഒരു കവിതയാണ് "പ്രാർത്ഥന". ഞാൻ ദൃക്സാക്ഷിയാണ്. വസന്തതിലകത്തിൽ 35-ൽ പരം സുരഭിലസൂനങ്ങൾ കോർത്ത ഒരു മാലികയാണിത്.

"ക്ലേശാളിയാമൊരു വനത്തിന് വഹ്നിയായും-
മാശാപിശാചിനൊരു മാരണമന്ത്രമായും
ഈശാനപാംഗമതിലും പൊരുളായുമാളു-
'മോം ശാന്തി'യെന്നരുവിടുന്നതുമെന്നുകാലം?

എന്നാലുപദ്രവമൊരുത്തനുമേറ്റുകൊണ്ടു-
മെന്നാളുമേല്ക്കരുതു ഞാൻ കരുതാതെകണ്ടും
നന്നായ്‌വരട്ടെ മമ വൈരിജനങ്ങൾപോലു-
മെന്നാകണം മമ മനസ്സു ജഗത്സ്വരൂപാ!"

ഭാരതത്തിന് ഒരു നവയുഗസന്ദേശം നല്കിയ നാരായണഗുരുസ്വാമികൾ ഒരു വശ്യവാക്കായിരുന്നു. "ആവേശംകൊണ്ടു വാക്കാണു കവിത"യെങ്കിൽ, ആ മഹാത്മാവിന്റെ മധുരഗംഭീരമായ സംഭാഷണത്തിലെ ഓരോ വാക്കിലും വരിയിലും കവിതയുണ്ട്. ആ തീർത്ഥപാദങ്ങളുടെ ഗംഗാപ്രവാഹംപോലെയുള്ള ഹൃദയത്തിൽനിന്നു നിർഗ്ഗളിക്കുന്ന കവിതകളുടെ ഗരിമാവും ഗംഭീരതയും ഏതൊരു ചിന്തകന്റെയും ഭക്തന്റെയും ഹൃദയത്തെ കവരാതിരിക്കയില്ല. അവിടുന്നു രചിച്ച "നവമഞ്ജരി"യുടെ വ്യാഖ്യാതാവും ഋഷികല്പനുമായ കൃഷ്ണനമ്പ്യാതിരി ഇദ്ദേഹത്തോട് ഒരിക്കൽ പറഞ്ഞത്, "അക്കൃതി സർവ്വവേദോപനിഷത്തുകളും കടഞ്ഞെടുത്ത നവനീതമാണെന്നത്രെ. നവപദ്യങ്ങളിൽ പ്രപഞ്ചതത്ത്വത്തെ നവരത്നത്തിലെന്നപോലെ നിഴലിപ്പിച്ചിരിക്കുന്നു. ഇദ്ദേഹത്തിന്റെ "തിരുക്കുറൾ" തർജ്ജമയുടെ പല ഭാഗങ്ങളും തിരുമുഖത്തുനിന്നുതന്നെ ഞാൻ കേട്ടിട്ടുണ്ട്. അപ്രകാശിതമായും അമുദ്രിതമായും അവിടുത്തെ തിരുവാക്കുകൾ പലതുമുണ്ട്! അവ ദിവ്യവും ശ്രേഷ്ഠവുമായ നമ്മുടെ കൈരളിക്ക് ഒരു അത്യുത്തമസമ്പത്താണ്".

അന്തിപ്പൂന്തിങ്കളന്തിത്തിരുമുടി തിരുകിച്ചുട്ടിയാട്ടം ഫണത്തിൽ-
ച്ചാന്തും ചിന്നും നിലാവിന്നൊളിവെളിയിൽ വിയൽഗംഗപൊങ്ങിക്കവിഞ്ഞും
ചന്തമെഴുന്നീടിടിച്ചുരുതിർനിരചൊരിയിച്ചന്ധകാരാന്തകാറ്റി-
ച്ചിന്താസന്താനമേ! നിന്തിരുവടിയടിയൻ സങ്കടം പോക്കിടേണം.

## ബൗദ്ധസാഹിത്യം.

ബുദ്ധന്റെ—ചൈതന്യത്താൽ വലിപ്പമേറിയ ചരിത്രത്താരണ്ടുത്ത ആ അഹിംസാമൂർത്തിയുടെ—ആ ദയാസിന്ധുവിന്റെ—തിരുനാമം ഉടലാസകലം കോൾമയിർക്കൊള്ളിക്കുന്നു. രണ്ടായിരത്തഞ്ഞൂറുവർഷം മുമ്പു ഭാരതവർഷത്തിൽ വളർന്നുവന്ന ആ വൻമരം, ബോധിദ്രുമം, ജന്മഭൂമിയിൽനിന്നു കടപുഴകിയെടുത്തു വിദേശങ്ങളിൽവച്ചു പിടിപ്പിക്കപ്പെട്ടിരുന്നു. അതു പടർന്നുപിടിച്ചു ലോകത്തിലെ ഒരു വമ്പിച്ച ഭൂവിഭാഗത്തെ കൈക്കലാക്കിക്കഴിഞ്ഞു. ഭാരതീയരായ നമുക്ക് എന്തൊരു തീരാനഷ്ടമാണു് പിണഞ്ഞതു്! ആ ബോധിവൃക്ഷത്തിന്റെ തണലിൽ ഇന്ത്യ ശാന്തവിശ്രമംകൊൾകയായിരുന്നു.

ബൗദ്ധസാഹിത്യവാടിയിൽ എത്ര രത്നങ്ങളാണു് വിളങ്ങിയിരുന്നതു്? തെല്ലു തിരക്കിയാൽ ഏതു സാഹിത്യത്തോടും കിടപിടിക്കത്തക്ക അമൂല്യതയും അനർഘതയും അവയ്ക്കുണ്ടെന്നു കാണാം. കവികളും കലാകാരന്മാരും, ശാസ്ത്രകാരന്മാരും എല്ലാം ബുദ്ധന്റെ സംസ്കാരത്തിന്റെ പാരമ്യത്തിൽ—ഭാരതാന്തരീക്ഷത്തിൽ—തേജഃപുഞ്ജംപോലെ തെളിഞ്ഞു മിന്നിക്കൊണ്ടിരുന്നു. പാലി—അനേകലക്ഷം ഹൃദയങ്ങളെ തുടിപ്പിച്ചുകൊണ്ടിരുന്ന ആ വിശാലജനീനഭാഷ—അതിന്റെ ജന്മഭൂമിയിൽനിന്നു നാടുകടത്തപ്പെട്ടു!

ഹിന്ദിക്കുവേണ്ടി അടിപിടികൂട്ടുന്നവർ പാലിയെപ്പററി ഒരു നിമിഷംപോലും ചിന്തിച്ചിട്ടുണ്ടോ? ആ പാവനമായ—ആബാലവൃദ്ധം ഒന്നുപോലെ നിഷ്പ്രയാസം ഉച്ചരിക്കാവുന്ന—ഭാരതീയഭാഷ ഇങ്ങിനിവരാതവണ്ണം പോയ് മറഞ്ഞു. ബുദ്ധദേവൻ തിരുവായ്മൊഴി പൊഴിച്ച ആ ഭാഷ—ആ സാഹിത്യം—എവിടെയാണെങ്കിലും ശരണംവിളികൊണ്ടിരുന്ന ആ അമൃതവാണി—എന്നു നമ്മുടെ കർണ്ണപുടങ്ങളെ കുളിർപ്പിക്കും?

ത്രിപിടകം, ധമ്മപദം തുടങ്ങിയ വിശിഷ്ടഗ്രന്ഥങ്ങളെ വിവർത്തനംചെയ്തു കൈരളിത്തേവാട്ടിനു് മുതൽക്കൂട്ടുവാൻ നാം മുതിരണം. പാലി നാം പഠിക്കണം. നമുക്കു രാമായണംപോലെ രാവണായനവും ബൗദ്ധായനവും വേണം. ആശാന്റെയും നാലപ്പാടന്റെയും ബൗദ്ധസാഹിത്യങ്ങളെ കൈരളി രണ്ടു കൈയുംനീട്ടി (സരസ്വതിക്കു നാലാണല്ലോ കൈ) വാങ്ങിയിരിക്കയാണു്. സ്വർഗ്ഗത്തിലേയ്ക്കുള്ള ചുങ്കം എടുത്തുകളയുക, പൗരോഹിത്യത്തിന്റെ ചെങ്കോൽ തുണ്ടുതുണ്ടായി മുറിച്ചിടുക, ജാതിയോടു ജന്യംചെയ്യുക, സമത്വകാഹളം വിളിക്കുക, അഹിംസയുടെ

ധർമ്മരശ്മി വീശുക, ഇതൊക്കെയാണ് ബൗദ്ധസാഹിത്യം ചെയ്തിട്ടുള്ളത്. ഇന്നത്തെ ഭാരതം ആ ധർമ്മരശ്മികളെ വിരികണ്ണോടെ കാത്തിരിക്കുന്നു. "പ്രകാശം, പ്രകാശം" എന്ന് ഇതളടഞ്ഞ കണ്ണുകൾ നിലവിളിക്കുന്നു. നമ്മുടെ രാമായണമോ നമ്മുടെ ഭാരതമോ (വാല്മീകി വ്യാസന്മാർക്ക് പ്രണാമം!) ഇന്നത്തെ ഇന്ത്യയ്ക്ക്, ഇന്നത്തെ പുളിച്ച പഴത്തരകേരളത്തിന് ഉള്ള ചികിത്സാഗ്രന്ഥങ്ങളല്ല. നൂറ്റാണ്ടുകളായി ഉണങ്ങാതെ നില്ക്കുന്ന വ്രണങ്ങൾക്കു വിരോപണൗഷധം ബൗദ്ധസാഹിത്യഗ്രന്ഥങ്ങളിലേ ഉള്ളൂ. ഹൈന്ദവസാഹിത്യം, ക്രൈസ്തവസാഹിത്യം, ഇസ്ലാംസാഹിത്യം, ബൗദ്ധസാഹിത്യം ഇങ്ങനെ സർവ്വമതമൈത്രിയെ പുലർത്തുന്ന വിധത്തിൽ എല്ലാ സ്രോതസ്സുകളിൽനിന്നും നാം കരിക്കട്ടയെയല്ല, തനി വൈരത്തെത്തന്നെ പിടിച്ച് കൈരളിയുടെ തിരുമാറിടത്തിൽ മംഗല്യഹാരം ചാർത്തണം. മാതൃഭൂപ്രായ മണതവണ്ണം ഇതാ ബുദ്ധകേന്ദ്രമായ കേരളത്തിൽ വീണ്ടും മിന്നിത്തെളിഞ്ഞും കാണ്മാൻ തുടങ്ങിയിരിക്കുന്നു. പരിഷത്തിന്റെ ആഭിമുഖ്യത്തിൽ "പാലിഗ്രന്ഥവിവർത്തനസമിതി" രൂപവൽക്കരിക്കുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ഇതിനും പുറമേ, തിരുവിതാംകൂർസർവ്വകലാശാലയിൽ, അശോകന്റെ അവതാരമായ ചിത്രർക്ഷഭൂപന്റെ സാന്നിധ്യത്തിൽ, അശോകന്റെ ഭാഷയായ പാലിയ്ക്ക് ഒരു പീഠം കല്പിച്ചു നല്കുന്നതിനു പരിഷത്ത് ഒരു പ്രമേയം അവതരിപ്പിക്കുവാൻ കൂടി അപേക്ഷിച്ചുകൊള്ളുന്നു. "ബുദ്ധം ശരണം ഗച്ഛാമി".

## ചലച്ചിത്രസാഹിത്യം.

സാഹിത്യത്തിന്റെ ഒരു വലിയ വ്യാവസായികരംഗമാണിത്. കൈരളി ഈ പ്രസ്ഥാനത്തിൽ കാര്യമായ ഒരു ഓഹരിയും നല്കിയിട്ടില്ല. "നടാടെ" വെളിപ്പെട്ട മലയാളചലച്ചിത്രം തമിഴരുടെ പരിഹാസത്തിനു പാത്രമായി. നടനകലയുടെ കണികപോലും അതിൽ കാണ്മാനുണ്ടായിരുന്നില്ല.

മലയാളികളായ എത്രയോ നടീനടന്മാർ ചാണക്കല്ലു കാണാതെയും അവസരംകിട്ടാതെയും കിടക്കുന്നു. കഥകളി, മോഹിനിയാട്ടം, എന്നീ നൃത്യകലകളുടെ ജന്മഭൂവായ കേരളത്തിന്, സ്വന്തമായ സംസ്കാരത്തിൽ അഭിമാനിക്കാവുന്ന കേരളത്തിന്, ചലച്ചിത്രപ്രസ്ഥാനത്തിൽ ഒരിക്കലും പിന്നോക്കംവയ്ക്കേണ്ടതായി വരികയില്ല. സാഹിത്യപോഷണത്തിനും അതൊരുത്തമമാർഗ്ഗമാണ്. അസ്മാദൃശന്മാർ ഒരു ചലച്ചിത്രശാലാസ്ഥാപനത്തിന്റെ നാന്ദിശ്ലോകം ചൊല്ലിയപ്പോഴേയ്ക്കും നാനാഭാഗ

ളുന്നിന്ന നടീനടന്മാർ തമ്മിൽ തിക്കിക്കയറിത്തുടങ്ങി. നമ്മുടെ ഇടയിൽ എത്ര അശ്വത്ഥാമമാരും, സ്വർണ്ണലക്ഷ്മിമാരും, സുന്ദരമ്മാളുമാരും, ത്യാഗരാജന്മാരും കിടക്കുന്നുണ്ട്. ആരുണ്ടവരെ മുന്നണിയിലേയ്ക്ക് ഒന്ന് ഉന്തിവിടാൻ? സമുദായപരിഷ്കരണവും സാഹിത്യപോഷണവും ഒന്നിച്ചു സാധിക്കാവുന്ന ഒരു പ്രസ്ഥാനമാണിത്.

നാടകത്തെ, അവസ്ഥാനുകരണത്തെ, വെറും സംഗീതസദസ്സായി മാറ്റുകയാണ് തമിഴരും തെലുങ്കരും ചെയ്യുന്നത്. സംഗീതത്തിനു മനുഷ്യഹൃദയങ്ങളെ മെരുക്കുവാനും മയക്കുവാനും ശക്തിയുണ്ടെന്നുള്ളതു ശരിതന്നെ. പക്ഷെ, അസ്ഥാനത്തിലുള്ള പ്രയോഗം അസരസമാകാതെ കഴിയുകയില്ലല്ലോ.

കേരളീയകവികളുടെ കല്പനാകൗശലം ഭാരതമൊട്ടാകെ വെളിപ്പെടുത്തുന്നതിനും, ഒരു വിശാലസാഹിത്യത്തെ സൃഷ്ടിക്കുന്നതിനും സിനിമകൊണ്ടു സാധിക്കും. ആശാന്റെ കരുണ, വള്ളത്തോളിന്റെ മഗ്ദലനമറിയം, ഉള്ളൂരിന്റെ പിംഗള, ഈ വിശ്വോത്തരകൃതികളെ നടനകലാകുശലരായ സിനിമാതാരങ്ങൾ അഭിനയിച്ചു ചലച്ചിത്രങ്ങളിൽ പ്രദർശിപ്പിക്കാൻ തുടങ്ങിയാൽ, അതു സാഹിത്യത്തിനു വലിയൊരനുഗ്രഹമായിരിക്കും.

ഹരിജനോദ്ധാരണം, ഗ്രാമോദ്ധാരണം, മദ്യവർജ്ജനം, സംസ്കാരം, പ്രേമം ഈ വിഷയങ്ങളെ അധികരിച്ച് അനേകം ചലച്ചിത്രങ്ങൾ നിർമ്മിക്കാവുന്നതാണ്. നല്ല കവിത കളിയാടുന്ന ഗദ്യനാടകങ്ങളും ധാരാളം വിളയും. ദ്വിജേന്ദ്രലാലിന്റെ ഗദ്യനാടകങ്ങളിലെ ഓരോ വാക്കിലും വരിയിലും കവിതയുണ്ട്. അത്തരം ഉത്തമസാഹിത്യം നമുക്കുമുണ്ടാകണം.

### ആത്മഗീതം.

കവിത പ്രായംചെന്ന മാമരത്തിന്റെ കൊമ്പിലും ചില്ലയിലും നിന്നല്ല, അതെല്ലാം വെട്ടിക്കളഞ്ഞ് അതിന്റെ കടയ്ക്കൽ വേരിന്മേൽ നിന്നു പുതുതായി പൊട്ടിമുളച്ചുപോരണം. ജീവിതച്ചളിവെള്ളത്തെ ഊറിത്തെളിപ്പാറാക്കി മാറ്റുകയാണ് ആത്മഗീതം ചെയ്യുന്നത്. സമുദായസങ്കേതങ്ങളാണ് കവിതയെ പുതിയ വഴിക്കു തിരിക്കുവാൻ അനുവദിക്കാതെ തടഞ്ഞുനിറുത്തുന്നത്. മനുഷ്യഹൃദയത്തിൽ ഒരു ചെറിയ അലയുണ്ടായാൽ അത് അങ്ങേ അററം വരെ ചെന്നടിക്കും. പരിവർത്തനത്തെയോ പ്രക്ഷോഭണത്തെയോ ചങ്ങലയ്ക്കിടാൻ സാധിക്കുകയില്ല.

അതിൻെറ അലച്ചുതള്ളലിനെ തടയുവാൻ ആർക്കും ത്രാണിയില്ല. കപ്പലിൻെറ ഇരുമ്പുപലകയെപ്പോലും ഭേദിച്ചു് ഉള്ളിൽക്കടന്നു തള്ളിപ്പുറത്തേയ്ക്കു വരുന്ന റേഡിയരശ്മി പോലെയാണിതു്.

ഇന്നതു കൃത്യം ഇന്നതു് അകൃത്യം, രാമനെപ്പോലെയാകണം രാവണനെപ്പോലെയാകരുതു്, എന്ന സമുദായധാർമ്മികവ്യവസ്ഥ ഒരു വരമ്പിട്ടു മനുഷ്യശക്തികളെ നിയന്ത്രിക്കുന്ന കാലത്തു്, പരിതഃസ്ഥിതികളുടെ പ്രതിഫലനമായി നാടകമുണ്ടാകും. സ്വാതന്ത്ര്യചിന്ത ചിറകടിക്കുന്ന കൃതികൾ ആ കാലത്തു് ആവിർഭവിക്കയില്ല. നാടകം വെറും അനുകരണകലയാണല്ലോ; വെറും രൂപാരോപം. സമുദായരീതികളെ കുത്തിപ്പൊളിച്ചു മനുഷ്യൻ വ്യക്തിപരമായി വിചാരിക്കാനും വിവരിക്കാനും തുടങ്ങുമ്പോൾ പുരാണവുമില്ല, നാടകവുമില്ല. അങ്ങനെയാണു് സോക്രട്ടീസിൻെറ, ആ സ്വാതന്ത്ര്യചിന്തകൻെറ, ഉയിർ ആഹുതി ചെയ്തശേഷം പുതിയ നാടകതല്ലജങ്ങളുണ്ടാകാതെ പോയതു്. സ്വാതന്ത്ര്യദാഹം വർദ്ധിച്ചു് ഇരുട്ടറയിൽ പ്രകാശരശ്മിയിടെ എന്ന കണ്ണുകളുഴറുമ്പോൾ, ഹൃദയം ഉലയിലെപ്പൊൻകാരംപോലെ പതയുമ്പോൾ, വ്യക്തിത്വത്തിൻെറ വെളിപാടുണ്ടാകുന്നു. അതാണു് ആത്മഗീതം. അതോടുകൂടി സദാചാരപരങ്ങളായ കൃതികളോ രൂപകങ്ങളോ തലപൊക്കാതെയാകുന്നു. ഇതു് ഒരു മനശ്ശാസ്ത്രരഹസ്യംമാത്രമാണു്.

ഇതുവരെ ബാഹ്യലോകത്തു കിടന്നു ചുററിക്കളിച്ചിരുന്ന മനുഷ്യൻെറ ദൃഷ്ടി ഇതാ അന്തഃകരണത്തെ ചുഴിഞ്ഞുനോക്കുവാൻ തുടങ്ങുന്നു. അവിടം വികാരങ്ങളുടെ ഒരു പൊക്കുളമായിരിക്കയാണു്. അങ്ങനെ ആത്മഗീതപ്രസ്ഥാനം തേന്മാവിൽ തളിരുപോലെയും, ആകാശത്തിൽ താരനിരപോലെയും, അവശ്യംഭാവിയായിട്ടങ്ങനെ ഉദിച്ചുപൊങ്ങുന്നു.

“എൻെറ സ്വാതന്ത്ര്യത്തെ ആരാണു് തടയുവാൻ” എന്നു് കവിത കലികൊള്ളുകയായി. അങ്ങനെ ആത്മാവിൻെറ അടിത്തട്ടിൽ നിന്നു് ഒഴുകിവരുന്ന ആത്മഗീതപ്രവാഹം പടിഞ്ഞാറൻ കരകളെ പച്ചപിടിപ്പിക്കുവാൻ തുടങ്ങിയിട്ടു് ഒരു നൂററാണ്ടോളമായി. നമ്മുടെ കാവ്യശക്തിയും അതിനെ കടമെടുത്തു് ആസ്വദിക്കുവാൻ തുടങ്ങിയിട്ടു് ഒന്നുരണ്ടു വ്യാഴവട്ടമായിക്കാണും.

സംഗീതത്തിൻെറ മധുരിമ പുരട്ടിയുഴിഞ്ഞതാണ് ആത്മഗീതം. ജർമ്മൻസാഹിത്യമാണ് ഈ പ്രസ്ഥാനത്തിൽ ഒരു പടി കയറിനില്ക്കുന്നതു്. മനുഷ്യമനസ്സുകളെ വികാരഭരിതമാക്കുന്നതിനു്, കഷ്ടിച്ചു ഹൈനനൊഴിച്ചു മറെറാരു കവിക്കും, ആത്മഗീതം പാടുന്ന ജർമ്മൻകവിയെപ്പോലെ കഴിഞ്ഞിട്ടില്ലെന്നു പറയണം.

സമുദായശൃംഖലയുടെ കണ്ണി പൊട്ടിപ്പൊട്ടിവീഴുന്ന ശബ്ദമാണ് ആത്മഗീതത്തിൽ മാറെറാലികൊള്ളുന്നതു്. ആ പ്രസ്ഥാനം കൈരളീക്ഷേത്രത്തിൻെറ ശംഖൊലിയായി കേട്ട് നമ്മുടെ കാതുകുളിർക്കട്ടെ!

ജീവൽസാഹിത്യം.

"കണ്ണീരു കണ്ണീരിനെപ്പൊട്ടിപ്പുറപ്പെടുവിക്കുന്നു; മനുഷ്യഹൃദയങ്ങൾക്കു മാത്രമേ മനുഷ്യലോകവസ്തുക്കളെ ഇളക്കുവാൻ കഴിയൂ." നാം ദേവന്മാരുടേയും ദേവിമാരുടേയും പിന്നാലെ ചെന്നു് അവരുടെ ചവിട്ടുകുത്തും ഏററിട്ടും, അവരുടെ കടക്കണ്ണേറു കാത്തുകിടന്നിട്ടും, അവരുടെ അലോകസാമാന്യവും അചിന്ത്യഹേതുകവുമായ ജീവിതമാതൃക കണ്ടു മരവിച്ചു നിന്നിട്ടും കാലം എത്ര കഴിഞ്ഞു.?

കവിത ജീവിതത്തിൽനിന്നുള്ള ഓടിപ്പോകലല്ല, ഇണങ്ങിച്ചേരലാണ്. പുതുക്കപ്പെട്ട ജീവിതത്തിലേയ്ക്കുള്ള ഒരു ഒഴുകലാണ്.

വേലക്കാരുടെ വിയർപ്പുതുള്ളികൾ കാണണം; മർദ്ദിതന്മാരുടെ ചുടുനെടുവീർപ്പുകൾ കേൾക്കണം. ഇതൊന്നും കാണാനും കേൾക്കാനും ഇടവരുത്താത്ത കവിതയെന്തു കവിതയാണ്? കണ്ണും കാതുമില്ലാത്ത കവിതയോ? പ്രകൃതിസൗന്ദര്യം എന്നു പറഞ്ഞു്, പൂക്കൾ പുഞ്ചിരിതൂകുന്നതും, പൂങ്കുയിൽ കൂകുന്നതും, ഇളംകാററു വല്ലികളെ നടമാടിക്കുന്നതും മാത്രം കണ്ടാലും കേട്ടാലും മതിയോ?

കല്ലിൻെറ കരളിനെ അലിയിക്കുവാൻ കഴിയുന്ന കവിതയെ, നിങ്ങൾ ഇരുളിൻെറ ഒളിവിൽ ചുരുങ്ങിക്കിടക്കുന്ന മാനവജീവിതത്തിലേയ്ക്കു തിരിച്ചു വിടുക.

# "മിസ്റ്റിക് പ്രപഞ്ചം" *

(എം. കെ. ഗോപാലൻനായർ, പാലാ)

നാഥ! ഞാൻ നോക്കുന്നു ഹാ! ഭവാൻ തീർത്താരീ
ലോകമഹാകാവ്യമെന്നുമെന്നും.
കണ്ടുമിതൊന്നും തിരിവില്ലെനിക്കൊരു
'മിസ്റ്റിസിസ'മാണു കാണ്മതെല്ലാം.
പാണ്ഡിത്യഗർവ്വു കളിത്തുയോ തോററു നിർ-
പാതത്തിൽ വീണു കരഞ്ഞതില്ല,
പേനയും ദൂരത്തെറിഞ്ഞെത്ര ഭാഷ്യക-
രാനമിച്ചീലാ തവാന്തികത്തിൽ,
അത്യഗ്രഗാധമായെന്നിൽ മുഴകിപ്പോ-
യത്ഥം ഗ്രഹിക്കുന്നതെങ്ങനെ ഞാൻ
ഈലോകജീവിതപാഠാവലിയിലെ
ബാലപാഠംമാത്രം തീർത്താരീതാൻ!

കണ്ടിടുംതോറുമേ, മേല്ക്കുമേൽ കൂടുന്നെൻ-
കണ്ണിണ കാണേണ്ട സുകൃതിജാലം
നാലാറുനാളിലിപ്പുസ്തകമെങ്ങനെ
ഹാ! ഇതോ, ഞങ്ങൾ പഠിച്ചുതീർക്കും?

വാനമാംതാളിലെത്തങ്കാക്ഷരത്തിൽ നിൻ
വാർതാര പദ്യങ്ങൾ കണ്ടിടുമ്പോൾ,
ദൂരവേ കാണുന്ന കുന്നിൻനിരകളെൻ
ധാരണാശക്തിയെക്കൂമ്പിടിപ്പൂ.
നില്പതുണ്ടെല്ലാപ്പുറത്തും തരുക്കളു-
ത്തുള്ളത ചിഹ്നങ്ങളേറെയേറെ
മാമകദൃഷ്ടികൾ പോയിടുംദിക്കെല്ലാം
കാകവായ്‌നില്ക്കുന്ന ജീവജാലം.

---

* കോട്ടയം പരിഷത്സമ്മേളനത്തിൽ വായിച്ചത്.

പൂർവ്വാചലോപരി നിത്യവും കാണ്മു നിൻ
ഭാവനതിങ്ങുന്ന ചിത്രപംക്തി
എങ്ങും ധ്വനിയാണലങ്കാരപൂർത്തിയാ-
ണെങ്കിലുമജ്ഞാതമാണിതെല്ലാം

എന്നാലും ദേവ! നിൻ ഗൂഢാർത്ഥകാവ്യത്തി-
ലെന്നാളും തേടും ഞാൻ ശാന്തി പാരം
വാനിലെപ്പൈങ്കിളിയൊത്തു ഹാ! പാടിടും
നാഥ! നിൻ ഗീതങ്ങളന്വഹം ഞാൻ!!

# ഭിക്ഷു *

(വിദ്വാൻ കൊട്ടാരക്കുന്നം വി. ജെ. വർക്കി.)



I

പച്ചപ്പുല്ലണിമേട്ടിൽ പൂമ്പാറ്റകൾ നിരന്നു ക്രീഡിച്ചുനിൽക്കുന്ന കലയുടെ ആ വിശാലശുശ്രൂഷകൻ—സ്നേഹത്തിന്റെ കാൽച്ചിലമ്പൊച്ച കേൾക്കാത്ത മരുഭൂമികളിൽ കാലെടുത്തുകുത്താത്ത ഒരു ദീർഘാഭിമാനി—സൗന്ദര്യത്തിന്റെ ബലിപീഠത്തിലെന്യേ തലയോ നട്ടെല്ലോ വളയ്ക്കാത്ത ഒരു സ്വതന്ത്രൻ—ഒരു കൊച്ചു മുരളിയല്ലാതെ മററു സമ്പാദ്യങ്ങളൊന്നുംതന്നെ ഇല്ലാത്ത ഒരു നിർദ്ധനൻ—രാത്രിയുടെ കൈകളിൽ നിന്നു പകലിനെ സമുദ്ധരിക്കുവാൻ താഴ്വരകളിൽക്കൂടി സഞ്ചരിക്കുന്ന ഒരു വിപ്ലവകാരി—അതെ, സൗന്ദര്യത്തിന്റെ മണിസിംഹാസനത്തിനുമുമ്പിൽ കരാഞ്ജലിനീട്ടിക്കൊണ്ടു നിൽക്കുന്ന ഒരു ഭിക്ഷു.

അദ്ദേഹം പ്രഭാതങ്ങളെ പ്രതീക്ഷിച്ചു കാത്തിരിക്കയാണ്. വിശപ്പുകത്തുന്ന പറവകളെപ്പോലെ കൊച്ചു മുകിലുകൾ ചിറകടിച്ചു പറന്നടുക്കുമ്പോൾ ആശാഭരിതനായി അവയെ വീക്ഷിക്കും. ഏകാന്തതയെന്ന ചുംബിച്ചുണർത്തുമ്പോൾ, ആ പരപ്പേറിയ ഹൃദയം വികാരങ്ങൾകൊണ്ടു നിറയും; മതിമറന്നു പാടും. അതു കേൾക്കുമ്പോൾ ദൂരെയിരിക്കുന്നവർ

* കോട്ടയം പരിഷത്സമ്മേളനത്തിൽ വായിച്ചത്.

പറയാറുണ്ട്, വസന്താരംഭത്തിലെ കുയിലുകളുടെ ഗാനം പ്രതിദ്ധ്വനിക്കയാണെന്ന്; വർഷാരംഭത്തിലെ വാഹിനികളുടെ സംഗീതം മാറൊലിക്കൊള്ളുകയാണെന്ന്.

രാത്രിയും പകലുംതമ്മിൽ രഹസ്യമായി പുണർന്നിരിപ്പുന്നത് അദ്ദേഹം ഒളിച്ചുനിന്നു കാണും. വികാരപരവശനായി ആ വിപ്ളവകാരി പാടുമ്പോൾ, മറന്നുകിടക്കുന്നതു പലതും നാട്ടുകാർ ഓർക്കും. അന്യർ കാണുന്നതുതന്നെയാണ് അദ്ദേഹവും കാണുന്നത്. പക്ഷേ, തങ്ങൾ കാണുവാൻ മറന്നുപോയ ആത്മരഹസ്യം എന്താണെന്നറിയുന്നതു ഭിക്ഷു പറയുമ്പോഴാണ്. ജീവിതത്തെനോക്കി അദ്ദേഹം വികാരധാരകൾ കൊരുത്തുകൊണ്ടിരുന്നു. ജീവിതം—അദ്ദേഹത്തിന്റെ ഗാനത്തിലെ ഒരടി ഇതായിരുന്നു—സത്യത്തിന്റെ വിളംബംകേട്ട് അതു തളിർക്കുന്നു; സ്നേഹത്തിന്റെ വസന്തോത്സവത്തിൽ പൂവിടുന്നു; സൗന്ദര്യത്തിന്റെ വിപ്ളവത്തിൽ ലയിക്കുന്നു.

സംസാരചിത്രങ്ങൾ രചിക്കുന്നതിലായിരുന്നു, ആ മഹാത്മാവിന്റെ മഹനീയത. നിഴലിൽ പോരാത്തതു കൂട്ടിയിണക്കുന്നതിൽ—അഴകിന്റെ കിന്നരിപ്പണികൾ തുന്നിപ്പിടിപ്പിക്കുന്നതിൽ—ആ ആനന്ദഭിക്ഷുവിനുണ്ടാകുന്ന ചാരിതാർത്ഥ്യം താങ്ങുവാൻ, പർവ്വതങ്ങളെ ചുമക്കുന്ന ഭൂമിക്കുപോലും കരുത്തുണ്ടായിരുന്നില്ല.

അന്തിച്ചെമ്മപ്പുവന്നു യാത്രചോദിച്ചു നിൽക്കുന്നതു കാണുമ്പോൾ ജീവിതത്തിന്റെ വഴിവക്കിൽ മൂകനായിരിക്കുന്ന ആ ഭിക്ഷു ഉണരും; അദ്ദേഹത്തിന്റെ ആത്മാവിൽ പുളകപ്പൂത്തിരി കൊളുത്തിത്തുടങ്ങും; വികാരധാര ഓളംവെട്ടിത്തുളുമ്പിത്തുടങ്ങും. പുഴവക്കിലുള്ള സങ്കേതസ്ഥലങ്ങളിലേയ്ക്ക്, ആ ആരാധകൻ ചെല്ലുകയായി. തുടിക്കുന്ന ഹൃദയത്തോടും ഇടറുന്ന കാലടികളോടും മുട്ടിത്തിരിയുന്ന വീർപ്പുകളോടും കൂടി അവൾ—ആ അഭിസാരിക—ശശികല—വൃക്ഷങ്ങളുടെ ഇടയിൽക്കൂടി മന്ദമന്ദം അടുത്തുവരും. മന്ദഹാസമനോഹാരിണിയായ ആ വിലാസിനിയിൽ കാമുകനായ ഭിക്ഷു ഒന്നായി ലയിക്കുന്നു..........................................
ഗ്രഹണസഞ്ചാരംകഴിഞ്ഞു കണ്ണുതുറന്നു നോക്കുമ്പോൾ അംബരപരപ്പിൽനിന്നു താരകകന്യകമാർ നാണിച്ചു മേഘാവരണികൾ വലിച്ചു കണ്ണുപൊത്തും; കൈരവങ്ങൾ മന്ദഹസിക്കും; ലതികകൾ അർത്ഥഗർഭമായി തലയാട്ടും; അലകൾ ചിരിയടക്കിക്കൊണ്ട് ഓടി മറയും. പാതിരാപ്പുള്ളുകൾ ഓട്ടക്കണ്ണിട്ടുനോക്കും.

## ii

ഭിക്ഷു—വ്യഗ്രതയെ നോക്കി സാകൂതം അദ്ദേഹം മന്ദഹസിക്കും; അല്ല മനുഷ്യജീവിതത്തെ കെട്ടിപ്പിടിച്ച് ഉലയ്ക്കുന്നതുകാണുമ്പോൾ ആ മഹാടവിയിൽ കാട്ടുതീയായി മാറുന്നതിന് അദ്ദേഹത്തിന്റെ ആത്മാവു യാത്രചോദിച്ചുനില്ക്കും. അപ്പോൾ അദ്ദേഹം പാടുന്നപാട്ടുകളിൽ ദാഹകശക്തിയുള്ള ഏതോ ഒന്ന്, പയോദഹൃദയത്തിലെ അഗ്നിയെന്നപോലെ, ഒളിച്ചിരിക്കുന്നുണ്ടെന്ന പാട്ടറിയാവുന്നവർ പറയാറുണ്ട്. വ്യഗ്രതയുടെ പടിപ്പുരവാതിലിൽ കാലം തൂക്കിയിട്ടുന്ന വാറോലകളായി തന്നെ ആ സാധുവിന്റെ വാക്കുകൾ ഓരോന്നും. ദരിദ്രന്റെ നിറയാത്ത വയറുപോലെ നിയമങ്ങളും, സിംഹാസനങ്ങളും നിരാശയോടെ മുമ്പിൽക്കൂടി കടന്നുപോകുമ്പോൾ പാറപോലെ നിർവ്വികാരനായി അദ്ദേഹം നോക്കിനില്ക്കുകയേ ഉള്ളൂ. കൈനിറച്ച് കനകനാണയങ്ങളുമായി ഒരിക്കൽ ഗ്രാമാധിപൻ ഭിക്ഷുവിന്റെ പിച്ചപ്പാത്രത്തോടടുത്തു. "പ്രഭോ—ആ ധീരാത്മാവൻ പറഞ്ഞു—വിയർപ്പുകൊണ്ടു സമ്പാദിച്ചതാണെങ്കിൽ സധീരം അതു നിക്ഷേപിക്കുക." വൃക്ഷങ്ങൾ അതു കേട്ടു വിറച്ചുപോയി; മേഘങ്ങൾ അമ്പരന്നു; വായുവീചികൾ നിശ്ചലരായി. എങ്കിലും ആ ധീരാത്മാവു തുടർന്നു—"വിയർപ്പുതുള്ളികൾ കൊണ്ടു സമ്പാദിക്കാത്തതു സമ്മാനിപ്പാൻ, പ്രഭോ, ആർക്കാണ് അവകാശം?" ഗ്രാമാധിപൻ നാണിച്ചുപോയി. ഒരൊപ്പുനാളുപയോഗിച്ച നാണയങ്ങളുടെ കാര്യം അദ്ദേഹം സ്മരിച്ചു. ലോകശാന്തിക്കായി കനകനാണയങ്ങളുടെ മുമ്പിൽ കുമ്പിടപ്പാകാത്ത ആ നിസ്വന്റെ ഹൃദയം നെടുനാൾ വിജയിപ്പൂതാക !!!

## iii

അന്തകനയുടെ അകക്കാമ്പിലില്ലാത്ത അഭിനയങ്ങൾക്കോ, കനകനാണയങ്ങളുടെ പൊന്നൊളിയായ കിലുകിലാരവങ്ങൾക്കോ പിടിച്ചടക്കുവാൻ സാധിക്കുമായിരുന്നില്ല ആ സാധുവിന്റെ നിർമ്മലസാമ്രാജ്യം. കണ്ണീരിൽ കാണുമ്പോൾ ആ നിഷ്കളങ്കഹൃദയം ഉരുകിത്തുടങ്ങും. മനുഷ്യരൊന്നായി ആകാശത്തെയും കൊണ്ടുപോകുവാൻ, മതം സോപാനങ്ങൾ തീർക്കുമ്പോൾ, 'മനുഷ്യസമുദായത്തിന്റെ സന്നിധിയിലേയ്ക്കു' ആകാശത്തെ ആകർഷിച്ചടുപ്പിക്കുന്ന ആ ഐന്ദ്രജാലികന്റെ ഭിത്തിക്കെട്ടുകൾക്കുള്ളിൽ നിന്നു വിശാലതയെ വീക്ഷിക്കുമ്പോൾ പ്രകാശമെത്തിത്തുടങ്ങും. ജീവിതത്തിന്റെ തിരത്തല്ലുകളാണു", ആ മഹാത്മാവിന്റെ ലക്ഷ്യം. പ്രകടമായി നിയമങ്ങളോ പ്രത്യക്ഷമായി ശാസ്ത്രതത്വങ്ങളോ ഉദ്ധരിക്കുന്നില്ല

യിലും ആ മാന്ത്രികൻ സഞ്ചരിക്കുന്ന കാലടിപ്പാടുകൾ ഭക്താനുഗന്മാർക്കു വഴിയറിഞ്ഞുപോകുന്നതിനു ഭൂമിയിൽ തെളിയുന്ന രത്നമുദ്രകൾ മാത്രമായിരിക്കും.

വേദനിക്കുന്ന കാലടികൾക്കു പൂ വിരിക്കുവാൻ ഉറക്കമിളച്ചു വഴിവക്കിൽ കാത്തിരിക്കുന്ന ആ ദൈവദൂതൻ—വർത്തമാനകാലക്രിയകളിൽ ഭൂതകാലപ്രത്യയം ചേർത്ത് ആത്മാലാപങ്ങളുടെ പല്ലവികൾപാടിക്കൊണ്ടിരുന്ന ആ പ്രേമഗായകൻ—ഏകാന്തതയിൽ ചിന്തയുടെ കോവിലിൽ ചെന്ന് ആത്മാവുമായി അഭിമുഖസംഭാഷണം നടത്തിക്കൊണ്ടിരിക്കുന്ന ആ പുരോഹിതൻ—തീരത്തിലിരുന്ന് അനശ്വരരാഗങ്ങളാൽ ചിന്തയുടെ ഗോക്കളെ തട്ടിയുണർത്തി വൃന്ദാവനതലത്തിലേയ്ക്കു നയിച്ചുകൊണ്ടിരിക്കുന്ന ആ മുരളീധരൻ—അപാരവും പ്രക്ഷുബ്ധവുമായ സാഗരത്തിൽ പ്രതിഭയുടെ കളിവള്ളങ്ങളിറക്കി ശാസ്ത്രത്തിനോ ചരിത്രത്തിനോ പിടികൊടുക്കാത്ത വേഗത്തിൽ ജീവിതാന്വേഷണം തുടരിപ്പിച്ചുകൊണ്ടിരിക്കുന്ന ആ നാവികൻ—നിർമ്മലവും ഭീകരവുമായ നിശാവേളകളിൽ ഭാവനയുടെ മിന്നൽച്ചൂട്ടുകളിളക്കി വഴിത്താരതെളിച്ചു താന്തമായ ജീവിതത്തിന്റെ മുമ്പിൽ പൊൻകിനാവുകൾ നിരത്തിനിർത്തുന്ന ആ വിദ്യാചതുരൻ ഭിക്ഷു—അദ്ദേഹം ലോകക്കുഴലൂതിക്കടന്നുപോകുന്ന വഴിയേ ഗോപകുമാരികളെപ്പോലെ മനുഷ്യസമുദായം പിൻചെല്ലുന്നതു്, ഉണർന്നിരിക്കുന്നവർ കാണണം.

iv

പ്രഭോ,

അങ്ങു് ഉറങ്ങിപ്പോയാൽ ലോകം കെട്ടുപോകും. ലോകമുറങ്ങാതിരിപ്പാൻ അവിടുന്നു കാത്തിരിക്കുന്നു. അങ്ങു ജീവിച്ചിരിക്കുമ്പോൾ എന്റെ ആത്മാവു് ഉറങ്ങുകയില്ല. അങ്ങു് ആനന്ദമദിര പകരുന്നു. ആ ലഹരിയിൽക്കൂടി നിത്യതയിലേയ്ക്കു ഞാൻ നീങ്ങുന്നു. ജീവിച്ചിരിക്കുമ്പോൾ കല്ലറകളിൽ വസിക്കുകയും, മരണശേഷം നിത്യജീവിതത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന മഹാത്മാവേ, കറകൾ കഴുകിക്കളഞ്ഞു കണ്ണുനീർത്തുള്ളികൾകൊണ്ടു കിനാപ്പൂക്കൾ നെയ്തു് ആത്മാവിനെ അലങ്കരിപ്പിക്കുന്ന പുരോഹിതനേതാവേ, അജ്ഞാതനായ നിയമകർത്താവേ, അവിടുത്തെ ഓടക്കുഴൽവിളികേട്ടു് എന്റെ കാതുകൾ കൂർത്തു് ഇതാ ഏകാഗ്രമായി നില്ക്കുന്നു; എന്റെ തരളചിത്തമിതാ കോൾമയിർക്കൊണ്ടു കാത്തുനില്ക്കുന്നു; ആനതശീർഷമിതാ നിശ്ചലമായി നില്ക്കുന്നു; അധരങ്ങൾ ഇതാ അങ്ങയ്ക്കു നേർമംഗള്യങ്ങൾ നേരുന്നു. സ്വാതന്ത്ര്യത്തിന്റെ പെരുവഴിയിൽ നിന്നുകൊണ്ടു് ആദരവായി ഒരു കൂപ്പുകൈ അർപ്പിച്ചുകൊള്ളട്ടെ!

# ബങ്കിമചന്ദ്രചാററർജി.*

(പണ്ഡിതർ, ആർ. സി. ശർമ്മ.)

ഇന്നത്തെ ഭാരതീയസാഹിത്യങ്ങളിൽവെച്ചു പലതുകൊണ്ടും ഏററവും മുന്നണിയിൽനില്ക്കുന്ന ഒന്നാണ് വംഗസാഹിത്യം. ഭാരതഖണ്ഡത്തിന്റെ വടക്കുകിഴക്കേ മൂലയിൽ ഫലപുഷ്പസമൃദ്ധയിഷ്ടമായി പ്രശോഭിക്കുന്ന പ്രകൃതിസുന്ദരമായ ആ സാരസ്വതാരാമത്തിൽനിന്നു പ്രതിക്ഷണം പ്രസരിക്കുന്ന ഹൃദയാകർഷകമായ സൌരഭ്യപൂരം ഇന്നു ലോകമൊട്ടുക്കു വ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. അതിൽ വികസിക്കുന്ന കുസുമങ്ങളുടെ വിശേഷോത്തരമായ വാസനാവിശേഷത്താൽ സമാകൃഷ്ടചിത്തരായി രസാസ്വാദനലോലുപരായ സഹൃദയന്മാർ നാനാദേശങ്ങളിൽനിന്നും ആ സാഹിത്യക്ഷേത്രത്തിലേയ്ക്കു പോവ്വാൻ തുടങ്ങീട്ടു കാലം കുറെയായി. ദിവസം ചെല്ലുന്തോറും അവരുടെ സംഖ്യ വർദ്ധിച്ചുവരികയാണ് ചെയ്യുന്നത്.

ഭാരതത്തിലെ ഇതരസാഹിത്യങ്ങൾക്കു ലഭിക്കുവാൻ ഭാഗ്യംസിദ്ധിക്കാത്ത ഈ ഉന്നതപദവി വംഗസാഹിത്യത്തിനു കരസ്ഥമാക്കിക്കൊടുത്ത മഹാന്മാർ പലരുണ്ടെങ്കിലും, ആ ഭാഷാദേവി ഇന്നധിവസിക്കുന്ന പ്രശസ്തിസൌധത്തിന്റെ അടിത്തറകെട്ടിയ ഭാഷാഭിമാനികളിൽ അഗ്രഗണ്യൻ സുഗൃഹീതനാമാവായ ബങ്കിമചന്ദ്രചട്ടോപാദ്ധ്യായനത്രെ.

ഭാരതമാതാവിന്റെ സന്താനങ്ങളിൽ ഓരോരുത്തന്റേയും ഹൃദയത്തിൽ ദേശാഭിമാനത്തെ അങ്കുരിപ്പിക്കുവാൻ പര്യാപ്തമെന്നു സുപ്രസിദ്ധമായ "വന്ദേമാതരം"മന്ത്രത്തിന്റെ ഉപജ്ഞാതാവായ ആ മഹർഷി, 1838 ജൂൺ 27-ാംനു- ബംഗാളത്തിലെ "കാണ്ടാൽപാഡ" എന്ന ഗ്രാമത്തെ തന്റെ ജനനത്താൽ ധന്യമാക്കി. യാദവചന്ദ്രചട്ടോപാദ്ധ്യായൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പിതാവിന്റെ പേർ. മേദിനീപുരത്തിലെ കലക്ടരായിരുന്നു അദ്ദേഹം. അഞ്ചുവയസ്സിൽ ബങ്കിമനെ എഴുത്തിനിരുത്തി. രാമപ്രാണസക്കാർ എന്ന മാന്യനായിരുന്നു ബങ്കിമന്റെ

---

* ബങ്കിമചന്ദ്രചാററർജിയുടെ ശതവാർഷികത്തോടനുബന്ധിച്ച് എറണാകുളത്തുനടന്ന പൊതുയോഗത്തിൽ വായിച്ചത്. ചട്ടോപാദ്ധ്യായൻ, ചാററർജി എന്ന രണ്ടു വാക്കുകളും പര്യായങ്ങളായിട്ടാണ് ബംഗാളികൾ ഉപയോഗിക്കാറുള്ളത്.



വംഗസാഹിത്യചക്രവർത്തി

ബാബു ബങ്കിമചന്ദ്രചാററർജി.

ആദ്യത്തെ ഗുരുനാഥൻ. വിദ്യാരംഭദിവസംതന്നെ ബംഗാളിയിലെ അക്ഷരമാല മുഴുവൻ ആ ബാലൻ നിഷ്പ്രയാസം പഠിച്ചുവത്രെ! അവന്റെ അസാധാരണമായ ബുദ്ധിവൈഭവവും അത്ഭുതാവഹമായ ധാരണാശക്തിയും ഗുരുനാഥനെ വിസ്മയപരതന്ത്രനാക്കി. ഗുരുനാഥനു് അറിയാവുന്ന വിദ്യകളെല്ലാം കരഗതമാക്കുന്നതിനു് ആ ബുദ്ധിമാനായ ബാലനു് അധികം നാൾ വേണ്ടിവന്നില്ല. "അല്ലാ, ഇതു വേഗത്തിൽ നീ പഠിച്ചുപോയാൽ നിന്റെ ഗുരുസ്ഥാനം വഹിക്കുവാനുള്ള ഭാഗ്യം എനിക്കു് അധികംനാളത്തേയ്ക്കു് ഉണ്ടാവുകയില്ലല്ലോ, കുഞ്ഞേ!" എന്നിങ്ങനെ ഗുരുനാഥൻ നമ്മുടെ കഥാപുരുഷനോടു് ഒരിക്കൽ പറയുകകൂടിച്ചെയ്തുവത്രെ.

വീട്ടാശാന്റെ കൈയിലുള്ള വിദ്യകളെല്ലാം പഠിച്ചുകഴിഞ്ഞു എന്നു കണ്ടപ്പോൾ യാദവചന്ദ്രൻ തന്റെ പുത്രനെ മേദിനീപുരത്തിലുള്ള പാഠശാലയിൽ കൊണ്ടുചെന്നാക്കി. അവിടത്തെ പഠിത്തവും അധികംകാലത്തേയ്ക്കു് ഉണ്ടായില്ല. ഏഴാമത്തെ വയസ്സിൽ ബങ്കിമൻ അവിടത്തെ ഇംഗ്ലീഷ്സ്കൂളിൽ ചേർക്കപ്പെട്ടു.

ബങ്കിമചന്ദ്രന്റെ വിദ്യാർത്ഥിജീവിതം രസകരവും വിജയപൂർണ്ണവും ആയിരുന്നു. അസാമാന്യമായ ജ്ഞാനതൃഷ്ണ, അസാധാരണമായ ബുദ്ധിശക്തി, അതിരുകവിഞ്ഞ ഉത്സാഹശീലം എന്നീ മൂന്നു ഗുണങ്ങളും ആ ബാലനെ പടിപടിയായി ഉയർത്തിക്കൊണ്ടുപോയി. ആദ്യമാദ്യം ക്ലാസ്സിൽ "ഡബിൾ പ്രമോഷൻ" കിട്ടിക്കൊണ്ടിരുന്നു. പക്ഷേ, അതിനാൽ വേണ്ടിവരുന്ന മാനസികമായ അതിപരിശ്രമം ആരോഗ്യത്തിനു ഹാനികരമാകുമെന്നു ഭയപ്പെട്ടു്, പിതാവു് അതിനെ ഇടയ്ക്കുവെച്ചു മനഃപൂർവ്വം തടഞ്ഞുകളയുകയാണുചെയ്തതു്. പതിനൊന്നാമത്തെ വയസ്സിൽ ബങ്കിമൻ ഹൂഗ്ലികോളേജിൽ ചേർന്നു. കുട്ടിയുടെ സഹജമായ ജ്ഞാനപിപാസ, ക്ലാസ്സിലെ പാഠ്യപുസ്തകങ്ങളെക്കൊണ്ടുമാത്രം തൃപ്തിപ്പെട്ടില്ല. ആ ജിജ്ഞാസു കോളേജുവക ഗ്രന്ഥശാലയിൽനിന്നും പലവിധ പുസ്തകങ്ങളുംവാങ്ങി, പതിവായി വായിച്ചുതുടങ്ങി. തന്മൂലം ആ വിദ്യാർത്ഥിയുടെ വിജ്ഞാനമണ്ഡലം ഗണ്യമായ നിലയിൽ പരിപുഷ്ടിയെ പ്രാപിക്കുവാൻ ഇടയായി.

ഇന്റർമീഡിയററ്, ബി. എ. എന്നിവയൊന്നുമായിരുന്നില്ല അന്നത്തെ പരീക്ഷകൾ. ജൂനിയർ സ്കോളർഷിപ്പു് എന്നും സീനിയർ സ്കോളർഷിപ്പു് എന്നുമായിരുന്നു അന്നത്തെ കോളേജുപരീക്ഷകളുടെ പേരുകൾ. അവ സാമാന്യത്തിലധികം കാഠിന്യമുള്ളവയുമായിരുന്നു. എന്നാൽ ഉ

ത്സാഹശീലനും അതിമേധാവിയുമായ ബങ്കിമനാകട്ടെ, അവയിലും പ്രശസ്തമായനിലയിൽത്തന്നെ വിജയംനേടുകയാണ് ചെയ്തതു്. പരീക്ഷ പാസ്സായതോടുകൂടി ബങ്കിമചന്ദ്രന്റെ പേരു നാടെങ്ങും പരക്കുവാനിടയായി. പതിനൊന്നുവയസ്സുപ്രായമുള്ള ഒരു ബാലൻ ഇത്ര കഠിനമായ ഒരു പരീക്ഷയിൽ പ്രശംസാർഹമായ വിജയംസമ്പാദിക്കുക എന്നതു് അത്ര എളുപ്പമൊന്നുമല്ല. അതിനാൽ ബങ്കിമന്റെ വിജയവൃത്താന്തം കേട്ടവരെല്ലാം അത്ഭുതപ്പെട്ടുപോയി. വംഗദേശത്തിലെ പല ധനവാന്മാരായ മാന്യന്മാരും ആ ബുദ്ധിമാനായ ബാലനെ തങ്ങളുടെ ജാമാതാവായി കിട്ടുവാൻ ആഗ്രഹം പ്രദർശിപ്പിച്ചു. വിവാഹപ്രസ്താവംകൊണ്ടു് അനവധിപേർ യാദവചന്ദ്രനെ അലട്ടുവാനുംതുടങ്ങി.

ബംഗാളത്തിൽ അന്നു ബാല്യവിവാഹം ധാരാളം നടപ്പുള്ള കാലമായിരുന്നു. യാദവചന്ദ്രന് ഇതിനെതിരില്ലാതായി. ഒടുവിൽ അദ്ദേഹം ആ അഭിപ്രായത്തിനു വഴിപ്പെടേണ്ടിവന്നു. അങ്ങനെ പിതാവിന്റെ ഹിതത്തെ അനുവർത്തിക്കുവാൻവേണ്ടി, പതിനൊന്നുവയസ്സുമാത്രം പ്രായമുള്ള ബാലനായ ബങ്കിമചന്ദ്രൻ, ഏഴു വയസ്സുള്ള ഒരു കന്യകയെ വിവാഹംചെയ്തു. പക്ഷേ, എട്ടൊമ്പതുകൊല്ലങ്ങൾക്കുശേഷം ആ ഭാര്യ മരിച്ചുപോകയും, അധികം താമസിയാതെ അദ്ദേഹം വീണ്ടും വിവാഹം ചെയ്യുകയുമുണ്ടായി. ബങ്കിമന്റെ രണ്ടാമത്തെ ഭാര്യയുടെ പേർ രാജലക്ഷ്മി എന്നത്രെ.

ജ്ഞാനതൃഷ്ണയാണ് മനുഷ്യത്വത്തിന്റെ വിശേഷലക്ഷണങ്ങളിൽ ഒന്നു്. ചിന്താശക്തിയുടെ സ്വതന്ത്രമായ സ്ഫുരണത്തിനു വിവിധവിഷയങ്ങളുടെ ജ്ഞാനം അത്യന്താപേക്ഷിതമാണു്. ഈ തത്വം ചെറുപ്പത്തിൽത്തന്നെ ബങ്കിമൻ ഗ്രഹിച്ചിരുന്നു. ഭാരതത്തിലെ അമൂല്യങ്ങളായ ശാസ്ത്രഗ്രന്ഥങ്ങളുടെ ജ്ഞാനം സംസ്കൃതഭാഷാപരിചയംകൊണ്ടല്ലാതെ സമ്പാദിക്കുവാൻ സാദ്ധ്യമല്ലെന്നു് അദ്ദേഹം കണ്ടു. അതിനാൽ കോളേജിൽ പഠിക്കുന്ന അവസരത്തിൽത്തന്നെ അദ്ദേഹം നാലുമണിക്കുശേഷം ഒരു സംസ്കൃതാദ്ധ്യാപകന്റെ സഹായത്തോടുകൂടി സംസ്കൃതവും അല്പാല്പമായി അഭ്യസിച്ചുതുടങ്ങി. ഏതാനുംകാലംകൊണ്ടു സംസ്കൃതഭാഷയിൽ സാമാന്യമായ ജ്ഞാനം സമ്പാദിച്ചു എങ്കിലും അതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ മൂന്നുനാലുകൊല്ലംകൂടി ഇടവിടാതെ പലവിധത്തിലുള്ള സംസ്കൃതഗ്രന്ഥങ്ങളും സശ്രദ്ധം വായിച്ചു് ആ ഭാഷയിൽ നല്ല പാണ്ഡിത്യംനേടുകതന്നെചെയ്തു.

ദീർഘകാലത്തെ ഗ്രന്ഥപരിചയംകൊണ്ടു്, ബങ്കിമചന്ദ്രനു ബുദ്ധിവികാസംമാത്രമല്ല, ഹൃദയവിശാലതകൂടി സിദ്ധിക്കുവാൻ സംഗതിയായി. ദേശ്യങ്ങളും വിദേശ്യങ്ങളുമായ വിവിധസാഹിത്യഗ്രന്ഥങ്ങളുടെ നിരന്തരമായ പരിശീലനം കാലക്രമേണ ആ വിദ്യാർത്ഥിയെ ഒരു ഒന്നാംതരം സഹൃദയനാക്കിത്തീർത്തു. വിജ്ഞാനംകൊണ്ടു വിദ്യാസംസ്കാരവും കാവ്യരസാസ്വാദനത്താൽ വിഗതകല്മഷവുമായ ബങ്കിമന്റെ ഹൃദയദർപ്പണത്തിൽ പ്രകൃതിസൗന്ദര്യത്തിന്റെ പ്രകാശം പ്രതിഫലിക്കുവാൻ അശേഷം പ്രയാസമുണ്ടായില്ല. അതിന്റെ ഫലമായി കോളേജിൽ പഠിക്കുന്നകാലത്തുതന്നെ ആ വിദ്യാർത്ഥി സാഹിത്യമാർഗ്ഗത്തിൽ ഇറങ്ങി സഞ്ചരിക്കുവാൻ തുടങ്ങി.

വംഗസാഹിത്യത്തിന്റെ സ്ഥിതി അന്നു ദയനീയമായിരുന്നു. ബംഗാളിയിലെ ഒന്നാമത്തെ പ്രതിദിനപത്രമായ "സംവാദപ്രഭാകര"ത്തിന്റെ പ്രവർത്തകനും കവിശ്രേഷ്ഠനുമായ ഈശ്വരചന്ദ്രഗുപ്തൻ മാതൃഭാഷോദ്ധാരണത്തിനായി പരിശ്രമിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അതു്. അദ്ദേഹത്തിന്റെ സേവനത്തിന്റെ ഫലമായി നാട്ടിലെല്ലാം ഒരു പുതിയ ഉണർവ്വിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരുന്നു. അനുപ്രാസയുക്തമായ അദ്ദേഹത്തിന്റെ ഉജ്ജ്വലഭാഷ നാടിനെ ആകപ്പാടെ ഇളക്കിമറിച്ചുകൊണ്ടിരുന്നു. ഹാസ്യരസം നിറഞ്ഞ അദ്ദേഹത്തിന്റെ കവിതകൾ ബംഗാളിലെ വീട്ടുതോറും സ്ഥലംപിടിച്ചിരുന്നു. "സംവാദപ്രഭാകരം", "സാധുരഞ്ജനം" എന്നീപത്രങ്ങൾ വഴിയായിട്ടാണു് അദ്ദേഹം തന്റെ മാതൃഭാഷയെ സേവിച്ചുകൊണ്ടിരുന്നതു്. പ്രസിദ്ധനാടകകാരനായ ദീനബന്ധുമിത്രനും, നല്ല കവിയായ ദ്വാരകാനാഥഗുപ്തനും "സംവാദപ്രഭാകര"ത്തിലെ അന്നത്തെ ലേഖകന്മാരായിരുന്നു. ബങ്കിമചന്ദ്രനും അവരുടെ കൂട്ടത്തിൽ കൂടി. തന്റെ പേരോടുകൂടി ആദ്യത്തെ കവിത പത്രത്തിൽ പ്രസിദ്ധപ്പെടുത്തിക്കണ്ടപ്പോൾ ബങ്കിമചന്ദ്രനുണ്ടായ ആഹ്ലാദം അപരിമിതമായിരുന്നു.

വംഗസാഹിത്യത്തിൽ ഈശ്വരചന്ദ്രഗുപ്തന്റെ പ്രഭാവം അന്നു അസാമാന്യമായി വ്യാപിച്ചിരുന്നു. അദ്ദേഹത്തിന്റെ ആ പ്രഭാവത്തെ വകവെയ്ക്കാതെ സാഹിത്യമാർഗ്ഗത്തിൽക്കൂടെ സഞ്ചരിക്കുക എന്നതു നവീനലേഖകന്മാരെ സംബന്ധിച്ചിടത്തോളം അത്ര എളുപ്പമായിരുന്നില്ല. അതിനാൽ അന്നത്തെ ലേഖനങ്ങളിലെല്ലാം ഈശ്വരചന്ദ്രഗുപ്തന്റെ ശൈലി പ്രത്യക്ഷപ്പെട്ടിരുന്നതിൽ അത്ഭുതപ്പെടുവാനില്ല. ദീനബന്ധുവും ദ്വാരകാനാഥനുംകൂടി അദ്ദേഹത്തിന്റെ ശൈലിയെയാണു് അനുകരിച്ചിരുന്നതു്.

എന്നാൽ ബങ്കിമചന്ദ്രനാകട്ടെ ഒരു നൂതനസരണിയിൽക്കൂടെയാണ് തൻെറ സഞ്ചാരം തുടങ്ങിയതു്. അദ്ദേഹത്തിൻെറ ലേഖനങ്ങളിൽ അല്പംപോലും അനുകരണച്ഛായ ഉണ്ടായിരുന്നില്ല. ഒരു സ്വതന്ത്ര ശൈലിയുടെ അപൂർവ്വമായ ഭംഗി—മനോഹരമായ ഒരു മൗലികത്വത്തിൻെറ അഭിനവമായ പ്രകാശം—അവയിലെല്ലാം വ്യാപിച്ചിരുന്നു. ബുദ്ധിമാനായ ഈശ്വരചന്ദ്രഗുപ്തൻ അതു കാണാതിരുന്നില്ല. സാഹിത്യാന്തരീക്ഷത്തിൽ ഉജ്ജ്വലമായ ഒരു നൂതനതാരത്തിൻെറ ആവിർഭാവം ഉണ്ടായിരിക്കുന്നു എന്നും, അവധാനപൂർവ്വം വേണ്ട ഉപദേശങ്ങൾ നല്കുന്നപക്ഷം ആ യുവാവ് ഭാവിയിൽ സുപ്രസിദ്ധനായ ഒരു സാഹിത്യകാരനായിത്തീരുന്നതാണെന്നും അദ്ദേഹം ഗ്രഹിക്കുകയും, അവസരോചിതങ്ങളായ ഉപദേശങ്ങൾ നല്കി ആ പുതിയ ലേഖകനെ ഉത്തരോത്തരം പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഈശ്വരചന്ദ്രഗുപ്തനാണ് ബങ്കിമചന്ദ്രൻെറ സാഹിത്യഗുരു. അദ്ദേഹത്തെപ്പററി ബങ്കിമനുണ്ടായിരുന്ന ബഹുമാനം അതിരററതായിരുന്നു. ഉത്തമനായ ഗുരുനാഥനിൽനിന്നും ഉചിതങ്ങളായ ഉപദേശങ്ങൾ ലഭിച്ചതോടുകൂടി ബങ്കിമചന്ദ്രൻെറ പ്രതിഭ പൂർവ്വാധികം വികസിക്കുവാൻ തുടങ്ങി. അത്യന്തം ആനന്ദത്തോടും നൂതനമായ ഉത്സാഹത്തോടുംകൂടി അദ്ദേഹം തുടരെത്തുടരെ കവിതകൾ എഴുതുവാൻ ആരംഭിച്ചു. പുസ്തകരൂപത്തിൽ ബങ്കിമൻ പ്രസിദ്ധപ്പെടുത്തിയ ആദ്യത്തെ കവിതാഗ്രന്ഥം "ലളിതയും മാനസവും" എന്നുള്ളതാണ്. അതു് അദ്ദേഹത്തിൻെറ പതിനഞ്ചാമത്തെ വയസ്സിലാണ് പ്രസിദ്ധീകൃതമായതു്.

മനോഹരമായി കവിതയെഴുതുവാൻ ബങ്കിമനു സാധിച്ചിരുന്നു എങ്കിലും ഗദ്യരചനയിലാണ് അദ്ദേഹത്തിൻെറ സാമർത്ഥ്യം അധികമായി പ്രത്യക്ഷപ്പെട്ടിരുന്നതു്; അതിനാൽ ആ വഴിക്ക് തിരിച്ചുവിടുന്നപക്ഷം, അതുമൂലം ഭാഷയുടെയും അദ്ദേഹത്തിൻെറയും ഭാവി ഒരുപോലെ ഭാസുരമായിത്തീരുവാൻ ഇടയുണ്ടെന്നു കാണുകയാൽ ഈശ്വരചന്ദ്രഗുപ്തൻ ബങ്കിമനെ ആ വിഷയത്തിൽ ഉത്സാഹിപ്പിക്കുവാൻ തുടങ്ങി. ഗുരുവിൻെറ ഉപദേശപ്രകാരം ബങ്കിമൻ കവിതാമാർഗ്ഗത്തിലുള്ള സഞ്ചാരം നിറുത്തിവെച്ച് അന്നുമുതൽ ഗദ്യസാഹിത്യത്തിലേയ്ക്കു തിരിഞ്ഞു.

'സീനിയർസ്കോളർഷിപ്പ്' പരീക്ഷയിൽ വിജയിയായിത്തീർന്ന ബങ്കിമൻ നിയമവിദ്യാഭ്യാസത്തിനായി 1858-ൽ കൽക്കത്തയിലെ പ്രസിഡൻസികോളേജിൽ ചേർന്നു. കൽക്കത്തയിൽ ആദ്യമായി സർവ്വകലാശാല സ്ഥാപിക്കപ്പെട്ടത് അക്കാലത്തിലാണ്. ബി. എ. പരീക്ഷ

ആദ്യമായി അവിടെ നടപ്പാക്കിയതും അക്കൊല്ലത്തിൽതന്നെയായിരുന്നു. പരീക്ഷയ്ക്കു മൂന്നുനാലുമാസമേ ഉണ്ടായിരുന്നുള്ളു; എങ്കിലും, അക്കൊല്ലത്തിൽതന്നെ ബങ്കിമൻ ബി. ഏ. പരീക്ഷയിൽ ചേൎന്നു പ്രശസ്തമായ നിലയിൽ വിജയം നേടി. ബംഗാളികളുടെ ഇടയിൽ ഒന്നാമത്തെ ബി. ഏ. ക്കാരനാണദ്ദേഹം. അടുത്തുതന്നെ അദ്ദേഹം ബി. എൽ. പരീക്ഷയും പാസ്സായി. അതോടുകൂടി അദ്ദേഹത്തിന്റെ പാഠശാലാജീവിതം അവസാനിച്ചു.

ഇരുപതാമത്തെ വയസ്സിലാണ് ബങ്കിമചന്ദ്രൻ ബി. ഏ. പരീക്ഷ പാസ്സായതു്. അക്കൊല്ലത്തിൽതന്നെ അദ്ദേഹത്തെ ഒരു ഡെപ്യൂട്ടിമജിസ്ട്രേട്ടായി നിയമിച്ചു് ഗവൎമ്മെണ്ട് അദ്ദേഹത്തിന്റെ യോഗ്യതയെ മാനിച്ചു. ആ പ്രായത്തിലുള്ള ഒരാൾക്ക് അത്ര ഉയൎന്ന ഉദ്യോഗം ആദ്യമായി ലഭിക്കുക എന്നതു വളരെ അപൂൎവ്വമായിരുന്നതിനാൽ ബങ്കിമന്റെ ആ ഉദ്യോഗലാഭം നാട്ടുകാരെമാത്രമല്ല, അദ്ദേഹത്തിന്റെ സ്വന്തം ബന്ധുജനങ്ങളെപ്പോലും അത്ഭുതാഹ്ലാദങ്ങളിൽ ആമഗ്നരാക്കിത്തീൎത്തു. അതോടുകൂടി ബങ്കിമന്റെ പേർ നാട്ടുകാരുടെ ഇടയിൽ പൂൎവ്വാധികം പരക്കുവാൻ ഇടയാവുകയും ചെയ്തു.

'യശോഹര'മായിരുന്നു ബങ്കിമന്റെ ആദ്യത്തെ പ്രവൃത്തിരംഗം. സുപ്രസിദ്ധനാടകകാരനായ ദീനബന്ധുമിത്രന്റെ ജന്മദേശമായിരുന്നു അതു്. അവിടെ വെച്ചാണ് ബങ്കിമൻ അദ്ദേഹത്തെ ആദ്യമായി കണ്ടതു്. അന്നുമുതല്ക്കു് അവർ പരസ്പരം ഉള്ളഴിഞ്ഞു സ്നേഹിപ്പാൻ തുടങ്ങി. ആ മൈത്രി അവരുടെ ജീവാവസാനംവരെ നിലനില്ക്കുകയും ചെയ്തു.

ബങ്കിമചന്ദ്രന്റെ ഉദ്യോഗജീവിതം അത്യന്തം ശോഭനമായിരുന്നു. ഉത്തരവാദിത്വബോധമുള്ള ഒരു ഉദ്യോഗസ്ഥന്റെ നിലയിൽ അദ്ദേഹം അക്കാലത്തുചെയ്തിട്ടുള്ള സേവനങ്ങൾ ഗവൎമ്മെണ്ടിനും നാട്ടുകാൎക്കും ഒരുപോലെ ഗുണപ്രദങ്ങളായിരുന്നു. സത്യസന്ധത, നീതിനിഷ്ഠ, കൎത്തവ്യബോധം, സ്ഥിരസങ്കല്പം മുതലായ ഉൽകൃഷ്ടഗുണങ്ങൾ അദ്ദേഹത്തിൽ തെളിഞ്ഞുകാണപ്പെട്ടതു് ഇക്കാലത്താണ്. ഏതെങ്കിലും കാൎയ്യത്തിൽ കൈയിട്ടുകഴിഞ്ഞാൽ പിന്നെ, അതു മുഴുവനാക്കാതെ അദ്ദേഹം പിൻവാങ്ങുമായിരുന്നില്ല. പാതിമനസ്സോടെ കാൎയ്യങ്ങളിൽ ഇടപെടുക, പ്രതിബന്ധങ്ങൾ കാണുമ്പോൾ പിൻതിരിയുക, എന്നിവ രണ്ടും അദ്ദേഹത്തിന്റെ സ്വഭാവത്തിനു തീരെ വിരുദ്ധങ്ങളായിരുന്നു.

ഒരു ഉദ്യോഗസ്ഥന്റെ നിലയിൽ ബങ്കിമൻ നാട്ടുകാൎക്കു ചെയ്തിട്ടുള്ള പ്രധാനഗുണം കള്ളന്മാരുടേയും അക്രമികളുടേയും ശല്യങ്ങളിൽനിന്ന് അവരെ ഉദ്ധരിക്കുക എന്നുള്ളതായിരുന്നു. കാന്ഥി, ഖുൽനാ മുതലായ സ്ഥലങ്ങളിൽ അക്കാലത്ത് അവരുടെ അക്രമങ്ങൾ അസാമാന്യമായി വൎദ്ധിച്ചിരുന്നു. അവരെയെല്ലാം ഓരോരുത്തരായി പിടിച്ചുകൊണ്ടുവന്ന് അദ്ദേഹം കഠിനമായി ശിക്ഷിക്കുകയും, അതിന്റെ ഫലമായി കാലക്രമേണ അവരുടെ ശല്യങ്ങൾ തീരെ ഇല്ലാതാവുകയും ചെയ്തു. നീലകൃഷി ചെയ്യുവാൻവേണ്ടി ബംഗാളത്തിൽവന്നു താമസിച്ചിരുന്ന വിദേശീയരുടെ ഉപദ്രവവും നാട്ടുകാൎക്ക് അന്നു ധാരാളമുണ്ടായിരുന്നു. അതിനേയും അദ്ദേഹം ഇല്ലാതാക്കി. അക്കൂട്ടത്തിൽ 'മോറെൽ' എന്നും 'ഹീലി' എന്നും പേരായ രണ്ടു അക്രമികളായ വിദേശികൾ ശിക്ഷയെ ഭയപ്പെട്ട് ആസാമിലേയ്ക്കു ഓടിപ്പോയി എങ്കിലും, സമൻസയച്ച് അവരെക്കൂടി പിടിച്ചുകൊണ്ടുവന്നു ന്യായ്യമായവിധത്തിൽ ശിക്ഷിച്ചു എന്നു കേൾക്കുമ്പോൾ, അദ്ദേഹത്തിനു തന്റെ നാട്ടുകാരോടുണ്ടായിരുന്ന സ്നേഹവും, സ്വകൃത്യനിൎവ്വഹണത്തിലുള്ള ശ്രദ്ധയും എത്രമാത്രമാണെന്ന് അനുമാനിക്കുവാൻ സാധിക്കും.

കാൎയ്യംവിട്ട് ആരെയും കൂട്ടാക്കുന്ന സ്വഭാവം ബങ്കിമചന്ദ്രനുണ്ടായിരുന്നില്ല. ആരെന്തുതന്നെ പറഞ്ഞാലും, തനിക്കുകൂടി അതു നന്നാണെന്നു തോന്നിയാലേ അദ്ദേഹം അതിൽ പ്രവേശിക്കുകയുള്ളു. എന്നാൽ, താൻ ഏറ്റേല്ക്കുന്ന ഏതു പ്രവൃത്തിയും അത്യന്തം വിശ്വസ്തതയോടും സത്യസന്ധതയോടുംകൂടി നിൎവ്വഹിക്കുന്നതിൽ അദ്ദേഹം അശേഷം അശ്രദ്ധ കാണിച്ചിരുന്നില്ല. ഈ കൃത്യനിഷ്ഠയും അനിതരസാധാരണമായ കാൎയ്യപ്രാപ്തിയുംമൂലം അന്നു നാട്ടുകാൎക്കു ലഭിക്കാതിരുന്ന സ്ഥാനത്തുപോലും കയറിപ്പറ്റുവാൻ അദ്ദേഹത്തിനു സംഗതിയായിട്ടുണ്ട്. സൎക്കാർ ഉദ്യോഗസ്ഥന്മാരുടെ വകയായി പ്രശസ്തമായ രീതിയിൽ നടത്തപ്പെട്ടുപോന്നിരുന്ന ഒരു സംഘടന അന്നു ബംഗാളത്തിലുണ്ടായിരുന്നു. അതിന്റെ സിക്രട്ടറിസ്ഥാനം വഹിച്ചിരുന്നതു കൽക്കത്താ ഹൈക്കോട്ടിലെ ജഡ്ജിയായിരുന്ന പ്രിൻസെപ്സായ്പാണ്. കൃത്യാന്തരബാഹുല്യത്താൽ കുറേക്കാലത്തേയ്ക്ക് ആ ജോലിയിൽനിന്ന് അദ്ദേഹം അവധിയെടുക്കാൻ ഇടയായപ്പോൾ ബങ്കിമചന്ദ്രനാണ് ആ സ്ഥാനത്തു നിയമിക്കപ്പെട്ടതു്. ഒരു നാട്ടുകാരന് ഏറ്റവും അഭിമാനജനകമായ ഒരു പദവിയായിരുന്നു അത്. എന്നാൽ അതുകൊണ്ടുമാത്രം അദ്ദേഹത്തിന്റെ സൗഭാഗ്യം നിലച്ചില്ല. ഏതാനും നാൾ കഴിഞ്ഞപ്പോൾ അദ്ദേഹം ഗവൎമ്മെണ്ടുസിക്രട്ടറി

യററിലെ ആക്ടിങ്ങ് അസിസ്റ്റൻറുസിക്രട്ടറിയായി നിയമിക്കപ്പെടുകയുണ്ടായി. ഒരു ബംഗാളിക്ക് അതുവരെ ലഭിക്കുവാൻ സൌഭാഗ്യംസിദ്ധിക്കാത്ത ബഹുമാന്യപദവിയായിരുന്നു അതു്. എന്നാൽ അനാവശ്യമായി ആരെയും കീഴ്വണങ്ങാത്ത ബങ്കിമചന്ദ്രൻെറ അതിർകടന്ന സ്വാതന്ത്ര്യസ്വഭാവത്തിൻെറ ഫലമായി ആ ജോലി അധികകാലത്തേയ്ക്കു് അനുഭവിക്കുവാൻ അദ്ദേഹത്തിനു യോഗമുണ്ടായില്ല. മേലധികാരിയായ മെക്കാളെ സായ്പുമായി അദ്ദേഹത്തിനു സ്വരച്ചേർച്ചയില്ലാതാവുകയും, അതിൻെറ ഫലമായി അദ്ദേഹം വീണ്ടും ഡെപ്യൂട്ടിമജിസ്ട്രേട്ടായിത്തന്നെ സ്ഥലംമാററപ്പെടുകയുംചെയ്തു. ആലിപുരമാണു് അദ്ദേഹത്തിൻെറ ഒടുവിലത്തെ പ്രവൃത്തിരംഗം. അവിടെവെച്ചു ക്രിസ്താബ്ദം 1891-ൽ അദ്ദേഹം പെൻഷൻപററി ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു. ഉദ്യോഗത്തിൽനിന്നു പിരിയുന്ന അവസരത്തിൽ, ഗവൺമെണ്ടിൽനിന്നും വല്ല ആനുകൂല്യവും അദ്ദേഹം ആശിക്കുന്നുണ്ടോ എന്നു് അന്നത്തെ ബംഗാൾ ലഫ്ടനൻറുഗവർണ്ണറായ സർ ചാറൽസ് എല്ലിയററ് അദ്ദേഹത്തോടു ചോദിക്കുകയുണ്ടായി. എന്നാൽ സ്വാതന്ത്ര്യത്തിൻെറയും സ്വാഭിമാനത്തിൻെറയും മൂർത്തിയായ നമ്മുടെ ചരിത്രനായകനാകട്ടെ, "ഇല്ല" എന്നാണു് അതിനു മറുപടി അയച്ചതു്. 1892-ൽ "റായി ബഹദൂർ" എന്നും 1894-ൽ "സി. ഐ. ഇ.", എന്നുമുള്ള സ്ഥാനങ്ങൾ അവ്യവച്ഛബഹുമതികളായി ചക്രവർത്തിയിൽനിന്നു് അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി.

ബങ്കിമചന്ദ്രൻ സ്വജീവിതത്തിലെ ഏറിയഭാഗവും ഗവൺമെണ്ടിനെ സേവിച്ചിട്ടാണു് കഴിച്ചുകൂട്ടിയതെങ്കിലും, സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്ന ഗവൺമെണ്ടുദ്യോഗത്തിൽ അദ്ദേഹത്തിനു വളരെ വെറുപ്പായിരുന്നു. തൻെറ നാട്ടുകാരായ യുവാക്കന്മാരോടു് അദ്ദേഹം ഒരിക്കലും ഗവൺമെണ്ടുദ്യോഗം സ്വീകരിക്കുവാൻ ഉപദേശിച്ചിരുന്നില്ല. പെൻഷൻപററി ഉദ്യോഗത്തിൽനിന്നും പിരിഞ്ഞ അവസരത്തിൽ "ആവൂ! ഞാൻ ഇപ്പോൾ സ്വതന്ത്രനായി" എന്നാണു് അദ്ദേഹം തന്നത്താൻ പറഞ്ഞുപോയതു്.

സ്ഥാനത്തും അസ്ഥാനത്തും നാട്ടുകാരുടെമേൽ കുതിരകേറുന്ന വെള്ളക്കാരുടെനേരെ ബങ്കിമചന്ദ്രനുണ്ടായിരുന്ന വെറുപ്പിനു് അതിരില്ല. മേലധികാരികളായ വെള്ളക്കാരുടെ അതിരുകവിഞ്ഞ അധികാരപ്രമത്തതകൊണ്ടു് ഉദ്യോഗജീവിതകാലത്തിൽ അദ്ദേഹത്തിനു സാമാന്യത്തിലധികം ക്ലേശിക്കേണ്ടിവന്നിട്ടുണ്ടു്. ഒരിക്കൽ, ശ്രീരാമകൃഷ്ണപരമഹംസനെ ആദ്യമായി കണ്ടു പരിചയപ്പെട്ട അവസരത്തിൽ അവർതമ്മിൽ നടന്ന

സംഭാഷണത്തിന്റെ ഒരംശം ഈ വാസ്തവത്തെ തെളിയിക്കുന്നതാണ്. നമ്മുടെ കഥാപുരുഷന്റെ നാമനിർദ്ദേശപൂർവ്വം കൂടെയുള്ളവർ പരമഹംസനെ പരിചയപ്പെടുത്തിയപ്പോൾ അദ്ദേഹം തന്റെ സഹജമായ ഫലിതഭാഷയിൽ ഇങ്ങനെ ചോദിച്ചു:—"ബങ്കിമനോ! എന്തുകൊണ്ട് ബങ്കിമനായി?" (ബങ്കിമൻ എന്ന വാക്കിനു ബംഗാളിയിൽ വളഞ്ഞവൻ എന്നാണ് അർത്ഥം.) ഫലിതത്തോടുകൂടി സംഭാഷണംചെയ്യുന്നതിൽ ബങ്കിമചന്ദ്രനും ഒട്ടും കുറഞ്ഞവനായിരുന്നില്ല. "വെള്ളക്കാരുടെ ബൂട്ട്സിന്റെ അടികൊണ്ടിട്ട്" എന്നായിരുന്നു അതിന് അദ്ദേഹത്തിന്റെ സമാധാനം. "അല്ല അല്ല; രാധാപ്രേമത്തിന്റെ ഭാരംകൊണ്ടാണ്" എന്നിങ്ങനെ പരമഹംസർ സ്മേരവദനനായി ആ അഭിപ്രായത്തെ ഉടനെ തിരുത്തുകയുണ്ടായി. ഈ "രാധാപ്രേമ"ശബ്ദത്തിലെ 'രാധാ'പദംകൊണ്ട് ഭക്താഗ്രേസരനായ പരമഹംസൻ ആരെയാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന വിഷയത്തിൽ ആർക്കും തെറ്റിദ്ധാരണ പററുവാൻ ഇടയില്ലെങ്കിലും, 'ആനന്ദമഠ'ത്തിന്റെ കർത്താവിനെപ്പററി സംസാരിച്ച അവസരത്തിൽ പ്രയോഗിച്ച ആ പദംകൊണ്ട് സുപ്രസിദ്ധമായ "വന്ദേമാതരം" മന്ത്രത്തിലെ ആരാധ്യദേവതയായ ഭാരതാംബയെക്കൂടി വിവക്ഷിക്കുവാൻ ഒരുമ്പെടുകയാണെങ്കിൽ അതിൽ അത്ഭുതത്തിന് അവകാശമില്ല.

ദേശഭക്തനായ ഒരു ഉദ്യോഗസ്ഥൻ എന്നുള്ള നിലയിൽ ബങ്കിമചന്ദ്രചാററർജി നാട്ടുകാർക്കുചെയ്തിട്ടുള്ള ഗുണങ്ങൾ അത്യന്തം പ്രശംസാർഹങ്ങളാണ്. എങ്കിലും ഭാഷാഭിമാനിയായ ഒരു സാഹിത്യകാരന്റെ നിലയിൽ അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങളുടെ ഫലങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ, അവ വളരെ തുച്ഛങ്ങൾമാത്രമാണെന്നു മനസ്സിലാക്കുവാൻ കഴിയും. ബങ്കിമചന്ദ്രനു സിദ്ധിച്ചിട്ടുള്ള അനന്യസുലഭവും അത്യന്തവിപുലവുമായ പ്രശസ്തിക്കുള്ള ഏകകാരണം അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമങ്ങളാണ്. അതിനാൽ അവയെപ്പററിയും ഏതാനും വാക്കുകൾകൂടി പറയാതെ ഈ ഉപന്യാസത്തെ ഉപസംഹരിക്കുന്നത് ഉചിതമായിരിക്കയില്ല.

ബങ്കിമന്റെകാലത്തു വംഗസാഹിത്യത്തിന്റെ സ്ഥിതി അത്യന്തം ശോചനീയമായിരുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഉത്തമമെന്നു പറയത്തക്കവിധത്തിലുള്ള ഒരു ഗ്രന്ഥമോ, നല്ലനിലയിൽ നടത്തപ്പെടുന്ന ഒരു പത്രമോ, അന്നു ബംഗാളിയിൽ ഉണ്ടായിരുന്നില്ല. അന്നത്തെ വംഗസാഹിത്യം ഗതാനുഗതികത്വത്തെ മുറുകെപ്പിടിച്ചുകൊണ്ട്, മുന്നോട്ടുപോകാതെ സ്തംഭിച്ചു നില്ക്കുകയായിരുന്നു. പണ്ഡിതന്മാരായ കവികൾപോലും

കവിതായുദ്ധം മുതലായ ബാലിശവിനോദങ്ങളിലേർപ്പെട്ടു തൃപ്തിപ്പെട്ടുകൊണ്ടിരുന്നു. പദ്യത്തേക്കാൾ മോശമായിരുന്നു ഗദ്യത്തിന്റെ സ്ഥിതി. സാമാന്യജനങ്ങൾക്ക് അർത്ഥം മനസ്സിലാകാത്ത വിധത്തിൽ അതികഠിനങ്ങളായ സംസ്കൃതപദങ്ങൾ കുത്തിച്ചെലുത്തി വലിച്ചുനീട്ടി എഴുതപ്പെട്ടിരുന്ന അനന്തമായ വാചകങ്ങൾ അനുസ്വാരവിസർഗ്ഗഹീനമായ ഒരുതരം സംസ്കൃതഗദ്യം തന്നെയായിരുന്നു എന്നു പറഞ്ഞാൽ അതൊട്ടും അതിശയോക്തിയായിപ്പോയി എന്നു വരുന്നതല്ല. ഇങ്ങനെ കഴിഞ്ഞുകൂടിയതു് അശേഷം ആകർഷകത്വമില്ലാതെ കിടന്നിരുന്ന മാതൃഭാഷാസാഹിത്യത്തിന്റെ ശോചനീയാവസ്ഥ, ആംഗലവിദ്യാഭ്യാസത്താൽ മനസ്സിന് അഭിനവമായ സംസ്കാരം സിദ്ധിച്ചിരുന്ന ആ ഭാഷാഭിമാനിയുടെ ഹൃദയത്തെ അത്യന്തം വേദനിപ്പിക്കുകയും, അതിന്റെ ഫലമായി ഉത്തരവാദിത്വപൂർണ്ണമായ ഉദ്യോഗജീവിതത്തിനിടയിലും യഥാശക്തി മാതൃഭാഷയെ സേവിക്കുവാൻ അദ്ദേഹം സന്നദ്ധനാവുകയും ചെയ്തു.

മാതൃഭാഷാപോഷണത്തോടൊപ്പം ജനങ്ങളുടെ ഇടയിൽ ഗ്രന്ഥപാരായണത്തിനുള്ള അഭിരുചിയെ വർദ്ധിപ്പിച്ചു വിനോദരൂപേണ വിജ്ഞാനവിതരണം നടത്തണമെന്നുംകൂടി വിചാരമുണ്ടായിരുന്നതിനാൽ, രണ്ടിനും പററിയ വിധത്തിലുള്ള ഒരു പ്രസ്ഥാനമാണ് ബങ്കിമചന്ദ്രൻ അംഗീകരിച്ചതു്. അതിന്റെ ഫലമായി, 1865-ൽ, അദ്ദേഹത്തിന്റെ ആദ്യത്തെ ആഖ്യായികയായ "ദുർഗ്ഗേശനന്ദിനി" രംഗപ്രവേശം ചെയ്തു. "മനോധർമ്മത്തിന്റെ നവ്യത, രചനയുടെ മനോഹാരിത, പാത്രസൃഷ്ടിയുടെ ചതുരത, കഥാപാത്രങ്ങളുടെ സജീവത എന്നിങ്ങനെ അസാമാന്യമായ കല്പനാരചനാശക്തിയോടുകൂടിയ ഒരു സാഹിത്യരസികന്റെ തൂലികാവിലാസത്തെ സൂചിപ്പിക്കുന്ന പല വിശേഷതകളും നിറഞ്ഞുശോഭിക്കുന്ന" ഒരു കൃതിയാണ് ദുർഗ്ഗേശനന്ദിനി. പക്ഷെ, മാമൂലിന്റെ മറക്കുടവലിച്ചെറിഞ്ഞു്, പഴയ അലങ്കാരങ്ങളൊന്നും ധരിക്കാതെ, ഭാഷയിലും വേഷത്തിലും ലാളിത്യംനിറഞ്ഞ പുത്തൻമോടി കൈക്കൊണ്ടു പുറത്തിറങ്ങിയ ആ സാഹിത്യശിശുവിനെ പഴമക്കാരായ ചില വിമർശകവീരന്മാർ വെറുതെ വിട്ടില്ല. നിശിതമായ നിരൂപണാസ്ത്രങ്ങളുടെ നിർദ്ദയമായ പ്രയോഗത്താൽ അവർ അതിന്റെ പേരിനും പെരുമയ്ക്കും പരുക്കേല്പിക്കുവാൻ ശ്രമിച്ചു. മർക്കടമുഷ്ടിക്കാരായ മാമൂൽപ്രിയന്മാരുടെ കഥ ഇത്തരത്തിലിരിക്കെ, പാശ്ചാത്യവിദ്യാഭ്യാസംസിദ്ധിച്ച പുത്തൻകൂററുകാരുടെ മനോഭാവവും അദ്ദേഹത്തിന് അശേഷം പ്രോത്സാഹജനകമായിരുന്നില്ല. ആംഗലവിദ്യാഭ്യാസം സിദ്ധിക്കുന്നതോടുകൂടി മാതൃഭാഷയുടെനേരെ അവജ്ഞ

ഷയോടെ മുഖം തിരിച്ചുകളയുന്ന ഒരു കൂട്ടർ, മലയാളത്തിലെന്നപോലെ, ബംഗാളത്തിലും അന്നുണ്ടായിരുന്നു. "ഇംഗവംഗം" അഥവാ "ആംഗലബംഗാളം" എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആ ത്രിശങ്കുസമുദായത്തിന്റെ ശക്തിയും പരിധിയും ദിനംപ്രതിയെന്നവണ്ണം വർദ്ധിച്ചുവരുന്ന കാലമായിരുന്നു അതു്. പാശ്ചാത്യന്മാരുടെ ബാഹ്യപരിഷ്കാരങ്ങളെമാത്രം അനുകരിച്ചു് ഒരുതരം വാലില്ലാക്കുരങ്ങന്മാരായി തെളിഞ്ഞിരുന്ന ആ നാടൻദൊരമാർ മാതൃഭാഷയിലുള്ള ഗ്രന്ഥങ്ങൾ വായിക്കുക എന്നല്ല ആ ഭാഷയിൽ സംസാരിക്കകപോലും ചെയ്യുന്നതു് അഭിമാനക്ഷയമായിട്ടത്രേ കരുതി വന്നിരുന്നതു്. സാഹിത്യസേവനത്തിനു ശേഷിയും ശേമുഷിയുമുള്ള എത്രയെത്ര യുവാക്കന്മാരാണു് ആ ശീമക്കാരിയുടെ പുറംപൂച്ചിൽ മാത്രം മയങ്ങി, അന്യഥാ സ്വമാതൃഭാഷയുടെ അഭ്യുന്നതിക്കു് ഉപകരിക്കുമായിരുന്ന തങ്ങളുടെ വാസനയേയും വൈഭവത്തേയും വൃഥാ നശിപ്പിച്ചു് ഇങ്ങനെ അലസജീവിതം നയിച്ചിട്ടുള്ളതു്! ഇന്നും നയിക്കുന്നതു്! ഹൃദയവേദനയോടുകൂടീട്ടല്ലാതെ ഈ പരമാർത്ഥത്തെപ്പററി സ്മരിക്കുവാൻ ഭാഷാഭിമാനിയായ ഒരു ഭാരതീയനു സാദ്ധ്യമല്ല. ബംഗാളത്തിലെ അമരകവിയായ മൈക്കേൽ മധുസൂദനദത്തൻ ഈ സമുദായത്തിന്റെ ശക്തിക്കു കീഴ്പെട്ടു ആദ്യകാലത്തു് ഇംഗ്ലീഷിലാണു് കവിത എഴുതിക്കൊണ്ടിരുന്നതു്. എന്തിനധികം? നമ്മുടെ ചരിത്രപുരുഷനേപ്പോലും അതിന്റെ പ്രഭാവം ആക്രമിച്ചിരുന്നു എന്നുള്ളതിനു ലക്ഷ്യങ്ങളാണു് "രാജമോഹനന്റെ ഭാര്യ" എന്നും "ഒരു ഹിന്ദുയുവാവിന്റെ വീരകഥകൾ" എന്നുമുള്ള അദ്ദേഹത്തിന്റെ ഇംഗ്ലീഷുകൃതികൾ. ഭാരതത്തിന്റെ—വിശേഷിച്ചു വംഗസാഹിത്യത്തിന്റെ—ഭാഗ്യംകൊണ്ടു് അവർ രണ്ടുപേരും തങ്ങൾക്കു പററിപ്പോയ പ്രമാദത്തെപ്പററി താമസിയാതെ ഗ്രഹിക്കുവാൻ ഇടയായി. മേല്പറഞ്ഞ "ഇംഗവംഗ"സമുദായക്കാരും ദ്വേശനത്തിനിയെ അവജ്ഞോദൃഷ്ടിയോടുകൂടിയാണു് വീക്ഷണംചെയ്തതു്. എന്നാൽ ബങ്കിമൻ അതുകൊണ്ടൊന്നും ഇളകിയില്ല. ഇരുവശങ്ങളിനിന്നും കിട്ടിക്കൊണ്ടിരുന്ന ഈ പ്രഹരങ്ങളെ തൃണവൽഗണിച്ചുകൊണ്ടു്, ദൃഢപ്രതിജ്ഞനായ ആ ഭാഷാഭിമാനി താൻ സ്വീകരിച്ച സരണിയിൽകൂടി നിർഭയം മുന്നോട്ടുപോയ്ക്കൊണ്ടിരുന്നു.

'കപാലകുണ്ഡല'യാണു് ബങ്കിമചന്ദ്രന്റെ രണ്ടാമത്തെ കൃതി. 1867-ലാണു് അതു പ്രസിദ്ധീകൃതമായതു്. ഗ്രന്ഥകർത്താവിന്റെ കീർത്തിയെ സുദൃഢമാക്കിത്തീർത്തതു് ഈ കൃതിയാണു്. ബങ്കിമചന്ദ്രന്റെ കഥാപാത്രസൃഷ്ടിയിലുള്ള പ്രശംസാവഹമായ സാമർത്ഥ്യം ഇതിൽ നല്ലവണ്ണം പ്രത്യക്ഷപ്പെടുന്നുണ്ടു്. അഭിനവമായ ആശയപ്രകാശനരീതി, സമു

അചപലമായ ഭാഷാശൈലി, സരസമായ പ്രതിപാദനസമ്പ്രദായം എന്ന ഗുണങ്ങൾ തികഞ്ഞ ഈ ഗ്രന്ഥം അദ്ദേഹത്തെ മററുള്ള ആഖ്യായികാകാരന്മാരുടേയും ഗദ്യകർത്താക്കന്മാരുടേയും മുന്നണിയിൽത്തന്നെ നിറുത്തുന്നു.

ബങ്കിമന്റെ മൂന്നാമത്തെ നോവലാണ്, 1869-ൽ പ്രസിദ്ധപ്പെടുത്തിയ 'മൃണാളിനി'. ഇക്കാലത്തിനിടയിൽ ഒരു ആഖ്യായികാകാരൻ എന്ന നിലയിൽ ബങ്കിമന്റെ പേർ ബംഗാളുമുഴുവൻ വ്യാപിച്ചുകഴിഞ്ഞിരുന്നു. അവജ്ഞാപാത്രമാകേണ്ട ഒരു വിഷയമല്ല വംഗസാഹിത്യമെന്ന് ഈ മൂന്നു ഗ്രന്ഥങ്ങൾകൊണ്ടും അദ്ദേഹം നാട്ടുകാരെ മനസ്സിലാക്കി. അവയുടെ അഭിനവത്വവും രാമണീയകവും വംഗവാസികളെ ആകമാനം മുഗ്ദ്ധചിത്തരാക്കിത്തീർത്തു. കണ്ണടച്ചു ബങ്കിമനെ കുററംപറഞ്ഞിരുന്ന കൂട്ടരുടെ കണ്ണുകളും അപ്പോൾ തുറന്നു. മേല്പറഞ്ഞ കൃതികൾ ശ്രദ്ധയോടെ വായിച്ചതിന്റെ ഫലമായി ഗ്രന്ഥകർത്താവിന്റെ ഭാഷാലാളിത്യം, ഭാവമാധുര്യം, കല്പനാകൗശലം മുതലായ ഗുണങ്ങൾ അവർ കണ്ടറിയുകയും, അധിക്ഷേപിച്ച നാക്കുകൊണ്ടുതന്നെ അദ്ദേഹത്തിന്റെമേൽ അഭിനന്ദനങ്ങൾ ചൊരിയുകയും ചെയ്തു.

'ആനന്ദമഠം' ഒരു രാഷ്ട്രീയാഖ്യായികയാണ്. ഭാരതത്തിൽ ഇന്നു കാണുന്ന രാഷ്ട്രീയപ്രബുദ്ധതയ്ക്കു നിദാനമായ സ്വദേശാഭിമാനത്തിന്റെ വിത്തു സമുദായമദ്ധ്യത്തിൽ വിതയ്ക്കുക എന്ന കർമ്മം നിർവ്വഹിക്കുന്ന വിഷയത്തിൽ ഈ ആഖ്യായിക വഹിച്ച പങ്ക് ഒട്ടും ചില്ലറയല്ല. മാതൃഭൂമിയുടെ ഉദ്ധാരണത്തിനായി സംഘടിപ്പിച്ചിട്ടുള്ള സന്ന്യാസിസംഘത്തിന്റെ തലവനായ സത്യാനന്ദൻ ദേവാലയത്തിൽവെച്ചു തന്റെ നൂതനശിഷ്യന്മാരെ സംഘത്തിൽ ചേർക്കുന്ന അവസരത്തിൽ അവർതമ്മിൽ നടന്ന സംഭാഷണം ശ്രദ്ധിച്ചു വായിക്കുന്നപക്ഷം ദേശാഭിമാനിയായ ഗ്രന്ഥകർത്താവിന്റെ ദീർഘദർശനസാമർത്ഥ്യം നമുക്ക് എളുപ്പത്തിൽ ഗ്രഹിക്കുവാൻ കഴിയും.

സത്യാനന്ദൻ ശിഷ്യരോടു ചോദിക്കുകയാണ്:—"നിങ്ങൾ പരിശുദ്ധരാണോ?"

ശിഷ്യർ:—"അതെ."

സത്യാനന്ദൻ:—"ഞങ്ങളുടെ സംഘനിയമങ്ങളെ വിശ്വസ്തതയോടെ പരിപാലിക്കാമെന്ന് ഈ മാതൃമൂർത്തിയുടെ സന്നിധിയിൽവെച്ചു നിങ്ങൾ സത്യംചെയ്യാമോ?"

ശിഷ്യർ:—"ചെയ്യാം."

സത്യാനന്ദൻ:—"മാതൃഭൂമിക്കു സ്വാതന്ത്ര്യം ലഭിക്കുന്നതുവരെ നിങ്ങൾ സ്വന്തം കുടുംബബന്ധങ്ങളെയെല്ലാം ഉപേക്ഷിക്കാമോ?"

ശിഷ്യർ:—"ഉപേക്ഷിക്കാം."

സത്യാനന്ദൻ:—"മാതാപിതാക്കന്മാർ, സഹോദരീസഹോദരന്മാർ, പുത്രകളത്രങ്ങൾ എന്നിവരെ പിരിഞ്ഞിരിക്കാമോ?"

ശിഷ്യർ:—"ഇരിക്കാം."

സത്യാനന്ദൻ:—"നിങ്ങൾ സമ്പാദിക്കുന്നതു് എന്തായാലും അതെല്ലാം ഈ സഹോദരസംഘത്തിലേക്കു സംഭാവനചെയ്യാമെന്ന വാഗ്ദാനം ചെയ്യാമോ?"

ശിഷ്യർ:—"ചെയ്യാം."

സത്യാനന്ദൻ:—"മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി നിങ്ങൾ സമരംചെയ്യാമോ?"



ശിഷ്യർ:—"ചെയ്യാം."

സത്യാനന്ദൻ:—"പാവനമായ ഈ മഹാവ്രതത്തിൽ ഏർപ്പെടുന്നവരെല്ലാം അന്യോന്യം സഹോദരന്മാരാകയാൽ നിങ്ങൾ ജാതിഭേദങ്ങളെല്ലാം പരിത്യജിച്ചു ജീവിക്കാമോ?"

ശിഷ്യർ:—"ജീവിക്കാം."

ഈ സംഭാഷണത്തിലടങ്ങിയ ഉൽകൃഷ്ടങ്ങളായ ആദർശങ്ങളെത്തന്നെയല്ലേ ഇന്നത്തെ ഭാരതസ്വാതന്ത്ര്യസമരത്തിലെ നേതാക്കന്മാർ അംഗീകരിച്ചിട്ടുള്ളതു്? ആത്മശുദ്ധിയും, മനോധൈര്യവും, ത്യാഗസന്നദ്ധതയുംകൂടാതെ മാതൃഭൂമിയുടെ സ്വാതന്ത്ര്യസമരം വിജയപ്രദമാകയില്ലെന്നു് ഒരു മുക്കാൽ ശതാബ്ദത്തിനു മുമ്പുതന്നെ ദേശഭക്തനായ ആ സാഹിത്യകാരൻ തന്റെ പ്രതിഭയാകുന്ന ദൂരദർശിനികൊണ്ടു കണ്ടുകഴിഞ്ഞു. സുപ്രസിദ്ധമായ "വന്ദേമാതരം" മന്ത്രം ഈ ഗ്രന്ഥംവഴിയായിട്ടാണു് ഭാരതീയർക്കു ലഭിച്ചതു്.

ഏകദേശം ഇതേ ആദർശത്തോടുകൂടി എഴുതപ്പെട്ടിട്ടുള്ള മററു രണ്ടു നോവലുകളാണു് 'ദേവീചൗധുറാണി'യും 'സീതാരാമ'നും. "സംസ്കാരമാണു് ധർമ്മത്തിന്റെ ജീവൻ. ഫലേച്ഛകൂടാതെയുള്ള കർമ്മം മഹനീയമാണു്. ഇവ രണ്ടും ജീവിതത്തെ സുഖകരമാക്കുകയും വിജയാനുഗൃഹീതമായ ഉദ്ദിഷ്ടസ്ഥാനത്തെത്തിക്കുകയും ചെയ്യും" എന്ന തത്വ

മാണ് ദേവീചൗധുറാണി നമ്മെ പഠിപ്പിക്കുന്നത്. സീതാരാമനാകട്ടെ, "സദാചാരപരമായ ശിക്ഷാക്രമനൈപുണ്യം ലഭിച്ച കായികസംസ്കാരത്തിന്മേൽ അടിയുറച്ചതാണ് ആത്മസംസ്കാരമെന്നും, അതിനുമാത്രമേ വ്യക്തിയേയോ, സമുദായത്തേയോ, രാഷ്ട്രത്തേയോ, മതത്തേയോ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേയ്ക്ക് ഉയർത്തിക്കാണിക്കുവാൻ സാധിക്കുകയുള്ളു എന്നും, ഇൻഡ്യയുടെ അഭിവൃദ്ധിമാറ്റം പൗരസ്ത്യാദർശത്തിന്റെ പാശ്ചാത്യപ്രായോഗികതയോടുള്ള സമ്മേളനഫലത്തിലാണ് സ്ഥിതിചെയ്യുന്നതെന്നു"മാണ് ലോകത്തോട് ഉപദേശിക്കുന്നത്.

"ധ്യായതോ വിഷയാൻ പുംസഃ സംഗസ്തേഷൂപജായതേ;
സംഗാൽ സഞ്ജായതേ കാമഃ; കാമാൽ ക്രോധോ/ഭിജായതേ;
ക്രോധാൽ ഭവതി സമ്മോഹഃ; സംമോഹാൽ സ്മൃതിവിഭ്രമഃ;
സ്മൃതിഭ്രംശാൽ ബുദ്ധിനാശോ; ബുദ്ധിനാശാൽ പ്രണശ്യതി;
രാഗദ്വേഷവിമുക്തൈസ്തു വിഷയാനിന്ദ്രിയൈശ്ചരൻ
ആത്മവശ്യൈർവ്വിധേയാത്മാ പ്രസാദമധിഗച്ഛതി."

എന്നുള്ള ഭഗവൽഗീതാപദ്യങ്ങളുടെ ഒരു വ്യാഖ്യാനവും കൂടിയാണ് ആഖ്യായിക. വിജ്ഞാനപ്രദങ്ങളായ മേല്പറഞ്ഞ മൂന്നു ഗ്രന്ഥങ്ങളും ഗീതയിലെ കർമ്മയോഗത്തിന്റെ വിവിധവശങ്ങളെ വിവരിക്കുന്ന വിശദമായ ഒരു ഭാഷ്യമാണെന്നു പറയുന്നപക്ഷം അതു് അവാസ്തവമാകയില്ല.

'വിഷവൃക്ഷം' ഒരു നല്ല സാമുദായികാഖ്യായികയാണ്. സമുദായപരിഷ്കർത്താവായ ഈശ്വരചന്ദ്രവിദ്യാസാഗരൻ നടപ്പാക്കിയ വിധവാവിവാഹപ്രസ്ഥാനത്തിന്റെ ദോഷവശങ്ങളെ ചിത്രണംചെയ്യുവാൻ അതിൽ ഗ്രന്ഥകർത്താവു വേണ്ടവണ്ണം ശ്രമിച്ചിട്ടുണ്ട്. അതിലെ പ്രതിപാദനരീതി അത്യന്തം ഹൃദയാവർജ്ജകമാണ്.

പുരാതനഹിന്ദുക്കളുടെ ബാഹുബലത്തെ അതിന്റെ യഥാർത്ഥരൂപത്തിൽ ചിത്രണംചെയ്തു കാണിക്കുവാൻവേണ്ടി ബങ്കിമൻ എഴുതീട്ടുള്ള ഒരു ചരിത്രാഖ്യായികയാണ് 'രാജസിംഹൻ'. ദുർഗ്ഗേശനന്ദിനി, സീതാരാമൻ, ചന്ദ്രശേഖരൻ, മൃണാളിനി എന്നീ നോവലുകളും ചരിത്രാംശത്തെ ആധാരമാക്കി എഴുതപ്പെട്ടിട്ടുള്ളവയാണെങ്കിലും, അവയൊന്നും യഥാർത്ഥത്തിൽ ചരിത്രാഖ്യായികകൾ എന്ന പേരിന് അർഹങ്ങളല്ല. "രാജസിംഹ"ന്റെ മുഖവുരയിൽ ബങ്കിമചന്ദ്രൻ ഇങ്ങനെ പറയുന്നു:—"ഞാൻ ഇതിനുമുൻപ് ഒരിക്കലും ചരിത്രാഖ്യായിക എഴുതിയിട്ടില്ല. ദുർഗ്ഗേശന

ളിനിയേയോ, സീതാരാമനെയോ, ചന്ദ്രശേഖരനെയോ ചരിത്രാഖ്യായിക എന്നു പറയുവാൻ പാടുള്ളതല്ല. ഇതാണ് എന്റെ ഒന്നാമത്തെ ചരിത്രാഖ്യായിക. ചരിത്രാഖ്യായികകളുടെ നിർമ്മാണവിഷയത്തിൽ പരിപൂർണ്ണമായ കൃതകൃത്യത നേടിയിട്ടുള്ള ഗ്രന്ഥകാരന്മാർ ഒരിക്കലും ഉണ്ടാവാൻ വഴിയില്ല. അതിനാൽ ഈ കാര്യത്തിൽ കൃതകൃത്യനൊന്നുള്ള ഭാവം എനിക്കും ഇല്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ."

ഭാഷാവിഷയകമായ ചില പരിഷ്കാരങ്ങളും ബങ്കിമചന്ദ്രൻ രാജസിംഹന്റെ രചനയിൽ വരുത്തിയിട്ടുണ്ടു്. അതിനെ സംബന്ധിച്ചും അദ്ദേഹം മുഖവുരയിൽ ഇങ്ങനെ പറയുന്നു:—"ഇതിലെ ഭാഷയെ സംബന്ധിച്ചും രണ്ടുവാക്കു പറയേണ്ടതായിട്ടിരിക്കുന്നു. നമ്മുടെ ലേഖകന്മാരും ഭാഷാചിന്തകന്മാരും ഇപ്പോൾ രണ്ടു കക്ഷികളായി തിരിഞ്ഞിരിക്കയാണ്. ഒരു കൂട്ടർ പറയുന്നു, 'ബംഗാളിഭാഷയുടെ വ്യാകരണം എല്ലാവിഷയത്തിലും സംസ്കൃതവ്യാകരണത്തെ അനുസരിച്ചിരിക്കണം' എന്ന്. മറെറ കക്ഷിയിൽപെട്ട ആളുകളുടെ അഭിപ്രായം അതല്ല. അവർ പറയുന്നതു്, പണ്ടുമുതൽക്കേ ഭാഷയിൽ പ്രയോഗിച്ചുവന്നിട്ടുള്ള പദങ്ങൾ സംസ്കൃതവ്യാകരണവിരോധങ്ങളായാലും സ്വീകാര്യങ്ങളാണെന്നാണ്. സംസ്കൃതത്തിൽ അപാരമായ പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള പല വിദ്വാന്മാരും ഈ കൂട്ടത്തിൽ ഉണ്ടെന്നു പ്രത്യേകം ഓർക്കേണ്ടതാണ്. രണ്ടാമത്തെ കക്ഷിയുടെ അഭിപ്രായത്തോടു ആനുകൂല്യമുള്ളവനാണ് ഞാൻ. എന്നാൽ സ്ഥാനത്തിലും അസ്ഥാനത്തിലും അവരുടെ മതത്തെ അനുസരിക്കുവാൻ ഞാൻ തയ്യാറല്ല. "ഭഗവൻ", "പ്രഭോ", "സ്വാമിൻ", "രാജകുമാരി", "പിതഃ" എന്നിങ്ങനെയുള്ള സംബോധനകൾ ഞാൻ ഇതിനുമുമ്പിലൊക്കെ പ്രയോഗിക്കയുണ്ടായിട്ടുണ്ടു്. നമ്മുടെ ഭാഷാരീതിക്കു യോജിച്ചതല്ലെന്നു തോന്നുകയാൽ ആവക പ്രയോഗങ്ങളെല്ലാം ഞാൻ ഈ ഗ്രന്ഥത്തിൽ തീരെ വർജ്ജിച്ചിരിക്കയാണ്".

ബങ്കിമന്റെ ഈ അഭിപ്രായം ഭാഷാപരിഷ്കരണോൽസുകന്മാരായ എല്ലാവരുടെയും ശ്രദ്ധയെ ആകർഷിക്കുവാൻ വകയുള്ള ഒന്നാണ്. ദീർഘകാലത്തെ പ്രയോഗംകൊണ്ടു പ്രചുരപ്രചാരം സിദ്ധിച്ച പദങ്ങളായാലും അവയുടെ വേഷം പാണിനിസൂത്രങ്ങൾക്കു വിരോധമായിപ്പോയാൽ അവയെ സാഹിത്യക്ഷേത്രത്തിൽ കടത്തിവിടുവാൻപാടില്ലെന്നു ശഠിക്കുന്ന ഒരുകൂട്ടം മർക്കടമുഷ്ടിക്കാർ നമ്മുടെ ഇടയിലും ഇല്ലാതില്ല. ഭാഷയുടെ അഭിവൃദ്ധിയെ

യഥാർത്ഥമായി അവർ കാംക്ഷിക്കുന്നുണ്ടെങ്കിൽ ബങ്കിമചന്ദ്രനെപ്പോലെയുള്ള സാഹിത്യാചാര്യന്മാരുടെ ഈവക അഭിപ്രായങ്ങളെ, അവ അർഹിക്കുന്ന വിധത്തിൽ ആദരിച്ചു പ്രവർത്തിക്കേണ്ടതാണ്.

'കൃഷ്ണകാന്തന്റെ മരണപത്രം', 'രജനി' എന്നിവ വിഷവൃക്ഷത്തെപ്പോലെ വിശിഷ്ടങ്ങളായ രണ്ടു സാമുദായികാഖ്യായികകളാണ്. തന്റെ കൃതികളിൽവെച്ച് അത്യുത്തമമെന്ന് ബങ്കിമചന്ദ്രൻതന്നെ അഭിപ്രായപ്പെട്ടിട്ടുള്ള ഒന്നാണ് കൃഷ്ണകാന്തന്റെ മരണപത്രം. അന്ധയായ ഒരു കന്യകയുടെ പ്രേമചരിത്രത്തെ വിവരിക്കുന്ന ഒരു നോവലത്രേ രജനി. രണ്ടും, കല്പനാചാതുര്യം, കഥാപാത്രങ്ങളുടെ തന്മയത്വപൂർണ്ണമായ സ്വഭാവചിത്രീകരണം മുതലായ ഗുണങ്ങൾകൊണ്ട് അദ്ദേഹത്തിന്റെ മററു കൃതികളെപ്പോലെതന്നെ പ്രാധാന്യമേറിയവയാണ്.

വിസ്താരംകൊണ്ടും ഇതിവൃത്തവൈശിഷ്ട്യംകൊണ്ടും മേൽപറഞ്ഞ കൃതികളെപ്പോലെതന്നെ പ്രാധാന്യമുള്ളവയല്ലെങ്കിലും, ഗ്രന്ഥകർത്താവിന്റെ അനിതരസുന്ദരമായ ഭാഷാശൈലിയും മനോഹരമായ മനോധർമ്മവിലാസവും വിളയാടുന്ന മൂന്നു കഥാഗ്രന്ഥങ്ങളാണ് 'ഇന്ദിര', 'രാധാറാണി', 'യുഗളാംഗുലീയം' എന്നിവ.

ബങ്കിമചന്ദ്രന്റെ കീർത്തി മുഴുവൻ ഒരാഖ്യായികാകാരൻ എന്ന നിലയിലാണെങ്കിലും ചരിത്രം, ശാസ്ത്രം, തത്വജ്ഞാനം, നിരൂപണം എന്നിങ്ങനെ വിവിധവിഷയങ്ങളെപ്പററിയും അദ്ദേഹം ഗ്രന്ഥങ്ങളും ലേഖനങ്ങളും എഴുതീട്ടുണ്ട്. "ശകുന്തളയും ഉത്തരരാമചരിതവും" എന്ന ദീർഘലേഖനം അദ്ദേഹത്തിന്റെ നിരൂപണസാമർത്ഥ്യത്തിന് ഉത്തമോദാഹരണമാണ്. 'ധർമ്മതത്വം', 'കൃഷ്ണചരിത്രം' എന്നീ കൃതികൾ മതത്തിലും തത്വജ്ഞാനത്തിലും അദ്ദേഹത്തിനുള്ള അഗാധമായ പാണ്ഡിത്യത്തെ വിളിച്ചുപറയുന്നവയത്രെ. 'ജ്ഞാനം', 'സാംഖ്യദർശനം' മുതലായ പ്രബന്ധങ്ങൾ ചരിത്രപുരുഷന്റെ ശാസ്ത്രപരിചയത്തിനുള്ള ലക്ഷ്യങ്ങളാണ്. "ഭാരതവർഷത്തിന്റെ സ്വാതന്ത്ര്യം", "പ്രാചീനഭാരതത്തിലെ രാജനീതി", "ഭാരതകളങ്കം" മുതലായ ലേഖനങ്ങളിൽ അദ്ദേഹത്തിന്റെ ചരിത്രജ്ഞാനം തെളിഞ്ഞു പ്രകാശിക്കുന്നുണ്ട്.

വിനോദപ്രധാനമായ രീതിയിലും ഗ്രന്ഥങ്ങൾ രചിക്കുന്നതിനു ബങ്കിമചന്ദ്രൻ സമർത്ഥനായിരുന്നു. "കമലാകാന്തൻ" "ലോകരഹസ്യം" എന്നീ കൃതികൾ ഈ വാസ്തവത്തെ വിളിച്ചുപറയുന്നവയാണ്. സുന്ദര

വും സൗരഭ്യവുമുള്ള ഭാഷയിൽ നേരമ്പോക്കായി ഫലിതാദ്യം കലർത്തി സദാചാരതത്വങ്ങളെ പ്രതിപാദിക്കുകയാണ് കമലാകാന്തൻ ചെയ്യുന്നത്. ലോകരഹസ്യത്തിൽ വ്യാഘ്രാചാര്യനായ ബൃഹല്ലാംഗൂലൻ, ഹനുമദ്ബാബുസംവാദം മുതലായ അനേകം പ്രബന്ധങ്ങൾ അടങ്ങീട്ടുണ്ട്. ധാർമ്മികവും സാമുദായികവും രാജനൈതികവുമായ ദോഷങ്ങളെ ഫലിതസമ്പന്നമായ ഭാഷയിൽ സരസമായ രീതിയിൽ ആക്ഷേപിക്കുന്നവയാണ്.

ബങ്കിമചന്ദ്രന്റെ സാഹിത്യസേവനങ്ങളെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ, അദ്ദേഹം നടത്തിയിരുന്ന "വംഗദർശനം" എന്ന പത്രഗ്രന്ഥത്തിന്റെ പേർ വിട്ടുകളയുന്നത് ഒരിക്കലും ഉചിതമായിരിക്കയില്ല. 1872-ലായിരുന്നു "വംഗദർശന"ത്തിന്റെ ആവിർഭാവം. അദ്ദേഹത്തിന്റെ മിക്കനോവലുകളും ആ മാസികവഴിയായിട്ടാണ് പുറപ്പെട്ടത്. അതിനുമുമ്പും ബംഗാളത്തിൽ പല പത്രങ്ങളും ഉണ്ടായിരുന്നു എങ്കിലും കാലക്രമത്തിൽ അവ വ്യക്തിപരമായ ആക്ഷേപങ്ങൾക്കും വിദ്വേഷജനകങ്ങളായ അഭിപ്രായങ്ങൾക്കും പ്രാധാന്യം നല്കുവാൻ ഇടയായതിനാൽ അവയിലെ ഭാഷ ദുഷിച്ചുപോവുകയും തന്മൂലം ബംഗാളത്തിലെ പത്രപ്രവർത്തനം ആകമാനം അധഃപതിക്കയും ചെയ്തു. ആ നിലയിൽനിന്നും പത്രപ്രവർത്തനപ്രസ്ഥാനത്തെ ഉയർത്തിയതു "വംഗദർശന"മാണ്. ദോഷരഹിതമായ ഭാഷയിൽ ഏവർക്കും വിജ്ഞാനപ്രദങ്ങളായ വിഷയങ്ങളെ സരസമായി പ്രതിപാദിച്ചു ജനസാമാന്യത്തെ ഉൽബുദ്ധരാക്കുവാനും, അവരുടെ ഹൃദയത്തിൽ സ്വരാജ്യസ്നേഹം, സ്വാർത്ഥത്യാഗം, ഭയരാഹിത്യം മുതലായ ഉൽകൃഷ്ടഗുണങ്ങളുടെ വിത്തുകൾ വിതയ്ക്കുവാനുംവേണ്ടി ആ പത്രഗ്രന്ഥം അശ്രാന്തപരിശ്രമംചെയ്തു. പ്രവർത്തകന്റെ ഈ ഉദ്ദേശ്യശുദ്ധി മൂലം മാസികയ്ക്ക് അചിരേണ അഭൂതപൂർവ്വവും അത്ഭുതാവഹവുമായ പ്രചാരംസിദ്ധിക്കുവാൻ ഇടയായി. ബംഗാളത്തിലെ ഓരോ ഗ്രാമത്തിലുംചെന്ന്, ആലസ്യത്തിൽ ആണ്ടുകിടന്നിരുന്ന ജനങ്ങളെ അതു തട്ടിയുണർത്തി. ആ പ്രബുദ്ധതയുടെ ഫലമായി ക്ഷണേന ബംഗാളത്തിലെങ്ങും ഒരു സജീവത വ്യാപിച്ചു.

"വംഗദർശനത്തിലെ നിഷ്പക്ഷവും, നിർഭയവും, നിർദ്ദയവുമായ നിരൂപണങ്ങൾ ഭാഷാസാഹിത്യക്ഷേത്രത്തിൽ മുളച്ചുപൊങ്ങുന്ന നാശകരങ്ങളായ കളകളെ തീരെ നശിപ്പിക്കുന്നതിനു കെല്പു"ള്ളവയായിരുന്നു.

ഉദ്യോഗസ്ഥൻ, ആഖ്യായികാകാരൻ, പത്രപ്രവർത്തകൻ, നിരൂപകൻ എന്നിങ്ങനെയുള്ള പല നിലകളിലും നിന്നുകൊണ്ടു ദീർഘകാലം മാതൃഭാഷയേയും മാതൃഭൂമിയേയും പ്രശസ്തമായ നിലയിൽ സേവിച്ച് അനന്യസുലഭവും അത്യന്തസുരഭിലവുമായ യശസ്സിനെ സമ്പാദിച്ച സാഹിത്യയോഗേശ്വരനായ ആ വിശ്വസാഹിത്യകാരൻ പ്രമേഹരോഗത്താൽ പീഡിതനായി ക്രിസ്താബ്ദം 1894-എപ്രിൽമാസത്തിൽ, തന്റെ 56-ാമത്തെ വയസ്സിൽ, ഇഹലോകവാസം വെടിഞ്ഞു.

ബങ്കിമനു പുത്രസന്താനമൊന്നുമുണ്ടായിട്ടില്ല. ശരൽകുമാരി, നീലാബ്ജകുമാരി, ഉൽപലകുമാരി എന്നിങ്ങനെ മൂന്നു പുത്രിമാർ മാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. അവരിൽ കനിഷ്ഠപുത്രിയായ ഉൽപലകുമാരി പിതാവു ജീവിച്ചിരിക്കുമ്പോൾതന്നെ ചരമഗതി പ്രാപിച്ചു. മററു രണ്ടു പുത്രിമാരും ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നാണ് അറിവു്.

ഇംഗ്ലീഷ്, ജർമ്മൻ മുതലായ പാശ്ചാത്യഭാഷകളിലും ഹിന്ദി, മഹാരാഷ്ട്രം മുതലായ പൌരസ്ത്യഭാഷകളിലും ബങ്കിമന്റെ മിക്ക കൃതികളും തർജ്ജമചെയ്യപ്പെട്ടിട്ടുണ്ടു്. ചില കൃതികൾക്ക് ഒന്നിലധികം പരിഭാഷകളും ഉണ്ടായിട്ടുള്ളതായിക്കാണാം. അദ്ദേഹത്തിന്റെ ആഖ്യായികകൾ മിക്കതും മലയാളത്തിലും വിവർത്തനംചെയ്യപ്പെട്ടതായിട്ടാണ് അറിവു്. അവയിൽ ചില വിവർത്തനങ്ങളെല്ലാം ഭാഷാശുദ്ധി, ആശയസ്ഫുടത മുതലായവകൊണ്ട് അത്യന്തം രമണീയങ്ങളുമാണ്. അതുകൊണ്ടുമാത്രം നമുക്ക തൃപ്തിപ്പെടുവാൻപാടില്ല. അദ്ദേഹത്തിന്റെ വക ഇനിയും അനേകം ഗ്രന്ഥങ്ങൾ മലയാളത്തിലേക്കു വരേണ്ടതായിട്ടാണിരിക്കുന്നതു്. നമുക്ക ലഭിച്ചിട്ടുള്ളവയിൽതന്നെ ചിലതു്, മൂലത്തിലെ ആശയത്തോട് അശേഷം യോജിക്കാത്ത തർജ്ജമകളെക്കൊണ്ടു ദുഷിച്ചവയുമാണ്. അതിനാൽ വിശ്രുതകീർത്തിയായ ആ വിശ്വസാഹിത്യകാരന്റെ വിശിഷ്ടമായ സാഹിത്യസേവനത്തിന്റെ മധുരഫലങ്ങൾ സമഗ്രമായി കൈരളിക്കു കൈവരത്തക്കവിധം ആ വിഷയത്തിൽ കരളഴിഞ്ഞു ശ്രമിക്കുവാനുള്ള കനിവും കഴിവും ഭാഷാഭിമാനികളായ കേരളീയജനങ്ങൾക്കുണ്ടാകട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

# പത്രാധിപക്കുറിപ്പുകൾ.

## 1. ബങ്കിമചന്ദ്രചാറ്റർജിയുടെ ശതാബ്ദവാർഷികദിനാഘോഷം.

വംഗസാഹിത്യചക്രവർത്തിയായ ബങ്കിമചന്ദ്രചാറ്റർജി ജനിച്ചു നൂറുകൊല്ലം തികയുന്ന സുദിനത്തെ ഇക്കഴിഞ്ഞ ജൂൺമാസത്തിൽ വടക്കെ ഇൻഡ്യക്കാർ വളരെ ആഘോഷത്തോടുകൂടിയാണ് കൊണ്ടാടിയതു്. പല സ്ഥലങ്ങളിലും അതുസംബന്ധിച്ചു ഗംഭീരങ്ങളായ യോഗങ്ങളും പ്രസംഗങ്ങളും നടക്കുകയുണ്ടായി. ബങ്കിമചന്ദ്രന്റെ കൃതികളെല്ലാം ആകർഷകമായവിധത്തിൽ പ്രസാധനംചെയ്യുന്നതിനായി അവിടത്തെ ഒരു ഭാഷാഭിമാനി പതിനായിരം രൂപ സംഭാവന ചെയ്തിരിക്കുന്നുവത്രെ. ശതവാർഷികദിനാഘോഷം പ്രമാണിച്ചു്, ബങ്കിമചന്ദ്രന്റെ പേരിൽ ഒരു ശാശ്വതസ്മാരകം ഏർപ്പെടുത്തുന്നതിനും അവർ ആലോചിച്ചുവരുന്നു. ആ സാഹിത്യസാർവ്വഭൗമന്റെ കൃതികളെപ്പററി ബംഗാളിലെ കെങ്കേമന്മാരായ സാഹിത്യകാരന്മാരെക്കൊണ്ടു ബഹുമുഖങ്ങളായ നിരൂപണങ്ങളും, ആസ്വാദനങ്ങളുമെഴുതിച്ചു് അവയെല്ലാം കൂട്ടിച്ചേർത്തു് ഒരു Souvenir പ്രസിദ്ധീകരിക്കാനും അവർ തീരുമാനിച്ചിട്ടുണ്ട്.

ബങ്കിമചന്ദ്രന്റെനേരെ കേരളീയർക്കുള്ള കടപ്പാടിനെ ഓർത്തു്, പ്രസ്തുതശതവാർഷികദിനം പ്രമാണിച്ചു്, സമസ്തകേരളസാഹിത്യപരിഷത്തിന്റെ ആഭിമുഖ്യത്തിൽ മിഥുനമാസം 26-ാംനു- എറണാകുളത്തു പെരുമാനൂർ ശ്രീരുദ്രവിലാസം സ്കൂളിൽവെച്ചു സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോൻ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടി. ബങ്കാളികൾക്കും കേരളീയർക്കും തമ്മിൽ പല കാര്യങ്ങളിലുമുള്ള സാമ്യത്തേയും ബങ്കിമചന്ദ്രന്റെ സാഹിത്യചർച്ചകളേയും പരാമർശിച്ചുകൊണ്ടുണ്ടായ അദ്ധ്യക്ഷപ്രസംഗത്തിനുശേഷം പണ്ഡിതർ ആർ. സി. ശർമ്മാ അവർകൾ ബങ്കിമചന്ദ്രനെപ്പററി ഒരു പ്രസംഗം വായിച്ചു. (അതു് ഈ ലക്കത്തിൽ അന്യത്ര ചേർത്തിട്ടുണ്ട്.) യോഗത്തിലെ നടവടി വിവരം, ശതവാർഷികദിനാഘോഷം പ്രമാണിച്ചു ബങ്കാളിൽ രൂപവൽക്കരിച്ചിട്ടുള്ള കമ്മിററിയുടെ അദ്ധ്യക്ഷനെ അറിയിക്കാൻനിശ്ചയിച്ചു് ഉപസംഹാരപ്രസംഗത്തോടുകൂടി യോഗംപിരിഞ്ഞു.

## ൨. പരിഷന്നിർവ്വാഹകസംഘയോഗം.

പരിഷൽകാര്യദർശി ഞങ്ങൾക്കിങ്ങനെ എഴുതുന്നു:—

സമസ്തകേരളസാഹിത്യപരിഷന്നിർവ്വാഹകസംഘത്തിന്റെ ഒരു സാധാരണയോഗം കർക്കടകമാസം 9-ാംനു- പെരുമാനൂർ ശ്രീശങ്കരറോഡ്ഡിൽവെച്ചു മഹാമഹിമശ്രീ കേരളവർമ്മ അമ്മാമൻതമ്പുരാൻതിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടി.

കോട്ടയത്തുവെച്ചുനടന്ന പരിഷത്തിന്റെ പന്ത്രണ്ടാമത്തെ സമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയങ്ങളുടെ കാര്യം ആലോചനയ്ക്കെടുത്തു. പ്രമേയങ്ങളോ, അവയെ സംബന്ധിച്ച എന്തെങ്കിലും വിവരങ്ങളോ കോട്ടയത്തെ സമ്മേളനപ്രവർത്തകന്മാർ ഇതേവരെ ഇവിടെ അയച്ചുതന്നിട്ടില്ല. പ്രമേയങ്ങളുടെ ഓരോ പ്രതി അയച്ചുതരണമെന്നാവശ്യപ്പെട്ടുകൊണ്ടു്, കോട്ടയം സമ്മേളനത്തിന്റെ സ്വീകരണസംഘാദ്ധ്യക്ഷനായിരുന്ന ശ്രീമാൻ കെ. സി. മാത്യുവിന് ഇവിടെനിന്നു് എഴുതി അയച്ചു. രണ്ടെഴുത്തുകൾ അയച്ചതിനുശേഷം, ആ വക റിക്കാർട്ടുകളൊന്നും തന്റെ കൈവശമില്ലെന്നുള്ള ഒരു മറുപടികിട്ടി. കാര്യദർശിയായ ശ്രീമാൻ സി ഐ. രാമൻനായർക്കു് എഴുതിയയച്ചതിനു മറുപടി പോലും കിട്ടിയിട്ടില്ല. പരിഷത്സമ്മേളനത്തിന്റെ റിപ്പോർട്ട് ദ്വൈമാസികത്തിൽ ചേർത്ത അവസരത്തിൽ പത്രങ്ങളിൽനിന്നു പ്രമേയങ്ങളെ പകർത്തുകയാണു് ചെയ്തതു്. ആ രൂപത്തിൽ ആ പ്രമേയങ്ങളെപ്പററി ഒന്നും ചെയ്യാൻ പരിഷത്തിനു നിവൃത്തിയില്ല. ഒന്നാമതു്, പ്രമേയങ്ങളുടെ ശരിയായ രൂപം അതാണോ എന്നു നിശ്ചയമില്ല; രണ്ടാമതു്, അവയിൽ പലതും കോട്ടയം സമ്മേളനപ്രവർത്തകന്മാർ നിർദ്ദിഷ്ടങ്ങളായ അധികൃതസ്ഥാനങ്ങളിലേയ്ക്കു് അയച്ചുകൊടുത്തിട്ടുണ്ടോ എന്നു് അറിഞ്ഞുകൂടാ. ഈ സ്ഥിതിക്കു് റജിസ്റ്റർചെയ്തു പരിഷത്തിനോടു ശിപാർശചെയ്യുന്ന രൂപത്തിൽ പാസ്സാക്കിയിട്ടുള്ള പ്രമേയങ്ങളെപ്പററി മാത്രമേ തൽക്കാലം എന്തെങ്കിലും ആലോചിക്കാൻ നിവൃത്തിയുള്ളു. അതിനെപ്പററി താഴെ കാണിക്കുന്ന നിശ്ചയങ്ങൾചെയ്തു.

1. ശാസ്ത്രം, വിവർത്തനം, കല, ഗവേഷണം എന്നിത്യാദി വിഷയങ്ങളിൽ പ്രവർത്തിക്കുന്നതിനായി പ്രത്യേകം കമ്മററികളെ നിയമിക്കണമെന്നുള്ളതാണു് ഒരു പ്രമേയം. ഈ വക വിഷയങ്ങളെ സംബന്ധിച്ചു വേണ്ടതു ചെയ്യുന്നതിനായി ഇതിനുമുൻപു നിയമിതങ്ങളായ കമ്മി

ററികളിൽ, കലാവിഷയകമായ കമ്മിററിക്കാരൊഴികെ, മറെറല്ലാവർ ഒന്നും പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നില്ല. എന്നിരുന്നാലും സമ്മേളനത്തിന്റെ ശിപാർശയെ ആദരിച്ച്, താഴെ പറയുന്ന കമ്മിററികളെ രൂപവൽകരിക്കാൻ തീരുമാനിച്ചു.

ക. ഗവേഷണം.

മോൺസിഞ്ഞോർ ജെ. പാലോക്കാരൻ എം. എ., മെ: ടി. ബാലകൃഷ്ണൻനായർ ബി. എ., കോഞ്ഞോട്ട കൃഷ്ണൻനായർ, പണ്ഡിതർ ഈ. വി. രാമൻനമ്പൂതിരി, കട്ടമശ്ശേരി നാരായണപ്പിഷാരടി എം. എ. ഇവരിൽ ഒന്നാമതായി പേർ പറയുന്ന ആൾ കമ്മിററിയുടെ സംയോജകനായിരിക്കും.

ഖ. ശാസ്ത്രം, വിവർത്തനം.

1. ഡാക്ടർ എൽ. എ. രവിവർമ്മ, 2. മെ: ജോസഫ് മുണ്ടശ്ശേരി, എം. എ., (സംയോജകൻ) 3. എടമരത്തു വികോൻ സെബാസ്റ്റ്യൻ, 4. പി. ഒണ്ണാമയീദേവി എം. എ., 5. മോൺസിഞ്ഞോർ ജെ. പാലോക്കാരൻ.

ഈ കമ്മിററിക്കാർക്ക് കൂടുതൽ അംഗങ്ങളെ ചേർക്കുവാനുള്ള അധികാരമുണ്ടായിരിക്കും. ഗവേഷണവിഷയകമായ കമ്മിററിക്കാർ, പരിഷത്തിനോടനുബന്ധിച്ച് ഒരു ഗവേഷണമന്ദിരം സ്ഥാപിക്കുന്നതിനും കഴിയുന്നതും പൂർണ്ണമായ ഒരു ഗ്രന്ഥാലയം ഏർപ്പെടുത്തുന്നതിനും വേണ്ട സൃഷ്ടിപരമായ പദ്ധതികളെ നിർദ്ദേശിച്ചു പ്രാരംഭപ്രവർത്തനങ്ങൾ നടത്തുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

2. മലയാളത്തിൽ ഇതേവരെയുണ്ടായിട്ടുള്ള പുസ്തകങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുന്നതിനുവേണ്ടി പുസ്തകങ്ങളോ അവയെ സംബന്ധിച്ച വിവരങ്ങളോ അയച്ചുതരണമെന്ന്, ഗ്രന്ഥകാരന്മാർ, പ്രസാധകന്മാർ, പ്രകാശകന്മാർ, മുദ്രാലയക്കാർ എന്നിവരോട് അപേക്ഷിക്കേണ്ടതാണെന്നു തീരുമാനിക്കുകയും ഇതിനെ സംബന്ധിച്ച എഴുത്തുകുത്തു നടത്താൻ സഹകാര്യദർശിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

3. ഏതു പ്രമേയവും നടപ്പിൽ വരുത്തുന്നതിനും പരിഷത്തിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കും പണം അത്യാവശ്യമായിരിക്കുന്നതിനാൽ പരിഷത്തിന് ഒരു മൂലധനമുണ്ടാക്കുന്നതിനുവേണ്ട മാർഗ്ഗങ്ങളെപ്പററി ആലോചിച്ചു തൽസംബന്ധമായി പ്രായോഗികമായി എന്തെങ്കി

ഖം ചെയ്യുന്നതിന്ന താഴെ പേർപറയുന്ന മാന്യന്മാരെ കൂടുതൽ അംഗങ്ങളെ ചേർക്കാനുള്ള അധികാരത്തോടുകൂടി ഒരു കമ്മിററിയായി തിരഞ്ഞെടുത്തിരിക്കുന്നു. 1. മി: കെ. സി. മാത്യു ബി. ഏ. ബി. എൽ. 2. മി: ടി. തോമസ്, ദീപം പത്രാധിപർ, 3. മി: സി. ഐ. രാമൻനായർ. (ശ്രീമാൻ കെ. സി. മാത്യു കമ്മിററിയുടെ സംയോജകനായിരിക്കും.)

കമ്മിററി ചെയ്യുന്ന ജോലിയെപ്പററിയുള്ള വിവരവും വിശദമായ കണക്കുകളും, പിരിയുന്ന പണവും, മാസംതോറും പരിഷൽ ഖജാൻജിയുടെ പേർക്കയയ്ക്കേണ്ടതാണ്. പ്രസ്തുതവിവരങ്ങൾ ത്രൈമാസികത്തിൽ പ്രസിദ്ധം ചെയ്യേണ്ടതാകുന്നു.

4. നിലവിലിരിക്കുന്ന പരിഷത്സംവത്സരത്തിൽ, ശാസ്ത്രവിഷയപ്രതിപാദകമായ ഒരു ഗ്രന്ഥം, പരിഷത്തിൽനിന്നു പ്രസിദ്ധീകരിക്കയോ പ്രസിദ്ധീകരിക്കുന്നവരെ പ്രോത്സാഹിപ്പിക്കയോ ചെയ്യേണ്ടതാണെന്നു തീരുമാനിച്ചു.

☞ സമയക്കുറവുനിമിത്തം വിമർശനവീഥി ഇത്തവണയും മാററിവെയ്ക്കേണ്ടിവന്നതിൽ വ്യസനിക്കുന്നു.

## 113 എടവം 1-ാംനു-മുതൽ കർക്കടകം 15-ാംനു-വരെ വരിസംഖ്യ അടച്ചവരുടെ പേരുവിവരം.

| പണമടച്ച ആളുടെ പേരും മേൽവിലാസവും | ഏതുകാലത്തെ എന്നു | സംഖ്യ | | |
|---|---|---|---|---|
| | | ക. | ണ. | സ. |
| ഹെഡ്മാസ്റ്റർ, ഹൈസ്കൂൾ, കുന്നംകുളം | 112-ലെ | 3 | 0 | 0 |
| ഹെഡ്മാസ്റ്റർ, ബി. എച്ച്. സ്കൂൾ, കൊടുവായൂർ | 113-ലെ | 3 | 0 | 0 |
| പ്രസിഡണ്ട്, മലയാളിസമാജം, ഝാൻസി | ,, | 3 | 0 | 0 |
| പ്രിൻസിപ്പാൾ, മഹാരാജകാളേജ്, എറണാകുളം | ,, | 3 | 0 | 0 |
| തിരുവിതാംകൂർഗവർമ്മെണ്ടിൽനിന്നും 50 പ്രതികളുടെ | ,, | 150 | 0 | 0 |
| കൊച്ചിഗവർമ്മെണ്ടിൽനിന്നും വിവിധസ്കൂളുകളിലേക്ക കൊടുത്ത മാസികകളുടെ വരിസംഖ്യ | ,, | 96 | 0 | 0 |
| സിക്രട്ടറി, ചിത്തിരതിരുനാൾവായനശാല, തിരുവനന്തപുരം | ,, | 3 | 0 | 0 |
| മാനേജർ, കലാമണ്ഡലം, മുളങ്കുന്നത്തുകാവ് | ,, | 3 | 0 | 0 |
| ലൈബ്രേറിയൻ, യൂണിയൻക്രിസ്ത്യൻകാളേജ്, ആലുവാ | ,, | 3 | 0 | 0 |

| | | | | |
|---|---|---|---|---|
| മൈക്കാപ്രറിയൻ, അപ്പുസ്വാമികമിഷനാരി, ആലുവാ | 113-ലെ | 3 | 0 | 0 |
| മാനേജർ, സെന്റ്തോമസ് ഇംഗ്ലീഷ്ഹൈസ്കൂൾ, ,, | ,, | 3 | 0 | 0 |
| മ. മ. ശ്രീ. രാഘവവർമ്മകോയിത്തമ്പുരാൻതിരുമനസ്സുകൊണ്ട് പന്തളം | ,, | 3 | 0 | 0 |
| ,, ആർ. രാമവർമ്മകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്, മാവേലിക്കര | ,, | 3 | 0 | 0 |
| റവ: ഫാദർ ജോൺ പാലോക്കാരൻ, തൃശ്ശൂർ | ,, | 3 | 0 | 0 |
| റവ: ഫാദർ ജോസഫ് പുല്ലോക്കാരൻ, തൃശ്ശൂർ | ,, | 3 | 0 | 0 |
| ശ്രീമതി കടിയന്ന കൊച്ചിക്കുട്ടിനമ്പ്യാരമ്മ അവർകൾ, തൃപ്പൂണിത്തുറ | ,, | 3 | 0 | 0 |
| ,, മിസ്സിസ്സ് കമലനായകൻ, തിരുവനന്തപുരം | ,, | 3 | 0 | 0 |
| മ. രാ. രാ. വെബ്ളിയസ്സ് കരുണാകരൻനമ്പൂതിരിപ്പാട് അവർകൾ, മാള | ,, | 3 | 0 | 0 |
| ,, എ. നാരായണപിള്ള അവർകൾ, ചേർത്തല | ,, | 3 | 0 | 0 |
| ,, ശിരോമണി കെ. ശേഖരൻകുട്ടിമേനോനവർകൾ, കൊല്ലങ്കോട് | ,, | 3 | 0 | 0 |
| ,, ആർ. കൃഷ്ണയ്യർ അവർകൾ, തിരുവനന്തപുരം | ,, | 3 | 0 | 0 |
| ,, എം. രാജരാജവർമ്മരാജാ അവർകൾ, തിരുവനന്തപുരം | ,, | 3 | 0 | 0 |
| ,, പാറയിൽ ഇ. രാമൻമേനോനവർകൾ, പറവൂർ | ,, | 3 | 0 | 0 |
| ,, കെ. ആർ. മേനോൻ അവർകൾ, ചൊവ്വര | ,, | 3 | 0 | 0 |
| ,, പനമ്പിള്ളിൽ ശങ്കരപിള്ള ,, അയിരൂർ | ,, | 3 | 0 | 0 |
| ,, വി. കൃഷ്ണപിള്ള അവർകൾ, ആലപ്പുഴ | ,, | 3 | 0 | 0 |
| ,, കെ. പി. കുഞ്ഞുമേനോൻ അവർകൾ, എറണാകുളം | ,, | 3 | 0 | 0 |
| റാവുബഹദൂർ നാരായണൻപണ്ടാല അവർകൾ, തിരുവനന്തപുരം | ,, | 3 | 0 | 0 |
| മ. രാ. രാ. ജെ. സി. ചാക്കോ അവർകൾ, തിരുവനന്തപുരം | ,, | 3 | 0 | 0 |
| ,, കെ. പി. പത്മനാഭപിള്ള, അവർകൾ ,, | ,, | 3 | 0 | 0 |

സമസ്തകേരളസാഹിത്യപരിഷത്തുവക 1113 ധനുമാസംമുതൽ 1113 കർക്കടകം
15-ാംനു-വരെയുള്ള വരവുചിലവു കണക്ക്.

| വരവ് വിവരം | ക. | ണ. | സ. | ചിലവ് വിവരം | ക. | ണ. | സ. |
|---|---|---|---|---|---|---|---|
| 1. 113 വൃശ്ചികം അവസാനത്തിൽ നീക്കിയിരിപ്പ് | 130 | 12 | 4 | 1. അച്ചടിക്കൂലി | 309 | 7 | 3 |
| 2. വരിസംഖ്യ | 450 | 6 | 0 | 2. ബളവിക്കമ്പനിക്ക (കടലാസുവില) | 125 | 0 | 0 |
| 3. പഴയമാസിക വിററവക | 1 | 2 | 0 | 3. തപാൽച്ചിലവ് | 31 | 13 | 9 |
| | | | | 4. കമ്മീഷൻ | 4 | 4 | 7 |
| | | | | 5. ഫർന്നിച്ചർ | 12 | 2 | 0 |
| | | | | 6. ആപ്പീസുചിലവ് (112 മേടംമുതൽ 113 മീനംകൂടി) | 60 | 0 | 0 |
| | | | | 7. ആഡിററുഫീസ് | 5 | 0 | 0 |
| | | | | 8. ബ്ളോക്കിന് | 4 | 8 | 0 |
| | | | | 9. ചില്ലറച്ചിലവ് | 3 | 5 | 6 |
| | | | | നീക്കിയിരിപ്പ് | 26 | 11 | 3 |
| | 582 | 4 | 4 | | 582 | 4 | 4 |

ഖജാൻജി.

കേരള സാഹിത്യ അക്കാദമി

സനാതനധർമ്മം അച്ചുക്കൂടം, പെരുമ്പാവൂർ, എറണാകുളം.